വൈദ്യനാഥപണ്ഡിത വിരചിതമായ

ജാതകപാരിജാതം

വൈദ്യനാഥപണ്ഡിത വിരചിതമായ

ജാതകപാരിജാതം

("സാരപ്രദീപം" എന്ന ഭാഷാവ്യാഖ്യാനത്തോടുകൂടിയതു്)

വ്യാഖ്യാതാ,

ചേപ്പാട്ട് അച്യുതവാര്യർ.

കേരള സാഹിത്യ അക്കാദമി

പരിശോധകൻ,

പന്തളം കൃഷ്ണവാര്യർ.

പ്രകാശകർ,

ശ്രീരാമവിലാസം പ്രസിദ്ധീകരണശാല,

കൊല്ലം.

—:0:—

കാപ്പിറൈററു് പ്രകാശകന്മാരിൽ

ശ്രീരാമവിലാസം പ്രസ്സ്, കൊല്ലം.

മൂന്നാം പതിപ്പ് കാപ്പി—1000.

1124.

കേരള സാഹിത്യ അക്കാദമി

മുഖവുര.

ഹോര, സാരാവലി, ഫലദീപിക മുതലായ ജ്യോതിശ്ശാസ്ത്രങ്ങളുടെ സാരാംശഭൂതവും, ഭൂതഭവിഷ്യദ്വൎത്തമാനഫലസൂചകങ്ങളായ സൂൎയ്യാദി നവഗ്രഹങ്ങളുടെ അനുഗ്രഹംനിമിത്തം വേങ്കടാദ്രിയുടെ പുത്രനായ വൈദ്യനാഥപണ്ഡിതനാൽ വിരചിതവും ആയ ഒരു വിശിഷ്ടജ്യോതിൎഗ്രന്ഥമാണു് ഈ ജാതകപാരിജാതം. പ്രത്യക്ഷാനുഭവഗോചരവും നാനാജനോപകാരപ്രദവും ആയ ഏതൽഗ്രന്ഥം ഭാഷാവ്യാഖ്യാനസഹിതം മുദ്രണംചെയ്തു് പ്രസിദ്ധീകരിക്കണമെന്നുള്ള മോഹബീജം എന്റെ ഹൃദയക്ഷേത്രത്തിൽ വളരെ മുമ്പുതന്നെ ദൃഢമൂലമായി അങ്കുരിച്ചിട്ടുള്ളതാണു്. എന്നാൽ തൽപരിപോഷണോപായം ഏതുവിധമാണെന്നു് മാൎഗ്ഗണംചെയ്തുകൊണ്ടിരുന്നപ്പോഴാണു് ഭാഷാപരിപോഷണതൽപരനും മഹാമനസ്കനും ആയ "ശ്രീരാമവിലാസംപ്രസ്സ്" മാനേജർ ശ്രീമാൻ കെ. ജി. ശങ്കർ അവർകൾ എന്റെ ഉദ്യമത്തെ സഫലീകരിക്കാമെന്നു് കയ്യേറ്റതു്. പ്രസ്തുത ഗ്രന്ഥത്തിനു് ഒരു സംസ്കൃതവ്യാഖ്യാനമോ അപഭ്രംശരഹിതമായ മൂലഗ്രന്ഥമോ ഇല്ലായ്കനിമിത്തം പലസ്ഥലങ്ങളിലും വ്യാഖ്യാനത്തിനു് എനിക്കു് വളരെ ക്ലേശം സിദ്ധിച്ചിട്ടുണ്ടു്. എങ്കിലും കഴിയുന്നിടത്തോളവും മറ്റു ഗ്രന്ഥങ്ങളുമായി പരിശോധിച്ചും അവധാനസമന്വിതവും അപഭ്രംശങ്ങളെ ദൂരീകരിച്ചുമാണു് ഈ വ്യാഖ്യാനം ഞാൻ എഴുതിത്തീൎത്തിട്ടുള്ളതു്. ഈ ഗ്രന്ഥം ആപാദചൂഡം പരിശോധിച്ചു് തെറ്റുതീൎത്തുതന്ന എന്റെ ഗുരുഭൂതനായ പന്തളം കൃഷ്ണവാൎയ്യരോടും അവകാശം വാങ്ങി ഭംഗിയായി മുദ്രണംചെയ്തു പ്രസിദ്ധപ്പെടുത്തിയ കെ. ജി. ശങ്കരോടും എനിക്കുള്ള അപാരമായ നന്ദിയെ പ്രദൎശിപ്പിച്ചുകൊണ്ടും ഈ വ്യാഖ്യാനം ഗുണദോഷവിവേചനവിദഗ്ദ്ധന്മാരായ സജ്ജനങ്ങളുടെ പുരോഭാഗത്തിൽ അവതരിപ്പിച്ചുകൊള്ളുന്നു.

എന്നു്, വ്യാഖ്യാതാ.

൧൦൮ — ൧൨ — ൩.

വിഷയാനുക്രമണിക.

വിഷയം	വശം
ഒന്നാം അദ്ധ്യായം	
മേഷാദിരാശിനാമങ്ങൾ	2
രാശികളുടെ അംഗവിഭാഗം	3
രാശ്യാകൃതികൾ	4
പൃഷ്ഠോദയങ്ങളും ശീർഷോദയങ്ങളും	5
ജലസ്ഥലരാശികൾ	”
ചതുഷ്പദരാശികളും നരരാശികളും	”
ധാത്വാദിസംജ്ഞകൾ	6
രാശിജാതികൾ	”
അന്ധബധിരരാശികൾ	”
പംഗുരാശികൾ	7
രാശിവർണ്ണങ്ങൾ	”
രാശിദ്രവ്യങ്ങൾ	”
രാശിനാഥന്മാർ	8
മൂലത്രികോണരാശികളും തദ്വിഭാഗങ്ങളും	”
ഉച്ചാദിവിഭാഗങ്ങൾ	”
ഉച്ചനീചങ്ങൾ	9
ദശവർഗ്ഗം	”
സപ്താംശകാധിപതികൾ	10
നവാംശകാധിപതികൾ	”
വർഗ്ഗോത്തമാംശകങ്ങൾ	11
ദശാംശകദ്വാദശാംശാധിപതികൾ	”
ഷോഡശാംശകാധിപതികൾ	”
ത്രിംശാംശകാധിപതികൾ	”
ഷഷ്ട്യംശകാധിപതികൾ	12
വൈശേഷികാംശങ്ങൾ	13

വിഷയം	വശം
ഉത്തമാദ്യംശങ്ങൾ	14
ലഗ്നാദിഭാവങ്ങളുടെ നാമങ്ങൾ	”
കേന്ദ്രാദിസംജ്ഞകൾ	15
പണപരാദിസംജ്ഞകൾ	”
ഉപചയാദിസംജ്ഞകൾ	16
രാശിമാനങ്ങൾ	”
മൃത്യുസൂചകഭാഗങ്ങൾ	”
പുഷ്കരഭാഗങ്ങൾ	”
മേഷാദികളുടെ വാസസ്ഥാനങ്ങൾ	17
രാശികളുടെ പ്ലവാദികൾ	”
രണ്ടാം അദ്ധ്യായം	
ഗ്രഹസ്വരൂപങ്ങൾ	18
സൂര്യാദിഗ്രഹനാമങ്ങൾ	”
കാലാദ്യുപഗ്രഹങ്ങൾ	19
ഗ്രഹദേഹകാന്തികൾ	”
സൂര്യാദികളുടെ സ്വരൂപങ്ങൾ	”
ക്രൂരസൌമ്യഗ്രഹങ്ങൾ	20
ചന്ദ്രന്റെ ശുഭാശുഭകാലം	”
ഗ്രഹോദയസ്വരൂപങ്ങൾ	”
ഗ്രഹാകാരങ്ങൾ	”
ഗ്രഹങ്ങളുടെ സഞ്ചാരദേശങ്ങൾ	21
ഗ്രഹങ്ങളുടെ വയസ്സുകൾ	”
ഗ്രഹാധിപത്യം	”
ഗ്രഹാവസ്ഥകൾ	”
ഗ്രഹദ്രവ്യങ്ങളും ഗ്രഹാധിദേവതകളും	22
ഗ്രഹരത്നങ്ങൾ	32

വിഷയം	വശം
ഗ്രഹവസ്തുക്കൾ	23
ഗ്രഹദിക്കുകളും ഗ്രഹധാതുക്കളും	,,
ഗ്രഹങ്ങളുടെ ഭവനങ്ങൾ	,,
ഗ്രഹദേശങ്ങൾ	24
ഗ്രഹകക്ഷ്യയും ഗ്രഹധാതുവും	25
ഗ്രഹങ്ങളുടെ രസങ്ങൾ	,,
ഗ്രഹദൃഷ്ടികൾ	,,
വിശേഷദൃഷ്ടികൾ	26
ഗ്രഹസ്ഥാനബലം	,,
ഗ്രഹദൌർബ്ബലത്വം	,,
ഗ്രഹദിഗ്ബലം	27
ഗ്രഹകാലബലം	,,
നിസൎഗ്ഗചേഷ്ടാബലം	,,
ബലപിണ്ഡം	28
സൂൎയ്യാദിഗ്രഹബലം	,,
ദോഷഹാരകഗ്രഹങ്ങൾ	31
ഗ്രഹങ്ങളുടെ തല്ക്കാലബന്ധുത്വം	,,
ഗ്രഹങ്ങളുടെ ശത്രുമിത്രസമത്വം	32
ചരാദിഗ്രഹങ്ങൾ	33
ഗ്രഹകാരകത്വം	,,
ലഗ്നാദികാരകത്വം	,,
ചന്ദ്രാദിസ്വഭാവം	34
സൂൎയ്യാദിഗ്രഹചേഷ്ട	36
ഗ്രഹബാല്യാദി	37
ജാഗ്രദാദ്യവസ്ഥകൾ	,,

മൂന്നാം അദ്ധ്യായം.

പക്ഷിജന്മജ്ഞാനം	39
വൃക്ഷജന്മജ്ഞാനം	40
ചതുഷ്പാജ്ജന്മജ്ഞാനം	,,
നിഷേകവിധി	41
ഗൎഭസംഭവാസംഭവജ്ഞാനം	,,
പുത്രോല്പാദനഫലം	43
സ്ത്രീപുരുഷജന്മജ്ഞാനം	,,

നാലാം അദ്ധ്യായം

ബാലാരിഷ്ടയോഗം	55
അരിഷ്ടയോഗഭംഗം	66
മദ്ധ്യമായുൎയ്യോഗം	68
പൂൎണ്ണായുൎയ്യോഗം	,,

അഞ്ചാം അദ്ധ്യായം.

ആയുൎദ്ദായം	71

ആറാം അദ്ധ്യായം.

ജാതകഭംഗം	93
രേകായോഗം	96
രേകാഫലം	98
ദാരിദ്ര്യയോഗം	,,
ദാരിദ്ര്യയോഗഫലം	100
പ്രേഷ്യയോഗം	,,
പ്രേഷ്യയോഗഫലം	101
അംഗഹീനയോഗം	,,
രോഗയോഗം	104

ഏഴാം അദ്ധ്യായം

രാജയോഗം	112
പഞ്ചമഹാപുരുഷയോഗം	122
ഭാസ്കരാദിയോഗവും തൽഫലവും	124
ഇന്ദ്രയോഗവും തൽഫലവും	,,
വായുയോഗവും തൽഫലവും	,,
ബുധയോഗവും തൽഫലവും	125

കേരള സാഹിത്യ അക്കാദമി

വിഷയം	വശം
കേമദ്രുമയോഗം	125
സുനഭാദിയോഗം	”
ദരിദ്രയോഗം	”
കേമദ്രുമയോഗാപവാദം	127
കേമദ്രുമയോഗഫലം	”
ശകടാദിയോഗം	131
ശകടയോഗഫലം	”
പാരിജാതാദിയോഗഫലം	”
അധമാദിയോഗവും തൽഫലവും	132
ചന്ദ്രാദിയോഗവും തൽഫലവും	”
ഗജകേസരിയോഗം	133
ഗജകേസരിയോഗഫലം	”
അമലായോഗവും തൽഫലവും	”
വേസിവാസ്യുഭയചരിയോഗവും തൽഫലവും	134
പർവ്വതയോഗവും തൽഫലവും	135
കാഹളയോഗവും തൽഫലവും	136
മാലികായോഗവും തൽഫലവും	”
ചാമരയോഗവും തൽഫലവും	137
ശംഖയോഗവും തൽഫലവും	138
ഭേരിയോഗവും തൽഫലവും	”
മൃദംഗയോഗവും തൽഫലവും	”
ശ്രീനാഥയോഗവും തൽഫലവും	139
ശാരദയോഗവും തൽഫലവും	”

വിഷയം	വശം
മത്സ്യയോഗവും തൽഫലവും	140
കൂർമ്മയോഗവും തൽഫലവും	”
ഖഡ്ഗയോഗവും തൽഫലവും	140
ലക്ഷ്മീയോഗം	141
തൽഫലം	”
കുസുമയോഗവും തൽഫലവും	”
പാരിജാതയോഗം	”
തൽഫലം	”
കലാനിധിയോഗവും തൽഫലവും	142
അംശാവതാരയോഗം	”
തൽഫലം	”
ഹരിഹരബ്രഹ്മയോഗവും തൽഫലവും	”
നാഭസാദിയോഗം	143
രജ്ജ്വാദിയോഗം	”
വജ്രാദിയോഗം	144

എട്ടാം അദ്ധ്യായം

ദ്വിഗ്രഹയോഗാദി	148
ത്രിഗ്രഹയോഗം	149
ചതുർഗ്രഹയോഗം	151
പഞ്ചഗ്രഹയോഗം	154
ഷൾഗ്രഹയോഗം	156
മേഷാദിസ്ഥിതസൂര്യ്യാദിഫലം	157
ദൃഷ്ടിഫലം	158
ലഗ്നാദിഭാവഗ്രഹഫലം	160
ഉച്ചഫലം	170
മിത്രക്ഷേത്രഫലം	171

വിഷയം	വശം
ഒൻപതാം അദ്ധ്യായം	
ഗുളികഫലം	175
സംവത്സരഫലം	176
അയനഫലം	180
ഋതുഫലം	”
പക്ഷഫലം	181
തിഥിഫലം	”
നക്ഷത്രനാമങ്ങളും തൽഫലവും	183
കരണഫലം	193
ദ്രേക്കാണഫലം	196
നവാംശഫലം	197
കാലഹോരാഫലം	199
പത്താം അദ്ധ്യായം	
അഷ്ടവർഗ്ഗവും തൽഫലവും	200
പതിനൊന്നാം അദ്ധ്യായം	
ലഗ്നഭാവഫലം	215
ദ്വിതീയഭാവഫലം	224
പന്ത്രണ്ടാം അദ്ധ്യായം	
തൃതീയഭാവഫലം	231
ചതുർത്ഥഭാവഫലം	241
പതിമൂന്നാം അദ്ധ്യായം	
പഞ്ചമഭാവഫലം	256
ഷഷ്ഠഭാവഫലം	268
പതിനാലാം അദ്ധ്യായം	
സപ്തമഭാവഫലം	271
അഷ്ടമഭാവഫലം	280
നവമഭാവഫലം	284
പതിനഞ്ചാം അദ്ധ്യായം	
ദശമഭാവഫലം	291
ലാഭഭാവഫലം	305
പന്ത്രണ്ടാംഭാവഫലം	306
പതിനാറാം അദ്ധ്യായം	
സ്ത്രീജാതകഫലം	309
പതിനേഴാം അദ്ധ്യായം	
കാലചക്രദശയും തൽഫലവും	321
പതിനെട്ടാം അദ്ധ്യായം	
നക്ഷത്രദശാഫലം	340

കേരള സാഹിത്യ അക്കാദമി

ജാതകപാരിജാതം

സവ്യാഖ്യാനം

പ്രഥമോദ്ധ്യായഃ

ശ്രീകാന്താജശിവസ്വരൂപമമരജ്യോതിർഗ്ഗണസ്വാമിനം
മായാതീതമശേഷജീവജഗതാമീശം ദിനേശം രവിം
നത്വാ ഗർഗപരാശരാദിരചിതം സംഗൃഹ്യ താരാഫലം
വക്ഷ്യേ ജാതകപാരിജാതമഖിലജ്യോതിർവ്വിദാം പ്രീതയേ. ൧

വ്യാഖ്യാതൃമംഗളം

അഭീഷ്ടദാതാരമുദാരകീർത്തിം
ഗുരും നമസ്കൃത്യ ബുധൌഘസേവ്യം
വക്ഷ്യേ മുദാ "ജാതകപാരിജാത"-
വ്യാഖ്യാം "പ്രദീപാ"ഭിധയാ വിശിഷ്ടാം.

വ്യാഖ്യാനപ്രാരംഭഃ

സാരം—ത്രിമൂർത്തിസ്വരൂപനും, ദേവന്മാർക്കും ഗ്രഹനക്ഷത്രാദിജ്യോതിസ്സുകൾക്കും ഈശനും മായാവിഹീനനും സകല ജീവജാലങ്ങൾക്കും സർവ്വലോകങ്ങൾക്കും നാഥനും, ദിനാധിപനും ആയ സൂര്യനെ വന്ദിച്ച്, ഗർഗ്ഗൻ, പരാശരൻ മുതലായ മഹർഷികളാൽ വിരചിതമായ നക്ഷത്രഫലത്തെ സംഗ്രഹിച്ച് ജ്യോതിശ്ശാസ്ത്രജ്ഞന്മാരുടെ പ്രീതിക്ക് 'ജാതകപാരിജാതം' എന്ന ഗ്രന്ഥത്തെ നിർമ്മിക്കുന്നു.

കവി, സ്വകർത്തൃത്വത്തെ പ്രതിപാദിക്കുന്നു—

ഭാരദ്വാജകുലോത്ഭവസ്യ വിദുഷഃ ശ്രീവേങ്കടാദ്രേരിഹ
ജ്യോതിശ്ശാസ്ത്രവിശാരദസ്യ തനയഃ ശ്രീവൈദ്യനാഥഃ സുധീഃ
ഹോരാസാരസുധാരസജ്ഞവിബുധശ്രേണീമനഃപ്രീതയേ
രാശിസ്ഥാനനിരൂപണാദി സകലം വക്ഷ്യേ യഥാനുക്രമാൽ. ൨

ഭാരദ്വാജവംശോത്ഭവനും, വിദ്വാനും, ജ്യോതിശ്ശാസ്ത്രനിപുണനും, 'വേങ്കടാദ്രി'യുടെ പുത്രനും ആയ വൈദ്യനാഥപണ്ഡിതർ, ഹോരാസാരമാകുന്ന അമൃതരസം ആസ്വദിച്ചവരായ ബുധവര്യരുടെ മനസ്സന്തുഷ്ടിക്കായിട്ട് രാശിസ്ഥാനനിരൂപണം മുതലായവ സർവ്വവും ക്രമേണ പറയുന്നു.

ശ്രീരാമസ്തുതിപൂർവ്വകം പിന്നെയും സ്വകർത്തവ്യത്തെ പ്രതിപാദിക്കുന്നു:—

> പ്രണമ്യ വന്ദാരുജനാഭിവന്ദ്യ-
> പാദാരവിന്ദം രഘുനായകസ്യ
> സംഗൃഹ്യ സാരാവലിമുഖ്യതന്ത്രം
> കരോമ്യഹം ജാതകപാരിജാതം. ൩

ഞാൻ, ശ്രീരാമദേവന്റെ, അഭിവാദകജനാഭിവന്ദ്യമായ പാദപത്മത്തെ വന്ദിച്ചു്; "സാരാവലി"തുടങ്ങിയ ശാസ്ത്രത്തെ സംഗ്രഹിച്ചു്, ജാതകപാരിജാതം നിർമ്മിക്കുന്നു.

മേടം, ഇടവം, മിഥുനം ഈ രാശികളുടെ നാമങ്ങൾ—

> മേഷാജവിശ്വക്രിയതുംബുരാഖ്യാ
> വൃഷോക്ഷഗോതാംബുരുഗോകുലാനി
> ദ്വന്ദ്വം നൃയുഗ്മം ജുതുമം യമം ച
> യുഗം തൃതീയം മിഥുനം വദന്തി ൪

മേടത്തിനു് മേഷം, അജം, വിശ്വം, ക്രിയം, തുംബുരം എന്നും. ഇടവത്തിനു് വൃഷം, ഉക്ഷം, ഗോവ്, താംബുരു, ഗോകുലം എന്നും, മിഥുനത്തിനു് ദ്വന്ദ്വം, നൃയുഗ്മം, ജുതുമം, യമം, യുഗം, തൃതീയം മിഥുനം എന്നും പേരുകൾ പറയപ്പെട്ടിരിക്കുന്നു.

കർക്കടകം, ചിങ്ങം, കന്നി, തുലാം ഇവയുടെ നാമങ്ങൾ—

> കുളീരകർക്കാടകകർക്കടാഖ്യാഃ
> കണ്ഠീരവഃ സിംഹമൃഗേന്ദ്രലേയാഃ
> പാഥേയാനകന്യാരമണീതരുണ്യ-
> സ്തൗലീ വണിക് ജൂകതുലാധടീ ച ൫

കർക്കടകത്തിനു് കുളീരം, കർക്കാടകം എന്നും, ചിങ്ങത്തിനു് കണ്ഠീരവം, സിംഹം, മൃഗേന്ദ്രൻ, ലേയം എന്നും, കന്നിക്കു് പാഥോനം, കന്യാ, രമണീ, തരുണീ എന്നും, തുലാത്തിനു് തൌലീ, വണിക്, ജൂകം, തുലം, ധടീ എന്നും, പേരുകൾ ഉണ്ടു്.

വൃശ്ചികം, ധനു, മകരം, കുംഭം ഇവയുടെ നാമങ്ങൾ—

> അള്യഷ്ടമം വൃശ്ചികകൌർപ്പികീടാ
> ധന്വീ ധനുശ്ചാപശരാസനാനി
> മൃഗോ മൃഗാസ്യോ മകരശ്ച നക്രഃ
> കുംഭോ ഘടസ്തോയധരാഭിധാനഃ. ൬

വൃശ്ചികത്തിനു് അളി അഷ്ടമം വൃശ്ചികം കൌർപ്പി കീടം എന്നും, ധനുവിനു് ധന്വീ ധനുസ്സ് ചാപം ശരാസനം എന്നും, മക

രത്തിന് മൃഗം മൃഗാസ്യം മകരം നക്രം എന്നും, കുംഭത്തിന് കുംഭം ഘടം തോയധരം എന്നും പേരുകൾ ഉണ്ട്.

മീനത്തിന്റെ നാമങ്ങളും രാശിസ്വരൂപങ്ങളും—

മീനാന്ത്യമത്സ്യപൃഥുരോമഝഷാ വദന്തി
ദസ്രാദികർക്ഷനവപാദയുതാഃ ക്രിയാദ്യാഃ
ചക്രസ്ഥിതാ ദിവിചരാ ദിനനാഥസംഖ്യാ
ക്ഷേത്രർക്ഷരാശിഭവനാനി ഭസംജ്ഞിതാനി. ൧

മീനത്തിന് മീനം അന്ത്യം പൃഥുരോമം ഝഷം എന്നു പേർ പറയുന്നു. ഈ സംജ്ഞകളുടെ പര്യായങ്ങളും പ്രയോഗിച്ചു കാണുന്നുണ്ട്. മേടം തുടങ്ങിയ പന്ത്രണ്ടു രാശികൾ അശ്വതി മുതലായ ൨൭ നക്ഷത്രങ്ങളുടെ ഒൻപതീതു കാലുകളുള്ളവയും ജ്യോതിശ്ചക്രത്തിൽ സ്ഥിതങ്ങളും ആകാശത്തിൽ സഞ്ചരിക്കുന്നവയും ആകുന്നു. ക്ഷേത്രം, ഋക്ഷം, രാശി, ഭവനം, ഭം ഇവ രാശിനാമങ്ങളാണ്. ഒരു നക്ഷത്രത്തിന് ൬൦ നാഴികയുണ്ട്. ൧൫ നാഴികയാണ് ഒരു കാല്. ഇങ്ങനെ അശ്വതിയുടെ നാലുകാലും ഭരണിയുടെ നാലുകാലും കാർത്തികയുടെ ആദ്യത്തേക്കാലും കൂടി ഒൻപതുകാലാണ് മേടം രാശി. ഇതുപോലെ ശേഷവും ധരിച്ചുകൊള്ളണം.

മേഷാദിരാശികളെ കാലപുരുഷന്റെ അംഗങ്ങളായി കല്പിക്കുന്നു—

കാലാത്മകസ്യ ച ശിരോമുഖദേശവക്ഷോ-
ഹൃൽകുക്ഷിഭാഗകടിവസ്തിരഹസ്യദേശാഃ
ഊരൂ ച ജാനുയുഗളം പരതസ്തു ജംഘേ
പാദദ്വയം ക്രിയമുഖാവയവാഃ ക്രമേണ. ൨

മേടം കാലപുരുഷന്റെ ശിരസ്സും, ഇടവം മുഖവും, മിഥുനം മാർവ്വിടവും, കർക്കടകം ഹൃദയവും, ചിങ്ങം വയറും, കന്നി അരക്കെട്ടും, തുലാം വസ്തിയും, വൃശ്ചികം രഹസ്യദേശവും, ധനു തുടകളും, മകരം രണ്ടുമുട്ടും, കുംഭം കണങ്കാലും, മീനം പാദദ്വയവും ആകുന്നു.

വ്യത്യസ്തോഭയപുച്ഛമസ്തകയുതൌ മീനൌ സകുംഭോ നര-
സ്തൌലീ ചാപധരസ്തുരംഗജഘനോ നക്രോ മൃഗാസ്യോ ഭവേൽ
വീണാഢ്യം സഗദം നൃയുഗ്മമബലാ നൌസ്ഥാ സസസ്യാനലാ
ശേഷാഃ സ്വസ്വഗുണാഭിധാനസദൃശാസ്സർവ്വേ സ്വദേശാശ്രയാഃ. ൩

മീനം വാലും തലയും അന്യോന്യം പകർന്നിരിക്കുന്ന രണ്ടു മത്സ്യങ്ങളും; കുംഭം ചുമലിൽ രിക്തകുടം ധരിച്ച പുരുഷനും, തുലാം തുലാധാരിയായ നരനും; ധനു വില്ലുള്ളവനും അശ്വജഘനനും, മകരം മൃഗമുഖനും; മിഥുനം സ്ത്രീയുടെ കയ്യിൽ വീണയും പുരുഷഹസ്തത്തിൽ ഗദയും ധരിച്ച സ്ത്രീപുമാന്മാരും; കന്നി സസ്യത്തോടും

ആഗ്നിയോടുംകൂടി വെള്ളത്തിൽ സഞ്ചരിക്കുന്ന കന്യകയും, മേടം, ഇടവം, കൎക്കടകം, ചിങ്ങം, വൃശ്ചികം ഈ രാശികൾ തന്റെതന്റെ ഗുണത്തിനും പേരിനും തുല്യങ്ങളും, എല്ലാം സ്വദേശത്തിൽ സഞ്ചരിക്കുന്നവയും ആകുന്നു.

മേഷസ്യ ധാതുകരരത്നധരാതലം സ്യാ-
ദുക്ഷ്ണസ്തു സാനുകൃഷിഗോകുലകാനനാനി
ദ്യൂതക്രിയാരതിവിഹാരമഹീ യുഗസ്യ
വാപീതടാകപുളിനാനി കുളീരരാശേഃ. ൧൦

കണ്ഠീരവസ്യ ഘനശൈലഗുഹാവനാനി
ഷഷ്ഠസ്യ ശാദ്വലവധൂരതി ശില്പഭൂമിഃ
സർവ്വാൎത്ഥസാരപുണ്യമഹീ തുലായാഃ
കീടസ്യ ചാശ്മവിഷകീടബിലപ്രദേശാഃ. ൧൧

ചാപസ്യ വാജിരഥവാരണവാസഭൂമി-
രേണാനനസ്യ സരിദംബുവനപ്രദേശാഃ
കുംഭസ്യ തോയഘടഭാണ്ഡഗൃഹസ്ഥലാനി
മീനസ്യ വാസസരദംബുധിതോയരാശിഃ. ൧൨

മേടത്തിന് ധാതുാകരങ്ങളും രത്നങ്ങളും ഭൂമിയും, ഇടവത്തിന് താഴ്വരയും കൃഷിയും ഗോകുലവും വനവും, മിഥുനത്തിന് ചൂതുകളിയും രതിയും വിഹാരഭൂമിയും, കൎക്കടകത്തിന് കുളവും തടാകവും പുളിനവും, ചിങ്ങത്തിന് മേഘവും പൎവ്വതവും ഗുഹയും വനവും, കന്നിക്ക് പച്ചപ്പുൽപ്രദേശവും സ്ത്രീകളും രതിയും ശില്പഭൂമിയും, തുലാത്തിന് സകലവസ്തുക്കളുടെ കാതലും പട്ടണവും അങ്ങാടിയും, വൃശ്ചികത്തിന് കല്ലും വിഷവും പുഴുവും സുഷിരപ്രദേശവും, ധനുവിന് കുതിരയും രഥവും ആനയും വാസഭവനവും, മകരത്തിന് നദിയും ജലവും വനപ്രദേശവും, കുംഭത്തിന് ജലവും കുടവും ഗൃഹവും സ്ഥലവും, മീനത്തിന് വാസവും നദിയും സമുദ്രവും ജലാശയവും സ്ഥാനങ്ങളാകുന്നു.

രാശ്യാകൃതികൾ —

ഹ്രസ്വാ ഗോജഘടാസ്സമാ മൃഗദ്വയുക്ചാപാന്ത്യകൎക്കാടകാ
ദീൎഘാ വൃശ്ചികകന്യകാഹരതുലാമേഷാദിപുംയോഷിതഃ
പ്രാഗാദിക്രിയഗോദ്വയുക്കടകഭാന്യേതാനി കോണാനപി താ-
ന്യാഹുഃ ക്രൂരശുഭൌ ചരസ്ഥിരതരദ്വന്ദ്വാനി താനി ക്രമാൽ. ൧൩

ഇടവം മേടം കുംഭം ഇവ ഹ്രസ്വങ്ങളും, മകരം മിഥുനം ധനു മീനം കൎക്കടകം ഇവ സമങ്ങളും, വൃശ്ചികം കന്നി ചിങ്ങം തുലാം ഇവ ദീൎഘങ്ങളും, മേടം മിഥുനം ചിങ്ങം തുലാം ധനു കുംഭം ഇവ

പുരുഷരാശികളും, ഇടവം കൎക്കടകം കന്നി വൃശ്ചികം മകരം മീനം ഇവ സ്ത്രീരാശികളും, മേടം ചിങ്ങം ധനു കിഴക്കേദിക്കിന്റെയും, ഇടവം കന്നി മകരം തെക്കേദിക്കിന്റെയും, മിഥുനം തുലാം കുംഭം പടിഞ്ഞാറേദിക്കിന്റെയും, കൎക്കടകം വൃശ്ചികം മീനം വടക്കേദിക്കിന്റെയും നാഥന്മാരും, മേടം തുടങ്ങിയ ഓജരാശികൾ ക്രൂരങ്ങളും ഇടവം മുതലായ യുഗ്മരാശികൾ സൌമ്യങ്ങളും, മേടം കൎക്കടകം തുലാം മകരം ചരരാശികളും, ഇടവം ചിങ്ങം വൃശ്ചികം കുംഭം സ്ഥിരരാശികളും, മിഥുനം കന്നി ധനു മീനം ഉഭയരാശികളും ആകുന്നു.

പൃഷ്ഠോദയങ്ങളും ശീൎഷോദയങ്ങളും—

വീര്യോപേതാ നിശി വൃഷനൃയുക് കൎക്കിചാപാജനക്രാ
ഹിത്വാ യുഗ്മം ഭവനമപരേ പൃഷ്ഠപൂൎവോദയാശ്ച
ശേഷാഃ ശീൎഷോദയദിനബലാശ്ചോഷ്ഠതാരാശയസ്തേ
മീനാകാരദ്വയമുഭയതഃ കാലലഗ്നം സമേതി ൧൪

ഇടവം മിഥുനം കൎക്കടകം ധനു മേടം മകരം ഇവ രാത്രിയിൽ ബലമുള്ളവയും, മിഥുനം ഒഴിച്ചു മററുരാശികൾ പൃഷ്ഠോദയങ്ങളും, മിഥുനം ശീൎഷോദയവും, ചിങ്ങം കന്നി തുലാം വൃശ്ചികം ഇവ ശീൎഷോദയങ്ങളും, ദിനബലങ്ങളും, മീനം ഉഭയോദയവും പകലും രാത്രിയും ബലമുള്ളവയും ആകുന്നു.

ജലസ്ഥലചരരാശികൾ—

മീനാളികൎക്കമൃഗാസ്സലിലാഭിധാനാ-
സ്തോയാശ്രയാ ഘടവധൂയുഗഗോപസംജ്ഞാഃ
നിസ്തോയഭൂതലചരാഃ ക്രിയചാപതൌലി-
കണ്ഠീരവാശ്ച ബഹവഃ പ്രവദന്തി സന്തഃ ൧൫

മീനം വൃശ്ചികം കൎക്കടകം മകരപൂൎവാൎദ്ധം ഇവ ജലചരരാശികളും, കുംഭം കന്നി മിഥുനം ഇടവം മേടം ധനു തുലാം ചിങ്ങം ഇവ സ്ഥലചരരാശികളും ആകുന്നു.

ചതുഷ്പദരാശികളും നരരാശികളും—

ചാപാപരാൎദ്ധഹരിഗോമകരാൎദ്ധമേഷാ
മാനസ്ഥിതാ ബലയുതാശ്ച ചതുഷ്പദാഖ്യാഃ
കന്യാനൃയുഗ്മഘടതൌലിശരാസനാദ്യ-
ലഗ്നാന്വിതാ യദി നരാ ദ്വിപദാ ബലാഢ്യാഃ ൧൬

ധനുവിന്റെ ഉത്തരാൎദ്ധം ചിങ്ങം ഇടവം മകരപൂൎവാൎദ്ധം ഇവ ചതുഷ്പദരാശികളും, പത്താമിടമായിവന്നാൽ ബലികളും, കന്നി മിഥുനം കുംഭം തുലാം ധനുവിന്റെ പൂൎവാൎദ്ധം ഇവ നരരാശികളും ലഗ്നമായിവന്നാൽ ബലികളും ആകുന്നു.

മൃഗാപരാൎദ്ധാന്ത്യകുളീരസംജ്ഞാ
ജലാഭിധാനാ ബലിനശ്ചതുൎത്ഥേ
ജലാശ്രയോ വൃശ്ചികനാമധേയഃ
സ സപ്തമസ്ഥാനഗതോ ബലീ സ്യാൽ ൩൬

മകരാപരാൎദ്ധം മീനം കക്കടകം ഇവ ജലരാശികളും നാലാമിടമായിവന്നാൽ ബലികളും വൃശ്ചികമായ ജലചരരാശി ഏഴാമിടമായിവന്നാൽ ബലിയും ആകുന്നു.

കേന്ദ്രം ഗതോഽഹനി ദ്വിപദോ ബലാഢ്യ-
ശ്ചതുഷ്പദാഃ കേന്ദ്രഗതാ രജന്യാം
കീടാസ്തു സന്ധ്യേ യദി കണ്ടകസ്ഥാഃ
സന്ധ്യാദ്വയേ വീൎയ്യയുതാ ഭവന്തി ൩൭

ലഗ്നമായാൽ ദ്വിപദരാശികൾ പകലും, പത്താമിടമായാൽ ചതുഷ്പദരാശികൾ രാത്രിയിലും എല്ലാകീടരാശികളും (ഏഴാമിടമായാൽ വൃശ്ചികവും നാലാമിടമായാൽ മററു ജലരാശികളും) രണ്ടുസന്ധ്യയ്ക്കും ബലികളാകുന്നു. (കേന്ദ്രം, കണ്ടകം, ചതുഷ്ടയം ഇവ മൂന്നും ലഗ്നം, നാലാമിടം, ഏഴാമിടം ഇവയ്ക്കുള്ള പേരുകളാകുന്നു.)

ധാത്വാദി സംജ്ഞകൾ—

ധാതുൎമ്മൂലം ജീവ ഇത്യാഹുരാദ്യാ
മേഷാദീനാമോജയുഗ്മേ തഥൈവ
സ്വൎണ്ണാദ്ധാതുൎമ്മൃത്തികാന്തം തൃണാന്തം
വൃക്ഷാന്മൂലം ജീവകൃടഃ സ ജീവഃ ൩൮

മേടംമുതൽ നാലുരാശി ധാതുവും, ചിങ്ങംമുതൽ നാലു രാശി മൂലവും, ധനുമുതൽ നാലുരാശി ജീവനും, മേടം മിഥുനം ചിങ്ങം തുലാം ധനു കുംഭം ഓജരാശികളും, ശേഷങ്ങൾ യുഗ്മരാശികളും സ്വൎണ്ണംമുതൽ മണ്ണുവരെയുള്ളതു് ധാതുവും വൃക്ഷംമുതൽ പുല്ലുവരെയുള്ളതു് മൂലവും ജീവരാശി ജീവനും ആകുന്നു.

രാശിജാതികൾ—

മീനാളിവൃഷഭാ വിപ്രാശ്ചാപാജഹരയോ നൃപാഃ
കുംഭയുഗ്മതുലാ വൈശ്യാഃ ശൂദ്രാഃ സ്ത്രീമൃഗകൎക്കടാഃ

മീനം വൃശ്ചികം ഇടവം വിപ്രരാശികളും, ധനു മേടം ചിങ്ങം ക്ഷത്രിയരാശികളും, കുംഭം മിഥുനം തുലാം വൈശ്യരാശികളും, കന്നി മകരം കക്കടകം ശൂദ്രരാശികളും ആകുന്നു.

അന്ധബധിരരാശികൾ—

മഹാനിശാന്ധഃ ക്രിയഗോ മൃഗേശാ
മദ്ധ്യം ദിനേ കൎക്കടയുഗ്മകന്യാഃ

പൂർവാഹ്ണകാലേ ബധിരൌ തുലാളീ
ധനുർമൃഗാസ്യശ്ച തഥാപരാഹ്ണേ ൨൧

മേടം ഇടവം ചിങ്ങം ഇവ അർദ്ധരാത്രിയിലും, കർക്കടകം മിഥുനം കന്നി ഇവ മദ്ധ്യാഹ്നത്തിലും അന്ധങ്ങളാകുന്നു. തുലാം വൃശ്ചികം പൂർവാഹ്ണകാലത്തിലും ധനു മകരം അപരാഹ്ണകാലത്തിലും ബധിരങ്ങൾ (ചെവികേൾക്കാത്തവ) ആകുന്നു.

പംഗുരാശികൾ—

മൃഗാനനശ്ചാപധരശ്ച പംഗൂ
സന്ധ്യാദ്വയേ നാശകരൌ ഭവേതാം
സ്യാദൃക്ഷസന്ധിഃ കടകാളിമീന-
ഭാന്തംപ്രഗണ്ഡാന്തമിതി പ്രസിദ്ധം ൨൨

മകരവും ധനുവും പംഗു(മുടന്തൻ)രാശികളും, രണ്ടു സന്ധ്യയ്ക്കും നാശകരങ്ങളും ആകുന്നു. കർക്കടകം വൃശ്ചികം മീനം ഈ രാശികളുടെ അവസാനം ഋക്ഷസന്ധിയാണ്. ഇതു് പ്രഗണ്ഡാന്തവും ആകുന്നു. (കർക്കടകത്തിന്റെ അവസാനവും ആയില്യത്തിന്റെ നാലാംകാലും, വൃശ്ചികത്തിന്റെ അവസാനവും തൃക്കേട്ടയുടെ നാലാംകാലും, മീനത്തിന്റെ അവസാനവും രേവതിയുടെ നാലാംകാലും, ഒന്നിച്ചു വരികയാൽആണ് ഈ രാശികൾ ഋക്ഷസന്ധിയും ഗണ്ഡാന്തവും ആയതു്.)

രാശിവർണ്ണങ്ങൾ—

രക്തഗൌരശുകകാന്തിപാടലാഃ
പാണ്ഡുചിത്രരുചിനീലകാഞ്ചനാഃ
പിംഗലക്കുബുരബഭ്രുപാണ്ഡുരാ-
സ്ത്വംബരാദിഭവനേഷു കല്പിതാഃ ൨൩

മേടത്തിനു് ചുവപ്പും, ഇടവത്തിനു് വെളുപ്പും, മിഥുനത്തിനു് കിളിനിറവും, കർക്കടകത്തിനു് ശേതരക്തവർണ്ണവും, ചിങ്ങത്തിനു് വെളുപ്പും, കന്നിക്കു് ചിത്രവർണ്ണവും, തുലാത്തിനു് നീലനിറവും, വൃശ്ചികത്തിനു് സ്വർണ്ണവർണ്ണവും, ധനുവിനു മഞ്ഞനിറവും, മകരത്തിനു് ചിത്രവർണ്ണവും, കുംഭത്തിനു് കീരിയുടെ നിറവും, മീനത്തിനു് വെളുപ്പും ആകുന്നു.

രാശിദ്രവ്യങ്ങൾ—

വസ്ത്രാഢ്യം ശാലിമുഖ്യം വനഫലനിചയഃ കന്ദളീമുഖ്യധാന്യം (ച
തുഷ്ക്ക്സാരം മൽഗപൂർവം തിലവസനമുഖം തപ്തിക്ഷുലോഹാദികം-
ശസ്ത്രാദ്യം കാഞ്ചനാദ്യം ജലജനികുസുമം തോയജാതം സമസ്തം
ദ്രവ്യാണ്യാഹുഃ ക്രിയാദിഷ്വബലബലയുതേഷ്വല്പതാധിക്യഭാഞ്ജി

മേടത്തിനു് വസ്ത്രാദിയും, ഇടവത്തിനു് ചെന്നെല്ല മുതലായതും മിഥുനത്തിനു് വനഫലസമൂഹവും, കക്കടകത്തിനു് കൂൺതുടങ്ങിയ ധാന്യവും, ചിങ്ങത്തിനു് മുളയും, കന്നിക്കു് ചെറുപയറു മുതലായതും, തുലാത്തിനു് തിലവസ്ത്രാദിയും, വൃശ്ചികത്തിനു് കരിമ്പു ലോഹം ഇവയും, ധനുവിനു് ശസ്ത്രവും കല്ലും, മകരത്തിനു് സ്വർണ്ണംതുടങ്ങിയവയും, കുംഭത്തിനു് വെള്ളത്തിൽ ഉണ്ടാകുന്ന പുഷ്പവും, മീനത്തിനു് ജലജമായ സർവ്വം ദ്രവ്യങ്ങളാകുന്നു. ഇവയുടെ ബലാബലംപോലെ ദ്രവ്യങ്ങളുടെ കൂടുതൽകുറവിനെ ഊഹിച്ചുകൊള്ളണം.

രാശിനാഥന്മാർ—

ധരാജശുക്രജ്ഞശശീനസൌമ്യ-
സിതാരജീവാർക്കജമന്ദജീവാഃ
ക്രമേണ മേഷാദിഷു രാശിനാഥാഃ
തദംശപാശ്ചേതി വദന്തി സന്തഃ ൨൮

കുജൻ മേടത്തിനും, ശുക്രൻ ഇടവത്തിനും, ബുധൻ മിഥുനത്തിനും, ചന്ദ്രൻ കക്കടകത്തിനും, സൂര്യൻ ചിങ്ങത്തിനും, ബുധൻ കന്നിക്കും, ശുക്രൻ തുലാത്തിനും, കുജൻ വൃശ്ചികത്തിനും, വ്യാഴം ധനുവിനും, ശനി മകരത്തിനും കുംഭത്തിനും, വ്യാഴം മീനത്തിനും കുജാദികൾ മേഷാദിനവാംശകങ്ങൾക്കും നാഥന്മാരാകുന്നു.

മൂലത്രികോണരാശികളും തദ്വിഭാഗങ്ങളും—

മൂലത്രികോണാ ഹരിതാവുരുക്രിയാ
വധൂൎദ്ധനുസ്സൌലിഘടാ ദിവാകരാൽ
സിതാസിതാർക്കാംഗിരസാം നഖാംശകാ-
സ്ത്രികോണമാദ്യൌ പരതസ്സ്വമന്ദിരം ൨൯

സൂര്യനു് ചിങ്ങവും, ചന്ദ്രനു് ഇടവവും, കുജനു് മേടവും, ബുധനു് കന്നിയും, വ്യാഴത്തിനു് ധനുവും, ശുക്രനു് തുലാംരാശിയും, ശനിക്കു് കുംഭവും, മൂലത്രികോണരാശികളാണു്. ശുക്രൻ, ശനി, സൂര്യൻ, വ്യാഴം ഇവരുടെ മൂലത്രികോണരാശികളും സ്വക്ഷേത്രങ്ങളും ഒന്നാണു്. അതിനാൽ ശുക്രന്റെ ത്രികോണരാശിയിൽ ൧൦-ൽ ൧ ഭാഗം മൂലത്രികോണവും ശേഷം ൨൫ ഭാഗം സ്വക്ഷേത്രവും ശനിക്കും സൂര്യനും ൨൦ ഭാഗം ത്രികോണവും ൧൦ ഭാഗം സ്വഗൃഹവും വ്യാഴത്തിനു് ൧൦ ഭാഗം ത്രികോണവും ശേഷം ൨൦ ഭാഗം സ്വഗൃഹവും ആകുന്നു.

ചന്ദ്രാദികളുടെ ഉച്ചാദിവിഭാഗങ്ങൾ—

വൃഷാദിഭാഗത്രയമുച്ചമിന്ദോർ-
മ്മൂലത്രികോണം പരതസ്സ്വ സർവ്വം

മേഷാദികാ ദ്വാദശഭാഗസംജ്ഞാഃ
കുജസ്യ കോണം പരതഃ സ്വഭം സ്യാൽ. ൧൭

കന്യാദ്യമുച്ചം ശശിജസ്യ കോണം
ദശാംശകാഃ സ്വർക്ഷഫലം ശരാംശാഃ
കുംഭസ്ത്രികോണം ഫണിനായകസ്യ
തുംഗം നൃയുഗ്മം രമണീഗൃഹം സ്യാൽ. ൧൮

ചന്ദ്രന് തന്റെ ഉച്ചവും മൂലത്രികോണവും ആയ ഇടവത്തിൽ ൩൦-ൽ ആദ്യത്തെ ൩ ഭാഗം ഉച്ചവും ശേഷം ൨൭ ഭാഗം മൂലത്രികോണവും, ചൊവ്വായ്ക്ക് ത്രികോണവും സ്വക്ഷേത്രവും ആയ മേടത്തിൽ ആദ്യത്തെ ൧൨ ഭാഗം ത്രികോണവും, ശേഷം ൧൮ ഭാഗം സ്വക്ഷേത്രവും, ആകുന്നു. ബുധന് ഉച്ചവും ത്രികോണവും സ്വക്ഷേത്രവുംആയ കന്നിയിൽ ആദ്യത്തെ ൧൫ ഭാഗം ഉച്ചവും, പിന്നീട്ടുള്ള ൧൦ ഭാഗം ത്രികോണവും, ശേഷം ൫ ഭാഗം സ്വക്ഷേത്രവും, രാഹുവിന് കുംഭം ത്രികോണവും, മിഥുനം ഉച്ചവും, കന്നി സ്വക്ഷേത്രവും ആണ്.

ഉച്ചനീചങ്ങൾ—

മേഷോ വൃഷോ മകരഷഷ്ഠകുളീരമീനാ
സ്തൗലീ ച തുംഗഭവനാനി തദസ്തനീചാഃ
നിത്യാംഗനാഹരിമയോമനസാരനീര-
സംഖ്യാ ദിവാകരമുഖാദധിതുംഗഭാഗാഃ. ൧൯

സൂൎയ്യന് മേടവും, ചന്ദ്രന് ഇടവവും, ചൊവ്വായ്ക്ക് മകരവും, ബുധന് കന്നിയും, വ്യാഴത്തിന്ന് കൎക്കടകവും, ശുക്രന് മീനവും, ശനിയ്ക്ക് തുലാവും ഉച്ചരാശികളും ഉച്ചരാശികളുടെ ഏഴാം രാശികൾ നീചങ്ങളും, സൂൎയ്യന്നു മേടത്തിൽ ൧൦ തീയതിയും, ചന്ദ്രന് ഇടവത്തിൽ ൩ തീയതിയും, കുജന്നു മകരത്തിൽ ൨൮ തീയതിയും, ബുധന് കന്നിയിൽ ൧൫ തീയതിയും, വ്യാഴത്തിന്നു കൎക്കടകത്തിൽ ൫ തീയതിയും, ശുക്രന്നു മീനത്തിൽ ൨൭ തീയതിയും, ശനിയ്ക്കു തുലാത്തിൽ ൨൦ തീയതിയും പരമോച്ചങ്ങളും, നീചരാശികളിൽ ഇത്രയും തീയതികൾ പരമനീചങ്ങളും ആകുന്നു.

ദശവൎഗ്ഗം—

ലഗ്നം ഹോരാ ദൃഗാണം സ്വനവദശകദ്വാദശാംശാഃ കലാംശാഃ
ത്രിംശൽഷഷ്ട്യംശകാഖ്യാ വ്യയ ഇതി ദശവൎഗ്ഗീകരാമാനവാനാം
ഹോരാ രാശ്യൎദ്ധമോജേ ദിനകരശശിനോരിന്ദുമാൎത്താണ്ഡഹോരേ
യുഗ്മേ രാശൗ ദൃഗാണാ നിജതനയതപഃസ്ഥാനപാനാം ഭവന്തി

ലഗ്നം ഹോര ദ്രേക്കാണം സപ്തകാംശം നവാംശം ദശാംശം ദ്വാദശാംശം ഷോഡശാംശം ത്രിംശാംശം, ഷഷ്ട്യംശം ഇവ ൧൦-നും

കൂടി ദശവർഗ്ഗം എന്നു പേർ. ഈ ദശവർഗ്ഗം മനുഷ്യൎക്കു വ്യയം ദുരിതം വൎദ്ധന സമ്പത്തു ഇവയേ തരുന്നതാണു്. ഒരു രാശിയേ രണ്ടായിഭാഗിക്കുന്നതു് ഹോര. ഓജരാശികളിൽ ആദ്യത്തേ ഹോരയ്ക്കു് സൂൎയ്യനും രണ്ടാമത്തെ ഹോരയ്ക്കു ചന്ദ്രനും, യുഗ്മരാശികളിൽ ആദ്യത്തെ ഹോരയ്ക്കു ചന്ദ്രനും രണ്ടാമത്തെ ഹോരയ്ക്കു സൂൎയ്യനും, അധിപന്മാരാണു്. ഒരു രാശിയേ മൂന്നായി ഭാഗിക്കുന്നതു് ദ്രേക്കാണം. ഇതിൽ ആദ്യദ്രേക്കാണത്തിനു് ആ രാശിയുടെ അധിപനും, ദ്വിതീയദ്രേക്കാണത്തിനു് അഞ്ചാംരാശിയുടെ അധിപനും തൃതീയദ്രേക്കാണത്തിന ഒൻപതാംരാശ്യധിപനും നാഥന്മാരാണു്.

സപ്താംശകാധിപതികൾ —

ലഗ്നാദിസപ്തമാംശേശാസ്ത്വോജരാശൌ യഥാക്രമം
യുഗ്മലഗ്നേ സപ്താംശാനാമധിപാഃ സപ്തമാദയഃ. ൩൧

ഒരു രാശിയേ ഏഴായി ഭാഗിക്കുന്നതു് സപ്താംശകം. ആ സപ്താംശകങ്ങൾക്കു് ഓജരാശികളിൽ ക്രമേണ ലഗ്നാദിസപ്തഭാവാധിപന്മാർ നാഥന്മാരാണു്. യുഗ്മരാശികളിൽ ഏഴാംഭാവംമുതൽ ഉള്ള ഭാവങ്ങളുടെ അധിപന്മാർ ക്രമേണ നാഥന്മാരാണു്. എങ്ങനെ എന്നുവച്ചാൽ മേടത്തിന്റെ ആദ്യസപ്താംശത്തിന തദധിപതിയായ കുജനും, ഇടവത്തിന്റെ ആദ്യസപ്താംശത്തി തൽസപ്തമരാശിയായ വൃശ്ചികത്തിന്റെ അധിപതിയായ കുജനും നാഥനാണു്. ശേഷവും ഇതുപോലെ ഊഹിച്ചുകൊള്ളണം.

നവാംശകാധിപതികൾ —

ചാപാജസിംഹരാശീനാം നവാംശാംബരാദയഃ
വൃഷകന്യാമൃഗാണാം ച മൃഗാദ്യാ നവ കീൎത്തിതാഃ. ൩൨

ദ്വന്ദ്വയുക്തുലാഘടാനാഞ്ച തുലാദ്യാശ്ചാംശകാ നവ
കൎക്കിവൃശ്ചികമീനാനാം കൎക്കടാദ്യാ നവാംശകാഃ. ൩൩

ഒരു രാശിയെ ഒൻപതായി ഭാഗിക്കുന്നതു നവാംശകം. ധനു മേടം ചിങ്ങം ഇവയുടെ നവാംശകങ്ങൾക്കു മേടം ആദിയായ ഒൻപതു രാശികളുടെ അധിപന്മാരും, ഇടവം കന്നി മകരം ഇവയുടെ നവാംശകങ്ങൾക്കു മകരം തുടങ്ങി ഒൻപതുരാശികളുടെ അധിപന്മാരും, മിഥുനം തുലാം കുംഭം ഇവയ്ക്കു തുലാം തുടങ്ങി ഒൻപതുരാശി കൎക്കടകം വൃശ്ചികം മീനം ഇവയ്ക്കു കൎക്കടകം തുടങ്ങി ഒൻപതുരാശികളുടെ അധിപന്മാരുംകളുടെ അധിപന്മാരും ക്രമേണ നാഥന്മാരാണു്. എങ്ങനെഎന്നുവച്ചാൽ മേടത്തിന്റെ ആദ്യനവാംശത്തിന മേഷാധിപനായ കുജനും ഒൻപതാമത്തെ നവാംശത്തിനു് അതിന്റെ ഒൻപതാം രാശിയായ ധനുവിന്റെ അധിപനായ വ്യാഴവും നാഥന്മാരാണു്.ശേഷവും ഇതുപോലെ ഊഹിച്ചുകൊള്ളണം.

വർഗ്ഗോത്തമാംശകങ്ങൾ —

> ചരേ ചാദ്യംശകോ ജ്ഞേയഃ സ്ഥിരേ മദ്ധ്യനവാംശകഃ
> അന്ത്യാംശകോ ദ്വിസ്വഭാവേ വർഗ്ഗോത്തമ ഇതി സ്മൃതഃ. ൩൪

ചരരാശികളിൽ (മേടം കർക്കടകം തുലാം മകരം) ആദ്യനവാംശകവും, സ്ഥിരരാശികളിൽ (ഇടവം ചിങ്ങം വൃശ്ചികം കുംഭം) മദ്ധ്യനവാംശകവും, ഉഭയരാശികളിൽ (മിഥുനം കന്നി ധനു മീനം) അന്ത്യനവാംശകവും വർഗ്ഗോത്തമാംശകങ്ങളാകുന്നു.

ദശാംശകദ്വാദശാംശകാധിപതികൾ —

> ലഗ്നാദിദശമാംശേശാസ്ത്വോജേ യുഗ്മേ ശുഭാദികാഃ
> ദ്വാദശാംശാധിപതയസ്തത്തദ്രാശിവശാനഗാഃ. ൩൫

ഒരു രാശിയെ പത്തായിഭാഗിക്കുന്നതു് ദശാംശകം. പന്ത്രണ്ടായി ഭാഗിക്കുന്നതു ദ്വാദശാംശകം. ഓജരാശികളിൽ ഓരോ ദശാംശകങ്ങൾക്കും ലഗ്നംതുടങ്ങി പത്തുവരെയുള്ള രാശികളുടെ അധിപന്മാരും, യുഗ്മരാശികളിൽ ഒൻപതാംഭാവംതുടങ്ങി പത്തുരാശികളുടെ അധിപന്മാരും, മേടം തുടങ്ങിയുള്ള പന്ത്രണ്ടുരാശികളുടെ ദ്വാദശാംശങ്ങൾക്കു് അതാതുരാശിതുടങ്ങി പന്ത്രണ്ടുരാശികളുടെ അധിപന്മാരും ക്രമേണ നാഥന്മാരാണു്.

ഷോഡശാംശകാധിപതികൾ —

> ഓജേ കലാംശപ്രമുഖാസ്തദീശാ
> വിരിഞ്ചശൌരീശദിവാകരാശ്ച
> യുഗ്മേ വിലഗ്നേ സതി ഭാസ്കരാദ്യാ
> വിലോമതഃ ഷോഡശഭാവനാഥാഃ. ൩൬

ഒരു രാശിയെ പതിനാറായി ഭാഗിക്കുമ്പോൾ ഓജരാശികളിൽ ഒന്നുമുതൽ പന്ത്രണ്ടുവരെയുള്ള ഓരോ അംശകങ്ങൾക്കു ക്രമേണ അതാതുരാശിമുതൽ ൧൨-രാശികളുടെ അധിപന്മാരും, പതിമൂന്നുമുതൽ ൧൬-വരെയുള്ള അംശകങ്ങൾക്കു ക്രമേണ ബ്രഹ്മാവും വിഷ്ണുവും ശിവനും സൂര്യനും നാഥന്മാരും, യുഗ്മരാശികളിൽ ൧൨-വരെയുള്ള അംശകങ്ങൾക്കു ക്രമേണ അതാതു രാശിമുതൽ ൧൨-രാശികളുടെ അധിപന്മാരും ൧൩-മുതൽ ൧൬-വരെയുള്ള അംശകങ്ങൾ ക്രമത്തിൽ സൂര്യനും ശിവനും വിഷ്ണുവും ബ്രഹ്മാവും നാഥന്മാരും ആകുന്നു.

ത്രിംശാംശകാധിപതികൾ —

> ആരാർക്കിജീവശശിനന്ദനശുക്രഭാഗാ-
> സ്ത്വോജേ സമീരപവനാഷ്ടകശൈലബാണാഃ

യുഗ്മേ സമീരഗിരിപന്നഗപഞ്ചബാണാ-
സ്ത്രിംശാംശകാഃ സിതവിദാര്യശനിക്ഷമാജാഃ. ൩൭

ഒരു രാശിയെ മുപ്പതായി ഭാഗിക്കുമ്പോൾ ഓജരാശികളിൽ ൧-മുതൽ ൫-വരെ അംശകങ്ങൾക്കു കുജനും ൬-മുതൽ ൧൦-വരെ അംശകങ്ങൾക്കു ശനിയും, ൧൧-മുതൽ ൧൮-വരെ അംശകങ്ങൾക്കു വ്യാഴവും ൧൯-മുതൽ ൨൫-വരെ അംശകങ്ങൾക്കു ബുധനും, ൨൬-മുതൽ ൩൦-വരെ അംശകങ്ങൾക്കു ശുക്രനും, അധിപന്മാരാകുന്നു. യുഗ്മരാശികളിൽ ൧-മുതൽ ൫-വരെ അംശകങ്ങൾക്കു ശുക്രനും, ൬-മുതൽ ൧൦-വരെ അംശകങ്ങൾക്കു ബുധനും, ൧൩-മുതൽ ൨൦-വരെ അംശകങ്ങൾക്കു വ്യാഴവും, ൨൧-മുതൽ ൨൫-വരെ അംശകങ്ങൾക്ക് ശനിയും ൨൬-മുതൽ ൩൦-വരെ അംശകങ്ങൾക്ക് കുജനും അധിപന്മാരാകുന്നു.

ഷഷ്ട്യംശകാധിപതികൾ —

ഷഷ്ട്യംശകാനാമധിപാസ്തു യുഗ്മേ
ഘോരാംശകാദ്യാസ്സുരദേവഭാഗാഃ
യദീന്ദുരേഖാദിത്രിഭാഗഭാംശാഃ
ക്രമേണ യുഗ്മേ തു ഭവന്തി വിലോമാൽ. ൩൮

ഘോരാംശകോ രാക്ഷസദേവഭാഗൌ
കുബേരരക്ഷോഗണകിന്നരാംശാഃ
ഭ്രഷ്ടഃ കുലഘ്നോ ഗരളാഗ്നിസംജ്ഞൌ
മായാംശകഃ പ്രേതപുരീശഭാഗഃ ൩൯

അപാംപതിർദ്ദേവഗണേശഭാഗഃ
കാലാംശഭാഗാവമൃതാംശചന്ദ്രൌ
മൃദ്വംശകഃ കോമളപത്മഭാനു-
ലക്ഷ്മീശവാഗീശദിഗംബരാംശാഃ ൪൦

ദേവേന്ദ്രഭാഗഃ കലിനാശഭാഗഃ
ക്ഷിതീശ്വരാംശഃ കമലാകരാംശഃ
മന്ദാത്മജോ മൃത്യുകരസ്തു കാലോ
ദാവാഗ്നിഘോരായമകണ്ടകാംശഃ ൪൧

സുധാമൃതാംശഃ പരിപൂർണ്ണചന്ദ്രോ
വിഷപ്രദിശ്ചഃ കുലവീരഭാഗഃ
മൃത്യുസ്തു വംശക്ഷയപാതകാംശൌ
കാലസ്തു സൌമ്യോ മൃദുശീതളാംശൌ ൪൨

ദംഷ്ട്രാകരാളേന്ദുമുഖാഃ പുരാംശഃ
കാലാഗ്നിദണ്ഡായുധനിർമ്മലാംശാഃ

ശുഭാകരശ്ശോഭനശീതളാംശൌ
സുധാപയോധിഭ്രമണേന്ദുരേഖേ ൪൩

ഒരു രാശിയെ അറുപതായി ഭാഗിക്കുമ്പോൾ ഓജരാശികളുടെ ഓരോ അംശങ്ങൾക്കു ഘോരാംശം അസുരാംശം ഈ ക്രമത്തിലും, യുഗ്മരാശികളുടെ ഓരോ അംശങ്ങൾക്കു് ഓജരാശികളുടെ വിപരീതമായി ഇന്ദുരേഖാംശം, സുധാപയോധിഭ്രമണാംശം ഈ ക്രമത്തിലും ശുഭാശുഭാംശങ്ങൾ ഭവിക്കുന്നു. എങ്ങനെ എന്നുവെച്ചാൽ ഓജരാശികളിൽ ൧ ഘോരാംശം ൨ രാക്ഷസാംശം ൩ ദേവാംശം ൪ കുബേരാംശം ൫ യക്ഷാംശം ൬ അചലാംശം ൭ കിന്നരാംശം ൮ ഭ്രഷ്ടാംശം ൯ കുലഘ്നാംശം ൧൦ ഗരളാംശം ൧൧ അഗ്നിസംഘാംശം ൧൨ മായാംശം ൧൩ പ്രേതപുരീശാംശം ൧൪ അപാംപത്യംശം ൧൫ ദേവഗണേശാംശം ൧൬ കാലാംശം ൧൭ അംശാംശം ൧൮ അമൃതാംശം ൧൯ ചന്ദ്രാംശം ൨൦ മൃദ്വംശം ൨൧ കോമളാംശം ൨൨ പത്മാംശം ൨൩ ഭാന്വംശം ൨൪ ലക്ഷ്മീശാംശം ൨൫ വാഗീശാംശം ൨൬ ദിഗംബരാംശം ൨൭ ദേവേന്ദ്രാംശം ൨൮ കലിനാഥാംശം ൨൯ ക്ഷിതീശ്വരാംശം ൩൦ കമലാകരാംശം ൩൧ മന്ദാത്മജാംശം ൩൨ മൃത്യുകരാംശം ൩൩ കാലാംശം ൩൪ ദാവാഗ്ന്യംശം ൩൫ ഘോരാംശം ൩൬ യമകണ്ടകാംശം ൩൭ സുധാമൃതാംശം ൩൮ പരിപൂർണ്ണചന്ദ്രാംശം ൩൯ വിഷപ്രദിഗ്ദ്ധാംശം ൪൦ കുലവീരാംശം ൪൧ മുഖ്യാംശം ൪൨ വംശക്ഷയാംശം ൪൩ പാതകാംശം ൪൪ കാലാംശം ൪൫ സൌമ്യാംശം ൪൬ മൃദ്വംശം ൪൭ ശീതളാംശം ൪൮ ദംഷ്ട്രാംശം ൪൯ കരാളമുഖാംശം ൫൦ ഇന്ദുമുഖാംശം ൫൧ പ്രവരാംശം ൫൨ കാലാഗ്ന്യംശം ൫൩ ദണ്ഡാംശം ൫൪ ആയുധാംശം ൫൫ നിർമ്മലാംശം ൫൬ ശുഭാകരാംശം ൫൭ ശോഭനാംശം ൫൮ ശീതളാംശം ൫൯ സുധാപയോധിഭ്രമണാംശം ൬൦ ഇന്ദുരേഖാംശം. ഇങ്ങനെയും യുഗ്മരാശികളിൽ ൧ ഇന്ദുരേഖാംശം ൨ സുധാപയോധിഭ്രമണാംശം ഇങ്ങനെ ഓജരാശികൾക്കു വിപരീതമായി ൬൦ അംശങ്ങളും ക്രമേണ ധരിച്ചുകൊള്ളണം.

വൈശേഷികാംശങ്ങൾ—

മൂലത്രികോണസ്വഗൃഹോച്ചഭാഗാ
വർഗ്ഗോത്തമാനാം ദശവർഗമാനാം
സംയോഗജാതോത്തമനാമപൂർവ്വാ
വൈശേഷികാംശാ ഇതി തേ വദന്തി. ൪൪

മൂലത്രികോണം, സ്വക്ഷേത്രം, ഉച്ചഭാഗം ഇവ ദശവർഗ്ഗങ്ങളിലേ വർഗ്ഗോത്തമാംശങ്ങളോടു ചേരുമ്പോൾ ഉത്തമവൈശേഷികാംശങ്ങളായിത്തീരുന്നു.

ഉത്തമാദ്യംശങ്ങൾ —

ഉത്തമം തു ത്രിവൎഗ്ഗൈക്യം ചാതുൎവ്വൎഗ്ഗ്യം തു ഗോപുരം
പഞ്ചവൎഗ്ഗകസംയോഗഃ സിംഹാസനമിഹോച്യതേ. ൫

വൎഗ്ഗദ്വയം പാരിജാതം ഷഷ്ഠം പാരാവതാംശകം
സപ്തമം ദേവലോകാഖ്യമഷ്ടമം ച തഥാ ഭവേൽ. ൬

ഐരാവതം തു നവകം ഫലം തേഷാം പൃഥക് പൃഥക്
വിലഗ്നഹോരാദ്രേക്കാണനവാംശദ്വാദശാംശകാഃ ൭

ത്രിംശാംശകശ്ച ഷഡ്വൎഗ്ഗഃ ശുഭകൎമ്മസു ശസ്യതേ
സസപ്തമാംശഃ ഷഡ്വൎഗ്ഗഃ സപ്തവൎഗ്ഗോഭിധീയതേ ൮
ജാതകേഷു ച സൎവ്വേഷു ഗ്രഹാണാം ബലകാരണം.

മൂന്നുവൎഗ്ഗം ഒന്നിച്ചു ചേൎന്നാൽ ഉത്തമാംശവും നാലുവൎഗ്ഗം ഒന്നിച്ചാൽ ഗോപുരാംശവും ൫ വൎഗ്ഗം ഒന്നിച്ചാൽ സിംഹാസനാംശവും രണ്ടു വൎഗ്ഗം ഒന്നിച്ചാൽ പാരിജാതാംശവും ൬ വൎഗ്ഗം ഒന്നിച്ചാൽ പാരാവതാംശവും ൭ വൎഗ്ഗം ഒന്നിച്ചാലും എട്ടു വൎഗ്ഗം ഒന്നിച്ചാലും ദേവലോകാംശവും ൯ വൎഗ്ഗം ഒന്നിച്ചു ചേൎന്നാൽ ഐരാവതാംശവും ആകുന്നു. ഇവയ്ക്കെല്ലാക്കെയും ഫലവും വെവ്വേറെയാണു്. ലഗ്നം ഹോര ദ്രേക്കാണം നവാംശം ദ്വാദശാംശകം ത്രിംശാംശം ഇവ ൬-ം കൂടിയാൽ ഷഡ്വൎഗ്ഗം. ഇതു് ശുഭകൎമ്മങ്ങളിൽ നല്ലതാണു്. ഷഡ്വൎഗ്ഗം സപ്തമാംശത്തോടുചേരുമ്പോൾ സപ്തവൎഗ്ഗമാകും. ഈ അംശങ്ങളെല്ലാം ജാതകങ്ങളിൽ ഗ്രഹങ്ങളുടെ ബലത്തെ അറിയുന്നതിനുള്ളതാകുന്നു.

ലഗ്നാദിഭാവങ്ങളുടെ നാമങ്ങൾ —

കല്യോദയാദ്യതനുജന്മവിലഗ്നഹോരാ
വാഗൎത്ഥഭുക്തിനയനസ്വകുടുംബഭാനി;
ദുശ്ചിക്യവിക്രമസഹോദരവീൎയ്യധൈൎയ്യ—
കൎണ്ണാസ്തൃതീയഭവനസ്യ ഭവന്തി സംജ്ഞാഃ ൯

പാതാളവൃദ്ധിഹിബുകക്ഷിതിമാതൃവിദ്യാ-
യാനാംബുഗേഹസുഖബന്ധുചതുഷ്ടയാനി
ധീദേവരാജപിതൃനന്ദനപഞ്ചമാനി
രോഗാംഗശസ്ത്രഭയഷഷ്ഠരിപുക്ഷതാനി. ൧൦

ജാമിത്രകാമഗമനാനി കളത്രസമ്പദ്
ദ്യൂനാസ്തസപ്തമഗൃഹാണി വദന്തി ചാൎയ്യാഃ
രന്ധ്രായുരഷ്ടമകമൃത്യുവിനാശനാനി
ധൎമ്മോ ഗുരുഃ ശുഭതപോ നവഭാഗ്യഭാനി. ൧൧

വ്യാപാരമേഷൂരണമദ്ധ്യമാനം
ജ്ഞാനം ച രാജ്യാസ്പദകൎമ്മസംജ്ഞാഃ
ഏകാദശോപാന്ത്യഭവായലാഭാ-
രിഫഫവ്യയദ്വാദശകാന്ത്യഭാനി. ൧൨

ലഗ്നത്തിന് കല്യം, ഉദയം, ആദ്യം, തനു, ജന്മം, വിലഗ്നം, ഹോര, എന്നും, ൨-ാംഭാവത്തിന് വാക്ക്, അൎത്ഥം, ഭുക്തി, നയനം, സ്വം, കുടുംബം എന്നും, ൩-ാംഭാവത്തിന്, ദുശ്ചിക്യം, വിക്രമം, സഹോദരം, വീൎയ്യം, ധൈൎയ്യം, ദക്ഷിണകൎണ്ണം, എന്നും ൪-ാംഭാവത്തിന്, പാതാളം, വൃദ്ധി, ഹിബുകം, ക്ഷിതി, മാതാവ്, വിദ്യാ, വാഹനം, അംബു, ഗേഹം, സുഖം, ബന്ധു, ചതുഷ്ടയം എന്നും, ൫-ാം ഭാവത്തിന് ധീ, ദേവൻ, രാജാവ്, പിതാവ്, പുത്രൻ, പഞ്ചമം എന്നും ൬-ാം ഭാവത്തിന് രോഗം, അംഗം, ശസ്ത്രം, ഭയം, ഷഷ്ഠം, രിപു, ക്ഷതം എന്നും, ൭-ാംഭാവത്തിന് ജാമിത്രം, കാമൻ, ഗമനം, കളത്രം ദ്യൂനം, അസ്തം, സപ്തമം എന്നും, ൮-ാംഭാവത്തിന് രന്ധ്രം, ആയുസ്സ്, അഷ്ടമം, മൃത്യു, വിനാശനംഎന്നും, ൯-ാംഭാവത്തിന് ധൎമ്മം, ഗുരു, ശുഭം, തപസ്സ്, നവം, ഭാഗ്യം എന്നും, ൧൦-ാംഭാവത്തിന് വ്യാപാരം മേഷൂരണം, മദ്ധ്യം, മാനം, ജ്ഞാനം, രാജ്യം, ആസ്പദം, കൎമ്മം എന്നും, ൧൧-ാം ഭാവത്തിന് ഏകാദശം, ഉപാന്ത്യം, ഭവം, ആയം, ലാഭം എന്നും, ൧൨-ാംഭാവത്തിന് രിഫം, വ്യയം, ദ്വാദശകം, അന്ത്യം എന്നും പേരുകൾഉണ്ട്. ഇതു കൂടാതെ മുൻപറഞ്ഞ നാമങ്ങളുടെ പൎയ്യായങ്ങളും സംജ്ഞകളായി ഗ്രഹിച്ചുകൊള്ളണം

കേന്ദ്രാദിസംജ്ഞകൾ —

മേഷൂരണോദയകളത്രരസാതലാനി
സ്യുഃ കേന്ദ്രകണ്ടകചതുഷ്ടയസംജ്ഞിതാനി
ലഗ്നാൽ ത്രികോണഭവനം നവപഞ്ചമം ച
സ്യാൽ ത്രിത്രികോണമുദയാന്നവമം വദന്തി. ൧൩

ലഗ്നം നാല് ഏഴ് പത്ത് ഈ ഭാവങ്ങൾക്ക കേന്ദ്രം കണ്ടകം ചതുഷ്ടയം എന്നും ൫-൯ ഈ ഭാവങ്ങൾക്ക് ത്രികോണം എന്നും ൯-ാംഭാവത്തിന് ത്രിത്രികോണം എന്നും പേരുകൾ ഉണ്ട്.

പണവരാദിസംജ്ഞകൾ —

തനുസുഖമദനാജ്ഞാ രാശയഃ കേന്ദ്രസംജ്ഞാഃ
പണവരഭവനാനി സ്വായപുത്രാഷ്ടമാനി
വ്യയഗുരുരിപുദുശ്ചിക്യാനി ചാപോക്ലിമാനി
പ്രഭവതി ചതുരശ്രം മൃത്യുബന്ധുദ്വയം ച. ൧൪

ലഗ്നം ൪-൭-൧൦ ഈ സ്ഥാനങ്ങൾക്ക് കേന്ദ്രം എന്നും, ൨-൧൧-൫-൮ ഈ സ്ഥാനങ്ങൾക്ക് പണപരം എന്നും, ൧൨-൯-൬-൩ ഈ ഭാവങ്ങൾക്ക് ആപോക്ലിമം എന്നും, ൪-൮-ഈ സ്ഥാനങ്ങൾക്ക് ചതുരശ്രം എന്നും പേരുകൾ ഉണ്ട്.

ഉപചയാദി സംജ്ഞകൾ —

ദുശ്ചിക്യായാരിമാനാന്യുപചയഭവനാന്യാഹുരാചാൎയ്യമുഖ്യാഃ
ശേഷാഃ പീഡൎക്ഷസംജ്ഞാനവധനജലധികാമരന്ധ്റാന്ത്യഹോ-
റ്യുതേ ഭാവാസ്തദീശോഽജസിതഗുരുബുധൈഃ സംയുതാ വീക്ഷിതാ വാ ശ്രേഷ്ഠാ
നാന്യൈൎയ്യുതാന ദൃഷ്ടാ യദി ശുഭഫലദാജന്മതഃപൃച്ഛതോ വാ ൧൫

൩-൧൧-൬-൧൦ ഈ ഭാവങ്ങൾക്ക് ഉപചയമെന്നും ൯-൨-൪-൫-൭-൮-൧൨ ലഗ്നം ഈ സ്ഥാനങ്ങൾക്ക പീഡൎക്ഷമെന്നും ആചാൎയ്യന്മാർ പറയുന്നു. ഈലഗ്നാദിഭാവങ്ങൾ ജനനകാലത്തിലോ പ്രശ്നകാലത്തിലോ അതതു രാശ്യധിപരോടോ ബുധനോടോ ശുക്രനോടോ വ്യാഴത്തോടോചേരുകയോ ഇവർ നോക്കുകയോചെയ്താൽ ശുഭഫലപ്രദങ്ങളും കുജൻ ശനി സൂൎയ്യൻ ഇവരോടു ചേരുകയോ ഇവർ നോക്കുകയോ ചെയ്താൽ അനിഷ്ടഫലപ്രദങ്ങളും ആകുന്നു.

രാശിമാനങ്ങൾ —

നഖാജിനാഷ്ടാധികവിംശതിശ്ച
രദാംഗലോകാ വിയദണ്ണവാബ്ധ്യാഃ
മേഷാദിമാനം ക്രമശോ വദന്തി
തുലാദിഷാംക്കസ്യ വിലോമതസ്തേ. ൧൬

മേഷാദി ൬ രാശികളുടെ പ്രമാണം ക്രമത്തിൽ ൨൦-ം ൨൪-ം ൨൮-ം ൩൨-ം ൩൬-ം ൪൦-ം തുലാദികളുടെപ്രമാണം ക്രമേണ ൪൦-ം ൩൬-ം ൩൨-ം ൨൮-ം ൨൪-ം ൨൦-ം ആകുന്നു.

മൃത്യുസൂചകഭാഗങ്ങൾ —

താരാഗ്ഗുരാരാശിശരാഃ കിരീടിനോ
ധനാ ഗുരുഃസ്യാകനഖാ നരാദാകാഃ
ശശാങ്കഭാഗാ യദി ദുമ്പരാദികാ
മുഹൂൎത്തജന്മാദിഷു മൃത്യുസൂചകാഃ. ൧൭

മുഹൂൎത്തജന്മാദികളിൽ മേഷാദിരാശികളിൽ ക്രമേണ ൧-൯-൧൨-൯-൩-൯-൨൩-൧൬-൨൦-൨൦-൧൦-൧ ഈ ഭാഗങ്ങൾ മൃത്യുസൂചകങ്ങളാകുന്നു.

പുഷ്കരഭാഗങ്ങൾ —

പുത്രോ വൎത്തിവ്യജനാധികോ ധനീ
വിരാടയോഗേത്ര വയോധികോധുനാ

മേഷാദികാഃ, പുഷ്കരഭാഗസംജ്ഞകാഃ
മുഹൂർത്തജന്മാദിഷു ശോഭനപ്രദാഃ. ൨൮

മുഹൂർത്താദികളിൽ മേഷാദിരാശികളിൽ ക്രമേണ ൨൧-൧൪-൧൮-൮-൧൯-൯-൨൦-൧൧-൨൩-൧൪-൧൯-൯- ഈ ഭാഗങ്ങൾ പുഷ്കരഭാഗങ്ങളും ശുഭങ്ങളും ആകുന്നു.

മേഷാദികളുടെ വാസസ്ഥാനങ്ങൾ —

ക്രമാൽ പാടലകർണ്ണാടചേരചോളവസുന്ധരാഃ
പാണ്ഡ്യകേരളകോലാഖ്യമലയാവനിസൈന്ധവാഃ ൨൯
ഉദക് പാഞ്ചാലയവനകോസലക്ഷിതിസംജ്ഞകാഃ
മേഷാദിസർവ്വരാശീനാം വാസദേശാഃ പ്രകീർത്തിതാഃ ൩൦

പാടലം കർണ്ണാടം ചേരം ചോളം പാണ്ഡ്യം കേരളം കോലം മലയം സൈന്ധവം പാഞ്ചാലം യവനം കോസലം ഈ ദേശങ്ങൾ ക്രമേണ മേഷാദികളുടെ വാസസ്ഥാനങ്ങളാകുന്നു.

രാശികളുടെപ്ലവാദികൾ —

സ്വാമ്യാശാഖ്യം യത്തദാഹുഃ പ്ലവത്വം
ഭാനുക്രാന്താദംബുസംജ്ഞേഽഭിജിൽ സ്യാൽ
ഹോരാതന്ത്രേ പാരിജാതാഭിധാനെ
സംജ്ഞാദ്ധ്യായഃ കീർത്തിതോ രാശിശീലഃ. ൩൧

മേഷാദികളുടെ പ്ലവത്വം (ചരിവ്) സ്വപതികളുടെ ദിക്കിലേക്കാകുന്നു. എങ്ങിനെ എന്നുവച്ചാൽ — മേഷവൃശ്ചികങ്ങളുടെ അധിപതി കുജനും, കുജൻെറ ദിക്ക് തെക്കേതും ആകയാൽ മേഷവൃശ്ചികങ്ങളുടെ ചരിവു തെക്കോട്ടും, ഇതുപോലെ ഇടവത്തിൻെറയും തുലാത്തിൻെറയും ചരിവ് അഗ്നികോണിലേക്കും മിഥുന കന്നികളുടെ ചരിവ് വടക്കോട്ടും കർക്കടകത്തിൻെറ ചരിവ് വായുകോണിലേക്കും ചിങ്ങത്തിൻെറചരിവ് കിഴക്കോട്ടും ധനുവിൻെറയും മീനത്തിൻെറയും ചരിവ് ഈശകോണിലേക്കും മകരകുംഭങ്ങളുടെ ചരിവ് പടിഞ്ഞാറോട്ടും ആകുന്നു. സൂര്യൻ നിൽക്കുന്ന രാശിയുടെ നാലാം രാശിക്ക് അഭിജിത്തെന്നു പറയുന്നു. ഇങ്ങനെ പാരിജാതം എന്നു പേരായ ഹോരാശാസ്ത്രത്തിൽ രാശിശീലം എന്ന സംജ്ഞാദ്ധ്യായം സമ്പൂർണ്ണമായി.

പ്രഥമാദ്ധ്യായവ്യാഖ്യാനം സമ്പൂർണ്ണം.

അഥ ദ്വിതീയോഽധ്യായഃ

ഗ്രഹസ്വരൂപങ്ങൾ —

കാലസ്യാത്മാ ഭാസ്കരശ്ചിത്തമിന്ദു-
സ്സത്വം ഭൗമസ്സ്യാദ്വചശ്ചന്ദ്രസൂനുഃ
ദേവാചാൎയ്യസ്സൗഖ്യവിജ്ഞാനസാരഃ
കാമഃ ശുക്രോ ദുഃഖമേവാൎക്കസൂനുഃ. ൧

സൂൎയ്യൻ കാലപുരുഷന്റെ ആത്മാവും, ചന്ദ്രൻ മനസ്സും, കുജൻ സത്വവും, (ശൌൎയ്യവും) ബുധൻ വാക്കും, വ്യാഴം സൌഖ്യവിജ്ഞാനസാരവും, ശുക്രൻ കാമവും, ശനി ദുഃഖവും ആകുന്നു.

ദിനേശചന്ദ്രൗ രാജാനൗ; സചിവൗ ജീവഭാൎഗ്ഗവൗ
കുമാരോ വിൽ കുജോ നേതാ പ്രേഷ്യസ്തപനനന്ദനഃ. ൨

സൂൎയ്യചന്ദ്രന്മാർ രാജാക്കന്മാരും, ഗുരുശുക്രന്മാർ മന്ത്രികളും, ബുധൻ കുമാരനും, കുജൻ നേതാവും, സൂൎയ്യൻ പ്രേഷ്യനും (ഭൃത്യനും) ആകുന്നു.

കേരള സാഹിത്യ അക്കാദമി

സൂൎയ്യാദിഗ്രഹനാമങ്ങൾ —

ഹേളിഃ സൂൎയ്യസ്തപനദിനകൃൽഭാനുപൂഷാരുണാൎക്കാ
സോമഃ ശീതദ്യുതിരുഡുപതിഗ്ലൗൎമ്മൃഗാങ്കേന്ദുചന്ദ്രാഃ
ആരോ വക്രഃ ക്ഷിതിജരുധിരാംഗാരകാഃ ക്രൂരനേത്രഃ
സൗമ്യസ്താരാതനയബുധവിൽ ബോധനാശ്ചേന്ദുപുത്രഃ. ൩

ആദിത്യന്നു്, ഹേളി, സൂൎയ്യൻ, തപനൻ, ദിനകൃത്തു്, ഭാനു, പൂഷാവു്, അരുണൻ, അൎക്കൻ എന്നും; ചന്ദ്രന്നു് സോമൻ, ശീതദ്യുതി, ഉഡുപതി, ഗ്ലൗവു്, മൃഗാങ്കൻ, ഇന്ദു, ചന്ദ്രൻ എന്നും; കുജന്നു്, ആരൻ, വക്രൻ, ക്ഷിതിജൻ (ഭൂപുത്രൻ) രുധിരൻ, അംഗാരകൻ, ക്രൂരനേത്രൻ എന്നും; ബുധന്നു് സൌമ്യൻ, താരാപുത്രൻ ബുധൻ, വിൽ (വിത്തു്) ബോധനൻ, ഇന്ദുപുത്രൻ എന്നും പേരുകൾ ഉണ്ടു്.

വ്യാഴം മുതലായ ഗ്രഹങ്ങളുടെ നാമങ്ങൾ —

മന്ത്രീ വാചസ്പതിൎഗ്ഗുരുസുരാചാൎയ്യദേവേജ്യജീവാഃ
ശുക്രഃ കാവ്യഃ സിതഭൃഗുസുതാച്ഛാസ്ഫുജിദ്ദാനവേജ്യാഃ
ഛായാസൂനുസ്തരണിതനയഃ കോണശന്യാൎക്കിമന്ദാ
രാഹുഃ സൎപ്പാസുരഫണിതമസ്സൈംഹികേയാഗവശ്ച. ൪

ധ്വജഃ ശിഖീകേതുരിതി പ്രസിദ്ധാ വദന്തി തജ്ഞാ ഗുളികശ്ച മാന്ദിഃ
ഉപഗ്രഹാ ഭാനുമുഖഗ്രഹാംശാഃ കാലാദയഃ കഷ്ടഫലപ്രദാഃ സ്യുഃ ൫

വ്യാഴത്തിനു്, മന്ത്രി, വാചസ്പതി, ഗുരു, സുരാചാര്യൻ, ദേവേജ്യൻ, ജീവൻ എന്നും; ശുക്രനു്, ശുക്രൻ, കാവ്യൻ, സിതൻ, ഭൃഗുസുതൻ, അച്ഛൻ, ആസ്ഫുജിത്തു്, ദാനവേജ്യൻ എന്നും; ശനിക്കു്, ഛായാപുത്രൻ, സൂര്യപുത്രൻ, ശനി, ആർക്കി, മന്ദൻ എന്നും; രാഹുവിന്നു് രാഹു, സർപ്പം, അസുരൻ, ഫണി, തമസ്സു്, സൈംഹികേയൻ (സിംഹികാപുത്രൻ), അഗു എന്നും; കേതുവിന്നു് ധ്വജൻ, ശിഖി, കേതു എന്നും; ഗുളികനു ഗുളികൻ, മാന്ദി എന്നും പേരുകൾ ഉണ്ടു്. കാലാദികളായ സൂര്യാദിഗ്രഹാംശങ്ങൾ ഉപഗ്രഹങ്ങളും കഷ്ടഫലപ്രദങ്ങളും ആകുന്നു.

കാലാദ്യംശങ്ങൾ—

ക്രമശഃ കാലപരിധിധൂമാർദ്ധപ്രഹരാഹ്വയാഃ
യമകണ്ടകകോദണ്ഡമാന്ദിപാതോപകേതവഃ. ൩

സൂര്യാദിനവഗ്രഹങ്ങൾക്കു് ക്രമേണ കാലം പരിധി ധൂമം അർദ്ധപ്രഹരം യമകണ്ടകം കോദണ്ഡം (ഇന്ദ്രചാപം) മാന്ദി പാതം ഉപകേതു ഇങ്ങനെ കാലാദികളായ ഉപഗ്രഹങ്ങൾ പറയപ്പെട്ടിരിക്കുന്നു.

ഗ്രഹദേഹകാന്തികൾ—

ഭാനുഃ ശ്യാമളലോഹിതദ്യുതിതനുശ്ചന്ദ്രഃ സിതാംഗോ യുവാ
ദൂർവ്വാശ്യാമളകാന്തിരിന്ദുതനയഃ സംരക്തഗൌരഃ കുജഃ
മന്ത്രീ ഗൌരകളേബരസ്സിതതനുഃ ശുക്രോ/സിതാംഗഃ ശനി—
ശ്ചാനീലാകൃതിദേഹവാനഹിപതിഃ കേതുർവിചിത്രദ്യുതിഃ ൪

സൂര്യൻ കറുപ്പും ചുവപ്പും ഉള്ള ശരീരകാന്തിയോടുകൂടിയവനും, ചന്ദ്രൻ ശുഭ്രശരീരനും യുവാവും, ബുധൻ, കറുകപോലെ കറുത്ത കാന്തിയോടു കൂടിയവനും, കുജൻ ചുവപ്പും വെളുപ്പും കൂടിയ നിറമുള്ളവനും, വ്യാഴം ഗൌരവർണ്ണനും, ശുക്രൻ സിതശരീരനും, ശനി കൃഷ്ണവർണ്ണനും, രാഹു ഏററവും കറുത്തനിറമുള്ള ദേഹത്തോടുകൂടിയവനും, കേതു വിചിത്രവർണ്ണനും ആകുന്നു.

സൂര്യാദികളുടെ സ്വരൂപങ്ങൾ—

പ്രകാശകൌ ശീതകരപ്രഭാകരൌ
താരാഗ്രഹാഃ പഞ്ച ധരാസുതാദയഃ
തമസ്സ്വരൂപൌ ശിഖിസിംഹികാസുതൌ
ശുഭാഃ ശശിജ്ഞാമരവന്ദ്യഭാർഗ്ഗവാഃ. ൫

ചന്ദ്രനും സൂര്യനും പ്രകാശിക്കുന്ന ഗ്രഹങ്ങളും, കുജൻ തുടങ്ങിയ ൫ ഗ്രഹങ്ങൾ നക്ഷത്രാകൃതികളും, കേതുവും രാഹുവും തമസ്സ്വ

ശുപന്മാരും, ചന്ദ്രൻ ബുധൻ വ്യാഴം ശുക്രൻ ഇവർ ശുഭഗ്രഹങ്ങ ളും ആകുന്നു.

ക്രൂരസൌമ്യഗ്രഹങ്ങൾ —

ക്ഷീണേന്ദുമന്ദരവിരാഹുശിഖിക്ഷമാജാഃ
പാപാസ്തു പാപയുതചന്ദ്രസുതശ്ച പാപഃ
തേഷാമതീവശുഭദൌ ഗുരുദാനവേജ്യൌ
ക്രൂരൌ ദിവാകരസുതക്ഷിതിജൌ ഭവേതാം. ൯

ക്ഷീണചന്ദ്രൻ ശനി ആദിത്യൻ രാഹു കേതു കുജൻ ഇവർ പാപന്മാരാകുന്നു. പാപനോട്ടചേർന്ന ബുധനും പാപനാകുന്നു. അവരിൽ വച്ചു് ഗുരുവും ശുക്രനും അതിശുഭന്മാരും, ശനിയും കുജനും അതിക്രൂരന്മാരും ആകുന്നു.

ചന്ദ്രന്റെ ശുഭാശുഭകാലം —

ശുക്ലാദികാനി ദശകേ ഹനി മദ്ധ്യവീര്യ—
ശാലീ ദ്വിതീയദശകേ തിശുഭപ്രദോ സൌ
ചന്ദ്രസ്തൃതീയദശകേ ബലവർജ്ജിതസ്തു
സൌമ്യേക്ഷണാദിസഹിതോ യദി ശോഭനഃ സ്യാൽ ൧൦

ചന്ദ്രൻ ശുക്ലപക്ഷംതുടങ്ങി ൧൦ ദിവസംവരെ മദ്ധ്യവീര്യശാലിയും ൧൦ ദിവസംമുതൽ ൨൦ ദിവസംവരെപൂർണ്ണബലമുള്ളവനും ൨൦ ദിവസം മുതൽ ൩൦ ദിവസംവരെ ബലമില്ലാത്തവനും ശുഭഗ്രഹങ്ങളായ ഗുരു മുതലായവരോടു ചേരുകയോ അവർ നോക്കുകയോ ചെയ്താൽ അതിശോഭനനും ആകുന്നു. ഇവിടെ ചന്ദ്രനു് ശുക്ലപക്ഷം മുതൽ കൃഷ്ണപക്ഷം കഴിയുന്നതുവരെയുള്ള ൩൦ ദിവസത്തെ ബലമാണു് പറഞ്ഞതു് എന്നു ധരിച്ചുകൊള്ളണം.

ഗ്രഹോദയസ്വരൂപങ്ങൾ —

രവ്യാരരാഹുമന്ദാശ്ച പൃഷ്ഠേനോദ്യന്തി സർവ്വദാ
ശിരസാ ശുക്രചന്ദ്രജ്ഞാ ജീവസ്തൂഭയതോ വ്രജേൽ ൧൧

സൂര്യൻ, ചൊവ്വ, രാഹു, ശനി ഇവർ എല്ലായ്പോഴും പൃഷ്ഠോദയന്മാരും, ശുക്രൻ, ചന്ദ്രൻ, ബുധൻ ഇവർ ശീർഷോദയന്മാരും, വ്യാഴം ഉഭയോദയനും ആകുന്നു.

ഗ്രഹാകാരങ്ങൾ —

ദിവാകരേജ്യൌ വിഹഗസ്വരൂപൌ
സകീടരൂപാകാരയുതസ്തുശാങ്കഃ
പുരന്ദരാചാര്യസിതൌ ദ്വിപാദൌ
ചതുഷ്പദൌ ഭാനുസുതക്ഷമാജൌ. ൧൨

സൂൎയ്യനും ബുധനും പക്ഷിസ്വരൂപന്മാരും, ചന്ദ്രൻ സൎപ്പസ്വരൂപനും, വ്യാഴവും ശുക്രനും ദ്വിപാദന്മാരും, ശനിയും കുജനും ചതുഷ്പദന്മാരും, ആകുന്നു.

ഗ്രഹങ്ങളുടെ സഞ്ചാരദേശങ്ങൾ—

ജലാശയൌ ചന്ദ്രസുരാരിവന്ദ്യൌ
ബുധാലയഗ്രാമചരൌ ഗുരുജ്ഞൌ
കുജാഹിമന്ദദ്ധ്വജവാസരേശാ
ഭവന്തി ശൈലാടവിസഞ്ചരന്തഃ. ൧൨

ചന്ദ്രനും ശുക്രനും ജലമുള്ളിടത്തു സഞ്ചരിക്കുന്നവരും, വ്യാഴനും ബുധനും വിദ്വൽഗൃഹഗ്രാമങ്ങളിൽസഞ്ചരിക്കുന്നവരും, കുജൻ, രാഹു, ശനി, കേതു, സൂൎയ്യൻ ഇവർ പൎവ്വതങ്ങൾ, കാടുകൾ ഇവ സ്ഥലങ്ങളിൽ സഞ്ചരിക്കുന്നവരും ആകുന്നു.

ഗ്രഹങ്ങളുടെ വയസ്സുകൾ—

ബാലോ ധരാജശ്ശശിജഃ കുമാരക-
സ്ത്രിംശൽ ഗുരുഃ ഷോഡശവത്സരസ്സിതഃ
പഞ്ചാശദൎക്കോ വിധുരബ്ദസപ്തതിഃ
ശതാബ്ദസംഖ്യാശ്ശനിരാഹുകേതവഃ. ൧൩

കുജൻ ബാലനും, ബുധൻ കുമാരനും, ഗുരു ൩൦ വയസ്സുള്ളവനും, ശുക്രൻ പതിനാറുവയസ്സുള്ളവനും, സൂൎയ്യൻ ൫൦ വയസ്സുള്ളവനും, ചന്ദ്രൻ ൭൦ വയസ്സുള്ളവനും, ശനി, രാഹു, കേതു ഇവർ ൧൦൦ വയസ്സുള്ളവരും ആകുന്നു.

ഗ്രഹാധിപത്യം—

ശാഖാധിപാ ജീവസിതാരബോധനാ
ധാതുസ്വരൂപദ്ധ്യചരൌ കുജാരുണൌ
മൂലപ്രധാനൌ തുഹിനാകരാൎക്കജൌ
ജീവൌ സിതാഖ്യൌ തു വിമിശ്രമിന്ദുജഃ. ൧൪

ഗുരു, ശുക്രൻ, കുജൻ, ബുധൻ ഇവർ ശാഖാധിപതികളും, കുജൻ സൂൎയ്യൻ ഇവർ ധാതുപ്രധാനന്മാരും. ചന്ദ്രനും കുജനും മൂലപ്രധാനന്മാരും, ശുക്രനും വ്യാഴവും ജീവപ്രധാനന്മാരും, ബുധൻ മിശ്രഗ്രഹവും ആകുന്നു.

ഗ്രഹാവസ്ഥകൾ—

ദീപ്തഃ സ്വസ്ഥഃ പ്രമുദിതശ്ശാന്തഃ ശക്തഃ പ്രപീഡിതഃ
ദീനഃ ഖലസ്തു വികലോ ഭീതോ ഽവസ്ഥാ ദശ ക്രമാൽ. ൧൫

ഗ്രഹങ്ങൾക്ക് ദീപ്തൻ, സ്വസ്ഥൻ, പ്രമുദിതൻ, ശാന്തൻ, ശക്തൻ, പ്രപീഡിതൻ, ദീനൻ, ഖലൻ, വികലൻ, ഭീതൻ ഇങ്ങനെ

ക്രമേണ പത്തു് ദീപ്താവസ്ഥകൾ ഉണ്ടു്. ഇവയെ അടുത്തുതന്നെ വ്യക്തമായിപ്പറയും.

സ്വോച്ചത്രികോണോപഗതഃ പ്രദീപ്തഃ
സ്വസ്ഥഃ സ്വഗേഹേ മുദിതഃ സുഹൃൽഭേ
ശാന്തസ്തു സൌമ്യഗ്രഹവർഗ്ഗയാതഃ
ശക്തോഽതിശുദ്ധഃ സ്ഫുടരശ്മിജാലൈഃ ൩

ഗ്രഹാഭിഭൂതസ്ത്വതിപീഡിതസ്സ്യാ—
ദരാതിരാശ്യംശഗതോഽതിദീനഃ
ഖലസ്തു പാപഗ്രഹവർഗ്ഗയോഗാ—
ന്നീചേഽതിഭീതോ വികലോഽസ്തയാതഃ ൪

ഗ്രഹം തന്റെ ഉച്ചരാശിയിലോ ത്രികോണരാശിയിലോ നിൽക്കുമ്പോൾ പ്രദീപ്തനും, സ്വഗേഹത്തിൽ നിൽക്കുമ്പോൾ സ്വസ്ഥനും, ബന്ധുഭവനത്തിൽ നിൽക്കുമ്പോൾ മുദിതനും, സൌമ്യഗ്രഹവർഗ്ഗത്തെ പ്രാപിക്കുമ്പോൾ ശാന്തനും, രശ്മിസമൂഹങ്ങളാൽ സുവ്യക്തനായിരിക്കുമ്പോൾ ശക്തനും ഗ്രഹങ്ങളുമായുള്ള യുദ്ധത്തിൽ തോൽക്കുമ്പോൾ അതിപീഡിതനും, ശത്രുരാശ്യംശങ്ങളിൽ നില്ക്കുമ്പോൾ അതിദീനനും, പാപഗ്രഹവർഗ്ഗത്തോടു ചേരുമ്പോൾ ഖലനും, നീചരാശിയിൽ നില്ക്കുമ്പോൾ അതിഭീതനും, മൌഢ്യത്തിൽ (പാടിൽ) നിൽക്കുമ്പോൾ വികലനും ആകുന്നു.

ഗ്രഹവർണ്ണങ്ങൾ—

വർണ്ണാസ്താമ്രസിതാരക്തഹരിതാപീതകർബ്ബുരാഃ
കൃഷ്ണകാന്തിരിനാദീനാം നഷ്ടാദൌ ച പ്രകീർത്തിതാഃ ൫

സൂര്യനു് താമ്രവർണ്ണവും, ചന്ദ്രനു വെളുപ്പും, കുജനു ചുവപ്പും, ബുധനു പച്ചനിറവും, വ്യാഴത്തിനു മഞ്ഞവർണ്ണവും, ശുക്രനു ചിത്രവർണ്ണവും, ശനിക്കു കറുപ്പും ആകുന്നു. ഇതിന്റെ ഉപയോഗം നഷ്ടപ്രശ്നാദിയിങ്കലാകുന്നു.

ഗ്രഹദ്രവ്യങ്ങളും ഗ്രഹാധിദേവതകളും—

ദ്രവ്യാണി താമ്രമണികാഞ്ചനശുക്തിരൌപ്യ-
മുക്താഽയശ്ച ദിനനാഥമുഖഗ്രഹാണാം
വഹ്ന്യംബുഷൺമുഖഹരീന്ദ്രശചീവിരിഞ്ച-
മുഖ്യാദിവാകരമുഖാദധിദേവതാഃ സ്യുഃ. ൬

സൂര്യനു ചെമ്പും, ചന്ദ്രനു രത്നവും, കുജനു സ്വർണ്ണവും, ബുധനു മുത്തുച്ചിപ്പിയും, വ്യാഴത്തിനു വെള്ളിയും, ശുക്രനു മുത്തും, ശനിക്കു് ഇരിമ്പും ദ്രവ്യങ്ങളാകുന്നു. അഗ്നി ജലം സുബ്രഹ്മണ്യൻ വിഷ്ണു

ഇന്ദ്രൻ ഇന്ദ്രാണി ബ്രഹ്മാവ് ഇവർ ക്രമേണ സൂൎയ്യൻ തുടങ്ങിയ ഗ്രഹങ്ങളുടെ ദേവതകളാകുന്നു.

ഗ്രഹരത്നങ്ങൾ —

മാണിക്യം ദിനനായകസ്യ വിമലം മുക്താഫലം ശീതഗോ-
ൎമ്മാഹേയസ്യ ച വിദ്രുമം മരതകം സൌമ്യേസ്യഗാരുത്മതം
ദേവേജ്യസ്യ ച പുഷ്യരാഗമസുരാചാൎയ്യസ്യ വജ്രം ശനേർ-
നീലന്നിൎമ്മലമന്യയോശ്ച ഗദിതേ ഗോമേധവൈഡൂൎയ്യകേ

സൂൎയ്യനു മാണിക്യവും, ചന്ദ്രനു നിൎമ്മലമായമുത്തും, ചൊവ്വായ്ക്കു പവിഴവും, ബുധനു മരതകവും, വ്യാഴത്തിനു പുഷ്യരാഗവും, ശുക്രനു വജ്റവും, ശനിക്കു നീലവും, രാഹുവിനു് ഗോമേധവും, കേതുവിനു് വൈഡൂൎയ്യവും രത്നങ്ങളാകുന്നു.

ഗ്രഹവസ്ത്രങ്ങൾ —

സ്ഥൂലാംബരം നൂതനചാരുചേലം
കൃശാനുതോയാഹതമദ്ധ്യമാനി
ദൃഢാംശുകം ജീൎണ്ണമിനാദികാനാം
വസ്ത്രാണി സൎവ്വേ മുനയോ വദന്തി. ൨൨

സൂൎയ്യനു് വലിയ വസ്ത്രവും, ചന്ദ്രനു് കോടിമുണ്ടും, കുജനു് തീപിടിച്ച വസ്ത്രവും, ബുധനു് നനഞ്ഞവസ്ത്രവും, വ്യാഴത്തിനു് ഇടത്തരം വസ്ത്രവും ശുക്രനു് ഉറപ്പുള്ള വസ്ത്രവും ശനിക്കു് ജീൎണ്ണവസ്ത്രവും ആകുന്നു.

ഗ്രഹദിക്കുകളും ഗ്രഹൎത്തുക്കളും —

പ്രാഗ്യാദികാ ഭാനുസിതാരരാഹു-
മന്ദേന്ദുവിദ്ദേവപുരോഹിതാഃ സ്യുഃ
ശുക്രാരചന്ദ്രജ്ഞസുരേജ്യമന്ദാ
വസന്തമുഖ്യൎത്ത്വധിപാ ദ്യുഗാദ്യൈഃ ൨൩

സൂൎയ്യൻ കിഴക്കുദിക്കിന്റേയും, ശുക്രൻ അഗ്നികോണിന്റേയും കുജൻ തെക്കേദിക്കിന്റേയും, രാഹു നിരൃതികോണിന്റേയും, ശനി പടിഞ്ഞാറേദിക്കിന്റേയും ചന്ദ്രൻ വായുകോണിന്റേയും, ബുധൻ വടക്കേദിക്കിന്റേയും, വ്യാഴം ഈശകോണിന്റെയും അധിപന്മാരാകുന്നു. ശുക്രൻ വസന്തൎത്തുവിന്റേയും കുജൻ ഗ്രീഷ്മൎത്തുവിന്റേയും, ചന്ദ്രൻ വൎഷൎത്തുവിന്റെയും, ബുധൻ ശരദൃതുവിന്റേയും, വ്യാഴം ഹേമന്തൎത്തുവിന്റേയും, ശനി ശിശിരൎത്തുവിന്റേയും നാഥന്മാരാകുന്നു. ഇവിടെ ദ്രേക്കാണാധിപത്യത്തെയാണു് നോക്കുന്നതു്.

ഗ്രഹങ്ങളുടെ ഭവനങ്ങൾ —

ദേവതോയതടവഹ്നിവിഹാരാഃ
കോശശേഹശയനോൽക്കരദേശാഃ

ഭാനുപൂർവ്വനിലയാഃ പരികൽപ്യാ
വേശ്മകോണനിലയാവഹികേതൂ. ൨൪

സൂര്യന് ദേവാലയവും, ചന്ദ്രന് ജലാശയവും, ചൊവ്വായ്ക്കു് അഗ്നിഗൃഹവും, (അടുക്കളമുതലായവയും) ബുധന് ക്രീഡാസ്ഥാനവും, വ്യാഴത്തിനു ഭണ്ഡാരവും, ശുക്രനു് ശയനഗൃഹവും, ശനിക്കു കുപ്പയിടുന്ന സ്ഥലവും, രാഹുകേതുക്കൾക്കു് ഗൃഹകോണങ്ങളും സ്ഥാനങ്ങളാകുന്നു.

ഗ്രഹദേശങ്ങൾ —

ലങ്കാദികൃഷ്ണാസരിദന്തമാരഃ
സിതസ്തതോ ഗൌതമികാന്തഭൂമിഃ
വിന്ധ്യാന്തമാരസ്സുരനിമ്നഗാന്തം
ബുധഃ ശനിഃ സ്യാത്തുഹിനാചലാന്തഃ ൨൫

ലങ്കതുടങ്ങി കൃഷ്ണാനദിവരെ ഉള്ള ദേശം ചൊവ്വായുടേതും. കൃഷ്ണാനദിമുതൽ ഗോദാവരിവരെയുള്ള ദേശം ശുക്രന്റേതും, ഗോദാവരിമുതൽ വിന്ധ്യപർവ്വതംവരെയുള്ള ദേശം വ്യാഴത്തിന്റേതും, വിന്ധ്യപർവ്വതംമുതൽ ഗംഗവരെയുള്ള ദേശം ബുധന്റേതും, ഗംഗാനദിമുതൽ ഹിമവാൻ പർവ്വതംവരെയുള്ള ദേശം ശനിയുടേതും, ആകുന്നു.

ഗ്രഹങ്ങളുടെ ജാതി —

വിപ്രൗ ജീവസിതൌ ദിനേശരുധിരൌ ഭൂപാലകൌ വൈശ്യരാ-
ഡിന്ദുഃ ശൂദ്രകുലാധിപഃ ശശിസുതോ മന്ദോന്ത്യാണാം പതിഃ
ആദിത്യാമരമന്ത്രിശീതകിരണാഃ സത്വപ്രധാനഗ്രഹാഃ
ശുക്രജ്ഞൌ സരജോഗുണൌ ശനിധരാപുത്രൌ തമസ്സ്വാമിനൌ.

വ്യാഴവും ശുക്രനും ബ്രാഹ്മണരും സൂര്യനും ചൊവ്വായും ക്ഷത്രിയരും, ചന്ദ്രൻ വൈശ്യനും, ബുധൻ ശൂദ്രനും, ശനി ചണ്ഡാളനും ആകുന്നു. സൂര്യൻ വ്യാഴം ചന്ദ്രൻ ഇവർ സത്വഗുണപ്രധാനന്മാരും ശുക്രനും ബുധനും രജോഗുണപ്രധാനന്മാരും ശനിയും ചൊവ്വായും തമോഗുണപ്രധാനന്മാരും ആകുന്നു.

സ്ത്രീപുരുഷനപുംസകഗ്രഹങ്ങളും പഞ്ചഭൂതാധിപത്യവും —

നരാകാരാ ഭാനുക്ഷിതിജഗുരവഃ ശുക്രശശിനൌ
വധൂരൂപൌ ഷണ്ഡപ്രകൃതിപുരുഷൌ മന്ദശശിജൌ
വിയൽക്ഷോണീതേജഃ പവനപയസാമേവ പതയഃ
സുരാചാര്യജ്ഞാരഭൃഗുമണിസുതദേവാരിസചിവാഃ ൨൬

സൂര്യനും ചൊവ്വായും വ്യാഴവും പുരുഷഗ്രഹങ്ങളും ശുക്രനും ശനിയും സ്ത്രീഗ്രഹങ്ങളും ശനിയും ബുധനും സ്ത്രീനപുംസകവും

പുന്നപുംസകവും ആകുന്നു. വ്യാഴം ആകാശത്തിന്റെയും ബുധൻ ഭൂമിയുടേയും ചൊവ്വാ തേജസ്സിന്റെയും, ശനി വായുവിന്റെയും, ശുക്രൻ ജലത്തിന്റെയും അധിപതികളാകുന്നു.

ഗ്രഹകക്ഷ്യയും ഗ്രഹധാതുവും —

കക്ഷ്യാഃ ക്രമശോ ദിനേശതനയാൽ ജ്യോതിർഭചക്രാശ്രിതാഃ
ഛായാസൂനുഗുരുക്ഷ്മാജദിനകൃച്ഛുക്രേന്ദുപുത്രേന്ദവഃ
മജ്ജാസ്നായുവസാസ്ഥിശുക്ലരുധിരത്വക്ധാതുനാഥാഃ ക്രമാ-
ദാരാർക്കീഡ്യദിനേശശുക്രശശഭൂൽതാരാസുതാഃകീർത്തിതാഃ ൨൭

ആകാശത്തിൽ എല്ലാഗ്രഹങ്ങളുടേയും മുകളിലത്തെഭാഗത്തു ശനിയും, അതിനുതാഴെ വ്യാഴവും, അതിനുതാഴെ ചൊവ്വായും, അതിനുതാഴെ സൂര്യനും, അതിനുതാഴെ ശുക്രനും, അതിനുതാഴെ ബുധനും, അതിനുതാഴെ ചന്ദ്രനും, സ്ഥിതിചെയ്യുന്നു. ചൊവ്വാ മജ്ജയുടേയും ശനി ചെറുഞരമ്പുകളുടേയും വ്യാഴം വസയുടേയും സൂര്യൻ അസ്ഥിയുടേയും ശുക്രൻ ശുക്ലത്തിന്റെയും ചന്ദ്രൻ ചോരയുടേയും ബുധൻ തൊലിയുടേയും നാഥന്മാരാകുന്നു.

ഗ്രഹങ്ങളുടെ രസങ്ങൾ —

ലവണകടുകഷായസ്വാദുതിക്താമ്ലമിശ്രാഃ
ശശിരവിശനിജീവാരാസുരേഡ്യജ്ഞനാഥാഃ
അയനദിവസപക്ഷർത്വബ്ദമാസക്ഷണേശാ
രവികുജസിതസൗമ്യാ മന്ദജീവേന്ദവശ്ച. ൨൮

ഉപ്പിനു ചന്ദ്രനും, എരുവിനു സൂര്യനും, ചവർപ്പിനു ശനിയും, മധുരത്തിനു വ്യാഴവും, കൈപ്പിനു ചൊവ്വായും, പുളിക്കു ശുക്രനും, മിശ്രരസങ്ങൾക്കു ബുധനും അധിപന്മാരാകുന്നു. സൂര്യൻ അയനത്തിന്റെയും കുജൻ ദിവസത്തിന്റെയും ശുക്രൻ പക്ഷത്തിന്റെയും ബുധൻ ഋതുവിന്റെയും ശനി സംവത്സരത്തിന്റെയും വ്യാഴം മാസത്തിന്റെയും ചന്ദ്രൻ ക്ഷണത്തിന്റെയും നാഥന്മാരാകുന്നു.

ഗ്രഹങ്ങളുടെ ദൃഷ്ടികൾ —

പാദേക്ഷണം ഭവതി സോദരമാനരാശ്യോ-
രർദ്ധം ത്രികോണയുഗളേ(ഽ)ഖിലഖേചരാണാം
പാദോനദൃഷ്ടിനിചയശ്ചതുരശ്രയുഗ്മേ
സമ്പൂർണ്ണദൃഗ്ബലമനംഗഗൃഹേ വദന്തി. ൩൦

എല്ലാ ഗ്രഹങ്ങൾക്കും മൂന്നിലും പത്തിലും കാൽദൃഷ്ടിയും; അഞ്ചിലും ഒൻപതിലും അരദൃഷ്ടിയും, നാലിലും എട്ടിലും മുക്കാൽ ദൃഷ്ടിയും, ഏഴിൽ സമ്പൂർണ്ണദൃഷ്ടിയും ആകുന്നു.

വിശേഷദൃഷ്ടികൾ—

ശനിരതിബലശാലീ പാദദൃഗ്വീര്യയോഗേ
സുരകുലപതിമന്ത്രീ കോണദൃഷ്ട്യാ ശുഭഃ സ്യാൽ
ത്രിതയചരണദൃഷ്ട്യാ ഭൂകുമാരഃ സമർത്ഥഃ
സകലഗഗനവാസാഃ സപ്തമേ ദൃഗ്ബലാഢ്യാഃ ൩൧

ശനിക്ക് മൂന്നിലും പത്തിലും ഉള്ള ദൃഷ്ടിയും, വ്യാഴത്തിന് അഞ്ചിലും ഒമ്പതിലും ഉള്ള ദൃഷ്ടിയും, ചൊവ്വായ്ക്ക് നാലിലും എട്ടിലും ഉള്ള ദൃഷ്ടിയുംകൂടി പൂർണ്ണദൃഷ്ടിയാണ്. എല്ലാ ഗ്രഹങ്ങൾക്കും ഏഴിലെ ദൃഷ്ടി, പൂർണ്ണദൃഷ്ടിയാണെന്ന മുൻപു പറഞ്ഞിട്ടുണ്ടല്ലോ.

ഗ്രഹദൃഷ്ടിസ്വരൂപം—

അധോർദ്ധ്വദൃഷ്ടീ ദിനനാഥഭൗമൗ
ദൃഷ്ടിഃ കടാക്ഷേണ കവീന്ദുസൂന്വോഃ
ശശാങ്കഗുർവ്വോഃ സമഭാഗദൃഷ്ടി-
രധോക്ഷിപാതസ്ഥഫണിനാഥശന്യോഃ. ൩൨

സൂര്യനും ചൊവ്വായ്ക്കും കീഴ്പ്പോട്ട പകുതി ദൃഷ്ടിയും, ശുക്രനും ബുധനും കടക്കണ്ണുകൊണ്ട ദൃഷ്ടിയും, ചന്ദ്രനും വ്യാഴത്തിനും സമഭാഗദൃഷ്ടിയും, രാഹുവിനും ശനിക്കും കീഴ്പ്പോട്ട ദൃഷ്ടിയും ആണ്.

ഗ്രഹസ്ഥാനബലം—

സ്വോച്ചത്രികോണസ്വസുഹൃദ്ദൃഗാണ-
രാശ്യംശവൈശേഷികവർഗ്ഗവന്തഃ
ആരോഹവീര്യാധികബിന്ദുഗാസ്തേ
ഖേചാരിണഃ സ്ഥാനബലാധികാഃ സ്യുഃ. ൩൩

സ്വോച്ചം, സ്വത്രികോണം, സ്വബന്ധുക്ഷേത്രം, സ്വദ്രേക്കാണം, സ്വഭവനം, സ്വനവാംശം, സ്വവൈശേഷികവർഗ്ഗം, ആരോഹവീര്യം, അഷ്ടവർഗ്ഗത്തിൽ അധികം അക്ഷം വരുന്ന രാശി ഇവയിൽ സ്ഥിതിചെയ്യുന്ന ഗ്രഹങ്ങൾ സ്ഥാനബലമുള്ളവയാണ്.

ഗ്രഹദൗർബ്ബല്യം—

നീചാരിപാപഖഗയോഗനിരീക്ഷ്യമാണാ-
സ്തദ്വർഗ്ഗസന്ധിലവബിന്ദുലരംശകാശ്ച
ആദിത്യരശ്മിപരിഭൂതപരാജിതാസ്തേ
ദൃഷ്ട്യാദിശക്തിസഹിതാശ്ച ന ശോഭനാഃ സ്യുഃ. ൩൪

ഗ്രഹങ്ങൾക്ക് നീചസ്ഥിതി, ശത്രുക്ഷേത്രസ്ഥിതി, പാപഗ്രഹയോഗം, പാപഗ്രഹദൃഷ്ടി, ഇവയോ നീചാദിവർഗ്ഗം, നീചാദി

സന്ധി, അഷ്ടവർഗ്ഗത്തിൽ അക്ഷങ്ങൾ കുറഞ്ഞരാശി, ദുഷ്ടാംശകം, ഇവയിൽ സ്ഥിതിയോ, മൌഢ്യം, യുദ്ധപരാജയം, ഇവയോ ഉണ്ടായാൽ ദൃഷ്ട്യാദിബലമുണ്ടെങ്കിലും ദുർബ്ബലന്മാരാകുന്നു.

ഗ്രഹദിഗ്ബലം—

വിലഗ്നപാതാളവധൂനഭോഗാ
ബുധാമരേഡ്യൌ ഭൃഗുസൂനുചന്ദ്രൌ
മന്ദോ ധരാസൂനുദിവാകരൌ ചേൽ
ക്രമേണ തേ ദിഗ്ബലശാലിനസ്സ്യുഃ ൩൪

ലഗ്നത്തിൽ ബുധനും വ്യാഴവും, നാലിൽ ശുക്രനും ചന്ദ്രനും, ഏഴിൽ ശനിയും, പത്തിൽ ചൊവ്വായും സൂര്യനും നിന്നാൽ ദിഗ്ബലമുള്ളവരാണു്.

ഗ്രഹകാലബലം—

നിശീന്ദുമന്ദാവനിജാഃ പരേ ഽഹനി
സ്വകീയഹോരാസമമാസവാസരാഃ
സിതാദിപക്ഷദ്വയഗാശ്ശുഭാശുഭാ
ബുധഃ സദാകാലജവീര്യശാലിനഃ ൩൫

ചന്ദ്രൻ ശനി ചൊവ്വ ഇവർ രാത്രിയിലും, സൂര്യൻ വ്യാഴം ശുക്രൻ ഇവർ പകലും, എല്ലാഗ്രഹങ്ങളും സ്വഹോരാ സ്വസംവത്സരം, സ്വമാസം, സ്വദിവസം ഇവയിലും, ശുഭന്മാർ ശുക്ലപക്ഷത്തിലും, പാപന്മാർ കൃഷ്ണപക്ഷത്തിലും, ബലമുള്ളവരും ബുധൻ രാത്രിയും പകലും ബലമുള്ളവനും ആകുന്നു.

നിസർഗ്ഗചേഷ്ടാബലം—

ജേതാ വക്രസമാഗമോപഗസിതജ്ഞാരാമരേഡ്യാസിതാ
ദിവ്യാശായനഗേന്ദുതിഗ്മകിരണൌ ചേഷ്ടാബലാംശാധികാഃ
സൌമ്യക്ഷേപയുതാ മഹീസുതമുഖാശ്ചേഷ്ടാബലാഢ്യാഃക്രമാൽ
നൈസർഗ്ഗസ്യ ബലാധികാഃ ശനികുജജ്ഞാചാര്യശുക്രേന്ദ്വിനാഃ.

ഗ്രഹയുദ്ധത്തിൽ ജയിച്ചവനും, വക്രഗതിയോ ചന്ദ്രസമാഗമമോ ഉള്ള ശുക്രൻ ബുധൻ ചൊവ്വാ വ്യാഴം ശനി ഇവരും, ഉത്തരായണസ്ഥിതന്മാരായ സൂര്യചന്ദ്രന്മാരും, ശീഘ്രകേന്ദ്രം ഉള്ളവരായ ചൊവ്വാ തുടങ്ങിയ അഞ്ചുഗ്രഹങ്ങളും (രശ്മ്യാധിക്യമുള്ളവരും) ചേഷ്ടാബലാഢ്യന്മാരാണു്. ശനി ചൊവ്വാ ബുധൻ വ്യാഴം ശുക്രൻ ചന്ദ്രൻ സൂര്യൻ ഇവർ ക്രമേണ ഉത്തരോത്തരം നിസർഗ്ഗബലാധികന്മാരാണു്. (സൂര്യനു് എല്ലാഗ്രഹങ്ങളെക്കാളും നിസർഗ്ഗബലം ഉണ്ടു് എന്നു സാരം)

ക്രമേണ ദൃക്‌സ്ഥാനനിസർഗ്ഗചേഷ്ടാ-
ദിഗ്‌കാലവീര്യാണി ച ഷൾബലാനി
സുധാകരേഷ്വിന്ദുശരേന്ദുശൈല-
ഭേദാനി താനി പ്രവദന്തി സന്തഃ ൩൮

ദൃഷ്ടിബലം ൧-ം സ്ഥാനബലം ൧-ം നിസർഗ്ഗബലം ൧-ം ചേഷ്ടാബലം ൧-ം ദിഗ്‌ബലം ൧-ം കാലബലം ൭-ം ആകുന്നു.

ബലപിണ്ഡം—

സത്രൂപഷഷ്ട്യംശവിഷഷ്ടികാംശാ
ദൃഗാദിവീര്യോപഗഷൾബലാഢ്യാഃ
ക്രമേണ തദ്യോഗഭവം ഗ്രഹാണാം
ബലം ഹി പൂർണ്ണം ത്രിപദം ദളം വാ ൩൯

പൂർണ്ണരാശി, ഷഷ്ട്യംശം, ഇലി ഇവയോടുകൂടി ദൃഷ്ടിബലം മുതലായ ആറുവിധമുള്ള ബലം കൂട്ടി വരുമ്പോൾ ക്രമേണ പൂർണ്ണബലവും മുക്കാൽബലവും പകുതിബലവും സിദ്ധിക്കും. ഇവയെ ഗണിച്ച് അറിയണം.

അർദ്ധാധികം ഷൾകമിനസ്യ സൂരേഃ
ശുക്രസ്യ പഞ്ചാധികമർദ്ധരൂപം
സപ്തേന്ദുപുത്രസ്യ ബലം ഷഡിന്ദോഃ
സൗരാരയോഃ സായകരൂപസംഖ്യാ. ൪൦

സൂര്യനും വ്യാഴത്തിനും ആറരയും, ശുക്രന് അഞ്ചരയും, ബുധന് ഏഴും, ചന്ദ്രന് ആറും, ശനിക്കും ചൊവ്വായ്ക്കും അഞ്ചും ബലങ്ങൾ പൂർണ്ണബലങ്ങളാണ്. എല്ലാ ബലങ്ങളും ഒന്നിച്ചുകൂട്ടുന്നതു ബലപിണ്ഡം. ഈ ബലങ്ങളെ നോക്കിയാണ് ഫലം പറയേണ്ടതു്.

സൂര്യബലം—

സ്വോച്ചസ്വകീയഭവനസ്വദൃഗാണഹോരാ
വാരാംശകോദഗയനേഷു ദിനസ്യ മദ്ധ്യേ
രാശിപ്രവേശസമയേ സുഹൃദംശകാദൗ
മേഷൂരണേ ദിനമണിർബലവാനജസ്രം ൪൧

തന്റെ ഉച്ചരാശി, തന്റെ ഭവനം, തന്റെ ദ്രേക്കാണം, തന്റെ ഹോരാ. തന്റെ വാരം, സ്വനവാംശകം, ഉത്തരായണം, മദ്ധ്യാഹ്നം, രാശിപ്രവേശസമയം, സുഹൃദംശകം മുതലായതു്, പത്താമിടം ഈ സ്ഥാനങ്ങളിൽ സൂര്യൻ എല്ലായ്പോഴും ബലവാനാകുന്നു.

ചന്ദ്രബലം—

ചന്ദ്രഃ കർക്കിണി ഗോപതൗ നിജദിനദ്രേക്കാണഹോരാംശകേ
രാശ്യന്തേ ശുഭവീക്ഷണേ നിശി സുഖേ ദിവ്യായനേ വീര്യവാൻ

ഇന്ദുസ്സ്വകലാധരോ യദി ബലീ സർവ്വത്ര സന്ധിം വിനാ
സർവ്വവ്യോമചരേക്ഷിതതനു കുരുതേ ഭൂപാലയോഗം നൃണാം. ൪൨

ചന്ദ്രൻ, കർക്കടകം, ഇടവം, തന്റെ ദിവസം, തന്റെ ദ്രേക്കാണം, തന്റെ ഹോരാംശകം, രാശ്യവസാനം, ശുഭവീക്ഷണം, രാത്രി, നാലാമിടം, ഉത്തരായണം ഇവയിൽ ബലവാനാകുന്നു. വിശേഷിച്ച് സകലകലയും തികഞ്ഞവനാണെങ്കിൽ എല്ലാസ്ഥാനങ്ങളിലും ബലവാനാണു്. സന്ധിയോടുകൂടാതെ സകല ഗ്രഹങ്ങളാലും വീക്ഷിതനാണെങ്കിൽ നരന്മാൎക്കു രാജയോഗത്തെയും ചെയ്യുന്നു.

ആരസ്സ്വവാരനവഭാഗദൃഗാണവർഗ്ഗ-
മീനാളികുംഭമൃഗതുംബുരയാമിനീഷു
വക്രേ ച യാമ്യദിശി രാശിമുഖേ ബലാഢ്യോ
മാനേ കുളീരഭവനേ ച സുഖം ദദാതി. ൪൩

കുജൻ തന്റെ ദിവസം, തന്റെ നവാംശകം, തന്റെ ദ്രേക്കാണം. തന്റെ വർഗ്ഗം, മീനം, കുംഭം, മകരം, മേടം, രാത്രി, വക്രഗതി, തെക്കേദിക്കു്, രാശ്യാരംഭം ഇവയിൽ ബലവാനാകുന്നു. പത്താമടത്തും കർക്കടകത്തിലും സുഖത്തെകൊടുക്കുന്നു.

കന്യാനൃയുഗ്മഭവനേ നിജവാരവർഗ്ഗേ
ചാപേ വിനാ രവിമഹന്നിശമിന്ദുസൂനുഃ
യാമ്യായനേ ച ബലവാനപി രാശിമദ്ധ്യേ
ലഗ്നേ യദാ യദി യശോബലവൃദ്ധിദസ്സ്യാൽ. ൪൪

ബുധൻ, കന്നി, മിഥുനം, തന്റെ ദിവസം, തന്റെ വർഗ്ഗം, ധനു, ഇവയിലും മൌഢ്യത്തോടുകൂടാതെ രാവും പകലും ബലവാനാകുന്നു. ദക്ഷിണായനത്തിങ്കലും രാശിമദ്ധ്യത്തിങ്കലും ലഗ്നത്തിലും ബലവാനായിട്ടു എപ്പോൾ ഭവിക്കുന്നോ അപ്പോൾ യശോബലവൃദ്ധിയെ കൊടുക്കുന്നവനായിത്തീരും.

മീനാളിചാപകടകേ നിജവാരവർഗ്ഗേ
മദ്ധ്യന്ദിനോദഗയനേ യദി രാശിമദ്ധ്യേ
കുംഭേ ച നീചഭവനേപി ബലീ സുരേഡ്യോ
ലഗ്നേ സുഖേ ച ദശമേ ബഹുവിത്തദഃ സ്യാൽ ൪൫

വ്യാഴം മീനം, വൃശ്ചികം, ധനു, കർക്കടകം ഈ രാശികളിലും, തന്റെ വാരം, തന്റെ വർഗ്ഗം, മദ്ധ്യാഹ്നകാലം, ഉത്തരായനം, രാശിമദ്ധ്യം, കുംഭം ഇവയിലും, നീചരാശിയിലും ബലവാനാകുന്നു. ലഗ്നം നാലാമിടം, പത്താമിടം ഈ സ്ഥാനങ്ങളിൽ നിന്നാൽ ഏററവും ധനത്തെ കൊടുക്കുന്നവനും ആകുന്നു.

സ്വോച്ചസ്വവർഗ്ഗദിവസേ യദി രാശിമദ്ധ്യേ
ശത്രുവ്യയാന്ത്യജഗൃഹേ ഹിബുകേഽപരാഹ്ണേ

യുദ്ധേ ച ശീതകരസംഗമവക്രചാരേ
ശുക്രോരുണസ്യ പുരതോ യദി ശോഭനഃ സ്യാൽ. ൪൬

ശുക്രൻ, തന്റെ ഉച്ചം, തന്റെ വർഗ്ഗം, തന്റെ ദിവസം, രാശി മദ്ധ്യം, ശത്രുസ്ഥാനം, പന്ത്രണ്ടാംഭാവം, മൂന്നാമിടം, നാലാമിടം, അപരാഹ്ണം, ഗ്രഹയുദ്ധം, ചന്ദ്രനോടുള്ളചേർച്ച, വക്രഗതി ഇവയിൽ ബലവാനാകുന്നു. സൂൎയ്യന്റെമുമ്പിൽ നിന്നാൽ അതിശോഭനനും ആകുന്നു.

മന്ദസ്തുലാമകരകുംഭഗൃഹേ കളത്രേ
യാമ്യായനേനിജദൃഗാണദിനേ നിശായാം
അന്തേ ഗ്രഹസ്യ സമരേ യദി കൃഷ്ണപക്ഷേ
വക്രേ സമസ്തഭവനേഷു ബലാധികസ്സ്യാൽ. ൪൭

ശനി, തുലാം മകരം കുംഭം ഈ രാശികളിലും, ഏഴാമിടം ദക്ഷിണായനം തന്റെ ദ്രേക്കാണം, തന്റെ ദിവസം രാത്രി രാശ്യവസാനം യുദ്ധം കൃഷ്ണപക്ഷം ഇവയിലും ബലവാനാകുന്നു. വക്രഗതിയിൽ എല്ലാരാശിയിലും ബലം അധികം ഉള്ളവനാകുന്നു.

മേഷാളികുംഭതരുണീവൃഷകർക്കടേഷു
മേഷൂരണേ ച ബലവാനുരഗാധിപസ്സ്യാൽ
കന്യാവസാനവൃഷചാപധരേ നിശായാ-
മുല്പാതകേതുജനനേ ച ശിഖീ ബലീയാൻ. ൪൮

രാഹു, മേടം വൃശ്ചികം കുംഭം കന്നി കർക്കടകം പത്താമിടം ഈ സ്ഥാനങ്ങളിൽ ബലവാനാകുന്നു. കേതു, കന്നി മീനം ഇടവം തുലാം രാത്രി ഉല്പാതകേതുജനനം ഇവയിൽ ബലവാനാകുന്നു.

പ്രോക്തപ്രകാരപ്രബലാന്വിതാ യേ
മൂഢംഗതാസ്തേ വിബലാ ഭവന്തി
ഭാവേഷു യോഗേഷു ദശാഫലേഷു
ന സമ്യഗുക്താനി ഫലാനി സന്തി. ൪൯

മുൻപറഞ്ഞ പ്രകാരമുള്ള ബലങ്ങളോടുകൂടിയ ഏതുഗ്രഹങ്ങളാണോ മൌഢ്യത്തെപ്രാപിക്കുന്നതു്. ആ ഗ്രഹങ്ങൾ ബലമില്ലാത്തവയായിട്ടുതീരും. ഭാവത്തിങ്കലും യോഗങ്ങളിലും ദശാഫലങ്ങളിലും പറയപ്പെട്ട ഫലങ്ങൾ ഭവിക്കയും ഇല്ല.

അധോമുഖാ ദിനേശസ്യ പൂൎവ്വഷൾക്ഷസ്ഥിതാ ഗ്രഹാഃ
അപരാൎദ്ധസ്ഥിതാ ഭാനോരൂൎദ്ധ്വാസ്യാഃ സുഖവിത്തദാഃ ൫൦

സൂൎയ്യന്റെ മുമ്പിലുള്ള ആറുഭാവങ്ങളിൽ നില്ക്കുന്ന ഗ്രഹങ്ങൾ അധോമുഖങ്ങളാകുന്നു. അപരത്തിലുള്ള ആറുഭാഗങ്ങളിൽ നില്ക്കുന്ന ഗ്രഹങ്ങൾ ഊൎദ്ധ്വമുഖങ്ങളും സുഖത്തേയും ധനത്തേയും കൊടുക്കുന്നവയും ആകുന്നു.

ഭാനാമധഃസ്ഥാനഗതാഃ ക്രമേണ
മന്ദാര്യഭൌമാർക്കസിതജ്ഞചന്ദ്രാഃ
തേഷാമധസ്സ്ഥാനഗതോ ബലീയാൻ
രാഹുർമഹീമണ്ഡലമൂർദ്ധ്നി സംസ്ഥഃ. ൫൧

ശനി, വ്യാഴം, ചൊവ്വാ, സൂര്യൻ, ശുക്രൻ, ബുധൻ, ചന്ദ്രൻ ഇവർ ക്രമേണ രാശികളുടെ അധോഭാഗത്തിൽ നില്ക്കുന്നവരാണു്. രാഹു മുൻപറഞ്ഞവരുടെ അധോഭാഗത്തിൽ ബലവാനായി ഭൂമണ്ഡലത്തിന്റെ മൂർദ്ധാവിങ്കൽ നില്ക്കുന്നവനാകുന്നു.

സഭാനുരിന്ദുശ്ശശിജശ്ചതുർത്ഥേ
ഗുരുഃ സുതേ ഭൂമിസുതഃ കുടുംബേ
ഭൃഗുസ്സപത്നേ രവിജഃ കളത്രേ
വിലഗ്നതസ്തേ വിബലാ ഭവന്തി. ൫൨

ചന്ദ്രൻ സൂര്യനോടുകൂടിയും, ബുധൻ ലഗ്നത്തിന്റെ നാലാമിടത്തും ഗുരു അഞ്ചാമിടത്തും, ചൊവ്വ രണ്ടാമിടത്തും, ശുക്രൻ ആറാമിടത്തും, ശനി ഏഴാമിടത്തും വന്നാൽ ബലമില്ലാത്തവനായിട്ടു ഭവിക്കും.

ദോഷഹാരകഗ്രഹങ്ങൾ—

രാഹുദോഷം ബുധോഹന്യാ-
ദ്ദ്വയോസ്തു ശനൈശ്ചരഃ
ത്രയാണാം ഭൂമിജോ ഹന്യാൽ
ചതുർണ്ണാം ഭാനവാച്ഛിതഃ ൫൩

പഞ്ചാനാം ദേവമന്ത്രീ ച
ഷണ്ണാം ദോഷന്തു ചന്ദ്രമാഃ
സപ്തദോഷം രവിർഹന്യാൽ
വിശേഷേണോത്തരായണേ. ൫൪

ബുധൻ രാഹുദോഷത്തേയും, ശനി രാഹുബുധന്മാരുടെ ദോഷത്തേയും, ചൊവ്വ മുൻപറഞ്ഞ മൂന്നുപേരുടെ ദോഷത്തേയും, ശുക്രൻ നാലുപേരുടെ ദോഷത്തേയും, വ്യാഴം അഞ്ചുപേരുടെ ദോഷത്തേയും, ചന്ദ്രൻ ആറുപേരുടെ ദോഷത്തേയും, സൂര്യൻ ഉത്തരായനത്തിൽ വിശേഷിച്ചു്, ഏഴുപേരുടെ ദോഷത്തേയും നശിപ്പിക്കും.

ഗ്രഹങ്ങളുടെ തൽകാല ബന്ധുത്വം—

അന്യോന്യതഃ സോദരമാനലാഭപാതാളവിത്തവ്യയരാശി സംസ്ഥാഃ
തൽകാലമിത്ര്യാശ്ചരാ ഭവന്തി തദന്യയാതാ യദി ശത്രവസ്തേ.

൩-൧൦-൧൧-൪-൨-൧൨ ഈ സ്ഥാനങ്ങളിൽ നിൽക്കുന്ന ഗ്രഹങ്ങൾ പരസ്പരം തൽക്കാലബന്ധുക്കളും, ഇതിനു വിപരീതമായി നിന്നാൽ തൽക്കാലശത്രുക്കളും ആകുന്നു.

ഗ്രഹങ്ങളുടെ ശത്രുമിത്രസമത്വം—

മിത്രാണിഭാനോഃ കുജചന്ദ്രജീവാഃ ശത്രൂ സിതാൎക്കീ ശശിജസ്സമാനഃ
ചന്ദ്രസ്യമിത്രേദിനനായകജ്ഞൌസമാഗുരുക്ഷ്മാജ സിതാസിതാഃസ്യുഃ

സൂൎയ്യന്ന്, ചൊവ്വ, ചന്ദ്രൻ, വ്യാഴം ഇവർ ബന്ധുക്കളും, ശുക്രനും, ശനിയും ശത്രുക്കളും, ബുധൻ സമനും, ചന്ദ്രന്ന്, സൂൎയ്യനും, ബുധനും ശത്രുക്കളും വ്യാഴം, ചൊവ്വാ, ശുക്രൻ ഇവർ സമന്മാരും ആകുന്നു.

ആരസ്യമിത്രാണി രവീന്ദുജീവാ-
ശ്ചാന്ദ്രീരിപുഃ ശുക്രശനിസ്സമാനൌ
സൂൎയ്യാസുരേജ്യൌ സുഹൃദൌ ബുധസ്യ
സമാഃ ശനീഡ്യാവനിജാസ്സ്തുപരീന്ദുഃ

കുജന്ന്, സൂൎയ്യൻ, ചന്ദ്രൻ, വ്യാഴം, ഇവർ ബന്ധുക്കളും, ബുധൻ ശത്രുവും, ശുക്രനും, ശനിയും സമന്മാരും, ബുധന്ന് സൂൎയ്യനും, ശുക്രനും ബന്ധുക്കളും, ചന്ദ്രൻ, ശത്രുവും ശനി, വ്യാഴം ചൊവ്വ ഇവർ സമന്മാരും ആകുന്നു.

സൂൎയ്യാരചന്ദ്രാസ്സുഹൃദസ്സുരേഃ
ശത്രുസിതജ്ഞൌ രവിജഃ സമാനഃ
മിത്രേ ശനിജ്ഞൌ ഭൃഗുനന്ദനസ്യ
ദപിനാവരീ ജീവകുജൌ സമാനൌ.

വ്യാഴത്തിനു സൂൎയ്യൻ, ചൊവ്വാ, ചന്ദ്രൻ ഇവർ ബന്ധുക്കളും, ശുക്രനും, ബുധനും ശത്രുക്കളും, ശനി സമനും, ശുക്രന്ന് ശനിയും, ബുധനും ബന്ധുക്കളും, ചന്ദ്രനും, സൂൎയ്യനും ശത്രുക്കളും, വ്യാഴവും, ചൊവ്വായും സമന്മാരും ആകുന്നു.

മന്ദസ്യ സൂൎയ്യേന്ദുകുജാശ്ച ശത്രവസ്സമഃ
സുരേഡ്യസ്സുഹൃദൌ സിതേന്ദുജൌ
തൽക്കാലനൈസൎഗ്ഗികതശ്ചപഞ്ചധാ
പുനഃ പ്രകല്പ്യാസ്സ്ത്വതിമിത്രശത്രവഃ.

ശനിക്ക് ശുക്രനും ബുധനും ബന്ധുക്കളും, സൂൎയ്യൻ ചന്ദ്രൻ, ചൊവ്വ ഇവർ ശത്രുക്കളും, വ്യാഴം സമനും ആകുന്നു. ഇതുകൂടാതെ തൽകാലനൈസൎഗ്ഗികഭേദേന അതിമിത്രശത്രുക്കൾ അഞ്ചുപ്രകാരത്തിൽ കല്പിക്കപ്പെടാൻ യോഗ്യങ്ങളാകുന്നു. അതു് എങ്ങിനെഎന്ന് അടുത്തുതന്നെ പറയും.

ദ്വയോസ്സുഹൃത്വം ത്വതിമിത്രതാ ഭവേൽ
ദ്വിധാരയസ്ത്വേതു സദാതിശത്രവഃ
സുഹൃൽസമത്വം സുഹൃദേവ കേവലം
രിപുസ്സമാരിസ്ത്വരിമിത്രതാ സമഃ.

നിസ്സർഗ്ഗബന്ധു തൽക്കാലബന്ധുവായാൽ അതിബന്ധുവായും നിസ്സർഗ്ഗശത്രു തൽക്കാലശത്രുവായാൽ അതിശത്രുവായും നിസ്സർഗ്ഗസമൻ തൽക്കാലബന്ധുവായാൽ ബന്ധുവായിത്തന്നെയും നിസ്സർഗ്ഗസമൻ തൽക്കാലശത്രുവായാൽ ശത്രുവായിത്തന്നെയും നിസ്സർഗ്ഗബന്ധു തൽക്കാലശത്രുവായാൽ സമനായും ഇങ്ങനെ ൫ പ്രകാരത്തിൽ ഭവിക്കും.

ചരസ്ഥിരാദി ഗ്രഹങ്ങൾ—

രവിസ്ഥിരശ്ശീതകരശ്ചരഃ സ്യാദുഗ്രഃ കുജശ്ചന്ദ്രസുതസ്തു മിശ്രഃ
മൃദുസ്സുരേഡ്യോ ലഘുശ്ച ഭൃഗുജോ ശനിസ്സുതീക്ഷ്ണഃ കഥിതോ മുനീന്ദ്രൈഃ

സൂൎയ്യൻ സ്ഥിരഗ്രഹമെന്നും ചന്ദ്രൻ ചരഗ്രഹമെന്നും കുജൻ (ചൊവ്വ) ഉഗ്രഗ്രഹമെന്നും ബുധൻ മിശ്രഗ്രഹമെന്നും വ്യാഴം മൃദുഗ്രഹമെന്നും ശുക്രൻ ലഘുഗ്രഹമെന്നും ശനി സുതീക്ഷ്ണഗ്രഹമെന്നും മുനീന്ദ്രന്മാർ പറയുന്നു.

ബാധാകരഗ്രഹങ്ങൾ—

ക്രമാച്ചരാഗദ്വിശരീരഭാനാമുപാന്ത്യധൎമ്മസ്മരഗാസ്തദീശാഃ
പരേശമാന്ദിസ്ഥിതരാശിനാഥാവതീവബാധാകരഖേചരാസ്സ്യുഃ

ചരരാശികളുടെ അധിപന്മാർ ൧൧-ാംഭാവത്തിലും സ്ഥിരരാശികളുടെ അധിപന്മാർ ൯-ാംഭാവത്തിലും ഉഭയരാശികളുടെ അധിപന്മാർ ഏഴാംഭാവത്തിലും ഇരുന്നാൽ ബാധാകരന്മാരാകുന്നു. ബാധാധിപതിയായിരിക്കുന്ന ശനിയും ഗുളികനും നില്ക്കുന്ന രാശിയുടെ അധിപനും ബാധാകരഗ്രഹങ്ങളാകുന്നു.

ഗ്രഹകാരകത്വം—

സൂൎയ്യാദാത്മപിതൃപ്രഭാവനിരുജാശക്തിശ്രിയശ്ചിന്തയേ-
ച്ചേതോബുദ്ധിനൃപപ്രസാദജനനീസമ്പൽകരശ്ചന്ദ്രമാഃ
സത്വം രോഗഗുണാനുജാവനിരിപുജ്ഞാനം ധരാസൂനുനാ
വിദ്യാബന്ധുവിവേകമാതുലസുഹൃദ്വാക്കൎമ്മകൃൽബോധനഃ
പ്രജ്ഞാവിത്തശരീരപുഷ്ടിതനയജ്ഞാനാനി വാഗീശ്വരാൽ
പത്നീവാഹനഭൂഷണാനി മദനവ്യാപാരസൗഖ്യം ഭൃഗോഃ
ആയുർജ്ജീവനമൃത്യുകാരണവിപൽസമ്പൽപ്രദാതാ ശനിഃ
സൎപ്പേണൈവ പിതാമഹം തു ശിഖിനാ മാതാമഹം ചിന്തയേൽ.

ആത്മാവ് പിതാവ് പ്രഭാവം രോഗമില്ലായ്ക ശക്തി ശ്രീ ഇവയ്ക്കു സൂൎയ്യനും മനസ്സ് ബുദ്ധി രാജാവ് പ്രസാദം മാതാവ് സമ്പത്ത് ഇവയ്ക്കു ചന്ദ്രനും സത്വം രോഗം ഗുണം സഹോദരൻ ശത്രു ഭൂമി ജ്ഞാനം ഇവയ്ക്കു ചൊവ്വായും വിദ്യ ബന്ധു വിവേകം മാതുലൻ സുഹൃത്ത് വാക്ക് കൎമ്മം ഇവയ്ക്കു ബുധനും പ്രജ്ഞാ വിത്തം ശരീരം പുഷ്ടി സുതൻ ജ്ഞാനം ഇവയ്ക്കു വ്യാഴവും, പത്നി വാഹനം ആഭരണം കാമം സൗഖ്യം ഇവയ്ക്കു ശുക്രനും, ആയുസ്സ് ജീവനം മൃത്യുകാരണം ആപത്ത് സമ്പത്ത് ഇവയ്ക്കു ശനിയും പിതാമഹന്ന് രാഹുവും മാതാമഹന്ന് കേതുവും കാരകഗ്രഹങ്ങളാകുന്നു.

ലഗ്നംമുതലുള്ള ൧൨ രാശിയുടേയും കാരകത്വം—

ദ്യുമണി, രമരമന്ത്രീ, ഭൂസുത, സ്സോമസൗമ്യൗ,
ഗുരു, രിനതനയാരൗ ഭാർഗവോ, ഭാനുപുത്രഃ,
ദിനകരദിവിജേഡ്യൗ ജീവഭാനുജ്ഞമന്ദാഃ,
സുരഗുരു, രിനസൂനുഃ, കാരകാഃ സ്യുർവിലഗ്നാൽ.

ലഗ്നത്തിന്ന സൂര്യനും രണ്ടാംഭാവത്തിന്ന വ്യാഴവും മൂന്നാംഭാവത്തിന്ന ചൊവ്വയും നാലാംഭാവത്തിന്ന ചന്ദ്രനും ബുധനും അഞ്ചാംഭാവത്തിന്ന വ്യാഴവും ആറാംഭാവത്തിന്ന ശനിയും ചൊവ്വായും ഏഴാംഭാവത്തിന്ന ശുക്രനും എട്ടാംഭാവത്തിന്ന ശനിയും ഒൻപതാംഭാവത്തിന്ന സൂര്യനും വ്യാഴവും പത്താംഭാവത്തിന്ന വ്യാഴവും സൂര്യനും ബുധനും ശനിയും പതിനൊന്നാംഭാവത്തിന്ന വ്യാഴവും പന്ത്രണ്ടാംഭാവത്തിന്ന ശനിയും കാരകഗ്രഹങ്ങളാകുന്നു.

ഗ്രഹസ്ഥിതിഫലം—

കാമാവനീനന്ദനരാശിയാതാ-
സ്സിതേന്ദുപുത്രാമരവന്ദ്യമാനാഃ
അനിഷ്ടദാസ്തേഽഖിലജാതകേഷു
സദാഷ്ടമസ്ഥസ്ത്വനിരിഷ്ടദസ്സ്യാൽ.

ഭാര്യാകാരകനായ ശുക്രൻ ഏഴാംഭാവത്തിലും വിദ്യാകാരകനായ ബുധൻ നാലാംഭാവത്തിലും പുത്രകാരകനായ വ്യാഴം അഞ്ചാംഭാവത്തിലും നില്ക്കുന്നതു സകല ജാതകങ്ങളിലും അനിഷ്ടത്തെ ചെയ്യും. ആയുഷ്കാരകനായ ശനി എട്ടാം ഭാവത്തിൽ നില്ക്കുന്നതു നല്ലതാകുന്നു. (അതതു കാരകഗ്രഹങ്ങൾ അതതുഭാവങ്ങളിൽ നില്ക്കുന്നതു അനിഷ്ടമാണെങ്കിലും ആയുഷ്കാരകനായ ശനി ആയുസ്ഥാനത്തു നില്ക്കുന്നതു നല്ലതാണ് എന്നു സാരം.)

ഗ്രഹസ്വഭാവഗുണങ്ങൾ—

പ്രതാപശാലീ ചതുരശ്രദേഹഃ ശ്യാമാരുണാംഗോ മധുപിംഗലാക്ഷഃ
പിത്താത്മകഃ സ്വല്പകചാഭിരാമോ ദിവാകരസ്സത്വഗുണപ്രധാനഃ.

സൂര്യൻ പ്രതാപശാലിയും ചതുരശ്രശരീരനും കറുപ്പും ചുവപ്പുംകൂടിയ നിറമുള്ളവനും തേനിന്റെ നിറംപോലെ പിംഗലങ്ങളായ കണ്ണുകളോടുകൂടിയവനും പിത്തപ്രകൃതിയും സ്വല്പം തലമുടിയുള്ളവനും സത്വഗുണപ്രധാനനുമാകുന്നു.

ചന്ദ്രന്റെ സ്വഭാവം—

സഞ്ചാരശീലോ മൃദുവാഗ്വിവേകീ
ശുഭേക്ഷണശ്ചാരുതരസ്സിതാംഗഃ
സദൈവധീമാംസ്തനുവൃത്തകായഃ
കഫാനിലാത്മാ ച സുധാകരസ്സ്യാൽ.

ചന്ദ്രൻ സഞ്ചാരിയും മൃദുവാക്കും വിവേകമുള്ളവനും ശുഭദൃഷ്ടിയും അതിമനോഹരനും വെളുത്ത നിറമുള്ളവനും എല്ലായ്പോഴും ബുദ്ധിമാനും അല്പവും വൃത്താകാരവും ആയ ശരീരത്തോടുകൂടിയവനും കഫവാതപ്രകൃതിയുമാകുന്നു.

കുജന്റെ സ്വഭാവം—

ക്രൂരേക്ഷണസ്തരുണമൂർത്തിരുദാരശീലഃ
പിത്താത്മകസ്സുചപലഃ കൃശമധ്യദേഹഃ
സംരക്തഗൌരരുചിരാവയവഃ പ്രതാപീ
കാമീ തമോഗുണരതസ്തു ധരാകുമാരഃ.

കുജൻ, ക്രൂരങ്ങളായ കണ്ണുകളോടുകൂടിയവനും, യൌവനശരീരനും ഉൽകൃഷ്ടസ്വഭാവനും, പിത്തപ്രകൃതിയും, ധീരനും ചപലനും, കൃശമദ്ധ്യമായ ദേഹമുള്ളവനും ചുവപ്പും വെളുപ്പും കൂടികലർന്ന നിറമുള്ളവനും, പ്രതാപിയും കാമിയും തമോഗുണ പ്രധാനനും ആകുന്നു.

കേരള സാഹിത്യ അക്കാദമി

ബുധന്റെ സ്വഭാവം—

ദൂർവ്വാദളദ്യുതിതനുഃ സ്ഫുടവാക്കൃശാംഗഃ
സ്വാമീ രജോഗുണവതാമതിഹാസലോലഃ
ഹാനിപ്രിയോ വിപുലപിത്തകഫാനിലാത്മാ
സദ്യഃ പ്രതാപവിഭവസ്ശശിജശ്ച വിദ്വാൻ.

ബുധൻ, കറുകയുടെ ഇലപോലെയുള്ള നിറമുള്ളവനും വ്യക്തമായ വാക്കുള്ളവനും കൃശശരീരനും രജോഗുണമുള്ളവരിൽ സ്വാമിയും (പ്രധാനിയും) ഏററവും പരിഹാസശീലനും, ഹാനിപ്രിയനും, അതിത്രിദോഷസ്വരൂപനും, പ്രതാപമുള്ളവനും വിദ്വാനും ആകുന്നു.

വ്യാഴത്തിന്റെ സ്വഭാവം—

ബൃഹദ്ദരശരീരഃ പീതവർണ്ണഃ കഫാത്മാ
സകലഗുണസമേതഃ സർവ്വശാസ്ത്രാധികാരി
കപിലരുചികചാക്ഷഃ സാത്വികോ ऽതീവധീമാ-
നലഘുനൃപതിചിഹ്നഃ ശ്രീധരോ ദേവമന്ത്രീ.

കുടവയറുള്ള ശരീരത്തോടുകൂടിയവനും മഞ്ഞവർണ്ണമുള്ളവനും കഫപ്രകൃതിയും സകലഗുണസമ്പൂർണ്ണനും സർവ്വശാസ്ത്രങ്ങൾക്കും അധികാരിയും കപിലവർണ്ണങ്ങളായ തലമുടികളോടും കണ്ണുകളോടുംകൂടിയവനും സത്വഗുണവാനും ഏററവും ബുദ്ധിമാനും മഹത്തായ രാജചിഹ്നമുള്ളവനും ശ്രീയെ ധരിക്കുന്നവനും ആകുന്നു.

ശുക്രന്റെ സ്വഭാവം—

അസിതകുടിലകേശഃ ശ്യാമസൌന്ദര്യശാലീ
സമതരരുചിരാംഗഃ സൌമ്യദൃക്കാമശീലഃ
അതിപവനകഫാത്മാ രാജസഃ ശ്രീനിധാനഃ
സുഖബലസുഗുണാനാമാകരശ്ചാസുരേഡ്യഃ.

ശുക്രൻ കറുത്തും ചുരുണ്ടും ഇരിക്കുന്ന തലമുടിയോടുകൂടിയവനും കൃഷ്ണവർണ്ണമുള്ളവനും സൌന്ദര്യശാലിയും ഏററവും സമവും മനോഹരവും ആയ ശരീരത്തോടുകൂടിയവനും സൌമ്യദൃഷ്ടിയും കാമിയും ഏററവുംവാതകഫപ്രകൃതിയും രജോഗുണയുക്തനും ശോഭയുള്ളവനും സുഖം ബലം സുഗുണം ഇവയ്ക്കു ഇരിപ്പിടവും ആകുന്നു.

ശനിയുടെ സ്വഭാവം—

കാഠിന്യരോമാവയവഃ കൃശാത്മാ
ദൂർവ്വാസിതാംഗഃ കഫമാരുതാത്മാ
പീനദ്വിജശ്ചാരുപിശംഗദൃഷ്ടിഃ
സൌരിസ്തമോബുദ്ധിരതോ ऽലസഃ സ്യാൽ.

ശനി, കഠിനമുള്ള രോമങ്ങളോടും അവയവങ്ങളോടുംകൂടിയവനും കൃശശരീരനും കറുകനാമ്പുപോലെ കറുത്ത ശരീരമുള്ളവനും കഫവാതപ്രകൃതിയും തടിച്ച പല്ലുള്ളവനും മനോഹരങ്ങളും പിംഗലവർണ്ണങ്ങളും ആയ കണ്ണുകളോടുകൂടിയവനും തമോബുദ്ധിയും അതിനാൽ മന്ദനും ആകുന്നു.

അർക്കേണ മന്ദശ്ശനിനാ മഹീസുതഃ
കുജേന ജീവോ ഗുരുണാ നിശാകരഃ
സോമേന ശുക്രോ സുരമന്ത്രിണാ ബുധോ
ബുധേന ചന്ദ്രഃ ഖലു ബദ്ധ്യതേ സദാ.

സൂര്യൻ ശനിയേയും, ചന്ദ്രൻ ചൊവ്വായേയും, കുജൻ വ്യാഴത്തിനേയും, വ്യാഴം ചന്ദ്രനേയും, ചന്ദ്രൻ ശുക്രനേയും, ശുക്രൻ ബുധനേയും, ബുധൻ ചന്ദ്രനേയും എല്ലായ്പോഴും ബന്ധിക്കുന്നു. (ഇവർ പരസ്പരം ചേർന്നാൽ അവരവരുടെ ഫലത്തെ ഇല്ലാതാക്കും എന്നു സാരം.)

സൂര്യാദി നവഗ്രഹങ്ങളുടെ ക്രൂരചേഷ്ടകളിൽ സൂര്യന്റെ ക്രൂരചേഷ്ടയേ പറയുന്നു—

സദാഗ്നിരോഗജ്വരവൃദ്ധിദീപന-
ക്ഷയാതിസാരാദികരോഗസങ്കുലൈഃ
നൃപാലദേവാവനിദേവകിംകരൈഃ
കരോതി ചിത്തവ്യസനം ദിവാകരഃ

സൂര്യൻ എല്ലായ്പോഴും അഗ്നിരോഗം ജ്വരം വൃദ്ധി ദീപനം ക്ഷയം അതിസാരം ഈ രോഗങ്ങളേയും, രാജാക്കന്മാർ ദേവന്മാർ ബ്രാഹ്മണർ ഭൃത്യന്മാർ ഇവർ നിമിത്തം മനോവ്യസനത്തെയും ചെയ്യുന്നു.

ചന്ദ്രന്റെ ക്രൂരചേഷ്ട—

പാണ്ഡുദോഷജലദോഷകാമിലാപീനസാദിരമണീകൃതാമയൈഃ
കാളികാസുരസുവാസിനീഗണൈരാകുലം ച കുരുതേ തു ചന്ദ്രമാഃ

ചന്ദ്രൻ പാണ്ഡുരോഗം ജലദോഷം കാമില പീനസം സ്ത്രീമൂലമായ രോഗം ഇവയേയും കാളി, അസുരന്മാർ ഇവരുടെ ഗണങ്ങളാലുള്ള ഉപദ്രവത്തേയും ചെയ്യുന്നു.

കുജന്റെ ചേഷ്ട—

പീനബീജകഫശസ്ത്രപാവകഗ്രന്ഥിരുഗ്വ്രണദരിദ്രജാമയൈഃ
വീരശൈവഗണഭൈരവാദിഭിർഭീതിമാശു കുരുതേ ധരാസുതഃ

കുജൻ ശുക്ലത്തിനു തടിപ്പ് കഫരോഗം ശസ്ത്രം അഗ്നി ഇവയാലുള്ള ഭയം, മുഴ വ്രണം ദാരിദ്ര്യം ഇവയാലുള്ള ദുഃഖം ശിവഗണങ്ങളായ ഭൈരവാദികളിൽനിന്നുള്ള ഭയം ഇവയെ ചെയ്യുന്നു.

ബുധന്റെ ചേഷ്ട—

ഗുഹ്യോദരാദൃശ്യസമീരകുഷ്ഠമന്ദാഗ്നിശൂലഗ്രഹണീരുഗാദ്യൈഃ
ബുധാദിവിഷ്ണുപ്രിയദാസഭൃത്യൈരതീവദുഃഖം ശശിജഃ കരോതി.

ബുധൻ ഗുഹ്യരോഗം അദൃശ്യമായ വായുരോഗം കുഷ്ഠം അഗ്നിമാന്ദ്യം ശൂല ഗ്രഹണി ഈ രോഗങ്ങളും ബുധാദികളായ വിഷ്ണുപ്രിയദാസഭൃത്യന്മാരാലുള്ള ദുഃഖവും ചെയ്യുന്നു.

വ്യാഴത്തിന്റെയും ശുക്രന്റെയും ചേഷ്ട—

ആചാര്യദേവഗുരുഭൂസുരശാപദോഷൈഃ
ശോകം ച ഗുന്മരുജമിന്ദ്രഗുരുഃ കരോതി
കാന്താവികാരജനിമേഹരുഗാസുരാദ്യൈഃ
സ്വേഷ്ടാംഗനാജനകൃതൈർഭയമാസുരേഡ്യഃ.

വ്യാഴം ആചാര്യൻ ദേവൻ ഗുരു ബ്രാഹ്മണൻ ഇവരുടെ ശാപത്താലുള്ള ദോഷങ്ങളേയും ഗുന്മരോഗത്തെയും ചെയ്യുന്നു. ശുക്രൻ ഭാര്യാവികാരജമായ പ്രമേഹരോഗം അസുരന്മാരാലും തന്റെ ഇഷ്ടകളായ സ്ത്രീജനങ്ങളാലും ചെയ്യപ്പെടുന്ന ഭയത്തെയും ഉണ്ടാക്കുന്നു.

ശനിയുടേയും കേതുവിന്റേയും ക്രൂരചേഷ്ടാ—

ദാരിദ്ര്യദോഷനിജകർമ്മപിശാചചൌരൈഃ
ക്ലേശം കരോതി രവിജഃ സഹ സന്ധിരോഗൈഃ
കണ്ഡൂമസൂരിരിപുകൃത്രിമകർമ്മരോഗൈഃ
സഞ്ചാരഹീനലഘുജാതിഗണൈശ്ച കേതുഃ.

ശനി ദാരിദ്ര്യദോഷം സ്വകർമ്മം, പിശാചുകൾ, കള്ളന്മാർ ഇവരാലും സന്ധിരോഗങ്ങളാലും ഉള്ള ക്ലേശത്തെ ചെയ്യുന്നു. കേതു ചൊറിച്ചിൽ, മസൂരി, ആഭിചാരാദികൃത്രിമകർമ്മങ്ങൾ, സഞ്ചാരമില്ലാത്ത നീചജാതിഗണങ്ങൾ ഇവയിൽനിന്നുള്ള ദുഃഖത്തെയും ചെയ്യുന്നു.

രാഹുവിന്റെ ചേഷ്ടാ—

കരോത്യപസ്മാരമസൂരിരജ്ജുക്ഷുദ്രക്രിമിപ്രേതപിശാചഭൂതൈഃ
ഉൽബന്ധനാച്ചാരുചികുഷ്ഠരോഗൈർവ്വിധുന്തുദശ്ചാതിഭയം നരാണാം

രാഹു, അപസ്മാരം, മസൂരി, കയറുകൊണ്ടു ഉരുക, ക്ഷുദ്രക്രിമികൾ, പ്രേതങ്ങൾ, പിശാചങ്ങൾ, ഭൂതങ്ങൾ ഇവയാലും ഉൽബന്ധനം അരുചി, കുഷ്ഠം ഇവയാലും മനുഷ്യർക്ക് അതിഭയത്തെച്ചെയ്യുന്നു.

ആദ്യന്തമദ്ധ്യഭവനോപഗതാനഭോഗാ-
ശ്ചാദിത്യഭൂമിതനയൌ ശനിശീതരശ്മീ
ജീവാംസുരേന്ദ്രസചിവൌ ഫലദാഃ ക്രമേണ
താരാസുതസ്സകലകാലസുഖപ്രദഃ സ്യാൽ.

ആദിത്യനും കുജനും രാശിയുടെ ആദ്യത്തിലും, ശനിയും ചന്ദ്രനും രാശി മദ്ധ്യത്തിലും, വ്യാഴവും ശുക്രനും രാശ്യവസാനത്തിലും തങ്ങളുടെ ഫലത്തെ തരുന്നവരാണ്. ചന്ദ്രൻ സർവ്വകാലത്തിലും ഫലപ്രദനാകുന്നു.

രോഗാദികൾക്കുള്ള പ്രതിക്രിയ—

യദ്ധാതുകോപജനിതാഖിലരോഗശാന്ത്യൈ
തന്നാഥമാശു ജപതർപ്പണഹോമദാനൈഃ
സംപൂജ്യ രോഗഭയശോകവിമുക്തചിന്താഃ
സർവ്വേ നരാഃ സുഖയശോബലശാലിനഃ സ്യുഃ.

ഏതെതു ധാതുക്കളുടെ കോപത്താൽ രോഗങ്ങൾ ഉണ്ടാകുന്നുവോ ആ രോഗങ്ങളുടെ ശാന്തിക്കായിക്കൊണ്ട് ആ ധാതുക്കളുടെ നാഥരെ വേഗത്തിൽ ജപം, തർപ്പണം, ഹോമം, ദാനം ഇവയെക്കൊണ്ടു പൂജിച്ചു, രോഗങ്ങളെ ഒഴിച്ചാൽ എല്ലാ മനുഷ്യർക്കും സുഖം, യശസ്സ്, ബലം ഇവ സിദ്ധിക്കും.

ഗ്രഹങ്ങളുടെ ബാല്യാദ്യവസ്ഥകൾ—

ബാലഃ കുമാരോഥ യുവാ ച വൃദ്ധോ മൃതശ്ച രാശാവയുജിക്രമേണ
ത്രിംശല്ലവൈർവ്വ്യത്യയതഃ സമേസ്യാദേകൈകമംശം പുനരേവ കാര്യം

രാശികളെ അഞ്ചായിട്ടു ഭാഗിച്ചാൽ ഓജരാശിയിൽ ൧-ാം ഭാഗം ബാലനും, ൨-ാംഭാഗം കുമാരനും, ൩-ാംഭാഗം യുവാവും, ൪-ാംഭാഗം വൃദ്ധനും, ൫-ാംഭാഗം മൃതനും, യുഗ്മരാശിയിൽ ൧-ാംഭാഗം മൃതനും, ൨-ാംഭാഗം വൃദ്ധനും, ൩-ാംഭാഗം യുവാവും, ൪-ാംഭാഗം കുമാരനും, ൫-ാംഭാഗം ബാലനും ആകുന്നു.

ജാഗ്രദാദ്യവസ്ഥകൾ—

ഉച്ചാംശം സ്വാനവാംശം ച ജാഗരൂകം വദന്തി ഹി
സ്വാഹന്നവാംശകം സ്വപ്നം സുപ്തം നീചാരിഭാംശകം.

ഗ്രഹങ്ങൾക്ക് ഉച്ചാംശത്തിലും സ്വനവാംശത്തിലും ജാഗ്രദവസ്ഥയും, സുഹൃന്നവാംശകത്തിൽ സ്വപ്നാവസ്ഥയും നീചാംശകത്തിലും ശത്രുക്കളുടെ അംശത്തിലും നിദ്രാവസ്ഥയും ആകുന്നു.

ദശകളുടെ ആദിമദ്ധ്യാന്തങ്ങളിൽ ഫലത്തെത്തരുന്ന ഗ്രഹങ്ങൾ—

ശീർഷോദയഗതഃ ഖേടഃ പാകാദൌ ഫലദോ ഭവേൽ
പൃഷ്ഠോദയസ്ഥഃ പാകാന്തേ സദാ ചോഭയരാശിഗഃ

ശീർഷോദയരാശിയെ ഗതങ്ങളായ ഗ്രഹങ്ങൾ ദശാദിയിലും പൃഷ്ഠോദയഗതങ്ങളായ ഗ്രഹങ്ങൾ ദശാന്തത്തിലും ഉഭയരാശിസ്ഥിതഗ്രഹങ്ങൾ സർവ്വകാലത്തിലും ഫലപ്രദന്മാരാകുന്നു.

സമസ്തഹോരാഫലസാരസാന്ദ്രവിരാജിതേ ജാതകപാരിജാതേ
ഗ്രഹക്രിയാരൂപഗുണപ്രഭേദഃ സങ്കീർത്തിതഃ ഖേടകൃപാകടാക്ഷാൽ

സകലഹോരാഫലസാരങ്ങളെക്കൊണ്ട് സമ്പൂർണ്ണമാകുംവണ്ണം ശോഭിക്കുന്ന ഈ ജാതകപാരിജാതത്തിൽ ഗ്രഹക്രിയാരൂപഗുണപ്രഭേദം എന്ന രണ്ടാം അദ്ധ്യായം നവഗ്രഹങ്ങളുടെ കൃപാകടാക്ഷം ഹേതുവായിട്ട് ഇപ്രകാരം പറയപ്പെട്ടു.

ഇങ്ങനെ വൈദ്യനാഥവിരചിതമായ ജാതകപാരിജാതത്തിൽ ഗ്രഹക്രിയാരൂപഗുണപ്രഭേദം എന്ന രണ്ടാമദ്ധ്യായം സമ്പൂർണ്ണം.

കേരള സാഹിത്യ അക്കാദമി

അഥ വിയോനിജന്മാഖ്യസ്തൃതീയാദ്ധ്യായഃ

(ആചാര്യ ഹോരായാം)

ക്രൂരഗ്രഹൈസ്സുബലിഭിർവ്വിബലൈശ്ച സൌമ്യൈഃ
ക്ലീബേ ചതുഷ്ടയഗതേ തദവേക്ഷണാദ്വാ
ചന്ദ്രോപഗദ്വിരസഭാഗസമാനരൂപം
സത്വം വദേദ്യദിഭവേൽ സ വിയോനിസംജ്ഞഃ. ൧

ഏതൊരു ദ്വാദശാംശത്തിൽ ചന്ദ്രൻ നില്ക്കുന്നുവോ ആ ദ്വാദശാംശം വിയോനിസംജ്ഞമാണെങ്കിൽ അതിനോടുതുല്യമായ വിയോനിജന്മത്തെ പറയണം. എങ്ങനെ എന്നുവച്ചാൽ; ചന്ദ്രൻ മേടദ്വാദശാംശത്തിൽ നില്ക്കുന്നു എങ്കിൽ മേടംരാശിക്കു സദൃശമായ ആടിന്റെ ജന്മത്തെ പറയണം. ഇതുപോലെ മററുള്ള വിയോനിദ്വാദശാംശത്തിൽ നിന്നാലും പറഞ്ഞുകൊള്ളണം. പാപന്മാരായ കുജാദികൾ ബലവാന്മാരായിട്ടും ശുഭന്മാർ ബലഹീനന്മാരായിട്ടും ഇരിക്കയും നപുംസകഗ്രഹമായ ബുധനോ ശനിയോ കേന്ദ്രത്തിൽ (൧-൪-൭-൧൦ ഈ ഭാവങ്ങളിൽ) നില്ക്കയും ചെയ്താൽ ഒന്നാമത്തെ വിയോനിജന്മയോഗമാകുന്നു. മുൻപറയപ്പെട്ടതുപോലെ ചന്ദ്രൻ നില്ക്കുകയും ബലവാന്മാരായ പാപന്മാരും ബലഹീനന്മാരായ സൌമ്യന്മാരും എവിടെയെങ്കിലും ഒരിടത്തു നില്ക്കുന്ന ശനിബുധന്മാരിൽ ആരെങ്കിലും ലഗ്നത്തെ നോക്കുകയും ചെയ്താൽ രണ്ടാമത്തെ വിയോനിജന്മയോഗമാകുന്നു.

പാപാ ബലാഢ്യാഃ സ്വഭാഗഗാഃ പാരക്യേ വിബലാശ്ചശോഭനാഃ
ലഗ്നം ച വിയോനിസംജ്ഞകം ദൃഷ്ട്വാത്രാപി വിയോനിമാദിശേൽ.

പാപന്മാർ ബലവാന്മാരായിട്ട് തന്റെ നവാംശങ്ങളിലും ശുഭന്മാർ ബലഹീനന്മാരായിട്ട് അന്യനവാംശങ്ങളിലും നില്ക്കയും ലഗ്നവിയോനിസംജ്ഞമായി വരികയുംചെയ്താൽ ൩-ാമത്തെ വിയോനിജന്മയോഗമാകുന്നു.

ക്രിയഃശിരോവക്ത്രഗളേ ദ്വിതീയഃ
പാദാംസകം പൃഷ്ഠമുരോഽഥ പാർശ്വേ
കുക്ഷിസ്ത്വപാനോംഘ്ര്യഥമേഢ്രമുഷ്കൗ
സ്ഫിക്പുച്ഛമിത്യാഹ ചതുഷ്പദാംഗേ.

ചതുഷ്പാദ്രാശികളുടെ അംഗവിഭാഗത്തിൽ മേടം ശിരസ്സും, ഇടവം മുഖവും കഴുത്തും, മിഥുനം മുൻപിലത്തെ കാലുകളും തോളുകളും, കർക്കടകം പുറവും, ചിങ്ങം നെഞ്ചും, കന്നി ഇരുപുറവും, തുലാം വയറും, വൃശ്ചികം ഗുദവും, ധനു പുറകിലത്തെ കാലുകളും, മകരം ലിംഗവും വൃഷണവും, കുംഭം ചന്തിയും, മീനം വാലും ആകുന്നു.

ലഗ്നാംശകാൽ ഗ്രഹയോഗേക്ഷണാദ്വാ
വർണ്ണാൻ വദേൽ ബലയുക്താദ്വിയോനൗ
ദൃഷ്ട്യാ സമാനാൻ പ്രവദേൽ സ്വസംഖ്യയാ
രേഖാം വദേൽ സ്മരസംസ്ഥൈശ്ച പൃഷ്ഠേ.

ലഗ്നത്തിൽ ഏതൊരുഗ്രഹം ചേർന്നിരിക്കുന്നോ ആ ഗ്രഹത്തിൻെറ മുൻപറയപ്പെട്ട താമ്രാദിവർണ്ണം വിയോനിയിൽ ഉള്ള ജന്തുവിൽ പറയണം. ലഗ്നത്തിൽ ഗ്രഹം ഇല്ലാതെവന്നാൽ ഏതൊരുഗ്രഹം ലഗ്നത്തെ നോക്കുന്നോ ആ ഗ്രഹത്തിൻെറ നിറത്തെ പറയണം. ലഗ്നത്തിൽ ഗ്രഹയോഗവും ഗ്രഹദൃഷ്ടിയും ഇല്ലാതെ വന്നാൽ ലഗ്നത്തിൽ ഏതൊരു രാശിയുടെ നവാംശം വന്നിരിക്കുന്നോ ആ രാശിയുടെ നിറം പറയണം. വളരെ ഗ്രഹങ്ങളുടെ യോഗവും ദൃഷ്ടിയും വന്നാൽ പലേ വർണ്ണങ്ങളേയും ബലവാൻെറ വർണ്ണാധിക്യത്തെയും പറയണം. ഇതുകൂടാതെ ലഗ്നാധിപതിയുടെ യോഗദൃഷ്ടിയുള്ള രാശിയുടെ നവാംശം ലഗ്നത്തിൽ വന്നാൽ പ്രധാനമായി ആ വർണ്ണത്തെത്തന്നെ പറയണം. അവിടെത്തന്നെയും യാതൊരു ഗ്രഹം വിയോനിയിങ്കൽ യാതൊരു അംശത്തിൽ സ്ഥിതിചെയ്യുന്നുവോ അവിടെ തൻെറ വർണ്ണത്തേയും പറയാം. ഏഴാംഭാവത്തിൽ നിൽക്കുന്ന ഗ്രഹങ്ങളെക്കൊണ്ടു് പൃഷ്ഠത്തിങ്കലെ രേഖയെ പറയണം.

ഇനിയും പക്ഷിജന്മജ്ഞാനത്തെ പറയുന്നു:—

ഖഗേ ദൃഗാണേ ബലസംയുതേന വാ
ഗ്രഹേണ യുക്തേ ചരഭാംശകോദയേ
ബുധാംശകേ വാ വിഹഗാ സ്ഥലാംബുജാഃ
ശനൈശ്ചരേന്ദ്വീക്ഷണയോഗസംഭവാഃ ൭

മിഥുനത്തിൻെറ രണ്ടാമത്തേതും, ചിങ്ങത്തിൻെറ ആദ്യത്തേതും തുലാത്തിൻെറ രണ്ടാമത്തേതും കുംഭത്തിൻെറ ആദ്യത്തേതും പക്ഷിദ്രേക്കാണമാണു്. ഇതിൽ ഏതെങ്കിലും ഒരു പക്ഷിദ്രേക്കാണം ബലവാനായ ശനിയുടെ യോഗമോ ദൃഷ്ടിയോ വന്നാൽ സ്ഥലജപക്ഷികളുടേയും അപ്രകാരം ചന്ദ്രൻെറ യോഗമോ ദൃഷ്ടിയോ വന്നാൽ ജലപക്ഷികളുടെയും ജന്മത്തെപ്പറയണം. ഇങ്ങനെ ഒരു യോഗം. ഏതെങ്കിലും ഒരു ലഗ്നത്തിൻെറ ചരനവാംശകം, ബലവാനായ ശനിയുടെ യോഗമോ ദൃഷ്ടിയോ ഉണ്ടായാൽ സ്ഥലജപക്ഷികളുടേയും ബലവാനായ ബുധൻെറ യോഗമോ ദൃഷ്ടിയോ ഉണ്ടായാൽ ജലജപക്ഷികളുടേയും ജന്മത്തെ പറയണം. ഇതു് രണ്ടാമത്തെ യോഗം. മിഥുനമോ കന്നിയോ ആയ ബുധൻെറ നവാംശകം, തല്ക്കാലലഗ്നമാകയും അവിടെ ശനിയുടെ യോഗമോ ദൃഷ്ടിയോ വന്നാൽ സ്ഥലപക്ഷികളുടേയും ചന്ദ്രൻെറ ദൃഷ്ടിയോ യോഗമോ വന്നാൽ ജലപക്ഷികളുടേയും ജന്മത്തെ പറയണം; ഇതു് മൂന്നാമത്തെ യോഗം.

വൃക്ഷജന്മജ്ഞാനം —

ഹോരേന്ദുസൂരിരവിഭിർവ്വിബലൈസ്തരൂണാം
തോയസ്ഥലേ തരുഭവോംശകൃതഃ പ്രഭേദഃ
ലഗ്നാൽ ഗ്രഹസ്ഥലജലർക്ഷപതിസ്തു യാവാം-
സ്താവന്ത ഏവ തരവസ്ഥലതോയജാതാഃ. ൯

ലഗ്നം ചന്ദ്രൻ വ്യാഴം ആദിത്യൻ ഇവർ ബലമില്ലാതെയിരിക്കുമ്പോൾ ചോദിക്കപ്പെട്ടാൽ വൃക്ഷജന്മത്തെ ചോദിക്കുന്നു എന്നു പറയണം. ആ വൃക്ഷജന്മംതന്നെ ജലത്തിലോ നിർജ്ജലപ്രദേശത്തിലോ എന്നുള്ളഭേദം നവാംശകംകൊണ്ട് അറിയണം. ജലരാശ്യംശകോദയമാണെങ്കിൽ അത്രപ്രദേശങ്ങളിലായ വൃക്ഷങ്ങളുടെ ജന്മത്തെയും ജലരാശ്യംശകോദയമല്ലെങ്കിൽ സ്ഥലജങ്ങളായ വൃക്ഷങ്ങളുടെ ജന്മത്തെയും പറയണം. കർക്കടമകരാപശ്ചാർദ്ധമീനങ്ങൾ തോയരാശികളാകുന്നു. സ്ഥലരാശിയുടെയോ ജലരാശിയുടെയോ അധിപതിയായ ഗ്രഹം ലഗ്നത്തിൽനിന്ന് എവിടെ നിൽക്കുന്നുവോ അത്രമാത്രം സ്ഥലജങ്ങളും ജലജങ്ങളും ആയ വൃക്ഷങ്ങളുടെ സംഖ്യകളേയും ഊഹിച്ചുകൊള്ളണം.

അന്തസ്സാരാൻ ജനയതി രവിർദ്ദുർഭഗാൻ സൂര്യസൂനുഃ
ക്ഷീരോപേതാംസ്തുഹിനകിരണഃ കണ്ടകാഢ്യാംശ്ച ഭൌമഃ
വാഗീശജ്ഞൌ സഫലവിഫലാൻ പുഷ്പവൃക്ഷാംശ്ച ശുക്രഃ
സ്നിഗ്ദ്ധാനിന്ദുഃ കടുകവിടപാൻ ഭൂമിപുത്രശ്ച ഭൂയഃ ൧൦

സൂര്യൻ, നവാംശകാധിപതിയായാൽ ഉള്ളിൽ കാതലുള്ള വൃക്ഷങ്ങളേയും, ശനി ദുർഭഗങ്ങളും മനസ്സിനു അപ്രിയങ്ങളായ വൃക്ഷങ്ങളേയും ചന്ദ്രൻ കറയുള്ള വൃക്ഷങ്ങളേയും ചൊവ്വ മുള്ളുള്ള വൃക്ഷങ്ങളേയും വ്യാഴം ഫലമുള്ള വൃക്ഷങ്ങളേയും ബുധൻ ഫലമില്ലാത്ത വൃക്ഷങ്ങളേയും ശുക്രൻ പുഷ്പപ്രധാനങ്ങളായ ചമ്പകാദിവൃക്ഷങ്ങളേയും ജനിപ്പിക്കുന്നു. ഇതുകൂടാതെ ചന്ദ്രൻ സ്നിഗ്ദ്ധങ്ങളായ വൃക്ഷങ്ങളേയും ചൊവ്വാ കടുകവൃക്ഷങ്ങളേയുംകൂടി ജനിപ്പിക്കുന്നു.

ഇനിയും ഭൂതശുഭാശുഭജ്ഞാനത്തെയും സംഖ്യയേയും പറയുന്നു:—

ശുഭോഽശുഭർക്ഷേ രുചിരം കുഭൂമിജം
കരോതി വൃക്ഷം വിപരീതമന്യഥാ
പരാംശകേ യാവതി വിച്യുതഃ സ്വകാൽ
ഭവന്തി തുല്യാസ്തരവസ്തഥാവിധാഃ. ൧൧

സ്ഥലജലാംശപതിയായ ശുഭഗ്രഹം തൽക്കാലം അശുഭക്ഷേത്രത്തിൽ നിന്നാൽ ശോഭനമാണെങ്കിലും അശോഭനഭൂമിയിൽ ജനിച്ച വൃക്ഷത്തെ പറയണം. അന്യപ്രകാരത്തിലാണെങ്കിൽ (അശുഭഗ്രഹം ശുഭക്ഷേത്രത്തിൽ നിൽക്കുകയാണെങ്കിൽ) വിപരീതത്തെയും (അശോഭനമാണെങ്കിലും ശോഭനഭൂമിയിൽ ഉണ്ടായ വൃക്ഷത്തെയും) പറയണം. ഇതുകൊണ്ട് ശുഭഗ്രഹം ശുഭക്ഷേത്രത്തിൽ തന്നെ നിന്നാൽ ശോഭനവും ശോഭനഭൂമിയിൽ ജനിച്ചതും ആയ വൃക്ഷത്തെയും അശുഭഗ്രഹം അശുഭക്ഷേത്രത്തിൽ നിന്നാൽ അശോഭനവും അശോഭനഭൂമിയിൽ ജനിച്ചതും ആയ വൃക്ഷത്തിന്റെ ജന്മത്തെയും പറയണമെന്നു സിദ്ധമായി. തന്റെ സ്ഥലജലാംശപതിയായ ഗ്രഹം സ്വനവാംശകത്തിൽനിന്ന് വിച്യുതനായിട്ട് ഏതു പരനവാംശകത്തിൽ നിൽക്കുന്നുവോ തജ്ജാതീയങ്ങളായ അത്രമാത്രം വൃക്ഷസംഖ്യകളേയും പറയണം.

ചതുഷ്പാജ്ജന്മജ്ഞാനം:—

ദേഹാംബുഗൌ സുഖാംഗേശൌ ചതുഷ്പാജ്ജനനം വദേൽ
ദേഹേശേ സുഖപേ വാഹികേതുയുക്തേ പശോർജ്ജനിഃ. ൧൨

നാലാം ഭാവാധിപൻ ലഗ്നത്തിലും ലഗ്നേശൻ നാലാംഭാവത്തിലും നിന്നാൽ നാല്ക്കാലുള്ള ജന്തുക്കളുടെ ജനനത്തെയും ലഗ്നാധിപതിയോ നാലാം ഭാവാധിപതിയോ രാഹുകേതുക്കളോട്ടു ചേന്നാൽ പശുജന്മത്തെയും പറയണം

ഗവാദിജനനജ്ഞാനം —

ശുക്രേക്ഷിതേ ഗോജനനം മഹിഷ്യ്ക്കിയുതേക്ഷിതേ
രാഹുകേതുയുതേ മേഷഃ പാപാഢ്യേഽന്യപശോർജനിഃ ൨൦

ലഗ്നാധിപനോ സുഖസ്ഥാനാധിപനോ ശുക്രദൃഷ്ടിയുണ്ടെങ്കിൽ ഗോവിന്റേയും ശനിയുടെ യോഗമോ ദൃഷ്ടിയോ ഉണ്ടെങ്കിൽ എരുമയുടെയും രാഹുകേതുക്കളുടെ യോഗമുണ്ടെങ്കിൽ ആടിന്റേയും പാപന്മാരോട്ടുചേന്നാൽ പശുവല്ലാത്ത ഏതെങ്കിലും ജന്തുവിന്റേയും ജന്മത്തെ പറയണം.

ഇനിയും നിഷേകവിധിയെപ്പറയുന്നു —

കുജേന്ദുഹേതു പ്രതിമാസമാർത്തവം
ഗതേ തു പീഡർക്ഷമനുഷ്ണദീധിതൗ
അതോഽന്യഥാസ്ഥേ ശുഭപുംഗ്രഹേക്ഷിതേ
നരേണ സംയോഗമുപൈതി കാമിനീ. ൨൧

സ്ത്രീകളുടെ മാസംതോറും ഉള്ള ആർത്തവത്തിന് ചൊവ്വായും ചന്ദ്രനും കാരണമാണ്. അതിനാൽ ചന്ദ്രൻ കുജദൃഷ്ടിയോടുകൂടി സ്ത്രീയുടെ അനുപചയരാശി (ലഗ്നം ൨ ൪ ൫ ൭ ൮ ൯ ൧൨ ഇവയിൽ) നില്ക്കുമ്പോഴും, ചന്ദ്രൻ പുരുഷന്റെ ഉപചയരാശി (൩ ൬ ൧൦ ൧൧) യിൽ ശുഭനായ പുരുഷഗ്രഹത്തിന്റെ ദൃഷ്ടിയോടുകൂടി സ്ഥിതി ചെയ്യുമ്പോഴും സ്ത്രീയ്ക്കു ഗർഭം ഉണ്ടാകുന്നു. ചന്ദ്രൻ ജലവും കുജൻ അഗ്നിയുമാണ്. ജലം രക്തവും, അഗ്നി പിത്തവും ആകുന്നു. ഇങ്ങനെ രക്തം ക്ഷോഭിക്കുമ്പോൾ പിത്തംനിമിത്തം സ്ത്രീകൾക്കു രജസ്സ് നിർഗ്ഗമിക്കുന്നു. അതിനാലാണ് ഇവിടെ ആർത്തവം കുജേന്ദുഹേതു എന്നു പറഞ്ഞതു്. ചന്ദ്രനു കുജദൃഷ്ടിയുണ്ടായിരിക്കണം എന്നതു് അന്യശാസ്ത്രകാരന്മാരും സ്വീകരിച്ചതാണ്.

സംഭോഗപ്രകാരം:—

യഥാസ്തരാശിർമിഥുനം സമേതി
തഥൈവ വാച്യോ മിഥുനപ്രയോഗഃ
അസൽഗ്രഹാലോകിതസംയുതേഽസ്തേ
സരോഷ ഇഷ്ടൈസ്സവിലാസഹാസഃ. ൨൨

ആധാനലഗ്നത്തിന്റേയോ പ്രശ്നലഗ്നത്തിന്റേയോ ഏഴാംരാശി ഏതൊരു സ്ത്രീപുരുഷനാമധേയത്തോടുകൂടിയതാണോ അപ്രകാരം ആ പുരുഷന്റെ സംയോഗം വാച്യമാണ്. ആ ഏഴാംഭാവത്തിനു പാപഗ്രഹങ്ങളുടെ ദൃഷ്ടിയോ യോഗമോ ഉണ്ടെങ്കിൽ സംയോഗം രോഷത്തോടുകൂടിയതായിരുന്നു എന്നും. ശുഭന്മാരുടെ ദൃഷ്ടിയോ യോഗമോ ഉണ്ടെങ്കിൽ വിലാസം ഹാസം സീൽക്കാരം ഇവയോടു സംയുതമായിരുന്നു എന്നും, ശുഭപാപയോഗദൃഷ്ടികൾ ഉണ്ടെങ്കിൽ രോഷഹാസസംയുക്തമായിരുന്നു എന്നും അറിയണം.

ഗർഭസംഭവാസംഭവജ്ഞാനം —

രവീന്ദുശുക്രാവനിജൈഃ സ്വഭാഗഗൈ-
ർഗ്ഗുരൗ ത്രികോണോദയസംസ്ഥിതേഽപി വാ
ഭവത്യപത്യം ഹി വിബീജിനാമിമേ.
കരാ ഹിമാംശോർവ്വിദൃശാമിവാഫലാഃ. ൨൩

ഗർഭാധാനകാലത്തിൽ സൂര്യൻ ശുക്രൻ ചൊവ്വാ ഇവർ സ്വനവാംശകസ്ഥിതന്മാരായാൽ ഗർഭം ഉണ്ടാകുന്നു. എന്നാൽ ഇവരിൽ എല്ലാവരും സ്വനവാംശകസ്ഥ

ന്മാരല്ല എങ്കിൽ പുരുഷന്റെ അനുപചയരാശികളിൽ സ്വനവാംശകത്തിൽ സൂൎയ്യ ശുക്രന്മാർ നിന്നാലും സ്ത്രീയുടെ ഉപചയരാശികളിൽ സ്വനവാംശകത്തിൽ കുജചന്ദ്രന്മാർ നിന്നാലും ഗൎഭം ഉണ്ടാകും എന്നു ധരിച്ചുകൊള്ളണം. ഗുരു അഞ്ചൊൻപതാംരാശികളിലോ ലഗ്നത്തിലോ നിന്നാലും ഗൎഭം ഉണ്ടാകും. ഈ യോഗങ്ങൾ ബീജം ഇല്ലാത്ത സ്ത്രീപുരുഷന്മാൎക്കു് ചന്ദ്രരശ്മികൾ അന്ധന്മാൎക്കു് എന്നപോലെ അഫലങ്ങളാണു്.

ഗൎഭാധാനംതുടങ്ങി പ്രസവകാലംവരെ സ്ത്രീപുരുഷസൌഖ്യാസൌഖ്യജ്ഞാനം —

ദിവാകരേന്ദ്വോഃ സ്മരഗൌ കുജാൎക്കജൌ
ഗദപ്രദൌ പുംഗലയോഷിതോസ്തദാ
വ്യയസ്വഗൌ മൃത്യുകരൌ യുതൌ തദാ
തദേകദൃഷ്ട്യാ മരണായ കല്പിതൌ. ൧൪

ഗൎഭാധാനകാലത്തിൽ ചൊവ്വായും ശനിയും സൂൎയ്യന്റെ ഏഴാംഭാവത്തിൽ നിന്നാൽ പുരുഷനും ചന്ദ്രന്റെ ഏഴാംഭാവത്തിൽ നിന്നാൽ സ്ത്രീയ്ക്കും രോഗത്തെ കൊടുക്കും. അപ്രകാരം ചൊവ്വായും ശനിയും സൂൎയ്യചന്ദ്രന്മാരുടെ ൧൨-ാം ഭാവത്തിലും ൨-ാം ഭാവത്തിലും നിന്നാൽ പുരുഷനും സ്ത്രീയ്ക്കും മൃത്യുവിനെ കൊടുക്കും. ആ കുജശനികളിൽവച്ചു് ഒരുത്തനോടു് ആദിത്യൻ ചേരുകയും അന്യനാൽ ദൃഷ്ടനാകുകയും ചെയ്താൽ പുരുഷനും, ഒരുത്തനോടു ചന്ദ്രൻ ചേരുകയും അന്യനാൽ ദൃഷ്ടനാകുകയും ചെയ്താൽ സ്ത്രീയ്ക്കും മരണമുണ്ടാകും.

ഇനിയും നിഷിക്തന്റെ പിത്രാദികളുടെ ശുഭാശുഭജ്ഞാനം:—

ദിവാൎക്കശുക്രൌ പിതൃമാതൃസംജ്ഞിതൌ
ശനൈശ്ചരേന്ദൂ നിശി തദ്വിപൎയ്യയാൽ
പിതൃവ്യമാതൃഷ്വസൃസംജ്ഞിതൌ ച താ-
വഥൌജയുഗ്മൎക്ഷഗതൌ തയോശ്ശുഭൌ. ൧൫

പകൽ, നിഷിക്തനായോ ജാതനായോ ഇരിക്കുന്നവനു് സൂൎയ്യൻ പിതാവും, ശുക്രൻ മാതാവും, രാത്രിയിൽ ശനി പിതാവും ചന്ദ്രൻ മാതാവും, പകൽ ശനി പിതൃവ്യനും ചന്ദ്രൻ മാതൃഷ്വസാവും, രാത്രിയിൽ സൂൎയ്യൻ പിതൃവ്യനും ശുക്രൻ മാതൃഷ്വസാവും ആകുന്നു. മുൻപറഞ്ഞ ഗ്രഹങ്ങൾ ഓജയുഗ്മരാശികളെ ഗമിച്ചാൽ ശുഭന്മാരാകുന്നു. എങ്ങനെ എന്നുവച്ചാൽ പകൽ സൂൎയ്യൻ വിഷമരാശിസ്ഥനായാൽ പിതാവിനും രാത്രിയിൽ പിതൃവ്യനും, പകൽ ശുക്രൻ സമരാശിസ്ഥനായാൽ മാതാവിനും രാത്രിയിൽ മാതൃഷ്വസാവിനും ശനി രാത്രിയിൽ വിഷമരാശിസ്ഥനായാൽ പിതാവിനും പകൽ സമരാശിസ്ഥനായാൽ പിതൃവ്യനും, ചന്ദ്രൻ രാത്രിയിൽ സമരാശിസ്ഥനായാൽ മാതാവിനും പകൽ മാതൃഷ്വസാവിനും ശുഭദന്മാരാകുന്നു. ഇതിനു വിപരീതമായാൽ അശുഭന്മാരാകുന്നു.

ശീതജ്യോതിഷി യോഷിതോഽനുപചയസ്ഥാനേ കുജേനേക്ഷിതേ
ജാതം ഗൎഭഫലപ്രദം ഖലുരജഃ സ്യാദന്യഥാ നിഷ്ഫലം
ദൃഷ്ടേഽസ്മിൻ ഗുരുണാ നിജോപചയഗേ കുൎയ്യാന്നിഷേകം പുമാ-
നത്യാജ്യേ ച സമൂലഭേ ശുഭഗുണേ പൎവ്വാദികാലോജ്ഝിതേ.

ചന്ദ്രൻ സ്ത്രീയുടെ അനുപചയസ്ഥാനത്തിൽ കുജദൃഷ്ടിയോടുകൂടി നില്ക്കുമ്പോൾ ഉണ്ടായ രജസ്സു് ഗൎഭഫലപ്രദമായി ഭവിക്കും. അന്യപ്രകാരത്തിലായാൽ നിഷ്ഫലമാകുന്നു. ചന്ദ്രൻ വ്യാഴത്താൽ ദൃഷ്ടനായിട്ടു് പുരുഷന്റെ ഉപചയസ്ഥാനത്തിൽ നില്ക്കുമ്പോഴും പൎവ്വാദികാലമൊഴിച്ചുള്ള ശുഭകാലത്തിലും പുമാൻ നിഷേകത്തെ ചെയ്യണം.

വിഭാവരീഷോഡശഭാമിനീനാ-
മുത്തുൽഗമാദ്യാ ഋതുകാലമാഹുഃ
നാദ്യാശ്ചതസ്രോऽത്ര നിഷേകയോഗ്യാഃ
പരാശ്ച യുഗ്മാഃ സുതദാഃ പ്രശസ്താഃ

സ്ത്രീകൾക്ക് ഋതുവായതു മുതൽ ഉള്ള പതിനാറു രാത്രികൾ ഋതുകാലമെന്നു പറയുന്നു. അവയിൽ ആദ്യത്തെ നാലു രാത്രികൾ ഗർഭാധാനത്തിനു യോഗ്യകളല്ല. ശേഷമുള്ളവയിൽ ൬ ൮ ഇത്യാദി യുഗ്മകളായ രാത്രികൾ പുത്രനെ കൊടുക്കുന്നവയും അയുഗ്മകൾ പുത്രിയെ കൊടുക്കുന്നവയും ആകുന്നു.

നാലാംദിവസംമുതൽഉള്ള പുത്രോല്പാദനഫലത്തെ പറയുന്നു:—

പുത്രോऽല്പായുർദാരികാ,വംശകർത്താ,
വന്ധ്യാ,പുത്ര,സ്സുന്ദരീ,ശോ,വിരൂപാ,
ശ്രീമാൻ,പാപാ,ധർമ്മശീല,സ്സുധാ സ്ത്രീ,
സർവ്വജ്ഞഃ,സ്യാത്തുര്യരാത്രേഃ ക്രമേണ.

ഋതുവായതിന്റെ നാലാംദിവസംമുതൽ പതിനാറു രാത്രിവരെ സന്താനോല്പാദനം ചെയ്താൽ ക്രമേണ അല്പായുസ്സായ പുത്രനും സ്ത്രീയും വംശവർദ്ധനനായ പുത്രനും പ്രസവിക്കാത്ത സ്ത്രീയും അപുത്രനായ സുതനും സൗന്ദര്യമുള്ള സ്ത്രീയും അധിപനായ പുത്രനും വിരൂപയായ സ്ത്രീയും ശ്രീമാനായ പുത്രനും പാപയായ സ്ത്രീയും ധർമ്മശീലനായ പുത്രനും ധർമ്മശീലയായ സ്ത്രീയും സർവ്വജ്ഞനായ പുത്രനും ജനിക്കും.

അസ്മിന്നാധാനലഗ്നേ തു ശുഭദൃഷ്ടിയുതേऽഥവാ
ദീർഘായുർഭാഗ്യവാൻ ജാതഃ സർവ്വവിദ്യാന്തമേഷ്യതി.

അല്ലെങ്കിൽ ഈ ആധാനലഗ്നം ശുഭദൃഷ്ടിയോടുകൂടിയതായിരിക്കുകയാണെങ്കിൽ ദീർഘായുസ്സായും ഭാഗ്യവാനായും ഇരിക്കുന്ന പുത്രൻ ഉണ്ടാകും. സർവ്വവിദ്യാന്തത്തെ പ്രാപിക്കയും ചെയ്യും.

പുരുഷസ്ത്രീജന്മജ്ഞാനത്തെ പറയുന്നു—

ഓജർക്ഷേ പുരുഷാംശകേഷു ബലിഭിർലഗ്നാർക്കഗുർവ്വിന്ദുഭിഃ
പുംജന്മപ്രവദേൽ സമാംശകഗതൈര്യുഗ്മേഷു തൈര്യോഷിതഃ
ഗുർവർക്കൗ വിഷമേ നരം ശശിസുതൗ വക്രശ്ച യുഗ്മേ സ്ത്രിയം
ദ്വ്യംശസ്ഥാ ബുധവീക്ഷണാച്ചയമളൌ കുർവ്വന്തി പക്ഷേ സ്വകേ

ഉദയലഗ്നം ബലമുള്ളതും ഓജരാശിയും ആയിരിക്കയും സൂര്യൻ വ്യാഴം ചന്ദ്രൻ ഇവർ വിഷമരാശിയിലും വിഷമരാശിനവാംശത്തിലും ബലവാന്മാരായി നിൽക്കയും ചെയ്താൽ പുരുഷന്റെ ജനനത്തെ പറയണം. ഉദയലഗ്നം ബലമുള്ളതും യുഗ്മരാശിയും ആയിരിക്കയും സൂര്യൻ മുതലായവർ യുഗ്മരാശിയിലും യുഗ്മരാശിനവാംശത്തിലും നിൽക്കുകയും ചെയ്താൽ സ്ത്രീയുടെ ജന്മത്തെ പറയണം. വ്യാഴവും സൂര്യനും വിഷമരാശിയിൽ ബലവാന്മാരായും ഇരുന്നാലും പുരുഷന്റെ ജന്മത്തെ ചെയ്യും. ചന്ദ്രനും ശുക്രനും ബലവാന്മാരായി യുഗ്മരാശിയിൽ ഇരുന്നാലും സ്ത്രീജന്മത്തെ ചെയ്യും. ഈ ആദിത്യൻ തുടങ്ങിയ ഗ്രഹങ്ങൾതന്നെ ബുധദൃഷ്ടനായിട്ടു സ്വപക്ഷത്തിൽ (പുരുഷനവാംശത്തിലും സ്ത്രീനവാംശത്തിലും) ഉഭയരാശിസ്ഥിതന്മാരായാൽ ഇരട്ടപ്രജ ജനിക്കും എന്നു പറയണം.

അന്യപുംജന്മയോഗത്തെ പറയുന്നു—

വിഹായ ലഗ്നം വിഷമർക്ഷസംസ്ഥഃ
സൌരോऽപി പുംജന്മകരോ വിലഗ്നാൽ

പ്രോക്തഗ്രഹാണാമവലോക്യ വീര്യം
വാച്യഃ പ്രസൂതൌ പുരുഷോംഗനാ വാ.

മുൻപറഞ്ഞയോഗം ഇല്ലെങ്കിൽ, ആധാനലഗ്നത്തിലോ പൃച്ഛാകാലലഗ്നത്തിലോ അല്ലാതെ ശനി, ലഗ്നത്തിൽനിന്ന്, വിഷമരാശിസ്ഥിതനാണെങ്കിലും പുരുഷജന്മത്തെ പറയാം. മുൻപറഞ്ഞ ഗ്രഹങ്ങളുടെ വീര്യത്തെ ആലോചിച്ചുനോക്കിയിട്ടുവേണം പ്രസവകാലത്തിൽ പുരുഷനെന്നോ സ്ത്രീയെന്നോ പറയേണ്ടത്.

ഇനിയും നപുംസകജന്മത്തെ പറയുന്നു—

അന്യോന്യം യദി പശ്യതഃ ശശിരവീ യദ്യാർക്കിസൌമ്യാവപി
വക്രോ വാ സമഗം ദിനേശമസമേ ചന്ദ്രോദയൌ ചേൽ സ്ഥിതൌ
യുഗ്മൌജർക്ഷഗതാവപീന്ദുശശിജൌ ഭൂമ്യാത്മജേനേക്ഷിതൌ
പുംഭാഗേ സിതലഗ്നശീതകിരണാഃ സ്യുഃ ക്ലീബയോഗാശ്ച ഷൾ.

യുഗ്മരാശിസ്ഥനായ ചന്ദ്രൻ ഓജരാശിസ്ഥനായ സൂര്യനെ നോക്കുകയോ സൂര്യൻ ചന്ദ്രനെ നോക്കുകയോ ചെയ്താൽ ഒന്നാമത്തെ ക്ലീബയോഗമാകുന്നു. യുഗ്മരാശിസ്ഥനായ ശനി ഓജരാശിസ്ഥനായ ബുധനെ നോക്കുകയോ ബുധൻ ശനിയെ നോക്കുകയോ ചെയ്താൽ രണ്ടാമത്തെ ക്ലീബയോഗമാകുന്നു. വിഷമരാശിസ്ഥനായ വക്രൻ (ചൊവ്വാ) സമരാശിസ്ഥനായ സൂര്യനെ നോക്കുകയോ സൂര്യൻ കുജനെ നോക്കുകയോ ചെയ്താൽ മൂന്നാമത്തെ ക്ലീബയോഗമാകുന്നു. ചന്ദ്രനും ലഗ്നവും വിഷമരാശിയിൽ നിൽക്കുകയും കുജൻ നോക്കുകയും ചെയ്താൽ നാലാമത്തെ ക്ലീബയോഗമാകുന്നു. ചന്ദ്രൻ യുഗ്മരാശിസ്ഥനായിട്ടും ബുധൻ വിഷമരാശിസ്ഥനായിട്ടും ഇരിക്കയും കുജദൃഷ്ടിയുണ്ടാകുകയും ചെയ്താൽ അഞ്ചാമത്തെ ക്ലീബയോഗമാകുന്നു. ശുക്രനും ഉദയലഗ്നവും ചന്ദ്രനും വിഷമനവാംശകത്തിൽ നിന്നാൽ ആറാമത്തെ ക്ലീബയോഗമാകുന്നു.

ദ്വിത്രിഗർഭസംഭവയോഗത്തെ പറയുന്നു—

യുഗ്മേ ചന്ദ്രസിതാവഥൌജഭവനേ സ്യുർജ്ഞാരജീവോദയാ
ലഗ്നേന്ദൂ നൃനിരീക്ഷിതൌ ച സമഗൌ യുഗ്മേഷു വാ പ്രാണിനഃ
കുര്യുസ്തേ മിഥുനം ഗ്രഹോദയഗതാൻ ദ്വ്യംഗാംശകാൻ പശ്യതി
സ്വാംശേ ജ്ഞേ ത്രിതയം ജ്ഞഗാംശകവശാൽ യുഗ്മം ത്വമിശ്രൈസ്സമം

ചന്ദ്രശുക്രന്മാർ സമരാശിസ്ഥന്മാരായും ബുധൻ ചൊവ്വാ വ്യാഴം ഇവരും ഉദയലഗ്നവും വിഷമരാശിസ്ഥന്മാരായി വരികിലും, ഉദയലഗ്നവും ചന്ദ്രനും സമരാശിസ്ഥന്മാരാകയും പുരുഷഗ്രഹം നോക്കുകയും ചെയ്താലും അവർതന്നെ (മുൻപറഞ്ഞ ബുധൻ മുതലായവർ) യുഗ്മരാശിയിൽ ബലവാന്മാരായി നിന്നാലും രണ്ടു പ്രജ ഉണ്ടെന്നും, എല്ലാഗ്രഹങ്ങളും ഉദയരാശിനവാംശകഗതന്മാരായും ലഗ്നവും ഉദയരാശ്യംശവുമായും ഇരിക്കയും ആ ഗ്രഹോദയോദയാംശകങ്ങളെ സ്വനവാംശകസ്ഥനായ ബുധൻ നോക്കുകയും ചെയ്താൽ മൂന്നുപ്രജയുണ്ടെന്നും പറയണം. എന്നാൽ ഇവിടെ അല്പം വിശേഷം ഉണ്ട്. ബുധൻ ഏതൊരു നവാംശത്തിൽ നിൽക്കുന്നു അതു ഏതൊരു ലിംഗത്തോടുകൂടിയതാണോ ആ ലിംഗത്തോടുകൂടിയതാണ് ആ ഗർഭത്തിലെ യുഗ്മം എന്നും ഒന്നു അതിന് വിപരീതമെന്നും പറയണം. എങ്ങനെ എന്നുവച്ചാൽ ബുധൻ മിഥുനാംശകത്തിൽനിന്ന് ഉദയാംശങ്ങളായ ഗ്രഹോദയങ്ങളെ നോക്കുകയാണെങ്കിൽ ഗർഭത്തിൽ രണ്ടുപുത്രനും ഒരു പുത്രിയും ഉണ്ടെന്നും ബുധൻ കന്യാനവാംശകസ്ഥനായിട്ടു ഉദയാംശകങ്ങളായ ഗ്രഹോദയങ്ങളെ നോക്കുകയാണെങ്കിൽ രണ്ടുപുത്രിയും ഒരു പുത്രനും ഗർഭത്തിൽ ഉണ്ടെന്നും പറയണം. മുൻപറഞ്ഞ സർവ്വഗ്രഹങ്ങളും ഉദയലഗ്നവും ബുധനും അമിശ്രസ്ഥിതന്മാരാണെങ്കിൽ (ഉദയരാശിസമാനലിംഗസ്ഥിതന്മാരാണെങ്കിൽ) മൂന്നുപ്രജയും ഒരേവിധം ആണെന്ന് പറയണം. എങ്ങനെ എന്നുവച്ചാൽ മിഥുനനവാംശകസ്ഥിതനായ ബുധൻ

മിഥുനധനാംശകവ്യവസ്ഥിതങ്ങളായ ഗ്രഹോദയങ്ങളെ നോക്കുകയാണെങ്കിൽ മൂന്നു പ്രജയും പുരുഷനാണെന്നും കന്യാംശകസ്ഥിതനായ ബുധൻ, കന്യമീനാംശകസ്ഥിതങ്ങളായ ഗ്രഹോദയങ്ങളെ നോക്കുകയാണെങ്കിൽ മൂന്നു പ്രജയും സ്ത്രീയാണെന്നും പറയണം.

മൂന്നിലധികമുള്ള ഗർഭജ്ഞാനോപായത്തെ പറയുന്നു—

ധനുർദ്ധരസ്യാന്ത്യഗതേ വിലഗ്നേ
ഗ്രഹൈസ്തദംശോപഗതൈർബ്ബലിഷ്ഠൈഃ
ജ്ഞേനാർക്കിണാ വീര്യയുതേന ദൃഷ്ടൈഃ
സന്തി പ്രഭൂതാ അപി കോശസംസ്ഥാഃ

ധനുവോ ധനുവിന്റെ അംശകമോ ലഗ്നമാകുകയോ സർവ്വഗ്രഹങ്ങളും ബലവാന്മാരായിട്ട് ധനുരാശിക്കത്തെ പ്രാപിക്കുകയും വീര്യവാനായ ബുധനാലും ശനിയാലും ദൃഷ്ടന്മാവുകയും ചെയ്താൽ ഗർഭത്തിൽ വളരെ പ്രജകളും ഉണ്ടു് എന്നു് പറയണം.

ദ്വിശരീരാംശസംയുക്താൻ ഗ്രഹാൻ ലഗ്നം ച പശ്യതി
കന്യാംശകഗതശ്ചാന്ദ്രി ഗർഭസ്ഥം ത്രിതയം വദേൽ.

കന്യാംശസ്ഥിതനായ ചാന്ദ്രി (ബുധൻ) ഉദയരാശ്യംശകസ്ഥിതന്മാരായ ഗ്രഹങ്ങളെ നോക്കുന്നുവെങ്കിൽ ഗർഭത്തിൽ മൂന്നു പ്രജയുണ്ടു് എന്നു പറയണം.

യുഗ്മാംശകസ്ഥ കന്യൈകാ ദ്വൌ പുമാംസൌ ച ഗർഭജാഃ
യുഗ്മാംശകാൻ വിലഗ്നം ച ഗർഭസ്ഥാഃ പുരുഷാസ്ത്രയഃ

ബുധൻ മിഥുനാംശകസ്ഥനായിട്ട് ഉദയരാശ്യംശകസ്ഥന്മാരായ ഗ്രഹങ്ങളേയും ലഗ്നത്തേയും നോക്കിയാൽ ഗർഭത്തിൽ ഒരു കന്യയും രണ്ടു പുരുഷന്മാരും ഉണ്ടെന്നും, മിഥുനാംശകഗതന്മാരായ ഗ്രഹങ്ങളെയും ലഗ്നത്തേയും നോക്കുന്നുഎങ്കിൽ ഗർഭത്തിൽ ഉള്ള പ്രജകൾ മൂന്നും പുരുഷന്മാരാണെന്നും പറയണം.

കന്യായുഗ്മാംശകോപേതാസ്തഥാ യുഗ്മാംശകോ ബുധഃ
കന്യാനവാംശകസ്സൌമ്യസ്ത്രിസ്ത്രോ ഗർഭഗതാംഗനാഃ

മിഥുനാംശകസ്ഥനായ ബുധൻ കന്നിയോ മിഥുനമോ ആയ നവാംശകത്തിൽ സ്ഥിതിചെയ്യുന്ന ഗ്രഹങ്ങളെ നോക്കുകയോ കന്യാനവാംശകസ്ഥനായ ബുധൻ മേൽപ്രകാരം നോക്കുകയോ ചെയ്താൽ ഗർഭത്തിൽ മൂന്നും സ്ത്രീപ്രജകളാണെന്നും പറയണം.

ദ്വിസ്വഭാവഗതാവർക്കഗുരു ബുധനിരീക്ഷിതൌ
പുംയുഗ്മം കുരുതസ്തദ്വൽ ശശിശുക്രമഹീസുതാഃ

സൂര്യനും വ്യാഴവും ബുധദൃഷ്ടന്മാരായിട്ട് ഉദയരാശിസ്ഥന്മാരായിരിക്കുന്നു എങ്കിലും ചന്ദ്രനും ശുക്രനും കുജനും അപ്രകാരം ഇരുന്നാലും രണ്ടു പുരുഷപ്രജയെ പറയണം.

കുർവ്വന്തി സ്ത്രീയുഗം തത്ര ബലാബലവിശേഷതഃ
സ്ത്രീനപുംസകരശ്ചാന്ദ്രിഃ പുംനപുംസകരോർക്കജഃ

മുൻപറഞ്ഞ ഗ്രഹങ്ങൾ ബലാബലവിശേഷത്താൽ രണ്ടു സ്ത്രീ പ്രജയെ ചെയ്യുന്നവരായും തീരും. ബുധൻ സ്ത്രീനപുംസകരനും ശനി പുന്നപുംസകരനും ആകുന്നു.

നിഷേകകാലേ ചന്ദ്രാർക്കാവന്യോന്യം യദി പശ്യതഃ
തഥൈവ ചന്ദ്രമന്ദൌ വാ ക്ലീബജന്മപ്രദൌ തഥാ.

നിഷേകകാലത്തിങ്കൽ ചന്ദ്രസൂര്യന്മാർ പരസ്പരം നോക്കുന്നു എങ്കിലും അപ്രകാരംതന്നെ ചന്ദ്രനും ശനിയും അന്യോന്യം നോക്കുന്നുഎങ്കിലും നപുംസകജന്മത്തെ പറയണം.

നിഷേകഭ്രാതൃലഗ്നേശയോഗേ യമളസംഭവഃ
ലഗ്നേശേ ഭ്രാതൃപക്ഷസ്ഥേ സ്വോച്ചേ വാ യമളോത്ഭവഃ

നിഷേകലഗ്നത്തിന്റെയും ഭ്രാതൃലഗ്നത്തിന്റെയും യോഗത്തിലും ലഗ്നേശൻ ഭ്രാതൃപക്ഷസ്ഥനായോ തന്റെ ഉച്ചരാശിയിൽ നില്ക്കുകയോ ചെയ്താലും രണ്ടു നപുംസകപ്രജയെ പറയണം.

ഷഷ്ഠേശോ ദേഹസംബന്ധീ ബുധഃ ഷഷ്ഠഗതോ യദി
ബുധക്ഷേത്രേ ച ജനനം യസ്യ സ സ്ത്രീനപുംസകഃ
ബുധസ്ഥാനേന ശനിനാ പുന്നപുംസകതാ ഭവേൽ

ആറാംഭാവാധിപൻ ലഗ്നാധിപനോടു ചേർന്നിരിക്കുകയോ ബുധൻ ആറാമിടത്തു നില്ക്കുകയോ ബുധക്ഷേത്രത്തിൽ ജനനം ഉണ്ടാകുകയോ ചെയ്യുന്നതു ആർക്കാണോ അവൻ സ്ത്രീനപുംസകപ്രജയായിരിക്കും. ശനി ബുധസ്ഥാനത്തുനിന്നാൽ പുന്നപുംസകപ്രജയായും വരും.

നിഷേകലഗ്നേശതൃതീയനാഥൗ
ലഗ്നസ്ഥിതൗ ചേദ്യമളോത്ഭവഃ സ്യാൽ
തൃതീയനാഥേന യുതേ നിഷേകേ
ഭോഗീശയുക്തേ യദി പാദജാതഃ

നിഷേകലഗ്നാധിപനും മൂന്നാംഭാവാധിപനും ലഗ്നസ്ഥിതന്മാരാണെങ്കിൽ ഇരട്ടയായ നപുംസകപ്രജയെ പ്രസവിക്കും. നിഷേകലഗ്നം മൂന്നാംഭാവാധിപനോടു ചേർന്നിരിക്കുകയും അവിടെ രാഹു നില്ക്കുകയും ചെയ്യുന്നുവെങ്കിൽ കാലുമാത്രം പ്രസവിക്കും എന്നു പറയണം.

രാഹൂദയേ ലഗ്നനാഥേ കണ്ടസ്ഥേ പാദപൂർവജഃ
സരാഹൗ രന്ധ്രപേ ലഗ്നേ ജാതഃ സ്യാൽ സർപ്പവേഷ്ടിതഃ

ലഗ്നാധിപൻ പത്താംഭാവത്തിൽ നില്ക്കുകയും അവിടെ രാഹൂദയം ഉണ്ടാകുകയും ചെയ്താൽ പൂർവപാദം മാത്രം പ്രസവിക്കും. അഷ്ടമാധിപൻ രാഹുവിനോടുകൂടി ലഗ്നത്തിൽ നില്ക്കുമ്പോൾ ഉണ്ടാകുന്ന ശിശു സർപ്പവേഷ്ടിതനായി ജനിക്കും.

രന്ധ്രേശപാരേ പാപയുതേ വിലഗ്നേ
ജാതോരഗൈർവ്വേഷ്ടിതദേഹവാൻ സ്യാൽ
കേന്ദ്രേ സരാഹൗ ഗുളികേന യുക്തേ
ലഗ്നേശപാരേ വാ നിധനേശയുക്തേ.

അഷ്ടമാധിപതി പാപനോടുകൂടി ലഗ്നത്തിൽ നില്ക്കുമ്പോഴും ജനിക്കുന്നവനും കേന്ദ്രം രാഹുവിനോടും ഗുളികനോടുംകൂടിയിരിക്കുമ്പോഴും ലഗ്നാധിപൻ അഷ്ടമാധിപനോടു ചേർന്നിരിക്കുമ്പോഴും ജനിക്കുന്നവനും സർപ്പവേഷ്ടിതദേഹനായിരിക്കും.

ക്രൂരഗ്രഹാണാം ച ദൃഗാണലഗ്നേ
ജാതോരഗൈർവ്വേഷ്ടിതദേഹവാൻ സ്യാൽ
ലഗ്നത്രിഭാഗേണ്ഡജസർപ്പകേ വാ
സ്വനാഥയുക്തസ്തു തഥാ ത്രിഭാഗഃ
ശുഭഗ്രഹാണാം ച ദൃശാ വിഹീനേ
ജാതോരഗൈർവ്വേഷ്ടിതദേഹവാൻ സ്യാൽ.

ക്രൂരഗ്രഹങ്ങളുടെ ദ്രേക്കാണലഗ്നത്തിൽ ജനിച്ചവനും പക്ഷിദ്രേക്കാണത്തിലോ സർപ്പദ്രേക്കാണത്തിലോ ജനിച്ചവനും ദ്രേക്കാണം ഏഴാംഭാവാധിപനോടു ചേർന്നി

രിക്കുമ്പോൾ ജനിച്ചവനും ശുഭദൃഷ്ടിയില്ലാത്തപ്പോൾ ജനിച്ചവനും സർപ്പവേഷ്ടിത ശരീരനായിത്തീരും.

ശശാങ്കേ പാപലഗ്നേ വാ
വൃശ്ചികേശത്രിഭാഗഗേ
ശുഭൈസ്സ്വായസ്ഥിതൈർജ്ജാതഃ
സർപ്പസ്തദ്വേഷ്ടിതോപി വാ

ചന്ദ്രൻ ചൊവ്വായുടെ ദ്രേക്കാണത്തിലും ചന്ദ്രന്റെ രണ്ടാമടത്തും പതിനൊന്നാമടത്തും ശുഭഗ്രഹങ്ങൾ നില്ക്കയും ചെയ്യുമ്പോൾ ജനിക്കുന്നവനും അപ്രകാരം പാപഗ്രഹങ്ങളുടെ ലഗ്നോദയം ചൊവ്വായുടെ ദ്രേക്കാണമാവുകയും പാപഗ്രഹലഗ്നത്തിന്റെ രണ്ടിലും പതിനൊന്നിലും ശുഭന്മാർ നില്ക്കുകയും ചെയ്യുമ്പോൾ ജനിക്കുന്നവനും സർപ്പമായോ സർപ്പവേഷ്ടിതശരീരനായോ ജനിക്കും. മേടത്തിലും വൃശ്ചികത്തിലും ആദ്യത്തേതും കർക്കടകത്തിലും ധനുസ്സിലും രണ്ടാമത്തേതും ചിങ്ങത്തിലും മീനത്തിലും മൂന്നാമത്തേതും കുജദ്രേക്കാണമാണ്.

ചതുഷ്പദഗതേ ഭാനൗ ശേഷൈർവീര്യസമന്വിതൈഃ
ദ്വിതനുസ്ഥൈശ്ച യമളൗ ഭവതഃ കോശവേഷ്ടിതൗ

സൂര്യൻ ചതുഷ്പാദ്രാശിസ്ഥനായും മററു ഗ്രഹങ്ങൾ ബലവാന്മാരായിട്ട് ഉഭയരാശിസ്ഥിതന്മാരായും ഇരിക്കുമ്പോൾ ഉണ്ടാകുന്ന പ്രജകൾ ഒരു മറുപിള്ളയാൽ വേഷ്ടിതന്മാരായും ഇരട്ടയായും ഭവിക്കും. മേടം ഇടവം ചിങ്ങം ധനുവിന്റെ പരാർദ്ധം മകരത്തിന്റെ പൂർവാർദ്ധം ഇവ ചതുഷ്പാദ്രാശികളാകുന്നു.

ഛാഗേ സിംഹേ വൃഷേ ലഗ്നേ തൽസ്ഥേ സൗരേഥവാ കുജേ
രാശ്യംശസദൃശേ ഗാത്രേ ജായതേ നാളവേഷ്ടിതഃ

മേടം ചിങ്ങം ഇടവം ഇവയിൽ ഏതെങ്കിലും ഒന്നു ലഗ്നമാവുകയും ആ ലഗ്നത്തിൽ ശനിയോ ചൊവ്വായോ നില്ക്കുകയും ചെയ്യുമ്പോൾ ഉണ്ടാകുന്നവൻ ആ രാശിയുടെ നവാംശം കാലപുരുഷന്റെ ഏതംഗമായി വരുന്നോ ആ അംഗത്തിൽ നാളത്താൽ ചുറ്റപ്പെട്ടവനായി ജനിക്കും.

ലഗ്നേ സപാപേ ബഹുപാപദൃഷ്ടേ
രാഹുധ്വജാഭ്യാം സഹിതേഥവാത്ര
പാപഗ്രഹാണാം തു വിലഗ്നഭേ വാ
ജാതോ നരോ നാളവിവേഷ്ടിതാംഗഃ

ലഗ്നം പാപന്മാരോടുകൂടിയും ബഹുപാപന്മാരാൽ ദൃഷ്ടമായും ഇരിക്കുമ്പോഴോ അല്ലെങ്കിൽ രാഹുകേതുക്കളോടുകൂടിയിരിക്കുമ്പോഴോ പാപഗ്രഹങ്ങളുടെ ലഗ്നത്തിൽ ജനിച്ചവനും നാളവേഷ്ടിതശരീരനായി ഭവിക്കും.

ക്രൂരാന്തരേ ലഗ്നഗതേ സരാഹൗ
ലഗ്നേ കുജേ വാസരനാഥദൃഷ്ടേ
ലഗ്നേ ശനൗ ഭൂമിസുതേന ദൃഷ്ടേ
ജാതോ നരോ നാളവിവേഷ്ടിതാംഗഃ

രണ്ടുവശത്തും പാപഗ്രഹങ്ങളോടുകൂടിയ രാഹു ലഗ്നത്തിൽ നില്ക്കുകയോ കുജൻ സൂര്യദൃഷ്ടിയോടുകൂടി ലഗ്നത്തിൽ നില്ക്കുകയോ ശനി കുജദൃഷ്ടിയോടുകൂടി ലഗ്നത്തിൽ നില്ക്കുകയോ ചെയ്യുന്ന സമയത്തിൽ ഉണ്ടായ പുരുഷൻ നാളത്താൽ ചുററപ്പെട്ട ശരീരത്തോടുകൂടിയവനായി ഭവിക്കും.

തൽകാലമിന്ദുസഹിതോ ദ്വിരസാംശകോ യ-
സ്തത്തുല്യരാശിസഹിതേ പുരതഃ ശശാങ്കേ

യാവാനുദേതി ദിനരാത്രിസമാനഭാഗ-
സ്താവൽഗതേ ദിനനിശോഃ പ്രവദന്തി ജന്മ.

ആധാനകാലത്തിലോ പ്രശ്നകാലത്തിലോ ഏതു രാശിയിൽ ചന്ദ്രൻ നില്ക്കുന്നുവോ, ആ രാശിയിൽ എത്ര ദ്വാദശാംശമാണ് ചന്ദ്രൻ ഭുജിച്ചിരിക്കുന്നതു് ആ ദ്വാദശാംശത്തിന്റെ മുൻപിലത്തെ രാശി ഏതോ ആ രാശിയിൽ പത്താംമാസത്തിൽ ചന്ദ്രൻ സ്ഥിതിചെയ്യുമ്പോൾ പ്രസവം ഉണ്ടാകും എന്ന് അറിഞ്ഞുകൊള്ളണം. ഇതുപോലെതന്നെ ആധാനകാലത്തിലോ പ്രശ്നകാലത്തിലോ ഏതാണൊ ലഗ്നം ആ ലഗ്നത്തിന്റെ പൂർവ്വഭാഗം ദിനരാശിയോ രാത്രിരാശിയോ എന്നറിഞ്ഞ് അവിടെ എത്രകാലമാണു സമാനമായിട്ടു കഴിഞ്ഞിരിക്കുന്നതു് അത്ര പകലും രാത്രിയും കഴിയുമ്പോൾ പത്താംമാസത്തിൽ പ്രസവിക്കും എന്നും അറിഞ്ഞുകൊള്ളണം.

ഉദയതി മൃദുഭാംശേ സപ്തമസ്ഥേ ച മന്ദേ
യദി ഭവതി നിഷേകഃ സൂതിരബ്ദത്രയേണ
ശശിനി തു വിധിരേഷ ദ്വാദശേഽബ്ദേ പ്രകുര്യാ-
ന്നിഗദിതമിതി ചിന്ത്യം സൂതികാലേപി യുക്ത്യാ

മകരമോ കുംഭമോ ആയ ശനിയുടെ നവാംശം ഉദയമായും അതിന്റെ ഏഴാമെടത്തു് ശനി നില്ക്കുകയും ചെയ്യുമ്പോൾ ഗർഭോല്പാദനംചെയ്താൽ ആ ഗർഭം മൂന്നുവർഷംകൊണ്ടേ പ്രസവിക്കുന്നുള്ളു. ഇതുപോലെ കർക്കടകമായ ചന്ദ്രന്റെ നവാംശം ഉദയമായും അതിന്റെ ഏഴാമെടത്തു ചന്ദ്രൻ നില്ക്കുകയും ചെയ്യുമ്പോൾ ഉല്പാദിപ്പിച്ച ഗർഭം പന്ത്രണ്ടുസംവത്സരംകൊണ്ടേ പ്രസവിക്കയുള്ളു എന്നും അറിയണം. ഈ ആധാനവിഷയമായി പറഞ്ഞതൊക്കെയും യുക്തിപോലെ പ്രസവകാലത്തിലും ചിന്ത്യമാണ്.

പിതൃകർമ്മേശപൌ ദുഃസ്ഥൌ ദേഹേശേ ബലസംയുതേ
വിനാ സീമന്തകർമ്മാദി ജാതഃ പുത്രോ ന സംശയഃ

പിതൃസ്ഥാനാധിപനും കർമ്മാധിപനും ദുഃസ്ഥിതന്മാരായിട്ടും ലഗ്നാധിപൻ ബലവാനായിട്ടും ഇരിക്കുമ്പോൾ ഉണ്ടായ പുത്രൻ സീമന്തകർമ്മാദികളൊന്നുംകൂടാതെ ഉണ്ടായവനാണ് എന്നതിനു സംശയമില്ല.

ലാഭേ പാപേ പാപഗ്രഹേ ന സീമന്തസുതോ ഭവേൽ
പിതുർജ്ജാതഃ പരോക്ഷസ്യ ലഗ്നമിന്ദാവപശ്യതി.
വിദേശസ്ഥസ്യ ചരഭേ മദ്ധ്യാൽ ഭ്രഷ്ടേ ദിവാകരേ.

പതിനൊന്നാമെടം പാപഗ്രഹമായും അവിടെ പാപൻ നില്ക്കുകയും ചെയ്യുകയാണെങ്കിൽ അപ്പോൾ ജാതനായവൻ, സീമന്തപുത്രനല്ല. പ്രസവലഗ്നം ചന്ദ്രദൃഷ്ടമല്ലാതെ ഇരിക്കുമ്പോൾ ആണ് ശിശു ജനിച്ചതു് എങ്കിൽ ജനനസമയത്തു പിതാവു് അവിടെ ഇല്ലായിരുന്നുഎന്നും, സൂര്യൻ മദ്ധ്യത്തിൽനിന്നു പതിതനായിട്ടു് (ദശമസ്ഥാനത്തുനിന്നു മാറി പതിനൊന്നിലോ നവമത്തിലോ അഷ്ടമത്തിലോ) ചരരാശിയിൽ നില്ക്കുമ്പോൾ ആണു പുത്രൻ ജനിച്ചതു് എങ്കിൽ ജനനസമയത്തു് അച്ഛൻ വിദേശസ്ഥനാണ് എന്നും, സൂര്യൻ സ്ഥിരരാശിയിൽ മദ്ധ്യഭ്രഷ്ടനായിരിക്കയാണെങ്കിൽ അച്ഛൻ സ്വദേശത്തുതന്നെയായിരുന്നു എന്നും സൂര്യൻ ഉഭയരാശിയിൽ മദ്ധ്യപതിതനായിട്ടു നില്ക്കുകയാണെങ്കിൽ വിദേശപരദേശമദ്ധ്യത്തിൽ ആണെന്നും ഊഹിച്ചുകൊള്ളണം. ഈ യോഗത്തിനൊക്കെയും ലഗ്നത്തിനു് ചന്ദ്രദൃഷ്ടി ഇല്ലാതെയിരിക്കയും വേണം.

ഉദയസ്ഥേഥവാ മന്ദേ കുജേ ചാസ്തം സമാഗതേ
സ്ഥിതേ വാന്തഃ ക്ഷപാനാഥേ ശശാങ്കസുതശുക്രയോഃ

ലഗ്നേ വാ യദി ശീതാംശൌ ശുഭഖേചരരാശിഗേ
ഔരസോയം ഭവേജ്ജാതോ ഗുരുവർഗ്ഗസമന്വിതേ.

ശനി, ലഗ്നസ്ഥിതനായിരിക്കയോ കുജൻ ഏഴാമേടത്തു നില്ക്കുകയോ ചന്ദ്രൻ ബുധൻെറയും ശുക്രൻെറയും മദ്ധ്യത്തിൽ നില്ക്കുകയോ ചെയ്യുമ്പോൾ ജാതനായവൻ പിതാവു് അവിടെ ഇല്ലാത്തപ്പോൾ ജനിച്ചവനായിരിക്കും.

ചന്ദ്രൻ ലഗ്നത്തിലോ ശുഭഗ്രഹങ്ങളുടെ രാശിയിലോ നില്ക്കുമ്പോഴോ, ഗുരുവർഗ്ഗമുണ്ടായിരിക്കുമ്പോഴോ ജനിച്ചവൻ ഔരസപുത്രനായിരിക്കും.

ജീവോ ഭൌമേന സന്ദൃഷ്ടഃ സ്വവർഗ്ഗേ ചാക്ചന്ദ്രമാഃ
ക്ഷേത്രജോയം ഭവേജ്ജാതഃ സസൌമ്യോ വാ ബലാന്വിതഃ

വ്യാഴത്തിനു കുജദൃഷ്ടിയുണ്ടാകുകയോ സൂര്യ്യചന്ദ്രന്മാർ തങ്ങളുടെ വർഗ്ഗത്തിൽ നില്ക്കുകയോ ബുധനോടുകൂടി ബലവാനായി നില്ക്കുകയോ ചെയ്യുമ്പോൾ ജനിച്ചവൻ ആദ്യത്തെ ഭാര്യയിൽനിന്നു ജാതനായിരിക്കും.

മന്ദവർഗ്ഗഗതേ ചന്ദ്രേ മന്ദയുക്തേ തു പഞ്ചമേ
ഭാനുഭാർഗ്ഗവസന്ദൃഷ്ടേ പുത്രഃ പൌനർഭവോ ഭവേൽ. ൪൯

ചന്ദ്രൻ ശനിയുടെ വർഗ്ഗത്തിൽ നില്ക്കുകയും അഞ്ചാംഭാവം ശനിയോടുകൂടിയിരിക്കയും അവിടെ സൂര്യ്യശുക്രന്മാരുടെ ദൃഷ്ടിയുണ്ടായിരിക്കയും ചെയ്യുമ്പോൾ ജനിച്ചവൻ രണ്ടാമത്തെ ഭാര്യയുടെ പുത്രനായിരിക്കും.

വ്യയേ ഭാസ്കരസന്ദൃഷ്ടേ വർഗ്ഗേ ഭാസ്കരചന്ദ്രയോഃ
ചന്ദ്രസൂര്യ്യയുതേ വാപി കാനീനോയം ഭവേന്നരഃ ൫൦

പന്ത്രണ്ടാംഭാവത്തിൽ സൂര്യ്യദൃഷ്ടിയുണ്ടായിരിക്കയും അവിടെ സൂര്യ്യചന്ദ്രന്മാരുടെ അംശവർഗ്ഗമോ സൂര്യ്യചന്ദ്രസ്ഥിതിയോ ഉണ്ടായിരിക്കയും ചെയ്യുന്ന സമയത്തിൽ ജനിച്ചവൻ കന്യാപുത്രനായിരിക്കും.

ചന്ദ്രദൃഷ്ടിയുതോ മാന്ദിർഭാനുപുത്രസമന്വിതഃ
തദ്വീക്ഷണയുതേ വാപി ദത്തപുത്രോ ഭവേന്നരഃ. ൫൧

ചന്ദ്രദൃഷ്ടിയോടുകൂടിയ ഗുളികൻ ശനിയോടു ചേരുകയോ ശനിദൃഷ്ടിയുതനാകുകയോ ചെയ്യുന്ന സമയത്തിൽ ജനിച്ചവൻ ദത്തുപുത്രനായിരിക്കും.

ശന്യംഗാരകസംയുക്തേ സപ്തമേവാഥ പഞ്ചമേ
അന്യൈരവീക്ഷിതേ ഖേടൈഃ കൃത്രിമം തു വിനിർദ്ദിശേൽ.

ഏഴിലോ അഞ്ചിലോ ശനിയും ചൊവ്വായും നില്ക്കുകയും മററു ഗ്രഹങ്ങളുടെ ദൃഷ്ടിയില്ലാതിരിക്കയും ചെയ്യുമ്പോൾ ജനിച്ചവൻ കൃത്രിമനാണ് എന്നു നിർദ്ദേശിക്കണം.

പരസ്പരക്ഷേത്രഗതൌ തു ഹോരാ-
രസാതലേശൌ യദി ജന്മലഗ്നാൽ
ലഗ്നേശപരോ വാ ഹിബുകേശപരോ വാ
ധ്വജാഹിയുക്തോ ജനനം പരേണ. ൫൨

ലഗ്നാധിപൻ നാലാംഭാവാധിപൻെറ ക്ഷേത്രത്തിലും നാലാംഭാവാധിപൻ ലഗ്നാധിപൻെറ ക്ഷേത്രത്തിലും നില്ക്കുമ്പോഴോ ലഗ്നാധിപനോ നാലാംഭാവാധിപനോ രാഹുകേതുക്കളോടുകൂടിയിരിക്കുമ്പോഴോ ജനിച്ചവൻ പരപുരുഷനിൽനിന്നു ജാതനായിരിക്കുന്നു.

ലഗ്നം ശശാങ്കം സുരരാജമന്ത്രീ
ന വീക്ഷതേ നൈകഗ്രഹസ്ഥിതോ വാ

ന ജീവവർഗ്ഗേണ യുതം തദാനീം
ജാതം വദേദന്യസമാഗമേന. ൧൪

ലഗ്നത്തിനും ചന്ദ്രനും വ്യാഴദൃഷ്ടിയോ വ്യാഴയോഗമോ ജീവാംശവർഗ്ഗമോ ഇല്ലാതിരിക്കുമ്പോൾ ജനിച്ചവൻ ജാരനിൽനിന്നു ജാതനായിരിക്കും.

സ്വാതീ ദ്വിതീയാ രവിവാരയുക്താ
സസപ്തമീ സോമജരേവതീ ച
സദ്വാദശീ ഭാനുസുതശ്രവിഷ്ഠാ
ചൈത്രേഷു ജാതം പരതോ വദന്തി. ൧൫

ദ്വിതീയയും രവിവാരവും കൂടിയ ചോതി നക്ഷത്രത്തിലോ, സപ്തമിയും ബുധവാരവുംകൂടിയ രേവതിനക്ഷത്രത്തിലോ ദ്വാദശിയും മന്ദവാരവുംകൂടിയ അവിട്ടം നക്ഷത്രത്തിലോ ജനിച്ചവൻ ജാരനിൽനിന്നും ജനിച്ചവനായിരിക്കും.

ഭദ്രാഖ്യതിഥിയുക്തേഷു ത്രിപാദർക്ഷാന്വിതേഷു ച
മന്ദാർക്കഭൌമവാരേഷു ജാതമന്യോത്ഭവം വിദുഃ ൧൬

ദ്വിതീയയും, പുണർതം മുതലായ മൂന്നുകാലുള്ള നക്ഷത്രങ്ങളും കൂടിയ ശനിയാഴ്ചയോ ഞായറാഴ്ചയോ ചൊവ്വാഴ്ചയോ ജനിച്ചവൻ ജാരനിൽനിന്നും ജനിച്ചവനായിരിക്കും.

ന ലഗ്നമിന്ദും ച ഗുരുന്നിരീക്ഷതേ
ന വാ ശശാങ്കം രവിണാ സമാഗതം
സ പാപകോർക്കേണ യുതോഥവാ ശശീ
പരേണ ജാതം പ്രവദന്തി നിശ്ചയാൽ. ൧൭

ഏകരാശിസ്ഥന്മാരായോ അല്ലാതെയോ ഉള്ള ലഗ്നചന്ദ്രന്മാർക്ക് ഗുരുദൃഷ്ടിയില്ലാതിരിക്കയോ, ഒരു രാശിയിൽ നില്ക്കുന്ന സൂര്യചന്ദ്രന്മാരെ വ്യാഴം നോക്കാതിരിക്കയോ ചന്ദ്രൻ മന്ദകുജന്മാരോടുകൂടിയോ സൂര്യനോടുമാത്രം ചേർന്നോ നില്ക്കയോ ചെയ്യുമ്പോൾ ജനിച്ചവൻ നിശ്ചയമായും ജാരനിൽനിന്നും ജനിച്ചവനായിരിക്കും.

ഗുരുക്ഷേത്രഗതേ ചന്ദ്രേ തദ്യുക്തേ വാന്യരാശിഗേ
തദ്ദ്രേക്കാണേ തദംശേ വാ ന പരൈർജ്ജാത ഇഷ്യതേ.

ചന്ദ്രൻ വ്യാഴക്ഷേത്രത്തിലോ വ്യാഴത്തോടുകൂടി അന്യരാശിയിലോ, വ്യാഴദ്രേക്കാണത്തിലോ, വ്യാഴനവാംശത്തിലോ നില്ക്കുമ്പോൾ ജനിച്ചവൻ പരജാതനല്ല എന്ന് അറിയണം.

ക്രൂരർക്ഷഗതാവശോഭനൌ സൂര്യ്യാൽ ദ്യൂനനവാത്മജസ്ഥിതൌ
ബദ്ധസ്തു പിതാ വിദേശഗഃ സ്വേ വാ രാശിവശാൽ തഥാ പഥി.

കുജനും മന്ദനും സൂര്യന്റെ ൭ ൯ ൫ ഈ ഭാവങ്ങളിൽ നില്ക്കുകയും ആ ഭാവങ്ങൾ പാപക്ഷേത്രങ്ങളായിരിക്കയും ചെയ്യുമ്പോൾ ജനിച്ചവന്റെ പിതാവ് രാശിയനുസരിച്ച് സ്വഗൃഹത്തിലോ വഴിയിലോ അന്യദേശത്തോ ബന്ധിക്കപ്പെട്ടവനായിരിക്കും.

പൂർണ്ണേ ശശിനി സ്വരാശിഗേ സൌമ്യേ ലഗ്നഗതേ ശുഭേ സുഖേ
ലഗ്നേ ജലജേഽസ്തഗേപി വാ ചന്ദ്രേ പോതഗതാ പ്രസൂയതേ. ൨൦

പൂർണ്ണചന്ദ്രൻ കർക്കടകരാശിയിലും ബുധൻ ലഗ്നത്തിലും വ്യാഴം ലഗ്നത്തിന്റെ നാലാംഭാവത്തിലും നില്ക്കയോ ലഗ്നം ജലരാശിയും ചന്ദ്രൻ ഏഴാംഭാവത്തിലും നില്ക്കയോ ചെയ്താൽ വള്ളത്തിലാണ് പ്രസവിച്ചത് എന്ന് അറിയണം. കർക്കടകവും മകരപശ്ചാർദ്ധവും മീനവും ജലരാശികളാണ്.

ആപ്യോദയമാപ്യഗസ്ഥശീ സമ്പൂർണ്ണഃ സമവേക്ഷതേഥവാ
മേഷൂരണബന്ധുലഗ്നഗഃ സ്യാൽ സൂതിഃ സലിലേ ന സംശയഃ. ൨൧

ജലരാശികളിലേതെങ്കിലും ലഗ്നമായിരിക്കയും ചന്ദ്രൻ അവയിലൊന്നിൽ നിൽക്കുകയും ചെയ്കിലും, സമ്പൂർണ്ണചന്ദ്രൻ ജലരാശിയായ ലഗ്നത്തെ നോക്കിയാലും, ജലരാശി ലഗ്നമായും ചന്ദ്രൻ ലഗ്നത്തിലോ നാലിലോ പത്തിലോ നിന്നാലും ജലസമീപത്തിൽ പ്രസവിക്കും.

ഉദയോഡുപയോർവ്യയസ്ഥിതേ
ഗുപ്ത്യാം പാപനിരീക്ഷിതേ യമേ
അളികർക്കിയുതേ വിലഗ്നഗേ
സൗരേ ശീതകരേക്ഷിതേഽവടേ ൨൨

ശനി ലഗ്നത്തിന്റെയും ചന്ദ്രന്റെയും ൧൨-ൽ പാപദൃഷ്ടിയോടുകൂടി നിന്നാൽ ബന്ധനഗൃഹത്തിലും, വൃശ്ചികത്തിലോ കർക്കടകത്തിലോ ചന്ദ്രദൃഷ്ടിയോടുകൂടി നില്ക്കുകയും ആ രാശികളിലൊന്നു ലഗ്നമായി വരികയും ചെയ്താൽ കുഴിയിലും പ്രസവിക്കുമെന്നു പറയണം.

മന്ദേഽബ്ജഗതേ വിലഗ്നഗേ സുധസൂര്യേന്ദുനിരീക്ഷിതേ ക്രമാൽ
ക്രീഡാഭവനേ സുരാലയേ ജനനം ചോഷരഭൂമിഷു ദ്വിശേൽ. ൨൩

ലഗ്നം ജലരാശിയായും ആ രാശിയിൽ നില്ക്കുന്ന ശനിക്കു ബുധദൃഷ്ടിയുണ്ടായാൽ ക്രീഡാഗൃഹത്തിലും സൂര്യദൃഷ്ടിയുണ്ടായാൽ ദേവാലയത്തിലും, ചന്ദ്രദൃഷ്ടിയുണ്ടായാൽ ഓരുള്ള ഭൂമിയിലും പ്രസവിക്കും എന്നു അറിയണം.

നൃലഗ്നഗം പ്രേക്ഷ്യ കുജഃ ശ്മശാനേ
രമ്യേ സിതേന്ദൂ ഗുരുരഗ്നിഹോത്രേ
രവിർന്നരേന്ദ്രാമരഗോകുലേഷു
ശില്പാലയേ ജ്ഞഃ പ്രസവം കരോതി. ൨൪

മിഥുനം, കന്നി, തുലാം, ധനുവിന്റെ പൂർവ്വാർദ്ധം കുംഭം, ഈ നരരാശികളിലേതിലെങ്കിലും ശനി നില്ക്കുകയും ആ ശനിക്കു കുജദൃഷ്ടിയുണ്ടായാൽ പ്രസവം ശ്മശാനത്തിലെന്നും, ചന്ദ്രശുക്രന്മാരുടെ ദൃഷ്ടിയുണ്ടായാൽ രമണീയപ്രദേശത്തിലെന്നും, വ്യാഴദൃഷ്ടിയുണ്ടായാൽ അഗ്നിശാലയിലെന്നും, സൂര്യദൃഷ്ടിയുണ്ടായാൽ രാജഭവനത്തിലോ ദേവാലയത്തിലോ ഗോശാലയിലോ ആയിരിക്കുമെന്നും, ബുധദൃഷ്ടിയുണ്ടായാൽ ശില്പിശാലയിലെന്നും നിർദ്ദേശിക്കണം.

രാശ്യംശസമാനഗോചരേ മാർഗ്ഗേ ജന്മ ചരേ സ്ഥിരേ ഗൃഹേ
സ്വർക്ഷാംശഗതേ സ്വമന്ദിരേ ബലയോഗാൽ ഫലമംശകർക്ഷയോഃ.

ലഗ്നരാശിയോ, തന്നവാംശമോ ചരമായോ സ്ഥിരമായോ ഏതുവിധമിരിക്കുന്നോ, ആ രാശ്യംശരൂപമായ പ്രാണി ഏതുപ്രദേശത്തിൽ സഞ്ചരിക്കുന്നോ ആ വഴിയനുസരിച്ചു് അവിടെ പ്രസവത്തെ നിർദ്ദേശിക്കണം; ലഗ്നരാശിയുടെ നവാംശകം ലഗ്നരാശിയിൽത്തന്നെ വന്നാൽ സ്വഭവനത്തിൽ പ്രസവിക്കുമെന്നു പറയണം. ഈ ഫലമെല്ലാം രാശിയുടേയും അംശകത്തിന്റെയും ബലത്തെ അനുസരിച്ചാണിരിക്കുന്നതു്.

ആരാർക്കജയോസ്ത്രികോണഗേ ചന്ദ്രേഽസ്തേ ച വിസൃജ്യതേംബയാ
ദൃഷ്ടോഽമരരാജമന്ത്രിണാ ദീർഘായുഃ സുഖഭാക്ക് ച സ സ്മൃതഃ ൨൫

ചന്ദ്രൻ ഏകരാശിസ്ഥരായ കുജമന്ദന്മാരുടെ അഞ്ചിലോ ഏഴിലോ ഒൻപതിലോ നില്ക്കുമ്പോൾ ജനിക്കുന്നവനെ മാതാവു് ഉപേക്ഷിക്കും. ഈ യോഗത്തിൽ തന്നെ ചന്ദ്രനു് വ്യാഴദൃഷ്ടിയുണ്ടെങ്കിൽ മാതാവിനാൽ ഉപേക്ഷിക്കപ്പെട്ടു് പരഹസ്തഗതനായാലും ദീർഘായുസ്സും സുഖിയും ആയി ജീവിക്കും.

പാപേക്ഷിതേ തുഹിനഗാവുദയേ കുജേ ഽസ്തേ
ത്യക്തോ വിനശ്യതി കുജാർക്കജയോസ്തഥായേ
സൌമ്യേ ഽപി പശ്യതി തഥാവിധഹസ്തമേതി
സൌമ്യേതരേഷു പരഹസ്തഗതോപ്യനായുഃ. ൭

ചന്ദ്രൻ പാപദൃഷ്ടിയോടുകൂടി ലഗ്നത്തിലും അതിന്റെ ഏഴാമിടത്തു കുജനും നില്ക്കുമ്പോഴും, കുജമന്ദന്മാരുടെ പതിനൊന്നിൽ സൂര്യദൃഷ്ടിയോടുകൂടി ചന്ദ്രൻ ലഗ്നത്തിൽ നില്ക്കുമ്പോഴും ജനിക്കുന്നവൻ മാതാവിനാൽ ത്യക്തനാണെങ്കിലും മരിക്കും. മുൻപറഞ്ഞ യോഗമുള്ള ചന്ദ്രന്, ശുഭദൃഷ്ടിയുണ്ടെങ്കിൽ ഏതുജാതിയിലുള്ള ശുഭനാണോ നോക്കുന്നതു് തദ്വിധനായ ബ്രാഹ്മണാദിയുടെ കൈവശം പ്രാപിക്കയും ജീവിക്കയുംചെയ്യും. പാപദൃഷ്ടിയാണ് ഉള്ളതു് എങ്കിൽ പരഹസ്തഗതനായാലും ജീവിക്കയില്ല. ഇവിടെ ഒരു വിശേഷമുണ്ടു്. യോഗവാഹിയായ ചന്ദ്രന് ബുധന്റെയോ ശുക്രന്റെയോ ദൃഷ്ടിമാത്രമേ ഉള്ളൂ; വ്യാഴത്തിന്റെ ദൃഷ്ടിയില്ല എങ്കിൽ പരഹസ്തപ്രാപ്തനായാലും മരിക്കും എന്നുകൂടി ധരിച്ചുകൊള്ളണം.

പിതൃമാതൃഗൃഹേഷു തൽബലാ-
ത്തരുശാലാദിഷു നീചഗൈശ്ശുഭൈഃ
യദി നൈകഗതൈസ്തു വീക്ഷിതൌ
ലഗ്നേന്ദൂ വിജനേ പ്രസൂയതേ. ൮

സൂര്യനോ ശനിയോ ബലവാനാണെങ്കിൽ പിതാവിനെ സംബന്ധിച്ചവരുടെ ഗൃഹത്തിലും, ചന്ദ്രനോ ശുക്രനോ ബലവാനാണെങ്കിൽ മാതാവിനെ സംബന്ധിച്ചവരുടെ ഗൃഹത്തിലും എല്ലാ ശുഭന്മാരും നീചസ്ഥന്മാരാണെങ്കിൽ വൃക്ഷശാലാദികളിലും എല്ലാ ശുഭഗ്രഹങ്ങളും നീചസ്ഥന്മാരാകാതെ ലഗ്നത്തെയും ചന്ദ്രനെയും നോക്കുന്നവെങ്കിൽ വനംമുതലായ വിജനസ്ഥലത്തിലും പ്രസവമുണ്ടെന്നു നിർദ്ദേശിക്കാം.

മന്ദർക്ഷാംശേ ശശിനി ഹിബുകേ മന്ദദൃഷ്ടേബ്ജഗേ വാ
തദ്യുക്തേ വാ തമസി ശയനം നീചസംസ്ഥൈശ്ച ഭൂമൌ
യദ്വദ്രാശിർവ്രജതി ഹരിജം ഗർഭമോക്ഷസ്തു തദ്വൽ
പാപൈശ്ചന്ദ്രാൽസ്മരസുഖഗതൈഃ ക്ലേശമാഹുർജ്ജനന്യാഃ ൯

ശിശുവിന്റെ ജനനസമയത്തു് ചന്ദ്രൻ മകരനവാംശകത്തിലോ കുംഭനവാംശകത്തിലോ ലഗ്നത്തിന്റെ നാലാംഭാവത്തിലോ, മന്ദദൃഷ്ടനായോ, ജലരാശിസ്ഥനായോ ശനിയോടുകൂടിയോ നിന്നാൽ സൂതികാശയനം ഇരുട്ടുള്ളിടത്താണെന്നും, മൂന്നോ അതിൽകൂടുതലോ ഗ്രഹങ്ങൾ നീചരാശിയിൽ നിന്നാൽ തറനിരപ്പായ ഭൂമിയിലാണെന്നും അറിയണം. പ്രസവകാലരാശി ഏതുവിധമോ ഗർഭമോക്ഷവും അപ്രകാരമാണ്. പാപന്മാർ ചന്ദ്രനോടൊന്നിച്ചോ ചന്ദ്രന്റെ ഏഴിലോ നാലിലോ വന്നാൽ പ്രസവകാലത്തിൽ മാതാവിന് അരിഷ്ടയുണ്ടായിരുന്നു എന്നും പറയണം.

സ്നേഹശ്ശശാങ്കാദുദയാച്ച വർത്തി-
ർദീപോക്ക്യുക്തർക്ഷവശാച്ചരാദ്യൈഃ
ദ്വാരം ച തദ്വാസ്തുനി കേന്ദ്രസംസ്ഥൈ-
ർജ്ഞേയം ഗ്രഹൈർവ്വീര്യസമന്വിതൈർവ്വാ. ൧൦

ജനനസമയത്തു ചന്ദ്രൻ, രാശിയുടെ ആദിയിൽ നിന്നാൽ വിളക്കിൽ നിറച്ചു് എണ്ണയുണ്ടെന്നും മദ്ധ്യത്തിൽനിന്നാൽ പകുതി എണ്ണയുണ്ടെന്നും അന്ത്യത്തിൽ നിന്നാൽ എണ്ണ ഇല്ലായിരുന്നു എന്നും ലഗ്നത്തിന്റെ ആരംഭത്തിൽ വിളക്കിലെ തിരി, തൽക്ഷണം ഇട്ടതെന്നും മദ്ധ്യത്തിൽ പകുതി കത്തിയതെ

ന്നും അന്ത്യത്തിൽ മുഴുവൻ കത്തിയതെന്നും സൂര്യൻ ചരരാശിയിലെങ്കിൽ ദീപം കൊണ്ടുനടക്കുകയായിരുന്നു എന്നും സ്ഥിരരാശിയിലെങ്കിൽ ഒരിടത്തു് ഇരിക്കുകയാണെന്നും ഉഭയരാശിയിലെങ്കിൽ ഇളക്കിവച്ചതെന്നും സൂര്യൻ നില്ക്കുന്ന രാശി ഏതുദിക്കിൽ വരുമോ അതനുസരിച്ചു ദീപം ഏതുദിക്കിലെന്നും, സൂതികാഗൃഹത്തിന് എത്ര വാതിലുണ്ടെന്നുള്ളതു ലഗ്നത്തിന്റെ കേന്ദ്രത്തിൽ നില്ക്കുന്ന ഗ്രഹങ്ങളുടെ സംഖ്യകൊണ്ടും അറിയണം. ചിലർ ലഗ്നത്തിന്റെ കേന്ദ്രങ്ങളിൽ ബലവാന്മാരായി നില്ക്കുന്ന ഗ്രഹങ്ങളുടെ സംഖ്യകൊണ്ടാണ് സൂതികാഗൃഹ ദ്വാരത്തെ അറിയുന്നതു്.

ജീർണ്ണം സംസ്കൃതമർക്കജേ ക്ഷിതിസുതേ ദഗ്ദ്ധം നവം ശീതഗൌ
കാഷ്ഠാഢ്യം ന ദൃഢം രവൌ ശശിസുതേ തന്നൈകശില്പ്പിദ്ഭവം
രമ്യം ചിത്രയുതം നവം ച ഭൃഗുജേ ജീവേ ദൃഢം മന്ദിരം
ചക്രസ്ഥൈശ്ച യഥോപദേശരചനാം സാമന്തപൂർവ്വാം വദേൽ. ൨൭

എല്ലാഗ്രഹങ്ങളിലുംവച്ചു ശനി ബലവാനെങ്കിൽ സൂതികാഗൃഹം പഴകീട്ടു പിന്നെ പുതുക്കിയതും, കുജൻ ബലവാനെങ്കിൽ തീപിടിച്ചതും ചന്ദ്രൻ ബലവാനെങ്കിൽ പുതിയതും, സൂര്യൻ ബലവാനെങ്കിൽ തടി വളരെയുള്ളതും ബലമില്ലാത്തതും, ബുധൻ ബലവാനെങ്കിൽ വളരെ ആശാരിമാർ പണിഞ്ഞതും ശുക്രൻ ബലവാനെങ്കിൽ മനോഹരവും ചിത്രപ്പണിയുള്ളതും പുതിയതും, വ്യാഴം ബലവാനെങ്കിൽ വളരെക്കാലം ഉറപ്പായി നില്ക്കുന്നതുമാകുന്നു. രാശിചക്രസ്ഥിതങ്ങളായ ഗ്രഹങ്ങളുടെ സമീപസ്ഥങ്ങളായ മററുഗൃഹങ്ങളെക്കൊണ്ടു് ഉപഗൃഹങ്ങളെ അറിഞ്ഞുകൊള്ളണം.

മേഷകുളീരതുലാളിഘടൈഃ പ്രാഗുത്തരതോ ഗുരുസൗമ്യഗൃഹേഷു
പശ്ചിമതശ്ച വൃഷേണ നിവാസോ ദക്ഷിണഭാഗകരൗ മൃഗസിംഹൗ

മേടം, കർക്കടകം, തുലാം, വൃശ്ചികം, കുംഭം ഇവയിൽ ഒരു രാശി ലഗ്നമായാൽ സൂതികാഗൃഹം പ്രധാനഗൃഹത്തിന്റെ കിഴക്കുഭാഗത്തും, മിഥുനം കന്നി ധനു മീനം ഇവയും തദംശകങ്ങളോ ലഗ്നമായാൽ വടക്കുഭാഗത്തും ഇടവമോ തദംശകമോ ലഗ്നമായാൽ പടിഞ്ഞാറും, മകരവും ചിങ്ങവും ലഗ്നമായാൽ തെക്കുവശത്തും ആകുന്നു.

പ്രാച്യാദിഗൃഹേ ക്രിയാദയോ
ദ്വൌ ദ്വൌ കോണഗതാ ദ്വിമൂർത്തയഃ
ശയ്യാസ്വപി വാസ്തുവദ്വദേൽ
പാദൈഃ ഷട്ത്രിനവാന്ത്യസംസ്ഥിതൈഃ. ൨൮

സൂതികാഗൃഹത്തിൽ മേടം ഇടവം കിഴക്കും, മിഥുനം അഗ്നികോണും, കർക്കടകം ചിങ്ങം തെക്കും, കന്നി നിരൃതികോണും, തുലാം വൃശ്ചികം പടിഞ്ഞാറും, ധനു വായുകോണും, മകരം കുംഭം വടക്കും, മീനം ഈശകോണുമാണു്. ഇതുപോലെയാണ് സൂതികാഗൃഹത്തിലെ ശയനസ്ഥിതിയും അറിയേണ്ടതു്. ഇവിടെ ലഗ്നത്തിന്റെ ൩-൬-൯-൧൨ ഈ രാശികളെക്കൊണ്ടു ശയ്യയുടെ പാദങ്ങളെയും കല്പിക്കണം. എങ്ങനെയെന്നാൽ ഏതു ലഗ്നത്തിലാണോ പ്രസവം; ആ ലഗ്നത്തിൽ വാതിൽപടിക്കൽ കിടക്കയുടെ തലയും ആ ലഗ്നത്തിന്റെ ൩-൬-൯-൧൨ ഈ രാശികൾ പാദങ്ങളുമാണു്. അതിൽ ൧൨-ം ൬-ം രാശികൾ പൂർവ്വപാദങ്ങളും അതിൽത്തന്നെ ൬-ാംരാശി വലത്തേക്കാലും ൧൨-ാംരാശി ഇടത്തേക്കാലും ൩-ം ൯-ം രാശികൾ പുറകിലെക്കാലുകളും അതിൽതന്നെ ൩-ാംരാശി വലത്തേക്കാലും ൯-ാംരാശി ഇടത്തേക്കാലും ആകുന്നു.

ചന്ദ്രലഗ്നാന്തരഗതൈർഗ്രഹൈഃ സ്യുരുപസൂതികാഃ
ബഹിരന്തശ്ച ചക്രാർദ്ധേ ദൃശ്യാദൃശ്യേന്യഥാ പരേ. ൨൯

ലഗ്നംമുതൽ ചന്ദ്രാധിഷ്ഠിതരാശിവരെയുള്ള ദൃശ്യാർദ്ധത്തിൽ എത്ര ഗ്രഹങ്ങളുണ്ടോ അത്രയും ഉപസൂതികകൾ വെളിയിലും അദൃശ്യാർദ്ധത്തിൽ എത്ര ഗ്രഹങ്ങളുണ്ടോ അത്രയും ഉപസൂതികകൾ അകത്തും ഉണ്ടായിരിക്കും. മററു ചില ആചാര്യന്മാർ ദൃശ്യാർദ്ധത്തിലെ ഗ്രഹങ്ങളാൽ അന്തർഭാഗത്തിലെയും അദൃശ്യാർദ്ധത്തിലെ ഗ്രഹങ്ങളാൽ വെളിയിലെയും ഉപസൂതികകളെ പറയുന്നു.

ലഗ്നനവാംശപതുല്യതനുഃ സ്യാദ്വീര്യയുതഗ്രഹതുല്യതനുർവ്വാ
ചന്ദ്രസമേതനവാംശപവർണ്ണഃ കാദിവിലഗ്നവിഭക്തഭഗാത്രഃ.

ജനനസമയത്തു ലഗ്നനവാംശം ഏതു രാശിയിലോ ആ രാശ്യധിപനോടോ, എല്ലാഗ്രഹങ്ങളിലും ബലവാനായ ഗ്രഹത്തിനോടോ സമാനശരീരനായും, ചന്ദ്രൻ ഏതു നവാംശത്തിൽ നില്ക്കുന്നോ ആ നവാംശകാധിപതിയോടു തുല്യവർണ്ണനായും ഇരിക്കും. മേഷാദിരാശികളെ ശിരസ്സുമുതലായ അംഗങ്ങളായി ഭാഗിച്ചു തദധിപന്മാരുടെ ഹ്രസ്വാദികളെ അനുസരിച്ചു ശരീരത്തിന്റെ ഹ്രസ്വാദികളെ അറിഞ്ഞുകൊള്ളണം.

കം ദൃക്ശ്രോത്രനസാകപോലഹനവോ വക്ത്രം ച ഹോരാദയ-
സ്തേ കണ്ഠാംസകബാഹുപാർശ്വഹൃദയക്രോഡാനി നാഭിസ്തതഃ
വസ്തിഃ ശിശ്നഗുദേ തതശ്ച വൃഷണാവൂരൂ തതോ ജാനുനീ
ജംഘാംഘ്രീത്യുഭയത്ര വാമമുദിതൈർദ്രേക്കാണഭാഗൈസ്ത്രിധാ.

ഇനിയും രാശികളുടെ മൂമ്മൂന്നു ദ്രേക്കാണങ്ങളെക്കൊണ്ടു ശരീരത്തെ മൂന്നായി ഭാഗിക്കുന്നു. ലഗ്നത്തിന്റെ ആദ്യദ്രേക്കാണം ഉദിച്ചാൽ ശിരസ്സുമുതൽ കഴുത്തുവരെയും ദ്വിതീയദ്രേക്കാണം ഉദിച്ചാൽ കണ്ഠംമുതൽ വസ്തിവരെയും മൂന്നാം ദ്രേക്കാണമുദിച്ചാൽ വസ്തിമുതൽ പാദംവരെയും കല്പിക്കണം. എങ്ങനെയെന്നുവച്ചാൽ—ലഗ്നത്തിന്റെ പ്രഥമദ്രേക്കാണം ഉദിച്ചാൽ ഉദിച്ചഭാഗം തലയുടെ ഇടത്തുഭാഗവും ഉദിക്കാനുള്ളഭാഗം തലയുടെ വലത്തുഭാഗവും ൨-ാം ഭാഗം ഇടത്തെക്കണ്ണും ൧൨-ാംഭാഗം വലത്തെക്കണ്ണും, ൧൧-൩ ഈ ഭാഗങ്ങൾ ഇടത്തും വലത്തുമുള്ള ചെവികളും, ൧൦-൪ ഈ ഭാഗങ്ങൾ ഇടത്തും വലത്തുമുള്ള മൂക്കുകളും, ൯-൫ ഈ ഭാഗങ്ങൾ ഇടത്തും വലത്തുമുള്ള ചെള്ളകളും, ൮-൬ ഈ ഭാഗങ്ങൾ ഇടത്തും വലത്തുമുള്ള താടിഎല്ലുകളും ൭-ാംഭാഗത്തിന്റെ അസ്തമിച്ചഭാഗം ഇടത്തുവശവും അസ്തമിക്കാനുള്ളഭാഗം വലത്തുവശവുമാകുന്നു. ഇങ്ങനെയാണു രാശ്യാദ്യുപലക്ഷിതമായ ആദ്യത്തെ അംഗവിഭാഗം. ഇതുപോലെ ലഗ്നത്തിന്റെ ൨-ാംദ്രേക്കാണം ഉദിച്ചാൽ ഉദിച്ചഭാഗം കഴുത്തിന്റെ ഇടത്തുവശവും ഉദിക്കാനുള്ള ഭാഗം കഴുത്തിന്റെ വലത്തുവശവും ൧൨-൨ ഈ ഭാഗങ്ങൾ തോളുകളും, ൧൧-൩ ഈ ഭാഗങ്ങൾ കൈകളും ൧൦-൪ ഈ ഭാഗങ്ങൾ ഇരുപുറവും, ൯-൫ ഈ ഭാഗങ്ങൾ രണ്ടുവശത്തുമുള്ള നെഞ്ചുകളും ൮-൬ ഈ ഭാഗങ്ങൾ വയറിന്റെ രണ്ടുവശവും ൭-ാംരാശി നാഭിയുടെ രണ്ടുഭാഗങ്ങളുമാകുന്നു. വാമദക്ഷിണവിഭാഗങ്ങൾ മുൻപിലത്തെപ്പോലെയാണ്. ലഗ്നത്തിന്റെ മൂന്നാംദ്രേക്കാണം ഉദിച്ചാൽ ഉദിച്ചഭാഗം വസ്തിയുടെ ഇടത്തുവശവും ഉദിക്കാനുള്ളഭാഗം വലത്തുവശവും, ലിംഗം ഗുദം വൃഷണങ്ങൾ തുടകൾ മുട്ടുകൾ കണങ്കാലുകൾ ഇവകളുടെ വാമദക്ഷിണവിഭാഗങ്ങളും മുൻദ്രേക്കാണങ്ങളുടെ വിഭാഗമനുസരിച്ച് ഊഹിച്ചുകൊള്ളണം.

തസ്മിൻ പാപയുതേ വ്രണം ശുഭയുതേ ദൃഷ്ടേ ച ലക്ഷ്മാദിശേൽ
സ്വർക്ഷാംശേ സ്ഥിരസംയുതേഷു സഹജഃ സ്യാദന്യഥാഗന്തുകഃ
മന്ദേശ്മാനിലജോഽഗ്നിശസ്ത്രവിഷജോ ഭൌമേ ബുധേ ഭൂദ്ഭവഃ
സൂര്യ്യേ കാഷ്ഠചതുഷ്പദേന ഹിമഗൌ ശൃംഗ്യബ്ജജോഽന്യൈശ്
ശുഭം.

മുൻപറഞ്ഞ അംഗവിഭാഗത്തിൽ, ഏതെങ്കിലും അംഗസ്ഥാനത്തു പാപൻ നിന്നാൽ അവിടെ വ്രണവും പാപന്മാരെങ്കിലും ശുഭയോഗദൃഷ്ടികളുണ്ടെങ്കിൽ മറുവും ഉണ്ടായിരിക്കും. പാപസ്ഥിതി, സ്വക്ഷേത്രസ്വനവാംശകവർഗ്ഗങ്ങളിലായിരിക്കയും ആ രാശി സ്ഥിരരാശിയായിരിക്കയും ചെയ്താൽ വ്രണം സ്വാഭാവികവും അല്ലെങ്കിൽ ആഗന്തുകവും ആകുന്നു. വ്രണകർത്താവായ ഗ്രഹം ശനിയാണെങ്കിൽ ആ വ്രണം കല്ലുകൊണ്ടോ വാതവ്യാധികൊണ്ടോ ഉണ്ടായതും, ചൊവ്വായാണെങ്കിൽ അഗ്നി, ആയുധം, വിഷം ഇവയെക്കൊണ്ടും പാപനായ ബുധനാണെങ്കിൽ ഭൂമിയിൽവീണോ മൺകട്ട മുതലായവകൊണ്ടോ ഉണ്ടായതും സൂര്യനാണെങ്കിൽ വടിയാലുള്ള അടികൊണ്ടോ നാൽക്കാലികളെക്കൊണ്ടോ ഉണ്ടായതും ക്ഷീണചന്ദ്രനാണെങ്കിൽ കൊമ്പുള്ള ജന്തുക്കൾ കുത്തിയോ ജലപ്രാണികളിൽനിന്നോ ഉണ്ടായതും ആയിരിക്കും. ഗുരുവോ ശുക്രനോ പാപന്മാരല്ലാത്ത ബുധചന്ദ്രന്മാരോ അംഗങ്ങളിൽനിന്നാൽ വ്രണം ശുഭമായിരിക്കും.

> സമനുപതിതാ യസ്മിൻ ഗാത്രേ ത്രയഃ സബുധാ ഗ്രഹാ
> ഭവതി നിയമാത്തസ്യാവാപ്തിഃ ശുഭേഷ്വശുഭേഷു വാ
> വ്രണകൃദശുഭഃ ഷഷ്ഠേ ദേഹേ തനോർഭസമാശ്രിതേ
> തിലകമശകൃദ്ദൃഷ്ടഃ സൌമ്യൈര്യുതൈശ്ച സലക്ഷ്മവാൻ. ൨൪

ഏതംഗത്തിലാണോ ബുധനോടുകൂടി ശുഭന്മാരോ അശുഭന്മാരോ ആയ മൂന്നു ഗ്രഹങ്ങൾ നിൽക്കുന്നതു്, ആ അംഗത്തിൽ മാത്രമേ വ്രണാദിയെ നിശ്ചയമായും പറയാവൂ. പാപൻ ലഗ്നാൽ ആറിൽ നിൽപുണ്ടെങ്കിൽ "കാലാംഗാനീ' ത്യാദി ക്രമേണ ആറാംഭാവം ഏതംഗമായി വരുമോ അവിടെ വ്രണമുണ്ടെന്നും, ആറാമിടത്തുനിൽക്കുന്ന പാപനു ശുഭദൃഷ്ടിയുണ്ടെങ്കിൽ കൃഷ്ണവർണ്ണമായ ബിന്ദുവോ അർബ്ബുദമോ ആയിരിക്കുമെന്നും ശുഭയോഗമുണ്ടെങ്കിൽ ആ അംഗത്തിൽ ഘനമായ രോമനിചയം ഉണ്ടെന്നും പറയണം.

> വിയോനിജന്മവിജ്ഞാനം നിഷേകാദ്യജം ഫലം
> ജന്മകാലപരിജ്ഞാനം യത്തദാചാര്യഭാഷിതം

ഇതി നവഗ്രഹകൃപയാ ശ്രീവൈദ്യനാഥവിരചിതേ ജാതകപാരിജാതേ ആധാനജന്മാദ്ധ്യായസ്തൃതീയഃ

വിയോനിജന്മജ്ഞാനവും ഗർഭാധാനം മുതലായഫലവും ജന്മകാലജ്ഞാനവും ഇവിടെ ആചാര്യനാൽ പറയപ്പെട്ടു.

ഇങ്ങനെ ജാതകപാരിജാതത്തിൽ മൂന്നാംഅദ്ധ്യായത്തിന്റെ
വ്യാഖ്യാനം സമ്പൂർണ്ണം.

അഥ ചതുർത്ഥാദ്ധ്യായഃ

ബാലാരിഷ്ടയോഗഃ

> ആദ്യാദശാബ്ദം നരയോനിജന്മനാ-
> മായുഷ്കലാ നിശ്ചയിതും ന ശക്യതേ
> മാത്രാ ച പിത്രാ കൃതപാപകർമ്മണാ
> ബാലഗ്രഹൈർന്നാശമുപൈതി ബാലകഃ

ബാലൻ ഘ വയസ്സിനിടയ്ക്കു മാതാവിനാലും പിതാവിനാലും കൃതങ്ങളായ പാപങ്ങൾകൊണ്ടും താൻചെയ്ത പാപങ്ങൾകൊണ്ടും ബാലഗ്രഹപീഡകൾകൊണ്ടും മരിക്കാൻ ഇടയുണ്ട്. അതിനാൽ അത്രവരെ ബാലന്മാരുടെ ആയുസ്സിനെ നിൎണ്ണയിക്കാൻ ശക്യമല്ല.

ആദ്യേ ചതുഷ്കേ ജനനീകൃതാഘൈ-
൪മ്മദ്ധ്യേ തു പിത്രാൎജ്ജിതപാപസംഘൈഃ
ബാലസ്തദന്ത്യാസു ചതുസ്സമാസു
സ്വകീയദോഷൈഃ സമുപൈതി നാശം. ൨

ബാലമരണം, ആദ്യമായ നാലുവയസ്സിലാണെങ്കിൽ മാതാവുചെയ്ത പാപങ്ങളാലും മദ്ധ്യമായ നാലുവയസ്സിലാണെങ്കിൽ അച്ഛൻചെയ്ത പാപങ്ങളാലും ഒടുവിലത്തെ നാലുവയസ്സിലാണെങ്കിൽ താൻചെയ്ത പാപങ്ങളാലും സംഭവിക്കും.

അഷ്ടൌ ബാലാരിഷ്ടമാദൌ നൃണാം തു
യോഗാരിഷ്ടം പ്രാഹുരാവിംശതിഃ സ്യാൽ
അല്പം ചാദ്വാത്രിംശതാ മദ്ധ്യമായു-
ശ്ചാസപ്തത്യാ പൂൎണ്ണമായുസ്തതോദ്ധ്വം. ൩

ആദ്യത്തെ എട്ടുവയസ്സുവരെ ജീവിച്ചിരിക്കുന്നതു ബാലാരിഷ്ടമെന്നും, ഇരുപതുവയസ്സുവരെ യോഗാരിഷ്ടമെന്നും, മുപ്പത്തിരണ്ടുവയസ്സുവരെ അല്പായുസ്സെന്നും എഴുപതുവയസ്സുവരെ മദ്ധ്യമായുസ്സ് എന്നും നൂറുവയസ്സുവരെ പൂൎണ്ണായുസ്സെന്നും മനുഷ്യരുടെ ആയുസ്സുകളെ വിഭജിച്ചിരിക്കുന്നു.

വിലഗ്നയാതസ്ത്വപി ദേവമന്ത്രീ
വിനാശരിഃഫാരിഗതേ ശശാങ്കേ
വിലോകിതേ പാപവിയച്ചരേണ
വിഭാനുനാ മൃത്യുമുപൈതി ബാലഃ. ൪

വ്യാഴം ലഗ്നത്തിലും ചന്ദ്രൻ സൂൎയ്യനല്ലാത്ത പാപന്മാരിൽ ദൃഷ്ടനായിട്ടു അഷ്ടമത്തിലോ പന്ത്രണ്ടിലോ നില്ക്കുകയുംചെയ്താൽ ബാലനു സദ്യോമരണത്തെ പറയണം.

ഗണ്ഡാന്തതാരാസഹിതേ മൃഗാങ്കേ
പാപേക്ഷിതേ പാപസമന്വിതേ വാ
ബാലോ ലയം യാതി സമൃത്യുഭാഗേ
ചന്ദ്രേ തഥാ പാപനിരീക്ഷിതേ വാ. ൫

ചന്ദ്രൻ ഗണ്ഡാന്തമുള്ള നക്ഷത്രങ്ങളിൽ പാപേക്ഷിതനായോ പാപയുക്തനായോ നില്ക്കുകയും അഷ്ടമത്തിലും അപ്രകാരം പാപദൃഷ്ടനായിട്ടു നില്ക്കയും ചെയ്താൽ സദ്യോമൃതി ഉണ്ടാകും.

താതാദികളുടെ നാശം—

താതാംബികാ സോദരമാതുലാശ്ച
മാതാമഹീ മാതൃപിതാ ച ബാലാഃ
സൂൎയ്യാദികൈഃ പഞ്ചമധൎമ്മയാതൈഃ
ക്രൂരൎക്ഷഗൈരാശു ഹതാഃ ക്രമേണ. ൬

സൂൎയ്യൻ തുടങ്ങിയ ഗ്രഹങ്ങൾ അഞ്ചിലും ഒൻപതിലും നില്ക്കുകയും ആ രാശികൾ ക്രൂരക്ഷേത്രങ്ങളായിരിക്കയും ചെയ്താൽ, അച്ഛൻ, അമ്മ, സോദരൻ, മാതുലൻ മുത്തശ്ശി, അമ്മയുടെ അച്ഛൻ, ബാലൻ ഇവരെല്ലാം മൃതരാകും.

മാതൃസോദരനാശം—

രസാതലസ്ഥൌ യദി ഭാനുചന്ദ്രൌ
ശനിഃ സ്മരസ്ഥോ മരണായ മാതുഃ
യദായദി ക്രൂരഖഗോ വിലഗ്നാ—
ദരാതിഗഃ സോദരനാശഹേതുഃ. ൧

സൂൎയ്യചന്ദ്രന്മാർ നാലാമിടത്തും ശനി ഏഴാമിടത്തും നിന്നാൽ മാതാവു് മരിക്കും. പാപഗ്രഹം ആറാമിടത്തുനിന്നാൽ സോദരൻ മരിക്കും.

മാതൃനാശം—

ക്രൂരേക്ഷിതൌ ചന്ദ്രവിലഗ്നരാശീ
സൌമ്യഗ്രഹൈൎവീക്ഷണയോഗഹീനൌ
കേന്ദ്രച്യുതോ യദ്യമരേശമന്ത്രീ
ജാതസ്യ മാതാ സമുപൈതി നാശം. ൨

ചന്ദ്രനും ലഗ്നത്തിനും പാപദൃഷ്ടിയും സൌമ്യഗ്രഹങ്ങളുടെ വീക്ഷണയോഗങ്ങളും ഇല്ലാതിരിക്കയും വ്യാഴത്തിനു കേന്ദ്രസ്ഥിതി ഇല്ലാതെ വരികയും ചെയ്താൽ ജനിച്ചവന്റെ മാതാവു് തൽക്ഷണം മരിക്കും.

മാതാവിന്റെ ഗൎഭത്തോടുകൂടിയുള്ള മരണം—

സഭാനുജേ ശീതകരേ വിലഗ്നാൽ
ദിവാകരേ രിഃഫഗൃഹോപയാതേ
ധരാസുതേ ബന്ധുഗതേ തദാനീം
വിപദ്യതേ തജ്ജനനീ സഗൎഭാ. ൩

ചന്ദ്രൻ ശനിയോടൊന്നിച്ചും സൂൎയ്യൻ പന്ത്രണ്ടാമിടത്തും കുജൻ നാലാമിടത്തും നിന്നാൽ മാതാവു് ഗൎഭത്തോടുകൂടി മരിക്കും.

വിലഗ്നചന്ദ്രൌ ശുഭദൃഗ്വിഹീനാ-
വശേ ഭനവ്യോമചരാന്തരസ്ഥൌ
വിനാശമേതി പ്രമദാ സഗൎഭാ
വദന്തി സൎവേ യുഗപൽ പൃഥഗ് വാ. ൪

ലഗ്നചന്ദ്രന്മാൎക്കു് ശുഭദൃഷ്ടിയില്ലായ്കയും, പാപമദ്ധ്യസ്ഥിതിയുണ്ടാകയും ചെയ്താൽ മാതാവു് ഗൎഭത്തോടുകൂടിയോ അല്ലാതെയോ തൽക്ഷണം മരിക്കും.

ഷഷ്ഠാവസാനാഷ്ടമഭാവഗേഷു
ക്രൂരേഷു സൌമ്യഗ്രഹവൎജ്ജിതേഷു
പാപാന്തരസ്ഥേ ഭൃഗുജേ ഗുരൌ വാ
നാരീ സപുത്രാ മ്രിയതേ തു സദ്യഃ ൫

പാപന്മാർ ശുഭന്മാരോടുകൂടാതെ ആറിലോ അഷ്ടമത്തിലോ പന്ത്രണ്ടിലോ നില്ക്കുകയും ശുക്രനോ വ്യാഴമോ പാപമദ്ധ്യസ്ഥിതരാകയും ചെയ്താൽ സ്ത്രീ പുത്രനോടുകൂടി ഉടൻ മരിക്കും.

ലഗ്നാസ്തയാതൌ യദി പാപഖേചരൌ
ശുഭൈരയുക്തൌ ശുഭദൃഷ്ടിവൎജ്ജിതൌ
ശസ്ത്രേണ മൃത്യും സമുപൈതി ഗൎഭിണീ
മാസാധിപേ നഷ്ടകരേ യദാ വദേൽ. ൬

ലഗ്നത്തിലും ഏഴിലും പാപന്മാർ ശുഭന്മാരോടും ശുഭദൃഷ്ടിയോടും കൂടാതെയും മാസാധിപതി രശ്മിവിഹീനനായും ഇരുന്നാൽ ഗർഭിണി ആയുധംകൊണ്ടുമരിക്കും.

ചന്ദ്രാൽ ചതുർത്ഥാപഗതൈരസൽഭി-
ർമ്മാനസ്ഥിതൈശ്ശോഭനദൃഷ്ടിഹീനൈഃ
വ്യാപാരഗൈർവാ യദി വാസരേശാ-
ജ്ജാതസ്യ മാതാ നിധനം പ്രയാതി. ൫൩

പാപന്മാർ ശുഭദൃഷ്ടിയോടുകൂടാതെ ചന്ദ്രന്റെ നാലിലോ പത്തിലോ നില്ക്കുകയോ സൂര്യന്റെ പത്തിൽനില്ക്കുകയോ ചെയ്യുമ്പോൾ ജനിക്കുന്നവന്റെ മാതാവു് സദ്യോമരണത്തെ പ്രാപിക്കും.

ശുക്രാദ്രവൌ വിക്രമഗേ ബലാഢ്യേ
മന്ദേക്ഷിതേ മന്ദസമന്വിതേ വാ
ക്ഷീണേ ശശാങ്കേ യദി വാ സപാപേ
മാതാ സപുത്രാ മ്രിയതേഽചിരേണ. ൫൪

ആദിത്യൻ ശുക്രന്റെ മൂന്നിൽ ബലവാനായി ശനിയാൽ ദൃഷ്ടനായോ ശനിയോടുകൂടിയോ നില്ക്കുകയോ ക്ഷീണചന്ദ്രൻ പാപസഹിതനായി നില്ക്കുകയോ ചെയ്യുമ്പോൾ ജാതനായവന്റെ മാതാവു് പുത്രനോടുകൂടി തൽക്ഷണം മരിക്കും.

ലഗ്നാദിനേവാഷ്ടമഗേ ധരാജേ
പാപേക്ഷിതേ സൌമ്യദൃശാ വിഹീനേ
താരാധിപേ വൃദ്ധികലാവിഹീനേ
മാതാ കൃതാന്തസ്യ പദം സമേതി. ൫൫

ലഗ്നാൽ അഷ്ടമത്തിൽ സൂര്യനോ ചൊവ്വായോ പാപദൃഷ്ടനായും സൌമ്യദൃഷ്ടിയില്ലാതെയും നില്ക്കുകയും ചന്ദ്രൻ വൃദ്ധിഹീനനായിരിക്കയും ചെയ്യുമ്പോൾ ജനിച്ചവന്റെ മാതാവു് തൽക്ഷണം മരിക്കും.

ശുക്രാൽ കുജോഽഹനി തപസ്സുതരാശിയാതേ
ചന്ദ്രാൽ ത്രികോണഗൃഹഗേ രവിജോ രജന്യാം
പാപേക്ഷിതേ ച ശുഭയോഗദൃശാ വിഹീനേ
നാശം സമേതി ജനനീ വിബലേ ശശാങ്കേ. ൫൬

കുജൻ, ശുക്രന്റെ അഞ്ചിലോ ഒൻപതിലോ പാപദൃഷ്ടിയോടുകൂടി നില്ക്കുമ്പോൾ പകൽ ജനിച്ചവന്റേയും, ശനി ചന്ദ്രന്റെ അഞ്ചിലോ ഒമ്പതിലോ പാപദൃഷ്ടനായി നില്ക്കുമ്പോൾ രാത്രിയിൽ ജനിച്ചവന്റേയും, ക്ഷീണചന്ദ്രൻ പാപയോഗത്തോടേ പാപദൃഷ്ടിയോടേ കൂടിയിരിക്കുമ്പോൾ ജനിച്ചവന്റേയും മാതാവു് തൽക്ഷണം മരിക്കും.

ശശാങ്കലഗ്നോപഗതൈശ്ശുഭഗ്രഹൈ-
സ്ത്രികോണജായാർത്ഥസുഖാസ്പദസ്ഥിതൈഃ .
തൃതീയലാഭർക്ഷഗതൈരശോഭനൈഃ
സുഖീ ച ഗർഭോ രവിണാ നിരീക്ഷിതൈഃ. ൫൭

ശുഭഗ്രഹങ്ങൾ ചന്ദ്രലഗ്നങ്ങളിലോ (ചന്ദ്രനിലോ ലഗ്നത്തിലോ ആയാലും മതി) ൫, ൯, ൭, ൨, ൪, ൧൦ ഈ സ്ഥാനങ്ങളിലോ നില്ക്കുകയും പാപന്മാർ സൂര്യദൃഷ്ടന്മാരായി ൩, ൧൧ ഈ സ്ഥാനങ്ങളിൽ നില്ക്കുകയും ചെയ്യുമ്പോൾ ഉള്ള ജനനം സുഖപ്രസവമായിരിക്കും.

പിതൃമരണലക്ഷണം —

വ്യയസ്ഥിതേൎക്കേ സസുതേ വിലഗ്നാ-
ദ്യദി ക്ഷയേന്ദൌ മദനോപയാതേ
പിതൃവിയോഗം പ്രവദന്തി സദ്യഃ
ശുഭേക്ഷിതേ തു ത്രിഭിരബ്ദമാനൈഃ ൧൮

സൂൎയ്യനും ശനിയും ലഗ്നത്തിന്റെ പന്ത്രണ്ടിലും, ക്ഷീണചന്ദ്രൻ ഏഴിലും നില്ക്കുമ്പോൾ ജാതന്റെ പിതാവു് തൽക്ഷണവും ഇവൎക്കു ശുഭദൃഷ്ടിയുണ്ടായാൽ മൂന്നു വൎഷത്തിനകവും മരിക്കും.

ചരോപഗേ ചന്ദ്രമസി ക്ഷപായാം
ബുധേക്ഷിതേ ദൂരദിശം പ്രയാതഃ
ചരേ ശനൌ ഭാനയുതേ നിശായാം
വിദേശഗോ യാതി പിതാ വിനാശം. ൧൯

ചന്ദ്രൻ ചരരാശികളിൽ ബുധദൃഷ്ടിയോടുകൂടി നില്ക്കുമ്പോൾ രാത്രിയിൽ ജനിച്ചവന്റെ അച്ഛൻ ദൂരദിക്കിൽ പോകയും, ശനി സൂൎയ്യനോടുകൂടി ചരരാശികളിൽ നില്ക്കുമ്പോൾ രാത്രിയിൽ ജനിച്ചവന്റെ പിതാവു് പരദേശത്തുപോയും മരിക്കും.

ക്ഷീണേ ശശിന്യുദയഗേ യദി കണ്ടകസ്ഥേ
പാപേ ऽഥവാ നിധനഗേ മ്രിയതേ ऽഥ ബാലഃ
രന്ധ്രാരിഗൈരശുഭഖേടദൃശാ സമേതൈഃ
സൌമ്യൈഃ കൃതാന്തനഗരം സമുപൈതി മാസാൽ. ൨൦

ക്ഷീണചന്ദ്രൻ ലഗ്നത്തിലോ കേന്ദ്രങ്ങളിലോ നില്ക്കയും പാപൻ അഷ്ടമത്തിൽ നില്ക്കയും ചെയ്യുമ്പോൾ ജാതനായ ബാലൻ തൽക്ഷണം മരിക്കും. ശുഭന്മാർ അഷ്ടമത്തിലും ആറിലും അശുഭദൃഷ്ടിയോടുകൂടിയിരിക്കുമ്പോൾ ജനിച്ചവൻ ഒരു മാസത്തിനകം മരിക്കും.

ഏകത്രമന്ദാവനിനന്ദനാൎക്കാ
രന്ധ്രസ്ഥിതാ വാ രിപുരാശിയാതാഃ
സൌമ്യൈരയുക്താ അവിലോകിതാസ്തേ
ജാതസ്യ സദ്യോ മരണപ്രദാഃ സ്യുഃ. ൨൧

ശനി, കുജൻ, സൂൎയ്യൻ ഇവർ ഒന്നിച്ചു് അഷ്ടമത്തിലോ ഷഷ്ഠത്തിലോ ശുഭയോഗികളോടു കൂടാതെ നില്ക്കുമ്പോൾ ജനിച്ചവൻ തൽക്ഷണം മരിക്കും.

ചന്ദ്രാംശേ സപ്തമേ ഭൌമേ സൌമ്യദൃഷ്ടിവിവൎജ്ജിതേ
സപ്തസപ്തതിതാരായാമുപൈതി മരണം ശിശുഃ. ൨൨

കുജൻ സൌമ്യദൃഷ്ടിയില്ലാതെ കൎക്കടകാംശകത്തിൽ ഏഴിൽ നില്ക്കുമ്പോൾ ജാതനായവൻ ൭൭-ാം ദിവസം മരിക്കും.

മന്ദാവനിജമാൎത്താണ്ഡൈഃ പുത്രസ്ഥാനസമന്വിതൈഃ
സപ്തസപ്തതിനക്ഷത്രേ ജാതസ്യ മരണം വദേൽ. ൨൩

ശനി, കുജൻ, സൂൎയ്യൻ, ഇവർ അഞ്ചിൽ നില്ക്കുമ്പോൾ ജനിച്ചവൻ ൭൭-ാം നാളിൽ മരിക്കും.

ധരാസുതേ ചന്ദ്രനവാംശകസ്ഥേ,
ലഗ്നാംശകേ വാ ന ച ജീവദൃഷ്ടേ

സുധാകരേ നന്ദനരാശിയാതേ
സമേതി യാമ്യം പദമാശു ബാലഃ ൧൪

കുജൻ ചന്ദ്രനവാംശകത്തിലോ ലഗ്നാംശകത്തിലോ വ്യാഴദൃഷ്ടിയില്ലാതെയിരിക്കുമ്പോഴും ചന്ദ്രൻ അഞ്ചാമിടത്തു നില്ക്കുമ്പോഴും ജാതനായ ബാലൻ തൽക്ഷണം മരിക്കും.

നീചം ഗതേ ലഗ്നപതൗ വിലഗ്നാ-
ന്നാശം ഗതേ വാ രവിജേ തഥാസ്തേ
ജാതോ മൃതപ്രായകളേബരഃ സൻ
കൃച്ഛ്റേണ വൈവസ്വതലോകമേതി. ൧൫

ലഗ്നാധിപൻ നീചത്തിലോ ലഗ്നത്തിന്റെ അഷ്ടമത്തിലോ നില്ക്കുമ്പോഴും ശനി അപ്രകാരം ഏഴാമിടത്തു നില്ക്കുമ്പോഴും ജാതനായവൻ മൃതപ്രായശരീരനായി പ്രയാസപ്പെട്ടു യമപുരിയെ പ്രാപിക്കുന്നു.

ആപോക്ലിമസ്ഥാനഗതാ നഭോഗാ
വിധൂതവീര്യാ യദി ഭാനുമുഖ്യാഃ
മാസദ്വയം തസ്യ ഋതുത്രയം വാ
ജാതസ്യ ചായുഃ കഥയന്തി തജ്ഞാഃ ൧൬

സൂര്യാദിഗ്രഹങ്ങൾ ബലഹീനരായിട്ട് ആപോക്ലിമ (൩-൬-൯-൧൨) സ്ഥാനങ്ങളിൽ നില്ക്കുമ്പോൾ ജാതനായവൻ ൨ മാസമോ അല്ലെങ്കിൽ ൬ മാസമോ ജീവിച്ചിരിക്കയുള്ളു.

ലഗ്നാരിരന്ധ്റവ്യയഗേ ശശാങ്കേ
പാപേന ദൃഷ്ടേ ശുഭദൃഷ്ടിഹീനേ
കേന്ദ്രേഷു സൌമ്യഗ്രഹവർജ്ജിതേഷു
പ്രാണൈർവിയോഗം വ്രജതി പ്രജാതഃ. ൧൭

ചന്ദ്രൻ, ലഗ്നം, ഷഷ്ഠം, അഷ്ടമം, ദ്വാദശം ഇവിടെ എവിടെ എങ്കിലും പാപദൃഷ്ടനായും ശുഭദൃഷ്ടിയില്ലാതെയും നില്ക്കയും ശുഭന്മാർ കേന്ദ്രത്തിൽ ശുഭദൃഷ്ടിയില്ലാതിരിക്കയും ചെയ്യുമ്പോൾ ജാതനായവൻ തൽക്ഷണം മരിക്കും.

സൌരേ മദസ്ഥേ യദി വാ വിലഗ്നേ
ജലോദയേ ഽബ്ജേ യദി കീടഗേ വാ
സൌമ്യേഷു കേന്ദ്രോപഗതേഷു സദ്യോ
ജാതസ്യ നാശോ യവനോപദിഷ്ടഃ ൧൮

ശനി ഏഴിലോ ലഗ്നത്തിലോ നില്ക്കയും ചന്ദ്രൻ ജലരാശിയിലോ വൃശ്ചികത്തിലോ നില്ക്കയും ശുഭന്മാർ കേന്ദ്രത്തിൽ നില്ക്കയും ചെയ്യുമ്പോൾ ജനിക്കുന്നവൻ ഉടൻ മരിക്കും എന്നു യവനാചാര്യമതം ആകുന്നു.

ഭൗമക്ഷേത്രഗതേ ജീവേ നീചരാശിഗതേഥവാ
സന്ധ്യാത്രയേ ച സംജാതോ മാസാന്മൃത്യുമുപൈതി സഃ ൧൯

വ്യാഴം കുജക്ഷേത്രത്തിലോ അല്ലെങ്കിൽ നീചരാശിയിലോ നില്ക്കുമ്പോൾ മൂന്നു സന്ധ്യയിൽ ഏതിലെങ്കിലും ജനിക്കുന്നവൻ ഒരുമാസത്തിനകം മരിക്കും.

രന്ധ്റേ ധരാസൂനുദിനേശസൗരാ
ജാതസ്തു മൃത്യും സമുപൈതി മാസാൽ
കേതുസ്തു യസ്മിന്നുദിതേ ഽത്ര ജാതോ
മാസദ്വയേനൈവ യമം പ്രയാതി. ൨൦

അഷ്ടമത്തിൽ കുജനും സൂര്യനും ശനിയും നില്ക്കുമ്പോൾ ജനിച്ചവൻ ഒരുമാസത്തിനകവും, കേതു ലഗ്നത്തിൽ നില്ക്കുമ്പോൾ ജനിച്ചവൻ രണ്ടുമാസത്തിനകവും മരിക്കും.

ഹോരായാം—

പാപാവുദയാസ്തഗതൗ ക്രൂരേണ യുതശ്ച ശശീ
ദൃഷ്ടശ്ച ശുഭൈൎന്ന യദാ മൃത്യുശ്ച ഭവേദചിരാൽ ൨൯

ലഗ്നത്തിലും ഏഴിലും പാപന്മാരും ചന്ദ്രൻ പാപനോടുകൂടി നില്ക്കുകയും അവിടെ ശുഭന്മാരുടെ ദൃഷ്ടിയില്ലാതിരിക്കയുംചെയ്യുമ്പോൾ ജനിച്ചവൻഉടൻമരിക്കും.

ക്ഷീണേ ഹിമഗൗ വ്യയഗേ പാപൈരുദയാഷ്ടമഗൈഃ
കേന്ദ്രേഷു ശുഭാശ്ച ന ചേൽ ക്ഷിപ്രം നിധനം പ്രവദേൽ

ക്ഷീണചന്ദ്രൻ പന്ത്രണ്ടിലും പാപന്മാർ ഉദയാഷ്ടമങ്ങളിലും നില്ക്കുകയും കേന്ദ്രങ്ങളിൽ ശുഭന്മാർ ഇല്ലാതിരിക്കയും ചെയ്താൽ ജാതൻ ഉടൻ മരിക്കും.

ശശിന്യരിവിനാശഗേ നിധനമാശു പാപേക്ഷിതേ
ശുഭൈരഥ സമാഷ്ടകം ദളമതശ്ച മിശ്രേക്ഷിതേ
അസൽഭിരവലോകിതേ ബലിഭിരത്ര മാസം ശുഭേ
കളത്രസഹിതേ ച പാപവിജിതേ വിലഗ്നാധിപേ. ൩൦

ചന്ദ്രൻ ആറിലോ അഷ്ടമത്തിലോ ഏതെങ്കിലും ഒരുപാപന്റെ ദൃഷ്ടിയോടുകൂടിയും ശുഭന്റെ ദൃഷ്ടിയില്ലാതെയും നിന്നാൽ ഉടൻ മരണം ഉണ്ടാകും. ശുഭന്മാരാൽ ദൃഷ്ടനാണെങ്കിൽ എട്ടുവർഷംവരെയും ശുഭന്മാരുടെയും പാപന്മാരുടെയും കൂടിയുള്ള ദൃഷ്ടിയാണെങ്കിൽ നാലുവർഷംവരെയും, ഷഷ്ഠാഷ്ടമസ്ഥനായ ശുഭൻ ബലികളായ പാപന്മാരുടെ ദൃഷ്ടിയാണെങ്കിലും, ലഗ്നാധിപൻ ഏഴാംഭാവത്തിൽ യുദ്ധത്തിൽ തോററുനില്ക്കയാണെങ്കിലും ഒരുമാസംവരെയും ജീവിച്ചിരിക്കും.

അശുഭസഹിതേ ഗ്രസ്തേ ചന്ദ്രേ കുജേ നിധനാശ്രിതേ
ജനനിസുതയോൎമ്മൃത്യുൎല്ലഗ്നേ രവൗ തു സ ശസ്ത്രജഃ
ഉദയതി രവൗ ശീതാംശൗ വാ ത്രികോണവിനാശഗൈ-
ൎന്നിധനമശുഭൈൎവ്വീൎയ്യോപേതൈഃ ശുഭൈൎന്ന യുതേക്ഷിതേ

ഗ്രസ്തചന്ദ്രൻ ലഗ്നത്തിൽ അശുഭനോടു (ശനിയോടു)കൂടിയും കുജൻ അഷ്ടമത്തിലും നിന്നാൽ തള്ളയ്ക്കും പിള്ളയ്ക്കും മൃതിയുണ്ടാകും. ഈ യോഗത്തിൽ തന്നെ ആദിത്യൻകൂടിയുണ്ടായാൽ മാതൃസുതന്മാരുടെ മരണം ശസ്ത്രംകൊണ്ടു് ഉണ്ടായതായിരിക്കും. ചന്ദ്രനോ, സൂര്യനോ ലഗ്നത്തിൽ ബലവാന്മാരായ ശുഭന്മാരുടെ ദൃഷ്ടിയോ യോഗമോ കൂടാതെ നില്ക്കയും പാപന്മാർ ൫-൯-൮ ഈ സ്ഥാനങ്ങളിൽനില്ക്കയുംചെയ്താൽ സദ്യോമരണംഉണ്ടാകും. ശുഭദൃഷ്ടിയുണ്ടെങ്കിൽ അരിഷ്ടയോഗമില്ല.

അസിതരവിശശാങ്കഭൂമിജൈർ-
വ്യയനവമോദയനൈൎധനാശ്രിതൈഃ
ഭവതി മരണമാശു ദേഹിനാം
യദി ബലിനാ ഗുരുണാ ന വീക്ഷിതാഃ. ൩൧

ശനി പന്ത്രണ്ടിലും, സൂര്യൻ ഒൻപതിലും, ചന്ദ്രൻ ലഗ്നത്തിലും, കുജൻ അഷ്ടമത്തിലും നില്ക്കയും ബലവാനായ വ്യാഴത്തിന്റെ ദൃഷ്ടിയില്ലാതിരിക്കയും ചെയ്യുമ്പോൾ ജനിക്കുന്ന ദേഹികൾ തൽക്ഷണം മരിക്കും. (ഈ യോഗത്തിൽ വ്യാഴം അഞ്ചിൽ നിന്നാൽ സദ്യോമരണമില്ലാഎന്നു ഭാവം.)

സുതമദനവമാന്ത്യലഗ്നരന്ധ്രേ-
ഷ്വശുഭയുതോ മരണായ ശീതരശ്മിഃ

ഭൃഗുസുതശശിപുത്രദേവപൂജ്യൈർ-
യദി ബലിഭിന്ന്യുതോഽവലോകിതോ വാ. ൩൭

൫-൬-൯-൧൨-ലഗ്നം ൮-൭ സ്ഥാനങ്ങളിൽ എവിടെയെങ്കിലും ചന്ദ്രൻ പാപന്മാരോടുകൂടി നില്ക്കയും അവിടെ ബലവാന്മാരായ ശുക്രൻ ബുധൻ വ്യാഴം ഇവരിൽ ഒരാളുടെ എങ്കിലും ദൃഷ്ടി ഇല്ലാതെ വരികയും ചെയ്താൽ ജാതൻ ഉടൻമരിക്കും.

യോഗേ സ്ഥാനംഗതവതിബലിനശ്ചന്ദ്രേ സ്വം വാ തനുഗൃഹമഥവാ
പാപൈർദൃഷ്ടേ ബലവതി മരണം വർഷസ്യാന്തേ കില മുനിഗദിതം

ഏതൊരു അരിഷ്ടയോഗത്തിലാണോ മരണകാലാവധി പറഞ്ഞിട്ടില്ലാത്തത്ത ആ അരിഷ്ടയോഗത്തിൽ യോഗകർത്താക്കന്മാരായ ഗ്രഹങ്ങളിൽവെച്ച് ബലവാനായ ഗ്രഹം നില്ക്കുന്ന രാശിയിലോ ആ രാശിയിൽ ചാരവശാൽ ചന്ദ്രൻ വരുമ്പോഴോ, അല്ലെങ്കിൽ ചന്ദ്രൻ ജനനകാലത്തിൽ എവിടെ നില്ക്കുന്നോ അവിടെ പിന്നീട് ചന്ദ്രൻ വരുമ്പോഴോ, ലഗ്നത്തിൽ വരുമ്പോഴോ മരിക്കും എന്നും, ചിലർ ഒരുവർഷത്തിനകമേ മരിക്കുകയുള്ളൂ എന്നും പറയുന്നു.

വക്രീ ശനിർഭൗമഗൃഹോപയാതഃ
കേന്ദ്രേഽഥവാ ശത്രുഗൃഹേ വിനാശേ
കുജേന സംപ്രാപ്തബലേന ദൃഷ്ടോ
വർഷദ്വയം ജീവയതി പ്രജാതം. ൩൮

വക്രത്തോടുകൂടിയ ശനി കുജക്ഷേത്രത്തിലോ, കേന്ദ്രത്തിലോ, ആറിലോ, അല്ലെങ്കിൽ എട്ടിലോ നില്ക്കുകയും അവിടെ ബലവാനായ കുജന്റെ ദൃഷ്ടിയുണ്ടായിരിക്കയും ചെയ്യുമ്പോൾ ജനിച്ചവൻ രണ്ടുവയസ്സുവരെ ജീവിച്ചിരിക്കും.

ബൃഹസ്പതിർഭൗമഗൃഹേഽഷ്ടമസ്ഥഃ
സൂര്യേന്ദുഭൗമാർക്കജദൃഷ്ടമൂർത്തിഃ
അബ്ദൈസ്ത്രിഭിർഭാർഗ്ഗവദൃഷ്ടിഹീനോ
ലോകാന്തരം പ്രാപയതി പ്രജാതം. ൩൯

ഗുരു അഷ്ടമത്തിൽ കുജഗൃഹത്തിൽ സൂര്യൻ ചന്ദ്രൻ കുജൻ ശനി ഇവരുടെ ആരുടെയെങ്കിലും ദൃഷ്ടിയോടുകൂടിയും ശുക്രദൃഷ്ടിയില്ലാതെയും നില്ക്കുമ്പോൾ ജാതനായവൻ മൂന്നുവയസ്സുവരെ ജീവിക്കും.

ഷഷ്ഠാഷ്ടമേ കർക്കിണി ജന്മലഗ്നാൽ
സൗമ്യേ സുധാരശ്മിനിരീക്ഷ്യമാണേ
അബ്ദൈശ്ചതുർഭിസ്സമുപൈതി നാശം
ജാതോ നരഃ സർവ്വബലാന്വിതോപി. ൪൦

ജന്മലഗ്നത്തിന്റെ ഷഷ്ഠാഷ്ടമങ്ങൾ കർക്കടകമായും അവിടെ ബുധൻ ചന്ദ്രദൃഷ്ടിയോടുകൂടി നില്ക്കയുംചെയ്യുമ്പോൾ ജനിച്ചവൻ മറ്റെല്ലാബലവും ഉണ്ടെങ്കിലും നാലുവയസ്സുവരെമാത്രമേ ജീവിക്കയുള്ളൂ.

രവിചന്ദ്രഭൗമഗുരുഭിഃ കുജഗുരുസൌരേന്ദുഭിസ്സഹൈകസ്ഥൈഃ
രവിശനിഭൗമശശാങ്കൈർമ്മരണം ഖലു പഞ്ചഭിർവർഷൈഃ. ൪൧

സൂര്യൻ ചന്ദ്രൻ കുജൻ ഗുരു ഇവരോ, കുജൻ ഗുരു ശനി ചന്ദ്രൻ ഇവരോ, സൂര്യൻ ശനി കുജൻ ചന്ദ്രൻ ഇവരോ ഒന്നിച്ച് ഒരു രാശിയിൽ നിന്നാൽ അഞ്ചുവയസ്സുവരെ ജീവിച്ചിരിക്കും.

യദാ സുധാരശ്മിനവാംശകസ്ഥേ നിരീക്ഷിതേ ശീതകരേണ മന്ദേ
ലഗ്നാധിപേ ചന്ദ്രദൃശാ സമേതേ ജാതസ്യ ഷഡ്വർഷമിതം തദായുഃ

ശനി ചന്ദ്രദൃഷ്ടിയോടുകൂടി ചന്ദ്രനവാംശകത്തിൽ നിൽക്കയും ലഗ്നാധിപനുചന്ദ്രദൃഷ്ടിയുണ്ടായിരിക്കയും ചെയ്യുമ്പോൾ ജനിച്ചവൻ ആറുവയസ്സുവരെ ജീവിച്ചിരിക്കും.

ലഗ്നേ യദ്ദ്രേക്കാണോ നിഗളാഹിവിഹംഗപാശധരസംജ്ഞഃ
മരണായ സപ്തവർഷേ ക്രൂരയുതോ ന സ്വപതിസന്ദൃഷ്ടഃ. ൪൩

ലഗ്നത്തിന്റെ നിഗളദ്രേക്കാണത്തിലോ സർപ്പദ്രേക്കാണത്തിലോ പക്ഷിദ്രേക്കാണത്തിലോ യമദ്രേക്കാണത്തിലോ ജനിക്കയും ആ ലഗ്നത്തിനു പാപയോഗമുണ്ടായിരിക്കയും സ്വാമിദൃഷ്ടിയില്ലാതെ ഇരിക്കയും ചെയ്താൽ ഏഴുവയസ്സുവരെ ജീവിച്ചിരിക്കും.

ലഗ്നേ രവിശനിഭൗമാഃ ശുക്രഗൃഹേ സപ്തമേ ശശീ ക്ഷീണഃ
ദൃഷ്ടോ ന ദേവഗുരുണാ സപ്തഭിരഷ്ടാഭിരബ്ദൈർവാ സ്യാൽ.

ലഗ്നത്തിൽ സൂര്യൻ ശനി കുജൻ ഇവരും, ഏഴാമിടം ശുക്രക്ഷേത്രമായും അവിടെ ക്ഷീണചന്ദ്രൻ വ്യാഴദൃഷ്ടിയില്ലാതെ നില്ക്കുകയുംചെയ്യുമ്പോൾ ജനിച്ചവൻ ഏഴോ എട്ടോ വയസ്സുവരെ ജീവിച്ചിരിക്കും.

ദിവാകരേന്ദുഭൂപുത്രാഃ പുത്രസ്ഥാനസമന്വിതാഃ
ജാതോ യമപുരം യാതി നവമാബ്ദേ ന സംശയഃ ൪൫

സൂര്യൻ ചന്ദ്രൻ കുജൻ ഇവർ മൂന്നുപേരുംകൂടി അഞ്ചിൽ നില്ക്കുമ്പോൾ ജനിച്ചവൻ ഒൻപതുവയസ്സുവരെ ജീവിച്ചിരിക്കും.

പാപോ വിലഗ്നാധിപതിഃ ശശാങ്കാ-
ദന്ത്യസ്ഥിതഃ ക്രൂരനിരീക്ഷിതശ്ചേൽ;
തദംശരാശൗ യദി വാ തദീശോ
ജാതസ്ത്രിശുദ്ധ്യാതി ലയം നവാബ്ദേ ൪൬

ലഗ്നാധിപൻ പാപനായിരിക്കയും ചന്ദ്രന്റെ പന്ത്രണ്ടിൽ പാപദൃഷ്ടിയോടുകൂടിയോ ചന്ദ്രനവാംശരാശിയിൽ നില്ക്കയോ തദംശകനാഥനായി നില്ക്കയോചെയ്യുമ്പോൾ ജനിച്ചവൻ ഒൻതുവയസ്സുവരെ ജീവിച്ചിരിക്കും.

മൃഗാംശകസ്ഥിതേ മന്ദേ സൗമ്യദൃഷ്ടിവിവർജ്ജിതേ (സമന്വിതേ)
ജന്മപ്രഭൃതി ശത്രുത്വം തസ്യായുർദ്ദശവത്സരം ൪൭

ശനിക്കു ബുധദൃഷ്ടിയും മകരാംശകത്തിൽ സ്ഥിതിയും ഉള്ളപ്പോൾ ജനിച്ചവൻ ജന്മംതുടങ്ങി എല്ലാവരുടെയും ശത്രുവായി പത്തുവയസ്സുവരെ ജീവിച്ചിരിക്കും.

രവിണാ യുക്തഃ ശശിജഃ സൗമ്യൈർദൃഷ്ടോ വിനാശയതി നരം
ഏകാദശഭിർവർഷൈർജാതം നൃപതുല്യഭോഗസമ്പന്നം. ൪൮

സൂര്യനും ബുധനും ഒരു രാശിയിൽ ശുഭന്മാരുടെ ദൃഷ്ടിയോടുകൂടി നില്ക്കുമ്പോൾ ജനിച്ചവൻ നൃപതുല്യഭോഗത്തോടുകൂടി ൧൧-വയസ്സുവരെ ജീവിച്ചിരിക്കും.

ചന്ദ്രലഗ്നാധിപഃ സൂര്യഃ സ്വപുത്രേണ സമന്വിതഃ
ലഗ്നാദഷ്ടമരാശിസ്ഥോ ദ്വാദശാബ്ദേ സിതേക്ഷിതഃ ൪൯

സൂര്യനു ചന്ദ്രൻ നില്ക്കുന്ന രാശിയുടെ ആധിപത്യവും ശനിയുടെ യോഗവും ലഗ്നത്തിനുനിന്നു അഷ്ടമരാശിയിൽ ശുക്രദൃഷ്ടിയോടുകൂടി സ്ഥിതിയും ഉള്ളപ്പോൾ ജനിച്ചവൻ ൧൨ വയസ്സുവരെ ജീവിച്ചിരിക്കും.

അർക്കാംശകസ്ഥിതേ മന്ദേ സൂര്യേണൈവ നിരീക്ഷിതേ
പിതൃദ്വേഷസമായുക്തോ ദ്വാദശാബ്ദം ച ജീവതി ൫൦

ശനിക്കു സൂര്യദൃഷ്ടിയും സൂര്യാംശകത്തിൽ സ്ഥിതിയും ഉള്ളപ്പോൾ ജനിച്ചവൻ പിതൃദ്വേഷത്തോടുകൂടി ൧൨-വയസ്സുവരെ ജീവിച്ചിരിക്കും. (ഈ യോഗം അസംഭവമാണു്.)

തുലാംശകസ്ഥിതേ മന്ദേ ജീവദൃഷ്ടിസമന്വിതേ
ത്രയോദശാബ്ദേ മരണം ജാതസ്യ പിതൃവൈരിണഃ ൫൧

ശനിക്ക് വ്യാഴദൃഷ്ടിയും തുലാംശകസ്ഥിതിയും ഉള്ളപ്പോൾ ജനിച്ചവൻ പിതൃവൈരിയായിട്ട് ൧൩ വയസ്സുവരെ ജീവിച്ചിരിക്കും.

കന്യാംശകസ്ഥിതേ മന്ദേ സൌമ്യദൃഷ്ടിസമന്വിതേ
ചതുർദ്ദശാബ്ദേ മരണം ജാതഃ കോപീ സമേതി ച. ൫൨

ശനിക്ക് സൌമ്യദൃഷ്ടിയും കന്യാംശകസ്ഥിതിയും ഉള്ളപ്പോൾ ജനിച്ചവൻ കോപിയായിട്ട ൧൪ വയസ്സുവരെ ജീവിച്ചിരിക്കും.

സിംഹാംശകസ്ഥിതേ മന്ദേ രാഹുണാ ച നിരീക്ഷിതേ
ശസ്ത്രപീഡാ ഭവേത്തസ്യ ചായുഃ പഞ്ചദശാബ്ദകം. ൫൩

ശനിക്ക് രാഹുദൃഷ്ടിയും സിംഹാംശകത്തിൽ സ്ഥിതിയും ഉള്ളപ്പോൾ ജനിച്ചവൻ ൧൫ വയസ്സുവരെ ജീവിച്ചിരിക്കും. ശസ്ത്രപീഡയും ഉണ്ടായിരിക്കും.

അക്കാംശകസ്ഥിതേ മന്ദേ ജീവദൃഷ്ടിസമന്വിതേ
സർവ്വപീഡാ ഭവേത്തസ്യ ഷോഡശാബ്ദേ മൃതിർഭവേൽ ൫൪

ശനിക്ക് വ്യാഴദൃഷ്ടിയും അക്കാംശകസ്ഥിതിയും ഉള്ളപ്പോൾ ജനിച്ചവൻ ൧൬ വയസ്സുവരെ ജീവിച്ചിരിക്കം. സർവ്വപീഡ ഉണ്ടാകയും ചെയ്യും.

യമാംശകസ്ഥിതേ മന്ദേ ലഗ്നനാഥേന വീക്ഷിതേ
രണശൂരോ മഹാഭോഗീ മൃതസ്സപ്തദശാബ്ദകഃ ൫൫

ശനിക്ക് ലഗ്നനാഥദൃഷ്ടിയും മിഥുനാംശകത്തിൽ സ്ഥിതിയും ഉള്ളപ്പോൾ ജനിച്ചവൻ രണശൂരനായും മഹാഭോഗിയായും ൧൭ വയസ്സുവരെ ജീവിച്ചിരിക്കം.

പരസ്പരക്ഷേത്രസമന്വിതൌ വാ
രന്ധ്രേശലഗ്നാധിപതീ ന സൌമ്യൈഃ
രിഃഫാരിഭേ വാ ഗുരുണാ വിയുക്തേ
ത്വഷ്ടാദശാബ്ദേ നിധനം പ്രയാതി. ൫൬

അഷ്ടമാധിപതിയും ലഗ്നാധിപതിയും പാപന്മാരായും അഷ്ടമാധിപതി ലഗ്നാധിപതിക്ഷേത്രത്തിലും ലഗ്നാധിപതി അഷ്ടമാധിപതിക്ഷേത്രത്തിലും നിൽക്കയും വ്യ-൬ ഈ ഭാവങ്ങളിൽ വ്യാഴയോഗം ഇല്ലാതിരിക്കയും ചെയ്യുമ്പോൾ ജനിച്ചവൻ ൧൮ വയസ്സുവരെ ജീവിച്ചിരിക്കം.

ജന്മാംശകസ്ഥിതേ മന്ദേ രാഹുണാ ച നിരീക്ഷിതേ
ദേഹാധിപേ യദാ ദൃഷ്ടേ ജാതഃ സദ്യോ വിനശ്യതി
തദീശസ്തുംഗഭാഗേ ചേദായുരേകോനവിംശതിഃ ൫൭

രാഹു, വ്യാഴാംശകസ്ഥിതനായ ശനിയെ നോക്കുകയോ, ലഗ്നാധിപനെ നോക്കാതിരിക്കയോ ചെയ്യുമ്പോൾ ജനിച്ചവൻ സദ്യോമരണം പ്രാപിക്കും. ലഗ്നാധിപൻ തുംഗഭാഗത്തിലാണെങ്കിൽ ൧൯ വയസ്സുവരെ ജീവിച്ചിരിക്കും.

കേന്ദ്രേഷു പാപേഷു നിശാകരേണ
സൌമ്യഗ്രഹൈരീക്ഷണവർജ്ജിതേഷു
ഷഷ്ഠാഷ്ടമേ വാ യദി ശീതരശ്മൌ
ജാതസ്സുഖീ വിംശതിവത്സരാന്തം. ൫൮

പാപന്മാർ കേന്ദ്രങ്ങളിൽ ചന്ദ്രദൃഷ്ടിയോടും ശുഭഗ്രഹദൃഷ്ടിയോടും കൂടാതെ നിൽക്കയും ചന്ദ്രൻ അപ്രകാരം ഷഷ്ഠത്തിലോ, അഷ്ടമത്തിലോ നിൽക്കയും ചെയ്യുമ്പോൾ ജനിച്ചവൻ ൨൦ വയസ്സുവരെ ജീവിച്ചിരിക്കും.

ജീവേന സഹിതഃ സൂര്യോ ലഗ്നസ്ഥഃ കീടരാശിഗഃ
അഷ്ടമാധിപതൌ കേന്ദ്രേ ദ്വാവിംശത്യബ്ദകേ മൃതിഃ ൫൯

സൂര്യൻ വ്യാഴത്തോടുകൂടി വൃശ്ചികലഗ്നത്തിലും കേന്ദ്രത്തിൽ അഷ്ടമാധിപതിയും നില്ക്കുമ്പോൾ ജനിച്ചവൻ ൨൨ വയസ്സുവരെ ജീവിച്ചിരിക്കും.

മന്ദോദയേ ശത്രുരാശൌ സൌമ്യൈരാപോക്ലിമോപഗൈഃ
ഷഡ്വിംശത്യബ്ദകേ വാ സ്യാൽ സപ്തവിംശതിവത്സരേ

മന്ദോദയം ശത്രുരാശിയിലും ശുഭന്മാർ ആപോക്ലിമത്തിലും (൨൬-൨൭) നില്ക്കുമ്പോൾ ജനിച്ചവൻ ഇരുപത്താറോ ഇരുപത്തിയേഴോ വയസ്സുവരെ ജീവിച്ചിരിക്കും.

രന്ധ്രേശേ ജീവസംദൃഷ്ടേ പാപേ പാപനിരീക്ഷിതേ
രന്ധ്രസ്ഥേ ജന്മപേ മൃത്യുരഷ്ടാവിംശതിവത്സരേ ൬൦

പാപനായ അഷ്ടമാധിപതിക്ക് വ്യാഴദൃഷ്ടിയും പാപദൃഷ്ടിയുമുള്ള ലഗ്നാധിപന് അഷ്ടമസ്ഥിതിയും ഉള്ളപ്പോൾ ജനിച്ചവൻ ൨൮ വയസ്സുവരെ ജീവിച്ചിരിക്കും.

ചന്ദ്രമന്ദസഹായസ്തു സൂര്യശ്ചാഷ്ടമസംസ്ഥിതഃ
ഏകോനത്രിംശകേ വർഷേ ജാതോ യമപുരം വ്രജേൽ. ൬൧

സൂര്യൻ ചന്ദ്രമന്ദന്മാരോടുകൂടി അഷ്ടമത്തിൽ നില്ക്കുമ്പോൾ ജനിച്ചവൻ ൨൯ വയസ്സുവരെ ജീവിച്ചിരിക്കും.

ജന്മരന്ധ്രപയോർമ്മധ്യേ നിശാനാഥേ വ്യയേ ഗുരൌ
സപ്തവിംശതിവർഷേ വാ ത്രിംശദ്വയസി വാ മൃതിഃ. ൬൨

ചന്ദ്രൻ ലഗ്നാധിപന്റേയും അഷ്ടമാധിപന്റേയും മദ്ധ്യത്തിലും വ്യാഴം പന്ത്രണ്ടിലും നില്ക്കുമ്പോൾ ജനിച്ചവൻ ൨൭ വയസ്സുവരെയോ ൩൦ വയസ്സുവരെയോ ജീവിച്ചിരിക്കും.

അഷ്ടമാധിപതൌ കേന്ദ്രേ ലഗ്നേശേ ബലവർജ്ജിതേ
ത്രിംശദ്വർഷമിതായുഃസ്സ്യാൻ ദ്വാത്രിംശദ്വത്സരേ മൃതിഃ. ൬൩

അഷ്ടമാധിപൻ കേന്ദ്രത്തിൽ നില്ക്കുകയും ലഗ്നേശൻ ബലഹീനനായിരിക്കയും ചെയ്യുമ്പോൾ ജനിച്ചവൻ ൩൦ വയസ്സുവരെയോ ൩൨ വയസ്സുവരെയോ ജീവിച്ചിരിക്കും.

ക്ഷീണേ ശശാങ്കേ യദി പാപയുക്തേ
രന്ധ്രാധിപേ കേന്ദ്രഗതേഽഷ്ടമേ വാ
പാപാന്വിതേ ഹീനബലേ വിലഗ്നേ
ദ്വാത്രിംശദബ്ദേ നിധനം പ്രയാതി. ൬൪

ക്ഷീണചന്ദ്രന്ന പാപയോഗവും അഷ്ടമാധിപതിക്ക് കേന്ദ്രത്തിലോ അഷ്ടമത്തിലോ സ്ഥിതിയും ലഗ്നത്തിന് പാപയോഗവും ബലഹീനതയും ഉള്ളപ്പോൾ ജനിച്ചവൻ ൩൨ വയസ്സുവരെ ജീവിച്ചിരിക്കും.

ഷഷ്ഠാഷ്ടമേ വ്യയേ പാപേ ലഗ്നേശേ ദുർബ്ബലേ സതി
അല്പായുരനപത്യോ വാ ശുഭദൃഗ്യോഗവർജ്ജിതേ. ൬൫

ആറാംഭാവത്തിലും അഷ്ടമത്തിലും പന്ത്രണ്ടിലും പാപസ്ഥിതിയും ലഗ്നാധിപന്ന ബലഹീനതയും അവിടെ ശുഭയോഗമോ ശുഭദൃഷ്ടിയോ ഇല്ലാതിരിക്കയും ചെയ്യുമ്പോൾ ജാതനായവൻ അല്പായുസ്സായോ സന്താനമില്ലാത്തവനായോ ഭവിക്കും.

ക്രൂരഷഷ്ഠ്യംശകേ വാപി രന്ധ്രേശേ ഭാനജേഽപി വാ
പാപാന്വിതേ പാപഖേടേ ചാല്പമായുർവിനിർദ്ദിശേൽ. ൬൬

പാപനായ അഷ്ടമാധിപനോ ശനിയോ ക്രൂരഷഷ്ട്യംശകത്തിലോ പാപന്മാരോടുകൂടിയോ നിന്നാൽ അല്പായുസ്സുയോഗമാകുന്നു.

വ്യയാർത്ഥൌ പാപസംയുക്തൌ ശുഭദൃഷ്ടിവിവർജ്ജിതൌ
ക്രൂരഷഷ്ട്യംശസംയുക്തൌ ചാല്പമായുർവിനിർദ്ദിശേൽ ൮
ദ്വാത്രിംശദ്വത്സരാന്താബാലാരിഷ്ടയോഗാരിഷ്ടസ്വല്പായു-
ര്യോഗഭേദസ്സമാപ്തഃ

൧൨-ാം ഭാവവും ൨-ാം ഭാവവും പാപന്മാരോടുകൂടിയും ശുഭദൃഷ്ടിയില്ലാതെയും ക്രൂരഷഷ്ട്യംശയുക്തമായും ഇരുന്നാൽ അല്പായുസ്സുയോഗമാകുന്നു.

൩൨-വയസ്സുവരെയുള്ള ബാലാരിഷ്ടാദിയോഗഭേദം സമ്പൂർണ്ണം.

അഥാരിഷ്ടയോഗഭംഗഃ

അത്യന്തസത്വേ യദി ലഗ്നനാഥേ
സൌമ്യാന്വിതേ താദൃശദൃഷ്ടിയോഗേ
കേന്ദ്രസ്ഥിതേ പാപദൃശാ വിഹീനേ
സൽഭാഗ്യയുക് ജീവതി ദീർഘമായുഃ ൯

ലഗ്നാധിപൻ പരിപൂർണ്ണബലവാനും ശുഭദൃഷ്ടിയും ശുഭയോഗവും കേന്ദ്രസ്ഥിതിയും പാപദൃഷ്ടിഹീനതയും ഉണ്ടെങ്കിൽ അവൻ ഭാഗ്യവാനായി വളരെക്കാലം ജീവിച്ചിരിക്കും.

ചന്ദ്രസ്സമ്പൂർണ്ണഗാത്രസ്തു സൌമ്യക്ഷേത്രാംശഗോപി വാ
സർവ്വാരിഷ്ടനിഹന്താ സ്യാൽ വിശേഷാച്ഛുക്രവീക്ഷിതഃ ൧൦

ചന്ദ്രൻ സകലകലാസമ്പൂർണ്ണനായിട്ടു സൌമ്യക്ഷേത്രത്തിലോ സൌമ്യാംശത്തിലോ നിൽക്കുകയും വിശേഷിച്ചു ശുക്രദൃഷ്ടിയുണ്ടായിരിക്കയും ചെയ്താൽ സർവ്വാരിഷ്ടത്തെയും നശിപ്പിക്കും.

ജീവഭാർഗ്ഗവസൌമ്യാനാമേകഃ കേന്ദ്രഗതോ ബലീ
പാപദൃഗ്യോഗഹീനശ്ചേൽ സദ്യോരിഷ്ടസ്യ ഭംഗകഃ ൧൧

വ്യാഴം, ശുക്രൻ, ബുധൻ ഇവരിൽ ഒരുത്തൻ ബലവാനായിട്ടു കേന്ദ്രത്തിൽ നില്ക്കുകയും പാപദൃഷ്ടിയോഗങ്ങളില്ലാതിരിക്കയും ചെയ്താൽ തൽക്ഷണം അരിഷ്ടത്തെ നശിപ്പിക്കും.

സ്വോച്ചസ്ഥഃ സ്വഗൃഹേഥവാപി സുഹൃദാംവർഗ്ഗേപി സൌമ്യസ്യ വാ
സമ്പൂർണ്ണശ്ശുഭവീക്ഷിതശ്ശശധരഃ സ്വീയേഥ വർഗ്ഗേപി വാ
ശത്രൂണാമവലോകനാദിരഹിതഃ പാപൈർന്ന ദൃഷ്ടോ യുതോ-
രിഷ്ടം ഹന്തി സുദുസ്തരം ദിനമണിഃ പ്രാലേയജാലം യഥാ ൧൨

ചന്ദ്രൻ തന്റെ ഉച്ചത്തിലോ സ്വക്ഷേത്രത്തിലോ ബന്ധുവർഗ്ഗത്തിലോ ബുധാംശകത്തിലോ പൂർണ്ണനായി ശുഭയോഗദൃഷ്ടികളോടുകൂടി പാപയോഗങ്ങളോടുകൂടാതെ വർഗ്ഗോത്തമാംശത്തിലോ നിന്നാൽ സൂര്യൻ മഞ്ഞിൻകൂട്ടത്തെ എന്നപോലെ സകലാരിഷ്ടത്തെയും നശിപ്പിക്കും.

പക്ഷേ സിതേ ഭവതി ജന്മ യദി ക്ഷപായാം
കൃഷ്ണേഥവാഹനി ശുഭാശുഭദൃഷ്ടമൂർത്തിഃ
തച്ചന്ദ്രമാ രിപുവിനാശഗതോപി നൂന-
മാപൽസു രക്ഷതി പിതേവ ശിശും പ്രജാതം. ൧൩

വെളുത്തപക്ഷത്തിൽ രാത്രിയിലും കൃഷ്ണപക്ഷത്തിൽ പകലും ജനനവും അപ്പോൾ ചന്ദ്രൻ ശുഭഗ്രഹങ്ങളുടെ ദൃഷ്ടിയോടുകൂടി ആറിലോ പന്ത്രണ്ടിലോ നിന്നാലും, ആ ചന്ദ്രൻ അച്ഛൻ കുട്ടികളെ രക്ഷിക്കുന്നതുപോലെ അരിഷ്ടത്തിൽ നിന്നു രക്ഷിക്കും.

കേന്ദ്രം ഗതോപി ബലവാൻ സ്ഫുരദംശുമാലീ
സ്വർല്ലോകനാഥസചിവഃ ശമയേദവശ്യം
ഏകോ ബഹൂനി ദുരിതാനി സുദുസ്തരാണി
ഭക്ത്യാ പ്രയുക്ത ഇവ ശൂലധരേ പ്രണാമഃ ൬൪

വ്യാഴം സമ്പൂർണ്ണരശ്മികളോടുകൂടി ബലവാനായി കേന്ദ്രങ്ങളിൽ നിന്നാൽ ശ്രീപരമേശ്വരനിൽ ചെയ്യുന്ന നമസ്കാരം സകല പാപങ്ങളേയും നശിപ്പിക്കുന്നതുപോലെ എല്ലാ അരിഷ്ടങ്ങളേയും നിശ്ചയമായി ശമിപ്പിക്കും.

ലഗ്നേശോ ബലയുക്തശ്ചേത് ത്രികോണേ വാ ചതുഷ്ടയേ
അരിഷ്ടയോഗജാതോപി ജന്തുർജ്ജീവതി നിശ്ചയഃ ൬൫

ലഗ്നേശൻ ബലവാനായിട്ട് ത്രികോണത്തിലോ കേന്ദ്രങ്ങളിലോ നിന്നാൽ അരിഷ്ടയോഗത്തിൽ ജനിച്ചവനായാലും നിശ്ചയമായും ജീവിക്കും.

യസ്യ ജന്മനി തുംഗസ്ഥാഃ സ്വക്ഷേത്രസ്ഥാനമാശ്രിതാഃ
ചിരായുഷം ശിശും ഖേടാഃ കുർവന്ത്യത്ര ന സംശയഃ ൬൬

ജനനസമയത്തു ഗ്രഹങ്ങൾ എല്ലാം ഉച്ചത്തിൽ സ്വക്ഷേത്രത്തിൽ നിന്നാൽ അരിഷ്ടയോഗമുണ്ടെങ്കിലും ജാതൻ ദീർഘായുസ്സായിരിക്കും.

രാഹുസ്ത്രിഷഡ്ലാഭേ ലഗ്നാൽ സൌമ്യൈർന്നിരീക്ഷിതഃ സദ്യഃ
നാശയതി സർവ്വദുരിതം മാരുത ഇവ തൂലസംഘാതം. ൬൭

രാഹു ലഗ്നാൽ മൂന്നിലോ ആറിലോ ശുഭദൃഷ്ടിയോടുകൂടി നിന്നാൽ വായു പഞ്ഞിക്കൂട്ടത്തെപ്പോലെ സകല ദുരിതങ്ങളെയും നശിപ്പിക്കും.

അജവൃഷകർക്കിണി ലഗ്നേ രക്ഷതി രാഹുർന്നിരന്തരം ബാലം
പൃഥിവീപതിഃ പ്രപന്നം കൃതാപരാധം യഥാ പുരുഷം ൬൮

മേടമോ ഇടവമോ കർക്കടകമോ ലഗ്നമായിവരുന്ന രാശികളിൽ ഏതിലെങ്കിലും നില്ക്കുന്ന രാഹു, അപരാധം ചെയ്തവനാണെങ്കിലും ശരണം പ്രാപിച്ചവനെ രാജാവു രക്ഷിക്കുന്നതുപോലെ അരിഷ്ടയോഗജാതനായ ബാലനെ രക്ഷിക്കും.

നിശാകരശ്ശോഭനവർഗ്ഗയുക്തഃ
ശുഭേക്ഷിതഃ പൂരിതദീപ്തിജാലഃ
ജാതസ്യ നിശ്ശേഷമരിഷ്ടമാശു
നിഹന്തി യദ്വൽ ഗരളം ഗരുത്മാൻ. ൬൯

ചന്ദ്രൻ ശോഭനവർഗ്ഗത്തിൽ ശുഭദൃഷ്ടിയോടും സമ്പൂർണ്ണദീപ്തിയോടുംകൂടി നിന്നാൽ ജാതന്റെ സകലാരിഷ്ടയോഗങ്ങളേയും ഗരുഡൻ വിഷത്തെ ഹനിക്കുന്നതുപോലെ നശിപ്പിക്കും.

ചന്ദ്രാധിഷ്ഠിതരാശീശേ ലഗ്നസ്ഥേ ശുഭവീക്ഷിതേ
ഭൃഗുണാ വീക്ഷിതേ ചന്ദ്രേ സ്വോച്ചേ രിഷ്ടം ഹരേത്തദാ. ൭൦

ചന്ദ്രൻ നില്ക്കുന്ന രാശിയുടെ അധിപൻ ലഗ്നത്തിൽ ശുഭദൃഷ്ടിയോടുകൂടി ചന്ദ്രൻ ശുക്രദൃഷ്ടിയോടുകൂടി തന്റെ ഉച്ചരാശിയിൽ നില്ക്കയുംചെയ്താൽ ജാതന്റെ സകലാരിഷ്ടങ്ങളും ഇല്ലാതാകും.

ലഗ്നാധിപോതിബലവാനശുഭൈരദൃഷ്ടഃ
കേന്ദ്രസ്ഥിതഃ ശുഭഖഗൈരവലോക്യമാനഃ
മൃത്യും വിഹായ വിദധാതി സുദീർഘമായുഃ
സാദ്ധം ഗുണൈർബഹുഭിരൂർജ്ജിതയാ ച ലക്ഷ്മ്യാ വൃ൧

ലഗ്നാധിപൻ പൂർണ്ണബലവാനായി പാപദൃഷ്ടിയില്ലാതെയും ശുഭദൃഷ്ടിയോടുകൂടിയും കേന്ദ്രങ്ങളിൽ നിന്നാൽ വളരെ ഗുണങ്ങളും സമ്പത്തും ദീർഘായുസ്സും പ്രദാനംചെയ്യും.

മദ്ധ്യമായുര്യോഗം:—

ബലഹീനേ വിലഗ്നേശേ ജീവേ കേന്ദ്രത്രികോണഗേ
ഷഷ്ഠാഷ്ടമവ്യയേ പാപേ മദ്ധ്യമായുരുദാഹൃതം വൃ൨

ലഗ്നാധിപൻ ബലമില്ലാതെ നില്ക്കുകയും വ്യാഴം കേന്ദ്രത്തിലോ ത്രികോണത്തിലോ നില്ക്കുകയും ആറിലും എട്ടിലും പാപന്മാർ ഉണ്ടെങ്കിൽ മദ്ധ്യമായുസ്സാകുന്നു.

ദ്വാത്രിംശദ്വത്സരാദൂർദ്ധ്വം സപ്തതിപര്യന്തം മദ്ധ്യമായുര്യോഗഃ
(൩൨-വയസ്സുമുതൽ ൭൦-വയസ്സുവരെ മദ്ധ്യമായുസ്സാകുന്നു)

പൂർണ്ണായുർയോഗം:—

ചതുഷ്ടയേ ശുഭൈര്യുക്തേ ലഗ്നേശേ ശുഭസംയുതേ
ഗുരുണാ ദൃഷ്ടിസംയോഗേ പൂർണ്ണമായുർവ്വിനിർദ്ദിശേൽ. വൃ൩

കേന്ദ്രത്തിൽ ശുഭയോഗവും ലഗ്നേശന് ശുഭയോഗവും ഗുരുവിന്റെ ദൃഷ്ടിസംയോഗവും ഉണ്ടെങ്കിൽ പൂർണ്ണായുസ്സാകുന്നു.

കേന്ദ്രാന്വിതേ വിലഗ്നേശേ ഗുരുശുക്രസമന്വിതേ
താഭ്യാം നിരീക്ഷിതേ വാപി പൂർണ്ണമായുർവ്വിനിർദ്ദിശേൽ. വൃ൪

ലഗ്നാധിപൻ കേന്ദ്രത്തിൽ ഗുരുശുക്രന്മാരുടെ യോഗത്തോടോ ദൃഷ്ടിയോടോ കൂടി നിന്നാൽ പൂർണ്ണായുസ്സാകുന്നു.

ഉച്ചാന്വിതൈസ്ത്രിഭിഃ ഖേടൈഃ ലഗ്നരന്ധ്രേശസംയുതൈഃ
രന്ധ്രേ പാപവിഹീനേ ച ദീർഘമായുർവ്വിനിർദ്ദിശേൽ. വൃ൫

മൂന്നു ഗ്രഹങ്ങൾ ഉച്ചത്തിൽ നില്ക്കുകയും ലഗ്നാഷ്ടമാധിപസംയോഗമുണ്ടായിരിക്കയും അഷ്ടമത്തിൽ പാപന്മാരില്ലാതിരിക്കയും ചെയ്താൽ പൂർണ്ണായുസ്സാകുന്നു.

രന്ധ്രസ്ഥിതൈസ്ത്രിഭിഃ ഖേടൈഃ സ്വോച്ചമിത്രസ്വവർഗ്ഗഗൈഃ
ലഗ്നേശേ ബലസംയുക്തേ ദീർഘമായുർവ്വിനിർദ്ദിശേൽ. വൃ൬

മൂന്നുഗ്രഹങ്ങൾ അഷ്ടമത്തിൽ ഉച്ചരാശിയിൽ നില്ക്കുകയും അഷ്ടമം സ്വോച്ചമോ ബന്ധുഗൃഹമോ സ്വവർഗ്ഗമോ ആകയും ലഗ്നാധിപന് ബലമുണ്ടായിരിക്കയും ചെയ്താൽ പൂർണ്ണായുര്യോഗമാകുന്നു.

സ്വോച്ചസ്ഥിതേന കേനാപി ഖേചരേണ സമന്വിതഃ
ശനിർവ്വാ രന്ധ്രനാഥോ വാ ദീർഘമായുർവ്വിനിർദ്ദിശേൽ. വൃ൭

ശനിയോ അഷ്ടമാധിപനോ, ഉച്ചരാശിസ്ഥനായ ഏതെങ്കിലും ഒരു ഗ്രഹത്തോടു ചേർന്നുനിന്നാൽ ദീർഘായുര്യോഗമാകുന്നു.

ത്രിഷഡായഗതാഃ പാപാഃ ശുഭാഃ കേന്ദ്രത്രികോണഗാഃ.
ലഗ്നേശോ ബലസംയുക്തഃ പൂൎണ്ണമായുൎവ്വിനിർദ്ദിശേൽ. ൮൮

൩-൬-൧൧-ഈ സ്ഥാനങ്ങളിൽ പാപന്മാരും കേന്ദ്രം ത്രികോണം ഈ സ്ഥാനങ്ങളിൽ ശുഭന്മാരും നില്ക്കുകയും ലഗ്നാധിപന് പൂൎണ്ണബലം ഉണ്ടായിരിക്കയും ചെയ്താൽ പൂൎണ്ണായുൎയ്യോഗമാകുന്നു.

ഷൾസപ്തരന്ധ്രഭാഗേഷു ശുഭേഷു സഹിതേഷു ച
ത്രിഷഡായേഷു പാപേഷു ദീൎഘമായുൎവ്വിനിർദ്ദിശേൽ. ൮൯

൬-൭-൮ ഈ സ്ഥാനങ്ങളിൽ ശുഭന്മാരും ൩-൬-൧൧ ഈ ഭാവങ്ങളിൽ പാപന്മാരും നിന്നാൽ ദീൎഘായുൎയ്യോഗമാകുന്നു.

രിഃഫശത്രുഗതാഃ പാപാഃ ലഗ്നേശോ യദി കേന്ദ്രഗഃ
രന്ധ്രസ്ഥാനഗതാഃ പാപാഃ കൎമ്മേശഃ സ്വോച്ചരാശിഗഃ. ൯൦
യോഗദ്വയേഽപി ദീൎഘായുരുപൈതി ബഹുസമ്മതം
രന്ധ്രേശാസ്തഗ്രഹാധീശോ യസ്മിൻ രാശൌ വ്യവസ്ഥിതഃ
തദീശോ ലഗ്നനാഥശ്ചേൽ കേന്ദ്രഗോ യദി താദൃശം. ൯൧

പന്ത്രണ്ടിലും ആറിലും പാപന്മാരും കേന്ദ്രങ്ങളിൽ ലഗ്നാധിപനും നിന്നാലും അഷ്ടമത്തിൽ പാപന്മാരും തന്റെ ഉച്ചരാശിയിൽ കൎമ്മാധിപനും നിന്നാലും അഷ്ടമാധിപനും സപ്തമാധിപനും ഒരു രാശിയിൽ നില്ക്കുകയും ലഗ്നാധിപൻ ആ രാശിയുടെ നാഥനായി കേന്ദ്രങ്ങളിൽ നിന്നാലും പൂൎണ്ണായുൎയ്യോഗമാകുന്നു.

ദ്വിസ്വഭാവം ഗതേ ലഗ്നേ തദീശേ കേന്ദ്രഗേഽപി വാ
സ്വോച്ചമൂലത്രികോണേ വാ ചിരം ജീവതി ഭാഗ്യവാൻ. ൯൨

ഉഭയരാശി ലഗ്നമാകയും തദധിപൻ കേന്ദ്രങ്ങളിലൊ സ്വോച്ചരാശികളിലൊ മൂലത്രികോണരാശിയിലൊ നില്ക്കുകയും ചെയ്താൽ ഭാഗ്യവാനായിട്ട് ദീൎഘകാലം ജീവിച്ചിരിക്കും.

ദ്വിസ്വഭാവം ഗതേ ലഗ്നേ ലഗ്നേശാൽ കേന്ദ്രഗൌ യദി
ദ്വൌ പാപൌ യസ്യ ജനനേ തസ്യായുൎദ്ദീൎഘമാദിശേൽ ൯൩

ഉഭയരാശി ലഗ്നമാകയും ലഗ്നേശന്റെ കേന്ദ്രത്തിൽ രണ്ട് പാപന്മാർ നില്ക്കയുംചെയ്താൽ പൂൎണ്ണായുൎയ്യോഗമാകുന്നു.

ചരാംശകസ്ഥാ രവിമന്ദഭൌമാ
സ്ഥിരാംശകസ്ഥാ ഗുരുദാനവേജ്യൌ
ശേഷാശ്ച യുഗ്മാംശഗതാ യദി സ്യാൽ
തദാ സമുൽഭൂതനരഃ ശതായുഃ ൯൪

സൂൎയ്യനും കുജനും ശനിയും ചരാംശകത്തിലും വ്യാഴവും ശുക്രനും സ്ഥിരരാശ്യംശകത്തിലും ശേഷന്മാർ (മററഗ്രഹങ്ങൾ) ഉഭയരാശ്യംശകത്തിലും നില്ക്കുമ്പോൾ ജനിച്ചവൻ നൂറുവയസ്സുവരെ ജീവിച്ചിരിക്കും. സപ്തത്യുപരി ശതാന്തം പൂൎണ്ണായുൎയ്യോഗഃ (൭൦-വയസ്സുമുതൽ ൧൦൦-വയസ്സുവരെ പൂൎണ്ണായുൎയ്യോഗമാകുന്നു.)

മന്ദാംശകസ്ഥാ രവിജീവഭൌമാ
ധൎമ്മസ്ഥിതാസ്തന്നവഭാഗസംസ്ഥഃ
ബലാന്വിതോ ലഗ്നഗതോ ഹിമാംശു-
ൎയ്യുഗാന്തമായുഃ ശ്രിയമാദധാതി. ൯൫

സൂൎയ്യനും വ്യാഴവും കുജനും മന്ദാംശകത്തിൽ ഒൻപതാമിടത്തു് നിൽക്കയും ഒൻപതാംഭാവത്തിന്റെ നവാംശകത്തിൽ ചന്ദ്രൻ ലഗ്നത്തിൽ ബലവാനായി നിൽക്കയുംചെയ്യുമ്പോൾ ജനിച്ചവൻ നൂറുവയസ്സിനുമേൽ ജീവിച്ചിരിക്കും.

ഏകാംശഭാഗൌ ഗുരുസൂൎയ്യയുക്തൌ
ധൎമ്മസ്ഥിതൌ വാ യദി കൎമ്മസംസ്ഥൌ
അൎക്കോദയേ സൌമ്യനിരീക്ഷ്യമാണേ
മുനിൎഭവേദത്ര ഭവശ്ചിരായുഃ ൯൬

വ്യാഴവും സൂൎയ്യനും ഒരു അംശകത്തിൽ ഒൻപതാമിടത്തോ പത്താമിടത്തോ ശുഭദൃഷ്ടിയോടുകൂടി നില്ക്കുമ്പോൾ സൂൎയ്യോദയത്തിൽ ജനിച്ചവൻ നൂറുവയസ്സിലധികം ജീവിച്ചിരിക്കും.

ഗുരുശശിസഹിതേ കുളീരലഗ്നേ
ശശിതനയേ ഭൃഗുജേ ച കേന്ദ്രയാതേ
ഭവരിപുസഹജോപഗൈശ്ച ശേഷൈ-
രമിതമിഹായുരനുക്രമാദ്വിനാ സ്യാൽ. ൯൭

വ്യാഴവും ചന്ദ്രനും കൎക്കടകലഗ്നത്തിലും ബുധനും ശുക്രനും കേന്ദ്രത്തിലും ശേഷം ഗ്രഹങ്ങൾ ൧൧, ൩, ൬. ഈ സ്ഥാനങ്ങളിലും നില്ക്കുമ്പോൾ ജനിച്ചവൻ നിൎണ്ണയിക്കാൻവയ്യാത്ത ആയുസ്സോടുകൂടിയവനായിട്ടു് വളരെക്കാലം ജീവിച്ചിരിക്കും.

ത്രികോണേ പാപനിൎമ്മുക്തേ കേന്ദ്രേ പാപവിവൎജ്ജിതേ
രന്ധ്രേ പാപവിഹീനേ ച ജാതസ്ത്വമരസന്നിഭഃ. ൯൮

൫-ം ൯-ം ഭാവങ്ങൾ പാപമുക്തങ്ങളായും കേന്ദ്രം സൌമ്യസഹിതമായും അഷ്ടമം പാപഹീനമായും ഇരിക്കുമ്പോൾ ജനിച്ചവൻ ദേവതുല്യനാകും.

ശന്യാദിഭൌമപൎയ്യന്തം ലഗ്നാദേഃ ഖേചരാഃ സ്ഥിതാഃ
വൈശേഷികാംശസംയുക്താ ജാതസ്ത്വമരസന്നിഭഃ ൯൯

ശനി നില്ക്കുന്ന രാശിമുതൽ കുജൻ നില്ക്കുന്ന രാശിവരേയും ലഗ്നം മുതൽ കുജൻ നില്ക്കുന്ന രാശിവരേയും ഗ്രഹങ്ങൾ വൈശേഷികാംശത്തിൽ നില്ക്കുമ്പോൾ ജനിച്ചവൻ ദേവതുല്യനായിരിക്കും.

മേഷാന്ത്യലഗ്നേ സഗുരൌ ഭൃഗൌ വാ
നിശാകരേ ഗോഗൃഹമദ്ധ്യമാംശേ
സിംഹാസനാംശേ യദി വാ ധരാജേ
ജാതസ്ത്വസംഖ്യാനമുപൈതി മന്ത്രൈഃ. ൧൦൦

മേടത്തിന്റെ അന്ത്യലഗ്നത്തിൽ വ്യാഴമോ ശുക്രനോ നില്ക്കുകയും ഇടവത്തിന്റെ മദ്ധ്യമാംശത്തിൽ ചന്ദ്രനും സിംഹാസനാംശത്തിൽ കുജനും നില്ക്കുകയും ചെയ്യുമ്പോൾ ജനിച്ചവൻ വളരെക്കാലം മന്ത്രസിദ്ധിയോടുകൂടി ജീവിച്ചിരിക്കും.

ദേവലോകാംശകേ മന്ദേ ഭൌമേ പാരാവതാംശകേ
സിംഹാസനേ ഗുരൌ ലഗ്നേ ജാതോ മുനിസമോ ഭവേൽ ൧൦൧

ശനി ദേവലോകാംശത്തിലും കുജൻ പാരാവതാംശത്തിലും വ്യാഴം ലഗ്നത്തിൽ സിംഹാസനാംശത്തിലും നില്ക്കുമ്പോൾ ജനിച്ചവൻ മുനിയെപ്പോലെ വളരെക്കാലം ജീവിച്ചിരിക്കും.

ഗോപുരാംശേ ഗുരൌ കേന്ദ്രേ ശുക്രേ പാരാവതാംശകേ
ത്രികോണകൎക്കടേ ലഗ്നേ യുഗാന്തം സ തു ജീവതി ൧൦൨

വ്യാഴം, കേന്ദ്രത്തിൽ ഗോപുരാംശത്തിലും, ശുക്രൻ ൭, ൻ ഈ രാശിയിലോ കർക്കടകത്തിലോ പാരാവതാംശകത്തിലും നില്ക്കുമ്പോൾ ജനിച്ചവൻ യുഗാവസാനം വരെ ജീവിച്ചിരിക്കും.

ചാപാംശേ കർക്കടേ ലഗ്നേ തസ്മിൻ ദേവേന്ദ്രപൂജിതേ
ത്രിചതുർഭിഃ ഗ്രഹൈഃ കേന്ദ്രേ ജാതോ ബ്രഹ്മപദം വ്രജേൽ. ൧൭

കർക്കടകത്തിൽ ധനുരംശകത്തിൽ വ്യാഴവും കേന്ദ്രത്തിൽ മൂന്നുനാല് ഗ്രഹങ്ങളുണ്ടായിരിക്കയും ചെയ്യുമ്പോൾ ജനിച്ചവൻ ബ്രഹ്മാവായിത്തീരും.

ലഗ്നേശേ ജ്യേ ഭൃഗൗ കാമേ കന്യായാമുഡുനായകേ
ചാപേ മേഷാംശകേ ലഗ്നേ ജാതോ യാതി പരം പദം. ൧൮

വ്യാഴം ലഗ്നത്തിലും ശുക്രൻ ഏഴിലും ചന്ദ്രൻ കന്നിയിലും നില്ക്കയും മേടത്തിൽ അംശകത്തോടുകൂടി ധനു ലഗ്നമായിരിക്കയും ചെയ്യുമ്പോൾ ജനിച്ചവൻ വളരെ കാലം ജീവിച്ച് ഉന്നതപദത്തെ പ്രാപിക്കും.

ബാലാരിഷ്ടം യോഗസഞ്ജാതമല്പം
തേഷാം ഭംഗം മദ്ധ്യമം ദീർഘമായുഃ
ദിവ്യം യോഗാഭ്യാസമന്ത്രക്രിയാദ്യൈ-
രായുസ്സപ്തൈതാനി സങ്കീർത്തിതാനി. ൧൯

ഇതി ശ്രീനവഗ്രഹകൃപയാ വൈദ്യനാഥവിരചിതേ
ജാതകപാരിജാതേ ബാലാരിഷ്ടാദ്ധ്യായശ്ചതുർത്ഥഃ.

ബാലാരിഷ്ടം അല്പായുസ്സ് അവയുടെ ഭംഗം മദ്ധ്യമായുസ്സ് ദീർഘായുസ്സ് യോഗാഭ്യാസം മന്ത്രം മുതലായവയാലുള്ള ആയുസ്സ് ഇങ്ങനെ ഏഴുവിധത്തിലുള്ള ആയുർയോഗം ഈ അദ്ധ്യായത്തിൽ പറയപ്പെട്ടു.

ഇങ്ങനെ ജാതകപാരിജാതവ്യാഖ്യാനത്തിൽ ബാലാരിഷ്ട
എന്ന നാലാമദ്ധ്യായത്തിന്റെ വ്യാഖ്യാനം സമ്പൂർണ്ണം

അഥ പഞ്ചമോദ്ധ്യായഃ

ആയുർദ്ദായം.

നിസർഗ്ഗപൈണ്ഡ്യാംശകരശ്മിചക്ര-
നക്ഷത്രദായാഷ്ടകവർഗ്ഗജാനി
പരാശരാദ്യൈഃ കഥിതാനി യാനി
സംഗൃഹ്യ താനി ക്രമശോ വദാമി. ൧

നിസർഗ്ഗദശ, പൈണ്ഡ്യദശ, അംശകദശ, രശ്മിദശ, ചക്രദശ, നക്ഷത്രദശ, അഷ്ടവർഗ്ഗം ഇവയാൽ ആയുസ്സ് അറിയാനുള്ള ഉപായങ്ങൾ പരാശരാദികളാൽ പറയപ്പെട്ടിട്ടുണ്ട്. അവയെത്തന്നെ ഇവിടെ ചുരുക്കി ഞാൻ ക്രമേണ പറയുന്നു.

നിസർഗ്ഗദശാസംവത്സരങ്ങൾ —

നഖാ,ശ്ശശീ,ദ്വൗ,നവ കം,ധൃതിശ്ച
കൃതിഃ,ഖബാണാ, രവിപൂർവ്വകാണാം

ഇമാ നിരുക്താഃ ക്രമശോ ഗ്രഹാണാം
നൈസർഗ്ഗികേ ഹ്യായുഷി വർഷസംഖ്യാഃ ൨

നിസർഗ്ഗദശയിൽ, സൂര്യന്നു ൨൦-ം, ചന്ദ്രനു ൧-ം, ചൊവ്വായ്ക്കു ൨-ം, ബുധനു് ൯-ം, വ്യാഴത്തിനു ൧൮-ം ശുക്രനു ൨൦-ം, ശനിയ്ക്കു് ൫൦-ം സംവത്സരങ്ങൾ പറയപ്പെട്ടിരിക്കുന്നു. ഇവ പരമോച്ചത്തിലെ സംവത്സരങ്ങളാണു്.

പിണ്ഡദശാസംവത്സരങ്ങൾ—

നവേന്ദവോ,ബാണയമാ,ശ്ശരക്ഷ്മാ,
ദിവാകരാഃ പഞ്ചഭുവഃ കുപക്ഷാഃ
നഖാശ്ച ഭാസ്വൽപ്രമുഖഗ്രഹാണാം
പിണ്ഡായുഷോബ്ദാ നിജതുംഗഗാനാം. ൩

പിണ്ഡദശയിൽ തന്റെ പരമോച്ചത്തിൽ നില്ക്കുന്ന സൂര്യനു് ൧൯-ം ചന്ദ്രനു് ൨൫-ം, ചൊവ്വായ്ക്കു ൧൫-ം, ബുധനു് ൧൨-ം, വ്യാഴത്തിനു ൧൫-ം, ശുക്രനു ൨൧-ം, ശനിക്കു ൨൦-ം സംവത്സരങ്ങൾ ആയുർദ്ദായകാലങ്ങളാകുന്നു.

നിജോച്ചശുദ്ധാൽ ഖചരോ വിശോധ്യ
ഭമണ്ഡലാൽ ഷൾഭവനോനകശ്ചേൽ
യഥാസ്ഥിതഃ ഷൾഭവനാധികശ്ചേൽ
ലിപ്തീകൃതഃ സംഗുണിതോ നിജാബ്ദൈഃ ൪
തത്ര ഖാഭ്രരസചന്ദ്രലോചനൈ-
രുദ്ധൃതേ സതി യദാപ്യതേ ഫലം
വർഷമാസദിനനാഡികാദികം
തദ്ധി പിണ്ഡഭവമായുരുച്യതേ. ൫

ഗ്രഹസ്ഫുടംവെച്ചു് അതിൽനിന്നു് തന്റെ പരമോച്ചത്തെ വാങ്ങി ശേഷം ആറിൽ കുറവാണെങ്കിൽ അതിനെ പന്ത്രണ്ടിൽനിന്നും കുറച്ചും, ആറിൽ കൂടുതലാണെങ്കിൽ ഇരിക്കുന്നതുപോലെയും ഇലിയാക്കി തങ്ങളുടെ സംവത്സരങ്ങളെക്കൊണ്ടു് ഗുണിച്ചു് അനന്തപുരം (൨൧൬൦൦) കൊണ്ടു് ഹരിച്ചുവരുന്ന ഫലം പിണ്ഡായുസ്സിലെ ദശാകാലവത്സരം ആകുന്നു. ശിഷ്ടത്തെ ൧൨-൩൦-൬൦ ഇവ ക്രമത്തിൽ പെരുക്കി അനന്തപുരംകൊണ്ടു ഹരിച്ചു്, മാസം, ദിവസം, നാഴിക ഇവയാക്കണം. സൂര്യന്റെ പരമോച്ചത്തിൽ രാശി ശൂന്യം, തീയതി ൧൦, ചന്ദ്രനു് രാശി ൧, തീയതി ൩, ശേഷമുള്ളവരുടെ പരമോച്ചങ്ങളെയും യഥായോഗ്യം ഊഹിച്ചുകൊള്ളണം.)

പൈണ്ഡ്യനൈസർഗ്ഗികദശകളിലെ സംവത്സരാദികൾ—

സ്വോച്ചോനസ്ഫുടഖേചരം യദി രസാദല്പം ഭചക്രോദ്ധൃതം
ലിപ്തീകൃത്യ നിജായുരബ്ദഗുണിതം തച്ചക്രലിപ്താഹൃതം
ലബ്ധം വാസരനായകാദിഖചരൈർദത്തായുരബ്ദാദികം
നീചാബ്ദം ക്രമശോ വദന്തി മുനയഃ പൈണ്ഡ്യേ ച നൈസർഗ്ഗികേ

ഗ്രഹസ്ഫുടംവെച്ചു് അതിൽ തന്റെ പരമോച്ചത്തെ കളഞ്ഞു് ശിഷ്ടം ആറിൽ കുറവാണെങ്കിൽ അതിനെ പന്ത്രണ്ടിൽനിന്നു കുറച്ചുശേഷം ഇലിയാക്കി തങ്ങളുടെ ആയുരബ്ദംകൊണ്ടു ഗുണിച്ചു ഇലിയാദിക്രമത്തിൽ മേല്പോട്ടു കരേറ്റി കിട്ടുന്ന സംഖ്യ സൂര്യാദിഗ്രഹങ്ങളുടെ പൈണ്ഡ്യദശയിലും നൈസർഗ്ഗികദശയിലും ഉള്ള സംവത്സരാദികളാണു്.

ഹരണം ഹോരായാം (=ഹോരയിലെ ഹരണക്രമത്തെ കാണിക്കുന്നു)

നീചേ ഽതോൎദ്ധം ഹ്രസതി ഹി തതശ്ചാന്തരസ്ഥേനുപാതോ
ഹോരാ ത്വംശപ്രതിമമപരേ രാശിതുല്യം വദന്തി
ഹിത്വാ വക്രം രിപുഗൃഹഗതൈർഹീയതേ സ്വത്രിഭാഗഃ
സൂൎയ്യോച്ഛിന്നദ്യുതിഷു ച ദളം പ്രോജ്ഝ്യ ശുക്രാൎക്കപുത്രൗ ൭

സൂൎയ്യാദിഗ്രഹങ്ങൾക്കു തങ്ങളുടെ പരമനീചത്തിൽ നില്ക്കുമ്പോൾ മുൻപു പരമോച്ചത്തിൽ പറഞ്ഞ പരമായുസ്സിൽ പകുതിയാകും. ഉച്ചനീചങ്ങളുടെ മദ്ധ്യത്തിൽ നില്ക്കുകയാണെങ്കിൽ ത്രൈരാശികപ്രകാരം അറിയണം. ലഗ്നാംശം ലഗ്നത്തിൽ എത്ര നവാംശങ്ങൾ ചെന്നിട്ടുണ്ടോ അത്രയെന്നും, എത്ര രാശി ചെന്നിട്ടുണ്ടോ അത്രയെന്നും രണ്ടുപക്ഷമുണ്ട്. ശത്രുക്ഷേത്രസ്ഥിതൎക്കു മൂന്നാംഭാഗം കുറയും. ചൊവ്വ മുതലായ ഗ്രഹങ്ങൾക്കു വക്രഗതിയുണ്ടെങ്കിൽ ശത്രുക്ഷേത്രസ്ഥിതന്മാരായാലും പരമായുസ്സിൽ ഒരംശവും കുറകയില്ല മൗഢ്യം ഉള്ള ഗ്രഹങ്ങൾക്കു പരമായുസ്സ് പകുതിയേ ഉള്ളൂ. ശുക്രനും ശനിക്കും മൗഢ്യമുണ്ട്, എങ്കിലും പരമായുസ്സ് മുഴുവനും ഉണ്ട്.

(വ്യയാദിഹരണം=പന്ത്രണ്ടുമുതൽ നിന്നാലുള്ള ഹരണം)

ക്ഷോണീപുത്രം വൎജ്ജയിത്വാ രിപുസ്ഥ-
സ്ത്ര്യംശം നീചസ്ഥാനസംസ്ഥാസ്തതോൎദ്ധം
അസ്തം യാതാസ്സ്വം ഏവാൎദ്ധഹാനിം
കുൎയ്യുൎഹിത്വാ ശുക്രമാൎത്താണ്ഡപുത്രൗ ൮

മുൻപറഞ്ഞ അൎത്ഥംതന്നെ ശാസ്ത്രാന്തരംകൊണ്ടുപറയുന്നു—

ചൊവ്വായെ ഒഴിച്ചു ശത്രുക്ഷേത്രസ്ഥിതൎക്കു മൂന്നിൽ ഒരുഭാഗവും, നീചസ്ഥൎക്കും, ശുക്രനെയും ശനിയെയും ഒഴിച്ചു മൗഢ്യംപ്രാപിച്ചവൎക്കും പരമായുസ്സ് പകുതിയുമാകുന്നു.

സവാൎദ്ധത്രിചരണപഞ്ചഷഷ്ഠഭാഗാ
ഹീയന്തേ വ്യയഭവനാദസത്സു വാമം
സത്സ്വൎദ്ധം ഹ്രസതി തഥൈകരാശിഗാനാ-
മേകോംശം ഹരതി ബലീ തഥാഹ സത്യഃ. ൯

പന്ത്രണ്ടിൽ നില്ക്കുന്ന പാപന്റെ ദശ മുഴുവനും പതിനൊന്നിൽ നില്ക്കുന്ന പാപന്റെ ദശ പകുതിയും പത്തിൽ നില്ക്കുന്ന പാപന്റെ ദശ മൂന്നിൽ ഒരുഭാഗവും, ഒൻപതിൽ നില്ക്കുന്ന പാപന്റെ ദശ നാലിലൊന്നും, എട്ടിൽ നില്ക്കുന്ന പാപന്റെ ദശ അഞ്ചിൽ ഒന്നും, ഏഴിൽ നില്ക്കുന്ന പാപന്റെ ദശ ആറിലൊന്നും കളയണം. ൧൨-മുതൽ കീഴ്പോട്ട് ഏഴുവരെയുള്ള ഭാവങ്ങളിൽ നില്ക്കുന്ന ശുഭന്മാൎക്കു പാപന്മാൎക്കു പറഞ്ഞതിൽ പകുതിയും ആയുൎദ്ദായവത്സരങ്ങൾ കുറയ്ക്കണം. ഒരു രാശിയിൽതന്നെ പല ഗ്രഹങ്ങൾ നിന്നാൽ ബലവാനായ ഗ്രഹത്തിന്റെ ദശമാത്രം കളഞ്ഞാൽമതി.

ഏകൎക്ഷോപഗതാനാം ദ്വയോ
ഭവതി ബലാധികോ വിശേഷേണ
ക്ഷപയതി തഥാ തമംശം
സ ഏവ നാന്യോ ഽപി തത്രസ്ഥഃ ൰

ഒരു രാശിയിൽ പല ഗ്രഹങ്ങൾ നിന്നാൽ വിശേഷിച്ച് അധികബലമുള്ള ഗ്രഹത്തിന്റെ അംശം കളഞ്ഞാൽമതി. അല്ലാതെ അവിടെ നില്ക്കുന്ന മറ്റുഗ്രഹങ്ങളുടെ അംശം കളയണ്ട.

(ക്രൂരോദയഹരണം = പാപന്മാർ നിന്നാൽ ഹരിക്കേണ്ട ക്രമം)

സാദ്ധോദിതോദിതനവാംശഹതാൽ സമസ്താൽ
ഭാഗോഷ്ടയുക്തശതസംഖ്യമുപൈതി നാശം
ക്രൂരേ വിലഗ്നസഹിതേ വിധിനാ ത്വനേന
സൌമ്യേക്ഷിതേ ദളമതഃ പ്രലയം പ്രയാതി.

സൂര്യ്യനോ ചൊവ്വായോ ശനിയോ ലഗ്നത്തിൽ നിന്നാൽ ലഗ്നസ്ഫുടവും സൂര്യ്യാദി മററുഗ്രഹങ്ങളുടെ സ്ഫുടവും വെവ്വേറെവെച്ചു ലഗ്നത്തിൽ ഉദിച്ച നവാംശവും മുഴുവൻ ഉദിക്കാതെ ഉള്ള നവാംശവുംകൂട്ടി കൂട്ടി അതുകൊണ്ടു് സൂര്യ്യാദിസ്ഫുടങ്ങളെ ഗുണിച്ചുവരുന്ന സംഖ്യയെ ൧൦൮-കൊണ്ടു് ഹരിച്ചുകിട്ടുന്ന ഫലത്തെ ഓരോ ഗ്രഹങ്ങളുടേയും ആയുഃപിണ്ഡത്തിൽനിന്നു കളഞ്ഞു് ശേഷം ഉള്ളതിനെ തങ്ങളുടെ ആയുർദ്ദായസംവത്സരങ്ങളായി വിചാരിക്കണം. ലഗ്നത്തിൽ നില്ക്കുന്ന പാപഗ്രഹത്തിനു് ശുഭദൃഷ്ടിയുണ്ടെങ്കിൽ ഹരണഫലത്തിൽ പകുതി കളഞ്ഞാൽ മതി.

ലിപ്തീഭൂതൈർലഗ്നഭാഗൈർവിഹന്യാ-
ദായുർദ്ദായം ഖേചരാണാം പൃഥക്ക്സ്ഥം
വ്യോമാകാശർത്തുചന്ദ്രപക്ഷൈർഭജേത്തൽ
സ്വായുർദ്ദായാച്ഛോദ്ധ്യമബ്ദാദി ലബ്ധം. ൪൨

ലഗ്നസ്ഫുടത്തെ ഇലിയാക്കി അതുകൊണ്ടു് ഓരോ ഗ്രഹങ്ങളുടെയും ആയുഃപിണ്ഡത്തെ വെവ്വേറെ ഗുണിച്ചു് ൨൧൬൦൦-കൊണ്ടു് ഹരിച്ചുകിട്ടുന്ന ഫലം ഇലിയാദിയായി കരേററി ഗ്രഹങ്ങളുടെ ദശയിൽനിന്നു കളയണം. എന്നാൽ ശേഷം ക്രൂരോദയഹരണം കഴിഞ്ഞ ദശാകാലമാണു്.

ഏതൽ ക്രൂരേ ലഗ്നഗേ സൌമ്യദൃഷ്ടേ
തസ്മിൻ പാപേ തൽഫലാർദ്ധം വിശോദ്ധ്യം
ഏതദ്ദായേനാംശസംജ്ഞേ വിധേയം
പിണ്ഡായുഷ്യൽകമ്മ നൈസർഗ്ഗികേ ച. ൪൩

മുൻപറഞ്ഞതു് പാപൻ ലഗ്നത്തിൽ നില്ക്കുമ്പോൾ ചെയ്യേണ്ടതാണു്. ആ പാപന്നുതന്നെ ശുഭദൃഷ്ടിയുണ്ടു്. എങ്കിൽ ഹരണഫലത്തിൽ പകുതി കളഞ്ഞാൽ മതി. അംശകായുർദ്ദായത്തിനു ഈ ക്രിയ ചെയ്യണമെന്നില്ല. നിസ്സർഗ്ഗായുർദ്ദശയിൽ പിണ്ഡായുർദ്ദശയിലെപ്പോലെ ക്രിയ ചെയ്തുകൊള്ളണം.

ലഗ്നായുസ്സാധനം

ആയുസ്സൈഥതേഷു ബലാഢ്യലഗ്നേ
വിഹായ രാശിം കൃതലിപ്തികേത്ര
ഭക്തേ ദ്വിശത്യാ ഫലമബ്ദപൂർവം
യൽ സ്യാൽ വിലഗ്നായുഷി തച്ച യോജ്യം. ൪൪

ലഗ്നസ്ഫുടത്തിനു് സൂര്യ്യാദിസ്ഫുടങ്ങളേക്കാൾ ബലാധിക്യം (ഏഴിലധികം ബലം) ഉണ്ടെങ്കിൽ രാശികളഞ്ഞു് ശേഷം ഇലിയാക്കി (ദ്വിശത്യം) ൨൦൦-കൊണ്ടു് ഹരിച്ചുവരുന്ന ഫലം സംവത്സരവും ശേഷത്തെ ൧൨-൩൦-൬൦-ഈ ക്രമത്തിൽ ഗുണിച്ചു് ഓരോന്നിനേയും ൨൦൦-കൊണ്ടു് ഹരിച്ചു് മാസദിവസനാഴികകളെ വരുത്തി ഇവയെ ലഗ്നായുസ്സിൽ കൂട്ടിയാൽ സ്ഫുടമാകും.

ലഗ്നരാശിസമാശ്ചാബ്ദാസ്തന്മാസാദ്യംശപാതതഃ
ലഗ്നായുർദ്ദായമിച്ഛന്തി ഹോരാശാസ്ത്രവിശാരദാഃ

ലഗ്നായുർദ്ദായത്തിൽ ലഗ്നസ്ഫുടരാശികൾ സംവത്സരങ്ങളും തീയതിമുതലായവ മാസാദികളും ആകുന്നു എന്നു് ഹോരാശാസ്ത്രജ്ഞന്മാർ പറയുന്നു.

(ഷഡ്വിധഹരണം = ആറുവിധത്തിലുള്ള ഹരണം)

ക്രൂരോദയാസ്തരിപുനീചഖഗോപഗാനാം
രിഃഫായമാനനവരന്ധ്റകളത്രഗാനാം
കൃത്വാ യഥാഹരണമഷ്ടമകർമ്മിനാദികാനാം
ലഗ്നായുഷാ സഹ യദാ യദി തുല്യമായുഃ ൧൬

൧൨-൧൧-൧൦-൯-൮-൭ ഈ ഭാവങ്ങളിൽ ക്രൂരോദയം മൌഢ്യം ശത്രുസ്ഥിതി നീചം ഇവയോടുകൂടി നില്ക്കുന്ന ശനൃദിഗ്രഹങ്ങൾക്ക് ആറുവിധത്തിലുള്ള ഹരണങ്ങളെച്ചെയ്തു് ബാക്കിയുള്ള ദശാവർഷങ്ങളും ലഗ്നദശയും ഒരുമിച്ചുകൂട്ടിയാലുണ്ടാകുന്നതു് സാധനരൂപമായ പരമായുർവത്സരങ്ങളാകുന്നു.

അംശകായുസ്സ് —

സ്വമതേന കിലാഹ ജീവശർമ്മാ
ഗ്രഹദായം പരമായുഷഃ സ്വരാംശം
ഗ്രഹഭുക്തനവാംശരാശിതുല്യം
ബഹുസാമ്യം സമുപൈതി സത്യവാക്യം. ൧൭

ജീവശർമ്മാവ് എന്ന ആചാര്യൻ പരമായുസ്സിന്റെ (൧൨൦-സംവത്സരത്തിന്റെ) ഏഴിലൊരുഭാഗം വീതമാണ് എല്ലാ ഗ്രഹങ്ങളുടെയും ദശാബ്ദങ്ങളെന്ന് പറയുന്നു. ഇവിടെയും നീചാദിഹരണങ്ങളൊക്കെയും ചെയ്യണം. സത്യാചാര്യനാകട്ടെ ഗ്രഹങ്ങൾക്ക് എത്ര നവാംശങ്ങൾ മേഷാദിയായി കഴിഞ്ഞിട്ടുണ്ടോ അത്രയും സംവത്സരങ്ങൾ ദശാബ്ദങ്ങളാണെന്ന് പറയുന്നു. ആ പക്ഷത്തിൽ നവാംശത്തിൽ ചെന്ന ഇലികളെ ത്രൈരാശികം ചെയ്തു മാസദിവസാദികളെയും വരുത്തിക്കൊള്ളണം.

സത്യോക്തേ ഗ്രഹമിഷ്ടം ലിപ്തീകൃത്യ ശതദ്വയേനാപ്തം
മണ്ഡലഭാഗവിശുദ്ധേ ശേഷം വർഷാസ്തു മാസാദ്യാഃ. ൧൮

സത്യാചാര്യമതത്തിൽ ഇഷ്ടമായ ഗ്രഹത്തിന്റെ സ്ഫുടത്തെ മുഴുവൻ ഇലിയാക്കി ൨൦൦-കൊണ്ട് ഹരിച്ചുകിട്ടുന്ന ഫലം വർഷം. ഇതു് ൧൨-ൽ അധികം ഉണ്ടെങ്കിൽ ൧൨-കൊണ്ട് ഹരിച്ചു ശിഷ്ടത്തെ സ്വീകരിക്കണം. ഹരണശിഷ്ടത്തെ ൧൨-൩൦-൬൦-ഈ ക്രമത്തിൽ ഗുണിച്ചു ൨൦൦-കൊണ്ട് പ്രത്യേകം ഹരിച്ചു ക്രമേണ മാസാദികളെയും വരുത്തണം.

സ്വതുംഗവക്രോപഗതൈസ്ത്രിസംഗുണം
ദ്വിരുത്തമസ്വാംശകഭത്രിഭാഗഗൈഃ
ഇയാൻ വിശേഷസ്തു ഭദന്തഭാഷിതേ
സമാനമന്യൽ പ്രഥമേപ്യുദീരിതം. ൧൯

ഉച്ചത്തിലും വക്രത്തിലും നില്ക്കുന്ന ഗ്രഹങ്ങൾക്കു മുൻപറഞ്ഞതിന്റെ മൂന്നിരട്ടിയും വർഗ്ഗോത്തമാംശത്തിലും സ്വനവാംശത്തിലും സ്വക്ഷേത്രത്തിലും തന്റെ ദ്രേക്കാണത്തിലും നില്ക്കുന്ന ഗ്രഹത്തിന് ഇരട്ടിയും ആയുർദ്ദായവത്സരങ്ങൾ കണക്കാക്കണം. ഇത്രമാത്രമാണ് സത്യാചാര്യരുടെ മതത്തിലുള്ള വിശേഷം. ശേഷമൊക്കെയും മയൻ, യവനൻ മുതലായ ആചാര്യന്മാരുടെ അഭിപ്രായംപോലെയാണ്.

കിന്ത്വത്ര ഭാംശപ്രതിമം ദദാതി
വീര്യാന്വിതാ രാശിസമം ച ഹോരാ
ക്രൂരോദയേ യോപചയസ്സ നാത്ര
കാര്യം ച നാബ്ദൈഃ പ്രഥമോപദിഷ്ടൈഃ ൨൦

സത്യാചാര്യമതത്തിൽ എന്താണു വിശേഷം എന്നാണെങ്കിൽ, മേടം തുടങ്ങി എത്ര നവാംശകമാണോ ലഗ്നത്തിൽ കഴിഞ്ഞിരിക്കുന്നതു് അത്രയും വർഷങ്ങൾ

ലഗ്നായുർദ്ദായസംവത്സരമാണ്. ശേഷിച്ച നവാംശത്തെ ത്രൈരാശികംകൊണ്ടു മാസം മുതലായതു വരുത്തിക്കൊള്ളണം. ഇവിടെ ലഗ്നത്തിന്റെ ബലം ഉണ്ടെങ്കിൽ രാശി തുല്യമായ ആയുർദ്ദായവത്സരമാകുന്നു. മയയവനാദികളുടെ മതത്തിൽ പാപൻ ലഗ്നത്തിൽ നിന്നാൽ "സാർദ്ധോദിതോദിത നവാംശഹതാൽ" എന്ന ന്യായമനുസരിച്ചാണ് ആയുസ്സിന്റെ ഉപചയം വരുത്തുന്നതു്; അതും, ആദ്യം പറയപ്പെട്ട "നവതിമിവിഷയ" എന്ന യവനാദികളുടെ മതവും, ഗ്രഹദായം പരമായുഷഃ സ്വരാംശം" എന്ന ജീവശർമ്മമതവും ഇവിടെ സ്വീകാര്യമല്ല. ശേഷമെല്ലാം സ്വീകരിച്ചുകൊള്ളണം.

സത്യോപദേശോ വരമത്രകിന്തു കുർവ്വന്ത്യയോഗ്യം ബഹുവർഗ്ഗണാഭിഃ
ആചാര്യകത്വം ച ബഹുഘ്നതായാമേകം തു യൽ ഭൂരിതദേവകാര്യം

ഈ മൂന്നുമതത്തിലുംവെച്ചു് സത്യാചാര്യമതമാണു ശ്രേഷ്ഠമായിട്ടുള്ളതു്. എന്നാലും മററുള്ളവ വളരെ പ്രകാരത്തിൽ ഗുണിച്ചു്, ആയുർദ്ദായത്തെ അയോഗ്യമാക്കിച്ചെയ്യുന്നുണ്ടു്. എങ്ങിനെയെന്നാൽ, സ്വക്ഷേത്രത്തിൽ ഗ്രഹം നില്ക്കുന്നുണ്ടെങ്കിൽ ദ്വിഗുണവും അവിടെത്തന്നെ സ്വദ്രേക്കാണത്തിലാണെങ്കിൽ അതിലുമിരട്ടിയും സ്വദ്രേക്കാണത്തിലാണെങ്കിൽ അതിലുമിരട്ടിയും വർഗ്ഗോത്തമാംശത്തിൽ വക്രഗതിയായി നില്ക്കുകയാണെങ്കിൽ അതിലും മൂന്നിരട്ടിയും സ്വോച്ചത്തിലാണെങ്കിൽ അതിലും മൂന്നിരട്ടിയും ആയുർദ്ദായവത്സരങ്ങൾ കാണാകുന്നു. ഇതു് ഒരു വ്യവസ്ഥയില്ലായ്കയാണ്. ഇപ്രകാരം വളരെ ഗുണനം ചെയ്തിട്ടുള്ള ആചാര്യന്മാരാണു പ്രമാണം. വളരെ ഗുണനം പ്രാപിച്ചുകഴിഞ്ഞാൽ ഏതെങ്കിലും ഒന്നുമാത്രം സ്വീകരിച്ചാൽ മതി. ഇരട്ടിക്കേണ്ടതു് രണ്ടുപ്രാവശ്യം വന്നാൽ ഏതെങ്കിലും ഒന്നു മതി. ഇരട്ടിയും മൂന്നിരട്ടിയും വന്നാലും ത്രിഗുണനമാണു ചെയ്യേണ്ടതു്. അവിടെത്തന്നെ രണ്ടുതവണ ത്രിഗുണനം വന്നാൽ ഏതെങ്കിലും ഒന്നു മതി എന്നു സാരം.

(രശ്മിജായുഃ=രശ്മിജായുസ്സിനെ പറയുന്നു)

ദശഗോശരബാണാദ്രിവസുസായകരശ്മയഃ
ദിനനായകമുഖ്യേഷു നിജതുംഗഗതേഷു ച ൨൨

സൂര്യാദിഗ്രഹങ്ങൾ ഉച്ചത്തിൽ നില്ക്കുമ്പോൾ സൂര്യനു ൧൦-ം, ചന്ദ്രനു ൯-ം ചൊവ്വായ്ക്കു ൫-ം, ബുധനു ൫-ം, വ്യാഴത്തിനു ൭-ം ശുക്രനു ൮-ം ശനിക്കു ൫-ം രശ്മികളുണ്ടു്.

സ്വോച്ചോനമിഷ്ടഖചരം യദി ഷഡ്ഗ്രഹോനം
ചക്രാദ്വിശോദ്ധ്യ കൃതലിപ്തികമംശമാനൈഃ
ഹത്വാഭചക്രകലികാപ്തമബ്ദപൂർവ്വം
രവ്യാദിരശ്മിജനിതായുരിതി ബ്രുവന്തി ൨൩

ഗ്രഹസ്ഫുടംവെച്ചു് അതിൽനിന്നു തന്റെ ഉച്ചത്തെ വാങ്ങി ശേഷം ആറിൽ കുറവാണെങ്കിൽ ൧൨-ൽ കളഞ്ഞു ഇലിയാക്കി തന്റെ രശ്മിസംഖ്യകൊണ്ടു ഗുണിച്ചു അനന്തരം ൨൧൬൦൦കൊണ്ടു കിട്ടുന്ന ഫലം സൂര്യാദിഗ്രഹങ്ങളുടെ രശ്മികളാകുന്നു.

സ്വരാശിതുംഗാതിസുഹൃൽഗൃഹസ്ഥേ
വക്രോപഗേ യൽ ദ്വിഗുണീകൃതാംശ്ശൂഃ
വക്രാവസാനേഷ്ടമഭാഗവർജ്ജ്യഃ
സപത്നഗേ ദ്വാദശഭാഗഹാനിഃ ൨൪

സ്വക്ഷേത്രത്തിലും തന്റെ ഉച്ചരാശിയിലും അതിബന്ധുക്ഷേത്രത്തിലും വക്രത്തിലും ഗ്രഹങ്ങൾക്കു ഇരട്ടി രശ്മിയുണ്ടു്. വക്രാവസാനത്തിൽ നില്ക്കുന്ന ഗ്രഹങ്ങളുടെ രശ്മിയുടെ എട്ടിലൊന്നും ശത്രുരാശിയിൽ നില്ക്കുന്ന ഗ്രഹങ്ങളുടെ രശ്മിയുടെ പന്ത്രണ്ടിലൊന്നും കളയണം.

അസ്തംഗതേഷു ദ്യുചരേഷു സാദ്ധം
ഹിത്വാ ശനിം ദാനവപൂജിതം ച
തദ്രശ്മിയോഗഗ്രഹദത്തമായു-
ർമ്മാഹേന്ദ്രശാസ്ത്രോദിതമാഹുരാര്യാഃ ൨൫

മൌഢ്യമുള്ള ഗ്രഹങ്ങൾക്ക പകുതി രശ്മിയേ ഉള്ളവെങ്കിലും ശനിക്കും ശുക്രനും മൌഢ്യം ഉണ്ടെന്നായാലും മുഴുവൻ രശ്മിയും ഉണ്ടു്. ഈ രശ്മികളെ ഒരുമിച്ചുകൂട്ടിയാൽ ഇരുപത്തഞ്ചിലധികം വന്നാൽ ദീർഘായുസ്സു മുതലായതു സിദ്ധിക്കും. ഇതു് മാഹേന്ദ്രശാസ്ത്രത്തിൽ പറഞ്ഞിട്ടുള്ളതാണു്.

രവ്യാദിസപ്തഗ്രഹതാരകാംശ-
ഭുക്താവശേഷാബ്ദസമൂഹമായുഃ
സവ്യാപസവ്യോപഗവാക്യജം വാ
വദന്തി ചക്രായുരിനാദികാനാം ൨൬

സൂര്യാദിസപ്തഗ്രഹങ്ങൾക്ക അശ്വതി മുതലായ നക്ഷത്രങ്ങളിൽ ഭുക്താശിഷ്ട നവാംശങ്ങളുടെ നാഴികകൊണ്ടു ശിഷ്ടചക്രദശ വരുത്തി ഒന്നിച്ചുകൂട്ടിയതോ അല്ലെങ്കിൽ കാലചക്രദശയിൽ ഇനിയും പറയാൻപോകുന്ന വാമദക്ഷിണനക്ഷത്രങ്ങളുടെ വാക്യംകൊണ്ടു വരുത്തുന്ന കാലചക്രദശാബ്ദങ്ങളെ ഒരുമിച്ചുകൂട്ടിവരുന്നതോ ആണു ചക്രായുസ്സ് എന്നു പറയുന്നു.

(ദശായുഃ=ദശായുസ്സിനെ പറയുന്നു)

ആദിത്യമുഖ്യനവഖേചരയോഗതാരാ-
ഭുക്താവശിഷ്ടഘടികാജനിവത്സരാദ്യം
ആയുർദ്ദശാജനിതമഷ്ടകവർഗ്ഗജാതം
യൽ പ്രോക്തമേവ സകലം പ്രവദന്തി തജ്ഞാഃ ൨൭

ആദിത്യൻ തുടങ്ങിയ നവഗ്രഹങ്ങൾ നില്ക്കുന്ന നക്ഷത്രങ്ങളിൽ ഭുജിച്ചിട്ടു് എത്ര നവാംശകങ്ങൾ ശേഷിച്ചിട്ടുണ്ടോ ആ നാഴികകളെ ജന്മവത്സരാദികളായി കല്പിക്കുന്നതും, ഭിന്നാഷ്ടവർഗ്ഗംകൊണ്ടും സമുദായാഷ്ടവർഗ്ഗംകൊണ്ടും പ്രത്യേകം ദശ വരുത്തി ഹരിച്ചുവരുന്നതിനെ ഒരുമിച്ചുകൂട്ടുന്നതും ദശായുസ്സാകുന്നു.

വിലഗ്നപേ ബലോപേതേ ശുഭദൃഷ്ടേംശസംഭവം
രവൌ പിണ്ഡോത്ഭവം കുര്യാച്ചന്ദ്രേ നൈസർഗ്ഗികം ക്രമാൽ ൨൮

ലഗ്നാധിപനു പൂർണ്ണബലവും ശുഭദൃഷ്ടിയും ഉണ്ടെങ്കിൽ അംശകായുസ്സും സൂര്യനു ബലവും ശുഭദൃഷ്ടിയും ഉണ്ടെങ്കിൽ പിണ്ഡായുസ്സും ചന്ദ്രനു് ബലവും ശുഭദൃഷ്ടിയുംഉണ്ടെങ്കിൽ നിസർഗ്ഗായുസ്സും ചിന്തിക്കണം.

ഉച്ചം ഗതേ രവൌ ചാന്യേ ബലിഷ്ഠാഃ കേന്ദ്രകോണഗാഃ
സർവ്വേഷു സ്വോച്ചഭാവേഷു ബലിഷ്ഠേ ശശഹംസകേ. ൨൯

ഏവം ചിരായുഷാം യോഗേഷ്വന്യേഷു ഗണിതേഷു ച
ചന്ദ്രയോഗേഷു സർവ്വേഷു ചന്ദ്രേ ച ബലസംയുതേ. ൩൦

മഹാപുരുഷയോഗേഷു വീര്യോൽകടയുതേഷു ച
രാജയോഗേഷു സർവ്വേഷു പൈണ്ഡ്യമാഹ പരാശരഃ ൩൧

സൂര്യൻ ഉച്ചസ്ഥിതനായി അന്യഗ്രഹങ്ങൾ ബലവാന്മാരായി കേന്ദ്രത്തിലോ ത്രികോണത്തിലോ നില്ക്കുമ്പോഴും, എല്ലാഗ്രഹങ്ങളും ഉച്ചഭാവത്തിലും, ശശഹംസകയോഗം ബലത്തോടുകൂടി നില്ക്കുമ്പോഴും, ഇപ്രകാരമുള്ള ചിരായുര്യോഗങ്ങളിലും,

ഗജകേസരി മുതലായ ചന്ദ്രയോഗങ്ങളിലും, ചന്ദ്രന് ബലമുള്ളപ്പോഴും വീര്യാധിക്യമുള്ള മഹാപുരുഷയോഗങ്ങളിലും എല്ലാ രാജയോഗങ്ങളിലും പരാശരൻ പിണ്ഡദശയെയാണ പറയുന്നതു്.

ലഗ്നേ ഗുരൌ കർമ്മഗതേ ച ഭാനൌ
ചന്ദ്രേ സുഖേ വാസ്തഗതേ ബലാഢ്യേ
കേന്ദ്രത്രികോണോപചയേ ച സൌമ്യേ
പാപേഷ്വധാപോക്ലിമഗേഷു പൈണ്ഡ്യം. ൩൨

ലഗ്നത്തിൽ വ്യാഴവും പത്തിൽ സൂര്യനും നാലിലോ ഏഴിലോ ചന്ദ്രൻ പൂർണ്ണബലനായും നില്ക്കുകയും ശുഭന്മാർ കേന്ദ്രം ത്രികോണം ഉപചയം ഈ സ്ഥാനങ്ങളിൽ നില്ക്കുകയും ആപോക്ലിമരാശികളിൽ പാപന്മാർ നില്ക്കുകയും ചെയ്താൽ പിണ്ഡദശയെ (ഉച്ചനീചദശയെ) വരുത്തണം.

പൈണ്ഡ്യം ഭാനൌ നിസർഗ്ഗപ്രഭവമുഡുപതൌരശ്മിജം സോമപുത്രേ
ഭൌമേ ഭിന്നാഷ്ടവർഗ്ഗോദിതമസുരഗുരൌ കാലചക്രോത്ഭവായുഃ!
ദേവാചാര്യേദശായുർദ്ദിനകരതനയേ സാമുദായം ബലിഷ്ഠേ!
ലഗ്നേ യദ്യംശകായുർഭവതി ബലയുതേ ചാഹുരാചാര്യമുഖ്യാഃ ൩൩

ആചാര്യവര്യന്മാർ, സൂര്യന്ന ബലമുണ്ടെങ്കിൽ പിണ്ഡായുസ്സും ചന്ദ്രന്ന ബലമുണ്ടെങ്കിൽ നിസർഗ്ഗായുസ്സും ബുധന്ന ബലമുണ്ടെങ്കിൽ രശ്മ്യായുസ്സും, കുജൻ ബലവാനാണെങ്കിൽ ഭിന്നാഷ്ടവർഗ്ഗംകൊണ്ടു് ഉദിതമായ ആയുസ്സും ശുക്രൻ ബലവാനാണെങ്കിൽ ചക്രായുസ്സും വ്യാഴം ബലവാനാണെങ്കിൽ ദശായുസ്സും ശനി ബലവാനാണെങ്കിൽ സമുദായാഷ്ടവർഗ്ഗജന്യായുസ്സും ലഗ്നത്തിന്ന ബലമുണ്ടെങ്കിൽ അംശകായുസ്സും ആണ വരുത്തേണ്ടതു് എന്ന പറയുന്നു.

ആയുരബ്ദാദികം സർവ്വം നിശ്ചലേന ഗുണീകൃതം
മാതംഗേന ഹൃതം ലബ്ധം സൌരമാനായുരുച്യതേ. ൩൪

മുൻപറഞ്ഞപ്രകാരം ആയുസ്സംവത്സരാദികത്തെ എല്ലാം (നിശ്ചല) ൩൬൦-കൊണ്ടു ഗുണിച്ചു് (മാതംഗ) ൩൬൫ കൊണ്ടു ഹരിച്ചുകിട്ടുന്ന ഫലം സൌരമാനായുസ്സാകുന്നു.

യേ ധർമ്മകർമ്മനിരതാ ദ്വിജദേവഭക്താഃ
യേ പത്ഥ്യഭോജനരതാ വിജിതേന്ദ്രിയാശ്ച!
യേ മാനവാ ദധതി സൽകുലശീലസീമാം
തേഷാമിദം കഥിതമായുരുദാരധീഭിഃ. ൩൫

ധർമ്മകർമ്മതല്പരരും ദ്വിജദേവഭക്തന്മാരും പത്ഥ്യഭോജനാസക്തരും ജിതേന്ദ്രിയന്മാരും സൽകുലശീലയുക്തരും ആയ മനുഷ്യർക്കാണ് ഈ ആയുർദ്ദശയെ ബുദ്ധിമാന്മാർ പറഞ്ഞിരിക്കുന്നതു്. (അധർമ്മിഷ്ഠന്മാൎക്ക പറഞ്ഞിട്ടില്ല എന്ന സാരം)

യേ പാപലുബ്ധാശ്ചോരാശ്ച ദേവബ്രാഹ്മണനിന്ദകാഃ
സർവ്വാശിനശ്ച യേ തേഷാമകാലമരണം നൃണാം ൩൬

പാപന്മാരും ലുബ്ധന്മാരും ദേവബ്രാഹ്മണനിന്ദകന്മാരും സർവ്വഭോജികളും ആയ നരന്മാൎക്ക് അകാലമരണം ഉണ്ടാകും.

ധർമ്മേ വികല്പബുദ്ധീനാം ദുശ്ശീലാനാം ച വിദ്വിഷാം
ബ്രാഹ്മണാനാം ച ദേവാനാം പരദ്രവ്യാപഹാരിണാം ൩൭
ഭയങ്കരാണാം സർവ്വേഷാം മൂർഖാനാം പിശുനസ്യ ച
സ്വധർമ്മാചാരഹീനാനാം പാപകർമ്മോപജീവിനാം. ൩൮

ശാസ്ത്രേഷ്വനിയതാനാം ച മൂഢാനാമപമൃത്യവഃ
അന്യേഷാമുത്തമായുഃ സ്യാദിതി ശാസ്ത്രവിദോ വിദുഃ. ൩൯

ധർമ്മത്തിങ്കൽ വികല്പബുദ്ധികളും ദുശ്ശീലന്മാരും ബ്രാഹ്മണന്മാരെയും ദേവന്മാരെയും ദ്വേഷിക്കുന്നവരും പരദ്രവ്യാപഹാരികളും ഭയങ്കരന്മാരും മൂർഖന്മാരും ഏഷണിക്കാരും സ്വധർമ്മവിഹീനരും പാപകർമ്മംകൊണ്ടു് ഉപജീവിക്കുന്നവരും ശാസ്ത്രങ്ങളിൽ ജ്ഞാനമില്ലാത്തവരും മൂഢന്മാരും ആയ ജനങ്ങൾക്കു് അപമൃത്യുവും ഇപ്രകാരമല്ലാത്തുള്ളവൎക്കു ദീർഘായുസ്സും ഭവിക്കും എന്നു് ശാസ്ത്രജ്ഞന്മാർ പറയുന്നു.

നാനാജാതികളുടെ ആയുസ്സിനെ പറയുന്നു—

ഗൃദ്ധ്രോലൂകശുകധ്വാംക്ഷസർപ്പാണാം ച സഹസ്രകം
ശ്യേനവാനരഭല്ലൂകമണ്ഡൂകാനാം ശതത്രയം ൪൦

കഴുവൻ, മൂങ്ങ, കിളി, കാക്ക, സർപ്പം ഇവയ്ക്കു ആയിരംവയസ്സും, പരുന്തു്, വാനരം, ഭല്ലൂകം, തവള ഇവയ്ക്കു മൂന്നൂറുവയസ്സും പരമായുസ്സാകുന്നു.

പഞ്ചാശദുത്തരശതം രാക്ഷസാനാം പ്രകീർത്തിതം
നരാണാം കുഞ്ജരാണാം ച വിംശോത്തരശതം വിദുഃ ൪൧

രാക്ഷസന്മാൎക്കു് ൧൫൦ വർഷവും, മനുഷ്യൎക്കും ആനകൾക്കും ൧൨൦ വർഷവും പരമായുസ്സാകുന്നു.

ദ്വാത്രിംശദായുരശ്വാനാം പഞ്ചവിംശൽ ഖരോഷ്ട്രയോഃ
വൃഷമാഹിഷയോശ്ചൈവ ചതുർവിംശതിവത്സരാഃ ൪൨

കുതിരകൾക്കു ൩൨ വർഷവും കഴുതയ്ക്കും ഒട്ടകത്തിനും ൨൫ വർഷവും കാളയ്ക്കും പോത്തിനും ൨൪ വർഷവും പരമായുസ്സാകുന്നു.

വിംശത്യായുർമ്മയൂരാണാം ഛാഗാദീനാം തു ഷോഡശ
ഹംസസ്യ പഞ്ചനവകം ദ്വാദശാബ്ദാഃ പികാഃ ശുനാം ൪൩

മയിലുകൾക്കു ൨൦-ം ആടു മുതലായവയ്ക്കു ൧൬-ം ഹംസത്തിനു് ൪൫-ം കുയിലുകൾക്കും പട്ടികൾക്കും ൧൨-ം സംവത്സരങ്ങൾ പരമായുസ്സാകുന്നു.

തദ്വൽ പാരാവതാനാം ച കുക്കുടസ്യാഷ്ടവത്സരാഃ
ബുൽബുജാനാമണ്ഡജാനാം സപ്തസംഖ്യാസ്സമാഃ സ്മൃതാഃ ൪൪

മാടപ്രാവിന്നു ൧൨-ം കോഴിക്കു് ൮-ം ബുൽബുജങ്ങളായ അണ്ഡജങ്ങൾക്കു ൭-ം വർഷങ്ങൾ പരമായുസ്സാകുന്നു.

അരിഷ്ടദശ—

ത്രിമണ്ഡലേഷ്വൈകസ്മിൻ പാപസ്തിഷ്ഠതി ദുർബലഃ
ന സൗമ്യഗ്രഹസംയുക്തസ്തദ്ദശാന്തേ മൃതിം വദേൽ ൪൫

൩-൧൨- ഈ ഭാവങ്ങളിൽ ഒന്നിൽ പാപൻ ബലഹീനനായും ശുഭയോഗത്തോടുകൂടാതെയും നിന്നാൽ ആ പാപൻെറ ദശാവസാനത്തിൽ മരണം ഉണ്ടാകും.

രാശിസന്ധിസ്ഥഖേടാനാം ദശാ രോഗപ്രദാ ഭവേൽ
ത്രിംശൽഭാഗമനുക്രാന്തദശായാം മരണം ധ്രുവം ൪൬

രാശിസന്ധികളിൽ നിൽക്കുന്ന ഗ്രഹങ്ങളുടെ ദശയിൽ രോഗവും ൩൦ തീയതിയോടടുത്ത രാശിസന്ധിയിൽ നില്ക്കുന്ന ഗ്രഹങ്ങളുടെ ദശയിൽ മരണവും ഉണ്ടാകും.

ഷഷ്ഠാഷ്ടമസ്ഥോ രിപുദൃഷ്ടമൂർത്തിഃ
പാപഗ്രഹഃ പാപഗ്രഹോപഗശ്ചേൽ

സ്വാന്തർദ്ദശായാം മരണം നരാണാം
വദന്തി യുദ്ധേ വിജിതസ്യ ദായേ ൪൭

പാപരാശിയായ ആറിലോ എട്ടിലോ ശത്രുഗ്രഹദൃഷ്ടിയോടുകൂടി നില്ക്കുന്ന പാപന്റെ ദശാപഹാരത്തിലും യുദ്ധത്തിൽ തോററവന്റെ ദശാപഹാരങ്ങളിലും മരണം സംഭവിക്കും.

പഞ്ചമ്യാരദശാ മൃത്യും ദദ്യാൽ ഷഷ്ഠീ ഗുരോർദ്ദശാ
ശനേശ്ചതുർത്ഥീ മൃത്യുഃ സ്യാൽ ദശാ രാഹോസ്തു പഞ്ചമീ ൪൮

അഞ്ചാമതായി വരുന്ന കുജദശയും ആറാമതായി വരുന്ന വ്യാഴദശയും നാലാമതായി വരുന്ന ശനിദശയും അഞ്ചാമതായി വരുന്ന രാഹുദശയും മരണത്തെ പ്രദാനംചെയ്യും.

നീചാരാതിവിമൂഢസ്യ വിപൽപ്രത്യരനൈധനാഃ
ദശാ ദദ്യുർമൃതിം തസ്യ പാപയുക്താ വിശേഷതഃ ൪൯

നീചത്തിലും ശത്രുക്ഷേത്രത്തിലും മൌഢ്യത്തിലും നില്ക്കുന്ന ഗ്രഹങ്ങളുടെയും ജന്മനക്ഷത്രത്തിന്റെ മൂന്നും അഞ്ചും ഏഴും നാളുകളുടെ അധിപന്മാരുടെയും ദശ മരണത്തെ പ്രദാനംചെയ്യും. പാപയോഗമുണ്ടെങ്കിൽ സംശയമില്ല.

തത്തൽഭാവാത്ഥകാമേശദശാസ്വന്തർദശാസു ച
തത്തൽഭാവവിനാശഃ സ്യാൽ തദ്യുക്തേക്ഷിതകാരകൈഃ ൫൦

അതതു ഭാവങ്ങളുടെ രണ്ടാംഭാവാധിപന്റെയും ഏഴാംഭാവാധിപന്റെയും ദശകളിലും അപഹാരങ്ങളിലും, അവിടെ നില്ക്കുകയും നോക്കുകയും ചെയ്യുന്ന ഗ്രഹങ്ങളുടെയും ആ ഭാവങ്ങളുടെ കാരകന്മാരുടെയും ദശയിലും അതതു ഭാവങ്ങൾക്കു നാശം സംഭവിക്കും.

ആഷ്ടമസ്ഥത്രിഭാഗാംശാധിസ്ഥിതഗ്രഹം ശനൌ
തദീശനവഭാഗർക്ഷം ഗതേ വാ മരണം വദേൽ. ൫൧

ശനി അഷ്ടമത്തിൽ നില്ക്കുന്ന ഗ്രഹത്തിന്റെ ദ്രേക്കാണാധിപതി നിൽക്കുന്ന രാശിയിലോ, അഷ്ടമാധിപന്റെ നവാംശരാശിയിലോ ചെല്ലുമ്പോൾ മരണം ഭവിക്കും.

ഛിദ്രഗ്രഹങ്ങൾ:—

രന്ധ്രേശ്വരോ രന്ധ്രയുക്തോ രന്ധ്രദ്രഷ്ടാ ഖരേശ്വരഃ
രന്ധ്രാധിപയുതശ്ചൈവ ചതുഷ്ഷഷ്ട്യംശനായകഃ ൫൨
രന്ധ്രേശ്വരാതിശത്രുശ്ച സപ്തച്ഛിദ്രഗ്രഹാഃ സ്മൃതാഃ

അഷ്ടമാധിപതിയും അഷ്ടമത്തിൽ നില്ക്കുന്നവനും അഷ്ടമത്തിൽ നോക്കുന്നവനും ൨൨-ാം ദ്രേക്കാണാധിപനും അഷ്ടമാധിപതിയോടു ചേർന്നു നില്ക്കുന്നവനും അറുപത്തിനാലാമംശകത്തിന്റെ അധിപതിയും അഷ്ടമാധിപന്റെ അതിശത്രുവും ഇങ്ങനെ ഏഴു ഗ്രഹങ്ങൾ ഛിദ്രഗ്രഹങ്ങളാകുന്നു.

തേഷാം മദ്ധ്യേ ബലീയാംസ്തു തസ്യ ദായേ മൃതിം വദേൽ.
തത്തൽഭാവാദ്വ്യയസ്ഥസ്യ തത്ഭാവാധീശ്വരസ്യ വാ
വീര്യോപേതസ്യ ഖേടസ്യ പാകേ മൃത്യുർന്ന സംശയഃ. ൫൩

മുൻപറഞ്ഞ ഗ്രഹങ്ങളിൽവെച്ചു ബലവാനായ ഗ്രഹത്തിന്റെ ദശാന്തർദ്ദശകളിലും ബലവാനായ, അതതു ഭാവത്തിന്റെ പന്ത്രണ്ടാമിടത്തു നിൽക്കുന്നവന്റെയോ പന്ത്രണ്ടാംഭാവാധിപന്റെയോ അവരിൽവെച്ചു ബലമുള്ള ഗ്രഹത്തിന്റെയോ ദശകളിൽ മരണം ഭവിക്കും.

ദ്രേക്കാണസ്വരൂപം —

കുളീരമീനാളിഗതാ ദൃഗാണാ
മധ്യാവസാനപ്രഥമാ ഭുജംഗാഃ
അളി ദ്വിതീയോ മൃഗലേയപൂർവ്വഃ
ക്രമേണ പാശോ നിഗളോ വിഹംഗഃ ൩൫

കൎക്കടകത്തിൻെറ മദ്ധ്യവും മീനത്തിൻെറ അന്ത്യവും വൃശ്ചികത്തിൻെറ ആദ്യവും സർപ്പദ്രേക്കാണവും വൃശ്ചികത്തിൻെറ രണ്ടാമത്തേതു പാശദ്രേക്കാണവും, മകരത്തിൻെറ ആദ്യം നിഗളദ്രേക്കാണവും ചിങ്ങത്തിൻെറ ആദ്യം പക്ഷിദ്രേക്കാണവും ആകുന്നു.

വിലഗ്നജന്മദ്രേക്കാണാദ്യസ്തു ദ്വാവിംശതിഃ ഖരഃ
സുധാകരോപഗാംശർക്ഷാൽ ചതുഃഷഷ്ട്യംശകോ ഭവേൽ ൩൬

ലഗ്നത്തിലെ ജന്മദ്രേക്കാണം മുതൽ ൨൨-ാമത്തെ ദ്രേക്കാണവും ചന്ദ്രൻെറ അംശകരാശിയിൽനിന്നു ൬൪-ാമത്തെ അംശകവും ഖരദ്രേക്കാണമായി ഭവിക്കും.

ലഗ്നം പഞ്ചഹതം ച മാന്ദിസഹിതം പ്രാണസ്ഫുടം പ്രാണിനാം
ചന്ദ്രസ്യ സ്ഫുടമഷ്ടകേന ഗുണിതം ദേഹം സമാന്ദിസ്ഫുടം
സപ്തഘ്നം ഗുളികസ്ഫുടം സഹ ദിവാനാഥേന മൃത്യുർഭവേൽ
തസ്മാൽ ജീവകളേബരൈക്യവിപുലേ ജാതശ്ചിരം ജീവതി. ൩൭

ലഗ്നസ്ഫുടം ൫-ൽ ഗുണിച്ചു ഗുളികസ്ഫുടം ചേർക്കുമ്പോൾ പ്രാണസ്ഫുടവും, ചന്ദ്രസ്ഫുടം ൮-ൽ ഗുണിച്ചു ഗുളികസ്ഫുടംകൂടികൂട്ടിയാൽദേഹസ്ഫുടവും, ഗുളികസ്ഫുടം ൭-ൽ ഗുണിച്ചു സൂര്യസ്ഫുടംകൂടി കൂട്ടിയാൽ മൃത്യുസ്ഫുടവും ആകുന്നു. പ്രാണസ്ഫുടവും ദേഹസ്ഫുടവുംകൂടി ഒരുമിച്ചു കൂട്ടിയാൽ മൃത്യുസ്ഫുടത്തെക്കാൾ വലുതായി വന്നാൽ ജാതൻ വളരെക്കാലം ജീവിച്ചിരിക്കും.

ജീവമൃത്യുതനുയോഗരാശിഗേ
ഗോചരേണ രവിജേ ധനക്ഷയഃ
തത്ത്രികോണഗൃഹഗേഥവാ നൃണാം
തന്നവാംശകയുതേ മൃതിം വദേൽ ൩൮

പ്രാണസ്ഫുടവും മൃത്യുസ്ഫുടവും ദേഹസ്ഫുടവുംകൂടി ഒന്നിച്ചു കൂട്ടിവരുന്ന ത്രിസ്ഫുടരാശിയിലോ അതിൻെറ ൫, ൯ ഈ രാശികളിലോ ശനി ചാരവശാൽ വരുമ്പോൾ ധനക്ഷയവും അതിൻെറ നവാംശകരാശിയിൽ സഞ്ചരിക്കുമ്പോൾ മരണവും സംഭവിക്കും.

ഭാവത്രികോണഗേ മന്ദേ ഭാവനാശം വദേൽ ബുധഃ
ഭാവാധിപതികോണേ വാ ഗുരൗ പ്രാപ്തേ മൃതിർഭവേൽ ൩൯

ഭാവങ്ങളുടെ ൫, ൯ ഈ സ്ഥാനങ്ങളിൽ ശനി വന്നാൽ ഭാവനാശവും ഭാവാധിപൻെറ ൫, ൯ ഈ സ്ഥാനങ്ങളിൽ ഗുരു നിന്നാൽ മരണവും സംഭവിക്കും.

ലഗ്നാർക്കമാന്ദിസ്ഫുടയോഗരാശേ-
രധീശ്വരോ യൽ ഭവനോപഗസ്തു
തദ്രാശിസംസ്ഥേ പുരുഹൂതവന്ദ്യേ
തൽകോണഗേ വാ മൃതിമേതി ജാതഃ ൪൦

ലഗ്നം, സൂര്യൻ, ഗുളികൻ ഇവരുടെ സ്ഫുടങ്ങൾ ഒന്നിച്ചു കൂട്ടിവരുന്ന രാശിയുടെ അധിപൻ ഏതു രാശിയിൽ നില്ക്കുന്നുവോ ആ രാശിയിലോ അതിൻെറ ത്രികോണങ്ങളിലോ വ്യാഴം സഞ്ചരിക്കുമ്പോൾ ജാതൻ മരണത്തെ പ്രാപിക്കും.

സ്ഫുടേ വിലഗ്നനാഥസ്യ വിശോദ്ധ്യ യമകണ്ടകം
തദ്രാശിനവഭാഗസ്ഥേ ജീവേ മൃത്യുർന്ന സംശയഃ ൩൧

ലഗ്നാധിപന്റെ സ്ഫുടത്തിൽനിന്നു യമകണ്ടകസ്ഫുടത്തെ വാങ്ങിയാൽ വരുന്ന രാശിയുടെ നവാംശകത്തിൽ വ്യാഴം നില്ക്കുമ്പോൾ ജാതൻ നിശ്ചയമായും മരിക്കും.

മാന്ദിസ്ഫുടേ ഭാനുസുതം വിശോദ്ധ്യ
രാശ്യംശകോണേ രവിജേ മൃതിഃ സ്യാൽ
ധൂമാദിപഞ്ചഗ്രഹയോഗരാശി-
ദ്രേക്കാണയാതേഽർക്കസുതേ ച മൃത്യുഃ ൩൨

ഗുളികസ്ഫുടത്തിൽനിന്നും ശനിസ്ഫുടത്തെ കളഞ്ഞുവരുന്ന രാശിയുടെ നവാംശകത്തിലോ അതിന്റെ ൫, ൯ ഈ സ്ഥാനങ്ങളിലോ ധൂമം, വ്യതിപാതം, പരിവേഷം, ഇന്ദ്രചാപം, ഉപകേതു ഇവ അഞ്ചിന്റെയും സ്ഫുടങ്ങളെ കൂട്ടിവരുന്ന രാശിയുടെ ദ്രേക്കാണത്തിലോ ശനി സഞ്ചരിക്കുമ്പോൾ മരണം ഉണ്ടാകും.

മാന്ദിസ്ഫുടോദിതനവാംശഗതേഽമരേജ്യേ
തദ്ദ്വാദശാംശസഹിതേ ദിനനാഥസൂനൗ
ദ്രേക്കാണകോണഭവനേ ദിനപേ ച മൃത്യുർ-
ലഗ്നേന്ദുമാന്ദിയുതഭാംശഗതോദയേ സ്യാൽ ൩൩

ഗുളികസ്ഫുടത്തിന്റെ നവാംശകരാശിയിൽ വ്യാഴവും, ദ്വാദശാംശകരാശിയിൽ ശനിയും ദ്രേക്കാണത്തിന്റെ ത്രികോണഭവനത്തിൽ സൂര്യനും നില്ക്കുമ്പോൾ ലഗ്നസ്ഫുടവും ചന്ദ്രസ്ഫുടവും ഗുളികസ്ഫുടവും കൂട്ടിക്കൂട്ടിവരുന്ന രാശിയുടെ നവാംശകരാശ്യുദയത്തിൽ മരണം സംഭവിക്കും.

വിലഗ്നമാന്ദിസ്ഫുടയോഗഭാംശം
നിര്യാണമാസം പ്രവദന്തി തജ്ജ്ഞാഃ
നിര്യാണചന്ദ്രോ ഗുളികേന്ദുയോഗോ
ലഗ്നം വിലഗ്നാർക്കിസുതേന്ദുയോഗഃ. ൩൪

ലഗ്നസ്ഫുടവും ഗുളികസ്ഫുടവും ഒരുമിച്ചുകൂട്ടി വരുന്ന രാശിയിലോ അംശകത്തിലോ സൂര്യൻ വരുന്ന കാലവും ചന്ദ്രസ്ഫുടവും ഗുളികസ്ഫുടവുംകൂട്ടിവരുന്ന രാശിയിൽ ചന്ദ്രൻ വരുന്ന കാലവും ലഗ്നം ഗുളികൻ ചന്ദ്രൻ ഇവരുടെ സ്ഫുടങ്ങളെ ഒരുമിച്ചു കൂട്ടിവരുന്ന ലഗ്നവും നിര്യാണകാലമാകുന്നു.

ഗുളികം രവിസൂനും ച ഗുണിത്വാ നവസംഖ്യയാ
ഉഭയോരൈക്യരാശ്യംശഗ്രഹഗേ രവിജേ മൃതിഃ ൩൫

ഗുളികസ്ഫുടവും ശനിസ്ഫുടവും ഒൻപതുകൊണ്ടു പ്രത്യേകം ഗുണിച്ചു രണ്ടുംകൂടി ഒരുമിച്ചുചേർത്താൽ വരുന്ന രാശിയിലോ അംശകത്തിലോ ശനി വരുമ്പോൾ മരണം ഉണ്ടാകും.

ഷഷ്ഠാവസാനരന്ധ്രേശസ്ഫുടൈക്യഭവനം ഗതേ
തൽത്രികോണോപഗേ വാപി മന്ദേ മൃത്യുഭയം നൃണാം. ൩൬

൬- ൮- ൧൨- ഈ ഭാവാധിപന്മാരുടെ സ്ഫുടങ്ങളെ ഒരുമിച്ചുകൂട്ടിവരുന്ന രാശിയിലോ അതിന്റെ ത്രികോണരാശിയിലോ ശനി ചാരവശാൽ വരുമ്പോൾ മരണം സംഭവിക്കും.

ജീവേ നന്ദഹതേ വിരിഞ്ചഗുണിതം മന്ദം ച മാന്ദിസ്ഫുടം
സംയോജ്യം പുനരങ്കവൃദ്ധിമിനജം മന്ദാത്മജം യോജയേൽ

തദ്ദ്രേവേശപുരോഹിസ്ഫുടചയപ്രാപ്തം നവാംശം ഗതേ
ജീവേ ഗോചരതോ യദാ യദി നൃണാം നിര്യാണകാലോ ഭവേൽ.

വ്യാഴത്തിന്റെ സ്ഫുടത്തെ ഒൻപതിൽ ഗുണിച്ച് അതും ശനിയുടേയും ഗുളികന്റേയും സ്ഫുടങ്ങളെ പ്രത്യേകം ഒൻപതിൽ ഗുണിച്ച് അതുംകൂട്ടി പിന്നെയും ശനിഗുളികസ്ഫുടങ്ങളെ ഒൻപതുകൊണ്ടുതന്നെ പ്രത്യേകം ഗുണിച്ചുകൂട്ടുക. ഇങ്ങനെ വൃദ്ധിവരുത്തിയ വ്യാഴസ്ഫുടത്തിന്റെ നവാംശകത്തിൽ ചാരവശാൽ വ്യാഴം വരുമ്പോൾ മരണം സംഭവിക്കും

ഭാനുസ്ഫുടേ നവഹതേ രവിജം ച മാന്ദിം
ഹത്വാ നവൈസ്തു ദിനരാശിഗണേഷു യോജ്യം
മാന്ദിം പുനശ്ച നവകേന ഹതം ച യോജ്യം
തദ്രാശിഗാംശഗതപൂഷണി മൃത്യുകാലഃ ൬൮

ഒൻപതുകൊണ്ടു സൂര്യസ്ഫുടത്തെ ഗുണിച്ച് അതിൽ ശനിഗുളികന്മാരുടെ സ്ഫുടങ്ങളെ പ്രത്യേകം ഒൻപതുകൊണ്ടു ഗുണിച്ചുചേർത്ത് പിന്നെയും ഗുളികസ്ഫുടത്തെ ഒൻപതിൽതന്നെ ഗുണിച്ച് അതുംകൂടി കൂട്ടിവരുന്ന രാശിയുടെ നവാംശകത്തിൽ സൂര്യൻ ചാരവശാൽ വരുമ്പോൾ മരണം സംഭവിക്കും.

സുതേശസംയുക്തനഭശ്ചരാണാം
ദശാബ്ദസംഖ്യാ ദിനനായകാപ്താഃ
തച്ഛേഷിതേ മാസി മൃതിം നരാണാം
വദന്തി ലഗ്നേശയുതഗ്രഹൈർവാ. ൬൯

അഞ്ചാംഭാവാധിപനോടു ചേർന്നുനില്ക്കുന്ന ഗ്രഹങ്ങളുടെ ദശാവത്സരങ്ങളെ ഒരുമിച്ചുകൂട്ടി പന്ത്രണ്ടിൽ ഹരിച്ചു ശേഷിച്ചുവരുന്ന മാസത്തിലോ ലഗ്നാധിപനോടു ചേർന്നിൽക്കുന്ന ഗ്രഹങ്ങളുടെ ദശാവത്സരങ്ങളെ ഒന്നിച്ചുകൂട്ടി ൧൨-ൽ ഹരിച്ചു വരുന്ന മാസത്തിലോ സൂര്യൻ വരുമ്പോൾ മരണം സംഭവിക്കും.

ചന്ദ്രസ്ഫുടേ നവകസംഗുണിതേ തു മാന്ദിം
മന്ദം ച നന്ദഹതമിന്ദുനി യോജനീയം
കൃത്വാ പുനന്നവഹതാഖ്യസുതം സമേതം
യത്തന്നവാംശഗശശീ മരണപ്രദഃ സ്യാൽ ൭൦

ചന്ദ്രസ്ഫുടം ഒൻപതുകൊണ്ടു ഗുണിച്ച് അതിൽ ശനിസ്ഫുടവും ഗുളികസ്ഫുടവും പ്രത്യേകം ഒൻപതിൽതന്നെ ഗുണിച്ച് കൂട്ടി പിന്നെയും ഗുളികസ്ഫുടത്തെ ഒന്നുകൂടി ഒൻപതിൽ ഗുണിച്ച് അതുംകൂടി കൂട്ടിവരുന്ന രാശിയുടെ നവാംശകത്തിൽ ചന്ദ്രൻ ചാരവശാൽ വരുമ്പോൾ മരണം ഉണ്ടാകും.

വിലഗ്നമാന്ദിസ്ഫുടയോഗഭാംശം
നിര്യാണമാസം പ്രവദന്തി തജ്ഞാഃ
നിര്യാണചന്ദ്രോ ഗുളികേന്ദുയോഗോ
ലഗ്നം മൃഗാങ്കോദയമാന്ദിയോഗം ൭൧

ലഗ്നസ്ഫുടവും ഗുളികസ്ഫുടവും കൂട്ടിവരുന്ന രാശിയുടെ നവാംശകത്തിൽ സൂര്യൻ വരുന്ന കാലവും ഗുളികസ്ഫുടവും ചന്ദ്രസ്ഫുടവുംകൂടി കൂട്ടി വരുന്ന രാശിയിൽ ചന്ദ്രൻ വരുന്നകാലവും ചന്ദ്രലഗ്നഗുളികസ്ഫുടങ്ങളെ ഒന്നിച്ചു കൂട്ടി വരുന്ന ലഗ്നവും മരണകാലമാകുന്നു.

ജാതോഽനിചേത്ക്ഷണിസ്ഫുടൈക്യ-
താരാദിനിര്യാണദശാ പ്രകല്പ്യാ

താരേശരാഹുസ്ഫുടയോഗതാര-
പൂർവ്വാ ദശാനിഷ്ടകരാ രജന്യാം ൫൨

പകൽ ജനനമാണെങ്കിൽ സൂര്യന്റെയും ശനിയുടെയും സ്ഫുടങ്ങളെ ഒന്നിച്ചുകൂട്ടിയും, രാത്രിയിൽ ജനനമാണെങ്കിൽ ചന്ദ്രാഹുക്കളുടെ സ്ഫുടങ്ങളെ ഒന്നിച്ചുകൂട്ടിയും നാളുകണ്ട് നക്ഷത്രദശപോലെ മററുള്ള ദശകളെയുംകൂടെ ക്രമമനുസരിച്ചുകൂട്ടി നിര്യാണദശയെ അറിഞ്ഞുകൊള്ളണം.

ഉദയാൽ ദ്വാവിംശതിതമം ദ്രേക്കാണം കാരണം മൃതേഃ
തസ്യാധിപസ്യ നിര്യാണം സൂചയേദ്വിധിസത്തമഃ ൫൩

ലഗ്നദ്രേക്കാണത്തിന്റെ ൨൨-ാം ദ്രേക്കാണം മരണകാരണമാകുന്നു. ആ ദ്രേക്കാണത്തിന്റെ അധിപന്റെ ആകൃതിക്കനുസരിച്ച് കാരണവും മരണത്തെ സൂചിപ്പിക്കും.

ജ്ഞേയം ജന്മനി യന്നവാംശകഗതോ
മാന്ദിസ്തദീയാസ്തകേ
രാശൗ തിഷ്ഠതി ചേൽ ശുഭസ്തു ബലവാൻ
സൗഖ്യേന നൂനം മൃതിഃ
ഭൂപുത്രേ സമരേണ സൂര്യതനയേ
ചോരാദിഭിർദ്ദാനവേ
സർപ്പാദ്യൈശ്ച തഥാ രവൗ നൃപഭയാൽ
ക്ഷീണോഡുപേ തോയജാൽ. ൫൪

ജന്മസമയത്ത് ഏതുരാശിയിൽ ഗുളികൻ നിൽക്കുന്നുവോ, ആ രാശിയുടെ ഏഴിൽ ശുഭൻ ബലവാനായി നിന്നാൽ മരണം സുഖമായിരിക്കും. ചൊവ്വാ നിന്നാൽ യുദ്ധത്തിലും ശനി നിന്നാൽ കള്ളന്മാർമൂലവും രാഹു നിന്നാൽ സർപ്പാദികളിൽനിന്നും സൂര്യൻ നിന്നാൽ രാജഭയത്താലും ക്ഷീണചന്ദ്രൻ നിന്നാൽ വെള്ളത്തിലും മരണം ഉണ്ടാകും.

രന്ധ്രം യേന നിരീക്ഷിതം ബലവതാ തദ്ധാതുകോപാന്മൃതിം
സൂര്യാദഗ്നിജലായുധജ്വരകഫക്ഷുത്തൃട്കൃതൈശ്ചാമയൈഃ
ലഗ്നാദഷ്ടമധാമയത്തനുഗതം കാലസ്യ തദ്ദേഹജൈഃ
ഛിദ്രാംശേ ച ചരസ്ഥിരോഭയഗതേ ദേശാന്തരേ സ്വേ പഥി ൫൫

പൂർണ്ണബലവാനായ ഏതു ഗ്രഹമാണോ അഷ്ടമത്തിൽ നോക്കുന്നത് ആ ഗ്രഹത്തിനു പറഞ്ഞിരിക്കുന്ന വാതാദികോപങ്ങളാൽ മരണം ഉണ്ടാകും. സൂര്യൻ മുതലായ ഏഴു ഗ്രഹങ്ങൾക്കു ക്രമേണ അഗ്നി, ജലം, ആയുധം, ജ്വരം, കഫം, വിശപ്പ്, തണ്ണീർദ്ദാഹം ഇവയാൽ ഉണ്ടാകുന്ന രോഗത്താലും മരണം ഉണ്ടാകും. ലഗ്നാദഷ്ടമരാശി കാലപുരുഷന്റെ ഏതംഗമായി വരുമോ ആ അംഗത്തിൽ ഉണ്ടായ രോഗങ്ങളാലും മരണം ഉണ്ടാകും. അഷ്ടമം ചരരാശിയായാൽ വിദേശത്തിലും സ്ഥിരരാശിയായാൽ സ്വഗൃഹത്തിലും ഉഭയരാശിയായാൽ വഴിക്കും മരണം ഉണ്ടാകും.

ശൂന്യാഗാരേ രന്ധ്രരാശൗ ബലിഷ്ഠൈ-
രാദിത്യാദ്യൈർവ്വീക്ഷിതേ ഖേചരേന്ദ്രൈഃ
നോ ചേൽ ഛിദ്രസ്ഥാനയാതൈശ്ച നോ ചേൽ
തദ്ദ്രേക്കാണസ്വാമിനാ മൃത്യുമേതി ൫൬

അഷ്ടമത്തിൽ ഗ്രഹങ്ങളില്ലെങ്കിൽ അവിടെ നോക്കുന്ന ആദിത്യാദിഗ്രഹങ്ങളിൽ ബലവാന്മാരായ ഗ്രഹങ്ങളെക്കൊണ്ടും അല്ലെങ്കിൽ അഷ്ടമത്തിൽ നിൽക്കുന്ന

ഗ്രഹങ്ങളെക്കൊണ്ടും അഷ്ടമത്തിൽ ഗ്രഹദൃഷ്ടിയും ഗ്രഹസ്ഥിതിയും ഇല്ലെങ്കിൽ ൨൨-ാം ദ്രേക്കാണാധിപനെക്കൊണ്ടും മരണത്തെ ചിന്തിക്കണം.

രവ്യാദിഖേടനിജധാതുഭവാമയേന
ജാതസ്തദീയഖലകിങ്കരപീഡയാ വാ
രന്ധ്രേ ശുഭഗ്രഹയുതേ തു വിലാപഹേതും
സൌഖ്യേന മൃത്യുമുപയാതി ശുഭോപയാതേ ൯

സൂര്യാദിഗ്രഹങ്ങൾക്കു മുൻപു പറഞ്ഞിട്ടുള്ള വാതാദിദോഷങ്ങളാൽ ഉണ്ടാകുന്ന രോഗങ്ങൾകൊണ്ടോ, അവക്കു പറഞ്ഞിട്ടുള്ള ദുഷ്ടകിങ്കരന്മാരെക്കൊണ്ടോ മരണത്തെ പ്രാപിക്കും. അഷ്ടമത്തിൽ പാപന്മാർ നിന്നാൽ മരണം രോദനഹേതുവായും (കഷ്ടപ്പെട്ടും) ശുഭന്മാർ നിന്നാൽ കഷ്ടതകൂടാതെയും ആയിരിക്കും.

തുലായാം രുധിരേ യാതേ വൃഷഭസ്ഥേ ദിവാകരേ
ചന്ദ്രേ മന്ദഗൃഹം പ്രാപ്തേ വിൺമദ്ധ്യേ മരണം ഭവേൽ. ൰

തുലാത്തിൽ ചൊവ്വായും ഇടവത്തിൽ ആദിത്യനും മകരത്തിലോ കുംഭത്തിലോ ചന്ദ്രനും നിന്നാൽ അമേധ്യത്തിൻെറ മധ്യത്തിൽ കിടന്നു മരിക്കും.

ബലിനാ ശശിനാ ദൃഷ്ടേ ക്ഷീണേന്ദൌ നിധനാശ്രിതേ
ഗുദാക്ഷിരുക്പീഡയാ വാ മൃത്യുഃ ശസ്ത്രകൃതോ ഭവേൽ. ൰൧

ബലവാനായ ശനിയുടെ ദൃഷ്ടിയോടുകൂടി ക്ഷീണചന്ദ്രൻ അഷ്ടമത്തിൽ നിന്നാൽ അർശസ്സുമുതലായ ഗുദരോഗങ്ങളാലും നേത്രരോഗങ്ങളാലും ശസ്ത്രംനിമിത്തവും മരണം ഭവിക്കും.

ലഗ്നാച്ഛിദ്രത്രികോണസ്ഥൈരർക്കാരാർക്കിനിശാകരൈഃ
മൃത്യുഃ സ്യാച്ഛൈലപാതേന വജ്രകുഡ്യാദിഭിശ്ച വാ. ൰൨

സൂര്യൻ, ചൊവ്വാ, ശനി, ചന്ദ്രൻ ഇവർ ലഗ്നാൽ എട്ടിലൊ അഞ്ചിലോ ഒൻപതിലോ നിന്നാൽ മലയിൽനിന്നുവീണോ ഇടിവെട്ടിയോ ഭിത്തിവീണോ മരണം ഉണ്ടാകും.

ഭൌമാരുണൌ യദി പരസ്പരരാശിയാതൌ
കേന്ദ്രസ്ഥിതോ നിധനനായകഖേചരേന്ദ്രഃ
ജാതോവസാനസമയേ ക്ഷിതിപാലകോപാൽ
ശൂലാദികായുധവരൈർനിധനം സമേതി. ൰൩

ചൊവ്വാ സൂര്യൻെറ രാശിയിലും സൂര്യൻ ചൊവ്വായുടെ രാശിയിലും നിൽക്കയും അഷ്ടമാധിപൻ ലഗ്നം നാല് ഏഴ് പത്ത് ഈ സ്ഥാനങ്ങളിൽ നിൽക്കയും ചെയ്താൽ രാജകോപത്താൽ ശൂലം മുതലായ ആയുധങ്ങൾകൊണ്ട് മരണം ഭവിക്കും.

ചന്ദ്രേ തനൌ ദിനകരേ വിബലേഷ്ടമസ്ഥേ
ലഗ്നാദ്വ്യയേ സുരഗുരൌ സുഖഗേ ച പാപേ
ജാതസ്യ തസ്യ ശയനാൽ ച്യുതഹേതുമൃത്യുഃ
ശസ്ത്രേണ വാ നിശി നിഷാദകൃതേന വാ സ്യാൽ. ൰൪

ലഗ്നത്തിൽ ചന്ദ്രനും അഷ്ടമത്തിൽ ബലഹീനനായ സൂര്യനും ലഗ്നാൽ പന്ത്രണ്ടിൽ വ്യാഴവും നാലിൽ പാപനും (കുജനോ ശനിയോ) നിന്നാൽ ജാതൻ കിടക്കയിൽനിന്ന് വീണോ നീചന്മാരുടെ ആയുധമേററോ മരിക്കും.

ലഗ്നേശേ നിധനാംശസ്ഥേ മൂഢേ ഷഷ്ഠഗതേഥവാ
ക്ഷുൽബാധയാ ച മരണം ബന്ധുഹീനേ മഹീതലേ. ൰൫

ലഗ്നാധിപൻ മൌഢ്യത്തോടുകൂടി എട്ടിലോ ആറിലോ നിന്നാൽ ബന്ധുക്കളില്ലാത്ത സ്ഥലത്തുവച്ച് വിശപ്പുനിമിത്തം മരിക്കും.

ആയുർവ്വിലഗ്നാധിപതീബലേന
ഹീനൌ ധരാസൂനരണേശയുക്തൌ
യുദ്ധേ മൃതിം തസ്യ വദന്തി തജ്ജ്ഞാഃ
ശസ്ത്രേണ ജാതസ്യ മൃതിം വിശേഷാൽ. വൃർ

അഷ്ടമാധിപതിയും ലഗ്നാധിപതിയും ബലഹീനന്മാരായി ചൊവ്വയോടും ആറാംഭാവാധിപനോടുംകൂടി നിന്നാൽ യുദ്ധത്തിൽ ആയുധമേററുമരിക്കും.

ലഗ്നേശ്വരേ വാഹനനാഥയുക്തേ
വാഗീശ്വരേണാപി യുതേ ത്വജീർണ്ണാൽ
ദാരേശ്വരേ വാഹനവിത്തരാശി-
നാഥാന്വിതേ വാ മരണം ത്വജീർണ്ണാൽ. വൃ൧

ലഗ്നാധിപൻ നാലാംഭാവാധിപനോടും വ്യാഴത്തോടുംകൂടി നിന്നാലും, ഏഴാംഭാവാധിപൻ നാലാംഭാവാധിപനോടും രണ്ടാംഭാവാധിപനോടുംകൂടി നിന്നാലും അജീർണ്ണംനിമിത്തം മരിക്കും.

ഭ്രുകത്യംശപോ ദാനസുരേന യുക്തോ
ദുഃസ്ഥാനഗോ വാ വിഷഭക്ഷണേന
സഹാഹിനാ വാ ശിഖിനാ ച തസ്യ
മൃത്യുർഭവേദ്രജ്ജുനിബന്ധനേന. വൃന്ദ

മൂന്നാംഭാവാധിപനോ അഷ്ടമാധിപനോ ശനിയോടുകൂടി അനിഷ്ടസ്ഥാനത്തുനിന്നാൽ വിഷം ഭക്ഷിച്ചും അവിടെ രാഹുവോ കേതുവോ ഉണ്ടായിരുന്നാൽ പാശംബന്ധിച്ചും മരണം ഭവിക്കും.

പിശാചപീഡാഗ്നിജലേ വിപൽ സ്യാൽ
ഭൌമാഹിമാന്ദ്യന്യതമേന യുക്തേ
ക്ഷീണേ ശശാങ്കേ നിധനസ്ഥിതേ ച
ദുഃസ്ഥേ ത്വപസ്മാരഭയാന്മൃതിഃ സ്യാൽ. വൃ൪

ക്ഷീണചന്ദ്രൻ, കുജനോടോ രാഹുവിനോടോ ഗുളികനോടോകൂടി നിന്നാൽ പിശാചിന്റെ പീഡയാൽ തീയിലോ വെള്ളത്തിലോ വീണിട്ടും, അനിഷ്ടസ്ഥാനത്തുനിന്നാൽ അപസ്മാരഭയത്താലും മരണം ഭവിക്കും.

രന്ധ്രസ്ഥാനഗതേ സൂര്യേ ഭൌമേ വാ ബലവർജ്ജിതേ
വിത്തേ പാപഗ്രഹൈര്യുക്തേ പിത്തരോഗാന്മൃതിർഭവേൽ. വൃ൫

അഷ്ടമത്തിൽ സൂര്യനും രണ്ടിൽ പാപഗ്രഹങ്ങളും നില്ക്കയും കുജന് ബലമില്ലാതിരിക്കയും ചെയ്താൽ പിത്തരോഗത്താൽ മരണം സംഭവിക്കും.

ജലരാശിഗതേ ചന്ദ്രേ ചാഷ്ടമസ്ഥേഥവാ ഗുരൌ
പാപഗ്രഹേണ സന്ദൃഷ്ടോ ക്ഷയരോഗാന്മൃതിം വദേൽ. വൃൻ

ചന്ദ്രൻ ജലരാശിയിൽ നില്ക്കയും വ്യാഴം പാപദൃഷ്ടിയോടുകൂടി അഷ്ടമത്തിൽ നില്ക്കയും ചെയ്യുമ്പോഴും ജനിച്ചവൻ ക്ഷയരോഗത്താൽ മരിക്കും.

അഷ്ടമസ്ഥാനഗേ ശുക്രേ പാപഗ്രഹനിരീക്ഷിതേ
വാതരോഗാൽ ക്ഷയാദ്വാപി പ്രമേഹാദ്വാ മൃതിർഭവേൽ. ൻ൦

ശുക്രൻ പാപദൃഷ്ടിയോടുകൂടി അഷ്ടമത്തിൽ നിൽക്കുമ്പോൾ ജനിച്ചവൻ വാതരോഗത്താലോ ക്ഷയത്താലോ പ്രമേഹത്താലോ മരിക്കും.

സൂര്യസ്ഥാനഗതേ സൌമ്യേ പാപഗ്രഹനിരീക്ഷിതേ
ത്രിദോഷാന്മരണം വിദ്യാൽ ജ്വരരോഗേണ വാ വദേൽ. ൯൧

ബുധൻ പാപദൃഷ്ടിയോടുകൂടി സൂര്യക്ഷേത്രത്തിൽ (ചിങ്ങത്തിൽ) നിൽക്കുമ്പോൾ ജനിച്ചവൻ ത്രിദോഷകോപത്താലോ ജ്വരത്താലോ മരിക്കും.

മൃത്യുസ്ഥാനഗതേ രാഹൌ പാപഗ്രഹനിരീക്ഷിതേ
പിടകാദ്യുഷ്ണരോഗാദ്വാ സർപ്പദോഷാന്മൃതിർഭവേൽ. ൯൨

രാഹു പാപദൃഷ്ടിയോടുകൂടി അഷ്ടമത്തിൽ നിൽക്കുമ്പോൾ ജനിച്ചവൻ മസൂരിമുതലായ ഉഷ്ണരോഗത്താലോ സർപ്പദോഷത്താലോ മരിക്കും.

പരാഭവഗതേ രാഹൌ പാപഗ്രഹനിരീക്ഷിതേ
മസൂരികാദിരോഗാദ്വാ ചിത്തഭ്രംശാന്മൃതിർഭവേൽ. ൯൩

രാഹുവിന് പാപദൃഷ്ടിയും അഷ്ടമസ്ഥിതിയും ഉള്ളപ്പോൾ ജനിച്ചവൻ മസൂരികാദിരോഗത്താലോ ഉന്മാദത്താലോ മരിക്കും.

ധർമ്മേ ശനൌ വാഥ ഗുരൌ തൃതീയേ
കരച്ഛിദാ സ്യാന്നിധനേ വ്യയേ വാ
കർമ്മസ്ഥിതാശ്ചേദ്യദി രാഹുമന്ദ-
സൌമ്യാഃ കരച്ഛേദയുതോഽത്ര ജാതഃ ൯൪

ശനി ഒൻപതിൽ നിൽക്കുമ്പോഴോ അല്ലെങ്കിൽ വ്യാഴം മൂന്നിലൊ അഷ്ടമത്തിലോ വ്യയത്തിലോ നിൽക്കുമ്പോഴോ ജനിച്ചവനും രാഹു, ശനി, ബുധൻ ഇവർ പത്തിൽ നിൽക്കുമ്പോൾ ജനിച്ചവനും മുറിക്കയ്യനായിരിക്കും.

ശുക്രേണ ദൃഷ്ടേ യദി രന്ധ്രനാഥേ
സൂരേ ശനൌ വാ ഫണിനാഥയുക്തേ
ക്രൂരാദിഷഷ്ട്യംശസമന്വിതേ വാ
വിച്ഛേദനം തച്ഛിരസോ വദന്തി. ൯൫

അഷ്ടമാധിപന് ശുക്രദൃഷ്ടിയും സൂര്യനോ ശനിയോ രാഹുവിനോടുകൂടി ക്രൂരഷഷ്ട്യംശത്തോടു ചേർന്നിരിക്കുകയുംചെയ്യുമ്പോൾ ജനിച്ചവൻ ശിരച്ഛേദംനിമിത്തം മരിക്കും.

മന്ദേ വിലഗ്നേ മദനേ സരാഹൌ
കന്യാന്വിതേ ഭാർഗ്ഗവനന്ദനേ ച
ക്ഷീണേ ശശാങ്കേ മദരാശിയുക്തേ
വിച്ഛിന്നഹസ്തശ്ച പദേന സാർദ്ധം. ൯൬

ലഗ്നത്തിൽ ശനിയും ഏഴിൽ രാഹുവും ക്ഷീണചന്ദ്രനും കന്നിയിൽ ശുക്രനും നിൽക്കുമ്പോൾ ജനിച്ചവൻ കയ്യും കാലും മുറിക്കയാൽ മരിക്കും.

ഭ്രസൂനുലഗ്നേ യദി വാ തദംശേ
സൂര്യാന്വിതേ കൃഷ്ണനിശാകരേ തു
ഫണീശചന്ദ്രാത്മജസംയുതേഽർക്ക-
രാശൌ യദാ യദ്യുദരപ്രഭേദം. ൯൭

കൃഷ്ണപക്ഷചന്ദ്രൻ, സൂര്യനോടുകൂടി ചൊവ്വാക്ഷേത്രത്തിലോ കുജാംശത്തിലോ നിൽക്കയോ രാഹുവിനോടും ബുധനോടുംകൂടി ആദിത്യക്ഷേത്രത്തിൽ നിൽക്കയോ ചെയ്യുമ്പോൾ ജനിച്ചവൻ വയറുപിളർന്ന് മരിക്കും.

മന്ദോദയേ സൗമ്യദൃശാ വിഹീനേ
സർപ്പാക്ഷയുക്തേ യദി കൃഷ്ണചന്ദ്രേ
നാഭിപ്രദേശോദരഭേദമാഹുഃ
ശസ്ത്രേണ ജാതസ്യ പരാശരാദ്യാഃ ൯൮

കൃഷ്ണപക്ഷചന്ദ്രൻ ശനിനക്ഷത്രത്തിൽ രാഹുവിനോടും സൎപ്പനോടുംകൂടി ശുഭദൃഷ്ടിയില്ലാതെയിരിക്കുമ്പോൾ ജനിച്ചവന്ന് ആയുധംകൊണ്ട് നാഭിയും വയറിന്റെ സ്ഥാനവും പിളൎക്കയാൽ മരിക്കും.

ഷഷ്ഠാഷ്ടമവ്യയേ ചന്ദ്രേ ലഗ്നനാഥേന വീക്ഷിതേ
മന്ദമാന്ദ്യഹിസംയുക്തേ തസ്യ ദുൎമ്മരണം വദേൽ. ൯൯

ചന്ദ്രൻ ശനിയോടും ഗുളികനോടും രാഹുവിനോടുംകൂടി ആറിലോ എട്ടിലോ പന്ത്രണ്ടിലോ നില്ക്കയും ആ ചന്ദ്രന് ലഗ്നാധിപന്റെ ദൃഷ്ടിയുണ്ടായിരിക്കയുംചെയ്യുമ്പോൾ ജനിച്ചവന് ദുൎമ്മൃതി പറയണം.

മേഷൂരണസ്ഥേ യദി ചിത്രഭാനൌ
ഭൌമേ ചതുൎത്ഥേ ന ച സൗമ്യയുക്തേ
സൗമ്യേ വിലഗ്നോപഗതേ തു മൃത്യും
ഗോശൃംഗതഃ ശൂലനിപാതതോ വാ. ൧൦൦

സൂൎയ്യൻ പത്തിലും കുജൻ ശുഭദൃഷ്ടിയില്ലാതെ നാലിലും ബുധൻ ലഗ്നത്തിലും നില്ക്കുമ്പോൾ ജനിച്ചവൻ പശുജാതിയുടെ കൊമ്പുകൊണ്ടോ ശൂലംകൊണ്ടോ മരണംപ്രാപിക്കും.

ദശമസുഖസമേതൈഃ പാപദൃഷ്ടൈശ്ച സൗമ്യൈ-
രുദയനിധനയാതൈഃ ശൂലപാതാന്മൃതിഃ സ്യാൽ
ശശിനി തനുഗൃഹസ്ഥേ ബന്ധുഗേ ഭാനുപുത്രേ
കലഹജനിതദോഷൈരംബരസ്ഥേ ച ഭൗമേ. ൧൦൧

ജനനസമയത്തു ശുഭഗ്രഹങ്ങൾ പത്തിലോ നാലിലോ അല്ലെങ്കിൽ ലഗ്നത്തിലോ അഷ്ടമത്തിലോ പാപദൃഷ്ടിയോടുകൂടി നിന്നാൽ ശൂലംകൊണ്ടും ചന്ദ്രൻ ലഗ്നത്തിലും ശനി നാലിലും കുജൻ പത്തിലുംനിന്നാൽ കലഹദോഷത്താലുംമൃതിഭവിക്കും.

ലഗ്നം ഗതേ ദിനകരേ തരുണീഗതേഽബ്ജേ
പാപേക്ഷിതേ കലഹതോയഭയാന്മൃതിഃ സ്യാൽ
ലഗ്നേ ദിനേശശശിനൗ ദ്വിശരീരകേഽന്യേ
പാപേക്ഷിതാ യദി ബഹൂദകശൃംഗിദംഷ്ട്രാൽ. ൧൦൨

സൂൎയ്യൻ ലഗ്നത്തിലും ചന്ദ്രൻ പാപദൃഷ്ടനായി കന്നിയിലും നിന്നാൽ കലഹത്താലോ ജലഭയത്താലോ മൃതിഭവിക്കും. സൂൎയ്യനും ചന്ദ്രനും ലഗ്നത്തിലും മറ്റുള്ള ഗ്രഹങ്ങൾ പാപദൃഷ്ടന്മാരായി ഉഭയരാശിയിലും നിന്നാൽ വളരെ ജലമുള്ളേടത്തോ കൊമ്പുള്ള ജന്തുക്കളിൽ നിന്നോ മൃതി ഭവിക്കും.

തുഹിനകിരണലഗ്നാൽ പാപഖേടോപയാതേ
നവമതനയരാശൗ പാപഖേടേക്ഷിതേ വാ
ഭുജഗനിഗഡപാശേ രന്ധ്രജന്യത്രിഭാഗേ
ജനനസമയലഗ്നാന്മൃത്യുകൃൽ ബന്ധനേന. ൧൦൩

ചന്ദ്രലഗ്നത്തിന്റെ ൯-ം ൫-ം ഭാവങ്ങൾക്ക് പാപയോഗമോ പാപദൃഷ്ടിയോ ഉണ്ടായിരിക്കയും ജന്മലഗ്നത്തിന്റെ അഷ്ടമദ്രേക്കാണം സൎപ്പദ്രേക്കാണമോ

നിഗഡദ്രേക്കാണമോ പാശദ്രേക്കാണമോ ആയിരിക്കയും ചെയ്താൽ ബന്ധനത്താൽ മരണം ഭവിക്കും.

മീനോദയേ ശശിരവീ യദി പാപയുക്തൗ
പാപേക്ഷിതൗ ച മരണം രമണീകൃതം സ്യാൽ
ഊമേ സുഖേ ദിനകരേ യദി വാ മദസ്ഥേ
മന്ദേഽഷ്ടമേ ശശിനി ചാന്നവിശേഷജന്യം. ൰൪

ചന്ദ്രനും സൂര്യനും മീനംരാശിയിൽ പാപന്മാരോടേ പാപദൃഷ്ടിയോടേകൂടി നിന്നാൽ സ്ത്രീമൂലവും, കുജൻ നാലിലും സൂര്യൻ ഏഴിലും, ശനിയും ചന്ദ്രനും അഷ്ടമത്തിലും നിന്നാൽ വിശേഷഭക്ഷണമൂലവും മരണം ഭവിക്കും.

രന്ധ്റേ ശനൗ വിയതി ഹീനബലേ ശശാങ്കേ
ഭാനൗ സുഖേ നിഭൃതകാഷ്ഠഹതേന മൃത്യുഃ
പാപേന്തരേ ജനനലഗ്നപതൗ സകേന്ദ്രേ
ലഗ്നാഷ്ടമേ ഖലയുതേ സതി മാതൃകോപാൽ ൰൫

ശനി അഷ്ടമത്തിലും, ചന്ദ്രൻ ബലഹീനനായി പത്തിലും സൂര്യൻ നാലിലും നിന്നാൽ ഉറപ്പുള്ള വടിയാൽ തല്ലിച്ചും, ജന്മലഗ്നാധിപൻ കേന്ദ്രത്തിൽ രണ്ടുവശത്തും പാപന്മാരോട്ടുകൂടി നില്ക്കയും ലഗ്നാഷ്ടമത്തിൽ പാപന്മാർ നില്ക്കയും ചെയ്താൽ മാതൃകോപത്താലും മൃതിഭവിക്കും.

മന്ദേ ധനേ സുഖഗതേ ശശിനി ക്ഷമാജേ
മാനസ്ഥിതേ വ്രണകൃതേന മൃതിം സമേതി
ബന്ധുസ്ഥിതേഽവനിസുതേ ധനഗേ ശശാങ്കേ
ഭാനൗ നഭസ്ഥലഗതേ ഗജാശ്വയാനാൽ. ൰൬

രണ്ടിൽ ശനിയും നാലിൽ ചന്ദ്രനും പത്തിൽ കുജനും നിന്നാൽ വ്രണംകൊണ്ടും, നാലിൽ കുജനും, രണ്ടിൽ ചന്ദ്രനും, പത്തിൽ ആദിത്യനും നിന്നാൽ ആനപ്പുറത്തുനിന്നോ കുതിരപ്പുറത്തുനിന്നോ വീണും മരിക്കും.

സുഖാസ്പദസ്ഥൈരശുഭൈർഗ്രഹേന്ദ്രൈ-
സ്ത്രികോണഗൈർവാഥ വിലഗ്നരാശേഃ
രന്ധ്റേശ്വരേ ഭൂതനയേന സാർദ്ധ-
മുൽബന്ധനാത്തസ്യ മൃതിം വദന്തി. ൰൭

പാപഗ്രഹങ്ങൾ നാലിലോ പത്തിലോ നിൽക്കയും അല്ലെങ്കിൽ ലഗ്നരാശിയുടെ അഞ്ചിലോ ഒൻപതിലോ നില്ക്കയും അഷ്ടമാധിപൻ കുജനോട്ടുകൂടി നില്ക്കയും ചെയ്താൽ ബന്ധനത്താൽ മരണം ഉണ്ടാകും.

ലഗ്നേ രവൗ സുതേ മന്ദേ രന്ധ്റസ്ഥേ തപഹിനായകേ
ധർമ്മം ഗതേ ധരാസൂനൗ വൃക്ഷാശനിഭയാന്മൃതിഃ ൰൮

ലഗ്നത്തിൽ ആദിത്യനും അഞ്ചിൽ ശനിയും അഷ്ടമത്തിൽ രാഹുവും കുജൻ ഒൻപതിലും നിന്നാൽ വൃക്ഷം, വജ്രായുധം ഇവയിൽനിന്നുള്ള ഭയത്താൽ മരണം ഉണ്ടാകും.

പാപേഷ്വാജ്ഞാബന്ധുരാശിസ്ഥിതേഷു
ക്ഷീണേ താരാനായകേ ശത്രുരാശൗ
ലഗ്നാച്ഛിദ്രസ്ഥാനരാശിം ഗതേ വാ
യാത്രാകാലേ ശത്രുദോഷാന്മൃതിഃ സ്യാൽ ൰൯

പത്തിലോ നാലിലോ പാപന്മാരും ക്ഷീണചന്ദ്രൻ ആറിലോ ലഗ്നത്തിന്റെ അഷ്ടമരാശിയിലോ നില്ക്കുകയും ചെയ്താൽ യാത്രാകാലത്തിൽ ശത്രുദോഷത്താൽ മരണം ഭവിക്കും.

ലഗ്നാന്ത്യഗൗ ഭാനുധരാകുമാരൗ
ദിനേശചന്ദ്രേന്ദുസുതാ മദസ്ഥാഃ
സുരാലയോദ്യാനവനപ്രദേശേ
പ്രവാസഭൂമൗ മ്രിയതേ തു ജാതഃ ൫൦

ലഗ്നത്തിൽ സൂര്യനും പന്ത്രണ്ടിൽ കുജനും ഏഴിൽ സൂര്യനും ചന്ദ്രനും ബുധനും നിന്നാൽ ദേവാലയം ഉദ്യാനം വനപ്രദേശം വിദേശഭൂമി ഇവിടെ എവിടെയെങ്കിലും വച്ചു മരണം ഉണ്ടാകും.

ലഗ്നാഷ്ടമേ പാപയുതേ ഽഷ്ടമേശേ
രിഃഫോപയാതേ യദി കേന്ദ്രഗേ വാ
ലഗ്നേശപാരേ ഹീനബലേന യുക്തേ
ദുർമ്മാർഗ്ഗദോഷാൽ പ്രവദന്തി മൃത്യും. ൫൧

ലഗ്നാഷ്ടമരാശിയിൽ പാപനും പന്ത്രണ്ടിലോ കേന്ദ്രത്തിലോ അഷ്ടമാധിപനും ലഗ്നാധിപൻ ബലമില്ലാതെയും നിന്നാൽ ദുർമ്മാർഗ്ഗദോഷത്താൽ മരണം ഉണ്ടാകും.

ഭൗമാർക്കജക്ഷേത്രഗതേ ശശാങ്കേ
പാപേക്ഷിതേ പാപഖഗാന്തരസ്ഥേ
കന്യാഗൃഹേ വാ ഹിബുകോപയാതേ
മൃതിം വദേദഗ്നിജശസ്ത്രപാതൈഃ ൫൨

ചന്ദ്രൻ പാപദൃഷ്ടിയോടോ പാപമദ്ധ്യസ്ഥിതിയോടോകൂടി കുജന്റെ ക്ഷേത്രത്തിലോ ശനിക്ഷേത്രത്തിലോ കന്നിയിലോ നാലിലോ നിന്നാൽ അഗ്നിമൂലമോ ശസ്ത്രപാതംമൂലമോ മരണം ഭവിക്കും.

യദി വിഷഘടിക യാമഷ്ടമേ പാപയുക്തേ
വിഷശിഖിഭവശസ്ത്രൈർജ്ജായതേ തസ്യ മൃത്യുഃ
ബഹുദിവിചരയുക്തേ ലഗ്നപേ സാഷ്ടമേശേ
ബഹുജനമൃതികാലേ മൃത്യുമേതി പ്രജാതഃ ൫൩

അഷ്ടമത്തിൽ പാപന്മാർ നില്ക്കുമ്പോൾ വിഷഘടികയിൽ ജനിച്ചവനു വിഷം ആയുധം അഗ്നി മുതലായവയാലും, ലഗ്നാധിപനും അഷ്ടമാധിപനും വളരെ ഗ്രഹങ്ങളോടു ചേർന്നു നില്ക്കുമ്പോൾ ജനിച്ചവനു വളരെ ജനങ്ങൾ മരിക്കുന്നകാലത്തും മരണം ഉണ്ടാകും.

ലഗ്നേശസ്യ നവാംശസ്ഥരാശികോപോൽഭവാമയൈഃ
മൃത്യും തസ്യ വദന്ത്യേകേ ഹൈരികാ മുനിപുംഗവാഃ ൫൪

ലഗ്നാധിപന്റെ നവാംശരാശിക്കു പറഞ്ഞിട്ടുള്ള രോഗത്താലും മരണംഭവിക്കും എന്നു ഹോരാശാസ്ത്രജ്ഞന്മാരായ ചില മഹർഷിശ്രേഷ്ഠന്മാർ പറയുന്നു.

ഹോരേശാംശഗതേ തു തുമ്പുരുഗൃഹേ താപജ്വരാദ്യുൽഭവൈ-
ര്യുക്ഷ്ണി ശ്വാസവികാരശൂലജനിതൈര്യുഗ്മേ ശിരഃശൂലജൈഃ
വാതോന്മാദഭവൈഃ കുളീരഭവനേ സിംഹേ വിഷസ്ഫോടകൈഃ
കന്യായാം ജഠരാഗ്നിഗുഹ്യജനിതൈർജ്ജാതസ്യ മൃത്യും വദേൽ ൫൫

ലഗ്നാധിപനവാംശം മേടമായാൽ താപജ്വരാദികൊണ്ടുണ്ടായ രോഗത്താലും, ഇടവമായാൽ ശ്വാസവികാരം ശൂലം ഇവയാൽ ഉണ്ടായ രോഗത്താലും മിഥുനമായാൽ തലയ്ക്കു വേദനയാലും, കർക്കടകമായാൽ വാതം ഉന്മാദം ഇവയാൽ ഉണ്ടായ രോഗത്താലും, ചിങ്ങം ആയാൽ വിഷസ്ഫോടാദികളാലും, കന്നിയാണെങ്കിൽ ഉദരാഗ്നി ഗുഹ്യം ഇവയിൽനിന്നുണ്ടായ രോഗത്താലും മൃതിഭവിക്കും.

ജൂകേ ശോകചതുഷ്പദജ്വരഭവൈഃ കീടേഽശ്മശസ്ത്രാദിഭി-
ശ്ചാപേ തീവ്രമരുൽഭവൈർമ്മൃഗമുഖേ വ്യാഘ്ര്യാദിശൂലാമയൈഃ
കുംഭേ വ്യാഘ്ര്യവധൂകൃതൈരനിമിഷേ തോയാതിസാരൈർമ്മൃതിം
രന്ധ്രസ്യാംശഗതാഃ പ്രചാരധരണീജാതസ്യ മൃത്യുപ്രദാഃ ൧൬

ലഗ്നാധിപനവാംശം തുലാമായാൽ ശോകം, നാല്ക്കാലുള്ള ജന്തുക്കൾ, ജ്വരം ഇവയാലും, വൃശ്ചികമായാൽ കല്ല്, ശസ്ത്രം മുതലായവയാലും, ധനുവായാൽ കഠിനവായുവിൽനിന്നുണ്ടായ രോഗത്താലും മകരമായാൽ വ്യാഘ്ര്യാദികൾമൂലവും ശൂലാമയത്താലും, കുംഭമായാൽ വ്യാഘ്ര്യംമൂലവും സ്ത്രീമൂലവും, മീനമായാൽ വെള്ളംമൂലവും അതിസാരംമൂലവും മരണം ഉണ്ടാകും.

നിശി ബലയുതരാശൌ ലഗ്നയാതേഽഹ്നി കാലേ
യദി ദിനബലയുക്തേ ജന്മലഗ്നേ രജന്യാം
ഉദയഗനവഭാഗസ്വാമിയോഗേക്ഷിതാനാം
ദിശി മൃതിമുപയാതി സ്ഥാനവീര്യാധികസ്യ. ൧൭

രാത്രിയിൽ ബലമുള്ള രാശി ലഗ്നമായാൽ പകലും, പകൽ ബലമുള്ള രാശി ലഗ്നമായിവന്നാൽ രാത്രിയും മരണം ഉണ്ടാകും. ഉദയനവാംശകനാഥനായ ഗ്രഹത്തോടു ചേരുകയോ ആ ഗ്രഹത്തെ നോക്കുകയോ ചെയ്യുന്നവരിൽവെച്ചു സ്ഥാനവീര്യം അധികം ഉള്ള ഗ്രഹത്തിന്റെ ദിക്കിൽ മരണംപ്രാപിക്കും.

ഹോരാശേഷനവാംശമാനഘടികാമോഹസ്സ്വഭാംശേക്ഷിതേ
പാപൈസ്തദ്ദ്വിഗുണീകൃതസ്ത്രിഗുണിതഃ സൌമ്യൈരവസ്ഥാത്മകഃ
ക്രൂരാപശ്ചരസൌമ്യമിശ്രതനുഗൈർദ്ദ്വാവിംശതിത്ര്യംശകൈർ-
നാശം യാതി ശരീരമഗ്നിജലസംമിശ്രശ്ച മുഖ്യൈഃ ക്രമാൽ ൧൮

ലഗ്നത്തിൽ ഉദിക്കാതിരിക്കുന്ന നവാംശങ്ങൾ എത്ര ഉണ്ടോ അത്രയുംകാലം മരണകാലത്തിൽ മോഹകാലമാകുന്നു. ആ നവാംശത്തിനു പാപദൃഷ്ടിയുണ്ടെങ്കിൽ മോഹകാലം ദ്വിഗുണവും ശുഭദൃഷ്ടിയുണ്ടെങ്കിൽ ത്രിഗുണവും ആകുന്നു എന്ന് അവസ്ഥാനുസരിച്ചു കല്പിക്കണം. ക്രൂരമോ ജലചരമോ സൌമ്യമോ മിശ്രമോ ആയ ൨൨-ാം ദ്രേക്കാണത്തിന്റെ അവസ്ഥ അനുസരിച്ച് അഗ്നി, ജലം മുതലായവയിൽ വീണു മരണംഭവിക്കും എന്നും പറയണം.

ദേവമർത്ത്യപിതൃനാരകാലയാൻ പ്രാണിനോ ഗുരുരിനക്ഷമാസുതൌ
കുർയ്യരിന്ദുഭൃഗുജൌ ബുധാർക്കജൌ മൃത്യുകാലഭവലഗ്നഗാ യദി ൧൯

വ്യാഴം, ചന്ദ്രൻ കുജൻ, ചന്ദ്രൻ ശുക്രൻ, ബുധൻ ശനി ഇവർ മൃത്യുലഗ്നസ്ഥിതന്മാരായാൽ ദേവാലയം, മർത്ത്യാലയം, പിതൃഗൃഹം, നരകാലയം ഈ സ്ഥലങ്ങളിൽ ക്രമേണ മരണംഭവിക്കും.

ഖേ ചക്രാസ്യം തുമ്പരാദ്യം ചതുഷ്കം
സിംഹാഗാരാദ്യം ഭുവശ്ചക്രമാഹുഃ
ചാപാദിസ്ഥം തൽ ഭുവശ്ചക്രജന്യം
ജീവോ മൃത്യുക്ഷേത്രലോകം സമേതി. ൨൦

മേടംമുതൽ നാലുരാശി ആകാശചക്രമെന്നും ചിങ്ങംമുതൽ നാലുരാശി ഭൂചക്രമെന്നും ധനുമുതൽ നാലുരാശി ഭുവശ്ചക്രമെന്നും പറയുന്നു. ഇതുകൊണ്ടും ജീവന്റെ മൃത്യുക്ഷേത്രലോകപ്രാപ്തിയെ വിചാരിക്കാം.

രിഃഫാധീശേ പാപഷഷ്ഠ്യംശയാതേ
പാപൈർദൃഷ്ടേ നാരകം ലോകമേതി
രാഹൌ രിഃഫേ മാന്ദിരന്ധ്രേശയുക്തേ
ശത്രുസ്ഥാനസ്വാമിദൃഷ്ടേ തഥാ സ്യാൽ. ൫൨൩

പന്ത്രണ്ടാംഭാവാധിപൻ പാപഷഷ്ട്യംശത്തിൽ പാപദൃഷ്ടനായി നിന്നാൽ നരകലോകത്തിൽ പ്രാപിക്കുന്നു. പന്ത്രണ്ടിൽ രാഹു, ഗുളികനോടും അഷ്ടമാധിപനോടുംകൂടി നില്ക്കയും അവിടെ ശത്രുസ്ഥാനാധിപന്റെ ദൃഷ്ടിയുണ്ടായിരിക്കയും ചെയ്താലും നരകലോകത്തിൽ പ്രാപിക്കുന്നു.

ഉച്ചസ്ഥേ ശുഭഖേചരേ വ്യയഗതേ പാപഗ്രഹേ ശോഭനൈഃ
സന്ദൃഷ്ടേ ശുഭവർഗ്ഗകേ ച വിപുലം സ്വർഗ്ഗാദിലോകം വദേൽ
കർമ്മസ്ഥാനയുതേ പുരന്ദരഗുരൌ രിഃഫോപയാതേഥവാ
സൌമ്യവ്യോമനിവാസദൃഷ്ടിസഹിതേ തസ്യാമരത്വം ഭവേൽ.

പന്ത്രണ്ടിൽ ശുഭനോ പാപനോ ഉച്ചം ശുഭദൃഷ്ടി ശുഭവർഗ്ഗം മുതലായവയോടുകൂടി നിന്നാൽ ജാതന്നു സ്വർഗ്ഗാദിലോകം ലഭിക്കും. വ്യാഴം പത്താമിടത്തോ പന്ത്രണ്ടാമിടത്തോ ശുഭഗ്രഹങ്ങളുടെ യോഗത്തോടോ ദൃഷ്ടിയോടോകൂടി നില്ക്കുമ്പോൾ ജനിച്ചവന്നു ദേവത്വം ഭവിക്കും.

ബൃഹസ്പതൌ ചാപനവാംശകസ്ഥേ
ബലാന്വിതേ കർക്കടലഗ്നയാതേ
ത്രിഭിശ്ചതുർഭിഃ സഹ കണ്ടകേഷു
നഭശ്ചരൈർബ്രഹ്മപദം സമേതി. ൫൨൪

വ്യാഴം ബലത്തോടുകൂടി കർക്കടകലഗ്നത്തിൽ ധനുനവാംശത്തിൽ നില്ക്കയും കേന്ദ്രങ്ങളിൽ മൂന്നോ നാലോ ഗ്രഹങ്ങളുണ്ടായിരിക്കയും ചെയ്യുമ്പോൾ ജനിച്ചവൻ ബ്രഹ്മലോകം ഗമിക്കും.

ധനുർവ്വിലഗ്നേ യദി തുമ്പരാംശകേ
ലഗ്നേ ഗുരൌ ദാനവപൂജിതേऽസ്തഗേ
കന്യാഗതേ ശീതകരേ ബലാന്വിതേ
പരം പദം ലോകമുപൈതി ശാശ്വതം ൫൨൫

ധനുർലഗ്നവും മേഷാംശത്തിൽ ലഗ്നത്തിൽ വ്യാഴവും ഏഴിൽ ശുക്രനും കന്നിയിൽ പൂർണ്ണബലത്തോടുകൂടി ചന്ദ്രനും നില്ക്കുമ്പോൾ ജനിച്ചവൻ ശാശ്വതവും ഉൽകൃഷ്ടവും ആയ പരമപദത്തിൽ പ്രാപിക്കും.

നിസർഗ്ഗദായപ്രമുഖായുരബ്ദസ്ഫുടക്രിയാമൃത്യുദശാപ്രഭേദാഃ
നിർയ്യാണകാലപ്രഭവാശ്ച സർവ്വേ സങ്കീർത്തിതാ ഭാനുമുഖപ്രസാദാൽ
ഇതി ശ്രീനവഗ്രഹകൃപയാ വൈദ്യനാഥവിരചിതേ
ജാതകപാരിജാതേ ആയുർദ്ദായാദ്ധ്യായഃ പഞ്ചമഃ.

ആയുർദ്ദായം തുടങ്ങി ആയുർവർഷം, സ്ഫുടക്രിയാ, മൃത്യുദശാപ്രഭേദങ്ങൾ, നിർയ്യാണകാലം മുതലായവ നവഗ്രഹകൃപയാൽ എന്നാൽ കീർത്തിതങ്ങളായി.

ഇങ്ങനെ ആയുർദ്ദായം എന്ന അഞ്ചാമത്തെ അദ്ധ്യായത്തിന്റെ വ്യാഖ്യാനം സമ്പൂർണ്ണം.

അഥ ഷഷ്ഠാദ്ധ്യായപ്രാരംഭഃ

അഥ ജാതകഭംഗഃ

കേചിദ്യോഗാ രാജയോഗസ്യ ഭംഗാഃ
കേചിദ്രേകാ നാമ ദാരിദ്ര്യയോഗാഃ
കേചിൽ പ്രേഷ്യാഃ കേ ച കേമദ്രുമാഖ്യാ-
സ്തേ ചത്വാരോ ജാതഭംഗാകരാഃ സ്യുഃ. ൧

ചില രാജഭംഗങ്ങളായ യോഗങ്ങളും ചില രേകങ്ങൾ എന്ന പേരോടുകൂടിയ ദാരിദ്ര്യയോഗങ്ങളും ചില പ്രേഷ്യയോഗങ്ങളും ചില കേമദ്രുമയോഗങ്ങളും ഇങ്ങനെ നാലുപ്രകാരത്തിലുള്ള യോഗങ്ങൾ ജാതകഭംഗയോഗങ്ങളാകുന്നു.

മേഷേ ജൂകനവാംശകേ ദിനകരേ പാപേക്ഷിതേ നിർദ്ധനഃ
കന്യാരാശിഗതേ തഥാ ഭൃഗുസുതേ കന്യാംശകേ ഭിക്ഷുകഃ
നീചർക്ഷേ ത്വതിനീചഭാഗസഹിതേ ജാതോ ദിവാനായകേ
രാജശ്രേഷ്ഠകുലാഗ്രജോപി വിഗതശ്രീപുത്രദാരാശനഃ. ൨

മേടത്തിൽ തുലാംനവാംശകത്തിൽ ആദിത്യൻ പാപദൃഷ്ടിയോടുകൂടി നിന്നാൽ നിർദ്ധനയോഗവും കന്നിയിൽ കന്യാംശകത്തിൽ ശുക്രൻ പാപദൃഷ്ടനായി നിന്നാൽ ഭിക്ഷുകയോഗവും ആകുന്നു. നീചരാശിയിൽ അതിനീചത്തിൽ ആദിത്യൻ നില്ക്കുമ്പോൾ ജനിച്ചവൻ രാജകുലപ്രധാനിയെങ്കിലും സമ്പത്തു്, പുത്രൻ, ഭാര്യ, ഭോജനം ഇവയോടുകൂടാത്തവനായിത്തീരും.

മന്ദാരാഹിസമന്വിതേഽമരഗുരൗ ശുക്രേന്ദുപുത്രേക്ഷിതേ
ജാതഃ ശൂദ്രകളേബരോപി നിഖിലാം വിദ്യാമുപൈതി ശ്രിയം
താരാനാഥവികർത്തനൗ മദഗതൗ സൗരേണ സംവീക്ഷിതൗ
ജാതോഽസൗ സമുപൈതി നീചവിഹിതോപായേന സംജീവനം.

വ്യാഴത്തിനു ശനി, ചൊവ്വ രാഹു ഇവരുടെ യോഗവും ശുക്രന്റെയും ബുധന്റെയും ദൃഷ്ടിയും ഉള്ളപ്പോൾ ജനിച്ചവൻ ശൂദ്രജാതിയായാലും വിദ്യയേയും ഐശ്വര്യത്തേയും പ്രാപിക്കുന്നു. സൂര്യചന്ദ്രന്മാർക്കു് ഏഴിൽ നില്പും ശനിയുടെ ദൃഷ്ടിയും ഉള്ളപ്പോൾ ജനിച്ചവൻ നീചമാർഗ്ഗത്തിൽ ഉപജീവനംകഴിക്കും.

കേന്ദ്രസ്ഥേ നാപി ലഗ്നേ ദിനകരതനയേ സൗമ്യഖേടൈരദൃഷ്ടേ
ഭൂസൂനോഃ കാലഹോരാസമയജമനുജോ ഭിക്ഷുകോ ദാസഭൃതഃ
സൗമ്യാദൃഷ്ടേക്ഷിദൃഷ്ടേ ശശിനി സരുധിരേ മേഷഗേ ഭിക്ഷുകസ്യാ-
ദർക്കീന്ദ്വാർക്കൈസ്സുകേന്ദ്രൈർജഡതനുരധനശ്ചാന്യഭുക്താശനസ്യാൽ.

ശുഭദൃഷ്ടനല്ലാത്ത ശനി കേന്ദ്രത്തിലോ ലഗ്നത്തിലോനില്ക്കാതെയിരിക്കുമ്പോൾ ചൊവ്വായുടെ കാലഹോരയിൽ ജനിച്ചവൻ ഭിക്ഷയെടുക്കുന്നവനായും ദാസനായും തീരും. ചന്ദ്രൻ കുജനോടുകൂടി മേടത്തിനു ശുഭദൃഷ്ടിയില്ലാതെയും ശനിദൃഷ്ടിയോടുകൂടിയും നില്ക്കുമ്പോൾ ജനിച്ചവൻ ഭിക്ഷുകനായിത്തീരും. ശനിയും ചന്ദ്രനും ആദിത്യനും കേന്ദ്രത്തിൽനിന്നാൽ ജഡശരീരനായും നിർദ്ധനനായും മറ്റൊരുത്തന്റെ അന്നത്തെ ഭക്ഷിക്കുന്നവനായും തീരും.

മന്ദേ കേന്ദ്രഗതേ വിലഗ്നഗൃഹഗേ ചന്ദ്രേഽന്ത്യഭേ വാക്പതൗ
ജാതോ ഭിക്ഷുക ഏവ ശോകജലധൗ മഗ്നോ വിദേശം ഗതഃ
ധർമ്മസ്ഥാനപതൗ തു രിഃഫഗൃഹഗേ പാപഗ്രഹേ കേന്ദ്രഗേ
ജാതഃ പാപരതഃ പരാന്നധനഭുഗ് വിദ്യാവിഹീനോ ഭവേൽ. ൫

കേന്ദ്രത്തിൽ ശനിയും, ലഗ്നത്തിൽ ചന്ദ്രനും, മീനത്തിൽ വ്യാഴവും നില്ക്കുമ്പോൾ ജനിച്ചവൻ ഭിക്ഷുകനായിത്തന്നെ ദുഃഖാബ്ധിമഗ്നനായിട്ട് പരദേശത്തു പോകും. ഒൻപതാംഭാവാധിപൻ ൰-ാംഭാവത്തിലും പാപഗ്രഹം കേന്ദ്രത്തിലും നില്ക്കുമ്പോൾ ജനിച്ചവൻ പാപകർമ്മരതനായും പരന്റെ അന്നധനങ്ങളെ ഭുജിക്കുന്നവനായും വിദ്യാവിഹീനനായും തീരും.

ജീവേ രാഹുയുതേ ഽഥവാ ശിഖിയുതേ പാപേക്ഷിതേ നീചകൃൽ
നീചേ നീചസമീക്ഷിതേ സുരഗുരൗ വിപ്രോ ഽപി ദുഷ്കർമ്മകൃൽ
നീചേ ചന്ദ്രവിലഗ്നപൗ സഹ ദിവാനാഥേന മന്ദേക്ഷിതൗ
പ്രേഷ്യഃ സ്യാദശുഭൈഃ ശുഭഗ്രഹദൃശാഹീനൈശ്ച മാനസ്ഥിതൈഃ

വ്യാഴത്തിന്, രാഹുവിന്റെയോ കേതുവിന്റെയോ യോഗവും പാപദൃഷ്ടിയും ഉണ്ടായാൽ നീചപ്രവൃത്തി ചെയ്യുന്നവനായും, നീചസ്ഥിതിയോ നീചഗ്രഹദൃഷ്ടിയോ ഉണ്ടായാൽ വിപ്രനാണെങ്കിലും ദുഷ്കർമ്മം ചെയ്യുന്നവനായും, ചന്ദ്രനും ലഗ്നാധിപനും സൂര്യനോടും ശനിദൃഷ്ടിയോടുംകൂടി നീചത്തിൽ നിൽക്കയും പാപന്മാർ പത്തിൽ ശുഭദൃഷ്ടിയോടുകൂടാതിരിക്കയും ചെയ്താൽ പരിചാരകനായും ഭവിക്കും.

ഭാഗ്യേശേ ഽന്ത്യഗതേ സഹോദരഗതേ പാപേ വ്യയേശേ ഽർത്ഥഗേ
ദുർഭോഗീ പരബന്ധനാദിസഹിതോ ജാതോ ഽന്യജായാരതഃ
സർവൈർന്നീചസപത്നഭാഗസഹിതൈഃ കർമ്മേതരസ്ഥാനഗൈർ-
വിദ്യാബുദ്ധികളത്രപുത്രരഹിതഃ കോപീ സദാ ഭൈക്ഷ്യകൃൽ. ൭

ഭാഗ്യാധിപൻ പന്ത്രണ്ടിലും പാപൻ മൂന്നിലും ൰-ാംഭാവാധിപൻ രണ്ടിലും നില്ക്കുമ്പോൾ ജനിച്ചവൻ ചീത്തസാധനങ്ങളെ ഭുജിക്കുന്നവനായും പരബന്ധനത്തോടുകൂടിയവനായും അന്യഭാര്യയിൽ തല്പരനായും തീരും. എല്ലാ ഗ്രഹങ്ങളും നീചത്തോടോ ശത്രുക്ഷേത്രാംശത്തോടോകൂടി പത്താംഭാവത്തിലല്ലാതെ നിന്നാൽ വിദ്യ ബുദ്ധി ഭാര്യ പുത്രൻ ഇവരോടുകൂടാത്തവനായും കോപിയായും തെണ്ടിനടക്കുന്നവനായും ഭവിക്കും.

ലഗ്നസ്വാമിനി രിഃഫഗേ തു വിയതി ക്രൂരേ സചന്ദ്രാർക്കജേ
ജാതോ ഽസൗ പരദേശഗഃ സുഖധനത്യാഗീ ദരിദ്രോ ഭവേൽ
ഹോരാജന്മപതീ ന ശോഭനയുതാവസ്തംഗതാവന്ത്യഗേ
ഭാഗ്യേശേ യദി ജന്മനീന്ദുതനയേ ജാതഃ കുലധ്വംസകഃ. ൮

ലഗ്നാധിപൻ പന്ത്രണ്ടിലും പാപൻ ശനിചന്ദ്രന്മാരോടുകൂടി പത്തിലും നിൽക്കുമ്പോൾ ജനിച്ചവൻ പരദേശത്തുപോയി സുഖധനഹീനനായ ദരിദ്രനായി ഭവിക്കും. ഹോരാധിപനും ലഗ്നാധിപനും പാപന്മാരോടുകൂടി ഏഴിലും ഭാഗ്യാധിപൻ പന്ത്രണ്ടിലും ബുധൻ ലഗ്നത്തിലും നിൽക്കുമ്പോൾ ജനിച്ചവൻ ഭാര്യയോടും പുത്രനോടും കൂടാത്തവനായും കുലവിനാശകനായും തീരും.

സൗമ്യാസൗമ്യയുതേഷു കേന്ദ്രഭവനേഷ്വിന്ദൗ തനുസ്വാമിനാ
ദൃഷ്ടേ മന്ദനവാംശകേ സതി കുലധ്വംസീ വിദാരാത്മജഃ
കാമേ ബോധനശുക്രയോസ്സുതഗൃഹേ ജീവേ സുഖസ്ഥേ ശുഭേ
പാപേ രന്ധ്രഗതേ ച ചന്ദ്രഭവനാജ്ജാതഃ കുലധ്വംസകഃ ൯

ശുഭന്മാരും പാപന്മാരും കേന്ദ്രങ്ങളിലും ചന്ദ്രൻ മന്ദനവാംശകത്തിൽ ലഗ്നാധിപദൃഷ്ടനായി നിൽക്കയും ചെയ്യുമ്പോൾ ജനിച്ചവൻ കുലവിനാശകനായും ഭാര്യാപുത്രവിഹീനനായും തീരും. ബുധന്റെയോ ശുക്രന്റെയോ ഏഴിലോ അഞ്ചിലോ വ്യാഴവും നാലിൽ ശുഭനും ചന്ദ്രാൽ അഷ്ടമത്തിൽ പാപനും നിൽക്കുമ്പോൾ ജനിച്ചവൻ കുലവിനാശകനായി ഭവിക്കും.

ചരാവസാനേ ശശിനി സ്ഥിരാദൗ
ദ്വിദേഹമധ്യേ ബലവർജ്ജിതേ ച
ഹീനേ വിലഗ്നേ യദി ഖേചരേന്ദ്രൈ-
ർവ്വിനാശമേതി ക്ഷിതിപാലയോഗഃ. ൨൦

ചന്ദ്രൻ ബലഹീനനായി ചരരാശിയുടെ അന്ത്യത്തിലോ സ്ഥിരരാശിയുടെ ആദിയിലോ ഉഭയരാശിയുടെ മധ്യത്തിലോ നില്ക്കയും ലഗ്നത്തിൽ ഗ്രഹങ്ങളില്ലാതിരിക്കയും ചെയ്താൽ രാജയോഗം നശിക്കും.

ലഗ്നരാശിനവഭാഗനായകൗ ഭാനുശീതകരദേവപൂജിതാഃ
ശത്രുഭാഗസഹിതാസ്സ്വനീചഭസ്വാമിഭാംശസഹിതാഃ പരാനുഗാഃ

ലഗ്നരാശ്യധിപൻ നവാംശകാധിപതി സൂര്യൻ, ചന്ദ്രൻ, വ്യാഴം ഇവർ ശത്രുക്ഷേത്രാംശം നീചരാശ്യധിപാംശകം ഇവയിൽ നില്ക്കുമ്പോൾ ജനിച്ചവൻ അന്യനെ ആശ്രയിച്ച് ഉപജീവിക്കും.

ശശിനി ഗഗനയാതേ കാമഗേ ദാനവേജ്യേ
നവമഭവനയാതേ പാപഖേടേ കുലഘ്നഃ
ഭൃഗുജശശിജചന്ദ്രാഃ കേന്ദ്രഗാ ജന്മലഗ്നേ
തമസി വിഹിതകർമ്മധ്വംസകാ നീചതുല്യഃ. ൨൧

പത്തിൽ ചന്ദ്രനും ഏഴിൽ ശുക്രനും ഒൻപതിൽ പാപനും നിന്നാൽ കുലനാശകനായും, ശുക്രനും ബുധനും ചന്ദ്രനും കേന്ദ്രത്തിലും രാഹു ജന്മലഗ്നത്തിലും നിന്നാൽ താൻ ആരംഭിച്ച കർമ്മത്തെ ധ്വംസിക്കുന്നവനായും നീചതുല്യനായും തീരും.

നീചേ ഭൃഗൗ മന്ദനവാംശകേ വാ
ദുഃസ്ഥാനഗേ ഭാനുസുതേക്ഷിതേ ച
കാമസ്ഥിതേ ശീതകരേ സഭാനൗ
മാത്രാ സഹ പ്രേഷ്യമുപൈതി നിത്യം. ൨൩

ശുക്രൻനീചത്തിലോ മന്ദനവാംശകത്തിലോ നില്ക്കയോ, അനിഷ്ടസ്ഥാനങ്ങളിൽ (൬-൮-൧൨-൨) ശനി ദൃഷ്ടനായി നില്ക്കയോ ചെയ്കയും ചന്ദ്രൻ സൂര്യനോടുകൂടി ഏഴിൽ നില്ക്കയും ചെയ്യുമ്പോൾ ജനിച്ചവൻ മാതാവുമൊരുമിച്ച് എന്നും ദാസ്യത്തിൽ സ്ഥിതിചെയ്യും.

ശശാങ്കസൌമ്യൌ ദശമോപയാതൌ
പാപേക്ഷിതൌ പാപസമന്വിതൌ ച
നീചാംശഗൌ സൌമ്യദൃശാ വിഹീനൌ
ജാതസ്തു നിത്യം ഖലു പക്ഷിഹന്താ. ൨൪

ചന്ദ്രനും ബുധനും പത്തിൽ പാപദൃഷ്ടിയോടും പാപയോഗത്തോടുംകൂടി നീചാംശത്തിൽ സൌമ്യദൃഷ്ടിയില്ലാതെ ഇരിക്കുമ്പോൾ ജനിച്ചവൻ നിത്യം പക്ഷികളെക്കൊന്ന് ഉപജീവനം കഴിക്കുന്നവനായിരിക്കും.

നീചേ ഗുരൗ വാസരനായകേ വാ
കേന്ദ്രസ്ഥിതേ പാപയുതേ ശിശുഘ്നഃ
കേന്ദ്രേ സപാപേ ശുഭദൃഷ്ടിഹീനേ
രന്ധ്രേ ഗുരൗ ഗോമൃഗജാതിഹന്താ. ൨൫

കേന്ദ്രത്തിൽ വ്യാഴമോ ആദിത്യനോ പാപന്മാരോടുകൂടി നീചസ്ഥനായിട്ട് നിന്നാൽ കുട്ടികളെ കൊല്ലുന്നവനായും, കേന്ദ്രത്തിൽ പാപന്മാർ ശുഭദൃഷ്ടിയില്ലാതെ

യും അഷ്ടമത്തിൽ വ്യാഴവും നിന്നാൽ പശ്ശുജന്തിയേയോ മൃഗജാതിയേയോ കൊല്ലു ന്നവനായും ഇരിക്കും.

ചന്ദ്രാൽ സുതേ ലഗ്നപതൌ ധനേ വാ
സൌമ്യേതരേഷ്വഷ്ടമരാശിഗേഷു
മാനസ്ഥിതേ ശീതകരേ തദാനീം
ജാതസ്തു ജീവത്യതി ഹേയവൃത്ത്യാ. ൮൩

ലഗ്നാധിപൻ ചന്ദ്രാൽ അഞ്ചിലോ രണ്ടിലോ നിൽക്കയും പാപന്മാർ അഷ്ടമ രാശിയിലും ചന്ദ്രൻ പത്തിലും നിൽക്കയും ചെയ്യുമ്പോൾ ജനിച്ചവൻ ഏററവും നി ന്ദ്യവൃത്തിയിൽ ജീവിക്കും.

നീചാരിഭാംശേ ഭൃഗുദേവപൂജ്യൌ
തദംശകേ വാസരനാഥപുത്രേ
ജാതസ്സുദുഃഖഃ സുതദാരഹീനഃ
കൃച്ഛ്റേണ സംജീവതി ഭാഗ്യഹീനഃ ൮൪

ശുക്രനും വ്യാഴവും നീചരാശ്യംശകത്തിലോ ശത്രുരാശ്യംശകത്തിലോ നിൽ ക്കയും ശനി അവരുടെ നവാംശകത്തിൽ നിൽക്കയും ചെയ്യുമ്പോൾ ജനിക്കുന്നവൻ ഏററവും ദുഃഖമുള്ളവനായും ഭാര്യാപുത്രവിഹീനനായും ഭാഗ്യമില്ലാത്തവനായും കഷ്ട പ്പെട്ടുജീവിക്കും.

സർവേ പാപാഃ കേന്ദ്രനീചാരിസംസ്ഥാഃ
സൌമ്യൈർദ്ദൃഷ്ടാഃ രിഃഫരന്ധ്റാരിയാതൈഃ
നിഘ്നന്ത്യേതേ രാജയോഗം ഗ്രഹേന്ദ്രാ
നീചാരാതിക്രൂരഷഷ്ട്യംശഗാശ്ച. ൮൫

എല്ലാ പാപന്മാരും കേന്ദ്രം നീചം ശത്രുക്ഷേത്രം ഇവിടെ എവിടെ എങ്കിലും നില്ക്കയും പന്ത്രണ്ട് എട്ട് ആറ് ഇവിടെ എവിടെ എങ്കിലും നില്ക്കുന്ന ശുഭന്മാ രാൽ നോക്കുകയോ എല്ലാ ഗ്രഹങ്ങളും നീചം ശത്രുക്ഷേത്രം ക്രൂരഷഷ്ട്യംശം ഇവി ടെ എവിടെ എങ്കിലും നില്ക്കുകയോ ചെയ്യുമ്പോൾ ജനിച്ചവൻ രാജയോഗത്തെ നശിപ്പിക്കുന്നു.

കേന്ദ്രസ്ഥിതാ മന്ദനിശാകരാർക്കാഃ ശുഭൈരദൃഷ്ടാ യദി മദ്യപായീ
ക്രൂരാരിഷഷ്ട്യംശകനീചഭാഗാദുഷ്കർമ്മയുക്തോഽന്യകളത്രഗാമീ ൮൬

ശനിയും ചന്ദ്രനും സൂര്യനും ശുഭദൃഷ്ടിയില്ലാതെ കേന്ദ്രത്തിൽ നില്ക്കുമ്പോൾ ജ നിച്ചവൻ മദ്യപാനിയായും ഇവർതന്നെ ക്രൂരാംശം ശത്രുംശം മുതലായ ഷഷ്ട്യംശക നീചഭാഗജാതന്മാരാണെങ്കിൽ ദുഷ്കർമ്മയുക്തനായും പരകളത്രഗാമിയായും തീരും.

നീചേ ഭൃഗൌ ധർമ്മഗതേ സപാപേ
ദ്വിജപ്രഹർത്താ യദി പാപദൃഷ്ടേ
വ്യയേഽശുഭർക്ഷേക്ഷ്യസുതാംശകസ്ഥേ
ഭൃഗൌ ച ദാസീവരനന്ദനഃ സ്യാൽ ൨൦

ശുക്രൻ നീചവും പാപനോടും പാപദൃഷ്ടിയോടുംകൂടി ഒൻപതിൽ സ്ഥിതിയും ഉണ്ടായിരുന്നാൽ ബ്രാഹ്മണപ്രഹാരിയായും അതുപോലെ പന്ത്രണ്ടിൽ അശുഭക്ഷേ ത്രത്തിൽ മന്ദാംശകത്തിൽ സ്ഥിതിയുണ്ടായിരുന്നാൽ ദാസീപുത്രനായും തീരും.

രേകായോഗം—

ലഗ്നേശേ ബലവർജ്ജിതേ പരിഭവസ്ഥാനാധിപേനേക്ഷിതേ
സൂര്യോച്ഛിന്നകരേ പുരന്ദരഗുരൌ രേകാഖ്യയോഗോ ഭവേൽ

ബന്ധുസ്ഥാനപസംയുതാംശകപതൗ തിഗ്മാംശുലുപ്തദ്യുതൗ
രിഃഫേശേന നിരീക്ഷിതേ സതി യദാ യോഗസ്തു രേകാഹ്വയഃ

ലഗ്നാധിപന്നു ബലഹീനതയും പരിഭവസ്ഥാനാ(ആറാംഭാവാ)ധിപദൃഷ്ടിയും വ്യാഴത്തിന്നു മൌഢ്യവും ഉണ്ടായിരുന്നാലും, ബന്ധുസ്ഥാനാധിപ (നാലാംഭാവാധിപ)ന്റെ നവാംശകാധിപതിക്ക് മൌഢ്യവും ൧൨-ാംഭാവാധിപദൃഷ്ടിയും ഉണ്ടായിരുന്നാലും രേകായോഗമാകുന്നു.

ഷഷ്ഠസ്വാമിനിരീക്ഷിതേ സുഖപതൗ രന്ധ്രേശയുക്തേ തഥാ
മാനേശേ സുതഗേ വിലഗ്നരമണേ നീചംഗതേ രേകഭാക്
രന്ധ്രാരിവ്യയരാശിഗാ യദി ശുഭാഃ കേന്ദ്രാദികോണോപഗാഃ
പാപാ ലാഭഗൃഹാധിപേ ച വിബലേ രേകാഭിശസ്തോ ഭവേൽ.

നാലാംഭാവാധിപന്ന് ആറാംഭാവാധിപദൃഷ്ടിയും രന്ധ്രേശയോഗവും അപ്രകാരം പത്താംഭാവാധിപൻ അഞ്ചിലും ലഗ്നാധിപൻ നീചത്തിലും നില്ക്കുകയും ചെയ്താൽ രേകായോഗമാകുന്നു. ൮-൬-൧൨-ഈ രാശികളിൽ ശുഭന്മാരും കേന്ദ്രം ത്രികോണം ഇവിടെ പാപന്മാരും നില്ക്കുകയും ൧൧-ാംഭാവാധിപന്റെ ബലഹീനതയും ഉണ്ടായാലും രേകായോഗമാകുന്നു.

ഹോരേശഃ ഖലസംയുതഃ സിതഗുരൂ ചാസ്തംഗതൗ തദ്വദേൽ
ബന്ധുസ്ഥാനപതിഃ ശുഭേതരയുതശ്ചാസ്തംഗതോ രേകദഃ
ഭാഗ്യസ്ഥാനപതൗ വികർത്തനകരച്ഛന്നേ വിലഗ്നാധിപേ
നീചസ്ഥേ ധനപേ ച നീചഗൃഹഗേ രേകാഭിധാനോ ഭവേൽ

ലഗ്നാധിപന്ന് പാപയോഗവും ശുക്രന്നും വ്യാഴത്തിന്നും മൌഢ്യവും ഉണ്ടായാലും നാലാംഭാവാധിപന്ന് പാപയോഗവും മൌഢ്യവുമുണ്ടായാലും ഭാഗ്യസ്ഥാനാധിപന്നു മൌഢ്യവും ലഗ്നാധിപന്നും രണ്ടാംഭാവാധിപന്നും നീചവും ഉണ്ടായാലും രേകായോഗമാകുന്നു.

നീചസ്ഥാനഗതാ ദിനേശകിരണച്ഛന്നാസ്ത്രയോ ലഗ്നപേ
ദുഷ്ടസ്ഥാനഗതേഽഥവാ ഗതബലേ യോഗസ്തു രേകപ്രദഃ
ഹോരാവിത്തനവാസ്പദായസുഖധീകാമാനുജസ്ഥാഃ ഖലാ-
സ്ത്വസ്യായുർന്നവഭാഗരേകഫലദാ നീചാരിപാപേക്ഷിതാഃ ൨൪

മൂന്നുഗ്രഹങ്ങൾക്കു നീചസ്ഥിതിയും മൌഢ്യവും വരികയും ലഗ്നാധിപൻ അനിഷ്ടസ്ഥാനത്തിലോ ബലമില്ലാതെയോ നില്ക്കുകയും ചെയ്താൽ രേകായോഗമാകുന്നു. പാപന്മാർ ലഗ്നം ൨-൧൦-൯-൧൧-൪-൫-൭-൩-ഈ സ്ഥാനങ്ങളിൽ നില്ക്കുകയും ആ പാപന്മാർക്കു നീചവും ശത്രുക്കളുടേയോ പാപന്മാരുടേയോ ദൃഷ്ടിയുംകൂടി ഉണ്ടായിരിക്കുകയും ചെയ്യുമ്പോൾ ജനിച്ചവൻ ആയുസ്സിന്റെ ൯-ഭാഗവും രേകാഫലം അനുഭവിക്കും.

ഏകദ്വികത്രികഖലദ്യുചരാ നരാണാം
കല്യസ്വവിക്രമഗതാഃ പരതസ്ത്വഥൈവ
ആദൗ തു മദ്ധ്യവയസി ക്രമശസ്തദന്തേ
രേകപ്രദാ രിപുഖലഗ്രഹനീചദൃഷ്ടാഃ

൧-൨-൩-പാപഗ്രഹങ്ങൾ ശത്രുക്കൾ, പാപഗ്രഹങ്ങൾ നീചഗ്രഹങ്ങൾ ഇവരാൽ ദൃഷ്ടന്മാരായിട്ട് ൧-൨-൩-ഈ ഭാവങ്ങളിൽ നിന്നാൽ ക്രമേണ ആദ്യവയസ്സിലും മദ്ധ്യവയസ്സിലും അന്ത്യവയസ്സിലും രേകാഫലത്തെ പ്രദാനം ചെയ്യും. ൪-൫-൬-ഈ ക്രമത്തിനു ൧൨ വരെയുള്ള ഭാവങ്ങളിൽ ഇപ്രകാരം പാപന്മാർ നിന്നാലും ഫലം ഇപ്രകാരം ആകുന്നു.

രേകാഫലം—

നിർവ്വിദ്യോ വിധനോ ദരിദ്രസഹിതോ രേകോത്ഭവഃ കാമുകഃ
ക്രോധീ ദുഃഖിതമാനസോ ഽശുചികരസ്സൗഭാഗ്യഹീനഃ പടുഃ
ഭിക്ഷാശീ മലിനോ വിവാദനിരതോ മാത്സര്യദോഷാന്വിതോ
ദേവബ്രാഹ്മണദൂഷകഃ പ്രതിദിനം ദാരാത്മജൈർന്നിന്ദിതഃ ൮൫
ദുഷ്ടാത്മാ കുനഖീ കുമാർഗ്ഗനിരതോ ദൗർഭാഗ്യയോഗാന്വിതോ
ബന്ധൂനാമപകാരദൂഷണപരഃ സ്വല്പായുരാഭിക്ഷുകഃ
മൂകോ ഽന്ധോ ബധിരഃ പ്രമത്തഹൃദയഃ കാമാതുരോ രോഷവാൻ
പംഗുർന്നേത്രവികാരഭാവസഹിതോ രേകോത്ഭവഃ സ്യാന്നരഃ ൮൬

രേകായോഗത്തിൽ ജനിച്ചവൻ, വിദ്യയും ധനവും ഇല്ലാത്തവനായും ദരിദ്രനായും കാമിയായും കോപിയായും ദുഃഖിതചിത്തനായും അശുചികരനായും സൌഭാഗ്യഹീനനായും സമർത്ഥനായും തെണ്ടിനടക്കുന്നവനായും മലിനനായും വിവാദതല്പരനായും മാത്സര്യദോഷയുക്തനായും ദേവബ്രാഹ്മണരെ ദൂഷിക്കുന്നവനായും, ദിവസംതോറും ഭാര്യാപുത്രന്മാരാൽ നിന്ദിതനായും ദുഷ്ടബുദ്ധിയായും കുഴിനഖം ഉള്ളവനായും ദുർമ്മാർഗ്ഗിയായും നിർഭാഗ്യനായും ബന്ധുക്കൾക്ക് അപകാരത്തെയും ദൂഷണത്തെയും ചെയ്യുന്നവനായും സ്വല്പായുസ്സായും സന്യാസിയായും മൂകനായും അന്ധനായും പൊട്ടനായും മദമുള്ളവനായും കാമസന്തപ്തനായും മുടന്തനായും നേത്രരോഗിയായും തീരും.

ദാരിദ്ര്യയോഗം—

ഭാഗ്യേശാദതിബലീ നിധനേശ്വരോ വാ
ലഗ്നാധിപസ്ത്രിദശനാഥഗുരുശ്ച ദി സ്യാൽ
കേന്ദ്രാൽ ബഹിർദ്ദിനകരസ്യ കരാദിതപ്തോ
ലാഭാധിപോ യദി വിഹീനബലോ ദരിദ്രഃ ൮൭

അഷ്ടമാധിപൻ ഒൻപതാംഭാവാധിപനെക്കാൾ ബലവാനായി നില്ക്കയും വ്യാഴവും ലഗ്നാധിപനും കേന്ദ്രങ്ങളിലല്ലാതെ മൌഢ്യത്തോടുകൂടി നിൽക്കയും പതിനൊന്നാംഭാവാധിപൻ ബലഹീനനായി നിൽക്കയും ചെയ്യുമ്പോൾ ജനിച്ചവൻ ദരിദ്രനായിട്ടു തീരും.

ലാഭാരിവ്യയരന്ധ്രപുത്രഗൃഹഗാ ജീവാരമന്ദേന്ദുജാ
നീചസ്ഥാനഗതാ യദാ രവികരച്ഛന്നാസ്തദാ ഭിക്ഷുകഃ
ഭാഗ്യസ്ഥാനഗതോ ദിനേശതനയസ്സൗമ്യേതരൈരീക്ഷിതോ
ലഗ്നസ്ഥശ്ശനിനന്ദനോ രവിയുതോ നീചാംശകോ ഭിക്ഷുകഃ

വ്യാഴം, ചൊവ്വാ, ശനി, ബുധൻ ഇവക്ക് ൧൧, ൬, ൧൨, ൮, ൫ ഈ സ്ഥാനങ്ങളിൽ സ്ഥിതിയും നീചവും മൌഢ്യവും ഉണ്ടായിരിക്കയും ശനിക്ക് ഒൻപതാംഭാവസ്ഥിതിയും പാപദൃഷ്ടിയും ഉണ്ടായിരിക്കയും ബുധൻ നീചാംശത്തിൽ സൂര്യനോടുകൂടി ലഗ്നത്തിൽ നില്ക്കയും ചെയ്താൽ ദരിദ്രനായിത്തീരും.

ജീവജ്ഞശുക്രരവിനന്ദനഭൂമിപുത്രാ
രന്ധ്രാരിരിഃഫസുതകർമ്മഗതാ യദി സ്യുഃ
ലഗ്നേശ്വരാദതിബലീ വ്യയഭാവനാഥോ
നീചസ്ഥിതോ രവികരാഭിഹതോ ദരിദ്രഃ ൯൦

വ്യാഴം, ബുധൻ, ശുക്രൻ, ശനി, ചൊവ്വാ ഇവർ ൮, ൬, ൧൨, ൫, ൧൦ ഈ ഭാവങ്ങളിൽ നില്ക്കയും ൧൨-ാംഭാവാധിപൻ ലഗ്നാധിപനെക്കാൾ ബലാധിക്യവും നീചവും മൌഢ്യവും ഉണ്ടായിരിക്കയും ചെയ്താൽ ദരിദ്രനായിത്തീരും.

ശുക്രാര്യഉഡുജരാജഭൂമിതനയാ നീചസ്ഥിതാ ജന്മനി
വ്യോമായേ നവമേ കളത്രതനയേ ജാതോ ദരിദ്രോ ഭവേൽ
ലഗ്നേ ദാനവപൂജിതേƒമരഗുരൗ പുത്രേ ധരാനന്ദനേ
ലാഭേ രാത്രികരേ തൃതീയഭവനേ നീചംഗതേ ഭിക്ഷുകഃ ന.ഫ

ശുക്രൻ, വ്യാഴം, ചന്ദ്രൻ, ചൊവ്വാ ഇവക്ക് നീചവും ൧൦, ൧൧, ൻ, ൭, ൫, ഈ ഭാവങ്ങളിൽ സ്ഥിതിയും ഉണ്ടായിരിക്കയും, ശുക്രൻ, ലഗ്നത്തിലും വ്യാഴം അഞ്ചിലും, ചൊവ്വാ പതിനൊന്നിലും, ചന്ദ്രൻ മൂന്നിലും നീചത്തോടുകൂടി നിൽക്കയും ചെയ്താലും ദരിദ്രനായിത്തീരും.

ലഗ്നേ ചരേ ചരനവാംശഗതേ സിതേന-
ദൃഷ്ടേ ച നീചഗുരുണാ യദി ഭിക്ഷുകഃ സ്യാൽ
ജാതോ വിനാമരപുരോഹിതലഗ്നരാശിം
ജീവേ രിപുവ്യയഗതേ തു ഭവേൽ ദരിദ്രഃ ന.വ

ലഗ്നം ചരരാശിയായിരിക്കയും ചരരാശിയിൽ അംശകം വരികയും അവിടെ ശുക്രന്റെയും നീചമുള്ള വ്യാഴത്തിന്റെയും ദൃഷ്ടിയുണ്ടായിരിക്കയും ചെയ്താലും, വ്യാഴം തന്റെ രാശികളായ ധനുമീനങ്ങളിലല്ലാതെ ആറിലോ പന്ത്രണ്ടിലോ നില്ക്കയും ചെയ്താലും ദരിദ്രനായിത്തീരും.

ജാതഃ സ്ഥിരേ ലഗ്നഗതേഹ്നി പാപാഃ
കേന്ദ്രത്രികോണോപഗതാശ്ച സർവേ
കേന്ദ്രാൽ ബഹിസ്ഥാനഗതാസ്തു സൗമ്യാ
ഭിക്ഷാശനഃ സ്യാൽ പരപോഷിതശ്ച. ന.ന

സ്ഥിരലഗ്നത്തിൽ പകൽ ജനനവും, കേന്ദ്രത്തിലും ത്രികോണത്തിലും പാപസ്ഥിതിയും, കേന്ദ്രത്തിനു വെളിയിൽ സൗമ്യസ്ഥിതിയും ഉള്ളപ്പോൾ ജനിച്ചവൻ ദരിദ്രനായും, അന്യസ്ത്രീയാൽ വളർത്തപ്പെട്ടവനായും തീരും.

ചരേ വിലഗ്നേ നിശിസൗമ്യഖേടാ-
സ്ത്രികോണകേന്ദ്രോപഗതാ ന വീര്യാഃ
ഖലഗ്രഹാഃ കേന്ദ്രബഹിഃസ്ഥിതാശ്ചേൽ
ഭിക്ഷാശനം നിത്യമുപൈതി ജാതഃ നർ

ചരരാശി ലഗ്നമായിരിക്കയും ശുഭന്മാർ ബലഹീനന്മാരായിട്ട് ത്രികോണത്തിലും കേന്ദ്രത്തിലും നില്ക്കയും പാപന്മാർ കേന്ദ്രത്തിലല്ലാതെ നില്ക്കയും ചെയ്യുമ്പോൾ രാത്രിയിൽ ജനിച്ചവൻ നിത്യം ദരിദ്രനായിത്തീരും.

പാപാഃ നീചസ്ഥാനഗാഃ പാപകർമ്മീ
സൗമ്യാ നീചസ്ഥാനഗാ ശ്രദ്ധപാപാഃ
ജീവേ നീചസ്ഥാനഗേ കർമ്മരാശൗ
നീചേ ഭൗമേ നന്ദനസ്ഥേ തഥൈവ. ന൫

പാപന്മാർ നീചത്തിൽനിന്നാലും, സൗമ്യന്മാർ പാപന്മാരോടുകൂടി നീചസ്ഥാനത്തിലിരുന്നാലും, വ്യാഴം പത്തിൽ നീചത്തിൽനില്ക്കയും ചൊവ്വ അഞ്ചിൽ നീചത്തിൽ നില്ക്കയും ചെയ്താൽ പാപകർമ്മതൽപരനായി ഭവിക്കും.

നീചാംശഗാസ്തുംഗഗ്രഹോപയാതാ
ജാതസ്യ നീചം ഫലമാശു ദദ്യുഃ
നീചംഗതാസ്തുംഗനവാംശകസ്ഥാഃ
സൗമ്യം ഫലം വ്യോമചരാഃ പ്രകുര്യുഃ നന്ന

ഉച്ചരാശിയിൽ ഇരിക്കുന്ന ഗ്രഹങ്ങൾ നീചാംശത്തിൽ നില്ക്കുമ്പോൾ ജനിച്ചവൻ നീചഫലത്തെ അനുഭവിക്കുന്നവനായും തുംഗനവാംശകത്തിൽ നില്ക്കുന്ന ഗ്രഹങ്ങൾ നീചത്തിൽ നില്ക്കുമ്പോൾ ജനിച്ചവൻ സൌമ്യഫലത്തെ അനുഭവിക്കുന്നവനായും തീരും.

ദാരിദ്ര്യയോഗഫലം—

നിർഭാഗ്യോ വികലേന്ദ്രിയോ വിഷമധീർദ്ദാരാത്മജൈർന്നിന്ദിതോ
ഭിക്ഷാശീ വിഷമസ്ഥിതോ വിഷമവാക്ക് ശിശ്നോദരേ തല്പരഃ
അന്യായാർജ്ജനതല്പരസ്ത്വനുദിനം മാത്സര്യ്യവാക്ക്കണ്ടകീ
നിത്യം സ്യാൽ പരദാരസക്തഹൃദയോ നീചോന്ധമൂകോജഡഃ

ദാരിദ്ര്യയോഗത്തിൽ ജനിച്ചവൻ നിർഭാഗ്യനും ഇന്ദ്രിയവികലനും വിഷമബുദ്ധിയും ഭാര്യാപുത്രന്മാരാൽ നിന്ദിക്കപ്പെട്ടവനും ഭിക്ഷയെടുത്തു നടക്കുന്നവനും, വിഷമസ്ഥിതനും, വിഷമവാക്കും, വിഷയസുഖത്തിൽ പരനും, അന്യായമായി സമ്പാദിക്കുന്നതിൽ തൽപരനും, നിത്യവും മത്സരവാക്കോടുകൂടിയവനും, ദയയില്ലാത്തവനും അന്യഭാര്യാസക്തനും നീചനും കുരുടനും മൂകനും ജളനും ആയിത്തീരും.

പ്രേഷ്യയോഗം—

മാനേ രവൌ മന്മഥഗേ നിശേശേ
മേഷേ ശനൌ സോദരഗേ ധരാജേ
ലഗ്നേ ചരേ ദേവഗുരൌ ധനസ്ഥേ
ജാതോ നിശായാം പരകാര്യ്യകൃൽ സ്യാൽ. ൩൮

പത്തിൽ ആദിത്യനും, ഏഴിൽ ചന്ദ്രനും, മേടത്തിൽ ശനിയും, മൂന്നിൽ ചൊവ്വായും, രണ്ടിൽ വ്യാഴവും ലഗ്നം ചരരാശിയായിരിക്കുകയും ചെയ്യുമ്പോൾ രാത്രിയിൽ ജനിച്ചവൻ പരകാര്യത്തെ ചെയ്യുന്നവനായി (ദാസനായി)ത്തീരും.

ധർമ്മേ ഭൃഗൌ കാമഗതേ മൃഗാങ്കേ
വാചസ്പതൌ വിത്തവിലഗ്നഗേ വാ
രന്ധ്രസ്ഥിതേ ഭൂതനയേ ച കീർത്ത്യാ
ലഗ്നേ സ്ഥിരേ പ്രേഷ്യഭവാ ഭവന്തി. ൩൯

ഒൻപതിൽ ശുക്രനും ഏഴിൽ ചന്ദ്രനും രണ്ടിലോ ലഗ്നത്തിലോ വ്യാഴവും എട്ടിൽ ചൊവ്വായും നില്ക്കയും സ്ഥിരലഗ്നത്തിൽ ജനനം വരികയും ചെയ്താൽ പരകാര്യത്തെ ചെയ്യുന്നവനായി (ഭൃത്യനായി)ത്തീരും.

പ്രേഷ്യശ്ചരോദയപതൌ നിശി സന്ധിയാതേ
കേന്ദ്രസ്ഥിതേ യദി ഖലദ്യുചരേ ച ജാതഃ
മന്ദേന്ദുജീവഭൃഗുജാ ദിവി കേന്ദ്രകോണേ
സന്ധിസ്ഥിതാ സ്ഥിരവിലഗ്നയുതേ തഥാ സ്യാൽ ൪൦

ചരരാശി ലഗ്നമായും തദധിപതി സന്ധിയിലും പാപഗ്രഹം കേന്ദ്രത്തിലും നില്ക്കുമ്പോൾ രാത്രിയിൽ ജനിച്ചവനും, ശനി ചന്ദ്രൻ, വ്യാഴം, ശുക്രൻ ഇവർ കേന്ദ്രത്രികോണങ്ങളുടെ സന്ധിയിൽ നില്ക്കയും സ്ഥിരരാശി ലഗ്നമായിരിക്കയും ചെയ്യുമ്പോൾ പകൽ ജനിച്ചവനും സേവകനായിത്തീരും.

ഐരാവതാംശേ തു ഗുരൌ സസന്ധൌ
ശീതദ്യുതൌ ചോത്തമവർഗ്ഗയുക്തേ
കേന്ദ്രാൽ ബഹിഃസ്ഥേ നിശി കൃഷ്ണപക്ഷേ
ശുക്രേ വിലഗ്നേ പരകർമ്മജീവീ. ൪൧

വ്യാഴം, രാശിസന്ധിയിൽ ഐരാവതാംശത്തിലും. ചന്ദ്രൻ ഉത്തമവർഗ്ഗത്തിൽ കേന്ദ്രത്തിനു വെളിയിലും, ശുക്രൻ ലഗ്നത്തിലും നിൽക്കയും ചെയ്യുമ്പോൾ കൃഷ്ണപക്ഷത്തിൽ രാത്രിയിൽ ജനിച്ചവൻ അന്യനെ സേവിച്ചു ജീവിക്കുന്നവനായി ഭൃത്യനായി, ത്തീരും.

ഭ്രേഷ്യോ ഭവേദരിസുഖാസ്പദസന്ധിയാതാ
ഭൂപുത്രദേവഗുരുവാസരനായകാശ്ചേൽ
പാപാംശകേ ശശിനി ശോഭനരാശിയുക്തേ
ജീവേ വിലഗ്നപഗതേ പരകാര്യകൃൽ സ്യാൽ ൪൨

കുജൻ, വ്യാഴം, സൂര്യൻ ഇവർ ൬-൪-൧൦, ഈ രാശികളുടെ സന്ധിയിലും ചന്ദ്രൻ ശുഭരാശിയോടുകൂടെ പാപാംശകത്തിലും വ്യാഴം ലഗ്നാധിപന്റെ രാശിയിലും നിൽക്കുമ്പോൾ ജനിച്ചവൻ സേവകനായിത്തീരും.

മൃഗാനനസ്ഥേ പുരുഹൂതവന്ദ്യേ
സപത്നഭാവാപ്തമരിഃഫരാശൗ
രസാതലസ്ഥേ ഹിമഗൗ വിലഗ്നാ-
ജ്ജാതഃ പരപ്രേഷ്യമുപൈതി നിത്യം. ൪൩

വ്യാഴം മകരത്തിലും ആ രാശി ആറാംഭാവമോ അഷ്ടമമോ പന്ത്രണ്ടാംഭാവമോ ആയിരിക്കയും ചന്ദ്രൻ ലഗ്നത്തിൽനിന്നു നാലാംഭാവത്തിൽ നിൽക്കയും ചെയ്യുമ്പോൾ ജനിച്ചവൻ നിത്യം സേവകനായിത്തീരും.

പ്രേഷ്യയോഗഫലം—

പാപാത്മാ കലഹപ്രിയഃ കഠിനവാക് ഭൂദേവതാദൂഷകോ
വിദ്യാഭാഗ്യവിഹീനദുഷ്ടരസികോ മാത്സര്യകോപാന്വിതഃ
മിഥ്യാവാദവിനോദവഞ്ചനരതഃ ശിശ്നോദരേ തല്പരഃ
കാരുണ്യാസ്ഥിരകോനഭിജ്ഞചതുരോ യോഗേ പരപ്രേഷ്യകേ.

ദാസയോഗത്തിൽ ജനിച്ചവൻ പാപബുദ്ധിയും കലഹപ്രിയനും കഠിനവാക്കും ബ്രാഹ്മണദൂഷകനും വിദ്യയും ഭാഗ്യവും ഇല്ലാത്തവനും ദുഷ്ടനും മത്സരത്തോടും കോപത്തോടുംകൂടിയവനും അസത്യവാദിയും വിനോദത്തിലും വഞ്ചനയിലും രതനും, വിഷയസുഖത്തിൽ തല്പരനും കാരുണ്യമില്ലാത്തവനും വിവേകമില്ലാത്തവനും സാമർത്ഥ്യമില്ലാത്തവനും ആയിത്തീരും.

അംഗഹീനയോഗം—

മേഷേ വൃഷേ ചാപധരേ വിലഗ്നേ
വികാരദന്തോ യദി പാപദൃഷ്ടേ
മന്ദേ മദസ്ഥേ ഽഹിയുതേ കുജേ വാ
ബലൈർവിഹീനേംഗവിഹീനവാൻ സ്യാൽ. ൪൪

മേടം, ഇടവം, ധനു ഇവയിലേതെങ്കിലും ഒരു രാശി ലഗ്നമായും ആ രാശിക്കു പാപദൃഷ്ടിയുണ്ടായിരിക്കയും ചെയ്താൽ ദന്തവികാരമുള്ളവനായും, ശനിയോ ചൊവ്വായോ ഏഴിൽ ബലഹീനനായി രാഹുവിനോടുകൂടി നിന്നാൽ അംഗഭംഗമുള്ളവനായും തീരും.

ലഗ്നാദ്ദശമമഗശ്ചന്ദ്രസ്സപ്തമസ്ഥോ ധരാസുതഃ
ദ്വിതീയസ്ഥാനഗോ ഭാനുരംഗഹീനോ ഭവേന്നരഃ ൪൫

ചന്ദ്രൻ ലഗ്നത്തിൽനിന്നു പത്തിലും ഏഴിൽ ചൊവ്വായും രണ്ടിൽ സൂര്യനും നിന്നാൽ അംഗഹീനനായിത്തീരും.

ഹോരായാം (ഹോരയിലെ അഭിപ്രായം)

ത്രികോണഗേ ജ്ഞേ വിബലൈസ്തതോപരൈ-
ർമ്മുഖാംഘ്രിഹസ്തൈർവിഗുണൈസ്തതോ ഭവേൽ
അവാഗ്ഗ്വിന്ദാവശുഭൈർഭസന്ധിഗൈഃ
ശുഭേക്ഷിതേ ചേൽ കുരുതേ ഗിരം ചിരാൽ. ൪൭

ബുധൻ ത്രികോണരാശിയിലും മററുള്ളവർ ബലഹീനന്മാരായും ഇരുന്നാൽ മുഖം, കാല്, കൈയ് ഇവ വിഗുണമായി ഭവിക്കും. ചന്ദ്രൻ ഇടവത്തിൽ നില്ക്കുകയും അശുഭന്മാർ രാശിസന്ധികളിൽ നില്ക്കുകയും ചെയ്താൽ സംസാരിക്കാൻവയ്യാത്തവനായും അവിടെ ശുഭദൃഷ്ടിയുണ്ടെങ്കിൽ വളരെക്കാലംകൊണ്ടു വാക്കു പുറപ്പെടുന്നവനായും ഭവിക്കും.

സൗമ്യർക്ഷാംശേ രവിജരുധിരൗ ചേൽ സദന്തോത്ര ജാതഃ
കുബ്ജഃ സ്വർക്ഷേ ശശിനി തനുഗേ മന്ദമാഹേയദൃഷ്ടേ
പംഗുർമ്മീനേ യമശശികുജൈർവീക്ഷിതേ ലഗ്നസംസ്ഥേ
സന്ധൗ പാപേ ശശിനി ച ജഡഃ സ്യാന്നചേൽ സൗമ്യദൃഷ്ടഃ

ശനിയും ചൊവ്വായും ബുധക്ഷേത്രങ്ങളിൽ (മിഥുനം കന്നി) അംശകിക്കയോ നില്ക്കയോ ചെയ്യുമ്പോൾ ജനിക്കുന്നവൻ ജനിച്ചപ്പോൾതന്നെ പല്ലുള്ളവനായും, ചന്ദ്രൻ കർക്കടകലഗ്നത്തിൽ ശനികുജന്മാരുടെ ദൃഷ്ടിയോടുകൂടി നില്ക്കുമ്പോൾ ജനിച്ചവൻ കൂനനായും, ശനി ചന്ദ്രൻ കുജൻ ഇവരുടെ ദൃഷ്ടിയോടുകൂടിയ മീനംരാശി ലഗ്നമായി ജനിക്കുന്നവൻ മുടന്തനായും, പാപനും ചന്ദ്രനും രാശിസന്ധികളിൽ നില്ക്കുമ്പോൾ ജനിച്ചവൻ ജഡനായും തീരും. ഈ യോഗങ്ങൾക്കു ശുഭദൃഷ്ടിയുണ്ടെങ്കിൽ പൂർണ്ണതയുണ്ടായിരിക്കയില്ല.

സൌരശശാങ്കദിവാകരദൃഷ്ടേ
വാമനകോ മകരാന്ത്യവിലഗ്നേ
ധീനവമോദയഗൈശ്ച ദൃഗാണൈഃ
പാപയുതൈരഭുജാങ്ഘ്രിശിരാഃ സ്യാൽ. ൪൯

ശനി ചന്ദ്രൻ സൂര്യൻ ഇവരുടെ ദൃഷ്ടിയോടുകൂടിയ മകരത്തിന്റെ അന്ത്യനവാംശം ലഗ്നമായി ജനിക്കുന്നവൻ കിളരംകുറഞ്ഞവനായും, പാപന്മാർ ൫-൯ ലഗ്നം ഈ ദ്രേക്കാണങ്ങളിൽ നില്ക്കുമ്പോൾ ജനിച്ചവൻ കൈയ്, കാല്, തല ഇവകളോടുകൂടാത്തവനായും തീരും.

ലഗ്നദ്രേക്കാണഗോ ഭൌമഃ സൌരസൂര്യേന്ദുവീക്ഷിതഃ
കുര്യാദപിശിരസം തദ്വൽ പഞ്ചമേ ബാഹുവർജ്ജിതഃ. ൫൦

കുജൻ ലഗ്നദ്രേക്കാണത്തിൽ ശനി സൂര്യൻ ചന്ദ്രൻ ഇവരുടെ ദൃഷ്ടിയോടുകൂടി നിന്നാൽ തലയില്ലാത്തവനായും, അഞ്ചിൽ ശനി മുതലായവരുടെ ദൃഷ്ടിയോടുകൂടി നിന്നാൽ കൈയില്ലാത്തവനായും ജനിക്കും.

രവിശശിയുതേ സിംഹേ ലഗ്നേ കുജാർക്കിനിരീക്ഷിതേ
നയനരഹിതഃ സൌമ്യാസൌമ്യൈസ്സബുൽബുദലോചനഃ
വ്യയഗൃഹഗതശ്ചന്ദ്രോ വാമം ഹിനസ്ത്യപരം രവി-
ർന്ന ഇഹ ഗദിതാ യോഗാ യാപ്യാ ഭവന്തി ശുഭേക്ഷിതാഃ ൫൧

സൂര്യചന്ദ്രസ്ഥിതിയും കുജന്റെയും ശനിയുടെയും ദൃഷ്ടിയും ഉള്ള ചിങ്ങലഗ്നത്തിൽ ജനിച്ചവൻ കണ്ണില്ലാത്തവനായും ആ ചിങ്ങംരാശിയ്ക്കു ശുഭപാപന്മാരുടെ ദൃഷ്ടിയുണ്ടെങ്കിൽ കണ്ണുന്തിയവനായും ചന്ദ്രൻ പന്ത്രണ്ടിൽ നിന്നാൽ വലത്തുകണ്ണ് ഇല്ലാത്തവനായും ഇരിക്കും. ഈ യോഗങ്ങൾക്കു ശുഭദൃഷ്ടിയുണ്ടെങ്കിൽ ഫലിക്കയില്ല.

ശ്ശൂരസ്തബ്ധോ മധ്യദൃഷ്ടിർവിലഗ്നേ
മേഷേ സേഹാച്ഛേ രോഗദൃക് സിംഹഗേ ഽർക്കേ
രാത്രാവന്ധസ്തൌലിഗേ നിർദ്ധനീ സ്യാൽ
കർക്കിണ്യർക്കേ ലഗ്നഗേ ബുൽബുദാക്ഷഃ. ൰൨

സൂൎയ്യൻ, മേടത്തിൽ നില്ക്കുമ്പോൾ മേടംരാശി ലഗ്നമായി ജനിക്കുന്നവൻ ശ്ശൂരനായും സ്തബ്ധനായും മധ്യദൃഷ്ടിയായും, ചിങ്ങത്തിൽ നില്ക്കുമ്പോൾ ചിങ്ങം ലഗ്നമായി ജനിക്കുന്നവൻ നേത്രരോഗിയായും തുലാത്തിൽ നില്ക്കുമ്പോൾ തുലാംരാശി ലഗ്നമായി ജനിക്കുന്നവൻ രാത്രിയിൽ കണ്ണുകാണാത്തവനായും (മാലക്കണ്ണുള്ളവൻ) നിർദ്ധനനായും കർക്കടകത്തിൽ നില്ക്കുമ്പോൾ കർക്കടകം ലഗ്നമായി ജനിക്കുന്നവൻ കണ്ണുന്തിയവനായും തീരും.

വ്യയേ രവീന്ദു യുഗപച്ച്യുതക്ഷ്ണോ
നേത്രേ ഹരേതാമപസവ്യസവ്യേ
ഷൾഛിദ്രഗശ്ചാക്ഷി ഹരന്തി പാപാഃ
സവ്യം രിപൌ ദക്ഷിണമഷ്ടമസ്ഥഃ ൰൩

പന്ത്രണ്ടിൽ സൂൎയ്യചന്ദ്രന്മാർ ഒരുമിച്ചുനിന്നാൽ ഇടത്തേക്കണ്ണും വലത്തേക്കണ്ണും ഒന്നിച്ചോ ഓരോന്നായോ ഇല്ലാതാകും. പാപന്മാർ ആറിൽ നിന്നാൽ ഇടത്തേക്കണ്ണും എട്ടിൽ നിന്നാൽ വലത്തേക്കണ്ണും പോകും.

വികൎത്തനോ ലഗ്നഗതോഽസ്തഗോ വാ
ദിനേശപുത്രാഭിയുതേക്ഷിതശ്ചേൽ
തസ്യേക്ഷണം ദക്ഷിണമാശു ഹന്യാ-
ദഹിക്ഷമാസൂനയുതസ്തു വാമം. ൰൪

സൂൎയ്യൻ ലഗ്നത്തിലോ ഏഴിലോ ശനിയോടുകൂടി നിന്നാൽ വലത്തേക്കണ്ണും രാഹുവിനോടും ചൊവ്വായോടുംകൂടി നിന്നാൽ ഇടത്തേക്കണ്ണും ഇല്ലാതാകും.

ദിനേശചന്ദ്രൌ യദി രിഃഫയാതൌ
സപാതരന്ധ്രവ്യയഗാസ്ത്വസൌമ്യാഃ
ഹന്യാദരിസ്ഥോ നയനം ഹി വാമം
രന്ധ്രസ്ഥിതോ ദക്ഷിണഭാഗനേത്രം. ൰൫

സൂൎയ്യചന്ദ്രന്മാർ പന്ത്രണ്ടിലും പാപന്മാർ ആറ്, എട്ട്, പന്ത്രണ്ട് ഈ സ്ഥാനങ്ങളിലും നിന്നാൽ രണ്ടു കണ്ണും ഇല്ലാതാകും. ആറിലാണ നില്ക്കുന്നതെങ്കിൽ ഇടത്തുകണ്ണും അഷ്ടമത്തിലാണെങ്കിൽ വലത്തുകണ്ണുമാണ് ഇല്ലാതാകുന്നത്.

കുജേ ധനേശേ നിധനേ രവീന്ദ്വോഃ
ശത്രുവ്യയസ്ഥാനഗതേക്ജേന്ധഃ
രന്ധ്രാവസാനാരിഗതേ ശശാങ്കേ
ശനൌ സഭൌമേ യദി നഷ്ടനേത്രഃ. ൰൬

രണ്ടാം ഭാവാധിപനായ കുജനും സൂൎയ്യചന്ദ്രന്മാരും അഷ്ടമത്തിലും ശനി ആറിലോ പന്ത്രണ്ടിലോ നില്ക്കുകയും ചെയ്താൽ ജനിച്ചപ്പോൾതന്നെ അന്ധനായും ചന്ദ്രൻ ആറിലോ പന്ത്രണ്ടിലോ എട്ടിലോ നില്ക്കുകയും ശനി ചൊവ്വായോടുകൂടി നില്ക്കുകയും ചെയ്താൽ രോഗത്താൽ കണ്ണില്ലാത്തവനായും തീരും.

ഷഷ്ഠേ ചന്ദ്രേഽഷ്ടമേ ഭാനൌ ലഗ്നാദന്ത്യഗതേക്ജേ
വിത്തസ്ഥാനഗതേ ഭൌമേ ശക്രോപ്യന്ധോ ഭവേൽ ധ്രുവം.

ആറിൽ ചന്ദ്രനും അഷ്ടമത്തിൽ സൂര്യനും ലഗ്നത്തിന്റെ പന്ത്രണ്ടിൽ ശനിയും രണ്ടിൽ ചൊവ്വായും നിന്നാൽ സഹസ്രാക്ഷനായ ഇന്ദ്രനായാലും അന്ധനായി ത്തീരും.

ലഗ്നേശ്വരേണ സഹിതേ യദി വിത്തനാഥേ
ദുഃസ്ഥേഽക്ഷിനാശനമഥാസ്ഫുജിതീന്ദുയുക്തേ
നേത്രേശ്വരേ തനുഗതേ യദി നൈശികോന്ധഃ
സ്വോച്ചേ ശുഭഗ്രഹയുതേ ന തഥാ വദന്തി ൯൭

രണ്ടാംഭാവാധിപൻ ലഗ്നേശ്വരനോടുകൂടി ദുഃസ്ഥാനത്തുനിന്നാൽ കണ്ണുകൾ നശിക്കും. ശുക്രൻ ചന്ദ്രനോടുകൂടി എവിടെ എങ്കിലും നില്ക്കയും, നേത്രസ്ഥാനാധിപൻ ലഗ്നത്തിൽ നില്ക്കയും ചെയ്താൽ രാത്രിയിൽ കണ്ണുകാണാൻ വയ്യാത്തവനായും തീരും. എന്നാൽ നേത്രസ്ഥാനാധിപന് ഉച്ചവും ശുഭഗ്രഹയോഗവും ഉണ്ടെങ്കിൽ അപ്രകാരം ഭവിക്കയില്ല.

രോഗയോഗം:—

രാഹൌ വിലഗ്നേ സകുജേക്ഷപുത്രേ
സാഹൌ ബൃഹൽ ബീജമിവാഹുരാര്യാഃ
ലഗ്നേശ്വരേ മൃത്യുഗതേ സരാഹൌ
രന്ധ്രേ സമാന്ദൌ തു തഥൈവ വാച്യഃ ൯൮

രാഹു, ലഗ്നത്തിൽ ചൊവ്വായോടുകൂടിയും ശനി, രാഹുവിനോടുകൂടിയും നിന്നാൽ ശുക്ലവല്മനയാലുള്ള രോഗമുണ്ടാകും. ലഗ്നാധിപൻ രാഹുവിനോടുകൂടി അഷ്ടമത്തിൽ നിന്നാലും അഷ്ടമത്തിൽ ഗുളികൻനിന്നാലും മുൻപറഞ്ഞ രോഗമുണ്ടാകും.

ലഗ്നേസരാഹൌ ഗുളികേ ത്രികോണേ
രന്ധ്രേ കുജേ മാന്ദിയുതേ തഥൈവ
ലഗ്നേശ്വരാക്രാന്തഭാംശനാഥേ
രാഹ്വാരമാന്ദ്യാദിയുതേ തഥൈവ. ൧൦൦
ലഗ്നേ രവൌ ഭൂമിസുതേന ദൃഷ്ടേ
ഗുന്മക്ഷയശ്വാസനിപീഡിതഃ സ്യാൽ
ഭൌമേ വിലഗ്നേ ശനിസൂര്യദൃഷ്ടേ
മസൂരിരോഗാഭിഹതോ മനുഷ്യഃ ൧൦൧

ലഗ്നത്തിൽ രാഹുവും അഞ്ചിലോ ഒൻപതിലോ ഗുളികനും ചൊവ്വാ അഷ്ടമത്തിൽ ഗുളികനോടുകൂടിയും നിന്നാലും ലഗ്നാധിപന്റെ നവാംശകാധിപതി രാഹു, ചൊവ്വ, ഗുളികൻ ഇവരോടുകൂടി നിന്നാലും ബൃഹൽബീജം എന്ന രോഗമുള്ളവനായിരിക്കും.

ആദിത്യൻ ലഗ്നത്തിൽ ചൊവ്വായുടെ ദൃഷ്ടിയോടുകൂടി നിന്നാൽ ഗുന്മം, ക്ഷയം ശ്വാസം ഇവയാൽ ദുഃഖിതനായി ഭവിക്കും. ചൊവ്വ ലഗ്നത്തിൽ ശനിയുടേയും സൂര്യന്റേയും ദൃഷ്ടിയോടുകൂടി നിന്നാൽ മസൂരി എന്ന രോഗത്താൽ പീഡിതനായി ഭവിക്കും.

പാപേക്ഷിതേ രവിസുതേ ധനരാശിയുക്തേ
പാപാന്വിതേ ശുനകഭീതിമുപൈതി മർത്ത്യഃ
തൽഭാവനാഥസഹിതേ ദിനനാഥപുത്രേ
ദൃഷ്ടേഽഥവാ ശുനകഭീതിമുപൈതി ജാതഃ ൧൦൨

ശനി രണ്ടിൽ പാപദൃഷ്ടിയോടോ പാപയോഗത്തോടോകൂടി നില്ക്കുമ്പോൾ ജനിച്ചവനും, ശനിക്ക്, രണ്ടാംഭാവത്തിന്റെ അധിപന്റെ യോഗമോ ദൃഷ്ടിയോ ഉണ്ടായിരിക്കുമ്പോൾ ജനിച്ചവനും പട്ടിയിൽനിന്നും ഭയമുള്ളവനായിരിക്കും. (പട്ടി കടിച്ചിട്ടുള്ള വ്രണരോഗമുണ്ടാകും.)

വിദ്ധ്യാന്വിതേ രാഹുസമേതരാശി
നാഥാന്വിതേ രാഹുയുതേ വിലഗ്നേ
സർപ്പാൽ ഭയം വിക്രമരാശിനാഥേ
ബുധേന യുക്തേ ഗളരോഗമേതി ൯൨

രാഹു, താൻനില്ക്കുന്ന രാശ്യധിപനോടുകൂടി ബലവാനായി ലഗ്നത്തിൽ നിന്നാൽ സർപ്പഭയവും, മൂന്നാംരാശിയുടെ അധിപൻ ബുധനോടു ചേർന്നുനിന്നാൽ കണ്ഠമാല എന്ന രോഗവുമുണ്ടാകും.

നീചേ തൃതീയേരിഗൃഹേ വിമൂഢേ-
പാപേക്ഷിതേ തൽഗളരോഗവാൻസ്യാൽ
വിഷപ്രയോഗാദ്വിഷഭക്ഷണാദ്വാ
തേഷാമഭാവേത്ഥവിനാശനാത്ഥഃ ൯൩

മൂന്നാമിടം നീചവും ആറാമിടം മൌഢ്യമുള്ളതും അവിടെ പാപദൃഷ്ടിയുണ്ടാകയും ചെയ്താൽ അവന്റെ വിഷപ്രയോഗത്താലോ വിഷഭക്ഷണത്താലോ അല്ലെങ്കിൽ അത്ഥവിനാശനത്താലോ ഗളരോഗം ഉള്ളവനായിത്തീരും.

പാപേ തൃതീയേ ഗളരോഗമത്ര
വദന്തി മാന്ദ്യാദിയുതേ വിശേഷാൽ
ഭൌമാന്വിതേ പ്രേതപുരീശസൂനൌ
തൃതീയരാശൌ യദി കണ്ഠരോഗം ൯൪

മൂന്നിൽ പാപഗ്രഹം ഗുളികൻ മുതലായവരോട് ചേർന്നുനിന്നാൽ വിശേഷിച്ചും ഗളരോഗമുള്ളവനാകും. ഗുളികൻ ചൊവ്വായോടുകൂടി മൂന്നിൽ നിന്നാൽ കണ്ഠരോഗമുള്ളവനായി ഭവിക്കും.

പൈത്ത്യോൽബണം യാതി രവൌ രിപുസ്ഥേ
പാപേക്ഷിതേ പാപസമന്വിതേ ച
ഭാനൌ സരന്ധ്രേ വിബലേ ധരാജേ
പാപേ ധനസ്ഥേ തു തഥൈവ വാച്യം ൯൫

സൂര്യൻ പാപയോഗത്തോടോ പാപദൃഷ്ടിയോടോകൂടി ആറിൽ നിന്നാലും, ആദിത്യൻ അഷ്ടമത്തിലും ചൊവ്വാ ബലമില്ലാതെയും രണ്ടിൽ പാപന്മാരും നിന്നാലും, പിത്തരോഗമുള്ളവനായിത്തീരും.

പാപേക്ഷിതേ സോദരഭേ സപാപേ
കണ്ഠോത്ഭവം രോഗമുപൈതി ജാതഃ
ക്രൂരാദിഷഷ്ട്യംശയുതേ തദീശേ
കണ്ഠസ്യ രോഗം കഥയന്തി തജ്ഞാഃ ൯൬

മൂന്നാമിടത്തിൽ പാപയോഗമോ പാപദൃഷ്ടിയോ ഉണ്ടായിരിക്കുമ്പോഴും, മൂന്നാംഭാവാധിപൻ ക്രൂരാദിഷഷ്ട്യംശത്തോടുകൂടിനില്ക്കുമ്പോഴും ജനിച്ചവൻ കണ്ഠരോഗമുള്ളവനായിത്തീരും.

ശ്ലേഷ്മാമയം ബുധയുതേഽവനിതേ രിപുസ്ഥേ
ക്രൂരാംശകേ യദി സിതേഽസമന്വിതേ ച

പാപേക്ഷിതേ ഽവനിസുതേ നിധനോപയാതേ
കേതൌ ധനാഷ്ടമഗതേ വ്രണരോഗമേതി. ൯൭

കുജൻ ബുധനോടുകൂടി ആറിൽനിന്നാലും ക്രൂരാംശകത്തിൽ ശുക്രനോടും ചന്ദ്രനോടുംകൂടി നിന്നാലും കഫരോഗമുണ്ടാകും. കുജൻ പാപദൃഷ്ടിയോടുകൂടി അഷ്ടമത്തിലും കേതു രണ്ടിലോ അഷ്ടമത്തിലോ നില്ക്കയും ചെയ്താൽ വ്രണരോഗമുണ്ടാകും.

ഷഷ്ഠേശചാരേ പാപയുതേ വിലഗ്നേ
രന്ധ്രസ്ഥിതേ വാ വ്രണയുക്ശരീരഃ
കർമ്മസ്ഥിതേ താദൃശി ഖേചരേന്ദ്രേ
വ്രണാന്വിതഃ സ്യാച്ഛുഭദൃഗ്വിഹീനേ. ൯൮

ഷഷ്ഠാധിപൻ പാപന്മാരോടുകൂടി ലഗ്നത്തിലോ അഷ്ടമത്തിലോ നിന്നാലും, അപ്രകാരമുള്ള (പാപയോഗമുള്ള) ഗ്രഹം പത്താമിടത്തു് ശുഭദൃഷ്ടിയോടുകൂടാതെ നിന്നാലും വ്രണശരീരമുള്ളവനായിത്തീരും.

ലഗ്നേശഭൃഗുപുത്രശശാങ്കപുത്രാഃ
സഹസ്ഥിതാഃ സൌമ്യതരാന്യഭേഷു.
അപാനരോഗം ത്വഥവാ പവിത്രം
പശ്യന്തി പക്ഷം മുനയോ വദന്തി. ൯൯

ലഗ്നാധിപൻ, കുജൻ, ബുധൻ ഇവർ ഒന്നിച്ചു് പാപരാശികളിൽ നിന്നാലും ശുഭഗ്രഹമായ ആറാമിടത്തെ നോക്കിയാലും ഗുദരോഗം, അർശസ്സ് ഇവയുള്ളവനായിത്തീരും.

ലഗ്നേശരന്ധ്രാധിപതി ദിനേശ-
യുക്തൌ ജ്വരം ചന്ദ്രസമന്വിതൌ ചേൽ
ജലപ്രമാദം, ക്ഷിതിസൂനുയുക്തൌ
യുദ്ധേ നവാസ്ഫോടകരാദിഭിർവാ ൱

ലഗ്നേശനും അഷ്ടമാധിപനും ഒന്നിച്ചു് സൂര്യനോടുകൂടി നിന്നാൽ ജ്വരരോഗവും ചന്ദ്രനോടുകൂടി നിന്നാൽ ജലഭയവും ചൊവ്വയോടുകൂടി നിന്നാൽ യുദ്ധത്തിൽ മുറിവേറ്റിട്ടോ തീപ്പൊള്ളിയിട്ടോ ഉള്ള ഭയവും ഉണ്ടാകും.

പിത്താൽ പ്രമാദം യദി സൌമ്യയുക്തൌ
നിർവ്യാധികസ്സൂരിസമന്വിതൌ ചേൽ
ശുക്രേണ ഭാര്യാവിപദം വദന്തി
മന്ദേന നീചാനിലരോഗമാഹുഃ ൱൧

ലഗ്നാധിപനും അഷ്ടമാധിപനും ബുധനോടുകൂടിനിന്നാൽ പിത്തംമൂലം ഭയമുണ്ടാകുമെന്നും, വ്യാഴത്തോടുകൂടി നിന്നാൽ രോഗമില്ലാത്തവനായും ശുക്രനോടുകൂടി നിന്നാൽ ഭാര്യാവിപത്തുള്ളവനായും ശനിയോടുകൂടിനിന്നാൽ വാതരോഗമുള്ളവനായും തീരും.

സരാഹുകേതു യദി സർപ്പപീഡാം
ചോരാദിഭിർഭീതിമുപൈതി ജാതഃ
കേന്ദ്രത്രികോണേ യദി സാഹികേതു
വദന്തി രാജ്ഞാ നിഗളം തദാനീം. ൱൨

ലഗ്നാധിപനും അഷ്ടമാധിപനും രാഹുകേതുക്കളോടുകൂടി നിന്നാൽ സർപ്പപീഡയും ചോരാദിഭീതിയും, രാഹുകേതുക്കളോടുകൂടി കേന്ദ്രത്രികോണങ്ങളിൽ നിന്നാൽ രാജബന്ധനവും ഭവിക്കും.

ഷഷ്ഠേശപരശ്ചന്ദ്രസുതേന യുക്ത-
സ്സാഗ്വ്വിലഗ്നേ സ്വയമത്ര ശിശ്നം
ഛിനത്ത്യസൌ സമ്യൿദൃശാ വിഹീനഃ
സഭ്രൂമിപുത്രോ യദി ലിംഗരോഗീ. ൪൭

ആറാംഭാവാധിപൻ, ബുധനോടും രാഹുവിനോടുംകൂടി ലഗ്നത്തിൽ നിന്നാൽ ലിംഗത്തെ ഛേദിക്കുമെന്നും ശുഭദൃഷ്ടിയില്ലാതെ കുജനോടുകൂടിനിന്നാൽ ലിംഗരോഗമുള്ളവനായിത്തീരുമെന്നും അറിഞ്ഞുകൊള്ളണം.

കാമേശപരശ്ശുക്രയുതോ രിപുസ്ഥേ
കളത്രഷണ്ഡത്വമുദീരയന്തി
ഷഷ്ഠേശലഗ്നാധിപതി സമന്ദൌ
കേന്ദ്രത്രികോണേ യദി ബന്ധനം സ്യാൽ. ൪൮

ഏഴാംഭാവാധിപൻ ശുക്രനോടുകൂടി ആറിൽ നിന്നാൽ ഭാര്യാഷണ്ഡത്വവും ആറാംഭാവാധിപനും ലഗ്നാധിപനും ശനിയോടുകൂടി കേന്ദ്രത്രികോണങ്ങളിൽ നിന്നാൽ ബന്ധനവും ഉണ്ടാകും.

ചരേ വിലഗ്നേ രിപുനാഥദൃഷ്ടേ
കുജേ ച ലാഭേ സ്ഥിരഭേ ച ധർമ്മേ
ദ്വന്ദ്വേ/സ്തരാശൌ പ്രവദേന്നരാണാം
രോഗം രിപൂണാം കൃതമാഭിചാരാൽ ൪൯

ചരരാശി ലഗ്നമായിരിക്കയും അവിടെ ആറാംഭാവാധിപന്റെ ദൃഷ്ടിയുണ്ടായിരിക്കയും കുജൻ പതിനൊന്നിൽ നില്ക്കുകയുംചെയ്ക, സ്ഥിരരാശി ലഗ്നമായിരിക്കയും കുജൻ ഒൻപതിൽ നില്ക്കയുംചെയ്ക, ഉഭയരാശി ലഗ്നമായിരിക്കയും കുജൻ ഏഴിൽ നില്ക്കയും ചെയ്ക ഈ മൂന്നുയോഗത്തിലും ശത്രുകൃതമായ ആഭിചാരംമൂലം രോഗമുണ്ടാകും. ഇവിടെ ഒക്കെയും ആറാംഭാവാധിപദൃഷ്ടിയുണ്ടായിരിക്കയും വേണം.

ജീവേ സമന്ദേ ദശമേ ച ചന്ദ്രേ
വൈകല്യമംഗേ ക്ഷിതിജേ കളത്രേ
ദിനേശചന്ദ്രൌ രവിരാശിയുക്തൌ
ചന്ദ്രർക്ഷഗൌ വാ യദി ശോഷണം സ്യാൽ. ൫൦

വ്യാഴം ശനിയോടുകൂടിയും പത്തിൽ ചന്ദ്രനും ഏഴിൽ കുജനും നിന്നാൽ കുഷ്ഠം എന്ന വ്യാധിയുണ്ടാകും. സൂര്യചന്ദ്രന്മാർ ഒരുമിച്ച് ചിങ്ങംരാശിയിലോ കർക്കടകം രാശിയിലോ നിന്നാൽ ദേഹത്തിന് ചടവ് ഉണ്ടായിരിക്കും.

ലഗ്നേ രവൌ ഭൂമിസുതേ കളത്രേ
സ്യൂന്മാദഭാക്ക് തത്ര നരോ ഹി ജാതഃ
ഉന്മാദബുദ്ധിം സമുപൈതി ലഗ്നേ
ശനൌ കളത്രേ സകുജേ ത്രികോണേ. ൫൧

ലഗ്നത്തിൽ ആദിത്യനും ഏഴിൽ ചൊവ്വായും നിന്നാലും, ലഗ്നത്തിൽ ശനിയും ചൊവ്വാ ഏഴിലോ അഞ്ചിലോ ഒൻപതിലോ നില്ക്കയും ചെയ്താലും ഉന്മാദരോഗമുള്ളവനായിരിക്കും.

ലഗ്നാത്രികോണേ ദിനനാഥചന്ദ്രൗ
കോണേശകേന്ദ്രേശസമന്വിതേ വാ
സോന്മാദബുദ്ധിസ്സ ഭവേത്തദാനീം
ശരാസനാദ്യൈ യദി ജന്മലഗ്നേ ൫൨

ധനുവിന്റെ ആദി ജന്മലഗ്നമായും ലഗ്നത്തിന്റെ അഞ്ചിലോ ഒൻപതിലോ സൂര്യനും ചന്ദ്രനും ത്രികോണാധിപതിയോടോ കേന്ദ്രാധിപതിയോടോകൂടി നില്ക്കയും ചെയ്താൽ ഉന്മാദം എന്ന രോഗമുള്ളവനായിരിക്കും.

കേന്ദ്രസ്ഥിതൌ സൌമ്യനിശാകരൌ വാ
സൌമ്യാംശഹീനൌ ഭ്രമസംയുതഃ സ്യാൽ
കേന്ദ്രസ്ഥിതാ മന്ദനിശാകരാർക്കാ
ജഡോ ഭവേദത്ര മധൂപഭോക്താ. ൮൦

ബുധനും ചന്ദ്രനും കേന്ദ്രത്തിൽ സൌമ്യാംശത്തോടുകൂടാതെ നിന്നാൽ ഭ്രമമുള്ളവനായിത്തീരും. ശനി, ചന്ദ്രൻ, സൂര്യൻ ഇവർ കേന്ദ്രത്തിൽനിന്നാൽ ജഡനായും മദ്യസേവകനായും തീരും.

കുളീരകുംഭാളിനവാംശയുക്തേ
ചന്ദ്രേ സമന്ദേ യദി ഗുഹ്യരോഗീ
ചന്ദ്രേ സുഖേ തൽഭവനാംശയുക്തേ
പാപാന്വിതേ സാദ്യദി കണ്ഠരോഗീ. ൮൧

ചന്ദ്രൻ ശനിയോടുകൂടി കർക്കടകം, കുംഭം, വൃശ്ചികം ഈ രാശികളിൽ അംശകിച്ചാൽ ഗുഹ്യരോഗമുള്ളവനായിത്തീരും. ചന്ദ്രൻ നാലിൽ പാപന്മാരോടുകൂടി നില്ക്കുകയും അവിടെത്തന്നെ അംശകിക്കയും ചെയ്താൽ കണ്ഠരോഗമുള്ളവനായിത്തീരും.

ചന്ദ്രേ സപാപേ ഫണിനാഥയുക്തേ
രിഃഫേ സുതേ രന്ധ്രഗതേഥവാപി
ഉന്മാദഭാക്ക് തത്ര സരോഷയുക്തോ
ജാതസ്തു നിത്യം കലഹപ്രിയഃ സ്യാൽ. ൮൨

ചന്ദ്രൻ പാപനോടും, രാഹുവിനോടുംകൂടി പന്ത്രണ്ടിലോ, അഞ്ചിലോ അഷ്ടമത്തിലോ നിന്നാൽ ഉന്മാദം, കോപം ഇവ ഉള്ളവനായും നിത്യം കലഹത്തിൽ പ്രിയമുള്ളവനായും തീരും.

ചന്ദ്രേ വ്യയേ വാ യദി വാസരേശേ
മന്ദേ ത്രികോണേ മദരന്ധ്രഗേർക്കേ
ദന്താക്ഷിരോഗീ സ ഭവേത്തദാനീം
നീചാരിപാപാംശഗതാസ്തഥൈവ. ൮൩

ആദിത്യനോ, വ്യാഴമോ, പന്ത്രണ്ടിലും, ശനി, ത്രികോണത്തിലും നില്ക്കയും അല്ലെങ്കിൽ സൂര്യൻ ഏഴിലോ എട്ടിലോ നില്ക്കയും ഇവർ നീചം ശത്രുക്ഷേത്രം പാപക്ഷേത്രം ഇവയിൽ അംശകിക്കയും ചെയ്താലും പല്ലിനും കണ്ണിനും രോഗമുള്ളവനായിത്തീരും.

സുതാംബുഗൌ പാപഖഗൌ വിശേഷാ-
ച്ചന്ദ്രേഷ്ടരിഃഫാരിഗതേന്ധതാ സ്യാൽ
ശുഭഗ്രഹാണാമവലോകഹീനേ-
ചാന്ധോ ഭവത്യേവ ശുഭൈർന്ന ദോഷഃ ൮൪

രണ്ടു പാപഗ്രഹങ്ങൾ അഞ്ചിലോ നാലിലോ നിന്നാലും അന്ധത ഭവിക്കും. വിശേഷിച്ച് അഷ്ടമത്തിലോ പന്ത്രണ്ടിലോ ആറിലോ ചന്ദ്രൻ നില്ക്കയും അവിടെ ശുഭദൃഷ്ടിയില്ലാതിരിക്കകയും ചെയ്താൽ നിശ്ചയമായും കണ്ണുകാണാൻ വയ്യാത്തവനായിത്തീരും. ശുഭദൃഷ്ടിയുണ്ടെങ്കിൽ ആ ദോഷം ഇല്ല.

ഹിത്വാ ലഗ്നപതിം വിലഗ്നസഹിതേഷ്വന്യേഷു കുഷ്ഠം വദേൽ
നീലം ഭാനുസുതേ, തു ചണ്ഡകിരണേ രക്താന്വിതം ഭൂമിജേ,
മന്ദേന ക്ഷിതിജേന വാ യദി യുതേ കർക്ക്യന്ത്യനക്രാംശകേ
ചന്ദ്രേ ശോഭനയോഗദൃഷ്ടിരഹിതേ കുഷ്ഠം വദേദ്ദേഹിനാം. വൃ൫

ലഗ്നാധിപനല്ലാതെ മററു ഗ്രഹങ്ങൾ ലഗ്നത്തിൽ നിന്നാൽ കുഷ്ഠം എന്ന രോഗമുണ്ടാകും. ശനിയാണ് നിൽക്കുന്നതെങ്കിൽ നീലകുഷ്ഠവും, സൂര്യനോ കുജനോ ആണ് നിൽക്കുന്നതെങ്കിൽ രക്തകുഷ്ഠവും (ഉദുംബരകുഷ്ഠവും) ആയിരിക്കും. ചന്ദ്രൻ, ശനിയോടോ, ചൊവ്വായോടോകൂടി കർക്കടകം, മീനം, കുംഭം ഇവ നവാംശകത്തിൽ നിൽക്കയും അവിടെ ശുഭയോഗമോ ശുഭദൃഷ്ടിയോ ഇല്ലാതിരിക്കയും ചെയ്താലും കുഷ്ഠരോഗം ഉണ്ടാകും.

പാപാന്വിതേ ശശിനി രന്ധ്രസപത്നരാശൌ
സമ്പ്രേക്ഷിതേ നിധനപേ യദി ഗുഹ്യരോഗീ
രന്ധ്രേ ചതുസ്ത്രിനവപാപയുതേ തഥൈവ
സൌമ്യഗ്രഹേണ സഹിതേ യദി രോഗഹീനഃ. വൃ൬

ചന്ദ്രൻ പാപനോടുകൂടി അഷ്ടമത്തിലോ ആറിലോ നിൽക്കയും അഷ്ടമാധിപന്റെ ദൃഷ്ടിയുണ്ടായിരിക്കയും ചെയ്താൽ ഗുഹ്യരോഗിയായിത്തീരും. അഷ്ടമവും നാലാംഭാവവും മൂന്നാംഭാവവും ഒൻപതാംഭാവവും പാപഗ്രഹങ്ങളുടെ യോഗത്തോടുകൂടിയതാണെങ്കിലും അപ്രകാരംതന്നെ ഭവിക്കും. ഈ ഭാവങ്ങൾക്ക് ശുഭയോഗമുണ്ടെങ്കിൽ ആ രോഗം ഉണ്ടാകയില്ല.

ജലചരഗൃഹഗേബ്ജേ തൽപതൌ ഷഷ്ഠയാതേ
ജലഗ്രഹഗതഖേടൈരീക്ഷിതേ മൂത്രകൃഛ്റം
പരിഭവരിപുയാതേ ശീതഗൌ ഭൗമദൃഷ്ടേ
രവിസുതയുതലഗ്നേ ശോണിതം രോഗമേതി. വൃ൭

ചന്ദ്രൻ ജലരാശിയിലും തദധിപതി ആറിൽ ജലരാശിയിൽ നിൽക്കുന്ന ഗ്രഹങ്ങളുടെ ദൃഷ്ടിയോടുകൂടിയും നിന്നാൽ മൂത്രകൃഛ്റം എന്ന രോഗമുള്ളവനായിത്തീരും. ചന്ദ്രൻ ആറിലോ എട്ടിലോ കുജദൃഷ്ടിയോടുകൂടി നിൽക്കയും ശനി ലഗ്നത്തിൽ നിൽക്കയും ചെയ്താൽ രക്തവാതം എന്ന രോഗമുണ്ടാകും.

ക്ഷീണേ മന്ദഗൃഹോദയേ ഹിമകരേ പാപഗ്രഹൈരന്വിതേ
രന്ധ്രാരാതിഗതേഥവാ പവനകൃൽഗുന്മാദിരോഗം വദേൽ
ചന്ദ്രേ പാപവിയച്ചരാന്തരഗതേ മന്ദേ മദസ്ഥാനഗേ
ജാതോ വിദ്രധിഗുന്മശോഷജനിതൈസ്സന്തപ്തദേഹോ ഭവേൽ വൃ൮

ക്ഷീണചന്ദ്രൻ മകരത്തിലോ കുംഭത്തിലോ നില്ക്കയും ആ രാശി ലഗ്നമായി വന്നാലും അല്ലെങ്കിൽ പാപനോടുകൂടി ൬-൮- ഈ ഭാവങ്ങളിൽ നിന്നാലും വായുനിമിത്തം ഗുന്മം മുതലായ രോഗം ഉണ്ടാകും. ചന്ദ്രൻ പാപന്മാരുടെ മദ്ധ്യത്തിൽ നില്ക്കയും ശനി ഏഴിൽനില്ക്കയും ചെയ്യുമ്പോൾ ജനിച്ചവൻ വിദ്രധി മുതലായ രോഗത്താൽ പരിതപ്തനായിത്തീരും.

അജീർണ്ണഗുന്മാമയശൂലമേതി കുജേ വിലഗ്നേ വിബലേരിനാഥേ
ലഗ്നേസപാപേഫണിനായകേവാമന്ദേഷ്ടമേകുക്ഷിരുഗർദ്ദിതഃ സ്യാൽ

കുജൻ ലഗ്നത്തിലും ആറാംഭാവാധിപൻ ബലമില്ലാതെയുംനിന്നാൽ അജീർണ്ണം ഗുന്മം ശൂലം മുതലായ രോഗം ഉണ്ടാകും. ലഗ്നത്തിൽ പാപനോ രാഹുവോ നില്ക്കയും എട്ടിൽ ശനി നില്ക്കയും ചെയ്താൽ വയററുവേദന ഉള്ളവനായി തീരും.

ഹൃച്ഛൂലരോഗമുപയാതി സുഖേ ഫണീശേ
പാപേക്ഷിതേ ഗതബലേ യദി ലഗ്നനാഥേ
ശൂലാമയം തനുപതൗ രിപുനീചരാശൗ
ഭൗമേ സുഖേ രവിസുതേ യദി പാപദൃഷ്ടേ. ൯൦

പാപദൃഷ്ടിയോടുകൂടി രാഹു നാലിൽ നില്ക്കുകയും ലഗ്നാധിപന്ന് ബലമില്ലാതിരിക്കയും ചെയ്താൽ നെഞ്ചിന്ന് വേദന ഉള്ളവനായിരിക്കും. ലഗ്നാധിപൻ നീചത്തിലോ ശത്രുക്ഷേത്രത്തിലോ നില്ക്കയും ചൊവ്വാ നാലിൽ നില്ക്കയും ശനിക്ക് പാപദൃഷ്ടിയുണ്ടായിരിക്കയും ചെയ്താൽ ശൂലരോഗിയായിരിക്കും.

ജാതോ ഭുക്തിവിരോധരോഗസഹിതോ രന്ധ്രേശ്വരേ ദുർബലേ
ലഗ്നേ പാപനിരീക്ഷിതേ പരിഭവസ്ഥാനേ സമന്ദേക്ഷിതേ
വാതഭ്രാന്തിജപാണ്ഡുമേതി സകുജേ ചന്ദ്രേ രിപുസ്ഥാനഗേ
ജാതഃ ശൂലവിസർപ്പമേതി ദിനകൃച്ചന്ദ്രാരയുക്തേ യദാ ൯൧

അഷ്ടമാധിപന്ന് ബലഹീനതയും ലഗ്നത്തിൽ പാപദൃഷ്ടിയും ആറിൽ ശനിയുടെ യോഗദൃഷ്ടികളും ഉണ്ടായിരുന്നാൽ ഭക്തരോധം (അരുചി) എന്ന രോഗമുള്ളവനായും, ചന്ദ്രൻ ചൊവ്വായോടുകൂടി ആറാമിടത്തു നിന്നാൽ ഛർദ്ദി, ഭ്രമം ഇവയാലുള്ള വെളുപ്പും സൂര്യനോടും ചന്ദ്രനോടും ചൊവ്വായോടുംകൂടി നിന്നാൽ ശൂലവിസർപ്പം എന്ന രോഗവും ഉണ്ടാകും.

ആരേക്ഷിതേ യദി വിലഗ്നഗൃഹേരിനാഥേ
മാനേഥവാസ്തു തനുഗേ കൃതമാഭിചാരം
ലഗ്നാധിപേന സഹിതേഽവനിജേ വിലഗ്നേ
കേന്ദ്രേഥവാ രിപുപതൗ തനുഗേ തഥാ സ്യാൽ. ൯൨

ഷഷ്ഠാധിപൻ ചൊവ്വായുടെ ദൃഷ്ടിയോടുകൂടി പത്തിലോ ലഗ്നത്തിലോ നില്ക്കുകയും ചൊവ്വാ, ലഗ്നാധിപനോടുകൂടി ലഗ്നത്തിൽ നില്ക്കുകയും ആറാംഭാവാധിപൻ ലഗ്നത്തിലോ കേന്ദ്രത്തിലോ നില്ക്കുകയും ചെയ്താൽ ആഭിചാരരോഗമുണ്ടാകും.

ജാതോ നിർജ്ജരദർശനേന ജനിതം രോഗം സുഖസ്ഥാനഗേ
മാനേ ലഗ്നഗതേഽഥവാമരഗുരൗ കേന്ദ്രേ സമന്ദാത്മജേ
മന്ദേഽസ്തേ ചരലഗ്നഗേ യദി ശുഭേ പാപേക്ഷിതേ ശീതഗൗ
ഭൂതപ്രേതപിശാചദർശനവശാൽ രോഗം സമേതി ധ്രുവം ൯൩

വ്യാഴം നാലിലോ പത്തിലോ ലഗ്നത്തിലോ നില്ക്കുകയും കേന്ദ്രത്തിൽ ഗുളികൻ ഉണ്ടായിരിക്കയും ചെയ്താൽ ദേവതാദർശനത്താലുള്ള രോഗവും, ഏഴിൽ ശനിയും ശുഭൻ ചരലഗ്നത്തിലും ചന്ദ്രന്ന് പാപദൃഷ്ടിയും ഉണ്ടായിരുന്നാൽ ഭൂതം പ്രേതം പിശാച് ഇവയെ കണ്ടതിനാലുള്ള രോഗവുമുണ്ടാകും.

ചന്ദ്രേ പാപനിരീക്ഷിതേ രിപുഗതേ പാപാന്വിതേ വാതജം
ജാതശ്ശോണിതപിത്തമേതി വസുധാപുത്രേ തഥാർക്കേ സതി
സൗമ്യേ വാതകഫാമയം ഭൃഗുസുതേ മൂലാതിസാരം തഥാ
മന്ദേ ഗുന്മമുപൈതി രാഹുശിഖിനോഃ പൈശാചരോഗം വദേൽ

ചന്ദ്രൻ പാപദൃഷ്ടിയോടുകൂടിയോ പാപനോടുകൂടിയോ ആറിൽ നിന്നാൽ വാതരോഗവും, ചൊവ്വായും സൂര്യനും അപ്രകാരം നിന്നാൽ രക്തപിത്തവും ബുധൻ അപ്രകാരം നിന്നാൽ വാതകഫരോഗവും ശുക്രൻ അപ്രകാരം നിന്നാൽ മൂലാതിസാരവും, ശനി അപ്രകാരം നിന്നാൽ ഗുന്മരോഗവും, രാഹുവും ഗുളികനും അപ്രകാരം നിന്നാൽ പൈശാചരോഗവും ഉണ്ടാകും.

കാസശ്വാസക്ഷയജനിരുജം ഭാനുഭൗമാഹിദൃഷ്ടേ
ഷഷ്ഠേ സൗരേ ഗുളികസഹിതേ സൗമ്യദൃഗ്യോഗഹീനേ
രിഃഫേ പാപേ ശശിനി രിപുഗേ ഭാനുജേ രന്ധ്രയാതേ
പാപാംശസ്ഥേ തനുഗൃഹപതൗ പീനസം രോഗമേതി ൯൪

ശനി, ഗുളികനോടുകൂടി ആറിൽ നില്ക്കുകയും അവിടെ സൂൎയ്യൻ, ചൊവ്വ, രാഹു ഇവരുടെ ദൃഷ്ടിയുണ്ടായിരിക്കയും ശുഭയോഗവും ശുഭദൃഷ്ടിയും ഇല്ലാതിരിക്കയും ചെയ്താൽ ചുമ, ശ്വാസം, ക്ഷയം ഇവയാലുള്ള രോഗമുണ്ടാകും. പന്ത്രണ്ടിൽ പാപനും ആറിൽ ചന്ദ്രനും അഷ്ടമത്തിൽ ശനിയും പാപാംശകത്തിൽ ലഗ്നാധിപതിയും നിന്നാൽ പീനസരോഗമുള്ളവനായിത്തീരും.

മന്ദേ കുളീരഭവനോപഗതേ മൃഗസ്ഥേ
ചന്ദ്രേ ജലോദരരുജം സമുപൈതി ജാതഃ
സാരേ ശനൗ രിപുഗതേ രവിരാഹുദൃഷ്ടേ
ലഗ്നാധിപേ ച വിബലേ സതി ദീർഘരോഗീ. ൯൫

കൎക്കടകത്തിൽ ശനിയും, മകരത്തിൽ ചന്ദ്രനും നില്ക്കുമ്പോൾ ജനിച്ചവൻ ജലോദരവ്യാധിയുള്ളവനായിത്തീരും. ശനി, ചൊവ്വായോടുകൂടി ൬-ൽ നില്ക്കുകയും അവിടെ സൂൎയ്യരാഹുക്കളുടെ ദൃഷ്ടിയുണ്ടായിരിക്കയും ലഗ്നാധിപൻ ബലഹീനനായിരിക്കയും ചെയ്യുമ്പോൾ ജനിച്ചവൻ ദീർഘകാലം രോഗമുള്ളവനായിത്തീരും.

ഹ്രസ്വഃ കുജേ നിജഗൃഹേ സുഖവിക്രമസ്ഥേ
ചന്ദ്രാത്മജേ രവിസുതേ യദി ലഗ്നഗേ സ്യാൽ
സ്വർക്ഷേ കുജേ സുഖസഹോദരഗേബ്ജസൂനൗ
ഹോരാധിപേ ശനിയുതേ തു തഥാ വദന്തി. ൯൬

കുജൻ സ്വക്ഷേത്രത്തിലും ബുധൻ നാലിലോ മൂന്നിലോ നിൽക്കയും ശനി ലഗ്നത്തിൽ നിൽക്കയും ചെയ്താൽ ഹ്രസ്വനായിത്തീരും. ഈ യോഗത്തിൽതന്നെ ലഗ്നാധിപൻ ശനിയോടുകൂടി നിന്നാലും ഫലം ഇപ്രകാരംതന്നെ.

ഹോരായാം (ഹോരയിൽ)

ലഗ്നാദ്വ്യയാരിഗതയോശ്ശശിതിഗ്മരശ്മ്യോഃ
പത്ന്യാ സഹൈകനയനസ്യ വദന്തി ജന്മ
ദ്യൂനസ്ഥയോൎന്നവമപഞ്ചമസംസ്ഥയോർവാ
ശുക്രാൎക്കയോൎവ്വികലദാരമുശന്തി ജാതം ൯൭

ലഗ്നാൽ പന്ത്രണ്ടിൽ ചന്ദ്രനും ആറിൽ സൂൎയ്യനും നിൽക്കുമ്പോൾ ജനിച്ചവനും അവന്റെ ഭാൎയ്യക്കും ഒരു കണ്ണിനുമാത്രമേ കാഴ്ചയുണ്ടായിരിക്കയുള്ളു. ശുക്രനും സൂൎയ്യനും ഏഴിലോ ഒമ്പതിലോ അഞ്ചിലോ നിൽക്കുമ്പോൾ ജനിച്ചവന്റെ ഭാൎയ്യക്ക് അംഗവൈകല്യമുണ്ടായിരിക്കും.

നവമായതൃതീയധീയുതാ ന ച സൗമ്യൈരശുഭാ നിരീക്ഷിതാഃ
നിയമാച്ഛ്രവണോപഘാതദാ രദവൈകൃത്യകരാശ്ച സപ്തമേ

൯-൧൧-൩-൫-ഈ സ്ഥാനങ്ങളിൽ പാപന്മാർ ശുഭദൃഷ്ടിയില്ലാതെ നിൽക്കുമ്പോൾ ജനിച്ചവൻ സ്വതേ ചെവികേൾക്കാത്തവനായും ഏഴിൽ നില്ക്കുമ്പോൾ ജനിച്ചവൻ മുടമ്പല്ലുള്ളവനായും തീരും.

വൎഗ്ഗോത്തമാദിശുഭവൎഗ്ഗയുതേ ƒമരേജ്യേ
ലഗ്നേ രസാതലഗതേ യദി വാ ബലാഢ്യേ

വിത്തായവൃദ്ധിഗൃഹഗേഷു വിയച്ചരേഷു
ലഗ്നാധിപേ ബലയുതേ സുഖമേതി ജാതഃ ൧൦൦

വ്യാഴം പൂർണ്ണബലത്തോടും വർഗ്ഗോത്തമാദിശുഭവർഗ്ഗത്തോടുംകൂടി ലഗ്നത്തിലോ അല്ലെങ്കിൽ നാലിലോ നിൽക്കയും മററു ഗ്രഹങ്ങൾ ൨-൧൧-ൽ ഈ സ്ഥാനങ്ങളിൽ നിൽക്കയും ലഗ്നാധിപൻ ബലവാനായിരിക്കയും ചെയ്യുമ്പോൾ ജനിച്ചവൻ സുഖിയായിത്തീരും.

യേ ജാതഭംഗാ നൃപയോഗഭംഗാ
പ്രേഷ്യാ ദരിദ്രാംഗവിഹീനരേകാഃ
യേ രോഗഭേദാഃ പരികീർത്തിതാസ്തേ
സൂര്യ്യാദിസർവ്വഖചരപ്രസാദാൽ ൧൦൧

ഇതി ശ്രീനവഗ്രഹകൃപയാ വൈദ്യനാഥവിരചിതേ
ജാതകപാരിജാതേ ജാതകഭംഗാദ്ധ്യായഃ ഷഷ്ഠഃ

ജാതകഭംഗയോഗം നൃപയോഗഭംഗം പ്രേഷ്യയോഗം ദാരിദ്ര്യയോഗം അംഗവിഹീനയോഗം രേകയോഗം രോഗഭേദയോഗങ്ങൾ ഇവയെല്ലാം സൂര്യ്യാദിഗ്രഹങ്ങളുടെ പ്രസാദത്താൽ എന്നാൽ പറയപ്പെട്ടു.

ഇങ്ങനെ ജാതകപാരിജാതത്തിൽ ജാതകഭംഗാദ്ധ്യായം എന്ന
ആറാമദ്ധ്യായത്തിന്റെ വ്യാഖ്യാനം സമ്പൂർണ്ണം.

സപ്തമോദ്ധ്യായഃ

അഥ രാജയോഗാദ്ധ്യായഃ

കന്യാമീനനൃയുഗ്മഗോഹരിധനുഃ കുംഭസ്ഥിതൈഃ ഖേചരൈഃ
സേനാമത്തമതംഗവാജിവിപുലോ രാജാ യശസ്വീ ഭവേൽ
തൗലിസ്ത്ര്യാഗവൃഷാവസാനഗൃഹഗൈർജ്ജാതോഽഖിലക്ഷ്മാപതിർ-
ഗോചാപാന്ത്യഭകേന്ദ്രഗൈഃ പ്രഥിതയശാഃ പൃഥ്വീശ്വരോ ജായതേ

എല്ലാ ഗ്രഹങ്ങളും കന്നി, മീനം, മിഥുനം, ഇടവം, ചിങ്ങം, ധനു, കുംഭം ഈ രാശികളിൽ നിന്നാൽ സേന, മദയാന, കുതിര ഇവയാൽ വർദ്ധിച്ചവനും യശസ്സുള്ളവനും ആയ രാജാവായും തുലാം, മേടം, ഇടവം, മീനം ഈ രാശികളിൽ നിന്നാൽ സാർവ്വഭൗമനും ഇടവം, ധനു, മീനം, കേന്ദ്രം ഈ രാശികളിൽ നിന്നാൽ വളരെ യശസ്സുള്ളവനും ആയ രാജാവായും ജനിക്കും.

കന്യാമേഷതുലാമൃഗേന്ദ്രഘടഗൈർജ്ജാതോ മഹീപാലകോ
ദുശ്ചിൽകപ്രതിഭാരസാതലഗതൈർബ്ബൃഹത്ദേശാധിപഃ
ഖേടാ വിക്രമബന്ധുപുത്രഗൃഹഗാ ദ്വൗ വിത്തധർമ്മസ്ഥിതൗ
ശേഷൗ ലഗ്നകളത്രരാശിസഹിതൗ രാജാ ഭവേദ്ധാർമ്മികഃ ൨

എല്ലാ ഗ്രഹങ്ങളും കന്നി, മേടം, തുലാം, ചിങ്ങം, കുംഭം ഈ രാശികളിൽ നിന്നാൽ രാജാവായും ൰, ൯, ൪-ഈ ഭാവങ്ങളിൽനിന്നാൽ വളരെ ധനത്തിനും ദേശ

ത്തിനും അധിപനായ രാജാവായും, മൂന്നു ഗ്രഹങ്ങൾ ൩, ൪, ൫-ഈ സ്ഥാനങ്ങളിലും രണ്ടു ഗ്രഹങ്ങൾ ൨, ൯ ഈ സ്ഥാനങ്ങളിലും ശേഷം രണ്ടു ഗ്രഹങ്ങൾ ലഗ്നം ഏഴ് ഈ ഭാവങ്ങളിലും നിന്നാൽ ധാർമ്മികനായ രാജാവായും തീരും.

താരേശഹോരാസഹിതാ നഭോഗാ
ജാതോ യശസ്വീ മനുജാധിപഃ സ്യാൽ
സൗമ്യാസ്തപോലാഭഗൃഹോപയാതാഃ
പാപാ രിപുവ്യോമഗതാ നരേശഃ ൩

എല്ലാ ഗ്രഹങ്ങളും ചന്ദ്രഹോരയിൽ നിന്നാൽ കീർത്തിമാനായ രാജാവായും, ശുഭന്മാർ ൯, ൧൧-ഈ ഭാവങ്ങളിലും പാപന്മാർ ൩, ൧൦-ഈ ഭാവങ്ങളിലും നിന്നാൽ രാജാവായും തീരും.

ലഗ്നാസ്പദാനംഗഗൃഹോപയാതാബലാന്വിതാശ്ശുഭനഭശ്ചരേന്ദ്രാഃ
കുജാർക്കപുത്രൗ നവമായസംസ്ഥൗ നൃപോ ഭവേൽ സർവ്വഗുണാഭിരാമഃ

ശുഭഗ്രഹങ്ങൾ ലഗ്നം ൧൦, ൭-ഈ സ്ഥാനങ്ങളിൽ ബലവാന്മാരായും, ചൊവ്വായും ശനിയും ൯-ലും ൧൧-ലും നില്ക്കുമ്പോഴും ജനിച്ചവൻ സർവ്വഗുണപൂർണ്ണനായ രാജാവായിത്തീരും.

വർഗ്ഗോത്തമാംശോപഗതേ വിലഗ്നേ
ചന്ദ്രേ ഽഥവാ ചന്ദ്രവിമുക്തഖേടൈഃ
സുഖാസ്പദാനംഗഗൃഹോപയാതൈർ-
വിലോകിതൈർമ്മാനവനായകഃ സ്യാൽ. ൫

ലഗ്നമോ ചന്ദ്രനോ വർഗ്ഗോത്തമാംശത്തിലാവുകയും ചന്ദ്രനല്ലാതുള്ള ഗ്രഹങ്ങൾ ൪, ൧൦, ൭-ഈ സ്ഥാനങ്ങളിൽനിന്ന് ലഗ്നചന്ദ്രന്മാരെ നോക്കുകയും ചെയ്താൽ രാജാവായിത്തീരും.

അശ്വിന്യാമുദയസ്ഥിതേ ഭൃഗുസുതേ സർവ്വഗ്രഹൈർവ്വീക്ഷിതേ
ജാതോ രാജകുലാഗ്രജോ രിപുകുലധ്വംസീ ബഹുസ്ത്രീരതഃ
ഹിത്വാനീചനവാംശമംബരചരൈസ്ത്ര്യാദ്യൈഃസ്വഭാഗാന്വിതൈ-
രേകോ ലഗ്നഗതോ യദി ക്ഷിതിപതിഃ പഞ്ചാദികൈർവ്വിത്തവാൻ.

അശ്വതിനക്ഷത്രത്തിൽ ശുക്രൻ ലഗ്നത്തിൽ സകല ഗ്രഹങ്ങളുടെ ദൃഷ്ടിയോടുകൂടി നില്ക്കുമ്പോൾ ജനിച്ചവൻ രാജകുലശ്രേഷ്ഠനായും, ശത്രുക്കളെ നശിപ്പിക്കുന്നവനായും വളരെ സ്ത്രീകളിൽ രതനായും തീരും. മൂന്നിലധികം ഗ്രഹങ്ങൾ നീചനവാംശത്തിലല്ലാതെ സ്വഭാഗത്തിൽ നില്ക്കയും ഒരു ഗ്രഹം ലഗ്നത്തിൽ നില്ക്കയുംചെയ്താൽ രാജാവായും, അഞ്ചിലധികം ഗ്രഹങ്ങൾ അപ്രകാരം നിന്നാൽ ധനവാനായ രാജാവായും തീരും.

ശുക്രേ ഽരിനീചമപഹായ കുടുംബസംസ്ഥേ
ലഗ്നേശ്വരേ ബലയുതേ പൃഥിവീപതിഃ സ്യാൽ
ചന്ദ്രേതിമിത്രനിജഭാഗഗതേ നിശായാം
ശുക്രേക്ഷിതേ നൃപതിരന്യവിലോകഹീനേ. ൭

ശുക്രൻ ശത്രുനീചങ്ങളെ ഒഴിച്ച് രണ്ടാമിടത്തും ലഗ്നാധിപൻ ബലവാനായും, നിന്നാലും ചന്ദ്രൻ രാത്രിയിൽ അതിബന്ധുക്ഷേത്രത്തിൽ സ്വാംശകത്തിൽ ശുക്രദൃഷ്ടിയോടുകൂടിയും മററുഗ്രഹങ്ങളുടെ ദൃഷ്ടിയോടുകൂടാതെയും നിന്നാലും രാജാവായിത്തീരും.

മീനേ മീനനവാംശകേ ഭൃഗുസുതേ ലഗ്നസ്ഥിതേ ഭൂപതിഃ
സ്വോച്ചേ ലഗ്നഗൃഹാധിപേ ബലയുതേ രാജാ ശശാങ്കേക്ഷിതേ
ലഗ്നസ്വാമിനി തുംഗമന്ദിരഗതേ നീചാരിഭാഗം വിനാ
കേന്ദ്രസ്ഥാനഗതേ നഭോഗവിയുതേ ജാതോ മഹീപാലകഃ ൮

മീനം ലഗ്നമായും അവിടെ മീനനവാംശകത്തിൽ ശുക്രൻനിന്നാലും, ലഗ്നാധിപൻ ബലവാനായി തന്റെ ഉച്ചരാശിയിൽ ചന്ദ്രദൃഷ്ടിയോടുകൂടി നിന്നാലും ലഗ്നാധിപൻ നീചശത്രുസ്ഥാനങ്ങളിലല്ലാതെ ഉച്ചരാശിയിൽ നില്ക്കയും ആ ഉച്ചരാശി കേന്ദ്രമായും മറ്റുഗ്രഹങ്ങളില്ലാതെയും ഇരുന്നാലും രാജാവായിത്തീരും.

ഭാഗ്യസ്ഥേ നിജതുംഗമിത്രഭവനേ സമ്പൂർണ്ണഗാത്രേ വിധൗ
ലഗ്നാദാസ്പദവിത്തരാശിഗതയോഃ ശന്യാരയോർഭൂപതിഃ
ചന്ദ്രേ പൂർണ്ണകലാന്വിതേ ബലയുതേ ലഗ്നം വിനാ കേന്ദ്രഗേ
ദൃഷ്ടേ ദാനവമന്ത്രിണാ ച ഗുരുണാ രാജാ മഹീദാനകൃൽ. ൯

ചന്ദ്രൻ പൂർണ്ണനായി തന്റെ ഉച്ചരാശിയിൽ ഒൻപതാമിടത്തും, ലഗ്നാൽ പത്തിൽ ശനിയും രണ്ടിൽ ചൊവ്വായും നിന്നാൽ രാജാവായിത്തീരും. ചന്ദ്രൻ പൂർണ്ണനും ബലവാനുമായി ലഗ്നത്തിലല്ലാതെ കേന്ദ്രത്തിൽ നില്ക്കുകയും ആ ചന്ദ്രനെ ശുക്രനും വ്യാഴവും നോക്കുകയും ചെയ്താൽ ഭൂമിയെക്കൂടിദാനംചെയ്യുന്ന രാജാവായിത്തീരും.

ഏകസ്മിൻ പരമോച്ചഗേഽതിസുഹൃദാ ദൃഷ്ടേ യദി ക്ഷ്മാപതി-
സ്തത്തുല്യോ ഭൃഗുനന്ദനേ ബലയുതേ ലാഭേഽഥവാ രിഃഫഗേ
ദ്വിത്രിവ്യോമചരേഷു തുംഗഗൃഹഗേഷ്വിന്ദൗ കുളീരേ സ്ഥിതേ
ലഗ്നേ പൂർണ്ണബലാന്വിതേ നരപതിസ്സർവ്വത്ര പൂജ്യോ ഭവേൽ. ൧൦

ഒരു ഗ്രഹം തന്റെ പരമോച്ചത്തിൽ നില്ക്കുകയും ആ ഗ്രഹത്തിന്റെ അതിബന്ധുഗ്രഹത്താൽ നോക്കുകയും ചെയ്താൽ രാജാവായും, ശുക്രൻ ബലവാനായി പതിനൊന്നിലോ അല്ലെങ്കിൽ പന്ത്രണ്ടിലോ നിന്നാൽ രാജതുല്യനായും, രണ്ടോ മൂന്നോ ഗ്രഹങ്ങൾ ഉച്ചരാശിയിലും ചന്ദ്രൻ കർക്കടകത്തിലും നില്ക്കുകയും ലഗ്നത്തിന് പൂർണ്ണബലം ഉണ്ടായിരിക്കയും ചെയ്താൽ എല്ലായിടത്തും പൂജ്യനായ രാജാവായും തീരും.

സർവ്വേ ചോപചയസ്ഥിതാഃ ശുഭഖഗാഃ പാപാ വിലഗ്നസ്ഥിതാഃ
മാനസ്ഥാ യദി വാ ജിതാരിനിചയഃ ക്രൂരോ മഹീപാലകഃ
ഭാനൗ സപ്തമഗേ നിശാകരയുതേ തുംഗാദിവർഗ്ഗസ്ഥിതേ
സൗമ്യാസൗമ്യനിരീക്ഷിതേതിചപലോ രാജാഥവാ തൽസമഃ ൧൧

എല്ലാ ശുഭഗ്രഹങ്ങളും ഉപചയ (൩-൬-൧൧-൧൦) രാശികളിലും പാപഗ്രഹങ്ങൾ ലഗ്നത്തിലോ അല്ലെങ്കിൽ പത്തിലോ നില്ക്കുകയും ചെയ്താൽ ശത്രുക്കളെ ജയിച്ചവനായും ക്രൂരനായും ഇരിക്കുന്ന രാജാവായും തീരും. സൂര്യൻ ചന്ദ്രനോടുകൂടി ഏഴിൽ ഉച്ചം മുതലായ വർഗ്ഗത്തിൽ നില്ക്കുകയും അവിടെ ശുഭന്മാരുടെയും പാപന്മാരുടെയും ദൃഷ്ടിയുണ്ടായിരിക്കയും ചെയ്താൽ അതിചപലനായ രാജാവായോ രാജതുല്യനായോ തീരും.

ചാപാജസിംഹഭവനോദയഗേ ധരാജേ
മിത്രേ സിതേ നിജബലാർജ്ജിതരാജ്യകർത്താ
മേഷേിൽകധർമ്മസുതഗാ രവിചന്ദ്രജീവാ
വീര്യാന്വിതാ യദി കുബേരസമോ നൃപാലഃ ൧൨

ചൊവ്വ, ധനു, മേടം, ചിങ്ങം ഈ രാശികളിലേതെങ്കിലും ഒന്നിൽ നില്ക്കുകയും ശുക്രൻ ബന്ധുക്ഷേത്രത്തിൽ നില്ക്കുകയും ചെയ്താൽ തന്റെ ബലംകൊണ്ടു സമ്പാദിച്ച രാജ്യത്തെ അനുഭവിക്കുന്ന രാജാവായും, മൂന്നിൽ സൂൎയ്യനും ഒൻപതിൽ ചന്ദ്രനും അഞ്ചിൽ വ്യാഴവും പൂൎണ്ണബലന്മാരായി നിന്നാൽ കുബേരതുല്യനായ രാജാവായും തീരും.

നീചം ഗതോ ജന്മനി യോ ഗ്രഹഃ സ്യാൽ
തദ്രാശിനാഥോപി തദുച്ചനാഥഃ
സ ചന്ദ്രലഗ്നാദ്യദി കേന്ദ്രവൎത്തീ
രാജാ ഭവേദ്ധാർമ്മികചക്രവൎത്തി. ൧൩

ജന്മകാലത്തു ഏതു ഗ്രഹമാണോ നീചത്തിൽ നില്ക്കുന്നതു് ആ നീചരാശിയുടെ അധിപനും ആ ഗ്രഹത്തിന്റെ ഉച്ചരാശ്യധിപനും ചന്ദ്രലഗ്നത്തിൽനിന്നു കേന്ദ്രത്തിൽ നില്ക്കുന്നു എങ്കിൽ ധൎമ്മികനും ചക്രവൎത്തിയുമായ രാജാവായിത്തീരും.

നീചസ്ഥിതേ ഗ്രഹനവാംശപതൌ ത്രികോണേ
കേന്ദ്രേഥവാ ചരഗൃഹേ യദി ജന്മലഗ്നേ
തൽഭാവപേ ചരഗൃഹാംശസമന്വിതേ വാ
ജാതോ മഹീപതിരതിപ്രബലോഥവാ സ്യാൽ. ൧൪

നീചത്തിൽനിൽക്കുന്ന ഗ്രഹത്തിന്റെ നവാംശകാധിപതി അഞ്ചിലോ ഒൻപതിലോ അല്ലെങ്കിൽ കേന്ദ്രത്തിലോ നില്ക്കുകയും ജന്മലഗ്നം ചരഗൃഹമായിരിക്കുകയും അല്ലെങ്കിൽ ജന്മലഗ്നാധിപൻ ചരഗൃഹാംശത്തിൽ നില്ക്കുകയും ചെയ്താൽ അതിപ്രബലനായ രാജാവായിത്തീരും.

മാനസ്ഥാനപതൌ പരാഭവഗതേ പാരാവതാംശേഥവാ
സ്വോച്ചസ്വൎക്ഷസുഹൃന്നവാംശകഗതേ രാജാധിരാജോ ഭവേൽ
ലഗ്നേ നീചഗൃഹേ പുരന്ദരഗുരൌ രന്ധ്റേ സപാപഗ്രഹേ
തദ്രാശ്യംശസമന്വിതേ യദി യദാ രാജാധിരാജോ ഭവേൽ ൧൫

പത്താംഭാവാധിപൻ പരാഭവസ്ഥാനത്തിൽ പാരാവതാംശത്തിലോ അല്ലെങ്കിൽ തന്റെ ഉച്ചരാശി, സ്വക്ഷേത്രം, ബന്ധുനവാംശം ഇവയിൽ ഏതിലെങ്കിലും നിന്നാലും, വ്യാഴം തന്റെ നീചരാശിയിൽ ലഗ്നത്തിലും അഷ്ടമം പാപന്മാരോടും പാപരാശ്യംശകത്തോടുംകൂടിയും വന്നാൽ രാജാധിരാജനായി ഭവിക്കും.

ജീവസ്യ വ്യയഗേ ശനൌ സഹജപേ ലാഭേഥവാ ഭാസ്കരേ
രിഃഫേ ലഗ്നപതൌ തു നിൎജ്ജരഗുരോരുൎവീശരാജാ ഭവേൽ
ഭാഗ്യേശസ്ഥനവാംശപേ തനയഗേ ബന്ധുസ്ഥിതേ വാ ബുധേ
ദൃഷ്ടേ വാ ശശിജേ സുരേന്ദ്രഗുരുണാ യുക്തേ സ രാജപ്രിയഃ ൧൬

വ്യാഴത്തിന്റെ പന്ത്രണ്ടിൽ ശനിയും, പതിനൊന്നിൽ മൂന്നാംഭാവാധിപനോ സൂൎയ്യനോ ലഗ്നാധിപനോ നില്ക്കുകയും ചെയ്താൽ ഭൂമിക്കു അധിപനായ രാജാവായും ഭാഗ്യാധിപൻ നില്ക്കുന്ന രാശിയിലെ നവാംശാധിപൻ അഞ്ചിലോ നാലിലോ നിന്നാൽ രാജാവായും ബുധനു വ്യാഴത്തോടു യോഗമോ വ്യാഴത്തിന്റെ ദൃഷ്ടിയോ ഉണ്ടായിരിക്കുകയും ചെയ്താൽ രാജപ്രിയനായും തീരുകയും ചെയ്യും.

ലഗ്നേ ശീതകരേ ഗുരൌ സുഖഗതേ കൎമ്മസ്ഥിതേ ഭാൎഗ്ഗവേ
തുംഗസ്വൎക്ഷഗതേ ദിവാകരസുതേ രാജാഥവാ തൽസമഃ

അന്ത്യോപാന്ത്യവിലഗ്നവിത്തസഹജവ്യാപാരഗേഹേഷു വാ
സൗമ്യവ്യോമചരേഷു ഭൂപതിസമോ രാജാധിരാജപ്രിയഃ ൧൭

ലഗ്നത്തിൽ ചന്ദ്രനും, നാലിൽ വ്യാഴവും, പത്തിൽ ശുക്രനും, ശനി ഉച്ചരാശിയിലോ സ്വക്ഷേത്രത്തിലോ നിൽക്കയും ചെയ്താൽ രാജാവായോ രാജതുല്യനായോ തീരും. ൧൨-൧൧-ലഗ്നം ൨-൩-൧൦-ഈ സ്ഥാനങ്ങളിൽ ശുഭന്മാർ നിന്നാൽ രാജതുല്യനായും രാജാധിരാജപ്രിയനായും തീരും.

മന്ദേ ചോത്തമവർഗ്ഗഗേ ബലയുതേ നീചാംശവർജ്ജ്യേ ഗുരൗ
ഭാനൗ ശോഭനദൃഷ്ടിഭാഗസഹിതേ രാജപ്രിയസ്തൽസമഃ
രാഹൗ കർമ്മണി ലാഭഗേ രവിസുതേ ഭാഗ്യാധിപേനേക്ഷിതേ
ലഗ്നേശേ യദി നീചഖേടരഹിതേ പൃഥ്വീശതുല്യോ ഭവേൽ ൧൮

ശനി ഉത്തമവർഗ്ഗത്തിൽ ബലവാനായും, വ്യാഴം നീചാംശത്തിലല്ലാതെയും, സൂര്യൻ ശുഭദൃഷ്ടിഭാഗത്തോടുകൂടിയും നിന്നാൽ രാജപ്രിയനായോ രാജതുല്യനായോ തീരും. പത്തിൽ രാഹുവും പതിനൊന്നിൽ ശനിയും നീചഗ്രഹയോഗമില്ലാതെ ഭാഗ്യാധിപദൃഷ്ടിയോടുകൂടി ലഗ്നാധിപനും നിന്നാൽ രാജതുല്യനായിത്തീരും.

നീചം ഗതാ ദ്വിത്രിചതുർഗ്രഹേന്ദ്രാഃ
ഷഷ്ഠ്യംശകേ ശോഭനഭാഗയുക്താഃ
സ്വതുംഗരാശ്യംശസമന്വിതാ വാ
ധരാപതിർധാർമ്മികചക്രവർത്തീ. ൧൯

൨-൩-൪-ഗ്രഹങ്ങൾ നീചരാശിയിലായാലും ഷഷ്ട്യംശത്തിൽ ശുഭഭാഗത്തിലോ തന്റെ ഉച്ചരാശ്യംശകത്തിലോ നിന്നാൽ ധാർമ്മികനും ചക്രവർത്തിയും ആയ രാജാവായിത്തീരും.

ലഗ്നാൽ കർമ്മശുഭാധിപൗ ശുഭഗൃഹാദ്വ്യാപാരധർമ്മേശ്വരൗ
മാനാദാസ്പദഭാഗ്യപൗ ച സഹിതാവന്യോന്യരാശിസ്ഥിതൗ
അന്യോന്യേക്ഷണകേന്ദ്രഗൗ ധനപതേസ്സംബന്ധിനൗ ചേദ്ധനീ
ജാതോ യാനപകാരകേക്ഷിതയുതൗ ബഹ്വർത്ഥയാനാധിപഃ. ൨൦

ലഗ്നാൽ പത്താംഭാവാധിപനും ഒൻപതാംഭാവാധിപനും, ഒൻപതാംഭാവത്തിൽനിന്ന ദശമാധിപനും ഒൻപതാംഭാവാധിപനും പത്തിൽനിന്ന പത്താംഭാവാധിപനും ഒൻപതാംഭാവാധിപനും ഒന്നിച്ച് ഒരുറാശിയിൽ ഒരുവൻ നില്ക്കുകയും പരസ്പരദൃഷ്ടിയോടുകൂടി കേന്ദ്രത്തിൽ ധനാധിപന്റെ സംബന്ധത്തോടുകൂടി നില്ക്കുകയും ചെയ്താൽ ധനവാനായ രാജാവായും നാലാംഭാവാധിപകാരകദൃഷ്ടികളോടുകൂടി നിന്നാൽ വളരെ അർത്ഥത്തിനും യാനത്തിനും അധിപനായ രാജാവായും തീരും.

ഷൾസു ഗ്രഹേഷു സ്വഗൃഹസ്ഥിതേഷു
രാജാധിരാജോഖിലഭൂപതിഃ സ്യാൽ
ഉച്ചംഗതൈഃ പഞ്ചഭിരിന്ദ്രവന്ദ്യേ
ലഗ്നസ്ഥിതേ സർവ്വജനാവനീശഃ ൨൧

ആറു ഗ്രഹങ്ങൾ സ്വക്ഷേത്രത്തിൽ നിന്നാൽ രാജാധിരാജനായും സകലഭൂമിക്കുമധിപതിയായും തീരും. അഞ്ചുഗ്രഹങ്ങൾ ഉച്ചത്തിലും വ്യാഴം ലഗ്നത്തിലും നിന്നാൽ സകലജനങ്ങൾക്കും സകലഭൂമിക്കും ഇശനായിത്തീരും.

കുംഭോദയസ്ഥേ രവിജേ ചതുർഭിഃ
സ്വോച്ചംഗതൈസ്സർവ്വമഹീപതിഃ സ്യാൽ

മേഷോദയസ്ഥേ യദി ചന്ദ്രപുത്രേ
സ്വോച്ചംഗതേ ദേവഗുരൌ നൃപാലഃ ൨൨

ശനി, കുംഭത്തിലും നാലു ഗ്രഹങ്ങൾ ഉച്ചത്തിലും നിന്നാൽ സകലഭൂമിക്കും പതിയായും, ബുധൻ മേടത്തിലും വ്യാഴം ഉച്ചത്തിലും നിന്നാൽ രാജാവായും തീരും.

ചന്ദ്രേ വൃഷോദയഗതേ യദി ഷഡ്ഭിരന്യൈർ-
ദൃഷ്ടേഽതി ബാല്യവയസി ക്ഷിതിനായകഃ സ്യാൽ
തുംഗസ്ഥിതൈകഖചരേ നിജമിത്രജാതൈ-
രന്യൈസ്സമേതി നരപാലസമാനഭാഗ്യം. ൨൩

ഇടവത്തിൽ ചന്ദ്രനും ആ ചന്ദ്രന മററ ആറു ഗ്രഹങ്ങളുടെ ദൃഷ്ടിയും ഉണ്ടായാൽ ഏററവും ബാല്യത്തിൽ രാജാവായും ഒരു ഗ്രഹം ഉച്ചത്തിലും മററു ഗ്രഹങ്ങൾ തൻെറ ബന്ധുക്ഷേത്രത്തിലും നിന്നാൽ രാജതുല്യമായ ഭാഗ്യമുള്ളവനായും തീരും.

വർഗ്ഗോത്തമേ വാ യദി പുഷ്കരാംശേ
ദൈത്യേന്ദ്രദേവേന്ദ്രഗുരൌ നൃപാലഃ
കർമ്മസ്ഥിതേ ശോഭനദൃഷ്ടിയുക്തേ
സമ്പൂർണ്ണഗാത്രേ ശശിനി ക്ഷിതീശഃ ൨൪

ശുക്രൻ, വ്യാഴം ഇവർ വർഗ്ഗോത്തമാംശത്തിലോ പുഷ്കരാംശത്തിലോ നിന്നാലും ചന്ദ്രൻ പൂർണ്ണനായി ശുഭദൃഷ്ടിയോടുകൂടി പത്തിൽനിന്നാലും രാജാവായിത്തീരും.

ഗുരുസിതയുതചന്ദ്രേ ചാപഗേ ചന്ദ്രസൂനൌ
യദി തനുഗൃഹയാതേ ഭൂമിജേ കന്യകായാം
മൃഗമുഖഭവനസ്ഥേ ഭാനുപുത്രേ നൃപഃ സ്യാ-
ദതിശയബലയുക്തഃ സർവ്വഭൂപാലപൂജ്യഃ ൨൫

ചന്ദ്രൻ, വ്യാഴത്തോടും ശുക്രനോടുംകൂടി ധനുവിലും, ബുധൻ ലഗ്നത്തിലും ചൊവ്വ കന്നിയിലും ശനി മകരത്തിലും നില്ക്കുകയും ചെയ്താൽ ഏററവും ബലമുള്ളവനും സകല രാജാക്കന്മാരാൽ പൂജ്യനും ആയ രാജാവായിത്തീരും.

കന്യാവസാനയുഗചാപമൃഗാനനസ്ഥൈഃ
സൌമ്യേന്ദുഭൌമഗുരുഭാനുസുതൈർനൃപാലഃ
മീനോദയേ ശശിനി പൂർണ്ണതനൌ ബലാഢ്യേ
സ്വോച്ചേ കുജേ രവിസുതേ ഘടഗേ നൃപാലഃ ൨൬

കന്നിയിൽ ബുധനും, മീനത്തിൽ ചന്ദ്രനും, മിഥുനത്തിൽ ചൊവ്വായും, ധനുവിൽ വ്യാഴവും മകരത്തിൽ ശനിയും നിന്നാലും ചന്ദ്രൻ പൂർണ്ണബലവാനായി മീനത്തിലും ചൊവ്വ തൻെറ ഉച്ചരാശിയിലും ശനി കുംഭത്തിലും നിന്നാലും രാജാവായിത്തീരും.

മൃഗോദയസ്ഥേ യദി ഭൂകുമാരേ
കുളീരഗേ ചന്ദ്രമസി ക്ഷിതീശഃ
ധരാജപൂഷാമരവന്ദ്യമാനാ
മൃഗാജകുംഭോപഗതാ നരേന്ദ്രഃ ൨൭

മകരത്തിൽ ചൊവ്വായും, കർക്കടകത്തിൽ ചന്ദ്രനും നിന്നാലും മകരത്തിൽ ചൊവ്വായും, മേടത്തിൽ സൂര്യനും, കുംഭത്തിൽ വ്യാഴവും നിന്നാലും രാജാവായിത്തീരും.

ലഗ്നാധിപേതരയുതേ യദി പൂൎണ്ണചന്ദ്രേ
ശുക്രജ്ഞദേവഗുരുദൃഷ്ടിയുതേ തു രാജാ
വൎഗ്ഗോത്തമാംശസഹിതാ ഗുരുശുക്രഭൗമാഃ
പാപാ ന കേന്ദ്രഭവനോപഗതാ നരേശഃ ൨൮

പൂൎണ്ണചന്ദ്രൻ ലഗ്നാധിപനല്ലാത്ത ഗ്രഹത്തോടും, ശുക്രൻ, ബുധൻ, വ്യാഴം ഇവരുടെ ദൃഷ്ടിയോടുംകൂടി നിന്നാലും വ്യാഴവും ശുക്രനും ചൊവ്വായും വൎഗ്ഗോത്തമാംശത്തിലും പാപന്മാർ കേന്ദ്രത്തിലല്ലാതെയും നിന്നാലും രാജാവായിത്തീരും.

ശീൎഷോദയേഷു നിഖിലദ്യുചരേഷു ചന്ദ്രേ
സൗമ്യഗ്രഹേക്ഷണയുതേ കടകേ മഹീപഃ
ലഗ്നാധിപേ നവമഗേ ദശമസ്ഥിതേ വാ
ലഗ്നേ സുധാകരയുതേ പൃഥിവീപതിഃ സ്യാൽ ൨൯

എല്ലാ ഗ്രഹങ്ങളും ശീൎഷോദയരാശികളിലും ചന്ദ്രൻ കൎക്കടകത്തിൽ ശുഭഗ്രഹങ്ങളുടെ ദൃഷ്ടിയോടുകൂടിയും നിന്നാലും, ലഗ്നാധിപൻ ഒൻപതിലോ പത്തിലോ നില്ക്കുകയും ലഗ്നത്തിൽ ചന്ദ്രൻ നില്ക്കുകയും ചെയ്താലും രാജാവായിത്തീരും.

ചാപാൎദ്ധം ഗതവാൻ സഹസ്രകിരണസ്തത്രൈവ താരാധിപോ
ലഗ്നേ ഭാനുസുതേ/തിവീൎയ്യസഹിതേ സ്വോച്ചേ ച ഭൂനന്ദനഃ
യദ്യേവം ഭവതി ക്ഷിതേരധിപതേസ്സന്ത്യജ്യ ധൈൎയ്യം ഭയാദ്
ദൂരാദേവ നമന്തി തസ്യ രിപവോ ദഗ്ദ്ധാഃ പ്രതാപാഗ്നിനാ ൩൦

സൂൎയ്യനും ചന്ദ്രനും ധനുവിന്റെ പകുതിയിലും, ശനി ലഗ്നത്തിൽ പൂൎണ്ണബലനായും, ചൊവ്വാ തന്റെ ഉച്ചരാശിയിലും നിന്നാൽ ശത്രുക്കൾ രാജാവിന്റെ പ്രതാപത്താൽ ദഗ്ദ്ധന്മാരായി ധീൎയ്യം ഉപേക്ഷിച്ച് പേടിച്ച് ദൂരത്തിരിക്കുന്ന അവനെ ശരണം പ്രാപിക്കുന്നു.

ഉപചയഗൃഹസംസ്ഥോ ജന്മപോ യസ്യ ചന്ദ്രാൽ
ശുഭഗൃഹമഥവാംശം കേന്ദ്രയാതാശ്ച സൗമ്യാഃ
സകലബലവിയുക്താ യേ ച പാപാഭിധാനാഃ
സ ഭവതി നരനാഥഃ ശക്രതുല്യോ ബലേന ൩൧

ലഗ്നാധിപൻ ചന്ദ്രന്റെ ഉപചയരാശികളിലോ അല്ലെങ്കിൽ ശുഭരാശിയിലോ സ്ഥിതിയോ ശുഭാംശത്തിൽ അംശകിക്കയോ ചെയ്താലും ശുഭന്മാർ കേന്ദ്രങ്ങളിൽ നില്ക്കുകയും പാപന്മാർ ബലമില്ലാതിരിക്കയും ചെയ്താലും അപ്പോൾ ജനിച്ചവൻ ബലത്താൽ ഇന്ദ്രതുല്യനായ രാജാവായിത്തീരും.

ഉച്ചാഭിലാഷീ സവിതാ ത്രികോണേ
സ്വൎക്ഷേ ശശീ ജന്മനി യസ്യ ജന്തോഃ
സ ശാസ്തി പൃഥ്വീം ബഹുരത്നപൂൎണ്ണാം
ബൃഹസ്പതിഃ കൎക്കടകോപഗശ്ചേൽ ൩൨

ആരുടെ ജനനകാലത്താണോ സൂൎയ്യൻ ത്രികോണ (൫-ൽ) ത്തിൽ ഉച്ചം പ്രാപിച്ചും ചന്ദ്രൻ സ്വക്ഷേത്രത്തിലും, വ്യാഴം കൎക്കടകത്തിലും നില്ക്കുന്നത്, അവൻ ബഹുരത്നപൂൎണ്ണയായ ഭൂമിയെ രക്ഷിക്കും.

സ്വസ്യ ത്രികോണേ രവിരുച്ചഗോപി വാ
സ്വരാശിസംസ്ഥാ രവിശുക്രസോമജാഃ

തൃതീയഷഷ്ഠാഷ്ടമഗാ നിശാകരാൽ
കുർവന്തി ഗോപാലമിവ ക്ഷിതീശ്വരം ൩൩

സൂര്യൻ തന്റെ മൂലത്രികോണത്തിലോ അല്ലെങ്കിൽ ഉച്ചരാശിയിലോ നില്ക്കുകയും സൂര്യൻ, ശുക്രൻ, ബുധൻ ഇവർ ക്രമേണ ൩-൬-൮ ഈ സ്ഥാനങ്ങളിൽ തങ്ങളുടെ രാശിയിൽ നില്ക്കുകയും ചെയ്യുമ്പോൾ ജനിച്ചവൻ ശ്രീകൃഷ്ണനെപ്പോലുള്ള രാജാവായിത്തീരും.

രവിശശിബുധശുക്രൈർവ്യോമസംനിമിത്രാംശകസ്ഥൈർ-
ന ച രിപുഭവനസ്ഥൈർന്നാപ്യദൃഷ്ടൈർന്ന നീചൈഃ
സ ഭവതി നരപുത്രോ ഭൂപതിഃ സ്യാൽ പ്രയാണേ
ഗജമദജലസേകൈഃ സിച്യതേ യസ്യ രേണുഃ ൩൪

സൂര്യൻ, ചന്ദ്രൻ, ബുധൻ, ശുക്രൻ ഇവർ പത്താമിടത്തു ബന്ധ്വംശകത്തിൽ ശത്രുക്ഷേത്രസ്ഥിതന്മാരും അദൃശ്യന്മാരും നീചസ്ഥന്മാരും അല്ലാതിരിക്കയും ചെയ്യുമ്പോൾ ജനിച്ചവൻ യാത്രയിങ്കൽ മദയാനകളുടെ മദജലങ്ങളാൽ ഭൂമിയെ നനയ്ക്കത്തക്ക ബലമുള്ള രാജാവായിത്തീരും.

ക്ഷമാസുതഃ സ്വോച്ചമുപാശ്രിതോ ബലീ
രവീന്ദുവാചസ്പതിഭിർന്നിരീക്ഷിതഃ
ഭവേന്നരേന്ദ്രോ യദി കുത്സിതസ്തദാ
സമസ്തപൃഥ്വീപരിരക്ഷണക്ഷമഃ ൩൫

ചൊവ്വ, സൂര്യൻ, ചന്ദ്രൻ, വ്യാഴം ഇവരുടെ ദൃഷ്ടിയോടും ബലത്തോടുംകൂടി തന്റെ ഉച്ചരാശി (മകരം) യിൽ നിൽക്കുമ്പോൾ ജനിച്ചവൻ നിന്ദിതനും സകല ഭൂമിയെ രക്ഷിക്കുന്നതിൽ സമർത്ഥനും ആയ രാജാവായിത്തീരും.

ബുധോദയേ സപ്തമഗേ ബൃഹസ്പതൌ
ചന്ദ്രേ കുളീരേ സുഖരാശിഗേഽമലേ
വിയൽഗതേ ഭാർഗ്ഗവനന്ദനേ ഗ്രഹേ
പ്രശാസ്തി പൃഥ്വീമഗദോ നിരാകുലഃ ൩൬

ലഗ്നത്തിൽ ബുധനും, ഏഴിൽ വ്യാഴവും, കർക്കടകത്തിൽ ചന്ദ്രനും നാലിലോ പത്തിലോ ശുക്രനും നില്ക്കുമ്പോൾ ജനിച്ചവൻ രോഗമില്ലാത്തവനായും നിരാകുലനായും ഇരിക്കുന്ന രാജാവായിത്തീരും.

പ്രധാനബലസംയുക്തഃ സമ്പൂർണ്ണശ്ശശലാഞ്ഛനഃ
ഏകോഽപി കുരുതേ ജാതം നരാധിപമരിന്ദമം ൩൭

പൂർണ്ണചന്ദ്രൻ മുഖ്യബലത്തോടുകൂടി നിൽക്കുമ്പോൾ ജനിച്ചവൻ അരികളെ (ശത്രുക്കളെ) അടക്കുന്ന രാജാവായിത്തീരും.

ദേവമന്ത്രീ കുടുംബസ്ഥോ ഭാർഗ്ഗവേണ സമന്വിതഃ
കരോതി വസുധാനാഥം നിർജ്ജിതാരാതിമണ്ഡലം ൩൮

വ്യാഴം ശുക്രനോടുകൂടി രണ്ടിൽ നില്ക്കുമ്പോൾ ജനിച്ചവൻ ശത്രുമണ്ഡലമടക്കിയ രാജാവായിത്തീരും.

ലഗ്നേശേ കേന്ദ്രരാശിസ്ഥേ കർമ്മേശേ വൃദ്ധിരാശിഗേ
ഭാഗ്യേശേ ലാഭഗേ ജാതശ്ചിരംജീവീ മഹീപതിഃ ൩൯

ലഗ്നാധിപതി കേന്ദ്രത്തിലും, കർമ്മാധിപതി നാലിലും ഭാഗ്യാധിപൻ പതിനൊന്നിലും നിൽക്കുമ്പോൾ ജനിച്ചവൻ ചിരംജീവിയായ രാജാവായിത്തീരും.

രവിലുപ്തകരഃ സൌമ്യഃ സ്വസ്ഥോ മൂലത്രികോണഗഃ
സൎവ്വവിദ്യാധികോ രാജാ നേതരേഷാം ഖചാരിണാം ൪൦

ബുധൻ മൌഢ്യത്തോടുകൂടി സ്വക്ഷേത്രത്തിലോ മൂലത്രികോണത്തിലോ നിന്നാൽ സകലവിദ്യകൊണ്ടു് അധികനായ രാജാവായിത്തീരും. മററു ഗ്രഹങ്ങൾക്കു് ഈ യോഗം സംഭവിക്കയില്ല.

അൎക്ക്ജ്ഞൌ സുഖരാശിസ്ഥൌ മന്ദേന്ദൂ ദശമസ്ഥിതൌ
കുജോദയേ ച സംജാതോ യദി രാജാ ന സംശയഃ ൪൧

സൂൎയ്യനും ബുധനും നാലിലും ശനിയും ചന്ദ്രനും പത്തിലും ലഗ്നത്തിൽ ചൊവ്വയും നില്ക്കുമ്പോൾ ജനിച്ചവൻ നിശ്ചയമായും രാജാവായിത്തീരും.

ദിവാകരോദയേ സിംഹേ ശുക്രാംശകവിവൎജ്ജിതേ
കന്യാഗതേ ബുധേ ജാതോ നീചോപി പൃഥിവീപതിഃ ൪൨

സൂൎയ്യൻ ചിങ്ങലഗ്നത്തിൽ ശുക്രാംശകത്തോടു കൂടാതെയും ബുധൻ കന്നിയിലും നില്ക്കുമ്പോൾ ജനിച്ചവൻ നീചനാണെങ്കിലും രാജാവായിത്തീരും.

മാനപുത്രോദയസ്ഥൌ വാ മന്ദാവനിസുതൌ യദി
പൂൎണ്ണേന്ദൌ ഗുരുരാശിസ്ഥേ ജാതോ രാജാ ഭവിഷ്യതി

ശനിയും ചൊവ്വയും ൧൦, ൫ ലഗ്നം ഈ സ്ഥാനങ്ങളിൽ നില്ക്കയും, പൂൎണ്ണചന്ദ്രൻ വ്യാഴക്ഷേത്രത്തിൽ (ധനു മീനം) നില്ക്കയും ചെയ്യുമ്പോൾ ജനിച്ചവൻ രാജാവായിത്തീരും.

ബലീ വിലഗ്നാധിപതിശ്ച കേന്ദ്രേ
ഭൂപാലയോഗം കുരുതേ നരാണാം
തന്മിത്രദൃഷ്ടോ യദി നീചവംശേ
ജാതോപി രാജാ നൃപവന്ദിതോ വാ ൪൪

ലഗ്നാധിപൻ ബലവാനായി കേന്ദ്രത്തിൽ നിന്നാൽ നാനാക്കു രാജയോഗത്തെ ചെയ്യുന്നു. ആ ലഗ്നാധിപൻതന്നെ അവന്റെ ബന്ധുഗ്രഹത്തിന്റെ ദൃഷ്ടിയോടുകൂടി നിന്നാൽ നീചവംശത്തിൽ ജനിച്ചവനാണെങ്കിലും രാജാവായൊ രാജവന്ദിതനായൊ തീരും.

ജന്മാധിപഃ സ്വോച്ചഗൃഹേ മൃഗാങ്കം
പശ്യത്യവശ്യം യദി ഭൂമിപാലഃ
ഗജാദിസേനാതുരഗാദിസംഘൈർ-
ജിതാരികോടിൎജ്ജഗതി പ്രജാതഃ ൪൫

ചന്ദ്രലഗ്നാധിപൻ തന്റെ ഉച്ചരാശിയിൽനിന്നു ചന്ദ്രനെ നോക്കുന്നുണ്ടെങ്കിൽ ആന, കുതിര, സൈന്യം മുതലായവയാൽ ശത്രുസമൂഹത്തെ അടക്കിയ രാജാവായിത്തീരും.

ലഗ്നം വിഹായ കേന്ദ്രസ്ഥേ ചന്ദ്രേ പൂൎണ്ണകലാന്വിതേ
ഗുരുഭാൎഗ്ഗവസന്ദൃഷ്ടേ ജാതോ രാജാ ഭവേന്നരഃ ൪൬

പൂൎണ്ണചന്ദ്രൻ ലഗ്നത്തിലല്ലാതെയുള്ള കേന്ദ്രരാശികളിൽ നില്ക്കയും ആ ചന്ദ്രന്നു ഗുരുശുക്രന്മാരുടെ ദൃഷ്ടിയുണ്ടായിരിക്കയും ചെയ്യുമ്പോൾ ജനിച്ചവൻ രാജാവായിത്തീരും.

ലഗ്നേശേ കേന്ദ്രഭാവസ്ഥേ നീചമൂഢാരിഭം വിനാ
നാന്യഗ്രഹയുതേ രാജാ സാൎവ്വഭൌമോ ഭവിഷ്യതി ൪൭

ലഗ്നാധിപൻ നീചം മൌഢ്യം ശത്രുക്ഷേത്രസ്ഥിതി ഇവയില്ലാതെ കേന്ദ്രരാശികളിൽ നിൽക്കയും അവിടെ മാറ ഗ്രഹങ്ങളില്ലാതിരിക്കയും ചെയ്യുമ്പോൾ ജനിച്ചവൻ സാർവ്വഭൌമനായ രാജാവായി ഭവിക്കും.

ഗുരുചന്ദ്രദിവാനാഥാഃ സുതവിക്രമധർമ്മഗാഃ
ജാതോ യദി മഹീപാലഃ കുബേരസമവിത്തവാൻ ൪൨

വ്യാഴം അഞ്ചിലും ചന്ദ്രൻ മൂന്നിലും സൂര്യൻ ഒൻപതിലും നില്ക്കുമ്പോൾ ജനിച്ചവൻ വൈശ്രവണനോടു തുല്യനായ രാജാവായിത്തീരും.

ചാപോദയസ്ഥേ ബലിനി പ്രഭാകരേ
മഹീസുതേ കർമ്മഗതേ സശീതഗൌ
ഉപാന്ത്യഗേ വാ ഭൃഗുജേ വ്യയസ്ഥിതേ
സുരേന്ദ്രതുല്യോ നൃപതിഃ പ്രജായതേ ൪൩

സൂര്യൻ ബലവാനായി ധനുർലഗ്നത്തിലും, ചൊവ്വ ചന്ദ്രനോടുകൂടി പത്തിലും പതിനൊന്നിലോ പന്ത്രണ്ടിലോ ശുക്രൻ നില്ക്കുകയും ചെയ്യുമ്പോൾ ജനിച്ചവൻ ദേവേന്ദ്രസദൃശനായ രാജാവായിത്തീരും.

വിക്രമായാരിഗാഃ പാപാ ജന്മപഃ ശുഭവീക്ഷിതഃ
രാജാ ഭവതി തേജസ്വീ സമസ്തജനവന്ദിതഃ.

പാപന്മാർ ൩-൬-൧൧ ഈ ഭാവങ്ങളിൽ നില്ക്കുകയും ലഗ്നാധിപന്നു ശുഭദൃഷ്ടിയുണ്ടായിരിക്കയും ചെയ്യുമ്പോൾ ജനിച്ചവൻ തേജസ്വിയും സകല ജനങ്ങളാൽ വന്ദിതനും ആയ രാജാവായിത്തീരും.

മൃഗോദയസ്ഥേ ബലിനി ക്ഷമാസുതേ
ശനൌ തപഃസ്ഥാനഗതേഽഥവാന്ത്യഗേ
ദിവാകരേ സപ്തമഗേ സശീതഗൌ
മഹീപതിശ്ചഞ്ചലമാനസോ ഭവേൽ. ൪൪

ചൊവ്വ ബലവാനായി മകരലഗ്നത്തിൽ നില്ക്കുകയും ശനി ഒൻപതിലോ പന്ത്രണ്ടിലോ നില്ക്കുകയും സൂര്യൻ ചന്ദ്രനോടുകൂടി ഏഴിൽ നില്ക്കുകയും ചെയ്യുമ്പോൾ ജനിച്ചവൻ ചപലചിത്തനായ രാജാവായിത്തീരും.

ലാഭേ സുഖേ വാ ദശമേ സമന്ദശ്ചന്ദ്രമാ യദി
ജാതോ നൃപകുലേ രാജാ തത്സമോ വാ ധനീ ഭവേൽ.

ചന്ദ്രൻ ശനിയോടുകൂടി പതിനൊന്നിലോ നാലിലോ പത്തിലോ നില്ക്കുമ്പോൾ ജനിച്ചവൻ രാജകുലത്തിൽ രാജാവായോ രാജസദൃശനായ ധനവാനായോ തീരും.

ജാതശ്ചോപചയസ്ഥിതേ തനുപതൌ ചന്ദ്രേ തപഃസ്ഥാനഗേ
കേന്ദ്രസ്ഥാഃ ശുഭവർഗ്ഗഗാ യദി ശുഭാ വീര്യാന്വിതാ ഭൂപതിഃ
ജീവേന്ദൂ വൃഷഭസ്ഥിതൌ ബലയുതഃ കോണസ്ഥിതോ ലഗ്നപഃ
ശന്യാരേക്ഷണവർജ്ജിതോ യദി തദാ ജാതോഽവനീശോ ഭവേൽ

ലഗ്നാധിപൻ ഉപചയരാശികളിലും ചന്ദ്രൻ ഒൻപതിലും ശുഭന്മാർ ബലവാന്മാരായി കേന്ദ്രത്തിൽ ശുഭവർഗ്ഗത്തിലും നില്ക്കുമ്പോൾ ജനിച്ചവനും, വ്യാഴവും ചന്ദ്രനും ഇടവത്തിലും, ലഗ്നാധിപൻ ബലവാനായി ത്രികോണരാശിയിൽ ശനിയുടേയും ചൊവ്വായുടേയും ദൃഷ്ടിയോടുകൂടാതെയും നില്ക്കുമ്പോൾ ജനിച്ചവനും രാജാവായി ഭവിക്കും.

ദിവാകരേ മീനഗൃഹോപയാതേ
കുളീരലഗ്നേ ശശിനി ക്ഷിതീശഃ
അരാതിനീചഗ്രഹദൃഷ്ടിയുക്താ
ഭൂപാലയോഗം ന ദിശന്തി സർവ്വേ.

മീനത്തിൽ സൂര്യനും കർക്കടകത്തിൽ ചന്ദ്രനും നില്ക്കുമ്പോൾ ജനിച്ചവൻ രാജാവായിത്തീരും. ശത്രുഗ്രഹങ്ങളുടേയോ നീചഗ്രഹങ്ങളുടേയോ ദൃഷ്ടിയുള്ള ഒരു ഗ്രഹവും രാജയോഗത്തെ പ്രദാനംചെയ്യുകയില്ല.

ജനയതി നൃപമേകോപ്യുച്ചഗോ മിത്രദൃഷ്ടഃ
പ്രചുരഗുണസമേതം മിത്രയോഗാദിസിദ്ധം
വിവസുവിസുഖമൂഢവ്യാധിതാ ബന്ധുതപ്താ
വധദുരിതസമേതാ ശത്രുനിമ്നർക്ഷഗേഷു. ൩൫

ഒരു ഗ്രഹമെങ്കിലും ഉച്ചനായിട്ട് മിത്രദൃഷ്ടിയോടുകൂടി നിന്നാൽ വളരെ ഗുണമുള്ളവനും ബന്ധുയോഗാദികളോടുകൂടിയവനും ആയ രാജാവായിത്തീരും. ശത്രുക്ഷേത്രത്തിലോ നീചക്ഷേത്രത്തിലോ നിന്നാൽ ധനമില്ലാത്തവനും സുഖമില്ലാത്തവനും മൂഢനും വ്യാധിതനും, ബന്ധുവിഹീനനും, വധപാപങ്ങളോടുകൂടിയവനും ആയ രാജാവായിത്തീരും.

ഹോരായാം—(ഹോരയിൽ)

ധനുർമ്മീനതുലാമേഷമൃഗകുംഭോദയേ ശനൗ
ചാരുഗോ നൃപതിർവ്വിദ്വാൻ പുരഗ്രാമാഗ്രണീ ഭവേൽ

ധനു മീനം തുലാം മേടം മകരം കുംഭം ഈ രാശികളിൽ ഏതിലെങ്കിലും ശനി നിന്നാൽ മനോഹരശരീരനും, വിദ്വാനും, പുരഗ്രാമാധിപനും ആയ രാജാവായിത്തീരും.

സ്വോച്ചത്രികോണസ്വസുഹൃച്ഛത്രുനീചഗ്രഹാർക്കഗൈഃ
ശുഭം സമ്പൂർണ്ണപാദോന ദളപാദാല്പനിഷ്ഫലം. ൩൬

ഗ്രഹങ്ങൾ തന്റെ ഉച്ചരാശിയിൽ, സമ്പൂർണ്ണവും മൂലത്രികോണത്തിൽ മുക്കാലും മിത്രക്ഷേത്രത്തിൽ പകുതിയും ശത്രുക്ഷേത്രത്തിൽ നാലിലൊന്നും, നീചത്തിൽ അല്പവും ഫലം പ്രദാനംചെയ്യും. മൌഢ്യത്തിൽ ഫലമില്ലാതെയും ആയിത്തീരും.

പഞ്ചമഹാപുരുഷയോഗം—

മൂലത്രികോണനിജതുംഗഗൃഹോപയാതാ
ഭൗമജ്ഞജീവസിതഭാനുസുതാ ബലിഷ്ഠാഃ
കേന്ദ്രസ്ഥിതാ യദി യദാ രുചകഭദ്രഹംസ-
മാളവ്യചാരുശശയോഗകരാ ഭവന്തി. ൩൭

ചൊവ്വാ ബലവാനായി തന്റെ മൂലത്രികോണരാശിയിലോ ഉച്ചരാശിയിലോ കേന്ദ്രത്തിൽ നിന്നാൽ രുചകയോഗവും, ബുധൻ അപ്രകാരംനിന്നാൽ ഭദ്രകയോഗവും, വ്യാഴം അപ്രകാരം നിന്നാൽ ഹംസയോഗവും ശുക്രൻ അപ്രകാരംനിന്നാൽ മാളവ്യയോഗവും, ശനി അപ്രകാരം നിന്നാൽ ശശകയോഗവും ആകുന്നു. കുജാദികൾക്കു കേന്ദ്രസ്ഥിതിയില്ലെങ്കിൽ ഈ യോഗം പറഞ്ഞുകൂടാ.

രുചകയോഗഫലം—

ജാതഃ ശ്രീരുചകേ ബലാന്വിതവപുഃ ശ്രീകീർത്തിശീലാന്വിതഃ
ശാസ്ത്രീ മന്ത്രജപാഭിചാരകുശലോ രാജാഥവാ തൽസമഃ

ലാവണ്യാരുണകാന്തികോമളതനുസ്ത്യാഗീ ജിതാരിർദ്ധനീ
സപ്തത്യബ്ദമിതായുഷാ സഹ സുഖീ സേനാതുരംഗാധിപഃ

ശ്രീരുചകയോഗത്തിൽ ജനിച്ചവൻ ബലത്തോടുകൂടിയ ശരീരമുള്ളവനും വളരെ കീർത്തിയോടും ശീലത്തോടും കൂടിയവനും ശാസ്ത്രപണ്ഡിതനും മന്ത്രം ജപം ആഭിചാരപ്രയോഗം ഇവയിൽ സമർത്ഥനും രാജാവായോ രാജതുല്യനായോ ഇരിക്കുന്നവനും ലാവണ്യം, അരുണകാന്തി ഇവയാൽ മനോഹരശരീരനും ദാനശീലനും, ശത്രുക്കളെ ജയിച്ചവനും, ധനവാനും സൈന്യാശ്വാധിപനും ആയിത്തീരുകയും, ൭൦ വയസ്സുവരെ സുഖിയായി ജീവിക്കയും ചെയ്യും.

ധർമ്മേശലാഭേശധനേശ്വരാണാമേകോപി ശീതദ്യുതികേന്ദ്രവർത്തി
സ്വയം ച ലാഭാധിപതിർഗ്ഗുരുശ്ചേദഖണ്ഡസാമ്രാജ്യപതിത്വമേതി.

൯, ൧൧, ൨ ഈ ഭാവങ്ങളുടെ അധിപന്മാരിൽ ഒരുത്തനെങ്കിലും ചന്ദ്രന്റെ കേന്ദ്രത്തിൽ നില്ക്കയും പതിനൊന്നാംഭാവാധിപതി വ്യാഴമായി വരികയും ചെയ്താൽ അഖണ്ഡമായ സാമ്രാജ്യാധിപത്യത്തെ പ്രാപിക്കും.

ഭദ്രകയോഗഫലം—

ശാർദ്ദൂലപ്രതിമാനനോ ഗജഗതിഃ പീനോരുവക്ഷഃസ്ഥലോ
ലംബാപീനസുവൃത്തബാഹുയുഗളസ്തത്തുല്യമാനോച്ഛ്റയഃ
മാനീ ബന്ധുജനോപകാരനിപുണശ്ശ്രീഭദ്രയോഗോത്ഭവോ
രാജാശീതിമിതായുരേതി വിപുലപ്രജ്ഞായശോവിത്തവാൻ

ഭദ്രകയോഗത്തിൽ ജനിച്ചവൻ സിംഹതുല്യമുഖനും, ആനയെപ്പോലെ ഗംഭീരമായി നടക്കുന്നവനും, തടിച്ചതും മഹത്തുംആയ നെഞ്ചോടുകൂടിയവനും, ആജാനുബാഹുവും, മാനിയും, ബന്ധുജനോപകാരിയും, രാജാവും ആയിത്തീരുകയും വളരെ ബുദ്ധിയോടും കീർത്തിയോടും ധനത്തോടുംകൂടി ൮൦ കൊല്ലം ജീവിച്ചിരിക്കയും ചെയ്യും.

ഹംസയോഗഫലം—

രക്താസ്യോന്നതനാസികഃ സുചരണോ ഹംസസ്വരഃ ശ്ലേഷ്മകോ
ഗൗരാംഗസ്സുകുമാരദാരസഹിതഃ കന്ദർപ്പതുല്യഃ സുഖീ
ശാസ്ത്രജ്ഞാനപരായണോഽതിനിപുണഃ ശ്രീഹംസയോഗേ ഗുണീ
ജാതോഽശീതിതമായുരേതി സയുഗം സാധുക്രിയാചാരവാൻ.

ഹംസയോഗത്തിൽ ജനിച്ചവൻ ചുവന്നമുഖവും നീണ്ടമൂക്കും നല്ല കാലും ഹംസസദൃശസ്വരവും ഉള്ളവനും കഫപ്രകൃതിയും വെളുത്ത ശരീരമുള്ളവനും സുന്ദരിയായ ഭാര്യയുള്ളവനും കാമതുല്യനും സുഖിയും ശാസ്ത്രജ്ഞാനമുള്ളവനും ഏററവും സമർത്ഥനും ആയിത്തീരുകയും നല്ല ക്രിയയോടും ആചാരത്തോടും കൂടിയവനായി ൮൨-വയസ്സുവരെ ജീവിച്ചിരിക്കയും ചെയ്യും.

മാളവ്യയോഗഫലം—

ശ്രീചേഷ്ടാലളിതാംഗസന്ധിനയനഃ സൗന്ദര്യ്യശാലീ ഗുണീ
തേജസ്വീ സുതദാരവാഹനധനീ ശാസ്ത്രാർത്ഥവിൽ പണ്ഡിതഃ
ഉത്സാഹപ്രഭുശക്തിമന്ത്രചതുരസ്ത്യാഗീ പരസ്ത്രീരതഃ
സപ്തത്യബ്ദമുപൈതി സപ്തസഹിതം മാളവ്യയോഗോത്ഭവഃ

മാളവ്യയോഗത്തിൽ ജനിച്ചവൻ സമസ്തത്തു് സുന്ദരമായ അംഗസന്ധി നയനം ഇവയുള്ളവനും, സൌന്ദര്യ്യശാലിയും, ഗുണവാനും, തേജസ്സുള്ളവനും, പുത്രന്മാർ, ഭാര്യ്യ, വാഹനം, ധനം ഇവയോടുകൂടിയവനും, ശാസ്ത്രാർത്ഥത്തെ അറിയുന്നവനും, വിദ്വാ

നും, ഉത്സാഹം, പ്രഭുശക്തി, കാര്യാലോചന ഇവയിൽ സമർത്ഥനും, ദാനശീലനും, അന്യസ്ത്രീയിൽ താല്പര്യമുള്ളവനും ആയിത്തീരുകയും ൭൦ വയസ്സുവരെ ജീവിച്ചിരിക്കയും ചെയ്യും.

ശശകയോഗഫലം—

ഭൂപോ വാ സചിവോ വനാചലരതഃ സേനാപതിഃ ക്രൂരധീർ
ധാതുവ്വാദവിനോദവഞ്ചനപരോ ദാതാ സരോഷേക്ഷണഃ
തേജസ്വീ നിജമാതൃഭക്തിനിരതശ്ശൂരോ സിതാംഗഃ സുഖീ
ജാതഃ സപ്തതിരായുരേതി ശശകേ ജാരക്രിയാശീലവാൻ ൩൪

ശശകയോഗത്തിൽ ജനിച്ചവൻ രാജാവോ മന്ത്രിയോ ആയും, കാട്, മല ഇവയിൽ താമസിക്കുന്നതിൽ തല്പരനും, സൈന്യാധിപതിയും ക്രൂരബുദ്ധിയും, വാദം, വിനോദം, വഞ്ചന ഇവയിൽ താല്പര്യമുള്ളവനും, ദാനശീലനും കോപത്താൽ ചുവന്ന കണ്ണോടുകൂടിയവനും തേജസ്സുള്ളവനും മാതൃഭക്തിയുള്ളവനും, ശൂരനും ധവളശരീരനും, സുഖിയും, ജാരനും ആയിത്തീരുകയും, എഴുപതുവയസ്സുവരെ ജീവിച്ചിരിക്കയും ചെയ്യും.

ഗർഗഹോരായാം (ഗർഗഹോരയിൽ)—

യസ്യ യോഗസ്യ യഃ കർത്താ ബലവാൻ ശുഭദൃഗ്യുതഃ
അധിയോഗാദിയോഗേഷു സ്വദശായാം ഫലപ്രദഃ ൩൫

ഏതൊരു യോഗത്തിന് ഏതൊരു ഗ്രഹമാണോ കർത്താവായിട്ടുള്ളത് ആ ഗ്രഹം ബലവാനായും ശുഭദൃഷ്ടിയോടുകൂടിയും അധിയോഗാദിയോഗത്തിൽ നിന്നാൽ തന്റെ ദശയിൽ ആ യോഗത്തിന്റെ ഫലത്തെത്തരും.

ഭാസ്കരാദിയോഗം—

ഭാനോരർത്ഥഗതേ ബുധേ ശശിസുതാല്ലാഭേ സ്ഥിതശ്ചന്ദ്രമാ-
ശ്ചന്ദ്രാൽ കോണഗതഃ പുരന്ദരഗുരുര്യോഗസ്തദാ ഭാസ്കരഃ
ശൂരോ ഭാസ്കരയോഗജഃ പ്രഭുസമഃ ശാസ്ത്രാർത്ഥവിദ്രൂപവാൻ
ഗാന്ധർവ്വശ്രുതിവിത്തവാൻ ഗണിതവിദ്ധീരസ്സമർത്ഥോ ഭവേൽ

സൂര്യന്റെ രണ്ടിൽ ബുധനും ബുധന്റെ ൧൧-ൽ ചന്ദ്രനും ചന്ദ്രന്റെ ത്രികോണത്തിൽ വ്യാഴവും നിന്നാൽ ഭാസ്കരയോഗമാകുന്നു. ഭാസ്കരയോഗത്തിൽ ജനിച്ചവൻ ശൂരനും പ്രഭുതുല്യനും ശാസ്ത്രാർത്ഥജ്ഞനും, സൗന്ദര്യവാനും സംഗീതവിദ്യയിൽ സമർത്ഥനും ധനവാനും ഗണിതശാസ്ത്രജ്ഞനും ധീരനും സമർത്ഥനും ആയിത്തീരും.

ഇന്ദ്രയോഗവും തൽഫലവും—

ചന്ദ്രാദപിക്രമഗഃ കുജോ/വനിസുതാദസ്തേ ശനിഃ സൂര്യജാ-
ദസ്തേ ദൈത്യഗുരുഃ സിതാന്മദനഗോ ജീവോ യദീന്ദ്രാഹ്വയഃ
ഖ്യാതസ്തത്ര ഭവസ്സുശീലഗുണവാൻ ഭൂപോപി വാ തത്സമോ
വാഗ്മീ വിത്തവിചിത്രഭൂഷണയശോരൂപപ്രതാപാന്വിതഃ

ചന്ദ്രന്റെ മൂന്നിൽ ചൊവ്വായും ചൊവ്വായുടെ ഏഴിൽ ശനിയും ശനിയുടെ ഏഴിൽ ശുക്രനും ശുക്രന്റെ ഏഴിൽ വ്യാഴവും നിന്നാൽ ഇന്ദ്രയോഗമാകുന്നു. ഇന്ദ്രയോഗത്തിൽ ജനിച്ചവൻ പ്രസിദ്ധനും നല്ല ശീലഗുണമുള്ളവനും രാജാവും അല്ലെങ്കിൽ തൽസദൃശനും, വാഗ്മിയും, ധനം, വിചിത്രഭൂഷണം, യശസ്സ്, സൗന്ദര്യം, പ്രതാപം ഇവയോടുകൂടിയവനും ആയിത്തീരും.

വായുയോഗവും തൽഫലവും—

ശുക്രാൽ കോണഗതോ ഗുരുഃ സുരഗുരോഃ പുത്രേ ശശീ ശീതഗോഃ
കേന്ദ്രസ്ഥാനസമാശ്രിതോ ദിനകരോ യോഗോ മരുൽസംജ്ഞകഃ

വാഗ്മീ വായുഭവോ വിശാലഹൃദയഃ സ്ഥൂലോദരഃ ശാസ്ത്രവിൽ
സംപന്നഃ ക്രയവിക്രയേഷു കുശലോ രാജാഥവാ തൽസമഃ

ശുക്രന്റെ അഞ്ചിലോ ഒൻപതിലോ വ്യാഴവും വ്യാഴത്തിന്റെ ൭-ൽ ചന്ദ്രനും ചന്ദ്രന്റെ കേന്ദ്രത്തിൽ സൂൎയ്യനും നിന്നാൽ വായുയോഗമാകുന്നു. ഈ വായുയോഗത്തിൽ ജനിച്ചവൻ വാഗ്മിയും വിശാലഹൃദയനും മഹത്തായ ഉദരത്തോടുകൂടിയവനും ശാസ്ത്രജ്ഞനും സമ്പന്നനും കൊടുക്കവാങ്ങലിൽ സമൎത്ഥനും ആയും രാജാവോ രാജതുല്യനോ ആയും തീരും.

ബുധയോഗവും തൽഫലവും—

ലഗ്നേശ്വാ ഗുരുകേന്ദ്രഗോ ഹിമകരശ്ചന്ദ്രാദഹിർവിത്തഗോ
വീൎയ്യസ്ഥാനഗതൗ ച ഭാനുരുധിരൗ യോഗോ ബുധഃ കീൎത്തിതഃ
രാജാ ശ്രീബുധയോഗജോഽതുലബലപ്രഖ്യാതനാമാ വിദഃ
ശാസ്ത്രജ്ഞാനകരക്രിയാസു ചതുരോ ധീമാനശത്രുർഭവേൽ

ലഗ്നാധിപനായ ചന്ദ്രൻ വ്യാഴത്തിന്റെ കേന്ദ്രത്തിലും, രാഹു ചന്ദ്രന്റെ രണ്ടിലും സൂൎയ്യനും ചൊവ്വയും മൂന്നിലും നിന്നാൽ ബുധയോഗമാകുന്നു. ഈ ബുധയോഗത്തിൽ ജനിച്ചവൻ വളരെ ബലമുള്ളവനും, വിദ്വാനും ശാസ്ത്രജ്ഞാനം കൈവേല ഇവയിൽ സമൎത്ഥനും ബുദ്ധിമാനും ശത്രുവില്ലാത്തവനുമായിത്തീരും.

കേമദ്രുമയോഗം—

ലഗ്നസ്ഥിതേ ദിനകരേ യദി വാ മദസ്ഥേ
കേമദ്രുമോ ഭവതി ജീവദൃശാ വിഹീനേ
അത്യല്പബിന്ദുസഹിതാ യദി ഖേചരേന്ദ്രാഃ
കേമദ്രുയോഗഫലദാ വിബലാശ്ച സൎവ്വേ ൧൦

സൂൎയ്യൻ ലഗ്നത്തിലോ ഏഴിലോ വ്യാഴദൃഷ്ടിയോടുകൂടാതെ നിന്നാൽ കേമദ്രുമയോഗമാകുന്നു. ഗ്രഹങ്ങൾ അത്യല്പമായ ബിന്ദുക്കളോടുകൂടിയും എല്ലാ ഗ്രഹങ്ങളും ബലമില്ലാതെയും ഇരുന്നാൽ കേമദ്രുമയോഗത്തിന്റെ ഫലത്തെ കൊടുക്കുന്നവരായിത്തീരും.

സുനഭാദിയോഗം—

ദ്വിതയേ ദ്വാദശേ പാൎശ്വേ ദ്വയേ ഖേചരസംയുതേ
ശീതാംശോസ്സുനഭായോഗസ്ത്വനഭാ നാമ കീൎത്തിതഃ
യോഗോ ധുരുധുരാഖ്യഃ സ്യാൽ വിനാ സൎവ്വത്ര ഭാസ്കരം
ഏതദ്യോഗത്രയാഭാവേ കേമദ്രുമഫലം വദേൽ ൧൧

ചന്ദ്രന്റെ രണ്ടിൽ സൂൎയ്യനോടുകൂടാതെയുള്ള ഗ്രഹം നിന്നാൽ സുനഭായോഗവും ചന്ദ്രന്റെ ൧൨-ൽ സൂൎയ്യനല്ലാതെയുള്ള ഗ്രഹം നിന്നാൽ അനഭായോഗവും, ചന്ദ്രന്റെ ൨-ലും ൧൨-ലും സൂൎയ്യനല്ലാതെയുള്ള ഗ്രഹം നിന്നാൽ ധുരുധുരായോഗവും ആകുന്നു. ഈ മൂന്നു യോഗത്തിൽ ഏതെങ്കിലും ഒരു യോഗമില്ലെങ്കിൽ കേമദ്രുമയോഗത്തിന്റെ ഫലത്തെ പറയണം.

ദരിദ്രയോഗം—

ചന്ദ്രേ സഭാനൗ യദി നീചദൃഷ്ടേ
പാപാംശകേ യാതി ദരിദ്രയോഗം
ക്ഷീണേന്ദുലഗ്നാന്നിധനേ നിശായാം
പാപേക്ഷിതേ പാപയുതേ തഥാ സ്യാൽ ൧൨

ചന്ദ്രന് സൂര്യയോഗവും നീചഗ്രഹദൃഷ്ടിയും പാപാംശകസ്ഥിതിയും വന്നാലും ക്ഷീണചന്ദ്രൻ ലഗ്നത്തിലോ അഷ്ടമത്തിലോ പാപഗ്രഹങ്ങളുടെ ദൃഷ്ടികളോടുകൂടി നില്ക്കുകയും രാത്രിയിൽ ജനനമാകുകയും ചെയ്താലും ദരിദ്രയോഗമാകുന്നു.

വിധുന്തുദാദിഗ്രഹപീഡിതേന്ദൌ
പാപേക്ഷിതേ ചാത്ര ദരിദ്രമേതി
ലഗ്നാച്ചതുഷ്കേന്ദ്രഗൃഹേ സപാപേ
നിശാകരാദപ്യത്ര ദരിദ്രമേതി ൧൩

ചന്ദ്രൻ രാഹു തുടങ്ങിയ ഗ്രഹങ്ങളാൽ പീഡിതനായി പാപദൃഷ്ടിയോടുകൂടി നിന്നാലും, ലഗ്നത്തിന്റെയോ ചന്ദ്രന്റെയോ നാലുകേന്ദ്രസ്ഥാനങ്ങളിലും പാപഗ്രഹങ്ങൾമാത്രം നിന്നാലും ദരിദ്രയോഗത്തെ പ്രാപിക്കും.

ചന്ദ്രേ പരാജിതശുഭഗ്രഹദൃഷ്ടിയുക്തേ
രാഹ്വാദിപീഡിതതനൌ തു ദരിദ്ര ഏവ
നീചാരിവീക്ഷണയുതേ രിപുരാശിവർഗ്ഗേ
ചന്ദ്രേ തുലാധരഗതേ തു തഥാ വദന്തി. ൧൪

ചന്ദ്രൻ രാഹു തുടങ്ങിയ ഗ്രഹങ്ങളാൽ പീഡിക്കപ്പെട്ട് യുദ്ധത്തിൽ പരാജിതരായ ശുഭഗ്രഹങ്ങളുടെ ദൃഷ്ടിയോടുംകൂടി നിന്നാലും ചന്ദ്രൻ ശത്രുക്ഷേത്രവർഗ്ഗത്തിൽ തുലാത്തിൽ നീചശത്രുഗ്രഹങ്ങളുടെ ദൃഷ്ടിയോടുകൂടി നിന്നാലും ദരിദ്രയോഗമാകുന്നു.

കേന്ദ്രേ വാ യദി കോണഗേ ഹിമകരേ നീചാരിവർഗ്ഗസ്ഥിതേ
ചന്ദ്രാദന്ത്യസപത്നരന്ധ്രഗൃഹഗേ ജീവേ ദരിദ്രോ ഭവേൽ
പാപാംശേ രിപുവീക്ഷിതേ ചരഗൃഹേ ചന്ദ്രേ ചരാംശേƒഥവാ
ജാതോ യാതി ദരിദ്രയോഗമതുലം ദേവേജ്യദൃഗ്വർജ്ജിതേ. ൧൫

ചന്ദ്രൻ നീചശത്രുഗ്രഹവർഗ്ഗത്തിൽ കേന്ദ്രത്തിലോ ത്രികോണത്തിലോ നില്ക്കുകയും വ്യാഴം ചന്ദ്രന്റെ ൧൨-൬-൮- ഈ ഭാവങ്ങളിൽ നില്ക്കുകയും ചെയ്താലും, ചന്ദ്രൻ ചരരാശിയിൽ പാപാംശത്തിൽ അല്ലെങ്കിൽ ചരാംശത്തിൽ വ്യാഴദൃഷ്ടിയോടുകൂടാതെ നിൽക്കുകയും ചെയ്താലും ദരിദ്രയോഗമാകുന്നു.

അന്യോന്യദൃഷ്ടൌ ശനിദാനവേജ്യൌ
നീചാരിപാപഗ്രഹവർഗ്ഗയാതൌ
ഏകർക്ഷഗോ വാ യദി രാജവംശേ
ജാതോപി കേമദ്രുമയോഗമേതി ൧൬

ശനിയും ശുക്രനും ഒരു രാശിയിൽ നീചഗ്രഹത്തിന്റെയോ ശത്രുഗ്രഹത്തിന്റെയോ പാപഗ്രഹത്തിന്റെയോ വർഗ്ഗത്തിൽ പരസ്പരദൃഷ്ടിയോടുംകൂടി നില്ക്കുകയും ചെയ്താൽ രാജവംശജാതനും കേമദ്രുമയോഗഫലത്തെ പ്രാപിക്കും.

ചന്ദ്രേ പാപയുതേ തു പാപഭവനേ പാപാംശകേ വാ നിശി
വ്യോമേശേന നിരീക്ഷിതേ ബലയുതേ കേമദ്രുയോഗോ ഭവേൽ
ഭാഗ്യസ്ഥാനപവീക്ഷിതേ ഖലയുതേ നീചാംശകേƒബ്ജേ തഥാ
ചന്ദ്രേ നീചയുതേ നിശി ക്ഷയതനൌ ജാതസ്യ കേമദ്രുമഃ ൧൭

ചന്ദ്രൻ ബലഹീനനായി പാപന്മാരുമൊരുമിച്ചു പാപക്ഷേത്രത്തിലോ പാപാംശകത്തിലോ നില്ക്കുകയും ആ ചന്ദ്രന് ൧൦-ാംഭാവാധിപന്റെ ദൃഷ്ടിയുണ്ടായിരിക്കയും രാത്രിയിൽ ജനിക്കുകയും ചെയ്താലും, ക്ഷീണചന്ദ്രൻ പാപന്മാരോടുകൂടി നീചാംശക

ത്തിലോ നീചഗ്രഹങ്ങളോടുകൂടിയോ നില്ക്കുകയും ഭാഗ്യസ്ഥാനാധിപദൃഷ്ടിയുണ്ടായിരിക്കയും രാത്രിയിൽ ജനനമായിരിക്കയും ചെയ്താലും കേമദ്രുമയോഗമാകുന്നു.

കേമദ്രുമയോഗത്തിന്റെ അപവാദം—

നിശാകരേ കേന്ദ്രഗതേ ഭൃഗൌ വാ
ജീവേക്ഷിതേ നൈവ ദരിദ്രയോഗഃ
ശുഭാന്വിതേ വാ ശുഭമദ്ധ്യഗേബ്ജേ
ജീവേക്ഷിതേ നൈവ ദരിദ്രയോഗഃ ൨൦

ചന്ദ്രനോ ശുക്രനോ വ്യാഴദൃഷ്ടിയോടുകൂടി കേന്ദ്രത്തിൽ നിന്നാലും, ചന്ദ്രൻ ശുഭന്മാരോടുകൂടിയോ രണ്ടു ശുഭന്മാരുടെ നടുക്കോ വ്യാഴദൃഷ്ടിയോടുകൂടിനിന്നാലും ദരിദ്രയോഗം ഭവിക്കുന്നില്ല.

ചന്ദ്രേഽതിമിത്രനിജതുംഗഗൃഹാംശകസ്ഥേ
ജീവേക്ഷിതേ യദി ദരിദ്രതയാ വിഹീനഃ
പൂർണ്ണേ തനൌ ശുഭയുതേ ദിവി തുംഗയാതേ
ജീവേക്ഷിതേ ഹിമകരേ ന ഭവേൽ ദരിദ്രഃ ൨൧

ചന്ദ്രൻ തന്റെ അതിബന്ധുക്ഷേത്രത്തിലോ ഉച്ചരാശിയിലോ സ്വനവാംശകത്തിലോ വ്യാഴദൃഷ്ടിയോടുകൂടിനിന്നാലും, പൂർണ്ണചന്ദ്രൻ ശുഭന്മാരോടുകൂടി ഉച്ചരാശിയിൽ നില്ക്കുകയും ആ ചന്ദ്രന്ന വ്യാഴദൃഷ്ടിയുണ്ടായിരിക്കയുംചെയ്താലും ദാരിദ്ര്യയോഗം ഭവിക്കുന്നില്ല.

കേമദ്രുമയോഗഫലം—

യോഗേ കേമദ്രുമേ പ്രാപ്തേ യസ്മിൻ കസ്മിംശ്ച ജാതകേ
രാജയോഗാ വിനശ്യന്തി ഹരിം ദൃഷ്ട്വാ യഥാ ദ്വിപാഃ ൨൨

ആരുടെ ജാതകത്തിലാണോ കേമദ്രുമയോഗം ഉള്ളതു് അവന്നു്, സിംഹത്തെ കണ്ട ആനകളുടെകൂട്ടു് രാജയോഗങ്ങളും നശിക്കുന്നു.

ഹോരായാം (ഹോരയിലെ സുനഭാദികളെ കാണിക്കുന്നു)—

ഹിത്വാർക്കം സുനഭാനഭാധുരുധുരാഃസ്വാന്ത്യോഭയസ്ഥൈർഗ്രഹൈഃ
ശീതാംശോഃ കഥിതോന്യഥാ തു ബലിഭിഃ കേമദ്രുമോന്യൈരപി
കേന്ദ്രേ ശീതകരേഥവാ ഗ്രഹയുതേ കേമദ്രുമോ നേഷ്യതേ
കേചിൽ കേന്ദ്രനവാംശകേഷു ച വദന്ത്യുക്തിപ്രസിദ്ധാ ന തേ

സൂര്യനല്ലാതെ ഏതെങ്കിലും ഒരു ഗ്രഹം ചന്ദ്രന്റെ ൨-ൽ നിന്നാൽ സുനഭായോഗവും, ചന്ദ്രന്റെ ൧൨-ൽ നിന്നാൽ അനഭായോഗവും, രണ്ടിലും പന്ത്രണ്ടിലും നിന്നാൽ ധുരുധുരായോഗവും ആകുന്നു. ഇതിന്ന വിപരീതമായി നിന്നാൽ കേമദ്രുമയോഗമാകുന്നു. ചന്ദ്രൻ ചൊവ്വ മുതലായവരുടെ കേന്ദ്രത്തിലോ അല്ലെങ്കിൽ ഏതെങ്കിലും ഗ്രഹത്തോടുകൂടിയോ നിന്നാൽ കേമദ്രുമയോഗം ഭവിക്കുന്നില്ല. ചില ആചാര്യന്മാർ ചന്ദ്രന്റെ നാലിൽ ഏതെങ്കിലും ഗ്രഹം നിന്നാൽ സുനഭായോഗവും പത്തിൽ ഏതെങ്കിലും ഗ്രഹം നിന്നാൽ അനഭായോഗവും, നാലിലും പത്തിലും ഏതെങ്കിലും ഗ്രഹം നിന്നാൽ ധുരുധുരായോഗവും ആണെന്നും, അല്ലെങ്കിൽ ചന്ദ്രൻ ഏതു രാശിയുടെ നവാംശകത്തിലാണോ നില്ക്കുന്നതു് ആ രാശിയുടെ, രണ്ടിൽ ഗ്രഹം നിന്നാൽ സുനഭായോഗമെന്നും പത്തിൽ ഗ്രഹം നിന്നാൽ അനഭായോഗമെന്നും, രണ്ടിലും പത്തിലും ഗ്രഹം നിന്നാൽ ധുരുധുരായോഗമെന്നും ഈ യോഗങ്ങളില്ലെങ്കിൽ കേമദ്രുമയോഗമെന്നും പറയുന്നു. എന്നാൽ ഈ ആചാര്യന്മാരുടെ മതം പ്രസിദ്ധമല്ല.

സുനഭാദിയോഗഫലം —

സ്വയമധിഗതവിത്തഃ പാർത്ഥിവസ്തൽസമോ വാ
ഭവതി ഹി സുനഭായാം ധീധനഖ്യാതിമാംശ്ച
പ്രഭുരഗദശരീരഃ ശീലവാൻ ഖ്യാതികീർത്തിർ-
വിഷയസുഖസുവേഷോ നിർവൃതശ്ചാനഭായാം. ൮൨

സുനഭായോഗത്തിൽ ജനിച്ചവൻ സ്വയം ധനം ലഭിക്കുന്ന രാജാവോ തത്സമനോ ആയും, ധീ, ധനം, ഖ്യാതി ഇവയോടുകൂടിയവനായും തീരും. അനഭായോഗത്തിൽ ജനിച്ചവൻ പ്രഭുവായും രോഗമില്ലാത്തവനായും നല്ല ശീലമുള്ളവനായും, പ്രസിദ്ധകീർത്തിയായും വിഷയസുഖിയായും നല്ല വേഷത്തോടുകൂടിയവനായും സുഖിയായും തീരും.

ഇത്ഥം നഭോഗസുഖഭാക് ധനവാഹനാഢ്യ-
സ്ത്യാഗാന്വിതോ ധുരുധുരാപ്രഭവസ്സുഭൃത്യഃ
കേമദ്രുമേ മലിനദുഃഖിതനീചനിഃസ്വാഃ
പ്രേഷ്യാഃ ഖലാശ്ച നൃപതേരപി വംശജാതാഃ ൮൩

ധുരുധുരായോഗത്തിൽ ജനിച്ചവൻ ഭോഗങ്ങളോടുകൂടിയ സുഖമനുഭവിക്കുന്നവനും, ധനം, വാഹനം ഇവകൊണ്ടു ആഢ്യനും ത്യാഗശീലനും, നല്ല ഭൃത്യന്മാരോടു കൂടിയവനും ആയിത്തീരും. കേമദ്രുമയോഗത്തിൽ ജനിച്ചവൻ രാജവംശജാതനായാലും മലിനവേഷനായും ദുഃഖിതനായും നീചനായും നിർദ്ധനനായും ഭൃത്യനായും ദുഷ്ടനായും തീരും.

കുജാദിയുതസുനഭായോഗം —

ജാതശ്ച ഭൂപതിഃ ഷണ്ഡോ ഹിംസ്രോ ഡംഭസ്സുധീരധീഃ
ധനവിക്രമവാൻ കോപീ ചന്ദ്രാദ്ധനഗതേ കുജേ ൮൪

ചൊവ്വ ചന്ദ്രന്റെ രണ്ടിൽ നില്ക്കുമ്പോൾ ജനിച്ചവൻ സേനാധിപതിയും ഘാതകനും ഷണ്ഡനും ഡംഭുള്ളവനും, ധീരനും ധീധീയും, ധനം വിക്രമം ഇവ ഉള്ളവനും, കോപിയും ആയിത്തീരും.

വേദശാസ്ത്രകലാഗേയകുശലഃ സുശരീരവാൻ
മനസ്വീ ഹിതവാഗ്ധർമ്മീ ചന്ദ്രാദ്വിത്തഗതേ ബുധേ. ൮൫

ചന്ദ്രന്റെ രണ്ടിൽ ബുധൻ നിന്നാൽ വേദം, ശാസ്ത്രം, കലാവിദ്യ, പാട്ടു് ഇവയിൽ സമർത്ഥനും നല്ല ദേഹമുള്ളവനും സുമനസ്സും ഹിതമായ വാക്കുപറയുന്നവനും ധർമ്മശീലനും ആയിത്തീരും.

സർവ്വവിദ്യാധികഃ ശ്രീമാൻ കുടുംബീ നൃപവല്ലഭഃ
രാജതുല്യയശസ്വീ വാ ചന്ദ്രാദ്വിത്തഗതേ ഗുരൗ. ൮൬

ചന്ദ്രന്റെ രണ്ടിൽ വ്യാഴം നിന്നാൽ സർവ്വവിദ്യയുള്ളവനും ശ്രീമാനും കുടുംബമുള്ളവനും, രാജവല്ലഭനും, രാജതുല്യമായ യശസ്സുള്ളവനും ആയിത്തീരും.

വിക്രമസ്ത്രീധനക്ഷേത്രകർമ്മവാൻ ഗൃഹവഞ്ചകഃ
ചതുഷ്പദാഢ്യോ രാജശ്രീഃ സിതേ ചന്ദ്രാൽ കുടുംബഗേ.

ചന്ദ്രന്റെ രണ്ടിൽ ശുക്രൻ നിന്നാൽ വിക്രമിയും, ഭാര്യ, ധനം, ക്ഷേത്രം കർമ്മം ഇവയോടുകൂടിയവനും ഗൃഹവഞ്ചകനും, നാൽക്കാലികളും ധാരാളം ഉള്ളവനും, രാജതുല്യസമ്പത്തുള്ളവനും ആയിത്തീരും.

പുരഗ്രാമസ്ഥിതാശേഷൈഃ പൂജിതോ ധനവാൻ സുധീഃ
നിപുണസ്സർവ്വകാര്യേഷു ചന്ദ്രാദ്വിത്തഗതേ ശനൌ. ൮൮

ചന്ദ്രന്റെ രണ്ടിൽ ശനി നിന്നാൽ പുരം, ഗ്രാമം ഇവിടെയുള്ള സകലരാലും പൂജിതനും ധനവാനും ബുദ്ധിമാനും എല്ലാകാൎയ്യങ്ങളിലും സമൎത്ഥനും ആയിത്തീരും.

കുജാദിയുതഅനഭായോഗം—

മാനീരണോദ്ധതഃ ക്രോധീ ദുഷ്ടശ്ചോരജനപ്രഭുഃ
ധീരഃ സ്വതന്ത്രലോഭീ സ്യാൽ ചന്ദ്രാദന്ത്യഗതേ കുജേ. ൮൯

ചന്ദ്രന്റെ പന്ത്രണ്ടിൽ ചൊവ്വ നിന്നാൽ മാനിയും യുദ്ധോത്സുകനും കോപിയും ദുഷ്ടനും കള്ളന്മാരിൽ പ്രധാനിയും ധീരനും തന്റെ ദേഹത്തെ കരുതുന്നവനും ആയിത്തീരും.

ഗാന്ധർവ്വലേഖ്യപടുവാക് കവിൎവ്വക്താ സുദേഹവാൻ
യശസ്വീ രാജപൂജ്യസ്സ്യാൽ ചന്ദ്രാദ്വ്യയഗതേ ബുധേ. ൯൦

ചന്ദ്രന്റെ ൧൨-ൽ ബുധൻ നിന്നാൽ പാട്ടിലും ലേഖനമെഴുതുന്നതിലും സമൎത്ഥനും, കവിയും വാക്സാമൎത്ഥ്യമുള്ളവനും, നല്ല ശരീരമുള്ളവനും, കീൎത്തിമാനും രാജാവിനാൽ പൂജ്യനും ആയിത്തീരും.

രാജപൂജ്യോതിമേധാവീ ഗാംഭീൎയ്യഗുണസത്വവാൻ
ശുചിഃ സ്ഥാനധനാഢ്യഃ സ്യാൽ ചന്ദ്രാദ്വ്യയഗേ ഗുരൌ ൯൧

ചന്ദ്രന്റെ പന്ത്രണ്ടിൽ വ്യാഴം നിന്നാൽ രാജാവിനാൽ പൂജ്യനും, അതിബുദ്ധിമാനും, ഗാംഭീൎയ്യഗുണത്തോടും സത്വഗുണത്തോടും കൂടിയവനും, ശുചിയും സ്ഥാനമാനവും ധനവുംകൊണ്ട് ആഢ്യനും ആയിത്തീരും.

യുവതീജനകന്ദൎപ്പഃ പശ്വാദിധനവാൻ സുധീഃ
ധനധാന്യാദികശ്ചന്ദ്രാദന്ത്യസ്ഥാനഗതേ ഭൃഗൌ. ൯൨

ചന്ദ്രന്റെ ൧൨-ൽ ശുക്രൻ നിന്നാൽ സ്ത്രീജനങ്ങൾക്കു കാമസദൃശനും, പശു മുതലായ ധനമുള്ളവനും, വിദ്വാനും, ധനധാന്യാദിയുക്തനും ആയിത്തീരും.

വിസ്തീൎണ്ണബാഹുൎഗ്ഗുണവാൻ നേതാ പശ്വാദിവിത്തവാൻ
ഗൃഹീതവാക്യോ കുസ്ത്രീകശ്ചന്ദ്രാദന്ത്യഗതേ ശനൌ. ൯൩

ചന്ദ്രന്റെ പന്ത്രണ്ടിൽ ശനി നിന്നാൽ ആജാനുബാഹുവും ഗുണവാനും നായകനും പശു മുതലായ ധനമുള്ളവനും, അനുസരണയുള്ളവനും നിന്ദ്യയായ സ്ത്രീയോടു കൂടിയവനും ആയിത്തീരും.

ധുരധുരായോഗഫലം

അസത്യവാദി ഗുണവാൻ നിപുണോതിശയോ ഗുണീ
ലുബ്ധോ വൃദ്ധാഽസതീസക്തശ്ചന്ദ്രേ സൌമ്യാരമധ്യഗേ. ൯൪

ബുധന്റെയും ചൊവ്വായുടേയും മദ്ധ്യത്തിൽ ചന്ദ്രൻ നിന്നാൽ കള്ളംപറയുന്നവനും ഗുണവാനും സമൎത്ഥനും അതിമൌഢ്യഗുണമുള്ളവനും ലുബ്ധനും വൃദ്ധവേശ്യയിൽ സക്തനും ആയിത്തീരും.

സ്വകൎമ്മവിഭവോ ധൃഷ്ടോ യശസ്വീ രിപുപീഡിതഃ
സ്വഗേഹേ ശീലകൃച്ചന്ദ്രേ മദ്ധ്യഗേ കുജജീവയോഃ ൯൫

ചൊവ്വായുടേയും വ്യാഴത്തിൻെറയും മദ്ധ്യത്തിൽ ചന്ദ്രൻനിന്നാൽ തൻെറ കർമ്മത്തിൽ സമർത്ഥനും, ധൈര്യമുള്ളവനും കീർത്തിമാനും ശത്രുപീഡിതനും സ്വഭവനത്തിൽ ഇരിക്കുമ്പോൾമാത്രം സുശീലനും ആയിത്തീരും.

വ്യായാമീ സുഭഗഃ ക്രൂരോ ഹൃഷ്ടസ്സൽകാമവിത്തവാൻ
ദയാദിശീലഃ ശീതാംശൗ മദ്ധ്യഗേ കുജശുക്രയോഃ ൯൬

ചൊവ്വായുടേയും ശുക്രൻെറയും മദ്ധ്യത്തിൽ ചന്ദ്രൻ നിന്നാൽ വ്യായാമമുള്ളവനും സുന്ദരനും ക്രൂരനും സന്തുഷ്ടനും, കാമം ധനം ഇവയുള്ളവനും ദയാദിശീലമുള്ളവനും ആയിത്തീരും.

കുത്സിതസ്ത്രീരതഃ ക്രോധീ ധനവാൻ പിശുനോരിമാൻ
അസംതപ്തോ നിശാനാഥേ മദ്ധ്യഗേ കുജമന്ദയോഃ ൯൭

ചൊവ്വായുടേയും ശനിയുടേയും മദ്ധ്യത്തിൽ ചന്ദ്രൻ നിന്നാൽ നിന്ദ്യയായ സ്ത്രീയിൽ താല്പര്യമുള്ളവനും കോപിയും ധനവാനും ഏഷണിക്കാരനും ശത്രുവുള്ളവനും സന്താപമില്ലാത്തവനും ആയിത്തീരും.

ധർമ്മാത്മാ ശാസ്ത്രവിദ്വാഗ്മീ സൽകവിഃ സ്വജനാന്വിതഃ
യശസ്വീ ച നിശാനാഥേ മദ്ധ്യഗേ ബുധജീവയോഃ ൯൮

ബുധൻെറയും വ്യാഴത്തിൻെറ മദ്ധ്യത്തിൽ ചന്ദ്രൻനിന്നാൽ ധർമ്മബുദ്ധിയും ശാസ്ത്രജ്ഞനും, വാഗ്മിയും, സൽകവിയും സ്വജനങ്ങളോടുകൂടിയവനും, കീർത്തിമാനുമായിത്തീരും.

നൃത്യഗാനരതഃ കാന്തഃ പ്രിയവാക്ക് സുഭഗഃ സുധീഃ
ശൂരപ്രകൃതികശ്ചന്ദ്രേ മദ്ധ്യഗേ ബുധശുക്രയോഃ ൯൯

ബുധൻെറയും ശുക്രൻെറയും മദ്ധ്യത്തിൽ ചന്ദ്രൻനിന്നാൽ നൃത്തനം ഗാനം ഇവയിൽ തല്പരനും മനോഹരനും ഇഷ്ടവാക്കും സുഭഗനും വിദ്വാനും ശൂരപ്രകൃതിയും ആയിത്തീരും.

ദേശാദ്ദേശം ഗതഃ പൂജ്യോ നാതിവിദ്യാധനാന്വിതഃ
സ്വബന്ധുജനവിദ്വേഷീ ചന്ദ്രേ മന്ദജ്ഞമദ്ധ്യഗേ ൧൦൦

ബുധൻെറയും ശനിയുടേയും മദ്ധ്യത്തിൽ ചന്ദ്രൻ നിന്നാൽ ഒരു ദേശത്തിൽ നിന്ന് ഒരു ദേശത്തിൽ ഗമിക്കുന്നവനും പൂജ്യനും അതിവിദ്യയും അതിധനവും ഇല്ലാത്തവനും തൻെറ ബന്ധുജനങ്ങളെ ദ്വേഷിക്കുന്നവനും ആയിത്തീരും.

നൃപകൃത്യകരഃ ശ്രീമാൻ നീതിജ്ഞോ വിക്രമാന്വിതഃ
ഖ്യാതോഽദുഷ്ടമതിശ്ചന്ദ്രേ മദ്ധ്യഗേ ഗുരുശുക്രയോഃ ൧൦൧

വ്യാഴത്തിൻെറയും ശുക്രൻെറയും മദ്ധ്യത്തിൽ ചന്ദ്രൻ നിന്നാൽ രാജതുല്യനും ശ്രീമാനും നീതിജ്ഞനും വിക്രമത്തോടുകൂടിയവനും പ്രസിദ്ധനും ദുഷ്ടബുദ്ധിയല്ലാത്തവനും ആയിത്തീരും.

സുഖീ വിനയവിജ്ഞാനവിദ്യാരൂപഗുണാന്വിതഃ
ധനീ ശാന്തികരശ്ചന്ദ്രേ മദ്ധ്യഗേ ശനിജീവയോഃ ൧൦൨

ശനിയുടേയും വ്യാഴത്തിൻെറയും മദ്ധ്യത്തിൽ ചന്ദ്രൻ നിന്നാൽ സുഖിയും വിനയം, വിജ്ഞാനം, വിദ്യ സൌന്ദര്യഗുണം ഇവയോടുകൂടിയവനും, ധനവാനും ശാന്തനും ആയിത്തീരും.

വൃദ്ധാചാരഃ കലാഢ്യശ്ച നിപുണഃ സ്ത്രീജനപ്രഭുഃ
ധനീ നൃപപ്രിയശ്ചന്ദ്രേ സിതാദിത്യസുതാന്തരേ ൧൦൪

ശുക്രന്റെയും ശനിയുടേയും മദ്ധ്യത്തിൽ ചന്ദ്രൻ നിന്നാൽ വൃദ്ധന്റെ ആചാരമുള്ളവനും കലാഢ്യനും സമർത്ഥനും സ്ത്രീജനങ്ങളിൽ പ്രഭുവും ധനവാനും രാജപ്രിയനും ആയിത്തീരും.

സ്വോച്ചസ്വമിത്രഭവനോപഗതേഷു സർവ്വം
പ്രാപ്നോതി ജാതമനുജോ നിയതം യദുക്തം
സ്വാംശേഷു വാ നിജസുഹൃദ്ഗ്രഹസംയുതേഷു
പ്രാഹുസ്തഥൈവ ഫലമത്രിപരാശരാദ്യാഃ ൧൦൫

ഗ്രഹങ്ങൾ തന്റെ ഉച്ചം, ബന്ധുക്ഷേത്രം, തന്റെ ബന്ധുക്ഷേത്രത്തോടുകൂടിയ നവാംശം, ഇവയിൽ നില്ക്കുമ്പോൾ ജനിച്ചവൻ മാത്രമേ മുൻപറഞ്ഞ ഫലമൊക്കെയും അനുഭവിക്കയുള്ളൂ എന്ന അത്രിപരാശരാദികൾ പറയുന്നു.

ചന്ദ്രഃ സരാഹുര്യദി വാ സകേതുശ്ചന്ദ്രാദഹിർവാ യദി രിഃഫയാതഃ
നീചാസ്തഗോവായദി യോഗകർത്താ ജാതസ്യമിശ്രം ഫലമാഹുരാര്യാഃ

ചന്ദ്രൻ രാഹുകേതുക്കളോടുകൂടിയോ, രാഹു ചന്ദ്രന്റെ പന്ത്രണ്ടിൽ നിൽക്കയോ ചെയ്താലും, യോഗത്തെ ചെയ്യുന്ന ഗ്രഹം നീചത്തിലോ മൌഢ്യത്തിലോ നില്ക്കയോ ചെയ്യുമ്പോൾ ജനിച്ചവൻ മിശ്രഫലത്തെ അനുഭവിക്കും എന്ന ചില ആചാര്യന്മാർ പറയുന്നു.

ശകടാദിയോഗം—

ഷഷ്ഠാഷ്ടമഗതശ്ചന്ദ്രാൽ സുരരാജപുരോഹിതഃ
കേന്ദ്രാദന്യഗതോ ലഗ്നാദ്യോഗഃ ശകടസംജ്ഞിതഃ ൧൦൬

വ്യാഴം ചന്ദ്രന്റെ ആറിലോ എട്ടിലോ ലഗ്നാൽ കേന്ദ്രങ്ങളിലല്ലാതെ നിന്നാൽ ശകടയോഗമാകുന്നു. (കേന്ദ്രങ്ങളിൽ ചന്ദ്രൻ നിന്നാൽ ശകടയോഗമില്ല)

ശകടയോഗഫലം—

അപി രാജകുലേ ജാതോ നിസ്വഃ ശകടയോഗജഃ
ക്ലേശായാസവശാന്നിത്യം സന്തപ്തോ നൃപതിപ്രിയഃ ൧൦൭

ശകടയോഗത്തിൽ ജനിച്ചവൻ രാജവംശത്തിൽ ജനിച്ചവനായാലും ദരിദ്രനും, ക്ലേശം ആയാസം ഇവയാൽ നിത്യം സന്തപ്തനും രാജപ്രിയനും ആയിത്തീരും.

പാരിജാതാദിയോഗഫലം—

സപാരിജാതസ്ഥചരഃ സുഖാനി
നീരോഗതാമുത്തമവർഗ്ഗയാതഃ
സഗോപുരാംശോ യദി ഗോധനാനി
സിംഹാസനസ്ഥഃ കുരുതേ വിഭൂതിം ൧൦൮

പാരിജാതയോഗത്തോടുകൂടിയ ഗ്രഹം സുഖങ്ങളേയും, ഉത്തമവർഗ്ഗത്തെ പ്രാപിച്ച ഗ്രഹം അരോഗതയേയും, ഗോപുരാംശത്തോടുകൂടിയ ഗ്രഹം ഗോധനങ്ങളേയും സിംഹാസനയോഗത്തിൽ ഇരിക്കുന്ന ഗ്രഹം ഐശ്വര്യത്തെയും ചെയ്യുന്നു. ("ഉത്തമം തു ത്രിവർഗ്ഗൈക്യം" എന്നിങ്ങനെ ഒന്നാം അദ്ധ്യായത്തിൽ പാരിജാതാദിയോഗത്തെ പറഞ്ഞിട്ടുണ്ട്.)

കരോതി പാരാവതഭാഗയുക്തോ
വിദ്യായശശ്ശ്രീ വിപുലം നരാണാം
സദേവലോകോ ബഹുയാനസേനാ-
മൈരാവതസ്ഥോ യദി ഭൂപതിത്വം ൧൦൩

പാരാവതയോഗമുണ്ടായാൽ വിദ്യ, യശസ്സ്, ശ്രീ ഇവയുടെ വൈപുല്യത്തെയും, ദേവലോകയോഗമുണ്ടായാൽ വളരെ സേന വാഹനം ഇവയേയും, ഐരാവതയോഗമുണ്ടായാൽ രാജത്വത്തെയും ചെയ്യുന്നു.

അധമാദിയോഗവും തൽഫലവും—

അധമസമവരിഷ്ഠാന്യർക്കകേന്ദ്രാദിസംസ്ഥേ
ശശിനി വിനയവിത്തജ്ഞാനധീനൈപുണാനി
അഹനി നിശി ച ചന്ദ്രേ സ്വാധിമിത്രാംശകേ വാ
സുരഗുരുസിതദൃഷ്ടേ വിത്തവാൻ സ്യാൽ സുഖീ ച ൧൦൪

ചന്ദ്രൻ സൂര്യന്റെ കേന്ദ്രത്തിൽ നിന്നാൽ അധമയോഗവും, പണപരത്തിൽ നിന്നാൽ സമയോഗവും, ആപോക്ലിമത്തിൽ നിന്നാൽ വരിഷ്ഠയോഗവും ആകുന്നു. ഈ അധമാദിയോഗത്തിൽ ജനിച്ചവൻ വിനയം, ധനം, ജ്ഞാനം, ബുദ്ധി, സാമർത്ഥ്യം ഇവയുള്ളവനായി തീരും. ചന്ദ്രൻ അധിമിത്രാംശകത്തിൽ വ്യാഴദൃഷ്ടിയോടുകൂടി നിൽക്കുമ്പോൾ പകൽ ജനിച്ചവനും, ശുക്രദൃഷ്ടിയോടുകൂടി നില്ക്കുമ്പോൾ രാത്രിയിൽ ജനിച്ചവനും ധനവാനും സുഖിയും ആയിത്തീരും.

ചന്ദ്രാധിയോഗവും തൽഫലവും—

സൗമ്യൈഃ സ്മരാരിനിധനേഷ്വധിയോഗ ഇന്ദോ-
സ്തസ്മിൻ ചമൂപസചിവക്ഷിതിപാലജന്മ
സമ്പത്തിസൗഖ്യവിഭവാഹതശത്രവശ്ച
ദീർഘായുഷോ വിഗതരോഗഭയാശ്ച ജാതാഃ ൧൦൫

ചന്ദ്രന്റെ ഏഴിലോ, ആറിലോ അഷ്ടമത്തിലോ ശുഭന്മാർ നിന്നാൽ അധിയോഗമാകുന്നു. ആ അധിയോഗത്തിൽ ജനിച്ചവർ സേനാധിപതിയായോ മന്ത്രിയായോ രാജാവായോ, തീരുകയും സമ്പത്ത്, സൌഖ്യം, വിഭവം ഇവയാൽ ഹതശത്രുക്കളായും ദീർഘായുസ്സുകളായും രോഗഭയങ്ങളില്ലാത്തവരായും തീരുകയും ചെയ്യും.

ലഗ്നാദരിദ്യൂനഗൃഹാഷ്ടമസ്ഥൈഃ
ശുഭൈർന്ന പാപഗ്രഹയോഗദൃഷ്ടൈഃ
ലഗ്നാധിയോഗോ ഭവതി പ്രസിദ്ധഃ
പാപൈഃ സുഖസ്ഥാനവിവർജ്ജിതൈശ്ച ൧൦൬

ലഗ്നത്തിന്റെ ൬, ൭, ൮ ഈ സ്ഥാനങ്ങളിൽ ശുഭന്മാർ പാപയോഗത്തോടും പാപദൃഷ്ടിയോടുംകൂടാതെ നിൽക്കയും നാലിൽ പാപന്മാർ ഇല്ലാതിരിക്കയും ചെയ്താൽ ലഗ്നാധിയോഗമാകുന്നു.

ലഗ്നാധിയോഗഫലം—

ലഗ്നാധിയോഗേ ബഹുശാസ്ത്രകർത്താ
വിദ്യാവിനീതശ്ച ബലാധികാരീ

മുഖ്യസ്സു നിഷ്കാപടികോ മഹാത്മാ
ലോകേ യശോവിത്തഗുണാന്വിതഃ സ്യാൽ. ൧൪

ലഗ്നാധിപയോഗജാതൻ, വളരെ ശാസ്ത്രങ്ങളെ ഗ്രഹിക്കുന്നവനും, വിദ്യാവിനീതനും, ബലാധികാരങ്ങളുള്ളവനും മുഖ്യനും കപടമില്ലാത്തവനും മഹാത്മാവും യശസ്സ്, ധനം ഗുണം ഇവയോടുകൂടിയവനും ആയിത്തീരും.

ഗജകേസരിയോഗം —

കേന്ദ്രസ്ഥിതേ ദേവഗുരൗ മൃഗാങ്കാ-
ദ്യോഗസ്തദാഹുർഗജകേസരീതി
ദൃഷ്ടേ സിതാര്യേന്ദുസുതൈശ്ശശാങ്കേ
നീചാസ്തഹീനൈർഗ്ഗജകേസരീ സ്യാൽ. ൧൫

വ്യാഴം ചന്ദ്രൻെറ കേന്ദ്രത്തിൽ നിന്നാലും, നീചം മൗഢ്യം ഇവയില്ലാത്ത ശുക്രൻ, വ്യാഴം, ബുധൻ ഇവർ ചന്ദ്രനെ നോക്കിയാലും ഗജകേസരിയോഗമാകുന്നു.

ഗജകേസരിയോഗഫലം —

ഗജകേസരിസംജാതസ്തേജസ്വീധനധാന്യവാൻ
മേധാവീ ഗുണസമ്പന്നോ രാജപ്രിയകരോ ഭവേൽ. ൧൬

ഗജകേസരിയോഗത്തിൽ ജനിച്ചവൻ തേജസ്വിയും, ധനവും ധാന്യവും ഉള്ളവനും ബുദ്ധിമാനും, ഗുണസമ്പന്നനും, രാജാവിന്ന് ഇഷ്ടത്തെ ചെയ്യുന്നവനും ആയിത്തീരും.

അമലായോഗവും തൽഫലവും —

യസ്യ ജന്മസമയേ ശശിലഗ്നാൽ
സദ്ഗ്രഹോ യദി ച കർമ്മണി സംസ്ഥഃ
തസ്യ കീർത്തിരമലാ ഭുവി തിഷ്ഠേ—
ദായുഷോഽന്തമവിനാശിതസമ്പൽ. ൧൭

ജന്മസമയത്തിൽ ചന്ദ്രലഗ്നത്തിൻെറ പത്തിൽ ശുഭഗ്രഹങ്ങൾ നിൽക്കുമ്പോൾ ജനിച്ചവൻ ആയുരവസാനംവരെ കീർത്തിമാനായും, സമ്പന്നനായും ഇരിക്കും.

വേറൊരു അമലായോഗം —

ലഗ്നാദ്വാ ചന്ദ്രലഗ്നാദ്വാ ദശമേ ശുഭസംയുതേ
യോഗോഽയമമലാ നാമ കീർത്തിരാചന്ദ്രതാരകീ. ൧൮

ലഗ്നത്തിൽനിന്നോ ചന്ദ്രലഗ്നത്തിൽനിന്നോ ഉള്ള പത്താംഭാവം ശുഭന്മാരോടുകൂടിയിരുന്നാൽ അമലായോഗം ആകുന്നു. ഈ യോഗം ആചന്ദ്രതാരം കീർത്തിയെ ചെയ്യുന്നതാകുന്നു.

അമലായോഗഫലം —

രാജപൂജ്യോ മഹാഭോഗീ ദാതാ ബന്ധുജനപ്രിയഃ
പരോപകാരീ ഗുണവാനമലായോഗസംഭവഃ ൧൯

അമലായോഗത്തിൽ ജനിച്ചവൻ രാജപൂജ്യനും, മഹാസുഖിയും ദാനശീലനും ബന്ധുപ്രിയനും പരോപകാരിയും ഗുണവാനും ആയിത്തീരും.

വേസിവാസ്യുഭയചരിയോഗം —

വ്യയധനയുതഖേടൈർവ്വേസിവാസീ ദിനേശാ-
ദുഭയചരികയോഗശ്ചോഭയസ്ഥാനസംസ്ഥൈഃ
നിജഗൃഹസുഹൃദുച്ചസ്ഥാനയാതൈശ്ച ജാതാ
ബഹുധനസുഖയുക്താ രാജതുല്യാ ഭവന്തി. ൧൨൦

ആദിത്യന്റെ ൧൨-ൽ ഗ്രഹങ്ങൾ സ്വക്ഷേത്രം, ബന്ധുക്ഷേത്രം, ഉച്ചരാശി ഇവകളോടുകൂടി നിന്നാൽ 'വേസി' എന്ന യോഗവും, ൨-ൽ അപ്രകാരം നിന്നാൽ 'വാസി' യോഗവും, ൧൨-ലും, ൨-ലും അപ്രകാരം നിന്നാൽ ഉഭയചരികയോഗവും ആകുന്നു. ഈ യോഗങ്ങളിൽ ജനിച്ചവർ വളരെ ധനസുഖങ്ങളോടുകൂടിയവരായിട്ടു ഭവിക്കും.

ശുഭവേസിയിലും പാപവേസിയിലും ജനിച്ചവരുടെ ഫലം —

ജാതഃ സുശീലഃ ശുഭവേസിയോഗേ
വാഗ്മീ ധനീ വീതഭയോ ജിതാരിഃ
പാപഗ്രഹേ ദുഷ്ടജനാനുരക്തഃ
പാപാത്മകോ വിത്തസുഖാദിഹീനഃ ൧൨൧

സൂര്യന്റെ ൧൨-ൽ ശുഭഗ്രഹങ്ങൾ നിന്നാൽ ശുഭവേസിയോഗവും, പാപഗ്രഹങ്ങൾ നിന്നാൽ പാപവേസിയോഗവും ആകുന്നു. വാസിയോഗവും ഉഭയചരിയോഗവും ഇപ്രകാരം ഗ്രഹിച്ചുകൊള്ളണം. ശുഭവേസിയിൽ ജനിച്ചവൻ സുശീലനും, വാഗ്മിയും ധനവാനും നിർഭയനും ശത്രുക്കളെ ജയിച്ചവനും ആയിത്തീരും. പാപവേസിയിൽ ജനിച്ചവൻ ദുഷ്ടജനങ്ങളിൽ അനുരാഗമുള്ളവനും പാപബുദ്ധിയും ധനം, സുഖം ഇവയില്ലാത്തവനും ആയിത്തീരും.

വാസിയോഗഫലം —

വാസൌ ശുഭഗ്രഹയുതേ നിപുണഃ പ്രദാതാ
വിദ്യാവിനോദസുഖവിത്തയശോബലാഢ്യഃ
പാപാന്വിതേ യദി വിദേശഗതോഽതിമൂർഖഃ
കാമാതുരോ വധരുചിർവ്വികൃതാനനഃ സ്യാൽ. ൧൨൨

സൂര്യന്റെ രണ്ടിൽ നില്ക്കുന്നതു് ശുഭഗ്രഹങ്ങളാണെങ്കിൽ സമർത്ഥനും ദാനശീലനും വിദ്യാവിനോദം സുഖം ധനം യശസ്സ് ബലം ഇവയാൽ സമ്പൂർണ്ണനും ആയിത്തീരും. പാപഗ്രഹങ്ങളാണെങ്കിൽ നാടുവിട്ടു് പോകുന്നവനും അതിമൂർഖനും കാമിയും, കൊല്ലുന്നതിൽ താല്പര്യമുള്ളവനും വികൃതമുഖനും ആയിത്തീരും.

ഉഭയചരിയോഗഫലം —

സൌമ്യാന്വിതോഭയചരപ്രഭവാ നരേന്ദ്രാ-
സ്തത്തുല്യവിത്തസുഖശീലദയാനുരക്താഃ
പാപാന്വിതോഭയചരാ യദി പാപകൃത്യാ
രോഗാദിഭൃതപരകർമ്മരതാ ദരിദ്രാഃ ൧൨൩

ശുഭന്മാരോടുകൂടിയ ഉഭയചരയോഗത്തിൽ ജനിച്ചവർ രാജാക്കന്മാരായും, അല്ലെങ്കിൽ രാജതുല്യമായ ധനം സുഖം ശീലം ദയ ഇവയോടുകൂടിയവരായും, പാപന്മാരോടുകൂടിയ ഉഭയചരയോഗത്തിൽ ജനിച്ചവർ പാപകൃത്യമുള്ളവരും, രോഗ

ത്താൽ പരിഭ്രതരും, അന്യന്റെ കർമ്മത്തിൽ തൽപരന്മാരും ദരിദ്രന്മാരും ആയി ത്തീരും.

ശുഭയോഗാദി—

ശുഭാശുഭാഢ്യേ യദി ജന്മലഗ്നേ
ശുഭാശുഭാഖ്യൌ ഭവതസ്തദാനീം
വ്യയസ്വഗാൽ പാപശുഭൈർവ്വിലഗ്നാൽ
പാപാഖ്യസൌമ്യഗ്രഹകർത്തരീ ച. ൧൨൪

ജന്മലഗ്നം ശുഭന്മാരോടുകൂടിയിരുന്നാൽ ശുഭയോഗവും അശുഭന്മാരോടുകൂടിയിരുന്നാൽ അശുഭയോഗവും, ലഗ്നത്തിന്റെ ൧൨-ൽ പാപഗ്രഹങ്ങളിരുന്നാൽ പാപകർത്തൃയോഗവും, ലഗ്നത്തിന്റെ ൨-ൽ ശുഭഗ്രഹങ്ങളിരുന്നാൽ സൌമ്യകർത്തൃയോഗവും ആകുന്നു.

ശുഭയോഗഫലം—

ശുഭയോഗഭവോ വാഗ്മീ രൂപശീലഗുണാന്വിതഃ
പാപയോഗോത്ഭവഃ കാമീ പാപകർമ്മാ പരാർത്ഥഭുക്. ൧൨൫

ശുഭയോഗത്തിൽ ജനിച്ചവൻ വാഗ്മിയും, സൌന്ദര്യഗുണം, ശീലഗുണം ഇവയോടുകൂടിയവനും ആയിത്തീരും. പാപയോഗത്തിൽ ജനിച്ചവൻ കാമിയും പാപകർമ്മിയും പരാർത്ഥത്തെ അനുഭവിക്കുന്നവനും ആയിത്തീരും.

ശുഭകർത്തൃയോഗഫലം—

ശുഭകർത്തരി സംജാതസ്തേജോവിത്തബലാധികഃ
പാപകർത്തരികേ പാപീ ഭിക്ഷാശീ മലിനോ ഭവേൽ.

ശുഭകർത്തൃയോഗത്തിൽ ജനിച്ചവൻ തേജസ്സ് ധനം ബലം ഇവയാൽ അധികനായും, പാപകർത്തൃയോഗത്തിൽ ജനിച്ചവൻ പാപിയും ഭിക്ഷാന്നത്തെ ഭക്ഷിക്കുന്നവനും മലിനനും ആയും ഭവിക്കും.

പർവ്വതയോഗം:—

സൌമ്യേഷു കേന്ദ്രഗൃഹഗേഷു സപത്നരന്ധ്രേ
ശുദ്ധേ/ഥവാ ശുഭയുതേ യദി പർവ്വതഃ സ്യാൽ
ലഗ്നാന്ത്യപൌ യദി പരസ്പരകേന്ദ്രയാതൌ
മിത്രേക്ഷിതൌ ഭവതി പർവ്വതനാമയോഗഃ ൧൨൬

കേന്ദ്രരാശികളിൽ ശുഭന്മാരും ൬-ാം ഭാവവും അഷ്ടമവും ശുദ്ധമായോ ശുഭന്മാരോടുകൂടിയിരിക്കുകയോ ചെയ്താലും പർവ്വതയോഗമാകുന്നു. ലഗ്നാധിപൻ ൧൨-ാം ഭാവാധിപന്റെ കേന്ദ്രത്തിലും, ൧൨-ാം ഭാവാധിപൻ ലഗ്നാധിപകേന്ദ്രത്തിലും, ബന്ധുഗ്രഹദൃഷ്ടിയോടുകൂടി നിന്നാലും പർവ്വതയോഗമാകുന്നു.

പർവ്വതയോഗഫലം—

ഭാഗ്യാന്വിതഃ പർവ്വതയോഗജാതോ
വിദ്യാവിനോദാഭിരതഃ പ്രദാതാ
കാമീ പരസ്ത്രീജനകേളിലോല-
സ്തേജോ യശസ്വീ പുരനായകഃ സ്യാൽ. ൧൨൭

പർവ്വതയോഗത്തിൽ ജനിച്ചവൻ ഭാഗ്യമുള്ളവനും, വിദ്യയിലും വിനോദത്തിലും തല്പരനും, ദാനശീലനും, കാമിയും, പരസ്ത്രീജനസക്തനും, തേജസ്സോടും യശസ്സോടുംകൂടിയവനും, പുരനായകനും ആയിത്തീരും.

കാഹളയോഗം—

അന്യോന്യകേന്ദ്രഗൃഹഗൌ ഗുരുബന്ധുനാഥൌ
ലഗ്നാധിപേ ബലയുതേ യദി കാഹളഃ സ്യാൽ
കർമ്മേശ്വരേണ സഹിതേ ത്രു വിലോകിതേ വാ
സ്വോച്ചേ സ്വകേ സുഖപതൌ യദി താദൃശഃ സ്യാൽ

വ്യാഴംകേന്ദ്രത്തിൽ ൪-ാംഭാവാധിപനും ൪-ാം ഭാവാധിപകേന്ദ്രത്തിൽ വ്യാഴവും നില്ക്കുകയും ലഗ്നാധിപൻ ബലവാനായിരിക്കുകയും ചെയ്താൽ കാഹളയോഗമാകുന്നു. നാലാം ഭാവാധിപൻ തന്റെ ഉച്ചരാശിയിൽ ൧൦-ാം ഭാവാധിപന്റെ യോഗത്തോടോ ദൃഷ്ടിയോടോ കൂടിയോ നിന്നാലും കാഹളയോഗമാകുന്നു.

കാഹളയോഗഫലം—

ഓജസ്വീ സാഹസീ മൂർഖശ്ചതുരംഗബലൈര്യുതഃ
യൽ കിഞ്ചിൽ ഗ്രാമനാഥസ്തു ജാതഃ സ്യാൽ കാഹളേ നരഃ.

കാഹളയോഗത്തിൽ ജനിച്ചവൻ തേജസ്വിയും, സാഹസകർമ്മിയും മൂർഖനും, ചതുരംഗസൈന്യത്തോടുകൂടിയവനും, ചില ഗ്രാമങ്ങളുടെ നാഥനും ആയിത്തീരും.

മാലികായോഗവും തൽഫലവും—

ലഗ്നാദിസപ്തഗൃഹഗാ യദി സപ്തഖേടാ
ജാതോ മഹീപതിരനേകഗജാശ്വനാഥഃ
വിത്താദികോ നിധിപതിഃ പിതൃഭക്തിയുക്തോ
ധീരോഗ്രരൂപഗുണവാൻ നരചക്രവർത്തീ ൧൩൧

സൂര്യാദിസപ്തഗ്രഹങ്ങളും ലഗ്നം തുടങ്ങി ഏഴാമിടംവരെയുള്ള ഭാവങ്ങളിൽ നിന്നാൽ മാലികായോഗമാകുന്നു. മാലികായോഗത്തിൽ ജനിച്ചവൻ രാജാവായും വളരെ ആനകൾക്കും കുതിരകൾക്കും നാഥനായും തീരും. രണ്ടാംഭാവംമുതൽ അഷ്ടമംവരെയുള്ള ഏഴുരാശികളിൽ ഏഴു ഗ്രഹങ്ങളും നിന്നാൽ ധനമാലികയാണ്. അതിൽ ജനിച്ചാൽ ധനാഢ്യനായും, നിധിപതിയായും പിതൃഭക്തിയുള്ളവനായും ധീരനും ഉഗ്രരൂപനും ഗുണവാനും ആയും നരചക്രവർത്തിയായും തീരും.

വിക്രമമാലികായോഗഫലം—

ജാതോ യദാ വിക്രമമാലികായാം
ഭൂപസ്സ ശൂരോ ധനികശ്ച രോഗീ
സുഖാദികശ്ചേൽ ബഹുദേശഭാഗ്യ-
ഭോഗീ മഹാദാനപരോ മഹീപഃ. ൧൩൨

മൂന്നാംഭാവംമുതൽ ൯-ാംഭാവംവരെ ഏഴു ഭാവങ്ങളിൽ ഏഴുഗ്രഹങ്ങളും നിന്നാൽ വിക്രമമാലികായോഗമാകുന്നു. അതിൽ ജനിച്ചവൻ രാജാവും ശൂരനും ധനികനും രോഗിയും ആയിത്തീരും. നാലാംഭാവംമുതൽ ൧൦-ാംഭാവംവരെ ഏഴു ഭാവങ്ങളിൽ ഗ്രഹങ്ങളും നിന്നാൽ 'സുഖമാലികയാണ്'. അതിൽ ജനിച്ചാൽ വളരെ ദേശം, ഭാഗ്യം, സുഖം ഇവയോടുകൂടിയവനും, മഹാദാനശീലനും രാജാവും ആയിത്തീരും.

പുത്രാദ്യാ യദി മാലികാ നരപതിര്യജ്വാഥവാ കീർത്തിമാൻ
ജാതഃ ഷഷ്ഠഗ്രഹാൽ കദാചിദപിനസുഖപ്രാപ്തോ ദരിദ്രോ ഭവേൽ
കാമാദിഗ്രഹമാലികാ യദി ബഹുസ്ത്രീവല്ലഭോ ഭൂപതിർ-
ദീർഘായുർദ്ധനവർജ്ജിതോ നരവരസ്ത്രീനിർജ്ജിതശ്ചാഷ്ടമാൽ.

൫ മുതൽ ൧൧ വരെ ഏഴ ഭാവങ്ങളിൽ ഏഴ ഗ്രഹങ്ങളും നിൽക്കുമ്പോൾ ജനിച്ചവൻ രാജാവും യാഗം ചെയ്യുവനും കീർത്തിമാനും ആയിത്തീരും. ൬ മുതൽ ൧൨ വരെ ഏഴ ഭാവങ്ങളിൽ, ഏഴ ഗ്രഹങ്ങളും നിൽക്കുമ്പോൾ ജനിച്ചവൻ കാട്ടിൽ പാർക്കുന്നതിന്ന സുഖമുള്ളവനും, ദരിദ്രനും ആയിത്തീരും. ഏഴ മുതൽ ലഗ്നംവരെ ഏഴ ഭാവങ്ങളിൽ ഏഴ ഗ്രഹങ്ങളും നിന്നാൽ വളരെ സ്ത്രീകൾക്ക ഭർത്താവായും രാജാവായും, എട്ടമുതൽ രണ്ടാംഭാവംവരെ ഏഴ ഭാവങ്ങളിൽ ഏഴ ഗ്രഹങ്ങളും നിന്നാൽ ദീർഘായുസ്സ്, ധനം ഇവയില്ലാത്തവനായും രാജാവായും സ്ത്രീജിതനായും തീരും.

ധർമ്മാദിഗ്രഹമാലികാ ഗുണനിധിർയജ്വാ തപസ്വീ വിഭുഃ
കർമ്മാദ്യാ യദി ധർമ്മകർമ്മനിരതഃ സംപൂജിതഃ സജ്ജനൈഃ
ലാഭാദ്രാജവരാങ്ഗനാമണിപതിഃ സർവ്വക്രിയാദക്ഷകോ
ജാതോരിഃഫഗ്രഹാൽ ബഹുവ്യയകരഃ സർവ്വത്ര പൂജ്യോ ഭവേൽ.

ഒമ്പതാംഭാവംമുതൽ മൂന്നാംഭാവംവരെ ഏഴരാശികളിൽ ഏഴ ഗ്രഹങ്ങളും നിന്നാൽ ഗുണനിധിയായും വിധിഃപോലെ യാഗം ചെയ്യുന്നവനായും താപസനായും വിഭുവായും തീരും. പത്താംഭാവംമുതൽ നാലാംഭാവംവരെ ഏഴ രാശികളിൽ ഏഴ ഗ്രഹങ്ങളും നിന്നാൽ ധർമ്മതല്പരനും സജ്ജനങ്ങളാൽ പൂജിതനും ആയിത്തീരും. പതിനൊന്നുമുതൽ അഞ്ചാംഭാവംവരെ ഏഴ രാശികളിൽ ഏഴ ഗ്രഹങ്ങളും നിന്നാൽ രാജസ്ത്രീയുടെ ഭർത്താവായും എല്ലാ കർമ്മങ്ങളിലും സമർത്ഥനായും തീരും ൧൨-ാം ഭാവംമുതൽ ൬-ാംഭാവംവരെ ഏഴരാശികളിൽ ഏഴ ഗ്രഹങ്ങളും നിന്നാൽ വളരെ ചെലവു ചെയ്യുന്നവനായും എല്ലായിടത്തും പൂജ്യനായും തീരും.

ചാമരയോഗം---

ലഗ്നേശചാരേ കേന്ദ്രഗതേ സ്വതുംഗേ
ജീവേക്ഷിതേ ചാമരനാമയോഗഃ
സൌമ്യദ്വയേ ലഗ്നഗൃഹേ കളത്രേ
നവാസ്പദേ വാ യദി ചാമരഃ സ്യാൽ. ൧൬൨

ലഗ്നാധിപൻ വ്യാഴദൃഷ്ടിയോടുകൂടി കേന്ദ്രത്തിൽ നിന്നാലും, രണ്ടു ശുഭന്മാർ ലഗ്നത്തിലോ ഏഴിലോ ഒൻപതിലോ പത്തിലോ നിന്നാലും ചാമരയോഗമാകുന്നു.

ചാമരയോഗഫലം —

യോഗേ ജാതശ്ചാമരേ രാജപൂജ്യോ
വിദ്വാൻ വാഗ്മീ പണ്ഡിതോ വാ മഹീപഃ
സർവ്വജ്ഞഃ സ്യാൽ വേദശാസ്ത്രാധികാരി
ജീവേദ്വർഷം സപ്തതിർവ്വത്സരാണാം. ൧൬൩

ചാമരയോഗത്തിൽ ജനിച്ചവൻ രാജാവിനാൽ പൂജ്യനായും വിദ്വാനായും വാഗ്മിയായും പണ്ഡിതനോ രാജാവോ ആയും, സർവ്വജ്ഞനായും വേദശാസ്ത്രാധികാരിയായും തീരും. ൭൦ വയസ്സുവരെ ജീവിച്ചിരിക്കയും ചെയ്യും.

ശംഖയോഗം—

അന്യോന്യകേന്ദ്രഗൃഹഗൌ സുതശത്രുനാഥൌ
ലഗ്നാധിപേ ബലയുതേ യദി ശംഖയോഗഃ
ലഗ്നാധിപേന ഗഗനാധിപതൌ ചരസ്ഥേ
ഭാഗ്യാധിപേ ബലയുതേ തു തഥാ വദന്തി ൧൩൭

അഞ്ചാംഭാവാധിപൻ കേന്ദ്രത്തിൽ ആറാംഭാവാധിപനും ആറാംഭാവാധിപ കേന്ദ്രത്തിൽ അഞ്ചാംഭാവാധിപനും നിൽക്കയും, ലഗ്നാധിപൻ ബലവാനായിരിക്കയും ചെയ്താലും, ലഗ്നാധിപനോ പത്താംഭാവാധിപനോ ചരരാശിയിൽ നിൽക്കയും, ഭാഗ്യാധിപൻ ബലവാനായിരിക്കയും ചെയ്താലും ശംഖയോഗമാകുന്നു.

ശംഖയോഗഫലം—

ശംഖേ ജാതോ ഭോഗശീലോ ദയാലു-
സ്ത്രീപുത്രാർത്ഥക്ഷേത്രവാൻ പുണ്യകർമ്മാ
ശാസ്ത്രജ്ഞാനാചാരസാധുക്രിയാവാൻ
ജീവേദബ്ദം വത്സരാണാമശീതിഃ ൧൩൮

ശംഖയോഗത്തിൽ ജനിച്ചവൻ സുഖിയും ദയാശീലനും ഭാര്യ പുത്രൻ ധനം ഇവരോടുകൂടിയവനും, പുണ്യകർമ്മാവും, ശാസ്ത്രജ്ഞാനം, ശുദ്ധാചാരം, സാധുക്രിയ, ഇവയോടുകൂടിയവനും ആയിത്തീരും. വ്യാഴ? വയസ്സുവരെ ജീവിച്ചിരിക്കയുംചെയ്യും.

ഭേരീയോഗം—

സ്വാന്ത്യോദയാസ്തഭവനേഷു വിയച്ചരേഷു
കർമ്മാധിപേ ബലയുതേ യദി ഭേരിയോഗഃ
കേന്ദ്രം ഗതൌ സുരഗുരോഃ സിതലഗ്നനാഥൌ
ഭാഗ്യേശ്വരേ ബലയുതേ തു തഥൈവ വാച്യം ൧൩൯

൨-൧൨-ലഗ്നം, ൭, ഈ സ്ഥാനങ്ങളിൽ ഏതെങ്കിലും ഗ്രഹങ്ങൾ നിൽക്കയും കർമ്മാധിപൻ (൧൦-ാംഭാവാധിപൻ) ബലവാനായിരിക്കയും ചെയ്താലും, ശുക്രനും ലഗ്നാധിപതിയും വ്യാഴകേന്ദ്രത്തിലും, ൯-ാം ഭാവാധിപൻ ബലവാനായി നില്ക്കയും ചെയ്താലും ഭേരീയോഗമാകുന്നു.

ഭേരീയോഗഫലം—

ദീർഘായുഷോ വിഗതരോഗഭയാ നരേന്ദ്രാ
ബഹ്വർത്ഥഭൂമിസുതദാരയുതാഃ പ്രസിദ്ധാഃ
ആചാരഭൂരിസുഖശൌര്യമഹാനുഭാവാ
ഭേരീപ്രജാതമനുജാ നിപുണാഃ കുലീനാഃ ൧൪൦

ഭേരീയോഗത്തിൽ ജനിച്ചവർ ദീർഘായുസ്സുകളും, രോഗഭയങ്ങൾ ഇല്ലാത്തവരും രാജാക്കന്മാരും, വളരെ ധനം, ഭൂമി, പുത്രൻ, ഭാര്യ ഇവരോടുകൂടിയവരും, സദാചാരം, ഭൂരിസുഖം, ശൌര്യം, മഹാനുഭാവം ഇവയോടുകൂടിയവരും സമർത്ഥന്മാരും കുലപ്രധാനികളും ആയിത്തീരും.

മൃദംഗയോഗവും തൽഫലവും—

ഉച്ചഗ്രഹാംശകപതൌ യദി കോണകേന്ദ്രേ
തുംഗസ്വകീയഭവനോപഗതേ ബലാഢ്യേ

ലഗ്നാധിപേ ബലയുതേ തു മൃദംഗയോഗഃ
കല്യാണരൂപനൃപതുല്യയശഃപ്രദഃ സ്യാൽ ൧൪൬

ഉച്ചത്തിൽനില്ക്കുന്ന ഗ്രഹത്തിന്റെ അംശകാധിപൻ ബലവാനായി ത്രികോണത്തിലോ കേന്ദ്രത്തിലോ ഉച്ചത്തിലോ സ്വക്ഷേത്രത്തിലോ നില്ക്കുകയും ലഗ്നാധിപൻ ബലവാനായിരിക്കയും ചെയ്താൽ മൃദംഗയോഗമാകുന്നു. ഈ യോഗത്തിൽ ജനിച്ചവൻ മംഗലരൂപനും രാജതുല്യനും കീർത്തിയുള്ളവനും ആയിത്തീരും.

ശ്രീനാഥയോഗവും തൽഫലവും —

കാമേശ്വരേ കർമ്മഗതേ സ്വതുംഗേ
കർമ്മാധിപേ ഭാഗ്യപസംയുതേ ച
ശ്രീനാഥയോഗശ്ശുഭദസ്തദാനീം
ജാതോ നരഃ ശക്രസമോ നൃപാലഃ ൧൪൭

ഏഴാംഭാവാധിപൻ ഉച്ചസ്ഥനായിട്ട് പത്തിലും, കർമ്മാധിപൻ ഭാഗ്യാധിപനോട് ചേർന്നും നിന്നാൽ ശ്രീനാഥയോഗമാകുന്നു. ഇതിൽ ജനിച്ചവൻ ഇന്ദ്രതുല്യനായ രാജാവായിത്തീരും.

ശാരദായോഗം —

യോഗശ്ശാരദസംജ്ഞകഃ സുതഗതേ കർമ്മാധിപേ ചന്ദ്രജേ
കേന്ദ്രസ്ഥേ ദിനനായകേ നിജഗൃഹപ്രാപ്തേഽതിവീര്യാന്വിതേ
ചന്ദ്രാൽ കോണഗതേ പുരന്ദരഗുരൌ സൌമ്യാത്രികോണേ കുജേ
ലാഭേ വാ യദി ദേവമന്ത്രിണി ബുധാത്തച്ഛാരദാസംജ്ഞകഃ ൧൪൮

കർമ്മാധിപൻ ൧൦-ാം ഭാവാധിപൻ അഞ്ചിലും, ബുധൻ കേന്ദ്രത്തിലും സൂര്യൻ സ്വക്ഷേത്രത്തിൽ (ചിങ്ങത്തിൽ) അതിബലവാനായി നില്ക്കയും ചെയ്താലും, വ്യാഴം ചന്ദ്രന്റെ ത്രികോണത്തിലും ചൊവ്വ ബുധന്റെ ത്രികോണത്തിലും, വ്യാഴം ബുധന്റെ ൧൧-ലും നിന്നാലും ശാരദായോഗമാകുന്നു.

ശാരദായോഗഫലം —

സ്ത്രീപുത്രബന്ധുസുഖരൂപഗുണാനുരക്താ
ഭൂപപ്രിയാ ഗുരുമഹീസുരദേവഭക്താഃ
വിദ്യാവിനോദരതിശീലതപോബലാഢ്യാ
ജാതാ സ്വധർമ്മനിരതാ ഭുവി ശാരദാഖ്യേ ൧൪൯

ശാരദായോഗത്തിൽ ജനിച്ചവർ, സ്ത്രീ, പുത്രർ, ബന്ധു, സുഖം, രൂപം, ഗുണം, അനുരാഗം ഇവയോടുകൂടിയവരും, രാജപ്രിയന്മാരും, ഗുരു, ബ്രാഹ്മണൻ, ദേവൻ ഇവരിൽ ഭക്തന്മാരും, വിദ്യ, വിനോദം, രതി, ശീലം, തപശ്ശക്തി ഇവയാൽ സമ്പൂർണ്ണന്മാരും ധർമ്മതല്പരന്മാരും ആയിരിക്കും.

മത്സ്യയോഗം —

ലഗ്നധർമ്മഗതേ പാപേ പഞ്ചമേ സദസദ്യുതേ
ചതുരശ്രം ഗതേ പാപേ യോഗോഽയം മത്സ്യസംജ്ഞകഃ

ലഗ്നം ൯-ലും ഈ ഭാവങ്ങളിൽ പാപന്മാരും അഞ്ചിൽ ശുഭാശുഭന്മാരും നിന്നാൽ മത്സ്യയോഗമാകുന്നു.

മത്സ്യയോഗഫലം—

കാലജ്ഞഃ കരുണാസിന്ധുര്‍ഗ്ഗുണധീ ബലരൂപവാന്‍
യശോ വിദ്യാ തപസ്വീ ച മത്സ്യയോഗേ സമുത്ഭവഃ ൧൪൬

മത്സ്യയോഗത്തില്‍ ജനിച്ചവന്‍ ദേശകാലങ്ങളെ അറിയുന്നവനും ദയാനിധിയും, ഗുണം ബുദ്ധി ബലം രൂപം ഇവയോടുകൂടിയവനും, യശസ്സ് വിദ്യ തപസ്സ് ഇവയോടുകൂടിയവനും ആയിത്തീരും.

കൂര്‍മ്മയോഗം—

കളത്രപുത്രാരിഗൃഹേഷു സൌമ്യാഃ
സ്വതുംഗമിത്രാംശകരാശിയാതാഃ
തൃതീയലാഭോദയഗാസ്ത്വസൌമ്യാ
മിത്രോച്ചസംസ്ഥാ യദി കൂര്‍മ്മയോഗഃ ൧൪൭

൭-൫-൬ ഈ ഭാവങ്ങളില്‍ ശുഭന്മാരും ൩-൧൧-൧ ലഗ്നം ഈ ഭാവങ്ങളില്‍ പാപന്മാരും ഉച്ചം സ്വക്ഷേത്രം ഇവകളോടുകൂടി നിന്നാല്‍ കൂര്‍മ്മയോഗമാകുന്നു.

കൂര്‍മ്മയോഗഫലം—

വിഖ്യാതകീര്‍ത്തിര്‍ഭുവി രാജഭോഗി
ധര്‍മ്മാധികഃ സത്വഗുണപ്രധാനഃ
ധീരഃ സുഖീ വാഗുപകാരകര്‍ത്താ
കൂര്‍മ്മോത്ഭവോ മാനവനായകോ വാ ൧൪൮

കൂര്‍മ്മയോഗത്തില്‍ ജനിച്ചവന്‍ ഭൂമിയില്‍ പ്രസിദ്ധകീര്‍ത്തിയും രാജഭോഗത്തോടുകൂടിയവനും, ധാര്‍മ്മികനും സത്വഗുണപ്രധാനനും ധീരനും സുഖിയും വാക്കുകൊണ്ട് ഉപകാരം ചെയ്യുന്നവനും ജനാധിപനും ആയിത്തീരും.

ഖഡ്ഗയോഗം—

ഭാഗ്യേശേ ധനഭാഗസ്ഥേ ധനേശേ ഭാഗ്യരാശിഗേ
ലഗ്നേശേ കേന്ദ്രകോണസ്ഥേ ഖഡ്ഗയോഗ ഇതീരിതഃ

൯-ാം ഭാവാധിപന്‍ ൨-ാം ഭാവത്തിലും, ൨-ാം ഭാവാധിപന്‍ ഒന്‍പതാംഭാവത്തിലും ലഗ്നാധിപന്‍ കേന്ദ്രത്തിലോ ത്രികോണത്തിലോ (൭-൯) എവിടെയെങ്കിലും നില്ക്കുകയും ചെയ്താല്‍ ഖഡ്ഗയോഗമാകുന്നു.

ഖഡ്ഗയോഗഫലം—

വേദാര്‍ത്ഥശാസ്ത്രനിഖിലാഗമതത്വയുക്തി
ബുദ്ധിപ്രതാപബലവീര്യസുഖാന്വിതാഃ
നിര്‍മ്മത്സരാശ്ച നിജവീര്യമഹാനുഭാവാഃ
ഖഡ്ഗേ ഭവന്തി പുരുഷാഃ കുശലാഃ കൃതജ്ഞാഃ ൧൫൦

ഖഡ്ഗയോഗത്തില്‍ ജനിച്ചവന്‍ വേദം, അര്‍ത്ഥശാസ്ത്രം, സര്‍വ്വശാസ്ത്രതത്വം, യുക്തിവാദം ഇവയില്‍ സമര്‍ത്ഥനും ബുദ്ധി പ്രതാപം ബലം വീര്യം സുഖം ഇവയാല്‍ അന്വിതനും മത്സരം ഇല്ലാത്തവനും മഹാനുഭാവനും, കുശലനും ഉപകാരസ്മരണയുള്ളവനും ആയിത്തീരും.

ലക്ഷ്മീയോഗം:—

കേന്ദ്രമൂലത്രികോണസ്ഥേ ഭാഗ്യേശേ പരമോച്ചഗേ
ലഗ്നാധിപേ ബലാഢ്യേ ച ലക്ഷ്മീയോഗ ഇതീരിതാഃ.

൯-ാം ഭാവാധിപൻ കേന്ദ്രത്തിലോ മൂലത്രികോണരാശിയിലോ പരമോച്ചത്തിലോ നില്ക്കുകയും ലഗ്നാധിപൻ ബലാഢ്യനായിരിക്കയും ചെയ്താൽ ലക്ഷ്മീയോഗമാകുന്നു.

ലക്ഷ്മീയോഗഫലം:—

ഗുണാഭിരാമോ ബഹുദേശനാഥോ
വിദ്യാമഹാകീർത്തിരനംഗരൂപഃ
ദിഗന്തവിശ്രാന്തനൃപാലവന്ദ്യോ
രാജാധിരാജോ ബഹുദാരപുത്രഃ. ൧൫൨

ലക്ഷ്മീയോഗത്തിൽ ജനിച്ചവൻ, വളരെ ദേശത്തിന് അധിപതിയും, വിദ്യയും മഹാകീർത്തിയും കാമതുല്യശരീരനും ദിക്കിന്റെ അവസാനംവരെയുള്ള രാജാക്കന്മാരാൽ വന്ദ്യനും രാജാധിരാജനും വളരെ ഭാര്യമാരോടും പുത്രന്മാരോടും കൂടിയവനും ആയിത്തീരും.

കുസുമയോഗം:—

സ്ഥിരലഗ്നേ ഭൃഗൗ കേന്ദ്രേ ത്രികോണേഽബ്ജേ ശുഭേതരേ
മാനസ്ഥാനഗതേ സൌരേ യോഗോഽയം കുസുമോ ഭവേൽ.

സ്ഥിരരാശി ലഗ്നമായും ശുക്രൻ കേന്ദ്രരാശിയിലും പാപനായ ചന്ദ്രൻ ത്രികോണത്തിലും ശനി പത്തിലും നിന്നാൽ കുസുമയോഗമാകുന്നു.

കുസുമയോഗഫലം—

ദാതാ മഹീമണ്ഡലനാഥവന്ദ്യോ
ഭോഗീ മഹാവംശജരാജമുഖ്യഃ
ലോകേ മഹാകീർത്തിയുതഃ പ്രതാപീ
നാഥോ നരാണാം കുസുമോദ്ഭവഃ സ്യാൽ. ൧൫൪

കുസുമയോഗത്തിൽ ജനിച്ചവൻ ദാനശീലനും, രാജവന്ദ്യനും, ഭോഗിയും മഹാവംശജരായ രാജാക്കന്മാരിൽ മുഖ്യനും, ലോകത്തിൽ മഹാകീർത്തിമാനും പ്രതാപിയും നരനാഥനും ആയിത്തീരും.

പാരിജാതയോഗം—

വിലഗ്നനാഥസ്ഥിതരാശിനാഥ-
സ്ഥാനേശ്വരോ വാപി തദംശനാഥഃ
കേന്ദ്രത്രികോണോപഗതോ യദി സ്യാൽ
സ്വതുംഗഗോ വാ യദി പാരിജാതഃ ൧൫൫

ലഗ്നാധിപൻ നില്ക്കുന്ന രാശിയുടെ അധിപൻ നില്ക്കുന്ന സ്ഥാനത്തിന്റെ അധിപനോ, ആ അധിപന്റെ നവാംശകാധിപനോ കേന്ദ്രത്തിലോ ത്രികോണത്തിലോ അല്ലെങ്കിൽ തന്റെ ഉച്ചരാശിയിലോ നിന്നാൽ പാരിജാതയോഗമാകുന്നു.

പാരിജാതയോഗഫലം—

മദ്ധ്യാന്തസൌഖ്യഃ ക്ഷിതിപാലവന്ദ്യോ
യുദ്ധപ്രിയോ വാരണവാജിയുക്തഃ

സ്വകർമ്മധർമ്മാഭിരതോ ദയാലുർ-
യോഗോ നൃപഃ സ്യാദ്യദി പാരിജാതഃ ൧൩൩

പാരിജാതയോഗത്തിൽ ജനിച്ചവൻ മദ്ധ്യത്തിലും അവസാനത്തിലും സുഖിയും, രാജവന്ദ്യനും, യുദ്ധപ്രിയനും, ആന, കുതിര ഇവയോടുകൂടിയവനും സ്വകർമ്മം, ധർമ്മം ഇവയിൽ തല്പരനും, ദയാലുവും ആയിത്തീരും.

കലാനിധിയോഗം—

ദ്വിതീയേ പഞ്ചമേ ജീവേ ബുധശുക്രയുതേക്ഷിതേ
ക്ഷേത്രേ തയോർവ്വാ സമ്പ്രാപ്തേ യോഗഃ സ്യാൽ സ കലാനിധിഃ

വ്യാഴം ബുധശുക്രന്മാരുടെ ദൃഷ്ടിയോടോ യോഗത്തോടോകൂടി ൨-ലോ ൫-ലോ നിന്നാലും ബുധശുക്രന്മാരുടെ ക്ഷേത്രത്തിൽ നിന്നാലും കലാനിധിയോഗമാകുന്നു.

കലാനിധിയോഗഫലം—

കാമീ കലാനിധിഭവഃ സുഗുണാഭിരാമഃ
സംസ്തൂയമാനചരണോ നരപാലമുഖ്യൈഃ
സേനാതുരംഗമദവാരണശംഖഭേരീ
വാദ്യാന്വിതോ വിഗതരോഗഭയാരിസംഘഃ ൧൩൪

കലാനിധിയോഗത്തിൽ ജനിച്ചവൻ കാമിയും നല്ല ഗുണത്താൽ അഭിരാമനും, രാജാക്കന്മാരാൽ സ്തുതിക്കപ്പെട്ടവനും, സൈന്യം, കുതിര, മദയാന, ശംഖം, ഭേരി മുതലായവയോടുകൂടിയവനും, രോഗം, ഭയം, ശത്രുസംഘം ഇവയോടുകൂടാത്തവനും ആയിത്തീരും.

അംശാവതാരയോഗം—

കേന്ദ്രഗൗ സിതദേവേജ്യൗ സ്വോച്ചേ കേന്ദ്രഗതേഽർക്കജേ
ചരലഗ്നേ യദാ ജന്മ യോഗോഽയമവതാരജഃ ൧൩൫

ശുക്രനും വ്യാഴവും കേന്ദ്രത്തിലും, ശനി തന്റെ ഉച്ചരാശിയിൽ കേന്ദ്രത്തിലും നില്ക്കുകയും ചരരാശി ലഗ്നമായിരിക്കയും ചെയ്യുമ്പോൾ ജനിച്ചാൽ അവതാരയോഗമാകുന്നു.

അവതാരയോഗഫലം—

പുണ്യശ്ലോകസ്തീർത്ഥചാരീ കലാജ്ഞഃ
കാമാസക്തഃ കാലകർത്താ ജിതാത്മാ
വേദാന്തജ്ഞോ വേദശാസ്ത്രാധികാരീ
ജാതോ രാജശ്രീകരോംഽശാവതാരേ ൧൩൬

അംശാവതാരയോഗത്തിൽ ജനിച്ചവൻ പുണ്യശ്ലോകനും, തീർത്ഥസഞ്ചാരം ചെയ്യുന്നവനും, കലാവിദ്യകളെ അറിയുന്നവനും, കാമിയും കാലജ്ഞനും ജിതാത്മാവും വേദാന്തിയും വേദശാസ്ത്രത്തിൽ അധികാരം ഉള്ളവനും ആയിത്തീരും.

ഹരിഹരബ്രഹ്മയോഗം—

വിത്തേശാദ്ധനരിഃഫരന്ധ്രഭവനപ്രാപ്താശ്ച സൗമ്യഗ്രഹാഃ
കാമേശാൽ സുഖഭാഗ്യരന്ധ്രഗൃഹഗാ ജീവാബ്ജചന്ദ്രാത്മജാഃ
ദേഹേശാദ്യദിബന്ധുമാനഭവഗാ സൂര്യാസ്ഫുജിദ്ഭൂമിജാഃ
പ്രോക്താസ്തത്ര പുരാതനൈർഹരിഹരബ്രഹ്മാഖ്യയോഗാ ഇമേ.

രണ്ടാംഭാവാധിപന്റെ ൨-൫-൨-൫ ഈ സ്ഥാനങ്ങളിൽ ശുഭന്മാർ നിന്നാലും, ഏഴാംഭാവാധിപന്റെ ൪-൯-൭-ഈ സ്ഥാനങ്ങളിൽ ക്രമേണ വ്യാഴം, ചന്ദ്രൻ, ബുധൻ ഇവർ നിന്നാലും, ലഗ്നാധിപന്റെ ൪-൧൦-൧൧ ഈ സ്ഥാനങ്ങളിൽ സൂര്യൻ, ശുക്രൻ, ചൊവ്വ ഇവർ നിന്നാലും, ഹരിഹരബ്രഹ്മാഖ്യയോഗമാകുന്നു. (ക്രമേണ ഹരിയോഗം, ഹരയോഗം, ബ്രഹ്മയോഗം ഇവ ഭവിക്കും.)

ഹരിഹരബ്രഹ്മയോഗഫലം—

നിഖിലനിഗമവിദ്യാപാരഗഃ സത്യവാദീ
സകലസുഖസമേതശ്ചാരുവാക്ക് കാമശീലഃ
ജിതരിപുകുലസംഘഃ സർവ്വജീവോപകാരീ
ഹരിഹരവിധിയോഗേ സംഭവഃ പുണ്യകർമ്മാ. ൧൩൪

ഹരിഹരബ്രഹ്മയോഗത്തിൽ ജനിച്ചവൻ സകല വേദവിദ്യകളുടെ മറുകരകണ്ടവനും, സത്യവാദിയും, സർവ്വസുഖങ്ങളും തികഞ്ഞവനും, മനോഹരവാക്കും, കാമശീലനും, ശത്രുസംഘത്തെ ജയിച്ചവനും, സർവ്വപ്രാണികൾക്കും ഉപകാരിയും, പുണ്യകാരിയും ആയിത്തീരും.

നാഭസാദിയോഗം—

യൂപേഷു ശക്തിയവദണ്ഡഗദാസമുദ്ര-
ച്ഛത്രാർദ്ധചന്ദ്രശകടാംബുജപക്ഷിയോഗാഃ
നൌചക്രവജ്രവിഹഗകാർമ്മുകകൂടവാപീ-
ശൃംഗാടകാശ്ച വിവിധാകൃതി വിംശതിസ്സ്യുഃ ൧൩൫

യൂപം, ഇഷു, ശക്തി, യവം, ദണ്ഡം, ഗദ, സമുദ്രം ഛത്രം, അർദ്ധചന്ദ്രം, ശകടം, പത്മം, പക്ഷി, നൌവ്, ചക്രം, വജ്രം വിഹഗം, കാർമ്മുകം, കൂടം, വാപീ ശൃംഗാടകം ഇങ്ങനെ പല ആകൃതിയിൽ ഇരുപതുവിധം യോഗങ്ങൾ ഭവിക്കുന്നു.

രജ്ജ്വാദിയോഗം—

രജ്ജുർന്നളശ്ച മുസലസ്ത്രിതയാശ്രയാഖ്യാഃ
സ്രക്ഭോഗിനൌ തു ദളയോഗഭവൌ ഭവേതാം
വീണാദയശ്ച കഥിതാ വരദാമപാശ
കേദാരശൂലയുഗലോലകസപ്തസംഖ്യാഃ.

രജ്ജു, നളം, മുസലം ഈ മൂന്നുയോഗങ്ങൾ ആശ്രയയോഗങ്ങളെന്നും, സ്രക്ക്, ഭോഗി ഈ രണ്ടുയോഗങ്ങൾ ദളയോഗങ്ങളെന്നും, വരം, ദാമം, പാശം, കേദാരം, ശൂലം, യുഗളം, അലകം ഈ ഏഴുയോഗങ്ങൾ, വീണാദിയോഗങ്ങളെന്നും പറയുന്നു.

ഹോരായാം-(ഹോരയിലെ രജ്ജ്വാദിയോഗത്തെ കാണിക്കുന്നു.)

രജ്ജുർമ്മുസലം നളം ചരാദ്യൈഃ
സത്യശ്ചാശ്രയജാൻ ജഗാദ യോഗാൻ
കേന്ദ്രൈസ്സദസദ്ഭിർദ്ദളാഖ്യൌ
സ്രക്സർപ്പൌ കഥിതൌ പരാശരേണ. ൧൩൬

ഏതെങ്കിലും ചരരാശികളിൽമാത്രം ഗ്രഹങ്ങൾ നിന്നാൽ രജ്ജുയോഗവും, സ്ഥിരരാശികളിൽമാത്രം ഗ്രഹങ്ങൾ നിന്നാൽ മുസലയോഗവും ഉഭയരാശികളിൽമാത്രം

ഗ്രഹങ്ങൾ നിന്നാൽ നളയോഗവും ആകുന്നു. കേന്ദ്രങ്ങളിൽ, ശുഭയോഗങ്ങൾ മാത്രം നിന്നാൽ സ്രഗ്യോഗവും പാപഗ്രഹങ്ങൾമാത്രം നിന്നാൽ സർപ്പയോഗവും ആകുന്നു.

യോഗാ വ്രജന്ത്യാശ്രയജാസ്സമത്വം
യവാബ്ജവജ്രാംഡജഗോളകാദ്യൈഃ
കേന്ദ്രോപഗപ്രോക്തഫലൗ ദളാഖ്യാ-
വിത്യാഹുരന്യേ ന പൃഥക് ഫലൗ തൌ. ൧൬൭

രജ്ജു, മുസലം, നളം, എന്ന യോഗങ്ങൾ യവം, പത്മം, വജ്രം, അണ്ഡജം ഗോളകം, ഗദാ, ശകടം എന്ന യോഗങ്ങളോടു തുല്യങ്ങളാണ്. ദളം എന്ന പേരോടുകൂടിയ സ്രക്‌യോഗവും, സർപ്പയോഗവും കേന്ദ്രങ്ങളിൽ ശുഭന്മാർ നിന്നാൽ ശുഭഫലങ്ങളും അശുഭന്മാർ നിന്നാൽ അശുഭഫലങ്ങളും ആകുന്നു. അതുകൊണ്ടാണ് ചില ആചാര്യന്മാർ രജ്ജ്വാദിയോഗങ്ങളെ പറയാതിരുന്നതു് എന്നു് ധരിച്ചുകൊള്ളണം.

ഗദാശകടാദിയോഗങ്ങൾ —

ആസന്നകേന്ദ്രഭവനദ്വയഗൈർഗദാഖ്യ-
സ്തനുപസ്തഗേഷു ശകടം വിഹഗഃ ഖബന്ധ്വോഃ
ശൃംഗാടകം നവമപഞ്ചമലഗ്നസംസ്ഥൈർ-
ലഗ്നാന്യഗൈർഹലമിതി പ്രവദന്തിതജ്ഞാഃ ൧൬൮

ലഗ്നത്തിലോ നാലിലോ, നാലിലോ ഏഴിലോ, ഏഴിലോ പത്തിലോ, പത്തിലോ ലഗ്നത്തിലോ, എല്ലാഗ്രഹങ്ങളും നിന്നാൽ ഗദാഖ്യയോഗവും; ലഗ്നത്തിലും ഏഴിലും എല്ലാഗ്രഹങ്ങളും നിന്നാൽ ശകടയോഗവും, പത്തിലും നാലിലും നിന്നാൽ വിഹഗയോഗവും ൯-൫ ലഗ്നം, ഈ സ്ഥാനങ്ങളിൽ നിന്നാൽ ശൃംഗാടകയോഗവും; ൯, ൫, ഈ സ്ഥാനങ്ങളിൽ നിന്നാൽ ഹലയോഗവും ആകുന്നു.

വജ്രാദിയോഗം —

ശകടാണ്ഡജവച്ഛുഭാശുഭൈർവജ്രം തദ്വിപരീതഗൈര്യ്യവഃ
കമലം തു വിമിശ്രസംസ്ഥിതൈർവ്വാപീ തദ്യദി കേന്ദ്രബാഹ്യതഃ.

ലഗ്നത്തിലും ഏഴിലും ശുഭന്മാരും നാലിലും പത്തിലും പാപന്മാരും, നിന്നാൽ വജ്രയോഗവും ലഗ്നത്തിലും ഏഴിലും പാപന്മാരും, നാലിലും പത്തിലും ശുഭന്മാരും നിന്നാൽ യവയോഗവും, കേന്ദ്രങ്ങളിൽ ശുഭന്മാരും പാപന്മാരുംകൂടി നിന്നാൽ കമലയോഗവും കേന്ദ്രങ്ങളിലല്ലാതെ ശുഭാശുഭന്മാർ നിന്നാൽ വാപീയോഗവും ആകുന്നു.

കണ്ടകാദിപ്രവൃത്തൈസ്തു ചതുർഗൃഹഗതൈർഗ്രഹൈഃ
യൂപേഷു ശക്തിദണ്ഡാഖ്യാ ഹോരാദ്യൈഃ കണ്ടകൈഃ ക്രമാൽ.

ലഗ്നം ൨, ൩, ൪ ഈ സ്ഥാനങ്ങളിൽ എല്ലാഗ്രഹങ്ങളും നിന്നാൽ യൂപയോഗവും, ൪, ൫, ൬, ൭ ഈ സ്ഥാനങ്ങളിൽ എല്ലാഗ്രഹങ്ങളും നിന്നാൽ ശരയോഗവും, ൭, ൮, ൯, ൧൦ ഈ സ്ഥാനങ്ങളിൽ എല്ലാഗ്രഹങ്ങളും നിന്നാൽ ശക്തിയോഗവും, ൧൦, ൧൧, ൧൨, ലഗ്നം ഈ സ്ഥാനങ്ങളിൽ എല്ലാ ഗ്രഹങ്ങളും നിന്നാൽ ദണ്ഡയോഗവും ആകുന്നു.

നൗക്രൂടച്ഛത്രചാപാനി തദ്വൽ സപ്തർക്ഷസംസ്ഥിതൈഃ
അർദ്ധചന്ദ്രസ്തു നാവാദ്യൈഃ പ്രോക്തസ്ത്വന്യർക്ഷസംസ്ഥിതൈഃ ൧൭൦

ലഗ്നം, ൨-൩-൪-൫-൬-൭- ഈ സ്ഥാനങ്ങളിൽ എല്ലാ ഗ്രഹങ്ങളും നിന്നാൽ നൌയോഗവും, ൪-൫-൬-൭-൮-൯-൧൦ ഈ സ്ഥാനങ്ങളിൽ എല്ലാ ഗ്രഹങ്ങളും നിന്നാൽ കൂടയോഗവും, ൭-൮-൯-൧൦-൧൧-൧൨ ലഗ്നം ഈ സ്ഥാനങ്ങളിൽ എല്ലാഗ്രഹങ്ങളും നിന്നാൽ ഛത്രയോഗവും, ൧൦-൧൧-൧൨-ലഗ്നം—൨-൩-൪ ഈ സ്ഥാനങ്ങളിൽ എല്ലാ ഗ്രഹങ്ങളും നിന്നാൽ ചാപയോഗവും, നാവാദിയോഗങ്ങൾ തന്നെ കേന്ദ്രങ്ങളല്ലാതെയുള്ള എട്ടു രാശികളിൽ ഗ്രഹങ്ങൾ നിന്നാൽ അർദ്ധചന്ദ്രയോഗവുമാകുന്നു. എങ്ങിനെയെന്നുവെച്ചാൽ ൨ ാംഭാവംമുതൽ എട്ടാംഭാവംവരെയും ൩-ാംഭാവംമുതൽ ൯-ാംഭാവംവരെയും, ൫-ാംഭാവംമുതൽ ൧൧-ാംഭാവംവരെയും, ൬-ാംഭാവംമുതൽ ൧൨-ാംഭാവംവരെയും ൮-ാംഭാവംമുതൽ ൨-ാംഭാവംവരെയും ൯-ാംഭാവംമുതൽ ൩-ാംഭാവംവരെയും ൧൧-ാംഭാവംമുതൽ ൫-ാംഭാവംവരെയും ൧൨-ാംഭാവംമുതൽ ൬-ാംഭാവംവരെയും ഇങ്ങനെ എട്ടുവിധമാകുന്നു.

ഏകാന്തരഗതൈരർത്ഥാൽ സമുദ്രഃ ഷഡ്ഗൃഹാശ്രിതൈഃ
വിലഗ്നാദിസ്ഥിതൈശ്ചക്രമിത്യാകൃതിജസംഗ്രഹഃ ൧൧

൨-൪-൬-൮-൧൦-൧൨ ഈ സ്ഥാനങ്ങളിൽ ഏഴു ഗ്രഹങ്ങൾ നിന്നാൽ സമുദ്രയോഗവും, ലഗ്നം ൩-൫-൭-൯-൧൧ ഈ സ്ഥാനങ്ങളിൽ ഏഴു ഗ്രഹങ്ങൾ നിന്നാൽ ചക്രയോഗവും ആകുന്നു. ഇങ്ങനെ ചുരുക്കി യോഗങ്ങൾ കാണിക്കപ്പെട്ടു.

വല്ലക്യാദിയോഗങ്ങൾ —

സംഖ്യായോഗാഃ സ്യുഃ സപ്തസപ്തർക്ഷസംസ്ഥൈ-
രേകാപായാദ്വല്ലകീ ദാമിനീ ച
പാശഃ കേദാരഃ ശൂലയോഗോ യുഗം ച
ഗോളശ്ചാന്യാൻ പൂർവ്വമുക്താൻ വിഹായ. ൧൨

ഏഴു രാശിയിൽ എവിടെയെങ്കിലും ഏഴു ഗ്രഹങ്ങൾ നിന്നാൽ വല്ലകീയോഗവും ആറു രാശിയിൽ ഏഴു ഗ്രഹങ്ങൾ നിന്നാൽ ദാമിനീയോഗവും, ൫-രാശിയിൽ ഏഴു ഗ്രഹങ്ങൾ നിന്നാൽ പാശയോഗവും, ൪ രാശിയിൽ ഏഴു ഗ്രഹങ്ങൾ നിന്നാൽ കേദാരയോഗവും, ൩- രാശിയിൽ ഏഴു ഗ്രഹങ്ങൾ നിന്നാൽ ശൂലയോഗവും ൨-രാശിയിൽ ൭- ഗ്രഹങ്ങൾ നിന്നാൽ യുഗയോഗവും, ഒരു രാശിയിൽ ഏഴു ഗ്രഹങ്ങൾ നിന്നാൽ ഗോളയോഗവും ആകുന്നു.

രജ്ജ്വാദിയോഗഫലം —

ഈർഷ്യുർവ്വിദേശനിരതോഽധ്വരുചിശ്ച രജ്ജ്വാം
മാനീ ധനീ ച മുസലേ ബഹുകൃത്യസക്തഃ
വ്യംഗഃ സ്ഥിരാഢ്യനിപുണോ നളജഃ സ്രഗുത്ഥോ
ഭോഗാന്വിതോ ഭുജഗജോ ബഹുദുഃഖഭാക് സ്യാൽ. ൧൩

രജ്ജുയോഗത്തിൽ ജനിച്ചവൻ അസൂയാലുവും, പല പ്രദേശങ്ങളിൽ സഞ്ചാരണശീലനും, എല്ലായ്പോഴും ദേശാടനംചെയ്യുന്നവനും, മുസലയോഗത്തിൽ ജനിച്ചവൻ മാനിയും ധനവാനും ബഹുകർമ്മാരംഭശീലനും, നളയോഗത്തിൽ ജനിച്ചവൻ അംഗഹീനനും ദൃഢനിശ്ചയനും, ധനവാനും കാര്യങ്ങളിൽ സൂക്ഷ്മദൃഷ്ടിയും, സ്രഗ് യോഗത്തിൽ ജനിച്ചവൻ സുഖിയും, സർപ്പയോഗത്തിൽ ജനിച്ചവൻ വളരെ ദുഃഖത്തെ അനുഭവിക്കുന്നവനും ആയിത്തീരും.

ഗദാദിയോഗഫലം —

യജ്വാർത്ഥഭാക് സതതമർത്ഥരുചിർഗദായാം
തദ്വൃത്തിഭുക് ശകടജഃ സരുജഃ കുദാരഃ

ദൂതോഽടനഃ കലഹകൃദ്വിഹഗേ പ്രദിഷ്ടഃ
ശൃംഗാടകേ ചിരസുഖീ കൃഷികൃദ്ധലാഖ്യേ. ൰൪

ഗദായോഗത്തിൽ ജനിച്ചവൻ യാഗശീലനും, ധനികനും, എല്ലായ്പ്പോഴും ധനസമ്പാദനജാഗരൂകനും, ശകടയോഗത്തിൽ ജനിച്ചവൻ വണ്ടികൊണ്ടു് ഉപജീവനംചെയ്യുന്നവനും രോഗപീഡിതനും കളത്രാർത്തനും; പക്ഷിയോഗത്തിൽ ജനിച്ചവൻ ദൂതനും (പരസന്ദേശപ്രാപകനും) സഞ്ചാരശീലനും കലഹപ്രിയനും; ശൃംഗാടകയോഗത്തിൽ ജനിച്ചവൻ വളരെക്കാലം സുഖിയും; ഹലയോഗത്തിൽ ജനിച്ചവൻ കൃഷിക്കാരനും ആയിത്തീരും.

വജ്രാദിയോഗഫലം —

വജ്രേഽന്ത്യപൂർവസുഖിതഃ സുഭഗോഽതിശൂരോ
വീര്യാന്വിതോഽപ്യഥ യവേ സുഖിതോ വയോന്തഃ
വിഖ്യാതകീർത്ത്യമിതസൗഖ്യഗുണശ്ച പത്മേ
വാപ്യാം തനുസ്ഥിരസുഖോ നിധികൃന്ന ദാതാ. ൰൫

വജ്രയോഗത്തിൽ ജനിച്ചവൻ വാർദ്ധക്യത്തിലും ബാല്യത്തിലും സുഖിയും സകലജനപ്രിയനും ശൂരനും സുഭഗനും; യവയോഗത്തിൽ ജനിച്ചവൻ പരാക്രമിയും വയസ്സിന്റെ മദ്ധ്യത്തിൽ സുഖിയും; പത്മയോഗത്തിൽ ജനിച്ചവൻ പ്രസിദ്ധകീർത്തിയും അമിതസൗഖ്യനും അമിതഗുണനും; വാപീയോഗത്തിൽ ജനിച്ചവൻ സ്വല്പവും സ്ഥിരകാലമായിട്ടും ആയ സുഖത്തോടുകൂടിയവനും, നിധിസമ്പാദകനും ദാനം കൊടുക്കാത്തവനും ആയിത്തീരും.

യൂപാദിയോഗഫലം —

ത്യാഗാത്മവാൻ ക്രതുവരൈര്യജതേ ച യൂപേ
ഹിംസ്രോഽഥ ഗുപ്ത്യധികൃതഃ ശരകൃച്ഛരാഖ്യേ
നീചോഽലസഃ സുഖധനൈർവിയുതശ്ച ശക്തൌ
ദണ്ഡേ പ്രിയൈർവിരഹിതഃ പുരുഷോഽന്ത്യവൃത്തിഃ ൰൬

യൂപയോഗത്തിൽ ജനിച്ചവൻ ദാതാവും അപ്രമാദിയും യാഗംചെയ്യുന്നവനും; ശരയോഗത്തിൽ ജനിച്ചവൻ വധരുചിയും ബന്ധനാലയപാലകനും, ശരത്തെ ഉണ്ടാക്കുന്നവനും; ശക്തിയോഗത്തിൽ ജനിച്ചവൻ നീചനും, മടിയനും, സുഖധനങ്ങളോടു വേർപെട്ടവനും; ദണ്ഡയോഗത്തിൽ ജനിച്ചവൻ പുത്രാദിരഹിതനും, ശൂദ്രവൃത്തിയും ആയിത്തീരും.

ഛത്രാദിയോഗഫലം —

ഛത്രേ വാദ്യന്തസൗഖ്യാതുലധനബലവാൻ നൌഭവസ്തോയജീവീ
ചക്രേ രാജാ യശസ്വീ ജലധിഭവനരസ്തോയവിത്തക്ഷിതീശഃ
അർദ്ധേന്ദൌ ഭോഗശാലീ ഗിരിവിപിനചരഃ ക്രൂരകർമ്മാ ച കൂടേ
ചാപേ ജാതാ മനുഷ്യാ യദി ഗഹനചരാ ചോരനിഷ്ഠാ നികൃഷ്ടാഃ.

ഛത്രയോഗത്തിൽ ജനിച്ചവൻ ബാല്യവാർദ്ധക്യകാലങ്ങളിൽ സുഖവും, അനല്പധനവും അനല്പബലവും ഉള്ളവനും; നൌയോഗത്തിൽ ജനിച്ചവൻ വെള്ളത്തിൽ ജീവിക്കുന്നവനും; ചക്രയോഗത്തിൽ ജനിച്ചവൻ രാജാവും കീർത്തിമാനും; ജലധിയോഗത്തിൽ ജനിച്ചവൻ ജലം ധനം ഭൂമി ഇവയുടെ നാഥനും; അർദ്ധചന്ദ്രയോഗത്തിൽ ജനിച്ചവൻ സുഖിയും; പർവതം കാടു് ഈ സ്ഥലങ്ങളിൽ സഞ്ചരിക്കുന്നവനും; കൂടയോഗത്തിൽ ജനിച്ചവൻ ക്രൂരപ്രവൃത്തിചെയ്യുന്നവനും; ചാപയോഗത്തിൽ ജനിച്ചവൻ വനചരനും കള്ളനും നീചനും ആയിത്തീരും.

വീണാദിയോഗഫലം —

വീണായാം സകലക്രിയാസു നിപുണഃ സംഗീതനൃത്തപ്രിയോ
ദാമിന്യാമുപകാരകൃൽ പടുമതിഃ പ്രഖ്യാതവിദ്യോ ധനീ
പാശേ ശീലധനാർജ്ജനേഽതിചതുരോ വാചാലകഃ പുത്രവാൻ
കേദാരേ കൃഷിവിത്തവാനതിസുഖീ ബന്ധൂപകാരീ ഭവേൽ. ൱൨൯

വീണായോഗത്തിൽ ജനിച്ചവൻ സകലക്രിയകളിൽ സമർത്ഥനും, സംഗീതം, നൃത്തം ഇവയിൽ പ്രിയനും. ദാമിനീയോഗത്തിൽ ജനിച്ചവൻ ഉപകാരിയും, ബുദ്ധിമാനും പ്രസിദ്ധ വിദ്യയുള്ളവനും, ധനവാനും, പാശയോഗത്തിൽ ജനിച്ചവൻ നല്ല ശീലമുള്ളവനും ധനസമ്പാദനത്തിൽ അതിസമർത്ഥനും, വാചാലനും, പുത്രവാനും, കേദാരയോഗത്തിൽ ജനിച്ചവൻ കൃഷിധനമുള്ളവനും, അതിസുഖിയും, ബന്ധുക്കൾക്ക് ഉപകാരിയും ആയി ഭവിക്കും.

ശൂലാദിയോഗഫലം —

ശൂലേ കോപരസാന്വിതോ വധരുചിഃ ശൂരഃ ക്ഷതോ നിർദ്ധനീ
ഭിക്ഷാശീ യുഗയോഗജോഽതിചപലഃ പാഷണ്ഡകോ മദ്യപഃ
ഗോളേ നിർദ്ധനികോഽലസോഽടനപരഃ സ്വല്പായുരജ്ഞാനധീർ-
ദ്വാത്രിംശൽ കഥിതാ വരാഹമിഹിരാചാര്യേണ യോഗാ ഇമേ.

ശൂലയോഗത്തിൽ ജനിച്ചവൻ കോപരസത്തോടുകൂടിയവനും, വധത്തിൽ താല്പര്യമുള്ളവനും ശൂരനും മുറിവുള്ളവനും നിർദ്ധനനും ഭിക്ഷാന്നം ഭക്ഷിക്കുന്നവനും, യുഗയോഗത്തിൽ ജനിച്ചവൻ ഏററവും ചപലനും, പാഷണ്ഡനും മദ്യപാനിയും, ഗോളയോഗത്തിൽ ജനിച്ചവൻ നിർദ്ധനനും മന്ദനും സഞ്ചാരണശീലനും സ്വല്പായുസ്സും അജ്ഞാനബുദ്ധിയും ആയിത്തീരും. ഇങ്ങനെ വരാഹമിഹിരാചാര്യനാൽ നഭ യോഗങ്ങൾ പറയപ്പെട്ടു.

ഭൂപാലയോഗരുചപഞ്ചകഭാസ്വരാദ്യാഃ
കേമദ്രുമാധമസമഗ്രഹമാലികാശ്ച
ലക്ഷ്മീഹരീശവിധികാഹളനാഭസാദ്യാഃ
സൂര്യാദിദേവകൃപയാ പരികീർത്തിതാസ്തേ. ൱൩൦

ഇതി ശ്രീനവഗ്രഹകൃപയാ വൈദ്യനാഥവിരചിതേ
പാരിജാതേ രാജയോഗാദ്ധ്യായഃ.

ഭൂപാലയോഗം, രുചകാദിയോഗം, കേമദ്രുമാദിയോഗം, ലക്ഷ്മീശാദിയോഗം ഇങ്ങനെ അനേകയോഗങ്ങളും സൂര്യാദിനവഗ്രഹകൃപയാൽ എന്നാൽ പറയപ്പെട്ടു.

ഇങ്ങനെ പാരിജാതത്തിൽ രാജയോഗാദ്ധ്യായ-
വ്യാഖ്യാനം സമ്പൂർണ്ണം.

അഷ്ടമോദ്ധ്യായഃ

അഥ ദ്വിഗ്രഹയോഗാദിഃ

ജാതഃസ്ത്രീവശഗഃ ക്രിയാസു നിപുണശ്ചന്ദ്രാന്വിതേ ഭാസ്കരേ
തേജസ്വീ ബലസത്വവാനനൃതവാക്പാപീ സഭൌമേ രവൌ
വിദ്യാരൂപബലാന്വിതഃ സ്ഥിരമതിഃ സൌമ്യാന്വിതേ പൂഷണി
ശ്രദ്ധാകർമ്മപരോ നൃപപ്രിയകരോ ഭാനൌ സജീവേ ധനീ. ൧

സൂര്യൻ ചന്ദ്രനോടുകൂടിനിന്നാൽ സ്ത്രീവശഗനും, ക്രിയാനിപുണനും ചൊവ്വായോടുകൂടി നിന്നാൽ ബലത്തോടും സത്വത്തോടുംകൂടിയവനും അസത്യംപറയുന്നവനും പാപിയും ബുധനോടുകൂടെനിന്നാൽ വിദ്യ സൌന്ദര്യം ബലം ഇവയോടുകൂടിയവനും സ്ഥിരബുദ്ധിയും വ്യാഴത്തോടുകൂടിനിന്നാൽ ശ്രദ്ധയും കർമ്മവും ഉള്ളവനും രാജാവിനു ഇഷ്ടത്തെ ചെയ്യുന്നവനും ആയിത്തീരും.

സ്ത്രീമൂലാർജ്ജിതബന്ധുമാനരിയുതഃ പ്രാജ്ഞഃ സശുക്രേഽരുണേ
മന്ദപ്രായമതിഃ സപത്നവശഗോ മന്ദേന യുക്തേ രവൌ
ശൂരസ്സത്കുലധർമ്മവിത്തഗുണവാനിന്ദൌ ധരാജാന്വിതേ
ധർമ്മീ ശാസ്ത്രപരോ വിചിത്രഗുണവാൻ ചന്ദ്രേ സതാരാസുതേ. ൨

സൂര്യൻ ശുക്രനോടുകൂടി നിന്നാൽ സ്ത്രീമൂലം സമ്പാദിച്ച ബന്ധുക്കളോടുകൂടിയവനും ശത്രുവുള്ളവനും ബുദ്ധിമാനും ശനിയോടുകൂടി നിന്നാൽ മന്ദപ്രായമായ ബുദ്ധിയുള്ളവനും ശത്രുവശംഗതനും ആയിത്തീരും. ചന്ദ്രൻ ചൊവ്വായോടുകൂടി നിന്നാൽ ശൂരനും സത്കുലം ധർമ്മം ധനം ഗുണം ഇവയോടുകൂടിയവനും ബുധനോടുകൂടി നിന്നാൽ ധർമ്മശീലനും ശാസ്ത്രപരനും വിചിത്രഗുണവാനും ആയിരിക്കും.

ജാതഃ സാധുജനാശ്രയോഽതിമതിമാനാര്യേണ യുക്തേ വിധൌ
പാപാത്മാ ക്രയവിക്രയേഷുകുശലഃ ശുക്രേ സശീതദ്യുതൌ
കുസ്ത്രീകഃ പിതൃദൂഷകോ ഗതധനസ്താരാപതൌ സാർക്കജേ
വാഗ്മീ വൈദ്യശിൽപ്പശാസ്ത്രകുശലഃ സൌമ്യാന്വിതേ ഭൂസുതേ.

ചന്ദ്രൻ വ്യാഴത്തോടുകൂടി നിന്നാൽ സാധുജനങ്ങളെ ആശ്രയിക്കുന്നവനും ബുദ്ധിമാനും ശുക്രനോടുകൂടി നിന്നാൽ പാപബുദ്ധിയും കൊടുക്കൽവാങ്ങലിൽ സമർത്ഥനും, ശനിയോടുകൂടിനിന്നാൽ കുത്സിതയായ സ്ത്രീയോടുകൂടിയവനും പിതൃദൂഷകനും ധനം നശിച്ചവനും ആയിത്തീരും. ചൊവ്വ ബുധനോടുകൂടി നിന്നാൽ വാഗ്മിയും വൈദ്യം ശിൽപ്പശാസ്ത്രം ഇവയിൽ സമർത്ഥനുമായിത്തീരും.

കാമീ പൂജ്യഗുണാന്വിതോ ഗണിതവിദ് ഭൌമേ സദേവാർച്ചിതേ
ധാതോർവ്വാദരതഃ പ്രപഞ്ചരസികോ ധൂർത്തസ്സഭൌമേ ഭൃഗൌ
വാദീ ഗാനവിനോദമജ്ജനമതിഃ സൌരേണ യുക്തേ കുജേ
വാഗ്മീ രൂപഗുണാന്വിതോഽധികധനീ വാചസ്പതൌ സേന്ദുജേ.

ചൊവ്വാ വ്യാഴത്തോടുകൂടിനിന്നാൽ കാമിയും പൂജ്യഗുണമുള്ളവനും ഗണിതജ്ഞനും ശുക്രനോടുകൂടി നിന്നാൽ, ധാതുവാദതല്പരനും പ്രപഞ്ചരസികനും ധൂർത്തനും, ശനിയോടുചേർന്നുനിന്നാൽ വാദശീലനും ഗാനവിനോദകുശലനും വ്യാഴം

ബുധനോടുകൂടി നിന്നാൽ വാഗ്മിയും രൂപഗുണയുക്തനും, വളരെ ധനമുള്ളവനും ആയിത്തീരും.

ശാസ്ത്രീ ഗാനവിനോദഹാസ്യരസികഃ ശുക്രേ സചന്ദ്രാത്മജേ
വിദ്യാവിത്തവിശിഷ്ടധർമ്മഗുണവാനർക്കാത്മജേ സേന്ദുജേ
തേജസ്വീ നൃപതിപ്രിയോഽതിമതിമാൻ ശൂരസ്സശുക്രേ ഗുരൌ
ശില്പീ മന്ത്രിണി സാർക്കജേ പശുപതിർമ്മല്ലഃ സിതേ സാസിതേ. ൭

ശുക്രൻ ബുധനോടുകൂടി നിന്നാൽ ശാസ്ത്രജ്ഞാനമുള്ളവനും, ഗാനം വിനോദം ഹാസ്യം ഇവയിൽ രസികനും; ശനി ബുധനോടുചേർന്നുനിന്നാൽ വിദ്യ ധനം വിശിഷ്ടധർമ്മം വിശിഷ്ടഗുണം ഇവയോടുകൂടിയവനും; വ്യാഴം ശുക്രനോടുകൂടി നിന്നാൽ തേജസ്വിയും രാജപ്രിയനും അതിബുദ്ധിമാനും ശൂരനും; വ്യാഴം ശനിയോടു ചേർന്നു നിന്നാൽ ശില്പശാസ്ത്രജ്ഞനും പശുപതിയും; ശുക്രൻ ശനിയോടുകൂടി നിന്നാൽ മല്ലനും ആയിത്തീരും.

ത്രിഗ്രഹയോഗഫലം —

സൂര്യേന്ദുക്ഷിതിനന്ദനൈരരികുലധ്വംസീ ധനീ നീതിമാൻ
ജാതശ്ചന്ദ്രരവീന്ദുജൈർന്നൃപസമോ വിദ്യായശസ്വീ ഭവേൽ
സോമാർക്കാമരമന്ത്രിഭിർഗ്ഗുണനിധിർവ്വിദ്വാൻ നൃപാലപ്രിയഃ
ശുക്രാർക്കേന്ദുഭിരന്യദാരനിരതഃ ക്രൂരോഽരിഭീതോ ധനീ. ൮

സൂര്യൻ ചന്ദ്രൻ ചൊവ്വ ഇവർ ഒരുമിച്ചുനിന്നാൽ ശത്രുവംശത്തെ നശിപ്പിക്കുന്നവനും ധനവാനും നീതിമാനും, ചന്ദ്രൻ സൂര്യൻ ബുധൻ ഇവർ ഒരുമിച്ചുനിന്നാൽ രാജതുല്യനും വിദ്യയും യശസ്സും ഉള്ളവനും, ചന്ദ്രൻ സൂര്യൻ വ്യാഴം ഇവർ ഒന്നിച്ചുനിന്നാൽ ഗുണനിധിയും വിദ്വാനും രാജപ്രിയനും, ശുക്രൻ സൂര്യൻ ചന്ദ്രൻ ഇവർ ഒന്നിച്ചുനിന്നാൽ അന്യഭാര്യയിൽ തല്പരനും ക്രൂരനും ശത്രുഭയമുള്ളവനും ധനവാനും ആയിത്തീരും.

മന്ദേന്ദ്വർക്കസമാഗമേ ഖലമതിർമ്മായീ വിദേശപ്രിയോ
ഭാസ്വദ്ഭൂസുതബോധനൈർഗ്ഗതസുഖഃ പുത്രാർത്ഥദാരാന്വിതഃ
ജീവാർക്കാവനിജൈരതിപ്രിയകരോ മന്ത്രീ ചമൂപോഽഥവാ
സോമാർക്കാസുരവന്ദിതൈർന്നയനരുഗ്ഭോഗീ കുലീനോഽർത്ഥവാൻ.

ശനി ചന്ദ്രൻ സൂര്യൻ ഇവർ ഒന്നിച്ചുനിന്നാൽ ദുർബുദ്ധിയും മായാവിയും വിദേശപ്രിയനും, സൂര്യൻ ചൊവ്വ ബുധൻ ഇവർ ഒന്നിച്ചുനിന്നാൽ സുഖംനശിച്ചവനും പുത്രൻ ധനം കളത്രം ഇവയോടുകൂടിയവനും, വ്യാഴം സൂര്യൻ ചൊവ്വ ഇവർ ഒന്നിച്ചുനിന്നാൽ അതിപ്രിയകരനും, മന്ത്രിയോ അല്ലെങ്കിൽ സൈന്യാധിപനോ ആയും, ചന്ദ്രൻ സൂര്യൻ ശുക്രൻ ഇവർ ഒന്നിച്ചുനിന്നാൽ നേത്രരോഗിയും, സുഖിയും കുലീനനും ധനവാനും ആയിത്തീരും.

മന്ദാർക്കാവനിജൈസ്സ്വബന്ധുരഹിതോ മൂർഖോ ധനീ രോഗഭാ-
ഗിന്ദ്രാചാര്യരവീന്ദുജൈഃ പടുമതിർവ്വിദ്യായശോവിത്തവാൻ
ഭാനുജ്ഞാസുരപൂജിതൈർമ്മൃദുതനുർവ്വിദ്യായശസ്വീ സുഖീ
സൌരാദിത്യബുധൈർവ്വിബന്ധുരധനോ ദ്വേഷീ ദുരാചാരവാൻ. ൰

ശനി സൂര്യൻ ചൊവ്വ ഇവർ ഒന്നിച്ചുനിന്നാൽ ബന്ധുവിരഹിതനും മൂർഖനും ധനവാനും രോഗിയും, വ്യാഴം സൂര്യൻ ബുധൻ ഇവർ ഒന്നിച്ചുനിന്നാൽ പടുബുദ്ധിയും വിദ്യ യശസ്സ് ധനം ഇവയോടുകൂടിയവനും, സൂര്യൻ ബുധൻ ശുക്രൻ ഇവർ

ഒന്നിച്ചുനിന്നാൽ മൃദുശരീരനും, വിദ്യയും യശസ്സും ഉള്ളവനും സുഖിയും, ശനി സൂര്യൻ ബുധൻ ഇവർ ഒന്നിച്ചുനിന്നാൽ ബന്ധുവിരഹിതനും നിർദ്ധനനും ദ്വേഷിയും ദുരാചാരമുള്ളവനും ആയിത്തീരും.

ജീവാദിത്യസിതൈസ്സദാരതനയഃ പ്രാജ്ഞോഽക്ഷിരുഗ്വിത്തവാൻ
മന്ദേജ്യാച്ഛിതഭാനുഭിർഗ്ഗതഭയോ രാജപ്രിയഃ സാത്വികഃ
ജാതോ ഭാനുസിതാസിതൈഃ കുചരിതോ ഗർവ്വാഭിമാനാന്വിതോ
ചന്ദ്രാരേന്ദുസുതൈഃ സദാശനപരോ ദുഷ്കർമ്മകൃദ്ദൂഷകഃ ൯

വ്യാഴം സൂര്യൻ ശുക്രൻ ഇവർ ഒന്നിച്ചുനിന്നാൽ ഭാര്യയോടും പുത്രന്മാരോടും കൂടിയവനും വിദ്വാനും നേത്രരോഗിയും ധനവാനും, ശനി വ്യാഴം സൂര്യൻ ഇവർ ഒന്നിച്ചുനിന്നാൽ നിർഭയനും രാജപ്രിയനും സത്വഗുണപ്രധാനിയും, സൂര്യൻ ശുക്രൻ ശനി ഇവർ ഒന്നിച്ചുനിന്നാൽ കുചരിതനും ഗർവ്വും അഭിമാനം ഇവയോടുകൂടിയവനും, ചന്ദ്രൻ ചൊവ്വ ബുധൻ ഇവർ ഒന്നിച്ചുനിന്നാൽ എല്ലായ്പോഴും ഭക്ഷണപ്രിയനും ദുഷ്കർമ്മകൃത്തും ദൂഷകനും ആയിത്തീരും.

ജീവേന്ദുക്ഷിതിജൈഃ സരോഷവചനഃ കാമാതുരോ രൂപവാ-
നിന്ദുക്ഷ്മാജസിതൈർവ്വിശീലതനയഃ സഞ്ചാരശീലോ ഭവേൽ
താരേശാർക്കജഭൂമിജൈശ്ചലമതിർദ്ദുഷ്ടാത്മകോ മാതൃഹാ
ജീവേന്ദുജ്ഞസമാഗമേ ബഹുധനഖ്യാതോഽവനീശപ്രിയഃ. ൧൦

വ്യാഴം ചന്ദ്രൻ ചൊവ്വ ഇവർ ഒന്നിച്ചുനിന്നാൽ സകോപവചനനും കാമിയും സൗന്ദര്യവാനും, ചന്ദ്രൻ ചൊവ്വ ശുക്രൻ ഇവർ ഒന്നിച്ചുനിന്നാൽ ദുസ്സ്വഭാവിയും പുത്രവിരഹിതനും സഞ്ചാരിയും, ചന്ദ്രൻ ശനി ചൊവ്വ ഇവർ ഒന്നിച്ചുനിന്നാൽ ചപലബുദ്ധിയും ദുഷ്ടമനസ്സും മാതൃഘാതിയും, വ്യാഴം ചന്ദ്രൻ ബുധൻ ഇവർ ഒന്നിച്ചുനിന്നാൽ വളരെ ധനമുള്ളവനും പ്രസിദ്ധനും രാജപ്രിയനും ആയിത്തീരും.

വിദ്യാവാനപി നീചകർമ്മനിരതഃ സേവ്യഃ സിതജ്ഞേന്ദുഭി-
സ്ത്യാഗീ ഭൂപതിപൂജിതശ്ച ഗുണവാനിന്ദുജ്ഞതിഗ്മാംശുഭിഃ
പ്രാജ്ഞഃ സാധുസുതഃ കലാസുനിപുണഃ ശുക്രേന്ദുജീവാച്ഛിതൈഃ
ശാസ്ത്രീ വൃദ്ധവധൂരതോ നൃപസമോ വാചസ്പതീന്ദ്വർക്കജൈഃ. ൧൧

ശുക്രൻ ബുധൻ ചന്ദ്രൻ ഇവർ ഒന്നിച്ചുനിന്നാൽ വിദ്യയുള്ളവനും നീചകർമ്മതല്പരനും സേവ്യനും, ചന്ദ്രൻ ബുധൻ ശനി ഇവർ ഒന്നിച്ചുനിന്നാൽ ത്യാഗിയും രാജപൂജിതനും ഗുണവാനും, ശുക്രൻ ചന്ദ്രൻ വ്യാഴം ഇവർ ഒന്നിച്ചുനിന്നാൽ വിദ്വാനും നല്ല പുത്രന്മാരോടുകൂടിയവനും കലകളിൽ സമർത്ഥനും, വ്യാഴം ചന്ദ്രൻ ശനി ഇവർ ഒന്നിച്ചുനിന്നാൽ ശാസ്ത്രജ്ഞനും വൃദ്ധസ്ത്രീയിൽ തല്പരനും രാജതുല്യനും ആയിത്തീരും.

വേദീ രാജപുരോഹിതോഽതിസുഭഗഃ ശുക്രേന്ദുചണ്ഡാംശുജൈർ
ഗാന്ധർവ്വശ്രുതികാവ്യനാടകപരോ ജീവജ്ഞഭൂനന്ദനൈഃ
ഹീനാംഗഃ ഖലവംശജശ്ചലമതിശ്ശുക്രാരചന്ദ്രാത്മജൈഃ
പ്രേഷ്യഃ സാമയലോചനോഽടനപരസ്താരാജഭൗമാസിതൈഃ ൧൨

ശുക്രൻ ചന്ദ്രൻ ശനി ഇവർ ഒന്നിച്ചുനിന്നാൽ വേദജ്ഞനും രാജപുരോഹിതനും അതിസുന്ദരനും, വ്യാഴം ബുധൻ ചൊവ്വ ഇവർ ഒന്നിച്ചുനിന്നാൽ ഗാനശാസ്ത്രം കാവ്യനാടകങ്ങൾ ഇവയിൽ തല്പരനും, ശുക്രൻ ചൊവ്വ ബുധൻ ഇവർ ഒന്നിച്ചുനിന്നാൽ അംഗവൈകല്യമുള്ളവനും ദുഷ്ടകുലജാതനും ചപലബുദ്ധിയും, ബുധൻ ചൊ

ഴ്ച ശനി ഇവർ ഒന്നിച്ചുനിന്നാൽ ഭൃത്യനും നേത്രരോഗിയും ദേശസഞ്ചാരിയും ആയിത്തീരും.

ശുക്രാരേന്ദ്രപുരോഹിതൈർനരപതേരിഷ്ടസ്സപുത്രസ്സുഖീ
ജീവാരാർക്കസുതൈഃ കൃശോഽസുഖതനുർമാനീ ദുരാചാരവാൻ
സൌരാരാസുരപൂജിതൈഃ കുതനയോ നിത്യം പ്രവാസാന്വിതഃ
ശുക്രജ്ഞാമരമന്ത്രിഭിർജിതരിപുഃ കീർത്തിപ്രതാപാന്വിതഃ ൧൩

ശുക്രൻ ചൊവ്വ വ്യാഴം ഇവർ ഒന്നിച്ചുനിന്നാൽ രാജപ്രിയനും പുത്രവാനും സുഖിയും; വ്യാഴം ചൊവ്വ ശനി ഇവർ ഒന്നിച്ചുനിന്നാൽ കൃശനും ദേഹസുഖമില്ലാത്തവനും മാനിയും ദുരാചാരമുള്ളവനും, ശനി ചൊവ്വ ശുക്രൻ ഇവർ ഒന്നിച്ചുനിന്നാൽ കുത്സിതപുത്രരോടുകൂടിയവനും നിത്യം നാടുവിട്ടു സഞ്ചരിക്കുന്നവനും, ശുക്രൻ ബുധൻ വ്യാഴം ഇവർ ഒന്നിച്ചുനിന്നാൽ ശത്രുക്കളെ അടക്കിയവനും, കീർത്തി പ്രതാപം ഇവയോടുകൂടിയവനും ആയിത്തീരും.

ദേവേജ്യേന്ദുജഭാനുജൈരതിസുഖഃ ശ്രീകഃ സ്വദാരപ്രിയോ
മന്ദജ്ഞാസുരവന്ദിതൈരനൃതവാഗ് ദുഷ്ടോഽന്യജായാരതഃ
ജാതോ ജീവസിതാസിതൈർവിമലധീർവിഖ്യാതസൌഖ്യാന്വിത-
ശ്ചന്ദ്രേ പാപയുതേ സദാല്പസുഖവാൻ ഭാനൌ പിതുസ്തദ്വദേൽ

വ്യാഴം ബുധൻ ശനി ഇവർ ഒന്നിച്ചുനിന്നാൽ അതിസുഖിയും സമ്പന്നനും സ്വഭാര്യയിൽ ഇഷ്ടനും, ശനി ബുധൻ ശുക്രൻ ഇവർ ചേർന്നുനിന്നാൽ കള്ളം പറയുന്നവനും ദുഷ്ടനും അന്യഭാര്യയിൽ പ്രിയനും; വ്യാഴം ശുക്രൻ ശനി ഇവർ ചേർന്നുനിന്നാൽ നിർമ്മലബുദ്ധിയും പ്രസിദ്ധസുഖമുള്ളവനും; ചന്ദ്രൻ പാപന്മാരോടുകൂടി നിന്നാൽ എപ്പോഴും അല്പസുഖമുള്ളവനും, സൂര്യൻ പാപന്മാരോടുകൂടി നിന്നാൽ അച്ഛന് എപ്പോഴും അല്പസുഖപ്രദനും ആയിത്തീരും.

ചതുർഗ്രഹയോഗം —

ഏകർക്ഷഗൈരിനസുധാകരഭൂസുതജ്ഞൈർ-
മായീ പ്രപന്നകുശലോ ലിപികശ്ച രോഗീ
ചന്ദ്രാരഭാനുഗുരുഭിർധനവാൻ യശസ്വീ
ധീമാൻ നൃപപ്രിയകരോ ഗതശോകരോഗഃ ൧൪

സൂര്യൻ ചന്ദ്രൻ ചൊവ്വ ബുധൻ ഇവർ ഒരു രാശിയിൽ നിന്നാൽ മായാവിയും ക്ഷേമം പ്രാപിച്ചവനും എഴുത്തിൽ സമർത്ഥനും രോഗിയും; ചന്ദ്രൻ ചൊവ്വ സൂര്യൻ വ്യാഴം ഇവർ ചേർന്നുനിന്നാൽ ധനവാനും യശസ്വിയും ബുദ്ധിമാനും രാജപ്രിയനും ശോകരോഗങ്ങളില്ലാത്തവനും ആയിത്തീരും.

ആരാർക്കചന്ദ്രഭൃഗുജൈഃ സുതദാരസമ്പ-
ദ്വിദ്വാൻ മിതാശനസുഖീ നിപുണഃ കൃപാലുഃ
സൂര്യേന്ദുഭാനുസുതഭൂമിസുതൈരശാന്ത-
നേത്രോഽടനശ്ച കുലടാപതിരർത്ഥഹീനഃ ൧൫

ചൊവ്വ സൂര്യൻ ചന്ദ്രൻ ശുക്രൻ ഇവർ ഒന്നിച്ചുനിന്നാൽ പുത്രസമ്പത്തും ഭാര്യാസമ്പത്തും ഉള്ളവനും, വിദ്വാനും മിതഭോജിയും സമർത്ഥനും ദയാലുവും; സൂര്യൻ ചന്ദ്രൻ ശനി ചൊവ്വാ ഇവർ ഒന്നിച്ചുനിന്നാൽ കണ്ണു ചുവന്നവനും ദേശസഞ്ചാരിയും വേശ്യാപതിയും ധനഹീനനും ആയിത്തീരും.

താരാസുതേന്ദുരവിമന്ത്രിഭിരിഷ്ടപുത്ര-
ദാരാർത്ഥവാൻ ഗുണയശോബലവാനുദാരഃ
ശുക്രേന്ദുഭാനുശശിജൈർവികലശ്ച വാഗ്മീ
ജീവേന്ദുവിദ്ദിനകരൈരധനഃ കൃതഘ്നഃ ൧൭

ബുധൻ ചന്ദ്രൻ സൂര്യ്യൻ ഗുരു ഇവർ ഒന്നിച്ചുനിന്നാൽ ഇഷ്ടങ്ങളായ പുത്രഭാര്യ്യാധനങ്ങളുള്ളവനും ഗുണയശോബലങ്ങളോടുകൂടിയവനും ദാനശീലനും; ശുക്രൻ ചന്ദ്രൻ സൂര്യ്യൻ ബുധൻ ഇവർ ഒന്നിച്ചുനിന്നാൽ വികലനും (വൈകല്യമുള്ളവനും) വാഗ്മിയും; വ്യാഴം ചന്ദ്രൻ ബുധൻ സൂര്യ്യൻ ഇവർ ഒന്നിച്ചുനിന്നാൽ ധനഹീനനും ഉപകാരസ്മരണയില്ലാത്തവനും ആയിത്തീരും.

തോയാടവിക്ഷിതിചരോഽവനിപാലപൂജ്യോ
ഭോഗീ ദിനേശഗുരുഹിമദ്യുതിജീവശുക്രൈഃ
ജാതോ വിശാലനയനോ ബഹുവിത്തപുത്രോ
വാരാംഗനാപതിരിനേന്ദുസുരേജ്യമന്ദൈഃ ൧൮

സൂര്യ്യൻ ചന്ദ്രൻ വ്യാഴം ശുക്രൻ ഇവർ ഒന്നിച്ചുനിന്നാൽ ജലകാനനഭൂമികളിൽ സഞ്ചരിക്കുന്നവനും രാജപൂജ്യനും സുഖിയും; സൂര്യ്യൻ ചന്ദ്രൻ വ്യാഴം ശനി ഇവർ ഒന്നിച്ചുനിന്നാൽ വിശാലനേത്രനും വളരെ ധനത്തോടും പുത്രന്മാരോടുംകൂടിയവനും വേശ്യാപതിയും ആയിത്തീരും.

മന്ദേന്ദുഭാനുഭൃഗുജൈർവിബലോഽതിഭീരുഃ
കന്യാജനാശ്രയധനാശനതല്പരശ്ച
ആരാരുണജ്ഞഗുരുഭിസ്സബലോ വിപന്നോ
ദാരാർത്ഥവാൻ നയനരോഗയുതോഽടനഃ സ്യാൽ ൧൯

ശനി ചന്ദ്രൻ സൂര്യ്യൻ ശുക്രൻ ഇവർ ഒന്നിച്ചുനിന്നാൽ ബലഹീനനും അതിഭീരുവും കന്യാജനാശ്രയിയും ധനം ഭക്ഷണം ഇവയിൽ തല്പരനും; ചൊവ്വാ സൂര്യ്യൻ ബുധൻ വ്യാഴം ഇവർ ഒന്നിച്ചുനിന്നാൽ ബലവാനും ആപത്തിലകപ്പെട്ടവനും ഭാര്യ്യ ധനം ഇവയോടുകൂടിയവനും നേത്രരോഗിയും ദേശസഞ്ചാരിയും ആയിത്തീരും.

രവികുജബുധശുക്രൈരന്യദാരാനുരക്തോ
വിഷമനയനവേഷശ്ചോരധീർവീതസത്വഃ
ദിനകരകുജതാരാസൂനുമന്ദൈശ്ചമൂപോ
നരപതിസചിവോ വാ നീചകൃദ്ഭോഗശീലഃ ൨൦

സൂര്യ്യൻ ചൊവ്വാ ബുധൻ ശുക്രൻ ഇവർ ഒന്നിച്ചുനിന്നാൽ അന്യഭാര്യ്യയിൽ അനുരക്തനും വിഷമനയനവേഷനും കള്ളനും നിർവീര്യ്യനും; സൂര്യ്യൻ ചൊവ്വാ ബുധൻ ശനി ഇവർ ഒന്നിച്ചുനിന്നാൽ സേനാപതിയോ, രാജമന്ത്രിയോ ആയും നീചകർമ്മകൃത്തായും സുഖിയായും തീരും.

സൂര്യ്യാരാര്യ്യസിതൈർമഹീപതിസമഃ ഖ്യാതോഽതിപൂജ്യോ ധനീ
ജീവാരാർക്കിദിവാകരൈർഗതധനോ ഭ്രാന്തഃ സുഹൃദ്ബന്ധുമാൻ
ഭൂപുത്രാർക്കസിതാസിതൈഃ പരിഭവപ്രാപ്തോ വികർമ്മാഗ്രണീ
ശുക്രാർക്കേന്ദുജസൂരിഭിർധനയശോമുഖ്യപ്രധാനോ ഭവേൽ ൨൧

സൂര്യ്യൻ ചൊവ്വാ വ്യാഴം ശുക്രൻ ഇവർ ഒന്നിച്ചുനിന്നാൽ രാജതുല്യനും പ്രസിദ്ധനും അതിപൂജ്യനും ധനവാനും; വ്യാഴം ചൊവ്വ ശനി സൂര്യ്യൻ ഇവർ ഒന്നിച്ചുനി

ന്നാൽ ധനഹീനനും ഭ്രാന്തനും സഖാക്കളോടും ബന്ധുക്കളോടും കൂടിയവനും ചൊവ്വാ സൂൎയ്യൻ ശുക്രൻ ശനി ഇവർ ഒന്നിച്ചുനിന്നാൽ പരാഭവത്തെ പ്രാപിച്ചവനും, കൎമ്മരഹിതനും അഗ്ഗുണിയും ശുക്രൻ സൂൎയ്യൻ ബുധൻ വ്യാഴം ഇവർ ഒന്നിച്ചുനിന്നാൽ ധനം, കീൎത്തി ഇവയാൽ മുഖ്യനും പ്രധാനനും ആയിത്തീരും.

ജീവാൎക്കിജ്ഞദിവാകരൈഃ കലഹകൃന്മാനീ ദുരാചാരവാൻ
മന്ദജ്ഞാരുണഭാൎഗ്ഗവൈഃ സുവദനഃ സത്യവ്രതാചാരവാൻ
അൎക്കാരജ്ഞസിതൈഃ കലാസുനിപുണോ നീചപ്രഭുഃ സാഹസീ
ജീവേന്ദുജ്ഞകുജൈൎന്നൃപപ്രിയകരോ മന്ത്രീ കവിഃ ക്ഷ്മാപതിഃ ൨൨

വ്യാഴം ശനി ബുധൻ സൂൎയ്യൻ ഇവർ ഒന്നിച്ചുനിന്നാൽ കലഹശീലനും മാനിയും ദുഷ്ടാചാരമുള്ളവനും, ശനി ബുധൻ സൂൎയ്യൻ ശുക്രൻ ഇവർ ഒന്നിച്ചുനിന്നാൽ പ്രസന്നമുഖനും സത്യം വ്രതം ആചാരം ഇവയോടു കൂടിയവനും, സൂൎയ്യൻ ചൊവ്വാ ബുധൻ ശുക്രൻ ഇവർ ഒന്നിച്ചുനിന്നാൽ കലാവിദ്യകളിൽ നിപുണനും നീചപ്രഭുവും സാഹസകൎമ്മിയും വ്യാഴം ചന്ദ്രൻ ബുധൻ കുജൻ ഇവർ ഒന്നിച്ചുനിന്നാൽ രാജപ്രിയകാരിയും മന്ത്രിയും കവിയും ഭൂപതിയും ആയിത്തീരും.

ചന്ദ്രാരജ്ഞസിതൈഃ സുദാരതനയഃ പ്രാജ്ഞോ വിരൂപസ്സുഖീ
മന്ദാരേന്ദുബുധൈൎദ്വിമാതൃപിതൃകഃ ശൂരോ ബഹുസ്ത്രീപതിഃ
ചന്ദ്രാരാൎയ്യസിതൈരധൎമ്മകുശലോ നിദ്രാലുരുത്ഥാതുരോ
ജീവാരാൎക്കനിശാകരൈഃ സ്ഥിരമതിഃ ശൂരഃ സുഖീ പണ്ഡിതഃ ൨൩

ചന്ദ്രൻ കുജൻ ബുധൻ ശുക്രൻ ഇവർ ഒന്നിച്ചുനിന്നാൽ ശോഭനരായ ഭാൎയ്യാതനയന്മാരോടുകൂടിയവനും ബുദ്ധിമാനും വിരൂപനും സുഖിയും, ശനി ചൊവ്വ ചന്ദ്രൻ ബുധൻ ഇവർ ഒന്നിച്ചുനിന്നാൽ രണ്ടു് അച്ഛനമ്മമാരോടുകൂടിയവനും ശൂരനും ബഹുസ്ത്രീപതിയും ചന്ദ്രൻ ചൊവ്വാ വ്യാഴം ശുക്രൻ ഇവർ ഒന്നിച്ചുനിന്നാൽ അധൎമ്മകുശലനും നിദ്രാശീലനും ദുഃഖിതനും വ്യാഴം ചൊവ്വാ സൂൎയ്യൻ ചന്ദ്രൻ ഇവർ ഒന്നിച്ചുനിന്നാൽ സ്ഥിരബുദ്ധിയും ശൂരനും സുഖിയും പണ്ഡിതനും ആയിത്തീരും.

ശുക്രജ്ഞേന്ദുസുരാച്ചിതൈസ്സുബധിരോ വിദ്വാൻ യശസ്വീ ധനീ
ചന്ദ്രാൎക്കിജ്ഞസുരാൎച്ചിതൈരതിധനോ ബന്ധുപ്രിയോ ധാൎമ്മികഃ
ശീതാംശുജ്ഞസിതാസിതൈൎബ്ബഹുജനദ്വേഷീ പരസ്ത്രീപതിർ
ജീവേന്ദ്വൎക്കജഭാൎഗ്ഗവൈൎഗ്ഗതസുഖഃ ശ്രദ്ധാദയാവൎജ്ജിതഃ. ൨൪

ശുക്രൻ ബുധൻ ചന്ദ്രൻ വ്യാഴം ഇവർ ഒന്നിച്ചുനിന്നാൽ ചെവികേൾക്കാൻ വയ്യാത്തവനും വിദ്വാനും കീൎത്തിമാനും ധനികനും ചന്ദ്രൻ ശനി ബുധൻ വ്യാഴം ഇവർ ഒന്നിച്ചുനിന്നാൽ അതിധനികനും ബന്ധുപ്രിയനും ധൎമ്മിയും ചന്ദ്രൻ ബുധൻ ശുക്രൻ ശനി ഇവർ ഒന്നിച്ചുനിന്നാൽ ബഹുജനദ്വേഷിയും അന്യനാരീപതിയും വ്യാഴം ചന്ദ്രൻ ശനി ശുക്രൻ ഇവർ ഒന്നിച്ചുനിന്നാൽ സുഖമില്ലാത്തവനും ശ്രദ്ധ ദയ ഇവയോടു വേർപെട്ടവനും ആയിത്തീരും.

കുജബുധഗുരുശുക്രൈരൎത്ഥവാന്നിന്ദിതഃ സ്യാദ്
ബുധഗുരുശനിഭൌമൈസ്സാമയോ വിത്തഹീനഃ
ഗുരുസിതശനിസൌമ്യൈരേകഗേഹോപയാതൈ-
രതിശയധനവിദ്യാശീലമേതി പ്രജാതഃ ൨൫

കുജൻ ബുധൻ വ്യാഴം ശുക്രൻ ഇവർ ഒന്നിച്ചുനിന്നാൽ ധനവാനും നിന്ദിതനും ബുധൻ വ്യാഴം ശനി ചൊവ്വ ഇവർ ഒന്നിച്ചുനിന്നാൽ രോഗിയും ധനഹീനനും,

വ്യാഴം ശുക്രൻ ശനി ബുധൻ ഇവർ ഒന്നിച്ചുനിന്നാൽ വളരെ ധനം വിദ്യ ഇവയോടു കൂടിയവനും ആയിത്തീരും.

പഞ്ചഗ്രഹയോഗം —

ഏകർക്ഷഗൈരിനശശിക്ഷിതിജജ്ഞജീവൈർ-
ജാതസ്തു യുദ്ധകുശലഃ പിശുനഃ സമർത്ഥഃ
ശുക്രാരഭാനുബുധശീതകരൈർവിധർമ്മഃ
ശുദ്ധാലുരന്യജനകാര്യ്യപരോ വിബന്ധുഃ. ൨൬

സൂര്യ്യൻ ചന്ദ്രൻ ചൊവ്വ ബുധൻ വ്യാഴം ഇവർ ഒരു രാശിയിൽ നില്ക്കുമ്പോൾ ജനിച്ചവൻ യുദ്ധസമർത്ഥനും ഏഷണിക്കാരനും സമർത്ഥനും, ശുക്രൻ ചൊവ്വ സൂര്യ്യൻ ബുധൻ ചന്ദ്രൻ ഇവർ ഒന്നിച്ചുനിന്നാൽ അധാർമ്മികനും അന്യജനകാര്യ്യത്തിൽ തല്പരനും ബന്ധുവിഹീനനും ആയിത്തീരും.

ഭൂനന്ദനേന്ദുരവിമന്ദപുരന്ദരേജ്യൈ-
രാശാലുരിഷ്ടരമണീവിരഹാഭിഭൂതഃ
ചന്ദ്രാരഭാനുശശിസൂനുദിനേശപുത്രൈ-
രല്പായുരാജ്ഞജനപരോ വികളത്രപുത്രഃ. ൨൭

ചൊവ്വ ചന്ദ്രൻ സൂര്യ്യൻ ശനി വ്യാഴം ഇവർ ഒന്നിച്ചുനിന്നാൽ എല്ലാത്തിലും ആഗ്രഹമുള്ളവനും ഇഷ്ടസ്ത്രീയുടെ വിരഹമുള്ളവനും ചന്ദ്രൻ ചൊവ്വാ സൂര്യ്യൻ ബുധൻ ശനി ഇവർ ഒന്നിച്ചുനിന്നാൽ അല്പായുസ്സും കളത്രപുത്രവിഹീനനും ആയിത്തീരും.

ജീവേന്ദുഭൌമസിതഭാനുഭിരാതതായീ
ത്യക്തഃ സ്വമാതൃപിതൃബന്ധുജനൈരനേത്രഃ
മന്ദേന്ദുശുക്രരവിഭൂമിസുതൈർവിനാമാ
വിത്തപ്രഭാവകുശലോ മലിനോഽന്യദാരഃ. ൨൮

വ്യാഴം ചന്ദ്രൻ ചൊവ്വ ശുക്രൻ സൂര്യ്യൻ ഇവർ ഒന്നിച്ചുനിന്നാൽ വധോദ്യതനും തന്റെ മാതൃപിതൃബന്ധുജനങ്ങളാൽ ത്യജിക്കപ്പെട്ടവനും കണ്ണില്ലാത്തവനും ശനി ചന്ദ്രൻ ശുക്രൻ സൂര്യ്യൻ ചൊവ്വ ഇവർ ഒന്നിച്ചുനിന്നാൽ കുലനാമാദികൾ അറിയാൻ പാടില്ലാത്തവനും ധനം പ്രഭാവം ഇവയാൽ കുശലനും മലിനവേഷനും അന്യന്റെ ഭാര്യയുള്ളവനും ആയിത്തീരും.

താരേശഭാനുഗുരുബോധനഭാനവേജ്യൈർ-
മന്ത്രീ ധനീ നിജയശോബലദണ്ഡനാഥഃ
ഭാസ്വദ്ബുധേന്ദുഗുരുഭാനുസുതൈഃ പരാന്ന-
ഭോജീ സുഭീരതിപാപപരതോഗ്രവൃത്തിഃ. ൨൯

ചന്ദ്രൻ സൂര്യ്യൻ വ്യാഴം ബുധൻ ശുക്രൻ ഇവർ ഒന്നിച്ചുനിന്നാൽ മന്ത്രിയും ധനികനും തന്റെ കീർത്തിയാലും ബലത്താലും ദണ്ഡനാഥനും, സൂര്യ്യൻ ബുധൻ ചന്ദ്രൻ വ്യാഴം ശനി ഇവർ ഒന്നിച്ചുനിന്നാൽ പരാന്നഭോജിയും ഭയശീലനും പാപകർമ്മത്തിൽ ഏറ്റവും തല്പരനും ഉഗ്രവൃത്തിയും ആയിത്തീരും.

സൌമ്യാസിതേന്ദുസിതഭാനുഭിരർത്ഥഹീനോ
ദീർഘാകൃതിർഗതസുതോ ബഹുരോഗഗാത്രഃ
ജീവേന്ദുശുക്രരവിഭാനുസുതൈസ്സുമാരോ
വാഗ്മീന്ദ്രജാലചതുരോ വിഭയഃ സശത്രുഃ. ൩൦

ബുധൻ ശനി ചന്ദ്രൻ ശുക്രൻ സൂൎയ്യൻ ഇവർ ഒന്നിച്ചുനിന്നാൽ ധനഹീനനും ദീർഘാകൃതിയും സുതവിരഹിതനും ബഹുരോഗിയും, വ്യാഴം ചന്ദ്രൻ ശുക്രൻ സൂൎയ്യൻ ശനി ഇവർ ഒന്നിച്ചുനിന്നാൽ ഭാൎയ്യയുള്ളവനും വാഗ്മിയും ഇന്ദ്രജാലവിദ്യയിൽ സമൎത്ഥനും നിർഭയനും ശത്രുവുള്ളവനും ആയിത്തീരും.

ശുക്രാരഭാനുഗുരുചന്ദ്രസുതൈർവിശോകഃ
സേനാതുരംഗപതിരന്യവധൂവിലോലഃ
ഭ്രസൂനജീവരവിബോധനഭാനുപുത്രൈർ-
ഭിക്ഷാശനോ മലിനജീൎണ്ണതരാംബരഃ സ്യാൽ. ൩൨

ശുക്രൻ ചൊവ്വ സൂൎയ്യൻ വ്യാഴം ബുധൻ ഇവർ ഒന്നിച്ചുനിന്നാൽ ദുഃഖമില്ലാത്തവനും സൈന്യം അശ്വം ഇവയുടെ നാഥനും അന്യനാരീതല്പരനും, ചൊവ്വ വ്യാഴം സൂൎയ്യൻ ബുധൻ ശനി ഇവർ ഒന്നിച്ചുനിന്നാൽ ഭിക്ഷാന്നം ഭക്ഷിക്കുന്നവനും മലിനവും ജീർണ്ണവും ആയ വസ്ത്രം ധരിക്കുന്നവനും ആയിത്തീരും.

പൂജ്യഃ കലാസു നിപുണോ വധബന്ധനാഢ്യോ
രോഗീ സിതാസിതഗുരുജ്ഞധരാകുമാരൈഃ
ശ്രേഷ്ഠോഽതിദുഃഖഭയരോഗയുതഃ ക്ഷുധാൎത്തഃ
ശന്യാരബോധനവികൎത്തനദാനവേജ്യൈഃ ൩൩

ശുക്രൻ ശനി വ്യാഴം ബുധൻ ചൊവ്വ ഇവർ ഒന്നിച്ചുനിന്നാൽ പൂജ്യനും സകലകലകളിലും സമൎത്ഥനും വധബന്ധനകുശലനും രോഗിയും, ശനി ചൊവ്വ ബുധൻ സൂൎയ്യൻ ശുക്രൻ-ഇവർ ഒന്നിച്ചുനിന്നാൽ ശ്രേഷ്ഠനും ഏററവും ദുഃഖം ഭയം രോഗം ഇവയോടുകൂടിയവനും വിശപ്പിനാൽ പരവശനും ആയിത്തീരും.

പ്രേഷ്യോഽധനോ മലിനവേഷയുതോഽതിമൂർഖ-
ശ്ചോരഃ കുജേന്ദുഗുരുശുക്രദിനേശപുത്രൈഃ
യന്ത്രക്രിയാസുരതധാതുബലപ്രസിദ്ധ-
കൎമ്മാ ഗുരുജ്ഞശനിഭാനുവസുന്ധരാജൈഃ ൩൪

ചൊവ്വ ചന്ദ്രൻ വ്യാഴം ശുക്രൻ ശനി ഇവർ ഒന്നിച്ചുനിന്നാൽ ഭൃത്യനും നിർദ്ധനനും മലിനവേഷനും അതിമൂർഖനും കള്ളനും, വ്യാഴം ബുധൻ ശനി സൂൎയ്യൻ ചൊവ്വ ഇവർ ഒന്നിച്ചുനിന്നാൽ യന്ത്രക്രിയ സുരതം ധാതുബലം ഇവയിൽ പ്രസിദ്ധനും ആയിത്തീരും.

ജ്ഞാനീ സദൈവ ഗുരുസമ്മതധർമ്മശീലഃ
ശാസ്ത്രീ ദിനേശഗുരുശുക്രശനീന്ദുപുത്രൈഃ
സാധുഃ സുഖീ ബഹുധനപ്രബലശ്ച വിദ്വാ-
നിന്ദുജ്ഞദേവഗുരുദാനവപൂജിതാരൈഃ ൩൫

സൂൎയ്യൻ വ്യാഴം ശുക്രൻ ശനി ബുധൻ ഇവർ ഒന്നിച്ചുനിന്നാൽ ജ്ഞാനിയും, എല്ലായ്പോഴും ഗുരുസമ്മതനും ധൎമ്മശീലനും ശാസ്ത്രാഭ്യാസിതനും, ചന്ദ്രൻ ബുധൻ വ്യാഴം ശുക്രൻ ചൊവ്വ ഇവർ ഒന്നിച്ചുനിന്നാൽ നല്ലവനും സുഖിയും ബഹുധനനും പ്രബലനും വിദ്വാനും ആയിത്തീരും.

പഞ്ചഗ്രഹൈരേകഗൃഹോപയാതൈ-
ശ്ചന്ദ്രജ്ഞജീവാസുരവന്ദ്യമന്ദൈഃ
സൎവ്വത്ര പൂജ്യോ വികലേക്ഷണശ്ച
മഹീപതുല്യഃ സചിവോഽഥവാ സ്യാൽ. ൩൬

ചന്ദ്രൻ ബുധൻ വ്യാഴം ശുക്രൻ ശനി ഈ അഞ്ചുഗ്രഹങ്ങൾ ഒരു രാശിയിൽ നിന്നാൽ എല്ലായിടവും പൂജ്യനും സൂക്ഷ്മദൃഷ്ടിയില്ലാത്തവനും രാജതുല്യനും അല്ലെങ്കിൽ മന്ത്രിയും ആയിത്തീരും.

ഷൾഗ്രഹയോഗം—

സൂര്യേന്ദുപാരബുധാമരേജ്യഭൃഗുജൈരേകർക്ഷഗൈസ്തീർത്ഥകൃ-
ജ്ജാതോ ഽരണ്യഗിരിപ്രദേശനിലയഃ സ്ത്രീപുത്രവിത്താന്വിതഃ
ശുക്രേന്ദ്വാർക്കബുധാമരേജ്യദിനകൃൽപുത്രൈഃ ശിരോരോഗവാ-
നുന്മാദപ്രകൃതിശ്ച നിർജ്ജനധരാവാസോ വിദേശം ഗതഃ ൩൩

സൂര്യൻ ചന്ദ്രൻ ചൊവ്വാ ബുധൻ വ്യാഴം ശുക്രൻ ഇവർ ഒന്നിച്ചു നിന്നാൽ തീർത്ഥസ്നാനം ചെയ്യുന്നവനും കാട്ടിലോ മലയിലോ വസിക്കുന്നവനും സ്ത്രീകൾ പുത്രന്മാർ ധനം ഇവകളോടുകൂടിയവനും, ശുക്രൻ ഇന്ദു സൂര്യൻ ബുധൻ വ്യാഴം ശനി ഇവർ ഒന്നിച്ചുനിന്നാൽ ശിരോരോഗിയും ഭ്രാന്തപ്രകൃതിയും നിർജ്ജനഭൂമിയിൽ പാർക്കുന്നവനും വിദേശസഞ്ചാരിയും ആയിത്തീരും.

ജീവജ്ഞാരുണഭൂമിജാസിതസിതൈസ്സഞ്ചാരശീലഃ സുധീ-
രിന്ദുജ്ഞാരസിതാർക്കിദേവഗുരുഭിസ്തീർത്ഥാടനഃ സ്യാദ്ധനീ
ജീവാരേന്ദുരവീന്ദുജാരുണസുതൈശ്ചോരഃ പരസ്ത്രീരതഃ
കുഷ്ഠീ ബാന്ധവദൂഷിതോ ഗതസുതോ മൂർഖോ വിദേശം ഗതഃ.

വ്യാഴം ബുധൻ സൂര്യൻ ചൊവ്വ ശനി ശുക്രൻ ഇവർ ഒന്നിച്ചുനിന്നാൽ ദേശസഞ്ചാരിയും വിദ്വാനും, ചന്ദ്രൻ ബുധൻ ചൊവ്വ ശുക്രൻ ശനി വ്യാഴം ഇവർ ഒന്നിച്ചുനിന്നാൽ തീർത്ഥസ്നാനം ചെയ്തു സഞ്ചരിക്കുന്നവനും ധനവാനും, വ്യാഴം ചൊവ്വ ചന്ദ്രൻ സൂര്യൻ ബുധൻ ശനി ഇവർ ഒന്നിച്ചുനിന്നാൽ കള്ളനും പരസ്ത്രീതല്പരനും കുഷ്ഠരോഗിയും ബന്ധുനിന്ദിതനും പുത്രന്മാർ നശിച്ചവനും മൂർഖനും വിദേശഗതനും ആയിത്തീരും.

നീചോഽന്യകർമ്മനിരതഃ ക്ഷയപീനസാർത്തോ
നിന്ദ്യോ മഹീസുതരവീന്ദുസിതാസിതജ്ഞൈഃ
മന്ത്രീ കളത്രധനനന്ദനമോദഹീനഃ
ശാന്തഃ സിതാസിതകുജാരുണജീവചന്ദ്രൈഃ ൩൪

ചൊവ്വ സൂര്യൻ ചന്ദ്രൻ ശുക്രൻ ശനി ബുധൻ ഇവർ ഒന്നിച്ചുനിന്നാൽ നീചനും അന്യകർമ്മതല്പരനും ക്ഷയം പീനസം ഇവയാൽ പീഡിതനും നിന്ദ്യനും, ശുക്രൻ ശനി ചൊവ്വ സൂര്യൻ വ്യാഴം ചന്ദ്രൻ ഇവർ ഒന്നിച്ചുനിന്നാൽ മന്ത്രിയും ഭാര്യ ധനം പുത്രൻ സന്തോഷം ഇവകളോടു വേർപെട്ടവനും ആയിത്തീരും.

മേഷാദിരാശിസ്ഥിതഗ്രഹഫലം—

ജാതഃ സ്വല്പധനസ്തു ഗാനരസികോ വിദ്യാധനഃ ക്ലേശധീ-
രജ്ഞസ്സ്വകലാരസജ്ഞചതുരോ ഹൈരണ്യകസ്സാഹസീ
സൽപൂജ്യഃ കുവണിക് ക്രിയാസു കുശലഃ പുത്രാദിഭാഗ്യച്യുതഃ
ശ്രീമാൻ തോയകൃഷിക്രിയാദിഭിരിനേ മേഷാദിരാശിസ്ഥിതേ

ജനനകാലത്തു് സൂര്യൻ മേടത്തിൽനിന്നാൽ സ്വല്പധനമുള്ളവനും, ഇടവത്തിൽ നിന്നാൽ സംഗീതരസികനും, മിഥുനത്തിൽനിന്നാൽ വിദ്യാധനനും, കർക്കടകത്തിൽനിന്നാൽ ക്ലേശം അനുഭവിക്കുന്നവനും, ചിങ്ങത്തിൽ നിന്നാൽ അജ്ഞനും, കന്നിയിൽനിന്നാൽ സവ്കലകളുടെ രസംതത്ത അറിയുന്നതിൽ സമർത്ഥനും ഉലാ

ത്തിൽ നിന്നാൽ സ്വർണ്ണശില്പിയും, വൃശ്ചികത്തിൽ നിന്നാൽ ആലോചിക്കാതെ ഓരോ പ്രവൃത്തി ചെയ്യുന്നവനും, ധനുവിൽ നിന്നാൽ സത്തുക്കളാൽ പൂജ്യനും, മകരത്തിൽ നിന്നാൽ കുത്സിതനായ കച്ചവടക്കാരനും, കുംഭത്തിൽ നിന്നാൽ പുത്രാദിഭാഗ്യച്യുതനും, മീനത്തിൽ നിന്നാൽ ജലത്തിൽ ഉണ്ടായ മുത്തു മുതലായവ വിറ്റു ധനമുണ്ടാക്കുന്നവനും ആയിത്തീരും.

മേഷാദിസ്ഥിതകുജഫലം—

സ്വർക്ഷേ ഭൂപകൃഷിക്രിയാടനധനഃ ശുക്രർക്ഷഗേ കാമധീഃ
സൌമ്യർക്ഷേ പരിഹീനവാക്കടകഭേ രാജപ്രിയോ വിത്തവാൻ
സിംഹേ ഭൂമിസുതേ തു നിർഭയധനോ ജൈവേ ജിതാരിസ്സുഖീ
കുംഭേ ദുർജ്ജനസേവിതോ മൃഗഗതേ ഭൂപോഥവാ തത്സമഃ ൪൦

ചൊവ്വാ, മേടവൃശ്ചികങ്ങളിൽ നിന്നാൽ രാജപൂജിതനും കൃഷിയുള്ളവനും സഞ്ചാരശീലനും ധനവാനും ഇടവം തുലാം ഈ രാശികളിൽ നിന്നാൽ കാമിയും, മിഥുനം കന്നി ഈ രാശികളിൽ നിന്നാൽ ഹീനവാക്കും, കർക്കടകത്തിൽ നിന്നാൽ രാജപ്രിയനും ധനവാനും, ചിങ്ങത്തിൽ നിന്നാൽ നിർഭയനും നിർധനനും, ധനു മീനങ്ങളിൽ നിന്നാൽ ശത്രുവിജയിയും സുഖിയും, കുംഭത്തിൽ നിന്നാൽ ദുർജ്ജനസേവിതനും, മകരത്തിൽ നിന്നാൽ രാജാവും അല്ലെങ്കിൽ രാജസദൃശനും ആയിത്തീരും.

ബുധഫലം —

കൌജേ ചന്ദ്രസുതേ ധനീ സിതഗൃഹേ വിദ്വാൻ നൃയുഗ്മേ സുഖീ
കർക്കിസ്ഥേ നിജവിത്തഹാ ഹരിഗതേ ജാതോ വധൂനിർജ്ജിതഃ
കന്യാസ്ഥേ സുഗുണാകരോ ഗതഭയശ്ചാപേ നൃപാലപ്രിയോ
മീനസ്ഥേ ജിതസേവകസ്സ്വനിഗൃഹേ ശില്പീ പരപ്രേഷ്യകഃ. ൪൧

ബുധൻ മേടവൃശ്ചികങ്ങളിൽ നിന്നാൽ ധനവാനും ഇടവം തുലാം ഈ രാശികളിൽ നിന്നാൽ വിദ്വാനും. മിഥുനത്തിൽനിന്നാൽ സുഖിയും, കർക്കടകത്തിൽ നിന്നാൽ സ്വവിത്തത്തെ നശിപ്പിക്കുന്നവനും. ചിങ്ങത്തിൽ നിന്നാൽ സ്ത്രീജിതനും, കന്നിയിൽ നിന്നാൽ ഗുണനിധിയും നിർഭയനും ധനുവിൽ നിന്നാൽ രാജപ്രിയനും, മീനത്തിൽ നിന്നാൽ സേവകൻ വശമല്ലാത്തവനും, മകരകുംഭങ്ങളിൽ നിന്നാൽ ശില്പിയും പരഭൃത്യനും ആയിത്തീരും.

വ്യാഴത്തിന്റെ ഫലം—

സേനാവിത്തസുതാധികസ്സുഗുണവാൻ ദാതാ കുജർക്ഷേ ഗുരൌ
തേജസ്വീ സിതഭേ പരിച്ഛദസുഹൃൽ താരാസുതർക്ഷം ഗതേ
പ്രാജ്ഞഃ പുത്രധനശ്ച കർക്കിണി ഘടേ ഭോഗീ യശസ്വീ ഹരൌ
രാജാ രാജസമോഽഥവാ നിജഗൃഹേ നീചേഽടനഃ ക്ലേശധീഃ. ൪൨

വ്യാഴം, മേടവൃശ്ചികങ്ങളിൽ നിന്നാൽ സൈന്യം ധനം പുത്രൻ ഇവയുടെ സമൃദ്ധിയുള്ളവനും ദാതാവും ഇടവം തുലാം ഈ രാശികളിൽ നിന്നാൽ തേജസ്വിയും മിഥുനം കന്നി ഇവയിൽ നിന്നാൽ വസ്ത്രഗൃഹപരിവാരങ്ങൾ ബന്ധുക്കൾ ഇവയോടുകൂടിയവനും, കർക്കടകത്തിൽനിന്നാൽ വിദ്വാനും പുത്രധനങ്ങളുള്ളവനും, കുംഭത്തിൽനിന്നാൽ സുഖിയും ചിങ്ങത്തിൽ നിന്നാൽ യശസ്വിയും, ധനു മീനം ഈ രാശികളിൽ നിന്നാൽ രാജാവും അല്ലെങ്കിൽ രാജതുല്യനും, മകരത്തിൽ നിന്നാൽ ദേശസഞ്ചാരിയും ക്ലേശബുദ്ധിയും ആയിത്തീരും.

ശുക്രന്റെ ഫലം—

ജാരശ്ശ്രീമതി മിത്രബന്ധുവിഭവോവിദ്യാധനജ്ഞാനവാൻ
ഭീരുമ്മന്ദസുതോതിനീചവിഹിതാചാരോ നൃപാലപ്രിയഃ
ദുഷ്ടഃ ശ്രീഗുണസേവിതോ ജനഹിതോ ഭോഗീ കുനാരീരതഃ
ശ്രീവിദ്യാഗുണശീലവാൻ ഭൃഗുസുതേ മേഷാദിരാശിസ്ഥിതേ ൪൬

ശുക്രൻ മേടത്തിൽ നിന്നാൽ പരസ്ത്രീരതനും, ഇടവത്തിൽ നിന്നാൽ ധനം ബുദ്ധി സഹോദര ബന്ധു ഇവരുടെ സമൃദ്ധിയുള്ളവനും, മിഥുനത്തിൽ നിന്നാൽ വിദ്യ ധനം സംഗീതാദിജ്ഞാനം ഇവയോടുകൂടിയവനും, കർക്കടകത്തിൽ നിന്നാൽ ഭയശീലനും, ചിങ്ങത്തിൽ നിന്നാൽ അല്പപുത്രനും കന്നിയിൽനിന്നാൽ അതിനീചാചാരനും, തുലാത്തിൽനിന്നാൽ രാജപ്രിയനും വൃശ്ചികത്തിൽനിന്നാൽ ദുഷ്ടനും, ധനുവിൽനിന്നാൽ സമസ്തഗുണം ഇവയാൽ പൂജ്യനും, മകരത്തിൽ നിന്നാൽ ജനഹിതനും സുഖിയും, കുംഭത്തിൽ നിന്നാൽ കുത്സിതയായ സ്ത്രീയിൽ രതനും, മീനത്തിൽ നിന്നാൽ ശ്രീ വിദ്യ ഗുണം സൽസ്വഭാവം ഇവയോടുകൂടിയവനും ആയിരിക്കും.

ശനിയുടെ ഫലം—

മൂർഖോ നാരിധനോ ഗദസ്വജനസുതധീരംബാസുഖപ്രച്യുതോഽ-
നാര്യഃ സ്വല്പധനാത്മജോ ഗണപുരഗ്രാമാഗ്രണീരുഗ്രധീഃ
ജാതഃ പുത്രകളത്രവിത്തവിഭവോ രാജപ്രിയോ വിത്തവാൻ
തേജോരാജഗുണാധികോ രവിസുതേ മേഷാദിരാശിസ്ഥിതേ ൪൭

ശനി മേടത്തിൽ നിന്നാൽ മൂർഖനും, ഇടവത്തിൽനിന്നാൽ വളരെ ധനമില്ലാത്തവനും, മിഥുനത്തിൽ നിന്നാൽ ധനം പുത്രൻ ബുദ്ധി ഇവയില്ലാത്തവനും, കർക്കടകത്തിൽ നിന്നാൽ മാതൃസുഖമില്ലാത്തവനും. ചിങ്ങത്തിൽ നിന്നാൽ അനാര്യനും, കന്നിയിൽനിന്നാൽ ധനവും പുത്രനും കുറഞ്ഞവനും, തുലാത്തിൽനിന്നാൽ പുരഗ്രാമാധിപനും, വൃശ്ചികത്തിൽനിന്നാൽ ഉഗ്രബുദ്ധിയും, ധനുവിൽനിന്നാൽ പുത്രൻ കളത്രം ധനം ഇവയോടുകൂടിയവനും മകരത്തിൽ നിന്നാൽ രാജപ്രിയനും, കുംഭത്തിൽനിന്നാൽ ധനവാനും, മീനത്തിൽ നിന്നാൽ തേജസ്സും രാജഗുണവും അധികം ഉള്ളവനും ആയിരിക്കും.

യദൃക്ഷമുഡുനാഥസ്യ ഫലം മേഷാദിരാശിഷു
തദംശകഫലം ചാത്ര പരിചിന്ത്യ വദേൽ ബുധഃ ൪൮

മേടം തുടങ്ങിയ രാശികളിൽ ചന്ദ്രന് ഏതൊരു ഫലം പറയപ്പെട്ടോ, മേഷാദ്യംശകങ്ങളിൽനിന്നാലും ആ ഫലംതന്നെ ബുധൻ ആലോചിച്ചുപറയണം.

ദൃഷ്ടിഫലം—

പാപേക്ഷിതേ ഗഗനഗാമിനി ദുഷ്ടരോഗീ
ജാതസ്സ്വധർമ്മഗുണവിത്തയശോവിഹീനഃ
പാപാന്വിതേ തു പരവിത്തവധൂവിലോലഃ
പാരുഷ്യവാക് കപടബുദ്ധിയുതോഽലസഃ സ്യാൽ ൪൯

ഏതെങ്കിലും ഒരു ഗ്രഹത്തിന് പാപദൃഷ്ടിയുണ്ടെങ്കിൽ ദുഷ്ടനും രോഗിയും തന്റെ ധർമ്മം ഗുണം ധനം കീർത്തി ഇവയോടു വേർപെട്ടവനും പാപയോഗമുണ്ടെങ്കിൽ പരധനത്തിലും പരസ്ത്രീയിലും തല്പരനും പരുഷവാക്കും കപടമുള്ളവനും മടിയനും ആയിരിക്കും.

യദി ശുഭഗ്രഹദൃഷ്ടേ ഖേചരേ ജാതമർത്ത്യഃ
സുതധനയുതഭോഗീ സുന്ദരോ രാജപൂജ്യഃ
പരിഭവരഹിതഃ സ്യാൽ സൌമ്യഖേടോപയാതേ
ജിതരിപുരിഹ ധർമ്മാചാരവാനിംഗിതജ്ഞഃ. ൪൭

ഏതെങ്കിലും ഗ്രഹത്തിന് ശുഭദൃഷ്ടിയുണ്ടെങ്കിൽ പുത്രൻ ധനം സുഖം ഇവയോടു കൂടിയവനും, സുന്ദരനും രാജപൂജ്യനും പരിഭവരഹിതനും ശുഭഗ്രഹയോഗമുണ്ടെങ്കിൽ ജിതശത്രുവും ധർമ്മാചാരമുള്ളവനും പരാഭിപ്രായജ്ഞനും ആയിത്തീരും.

ചന്ദ്രദൃഷ്ടിഫലം —

ചന്ദ്രേ മേഷഗതേ കുജാദിഖചരൈരാലോകിതേ ഭൂപതിർ-
വിദ്വാൻ രാജസമഃ സമസ്തഗുണവാൻ ചോരോ ദരിദ്രോ ഭവേൽ
നിസ്വഃ സ്തേനനൃമാന്യഭൂപധനികപ്രേഷ്യോ വൃഷസ്ഥേ തഥാ,
യുഗ്മസ്ഥേ വികലോ നൃപസ്സുമതിമാൻ ധീരഃ ഖലോനിർദ്ധനഃ ൪൮

മേടത്തിൽ നിൽക്കുന്ന ചന്ദ്രന് കുജദൃഷ്ടിയുണ്ടായാൽ രാജാവും, ബുധദൃഷ്ടിയുണ്ടായാൽ വിദ്വാനും, വ്യാഴദൃഷ്ടിയുണ്ടെങ്കിൽ രാജതുല്യനും ശുക്രദൃഷ്ടിയുണ്ടെങ്കിൽ സമസ്തഗുണവാനും, ശനിദൃഷ്ടിയുണ്ടെങ്കിൽ കള്ളനും, സൂര്യദൃഷ്ടിയുണ്ടെങ്കിൽ ദരിദ്രനും, ഇടവത്തിൽ നിൽക്കുന്ന ചന്ദ്രന് കുജദൃഷ്ടിയുണ്ടെങ്കിൽ നിർദ്ധനനും, ബുധദൃഷ്ടിയുണ്ടെങ്കിൽ കള്ളനും, വ്യാഴദൃഷ്ടിയുണ്ടെങ്കിൽ നരന്മാരാൽ മാന്യനും, ശുക്രദൃഷ്ടിയുണ്ടെങ്കിൽ രാജാവും, ശനിദൃഷ്ടിയുണ്ടെങ്കിൽ ധനികനും, സൂര്യദൃഷ്ടിയുണ്ടെങ്കിൽ ഭൃത്യനും മിഥുനത്തിൽ നിൽക്കുന്ന ചന്ദ്രന്, കുജൻ മുതലായവരുടെ ദൃഷ്ടിയുണ്ടെങ്കിൽ ക്രമേണ ഗുണഹീനനും രാജാവും ബുദ്ധിമാനും ധീരനും ദുഷ്ടനും നിർദ്ധനനും ആയിത്തീരും.

കർക്കിസ്ഥേ ശശിനി ക്ഷമാസുതമുഖൈരാലോകിതേ ശൌര്യവാ-
നായുശ്ശ്രേഷ്ഠകവിർ, മഹീപതിരയോജീവീ, സനേത്രാമയഃ
ഭൂപഃ പണ്ഡിതവാക്, ധനീ, നരപതിഃ, പാപീ, വിഭുഃ, സിംഹഗേ
കന്യായാം ധനികോ, വിഭുഃ, പ്രഭുസമോ വിദ്വാൻ, വിശീലഃ, സുഖീ

കർക്കടകത്തിൽ നിൽക്കുന്ന ചന്ദ്രന് കുജദൃഷ്ടിയുണ്ടായാൽ ശൌര്യവാനും ബുധദൃഷ്ടിയുണ്ടായാൽ ആയുശ്ശ്രേഷ്ഠനും, വ്യാഴദൃഷ്ടിയുണ്ടായാൽ കവിയും. ശുക്രദൃഷ്ടിയുണ്ടായാൽ രാജാവും ശനിദൃഷ്ടിയുണ്ടായാൽ ആയുധോപജീവിയും സൂര്യദൃഷ്ടിയുണ്ടായാൽ നേത്രരോഗിയും, ചിങ്ങത്തിൽ നിൽക്കുന്ന ചന്ദ്രന് കുജദൃഷ്ടിയുണ്ടായാൽ രാജാവും, ബുധദൃഷ്ടിയുണ്ടായാൽ പണ്ഡിതനും, ഗുരുദൃഷ്ടിയുണ്ടായാൽ ധനവാനും, ശുക്രദൃഷ്ടിയുണ്ടായാൽ രാജാവും, ശനിദൃഷ്ടിയുണ്ടായാൽ പാപിയും സൂര്യദൃഷ്ടിയുണ്ടായാൽ വിഭുവും കന്നിയിൽ നിൽക്കുന്ന ചന്ദ്രനു ചൊവ്വ മുതലായ ഏഴു ഗ്രഹങ്ങളുടെ ദൃഷ്ടിയുണ്ടായാൽ ക്രമേണ ധനികനും വിഭുവും പ്രഭുതുല്യനും വിദ്വാനും ദുശ്ശീലനും സുഖിയും ആയിത്തീരും.

തൌലിസ്ഥേ ഹിമഗൌ ബുധാദിശുഭദൈരാലോകിതേ തൽക്രമാൽ
ഭൂപഃ സ്വർണ്ണകരോ വണിക് കുജരവിച്ഛായാസുതൈർവ്വഞ്ചകഃ
കീടസ്ഥേ ശശിനി ദ്വിമാതൃപിതൃകോ രാജപ്രിയോ നീചകൃൽ
രോഗീ നിർദ്ധനികോ നൃപാലസചിവോ ദൃഷ്ടോ ബുധാദിഗ്രഹൈഃ

തുലാത്തിൽ നിൽക്കുന്ന ചന്ദ്രനു ബുധദൃഷ്ടിയുണ്ടെങ്കിൽ രാജാവും വ്യാഴദൃഷ്ടിയുണ്ടെങ്കിൽ സ്വർണ്ണശില്പിയും (തട്ടാനും) ശുക്രദൃഷ്ടിയുണ്ടെങ്കിൽ കച്ചവടക്കാരനും,

ചൊവ്വ സൂര്യൻ ശനി ഇവരുടെ ദൃഷ്ടിയുണ്ടെങ്കിൽ വഞ്ചകനും, വൃശ്ചികത്തിൽ നില്ക്കുന്ന ചന്ദ്രന്നു ബുധദൃഷ്ടിയുണ്ടെങ്കിൽ രണ്ടമക്കളും രണ്ടച്ഛനും ഉള്ളവനും, വ്യാഴദൃഷ്ടിയുണ്ടെങ്കിൽ രാജപ്രിയനും, ശുക്രദൃഷ്ടിയുണ്ടെങ്കിൽ നീചകർമ്മകൃത്തും. ശനിദൃഷ്ടിയുണ്ടെങ്കിൽ രോഗിയും സൂര്യദൃഷ്ടിയുണ്ടെങ്കിൽ നിർദ്ധനനും കുജദൃഷ്ടിയുണ്ടെങ്കിൽ ഭൂപമന്ത്രിയും ആയിത്തീരും.

ചന്ദ്രേ ധനുഃസ്ഥേ ശുഭദൃഷ്ടിയുക്തേ
വിദ്യാധനജ്ഞാനയശോബലാഢ്യഃ
ദൃഷ്ടേ കുജാദിത്യദിനേശപുത്രൈഃ
സഭാശഠഃ പുണ്യവധൂരതഃ സ്യാൽ. ൩൧

ധനുസ്ഥിതനായ ചന്ദ്രന്ന ശുഭന്മാരുടെ (ബുധൻ വ്യാഴം ശുക്രൻ) ദൃഷ്ടിയുണ്ടെങ്കിൽ വിദ്യ ധനം ജ്ഞാനം കീർത്തി ബലം ഇവയാൽ പരിപൂർണ്ണനും. ചൊവ്വ സൂര്യൻ ശനി ഇവരുടെ ദൃഷ്ടിയുണ്ടെങ്കിൽ സദസ്സിൽ ശഠനും വേശ്യാസ്ത്രീരതനും ആയിത്തീരും.

രാജാ മഹീപതിർവിദ്വാൻ ധനീ നിർദ്ധനികോ വിട്ഃ
ബുധാദിഗ്രഹസംദൃഷ്ടേ മകരസ്ഥേ നിശാകരേ. ൩൨

മകരത്തിൽ നില്ക്കുന്ന ചന്ദ്രന്ന് ബുധദൃഷ്ടിയുണ്ടെങ്കിൽ രാജാധിരാജനും, വ്യാഴദൃഷ്ടിയുണ്ടെങ്കിൽ രാജാവും ശുക്രദൃഷ്ടിയുണ്ടെങ്കിൽ വിദ്വാനും. ശനിദൃഷ്ടിയുണ്ടെങ്കിൽ ധനവാനും സൂര്യദൃഷ്ടിയുണ്ടെങ്കിൽ നിർദ്ധനനും കുജദൃഷ്ടിയുണ്ടെങ്കിൽ വിടനും ആയിത്തീരും.

കുംഭസ്ഥിതേ നിശാനാഥേ ശുഭദൃഷ്ടേ യശോധനഃ
ജാതഃ പാരവധൂലോലഃ പാപഖേടനിരീക്ഷിതേ ൩൩

കുംഭത്തിൽ നില്ക്കുന്ന ചന്ദ്രന്ന് ശുഭദൃഷ്ടിയുണ്ടായാൽ യശസ്വിയും, പാപദൃഷ്ടിയുണ്ടായാൽ പരസ്ത്രീരതനും ആയിത്തീരും.

മീനസ്ഥേ ശുഭവീക്ഷിതേ ഹിമകരേ ഹാസ്യപ്രിയോ ഭൂപതിർ-
വിദ്വാൻ പാപനിരീക്ഷിതേ പരുഷവാക് പാപാത്മകോ ജായതേ
പാപാംശേ ഖലവീക്ഷിതേ ജഡമതിർജാതോഽന്യജായാരതഃ
സൌമ്യാംശേ ശുഭവീക്ഷിതേ ഹിമകരേ ജാതോ യശസ്വീ ഭവേൽ

മീനത്തിൽ നില്ക്കുന്ന ചന്ദ്രന്ന് ബുധദൃഷ്ടിയുണ്ടായാൽ ഹാസ്യപ്രിയനും. വ്യാഴദൃഷ്ടിയുണ്ടായാൽ രാജാവും, ശുക്രദൃഷ്ടിയുണ്ടായാൽ വിദ്വാനും, പാപദൃഷ്ടിയുണ്ടെങ്കിൽ കഠിനവാക്കും പാപബുദ്ധിയും പാപാംശസ്ഥിതിയും പാപദൃഷ്ടിയും ഉണ്ടെങ്കിൽ ജഡബുദ്ധിയും അന്യഭാര്യാരതനും, ശുഭാംശകസ്ഥിതിയും ശുഭദൃഷ്ടിയും ഉണ്ടെങ്കിൽ യശസ്വിയും ആയിത്തീരും.

രാശിദൃഷ്ടിഫലം യത്തദംശകേഷു ച യോജയേൽ
ഭവന്തി ശുഭദാഃ സർവ്വേ ശുഭദൃഗ്യോഗസംയുതാഃ. ൩൪

ഗ്രഹങ്ങൾക്ക് ഒരു രാശിയിൽ നില്ക്കുമ്പോൾ ഉള്ള ദൃഷ്ടിഫലം തന്നെ ആ രാശ്യംശകത്തിൽ നില്ക്കുമ്പോഴും വിചാരിച്ചുകൊള്ളണം. ശുഭഗ്രഹങ്ങൾക്കൊക്കെയും ശുഭദൃഷ്ടിയോ ശുഭയോഗമോ ഉണ്ടെങ്കിൽ അവർ ശുഭഫലത്തെ പ്രദാനംചെയ്യും.

ലഗ്നാദിഭാവഗതഗ്രഹഫലം—

മാർത്താണ്ഡേ യദി ലഗ്നഗേഽല്പചികുരോ ജാതഃ സുഖീ നിർഘൃണഃ
സ്വല്പാശീ വികലേക്ഷണോ രണതലശ്ലാഘീ സുശീലോഽടനഃ

ജ്ഞാനാചാരരതഃ സുലോചനയശാസ്സ്വാതന്ത്ര്യകസ്സ്വോച്ചഗേ
നീചേ സ്ത്രീജനസേവിതോ ഹരിഗതേ രാത്ര്യന്ധകോ വീര്യവാൻ

സൂര്യൻ ലഗ്നത്തിൽനിന്നാൽ അല്പം തലമുടിയുള്ളവനും സുഖിയും നിർദ്ദയനും സ്വല്പഭക്ഷകനും ദൃഷ്ടിഹീനനും യുദ്ധവിദഗ്ദ്ധനും സുശീലനും സഞ്ചാരിയും ആയിത്തീരും. (ഇതു് ലഗ്നത്തിൽനിന്നാലുള്ള സാമാന്യഫലമാണ്) ഉച്ചരാശിയായ മേടത്തിൽനിന്നാൽ ജ്ഞാനാചാരതല്പരനും കണ്ണന്തിയവനും കീർത്തിയുള്ളവനും നീചമായ തുലാത്തിൽനിന്നാൽ സ്ത്രീജനസേവിതനും, മൂലത്രികോണമായ ചിങ്ങത്തിൽ നിന്നാൽ രാത്ര്യന്ധനും, വീര്യവാനും ആയിത്തീരും.

ക്ഷീണേ ശശിന്യുദയഗേ ബധിരോഽങ്ഗഹീനഃ
പ്രേഷ്യശ്ച പാപസഹിതേ തു ഗതായുരേവ
സ്വോച്ചസ്ഥിതേ ധനയശോബഹുരൂപശാലീ
പൂർണ്ണേ തനൌ യദി ചിരായുരുപൈതി വിദ്വാൻ ൬൩

ക്ഷീണചന്ദ്രൻ ലഗ്നത്തിൽനിന്നാൽ ചെവികേൾക്കാൻ വയ്യാത്തവനും അംഗഹീനനും ഭൃത്യനും പാപയുക്തനാണെങ്കിൽ ആയുസ്സില്ലാത്തവനും, തന്റെ ഉച്ചരാശിയിൽ നിന്നാൽ ധനം യശസ്സ് വളരെ സൗന്ദര്യം ഇവയോടുകൂടിയവനും, ചന്ദ്രൻ പൂർണ്ണശരീരനാണെങ്കിൽ ദീർഘായുസ്സും വിദ്വാനും ആയിത്തീരും.

ക്രൂരസ്സാഹസികോഽടനോഽതിചപലോ രോഗീ കുജേ ലഗ്നഗേ
വിദ്യാവിത്തതപസ്സ്വധർമ്മനിരതോ ലഗ്നസ്ഥിതേ ബോധനേ
ജീവേ ലഗ്നഗതേ ചിരായുരമലജ്ഞാനീ ധനീ രൂപവാൻ
കാമീ കാന്തവപുഃ സദാരതനയോ വിദ്വാൻ വിലഗ്നേ ഭൃഗൌ ൬൪

ചൊവ്വാ ലഗ്നത്തിൽ നിന്നാൽ ക്രൂരനും സാഹസകർമ്മിയും ദേശസഞ്ചാരിയും അതിചപലനും രോഗിയും, ബുധൻ ലഗ്നത്തിൽനിന്നാൽ വിദ്യ ധനം തപസ്സ് സ്വധർമ്മം ഇവയിൽ തൽപരനും, വ്യാഴം ലഗ്നത്തിൽനിന്നാൽ ദീർഘായുസ്സും നിർമ്മലജ്ഞാനിയും ധനവാനും സൌന്ദര്യവാനും, ശുക്രൻ ലഗ്നത്തിൽനിന്നാൽ കാമിയും സുന്ദരശരീരനും ഭാര്യാപുത്രവാനും വിദ്വാനും ആയിത്തീരും.

ദൃന്നാസികോ വൃദ്ധകളത്രരോഗീ
മന്ദേ വിലഗ്നോപഗതേഽങ്ഗഹീനഃ
മഹീപതുല്യസ്സുഗുണാഭിരാമോ
ജാതസ്സ്വതുംഗോപഗതേ ചിരായുഃ ൬൫

ശനി ലഗ്നത്തിൽനിന്നാൽ ദുഷിച്ചമൂക്കുള്ളവനും വൃദ്ധകളത്രം ഉള്ളവനും രോഗിയും അംഗഹീനനും, തന്റെ ഉച്ചരാശിയായ തുലാത്തിൽനിന്നാൽ രാജതുല്യനും സുഗുണാഭിരാമനും ദീർഘായുസ്സും ആയിത്തീരും.

ക്രൂരോ ദയാധർമ്മവിഹീനശീലോ
രാഹൌ വിലഗ്നോപഗതേ തു രോഗീ
കേതൌ വിലഗ്നേ സരുജോഽതിലുബ്ധഃ
സൌമ്യേക്ഷിതേ രാജസമാനഭോഗീ. ൬൬

രാഹു ലഗ്നത്തിൽ നിന്നാൽ ക്രൂരനും, ദയ ധർമ്മം ഇവയോടു വേർപെട്ടവനും രോഗിയും, കേതു ലഗ്നത്തിൽനിന്നാൽ രോഗമുള്ളവനും അതിലുബ്ധനും, ശുഭദൃഷ്ടിയുണ്ടെങ്കിൽ രാജതുല്യസുഖിയും ആയിത്തീരും.

രവിക്ഷേത്രോദയേ രാഹൌ രാജഭോഗായ സമ്പദേ
സ്ഥിരാത്ഥപുത്രാൻ കുരുതേ മന്ദക്ഷേത്രോദയേ ശിഖീ ൬൦

രാഹു സൂൎയ്യക്ഷേത്രത്തിൽ (ചിങ്ങത്തിൽ) നിന്നാൽ രാജഭോഗമുള്ളവനും, കേതു മന്ദക്ഷേത്രത്തിൽ (മകരകുംഭങ്ങളിൽ) നിന്നാൽ സ്ഥിരസമ്പത്തും പുത്രസമ്പത്തും ഉള്ളവനും ആയിത്തീരും.

രണ്ടാം ഭാവം—

ത്യാഗീ ധാതുദ്രവ്യവാൻ നഷ്ടശത്രുർ-
വാഗ്മീ വിത്തസ്ഥാനഗേ ചിത്രഭാനൌ
കാമീ കാന്തശ്ചാരുവാഗിംഗിതജ്ഞോ
വിദ്യാശീലോ വിത്തവാൻ വിത്തഗേഽബ്ജേ ൬൧

സൂൎയ്യൻ രണ്ടാമിടത്തു നിന്നാൽ ദാനശീലനും ധാതുദ്രവ്യമുള്ളവനും നഷ്ടശത്രുവും വാഗ്മിയും; ചന്ദ്രൻ രണ്ടാംഭാവത്തിൽ നിന്നാൽ കാമിയും സുന്ദരനും മനോഹരവാക്കും അഭിപ്രായജ്ഞനും വിദ്യാശീലനും ധനവാനും ആയിത്തീരും.

ധാതോർവാദകൃഷിക്രിയാടനപരഃ കോപീ കുജേ വിത്തഗേ
വിദ്യോപാൎജ്ജിതവിത്തശീലഗുണവാൻ സാധുഃ കുടുംബേ ബുധേ
വാഗ്മീ ഭോജനസൌഖ്യവിത്തവിപുലസ്ത്യാഗീ ധനസ്ഥേ ഗുരൌ
വിദ്യാകാമകലാവിലാസധനവാൻ വിത്തസ്ഥിതേ ഭാൎഗ്ഗവേ ൬൨

ചൊവ്വ രണ്ടിൽനിന്നാൽ ധാതുവാദിയും കൃഷി ദേശസഞ്ചാരം ഇവയിൽ തല്പരനും കോപിയും, ബുധൻ രണ്ടിൽനിന്നാൽ വിദ്യയാൽ സമ്പാദിക്കപ്പെട്ട ധനം ശീലം ഗുണം ഇവയോടുകൂടിയവനും സാധുത്വനും, വ്യാഴം രണ്ടിൽനിന്നാൽ വാഗ്മിയും ഭോജനസൌഖ്യം വിപുലധനം ഇവയോടുകൂടിയവനും ദാനശീലനും, ശുക്രൻ രണ്ടിൽനിന്നാൽ വിദ്യയും കാമകലാവിലാസം ധനം ഇവയോടുകൂടിയവനും ആയിത്തീരും.

അസത്യവാദീ ചപലോഽടനോഽധനഃ
ശനൌ കുടുംബോപഗതേ തു വഞ്ചകഃ
വിരോധവാൻ വിത്തഗതേ വിധുന്തുദേ
ജനാപരാധീ ശിഖിനി ദ്വിതീയഗേ ൬൩

ശനി രണ്ടിൽനിന്നാൽ അസത്യംപറയുന്നവനും ചപലനും ദേശസഞ്ചാരിയും നിൎദ്ധനനും വഞ്ചകനും, രാഹു രണ്ടിൽനിന്നാൽ വിരോധമുള്ളവനും, കേതു രണ്ടിൽ നിന്നാൽ ജനാപരാധിയും ആയിത്തീരും.

തൃതീയഭാവം—

ശൂരോ ദുൎജ്ജനസേവിതോഽതിധനവാൻ ത്യാഗീ തൃതീയേ രവൌ
ചന്ദ്രേ സോദരരാശിഗേഽല്പധനവാൻ ബന്ധുപ്രിയഃ സാത്വികഃ
ഖ്യാതോഽപാരപരാക്രമോ ശഠമതിർദുശ്ചിക്യയാതേ കുജേ
മായാകൎമ്മപരോഽടനോഽതിചപലോഽദീനോഽനുജസ്ഥേ ബുധേ

സൂൎയ്യൻ മൂന്നിൽ നിന്നാൽ ശൂരനും ദുൎജ്ജനസേവിതനും വളരെ ധനമുള്ളവനും ദാനശീലനും, ചന്ദ്രൻ മൂന്നിൽനിന്നാൽ അല്പധനമുള്ളവനും ബന്ധുക്കൾക്ക് പ്രിയനും സത്വഗുണപ്രധാനിയും, ചൊവ്വ മൂന്നിൽനിന്നാൽ പ്രസിദ്ധനും മഹാപരാക്രമിയും ശഠബുദ്ധിയും, ബുധൻ മൂന്നിൽനിന്നാൽ മായാവിയും ദേശസഞ്ചാരിയും അതിചപലനും ദീനനും ആയിത്തീരും.

ഭ്രാതൃസ്ഥാനഗതേ ഗുരൌ ഗതധനസ്ത്രീനിർജ്ജിതഃ പാപകൃൽ
ശുക്രേ സോദരഗേ സരോഷവചനഃ പാപീ വധൂനിർജ്ജിതഃ
അല്പാശീ ധനശീലവംശഗുണവാൻ ഭ്രാതൃസ്ഥിതേ ഭാനുജേ
രാഹൌ വിക്രമഗേ ∫തിവീര്യധനികഃ കേതൌ ഗുണീ വിത്തവാൻ

വ്യാഴം മൂന്നിൽനിന്നാൽ ദരിദ്രനും സ്ത്രീജിതനും പാപകർമ്മിയും, ശുക്രൻ മൂന്നിൽനിന്നാൽ കോപവചനനും പാപിയും സ്ത്രീജിതനും, ശനി മൂന്നിൽനിന്നാൽ അല്പഭോജിയും ധനം ശീലം വംശഗുണം ഇവയോടുകൂടിയവനും, രാഹു മൂന്നിൽനിന്നാൽ അതിപരാക്രമിയും അതിധനവാനും, കേതു മൂന്നിൽ നിന്നാൽ ഗുണവാനും ധനവാനും ആയിത്തീരും.

സോദരാരാതിഗഃ ശുക്രഃ ശോകരോഗഭയപ്രദഃ
തത്രൈവ ശുഭകാരീ സ്യാൽ പുരതോ യദി ഭാസ്കരാൽ ൩൩

മൂന്നിലും ആറിലും നില്ക്കുന്ന ശുക്രൻ, ദുഃഖം രോഗം ഭയം ഇവയെ തരുന്നവനാണ്. മുൻപറഞ്ഞ സ്ഥാനങ്ങളിൽതന്നെ സൂര്യന്റെ മുമ്പിൽനിന്നാൽ ശുക്രൻ ശുഭകാരിയാകുന്നു.

ചതുർത്ഥഭാവം—

ഹൃദ്രോഗീ ധനധാന്യബുദ്ധിരഹിതഃ ക്രൂരഃ സുഖസ്ഥേ രവൌ
വിദ്യാശീലസുഖാന്വിതഃ പരവധൂലോലശ്ചതുർത്ഥേ വിധൌ
ഭൌമേ ബന്ധുഗതേ തു ബന്ധുരഹിതഃ സ്ത്രീനിർജ്ജിതഃ ശൌര്യവാൻ
ബന്ധുസ്ഥേ ശശിജേ വിബന്ധുരമലജ്ഞാനീ ധനീ പണ്ഡിതഃ

സൂര്യൻ നാലിൽനിന്നാൽ ഹൃദ്രോഗമുള്ളവനും ധനം ധാന്യം ബുദ്ധി ഇവയോടു വേർപെട്ടവനും ക്രൂരനും; ചന്ദ്രൻ നാലിൽനിന്നാൽ വിദ്യ ശീലം സുഖം ഇവയോടുകൂടിയവനും അന്യസ്ത്രീതല്പരനും, ചൊവ്വ നാലിൽനിന്നാൽ ബന്ധുക്കളില്ലാത്തവനും സ്ത്രീജിതനും പരാക്രമിയും, ബുധൻ നാലിൽനിന്നാൽ ബന്ധുക്കളില്ലാത്തവനും നിർമ്മലജ്ഞാനിയും ധനവാനും പണ്ഡിതനും ആയിത്തീരും.

വാഗ്മീ ധനീ സുഖയശോബലരൂപശാലീ
ജാതഃ ശമപ്രകൃതിരിന്ദ്രഗുരൌ സുഖസ്ഥേ
സ്ത്രീനിർജ്ജിതഃ സുഖയശോധനബുദ്ധിവിദ്യോ
വാചാലകോ ഭൃഗുസുതേ യദി ബന്ധുയാതേ ൩൪

വ്യാഴം നാലിൽനിന്നാൽ വാഗ്മിയും ധനവാനും സുഖം കീർത്തി ബലം സൌന്ദര്യം ഇവയോടുകൂടിയവനും ശമപ്രകൃതിയും, ശുക്രൻ നാലിൽനിന്നാൽ സ്ത്രീജിതനും സുഖം കീർത്തി ധനം ബുദ്ധി വിദ്യ ഇവയോടുകൂടിയവനും വളരെ പറയുന്നവനും ആയിത്തീരും.

ആചാരഹീനഃ കപടീ ച മാതൃ-
ക്ലേശാന്വിതോ ഭാനുസുതേ സുഖസ്ഥേ
രാഹൌ കളത്രാദിജനാവരോധീ
കേതൌ സുഖസ്ഥേ ച പരാപവാദീ ൩൫

ശനി നാലിൽനിന്നാൽ സദാചാരമില്ലാത്തവനും കപടമുള്ളവനും മാതൃക്ലേശത്തോടുകൂടിയവനും, രാഹു നാലിൽനിന്നാൽ ഭാര്യ മുതലായ ജനങ്ങളാൽ തടുക്കുന്നവനും, കേതു നാലിൽനിന്നാൽ പരാപവാദത്തോടുകൂടിയവനും ആയിത്തീരും.

പഞ്ചമഭാവം —

രാജപ്രിയശ്ചഞ്ചലബുദ്ധിയുക്തഃ
പ്രവാസശീലഃ സുതഗേ ദിനേശേ
മന്ത്രക്രിയാസക്തമനാ ദയാലുർ-
ധനീ മനസ്വീ തനയേ സതീന്ദൌ ൧൦

സൂര്യ്യൻ അഞ്ചിൽ നിന്നാൽ രാജപ്രിയനും ചപലബുദ്ധിയും അന്യദേശസഞ്ചാരിയും, ചന്ദ്രൻ അഞ്ചിൽനിന്നാൽ മന്ത്രവാദിയും ദയാശീലനും ധനവാനും നല്ല മനസ്സുള്ളവനും ആയിത്തീരും.

ക്രൂരോഽടനശ്ചപലസാഹസികോ വിധർമ്മ
ഭോഗീ ധനീ ച യദി പഞ്ചമഗേ ധരാജേ
മന്ത്രാഭിചാരകുശലസ്സുതദാരവിത്ത-
വിദ്യായശോബലയുതഃ സുതഗേ സതിജ്ഞേ ൧൧

ചൊവ്വ അഞ്ചിൽനിന്നാൽ ക്രൂരനും സഞ്ചാരശീലനും ചപലനും സാഹസകർമ്മിയും അധാർമ്മികനും സുഖിയും ധനവാനും, ബുധൻ അഞ്ചിൽനിന്നാൽ മന്ത്രം ആഭിചാരം ഇവയിൽ സമർത്ഥനും പുത്രൻ ഭാര്യ ധനം വിദ്യ കീർത്തി ബലം ഇവയോടുകൂടിയവനും ആയിത്തീരും.

മന്ത്രീ ഗുണീ വിഭവസാരസമന്വിതഃ സ്യാ-
ദല്പാത്മജസ്സുരഗുരൌ സുതരാശിയാതേ
സൽപുത്രമിത്രധനവാനതിരൂപശാലീ
സേനാതുരംഗപതിരാത്മജഗേ ച ശുക്രേ ൧൨

വ്യാഴം അഞ്ചിൽനിന്നാൽ മന്ത്രിയും ഗുണവാനും വൈഭവമുള്ളവനും അല്പപുത്രനും, ശുക്രൻ അഞ്ചിൽനിന്നാൽ സൽപുത്രന്മാരോടും മിത്രങ്ങളോടും ധനത്തോടും കൂടിയവനും അതിസൗന്ദര്യമുള്ളവനും സൈന്യങ്ങൾ കുതിരകൾ ഇവയുടെ അധിപനും ആയിത്തീരും.

മത്തശ്ചിരായുരസുഖീ ചപലശ്ച ധർമ്മീ
ജാതോ ജിതാരിനിചയസ്സുതഗേഽർക്കപുത്രേ
ഭീരുർദ്ദയാലുരധനസ്സുതഗേ ഫണീശേ
കേതൌ ശഠസ്സലിലഭീരതീവ രോഗീ ൧൩

ശനി അഞ്ചിൽ നിന്നാൽ മദിച്ചവനും ചിരായുസ്സും സുഖമില്ലാത്തവനും ചാപല്യമുള്ളവനും ധർമ്മശീലനും ശത്രുക്കളെ ജയിച്ചവനും, രാഹു അഞ്ചിൽനിന്നാൽ ഭയശീലനും ദയാലുവും നിർദ്ധനനും, കേതു അഞ്ചിൽനിന്നാൽ ശഠനും വെള്ളത്തിൽ ഭയമുള്ളവനും ഏറ്റവും രോഗിയും ആയിത്തീരും.

ഷഷ്ഠഭാവം —

കാമീ ശൂരോ രാജപൂജ്യോഽഭിമാനീ
ഖ്യാതഃ ശ്രീമാൻ ശത്രുയാതേ ദിനേശേ
അല്പായുഃ സ്യാൽ ക്ഷീണചന്ദ്രേഽരിസംസ്ഥേ
പൂർണ്ണേ ജാതോഽതീവ ഭോഗീ ചിരായുഃ ൧൪

സൂര്യ്യൻ ആറിൽനിന്നാൽ കാമിയും ശൂരനും രാജപൂജ്യനും അഭിമാനമുള്ളവനും

പ്രസിദ്ധനും ശ്രീമാനും; ക്ഷീണചന്ദ്രൻ ആറിൽനിന്നാൽ അല്പായുസ്സും; പൂർണ്ണചന്ദ്രൻ ആറിൽനിന്നാൽ ഏറാവും സുഖിയും ദീർഘായുസ്സും ആയിത്തീരും.

സ്വാമീ രിപുക്ഷയകരഃ പ്രബലോദരാഗ്നിഃ
ശ്രീമാൻ യശോബലയുതോ/വനിജേ രിപുസ്ഥേ
വിദ്യാവിവാദകലഹപ്രിയകൃദപിശീലോ
ബന്ധൂപകാരരഹിതഃ ശശിജേ/രിയാതേ. ൩

ചൊവ്വ ആറിൽനിന്നാൽ പ്രഭുവായും ശത്രുക്ഷയത്തെ ചെയ്യുന്നവനായും ജഠരാഗ്നിക്ക ബലമുള്ളവനായും ശ്രീമാനായും യശസ്സ് ബലം ഇവയോടുകൂടിയവനായും ബുധൻ ആറിൽ നിന്നാൽ വിദ്യാ വിവാദം കലഹം ഇവയിൽ ഇഷ്ടമുള്ളവനായും ദുശ്ശീലമുള്ളവനായും ബന്ധുക്കൾക്ക ഉപകാരമില്ലാത്തവനായും തീരും.

കാമീ ജിതാരിരബലോരിഗതേ/മരേജ്യേ
ലോകാപവാദസഹിതോ ഭൃഗുജേ രിപുസ്ഥേ
ബഹ്വാശനോ വിഷമശീലസപത്നഭീതഃ
കാമീ ധനീ രവിസുതേ സതി ശത്രുയാതേ. ൪

വ്യാഴം ആറിൽനിന്നാൽ കാമിയും ശത്രുക്കളെ ജയിച്ചവനും ബലമില്ലാത്തവനും, ശുക്രൻ ആറിൽനിന്നാൽ ലോകാപവാദമുള്ളവനും; ശനി ആറിൽനിന്നാൽ വളരെ ഭക്ഷിക്കുന്നവനും വിഷമശീലനും ശത്രുക്കളിൽനിന്നു പേടിച്ചവനും കാമിയും ധനവാനും ആയിത്തീരും.

രാഹൌ രിപുസ്ഥാനഗതേ ജിതാരി-
ശ്ചിരായുരത്യന്തസുഖീ കുലീനഃ
ബന്ധുപ്രിയോദാരഗുണപ്രസിദ്ധ-
വിദ്യോ യശസ്വീ രിപുഗേ ച കേതൌ. ൫

രാഹു ആറിൽനിന്നാൽ ശത്രുക്കളെ ജയിച്ചവനും ദീർഘായുസ്സും ഏറാവും സുഖിയും സൽകുലജാതനും, കേതു ആറിൽ നിന്നാൽ ബന്ധുക്കൾക്ക ഇഷ്ടനും വളരെ ഗുണമുള്ളവനും പ്രസിദ്ധമായ വിദ്യയുള്ളവനും കീർത്തിമാനും ആയിത്തീരും.

സപ്തമഭാവം—

സ്ത്രീദ്വേഷീ മദനസ്ഥിതേ ദിനകരേ തീവ്രപ്രകോപഃ ഖല-
ശ്ചന്ദ്രേ കാമഗതേ ദയാലുരടനസ്ത്രീവശ്യകോ ഭോഗവാൻ
സ്ത്രീമൂലപ്രവിലാപകോ രണരുചിഃ കാമസ്ഥിതേ ഭൂമിജേ
വ്യംഗഃ ശില്പികലാവിനോദചതുരസ്താരാസുതേ/സ്തംഗതേ. ൬

സൂര്യൻ ഏഴിൽ നിന്നാൽ സ്ത്രീകളിൽ വിരോധമുള്ളവനും അതികോപിയും ദുഷ്ടനും, ചന്ദ്രൻ ഏഴിൽനിന്നാൽ ദയാശീലനും സഞ്ചാരിയും സ്ത്രീവശനും സുഖിയും, ചൊവ്വ ഏഴിൽനിന്നാൽ സ്ത്രീകാരണം വിലപിക്കുന്നവനും യുദ്ധത്തിൽ ആഗ്രഹമുള്ളവനും, ബുധൻ ഏഴിൽനിന്നാൽ അംഗഹീനനും ശില്പകലയിൽ സമർത്ഥനും ആയിത്തീരും.

ധീരശ്ചാരുകളത്രവാൻ പിതൃഗുരുദ്വേഷീ മദസ്ഥേ ഗുരൌ
വേശ്യാസ്ത്രീജനവല്ലഭശ്ച സുഭഗോ വ്യംഗഃ സിതേ കാമജേ
രോരാധാത്രമതപ്തധീരധനികോ മന്ദേ മദസ്ഥാനഗേ
ഗർവ്വീ ജാരശിഖാമണിഃ ഫണിപതൌ കാമസ്ഥിതേ രോഗവാൻ.

വ്യാഴം ഏഴിൽനിന്നാൽ ധീരനും മനോഹരമായ കളത്രത്തോടുകൂടിയവനും പിതാക്കന്മാരെയും ഗുരുക്കന്മാരെയും ദ്വേഷിക്കുന്നവനും, ശുക്രൻ ഏഴിൽനിന്നാൽ വേശ്യാസ്ത്രീകൾക്കു പ്രിയനും, സുഭഗനും, അംഗഹീനനും, ശനി ഏഴിൽനിന്നാൽ ചുമടെടുത്തും വഴിനടന്നും ദുഃഖിക്കുന്നവനും ദരിദ്രനും, രാഹു ഏഴിൽനിന്നാൽ അഹങ്കാരിയും ജനപ്രധാനിയും രോഗിയും ആയിത്തീരും.

ദ്യൂനംഗഭാവോപഗതേ തു കേതൌ
കദാരകോ വാ വികളത്രഭോഗഃ
നിദ്രീ വിശീലഃ പരദീനവാക്യഃ
സദാടനോ മൂർഖജനാഗ്രഗണ്യഃ. വ്യം

കേതു ഏഴിൽനിന്നാൽ നിന്ദ്യയായ ഭാര്യയോടുകൂടിയവനോ അല്ലെങ്കിൽ ഭാര്യാസുഖഹീനനോ ആയും നിദ്രാശീലനായും ദുശ്ശീലമുള്ളവനായും ദീനവചനമുള്ളവനായും എന്നും ദേശാടനംചെയ്യുന്നവനായും അജ്ഞന്മാരിൽ ഒന്നാമനായും തീരും.

അഷ്ടമഭാവം —

മനോഭിരാമഃ കലഹപ്രവീണഃ
പരാഭവസ്ഥേ ച രവൌ ന തൃപ്തഃ
രണോത്സകസ്ത്യാഗവിനോദവിദ്യാ-
ശീലഃ ശശാങ്കേ സതി രന്ധ്രയാതേ. വ്യം

സൂര്യൻ എട്ടിൽ നിന്നാൽ മനോഹരനും കലഹസമർത്ഥനും ഒരിക്കലും തൃപ്തിയില്ലാത്തവനും, ചന്ദ്രൻ എട്ടിൽ നിന്നാൽ യുദ്ധത്തിൽ ഉത്സാഹമുള്ളവനും ദാനം വിനോദം വിദ്യ ഇവയോടുകൂടിയവനും ആയിത്തീരും.

വിനീതവേഷോ ധനവാൻ ഗണേശോ
മഹീസുതേ രന്ധ്രഗതേ തു ജാതഃ
വിനീതബാഹുല്യഗുണപ്രസിദ്ധോ
ധനീ സുധാരശ്മിസുതേഽഷ്ടമസ്ഥേ വ്യം

ചൊവ്വ എട്ടിൽനിന്നാൽ വിനയോചിതവേഷമുള്ളവനും ധനവാനും ഗണാധിപതിയും, ബുധൻ എട്ടിൽനിന്നാൽ വിനീതനും ഗുണബാഹുല്യത്താൽ പ്രസിദ്ധനും ധനികനും ആയിത്തീരും.

മേധാവീ നീചകർമ്മാ യദി ദിവിജഗുരൌ രന്ധ്രയാതേ ചിരായുർ-
ദീർഘായുസ്സർവ്വസൌഖ്യാതുലബലധനികോ ഭാർഗ്ഗവേ ചാഷ്ടമസ്ഥേ
ക്രൂരോ രോഷാഗ്രഗണ്യോ വിഗതബലധനോ ഭാനുജേ രന്ധ്രയാതേ
രാഹൌ ക്ലേശാപവാദീ പരിഭവഗൃഹഗേ ദീർഘസൂത്രശ്ച രോഗീ.

വ്യാഴം എട്ടിൽനിന്നാൽ ബുദ്ധിമാനും നീചകർമ്മകൃത്തും ചിരായുസ്സും, ശുക്രൻ അഷ്ടമത്തിൽനിന്നാൽ ദീർഘായുസ്സും സകലസൌഖ്യവും അതുലബലവും ധനവും ഉള്ളവനും ശനി അഷ്ടമത്തിൽനിന്നാൽ ക്രൂരനും അതികോപിഷ്ഠനും ബലവും ധനവും നശിച്ചവനും, രാഹു എട്ടിൽനിന്നാൽ ക്ലേശത്തോടും അപവാദത്തോടും കൂടിയവനും വളരെക്കാലംകൊണ്ട് ഏതെങ്കിലും കർമ്മം ചെയ്യുന്നവനും രോഗിയും ആയിത്തീരും.

കേതൌ യദാ രന്ധ്രഗൃഹോപയാതേ
ജാതഃ പരദ്രവ്യവധൂരതേച്ഛഃ

രോഗീ ദുരാചാരരതോഽതിലുബ്ധഃ
സൌമ്യേക്ഷിതേഽതീവധനീ ചിരായുഃ വൃ ൪

കേതു അഷ്ടമത്തിൽനിന്നാൽ പരദ്രവ്യം അന്യസ്ത്രീരതി ഇവയിൽ ഇച്ഛയുള്ളവനും രോഗിയും ദുരാചാരതല്പരനും, അതിലുബ്ധനും, കേതുവിനു ശുഭദൃഷ്ടിയുണ്ടെങ്കിൽ ഏറ്റവും ധനവാനും ദീർഘായുസ്സും ആയി തീരും.

നവമഭാവം —

ആദിത്യേ നവമസ്ഥിതേ പിതൃഗുരുദ്വേഷീ വിധർമ്മാശ്രിത-
ശ്ചന്ദ്രേ പൈതൃകദൈവകാര്യനിരതസ്ത്യാഗീ തപഃസ്ഥേ യദാ
ഭൂസൂനൌ യദി പിത്രനിഷ്ടസഹിതഃ ഖ്യാതഃ ശുഭസ്ഥാനഗേ
സൌമ്യേ ധർമ്മഗതേ തു ധർമ്മധനികശ്ശാസ്ത്രീ ശുഭാചാരവാൻ. വൃ ൫

സൂര്യൻ ഒൻപതിൽ നിന്നാൽ പിതാവിനെയും ഗുരുവിനേയും ദ്വേഷിക്കുന്നവനും അധർമ്മതല്പരനും, ചന്ദ്രൻ ഒൻപതിൽ നിന്നാൽ പിതൃകാര്യത്തിലും ദേവകാര്യത്തിലും തല്പരനും ദാനശീലനും, ചൊവ്വ ഒൻപതിൽ നിന്നാൽ പിതാവിന്ന് അനിഷ്ടകാരിയും പ്രസിദ്ധനും, ബുധൻ ഒൻപതിൽ നിന്നാൽ ധാർമ്മികനും ശാസ്ത്രിയും ശുഭാചാരമുള്ളവനും ആയിത്തീരും.

ജ്ഞാനീ ധർമ്മപരോ നൃപാലസചിവോ ജീവേ തപഃസ്ഥാനഗേ
വിദ്യാവിത്തകളത്രപുത്രവിഭവഃ ശുക്രേ ശുഭേഽസ്ഥേ സതി
മന്ദേ ഭാഗ്യഗ്രഹസ്ഥിതേ രണതലഖ്യാതോ വിദാരോ ധനീ
ഭാഗ്യസ്ഥേ ഭുജഗേ തു ധർമ്മജനകദ്വേഷീ യശോവിത്തവാൻ. വൃ ൬

വ്യാഴം ഒൻപതിൽ നിന്നാൽ ജ്ഞാനിയും ധർമ്മതൽപരനും രാജമന്ത്രിയും, ശുക്രൻ ഒൻപതിൽനിന്നാൽ വിദ്യാ ധനം കളത്രം ഇവയുടെയും പുത്രന്മാരുടെയും വിഭവത്തോടുകൂടിയവനും, ശനി ഒൻപതിൽനിന്നാൽ യുദ്ധഭൂമിയിൽ പ്രസിദ്ധനും ഭാര്യാരഹിതനും ധനവാനും, രാഹു ഒൻപതിൽനിന്നാൽ ധർമ്മത്തിലും അച്ഛനിലും ദ്വേഷമുള്ളവനും, യശസ്സും ധനവും ഉള്ളവനും ആയിത്തീരും.

കേതൌ ഗുരുസ്ഥാനഗതേ തു കോപീ
വാഗ്മീ വിധർമ്മാ പരനിന്ദകഃ സ്യാൽ
ശൂരഃ പിതൃദ്വേഷകരോഽതിദംഭാ-
ചാരോ നിരുത്സാഹരതോഽഭിമാനീ. വൃ ൭

കേതു ഒൻപതിൽനിന്നാൽ കോപിയും വാഗ്മിയും അധാർമ്മികനും അന്യജനനിന്ദകനും ശൂരനും പിതൃദ്വേഷിയും ഏറ്റവും വ്യാജാചാരമുള്ളവനും ഉത്സാഹഹീനനും അഭിമാനിയും ആയിത്തീരും.

ദശമഭാവം —

മാനസ്ഥിതേ ദിനകരേ പിതൃവിത്തശീല-
വിദ്യായശോബലയുതോഽവനിപാലതുല്യഃ
ചന്ദ്രേ യദാ ദശമഗേ ധനധാന്യവസ്ത്ര-
ഭൂഷാവധൂജനവിലാസകലാവിലോലഃ വൃ ൮

സൂര്യൻ പത്തിൽനിന്നാൽ അച്ഛന്റെ സ്വത്ത്, നല്ലശീലം വിദ്യ കീർത്തി ബലം ഇവയോടുകൂടിയവനും രാജതുല്യനും, ചന്ദ്രൻ പത്തിൽ നിന്നാൽ ധനം ധാന്യം

വസ്ത്രം അലങ്കാരം സ്ത്രീജനങ്ങളുടെ വിലാസകല ഇവയോടുകൂടിയവനും ആയിത്തീരും.

മേഷൂരണസ്ഥേ ഽവനിജേ തു ജാതഃ
പ്രതാപവിത്തപ്രബലപ്രസിദ്ധഃ
വ്യാപാരഗേ ചന്ദ്രസുതേ സമസ്ത-
വിദ്യായശോവിത്തവിനോദശീലഃ ൮൯

ചൊവ്വ പത്തിൽനിന്നാൽ പ്രതാപം ധനം പ്രാബല്യം ഇവയാൽ പ്രസിദ്ധനും ബുധൻ പത്തിൽനിന്നാൽ സകലവിദ്യ കീൎത്തി ധനം വിനോദം ഇവയോടുകൂടിയവനും ആയിത്തീരും.

സിദ്ധാരംഭഃ സാധുവൃത്തഃ സധൎമ്മീ
വിദ്വാനാഢ്യോ മാനഗേ ചാമരേജ്യേ
ശുക്രേ കൎമ്മസ്ഥാനഗേ കൃഷ്കാച്ച
സ്ത്രീമൂലാദ്വാ ലബ്ധവിത്തോ വിട്ഃ സ്യാൽ. ൯൦

വ്യാഴം പത്തിൽ നിന്നാൽ കൎമ്മസിദ്ധിയുള്ളവനും സച്ചരിത്രനും സധൎമ്മമുള്ളവനും വിദ്വാനും ആഢ്യനും ശുക്രൻ പത്തിൽ നിന്നാൽ കൃഷിക്കാരൻമൂലമോ സ്ത്രീമൂലമോ ധനലാഭമുള്ളവനും, ആഢ്യനും ആയിത്തീരും.

മന്ദേ യദാ ദശമഗേ യദി ദണ്ഡകൎത്താ
മാനീ ധനീ നിജകുലപ്രഭവശ്ച ശൂരഃ
ചോരക്രിയാനിപുണബുദ്ധിരതോ വിശീലോ
മാനം ഗതേ ഫണിപതൌ തു രണോത്സുകഃ സ്യാൽ. ൯൧

ശനി പത്തിൽനിന്നാൽ ദണ്ഡത്തെ ചെയ്യുന്നവനും അഭിമാനിയും ധനവാനും സ്വകുലപ്രധാനിയും ശൂരനും, രാഹു പത്തിൽനിന്നാൽ മോഷണത്തിൽ താല്പൎയ്യമുള്ളവനും ദുശ്ശീലനും യുദ്ധോത്സുകനും ആയിത്തീരും.

സുധീൎബലീ ശില്പവിദാത്മബോധീ
ജനാനുരാഗീ ച വിരോധവൃത്തിഃ
കഫാത്മകശ്ശൂരജനാഗ്രഗണ്യഃ
സദാടനഃ കൎമ്മഗതേ ച കേതൌ. ൯൨

കേതു പത്തിൽനിന്നാൽ ബുദ്ധിമാനും ബലവാനും ശില്പജ്ഞാനിയും ആത്മബോധമുള്ളവനും ജനങ്ങൾക്ക് അനുരാഗമുള്ളവനും വിരോധവൃത്തിയും കഫപ്രകൃതിയും ശൂരജനപ്രധാനിയും ആയിത്തീരും.

ഭാനൌ ലാഭഗതേ തു വിത്തവിപുലസ്ത്രീപുത്രദാസാന്വിതഃ
സന്തുഷ്ടശ്ച വിഷാദശീലധനികോ ലാഭസ്ഥിതേ ശീതഗൌ
ആയസ്ഥേ ധരണീസുതേ ചതുരവാക്കാമീ ധനീ ശൌൎയ്യവാൻ
സൌമ്യേ ലാഭഗൃഹം ഗതേ നിപുണധീൎവിദ്യായശസ്വീ ധനീ.

സൂൎയ്യൻ പതിനൊന്നിൽനിന്നാൽ വളരെ ധനമുള്ളവനും സ്ത്രീപുത്രഭൃത്യസമ്പന്നരോടുകൂടിയവനും, ചന്ദ്രൻ പതിനൊന്നിൽ നിന്നാൽ സന്തുഷ്ടനും വിഷാദശീലനും ധനികനും ചൊവ്വ പതിനൊന്നിൽ നിന്നാൽ മനോഹരവാക്കും കാമിയും ധനവാനും ശൌൎയ്യമുള്ളവനും, ബുധൻ പതിനൊന്നിൽനിന്നാൽ സമൎത്ഥനും വിദ്യയോടും കീൎത്തിയോടും കൂടിയവനും ധനികനും ആയിത്തീരും.

ആയസ്ഥേ ऽ മരമന്ത്രിണി പ്രബലധീർവിഖ്യാതനാമാ ധനീ
ലാഭസ്ഥേ ഭൃഗുജേ സുഖീ പരവധൂലോലോടനോ വിത്തവാൻ
ഭോഗീ ഭൂപതിലബ്ധവിത്തവിപുലഃ പ്രാപ്തിം ഗതേ ഭാനുജേ
രാഹൗ ശ്രോത്രവിനാശകോ രണതലശ്ലാഘീ ധനീ പണ്ഡിതഃ.

വ്യാഴം പതിനൊന്നിൽനിന്നാൽ ബുദ്ധിബലമുള്ളവനും പ്രസിദ്ധനും ധനവാനും, ശുക്രൻ പതിനൊന്നിൽനിന്നാൽ സുഖിയും അന്യസ്ത്രീയിൽ തല്പരനുമുള്ളവനും ദേശസഞ്ചാരിയും ധനവാനും, ശനി പതിനൊന്നിൽ നിന്നാൽ സുഖിയും രാജാവിൽനിന്നു ലബ്ധമായ ധനബാഹുല്യത്തോടുകൂടിയവനും, രാഹു പതിനൊന്നിൽ നിന്നാൽ ചെവിയില്ലാത്തവനും യുദ്ധതലത്തിൽ അന്യന്മാരാൽ ശ്ലാഘിക്കപ്പെടുന്നവനും ധനവാനും വിദ്വാനും ആയിത്തീരും.

ഉപാന്ത്യയാതേ ശിഖിനി പ്രതാപീ
പരപ്രിയശ്ചാന്യജനാഭിവന്ദ്യഃ
സന്തുഷ്ടചിത്തഃ പ്രഭുരല്പഭോഗീ
ശുഭക്രിയാചാരരതഃ പ്രജാതഃ. ൯൫

കേതു പതിനൊന്നിൽ നിന്നാൽ പ്രതാപിയും അന്യന്മാർക്ക് പ്രിയനും അന്യജനങ്ങളാൽ അഭിവന്ദ്യനും സന്തുഷ്ടചിത്തനും പ്രഭുവും സുഖംകുറഞ്ഞവനും ശുഭക്രിയാചാരങ്ങളിൽ തല്പരനും ആയിത്തീരും.

പന്ത്രണ്ടാം ഭാവം—

വ്യയസ്ഥിതേ പൂഷണി പുത്രശാലീ
വ്യംഗഃ സുധീഃ പതിതോ ऽ ടനഃ സ്യാൽ
ചന്ദ്രേ ऽ ന്ത്യയാതേ തു വിദേശവാസീ
ഭൌമേ വിരോധീ ധനദാരഹീനഃ ൯൬

സൂര്യൻ പന്ത്രണ്ടിൽ നിന്നാൽ പുത്രശാലിയും അംഗഹീനനും ഏറ്റവും ധീരനും പതിതനും സഞ്ചാരശീലനും, ചന്ദ്രൻ പന്ത്രണ്ടിൽ നിന്നാൽ വിദേശവാസിയും, ചൊവ്വ പന്ത്രണ്ടിൽ നിന്നാൽ അന്യവിരോധമുള്ളവനും, ധനം ഭാര്യ ഇവയോടു വേർപെട്ടവനും ആയിത്തീരും.

ബന്ധുദ്വേഷകരോ ധനീ വിഗതധീസ്താരാസുതേ രിഃഫഗേ
ചാർവാകീ ചപലോ ऽ ടനഃ ഖലമതിർജീവേ യദാന്ത്യം ഗതേ
ശുക്രേ ബന്ധുവിനാശകോ ऽ ന്ത്യഗൃഹഗേ ചാരോപചാരോ ധനീ
മന്ദേ രിഃഫഗൃഹംഗതേ വികലധീർമൂർഖോ ऽ ധനീവഞ്ചകഃ ൯൭

ബുധൻ പന്ത്രണ്ടിൽ നിന്നാൽ ബന്ധുക്കളോടു വിരോധമുള്ളവനും ധനവാനും ബുദ്ധിനശിച്ചവനും, വ്യാഴം പന്ത്രണ്ടിൽ നിന്നാൽ വേദവിരോധിയും ചപലനും സഞ്ചാരിയും ഖലബുദ്ധിയും ശുക്രൻ പന്ത്രണ്ടിൽ നിന്നാൽ ബന്ധുക്കൾക്കു നാശം ചെയ്യുന്നവനും ചാരോപചാരകനും ധനവാനും, ശനി പന്ത്രണ്ടിൽ നിന്നാൽ ബുദ്ധിഹീനനും അപണ്ഡിതനും ധനഹീനനും വഞ്ചകനും ആയിത്തീരും.

വിധുന്തുദേ രിഃഫഗതേ വിശീല-
സമ്പത്തിശാലീ വികലശ്ച സാധുഃ
പുരാണവിത്തസ്ഥിതിനാശകഃ സ്യാൽ
ബലീ വിശീലഃ ശിഖിനീ വ്യയസ്ഥേ. ൯൮

രാഹു പന്ത്രണ്ടിൽ നിന്നാൽ ദുഃശീലനും അംഗവൈകല്യമുള്ളവനും സാധുവും, കേതു പന്ത്രണ്ടിൽ നിന്നാൽ പൂർവ്വധനത്തെ നശിപ്പിക്കുന്നവനും ബലവാനും ദുഃശീലമുള്ളവനും ആയിത്തീരും.

ഉച്ചഫലം —

ഉച്ചസ്ഥേ ദിനനായകേ യദി ധനീ സേനാപതിഃ ശീതഗൌ
മൃഷ്ടാന്നാംബരഭൂഷണഃ കൃതനയോ ഭൂനന്ദനേ ശൌര്യ്യവാൻ
സൌമ്യേ വംശവിവർദ്ധനോ ജനപതിർദ്ധീമാൻ ജിതാരിസ്സുഖീ
ജീവേ വംശകരസ്സുശീലചതുരോ വിദ്വാൻ നൃപാലപ്രിയഃ. ൯൯

തന്റെ ഉച്ചരാശിയിൽ സൂര്യൻ നിന്നാൽ ധനവാനും സേനാനായകനും, ചന്ദ്രൻ നിന്നാൽ ഭോജനസുഖം വസ്ത്രസുഖം അലങ്കാരം ഇവയോടുകൂടിയവനും നീതിശാലിയും, ചൊവ്വ നിന്നാൽ ശൌര്യമുള്ളവനും, ബുധൻ നിന്നാൽ വംശത്തെ വർദ്ധിപ്പിക്കുന്നവനും രാജാവും വിദ്വാനും ശത്രുക്കളെ ജയിച്ചവനും സുഖിയും, വ്യാഴം നിന്നാൽ വംശത്തെ നിലനിർത്തുന്നവനും നല്ല ശീലമുള്ളവനും വിദ്വാനും രാജപ്രിയനും ആയിത്തീരും.

ശുക്രേ സ്വോച്ചഗതേ വിലാസവനിതാസംഗീതനൃത്തപ്രിയോ
മന്ദേ ഗ്രാമപുരാടവീക്ഷിതിപതിർജാതഃ കുമാരീരതഃ
രാഹൌ ചോരജനാധിപഃ കുലവരഃ ശൂരഃ കുകർമ്മീ ധനീ
കേതൌ ചൌര്യ്യരതസ്തു ഹീനധരണീപാലപ്രിയോ ജായതേ. ൧൦൦

തന്റെ ഉച്ചരാശിയിൽ ശുക്രൻ നിന്നാൽ വിലാസം സ്ത്രീ സംഗീതം നൃത്തം ഇവയിൽ പ്രിയനും, ശനി നിന്നാൽ ഗ്രാമം പുരം വനം ഭൂമി ഇവയുടെ നാഥനും കുമാരിയിൽ തല്പരനും, രാഹു നിന്നാൽ കള്ളന്മാരുടെ പ്രധാനിയും വംശശ്രേഷ്ഠനും ശൂരനും കുത്സിതകർമ്മത്തോടുകൂടിയവനും ധനിയും, കേതു നിന്നാൽ മോഷണപ്രിയനും നീചനായ രാജാവിന്റെ ഇഷ്ടനും ആയിത്തീരും.

ഏകഃ സ്വതുംഗഗഃ ഖേടോ മിത്രഗ്രഹനിരീക്ഷിതഃ
ജനയത്യവനീശം തം പൂജ്യം ശസ്യം സുഹൃദ്വൃതം. ൧൦൧

തന്റെ ഉച്ചരാശിയിൽ നില്ക്കുന്ന ഗ്രഹത്തിന്ന സ്വമിത്രഗ്രഹദൃഷ്ടിയോടുകൂടിയുള്ളപ്പോൾ ജനിച്ചവൻ രാജാവായും പൂജ്യനും പ്രശസ്തനും ബന്ധുസഹിതനും ആയിത്തീരും.

തുംഗസ്ഥൈകവിയച്ചരേ ബലയുതേ ജാതഃ സുധന്യോ ധനീ
സാമന്തഃ ഖചരദ്വയേ ത്രിഷു യദാ ജാതോ/വനീശോ ഭവേൽ
ഉച്ചസ്ഥേഷു ചതുർഗ്രഹേഷു ബലവാൻ കേന്ദ്രേഷു ഭൂപാലരാട്
പഞ്ചവ്യോമചരേഷു തുംഗഭവനപ്രാപ്തേഷു ലോകേശ്വരഃ. ൧൦൨

കേന്ദ്രസ്ഥാനങ്ങളിൽ ബലവാനായി ഉച്ചത്തിൽ ഒരു ഗ്രഹം നിന്നാൽ ധന്യനായും ധനവാനായും, രണ്ടു ഗ്രഹങ്ങൾ നിന്നാൽ സാമന്തനായും മൂന്നു ഗ്രഹങ്ങൾ നിന്നാൽ രാജാവായും നാലു ഗ്രഹങ്ങൾ നിന്നാൽ ബലവാനും രാജാധിരാജനായും അഞ്ചു ഗ്രഹങ്ങൾ നിന്നാൽ ലോകേശ്വരനായും തീരും.

മൂലത്രികോണസ്ഥിതിഫലം —

മാർത്താണ്ഡേ യദി മൂലകോണഗൃഹഗേ ജാതോ ധനീ വന്ദിത-
ശ്ചന്ദ്രേ വിത്തസുഖാന്വിതശ്ച രുധിരേ കോപീ ദയാവർജ്ജിതഃ

താരാജേ ധനികോ ജപീ സുരഗുരൗ ഭോഗീ നൃപാലപ്രിയഃ
ശുക്രേ ഗ്രാമപുരാധിപസ്തരണിജേ ശൂരസ്തു രാഹൗ ധനീ ൧൦൨

തന്റെ മൂലത്രികോണരാശിയിൽ സൂര്യൻ നിന്നാൽ ധനവാനും ജനവന്ദിതനും ആയും, ചന്ദ്രൻ നിന്നാൽ ധനം സുഖം ഇവയോടുകൂടിയവനായും, ചൊവ്വ നിന്നാൽ കോപിയും ദയവില്ലാത്തവനും ആയും, ബുധൻനിന്നാൽ ധനവാനും ജപമുള്ളവനും ആയും, വ്യാഴം നിന്നാൽ സുഖിയും രാജപ്രിയനും ആയും, ശുക്രൻ നിന്നാൽ ഗ്രാമപുരാധിപതിയായും, ശനി നിന്നാൽ ശൂരനും, രാഹു നിന്നാൽ ധനവാനും ആയും തീരും.

സ്വക്ഷേത്രഫലം —

സ്വർക്ഷേ ഭാസ്വതി ചാരുമന്ദിരദരാചാരോഗ്രകർമ്മീ വിധൗ
തേജോരൂപധനീ കുജേ കൃഷിബലഖ്യാതോ ബുധേ പണ്ഡിതഃ
ജീവേ കാവ്യകലാഗമശ്രുതിപരഃ ശുക്രേ മനസ്വീ ധനീ
മന്ദേ ചണ്ഡപരാക്രമോ ഗതസുഖീ രാഹൗ യശോവിത്തവാൻ ൧൦൩

സ്വക്ഷേത്രത്തിൽ സൂര്യൻനിന്നാൽ മനോഹരമായഗൃഹം ദുരാചാരം ഉഗ്രകർമ്മം ഇവയോടുകൂടിയവനായും, ചന്ദ്രൻ നിന്നാൽ തേജസ്സ് രൂപം ധനം ഇവയോടുകൂടിയവനായും, ചൊവ്വ നിന്നാൽ കൃഷി ബലം ഇവയാൽ പ്രസിദ്ധനായും, ബുധൻ നിന്നാൽ വിദ്വാനായും, വ്യാഴംനിന്നാൽ കാവ്യം കലാവിദ്യ വേദം ശാസ്ത്രം ഇവയിൽ തല്പരനായും, ശുക്രൻനിന്നാൽ സുമനസ്സും ധനികനും ആയും ശനിനിന്നാൽ ചണ്ഡ പരാക്രമനും സുഖം വേർപെട്ടവനും ആയും, രാഹുനിന്നാൽ കീർത്തിയും ധനവും ഉള്ള വനായും തീരും.

സ്വജാതികാല്പാധികപൂജ്യവിത്ത-
ധനാധികക്ഷ്മാപതിതുല്യഭൂപാഃ
ഏകാദിഭിഃ സ്വർക്ഷഗതൈർഗ്രഹേന്ദ്രൈർ-
ജാതഃ ക്രമേണൈവ ഭവേന്മനുഷ്യഃ ൧൦൪

സ്വക്ഷേത്രത്തിൽ ഒരു ഗ്രഹംനിന്നാൽ ജാതിശ്രേഷ്ഠനും, രണ്ടുഗ്രഹം നിന്നാൽ അല്പപൂജ്യനും, മൂന്നുഗ്രഹം നിന്നാൽ വളരെ പൂജ്യനും, നാലുഗ്രഹംനിന്നാൽ ധനം ഉള്ളവനും, അഞ്ചുഗ്രഹംനിന്നാൽ അധികം ധനംഉള്ളവനും, ആറുഗ്രഹം നിന്നാൽ രാജതുല്യനും ഏഴുഗ്രഹംനിന്നാൽ രാജാവും ആയിത്തീരും.

മിത്രക്ഷേത്രഫലം —

മിത്രക്ഷേത്രഗതേ രവൗ ദൃഢസുഹൃദ്ദാതാ യശസ്വീ ഭവേൽ
താരേശേ ബഹുമാനസൗഖ്യധനികോ ജാതോ ധരാനന്ദനേ
വിത്താഗാരസുഹൃൽപ്രിയശ്ശശിസുതേ ചാതുര്യഹാസ്യാഗ്രണീർ
ജീവേ ശിഷ്ടരതഃ സിതേ സുതസുഖീ മന്ദേ പരാന്നോ ധനീ ൧൦൫

തന്റെ മിത്രക്ഷേത്രത്തിൽ സൂര്യൻനിന്നാൽ ദൃഢനായ ബന്ധുവോടുകൂടിയവനും ദാനശീലനും കീർത്തിമാനും ആയും, ചന്ദ്രൻനിന്നാൽ വളരെമാനം സൗഖ്യം ഇവയോടുകൂടിയവനും ധനവാനും ആയും, ചൊവ്വാനിന്നാൽ ധനത്തിലും ഭവനത്തിലും ബന്ധുവിലും പ്രിയനായും, ബുധൻനിന്നാൽ സാമർത്ഥ്യം ഉള്ളവനും ഹാസ്യപ്രിയനും ആയും, വ്യാഴംനിന്നാൽ ശിഷ്ടജനങ്ങളിൽ തല്പരനായും, ശുക്രൻനിന്നാൽ പുത്ര സൌഖ്യമുള്ളവനായും, ശനിനിന്നാൽ പരാന്നഭോജിയും ധനവാനും ആയും തീരും.

ഖ്യാതഃ സുഖീ സുഹൃൽപ്രീതശ്ചാതുര്യ്യഗുണവാൻ സുധീഃ
ഭോഗീ പരാന്നഭോക്താ ച മിത്രരാശിഫലം ക്രമാൽ ൧൦൮

ബന്ധുക്ഷേത്രത്തിൽ സൂര്യ്യൻനിന്നാൽ പ്രസിദ്ധനായും, ചന്ദ്രൻനിന്നാൽ സുഖിയായും, ചൊവ്വാനിന്നാൽ ബന്ധുക്കൾക്കു പ്രിയനായും, ബുധൻനിന്നാൽ സാമർത്ഥ്യമുള്ളവനായും, വ്യാഴംനിന്നാൽ വിദ്വാനായും, ശുക്രൻനിന്നാൽ സുഖിയായും, ശനിനിന്നാൽ പരാന്നത്തെ ഭുജിക്കുന്നവനായും തീരും.

പരദ്രവ്യോപഭോക്താ സ്യാദേകോ മിത്രർക്ഷഗോ ഗ്രഹഃ
ദ്വൌ സുഹൃദ്വിത്തഭോഗീ സ്യാൽ ത്രയഃ സ്വാർജ്ജിതവിത്തഭുക്

ബന്ധുക്ഷേത്രത്തിൽ ഒരു ഗ്രഹം നിന്നാൽ മറ്റൊരുത്തന്റെ ദ്രവ്യംകൊണ്ടു ഉപജീവിക്കുന്നവനായും, രണ്ടുഗ്രഹം നിന്നാൽ ബന്ധുക്കളുടെ ധനംകൊണ്ടു് ഉപജീവിക്കുന്നവനായും, മൂന്നുഗ്രഹം നിന്നാൽ താൻ സമ്പാദിച്ച ധനംകൊണ്ടു ഉപജീവിക്കുന്നവനായും തീരും.

സുഹൃച്ചതുഷ്ടയേ ദാതാ ഗണപഃ പഞ്ചഖേചരാഃ
ചമൂപഃ ഷട്ഗ്രഹാഃ സപ്തഗ്രഹാഃ സ്യാദ്ധരണീപതിഃ ൧൦൯

ബന്ധുക്ഷേത്രത്തിൽ നാലുഗ്രഹങ്ങൾ നിന്നാൽ ദാനശീലനും, അഞ്ചുഗ്രഹങ്ങൾ നിന്നാൽ സംഘാധിപതിയും, ആറു ഗ്രഹങ്ങൾനിന്നാൽ സൈന്യാധിപനും, ഏഴു ഗ്രഹങ്ങൾനിന്നാൽ രാജാവും ആയിത്തീരും.

ത്രിഭിരുച്ചഗതൈർഭൂപസ്ത്രിഭിർമ്മന്ത്രീ സ്വരാശിഗൈഃ
ത്രിഭിരസ്തംഗതൈർദ്ദാസസ്ത്രിഭിർനീചാഗതൈർജ്ജഡഃ ൧൧൦

മൂന്നുഗ്രഹങ്ങൾ ഉച്ചരാശിയിൽ നിന്നാൽ രാജാവും, സ്വക്ഷേത്രത്തിൽ നിന്നാൽ മന്ത്രിയും, മൌഢ്യത്തിൽനിന്നാൽ ദാസനും, നീചത്തിൽനിന്നാൽ ജഡനും ആയിത്തീരും.

ശത്രുക്ഷേത്രസ്ഥിതിഫലം—

ശത്രുക്ഷേത്രഗതേ രവൌ പിതൃസുഖത്യാഗീ ച സേവാപരഃ
ശീതാംശൌ യദി മാതൃദുഃഖനിരതോ ഹൃദ്രോഗശാലീ ഭവേൽ
ഭൂസൂനൌ വികലോഽകൃതജ്ഞമലിനഃ സൌമ്യേ സുഖീ പാപധീർ
ജീവേ ഭാഗ്യരതഃ സിതേ തു ഭൃതകോ മന്ദേഽധ്വശോകാകുലഃ

ശത്രുക്ഷേത്രത്തിൽ സൂര്യ്യൻനിന്നാൽ പിതൃസുഖത്തെ കൊടുക്കാത്തവനും, സേവയിൽ താല്പര്യമുള്ളവനും, ചന്ദ്രൻ നിന്നാൽ മാതാവിന്നു് ദുഃഖപ്രദനും, ഹൃദ്രോഗിയും, ചൊവ്വാനിന്നാൽ വൈകല്യമുള്ളവനും കൃതജ്ഞതയില്ലാത്തവനും, മലിനരൂപിയും, ബുധൻ നിന്നാൽ സുഖശീലനും പാപബുദ്ധിയും, വ്യാഴം നിന്നാൽ ഭാഗ്യമുള്ളവനും, ശുക്രൻ നിന്നാൽ ഭൃത്യനും, ശനിനിന്നാൽ അദ്ധ്വഖേദത്താൽ പരവശനും ആയിത്തീരും.

മിശ്രദാ രിപുഗാഃ പഞ്ച ഷൾഗ്രഹാ ഹീനസൌഖ്യദാഃ
സർവ്വദുഃഖകരാഃ സപ്ത മൂഢാഃ കുർവ്വന്ത്യശോഭനം ൧൧൨

ശത്രുക്ഷേത്രത്തിൽ അഞ്ചുവരെ ഗ്രഹങ്ങൾ നിന്നാൽ മിശ്രഫലവും, ആറു ഗ്രഹങ്ങൾ നിന്നാൽ അല്പസൌഖ്യവും, ഏഴു ഗ്രഹങ്ങൾനിന്നാൽ സകലദുഃഖവും മൌഢ്യമുള്ള ഗ്രഹങ്ങൾ നിന്നാൽ അശുഭവും ഫലം.

നീചരാശിഫലം —

നീചസ്ഥേ ദിനനായകേ തു പതിതോ ബന്ധുപ്രസേവാരതഃ
ശീതാംശൌ സരുജോഽല്പപുണ്യധനവാൻ ഭൗമേ കൃതഘ്നോഽധനീ
ക്ഷുദ്രോ ബന്ധുവിരോധകൃൽ ശശിസുതേ ജീവേഽപവാദീ ഖലഃ
ശുക്രേ ദുഃഖരതഃ ശനൌ ഗതധനസ്ത്രീകോ വിപന്നഃ ഖലഃ ൱൫൩

നീചരാശിയിൽ, സൂര്യൻ നിന്നാൽ ഭ്രഷ്ടനം ബന്ധുസേവയിൽ തൽപരനം. ചന്ദ്രൻ നിന്നാൽ രോഗമുള്ളവനം അല്പപുണ്യത്തോടും അല്പധനത്തോടും കൂടിയവനം, ചൊവ്വ നിന്നാൽ ഉപകാരസ്മരണയില്ലാത്തവനം ധനഹീനനം, ബുധൻ നിന്നാൽ ക്ഷുദ്രനം ബന്ധുവിരോധിയും, വ്യാഴം നിന്നാൽ അപവാദിയും ഖലനം, ശുക്രൻ നിന്നാൽ ദുഃഖമുള്ളവനം ശനി നിന്നാൽ ധനവും സ്ത്രീയും പോയവനം ദുഃഖിതനം ഖലനം ആയിത്തീരും.

സ്വോച്ചേഷൂച്ചഭാവേഷു ബലം സമഗ്രം
ത്രികോണവൽ സ്യാൽ ബലമംശകേഷു
സ്വരാശി തുല്യം സുഹൃദംശകേഷു
നീചാരിമൂഢേഷ്വരിരാശി തുല്യം. ൱൫൪

ഗ്രഹങ്ങൾക്കു തന്റെ ഉച്ചരാശിസ്ഥിതിയിൽ പൂർണ്ണബലവും അംശകങ്ങളിൽ നിന്നാൽ ത്രികോണരാശിയിലെ ബലവും, ബന്ധ്വംശകങ്ങളിൽ നിന്നാൽ സ്വക്ഷേത്രഫലവും, നീചം ശത്രുക്ഷേത്രം മൌഢ്യം ഇവയിൽ നിന്നാൽ ശത്രുക്ഷേത്രബലവും സംഭവിക്കും.

(ഹോരായാം=ഹോരായിലെ ഉച്ചാദിബലം കാണിക്കുന്നു)

സ്വോച്ചത്രികോണസ്വസുഹൃൽശത്രുനീചഗ്രഹാക്തൈഃ
ബലം സമ്പൂർണ്ണപാദോനദളപാദാല്പനിഷ്ഫലം ൱൫൫

ഗ്രഹങ്ങൾക്ക് ഉച്ചരാശിയിൽ സമ്പൂർണ്ണഫലവും ത്രികോണത്തിൽ മുക്കാൽബലവും ബന്ധുക്ഷേത്രത്തിൽ പകുതിബലവും ശത്രുക്ഷേത്രത്തിൽ നാലിലൊന്നു ബലവും നീചരാശിയിൽ അല്പബലവും ഉണ്ട്. മൌഢ്യത്തിൽ ബലം ഒട്ടുംതന്നെ ഇല്ല.

കേന്ദ്രത്രികോണഗാ സർവ്വേ ശുഭദാ ബലിനഃ ശുഭാഃ
ത്രിഷഡായഗതാഃ പാപാ ബലിനോ യദി ശോഭനാഃ ൱൫൬

ശുഭഗ്രഹങ്ങൾ കേന്ദ്രത്രികോണങ്ങളിലും, പാപന്മാർ മൂന്ന്, ആറ് പതിനൊന്ന് ഈ സ്ഥാനങ്ങളിലും ബലവാന്മാരായിനിന്നാൽ ശുഭപ്രദന്മാരാണ്.

ഷൾപഞ്ചകത്രിചതുരക്ഷിവിയച്ചരേന്ദ്ര-
സമ്പൃക്ജന്യചരഭാവഭവാനി യാനി
തുംഗാദികഗ്രഹഫലാനി ച കീർത്തിതാനി
പ്രദ്യോതനപ്രമുഖലബ്ധവരപ്രസാദാൽ.

ഇതി ജാതകപാരിജാതേ ഗ്രഹാശ്രയഫലാദ്ധ്യായോഽഷ്ടമഃ

ഇൗ അദ്ധ്യായത്തിൽ ൩-൪-൫-൬ ൨ ഗ്രഹങ്ങളുടെ സംയോഗത്താലുള്ള ഫല

ങ്ങളും, ഭാവാഫലങ്ങളും, ഉച്ചാദിഫലങ്ങളും നവഗ്രഹങ്ങളുടെ കൃപയാൽ എന്നാൽ പറയപ്പെട്ടു.

ഇങ്ങനെ ജാതകപാരിജാതത്തിൽ ഗ്രഹാശ്രയഫലം എന്ന എട്ടാം അദ്ധ്യായത്തിന്റെ വ്യാഖ്യാനം സമ്പൂർണ്ണം.

അഥ നവമോദ്ധ്യായഃ

മാന്ദ്യബ്ദാദിഫലാനി വച്മി ഗുളികേ ലഗ്നസ്ഥിതേ മന്ദധീ
രോഗീ പാപയുതേ തു വഞ്ചനപരഃ കാമീ ദുരാചാരവാൻ
വിത്തസ്ഥേ വിഷയാതുരോഽടനപരഃ ക്രോധീ ദുരാലാപവാൻ
പാപവ്യോമചരാന്വിതേ ഗതധനോ വിദ്യാവിഹീനോഥവാ. ൧

ഇനിയും ഗുളികഫലം സംവത്സരഫലം മുതലായവയെ പറയുന്നു. ഗുളികൻ ലഗ്നത്തിൽനിന്നാൽ മന്ദബുദ്ധിയും രോഗിയും ആയും, അവിടെ പാപനോടു ചേർന്നുനിന്നാൽ വഞ്ചകനും കാമിയും ദുരാചാരതല്പരനും ആയും, രണ്ടിൽനിന്നാൽ വിഷയാതുരനും ദേശാടനതല്പരനും കോപിയും രസിക്കാത്ത വാക്ക പറയുന്നവനും ആയും അവിടെ പാപയുക്തനായാൽ നിർദ്ധനനോ വിദ്യയില്ലാത്തവനോ ആയും തീരും.

വിരഹഗർവ്വമദാദിഗുണൈര്യുതഃ
പ്രചുരകോപധനാർജ്ജനസംഭ്രമഃ
വിഗതശോകഭയശ്ച വിസോദരഃ
സഹജധാമനി മാന്ദിയുതേ യദാ. ൨

ഗുളികൻ മൂന്നിൽ നിന്നാൽ വിരഹം, ഗർവ്വം മദം മുതലായ ഗുണങ്ങളോടുകൂടിയവനും കോപാധിക്യം ഉള്ളവനും ധനസമ്പാദനത്തിൽ സംഭ്രമത്തോടുകൂടിയവനും ശോകഭയങ്ങളെ വിട്ടവനും സോദരഹീനനും ആയിത്തീരും.

ഹിബുകഭവനസംസ്ഥേ മന്ദജേ വീതവിദ്യാ-
ധനഗൃഹസുഖബന്ധുക്ഷേത്രയാതോടനഃ സ്യാൽ
തനയഭവനയാതേ മന്ദസൂനൗ വിശീല-
ശ്ചലമതിരല്പബുദ്ധിഃ സ്വല്പപുത്രോഽല്പജീവി. ൩

ഗുളികൻ, നാലിൽനിന്നാൽ വിദ്യ, ധനം, ഭവനം, സുഖം, ബന്ധു, ഭൂമി ഇവ നശിച്ചവനും ദേശസഞ്ചാരിയും ആയും, അഞ്ചിൽനിന്നാൽ സൽസ്വഭാവമില്ലാത്തവനും ചഞ്ചലബുദ്ധിയും അല്പബുദ്ധിയും സ്വല്പപുത്രനും അല്പജീവിയും ആയും തീരും.

ബഹുരിപുഗണഹന്താ ഭൂതവിദ്യാവിനോദീ
യദി രിപുഗൃഹയാതേ മന്ദപുത്രേ തു ശൂരഃ
കലഹകൃദിനപൌത്രേ കാമയാതേ കളത്രഃ
സകലജനവിരോധീ മന്ദബുദ്ധിഃ കൃതഘ്നഃ. ൪

ഗുളികൻ ആറിൽ നിന്നാൽ വളരെ ശത്രുക്കളെ കൊല്ലുന്നവനും മന്ത്രവാദിയും ശൂരനും ആയും, ഏഴിൽനിന്നാൽ കലഹശീലനും നിന്ദ്യയായ ഭാര്യയുള്ളവനും സർവ്വ

ജനങ്ങളുടെ വിരോധം ഉള്ളവനും മന്ദബുദ്ധിയും ഉപകാരസ്മരണയില്ലാത്തവനും ആയും തീരും.

വികലനയനവക്ത്രഃ സ്വല്പദേഹോഷ്ടമസ്ഥേ
ഗുരുജനപിതൃഹന്താ, നീചകൃത്യോ ഗുരുസ്ഥേ
അശുഭശതസമേതഃ കർമ്മഗേ മന്ദസൂനൌ
നിജകുലഹിതകർമ്മാചാരഹീനോ വിമാനഃ. ൯

ഗുളികൻ അഷ്ടമത്തിൽ നിന്നാൽ കണ്ണിനും മുഖത്തിനും വൈകല്യമുള്ളവനും സ്വല്പദേഹനുംആയും ഒമ്പതിൽനിന്നാൽ ഗുരുജനത്തെയും പിതാവിനെയും ഹനിക്കുന്നവനും, നീചകൃത്യനുംആയും, പത്തിൽനിന്നാൽ അശുഭസമൂഹത്തോടുകൂടിയവനും, നിജകുലകർമ്മാചാരഹീനനും മാനമില്ലാത്തവനും ആയും തീരും.

അതിസുഖധനതേജോരൂപവാൻ ലാഭയാതേ
ദിനകരസുതപുത്രേ ചാഗ്രജം ഹന്തി ജാതഃ
വിഷയരഹിതവേഷോ ദീനവാക്യപ്രവീണോ
നിഖിലധനഹരഃ സ്യാന്മന്ദജേ രിഃഫയാതേ. ൰

ഗുളികൻ പതിനൊന്നിൽനിന്നാൽ ഏററവും സുഖം ധനം തേജസ്സ് രൂപം ഇവയോടുകൂടിയവനും ജ്യേഷ്ഠസോദരനാശത്തെചെയ്യുന്നവനും, പന്ത്രണ്ടിൽനിന്നാൽ വിഷയവിഹീനമായ വേഷത്തോടുകൂടിയവനും ദീനവാക്യം പറയുന്നതിൽ സമർത്ഥനും, സകലധനത്തെയും നശിപ്പിക്കുന്നവനും ആയിത്തീരും.

മാന്ദിത്രികോണോപഗതം വിലഗ്നം
തദ്ദ്വാദശാംശേ യദി വാ നവാംശേ
മാന്ദ്യന്വിതോ മാന്ദിയുതർക്ഷനാഥഃ
സർവ്വേ സദാനിഷ്ടകരാ ഭവന്തി. ൰൧

ലഗ്നം ഗുളികത്രികോണമായോ ഗുളികദ്വാദശാംശമായോ ഗുളികനവാംശമായോ ഇരിക്കുക, ഗുളികൻ നില്ക്കുന്ന രാശ്യധിപൻ ഗുളികനോടു ചേർന്നിരിക്കുക ഇവയെല്ലാം അനിഷ്ടഫലപ്രദങ്ങളാണ്.

സൂർയ്യാദിയുക്തഗുളികഫലം—

സംയുക്തേ യദി ഭാസ്കരേണ ഗുളികേ ജാതഃ പിതൃദ്വേഷകോ
മാതൃദ്വേഷകരസ്തു ശീതരുചിനാ, ഭൌമേന വീതാനുജഃ
സോന്മാദീ ശശിജേന, ദേവഗുരുണാ പാഷണ്ഡകോ ദൂഷകഃ
ശുക്രേണ പ്രമദാകൃതാമയഹതോ നീചാംഗനാവല്ലഭഃ. ൰൨

ഗുളികൻ സൂർയ്യനോടുചേർന്നുനിന്നാൽ പിതൃദ്വേഷകനായും, ചന്ദ്രനോടുചേർന്നുനിന്നാൽ മാതൃദ്വേഷകനായും, ചൊവ്വായോടുചേർന്നുനിന്നാൽ അനുജന്മാരോടുകൂടാത്തവനായും, ബുധനോടൊന്നിച്ചുനിന്നാൽ ഭ്രാന്തനായും, വ്യാഴത്തോടൊന്നിച്ചുനിന്നാൽ പാഷണ്ഡനും ദൂഷകനും ആയും, ശുക്രനോടു ചേർന്നുനിന്നാൽ സ്ത്രീകാരണനിമിത്തമുള്ള രോഗത്താൽ ബാധിതനും നീചസ്ത്രീകളുടെ ഭർത്താവുംആയും തീരും.

ജാതഃ സൌഖ്യരതസ്തു മന്ദതനയേ മന്ദേന യുക്തേ യദാ
സർപ്പേണൈവ വിഷപ്രദസ്തു ശിഖിനാ വഹ്നിപ്രദോ ജായതേ
ഭിക്ഷുഃ സ്യാദ്ഥിഷനാധിയുക്തഗ്രഹഗേ ഭൂപാലകോപി ധ്രുവം
ജാതസ്യോപചഗാനചിതാ ഗഗനഗാഃ കുർവ്വന്ത്യനിഷ്ടം ഫലം. ൰൩

ഗുളികൻ ശനിയോടുകൂടിനിന്നാൽ സൈന്യത്തിന് പരനും, രാഹുവിനോടുചേർന്നു നിന്നാൽ വിഷംകൊടുക്കുന്നവനും, കേതുവിനോടുകൂടിനിന്നാൽ വീടുകൾ തീവെക്കു ന്നവനും ആയിത്തീരും. രാശിയുടെ വിഷനാഡിയിൽ നിന്നാൽ ഭിക്ഷുവായോ അല്ലെങ്കിൽ രാജാവായോ തീരും. ഗ്രഹങ്ങൾ ഉപഗ്രഹങ്ങളോടുകൂടി നില്ക്കുമ്പോൾ ജനിച്ചാൽ അനിഷ്ടഫലമാകുന്നു.

സംവത്സരഫലം—

പ്രഭവശരദി ജാതഃ സാഹസീ സത്യവാദീ
സകലഗുണസമേതഃ കാലവിദ്ധർമ്മശാലീ
വിഭവശരദി കാമീ നിർമ്മലോ നിത്യതുഷ്ടഃ
പ്രബലധനസമേതോ ബന്ധുവിദ്യായശസ്വീ. ൧൦

"പ്രഭവ"സംവത്സരത്തിൽ ജാതൻ സാഹസിയും സത്യവാദിയും സർവ്വഗുണസ മ്പൂർണ്ണനും കാലജ്ഞനും ധാർമ്മികനുംആയും "വിഭവ"സംവത്സരത്തിൽ ജാതൻ കാ മിയും നിർമ്മലനും നിത്യസന്തുഷ്ടനും വളരെ ധനമുള്ളവനും ബന്ധുക്കൾ, വിദ്യ, കീർത്തി ഇവയോടുകൂടിയവനും, ആയിത്തീരും.

ശുക്ലാബ്ദേ പരദാരകോ ഗതബലസ്ത്യാഗീ മനസ്വീ ഭവേ-
ന്മന്ത്രീ കാര്യപരോഽതിഭാഷണപടുർജാതഃ പ്രമോദൂതകേ
ധർമ്മീ ദാനപരായണഃ സുതധനഃ ശാന്തഃ പ്രജോൽപത്തിജോ
നീതിജ്ഞോ നിപുണഃ കൃപാലുരനിശം ചാംഗീരസാബ്ദേ ധനീ. ൧൧

'ശുക്ല'സംവത്സരത്തിൽ ജനിച്ചവൻ പരദാരതല്പരനും ബലം നശിച്ചവനും ദാനശീലനും. നല്ല മനസ്സുള്ളവനും, 'പ്രമോദൂത'സംവത്സരത്തിൽ ജനിച്ചവൻ മന്ത്രി യും കാര്യതല്പരനും അതിഭാഷണത്തിൽ സമർത്ഥനും, 'പ്രജോൽപത്തി' സംവത്സര ത്തിൽ ജനിച്ചവൻ ധാർമ്മികനും ദാനശീലനും പുത്രസമ്പത്തുള്ളവനും ശാന്തസ്വഭാ വനും, 'ആങ്ഗീരസ' സംവത്സരത്തിൽ ജനിച്ചവൻ നീതിയെ അറിയുന്നവനും സമർത്ഥനും സദാ ദയാലുവും ധനവാനും ആയിത്തീരും.

ജാതഃ ശ്രീമുഖവത്സരേ പരവധൂലോലഃ ശുചിർവിത്തവാൻ
രോഗീ ജാതകരോ മഹാധനബലഖ്യാതോ ഭവാബ്ദേ ഭവഃ
ലുബ്ധശ്ചഞ്ചലധീഃ കൃശാമയതനുഃ ക്രോധീ യുവാബ്ദേ ഭിഷക്
ജാതോ ധാതൃഭവോഽന്യദാരനിരതഃ കാര്യാർത്ഥവാദീ ശഠഃ. ൧൨

"ശ്രീമുഖ" സംവത്സരത്തിൽ ജാതൻ അന്യസ്ത്രീയിൽ തല്പരനും ശുദ്ധചിത്തനും ധനവാനും "ഭവ" സംവത്സരത്തിൽ ജനിച്ചവൻ രോഗിയും ജാതകരനും വളരെ ധനവും ബലവും ഉള്ളവനും, 'യുവ'സംവത്സരത്തിൽ ജനിച്ചവൻ ലുബ്ധനും ചഞ്ച ലബുദ്ധിയും രോഗം വളരെ കുറഞ്ഞവനും, കോപിയും വൈദ്യനും 'ധാതൃ'സംവത്സര ത്തിൽ ജനിച്ചവൻ അന്യന്റെ ഭാര്യയിൽ ആസക്തനും കാര്യാർത്ഥവാദിയും ശഠനും (വക്രബുദ്ധിയും) ആയിത്തീരും.

ശ്രീമാനീശ്വരവത്സരേ ബലമതിർജാതോ ഗുണഗ്രാഹകഃ
സൽക്കർമ്മീ ബഹുധാന്യവത്സരഭവോ ഭോഗീ വാണിഗ്വിത്തവാൻ
ക്രൂരഃ പാപരതഃ പ്രമാഥിശരദി ക്രോധീ വിബന്ധുസ്സുഖീ
ജാതോ വിക്രമവത്സരേ യദി ധനീ സേനാപതിസ്സൌര്യവാൻ. ൧൩

'ഈശ്വര' സംവത്സരത്തിൽ ജനിച്ചവൻ ശ്രീമാനും ബുദ്ധിമാനും ഗുണഗ്രാഹിയും, 'ബഹുധാന്യ'സംവത്സരത്തിൽ ജനിച്ചവൻ സൽകൎമ്മമുള്ളവനും സുഖിയും കച്ചവടക്കാരനും ധനവാനും, 'പ്രമാഥി'സംവത്സരത്തിൽ ജനിച്ചവൻ ക്രൂരസ്വഭാവനും പാപകൎമ്മതല്പരനും കോപിയും ബന്ധുരഹിതനും സുഖിയും, 'വിക്രമ'സംവത്സരത്തിൽ ജനിച്ചവൻ ധനവാനും സേനാനായകനും ശൌൎയ്യവാനും ആയിത്തീരും.

വൃഷശരദി ദരിദ്രോ വീതലജ്ജോ വികൎമ്മാ
ദിനകരസമതേജോരൂപവാൻ ചിത്രഭാനൌ
യദി നിജകുലവിദ്യാചാരധൎമ്മസ്സ്വഭാനൌ
ബഹുധനബലശാലീ താരണാബ്ദേ വിവേകീ ൰൪

'വൃഷ'സംവത്സരത്തിൽ ജനിച്ചവൻ ദരിദ്രനും നിൎല്ലജ്ജനും സൽകൎമ്മമില്ലാത്തവനും, 'ചിത്രഭാനു'സംവത്സരത്തിൽ ജനിച്ചവൻ സൂൎയ്യസദൃശമായ തേജസ്സോടും രൂപത്തോടും കൂടിയവനും, 'സ്വഭാനു'സംവത്സരത്തിൽ ജനിച്ചവൻ തന്റെ കുലവിദ്യാചാരധൎമ്മങ്ങളോടുകൂടിയവനും, 'താരണ'സംവത്സരത്തിൽ ജനിച്ചവൻ വളരെ ധനം ബലം ഇവയോടുകൂടിയവനും വിവേകിയും ആയിത്തീരും.

ജാതഃ പാൎത്ഥിവവത്സരേ നരപതിഃ ശ്രീമാനതുല്യഃ സുഖീ
കാമീ ഭീരുരശീലവിത്തഗുണവാൻ പാപീ വ്യയാബ്ദേ യദി
വാഗ്മീ സൎവ്വജിദബ്ദകേഽതിബലവാൻ ശാസ്ത്രീ ഗുണീ തത്വവിൽ
സമ്പന്നോ യദി സൎവ്വധാരിജനിതഃ ശില്പീ നൃപാലപ്രിയഃ ൰൫

'പാൎത്ഥിവ'സംവത്സരത്തിൽ ജനിച്ചവൻ രാജാവും ശ്രീമാനും സുരസദൃശനും സുഖിയും, 'വ്യയ'സംവത്സരത്തിൽ ജനിച്ചവൻ കാമിയും ഭയശീലനും ദുശ്ശീലമുള്ളവനും, ധനം ഗുണം ഇവയോടുകൂടിയവനും പാപിയും, 'സൎവ്വജിത്ത്'സംവത്സരജാതൻ വാഗ്മിയും അതിബലവാനും ശാസ്ത്രജ്ഞനും ഗുണവാനും തത്വജ്ഞനും, 'സൎവ്വധാരി'സംവത്സരത്തിൽ ജനിച്ചവൻ സമ്പന്നനും ശില്പിയും രാജാവിന്നു ഇഷ്ടനും ആയിത്തീരും.

ശോകീ ദുഷ്ടപരോഽതിപാപനിരതഃ ക്രൂരോ വിരോധ്യബ്ദകേ
മായാവീ മദനാതുരോ വികൃതജോ മന്ത്രക്രിയാതന്ത്രധീഃ
ദുൎമ്മോഹീ വിഗുണോഽതിദീനവചനഃ പാപീ ഖരാബ്ദേ ഖലഃ
സൎവ്വാനന്ദകരോ നൃപപ്രിയകരോ മന്ത്രാൎത്ഥവിന്നന്ദനേ ൰൬

'വിരോധി'സംവത്സരത്തിൽ ജാതൻ ദുഃഖമുള്ളവനും ദുഷ്ടന്മാരിൽ താല്പൎയ്യമുള്ളവനും പാപകൎമ്മനിരതനും ക്രൂരനും, 'വികൃത'സംവത്സരജാതൻ മായാപ്രയോഗിയും കാമപീഡിതനും മന്ത്രക്രിയാതന്ത്രജ്ഞനും 'ഖര'സംവത്സരജാതൻ ദുൎമ്മോഹിയും ഗുണഹീനനും ഏററവും ദീനങ്ങളായ വാക്കുകളോടുകൂടിയവനും പാപിയും ദുഷ്ടനും, 'നന്ദന'സംവത്സരത്തിൽ ജാതൻ എല്ലാവൎക്കും ആനന്ദത്തെ ചെയ്യുന്നവനും രാജപ്രിയനും മന്ത്രാൎത്ഥങ്ങളെ അറിയാവുന്നവനും ആയിത്തീരും.

വിജയശരദി ധൎമ്മീ സത്യസമ്പന്നശാലീ
യദി ജയശരദി സ്യാദ്രാജതുല്യോ നൃപോ വാ
മദനരതിവിലോലോ മന്മഥാബ്ദേ ജിതാരിർ-
ഗുണധനരഹിതഃ സ്യാൽ ദുൎമ്മുഖാബ്ദേ വിശീലഃ ൰൭

'വിജയ'സംവത്സരത്തിൽ ജനിച്ചവൻ ധാൎമ്മികനും സത്യവാനും സമ്പന്നനും, 'ജയ'സംവത്സരത്തിൽ ജനിച്ചവൻ രാജസദൃശനും അല്ലെങ്കിൽ രാജാവും, 'മന്മഥ'

സംവത്സരത്തിൽ ജനിച്ചവൻ കാമക്രീഡാതല്പരനും ശത്രുക്കളെ ജയിച്ചവനും, 'ദുർമ്മുഖ'സംവത്സരത്തിൽ ജനിച്ചവൻ ഗുണം ധനം ഇവയോടു വേർപെട്ടവനും സൽസ്വഭാവം ഇല്ലാത്തവനും ആയിത്തീരും.

ദുഷ്ടാത്മാ യദി ഹേമലംബജനിതഃ കൃഷ്യാദികർമ്മോത്സുകഃ
ശ്രീമാൻ വിപ്രജനാശ്രിതഃ ഫലപരിത്യാഗീ വിലംബാബ്ദകേ
രോഗീ ഭീരുരവിത്തവാൻ ചലമതിർന്നീചോ വികാര്യബ്ദകേ
ശാർവ്വര്യാമതിവിത്തഭോഗസുമനാസ്സത്യവ്രതാചാരവാൻ ൧൮

'ഹേമലംബ'സംവത്സരത്തിൽ ജനിച്ചവൻ ദുഷ്ടബുദ്ധിയും കൃഷി മുതലായ കർമ്മങ്ങളിൽ ഉത്സാഹമുള്ളവനും, 'വിലംബ'സംവത്സരത്തിൽ ജനിച്ചവൻ ശ്രീമാനും വിപ്രജനങ്ങളാൽ ആശ്രയിക്കപ്പെട്ടവനും ഫലത്തെ ഉപേക്ഷിക്കുന്നവനും, 'വികാരി' സംവത്സരത്തിൽ ജനിച്ചവൻ രോഗിയും ഭീരുവും ദരിദ്രനും ചപലബുദ്ധിയും നീചനും, 'ശാർവ്വരീ'സംവത്സരത്തിൽ ജനിച്ചവൻ അതിധനവാനും സുഖിയും സുമനസ്സും സത്യവ്രതം സദാചാരം ഇവയോടുകൂടിയവനും ആയിത്തീരും.

ശാന്തോദാരകൃപാകരഃ പ്ലവഭവശ്ശൂരഃ സ്വധർമ്മാശ്രിതോ
ജാതഃ സ്ത്രീജനവഞ്ചിതഃ ശുഭകൃതി പ്രാജ്ഞഃ ശുഭാംഗഃ സുധീഃ
ജ്ഞാനീ ശോഭകൃതി ക്ഷിതീശഗുണവാൻ വിദ്യാവിനോദപ്രിയോ
ദുർഭോഗീ പരദാരകശ്ശുഭമതിഃ ക്രോധ്യബ്ദജഃ ക്രോധവാൻ ൧൯

'പ്ലവ'സംവത്സരത്തിൽ ജനിച്ചവൻ ശാന്തപ്രകൃതിയും ഉദാരനും കൃപയുള്ളവനും ശൂരനും സ്വധർമ്മത്തെ ചെയ്യുന്നവനും, 'ശുഭകൃത്'സംവത്സരത്തിൽ ജനിച്ചവൻ സ്ത്രീജനങ്ങളാൽ വഞ്ചിക്കപ്പെട്ടവനും വിദ്വാനും ശുഭശരീരനും ബുദ്ധിമാനും, 'ശോഭകൃത്'സംവത്സരത്തിൽ ജനിച്ചവൻ ജ്ഞാനിയും രാജഗുണമുള്ളവനും വിദ്യയിലും വിനോദത്തിലും പ്രിയനും, 'ക്രോധി'സംവത്സരത്തിൽ ജനിച്ചവൻ ദുർഭോഗമുള്ളവനും പരദാരതല്പരനും ശുഭമതിയും കോപിയും ആയിത്തീരും.

മാനീ ഹാസ്യരസപ്രിയോ ഗുണധനശ്ശ്ലാഘീ ച വിശ്വാവസൌ
ദുഷ്ടാചാരപരഃ പരാഭവശരജ്ജാതഃ കുലധ്വംസകഃ
കാമീ ബന്ധുരതഃ പ്ലവംഗജനിതോ ബാലപ്രിയോ മന്ദധീർ-
ദേവാരാധനതല്പരോഽതിസുഭഗഃ ശൌര്യാന്വിതഃ കീലകേ ൨൦

'വിശ്വാവസു'സംവത്സരത്തിൽ ജനിച്ചവൻ അഭിമാനിയും ഹാസ്യരസപ്രിയനും ഗുണവാന്മാരെ ശ്ലാഘിക്കുന്നവനും, 'പരാഭവ'സംവത്സരത്തിൽ ജനിച്ചവൻ ദുഷ്ടാചാരത്തിൽ തല്പരനും കുലനാശകനും, 'പ്ലവംഗ'സംവത്സരത്തിൽ ജനിച്ചവൻ കാമിയും ബന്ധുക്കളിൽ താല്പര്യമുള്ളവനും ബാലന്മാർക്ക് പ്രിയനും മന്ദബുദ്ധിയും, 'കീലക'സംവത്സരത്തിൽ ജനിച്ചവൻ ദേവാരാധനത്തിൽ തല്പരനും ഏററവും സുന്ദരനും ശൌര്യമുള്ളവനും ആയിത്തീരും.

ശാന്തസ്സ്വജനപ്രിയോഽതിധനികഃ സൌമ്യാബ്ദജോ ധൈര്യവാൻ
നാനാശാസ്ത്രവിശാരദോ വികലധീഃ സാധാരണാബ്ദേ നരഃ
ആശാലുബ്ധ വിരോധകൃൽഭവനരഃ ക്രോധീ ദരിദ്രോടനോ
ദുശ്ശീലഃ പരിധാവിവത്സരഭവഃ പാരുഷ്യവാഗ്വിത്തവാൻ ൨൧

'സൌമ്യ'സംവത്സരത്തിൽ ജനിച്ചവൻ അടക്കമുള്ളവനും സകല ജനങ്ങൾക്കും പ്രിയനും വളരെ ധനമുള്ളവനും ധൈര്യശാലിയും, 'സാധാരണ'സംവത്സരത്തിൽ ജനിച്ചവൻ നാനാശാസ്ത്രത്തിൽ സമർത്ഥനും ബുദ്ധിക്കു വൈകല്യമുള്ളവനും

'വിരോധികൃത്' സംവത്സരത്തിൽ ജനിച്ചവൻ അത്യാഗ്രഹിയും കോപിയും ദരിദ്രനും ദേശസഞ്ചാരിയും, 'പരിധാവി സംവത്സരത്തിൽ ജനിച്ചവൻ ദുശ്ശീലമുള്ളവനും പരുഷവാക്കുകളെ പറയുന്നവനും ധനവാനും ആയിത്തീരും.

ജാതോ ബന്ധുവിരാഗകൃൽ പരവധൂലോലഃ പ്രമാദ്യബ്ദകേ
മോദാത്മാ നിഖിലാഗമശ്രുതിപരശ്ചാനന്ദജസ്തത്ത്വവിൽ
പാപീ രാക്ഷസവത്സരേ യദി വൃഥാലാപോ ƒപകാരീ സതാം
ദാതാ മാനഗുണാന്വിതോ നളഭവഃ ശാന്തഃ സദാചാരവാൻ ൨൨

'പ്രമാദി' സംവത്സരത്തിൽ ജനിച്ചവൻ ബന്ധുക്കൾക്ക് വെറുപ്പുണ്ടാക്കുന്ന പ്രവൃത്തിചെയ്യുന്നവനും അന്യസ്ത്രീകളിൽ താല്പര്യമുള്ളവനും 'ആനന്ദ'സംവത്സരത്തിൽ ജനിച്ചവൻ സന്തുഷ്ടചിത്തനും സകലശാസ്ത്രം സകലവേദം ഇവയിൽ തല്പരനും തത്ത്വജ്ഞനും 'രാക്ഷസ'സംവത്സരത്തിൽ ജനിച്ചവൻ പാപശീലനും നിരർത്ഥകമായി സംസാരിക്കുന്നവനും സജ്ജനങ്ങൾക്ക് അപകാരത്തെ ചെയ്യുന്നവനും, 'നള' സംവത്സരത്തിൽ ജനിച്ചവൻ ദാനശീലനും മാനഗുണത്തോടുകൂടിയവനും ശാന്തനും സദാചാരമുള്ളവനും ആയിത്തീരും.

യോഗീ പിംഗളവത്സരേ ജിതമനാ ജാതസ്തപസ്വീ ഭവേൽ
കാലജ്ഞോ യദി കാലയുക്തിശരദി ശ്രീഭോഗസൽക്കർമ്മവാൻ
സിദ്ധാർത്ഥോ ഗുരുദേവഭക്തനിരതഃ സിദ്ധാർത്ഥിജാതഃ സുധീർ-
ജാതോ രൗദ്രസമുത്ഭവഃ കുടിലധീർമ്മാനീ ദുരാചാരവാൻ. ൨൩

'പിംഗള സംവത്സരത്തിൽ ജനിച്ചവൻ യോഗിയും മനസ്സിനെ ജയിച്ചവനും താപസനും, 'കാലയുക്തി'സംവത്സരത്തിൽ ജനിച്ചവൻ കാലജ്ഞനും ശ്രീ, ഭോഗം, സൽകർമ്മം ഇവയോടുകൂടിയവനും, 'സിദ്ധാർത്ഥി സംവത്സരത്തിൽ ജനിച്ചവൻ സകലകാര്യങ്ങളും സിദ്ധിച്ചവനും ഗുരു, ദേവന്മാർ ഇവരിൽ ഭക്തിയുള്ളവനും വിദ്വാനും 'രൗദ്ര'സംവത്സരത്തിൽ ജനിച്ചവൻ കുടിലബുദ്ധിയും അഭിമാനിയും ദുരാചാരമുള്ളവനും ആയിത്തീരും.

കാമീ ദുർമ്മതിവത്സരേ ജഡമതിഃ ശോകാഭിതപ്തഃ ഖലഃ
സ്ഥൂലോരൂദരബാഹുമസ്തകതനുഃ സ്യാദ്ദുന്ദുഭൗ ഭോഗവാൻ
പ്രാജ്ഞസ്സത്യരതഃ സുഖീ ച രുധിരോൽഗാര്യബ്ദജോ വിത്തവാൻ
ശാന്തോ ബന്ധുജനപ്രിയോ ƒതിസുഭഗോ രക്താക്ഷിജശ്ശീലവാൻ.

'ദുർമ്മതി സംവത്സരത്തിൽ ജനിച്ചവൻ കാമിയും ജഡബുദ്ധിയും ദുഃഖത്താൽ അഭിതപ്തനും ദുഷ്ടനും, 'ദുന്ദുഭി'സംവത്സരത്തിൽ ജനിച്ചവൻ തുട, വയറ്, കയ്യ്, ശിരസ്സ്, ദേഹം ഇവയ്ക്കു സ്ഥൂലത്വമുള്ളവനും സുഖിയും, രുധിരോൽഗാരി സംവത്സരത്തിൽ ജനിച്ചവൻ വിദ്വാനും സത്യസന്ധനും സുഖിയും ധനവാനും, 'രക്താക്ഷി' സംവത്സരത്തിൽ ജനിച്ചവൻ അടക്കമുള്ളവനും ബന്ധുപ്രിയനും ഏററവും സുഭഗനും സൽസ്വഭാവിയും ആയിത്തീരും.

ജാതോ ജാരഃ ക്രോധനാബ്ദേ കുമാർഗ്ഗീ
ബന്ധുദ്വേഷീ ചോരനിഷ്ഠാരതഃ സ്യാൽ
ശിഷ്ടാചാരഃ സുപ്രസന്നഃ സുരൂപീ
മാനീ വീതാരാതിരോഗഃ ക്ഷയാബ്ദേ. ൨൫

'ക്രോധന'സംവത്സരത്തിൽ ജനിച്ചവൻ ജാരനും ദുർമ്മാർഗ്ഗിയും ബന്ധുക്കളെ ദ്വേഷിക്കുന്നവനും ചോരകർമ്മിയും, 'ക്ഷയ സംവത്സരത്തിൽ ജനിച്ചവൻ ശിഷ്ടാചാര

നും പ്രസന്നമുഖനും നല്ല രൂപമുള്ളവനും അഭിമാനിയും ശത്രുക്കളും രോഗങ്ങളും നശിച്ചവനും ആയിത്തീരും.

അയനഫലം —

ഉത്തരായണസമുത്ഭവഃ പുമാൻ
ജ്ഞാനയോഗനിരതശ്ച നൈഷ്ഠികഃ
ദക്ഷിണായനഭവഃ പ്രഗത്ഭവാൻ
ഭേദബുദ്ധിരഭിമാനതല്പരഃ.

ഉത്തരായണത്തിൽ ജനിച്ചവൻ ജ്ഞാനയോഗതല്പരനും നൈഷ്ഠികനും ദക്ഷിണായനത്തിൽ ജനിച്ചവൻ പ്രാഗത്ഭ്യമുള്ളവനും ഭേദബുദ്ധിയും അഭിമാനിയും ആയിത്തീരും.

ഋതുഫലം —

ദീർഘായുർദ്ധനികോ വസന്തസമയേ ജാതസ്സുഗന്ധപ്രിയോ
ഗ്രീഷ്മാത്തൌ ഘനതോയസേവ്യചതുരോ ഭോഗീ കൃശാംഗഃ സുധീഃ
ക്ഷാരക്ഷീരകടുപ്രിയഃ സുവചനോ വർഷർത്തുജസ്സച്ഛധീഃ
പുണ്യാത്മാ സുമുഖഃ സുഖീ യദി ശരൽകാലോത്ഭവഃ കാമുകഃ.

വസന്തഋതുവിൽ ജനിച്ചവൻ ദീർഘായുസ്സും ധനികനും സുഗന്ധപ്രിയനും, ഗ്രീഷ്മർത്തുവിൽ ജനിച്ചവൻ സ്നാനശീലനും സമർത്ഥനും സുഖിയും കൃശശരീരനും വിദ്വാനും, വർഷർത്തുവിൽ ജനിച്ചവൻ ക്ഷാരം, ക്ഷീരം, എരിവ് ഇവയിൽ പ്രിയമുള്ളവനും നല്ലവാക്ക പറയുന്നവനും സ്വച്ഛബുദ്ധിയും, ശരൽകാലത്തിൽ ജനിച്ചവൻ പുണ്യാത്മാവും സുമുഖനും കാമുകനും ആയിത്തീരും.

യോഗീ കൃശാംഗഃ കൃഷികശ്ച ഭോഗീ
ഹേമന്തകാലപ്രഭവഃ സമർത്ഥഃ
സ്നാനക്രിയാദാനരതഃ സ്വധർമ്മോ
മാനീ യശസ്വീ ശിശിരർത്തുജഃ സ്യാൽ ൨൮

ഹേമന്തഋതുവിൽ ജനിച്ചവൻ യോഗിയും കൃശശരീരനും കൃഷിചെയ്യുന്നവനും ഭോഗിയും സാമർത്ഥ്യമുള്ളവനും, ശിശിരഋതുവിൽ ജനിച്ചവൻ സ്നാനക്രിയ, ദാനം ഇവയിൽ തല്പരനും തന്റെ ധർമ്മമുള്ളവനും മാനിയും കീർത്തിമാനും ആയിത്തീരും.

മാസഫലം —

ചൈത്രേ സർവ്വകലാഗമശ്രുതിപരോ നിത്യോത്സവഃ ശ്രീരതോ
വൈശാഖേ യദി സർവ്വശാസ്ത്രകുശലഃ സ്വാതന്ത്ര്യകോ ഭൂപതിഃ
ജ്യേഷ്ഠേ മാസി ചിരായുരർത്ഥതനയോ മന്ത്രക്രിയാകോവിദ-
ശ്ചാഷാഢേഽതിധനീ കൃപാലുരനിശം ഭോഗീ പരദ്വേഷകഃ ൨൯

ചൈത്രമാസത്തിൽ ജനിച്ചവൻ സകല കലകളിലും ആഗമങ്ങളിലും ശ്രുതികളിലും താല്പര്യമുള്ളവനും നിത്യോത്സവശാലിയും ശ്രീരതനും, വൈശാഖമാസത്തിൽ ജനിച്ചവൻ സർവ്വശാസ്ത്രങ്ങളിലും സമർത്ഥനും സ്വതന്ത്രനും രാജാവും, ജ്യേഷ്ഠമാസത്തിൽ ജനിച്ചവൻ ദീർഘായുസ്സും ധനത്തോടും പുത്രന്മാരോടും കൂടിയവനും മന്ത്രവാദത്തിൽ സമർത്ഥനും, ആഷാഢമാസത്തിൽ ജനിച്ചവൻ ഏററവും ധനവാനും ദയാശീലനും എല്ലായ്പോഴും സുഖിയും പരന്മാരെ ദ്വേഷിക്കുന്നവനും ആയിത്തീരും.

ജാതഃ ശ്രാവണമാസി ദേവധരണീദേവാച്ചനേ തല്പരോ
നാനാദേശരതശ്ച ഭാദ്രപദജസ്തന്ത്രീ മനോരാജ്യവാൻ
മാസേ ചാശ്വയുജി സ്വകീയജനവിദ്വേഷീ ദരിദ്രശ്ചലഃ
പുഷ്ടാംഗഃ കൃഷികോ വിശാലനയനോ വിത്താധികഃ കാത്തികേ.

ശ്രാവണമാസത്തിൽ ജനിച്ചവൻ ദേവന്മാരെയും ബ്രാഹ്മണരേയും പൂജിക്കുന്നവനും, ഭാദ്രപദമാസത്തിൽ ജനിച്ചവൻ നാനാദേശസഞ്ചാരത്തിൽ തല്പരനും, ശാസ്ത്രജ്ഞനും മനോരാജ്യമുള്ളവനും, ആശ്വയുജമാസത്തിൽ ജനിച്ചവൻ തന്റെ ജനങ്ങളെ ദ്വേഷിക്കുന്നവനും ദരിദ്രനും ചപലസ്വഭാവനും, കാത്തികമാസത്തിൽ ജനിച്ചവൻ ശരീരത്തിനു പുഷ്ടിയുള്ളവനും കൃഷിചെയ്യുന്നവനും കണ്ണുകൾക്കു വിസ്താരമുള്ളവനും വളരെ ധനമുള്ളവനും ആയിത്തീരും.

സുരഗുരുപിതൃഭക്തോ മാഗ്ഗശീർഷേ ച ധമ്മീ
ധനഗുണബലശാലീ തുംഗനാസസ്തു പുഷ്യേ
ഖലമതിരതിധമ്മാചാരവാൻ മാഘമാസി
പ്രതിദിനമുപകത്താ ഫാൽഗുനേ ഗാനലോലഃ ൩൧

മാഗ്ഗശീർഷമാസത്തിൽ ജനിച്ചവൻ ദേവൻ ഗുരു പിതാവ് ഇവരിൽ ഭക്തിയുള്ളവനും ധാമ്മികനും, പുഷ്യമാസത്തിൽ ജനിച്ചവൻ ധനം ഗുണം ബലം ഇവയോടുകൂടിയവനും മൂക്ക് ഉയന്നവനും, മാഘമാസത്തിൽ ജനിച്ചവൻ ദുഷ്ടബുദ്ധിയും ഏററവും ധമ്മമായ ആചാരത്തോടുകൂടിയവനും, ഫാൽഗുനമാസത്തിൽ ജനിച്ചവൻ നിത്യം ഉപകാരിയും ഗാനതല്പരനും ആയിത്തീരും.

പക്ഷഫലം—

വളർക്ഷപക്ഷേ യദി പുത്രപൌത്ര-
ധനാധികോ ധമ്മരതഃ കൃപാലുഃ
സ്വകായ്യവാദീ നിജമാതൃഭക്തഃ
സ്വബന്ധുവൈരീ യദി കൃഷ്ണപക്ഷേ. ൩൨

ശുക്ലപക്ഷത്തിൽ ജനിച്ചവൻ പുത്രപൌത്രന്മാരോടുകൂടിയവനും വളരെ ധനമുള്ളവനും ധാമ്മികനും ദയാലുവും, കൃഷ്ണപക്ഷത്തിൽ ജനിച്ചവൻ സ്വകായ്യത്തെക്കുറിച്ച് വാദിക്കുന്നവനും സ്വമാതൃഭക്തനും നിജബന്ധുവൈരിയും ആയിത്തീരും.

കാലഫലം—

ജാതഃ പ്രത്യുഷസി സ്വധമ്മനിരതഃ സൽക്കമ്മജീവീ സുഖീ
മദ്ധ്യാഹ്നേ യദി രാജതുല്യഗുണവാൻ ജാതോഽപരാഹ്ണേ ധനീ
സായംകാലഭവഃ സുഗന്ധവനിതാലോലഃ ഖലാത്മാടനോ
രാത്രൌ തൽഫലമേവ സൌഖ്യബഹുളഃ സൂയ്യോദയേ ജായതേ.

പ്രഭാതകാലത്തിൽ ജനിച്ചവൻ സ്വധമ്മതല്പരനും സൽക്കമ്മംചെയ്തു ജീവിക്കുന്നവനും സുഖിയും, മദ്ധ്യാഹ്നത്തിൽ ജനിച്ചവൻ രാജതുല്യഗുണമുള്ളവനും, അപരാഹ്ണത്തിൽ ജനിച്ചവൻ ധനവാനും സന്ധ്യാസമയത്തിലും രാത്രിയിലും ജനിച്ചവൻ സുഗന്ധത്തിലും സ്ത്രീയിലും ആസക്തനും ദുർബുദ്ധിയും ദേശാടനം ചെയ്യുന്നവനും, സൂയ്യോദയത്തിൽ ജനിച്ചവൻ വളരെ സൌഖ്യമുള്ളവനും ആയിത്തീരും.

തിഥിഫലം—

മഹോദ്യോഗീ ജാതഃ പ്രതിപദി തിഥൌ പുണ്യചരിതോ
ദ്വിതീയായാം തേജഃപശുബലയശോവിത്തവിപുലഃ

തൃതീയായാം പുണ്യപ്രബലഭയശീലശ്ച പടുവാക്
ചതുർത്ഥ്യാമാശാലുസ്സ്വജനചതുരോ മന്ത്രനിപുണഃ ൩൪

പ്രതിപദത്തിൽ ജനിച്ചവൻ മഹാരോഗത്തോടുകൂടിയവനും പുണ്യചരിതനും ദ്വിതീയയിൽ ജനിച്ചവൻ തേജസ്സ്, വസ്ത്രം, ബലം, യശസ്സ്, ധനം ഇവയുടെ ആധിക്യത്തോടുകൂടിയവനും, തൃതീയയിൽ ജനിച്ചവൻ പുണ്യവും ബലവും ഉള്ളവനും ഭയശീലനും വാക്സാമർത്ഥ്യമുള്ളവനും, ചതുർത്ഥിയിൽ ജനിച്ചവൻ ആഗ്രഹമുള്ളവനും ദേശാടനചതുരനും മന്ത്രശാസ്ത്രനിപുണനും ആയിത്തീരും.

പഞ്ചമ്യാമഖിലാഗമശ്രുതിരതഃ കാമീ കൃശാംഗശ്ചലഃ
ഷഷ്ഠ്യാമല്പബലീ മഹീപതിസമഃ പ്രാജ്ഞോഽതികോപാന്വിതഃ
സപ്തമ്യാം കഠിനോരുവാക് ജനപതിഃ ശ്ലേഷ്മപ്രധാനോ ബലീ
ചാഷ്ടമ്യാമതികാമുകസ്സുതവധൂലോലഃ കഫാത്മാ ഭവേൽ

പഞ്ചമിയിൽ ജനിച്ചവൻ സകലശാസ്ത്രങ്ങളിലും വേദങ്ങളിലും തല്പരനും കാമിയും കൃശശരീരനും ചപലനും, ഷഷ്ഠിയിൽ ജനിച്ചവൻ അല്പബലമുള്ളവനും രാജതുല്യനും വിദ്വാനും അതികോപിയും, സപ്തമിയിൽ ജനിച്ചവൻ കഠിനമായി വളരെ പറയുന്നവനും രാജാവും കഫപ്രധാനനും ബലവാനും. അഷ്ടമിയിൽ ജനിച്ചവൻ അതികാമുകനും പുത്രഭാര്യയിൽ തല്പരനും കഫപ്രകൃതിയും ആയി ഭവിക്കും.

ഖ്യാതോ ദിവ്യതനുഃ കുദാരതനയഃ കാമീ നവമ്യാം തിഥൌ
ധർമ്മാത്മാ പടുവാക്കളത്രതനയഃ ശ്രീമാൻ ദശമ്യാം ധനീ
ദേവബ്രാഹ്മണപൂജകോ ഹരിതിഥൌ ദാസാന്വിതോ വിത്തവാൻ
ദ്വാദശ്യാമതിപുണ്യകർമ്മനിരതസ്ത്യാഗീ ധനീ പണ്ഡിതഃ ൩൫

നവമിയിൽ ജനിച്ചവൻ പ്രസിദ്ധനും ദിവ്യദേഹമുള്ളവനും കുത്സിതരായ ഭാര്യാപുത്രന്മാരോടുകൂടിയവനും കാമിയും, ദശമിയിൽ ജനിച്ചവൻ ധർമ്മബുദ്ധിയും വാക്സാമർത്ഥ്യമുള്ളവനും ഭാര്യാപുത്രന്മാരോടുകൂടിയവനും ശ്രീമാനും ധനവാനും, ഏകാദശിയിൽ ജനിച്ചവൻ ദേവന്മാരേയും ബ്രാഹ്മണരേയും പൂജിക്കുന്നവനും ദാസന്മാരോടുകൂടിയവനും ധനവാനും, ദ്വാദശിയിൽ ജനിച്ചവൻ ഏറ്റവും പുണ്യമായ കർമ്മത്തിൽ തല്പരനും ദാനശീലനും ധനവാനും പണ്ഡിതനും ആയിത്തീരും.

ത്രയോദശ്യാം ലുബ്ധപ്രകൃതിരതികാമീ ച ധനവാൻ
ചതുർദ്ദശ്യാം കോപീ പരധനവധൂകോഽഹിതമനാഃ
അമായാം പ്രശാലുഃ പിതൃസുരസമാരാധനപരോ
ധനീ രാകാചന്ദ്രേ യദി കുലയശസ്വീ ച സുമനാഃ ൩൬

ത്രയോദശിയിൽ ജനിച്ചവൻ ലുബ്ധപ്രകൃതിയും അതികാമിയും ധനവാനും, ചതുർദ്ദശിയിൽ ജനിച്ചവൻ കോപിയും പരധനത്തോടും പരസ്ത്രീയോടും കൂടിയവനും അഹിതമനസ്സും, കറുത്തവാവുനാൾ ജനിച്ചവൻ ഏറ്റവും ആഗ്രഹമുള്ളവനും പിതൃക്കളേയും ദേവന്മാരേയും സമാരാധിക്കുന്നവനും, വെളുത്തവാവിൽ ജനിച്ചവൻ ധനവാനും കുലശുദ്ധിയും കീർത്തിയും ഉള്ളവനും സുമനസ്സും ആയിത്തീരും.

വാരഫലം—

മാനീ പിംഗളകേശലോചനതനുശ്ചാദിത്യവാരേ വിട്ടഃ
കാമീ കാന്തവപുർദയാലുരനിശം ശീതാംശുവാരോൽഭവഃ
ക്രൂരസ്സാഹസവാദകാര്യനിരതോ ഭൂസൂനുവാരേ സദാ
വേദബ്രാഹ്മണപൂജകഃ സുവചനഃ സൌമ്യസ്യ വാരോദയേ. ൩൭

ഞായറാഴ്ചയിൽ ജനിച്ചവൻ അഭിമാനിയും തലമുടിയും കണ്ണുകളും ചുവന്നവനും വിഭുവും, തിങ്കളാഴ്ച ജനിച്ചവൻ കാമിയും സുന്ദരശരീരനും ദയാശീലനും, ചൊവ്വാഴ്ച ജനിച്ചവൻ ക്രൂരനും സാഹസകാര്യത്തിലും വാദകാര്യത്തിലും തല്പരനും, ബുധനാഴ്ച ജനിച്ചവൻ ദേവന്മാരേയും ബ്രാഹ്മണരേയും പൂജിക്കുന്നവനും നല്ലവാക്കു പറയുന്നവനും ആയിത്തീരും.

യജ്വാ ഭൂപതിവല്ലഭശ്ച ഗുണവാൻ ഖ്യാതോ ഗുരോർവ്വാസരേ
ധാന്യക്ഷേത്രധനാശ്രിതഃ സിതദിനേ സർവ്വപ്രിയഃ കാമധീഃ
മന്ദപ്രായമതിഃ പരാന്നധനഭുക് വാദപ്രവാദാന്വിതോ
ദ്വേഷീ ബന്ധുജനാവരോധകുശലോ മന്ദസ്യ വാരോത്ഭവഃ ൩൯

വ്യാഴാഴ്ച ജനിച്ചവൻ യാഗംചെയ്യുവനും രാജപ്രിയനും, ഗുണവാനും പ്രസിദ്ധനും, വെള്ളിയാഴ്ച ജനിച്ചവൻ ധാന്യക്ഷേത്രധനങ്ങളുള്ളവനും എല്ലാവർക്കും പ്രിയനും കാമബുദ്ധിയും, ശനിയാഴ്ച ജനിച്ചവൻ മൂഢപ്രായമായ ബുദ്ധിയോടുകൂടിയവനും പരാന്നത്തെയും പരധനത്തെയും ഭുജിക്കുന്നവനും വാദപ്രതിവാദങ്ങളോടുകൂടിയവനും ദ്വേഷമുള്ളവനും ബന്ധുജനങ്ങളെ അവരോധിക്കുന്നതിൽ സമർത്ഥനും ആയിത്തീരും.

നക്ഷത്രനാമങ്ങൾ —

തുരംഗദസ്രാശ്വിയുഗശ്വിനീഹയാ
യമഃ കൃതാന്തോ ഭരണീ ച യാമ്യഭം
ഹുതാശനോഗ്നിർബഹുളാ ച കൃത്തികാ
വിധിർവിരിഞ്ചഃ ശകടം ച രോഹിണീ ൪൦

അശ്വതിക്കു തുരംഗം ദസ്രം അശ്വിയുക്ക് അശ്വിനി ഹയം എന്നും, ഭരണിക്കു യമൻ കൃതാന്തൻ ഭരണി യാമ്യഭം എന്നും, കാർത്തികയ്ക്കു ഹുതാശനൻ അഗ്നി ബഹുള കൃത്തിക എന്നും, രോഹിണിക്കു വിധി വിരിഞ്ചൻ ശകടം രോഹിണി എന്നും പേരുകൾ പറയപ്പെട്ടിരിക്കുന്നു.

സൌമ്യശ്ചാന്ദ്രാഗ്രഹായണ്യുഡുപമൃഗശിരാസ്താരകാ രൌദ്രമാർദ്രാ
ചാദിത്യം തൽപുനർവ്വസ്വിതി സുരജനനീതിഷ്യപുഷ്യാമരേഡ്യാഃ
ആശ്ലേഷാഹിർഭുജംഗഃ പിതൃജനകമഘാ ഫാൽഗുനീഭാഗ്യഭം സ്യാ-
ദര്യ്യമ്ണശ്ചോത്തരാഖ്യം ഭഗമിതി കഥിതം ഭാനുഹസ്താരുണാർക്കാഃ

മകയിരത്തിന് സൌമ്യൻ ചാന്ദ്രൻ ആഗ്രഹായണി ഉഡുപം മൃഗശിരസ്സ് എന്നും, തിരുവാതിരയ്ക്കു രൌദ്രം ആർദ്ര എന്നും, പുണർതത്തിന് ആദിത്യം പുനർവ്വസു, സുരജനനി എന്നും, പൂയത്തിന് തിഷ്യം പുഷ്യം അമരേഡ്യൻ എന്നും, ആയില്യത്തിന് ആശ്ലേഷ അഹി ഭുജംഗം എന്നും, മകത്തിന് പിതാവ് ജനകൻ മഘം എന്നും പൂരത്തിന് ഫാൽഗുനി ഭാഗ്യഭം എന്നും, ഉത്രത്തിന് അര്യമാവ് ഉത്തരാ ഭഗം എന്നും, അത്തത്തിന് ഭാനു ഹസ്തം അരുണൻ അർക്കൻ എന്നും പേരുകൾ ഉണ്ട്.

ത്വഷ്ടാ ച ചിത്രാ സുരവാർദ്ധകീ തു
സ്വാതീമരുദ്വാതസമീരണാഖ്യാഃ
വായുഃ സമീരഃ പരതോ വിശാഖാ-
ദ്വിദൈവതേന്ദ്രാഗ്നികശൂർപ്പഭാനി ൪൨

ചിത്തിരയ്ക്കു ത്വഷ്ടാവ് ചിത്ര സുരവാർദ്ധകി എന്നും, ചോതിക്കു സ്വാതി മരുത്ത് വാതം സമീരണൻ വായു സമീരൻ എന്നും, വിശാഖത്തിന് ദ്വിദൈവതം ഇന്ദ്രാഗ്നികം ശൂർപ്പഭം എന്നും പേരുകളും ഉണ്ട്.

അന്തുരാധാ മൈത്രം തഥാ കലിശതാരാ ശതമഖഃ
സുരസ്വാമീ ജ്യേഷ്ഠാ പരമസുരമൂലക്രുത്ഭുജഃ
പയഃ പൂർവാഷാഢം സലിലജലതോയാനി പരമു-
ത്തരാഷാഢം വിശ്വം പരമഭിജിദ്ധാഹുർമ്മുനിഗണാഃ ൪൩

അനിഴത്തിന അന്തുരാധാ മൈത്രം എന്നും, തൃക്കേട്ടയ്ക്കു കലിശം ശതമഖൻ സുരസ്വാമി ജ്യേഷ്ഠാ എന്നും, മൂലത്തിന് അസുരം മൂലം ക്രുത്ഭുക്ക് എന്നും, പൂരാടത്തിന് പയസ്സ് പൂർവാഷാഢം സലിലം ജലം തോയം എന്നും, ഉത്രാടത്തിന് ഉത്തരാഷാഢം വിശ്വം എന്നും പേരുകൾ ഉണ്ട്. ഇതുകൂടാതെ അഭിജിത്ത് എന്ന് ഒരു നക്ഷത്രംകൂടി ഉണ്ട് എന്നു വരിച്ചുകൊള്ളണം.

ശ്രോണാ വിഷ്ണുഹരിശ്രുതിശ്രവണഭാന്യാഹുഃ ശ്രവിഷ്ഠാ വസുഃ
പ്രാചേതാശ്ശതതാരകാ വരുണഭം ചാജൈകപാദോജപാൽ
പൂർവപ്രോഷ്ഠപദർക്ഷകം പരമഹിർബുധ്ന്യുത്തരാപ്രോഷ്ഠപാൽ
പൂഷാ രേവതിപൗഷ്ണഭാനി മുനിഭിഃ സങ്കീർത്തിതാനി ക്രമാൽ

തിരുവോണത്തിന് ശ്രോണാ വിഷ്ണു ഹരി ശ്രുതി ശ്രവണം എന്നും, അവിട്ടത്തിന് ശ്രവിഷ്ഠാ, വസു എന്നും, ചതയത്തിന് വരുണൻ ശതതാരകാ അജൈകപാത്ത് ഭാജപാത്ത് എന്നും, പൂരുരുട്ടാതിക്ക് പൂർവപ്രോഷ്ഠപദം എന്നും, ഉത്തൃട്ടാതിക്ക് അഹിർബുധ്നി ഉത്തരാപ്രോഷ്ഠപാത്ത് എന്നും, രേവതിക്ക പൂഷാ രേവതി പൗഷ്ണഭം എന്നും പേരുകൾ ഉണ്ട്. മുൻപറഞ്ഞവയുടെ പര്യായങ്ങളും ഓരോ നക്ഷത്രങ്ങൾക്കും പ്രയോഗിക്കാറുണ്ട്.

ഗണ്ഡാന്തനക്ഷത്രങ്ങൾ —

മൂലാവാസവയോർമ്മഖാഭുജഗയോഃ പൗഷ്ണാശ്വയോസ്സന്ധിഗം
ഗണ്ഡാന്തം പ്രഹരപ്രമാണമധികാനിഷ്ടപ്രദം പ്രാണിനാം
ജ്യേഷ്ഠാമൂലവതാരസന്ധിഘടികാ ചാഭുക്തസംജ്ഞാ ഭവേ-
ത്തന്നാഡീപ്രഭവാംഗനാസുതപരപ്രേഷ്യാഃ കുലധ്വംസകാഃ ൪൪

മൂലത്തിൻെറ ആദ്യവും തൃക്കേട്ടയുടെ അവസാനവും, മകത്തിൻെറ ആദ്യവും ആയില്യത്തിൻെറ അവസാനവും അശ്വതിയുടെ ആദ്യവും രേവതിയുടെ അവസാനവും പതിനഞ്ചു നാഴികവീതം ഗണ്ഡാന്തകാലമാണ്. ഈ സമയം പ്രാണികൾക്ക ഏററവും അനിഷ്ടപ്രദമാണ്. തൃക്കേട്ടയുടെയും മൂലത്തിൻെറയും സന്ധിയിൽ ഉള്ള ഗണ്ഡാന്തസമയത്തിന് അഭുക്തം എന്ന പേരുണ്ട്. ആ അഭുക്തസമയത്തിൽ ജനിച്ചവർ കുലധ്വംസകന്മാരായിത്തീരും.

വിഭക്താ ദശഭിർജ്യേഷ്ഠാ നക്ഷത്രാഖിലനാഡികാഃ
ആദ്യംശേ ജനനീമാതാ ദ്വിതീയേ ജനനീപിതാ ൪൫
തൃതീയേ ജനനീഭ്രാതാ യഥി മാതാ ചതുർത്ഥകേ
പഞ്ചമേ ജാതതനയഃ ഷഷ്ഠേ ഗോത്രവിനാശകഃ ൪൬
സപ്തമേ ചോഭയകുലസ്ത്വഷ്ടമേ വംശനാശനഃ
നവമേ ശ്വശുരം ഹന്തി സർവം ഹന്തി ദശാംശകേ ൪൭

തൃക്കേട്ടനക്ഷത്രം പത്തായിഭാഗിച്ച് അവയിൽ ആദ്യംശത്തിൽ ജനിച്ചാൽ അമ്മയുടെ അമ്മയും, ദ്വിതീയാംശത്തിൽ ജനിച്ചാൽ അമ്മയുടെ അച്ഛനും, മൂന്നാം അംശത്തിൽ ജനിച്ചാൽ അമ്മാവനും, നാലാംഅംശത്തിൽ ജനിച്ചാൽ അമ്മയും, അഞ്ചാംഅംശത്തിൽ ജനിച്ചാൽ തൽക്കാലമുണ്ടായ പുത്രനും, ആറാംഅംശത്തിൽ

ജനിച്ചാൽ ഗോത്രവും, ഏഴാംഅംശത്തിൽ ജനിച്ചാൽ ഉഭയവംശവും എട്ടാംഅംശത്തിൽ ജനിച്ചാൽ വംശവും ഒൻപതാംഅംശത്തിൽ ജനിച്ചാൽ ശ്വശുരനും പത്താം അംശത്തിൽ ജനിച്ചാൽ സർവ്വവും നശിക്കും.

ഭൗമവാസരയോഗേന ജ്യേഷ്ഠജാ ജ്യേഷ്ഠസോദരം
ഭാനുവാസരയോഗേന മൂലജാ ശ്വശുരം ഹരേൽ. ൪൯

ചൊവ്വാഴ്ച്ചയും തൃക്കേട്ടയുംകൂടി വരുന്നദിവസം ജനിച്ചവളുടെ ജ്യേഷ്ഠസോദരനും ഞായറാഴ്ച്ചയും മൂലവുംകൂടി വരുന്നദിവസം ജനിച്ചവളുടെ ശ്വശുരനും നശിക്കും.

ജ്യേഷ്ഠാഗ്രപാദേഗ്രജമാശു ഹന്യാൽ
ദ്വിതിയപാദേ യദി തൽകനിഷ്ഠം
തൃതീയപാദേ പിതരം നിഹന്തി
സ്വയം ചതുർത്ഥേ മൃതിമേതി ജാതഃ. ൫൦

തൃക്കേട്ടയുടെ ആദ്യപാദത്തിൽ ജനിച്ചാൽ ജ്യേഷ്ഠനും, രണ്ടാംപാദത്തിൽ ജനിച്ചാൽ അനുജനും, മൂന്നാംപാദത്തിൽ ജനിച്ചാൽ അച്ഛനും, നാലാംപാദത്തിൽ ജനിച്ചാൽ തനിക്കും നാശം സംഭവിക്കും.

മൂലാദ്യപാദേ പിതരം നിഹന്യാൽ
ദ്വിതീയകേ മാതരമാശു ഹന്തി
തൃതീയകേ വിത്തവിനാശകഃ സ്യാൽ
ചതുർത്ഥപാദേ സമുപൈതി സൌഖ്യം. ൫൧

മൂലംനക്ഷത്രത്തിന്റെ ആദ്യപാദത്തിൽ ജനിച്ചാൽ അച്ഛനും രണ്ടാംപാദത്തിൽ ജനിച്ചാൽ മാതാവിനും, നാശം ഭവിക്കും. മൂന്നാംപാദത്തിൽ ജനിച്ചാൽ ധനം നശിക്കും. നാലാംപാദത്തിൽ ജനിച്ചാൽ സൌഖ്യമുണ്ടാകും.

മൂലർക്ഷണനിഖിലാനാഡ്യസ്തിഥിസംഖ്യാവിഭാജിതാഃ
ആദ്യേ പിതാ പിതൃഭ്രാതാ തൃതീയേ ഭഗിനീപതിഃ ൫൨
പിതാമഹശ്ചതുർത്ഥേ തു മാതാ നശ്യതി പഞ്ചമേ
ഷഷ്ഠേ തു മാതൃഭഗിനീ സപ്തമേ മാതുലസ്തഥാ. ൫൩
അഷ്ടമാംശേ പിതൃവ്യസ്ത്രീ നിഖിലം തു നവാംശകേ
ദശമേ പശുസംഘാതോ ഭൃത്യസ്ത്വേകാദശാംശകേ. ൫൪
ദ്വാദശേ തു സ്വയം ജാതസ്തജ്ജ്യേഷ്ഠസ്തു ത്രയോദശേ
ചതുർദ്ദശേ തൽഭഗിനീ തദന്തേ മാതാമഹസ്തഥാ. ൫൫

മൂലംനക്ഷത്രം പതിനഞ്ചായി ഭാഗിച്ച് അതിൽ ആദ്യഭാഗത്തിൽ ജനിച്ചാൽ അച്ഛനും രണ്ടാംഭാഗത്തിൽ അച്ഛന്റെ ജ്യേഷ്ഠനും മൂന്നാംഭാഗത്തിൽ സോദരീഭർത്താവിനും നാലാംഭാഗത്തിൽ പിതാമഹനും അഞ്ചാംഭാഗത്തിൽ മാതാവിനും ആറാംഅംശത്തിൽ മാതാവിന്റെ സോദരിക്കും ഏഴിൽ അമ്മാവനും എട്ടിൽ അച്ഛന്റെസോദരനും ഒൻപതിൽ സർവ്വത്തിനും പത്തിൽ പശുസമൂഹത്തിനും പതിനൊന്നിൽ ഭൃത്യനും പന്ത്രണ്ടിൽ ജനിച്ച ശിശുവിനും പതിമൂന്നിൽ ശിശുവിന്റെ ജ്യേഷ്ഠനും പതിന്നാലിൽ തൽസോദരിക്കും പതിനഞ്ചിൽ മാതാമഹനും നാശം സംഭവിക്കും.

ആശ്ലേഷാദ്യേന ഗണ്ഡം സ്യാൽ ധനഗണ്ഡം ദ്വിതീയകേ
തൃതീയേ മാതൃഗണ്ഡം തു പിതൃഗണ്ഡം ചതുർത്ഥകേ ൫൬

ആയില്യത്തിൻെറ ആദ്യപാദം ഗണ്ഡവും രണ്ടാംപാദം ധനഗണ്ഡവും മൂന്നാം പാദം മാതൃഗണ്ഡവും നാലാംപാദം പിതൃഗണ്ഡവും ആകുന്നു.

മൂലാമഘാശ്വിചരണേ പ്രഥമേ പിതുശ്ച
പൌഷ്ണേന്ദ്രയോശ്ച ഫണിനശ്ച ചതുർത്ഥപാദേ
മാതുഃ പിതുഃ സ്വവപുഷോഽപി കരോതി നാശം
ജാതോ യഥാ നിശി ദിനേഽപ്യഥ സന്ധ്യയോശ്ച. ൮൨

രാത്രിയിലും പകലും മൂലം മകം അശ്വതി ഈ നക്ഷത്രങ്ങളുടെ ആദ്യപാദത്തിൽ ജനിച്ചവൻ പിതാവിനും, സന്ധ്യകളിൽ രേവതി തൃക്കേട്ട ആയില്യം ഈ നക്ഷത്രങ്ങളുടെ നാലാംപാദത്തിൽ ജനിച്ചവൻ ക്രമേണ മാതാവിനും പിതാവിനും തൻെറ ശരീരത്തിനും നാശത്തെ ചെയ്യുന്നു.

ദിവാജാതസ്തു പിതരം രാത്രിജോ ജനനീം തഥാ
ആത്മാനം സന്ധ്യയോർഹന്തി നാസ്തി ഗണ്ഡേ വിപര്യയഃ ൮൩

ഗണ്ഡാന്തത്തിൽ പകൽ ജനിച്ചവൻ പിതാവിനും രാത്രിയിൽ ജനിച്ചവൻ മാതാവിനും സന്ധ്യകളിൽ ജനിച്ചവൻ തനിക്കും നാശത്തെ ചെയ്യുന്നു.

ഋക്ഷസ്യാന്തേ ഭവേദ്രാത്രാവാദൌ യദി ദിനേ തഥാ
സന്ധ്യാസു ഋക്ഷസന്ധൌ തു തദേതൽ ഗണ്ഡലക്ഷണം. ൮൪

നക്ഷത്രത്തിൻെറ അവസാനം രാത്രിയായും നക്ഷത്രത്തിൻെറ ആദി പകലായും ഋക്ഷസന്ധി സന്ധ്യയായും വരുനാളു് ഗണ്ഡമാകുന്നു.

പൂർവ്വാഷാഢേ ധനുർല്ലഗ്നേ ജാതഃ പിതൃവിനാശകഃ
പുഷ്യേ കർക്കടകേ ലഗ്നേ മാതൃമൃത്യുകരോ ഭവേൽ. ൮൫

പൂരാടത്തിൽ ധനുലഗ്നത്തിലും പൂയത്തിൽ കർക്കടകംലഗ്നത്തിലും ജനിച്ചവൻ ക്രമേണ പിതാവിനും മാതാവിനും മൃത്യുവിനെ ചെയ്യും.

പൂർവ്വാഷാഢേ തു പുഷ്യേ ച പിതരം മാതരം സുതം
മാതുലം ച ശിശും ഹന്യാൽ പ്രഥമാംശകതഃ ക്രമാൽ ൮൬

പൂരാടത്തിൻെറയും പൂയത്തിൻെറയും ഒന്നാംകാലിൽ ജനിച്ചവൻ പിതാവിനും രണ്ടാംകാലിൽ ജനിച്ചവൻ മാതാവിനും മൂന്നാംകാലിൽ ജനിച്ചവൻ പുത്രനും നാലാംകാലിൽ ജനിച്ചവൻ അമ്മാവനും മൃത്യുവിനെ ചെയ്യും.

ഉത്തരാഫാൽഗുനീതാരാ പ്രഥമേ ചരണേ യദി
തിഷ്യനക്ഷത്രമദ്ധ്യസ്യ പാദയോരുഭയോർയ്യദി ൮൭
പാദേ തൃതീയേ ചിത്രായാഃ പൂർവ്വാർദ്ധേ യമഭസ്യ ച
തൃതീയാംശേ ക്കരായാശ്ചതുർത്ഥാംശേന്ത്യഭസ്യ ച
ജാതസ്തു പിതരം ഹന്തി ജാതാ ചേന്മാതരം തഥാ. ൮൮

ഉത്രത്തിൻെറ ആദ്യപാദത്തിലും പൂയംനക്ഷത്രത്തിൻെറ മദ്ധ്യപാദത്തിലും ചിത്തിരയുടെ മൂന്നാംപാദത്തിലും ഭരണിയുടെ പൂർവ്വാർദ്ധത്തിലും, അത്തത്തിൻെറ മൂന്നാംപാദത്തിലും രേവതിയുടെ നാലാംപാദത്തിലുംഉള്ള ജനനം പുരുഷനായാൽ പിതാവിനും സ്ത്രീയായാൽ മാതാവിനും മൃത്യുവിനെ ചെയ്യും.

ഗണ്ഡകാലം—

ഷോഡശാബ്ദാസ്തുരംഗാദ്യേ മഘാദ്യേ ചാഷ്ടവത്സരാഃ
ഏകാബ്ദഃ ശക്രതാരായാം ചത്വാരസ്ത്വാഷ്ട്രമൂലയോഃ
സാർപ്പേ വർഷദ്വയം ചൈവ രേവത്യാമേകവത്സരഃ
ദ്വൌ മാസൌ ചോത്തരാദോഷഃ പുഷ്യർക്ഷേ തു ത്രിമാസകം

അശ്വതിയുടെ ആദ്യപാദത്തിന് പതിനാറു സംവത്സരവും മകത്തിന്റെ ആദ്യപാദത്തിന് എട്ടു സംവത്സരവും തൃക്കേട്ടയ്ക്ക് ഒരു സംവത്സരവും, ചിത്തിരയ്ക്കും മൂലത്തിനും നാലുസംവത്സരവും ആയില്യത്തിന് രണ്ടുവർഷവും രേവതിക്ക് ഒരു വത്സരവും ഉത്രത്തിന് രണ്ടുമാസവും പൂയം നക്ഷത്രത്തിന് മൂന്നുമാസവും ഗണ്ഡകാലമാകുന്നു.

നവമേ മാസി പിതരം പൂർവ്വാഷാഢോത്ഭവോ ഹരേൽ
ഹസ്തർക്ഷേ യദി ജാതസ്തു പിതരം ദ്വാദശാബ്ദകേ ന്വ

പൂരാടത്തിൽ ജനിച്ചവന്ന് ഒൻപതാംമാസത്തിലും, അത്തത്തിൽ ജനിച്ചവന് പന്ത്രണ്ടാംവയസ്സിലും പിതാവ് മരിക്കും.

അഭുക്തമൂലജഃ പുത്രഃ പിതരം ഹന്തി തൽക്ഷണാൽ
അഭുക്തമൂലജനിതോ യദി ജീവതി മാനവഃ
നിജവംശകരഃ ശ്രീമാൻ ബഹുസേനാധിപോഽഥവാ ന്ൻ

മൂലത്തിന്റെ ആദ്യപാദത്തിൽ ജനിച്ചവന്റെ അച്ഛൻ ഉടൻതന്നെ മരിക്കും. മൂലത്തിന്റെ ആദ്യപാദത്തിൽ ജനിച്ചവൻ സ്വവംശപ്രതിഷ്ഠാപകനും ശ്രീമാനും ആയോ അല്ലെങ്കിൽ ബഹുസൈന്യാധിപനായോ തീരും.

തിഥിദോഷം—

കൃഷ്ണപക്ഷേ ചതുർദ്ദശ്യാം ഷഡംശേ പ്രഥമേഽശുഭം
ദ്വിതീയേ പിതരം ഹന്തി തൃതീയേ മാതരം തഥാ
ചതുർത്ഥേ മാതുലം ഹന്തി പഞ്ചമേ ഭ്രാതൃനാശനം
ഷഷ്ഠേ യദി ശിശും ഹന്തി ഗണ്ഡദോഷ ഇതീരിതഃ ൡ

കറുത്തപക്ഷത്തിലെ ചതുർദ്ദശിയെ ആറായി ഭാഗിച്ചാൽ ഒന്നാംഭാഗത്തിൽ അശുഭവും രണ്ടാംഭാഗത്തിൽ പിതാവിനും, മൂന്നാംഭാഗത്തിൽ മാതാവിനും, നാലാം ഭാഗത്തിൽ അമ്മാവന്നും അഞ്ചാംഭാഗത്തിൽ ഭ്രാതാവിനും ആറാംഭാഗത്തിൽ ശിശുവിനും നാശം സംഭവിക്കും. ഇതു് ഗണ്ഡദോഷം എന്നു പറയുന്നു.

അമായാം തു പ്രജാതാനാം ഗജാനാം വാജിനാം തഥാ
ഗവാം ച മഹിഷാദീനാം മനുഷ്യാണാം വിശേഷതഃ വെ
സിനീവാലീപ്രജാതാനാം ത്യാഗ ഏവ ഹി സർവ്വദാ
വിശേഷാച്ച കുഹൂതഥാനാം ശാന്തിം കുര്യാദ്വിധാനതഃ
നാരീം വിനാവശേഷാണാം പരിത്യാഗോ വിധീയതേ ബെ

അമാവാസിയിൽ ജനിച്ച ആനകൾ കുതിരകൾ പശുക്കൾ എരുമകൾ മുതലായവയെയും വിശേഷിച്ചു മനുഷ്യരെയും ത്യജിക്കതന്നെയാണ വേണ്ടതു്. സിനീവാലിയിൽ ജനിച്ചവരെയും ഈ പ്രകാരംതന്നെ ചെയ്യണം. വിശേഷിച്ചു് കുഹുവിൽ ജനിച്ചവൎക്കു് വിധിപ്രകാരമുള്ള ശാന്തിയെ ചെയ്യണം. സ്ത്രീകൾ അല്ലെങ്കിൽ ഉപേക്ഷിക്കതന്നെ വേണം. അമാവാസി എന്നതു കറുത്തവാവും, സിനീവാലി എന്നതു് കൃഷ്ണചതുർദ്ദശിയുടെയോ ശുക്ലപ്രതിപദത്തിന്റെയോ ചേർച്ചയാൽ ചന്ദ്രകല

ലേശംതോ കാണാവുന്ന കറുത്തവാവും, കുഹു എന്നതു് ചന്ദ്രകലാലേശംപോലും കാണാത്ത കറുത്തവാവും ആകുന്നു.

യോഗദോഷം —

പിതൃജന്മർക്ഷകർമ്മക്ഷജാതഃ പിതൃവിനാശകൃ
ജന്മർക്ഷാംശകതല്ലഗ്നജാതഃ സദ്യോ മൃതിപ്രദഃ ൧൭

പിതാവിന്റെ ജന്മനക്ഷത്രത്തിന്റെ പത്താമത്തെ നക്ഷത്രത്തിൽ ജനിച്ചവൻ പിതാവിന്നു് വിനാശത്തെ ചെയ്യും. പിതൃജന്മനക്ഷത്രാംശത്തിന്റെ ലഗ്നത്തിൽ ജനിച്ചവൻ തൽക്ഷണം പിതാവിന്നു് മൃതിയെ ചെയ്യും.

മുസലേ മുൽഗരേ യോഗേ ജാതഃ ശോഭനനാശകൃൽ
വിഷ്ട്യാം ദരിദ്രമാപ്നോതി ഗുളികേംഗവിഹീനവാൻ ൧൮

മുസലയോഗത്തിലും മുൽഗരയോഗത്തിലും ജനിച്ചവൻ ശുഭത്തെ നശിപ്പിക്കും. വിഷ്ടിയിൽ ജനിച്ചവൻ ദരിദ്രനാകും. ഗുളികസമയത്തിൽ ജനിച്ചവൻ അംഗവൈകല്യമുള്ളവനാകും.

രിക്തായാം ഷണ്ഡതാം യാതി പംഗുഃ സ്യാദ്യമകണ്ടകേ
ഗ്രഹപീഡിതനക്ഷത്രേ ജാതോ രോഗനിപീഡിതഃ ൧൯

ചതുർത്ഥി നവമി ചതുർദ്ദശി (രിക്ത) ഈ തിഥികളിൽ ജനിച്ചവൻ ഷണ്ഡനായും, യമകണ്ടകസമയത്തു് ജനിച്ചവൻ മുടന്തനായും ഗ്രഹങ്ങളാൽ പീഡിതമായ നക്ഷത്രങ്ങളിൽ ജനിച്ചവൻ രോഗിയായും തീരും.

ഗ്രഹമുക്തേ കാംക്ഷിതർക്ഷേ ദത്തപുത്രോ ഭവേൽ സുതഃ
വ്യതീപാതേംഗഹീനഃ സ്യാൽ പരിഘേ മൃത്യുമാപ്നുയാൽ

ഗ്രഹങ്ങൾ നിൽക്കാത്തതായ കാംക്ഷിതനക്ഷത്രത്തിൽ ജനിച്ചവന്നു് ദത്തുവച്ചെങ്കിൽ മാത്രമേ പുത്രന്മാർ ഉണ്ടാകയുള്ളൂ. വ്യതീപാതം എന്ന ദോഷത്തിൽ ജനിച്ചവൻ അംഗവൈകല്യമുള്ളവനാകുന്നു. പരിഘയോഗത്തിൽ ജനിച്ചവന്നു് തൽക്ഷണം മരണമുണ്ടാകും.

വൈധൃതൗ പിതരം ഹന്തി വിഷ്കംഭേ ചാത്മഹാനികൃൽ
ശൂലേ തു ശൂലരോഗീ സ്യാൽ ഗണ്ഡേ ഗണ്ഡമവാപ്നുയാൽ

വൈധൃതിയോഗത്തിൽ ജനിച്ചവന്റെ അച്ഛന്റെ മരണവും വിഷ്കംഭയോഗത്തിൽ ജനിച്ചവന്നു ധനഹാനിയും ശൂലയോഗത്തിൽ ജനിച്ചവന്നു ശൂലരോഗവും ഗണ്ഡത്തിൽ ജനിച്ചവന്നു ഗളഗണ്ഡം എന്ന രോഗവും ഉണ്ടാകും. മുസലാദിയോഗത്തിന്റെ ലക്ഷണം വിസ്താരഭയത്താൽ ഇവിടെ വ്യാഖ്യാനിക്കുന്നില്ല. അവ പഞ്ചാംഗംനോക്കി അറിഞ്ഞുകൊള്ളണം.

ജന്മനക്ഷത്രാദികൾ —

ജന്മർക്ഷമാദ്യം ദശമം തു കർമ്മ സംഘാതികം ഷോഡശഭം വദന്തി
അഷ്ടാദശം സ്യാൽ സമുദായസംജ്ഞമാധാനമേകോനിതവിംശതിഃ സ്യാൽ

ആദ്യനക്ഷത്രത്തിന്നു ജന്മർക്ഷമെന്നും പത്താമത്തെ നക്ഷത്രത്തിന്നു കർമ്മനക്ഷത്രമെന്നും, പതിനാറാമത്തെ നക്ഷത്രത്തിന്നു സംഘാതികമെന്നും പതിനെട്ടാമത്തെ നക്ഷത്രത്തിന്നു സമുദായമെന്നും, പത്തൊൻപതാമത്തെ നക്ഷത്രത്തിന്നു ആധാനമെന്നും പേരുകൾ പറയപ്പെട്ടിരിക്കുന്നു.

ത്രയോവിംശതിനക്ഷത്രം വൈനാശികമിതി സ്മൃതം
ജാതിദേശാഭിഷേകാഖ്യാഃ പഞ്ചവിംശാദിതാരകാഃ

ഇരുപത്തിമൂന്നാമത്തെ നക്ഷത്രത്തിന്ന വൈനാശികമെന്നും ഇരുപത്തിയഞ്ചിന്ന ജാതിനക്ഷത്രമെന്നും ഇരുപത്തിആറാമത്തതിന്ന ദേശനക്ഷത്രമെന്നും ഇരുപത്തിഏഴാമത്തതിന്ന അഭിഷേകനക്ഷത്രമെന്നും സംജ്ഞകൾ ഉണ്ട്.

ജന്മതാരാദയോ യസ്യ വിദ്ധാ പാപവിയച്ചരൈഃ
സദ്യോ മൃത്യുകരാസ്തസ്യ ശുഭൈഃ ശുഭഫലപ്രദാഃ വ്യം

ജന്മനക്ഷത്രം കർമ്മനക്ഷത്രം മുതലായവയിൽ പാപഗ്രഹങ്ങൾ നിന്നാൽ സദ്യോമരണവും ശുഭഗ്രഹങ്ങൾ നിന്നാൽ ശുഭഫലവും ഉണ്ടാകും.

ഗണ്ഡദോഷാപവാദം—

വൈശാഖേ ശ്രാവണേ മാസേ ഫാല്ഗുന്യാം വ്യോമസംഭവം
ആഷാഢപുഷ്യസൗമ്യേഷു ജ്യേഷ്ഠേ മാസി ച മാനുഷം. വ്യഫ

വൈശാഖം, ശ്രാവണം, ഫാല്ഗുനി ഈ മാസങ്ങൾ വ്യോമമാസവും, ആഷാഢം പുഷ്യം സൗമ്യം ജ്യേഷ്ഠം ഈ മാസങ്ങൾ മാനുഷമാസവും ആകുന്നു.

അശ്വയുക്ചൈത്രകാർത്തിക്യാം ഭാദ്രേഷു ബിലസംഭവം
മർത്ത്യേ മൃത്യുർഗണ്ഡദോഷഃ പാതാളേ നാസ്തി പുഷ്കരേ. വ്വ

ആശ്വിനം, ചൈത്രം, കാർത്തിക, പ്രോഷ്ഠപദം ഈ മാസങ്ങൾ പാതാളസംജ്ഞമാകുന്നു. മാനുഷമാസങ്ങളിൽ ഗണ്ഡദോഷം മരണം ഫലമാകുന്നു. പാതാളമാസങ്ങളിലും ആകാശമാസങ്ങളിലും ഗണ്ഡദോഷം ഭവിക്കുന്നില്ല.

ജാതമാത്രേ കുമാരസ്യ മുഖമാലോകയേൽ പിതാ
പിതൃണ്ണാൽ സ വിമുച്യേത പുത്രസ്യ മുഖദർശനാൽ വ്വ

പുത്രൻ ജനിച്ചാൽ ഉടൻതന്നെ അച്ഛൻ അവന്റെ മുഖത്തെ ദർശിക്കണം. പുത്രമുഖദർശനത്താൽ അച്ഛൻ പിതൃക്കളുടെ ഋണത്തിൽനിന്ന മോചിക്കും.

നക്ഷത്രഫലം—

അശ്വിന്യാമതിബുദ്ധിവിത്തവിനയപ്രജ്ഞായശസ്വീ സുഖീ
യാമ്യർക്ഷേ വികലോഽന്യദാരനിരതഃ ക്രൂരഃ കൃതഘ്നോ ധനീ
തേജസ്വീ ബഹുളോത്ഭവഃ പ്രഭുസമോ മൂർഖശ്ച വിദ്യാധനീ
രോഹിണ്യാം പരരന്ധ്രവിൽ കൃശതനുർബോധീ പരസ്ത്രീരതഃ

അശ്വതിയിൽ ജനിച്ചവൻ അതിബുദ്ധി, ധനം, വിനയം, പ്രജ്ഞ, യശസ്സ് ഇവയോടുകൂടിയവനും സുഖിയും, ഭരണിയിൽ ജനിച്ചവൻ വൈകല്യമുള്ളവനും അന്യഭാര്യയിൽ തല്പരനും ക്രൂരനും നന്ദിയില്ലാത്തവനും ധനവാനും, കാർത്തികയിൽ ജനിച്ചവൻ തേജസ്വിയും പ്രഭുതുല്യനും മൂർഖനും വിദ്യയോടും ധനത്തോടും കൂടിയവനും, രോഹിണിയിൽ ജനിച്ചവൻ അന്യന്റെ രന്ധ്രത്തെ അറിയുന്നവനും കൃശശരീരനും ബോധമുള്ളവനും അന്യസ്ത്രീയിൽ തല്പരനും ആയിത്തീരും.

ചന്ദ്രേ സൗമ്യമനോടനഃ കുടിലദൃക്കാമാതുരോ രോഗവാ-
നാർദ്രായാമടനശ്ചലോധികബലഃ ക്ഷുദ്രക്രിയാശീലവാൻ
മൂഢാത്മാ ച പുനർവസൌ ധനബലഖ്യാതഃ കവിഃ കാമുക-
സ്തിഷ്യേ വിപ്രസുരപ്രിയഃ സ ധനധീ രാജപ്രിയോ ബന്ധുമാൻ.

മകയിരത്തിൽ ജനിച്ചവൻ സൌമ്യമനസ്സും ദേശസഞ്ചാരിയും കുടിലദൃഷ്ടിയും കാമപീഡിതനും രോഗിയും. തിരുവാതിരയിൽ ജനിച്ചവൻ സഞ്ചാരിയും ചപലനും അതിബലനും അല്പമായ ക്രിയയോടും ശീലത്തോടും കൂടിയവനും, പുണർതത്തിൽ

ജനിച്ചവൻ മൂഢബുദ്ധിയും ധനം ബലം ഇവയാൽ പ്രസിദ്ധനും കവിയും കാമുകനും പൂയത്തിൽ ജനിച്ചവൻ ബ്രാഹ്മണർക്കും ദേവന്മാർക്കും പ്രിയനും ധനം ബുദ്ധി ഇവയോടുകൂടിയവനും രാജപ്രിയനും ബന്ധുക്കളോടുകൂടിയവനും ആയിത്തീരും.

സാർപ്പേ ശ്രദ്ധമതിഃ കൃതഘ്നവചനഃ കോപീ കൃതാചാരവാൻ
ഗർവീ പുണ്യരതഃ കളത്രവശഗോ മാനീ മഘായാം ധനീ,
ഫല്ഗുന്യാം ചപലഃ കുകർമ്മചരിതസ്ത്യാഗീ ദൃഢഃ കാമുകോ
ഭോഗീ ചോത്തരഫല്ഗുനീഭജനിതോ മാനീ കൃതജ്ഞഃ സുധീഃ

ആയില്യത്തിൽ ജനിച്ചവൻ ശുദ്ധബുദ്ധിയും ഉപകാരസ്മരണയില്ലാത്തവനും, കോപിയും സദാചാരമുള്ളവനും, മകത്തിൽ ജനിച്ചവൻ ഗർവ്വമുള്ളവനും പുണ്യരതനും ഭാര്യയ്ക്കു വശമായവനും മാനിയും ധനവാനും, പൂരത്തിൽ ജനിച്ചവൻ ചപലനും കുത്സിതമായ കർമ്മത്തോടും ചരിത്രത്തോടും കൂടിയവനും ദാനശീലനും ഉറപ്പുള്ളവനും കാമുകനും, ഉത്രത്തിൽ ജനിച്ചവൻ സുഖിയും മാനിയും കൃതജ്ഞനും വിദ്വാനും ആയിത്തീരും.

ഹസ്തർക്ഷേ യദി കാമധർമ്മനിരതഃ പ്രാജ്ഞോപകർത്താ ധനീ
ചിത്രായാമതിഗുപ്തധർമ്മനിരതോ മാനീ പരസ്ത്രീരതഃ
സ്വാത്യാം ദേവമഹീസുരപ്രിയകരോ ഭോഗീ ധനീ മന്ദധീർ
ഗർവ്വീ ദാരവശോ ജിതാരിരധികക്രോധീ വിശാഖോഭവഃ ൨൭

അത്തത്തിൽ ജനിച്ചവൻ കാമധർമ്മങ്ങളിൽ തല്പരനും വിദ്വാനും ഉപകാരം ചെയ്യുന്നവനും ധനവാനും, ചിത്തിരയിൽ ജനിച്ചവൻ ഏറ്റവും ഗുപ്തമായ ധർമ്മങ്ങളിൽ തത്പരനും അഭിമാനിയും പരസ്ത്രീയിൽ രതനും, ചോതിയിൽ ജനിച്ചവൻ ദേവന്മാർക്കും ബ്രാഹ്മണർക്കും പ്രിയനും സുഖിയും ധനവാനും മന്ദബുദ്ധിയും, വിശാഖത്തിൽ ജനിച്ചവൻ ഗർവ്വമുള്ളവനും ഭാര്യയ്ക്കുവശനും ജിതാരിയും അതിഃകോപിയും ആയിത്തീരും.

മൈത്രേ സുപ്രിയവാക് ധനീ സുഖരതഃ പൂജ്യോ യശസ്വീ വിഭുർ-
ജ്യേഷ്ഠായാമതികോപവാൻ പരവധൂസക്തോ വിഭുർധാർമ്മികഃ
മൂലർക്ഷേ പടുവാഗ്വിധൂതകുശലോ ധൂർത്തഃ കൃതഘ്നോ ധനീ
പൂർവാഷാഢഭവോ വികാരചരിതോ മാനീ സുഖീ ശാന്തധീഃ ൨൮

അനിഴത്തിൽ ജനിച്ചവൻ പ്രിയമായി പറയുന്നവനും ധനവാനും സുഖിയും പൂജ്യനും കീർത്തിമാനും വിഭുവും തൃക്കേട്ടയിൽ ജനിച്ചവൻ അതികോപിയും പരസ്ത്രീയിൽ സക്തനും വിഭുവും ധാർമ്മികനും, മൂലത്തിൽ ജനിച്ചവൻ വാക്സാമർത്ഥ്യമുള്ളവനും ക്ഷേമമില്ലാത്തവനും ധൂർത്തനും ഉപകാരസ്മരണയില്ലാത്തവനും ധനവാനും, പൂരാടത്തിൽ ജനിച്ചവൻ വികാരചരിതനും മാനിയും സുഖിയും ശാന്തനും ആയിത്തീരും.

മാന്യശ്ശാന്തഗുണഃ സുഖീ ച ധനവാൻ വിശ്വർക്ഷജഃ പണ്ഡിതഃ
ശ്രോണായാം ദ്വിജദേവഭക്തനിരതോ രാജാ ധനീ ധർമ്മവാൻ
ആശാലുർവസുമാൻ വസുർദ്ധജനിതഃ പീനോരുകണ്ഠഃ സുഖീ
കാലജ്ഞശ്ശതതാരകോത്ഭവനരഃ ശാന്തോല്പഭുക് സാഹസീ. ൨൯

ഉത്രാടത്തിൽ ജനിച്ചവൻ മാന്യനും ശാന്തശീലനും സുഖിയും ധനവാനും വിദ്വാനും, തിരുവോണത്തിൽ ജനിച്ചവൻ ബ്രാഹ്മണരിലും ദേവന്മാരിലും ഭക്തിയുള്ള

വനും രാജാവും ധനവാനും ധാർമ്മികനും, അവിട്ടത്തിൽ ജനിച്ചവൻ ആഗ്രഹമുള്ളവനും ധനവാനും ശൂരനും കണ്ഠവും തടിച്ചവനും സുഖിയും ചതയത്തിൽ ജനിച്ചവൻ കാലജ്ഞനും ശാന്തനും അല്പം ഭുജിക്കുന്നവനും സാഹസിയും ആയിത്തീരും.

പൂർവ്വപ്രോഷ്ഠപദി പ്രഗത്ഭവചനോ ധൂർത്തോ ഭയാർത്തോ മൃദു-
ശ്ചാഹിർബുദ്ധ്നിജമാനവോ മൃദുഗുണസ്ത്യാഗീ ധനീ പണ്ഡിതഃ
രേവത്യാമുരുലാഞ്ഛനോപഗതനുഃ കാമാതുരസ്സുന്ദരോ
മന്ത്രീപുത്രകളത്രമിത്രസഹിതോ ജാതഃ സ്ഥിരഃ ശ്രീരതഃ ൯൦

പൂരുരുട്ടാതിയിൽ ജനിച്ചവൻ പ്രൗഢമായി പറയുന്നവനും ശഠനും ഭയപീഡിതനും മൃദുസ്വഭാവനും, ഉത്തൃട്ടാതിയിൽ ജനിച്ചവൻ മാർദ്ദവഗുണനും ദാനശീലനും ധനവാനും പണ്ഡിതനും രേവതിയിൽ ജനിച്ചവൻ മഹത്തായ മറുവോടുകൂടിയവനും കാമപീഡിതനും സുന്ദരനും മന്ത്രീപുത്രകളത്രമിത്രസഹിതനും, സ്ഥിരചിത്തനും ശ്രീരതനും ആയിത്തീരും.

രാശിഫലം—

മേഷസ്ഥേ യദി ശീതഗൌ ച ചപലഃ കാമീ മഹാത്മാഗ്രജോ
മാതാ കാന്തയശോധനോരുചപലഃ കന്യാപ്രജോ ഗോഗതേ
ദീർഘായുസ്സുരതോപചാരകുശലോ ഹാസ്യപ്രിയോ യുഗ്മകേ
കാമാസക്തമനോടനഃ സുവചനശ്ചന്ദ്രേ കുളീരസ്ഥിതേ. ൯൧

ജനനസമയത്തു ചന്ദ്രൻ മേടത്തിൽനിന്നാൽ മിതമായി ഭുജിക്കുന്നവനും കാമിയും വലിയ ആളുകളിൽ മുൻപനും, ഇടവത്തിൽനിന്നാൽ ദാനശീലനും മനോഹരനും കീർത്തിമാനും കാലിന് നീളമുള്ളവനും സ്ത്രീപ്രജനും, മിഥുനത്തിൽനിന്നാൽ ദീർഘായുസ്സും സുരതോപചാരകുശലനും ഹാസ്യപ്രിയനും, കർക്കടകത്തിൽ നിന്നാൽ കാമിയും സഞ്ചാരിയും മനോഹരനും ആയിത്തീരും.

സിംഹസ്ഥേ പൃഥുലോചനസ്സുവദനോ ഗംഭീരദൃഷ്ടിഃ സുഖീ
കന്യാസ്ഥേ വിഷയാതുരോ ലളിതവാഗവിദ്യാധികോ ഭോഗവാൻ
തൌലിസ്ഥേ ഽമരവിപ്രഭക്തിനിരതോ ബന്ധുപ്രിയോ വിത്തവാൻ
കീടസ്ഥേ ശശിനി പ്രമത്തഹൃദയോ രോഗീ ച ലുബ്ധോഽടനഃ

ജനനസമയത്തു ചന്ദ്രൻ ചിങ്ങത്തിൽനിന്നാൽ വലിയകണ്ണുള്ളവനും പ്രസന്നമുഖനും ദൃഷ്ടിക്കു ഗാംഭീര്യമുള്ളവനും സുഖിയും, കന്നിയിൽനിന്നാൽ വിഷയിയും വാക്കിനു ലാളിത്യമുള്ളവനും വിദ്യാധികനും സുഖിയും, തുലാത്തിൽനിന്നാൽ ദേവബ്രാഹ്മണഭക്തനും ബന്ധുക്കൾക്കു പ്രിയനും ധനവാനും, വൃശ്ചികത്തിൽനിന്നാൽ മദിച്ച മനസ്സുള്ളവനും രോഗിയും ലുബ്ധനും സഞ്ചാരിയും ആയിത്തീരും.

സൌമ്യാംഗോ രുചിരേക്ഷണഃ കുലവരഃ ശില്പീ ധനുസ്ഥേ വിധൌ
ഗീതജ്ഞഃ പൃഥുമസ്തകോ മൃഗഗതേ ശാസ്ത്രീ പരസ്ത്രീരതഃ
കുംഭസ്ഥേ ഗതശീലവാൻ ബുധജനദ്വേഷീ ച വിദ്യാധികോ
മീനസ്ഥേ മൃഗലാഞ്ഛനേ വരതനുർവിദ്വാൻ ബഹുസ്ത്രീപതിഃ

ജനനസമയത്തു ചന്ദ്രൻ ധനുവിൽനിന്നാൽ സൌമ്യാംഗനും സുന്ദരങ്ങളായ കണ്ണുകളോടുകൂടിയവനും വംശപ്രധാനിയും ശില്പശാസ്ത്രജ്ഞനും, മകരത്തിൽ നിന്നാൽ സംഗീതപ്രിയനും വലിയ തലയുള്ളവനും ശാസ്ത്രജ്ഞനും അന്യനാരിയിൽ തല്പരനും, കുംഭത്തിൽനിന്നാൽ ശീലഗുണം നശിച്ചവനും വിദ്വജ്ജനങ്ങളെ നിന്ദിക്കുന്നവനും വിദ്യാസമ്പന്നനും; മീനത്തിൽനിന്നാൽ ശ്രേഷ്ഠശരീരനും വിദ്വാനും വളരെ സ്ത്രീകളുടെ ഭർത്താവും ആയിത്തീരും.

സേനാനിർദ്ധനവാൻ പിശംഗനയനശ്ചോരശ്ച മേഷാംശകേ
പീനസ്കന്ധമുഖാംസകോ സിതവപുർജ്ജാതോ വൃഷാംശേ വിധൌ
ചാർവംഗഃ പ്രഭുസേവകോ ലിപികരോ യുഗ്മാംശകേ പണ്ഡിതഃ
ശ്യാമാംഗഃ പിതൃപുത്രസൌഖ്യരഹിതശ്ചന്ദ്രേ കുളീരാംശകേ.

ജനനസമയത്തു ചന്ദ്രൻ മേഷനവാംശകത്തിൽ നിന്നാൽ സേനാപതിയും ധനവാനും പിംഗലവർണ്ണങ്ങളായ കണ്ണുകളോടുകൂടിയവനും കള്ളനും ഇടവാംശകത്തിൽ നിന്നാൽ ചുമലും മുഖവും തോളും തടിച്ചവനും വെളുത്ത ദേഹമുള്ളവനും മിഥുനാംശകത്തിൽ നിന്നാൽ മനോഹരശരീരനും പ്രഭുക്കളെ സേവിക്കുന്നവനും എഴുതുന്നതിൽ സാമർത്ഥ്യമുള്ളവനും വിദ്വാനും, കർക്കടകാംശത്തിൽ നിന്നാൽ അച്ഛൻ പുത്രൻ ഇവരോടു കൂടാത്തവനും സൌഖ്യമില്ലാത്തവനും ആയിത്തീരും.

പീനാംഗോന്നതനാസികോ ധനബലഖ്യാതശ്ച സിംഹാംശകേ
കന്യാംശേ മൃദുഭാഷണഃ കൃശതനുർദ്യൂതക്രിയാകോവിദഃ
കാമീ ഭൂപതിസേവകഃ സുനയനശ്ചന്ദ്രേ തുലാംശസ്ഥിതേ
കീടാംശേ വികലോ ധനീ കൃശധനുഃ സേവാടനോ രോഗവാൻ

ജനനസമയത്തു ചന്ദ്രൻ സിംഹാംശകത്തിൽ നിന്നാൽ തടിച്ച ദേഹവും പൊങ്ങിയ മൂക്കും ഉള്ളവനും ധനം ബലം ഇവയാൽ പ്രസിദ്ധനും, കന്യാംശകത്തിൽ നിന്നാൽ മൃദുവായി സംസാരിക്കുന്നവനും കൃശശരീരനും ദ്യൂതകളിയിൽ സമർത്ഥനും, തുലാംശകത്തിൽ നിന്നാൽ കാമിയും രാജസേവകനും കണ്ണുകൾക്കു സൌന്ദര്യമുള്ളവനും, വൃശ്ചികാംശത്തിൽ നിന്നാൽ അംഗവൈകല്യമുള്ളവനും ധനവാനും കൃശശരീരനും ഭൃത്യനായി ദേശസഞ്ചാരം ചെയ്യുന്നവനും രോഗിയും ആയിത്തീരും.

ചാപാംശേ കൃശദീർഘബാഹുതനുസ്ത്യാഗീ തപസ്വീ ധനീ
ലുബ്ധഃ കൃഷ്ണതനുഃ സുദാരതനയശ്ചന്ദ്രേ മൃഗാംശേ യദി
മിഥ്യാവാദരതഃ സ്വദാരവശഗഃ കുംഭാംശഗേ ശീതഗൌ
മീനാംശേ മൃദുവാഗദീനവചനസ്തീർത്ഥാടനഃ പുത്രവാൻ ൯൩

ജനനസമയത്തു ചന്ദ്രൻ ധനുരംശകത്തിൽ നിന്നാൽ കൈയും ചടപ്പും ശരീരത്തിനു നീളവും ഉള്ളവനും ദാതാവും താപസനും ധനവാനും; മകരാംശകത്തിൽ നിന്നാൽ ലുബ്ധനും ദേഹം കറുത്തവനും ശീലഗുണമുള്ള ഭാര്യയോടും പുത്രരോടും കൂടിയവനും, കുംഭാംശകത്തിൽ നിന്നാൽ വൃഥാ വാദിക്കുന്നതിൽ തല്പരനും തന്റെ കാന്തയ്ക്കു അധീനനും, മീനാംശകത്തിൽ നിന്നാൽ മൃദുവാക്കും ചൊടിയായി പറയുന്നവനും തീർത്ഥാടനം ചെയ്യുന്നവനും പുത്രന്മാരോടുകൂടിയവനും ആയിത്തീരും.

യോഗഫലം:—

വിഷ്കംഭേ ജിതശത്രുരർത്ഥപശുമാൻ പ്രീതൌ പരസ്ത്രീവശ-
ശ്ചായുഷ്മൽപ്രഭവശ്ചിരായുരഗദഃ സൌഭാഗ്യജാതസ്സുഖീ
ഭോഗീ ശോഭനയോഗജേ വധരുചിർജ്ജാതോതിഗണ്ഡേ ധനീ
ധർമ്മാചാരരതഃ സുകർമ്മജനിതോ ധൃത്യാം പരസ്ത്രീധനഃ ൯൪

'വിഷ്കംഭം' എന്ന നിത്യയോഗത്തിൽ ജനിച്ചവൻ ശത്രുവിനെ ജയിച്ചവനും ധനം പശു ഇവയോടുകൂടിയവനും, 'പ്രീതി' യോഗത്തിൽ ജനിച്ചവൻ അന്യനാരിക്കു അധീനനും, 'ആയുഷ്മാൻ' എന്ന നിത്യയോഗത്തിൽ ജനിച്ചവൻ ദീർഘായുസ്സും രോഗമില്ലാത്തവനും 'സൌഭാഗ്യയോഗത്തിൽ' ജനിച്ചവൻ സുഖിയും; 'ശോഭന' യോഗത്തിൽ ജനിച്ചവൻ ഭോഗിയും, 'അതിഗണ്ഡ യോഗത്തിൽ ജനിച്ചവൻ വധത്തിൽ താല്പര്യമുള്ളവനും ധനവാനും; 'സുകർമ്മ യോഗത്തിൽ ജനിച്ചവൻ ധർമ്മ

ചാരതൽപ്പരനം, ധൃതിയോഗത്തിൽ ജനിച്ചവൻ പരസ്ത്രീകളിൽ താൽപ്പര്യമുള്ളവ നം ആയിത്തീരും.

ശൂലേ കോപവശാനുഗഃ കലഹകൃൽ ഗണ്ഡേ ദുരാചാരവാൻ
വൃദ്ധൗ പണ്ഡിതവാക് ധ്രുവേതി ധനവാൻ വ്യാഘാതജോ ഘാ-
ജ്ഞാനീ ഹർഷണയോഗജഃ പൃഥുയശാ വജ്രേ ധനീ കാമുകഃ (ശുകഃ
സിദ്ധൌ സർവ്വജനാശ്രിതഃ പ്രഭുസമോ മായീ വ്യതീപാതജഃ ൻവ്യ

'ശൂല'യോഗത്തിൽ ജനിച്ചവൻ കോപിയും കലഹപ്രിയനം 'ഗണ്ഡ'യോഗത്തിൽ ജനിച്ചവൻ ദുരാചാരം ഉള്ളവനം 'വൃദ്ധി'യോഗത്തിൽ ജനിച്ചവൻ പണ്ഡിതവചനനം 'ധ്രുവ'യോഗത്തിൽ ജനിച്ചവൻ അതിധനവാനം. 'വ്യാഘാത'യോഗത്തിൽ ജനിച്ചവൻ ഘാതുകനം 'ഹർഷണ'യോഗത്തിൽ ജനിച്ചവൻ ജ്ഞാനിയും കീർത്തിയുള്ളവനം, 'വജ്ര'യോഗത്തിൽ ജനിച്ചവൻ ധനവാനം കാമുകനം. 'സിദ്ധി' യോഗത്തിൽ ജനിച്ചവൻ സർവ്വജനങ്ങളാൽ ആശ്രയിക്കപ്പെട്ടവനം, പ്രഭുക്കൾക്കു തുല്യനം, 'വ്യതീപാത'യോഗത്തിൽ ജനിച്ചവൻ കപടപ്രയോഗമുള്ളവനം ആയിത്തീരും.

ദുഷ്കാമീ ച വരീയജസ്തു പരിഘേ വിദ്വേഷകോ വിത്തവാൻ
ശാസ്ത്രജ്ഞഃ ശിവയോഗജശ്ച ധനവാൻ ശാന്തോവനീശപ്രിയഃ
സിദ്ധേ ധർമ്മപരായണഃ ക്രതുപരഃ സാധ്യേ ശുഭാചാരവാൻ
ചാർവ്വംഗഃ ശുഭയോഗജശ്ച ധനവാൻ കാമാതുരഃ ശ്ലേഷ്മകഃ ൻൻ

'വരീയ'യോഗത്തിൽ ജനിച്ചവൻ ദുഷ്കാമമുള്ളവനം 'പരിഘ'യോഗത്തിൽ ജനിച്ചവൻ എല്ലാവരേയും ദ്വേഷിക്കുന്നവനം ധനവാനം 'ശിവ'യോഗത്തിൽ ജനിച്ചവൻ ശാസ്ത്രജ്ഞനം ധനവാനം ശാന്തനം രാജപ്രിയനം, 'സിദ്ധ'യോഗത്തിൽ ജനിച്ചവൻ ധർമ്മതൽപരനം യാഗകർമ്മത്തിൽ താല്പര്യമുള്ളവനം, 'സാധ്യ'യോഗത്തിൽ ജനിച്ചവൻ ശുഭമായ ആചാരത്തോടുകൂടിയവനം, 'ശുഭ'യോഗത്തിൽ ജനിച്ചവൻ സുന്ദരശരീരനം ധനവാനം കാമപീഡിതനം കഫരോഗിയും ആയിത്തീരും.

ശുക്ലേ ധർമ്മരതഃ പടുപ്രവചനഃ കോപീചലഃ പണ്ഡിതോ
മാനീ ബ്രഹ്മഭവോഽതിഗുപ്തധനികസ്ത്യാഗീ വിവേകീ പ്രഭുഃ
ഐന്ദ്രേ സർവ്വജനോപകാരചരിതഃ സർവ്വജ്ഞധീർവിത്തവാൻ
മായാവീ പരദൂഷകശ്ച ബലവാൻ ത്യാഗീ ധനീ വൈധൃതൌ.

'ശുക്ലയോഗ'ത്തിൽ ജനിച്ചവൻ ധാർമ്മികനം വാക്സാമർത്ഥ്യമുള്ളവനം കോപിയും ചപലനം വിദ്വാനം, 'ബ്രഹ്മയോഗ'ത്തിൽ ജനിച്ചവൻ മാനിയും ധനം ഏററവും സൂക്ഷിച്ചുവച്ചിരിക്കുന്നവനം ദാനശീലനം വിവേകമുള്ളവനം പ്രഭുവും, 'ഐന്ദ്ര'യോഗത്തിൽ ജനിച്ചവൻ സർവ്വജനങ്ങൾക്കും ഉപകാരിയും സകലവും അറിയാവുന്നവനം ധനവാനം, 'വൈധൃതി'നിത്യയോഗത്തിൽ ജനിച്ചവൻ മായാപ്രയോഗപടുവും അന്യനെ ദൂഷിക്കുന്നവനം ബലവാനം ദാനശീലനം ധനവാനം ആയിത്തീരും.

കരണഫലം —

ബവകരണഭവഃ സ്യാൽ ബാലകൃത്യഃ പ്രതാപീ
വിനയചരിതവേഷോ ബാലവേ രാജപൂജ്യഃ
ഗജതുരഗസമേതഃ കൌലവേ ചാരുകർമ്മാ
മൃദുപടുവചനഃ സ്യാത്തൈതുലേ പുണ്യശീലഃ ഫഠഫ

'ബവ' (സിംഹ) കരണത്തിൽ ജനിച്ചവൻ ബാലകൃത്യനം പ്രതാപിയും, 'ബാലവ' (പുലി) കരണത്തിൽ ജനിച്ചവൻ വിനയചരിതവേഷനം രാജപൂജ്യനം 'കൌ

ലവ (പന്നി) കരണത്തിൽ ജനിച്ചവൻ ആന കുതിര ഇവയോടുകൂടിയവനും, മനോഹരമായ കർമ്മത്തോടുകൂടിയവനും, 'തൈതുല' (കഴുത) കരണത്തിൽ ജനിച്ചവൻ വാക്കിന്ന മാർദ്ദവവും സാമർത്ഥ്യവും ഉള്ളവനും പുണ്യശീലനും ആയിത്തീരും.

ഗരജകരണജാതോ വീതശത്രുഃ പ്രതാപീ
വണിജനിപുണവക്താ ജാരകാന്താവിലോലഃ
നിഖിലജനവിരോധീ പാപകർമ്മാപവാദീ
പരിജനപരിപൂജ്യോ വിഷ്ടിജാതഃ സ്വതന്ത്രഃ

'ഗരജ'(ആന) കരണത്തിൽ ജനിച്ചവൻ ശത്രുരഹിതനും പ്രതാപിയും, 'വണിജ' (പശു) കരണത്തിൽ ജനിച്ചവൻ വാക്‌സാമർത്ഥ്യമുള്ളവനും അന്യഭാര്യയിൽ വിലോലനും, വിഷ്ടിക്കരണത്തിൽ ജനിച്ചവൻ സകല ജനങ്ങൾക്കും വിരോധിയും പാപകർമ്മം ചെയ്യുന്നവനും അപവാദിയും പരിജനങ്ങളാൽ പരിപൂജ്യനും സ്വതന്ത്രനും ആയിത്തീരും.

കാലജ്ഞഃ ശകുനോത്ഭവഃ സ്ഥിരസുഖീ ജാതസ്ത്വനിഷ്ടാകരഃ
സർവ്വജ്ഞശ്ച ചതുഷ്പദേ തു ലളിതപ്രജ്ഞായശോവിത്തവാൻ
തേജസ്വീ വസുമാനതീവ ബലവാൻ വാചാലകോ നാഗവേ
കിംസ്തുഘ്നേ പരകാര്യകൃച്ചപലധീർഹാസ്യപ്രിയോ ജായതേ.

'പക്ഷി' (പുള്ള്) കരണത്തിൽ ജനിച്ചവൻ കാലത്തെ അറിയുന്നവനും സ്ഥിരനും സുഖിയും അനിഷ്ടത്തെ ചെയ്യുന്നവനും, നാല്ക്കാലികരണത്തിൽ ജനിച്ചവൻ സർവ്വജ്ഞനും ലളിതമായ ബുദ്ധിയോടും കീർത്തിയോടും ധനത്തോടും കൂടിയവനും, 'നാഗവ' (പാമ്പ്) കരണത്തിൽ ജനിച്ചവൻ തേജസ്വിയും ധനവാനും ഏററവും ബലമുള്ളവനും വാചാലനും, കിംസ്തുഘ്ന(പുഴു) കരണത്തിൽ ജനിച്ചവൻ പരന്റെ കാര്യത്തെ ചെയ്യുന്നവനും ചപലബുദ്ധിയും പരിഹാസപ്രിയനും ആയിത്തീരും.

ലഗ്നഫലം—

ബന്ധുദ്വേഷകരോഽടനഃ കൃശതനുഃ ക്രോധീ വിവാദപ്രിയോ
മാനീ ദുർബ്ബലജാനുരസ്ഥിരധനഃ ശൂരശ്ച മേഷോദയേ
ഗോമാൻ ദേവഗുരുദ്വിജാർച്ചനരതഃ സ്വല്പാത്മജഃ ശാന്തധീർ-
വിദ്യാവാദരതോഽടനശ്ച സുഭഗോ ഗോലഗ്നജഃ കാമുകഃ ൧൪

മേഷലഗ്നത്തിൽ ജനിച്ചവൻ ബന്ധുദ്വേഷത്തെ ചെയ്യുന്നവനും ദേശസഞ്ചാരിയും കൃശശരീരനും കോപിയും വിവാദപ്രിയനും അഭിമാനിയും മുട്ടിന്ന ബലമില്ലാത്തവനും സ്ഥിരമില്ലാത്ത ധനത്തോടുകൂടിയവനും ശൂരനും, ഇടവലഗ്നത്തിൽ ജനിച്ചവൻ ഗോക്കളോടുകൂടിയവനും ദേവന്മാരെയും ഗുരുക്കന്മാരെയും ബ്രാഹ്മണരെയും പൂജിക്കുന്നവനും അല്പപുത്രന്മാരോടുകൂടിയവനും ശാന്തബുദ്ധിയും വിദ്യയിലും വാദത്തിലും തല്പരനും ദേശസഞ്ചാരിയും സുഭഗനും കാമിയും ആയിത്തീരും.

ഭോഗീ ബന്ധുരതോ ദയാലുരധികശ്രീമാൻ ഗുണീ തത്ത്വവിൽ
യോഗാത്മാ സുജനപ്രിയോഽതിസുഭഗോ രോഗീ ച യുഗ്മോദയേ
മൃഷ്ടാന്നാംബരഭൂഷണോ ലളിതവാക് കാപട്യധീർധർമ്മവാൻ
ജാതഃ സ്ഥൂലകളേബരോഽന്യഭവനപ്രീതഃ കുളീരോദയേ. ൧൫

മിഥുനലഗ്നത്തിൽ ജനിച്ചവൻ സുഖിയും ബന്ധുക്കളിൽ തല്പരനും ദയാശീലനും വളരെ ശ്രീയോടുകൂടിയവനും ഗുണവാനും തത്വജ്ഞനും യോഗാത്മാവും സുജനപ്രിയനും ഏററവും സുന്ദരനും രോഗിയും, കർക്കടകലഗ്നത്തിൽ ജനിച്ചവൻ അന്നം വസ്ത്രം ഭൂഷണം ഇവയുടെ സമൃദ്ധിയോടുകൂടിയവനും ലളിതവാക്കും കപടബുദ്ധി

ട്യും ധർമ്മികനും തടിച്ച ദേഹമുള്ളവനും അന്യഭവനത്തിൽ സന്തോഷമുള്ളവനും ആയിത്തീരും.

ജാതസ്സിംഹവിലഗ്നകേഽല്പതനയഃ സന്തുഷ്ടധീർഹിംസകഃ
ശൂരോ രാജവശീകരോ ജിതരിപുഃ കാമീ വിദേശം ഗതഃ
കന്യാലഗ്നഭവോ ക്രിയാസു നിപുണഃ ശ്രീമാൻ സുധീഃ പണ്ഡിതോ
മേധാവീ വനിതാവിലാസരസികോ ബന്ധുപ്രിയഃ സാത്വികഃ.

ചിങ്ങലഗ്നത്തിൽ ജനിച്ചവൻ അല്പപുത്രന്മാരോടുകൂടിയവനും സന്തുഷ്ടബുദ്ധിയും ഹിംസിക്കുന്നവനും ശൂരനും രാജാവിന്റെ വശംവദനും ശത്രുക്കളെ ജയിച്ചവനും കാമിയും അന്യദേശസഞ്ചാരിയും, കന്നിലഗ്നത്തിൽ ജനിച്ചവൻ ക്രിയകളിൽ സമർത്ഥനും ശ്രീമാനും ബുദ്ധിയുള്ളവനും പണ്ഡിതനും മേധാവിയും സ്ത്രീകളുടെ വിലാസത്തിൽ രസികനും ബന്ധുക്കളിൽ പ്രിയനും സത്വഗുണപ്രധാനനും ആയിത്തീരും.

ലളിതവദനനേത്രോ രാജപൂജ്യശ്ച വിദ്വാൻ
മദനരതിവിലോലഃ സ്ത്രീധനക്ഷേത്രശാലീ
വിരളദശനമുഖ്യഃ ശാന്തബുദ്ധിർവിഷാദീ
ചലമതിരതിഭീരുർജ്ജായതേ തൌലിലഗ്നേ. ൧൦൭

തുലാം ലഗ്നത്തിൽ ജനിച്ചവൻ സുന്ദരമായ മുഖത്തോടും നേത്രത്തോടും കൂടിയവനും രാജാവിനാൽ പൂജ്യനും വിദ്വാനും കാമക്രീഡാതല്പരനും സ്ത്രീധനക്ഷേത്രങ്ങളോടുകൂടിയവനും പല്ലുകൾ കുറഞ്ഞവനും മുഖ്യനും പ്രശാന്തനും വിഷാദത്തോടുകൂടിയവനും ബുദ്ധിക്കു ചാഞ്ചല്യമുള്ളവനും ഏററവും ഭീരുവും ആയിത്തീരും.

മൂർഖഃ ക്രൂരവിലോചനോഽതിചപലോ മാനീ ചിരായുർധനീ
വിദ്വാൻ വൃശ്ചികലഗ്നജശ്ച സുജനദ്വേഷീ വിഷാദപ്രിയഃ
പ്രാജ്ഞശ്ചാപവിലഗ്നജഃ കുലവരഃ ശ്രീമാൻ യശോവിത്തവാ-
നാകോകേരസമുത്ഭവശ്ച രമണീലോലഃ ശഠോ ദീനവാക്. ൧൦൮

വൃശ്ചികലഗ്നത്തിൽ ജനിച്ചവൻ മൂർഖനും ക്രൂരനേത്രനും ഏററവും ചപലനും മാനിയും ദീർഘായുസ്സും ധനവാനും വിദ്വാനും സുജനങ്ങളെ ദ്വേഷിക്കുന്നവനും വിഷാദപ്രിയനും, ധനുർലഗ്നത്തിൽ ജനിച്ചവൻ വിദ്വാനും കുലശ്രേഷ്ഠനും ശ്രീമാനും കീർത്തിയും ധനവും ഉള്ളവനും, മകരലഗ്നത്തിൽ ജനിച്ചവൻ സ്ത്രീസക്തനും ശഠനും ദീനവചനനും ആയിത്തീരും.

അന്തഃശഠഃ പരവധൂരതികേളിലോലഃ
കാർപ്പണ്യശീലധനവാൻ ഘടലഗ്നജാതഃ
മീനോദയേഽല്പരതിരിഷ്ടജനാനുകൂല-
സ്തേജോബലപ്രചുരധാന്യധനശ്ച വിദ്വാൻ. ൧൦൯

കുംഭലഗ്നത്തിൽ ജനിച്ചവൻ ശഠനും അന്യസ്ത്രീയുടെ രതിക്രീഡയിൽ തല്പരനും കൃപണനും ധനവാനും, മീനലഗ്നത്തിൽ ജനിച്ചവൻ അല്പരതിയും ഇഷ്ടജനങ്ങൾക്ക് അനുകൂലനും തേജസ്സ് ബലം വളരെ ധാന്യം ധനം ഇവയോടുകൂടിയവനും വിദ്വാനും ആയിത്തീരും.

ഹോരാഫലം—

ഓജേ രാശൌ ഭാനുഹോരാപ്രജാതഃ
ക്രൂരഃ കാമീ വിത്തവാൻ രാജപൂജ്യഃ
വാഗ്മീ ദാതാ ചാരുദേഹോ ദയാലുർ-
ജ്ജാരസ്ത്രീകശ്ചന്ദ്രഹോരാ യദി സ്യാൽ. ൧൧൦

ഓജരാശിയിൽ സൂൎയ്യഹോരയിൽ ജനിച്ചവൻ ക്രൂരനും കാമിയും ധനവാനും രാജപൂജ്യനും ചന്ദ്രഹോരയിൽ ജനിച്ചവൻ വാഗ്മിയും ദാനശീലനും, മനോഹരദേഹനും ദയാശീലനും വ്യഭിചാരിസ്ത്രീയോടുകൂടിയവനും ആയിത്തീരും.

മാൎത്താണ്ഡഹോരാജനിതഃ സമൎക്ഷേ
മന്ത്രീ കൃതജ്ഞശ്ചപലോഽതിഭീരുഃ
ചന്ദ്രസ്യ ഹോരാപ്രഭവഃ പ്രഗൽഭ-
വാക്യോഽലസഃ പുണ്യവധൂരതഃ സ്യാൽ. ൧൧

വിഷമരാശിയിൽ സൂൎയ്യഹോരയിൽ ജനിച്ചവൻ മന്ത്രിയും ഉപകാരസ്മരണയില്ലാത്തവനും ചാപല്യമുള്ളവനും ഭീതിശീലനും, ചന്ദ്രഹോരയിൽ ജനിച്ചവൻ പ്രൗഢമായ വാക്കോടുകൂടിയവനും മടിയനും പുണ്യസ്ത്രീരതനും ആയിത്തീരും.

ദ്രേക്കാണഫലം —

കണ്ഠീരവാജഘടകീടമൃഗാവനാദ്യാ
മീനാളിസിംഹവണിഗന്ത്യഗതാ ദൃഗാണാഃ
ക്രൂരാ ഭവന്തി കടകസ്യ സരീസൃപസ്യ
മദ്ധ്യസ്ഥിതസ്യ ബഹുശഃ പ്രവദന്തി സന്തഃ. ൧൨

ചിങ്ങം മേടം കുംഭം വൃശ്ചികം മകരം ഈ രാശികളുടെ ആദ്യദ്രേക്കാണങ്ങളും മീനം വൃശ്ചികം ചിങ്ങം തുലാം ഈ രാശികളുടെ അന്ത്യദ്രേക്കാണങ്ങളും കൎക്കടകത്തിന്റേയും വൃശ്ചികത്തിന്റേയും മദ്ധ്യദ്രേക്കാണങ്ങളും ക്രൂരദ്രേക്കാണങ്ങളാകുന്നു.

കുളീരമീനാദിഗതൌ ദൃഗാണൌ
മീനാംഗനാമന്ദിരമദ്ധ്യഗൌ ച
ഗോയുഗ്മയോരന്ത്യഗതത്രിഭാഗൌ
ഭവന്തി ഷൾ തോയചരാ ദൃഗാണാഃ. ൧൩

കൎക്കടകമീനങ്ങളുടെ ആദിദ്രേക്കാണങ്ങളും മീനം കന്നി ഈ രാശികളുടെ മദ്ധ്യദ്രേക്കാണങ്ങളും ഇടവം മിഥുനം ഈ രാശികളുടെ ഒടുവിലത്തെ ദ്രേക്കാണങ്ങളും ഇങ്ങനെ ആറു ദ്രേക്കാണങ്ങൾ ജലചരദ്രേക്കാണങ്ങളാകുന്നു.

മേഷാശ്വിഗോകുംഭമൃഗദ്വിതീയാ-
സ്തുലാധരസ്ത്രീയുഗപൂൎവ്വഭാഗാഃ
ചാപാംഗനാതോയധരാന്ത്യയാതാ-
ദൃഗാണസംജ്ഞാഃ പ്രവദന്തി സൌമ്യാഃ. ൧൪

മേടം ധനു ഇടവം കുംഭം മകരം ഈ രാശികളുടെ ദ്വിതീയദ്രേക്കാണങ്ങളും തുലാം കന്നി മിഥുനം ഈ രാശികളുടെ ആദ്യദ്രേക്കാണങ്ങളും ധനു കന്നി മിഥുനം ഈ രാശികളുടെ അന്ത്യദ്രേക്കാണങ്ങളും സൌമ്യദ്രേക്കാണങ്ങളാകുന്നു.

മൃഗാജകൎക്ക്യന്ത്യഗതാ ദൃഗാണാ
വൃഷസ്യ ചാപസ്യ ച പൂൎവ്വയാതൌ
നൃയുഗ്മതൌലീഹരിമദ്ധ്യഗാസ്തേ
വിമിശ്രസംജ്ഞാ ഇതി സംവദന്തി. ൧൫

മകരം മേടം കൎക്കടകം ഈ രാശികളുടെ അവസാനദ്രേക്കാണങ്ങളും, ഇടവം ധനു ഈ രാശികളുടെ ആദ്യദ്രേക്കാണങ്ങളും മിഥുനം തുലാം ചിങ്ങം ഈ രാശികളുടെ മദ്ധ്യദ്രേക്കാണങ്ങളും വിമിശ്രദ്രേക്കാണങ്ങളെന്നു പറയുന്നു.

ക്രൂരദ്രേക്കാണജാതഃ ഖലമതിരടനഃ പാപകർമ്മാപവാദീ
ദാതാ ഭോഗീ ദയാലുഃ കൃഷിസലിലധനസ്തോയഭാഗേ വിശീലഃ
സൌമ്യദ്രേക്കാണജാതഃ സുഖധനതനയശ്ചാരുരൂപോ ദയാഢ്യൎ-
ജാതോ മിശ്രേ കുശീലഃ പരയുവതിരതഃ ക്രൂരദൃഷ്ടിശ്ചലാത്മാ.

ക്രൂരദ്രേക്കാണത്തിൽ ജനിച്ചവൻ ദുഷ്ടബുദ്ധിയും ദേശസഞ്ചാരിയും പാപകർമ്മം ചെയ്യുന്നവനും അപവാദിയും; തോയചരദ്രേക്കാണത്തിൽ ജനിച്ചവൻ ദാനശീലനും സുഖിയും ദയാശീലനും കൃഷിയും ജലവും ആകുന്ന ധനത്തോടുകൂടിയവനും വിശീലനും സൌമ്യദ്രേക്കാണത്തിൽ ജനിച്ചവൻ സുഖം ധനം ഇവയോടും പുത്രനോടുംകൂടിയവനും സുമനോഹരരൂപനും ദയാശീലനും, മിശ്രദ്രേക്കാണത്തിൽ ജനിച്ചവൻ ദുഃസ്വഭാവിയും അന്യസ്ത്രീയിൽ തല്പരനും ക്രൂരദൃഷ്ടിയും ചപലസ്വഭാവനും ആയിത്തീരും.

നവാംശഫലം —

മാൎത്താണ്ഡാംശേ ഖലാത്മാ ബലസുതധനവാൻ
പിംഗലാക്ഷശ്ച കാമീ
ചന്ദ്രാംശേ ഭോഗശാലീ പരയുവതിരതഃ
പണ്ഡിതോ ഗോധനാഢ്യഃ
ഭൌമാംശേ ക്രൂരകൎമ്മാ ചലമതിരടനഃ
പിത്തരോഗീ ച ലുബ്ധ-
സ്ത്യാഗീ രോഗീ ബുധാംശേ ലളിതതനുരതി-
ഖ്യാതിവിദ്യായശസ്വീ.

സൂൎയ്യനവാംശത്തിൽ ജനിച്ചവൻ ദുഷ്ടബുദ്ധിയും ബലത്തോടും പുത്രനോടും ധനത്തോടും കൂടിയവനും പിംഗലദൃഷ്ടിയും കാമിയും, ചന്ദ്രനവാംശത്തിൽ ജനിച്ചവൻ സുഖിയും അന്യസ്ത്രീയിൽ തല്പരനും പണ്ഡിതനും പശുവാകുന്ന ധനമുള്ളവനും, കുജനവാംശകത്തിൽ ജനിച്ചവൻ ക്രൂരകൎമ്മാവും ചപലബുദ്ധിയും ദേശസഞ്ചാരിയും പിത്തരോഗിയും ലുബ്ധനും, ബുധനവാംശകത്തിൽ ജനിച്ചവൻ ദാനശീലനും രോഗിയും സുന്ദരശരീരനും ഏററവും പ്രസിദ്ധിയും കീൎത്തിയും വിദ്യയും ഉള്ളവനും ആയിത്തീരും.

ജീവാംശേ യദി ഹേമകേശതനുഗഃ ശ്രേഷ്ഠഃ സുധീ രൂപവാൻ
മന്ത്രീ പണ്ഡിതവാക് പ്രസന്നവദനോ രാജാധിരാജപ്രിയഃ
ശുക്രാംശേ പരകാമിനീജനരതസ്ത്യാഗീ സുഖീ പണ്ഡിതോ
മന്ദാംശേ യദി പാപബുദ്ധിരധനഃ സ്ഥൂലദ്വിജോ രോഗവാൻ.

ഗുരുനവാംശകത്തിൽ ജനിച്ചവൻ സ്വൎണ്ണവൎണ്ണമായ തലമുടിയോടും ദേഹത്തോടും കൂടിയവനും ശ്രേഷ്ഠനും വിദ്വാനും സൌന്ദൎയ്യമുള്ളവനും മന്ത്രിയും പണ്ഡിതവചനനും പ്രസന്നമുഖനും രാജപ്രിയനും, ശുക്രനവാംശകത്തിൽജനിച്ചവൻ പരസ്ത്രീയിൽ തല്പരനും ദാനശീലനും സുഖിയും പണ്ഡിതനും, മന്ദനവാംശകത്തിൽ ജനിച്ചവൻ പാപബുദ്ധിയും നിൎദ്ധനനും വലിയദന്തങ്ങളുള്ളവനും രോഗിയുംആയിത്തീരും.

ദ്വാദശാംശഫലം —

ജാതോ മേഷദ്വാദശാംശേ ഖലാത്മാ
ചോരഃ പാപാചാരധൎമ്മാനുരക്തഃ
സ്ത്രീവിത്താഢ്യോ രോഗവാനുക്ഷഭാംശേ
യുഗ്മാംശേ തു ദ്യൂതകൃത്യസ്സുശീലഃ

മേടദ്വാദശാംശത്തിൽ ജനിച്ചവൻ ദുഷ്ടബുദ്ധിയും ചോരനും പാപാചാരത്തിലും പാപധർമ്മത്തിലും തല്പരനും, ഇടവദ്വാദശാംശത്തിൽ ജനിച്ചവൻ സ്ത്രീധനാഢ്യനും രോഗിയും മിഥുനദ്വാദശാംശത്തിൽ ജനിച്ചവൻ ചൂതുകളിക്കാരനും സുശീലനും ആയിത്തീരും.

> ദുഷ്ടാചാരഃ കർക്കടാംശേ തപസ്വീ
> സിംഹേ ഭാഗേ രാജകൃത്യഃ സുശൂരഃ
> ദ്യൂതാചാരസ്ത്രീരതഃ കന്യകാംശേ
> വ്യാപാരീ സ്യാൽ തൌലിഭാംശേ ധനാഢ്യഃ ൧൨൦

കർക്കടദ്വാദശാംശത്തിൽ ജനിച്ചവൻ ദുഷ്ടാചാരനും താപസനും സിംഹദ്വാദശാംശത്തിൽ ജനിച്ചവൻ രാജഭൃത്യനും ശൂരനും, കന്യാദ്വാദശാംശത്തിൽ ജനിച്ചവൻ ചൂതുകളിക്കാരനും സ്ത്രീരതനും, തുലാദ്വാദശാംശത്തിൽ ജനിച്ചവൻ വ്യാപാരിയും ധനാഢ്യനും ആയിത്തീരും.

> കീടാംശകേ വധരുചിർവിടചോരനാഥ-
> ശ്ചാപാംശകേ പിതൃമഹീസുരദേവഭക്തഃ
> സസ്യാധിപോ മൃഗമുഖാംശഭവഃ സഭൃത്യഃ
> കുംഭേ ഖലസ്തു ഝഷഭേ ധനികശ്ച വിദ്വാൻ. ൧൨൧

വൃശ്ചികദ്വാദശാംശത്തിൽ ജനിച്ചവൻ കൊലയിൽ താല്പര്യമുള്ളവനും വിടന്മാരുടേയും കള്ളന്മാരുടേയും സ്വാമിയും, ധനുർദ്വാദശാംശത്തിൽ ജനിച്ചവൻ പിതൃഭക്തനും ദ്വിജദേവഭക്തനും, മകരദ്വാദശാംശത്തിൽ ജനിച്ചവൻ സസ്യാധിപനും ഭൃത്യന്മാരോടുകൂടിയവനും, കുംഭദ്വാദശാംശത്തിൽ ജനിച്ചവൻ ദുഷ്ടനും, മീനദ്വാദശാംശത്തിൽ ജനിച്ചവൻ ധനവാനും വിദ്വാനും ആയിത്തീരും.

ത്രിംശാംശഫലം—

ത്രിംശാംശേ ധരണീസുതസ്യ ചപലഃ കാഠിന്യവാക്ക് ക്രൂരധീർ-
മന്ദസ്യാടനതല്പരോ മലിനധീർജ്ജീവാംശകേ വിത്തവാൻ
സൌമ്യാംശേ ഗുരുദേവഭക്തിനിരതഃ സാധുപ്രിയോ ബന്ധുമാൻ
കാമീ കാന്തവപുഃ സുഖീ ച ഭൃഗുജത്രിംശാംശകേ ജായതേ.

കുജത്രിംശാംശകത്തിൽ ജനിച്ചവൻ ചപലനും കഠിനവാക്കും ക്രൂരബുദ്ധിയും, ശനിത്രിംശാംശകത്തിൽ ജനിച്ചവൻ ദേശസഞ്ചാരിയും മലിനബുദ്ധിയും, ഗുരുത്രിംശാംശകത്തിൽ ജനിച്ചവൻ ധനവാനും, ബുധനവാംശകത്തിൽ ജനിച്ചവൻ ഗുരുഭക്തി ദേവഭക്തി ഇവയിൽ തല്പരനും സാധുപ്രിയനും ബന്ധുക്കളുള്ളവനും, ശുക്രത്രിംശാംശകത്തിൽ ജനിച്ചവൻ കാമിയും ശരീരത്തിനു സൌന്ദര്യമുള്ളവനും സുഖിയും ആയിത്തീരും.

വേളാഫലം—

> വാഗ്മീ ശിഷ്ടാചാരധർമ്മസ്തപസ്വീ
> നിത്യോത്സാഹീ നിർമ്മലോ ദാനശീലഃ
> തേജോവിദ്യാരൂപവാൻ സത്യവാദീ
> വീതാരാതിഃ സത്ഭവേളാപ്രജാതഃ. ൧൨൨

സത്ഭവേളയിൽ ജനിച്ചവൻ വാഗ്മിയും ശിഷ്ടാചാരധർമ്മങ്ങളോടുകൂടിയവനും താപസനും നിത്യോത്സാഹിയും നിർമ്മലനും ദാനശീലനും തേജസ്സും വിദ്യയും രൂപവും ഉള്ളവനും, സത്യവാദിയും ശത്രുക്കളില്ലാത്തവനും ആയിത്തീരും.

രജോവേളായാതഃ സുഖധനയശോരൂപബലവാൻ
ജിതാരാതിഃ കാമാതുരമതിരബന്ധുപ്രിയമനാഃ
തമോവേളായാതഃ പരധനവധൂകോ ഗതസുഖഃ
ശഠഃ സ്വാമീ ബന്ധുദ്വിജഗുരുവിരോധി ചപലധീഃ ൧൰൪

രജോവേളയിൽ ജനിച്ചവൻ സുഖം, ധനം, കീത്തി, സൗന്ദര്യം, ബലം ഇവയോടുകൂടിയവനും, ശത്രുക്കളെ ജയിച്ചവനും കാമാത്തനും ബന്ധുക്കളില്ലാത്തവനും പ്രിയമനസ്സും, തമോവേളയിൽ ജനിച്ചവൻ പരധനത്തോടും അന്യസ്ത്രീയോടും കൂടിയവനും സുഖമില്ലാത്തവനും ശാപ്രകൃതിയും പ്രഭുവും ബന്ധുക്കൾ, ബ്രാഹ്മണർ, ഗുരുക്കൾ ഇവക്കു വിരോധിയും ചപലബുദ്ധിയും ആയിത്തീരും.

വേളാസ്വരൂപം

തമസ്സത്വരജോവേളാസ്തമസ്സത്വരജസ്തമാഃ
ഭവന്ത്യക്കദിനാദിനാമദ്ധ്യാമൈരനുക്രമാൽ.

തമോഗുണം സത്വഗുണം രജോഗുണം ഇവയുടെ ആധിക്യത്തോടുകൂടിയ തമസ്സത്വരജോവേളകൾ ഞായറാഴ്ച തുടങ്ങി ക്രമേണ അദ്ധയാമംതോറും ആകുന്നു. ഒരു യാമം ഏഴരനാഴിക എന്നും പത്തുനാഴികയെന്നും പക്ഷാന്തരമുണ്ട്.

കാലഹോരാഫലം —

മന്ത്രിമംഗളമാത്താണ്ഡശുക്രജ്ഞേന്ദുശനൈശ്ചരാഃ
ആരഭ്യ വാരതോ ഹോരാ രാത്രൗ പഞ്ചമവാരതഃ ൧൰൫

വ്യാഴം, ചൊവ്വാ, സൂയ്യൻ, ശുക്രൻ, ബുധൻ, ചന്ദ്രൻ, ശനി ഇവർ ക്രമേണ കാലഹോരാനാഥന്മാരാകുന്നു. രാത്രിയിൽ അഞ്ചാമത്തെ ആഴ്ച മുതലാകുന്നു. ഏതാഴ്ച മുതലാണോ കാലഹോരാനാഥന്മാരെ എണ്ണുന്നത് ആ ആഴ്ചയുടെ കാലഹോര ആദ്യം തുടങ്ങണം. രണ്ടരനാഴികയാണ് ഒരു വാരനാഥൻെറ കാലഹോരാസമയം. എങ്ങിനെയെന്നുവച്ചാൽ ഞായറാഴ്ചയുള്ള ആദ്യത്തേതു് സൂയ്യൻെറ കാലഹോരയാണ്. പിന്നീടു് ശുക്രൻ, ബുധൻ എന്നു തുടങ്ങി ക്രമേണ എണ്ണിക്കൊള്ളണം. ആ ക്രമത്തിനു വരുമ്പോൾ ഞായറാഴ്ച സന്ധ്യമുതൽ വ്യാഴത്തിൻെറ കാലഹോരയാണ്. ഇങ്ങനെ ശേഷമുള്ളവയും ഊഹിച്ചുകൊള്ളണം.

ക്ലേശായാസഃ സമ്പദഃ ശോകരോഗം
വിദ്യാവിത്തം സവ്വസമ്പൽപ്രഭുത്വം
ജായാസൗഖ്യം വിത്തനാശോ ദിനേശാൽ
ജാതസ്യൈതൽ കാലഹോരാഫലം സ്യാൽ ൧൰൬

സൂയ്യകാലഹോരയിൽ ജനിച്ചവന്നു് ക്ലേശവും ആയാസവും, ചന്ദ്രഹോരയിൽ ജനിച്ചവന്നു് സമ്പത്തുകളും കുജഹോരയിൽ ജനിച്ചവന്നു് ദുഃഖവും രോഗവും, ബുധഹോരയിൽ ജനിച്ചവന്നു് വിദ്യയും ധനവും വ്യാഴഹോരയിൽ ജനിച്ചവന്നു് സവ്വസമ്പൽപ്രഭുത്വവും, ശുക്രഹോരയിൽ ജനിച്ചവന്നു് ഭായ്യാസൗഖ്യവും, മന്ദഹോരയിൽ ധനനാശവും ഫലം.

മാത്താണ്ഡസൂനുതനയാശ്രയഭാവജാനി
സംവത്സരായനമുഖപ്രഭവാഖിലാനി
ഹോരാദിവഗ്ഗജനിതാനി ഫലാനി യാനി
സംകീത്തിതാനി രവിമുഖ്യവരപ്രസാദാൽ ൧൰൭

ഇതി ശ്രീനവഗ്രഹകൃപയാ വൈദ്യനാഥവിരചിതേ
ജാതകപാരിജാതേ നവമാദ്ധ്യായഃ

ഗുളികഫലം, ഭാവഫലം, സംവത്സരഫലം, അയനഫലം മുതലായവയും, ഹോരാദിവർഗ്ഗജനിതങ്ങളായ ഫലങ്ങളും നവഗ്രഹങ്ങളുടെ കൃപയാൽ ഈ അദ്ധ്യായത്തിൽ എന്നാൽ പറയപ്പെട്ടു.

ഇങ്ങനെ ജാതകപാരിജാതവ്യാഖ്യാനത്തിൽ
ഒമ്പതാം അദ്ധ്യായത്തിന്റെ വ്യാഖ്യാനം സമ്പൂർണ്ണം.

അഥ ദശമോഽദ്ധ്യായഃ

അഷ്ടവർഗ്ഗം

ചക്രം വിലിഖ്യ സഹ ലഗ്നദിവാകരാദ്യൈഃ
സൂര്യാദിലഗ്നഭവനാന്തവിയച്ചരാണാം
വാക്യാഷ്ടകോപഗതവർണ്ണനിയോജിതാശ്ചേൽ
ഭിന്നാഷ്ടവർഗ്ഗജനിതാഖിലബിന്ദവഃ സ്യുഃ ൧

ലഗ്നത്തെയും സൂര്യാദി സപ്തഗ്രഹങ്ങളെയും ഉൾപ്പെടുത്തി ഒരു രാശിചക്രം വരച്ച് അതിൽ സൂര്യാദി ലഗ്നാന്തംവരെയുള്ള എട്ടു വാക്യങ്ങൾകൊണ്ട് വരുന്ന സ്ഥാനങ്ങളിൽ ബിന്ദു (അക്ഷം) ഇട്ടാൽ പ്രത്യേകമുള്ള അഷ്ടവർഗ്ഗം സിദ്ധിക്കും. സൂര്യൻ, ചൊവ്വ, ശനി ഇവർ നിൽക്കുന്നിടത്തുനിന്ന് ൧ ൧൧, ൪, ൮, ൨, ൧൦, ൫, ൯ ഈ സ്ഥാനങ്ങളിലും, ശുക്രൻ നിൽക്കുന്ന രാശിയിൽനിന്നു ൭, ൧൨, ൬ ഈ സ്ഥാനങ്ങളിലും, വ്യാഴം നിൽക്കുന്ന രാശിയിൽനിന്ന് ൫, ൯, ൧൧, ൬ ഈ സ്ഥാനങ്ങളിലും, ചന്ദ്രൻ നിൽക്കുന്ന രാശിയിൽനിന്ന് ൧൦, ൩, ൧൧. ൬ ഈ സ്ഥാനങ്ങളിലും ബുധൻ നിൽക്കുന്ന രാശിയിൽനിന്ന് ൧൦, ൩, ൧൧, ൬, ൧൨, ൫, ൯ ഈ സ്ഥാനങ്ങളിലും ലഗ്നത്തിൽനിന്ന് ൧൦, ൩, ൧൧, ൬, ൪, ൧൨ ഈസ്ഥാനങ്ങളിൽ ആണ് സൂര്യാഷ്ടവർഗ്ഗത്തിനു ബിന്ദുക്കളെ വിന്യസിക്കേണ്ടത്. ഇതുപോലെ ശേഷമുള്ളതും അറിഞ്ഞുകൊള്ളണം. വിസ്തരഭയത്താൽ ഇവിടെ എഴുതുന്നില്ല.

ദേവോഽർഥവോഽർഥിഗ വശ,സ്തമോ രമാ
ധൂലിഃ ക്രമാദ്ഗൂർണ്ണകരാദിബിന്ദവഃ
'സാലോല'സംഖ്യാസ്സമുദായബിന്ദവഃ
സർവാഷ്ടവർഗ്ഗസ്സമുദായസംജ്ഞകഃ. ൨

സൂര്യന്നു ൪൮-ം ചന്ദ്രനു ൪൯-ം ചൊവ്വയ്ക്കു ൩൯ ം ബുധനു ൫൪ ം വ്യാഴത്തിനു ൫൬ ം ശുക്രനു ൫൨-ം ശനിയ്ക്കു ൩൯ ം ബിന്ദുക്കൾവരെ വരും. എല്ലാംകൂടി ഉള്ള അഷ്ടവർഗ്ഗസംഖ്യ ൩൩൭ ആണ്. എല്ലാവരുടേയും ഒന്നിച്ചുള്ള അഷ്ടവർഗ്ഗത്തിനു സമുദായാഷ്ടവർഗ്ഗം എന്ന് പേർ പറയപ്പെടുന്നു.

മേഷാദിയൽഗ്രഹഗതാ വസുസംഖ്യയാതാ-
സ്തൽഭാവപുഷ്ടിബലവൃദ്ധികരാ ഭവന്തി
ഷൾപഞ്ചസപ്തസഹിതാനി ശുഭപ്രദാനി
ത്രിദ്വേകബിന്ദുയുതഭാനി ന ശോഭനാനി. ൩

മേടം തുടങ്ങിയ ഏതെങ്കിലും രാശികളിൽ എട്ടു ബിന്ദുക്കൾ ഉണ്ടായാൽ ആ ഭാവത്തിനു പുഷ്ടിയും ബലവും വൃദ്ധിയും ഉണ്ടാകും. ൬-൫-൭ ഇത്രയും ബിന്ദുക്കൾ ഉണ്ടായാൽ ശുഭപ്രദങ്ങളാണ്. ൩ ൨-൧ ഇത്രയും അക്ഷങ്ങൾ വന്നാൽ അശുഭങ്ങളാകുന്നു.

മിശ്രം ഫലം ഭവതി സാഗരബിന്ദുയോഗേ
രോഗാപവാദഭയദാ യദി ശൂന്യഭാവാഃ
ഏകാദിബിന്ദുയുതഭാനുമുഖഗ്രഹാണാം
ഭിന്നാഷ്ടവർഗ്ഗജനിസർവ്വഫലം പ്രവച്മി. ൪

നാലു ബിന്ദുക്കൾ ഉണ്ടായാൽ ശുഭാശുഭസംമിശ്രഫലമാകുന്നു. ഒരു ബിന്ദുവുമില്ലാത്ത ഭാവങ്ങൾ രോഗം അപവാദം ഭയം ഇവയെ തരുന്നവയാകുന്നു. സൂര്യാദിഗ്രഹങ്ങൾക്കു ഒന്നുതുടങ്ങിയുള്ള ബിന്ദുക്കൾ വന്നാലുള്ള അഷ്ടവർഗ്ഗഫലം സർവ്വവും ഇനിയും പറയുന്നു.

കരോതി നാനാവിധരോഗദുഃഖ-
ഭയാടനാദീനി സഹൈകബിന്ദുഃ
ദ്വികോ മനസ്താപനൃപാലചോര-
കൃതാപവാദാശനനാശനാനി. ൫

ഒരു ബിന്ദുവിനോടുകൂടിയിരുന്നാൽ നാനാവിധരോഗം ദുഃഖം ഭയം ദേശാടനം മുതലായവയും രണ്ടു ബിന്ദുക്കളോടുകൂടിയിരുന്നാൽ മനസ്താപം, രാജാക്കന്മാർ കള്ളന്മാർ ഇവരാൽ കൃതമായ അപവാദം ഭക്ഷണനാശം ഇവയും ഉണ്ടാകും.

ത്രികസ്തു സഞ്ചാരകൃശാവലംബ-
കളേബരവ്യാകുലമാനസാനി
സുഖാസുഖാർത്ഥവ്യയവിത്തലാഭ-
ഭയപ്രദഃ സാഗരബിന്ദുജഃ സ്യാൽ. ൬

മൂന്നു ബിന്ദുക്കൾ ഉണ്ടായാൽ സഞ്ചാരം ആശ്രയമില്ലായ്ക ദേഹപീഡ മനഃപീഡ ഇവയും, നാലു ബിന്ദുക്കൾ ഉണ്ടായാൽ സുഖം ദുഃഖം ധനനാശം ധനലാഭം ഭയം ഇങ്ങനെ സമ്മിശ്രഫലവും ഉണ്ടാകും.

സദന്നസ്ത്രീലാഭസുതലാളനസാധുസംഗ-
വിദ്യാധനാനി കുരുതേതി സപഞ്ചബിന്ദുഃ
ഷൾബിന്ദുകസ്തു നവമോഹനരൂപശീല-
സംഗ്രാമജിദ്ധനയശോബലവാഹനാനി. ൭

അഞ്ചു ബിന്ദുക്കൾ ഉണ്ടായാൽ സദന്നസ്ത്രീലാഭം പുത്രലാളനം സജ്ജനസംഗം വിദ്യ ധനം ഇവയുടെ വർദ്ധനയും ആറു ബിന്ദുക്കൾ ഉണ്ടായാൽ നൂതനവും മോഹനവും ആയ സൌന്ദര്യം ശീലഗുണം യുദ്ധവിജയം ധനം കീർത്തി ബലം വാഹനം ഇവയും ഉണ്ടാകും.

സസപ്തബിന്ദുസ്തുരഗാദിയാന-
സേനാധനപ്രാഭവശോഭനാനി
ബിന്ദ്വഷ്ടകസ്സർവ്വഗുണാഭിരാമ-
രാജപ്രതാപം പ്രകടീകരോതി. ൮

ഏഴു ബിന്ദുക്കൾ ഉണ്ടായാൽ കുതിര മുതലായ വാഹനവും, സൈന്യം ധനം പ്രാഭവം ഇവയും എട്ടു ബിന്ദുക്കൾ ഉണ്ടായാൽ സർവ്വഗുണങ്ങളും രാജപ്രതാപവും ഫലം.

ശരാദിബിന്ദുസ്ഥിതരാശിയാതഃ
സ്വകീയവർഗ്ഗേ ശുഭദസ്തു നിത്യം
അതോഽന്യഥാ ചേദഫലപ്രദാതാ
ഗോചാരതഃ ശൂന്യഫലം ദദാതി. ൯

സൂര്യാദിഗ്രഹങ്ങൾ അഞ്ചോ അതിൽ കൂടുതലോ ബിന്ദുക്കളോടുകൂടി സ്വവർഗ്ഗത്തിൽ നിന്നാൽ നിത്യം ശുഭഫലവും, അതിൽ കുറഞ്ഞ ബിന്ദുക്കളോടുകൂടി നിന്നാൽ അശുഭഫലവും, ഗോചാരവശാൽ ശൂന്യഫലവും സംഭവിക്കും.

സ്വോച്ചമിത്രാദിവർഗ്ഗസ്ഥഃ കേന്ദ്രാദിബലസംയുതാഃ
അനിഷ്ടഫലദാസ്സർവേ സ്വല്പബിന്ദുയുതാ യദി. ൧൦

എല്ലാ ഗ്രഹങ്ങൾക്കും തന്റെ ഉച്ചം, ബന്ധുക്ഷേത്രം മുതലായ വർഗ്ഗത്തിൽ സ്ഥിതി, കേന്ദ്രാദിബലം ഇവയൊക്കെ ഉണ്ടെങ്കിലും ബിന്ദുക്കൾ കുറഞ്ഞുവന്നാൽ അനിഷ്ടഫലങ്ങളെ പ്രദാനം ചെയ്യും.

ദുഷ്ടസ്ഥാനസ്ഥിതാ യേ ച യേ ച നീചാരിഭാംശഗാഃ
തേ സർവേ ശുഭദാ നിത്യമധിബിന്ദുയുതാ യദി ൧൧

ദുഷ്ടസ്ഥാനം, നീചാംശം, ശത്രുക്ഷേത്രം ഇവയിൽ സ്ഥിതങ്ങളാണെങ്കിലും അധികം ബിന്ദുക്കൾ ഉള്ള ഗ്രഹങ്ങൾ നിത്യം ശുഭഫലത്തെ പ്രദാനം ചെയ്യും.

ദിനേശമുഖ്യഗ്രഹവർഗ്ഗകേഷു
യദാ ശനിഃ ശൂന്യഗൃഹം പ്രയാതഃ
കരോതി പിത്രാദികഭാവജാനാ-
മതീവരോഗാരിഭയാകുലാനി. ൧൨

ശനി സൂര്യൻ തുടങ്ങിയ ഗ്രഹങ്ങളുടെ വർഗ്ഗങ്ങളിൽ അക്ഷങ്ങളില്ലാത്ത രാശിയിൽ നിന്നാൽ അച്ഛൻ മുതലായവർക്ക് ഏറാവും രോഗം ശത്രുഭയം ഇവ ഉണ്ടാകും. (യദാശനി, എന്നതിന് പകരം യദാഗ്രഹാഃ എന്നും, മതീവ എന്നതിന പകരം മഹീപാ എന്നും പാഠഭേദം കാണുന്നു.)

സൂര്യാഷ്ടവർഗ്ഗഫലം —

ലഗ്നം ഗതേ ദിനകരേ രിപുനീചഭാഗേ
ജാതഃ കൃശാനയുഗബിന്ദുയുതേ ച രോഗീ
ബാണാദിബിന്ദുസഹിതോദയഗേ ദിനേശേ
സ്വോച്ചേഥവാ നിജഗൃഹേ നൃപതിശ്ചിരായുഃ ൧൩

സൂര്യൻ ശത്രുക്ഷേത്രത്തിലോ നീചത്തിലോ നില്ക്കുകയും ആ രാശി ലഗ്നമായി വരികയും അവിടെ ഒന്നോ രണ്ടോ ബിന്ദുക്കൾ ഉണ്ടായിരിക്കയും ചെയ്താൽ രോഗിയായും അഞ്ചോ അതിലധികമോ ബിന്ദുക്കളോടുകൂടി ലഗ്നത്തിൽ നില്ക്കുകയും ആ ലഗ്നം തന്റെ ഉച്ചമോ സ്വക്ഷേത്രമോ ആയിരിക്കയും ചെയ്താൽ രാജാവായും ദീർഘായുസ്സായും ഭവിക്കും.

കേന്ദ്രത്രികോണോപഗതേ ദിനേശേ
ഷൾപഞ്ചസപ്താഷ്ടകബിന്ദുവർഗ്ഗേ
ശ്രീഗ്രാമലാനീലചലാബ്ധകേഷു
ജാതസ്യ നൂനം ജനകസ്യ മൃത്യുഃ. ൧൪

സൂൎയ്യൻ കേന്ദ്രത്രികോണങ്ങളിൽ ൩, ൫, ൬, ൨ ബിന്ദുക്കളോടുകൂടി നില്ക്കു. മ്പോൾ ജനിച്ചവൻെറ അച്ഛൻ, അവന്നു ൨൨, ൩൫, ൩൦, ൩൩ ഈ വയസ്സിൽ മരിക്കും.

ശോദ്ധ്യാവശിഷ്ടദ്വയബിന്ദുയാതേ
കേന്ദ്രസ്ഥിതേ സേന്ദുശനീന്ദുസൂനൗ
ഭാനൗ ദശാബ്ദ്വാൽ പരതഃ സമൃദ്ധിം
താതസ്യ രാജ്യശ്രിയമാഹുരാൎയ്യാഃ ൫൭

സൂൎയ്യാഷ്ടവൎഗ്ഗത്തിൽ ത്രികോണശോധനയും ഏകാധിപത്യശോധനയും കഴിച്ചതിനുശേഷം രണ്ടു ബിന്ദുക്കൾ ശേഷിക്കയും ആ രാശി കേന്ദ്രമായി വരികയും അവിടെ സൂൎയ്യൻ, ചന്ദ്രൻ, ശനി, ബുധൻ ഇവരോടുകൂടി നില്ക്കയുംചെയ്താൽ ജനിച്ചവന്നു പത്തുവയസ്സിനുമേൽ സമ്പൽസമൃദ്ധിയും, പിതാവിൻെറ രാജ്യലക്ഷ്മിയും ലഭിക്കും.

ചന്ദ്രാഷ്ടവൎഗ്ഗഫലം—

ശൂന്യാഗാരം തരണിശശിനോരഷ്ടവൎഗ്ഗേ തദീയം
മാസം രാശിഃ സകലശുഭദേ കൎമ്മണി ത്യാജ്യമാഹുഃ
യക്ഷ്മാലസ്യം ശശിനി തനുഗേ സൈകലോകാക്ഷിബിന്ദൗ
സപ്തത്രിംശദ്വൎഷരദി മരണം ദ്വിത്രിഖേടാന്വിതേ ച. ൫൮

സൂൎയ്യൻെറയും ചന്ദ്രൻെറയും അഷ്ടവൎഗ്ഗത്തിൽ ഒരു ബിന്ദുവും ഇല്ലാത്ത രാശി ഉണ്ടെങ്കിൽ ആ രാശിയും മാസവും സൎവ്വശുഭകൎമ്മത്തിനും വൎജ്ജ്യമാകുന്നു. ചന്ദ്രാഷ്ടവൎഗ്ഗത്തിൽ ചന്ദ്രൻ രണ്ടോ മൂന്നോ ബിന്ദുക്കളോടുകൂടി ലഗ്നത്തിൽ തനിച്ചുനിന്നാൽ ക്ഷയരോഗവും, രണ്ടോ മൂന്നോ ഗ്രഹങ്ങളോടുകൂടി നിന്നാൽ ൩൭-ാമത്തെ വയസ്സിൽ മരണവും ഉണ്ടാകും.

കേന്ദ്രത്രികോണോപഗതോ ശശാങ്കേ
നീചാരിഗേ വൃദ്ധികലാവിഹീനേ
ബിന്ദുദ്വികേ വാ യദി സത്രിബിന്ദൗ
തൽഭാവനാശം കഥയന്തി തജ്ഞാഃ ൫൯

ക്ഷീണചന്ദ്രൻ, നീചത്തിലോ ശത്രുക്ഷേത്രത്തിലോ നില്ക്കുകയും ആ രാശി കേന്ദ്രമായോ ത്രികോണമായോ വരികയും അവിടെ രണ്ടോ മൂന്നോ ബിന്ദുക്കൾ ഉണ്ടായിരിക്കയും ചെയ്താൽ ആ ഭാവത്തിന്ന് ജ്യോതിശ്ശാസ്ത്രജ്ഞന്മാർ നാശത്തെ പറയുന്നു.

വേദാദിബിന്ദുയുതകോണചതുഷ്ടയേ വാ
ലാഭേ വിധൗ ബലയുതേ യദി ഭാവവൃദ്ധിഃ
ബിന്ദ്വഷ്ടകേ ശശിനി കേന്ദ്രഗതേ തു ജാതാ
വിദ്യായശോധനബലപ്രബലാ നരേന്ദ്രാഃ ൬൦

ചന്ദ്രൻ നാലോ അതിൽ അധികമോ ബിന്ദുക്കളോടുകൂടി ത്രികോണത്തിലോ കേന്ദ്രത്തിലോ പതിനൊന്നിലോ ബലവാനായി നിന്നാൽ ഭാവവൃദ്ധി ഉണ്ടാകും. ചന്ദ്രൻ എട്ടു ബിന്ദുക്കളോടുകൂടി കേന്ദ്രത്തിൽ നിന്നാൽ വിദ്യ, കീൎത്തി, ധനം, ബലം ഇവയാൽ പ്രബലനായ രാജാവായിത്തീരും.

കുജാഷ്ടവൎഗ്ഗഫലം—

സ്വോച്ചസ്വകേ ഗുരുസുഖോദയമാനയാതേ
ബിന്ദ്വഷ്ടകേ ച യദി കോടിധനപ്രഭുഃ സ്യാൽ

ചാപാജസിംഹമൃഗകീടവിലഗ്നസംസ്ഥേ
ഭൗമേ ചതുഷ്ടയഫലോപഗതേ ച രാജാ. ൧൯

കുജൻ എട്ടു ബിന്ദുക്കളോടുകൂടി തന്റെ ഉച്ചത്തിലോ സ്വക്ഷേത്രത്തിലോ നില്ക്കുകയും ആ രാശി ൧൦—൪-ലഗ്നം, ൧൦ ഈ ഭാവങ്ങളായി വരികയും ചെയ്താൽ കോടീശ്വരനായിത്തീരും. കുജൻ നാലു ബിന്ദുക്കളോടുകൂടി ധനു, മേടം, ചിങ്ങം, മകരം, വൃശ്ചികം ലഗ്നം ഈ സ്ഥാനങ്ങളിൽ നിന്നാൽ രാജാവായി ഭവിക്കും.

ബിന്ദ്വഷ്ടകേ ധരണിജേഽതിബലാഢ്യഃ ക്ഷിതീശോ
മാനേഽഥവാ തനുഗതേ ച മഹീപതിഃ സ്യാൽ
ജാതോഽവനീശകുലജോ യദി ദേശനാഥഃ
സ്വോച്ചസ്വരാശിസഹിതേ നൃപചക്രവർത്തി. ൨൦

കുജൻ എട്ടു ബിന്ദുക്കളോടുകൂടി ഏതു ഭാവത്തിൽ നിന്നാലും അത്യല്പനായ രാജാവായും, പത്തിലോ ലഗ്നത്തിലോ എട്ടു ബിന്ദുക്കളോടുകൂടി നിന്നാൽ രാജാവായും തന്റെ ഉച്ചത്തിലോ സ്വക്ഷേത്രത്തിലോ നിന്നാൽ രാജവംശത്തിൽ ജനിച്ചവനായോ, ദേശാധിപനായ രാജാവായോ ചക്രവർത്തിയായോ തീരുകയും ചെയ്യും.

ബുധാഷ്ടവർഗ്ഗഫലം—

കേന്ദ്രത്രികോണേ വസുബിന്ദുഗേ ജ്ഞേ
ജാതീയവിദ്യാധികഭോഗശാലീ
സ്വോച്ചാദികൈകദ്വിത്രിബിന്ദൗ
തൽഭാവവൃദ്ധിർന ച ഭാവഹാനിഃ ൨൧

ബുധൻ എട്ടു ബിന്ദുക്കളോടുകൂടി കേന്ദ്രത്രികോണത്തിൽ നിന്നാൽ സ്വജാതിക്കനുസരിച്ച വിദ്യയോടും അധികം സുഖത്തോടും കൂടിയവനായി തീരും. സ്വോച്ചക്ഷേത്രാദികളിൽ ഒന്നോ രണ്ടോ മൂന്നോ ബിന്ദുക്കളോടുകൂടി നിന്നാലും ആ ഭാവങ്ങൾക്കു വൃദ്ധിയല്ലാതെ ഹാനി ഭവിക്കയില്ല.

ബിന്ദ്വാധിക്യം യത്ര തദ്രാശിമാസേ
വിദ്യാരംഭഃ സർവ്വവിദ്യാകരഃ സ്യാൽ
ഗോചാരേണജ്ഞസ്യ ശൂന്യാലയസ്ഥേ
മന്ദേ ബന്ധുജ്ഞാതിസമ്പദ്വിനാശഃ ൨൨

ബുധന്നു ബിന്ദുക്കൾ അധികമുള്ള രാശിമാസങ്ങളിൽ വിദ്യാരംഭം ചെയ്താൽ സകല വിദ്യകളിലും സമർത്ഥനായിത്തീരും. ചാരവശാൽ ശനി, ബുധന്റെ ബിന്ദുക്കളില്ലാത്ത രാശിയിൽ വരുന്ന കാലം ബന്ധുക്കളുടേയും ജ്ഞാതികളുടേയും സമ്പത്തു നശിക്കും.

ഗുർവ്വഷ്ടവർഗ്ഗഫലം—

ജീവാഷ്ടവർഗ്ഗാധികബിന്ദുരാശൗ
ലഗ്നേ നിഷേകം കുരുതേ സുതാർത്ഥീ
തദ്രാശിദിഗ്ഭാഗഗൃഹസ്ഥിതാനി
ധനാനി ധാന്യാനി ബഹൂനി ച സ്യുഃ ൨൩

വ്യാഴത്തിന്റെ അഷ്ടവർഗ്ഗത്തിൽ അധികം ബിന്ദുക്കളുള്ള രാശി ലഗ്നമായിരിക്കുമ്പോൾ സന്താനാർത്ഥിനിഷേകത്തെ (ഗർഭോല്പാദനത്തെ) ചെയ്താൽ സഫലമായിത്തീരും. അധികം ബിന്ദുക്കളുള്ള രാശിയുടെ ദിഗ്ഭാഗത്തിൽ ഗൃഹം പണിയിച്ച് അവിടെ പാർത്താൽ ധനങ്ങളും ധാന്യങ്ങളും വളരെ ഉണ്ടാകും.

ജീവാഷ്ടവർഗ്ഗലഘുബിന്ദുഗൃഹോപയാതേ
ഭാനൗ കൃതാഖിലശുഭാനി വിനാശിതാനി
പഞ്ചാദിബിന്ദുകരിപുവ്യയരന്ധ്രഗേജ്യേ
ജാതശ്ചിരായുരതിവിത്തജിതാരികഃ സ്യാൽ. ൨൪

സൂര്യൻ വ്യാഴത്തിന്റെ അഷ്ടവർഗ്ഗത്തിൽ ബിന്ദുക്കൾ കുറഞ്ഞ രാശിയിൽ നിന്നാൽ സകല ശുഭങ്ങളും നശിക്കും. വ്യാഴം അഞ്ചോ അതിലധികമോ ബിന്ദുക്കളോടുകൂടി ൬, ൧൨, ൮ ഈ സ്ഥാനങ്ങളിൽ എവിടെയെങ്കിലും നിന്നാൽ ജാതൻ ദീർഘായുസ്സും വളരെ ധനമുള്ളവനും ശത്രുക്കളെ ജയിച്ചവനും ആയിത്തീരും.

സ്വോച്ചേഥവാ നിജഗൃഹേ വസുബിന്ദുയുക്തേ
കേന്ദ്രസ്ഥിതേ സുരഗുരൗ ശുഭഭാവഗേ വാ
നീചാരിഭാഗമപഹായ വിമൂഢരാശൗ
ജാതഃ സ്വകീയയശസാ പൃഥിവീപതിഃ സ്യാൽ. ൨൫

വ്യാഴം തന്റെ ഉച്ചത്തിലോ സ്വക്ഷേത്രത്തിലോ മൗഢ്യം, നീചാംശം ശത്രുക്ഷേത്രാംശകം ഇവയോടുകൂടാതെ എട്ടു ബിന്ദുക്കളോടുകൂടി നില്ക്കയും ആ ഭാവം കേന്ദ്രമായോ ശുഭസ്ഥാനമായോ വരികയും ചെയ്താൽ അതികീർത്തിമാനായ രാജാവായി തീരും.

യദാ മഹീദേവകുലപ്രജാത-
സ്തദീയയോഗേ നരപാലതുല്യഃ
കൃതാതിപുണ്യപ്രഭവപ്രസിദ്ധ-
ബുദ്ധിപ്രതാപോരുഗുണാഭിരാമഃ. ൨൬

മുൻപറഞ്ഞ യോഗത്തിൽ ജനിച്ചവൻ ബ്രാഹ്മണനാണെങ്കിൽ നൃപതുല്യനും വളരെ പുണ്യമുള്ളവനും പ്രസിദ്ധനും ബുദ്ധി, പ്രതാപം, വലിയ ഗുണം ഇവയാൽ മനോഹരനും ആയിത്തീരും.

സസപ്തബിന്ദൗ ധിഷണേ ത്രികോണേ
ജാതാ ബഹുസ്ത്രീധനപുത്രവന്തഃ
ഷൾബിന്ദുകേ വാഹനവിത്തവന്ത-
സ്സപഞ്ചബിന്ദൗ ജയശീലവന്തഃ. ൨൭

വ്യാഴം ഏഴു ബിന്ദുക്കളോടുകൂടി ത്രികോണത്തിൽ നില്ക്കുമ്പോൾ ജനിച്ചവൻ വളരെ ഭാര്യമാരോടും ധനത്തോടും പുത്രന്മാരോടും കൂടിയവനും, ആറു ബിന്ദുക്കളോടുകൂടിനിന്നാൽ വാഹനം, ധനം ഇവയോടുകൂടിയവനും, അഞ്ചു ബിന്ദുക്കളുണ്ടായാൽ ജയം, ശീലം ഇവയോടുകൂടിയവനും ആയിത്തീരും.

ശുക്രാഷ്ടവർഗ്ഗഫലം—

സാഷ്ടബിന്ദുഫലകേന്ദ്രകോണഗേ
ഭാർഗ്ഗവേ തു ബലവാഹനാധിപഃ
ആയുരന്തമവിനാശഭോഗവാൻ
വിത്തരത്നവിഭുരദ്രിബിന്ദുകേ. ൨൮

ശുക്രൻ എട്ടു ബിന്ദുക്കളോടുകൂടി കേന്ദ്രത്രികോണങ്ങളിൽ നിന്നാൽ സൈന്യം വാഹനം ഇവയ്ക്കു അധിപനായും ജീവിതാവസാനംവരെ നശിക്കാത്ത സുഖത്തോടുകൂടിയവനായും, ഏഴു ബിന്ദുക്കളോടുകൂടി നിന്നാൽ ധനങ്ങളുടെയും രത്നങ്ങളുടെയും നാഥനായും ഭവിക്കും.

നീചാസ്തരിഃഫനിധനോപഗതേ തു കാവ്യേ
പൂർവോദിതക്ഷിതിപയോഗവിനാശമാഹുഃ
ശുക്രാഷ്ടബിന്ദുയുതമന്ദിരദിഗ്വിഭാഗേ
സ്ത്രീവശ്യരമ്യശയനീയഗൃഹം പ്രശസ്തം. ൨൯

ശുക്രൻ നീചം, മൌഢ്യം ഇവയോടുകൂടിയും ൧൨-൮-൬ ഈ സ്ഥാനങ്ങളിൽ എവിടെ എങ്കിലും നിന്നാൽ മുൻശ്ലോകത്തിൽ പറഞ്ഞ രാജയോഗത്തിന്നു നാശം ഭവിക്കും. ശുക്രൻെറ എട്ടു ബിന്ദുക്കളോടുകൂടിയ രാശിയുടെ ദിക്കിൽ ശയനീയഗൃഹം പ്രസിദ്ധവും സ്ത്രീവശ്യവും ആയിരിക്കും.

മന്ദാഷ്ടവർഗ്ഗഫലം—

കോണസ്യ ശൂന്യതരരാശിഗതേ തു മന്ദേ
ജാതസ്യ മൃത്യുഫലമാശു ധനക്ഷയോ വാ
ഏകദ്വിലോകയുതബിന്ദുയുതേ ച കേന്ദ്രേ-
ഷ്വർക്കതനയേ തുംഗഭവനേ രവിജേ ഽല്പമായുഃ. ൩൦

ശനിയുടെ അഷ്ടവർഗ്ഗത്തിൽ ബിന്ദുക്കളില്ലാത്ത രാശിയിൽ ശനി നില്ക്കുമ്പോൾ ജനിച്ചവന്നു വേഗം മൃത്യുഫലമോ ധനക്ഷയമോ സംഭവിക്കും. ശനി, തൻെറ ഉച്ചരാശിയിലല്ലാതെ കേന്ദ്രത്തിൽ ഒന്നോ രണ്ടോ മൂന്നോ ബിന്ദുക്കളോടുകൂടി നിന്നാൽ അല്പായുസ്സായിരിക്കും.

ഷൾപഞ്ചബിന്ദുസഹിതേ തനഗേ ബലാഢ്യേ
ജന്മാദിദുഃഖബഹുലം ധനനാശമേതി
മന്ദേ ശരാദിഫലനീചസപത്നഭാവേ
ജാതശ്ചിരായുരതിശോഭനവർഗ്ഗഗേബ്ജേ. ൩൧

ശനി, അഞ്ചോ ആറോ ബിന്ദുക്കളോടുകൂടി ലഗ്നത്തിൽ ബലവാനായി നിന്നാൽ ജന്മം മുതൽക്കു ദുഃഖബഹുലമായ ധനനാശം സംഭവിക്കും. അഞ്ചോ അതിൽ കൂടുതലോ ബിന്ദുക്കളോടുകൂടി നീചത്തിലോ ശത്രുഭാവത്തിലോ നില്ക്കുകയും അവിടെ ചന്ദ്രൻ അതിശുഭമായ വർഗ്ഗത്തിൽ നില്ക്കുകയും ചെയ്താൽ ദീർഘായുസ്സായി ഭവിക്കും. (അതിശോഭനവർഗ്ഗകേന്ദ്രേ എന്നും പാഠം കാണുന്നു.)

പ്രസ്താരാഷ്ടവർഗ്ഗം—

ആലിഖ്യ ചക്രം നവപൂർവ്വരേഖാ
യാമ്യോത്തരസ്ഥാ ദശസത്രിരേഖാഃ
പ്രസ്താരകം ഷണ്ണവതിപ്രകോഷ്ഠേ
പംക്ത്യഷ്ടകം ചാഷ്ടകവർഗ്ഗജം സ്യാൽ. ൩൨

ഇനിയും അഷ്ടവർഗ്ഗം എഴുതേണ്ട ക്രമം കാണിക്കുന്നു. കിഴക്കുപടിഞ്ഞാറു് ഒൻപതു രേഖകളും തെക്കുവടക്കു് ൧൦ രേഖകളും വരച്ചു് തൊണ്ണൂറ്റിആറു പ്രകോഷ്ഠങ്ങളോടുകൂടിയ ഒരു ചക്രത്തിൽ എട്ടു പംക്തിയിൽ അഷ്ടവർഗ്ഗം വിന്യസിക്കണം.

ഹോരാശശീബോധനശുക്രസൂര്യ-
ഭൌമാമരേന്ദ്രാർച്ചിതഭാനുപുത്രാഃ
യാമ്യാദിപംക്ത്യഷ്ടകരാശിനാഥാഃ
ക്രമേണ തൽബിന്ദുഫലപ്രദാഃ സ്യുഃ. ൩൩

മുൻ എഴുതിയ ചക്രത്തിൽ തെക്കുതുടങ്ങി എട്ടുപംക്തികളിൽ ക്രമേണ ലഗ്നം

ചന്ദ്രൻ ബുധൻ ശുക്രൻ സൂൎയ്യൻ ചൊവ്വാ വ്യാഴം ശനി ഇവരെ എഴുതണം. ഇവർ ആ കക്ഷ്യകളുടെ നാഥന്മാരാകുന്നു. കിഴക്കുപടിഞ്ഞാറുള്ള പന്ത്രണ്ടു ഖണ്ഡങ്ങൾ രാശികളാണ്. അതിനുശേഷം സൂൎയ്യാദിഗ്രഹങ്ങൾക്കു് പറഞ്ഞിട്ടുള്ള വാക്യക്രമമനുസരിച്ച് സ്ഥാനങ്ങളിൽ ബിന്ദുക്കൾ ഇടണം. ഓരോ ഗ്രഹങ്ങൾക്കും ആകെയുള്ള ബിന്ദുക്കൾ ഭിന്നാഷ്ടവൎഗ്ഗത്തിൽ പറഞ്ഞതുതന്നെയായിരിക്കും.

സബിന്ദുകസ്തത്ര ഫലപ്രദഃ സ്യാ-
ദബിന്ദുകഃ ശൂന്യഫലപ്രദാതാ
അരാതിനീചാസ്തഗതോ നഭോഗഃ
സബിന്ദുകോऽപി പ്രവിലാപകൎത്താ ൩൪

അഷ്ടവൎഗ്ഗത്തിൽ ബിന്ദുക്കളോടുകൂടിയ ഗ്രഹം തനിക്കു പറഞ്ഞിട്ടുള്ള ഫലത്തെ തരുന്നതും ബിന്ദുക്കളില്ലാത്ത ഗ്രഹം ശൂന്യഫലത്തെ തരുന്നതും ആകുന്നു. ശത്രുക്ഷേത്രം നീചം മൌഢ്യം ഇവയുള്ള ഗ്രഹം ബിന്ദുക്കൾ ഉണ്ടെങ്കിലും അനിഷ്ടഫലത്തെ ചെയ്യും.

ത്രികോണശോധന —

പഞ്ച പ്രാചീരാശിരേഖാ ബാണസംഖ്യാഃ
തിൎയ്യഗ്രേഖാ വൎജ്ജിതാശ്ചതുഷ്കാഃ
പ്രാഗാദീശാ ദ്വാദശവ്യോമവാസാ
ജ്യോതിശ്ചക്രസ്വാമിനസ്തൂബരാദ്യാഃ ൩൫

കിഴക്കുപടിഞ്ഞാറ് അഞ്ചുരേഖയും തെക്കുവടക്കു അഞ്ചുരേഖയും വരച്ച് നടുവിലുള്ള നാലുരേഖ തുടച്ചുകളഞ്ഞാൽ ൧൨ ഖണ്ഡങ്ങളുള്ള ഒരു രാശിചക്രം ലഭിക്കും. അതിൽ കിഴക്കുതുടങ്ങി മേടം മുതലായ ൧൨ രാശികളുണ്ട്. അവയ്ക്കു ചൊവ്വാ തുടങ്ങിയുള്ള ഗ്രഹങ്ങൾ നാഥന്മാരാകുന്നു.

അജഹരിതുരഗാംഗൈരുക്ഷകന്യാമൃഗാസ്യൈ-
൪്മിഥുനതുലാഘടസ്ത്രൈഃ കൎക്കികീടാവസാനൈഃ
ദിനകരമുഖവൎഗ്ഗേസ്തത്ത്രികോണോപയാതാ
ലഘുതരസമശ്ശൂന്യാ ബിന്ദവഃ ശോധിതാഃ സ്യുഃ ൩൬

ആദിത്യൻ മുതലായ ഗ്രഹങ്ങളുടെ അഷ്ടവൎഗ്ഗം ഇട്ടാൽ അതിൽ മേടം ചിങ്ങം ധനു ഇടവം കന്നി മകരം മിഥുനം തുലാം കുംഭം കൎക്കടകം വൃശ്ചികം മീനം ഈ ത്രികോണങ്ങളിൽവെച്ചു ബിന്ദുക്കൾ കുറഞ്ഞരാശിയിലെ ബിന്ദുക്കൾ എല്ലാം മററു രണ്ടു രാശികളിൽനിന്നും കളയണം. ഇങ്ങനെയാണ് എല്ലാ ത്രികോണങ്ങളെയും ശോധിക്കേണ്ടതു്.

ത്രികോണഭാവേഷു യദല്പബിന്ദവ-
സ്തദീയബിന്ദൂ ഭവതസ്തു താവുഭൌ
ന ബിന്ദുകോ യസ്തു ന ശോധിതേതരൌ
സമാനസംഖ്യാ യദി സൎവ്വമുൽസൃജേൽ ൩൭

ത്രികോണരാശികളിൽ ഏതിലാണോ രണ്ടുകളിൽ ബിന്ദുക്കൾ കുറഞ്ഞിരിക്കുന്നതു് അതും ബിന്ദുക്കൾ ഇല്ലാതിരിക്കുന്ന രാശിയും ശോധിക്കേണ്ട. മൂന്നു രാശികളിലും സമബിന്ദുക്കളാണെങ്കിൽ അവ ശോധിക്കണം.

ഏകാധിപത്യശോധന —

കണ്ഠീരവം കടകഭം ച വിധാ കുജാതി
കാവാസരാശിയുഗളോപഗബിന്ദുസംഖ്യാഃ

തത്തുല്യശൂന്യവിഷമാ ഗ്രഹസഗ്രഹാഢ്യാ-
സ്ത്വേകാധിപത്യപരിശോധിതശേഷിതാഃ സ്യുഃ ൩൮

ചിങ്ങം കർക്കടകം ഈ രാശികളെ ഒഴിച്ച് കുജാദിഗ്രഹങ്ങളുടെ ആധിപത്യമുള്ളതായ ഈരണ്ടു രാശികളിൽ രണ്ടിലും ബിന്ദുക്കൾ ഉണ്ടെങ്കിൽ മാത്രം അവ ശോധിക്കണം. മേടം വൃശ്ചികം ഇടവം തുലാം മിഥുനം കന്നി ധനു മീനം മകരം കുംഭം ഈ രാശികളാണ് ഈ രണ്ടു രാശികൾ. അക്ഷങ്ങൾ തുല്യമായും ശൂന്യമായും വിഷമമായും ഗ്രഹങ്ങളില്ലാത്തതായും ഗ്രഹങ്ങൾ ഉള്ളതായും ഉള്ള രാശികളുടെ ഭേദമനുസരിച്ചാണ് ഏകാധിപത്യശോധന ചെയ്യുന്നത്. ഇതിന്റെ ക്രമഭേദങ്ങളെ അടുത്ത ശ്ലോകത്തിൽ കാണിക്കുന്നുണ്ട്.

രാശിദ്വയം സദ്യുചരം ന ശോധയേ-
ദേകം ദ്വയോശ്ശൂന്യഭമപ്യശോധയേൽ
ഫലാധികേ ഖേടയുതേ പരം ത്യജേൽ
തുലാനഭോഗദ്വിതയം പരിത്യജേൽ ൩൯

രണ്ടു രാശികളിലും ഗ്രഹങ്ങളുണ്ടെങ്കിൽ അവ രണ്ടും, രണ്ടു രാശികളിൽവച്ച് ഒന്നിൽ അക്ഷമില്ലാതെ വന്നാൽ അവരണ്ടും ശോധിക്കേണ്ട. ഒരു രാശിയിൽ അക്ഷങ്ങൾ അധികമായും മറ്റെ രാശിയിൽ ഗ്രഹങ്ങൾ നില്ക്കയും ചെയ്താൽ ഗ്രഹമില്ലാത്ത രാശിയിലെ അക്ഷങ്ങളെയാണ് കളയേണ്ടത്. ഇവിടെയും തുല്യം രാശിയിൽ രണ്ടുഗ്രഹം ഉണ്ടെങ്കിൽ അവരണ്ടും കളയണം.

ഖേടോപയാതേ ലഘുബിന്ദുരാശൗ
തത്തുല്യമായാന്തി തദന്യസംഖ്യാഃ
പൂർവ്വം ത്രികോണം പരിശോധ്യ പശ്ചാ-
ദേകാധിപത്യസ്യ തതഃ പ്രകല്പ്യാഃ ൪൦

ഗ്രഹം നില്ക്കുന്ന രാശിയിൽ ബിന്ദുക്കൾ കുറഞ്ഞും ഗ്രഹം ഇല്ലാത്ത രാശിയിൽ ബിന്ദുക്കൾ കൂടിയും വന്നാൽ കുറഞ്ഞ രാശിയോടു തുല്യമാക്കി അധികമുള്ള ബിന്ദുക്കളെ കളയണം. ആദ്യം ത്രികോണശോധനചെയ്തതിനുശേഷംവേണം ഇപ്രകാരം ഏകാധിപത്യശോധന ചെയ്യേണ്ടത്.

ശോധ്യാവശിഷ്ടദ്വിഗുണീകൃതാനി
മേഷാദിമാനൈർഗ്ഗുണകം ഹി ഭാനാം
സൂര്യ്യാദികാസ്തേ ഗുണിതാഃ സ്വമാനൈ-
രേതൽ ഗ്രഹാണാം ഗുണകം വദന്തി ൪൧

ത്രികോണശോധനയും ഏകാധിപത്യശോധനയും കഴിച്ച് ശിഷ്ടമുള്ള അക്ഷങ്ങളെ മേഷാദിരാശികളുടെ ഗുണകാരങ്ങൾകൊണ്ടു ഗുണിച്ചാൽ രാശികളുടെ ഗുണകവും അതുപോലെ ഗ്രഹങ്ങൾ നില്ക്കുന്ന രാശിയിലെ അക്ഷങ്ങളെ ഗ്രഹഗുണകാരങ്ങൾകൊണ്ടു ഗുണിച്ചാൽ ഗ്രഹങ്ങളുടെ ഗുണകവും സിദ്ധിക്കും. ഇവ എല്ലാം കൂടി ഒന്നിച്ചുകൂട്ടി സൂര്യ്യാദികളുടെ ശോധ്യപിണ്ഡങ്ങളെ കണ്ടുകൊള്ളണം. ഗുണകാരങ്ങളെ അടുത്ത ശ്ലോകത്തിൽ പറയും.

രാശിഗുണകാരങ്ങൾ —

ശൈലാശാവസുസാഗരാംബരശരൈശ്ശൈലാഹിനന്ദേഷുഭി-
സ്സംഖ്യാക്ഷൈകശൈശ്ച രാശിഗുണകൈർമ്മേഷാദിഭാനാം ക്രമാൽ
ബാണൈഃ പഞ്ചഭിരഷ്ടഭിസ്സുരനഗൈശ്ശൈലേഷുഭിർഭാസ്കരാ-
ദേവം വ്യോമതലാധിവാസഗുണകൈരായുർവ്വിധാനോദിതൈഃ

മേടത്തിന് ൭ ഇടവത്തിനു ൰ മിഥുനത്തിനു ൮ കർക്കടകത്തിനു ൪ ചിങ്ങത്തിനു ൰ കന്നിക്ക് ൫ തുലാത്തിന് ൭ വൃശ്ചികത്തിന് ൮ ധനുവിന് ൯ മകരത്തിന് ൫ കുംഭത്തിനു ൰൧ മീനത്തിനു ൰൨ ഇവ രാശിഗുണകാരങ്ങളും, (സൂ) ൫ (ച) ൫ (കു) ൮ (ബു) ൫ (ഗു) ൰ (ശു) ൭ (ശ) ൫ ഇവ സൂര്യാദിഗ്രഹങ്ങളുടെ ഗുണകാരങ്ങളും ആകുന്നു. ഈ രാശിഗുണകാരങ്ങൾകൊണ്ടും ഗ്രഹഗുണകാരങ്ങൾ കൊണ്ടും പൂർവ്വശ്ലോകത്തിൽ പറഞ്ഞവിധം എല്ലാത്തിനെയും ഗുണിച്ച് ഒരുമിച്ചുകൂട്ടി ശോധ്യപിണ്ഡം വരുത്തണം. രാശിയിൽ ഗ്രഹങ്ങളില്ലെങ്കിൽ ഗ്രഹഗുണകാരങ്ങൾ കൊണ്ടും ഗുണിക്കേണ്ട. ഒരു രാശിയിൽ പല ഗ്രഹങ്ങൾ ഉണ്ടെങ്കിലവയെ പ്രത്യേകം ഗുണിക്കയും വേണം.

തദ്രാശിഖേടഗുണനൈക്യഫലാനി ഭൂയഃ
സപ്താഹതാന്യുഡുഗണാപഹൃതാനി യാനി
വർഷാണി താനി പുനരർക്കമുഖാഹതേഽസ്മിൻ
മാസാദികാനി ച നയേത്തദിഹാഹുരായുഃ. ൪൩

മേല്പ്രകാരം ശേഷിച്ച ഗുണപിണ്ഡത്തെ പിന്നെയും ൭-ൽ ഗുണിച്ചു ൨൭ കൊണ്ടു ഹരിച്ചുകിട്ടുന്ന ഫലം സംവത്സരവും ശേഷം ൰൨-ലും ൩൦-ലും ൬൦-ലും ഗുണിച്ചു ൨൭ കൊണ്ടു ഹരിച്ചുകിട്ടുന്ന ഫലം ക്രമേണ മാസം ദിവസം നാഴിക ഇവയും ആകുന്നു. ഇതുകൊണ്ട് ആയുസ്സും അറിഞ്ഞുകൊള്ളണം.

തദ്ദ്വാദശാബ്ദാദ്യധികേഽപി ശോധ്യം
ഭമണ്ഡലം തൽ പുനരത്ര സർവം
ഹത്വാ വരാംഗേണ ഹരേന്മതംഗൈർ-
ലബ്ധം ഫലം സൗരസമാ പ്രദിഷ്ടാ. ൪൪

മുൻപു ഹരിച്ചുവന്ന ഫലം ൰൨-ൽ കൂടുതലുണ്ടെങ്കിൽ ൰൨ കളഞ്ഞു ശേഷിക്കുന്നതു മാത്രമേ അംശവർഗ്ഗദശാസംവത്സരമാകയുള്ളൂ. ഈ സംവത്സരത്തെ ഇറക്കി ദിവസമാക്കി (വരാംഗ) ൩൨൪ കൊണ്ടു ഗുണിച്ച് (മതംഗ) ൩൬൫ കൊണ്ടു ഹരിച്ചു കിട്ടുന്ന ഫലം സൌരസംവത്സരമാണ്. ശേഷത്തെ ൰൨ മുതലായതുകൊണ്ടു ഗുണിച്ച് മാസാദികളെ കണ്ടുകൊള്ളണം.

ഉച്ചം ഗതസ്യ ദ്വിഗുണം തദീയം
നീചം ഗതസ്യാസ്തഗതസ്യ ചാർദ്ധം
അതോഽന്തരാളേ ത്വനുപാതമാഹു-
രേവം ഗ്രഹാണാം ഹരണാദി കുര്യാൽ. ൪൫

മുൻവരുത്തിയവിധമുള്ള ദശാസംവത്സരം ഉച്ചത്തിൽ നില്ക്കുന്ന ഗ്രഹങ്ങൾക്ക ഇരട്ടിയും, നീചമൌഢ്യങ്ങളിൽ നില്ക്കുന്ന ഗ്രഹങ്ങൾക്ക പകുതിയും ആകുന്നു. ഉച്ചനീചമദ്ധ്യത്തിൽ നില്ക്കുകയാണെങ്കിൽ ത്രൈരാശികപ്രകാരം കുറച്ചുകൊള്ളണം. ഇങ്ങനെ ഗ്രഹങ്ങളുടെ ഹരണം മുതലായതിനെ ചെയ്യണം.

മൂലത്രികോണനിജതുംഗഗൃഹോപഗാനാം
തുംഗാദിവർഗ്ഗശുഭയോഗനിരീക്ഷിതാനാം
ഉക്തപ്രകാരഗണിതാഗതമായുരേവ
പാപാരിവർഗ്ഗസഹ തസ്യ വിവാദമാഹുഃ ൪൬

മൂലത്രികോണം സ്വക്ഷേത്രം ഉച്ചം ഈ രാശികളിൽ സ്ഥിതിയോടും ഉച്ചാദിവർഗ്ഗം ശുഭയോഗം ശുഭദൃഷ്ടി ഇവയോടുംകൂടി നില്ക്കുന്ന ഗ്രഹങ്ങൾക്ക പറഞ്ഞവിധ

മുള്ള ഗണിതംകൊണ്ടു സിദ്ധിക്കുന്ന ആയുസ്സ് പൂൎണ്ണമായിരിക്കും. പാപയോഗം ശത്രുക്ഷേത്രസ്ഥിതി ഇവയോടുകൂടി നിന്നാൽ പറഞ്ഞ ആയുസ്സ് സിദ്ധിക്കയില്ല.

രവിമുഖ്യനഭോഗദത്തസംഖ്യാഃ
പരമായുഃശരദസ്തു മാനവാനാം
സവിലഗ്നസമാശ്ച കേചിദാഹുർ-
ഗ്ഗുരുമൂലാൽ സമുപൈതി തുല്യമായുഃ ൪൭

സൂൎയ്യൻ തുടങ്ങിയ ഗ്രഹങ്ങൾ കൊടുക്കുന്ന ദശാവർഷയോഗം മനുഷ്യരുടെ പരമായുഃസംവത്സരങ്ങളാകുന്നു. അവിടെ ലഗ്നദശയുംകൂടി ചേൎക്കണമെന്നു ചിലൎക്ക അഭിപ്രായമുണ്ടു്. അതു് ഗുരൂപദേശംപോലെ ചെയ്തുകൊള്ളണം.

കേന്ദ്രാദന്യഗതേ ചന്ദ്രേ സുഖഭേ ചാഷ്ടവർഗ്ഗജം
ആയുരേവ നഭഃസ്ഥാനേ ശുഭപാപയുതേഽഥവാ. ൪൮

ചന്ദ്രൻ കേന്ദ്രമല്ലാത്ത ഭാവങ്ങളിലോ ചതുൎത്ഥകേന്ദ്രത്തിലോ നില്ക്കുകയും പത്തിൽ ശുഭപാപന്മാരുണ്ടായിരിക്കയും ചെയ്താൽ അഷ്ടവർഗ്ഗദശയത്രേ സ്വീകരിക്കണം.

രവ്യാദിഖേടസ്ഥിതരാശിജാനാം
സ്വകീയവൎഗ്ഗോപമബിന്ദുസംഖ്യാഃ
വേദാഷ്ടവൎഗ്ഗപ്രഭവായുരബ്ദാ
ഭവന്തി സർവ്വാ ഹരണക്രിയാശ്ച. ൪൯

സൂൎയ്യൻതുടങ്ങിയ ഗ്രഹങ്ങൾ നില്ക്കുന്ന രാശിയിൽ മനിപ്പൂവാൎക്ക തങ്ങളുടെ അഷ്ടവൎഗ്ഗത്തിൽ ഉള്ള ബിന്ദുക്കളോടു തുല്യസംഖ്യയായ സംവത്സരം ആയുസ്സായി ഭവിക്കും. ഇതിന്നു് എല്ലാ ഹരണക്രിയകളും ചെയ്യണം.

മന്ദവൈനാശികനക്ഷത്രഫലം:—

തത്തൽകാരകഭാവബിന്ദുഗ്ഗുണിതം ശോധ്യാവശിഷ്ടം ഫലം
വിംശത്യാ സഹ സപ്തഭിശ്ച വിഹൃതം തച്ഛേഷതാരം ശനൌ
താതസ്തജ്ജനനീസഹോദരജനോ ബന്ധുസ്സുതഃ സ്ത്രീ സ്വയം
തത്തുല്യം വിലയം പ്രയാതി വിപുലശ്രീനാശഹേതുശ്ച വാ. ൫൦

സൂൎയ്യാദിഗ്രഹങ്ങളുടെ ശോധ്യപിണ്ഡത്തെ അതതു കാരകഭാവബിന്ദുക്കളെക്കൊണ്ടു ഗുണിച്ചു് ശേഷിച്ച ഫലത്തെ ൨൭ കൊണ്ടു് ഹരിച്ചുകിട്ടുന്ന ശിഷ്ടം അശ്വതിമുതൽ എണ്ണിയാൽ ഏതു നക്ഷത്രം വരുമോ ആ നക്ഷത്രത്തിൽ ശനി സഞ്ചരിക്കുന്നകാലം അച്ഛൻ അമ്മ സഹോദരൻ ബന്ധു പുത്രൻ ഭാൎയ്യ താൻ ഇവർ മരിക്കയോ ഇവൎക്ക സമന്മാരായവർ മരിക്കയോ അല്ലെങ്കിൽ അപ്രകാരം ഉള്ള വലുതായ സമ്പത്തു നശിക്കയോ ചെയ്യും.

സമുദായാഷ്ടവൎഗ്ഗഫലം:—

തതഃ സമാലിഖ്യ ഭഗോളചക്രം
സമസ്തബിന്ദുസ്ഥിതരാശികോഷ്ഠം
വ്യോമാദികാനാമജപൂൎവ്വകാണാം
ബിന്ദൂപഗസ്ഥാനഫലം വദാമി. ൧

പിന്നെ രാശിചക്രം വരച്ചു സമസ്തബിന്ദുക്കളും ഉള്ളിൽ എഴുതി സൂൎയ്യാദി

ഗ്രഹങ്ങൾക്കു "ബാലേബലിഷ്ഠ" ഇത്യാദി വാക്യപ്രകാരം വിന്യസിച്ച സമുദായാഷ്ടവർഗ്ഗഫലത്തെ ഇനിയും പറയാൻപോകുന്നു.

ആപഞ്ചവിംശതിഫലാന്യധമാനി തദ്വ-
ദാത്രിംശദക്ഷസഹിതാനി ച മദ്ധ്യമാനി
ത്രിംശൽപരാണി സുഖവിത്തയശസ്കരാണി
തദ്ഭാവവൃദ്ധിഫലദാനി ച സാമുദായേ. ൩൨

സമുദായാഷ്ടവർഗ്ഗത്തിൽ ൨൫ ബിന്ദുക്കൾവരെയുള്ള രാശികൾ അധമങ്ങളും ൩൦ വരെ അക്ഷങ്ങൾ ഉള്ള രാശികൾ മദ്ധ്യമങ്ങളും മുപ്പതിൽ അധികമുള്ള രാശികൾ സുഖം, ധനം, കീർത്തി ഇവയെ ചെയ്യുന്നവയും ഭാവവൃദ്ധിഫലദങ്ങളും ആകുന്നു.

യേ തുംഗരാശിസ്വസുഹൃദ്ഗൃഹസ്ഥാ
യേ കോണകേന്ദ്രോപചയസ്ഥിതാശ്ച
യേ സൗമ്യവർഗ്ഗാദിബലോപയാതാ-
സ്തേ നാശദാ ലാഘവബിന്ദുകാശ്ചേൽ. ൩൩

ഗ്രഹങ്ങൾക്കു ഉച്ചസ്ഥാനം സ്വക്ഷേത്രം ബന്ധുക്ഷേത്രം ത്രികോണം കേന്ദ്രം ഉപചയം സൗമ്യവർഗ്ഗാദിബലം ഇവയൊക്കെ ഉണ്ടെങ്കിലും ബിന്ദുക്കൾ കുറഞ്ഞിരുന്നാൽ ദോഷത്തെ ചെയ്യും.

യേ ചാവസാനരിപുരന്ധ്രഗൃഹം ഗതാശ്ച
യേ നീചപാപരിപുഖേചരവർഗ്ഗയുക്താഃ
യേ മാന്ദിരാശിപതിനാ സഹ ബാധകാശ്ച
തേ സർവ്വമുഖ്യഫലദാസ്ത്വധിബിന്ദുകാശ്ചേൽ. ൩൪

ഗ്രഹങ്ങൾക്കു ൧൨. ൬. ൮ ഈ ഭാവങ്ങളിൽ സ്ഥിതി നീചം പാപയോഗം ശത്രുക്ഷേത്രം ഇവയിലുള്ള സ്ഥിതി, ഗുളികരാശ്യാധിപത്യം ഇവയൊക്കെയുണ്ടെങ്കിലും അഷ്ടവർഗ്ഗത്തിൽ ബിന്ദുക്കൾ അധികം ഉണ്ടായിരുന്നാൽ ശുഭമുഖ്യഫലത്തെ ചെയ്യും.

മാനസ്ഥിതാല്ലാഭഗൃഹേ ബഹുത്വേ
ലാഭാല്ലഘുത്വേ യദി രിഃഫരാശൌ
രിഃഫോപയാതാദധികേ വിലഗ്നേ
ജാതഃ സുഖീ വിത്തയശോബലാഢ്യഃ ൩൫

പത്താംഭാവത്തിൽ ഉള്ളതിനെക്കാൾ പതിനൊന്നിൽ ബിന്ദുക്കൾ അധികം ഉണ്ടായിരിക്കയും പതിനൊന്നിൽ ഉള്ളതിനേക്കാൾ പന്ത്രണ്ടിൽ ബിന്ദുക്കൾ കുറഞ്ഞിരിക്കയും പന്ത്രണ്ടിൽ ഉള്ളതിനേക്കാൾ ലഗ്നത്തിൽ ബിന്ദുക്കൾ അധികം ഉണ്ടായിരിക്കയും ചെയ്യുമ്പോൾ ജനിച്ചവൻ സുഖിയും ധനം യശസ്സ് ബലം ഇവയാൽ ആഢ്യനും ആയിത്തീരും.

ഖണ്ഡത്രയം ശഫരകർക്കടകീടകാദ്യം
തത്തച്ചതുഷ്ടയഗൃഹോപഗബിന്ദുയുക്തം
ആദ്യം തു മദ്ധ്യമവസാനമിതി പ്രയുക്തം
കേചിത്ത്രയാദികമിതി പ്രവദന്തി ലോകേ ൩൬

മീനം മുതൽ നാലു രാശികളിലെ ബിന്ദുക്കൾ ഒന്നിച്ചു കൂട്ടിയതിന് ആദ്യഖണ്ഡമെന്നും കർക്കടകം മുതൽ നാലു രാശികളിലെ ബിന്ദുക്കൾ ഒന്നിച്ചു കൂട്ടിയതിന

മദ്ധ്യഖണ്ഡമെന്നും വൃശ്ചികംമുതൽ നാലു ഖണ്ഡങ്ങളിലെ ബിന്ദുക്കൾ ഒന്നിച്ചുകൂട്ടിയതിന് അവസാനഖണ്ഡമെന്നും പറയുന്നു. ചിലർ ൧൨-ാംഭാവംമുതൽ നാന്നാലു രാശികളിലെ ബിന്ദുക്കൾ ഒന്നിച്ചുകൂട്ടിയതിനാണ് ആദ്യാദിഖണ്ഡങ്ങൾ എന്നു പറയുന്നത്.

ബിന്ദും ത്യക്ത്വാ രിഫരന്ധ്രോപയാതം
ശിഷ്ടം ഖണ്ഡം കേചിദിച്ഛന്തി സന്തഃ
തുല്യം സ്വല്പാധിക്യബിന്ദുക്രമേണ
മിശ്രം ദുഃഖം സമ്പദഃ സ്യുർന്നരാണാം. ൧൭

ചിലർ ൧൨-ാംഭാവത്തിലെയും അഷ്ടമത്തിലെയും ബിന്ദുക്കളെ ഒഴിച്ച് ആണ് മൂന്നു ഖണ്ഡത്തെ കല്പിക്കേണ്ടതെന്നു പറയുന്നു. ഇപ്രകാരം വരുത്തിയ മൂന്നു ഖണ്ഡത്തിൽ ബിന്ദുക്കൾ സമമായാൽ മിശ്രഫലവും സ്വല്പമായാൽ ദുഃഖവും അധികമുണ്ടായാൽ സമ്പത്തും സംഭവിക്കും.

സൌമ്യാക്രാന്തം യദി സുഖകരം മിശ്രിതം മിശ്രയോഗം
ഖണ്ഡം പാപദ്യുചരസഹിതം ശോകരോഗാകരം സ്യാൽ
ബിന്ദുഃ സ്വല്പോ യദി ഖലു മനസ്താപവാൻ വാ/പവാദീ
ബിന്ദ്വാധിക്യേ വയസി വിപുലശ്രീസമേതഃ പ്രജാതഃ ൧൮

ശുഭന്മാർ നില്ക്കുന്ന ഖണ്ഡം ശുഭഫലവും ശുഭപാപന്മാർ നില്ക്കുന്ന ഖണ്ഡം മിശ്രഫലവും പാപന്മാർ നില്ക്കുന്ന ഖണ്ഡം ശോകരോഗഫലവും ആകുന്നു. ഏതു ഖണ്ഡത്തിലാണോ സ്വല്പബിന്ദുക്കൾ ഉള്ളത് അപ്പോൾ ജനിക്കുന്നവൻ മനസ്താപത്തോടുകൂടിയവനും അപവാദിയും അധികബിന്ദുക്കൾ ഏതുഖണ്ഡത്തിലാണോ ഉള്ളത് അപ്പോൾ ജനിക്കുന്നവൻ വളരെ സമ്പത്തോടുകൂടിയവനും ആയിത്തീരും.

യാവൽ ബിന്ദൌ ലഗ്നഭാവേ തു താവൽ
സംഖ്യാതീതേ വത്സരേ രാജയാനം
വിത്തം പുത്രം ചാതിവിദ്യാമുപൈതി
ജാതഃ സമ്പദ്യോഗശാലീ നരഃ സ്യാൽ ൧൯

ലഗ്നഭാവത്തിൽ എത്ര ബിന്ദുക്കൾ ഉണ്ടോ അത്രയും സംവത്സരം കഴിയുമ്പോൾ ജാതന് രാജവാഹനം ധനം പുത്രൻ വിദ്യ സമ്പത്ത് ഇവ സിദ്ധിക്കും.

രിഃഫാധീശേ മന്ദഗേഹോദയസ്ഥേ
ഹോരാരന്ധ്രസ്വാമിനൌ ദുർബലൌ ച
ലഗ്നേ യാവദ് ബിന്ദുസംഖ്യാസ്തദീയാ
ജാതസ്യായുർവത്സരാഃ സംഭവന്തി ൨൦

൧൨-ാംഭാവാധിപൻ ശനിക്ഷേത്രത്തിലോ ലഗ്നത്തിലോ നില്ക്കുക, ലഗ്നാധിപനും അഷ്ടമാധിപനും ദുർബലന്മാരായിരിക്കുകയും ചെയ്താൽ ലഗ്നത്തിൽ എത്ര ബിന്ദുക്കൾ ഉണ്ടോ അത്രയും വത്സരം ജാതന്റെ ആയുസ്സ് സംഭവിക്കും.

യാനാധീശേ ലഗ്നഗേ വാഹനസ്ഥേ
ലഗ്നാധീശേ തദ്ഗൃഹോപേതരാശ്യോഃ
ത്രിംശദ്ബിന്ദ്വാധിക്യയുക്തേ തു ജാതഃ
ശ്രീമാൻ രാജാ മണ്ഡലാധീശ്വരോ വാ ൨൧

നാലാംഭാവാധിപൻ ലഗ്നത്തിലും ലഗ്നാധിപൻ നാലിലും നില്ക്കയും ആ രാശികളിൽ മുപ്പതിൽ അധികം ബിന്ദുക്കൾ ഉണ്ടായിരിക്കയും ചെയ്യുമ്പോൾ ജനിച്ചവൻ ശ്രീമാനായോ രാജാവായോ മണ്ഡലാധീശ്വരനായോ തീരും.

ഹോരാബന്ധുപ്രാപ്തിഭാവത്രയേഷു
ത്രിംശന്മാനാധിക്യബിന്ദൂപഗേഷു
ജാതസ്തേജഃശ്രീബഹുത്വം ച രാജ്യം
ചത്വാരിംശദ്വത്സരാദൂർദ്ധ്വമേതി. ൬൨

ലഗ്നം, ൪-൧൧-ഈ മൂന്നുഭാവങ്ങളിൽ ൩൦ ൽ അധികം ബിന്ദുക്കൾ വന്നാൽ തേജസ്സ്, വളരെ സമ്പത്ത്, രാജ്യം ഇവ ൪൦ വയസ്സിനുമേൽ സിദ്ധിക്കും.

യൽ പഞ്ചവിംശതിമുഖാസ്ത്രിദശാന്തസംഖ്യാ
ബന്ധുസ്ഥിതാ നവമരാശിഗബിന്ദവശ്ച
യദ്വ്യഷ്ടകേന സഹ വിംശതിവത്സരാണാ-
മന്തേ പരേ ശരദി വാ നരവാഹനാഢ്യഃ ൬൩

നാലിലും ഒൻപതിലും ഇരുപത്തഞ്ചു മേൽ മുപ്പതോളം ബിന്ദുക്കൾ ഉണ്ടായിരുന്നാൽ ജാതൻ ൨൦ വയസ്സിനുശേഷം കുബേരസദൃശനായിത്തീരും.

ദേവാചാര്യേ വാഹനസ്ഥേ സ്വതുംഗേ
ചത്വാരിംശദ്ബിന്ദുസംഖ്യാസമേതേ
മേഷാഗാരേ ലഗ്നഗേ വാസരേശേ
ജാതോ രാജാ ലക്ഷസംഖ്യാശ്വനാഥഃ ൬൪

വ്യാഴം നാലിൽ ഉച്ചരാശിയിൽ നില്ക്കയും ൪൦ ബിന്ദുക്കൾ ഉണ്ടായിരിക്കയും സൂര്യൻ മേടലഗ്നത്തിൽ നില്ക്കയും ചെയ്താൽ രാജാവായും ലക്ഷം അശ്വങ്ങളുടെ നാഥനായും തീരും.

ചത്വാരിംശൽബിന്ദുയുക്തേ വിലഗ്നേ
ചാപേ ജീവേ ഭാർഗ്ഗവേ മീനരാശൗ
സ്വോച്ചേ ഭൗമേ കുംഭഗേ ഭാനുപുത്രേ
ജാതഃ സർവ്വശ്രീധരഃ സാർവ്വഭൗമഃ ൬൫

വ്യാഴം ൪൦ ബിന്ദുക്കളോടുകൂടി ധനുലഗ്നത്തിലും, ശുക്രൻ മീനത്തിലും ചൊവ്വ മകരത്തിലും ശനി കുംഭത്തിലും നില്ക്കുമ്പോൾ ജനിച്ചവൻ സകലൈശ്വര്യസമ്പൂർണ്ണനായ സാർവ്വഭൗമനായിത്തീരും.

ക്രിയാദിരാശിത്രിതയോപയാതാ
ഭവന്തി പൂർവ്വാദിചതുർദ്ദിശശ്ച
ഫലാധികേ യദ്ദിശി തൽപ്രദേശേ
ധനാഭിവൃദ്ധിം സമുപൈതി ജാതഃ ൬൬

മേടംതുടങ്ങി മുമ്മൂന്നുരാശികളിലെ ബിന്ദുക്കളെ കൂട്ടിയതു പൂർവ്വാദിദിക്കുകളാകുന്നു. അവയിൽ അധികം ബിന്ദുക്കൾ ഉള്ള ദിക്കിൽ ജനിച്ചവനു ധനാഭിവൃദ്ധി ഉണ്ടാകും. മേടം ചിങ്ങം ധനു കിഴക്കും, ഇടവം കന്നി മകരം തെക്കും, മിഥുനം തുലാം കുംഭം പടിഞ്ഞാറും, കർക്കടകം വൃശ്ചികം മീനം വടക്കും ആണ്.

ലഗ്നാദിശന്യന്തഗതൈസ്തു രംഗൈഃ
സംഗുണ്യ താരാഹൃതലബ്ധയാതേ
രവ്യാദിപാപേ യദി കോണഗേ വാ
രോഗാദിപീഡാ വിപുലാ നരാണാം. ൩൧

ലഗ്നം തുടങ്ങി ശനി നില്ക്കുന്നതുവരെയുള്ള രാശികളിലെ ബിന്ദുക്കളെ ഒരുമിച്ചു കൂട്ടി ൬-ൽ ഗുണിച്ച് ൨൭ കൊണ്ട് ഹരിച്ച ശിഷ്ടം എത്രയോ, അശ്വതിതുടങ്ങി അത്രയും നക്ഷത്രത്തിൽ സൂര്യൻതുടങ്ങിയ പാപഗ്രഹങ്ങൾ നിൽക്കുന്ന കാലത്തിലോ അതിന്റെ ത്രികോണത്തിൽ നില്ക്കുന്ന കാലത്തിലോ രോഗാദിപീഡ ഉണ്ടാകും.

മന്ദാദിലഗ്നാന്തഫലം ച തദ്വൽ
ലഗ്നാന്തമാരാദ്ഥവാ കുജാന്തം
ശുഭൈക്യസംഖ്യാകൃതതാരകായാ-
മേവം ശുഭേ ശോഭനമാഹുരാര്യാഃ. ൩൨

ശനി നില്ക്കുന്ന രാശിമുതൽ ലഗ്നംവരെയും, ലഗ്നംമുതൽ ശനി നില്ക്കുന്ന രാശിവരെയും, കുജൻനില്ക്കുന്ന രാശിമുതൽ ലഗ്നംവരെയും, ലഗ്നംമുതൽ കുജൻ നില്ക്കുന്ന രാശിവരെയും, ഉള്ള രാശികളെ ഒരുമിച്ചുകൂട്ടി ഈ യോഗത്തെ നാലിനേയും പ്രത്യേകം പ്രത്യേകം ഏഴിൽ പെരുക്കി ൨൭ കൊണ്ട് ഹരിച്ചുകിട്ടിയ ഫലത്തോളം വയസ്സു ചെല്ലുമ്പോഴും; ശിഷ്ടം എത്രയോ അശ്വതി തുടങ്ങി അത്രയും നക്ഷത്രത്തിൽ പാപഗ്രഹങ്ങൾ ചാരവശാൽ നില്ക്കുന്ന കാലവും രോഗാദിപീഡകൾ ഉണ്ടാകും. ഇപ്രകാരം ലഗ്നംമുതൽ ഗുരു മുതലായ ശുഭഗ്രഹങ്ങൾ നില്ക്കുന്നതുവരെയും, ഗുരു മുതലായ ശുഭഗ്രഹങ്ങൾ നില്ക്കുന്നിടംമുതൽ ലഗ്നംവരെയും ഉള്ള അക്ഷരങ്ങളെയും ഒന്നിച്ചുകൂട്ടി ൭ ൽ ഗുണിച്ച് ൨൭ കൊണ്ടു ഹരിച്ചുവരുന്ന ഫലത്തോളവും വയസ്സു ചെല്ലുമ്പോഴും, ശിഷ്ടം എത്രയോ അത്രാമത്തെ നക്ഷത്രത്തിൽ ഗുരു മുതലായ ശുഭഗ്രഹങ്ങൾ നില്ക്കുന്ന കാലവും ഭാഗ്യസുഖാദികളും ഉണ്ടാകും.

ശോധ്യം രാശിദ്യുചരഗുണകൈഃ സംഗുണിത്വാ തദൈക്യം
ഹത്വാ ശൈലൈരുഡുഗണഹൃതം ലബ്ധമബ്ദാദികം സ്യാൽ
മാനാധിക്യേ വിശതമശതേ താരകായുസ്ത്രരാംഗൈ-
സ്സംഗുണ്യാപ്തം ദിവസനിചയൈർമ്മാതുലൈഃ ശുദ്ധമായുഃ.

സമുദായാഷ്ടവർഗ്ഗത്തെ വിന്യസിച്ചു ഭിന്നാഷ്ടവർഗ്ഗപ്രകാരം ത്രികോണാദി ശോധനചെയ്തു ലഭിച്ച ശിഷ്ടത്തെ രാശിഗ്രഹഗുണകാരങ്ങൾകൊണ്ടു ഗുണിച്ച് ഒരുമിച്ചുകൂട്ടിയതു ശോധ്യപിണ്ഡമാണ്. ഇതിനെ ഏഴുകൊണ്ടു ഗുണിച്ച് ൨൭ കൊണ്ടു ഹരിച്ചുകിട്ടിയ ഫലം വർഷമാണ്. ശേഷത്തെ ൧൨ മുതലായതുകൊണ്ടു ഗുണിച്ചു യഥാക്രമം മാസാദികളും വരുത്തിക്കൊള്ളണം. സംവത്സരസ്ഥാനം നൂറിൽ അധികമുണ്ടെങ്കിൽ നൂറുകളഞ്ഞു ശിഷ്ടമുള്ളതു പരമായുസ്സാണ്. ഈ സംവത്സരത്തെയും മാസത്തെയും ഇറക്കി ദിവസമാക്കി (വരാംഗ) ൬൪൪ കൊണ്ടു ഗുണിച്ചു (മാതുല) ൬൩൫ കൊണ്ടു ഹരിച്ചുകിട്ടുന്നതു സൌരസംവത്സരമാണ്. ഇതു പരമായുസ്സാകുന്നു.

സ്വല്പമദ്ധ്യബഹുമാനവത്സരാ മണ്ഡലോനയുതകർമ്മകല്പിതാഃ
തുല്യകാലമുപയാതി സർവ്വതഃ സദ്ഗുരുദയകടാക്ഷവീക്ഷണാൽ.

സ്വല്പായുര്യോഗമുണ്ടെങ്കിൽ സമുദായായുസ്സംഖ്യയിൽ മണ്ഡലത്തെ കുറയ്ക്കുയും

ദീർഘായുസ്സാണെങ്കിൽ കൂട്ടുകയും ചെയ്യണം. മദ്ധ്യമായുസ്സാണെങ്കിൽ കൂട്ടുകയും കുറയ്ക്കുകയും വേണ്ട. ഇതൊക്കെയും ഗുരുകടാക്ഷംകൊണ്ടേ ഫലവത്താകയുള്ളൂ.

ശ്രീവൈദ്യനാഥകൃതജാതകപാരിജാതേ
പാരാശരാദിഫലസാരരസോപയാതേ
പ്രസ്താരഭിന്നസമുദായകബിന്ദുശീലഃ
സങ്കീർത്തിതോ രവിമുഖദ്യുചരപ്രസാദാൽ. ൰

ഇതി ജാതകപാരിജാതേ അഷ്ടവർഗ്ഗാദ്ധ്യായോ ദശമഃ

ഇങ്ങനെ വൈദ്യനാഥകൃതമായ ജാതകപാരിജാതത്തിൽ ഭിന്നാഷ്ടവർഗ്ഗം സമുദായാഷ്ടവർഗ്ഗം പ്രസ്താരാഷ്ടവർഗ്ഗം ഇവയേയും തൽഫലങ്ങളേയും സൂര്യ്യാദിഗ്രഹങ്ങളുടെ പ്രസാദംകൊണ്ട് എന്നാൽ പറയപ്പെട്ടു.

ഇങ്ങനെ ജാതകപാരിജാതത്തിൽ പത്താംഅദ്ധ്യായത്തിന്റെ
വ്യാഖ്യാനം സമ്പൂർണ്ണം.

കേരള സാഹിത്യ അക്കാദമി

അ. ൧൧ ഏകാദശോഽദ്ധ്യായഃ

ഭാവഫലാനി

ഹോരാലങ്കാരമുഖ്യപ്രഭവശുഭഫലാദീനി സർവ്വാണി പുംസാം
തത്തദ്ഭാവോത്ഭവാനി ദ്യുചരബലവശാദ്യാനി താനി പ്രവക്ഷ്യേ
യേ യേ ഭാവാഃ സിതജ്ഞാമരഗുരുപതിഭിഃ സംയുതാവീക്ഷിതാ വാ
നാന്യൈർദൃഷ്ടാ ന യുക്താ യദി ശുഭഫലദാ മൂർത്തിഭാവാദികേഷു

ഈ അദ്ധ്യായത്തിൽ ഗ്രഹങ്ങളുടെ ബലാബലമനുസരിച്ച് ലഗ്നാദിദ്വാദശഭാവാന്തമുള്ള ഓരോ ഭാവങ്ങളുടേയും ശുഭഫലങ്ങളെ എല്ലാം പറയുന്നു. ഏതേതു ഭാവങ്ങളാണോ ശുക്രൻ ബുധൻ വ്യാഴം സ്വാപതി ഇവരുടെ യോഗത്തോടോ ദൃഷ്ടിയോടോ കൂടി ഇരിക്കുന്നത് അതതു ഭാവങ്ങൾക്കു പുഷ്ടിയും ശുഭഫലദായകത്വവും ഉണ്ടായിരിക്കും. അന്യഗ്രഹങ്ങളുടെ യോഗദൃഷ്ടികൾ ഉണ്ടായാൽ അവ സിദ്ധിക്കയില്ല.

തന്വാദിഭാവേഷു ശുഭോദയേഷു
തദ്ഭാവനാഥോപഗതേക്ഷിതേഷു
തദുക്തഭാവസ്യ സമൃദ്ധിരുക്താ
ന പാപഖേടേക്ഷിതസംയുതേഷു. ൧

ലഗ്നാദിഭാവങ്ങൾക്കു ശുഭോദയമോ അതതു ഭാവനാഥന്മാരുടെ യോഗദൃഷ്ടികളോ ഉണ്ടെങ്കിൽ അതതു ഭാവങ്ങൾക്കു പുഷ്ടിയും പാപഗ്രഹദൃഷ്ടിയോഗങ്ങൾ ഉണ്ടെങ്കിൽ ആ ഭാവത്തിനു ഹാനിയും സംഭവിക്കും.

നീചസ്ഥോ രിപുരാശിസ്ഥഃ ഖേടോ ഭാവവിനാശകഃ
മൂലസ്വതുംഗമിത്രസ്ഥോ ഭാവവൃദ്ധികരോ ഭവേൽ. ൨

നീചത്തിലും ശത്രുക്ഷേത്രത്തിലും നിൽക്കുന്ന ഗ്രഹത്തിനു ഭാവഹാനിയും മൂലത്രികോണം സ്വക്ഷേത്രം ഉച്ചം ബന്ധുക്ഷേത്രം ഈ സ്ഥാനങ്ങളിൽ നിൽക്കുന്ന ഗ്രഹത്തിനു ഭാവപുഷ്ടിയും ഫലമാകുന്നു.

യദ്ഭാവനാഥോ രിപുരിഃഫരന്ധ്രേ
ദുഃസ്ഥാനകേ പാപയുതസ്ഥിതോ വാ
തദ്ഭാവനാശം കഥയന്തി തജ്ഞാഃ
ശുഭേക്ഷിതശ്ചേൽ ഫലമന്യഥാ സ്യാൽ ൪

ഏതു ഭാവനാഥനാകട്ടെ ൬-൧൨-൮ ഈ ഭാവങ്ങളിലോ മററു അനിഷ്ടസ്ഥാനങ്ങളിലോ പാപയോഗാദികളോടുകൂടി നില്ക്കുന്നു. ആ ഭാവത്തിനു ഹാനിയും, ശുഭയോഗദൃഷ്ട്യാദികൾ ഉണ്ടെങ്കിൽ ഭാവത്തിന്നു പുഷ്ടിയും ജ്യോതിശ്ശാസ്ത്രജ്ഞന്മാർ പറയുന്നു.

യദ്ഭാവപേ കേന്ദ്രഗതേ വിലഗ്നാൽ
ത്രികോണഗേ വാ യദി സൗമ്യദൃഷ്ടേ
തുംഗാദിവർഗ്ഗോപഗതേ ബലാഢ്യേ
തദ്ഭാവപുഷ്ടിം ഫലമാഹുരാര്യാഃ. ൫

ഏതൊരു ഭാവാധിപനാണു് കേന്ദ്രങ്ങളിലോ ലഗ്നത്തിന്റെ ത്രികോണത്തിലോ ഉച്ചം മുതലായ വർഗ്ഗത്തിലോ ശുഭദൃഷ്ടിയോടുകൂടി ബലവാനായി നില്ക്കുന്നതു്, ആ ഭാവത്തിനു പുഷ്ടിയുണ്ടെന്നു് ആചാര്യന്മാർ പറയുന്നു.

തത്തത്ഭാവത്രികോണേ സുഖമദനഗൃഹേ വാസ്പദേ സൗമ്യയുക്തേ
പാപാനാം ദൃഷ്ടിഹീനേ ഭവനപസഹിതേ പാപഖേടൈരയുക്തേ
ഭാവാനാം പുഷ്ടിമാഹുഃ സകലശുഭകരം ചാന്യഥാ ചേൽപ്രണാശം
മിശ്രം മിശ്രഗ്രഹൈന്ദ്രൈരഖിലമപി തഥാ മൂർത്തിഭാവാദികാനാം.

അതതു ഭാവത്തിന്റെ ൫-൯ ൪-൭-൧൦ ഈ ഭാവങ്ങളിൽ സൌമ്യയോഗവും പാപയോഗദൃഷ്ടികളില്ലാതിരിക്കയും അധിപന്മാർ ഉണ്ടായിരിക്കുകയും ചെയ്താൽ അതതു ഭാവങ്ങൾക്കു പുഷ്ടിയും ഇപ്രകാരമല്ലെങ്കിൽ ഭാവഹാനിയും പാപശുഭസംമിശ്രമായിരുന്നാൽ മിശ്രഫലവും ആകുന്നു.

നാശസ്ഥാനഗതോ ദിവാകരകരച്ഛന്നസ്തു യദ്രാശിപോ
നീചാരാതിഗതോഥവാ യദി ശുഭൈഃ ഖേടൈരയുക്തസ്ഥിതഃ
തദ്ഭാവസ്യ വിനാശനം മുനിഗണാഃ ശംസന്തി ഖേടൈര്യുതോ
യദ്യത്രാപി ഫലപ്രദോ നഹി തഥാ മൂർത്ത്യാദിഭാനാം ക്രമാൽ.

ഏതൊരു രാശ്യധിപനാകട്ടെ മൌഢ്യം, നീചം, ശത്രുക്ഷേത്രസ്ഥിതി, ശുഭഗ്രഹങ്ങളുടെ അയോഗം ഇവയോടുകൂടി അഷ്ടമത്തിൽ നിൽക്കുന്നതു്, ആ ഭാവത്തിനു മുനികൾ വിനാശത്തെ പറയുന്നു. അത്രതന്നെയുമല്ല ആ ഭാവത്തിൽ ഗ്രഹങ്ങൾ ഉണ്ടെങ്കിലും ഫലത്തെ പ്രദാനംചെയ്യുകയില്ല.

ദുഃസ്ഥാനേ വാരിഗേ മൂഢേ ദുർബലേ ഭാവനായകേ
ഭാവസ്യ സമ്പദം കർത്തും ന ശക്തോ ഭാവമാശ്രിതഃ ൮

ഭാവാധിപൻ ഭാവത്തിൽ നിൽപ്പുണ്ടെങ്കിലും ദുഃസ്ഥാനം ശത്രുക്ഷേത്രം ഇവയിൽ സ്ഥിതി, മൌഢ്യം, ദുർബലത്വം ഇവയുണ്ടെങ്കിൽ ഭാവപുഷ്ടിയെ ചെയ്യുവാൻ സമർത്ഥനല്ല.

ദുഷ്ടസ്ഥിതോ വാപി യദാ നഭോഗഃ
പാപാരിനീചാംശകസംയുതോ യഃ
സ്വതുംഗമിത്രാംശകരാശിയുക്തഃ
ശുഭേക്ഷിതോ വാ യദി ശോഭനഃ സ്യാൽ ൯

ഏതുഗ്രഹത്തിനും ദുഷ്ടസ്ഥിതി, പാപയോഗം, ശത്രുക്ഷേത്രസ്ഥിതി, നീചാംശകം, ഇവയുണ്ടെങ്കിലും, സ്വക്ഷേത്രം, ഉച്ചം, മിത്രക്ഷേത്രം ഉച്ചാംശകം ഇവയിൽ സ്ഥിതി, ശുഭദൃഷ്ടി ഇവ ഉണ്ടെങ്കിൽ ശുഭപ്രദനാകുന്നു.

ഭാവേശാക്രാന്തരാശീശേ ദുഃസ്ഥേ ഭാവസ്യ ദുർബലം
സ്വോച്ചമിത്രസ്വരാശിസ്ഥേ ഭാവപുഷ്ടിം വദേൽ ബുധഃ

ഭാവാധിപൻനിന്ന രാശിയുടെ അധിപൻ ദുഷ്ടസ്ഥാനങ്ങളിൽ നിന്നാൽ ഭാവത്തിന്ന് ബലഹാനിയും, തന്റെ ഉച്ചം, ബന്ധുക്ഷേത്രം, സ്വക്ഷേത്രം ഇവ സ്ഥാനങ്ങളിൽ നിന്നാൽ ഭാവപുഷ്ടിയും ഫലമാകുന്നു.

യൽ ഭാവലാഭധനവിക്രമരാശിയാതാ
യൽ ഭാവനാഥസുഹൃദുച്ചതദുച്ചനാഥാഃ
തൽ ഭാവപുഷ്ടിബലമംബരചാരിണസ്തേ
കുർവ്വന്തി നീചരിപുമൂഢവിവർജ്ജിതാശ്ചേൽ.

ഭാവാധിപനോ ബന്ധുക്ഷേത്രാധിപനോ ഉച്ചാധിപനോ ബന്ധുവിന്റെ ഉച്ചാധിപനോ ആ ഭാവത്തിന്റെ ൧൧-൨-൩ ഈ ഭാവങ്ങളിൽ നീചം, ശത്രുയോഗം, മൗഢ്യം ഇവയോടുകൂടാതെ നിന്നാൽ ഭാവപുഷ്ടിയും ഭാവബലവും ഉണ്ടായിരിക്കും.

ഭാവാംശതുല്യഃ ഖലു വർത്തമാനോ
ഭാവോത്ഭവം പൂർണ്ണഫലം വിധത്തേ
ഭാവോനകേ ചാപ്യധികേ ച ഖേടേ
ത്രൈരാശികേനാത്ര ഫലം വിചാര്യം ൧൨

ഭാവത്തിൽ നില്ക്കുന്ന ഗ്രഹം ഭാവാംശകങ്ങൾക്കു തുല്യമായിരുന്നാൽ ഭാവത്തിന്ന് പൂർണ്ണഫലത്തെ ചെയ്യും. ഭാവാംശകത്തിൽ കുറഞ്ഞോ അധികമായോ നിന്നാൽ ത്രൈരാശികപ്രകാരം ഫലത്തെ വിചാരിച്ചുകൊള്ളണം.

ലഗ്നഫലം —

ശരീരവർണ്ണാകൃതിലക്ഷണാനി
യശോഗുണസ്ഥാനസുഖാസുഖാനി
പ്രഭാവതേജോബലദുർബലാനി
ഫലാനി ലഗ്നസ്യ വദന്തി സന്തഃ ൧൩

ശരീരം, നിറം, ആകൃതി അടയാളം യശസ്സ്, ഗുണം, സ്ഥാനം, സുഖദുഃഖങ്ങൾ, പ്രഭാവം, തേജസ്സ് ഇവയുടെ ബലാബലം ലഗ്നംകൊണ്ടു വിചാരിക്കണം.

നരശ്ചിരായുർന്നൃപപൂജിതഃ സുഖീ
ലഗ്നം ഭവേൽ സൗമ്യഗ്രഹം യദാ തഥാ
ലഗ്നേ യദാ സ്വാമിനിരീക്ഷിതോ ധനീ
കുശാഗ്രബുദ്ധിഃ കുലകീർത്തിവർദ്ധനഃ ൧൪

ലഗ്നം ശുഭക്ഷേത്രമായാൽ ദീർഘായുസ്സായും രാജപൂജിതനായും, സുഖിയായും,

ലഗ്നത്തിൽ ലഗ്നാധിപദൃഷ്ടിയുണ്ടെങ്കിൽ ധനവാനായും കുശാഗ്രബുദ്ധിയായും കുലത്തിന്റെ കീർത്തിയെ വർദ്ധിപ്പിക്കുന്നവനായും ഭവിക്കും.

ലഗ്നാംശപാദ്വീര്യയുതഗ്രഹാദ്വാ
തന്വസ്വരൂപാകൃതിലക്ഷണാനി
വർണ്ണം വദേച്ചന്ദ്രനവാംശനാഥാ-
ദ്വിലഗ്നഭാൽ സർവ്വശുഭാശുഭാനി. ൨൩

ലഗ്നാംശകാധിപനെക്കൊണ്ടോ ജനനകാലത്തിൽ അധികബലവാനായ ഗ്രഹത്തെക്കൊണ്ടോ ദേഹസ്വരൂപാകൃതിലക്ഷണങ്ങളേയും, ചന്ദ്രനവാംശകാധിപനെക്കൊണ്ടു നിറത്തേയും ലഗ്നംകൊണ്ടു സകല ശുഭാശുഭഫലങ്ങളേയും ചിന്തിക്കണം.

ത്രികോണകേന്ദ്രേ യദി ലഗ്നനാഥേ
ശുഭാന്വിതേ ശോഭനവീക്ഷിതേ വാ
ശുഭഗ്രഹേഽസ്തംഗഗതേ ബലാഢ്യേ
ചതുസ്സമുദ്രാന്തയശഃ സമേതി. ൨൪

ലഗ്നാധിപൻ ത്രികോണത്തിലോ കേന്ദ്രത്തിലോ ശുഭയോഗദൃഷ്ടികളോടുകൂടി നില്ക്കയും, ശുഭഗ്രഹം ഏഴിൽ നില്ക്കയും ചെയ്താൽ നാലു സമുദ്രത്തിന്റെയും അവസാനംവരെ യശസ്സുള്ളവനായി തീരും.

ഹോരാധിനാഥേ രിപുരിഃഫരന്ധ്രേ
പാപാന്വിതേ പാപനിരീക്ഷിതേ വാ
പാപഗ്രഹാണാം ഭവനോപയാതേ
ജാതോഽപ്രകാശോ ഭവതീഹ മർത്ത്യഃ. ൨൫

ലഗ്നാധിപൻ ൬ ൮-൧൨ ഈ ഭാവങ്ങളിൽ പാപയോഗദൃഷ്ടികളോടുകൂടി നില്ക്കയും ആ ഭാവങ്ങൾ പാപക്ഷേത്രമായിരിക്കയും ചെയ്യുമ്പോൾ ജനിച്ചവൻ പ്രസിദ്ധിയില്ലാത്തവനായിത്തീരും.

കീർത്തിസ്ഥാനപതൗ വിലഗ്നഭവനേ ജാതസ്സ്വയം കീർത്തിമാൻ
വിത്തസ്ഥേ തു വിശേഷകീർത്തിസഹിത സ്വോച്ചാരിവർഗ്ഗാന്വിതേ
ദുഃസ്ഥേ ചഞ്ചലയാത്രയാ ഹതതനുർജ്ജാതോഽഥവാ ദുർജ്ജനഃ
കേന്ദ്രേ കോണഗതേ ശുഭഗ്രഹയുതേ യാത്രാസുഖം ജായതേ ൨൬

ലഗ്നാധിപൻ, ലഗ്നത്തിൽനിന്നാൽ തനിയെ കീർത്തിമാനായും, രണ്ടാമിടത്തു നിന്നാൽ വിശിഷ്ടകീർത്തിയോടുകൂടിയവനായും, തന്റെ ഉച്ചാരിവർഗ്ഗത്തോടുകൂടി ദുഃസ്ഥാനത്തുനിന്നാൽ ബദ്ധപ്പെട്ട യാത്രയാൽ ദേഹക്ലേശമുള്ളവനോ ദുർജ്ജനമോ ആയിത്തീരുകയും ചെയ്യും. കേന്ദ്രത്രികോണങ്ങളിൽ ശുഭന്മാരോടുകൂടി നിന്നാൽ യാത്രാസുഖം ഉണ്ടാകും.

ഹോരാസ്വാമിനി പഞ്ചമേ യദി സുതസ്ഥാനേശയുക്തേ യദാ
ഭാഗ്യേ വാ യദി ഭാഗ്യപേന സഹിതേ ലഗ്നേ യശസ്വീ പിതാ
ഭ്രാതൃസ്ഥാനപതൗ വിലഗ്നഗൃഹഗേ തൽകാരകഭ്രാതൃപാ-
വേകസ്ഥൗ ബലശാലിനൗ ച യദി വാ തൽസോദരഃ കീർത്തിമാൻ

ലഗ്നാധിപൻ അഞ്ചിൽ അഞ്ചാംഭാവാധിപനോടുകൂടി നില്ക്കയോ അല്ലെങ്കിൽ ഒൻപതിൽ നില്ക്കയോ ഒൻപതാംഭാവാധിപനോടുകൂടി ലഗ്നത്തിൽ നില്ക്കു

യം ചെയ്യുമ്പോൾ ജനിച്ചവന്റെ അച്ഛൻ കീർത്തിമാനായിത്തീരും. ൩-൧൧-ഈ ഭാവങ്ങളുടെ അധിപൻ ലഗ്നത്തിൽ നിൽക്കയോ ഭ്രാതൃകാരകനും (ചൊവ്വായും) സഹോദരസ്ഥാനാധിപനും ഒന്നിച്ചു ബലവാനായിട്ടു നിൽക്കയോ ചെയ്താൽ സോദരൻ കീർത്തിമാനായിത്തീരും.

വിദ്യാധിപേ വാ യദി ചന്ദ്രസൂനൗ
ലഗ്നേ സുഖേ ലഗ്നപസംയുതേ വാ
ബലാന്വിതേ പാപദൃശാ വിഹീനേ
വിദ്യായശസ്വീ ഭവതി പ്രജാതഃ ൨൦

വിദ്യാസ്ഥാനാധിപനോ (നാലാംഭാവാധിപനോ) ബുധനോ ലഗ്നത്തിലോ നാലിലോ നിൽക്കയോ ലഗ്നാധിപനോടുകൂടി നിൽക്കയോ ചെയ്കയും ഇവൎക്കു ബലമുണ്ടായിരിക്കയും പാപദൃഷ്ടിയില്ലാതിരിക്കയും ചെയ്യുമ്പോൾ ജനിച്ചവൻ വിദ്യയോടും യശസ്സോടും കൂടിയവനായിത്തീരും.

ധൎമ്മോദയേശൗ നവമോദയസ്ഥൗ
തന്മസ്ഥിതൗ വാ തനുധൎമ്മനാഥൗ
സുരേന്ദ്രവന്ദ്യേക്ഷണസംയുതശ്ചേൽ
സമേതി ജാതശ്ചിരകാലഭാഗ്യം ൨൧

ഒൻപതാംഭാവാധിപൻ ഒന്നിലും ലഗ്നാധിപൻ ലഗ്നത്തിലും നിൽക്കയും അല്ലെങ്കിൽ അവർ രണ്ടുപേരും ലഗ്നത്തിൽ നിൽക്കയും അല്ലെങ്കിൽ അവൎക്കു ഗുരുവിന്റെ ദൃഷ്ടിയോഗങ്ങളും ഉണ്ടായിരിക്കയും ചെയ്യുമ്പോൾ ജനിച്ചവൻ വളരെക്കാലം ഭാഗ്യമുള്ളവനായിത്തീരും.

ലഗ്നാധിപസ്യ വ്യയഗേ തദുച്ച-
മിത്രേ സുഹൃത്തുംഗഖഗേക്ഷിതേ വാ
തദ്രാശിഗേ വാ യദി മിത്രഖേടേ
തസ്യ സ്ഥിതിർജന്മവസുന്ധരായാം ൨൨

ലഗ്നാധിപന്റെ ൧൨-ൽ ഉച്ചത്തിലോ ബന്ധുക്ഷേത്രത്തിലോ ബന്ധുഗ്രഹം നിൽക്കയോ അല്ലെങ്കിൽ ലഗ്നാധിപന്റെ ബന്ധുവിന്റെ ഉച്ചനാഥനായ ഗ്രഹത്തിന്റെ ദൃഷ്ടിയോടുകൂടി ബന്ധുഗ്രഹം നിൽക്കയോ തദ്രാശിയിൽ നിൽക്കയോ ചെയ്യുമ്പോൾ ജനിച്ചവൻ സ്വദേശത്തിൽതന്നെ പാൎക്കുന്നവനായിരിക്കും.

ലഗ്നേശാദ്വ്യയഗേ വിലഗ്നപരിപൌ നീചേഥവാ ദുർബലേ
ജാതോ യാതി വിദേശമത്ര മനുജാചാൎയ്യേണ ദൃഷ്ടേ യദി
തത്രൈവ സ്ഥിതിരന്യപേ രവികരച്ഛന്നേ വിലഗ്നാധിപാ-
ദല്പഗ്രാമചരോ ബലിന്യപി ഘനഗ്രാമാധിവാസോ ഭവേൽ ൨൩

ലഗ്നാധിപന്റെ ശത്രുഗ്രഹം നീചനായിട്ടോ ബലവാനായിട്ടോ ലഗ്നാധിപന്റെ ൧൨-ൽ നില്ക്കുമ്പോൾ ജനിച്ചവൻ വിദേശവാസിയായിത്തീരും. ഈ ശത്രുഗ്രഹത്തിനു ശുക്രദൃഷ്ടിയുണ്ടെങ്കിൽ വിദേശത്തിൽതന്നെ താമസിക്കും. ലഗ്നാധിപങ്കൽനിന്നു ൧൨-ാംഭാവാധിപൻ മൌഢ്യത്തോടുകൂടി നിൽക്കുമ്പോൾ ജനിച്ചവൻ അല്പഗ്രാമത്തിൽ സഞ്ചരിക്കുന്നവനായും ബലവാനാണെങ്കിൽ പട്ടണത്തിൽ താമസിക്കുന്നവനായും തീരും.

ഹോരേശാദ്വ്യയപേ വിലഗ്നഭവനാൽ കേന്ദ്രത്രികോണസ്ഥിതേ
മിത്രസ്വോച്ചഗൃഹോപഗേ ശുഭയുതേ പാൎശ്വദ്വയേ മാനവഃ

ചേതോരമ്യമഹീചരോ ദിവിചരാചാര്യേന്ദുശുക്രേക്ഷിതേ
ദിവ്യക്ഷേത്രമുപൈതി ജന്മധരണീവാസം തദസ്തേ രിപൌ ൨൪

ലഗ്നാധിപന്റെ പന്ത്രണ്ടാംഭാവാധിപൻ ലഗ്നത്തിന്റെ കേന്ദ്രത്രികോണങ്ങളിൽ ബന്ധുക്ഷേത്രത്തിലോ സ്വക്ഷേത്രത്തിലോ ഉച്ചരാശിയിലോ നിൽക്കുകയും ഇരുവരും ശുഭവാന്മാരായിരിക്കയും ചെയ്യുമ്പോൾ ജനിച്ചവൻ മനോഹരമായ ഭൂമിയിൽ സഞ്ചരിക്കുന്നവനായും അവന്ന് ഗുരു ചന്ദ്രൻ ശുക്രൻ ഇവരുടെ ദൃഷ്ടിയുണ്ടായിരുന്നാൽ ദിവ്യക്ഷേത്രത്തിൽ സഞ്ചരിക്കുന്നവനായും തീരും. എങ്കിലോ ആറിലോ ഇപ്രകാരം നിന്നാൽ സ്വദേശത്തിൽ (ജന്മഭൂമിയിൽ) തന്നെ സഞ്ചരിക്കയും ചെയ്യും.

വിദേശഭാഗ്യം ചരഭേ വിലഗ്നേ
ചരേ തദീശേ ചരഖേടദൃഷ്ടേ
സ്ഥിതഃ സ്വദേശേ ബഹുഭാഗ്യയുക്തഃ
സ്ഥിരഗ്രഹൈർഭൂരിധനാന്വിതഃ സ്യാൽ ൨൫

ലഗ്നം ചരരാശിയാകയും ലഗ്നാധിപൻ ചരരാശിയിൽ നിൽക്കയും ചരഗ്രഹങ്ങളുടെ ദൃഷ്ടിയുണ്ടായിരിക്കയും ചെയ്താൽ വിദേശത്തിൽ ഭാഗ്യമുള്ളവനായും. ലഗ്നം സ്ഥിരരാശിയാകയും ലഗ്നാധിപൻ സ്ഥിരരാശിയിൽ നിൽക്കയും സ്ഥിരഗ്രഹങ്ങളുടെ ദൃഷ്ടിയുണ്ടായിരിക്കയും ചെയ്താൽ സ്വദേശത്തുതന്നെ വളരെ ഭാഗ്യത്തോടും ധനത്തോടും കൂടിയവനായും തീരും.

ഹോരാധീശേ പാപഖേടേ രിപുസ്ഥേ
പാപക്ഷേത്രേ ഭാനുപുത്രേണ യുക്തേ
ശൂദ്രപ്രായോ രാഹുണാ കേതുനാ വാ
ജാതശ്ചണ്ഡാലോഽഥവാ നീചകൃത്യഃ ൨൬

ലഗ്നാധിപൻ പാപഗ്രഹമാകയും ആറിൽ പാപക്ഷേത്രത്തിൽ ശനിയോടുകൂടി നിൽക്കയും ചെയ്താൽ ശൂദ്രപ്രായനായും, രാഹുവോ കേതുവോ ഇപ്രകാരം നിന്നാൽ ചണ്ഡാലനായോ അല്ലെങ്കിൽ നീചകൃത്യനായോ തീരുകയും ചെയ്യും.

ലഗ്നാധിപേ ശോഭനരാശിയുക്തേ
ബലോപയാതേ തനുപുഷ്ടിമേതി
ലഗ്നസ്ഥഖേടേ രിപുനീചഭാഗേ
ദുഃസ്ഥാനപേ ദേഹസുഖം ന യാതി ൨൭

ലഗ്നാധിപൻ ശുഭക്ഷേത്രത്തിൽ ബലവാനായി നിന്നാൽ ദേഹത്തിനു പുഷ്ടി ഉണ്ടാകും. ലഗ്നത്തിൽ നില്ക്കുന്ന ഗ്രഹം ശത്രുക്ഷേത്രത്തിലോ നീചത്തിലോ നിന്നാലും അനിഷ്ടസ്ഥാനാധിപൻ ലഗ്നത്തിൽ നിന്നാലും ഒരിക്കലും ദേഹസുഖം ഉണ്ടാകയില്ല.

വിലഗ്നദൃശി തനുപോ വിലഗ്നാ-
ത്ത്രയോഽപി ഷഷ്ഠാഷ്ടമരിഃഫനാഥാഃ
സ്വശത്രുനീചോപഗതാ ബലോനാ
യദി സ്വപാകേ ന ഫലം പ്രകുര്യുഃ ൨൮

ലഗ്നാധിപനും ലഗ്നത്തിൽ നോക്കുന്ന ഗ്രഹവും ലഗ്നത്തിന്റെ ൬-൩-൮-൧൨ ഈ ഭാവങ്ങളുടെ അധിപന്മാരും ബലഹീനന്മാരായി ശത്രുരാശിയിലും നീചത്തിലും നിൽക്കയും ചെയ്താൽ സ്വപാകത്തിൽ (സ്വദശാകാലത്തിൽ) ഫലത്തെ ചെയ്കയില്ല.

ലഗ്നേ ജലർക്ഷേ ശുഭഖേചരേന്ദ്രൈ-
ര്യുക്തേ തനുസ്ഥൌല്യമുദാഹരന്തി
ലഗ്നാധിപേ തോയഖഗേ ബലാഢ്യേ
സൌമ്യാന്വിതേ തത്തനുപുഷ്ടിമേതി. ൨൯

ലഗ്നം ജലരാശിയായും ശുഭഗ്രഹയുക്തമായും ഇരുന്നാൽ ദേഹത്തിന് സ്ഥൌല്യവും ലഗ്നാധിപൻ ജലഗ്രഹവും ബലവാനും ശുഭഗ്രഹങ്ങളോടുകൂടിയും ഇരുന്നാൽ ദേഹപുഷ്ടിയും ഉണ്ടാകും.

ലഗ്നാധിപേ നാശഗതേ തു ശുഷ്ക-
രാശൌ തനോഃ കഷ്ടമതീവ കൃച്ഛ്റം
ലഗ്നാംശപസ്ഥാംശപരാശിനാഥഃ
ശുഷ്കഗ്രഹശ്ചേത്തനുശുഷ്കതാ സ്യാൽ. ൩൦

ലഗ്നാധിപൻ അഷ്ടമത്തിൽ ശുഷ്കരാശിയിൽ നിന്നാൽ ദേഹത്തിനു പലവിധ കഷ്ടതകളും, ലഗ്നാംശരാശിനാഥന്റെ നവാംശകാധിപതി ശുഷ്കഗ്രഹമായാൽ തനു ശുഷ്കതയും ഉണ്ടാകും.

മധ്യസ്ഥേ രിപുഖേടയോസ്തനുപതൌ ജാതോഽരിഭീതോ ഭവേൽ
കേതൌ ലഗ്നഗതേഽഥവാ ഫണിപതൌ ദുഃസ്ഥേ വിലഗ്നാധിപേ
തൽപാകേ തദരിശത്രുക്തിസമയേ വൈകല്യമംഗേ വദേൽ
ലഗ്നേ ശത്രുപതൌ ഫണിധ്വജയുതേ ദേഹവ്രണം ദേഹിനാം.

ലഗ്നാധിപൻ ശത്രുഗ്രഹങ്ങളുടെ മദ്ധ്യത്തിൽ നിന്നാൽ ശത്രുഭീതിയും, ലഗ്നത്തിൽ കേതുവോ രാഹുവോ നില്ക്കയും ലഗ്നാധിപൻ അനിഷ്ടസ്ഥാനത്തിൽ നില്ക്കയും ചെയ്താൽ അവരുടെ ദശയിൽ ആറാംഭാവാധിപന്റെ അപഹാരത്തിൽ അംഗത്തിനു വൈകല്യവും, ആറാംഭാവാധിപൻ രാഹുകേതുക്കളോടുകൂടി ലഗ്നത്തിൽ നിന്നാൽ ദേഹത്തിൽ വ്രണവും സംഭവിക്കും.

ബലൈർവിഹീനേ യദി ലഗ്നനാഥേ
കേന്ദ്രത്രികോണേ സതി ലഗ്നഭാൽ സ്യാൽ
ലഗ്നേശപാരാധിഷ്ഠിതരാശിനാഥേ
ദുഃസ്ഥാനഗേ ദുർബലദേഹവാൻ സ്യാൽ ൩൨

ലഗ്നാധിപൻ ബലഹീനനായിട്ട് കേന്ദ്രത്തിലോ ത്രികോണത്തിലോ നില്ക്കയും ലഗ്നാധിപൻ നില്ക്കുന്ന രാശിയുടെ അധിപൻ അനിഷ്ടസ്ഥാനത്തിൽ നില്ക്കയും ചെയ്താൽ ദേഹത്തിനു ബലമില്ലാത്തവനായി തീരും.

സക്രൂരോ ദേഹപോ ദേഹസൌഖ്യം ഹന്ത്യരിരന്ധ്രഗഃ
സാരീശേ ദേഹപേ ദുഃസ്ഥേ ലഗ്നസ്ഥേ വാഥ രോഗവാൻ

ലഗ്നാധിപൻ പാപനോടുകൂടി ആറിലോ അഷ്ടമത്തിലോ നിന്നാൽ ദേഹസുഖഹാനിയും, അഷ്ടമാധിപനോടുകൂടി അനിഷ്ടസ്ഥാനത്തിലോ ലഗ്നത്തിലോ നിന്നാൽ രോഗവും ഉണ്ടാകും.

ലഗ്നേ സപാപേ ലഗ്നേശേ ബലഹീനേപി രോഗവാൻ
ലഗ്നേശേ ദുർബലേ കോപീ നിർവ്യാധിഃ കേന്ദ്രകോണഗേ ൩൪

ലഗ്നത്തിൽ പാപന്മാർ നിന്നാലും ലഗ്നാധിപൻ ബലഹീനനായി നിന്നാലും രോഗിയായും ലഗ്നാധിപൻ ദുർബലനായിട്ടു കേന്ദ്രത്രികോണങ്ങളിൽ നിന്നാൽ വ്യാധിയില്ലാത്തവനാണെങ്കിലും കോപിയായും തീരും.

ലഗ്നേശസ്ഥിതരാശീശേ നാശഗേ ദുർബലോ ഭവേൽ
ഭാവേശാക്രാന്തരാശീശേ ദുഃസ്ഥേ ഭാവാച്ച ദുർബലഃ ൩൬

ലഗ്നാധിപൻ നില്ക്കുന്ന രാശിയുടെ അധിപൻ അഷ്ടമത്തിൽനിന്നാൽ ദുർബലനാകും. ലഗ്നാധിപൻ നില്ക്കുന്ന രാശിയുടെ അധിപൻ അനിഷ്ടസ്ഥാനത്തിൽ നിന്നാലും ദുർബലനായിത്തീരും.

സവാരയോ ബൃഹൽബീജാ യോഗേ വാ സപ്തമന്ദയോഃ
ലഗ്നേ കുജേ നാഭിഗുൽഫവ്രണസ്ഥൌല്യം വദേൽ ബുധഃ ൩൭

ലഗ്നാധിപൻെറ എല്ലാ ശത്രുഗ്രഹങ്ങളും ബലവാന്മാരാകയും രാഹുവും ശനിയും ഒന്നിച്ചുനില്ക്കുകയും കുജൻ ലഗ്നത്തിൽ നില്ക്കയും ചെയ്താൽ നാഭിയിലും, കണങ്കാലിൻെറയും പാദങ്ങളുടെയും സന്ധിയിലും വ്രണം, തടിപ്പ് ഇവ ഉണ്ടാകും.

ലഗ്നേശേ യദി രിഃഫഗേ ദിനകരസ്യാരാതിനാഥാന്വിതേ
ജായാവാൻ ബഹുരോഗവാൻ കൃശതനുഃ സംരക്തഗൌരദ്യുതിഃ
ലഗ്നർക്ഷാദരിനാഥപേ ന ച യുതേ ജാതോ സിതാംഗോ യദാ
രാഹൌ ലഗ്നഗതേ തു വഞ്ചനവിഷാൽ ഭീതിം സമേതി ധ്രുവം.

ലഗ്നാധിപൻ പന്ത്രണ്ടിൽ സൂര്യൻെറ ശത്രുഭാവാധിപനോടുകൂടിനിന്നാൽ ഭാര്യയുള്ളവനായും ബഹുരോഗിയായും കൃശശരീരനായും ചുവന്ന വിളറിയ കാന്തിയുള്ളവനായും. ലഗ്നാൽ ആറാം ഭാവാധിപനോടുകൂടി നിന്നാൽ കറുത്ത ശരീരമുള്ളവനായും, രാഹു ലഗ്നത്തിൽ നിന്നാൽ വഞ്ചനയിൽ വിഷഭക്തിയെ പ്രാപിച്ചവനായും തീരും.

ലഗ്നേ ശുഭേ ശോഭനദൃഷ്ടിയുക്തേ
ബാല്യാൽ സുഖം തദ്വദപി ദൃഷ്ടിയോഗാൽ
ദുഃഖീ ഭവേൽ പാപബഹുത്വയോഗേ
ലഗ്നേ തു ബാല്യാന്മരണാന്തമാഹുഃ ൩൮

ലഗ്നത്തിൽ ശുഭയോഗവും ശുഭദൃഷ്ടിയും ഉണ്ടെങ്കിൽ ബാല്യംമുതൽ സുഖം ഭവിക്കും. പാപയോഗദൃഷ്ടികളുണ്ടായാൽ സുഖം ഉണ്ടാകയില്ല. വളരെ പാപന്മാരുണ്ടെങ്കിൽ ബാല്യംമുതൽ മരണംവരെ ദുഃഖിയായിത്തീരും.

ദേവലോകാംശകേ ശുക്രേ ലഗ്നേശേ ഗോപുരാംശകേ
ലഗ്നേ ശുഭഗ്രഹൈർദൃഷ്ടേ മദ്ധ്യാന്തേ സുഖമാപ്നുയാൽ ൩൯

ശുക്രൻ ദേവലോകാംശകത്തിലും ലഗ്നാധിപൻ ഗോപുരാംശകത്തിലും നിൽക്കയും ലഗ്നത്തിന് ശുഭഗ്രഹദൃഷ്ടി ഉണ്ടായിരിക്കയും ചെയ്താൽ ആയുഷ്കാലത്തിൻെറ മദ്ധ്യത്തിലും ഒടുവിലും സുഖം അനുഭവിക്കും.

ലഗ്നേ ശുഭേ ധനേ പാപേ കേന്ദ്രേ പാപസമന്വിതേ
ലഗ്നേശേ ചോത്തമാംശസ്ഥേ ചാദൌ ദുഃഖമതഃ സുഖം. ൪൦

ലഗ്നത്തിൽ ശുഭനും രണ്ടിലും കേന്ദ്രത്തിലും പാപന്മാരും ലഗ്നാധിപൻ ഉത്തമാംശത്തിലും നിന്നാൽ ആദിയിൽ ദുഃഖവും പിന്നീടു സുഖവും അനുഭവിക്കും.

ലഗ്നേശേ ശുഭരാശിസ്ഥേ ശുഭഗ്രഹനിരീക്ഷിതേ
ഗോപുരാംശഗതേ വാപി ഷോഡശാബ്ദാൽ പരം സുഖം

ലഗ്നാധിപൻ ശുഭദൃഷ്ടിയോടുകൂടി ശുഭക്ഷേത്രത്തിലോ ഗോപുരാംശത്തിലോ നിന്നാൽ പതിനാറു വയസ്സിനുമേൽ സുഖമനുഭവിക്കും.

ലഗ്നേശസ്ഥാംശനാഥേ തു കേന്ദ്രകോണോച്ചസംയുതേ
ലാഭേ വാ ബലസംയുക്തേ ത്രിംശദബ്ദാൽ പരം സുഖം

ലഗ്നാധിപന്റെ നവാംശകപതി കേന്ദ്രത്തിലോ ത്രികോണത്തിലോ ഉച്ചത്തിലോ പതിനൊന്നിലോ ബലവാനായി നിന്നാൽ ൩൦ വയസ്സിനമേൽ സുഖം അനുഭവിക്കും.

ലഗ്നേ രവ്യാദിസംദൃഷ്ടേ പാതശഃ ഫലമുച്യതേ
രാജസേവീ പിതൃധനോ ജലപണ്യോ മഹാധനഃ ൪൩

ലഗ്നത്തിൽ സൂൎയ്യദൃഷ്ടിയുണ്ടായാൽ രാജസേവിയും പിതൃസ്വത്തുള്ളവനും ചന്ദ്രദൃഷ്ടിയുണ്ടായാൽ ജലംവഴി കച്ചവടം ചെയ്യുന്നവനും മഹാധനവാനും ആയിത്തീരും.

ധാൎമ്മികഃ സ്ഥൂലശിശ്നഃ സ്യാദ്വിദ്യാശില്പീയശോന്വിതഃ
രാജപൂജ്യോ വ്രതയുതോ വേശ്യാസക്തോ ധനീ സുഖീ ൪൪

ലഗ്നത്തിന് കുജദൃഷ്ടിയുണ്ടായാൽ ധാൎമ്മികനും ലിംഗത്തിന സ്ഥൗല്യമുള്ളവനും, ബുധദൃഷ്ടിയുണ്ടായാൽ വിദ്യയും ശില്പവും കീൎത്തിയും ഉള്ളവനും ഗുരു നിന്നാൽ രാജപൂജ്യനും വ്രതമുള്ളവനും ശുക്രൻ നിന്നാൽ വേശ്യാസക്തനും ധനിയും സുഖിയും ആയിത്തീരും.

മന്ദദൃഷ്ടേ വിലഗ്നേ തു വൃദ്ധസ്ത്രീമലിനഃ ഖലഃ
കേനാപ്യദൃഷ്ടം ലഗ്നം ചേൽ രാശിഗ്രഹവശാദ്വദേൽ ൪൫

ലഗ്നത്തിൽ ശനിദൃഷ്ടിയുണ്ടെങ്കിൽ വൃദ്ധസ്ത്രീരതനും മലിനവേഷനും ആയിത്തീരും. ലഗ്നത്തിന് ഒരു ഗ്രഹത്തിന്റെ ദൃഷ്ടിയും ഇല്ലെങ്കിൽ ലഗ്നം ലഗ്നാധിപൻ ഇവയെ ആശ്രയിച്ചു ഫലം പറയണം.

ലഗ്നസ്വാമീക്ഷിതോ രാജാ തൽപ്രിയോ വാ ധനീ സുഖീ
സൗമ്യേക്ഷിതേഽഖിലം സൗഖ്യം പാപദൃഷ്ടേ ത്വശോഭനം

ലഗ്നത്തെ ലഗ്നാധിപൻ നോക്കിയാൽ രാജാവായോ രാജപ്രിയനായോ ധനവും സുഖവും ഉള്ളവനായോ തീരും. ലഗ്നത്തിന് ശുഭദൃഷ്ടിയുണ്ടെങ്കിൽ സൎവ്വവും ശുഭമായും, പാപദൃഷ്ടിയുണ്ടെങ്കിൽ അശുഭമായും ഇരിക്കും.

സുഖീ ലഗ്നേ ദ്വ്യാദിദൃഷ്ടേ സൎവ്വദൃഷ്ടേ നൃപോ ഭവേൽ
ലഗ്നേ ത്രയഃശുഭാ രാജാ ദുഃഖീ പാപത്രയഗ്രഹേ ൪൬

ലഗ്നത്തിൽ രണ്ടു ഗ്രഹങ്ങൾ നോക്കിയാൽ സുഖിയായും, സകല ഗ്രഹങ്ങളും നോക്കിയാലും മൂന്നു ശുഭന്മാർ നോക്കിയാലും രാജാവായും മൂന്നു പാപന്മാർ നോക്കിയാൽ ദുഃഖിയായും തീരും.

ലഗ്നാധിപോഽതിബലവാനശുഭൈരദൃഷ്ടഃ
കേന്ദ്രസ്ഥിതഃ ശുഭഖഗൈരവലോക്യമാനഃ
മൃത്യും വിധൂയ വിദധാതി സുദീൎഘമായുഃ
സാൎദ്ധം ഗുണൈൎബ്ബഹുഭിരൂൎജ്ജിതയാ ച ലക്ഷ്മ്യാ ൪൭

ലഗ്നാധിപന് അതിബലവും പാപദൃഷ്ടിയില്ലായ്കയും, കേന്ദ്രസ്ഥിതിയും ശുഭദൃഷ്ടിയും ഉണ്ടായിരിക്കയും ചെയ്താൽ മൃത്യുവിനെ നീക്കി ദീൎഘായുസ്സും വളരെ ഗുണവും സമ്പത്തും സിദ്ധിക്കും.

ദ്വിതീയഭാവഫലം—

വിത്തം നേത്രം മുഖം വിദ്യാ വാക്കുടുംബാശനാനി ച
ദ്വിതീയസ്ഥാനജന്യാനി ക്രമാൽ ജ്യോതിർവിദോ വിദുഃ ൪൯

ധനം, നേത്രം, മുഖം, വിദ്യ, വാക്ക്, കുടുംബം, അശനം ഇവയെ രണ്ടാംഭാവം കൊണ്ടു ചിന്തിക്കണം.

വിത്തായോദയരാശയഃ പതിയുതാ വിത്താധികോ ജായതേ
ലാഭസ്ഥൗ ധനലാഭപൌ നിജസുഹൃത്തുംഗത്രികോണേ തഥാ
തദ്വല്ലാഭധനാധിപൌ തനുഗതാവന്യോന്യമിഷ്ടഗ്രഹൈ
ലഗ്നേശേ ധനലാഭരാശിപയുതേ ലഗ്നേ ബഹുദ്രവ്യവാൻ ൫൦

൨, ൧൧, ലഗ്നം ഈ ഭാവങ്ങളിൽ സ്വപതികൾ നിന്നാൽ വളരെ ധനവാനായിത്തീരും. ൨-ാംഭാവാധിപനും ൧൧-ാംഭാവാധിപനും ൧൧ൽ നില്ക്കയോ സ്വക്ഷേത്രം ഉച്ചം, ബന്ധുക്ഷേത്രം ത്രികോണം ഇവയിൽ നിൽക്കയോ തമ്മിൽ ബന്ധുക്കളായിട്ടു ലഗ്നത്തിൽ നിൽക്കയോ, ലഗ്നാധിപൻ ധനലാഭാധിപന്മാരോടുകൂടി ലഗ്നത്തിൽ നിൽക്കയോ ചെയ്താലും വളരെ ധനമുള്ളവനായിത്തീരും.

ധനോപയാതഃ പ്രഥമോഽഥ ദൃശീ
ഗ്രഹോ ദ്വിതീയോ ധനപസ്തൃതീയഃ
തൽപാകയുക്തൌ ധനലാഭമേതി
ക്രമേണ തൽകാരകവർഗ്ഗമൂലാൽ ൫൧

രണ്ടാമിടത്തു നിൽക്കുന്ന ഗ്രഹം, അവിടെ നോക്കുന്ന ഗ്രഹം, ധനാധിപൻ, ഈ മൂന്നു ഗ്രഹങ്ങളുടെ ദശാപഹാരങ്ങളിൽ ക്രമേണ അതതു കാരകവർഗ്ഗമൂലമായ ധനലാഭം ഉണ്ടാകും.

ധനസ്ഥേ യദി ലഗ്നേശേ നിധിമാൻ ബലസംയുതേ
ദുർബലേ പാപസംയുക്തേ വഞ്ചനാദിഫലം വദേൽ ൫൨

ലഗ്നാധിപൻ രണ്ടിൽ ബലവാനായി നിന്നാൽ നിധിലാഭമുള്ളവനായിത്തീരും. ബലമില്ലാത്തവനായി പാപന്മാരോടുകൂടി നിന്നാൽ വഞ്ചനാദിഫലത്തെ പറയണം.

ധനസ്ഥിതഃ പാപദൃശാസമേതഃ
സപത്നനീചാസ്തകരാദിതപ്തഃ
തൽപാകയുക്തൌ ധനനാശമാഹുഃ
സഗോചരേ ദുഷ്ടഫലാന്വിതോ വാ ൫൩

രണ്ടാംഭാവത്തിൽ നിൽക്കുന്ന ഗ്രഹത്തിന്, പാപദൃഷ്ടി, ശത്രുയോഗം, നീചം, മൌഢ്യം ഇവ ഉണ്ടെങ്കിൽ ആ ഗ്രഹത്തിന്റെ ദശാപഹാരങ്ങളിൽ ധനനാശമോ ഗോചരവശാൽ അനിഷ്ടഫലമോ സിദ്ധിക്കും.

കുടുംബഭാവേ ബഹുഖേടയുക്തേ
ധനപ്രഭൌ വ്യോമചരേ ബലാഢ്യേ
സ്വതുംഗമിത്രസ്വഗൃഹോപഗേ വാ
ധനം സമേത്യാമരണാന്തമാഹുഃ ൫൪

രണ്ടാംഭാവത്തിൽ വളരെ ഗ്രഹങ്ങൾ ഉണ്ടായിരിക്കയോ രണ്ടാംഭാവാധിപൻ ബലവാനായി സ്വോച്ചം, ബന്ധുക്ഷേത്രം, സ്വക്ഷേത്രം ഈ സ്ഥാനങ്ങളിൽ നിൽക്കയോ ചെയ്താൽ മരണംവരെ ധനവാനായിരിക്കും.

വിത്താധീശേ സോദരേശേന യുക്തേ
ലഗ്നസ്ഥേ വാ ഭ്രാതൃവിത്തം സമേതി
മാതൃസ്ഥാനസ്വാമിനാ മാതൃവിത്തം
തത്ഭാവേശേനാന്വിതസ്തദ്ധനം സ്യാൽ ൫൫

രണ്ടാംഭാവാധിപൻ മൂന്നാംഭാവാധിപനോടുകൂടി നിൽക്കുയോ ലഗ്നത്തിൽ നിൽക്കുയോ ചെയ്താൽ ഭ്രാതാവിൽനിന്നും മാതൃസ്ഥാനാധിപതിയോടുകൂടി നിന്നാൽ മാതാവിൽനിന്നും ധനം ലഭിക്കും. രണ്ടാംഭാവാധിപൻ ഏതു ഭാവാധിപനോടു ചേൎന്നാണോ നിൽക്കുന്നതു് ആ ഭാവംനിമിത്തം ധനം ലഭിക്കും.

വിത്താധീശേ ലഗ്നഗേ ലഗ്നനാഥേ
വിത്തസ്ഥാനേ യത്നതോ വിത്തമേതി
യത്ഭാവസ്ഥൌ ലഗ്നവിത്തേശ്വരൌ ചേൽ
തദ്ഭാവോത്ഥദ്രവ്യലബ്ധിൎന്നരാണാം ൫൬

രണ്ടാംഭാവാധിപൻ ലഗ്നത്തിലും ലഗ്നാധിപൻ രണ്ടിലും നിന്നാൽ പ്രയാസപ്പെട്ടു ധനം ലഭിക്കും. ലഗ്നാധിപനും രണ്ടാംഭാവാധിപനും ഏതു ഭാവത്തിലാണോ നിൽക്കുന്നതു് ആ ഭാവംമൂലം ധനലാഭം സിദ്ധിക്കും.

ചന്ദ്രഃ കുടുംബഭവനേ ശുക്രേണ നിരീക്ഷിതഃ പ്രദാതാ ച
സൌമ്യേ ശുഭസന്ദൃഷ്ടേ സ ഏവ ധനവാൻ സദാ ജ്ഞേയഃ

രണ്ടിൽ ചന്ദ്രന്നു് ശുക്രദൃഷ്ടിയുണ്ടെങ്കിൽ ദാനശീലനായും ബുധന്നു് ശുഭദൃഷ്ടിയുണ്ടെങ്കിൽ എല്ലായ്പ്പോഴും ധനവാനായും തീരും.

അൎത്ഥാധീശേ യത്ര സംസ്ഥേ നരാണാം
തസ്മിൻ കാലേ തത്ര വൃദ്ധിൎവിശേഷാൽ
തൽഭാവേ ച ദ്രവ്യലാഭം വിധത്തേ
വക്രേഽസൌ ചേൽ ദിക്ഷു സൎവാൎത്ഥസിദ്ധിഃ ൫൮

രണ്ടാംഭാവാധിപൻ യാതൊരു ഭാവത്തിൽ നിൽക്കുന്നുവോ ആ ഭാവത്തിൽനിന്നു രണ്ടാംഭാവാധിപന്റെ ദശാകാലത്തിൽ വിശേഷിച്ചു ധനവൃദ്ധി ഉണ്ടാകും. അതുതന്നെയല്ല, ആ ഭാവത്തിന്നും ദ്രവ്യലാഭം സിദ്ധിക്കും. രണ്ടാംഭാവാധിപൻ വക്രഗതിയിൽനിന്നാൽ എല്ലായിടത്തും സൎവാൎത്ഥസിദ്ധിയുണ്ടാകും.

ധനേശേ ലാഭസംയുക്തേ ലാഭേശേ ധനരാശിഗേ
താവുഭൌ കേന്ദ്രഗൌ വാപി ധനവാൻ ഖ്യാതിമാൻ ഭവേൽ ൫൯

രണ്ടാംഭാവാധിപൻ ൧൧-ലും പതിനൊന്നാംഭാവാധിപൻ രണ്ടിലും അല്ലെങ്കിൽ അവർ രണ്ടുപേരും കേന്ദ്രത്തിലും നിന്നാൽ ധനവാനായും പ്രസിദ്ധനായും ഭവിക്കും.

ധനേശേ വ്യയഷഷ്ഠസ്ഥേ വ്യയേശേ ധനഗേഽപി വാ
ലാഭേശേ രിപുരന്ധ്രസ്ഥേ വ്യയേ വാ ധനനാശനം ൬൦

രണ്ടാംഭാവാധിപൻ ആറിലോ പന്ത്രണ്ടിലോ നിൽക്കയോ, ൧൨-ാംഭാവാധിപൻ രണ്ടിൽ നിൽക്കയോ, ൧൧-ാംഭാവാധിപൻ ൬-ലോ ൮-ലോ അല്ലെങ്കിൽ ൧൨-ലോ നിൽക്കയോ ചെയ്താൽ ധനനാശം സംഭവിക്കും.

വ്യയഭാവഗതേ ജീവേ വിത്തേശേ ബലവൎജ്ജിതേ
ശുഭൈരനീക്ഷിതേ ലഗ്നേ ധനനാശം വദേൽ ബുധഃ ൬൧

വ്യാഴം ൧൨-ലും ധനാധിപൻ ബലഹീനനായും, ലഗ്നത്തിൽ ശുഭദൃഷ്ടിയില്ലാതെയും ഇരുന്നാൽ ധനനാശം സംഭവിക്കും എന്നു പറയണം.

ലഗ്നേശേ ധനരാശിസ്ഥേ ധനേശേ ലാഭരാശിഗേ
ലാഭേശേ വാ വിലഗ്നസ്ഥേ നിധ്യാദിധനമാപ്നുയാൽ. ൬൨

ലഗ്നാധിപൻ രണ്ടിലും രണ്ടാംഭാവാധിപൻ ൧൧-ലും അല്ലെങ്കിൽ ൧൧-ാം ഭാവാധിപൻ ലഗ്നത്തിലും നിന്നാൽ നിധി മുതലായ ധനം ലഭിക്കും.

ലഗ്നായ ധനഭാഗ്യേശാഃ പരമോച്ചാംശസംയുതാഃ
വൈശേഷകാംശൈർവ്വാപി തദാ കോടീശ്വരോ ഭവേൽ. ൬൩

ലഗ്നാധിപൻ, ൧൧-ാംഭാവാധിപൻ, രണ്ടാംഭാവാധിപൻ, ൯-ാംഭാവാധിപൻ ഇവർ പരമോച്ചാംശത്തിലോ വൈശേഷികാംശത്തിലോ നിന്നാൽ കോടീശ്വരനായി ഭവിക്കും.

ദിനേശ്വരകരച്ഛന്നേ ധനേശേ നീചരാശിഗേ
പാപഷഷ്ട്യംശകേനാപി ഋണഗ്രസ്തോ ഭവേന്നരഃ ൬൪

രണ്ടാംഭാവാധിപനു മൌഢ്യം നീചം പാപഷഷ്ട്യംശം ഇവയുണ്ടായാൽ കടം കേറി നശിക്കും.

ശുക്രേന്ദുനയനാധീശൈരേകസ്ഥൈസ്തു നിശാന്ധകഃ
സൂര്യശുക്രവിലഗ്നേശൈരദൃശ്യൈർമ്മദ്ധ്യലോചനഃ ൬൫

ശുക്രൻ ചന്ദ്രൻ രണ്ടാംഭാവാധിപൻ ഇവർ ഒരു രാശിയിൽ നിന്നാൽ രാത്രിയിൽ കണ്ണുകാണാൻ പാടില്ലാത്തവനായും, സൂര്യൻ ശുക്രൻ ലഗ്നാധിപൻ ഇവർ ഒന്നിച്ചു അദൃശ്യാർദ്ധത്തിൽ നിന്നാൽ മദ്ധ്യലോചനൻ (പകുതിക്കാഴ്ചയുള്ളവൻ) ആയും തീരും.

വിലഗ്നവിത്താസ്തതപസ്സുതേശാ-
രിപുവ്യയച്ഛിദ്രഗൃഹോപയാതാഃ
വിലഗ്നസംബന്ധകരസ്സിതശ്ചേ-
ദ്വിലോചനാഭാവമുപൈതി ജാതഃ ൬൬

ലഗ്നാധിപൻ രണ്ടാംഭാവാധിപൻ ഏഴാംഭാവാധിപൻ ഒമ്പതാംഭാവാധിപൻ അഞ്ചാംഭാവാധിപൻ ഇവർ ൬-൧൨-൮ ഈ ഭാവങ്ങളിൽ നിൽക്കയും ശുക്രന് ലഗ്നത്തിൽ യോഗദൃഷ്ട്യാദിസംബന്ധം ഉണ്ടായിരിക്കുകയും ചെയ്യുമ്പോൾ ജനിച്ചവൻ കുരുടനായിത്തീരും.

സിതസ്സുതാരീശയുതോ വിലഗ്നേ
നരേശകോപാന്നയനപ്രണാശഃ
ധനേശഭൌമൌ യദി ലഗ്നയാതൌ
കർണ്ണസ്യ രോഗം പ്രവദന്തി തജ്ഞാഃ ൬൭

ശുക്രൻ ൨-൬-൧൨ ഭാവങ്ങളുടെ അധിപന്മാരോടുകൂടി ലഗ്നത്തിൽ നിന്നാൽ രാജകോപത്താൽ കണ്ണിനു നാശവും, രണ്ടാംഭാവാധിപനും ചൊവ്വായും ഒന്നിച്ചു ലഗ്നത്തിൽ നിന്നാൽ കർണ്ണരോഗവും ഉണ്ടാകും എന്നു ജ്യോതിശ്ശാസ്ത്രജ്ഞന്മാർ പറയുന്നു.

ശന്യാരയോഗേ ഗുളികേന ശുക്രേ
നേത്രേശ്വരേ തത്ര തു നേത്രരോഗഃ

നേത്രേ യദാ പാപബഹുത്വയോഗേ
മൌമേന ദൃഷ്ടേ സതി നേത്രരോഗഃ. ൰

ശനിയും കുജനും, ഗുളികനും ശുക്രനും രണ്ടാംഭാവാധിപനും ഒന്നിച്ചുനിന്നാൽ നേത്രരോഗം ഉണ്ടാകും. രണ്ടിൽ വളരെ പാപന്മാർ നിൽക്കയും കുജദൃഷ്ടിയുണ്ടായിരിക്കയും ചെയ്താലും നേത്രരോഗം ഉണ്ടാകും.

നേത്രേശ്വരേ ശുഭയുതേ ശുഭദൃഷ്ടിയുതേഽഥവാ
ശുഭാംശകസ്ഥിതേ വാപി ശുഭദൃക്ക് സ നരോ ഭവേൽ. ൧൧

രണ്ടാംഭാവാധിപന്നു ശുഭയോഗമോ ശുഭദൃഷ്ടിയോ ശുഭാംശകസ്ഥിതിയോ ഉണ്ടെങ്കിൽ കണ്ണിന്നു തെളിച്ചം ഉള്ളവനായിത്തീരും.

ജാതോഽസൌ സുമുഖഃ ശുഭേ ധനഗതേ തുംഗാദിവർഗ്ഗസ്ഥിതേ
തൽഭാവേ യദി സൌമ്യവർഗ്ഗസഹിതേ വാക്സിദ്ധിമേതി ധ്രുവം
ആജ്യസ്പർശമുപൈതി വിത്തഗൃഹഗേ ഭൌമേ ദിനേശേക്ഷിതേ
ജാതഃ കോദ്രവമുഖ്യഭുക്ക് ധനഗതേ രാഹൌ ച പാപേക്ഷിതേ.

ശുക്രൻ രണ്ടിൽ ഉച്ചം സ്വക്ഷേത്രം മുതലായവർഗ്ഗത്തിൽ നിൽക്കുന്നവനാകിൽ ജനിച്ചവൻ സുമുഖനായും, ആ രണ്ടാംഭാവത്തിൽ തന്നെ ബുധവർഗ്ഗത്തോടുകൂടി നിന്നാൽ വാക്ചാതുര്യമുള്ളവനായും തീരും. രണ്ടിൽ ചൊവ്വ, സൂര്യദൃഷ്ടിയോടുകൂടി നിന്നാൽ തിളച്ച നെയ്യ് ദേഹത്തിൽവീണു ദഹനമുണ്ടാകും. രാഹു, പാപദൃഷ്ടിയോടുകൂടി രണ്ടിൽ നിന്നാൽ വരക് മുതലായ ധാന്യത്തെ ഭുജിക്കുന്നവനായി തീരും.

ലഗ്നാസ്തത്ഥാഷ്ടമസ്ഥേഽർക്കേ ഭൌമേ വാന്യതരേക്ഷിതേ
ആജ്യസ്പർശാഗ്നിഭീതിർവാ സംഭവന്തി മസൂരികാഃ ൧൨

ലഗ്നം ൭-൨-൮-ഈ ഭാവങ്ങളിൽ സൂര്യൻ കുജദൃഷ്ടിയോടുകൂടിയും കുജൻ സൂര്യദൃഷ്ടിയോടുകൂടിയോ നിന്നാൽ തിളച്ച ആജ്യസ്പർശം അഗ്നിഭയം വസൂരിയോ മസൂരിയോ ഉണ്ടാകും.

പാപൈര്യുതേ ധനസ്ഥാനേ ദുർമ്മുഖഃ പാപവീക്ഷിതേ
ക്രോധാനനോ നരഃ പാപീ തദീശേ ഗുളികാന്വിതേ. ൧൩

രണ്ടിൽ പാപന്മാരുടെ യോഗദൃഷ്ടികൾ ഉണ്ടായാൽ ദുർമുഖനായും, രണ്ടാംഭാവാധിപൻ ഗുളികനോടുകൂടി നിന്നാൽ മുഖത്തു കോപഭാവമുള്ളവനും, പാപനും ആയും തീരും.

പ്രഫുല്ലവദനഃ ശ്രീമാൻ കേന്ദ്രേ മുഖപതൌ യദി
സ്വോച്ചസ്വമിത്രവർഗ്ഗസ്ഥേ സുമുഖഃ ശുഭവീക്ഷിതഃ ൧൪

രണ്ടാംഭാവാധിപൻ കേന്ദ്രത്തിൽ നിന്നാൽ മുഖത്തിന്നു പ്രസന്നതയുള്ളവനും ശ്രീമാനും, സ്വോച്ചം, സ്വക്ഷേത്രം, ബന്ധുക്ഷേത്രം, ഇവയിൽ ശുഭദൃഷ്ടിയോടുകൂടി നിന്നാൽ സുമുഖനും ആയിത്തീരും.

വാഗ്ഭാവേശേ രാഹുയുക്തേ ച ദുഃസ്ഥേ
രാഹുക്രാന്തസ്ഥാനനാഥാന്വിതേ ച
പാകേ ഭുക്തൌ തസ്യ ദന്താമയഃ സ്യാൽ
ജിഹ്വാരോഗം താരകാസൂനുഭുക്തൌ ൧൫

രണ്ടാംഭാവാധിപൻ രാഹുവിനോടോ രാഹു നിൽക്കുന്ന രാശിയുടെ അധിപനോടോകൂടി അനിഷ്ടസ്ഥാനത്തിൽ നിന്നാൽ രണ്ടാംഭാവാധിപന്റെ ദശാപഹാരങ്ങളിൽ ദന്തരോഗവും, ബുധാപഹാരത്തിൽ ജിഹ്വാ (നാക്കിന്റെ) രോഗവും ഉണ്ടാകും.

രാഹൗ ദ്വിതീയഗ്രഹപൈഃ സഹജേശയുക്തൈഃ
ജാതസ്സമേതി ഗളരോഗമതീവ കഷ്ടം
ദാരിദ്ര്യദൗ രവിശനീ ധനരാശിയാതൗ
ഭൗമാർക്കജൗ സകലരോഗകരൌ ഭവേതാം. ൬

രാഹുവും രണ്ടാംഭാവാധിപനും മൂന്നാംഭാവാധിപനോടുകൂടി നിന്നാൽ ഏററവും കഷ്ടമായ ഗളരോഗവും, ആദിത്യനും ശനിയും രണ്ടിൽ നിന്നാൽ ദാരിദ്ര്യവും, ചൊവ്വായും ശനിയും നിന്നാൽ സകലരോഗവും ഉണ്ടാകും.

വാഗ്ഭാവേശേ ഗുരുയുതേ നാശസ്ഥേ മൂകതാ ഭവേൽ
ദോഷകൃന്ന തു സർവ്വത്ര സ്വോച്ചസ്വർക്ഷഗതോ ഗ്രഹഃ ൭

രണ്ടാംഭാവാധിപൻ വ്യാഴത്തോടുകൂടി അഷ്ടമത്തിൽ നിന്നാൽ സംസാരിക്കാൻ വയ്യാത്തവനായിത്തീരും. തന്റെ ഉച്ചത്തിലും സ്വക്ഷേത്രത്തിലും നില്ക്കുന്ന ഗ്രഹം ഒരിടത്തും ദോഷത്തെ ചെയ്യുകയില്ല.

വാഗീശബുധജീവേഷു നിർവിദ്യോ നാശഗേഷു ച
കേന്ദ്രേഷു തേ ത്രികോണേ വാ സ്വർക്ഷേ വാ വിദ്യയാന്വിതഃ

രണ്ടാംഭാവാധിപൻ, ബുധൻ, വ്യാഴം ഇവർ അഷ്ടമത്തിൽ ഒന്നിച്ചുനിന്നാൽ വിദ്യയില്ലാത്തവനും, കേന്ദ്രങ്ങളിലോ ത്രികോണത്തിലോ സ്വക്ഷേത്രത്തിലോ നിന്നാൽ വിദ്യയുള്ളവനും ആയിത്തീരും.

ദ്വിതീയേ ദുർബലേ സൌമ്യേ ദ്വന്ദ്വയുദ്ധഹതോ ഭവേൽ
ജീവാത്മേശൌ ദുർബലൌ വാ പവനവ്യാധിമാന്നരഃ

ശുഭൻ രണ്ടിൽ ബലമില്ലാത്തവനായി നിന്നാൽ ദ്വന്ദ്വയുദ്ധത്തിൽ മരിക്കും. വ്യാഴവും രണ്ടാംഭാവാധിപനും ദുർബലന്മാരായിരുന്നാൽ വായുരോഗമുള്ളവനായിത്തീരും.

വാക്സ്ഥാനപേ ദേവപുരോഹിതേന
യുക്തേ യദാ നാശഗതേ തു മൂകഃ
വാക്സ്ഥാനപേ സൌമ്യയുതേ ത്രികോണേ
കേന്ദ്രസ്ഥിതേ വാ ശുഭദേ ച വാഗ്മീ. ൯

രണ്ടാംഭാവാധിപൻ വ്യാഴത്തോടുകൂടി അഷ്ടമത്തിൽ നിന്നാൽ സംസാരിക്കാൻ വയ്യാത്തവനായും, ശുഭനോടുകൂടി ത്രികോണത്തിലും കേന്ദ്രത്തിലും നിന്നാൽ വാഗ്മിയായും തീരും.

വാഗീശസ്ഥാംശകേ സൌമ്യേ സ്വോച്ചേ വാ ശുഭവീക്ഷിതേ
പാരാവതാംശകേ വാപി വാഗ്മീ പടുതരോ ഭവേൽ. ൧൦

ബുധൻ രണ്ടാംഭാവാധിപൻ നിന്ന അംശകത്തിലും തന്റെ ഉച്ചത്തിലും പാരാവതാംശത്തിലും ശുഭദൃഷ്ടിയോടുകൂടി നിന്നാൽ വാഗ്മിയും ഏററവും സമർത്ഥനും ആയിത്തീരും.

കേന്ദ്രത്രികോണഗേ ജീവേ ശുക്രേ സ്വോച്ചാംശഗതേ യദി
വാഗ്ഭേ രവീന്ദുപുത്രൌ വാ ഗണിതജ്ഞോ ഭവേന്നരഃ ൧൧

വ്യാഴം കേന്ദ്രത്രികോണങ്ങളിലും ശുക്രൻ തന്റെ ഉച്ചരാശിയിലും നിൽക്കയോ, സൂര്യനും ബുധനും രണ്ടിൽ നിൽക്കയോ ചെയ്താൽ ജ്യോതിശ്ശാസ്ത്രജ്ഞനായി ഭവിക്കും.

ഗണിതജ്ഞോ ഭവേജ്ജാതോ വാഗ്ഭാവേ ഭൂമിനന്ദനേ
സസൗമ്യേ ബുധസംദൃഷ്ടേ കേന്ദ്രേ വാ സോമനന്ദനേ. ൨൰൨

കുജൻ രണ്ടിൽ ശുഭയോഗത്തോടും ബുധദൃഷ്ടിയോടുംകൂടി നിന്നാലും ബുധൻ കേന്ദ്രത്തിൽ നിന്നാലും ഗണിതജ്ഞനായി ഭവിക്കും.

വാഗ്ഭാവപേ രവൗ ഭൗമേ ഗുരുശുക്രനിരീക്ഷിതേ
പാരാവതാംശകേ വാപി തർക്കയുക്തിപരായണഃ ൨൰൩

രണ്ടാംഭാവാധിപൻ, സൂര്യൻ കുജൻ ഇവർ ഗുരുശുക്രദൃഷ്ടിയോടുകൂടി നിൽക്കയോ പാരാവതാംശത്തിൽ നിൽക്കയോ ചെയ്താൽ തർക്കശാസ്ത്രത്തിലെ യുക്തിവാദത്തിന് സമർത്ഥനായിത്തീരും.

സമ്പൂർണ്ണബലസംയുക്തേ ഗുരൗ തൽഭവനേശ്വരേ
ദിനേശഭൃഗുസന്ദൃഷ്ടേ ശാബ്ദികോഽയം ഭവേന്നരഃ ൨൰൪

വ്യാഴത്തിന് രണ്ടാംഭാവാധിപത്യവും സമ്പൂർണ്ണബലസൂര്യശുക്രദൃഷ്ടിയും ഉണ്ടായാൽ ശബ്ദശാസ്ത്രജ്ഞനായിത്തീരും.

വേദാന്തപരിശീലീ സ്യാൽ കേന്ദ്രകോണേ ഗുരൗ യദി
ബുധേന ഭൃഗുണാ ദൃഷ്ടേ ശനൗ പാരാവതാംശകേ. ൨൰൫

ഗുരുവിന് കേന്ദ്രത്രികോണസ്ഥിതിയും ബുധശുക്രദൃഷ്ടിയും ഉണ്ടായിരിക്കയും ശനി പാരാവതാംശകത്തിൽ നിൽക്കയും ചെയ്താൽ വേദാന്തശാസ്ത്രജ്ഞനായി ഭവിക്കും.

ഷഡ്ശാസ്ത്രവല്ലഭഃ കേന്ദ്രേ ജീവേ ദാനവപൂജിതേ
സിംഹാസനേ ഗോപുരാംശേ വാഗ്ഭവനാധാംശപേ ബുധേ

ഗുരുശുക്രന്മാർ കേന്ദ്രത്തിൽ സിംഹാസനാംശത്തിലും ബുധൻ രണ്ടാംഭാവാധിപന്റെ നവാംശകാധിപത്യമുള്ളവനായി ഗോപുരാംശത്തിലും നിന്നാൽ ആറു ശാസ്ത്രത്തിൽ പാണ്ഡിത്യമുള്ളവനായിത്തീരും.

ഉപജീവ്യ നരം സർവേ തദീശേ ഗോപുരാംശകേ
വർത്തന്തേ മുദിതാസ്തസ്യ ഭൃഗൗ പാരാവതാംശകേ. ൨൰൬
നാസ്തി ചേദ്രാജയോഗസ്തു പുരസ്കൃത്യ നരം ജനഃ

രണ്ടാംഭാവാധിപൻ ഗോപുരാംശത്തിലും ശുക്രൻ പാരാവതാംശത്തിലും നിന്നാൽ രാജയോഗം ഇല്ലെങ്കിലും എല്ലാജനങ്ങളും ജാതനെ പൂജിച്ച് സന്തുഷ്ടിയോടുകൂടിയിരിക്കും.

ജായാകുടുംബഗൃഹപൗ സിതപാപയുക്തൗ
ദൃഷ്ടൗ ച തൽസമകളത്രഹരൗ ഭവേതാം
വിത്താധിപേ ബലവതി സ്മരരാശിപേ വാ
തുംഗാദികേ യദി സമേതി കളത്രമേകം. ൨൰൭

ഏഴാംഭാവാധിപനും രണ്ടാംഭാവാധിപനും ശുക്രനോടും പാപനോടുംകൂടി അനിഷ്ടസ്ഥാനങ്ങളിൽ നിന്നാൽ അവർക്ക് തുല്യമായ സംഖ്യയോളവും ഭാര്യമാർ മരിക്കും.

രണ്ടാംഭാവാധിപനോ ഏഴാംഭാവാധിപനോ ബലവാനായി ഉച്ചം സ്വക്ഷേത്രം മുതലായവയോടുകൂടി നിന്നാൽ സൌശീല്യവതിയായ ഒരു ഭാര്യ ഉണ്ടായിരിക്കും.

ഭുക്തിസ്ഥാനപതൌ സിതേന്ദുസഹിതേ ലഗ്നാദികേന്ദ്രസ്ഥിതേ
രൌപ്യം പാത്രമുപൈതി കാഞ്ചനമയം ജീവേന്ദുശുക്രാന്വിതേ
ഭുക്തിസ്ഥാനപദേഹപൌ ശനിയുതൌ ലോഹാദിപാത്രം വദേൽ
ഭൌമേ പാപനിരീക്ഷിതേ ധനഗതേ ജാതഃ കദന്നാദിഭുക്. ൯൦

രണ്ടാംഭാവാധിപൻ, ശുക്രചന്ദ്രന്മാരോടുകൂടി ലഗ്നാദികേന്ദ്രങ്ങളിൽ നിന്നാൽ വെള്ളിപ്പാത്രവും; വ്യാഴം ചന്ദ്രൻ ശുക്രൻ ഇവരോടുകൂടി നിന്നാൽ സ്വർണ്ണപ്പാത്രവും; രണ്ടാംഭാവാധിപനും ലഗ്നാധിപനും ശനിയോടുകൂടി നിന്നാൽ ഇരുമ്പുപാത്രവും ലഭിക്കും. കുജൻ പാപദൃഷ്ടിയോടുകൂടി രണ്ടിൽ നിന്നാൽ കുത്സിതമായ അന്നം മുതലായവയെ ഭുജിക്കും.

ബഹ്വാശനോ ഭുക്തിപതൌ സപാപേ
ദ്രേക്കാണദണ്ഡായുധകാലഭാഗേ
നീചാംശകേ പാപനിരീക്ഷിതേ ച
ശുഭൈർന്ന യോഗസ്സഹിതേക്ഷിതേ ച. ൯൧

രണ്ടാംഭാവാധിപൻ പാപനോടും, ദ്രേക്കാണാംശം, ദണ്ഡായുധാംശം, കാലാംശം മുതലായ ഷഷ്ട്യംശങ്ങളുടെ ക്രൂരാംശങ്ങളോടും, നീചാംശകം, പാപദൃഷ്ടി ഇവയോടുംകൂടി നിന്നാൽ വളരെ ഭക്ഷിക്കുന്നവനായിത്തീരും. ശുഭയോഗദൃഷ്ടികൾ ഉണ്ടെങ്കിൽ ബഹ്വാശിയായി ഭവിക്കയില്ല.

ഭുക്തിസ്ഥാനേ ശുഭയുതേ തദീശേ ശുഭസംയുതേ
ശുഭഗ്രഹേണ സന്ദൃഷ്ടേ സുഖഭുക് സ നരോ ഭവേൽ. ൯൨

രണ്ടാംഭാവത്തിനും രണ്ടാംഭാവാധിപനും ശുഭയോഗവും ശുഭദൃഷ്ടിയും ഉണ്ടായാൽ സുഖഭോജിയായിത്തീരും.

പരാന്നഭുക് തദീശേ തു നീചശത്രുസമന്വിതേ
നീചഖേചരസന്ദൃഷ്ടേ തദ്ദൂഷണപരായണഃ ൯൩

രണ്ടാംഭാവാധിപന്ന് നീചം ശത്രുക്ഷേത്രാദിതി ഇവയുണ്ടെങ്കിൽ പരാന്നത്തെ ഭക്ഷിക്കുന്നവനായും, നീചഗ്രഹദൃഷ്ടിയുണ്ടെങ്കിൽ അന്യദൂഷണതല്പരനായും തീരും.

കാലോചിതാശനോ ഭുക്തിനാഥേ ലഗ്നേശവീക്ഷിതേ
പാപഗ്രഹേണ സന്ദൃഷ്ടേ നീചാംശാദിയുതേ ന തു. ൯൪

രണ്ടാംഭാവാധിപന്ന് ലഗ്നാധിപദൃഷ്ടിയുണ്ടെങ്കിൽ കാലോചിതമായി ഭക്ഷിക്കുന്നവനും, പാപഗ്രഹദൃഷ്ടി, നീചാംശം മുതലായവയുണ്ടെങ്കിൽ കാലോചിതമായി ഭക്ഷിക്കാത്തവനും ആയിത്തീരും.

സ്വല്പാശീ രുചികാമഃ സ്യാൽ ഭുക്തിനാഥേ ശുഭഗ്രഹേ
സോച്ചേ ശുഭേന സന്ദൃഷ്ടേ മൃദ്വംശാദിസമന്വിതേ. ൯൫

രണ്ടാംഭാവാധിപൻ ശുഭഗ്രഹമാകയും, ഉച്ചം ശുഭദൃഷ്ടി മൃദ്വംശം മുതലായ സൌമ്യാംശം ഇവയോടുകൂടിയിരിക്കയും ചെയ്താൽ രുചിയായി സ്വല്പം ഭക്ഷിക്കുന്നവനായിത്തീരും.

ഭുക്തിസ്ഥാനാധിപേ മന്ദേ തദീശേ വാക്സമാഗതേ
നീചേക്ഷ്യൂനനാ ദൃഷ്ടേ ശ്രാദ്ധഭുക് സതതം നരഃ ൯൭

രണ്ടാംഭാവാധിപൻ ശനിയായിരിക്കയോ രണ്ടിൽതന്നെ നീചനായി ശനി ദൃഷ്ടിയോടുകൂടി നില്ക്കയോ ചെയ്താൽ എന്നും ശ്രാദ്ധം ഭുജിക്കുന്നവനായിത്തീരും.

സിംഹാസനാംശേ യദി ദേവപൂജ്യേ
ശുക്രേ യദാ ഗോപുരഭാഗയുക്തേ
പാരാവതാംശേ ധനപേ ബലാഢ്യേ
ജാതസ്ത്വസംഖ്യാശ്രിതരക്ഷകഃ സ്യാൽ ൯൮

ഇതി ജാതകപാരിജാതേ ഏകാദശോദ്ധ്യായഃ

ഗുരു സിംഹാസനാംശത്തിലും ശുക്രൻ ഗോപുരാംശത്തിലും രണ്ടാംഭാവാധിപൻ ബലവാനായി പാരാവതാംശത്തിലും നിന്നാൽ അസംഖ്യം ആശ്രിതന്മാരെ രക്ഷിക്കുന്നവനായി തീരും.

ഇങ്ങനെ ജാതകപാരിജാതത്തിൽ ൧൧-ാം അദ്ധ്യായത്തിന്റെ
വ്യാഖ്യാനം സമ്പൂർണ്ണം.

അഥ ദ്വാദശോദ്ധ്യായഃ

അഥ തൃതീയഭാവഫലം —

ജ്യേഷ്ഠാനുജസ്ഥിതിപരാക്രമസാഹസാനി
കർണ്ണസ്വരശ്രുതിവരാഭരണാംശുകാനി
ധൈര്യം തു വീര്യബലമൂലഫലാശനാനി
വക്ഷ്യേ തൃതീയഭവനാൽ ക്രമശോഽഖിലാനി ൧

ജ്യേഷ്ഠൻ, അനുജൻ, സ്ഥിതി, പരാക്രമം, സാഹസം, ചെവി, സ്വരം, ശ്രുതി, ശ്രേഷ്ഠമായ ആഭരണം, വസ്ത്രം, ധൈര്യം, വീര്യം, ബലം, മൂലഫലാശനം ഇവയെ ഒക്കെയും തൃതീയഭാവംകൊണ്ട് പറയാൻ ഭാവിക്കുന്നു.

ഭ്രാതൃസ്ഥാനം തൃതീയം ച നവൈകാദശസപ്തമം
തത്തദീശദശായാം തു ഭ്രാതൃലാഭോ ഭവേന്നൃണാം ൨

൩, ൯, ൧൧, ൭ ഈ ഭാവങ്ങളെക്കൊണ്ട് സഹോദരന്മാരെ ചിന്തിക്കാം. അതതു ഭാവാധിപദശയിൽ സഹോദരലാഭം സിദ്ധിക്കും.

ഭ്രാതൃസ്ഥാനേശതദ്രാശിതൽഭാവസ്ഥഖേചാരിണാം
മദ്ധ്യേ ബലസമേതസ്യ ദശാ സോദരവൃദ്ധിദാ ൩

മൂന്നാംഭാവാധിപൻ, ൩-ാം ഭാവം, ൩-ാം ഭാവത്തിൽ നില്ക്കുന്ന ഗ്രഹങ്ങൾ ഇവരിൽവച്ചു ബലാധിക്യമുള്ളവന്റെ ദശയിൽ സഹോദരവൃദ്ധിയുണ്ടാകും.

ഭൌമോ ബലവിഹീനശ്ചേൽ ദീർഘായുർഭ്രാതൃമാൻ ഭവേൽ
വിലഗ്നതോ ബലീ യസ്യ കാരകഃ സ പ്രപൂഃ സ്മൃതഃ ൪

കുജൻ ബലഹീനനാണെങ്കിലും ലഗ്നത്തിൽനിന്ന് ഒരു ഗ്രഹം ബലവാനായി ൩-ൽ നിന്നാൽ അവൻ സോദരകാരകനും ദീർഘായുസ്സായ സഹോദരന്മാരെ കൊടുക്കുന്നവനും ആയിത്തീരും.

ജന്മകാലേ ഗുണീ പ്രാണീ കാരകോ യസ്സമൃദ്ധികൃൽ
ക്ഷയകാരീ വിപര്യാസേ ഭാവപോ വിബലാധികഃ ൫

ജന്മകാലത്തിൽ സോദരകാരകനായ ഗ്രഹം ബലവാനായി ഇഷ്ടസ്ഥാനത്തിൽ നിന്നാൽ സോദരസമൃദ്ധിയും, ബലഹീനനായി അനിഷ്ടസ്ഥാനത്തു നിന്നാൽ സോദരനാശവും സംഭവിക്കും.

സോദരേശകുജൌ നാശം ഗതൌ ചേൽ സോദരക്ഷയഃ
പാപർക്ഷഗൌ സപാപൌ വാ ഭ്രാതൄനുല്പാദ്യ നാശയേൽ ൬

മൂന്നാംഭാവാധിപനും കുജനും അഷ്ടമത്തിൽ നിന്നാൽ സോദരക്ഷയം സംഭവിക്കും. ഇവർക്ക് പാപരാശിസ്ഥിതിയോ പാപയോഗമോ ഉണ്ടെങ്കിൽ ഭ്രാതാക്കന്മാർ ഉണ്ടായതിനുശേഷം മരിക്കയും ചെയ്യും.

നീചാസ്തഗൌ സോദരകാരകാഖ്യൌ
നീചാംശഗൌ നീചസമാഗതൌ വാ
ക്രൂരസ്യ ഷഷ്ട്യംശഗതൌ തദാനീം
ഭ്രാതൄൻ സമുൽപാദ്യ വിനാശയേതാം ൭

മൂന്നാംഭാവാധിപനും സോദരകാരകനും നീചം, മൌഢ്യം, നീചാംശം, നീചയോഗം, ക്രൂരഷഷ്ട്യംശം ഇവയുണ്ടായാൽ സഹോദരന്മാർ ഉണ്ടായിട്ടു മരിക്കും.

അതിക്രൂരസമായുക്തേ ഭാവേ വാ കാരകേ ऽപി വാ
തൽഭാവനായകേ വാപി ബാല്യേ സോദരനാശനം ൮

സോദര (൩-ാം) ഭാവമോ സോദരകാരകനോ ൩-ാംഭാവാധിപനോ അതിക്രൂരഗ്രഹങ്ങളോടു യുക്തമായാൽ ബാല്യത്തിൽ സോദരനാശം സംഭവിക്കും.

ധനേശ്വരേ നാശഗതേ ബലാഢ്യേ
പാപാന്വിതേ സോദരകാരകാഖ്യേ
തന്മാതൃകാരഗ്രഹസംയുതേ ച
സാപത്ന്യമാതുസ്സഹജാ ഭവന്തി ൯

രണ്ടാംഭാവാധിപൻ ബലവാനായി അഷ്ടമത്തിലും സോദരകാരകഗ്രഹം പാപനോടുകൂടിയോ മാതൃകാരകഗ്രഹത്തോടുകൂടിയോ നിൽക്കയും ചെയ്താൽ തന്റെ ചെറിയമ്മയുടേയോ വലിയമ്മയുടേയോ സോദരന്മാർ ഉണ്ടാകും. (തന്റെ അമ്മയെറ്റ സഹോദരന്മാർ ഉണ്ടാകയില്ല എന്നു ഭാവം.)

ഭ്രാതൃസ്ഥാനേ യദി ശുഭയുതേ സോദരാണാം ചിരായുഃ
പാപാക്രാന്തേ സഹജഭവനേ പാപദൃഷ്ടേ വിനാശം
ജ്യേഷ്ഠം ഹന്തി ദ്യുമണിരനുജസ്ഥാനഗഃ പാപദൃഷ്ടഃ
സൌരസ്തസ്യാനുജമവനിജോ ഹന്തി സർവ്വാൻ കനിഷ്ഠാൻ

൩-ാംഭാവത്തിൽ ശുഭഗ്രഹങ്ങളുണ്ടെങ്കിൽ സോദരന്മാൎക്കു ദീൎഘായുസ്സും, പാപയോഗവും പാപദൃഷ്ടിയും ഉണ്ടെങ്കിൽ സോദരനാശവും, സൂൎയ്യൻ പാപദൃഷ്ടിയോടുകൂടി നിന്നാൽ ജ്യേഷ്ഠസഹോദരനും, ശനി പാപദൃഷ്ടിയോടുകൂടി നിന്നാൽ അനുജനും, ചൊവ്വാ പാപദൃഷ്ടിയോടുകൂടി നിന്നാൽ എല്ലാ അനുജന്മാൎക്കും നാശവും സംഭവിക്കും.

ത്രികോണകേന്ദ്രേ യദി പാപഖേടേ
തൃതീയഭാവാദനുജസ്യ നാശം
ശുഭോപയാതേ സഹജാഭിവൃദ്ധിഃ
ശുഭാശുഭേ മിശ്രഫലം വദന്തി. ൧൧

മൂന്നാം ഭാവത്തിന്റെ ത്രികോണകേന്ദ്രങ്ങളിൽ പാപഗ്രഹങ്ങൾ നിന്നാൽ അനുജന്നു നാശവും, ശുഭന്മാർ നിന്നാൽ സഹജാഭിവൃദ്ധിയും, ശുഭാശുഭന്മാർ നിന്നാൽ മിശ്രഫലവും സംഭവിക്കും.

ദുഃസ്ഥേ ചന്ദ്രേ സോദരസ്വാമിയുക്തേ
ജാതസ്യാന്യാസ്തന്യപാനം വദന്തി
മാതൃഭ്രാതൃസ്ഥാനപൌ ബന്ധുയാതൌ
നാസ്തി ഭ്രാതൃസ്ഥാനവൃദ്ധിൎന്നരാണാം ൧൨

ചന്ദ്രൻ മൂന്നാംഭാവാധിപനോടുകൂടി അനിഷ്ടസ്ഥാനത്തിൽ നില്ക്കുമ്പോൾ ജനിച്ചവൻ അന്യസ്ത്രീയുടെ മുലകുടിച്ചു വളരും. മൂന്നാംഭാവാധിപൻ നാലാംഭാവാധിപനോടുകൂടി നാലിൽ നിന്നാൽ സഹോദരാഭിവൃദ്ധി ഭവിക്കുകയില്ല.

ഭൌമാനുജൌ സോദരഭൌ ഭവേതാ-
മന്യൈസ്സമേതൌ യദി നാനുജഃ സ്യാൽ
സൌരസ്തൃതീയേ ഽനുജനാശകൎത്താ
വിധുന്തുദസ്സോദരവൃദ്ധിദഃ സ്യാൽ ൧൩

൩-ാംഭാവാധിപനും സോദരകാരകനും കുജനോടുകൂടി നിന്നാൽ സോദരന്മാർ ഉണ്ടാകും. മററു ഗ്രഹങ്ങളോടു ചേൎന്നുനിന്നാൽ സോദരന്മാർ ഉണ്ടാകയില്ല. ശനി മൂന്നിൽ നിന്നാൽ സോദരനാശം ചെയ്യും. രാഹു മൂന്നിൽ നിന്നാൽ സോദരവൃദ്ധി ഭവിക്കും.

അദൃശ്യരാശൌ യദി വാ സപാപേ
വധൂഗ്രഹസ്ഥേ സഹജാധിനാഥേ
ജാതാനുജസ്യോപരിനാനുജഃ സ്യാൽ
പുംവൎഗ്ഗഗേ ദൃശ്യഗതേ തഥൈവ ൧൪

മൂന്നാംഭാവാധിപൻ അദൃശ്യാൎദ്ധത്തിൽ പാപനോടുകൂടി യുഗ്മരാശിയിലും, ദൃശ്യാൎദ്ധത്തിൽ പാപനോടുകൂടി ഓജരാശിയിലും നിന്നാലും അനുജന്മാർ ഉണ്ടാകുകയില്ല.

ഭ്രാതൃസ്ഥാനപതൌ തു പുംഭവനഗേ തസ്യാനുജോ ജായതേ
യുഗ്മൎക്ഷേ യദി ഭാൎഗ്ഗവേണ സഹിതേ ചന്ദ്രേണ വാ വീക്ഷിതേ
സൌമ്യൎക്ഷേ ശുഭഖേചരേക്ഷിതയുതേ കേന്ദ്രത്രികോണസ്ഥിതേ
പശ്ചാജ്ജാതസഹോദരശ്ചിരസുഖീ ദീൎഘായുരാരോഗ്യവാൻ

മൂന്നാംഭാവാധിപൻ ഓജരാശിയിൽ നിന്നാൽ സഹോദരനും; യുഗ്മരാശിയിൽ ശുക്രന്റെയോ ചന്ദ്രന്റെയോ ദൃഷ്ടിയോഗങ്ങളോടുകൂടി നിന്നാൽ സ

ഹോദരിയും ഉണ്ടാകും. ശുഭരാശിയിൽ ശുഭഗ്രഹദൃഷ്ടിയോഗങ്ങളോടുകൂടി കേന്ദ്ര ത്രികോണങ്ങളിൽ നിന്നാൽ ജാതസഹോദരൻ ചിരകാലം സുഖിയും, ദീർഘായുസ്സും ആരോഗ്യവാനും ആയിത്തീരും.

സഹോദരസ്ഥാനപതൌ തനുസ്ഥേ
സലഗ്നപേ സോദരനായകേ വാ
തദോഭയം ഗർഭഗമന്തരം സ്യാൽ
തൃതീയരാശൌ സരവൌ തഥൈവ

മൂന്നാം ഭാവാധിപൻ ലഗ്നത്തിലോ ലഗ്നാധിപനോടുകൂടിയോ നിന്നാൽ ഇരട്ട പ്രസവിച്ച സഹോദരന്മാരുണ്ടാകും. മൂന്നാംഭാവത്തിൽ സൂര്യൻ നിന്നാലും അപ്രകാരം ഭവിക്കും.

ലാഭാവസാനഭവനോപഗതഗ്രഹേന്ദ്രൈഃ
സംഖ്യാസ്തദഗ്രജജനാസ്സഹജാ ഭവന്തി
ലഗ്നാത്തൃതീയധനയാതവിയച്ചരേന്ദ്രൈഃ
സംഖ്യാജനാഃ സ്യുരനുജാഃ കഥയന്തി തജ്ഞാഃ ൧൭

പതിനൊന്നിലും പന്ത്രണ്ടിലും നില്ക്കുന്ന ഗ്രഹങ്ങളെക്കൊണ്ട് ജ്യേഷ്ഠസഹോദരന്മാരുടെ സംഖ്യയും ൩-ലും ൨-ലും നില്ക്കുന്ന ഗ്രഹങ്ങൾകൊണ്ട് അനുജന്മാരുടെ സംഖ്യയും പറയണം. ഈ ഭാവങ്ങളിൽ നോക്കുന്ന ഗ്രഹങ്ങളുടെ സംഖ്യയും എടുക്കണമെന്നും ശത്രുനീചാംശങ്ങൾ നഷ്ടങ്ങളാണെന്നുംകൂടി ധരിച്ചുകൊള്ളണം.

ഭ്രാതൃസ്ഥാനപകാരകേക്ഷിതയുതാ വീര്യാധികാ യദ്യദാ
തത്തുല്യഗ്രഹസംഖ്യയാനുജനനം ജാതഃ സമേതി ധ്രുവം
ചത്വാരോ യദി നീചമൗഢ്യരിപുഗാ നിഘ്നന്തി ജാതാനുജാം-
സ്തേ കുർവന്തി ചിരായുരിഷ്ടബലിനഃ സർവാനുജാനാം ഗ്രഹാഃ

മൂന്നാംഭാവാധിപൻ, സോദരകാരകൻ, മൂന്നാംഭാവത്തിൽ നോക്കുകയും നില്ക്കുകയും ചെയ്യുന്ന ഗ്രഹങ്ങൾ, ഇവർ ബലവാന്മാരായിരുന്നാൽ ഇവരുടെ സംഖ്യയോളവും അനുജന്മാർ ജനിക്കും. മുൻപറഞ്ഞ നാലു ഗ്രഹങ്ങൾക്കും നീചം മൌഢ്യം ശത്രുക്ഷേത്രസ്ഥിതി ഇവയുണ്ടെങ്കിൽ അവരും അനുജന്മാർ നശിക്കും. മുൻപറഞ്ഞവർ ബലവാന്മാരും ഇഷ്ടസ്ഥാനഗന്മാരായും ഇരുന്നാൽ അനുജന്മാർ ചിരായുസ്സുകളായിത്തീരും.

ഭ്രാതൃസ്ഥാനപമുഖ്യഖേടചതുർഷു ദ്വൌ വീര്യവന്തൌ യദാ
നാശാനാശഫലപ്രദൌ സമതയാ വീര്യാധികാശ്ചേൽ ത്രയഃ
ഖേടാഃ സ്വല്പസഹോദരക്ഷയകരാ ദുഃസ്ഥാനഗാഃ സ്ത്രീഗ്രഹാ
യദ്യല്പാനുജവൃദ്ധിദാസ്തദനുജസ്വാമ്യംശസംഖ്യാനുജാഃ ൧൮

മൂന്നാംഭാവാധിപൻ തുടങ്ങിയ മുൻപറഞ്ഞ നാലു ഗ്രഹങ്ങളിൽവച്ചു രണ്ടു ഗ്രഹങ്ങൾക്കു ബലാധിക്യവും രണ്ടുപേൎക്കു ബലഹാനിയും ഉണ്ടെങ്കിൽ ചില സഹോദരന്മാർ നശിക്കയും ചിലർ നശിക്കാതിരിക്കയും, മൂന്നു ഗ്രഹങ്ങൾക്കു ബലാധിക്യം ഉണ്ടെങ്കിൽ സഹോദരങ്ങളിൽ കുറച്ചുപേർമാത്രം മരിക്കയും സ്ത്രീഗ്രഹങ്ങൾ അനിഷ്ടസ്ഥാനങ്ങളിൽ നിന്നാൽ അനുജന്മാരിൽ കുറച്ചുപേൎക്കു വൃദ്ധിയുണ്ടാകയും ചെയ്യും. ൩-ാം ഭാവാധിപന്റെ ഉച്ചനവാംശസംഖ്യയോളവും സഹജന്മാർ ജനിക്കുമെന്നും അറിഞ്ഞുകൊള്ളണം.

ഭൂമിജേ സഹജസ്ഥാനേ യാവതാം വിദ്യതേ ഫലം
ശത്രുനീചഗ്രഹം ത്യക്ത്വാ താവന്തഃ സഹജാഃ സ്മൃതാഃ

കുജാഷ്ടവർഗ്ഗത്തിൽ കുജൻ നില്ക്കുന്ന രാശിയുടെ മൂന്നിൽ എത്ര ബിന്ദുക്കൾ ഉണ്ടോ, അവയിൽ ശത്രുക്ഷേത്രസ്ഥിതി, നീചം ഇവയുള്ള ഗ്രഹങ്ങളുടെ ബിന്ദുക്കൾ ഒഴിച്ച് എത്ര ബിന്ദുക്കൾ ശേഷിക്കുമോ അത്രയും സഹജന്മാർ ഉണ്ടാകും. ഇവിടെ ഉച്ചം വക്രം ഇവയുള്ള ഗ്രഹങ്ങളുടെ അക്ഷങ്ങൾ ത്രിഗുണമാക്കണമെന്നും സ്വക്ഷേത്രം വർഗ്ഗോത്തമാംശം സ്വദ്രേക്കാണം ഇവയുള്ള ഗ്രഹത്തിന്റെ ബിന്ദുക്കൾ ഇരട്ടിക്കണമെന്നുംകൂടി ധരിച്ചുകൊള്ളണം.

ഭ്രാത്രീദൗ സ്ത്രീഗഹർക്ഷസ്ഥൗ ഭ്രാതൃദൗ പുംഗ്രഹർക്ഷഗൗ
സോദരേശകുജൗ സ്യാതാം ഭ്രാതൃഭ്രാത്രീസുഖപ്രദൗ. ൨൫

മൂന്നാംഭാവാധിപനും കുജനും സ്ത്രീരാശികളിലോ സ്ത്രീഗ്രഹരാശികളിലോ നിന്നാൽ സഹോദരികളും, പുംരാശികളിലോ പുരുഷഗ്രഹരാശികളിലോ നിന്നാൽ സഹോദരന്മാരും ഉണ്ടാകും. ഇവർ നീചാദിദോഷങ്ങളോടുകൂടാതെ ഇഷ്ടസ്ഥാനങ്ങളിൽ നിന്നാൽ സഹോദരീസഹോദരന്മാർക്ക് സുഖത്തെ കൊടുക്കുകയും ചെയ്യും.

സ്ത്രീഹോരയാ വാ യുവതീഗ്രഹേണ
യുക്തേ സതി ഭ്രാതൃഗൃഹേ വിലഗ്നാൽ
സഹോദരീലാഭമുപൈതി ജാതഃ
സഹോദരം തൽപരതോഽന്യഥാ ചേൽ. ൨൬

ലഗ്നാൽ മൂന്നാംഭാവം സ്ത്രീഹോരയായോ യുഗ്മരാശിയായോ വരികയോ, സ്ത്രീഗ്രഹത്തോടു ചേരുകയോ ചെയ്താൽ സഹോദരീലാഭവും, പുരുഷഹോരയായോ ഓജരാശിയായോ വരികയോ, പുരുഷഗ്രഹത്തോടു ചേരുകയോ ചെയ്താൽ സഹോദരലാഭവും ഉണ്ടാകും.

കാരകഃ സോദരാധീശസ്തദ്ദൃശീ തത്ര സംസ്ഥിതഃ
ഇഷ്ടാനിഷ്ടകരാസ്തേഷാം സ്വദശാന്തർദ്ദശാസു ച. ൨൭

സഹോദരകാരകനും, മൂന്നാംഭാവാധിപനും, മൂന്നിൽ നോക്കുന്ന ഗ്രഹവും നില്ക്കുന്ന ഗ്രഹവും തന്റെ ദശാപഹാരങ്ങളിൽ ഇഷ്ടഭാവസ്ഥന്മാരാണെങ്കിൽ ഇഷ്ടഫലത്തെയും, അനിഷ്ടഭാവസ്ഥന്മാരാണെങ്കിൽ അനിഷ്ടഫലത്തെയും ചെയ്യും.

കാരകാദിചതുഃഖേടസ്ഫുടയോഗാംശകാനുജാഃ
വർജ്ജ്യാ നീചാരിമൂഢാംശാഃ സ്വോച്ചാംശാ ദ്വിഗുണീകൃതാഃ

മുൻപറഞ്ഞ സഹോദരകാരകൻ തുടങ്ങിയ നാലു ഗ്രഹങ്ങളുടെ സ്ഫുടങ്ങൾ കൂട്ടിയാൽ ആ രാശിക്ക് എത്ര അംശങ്ങൾ ചെന്നിട്ടുണ്ടോ അത്രയും അനുജന്മാർ ഉണ്ടാകും. ഇവിടെ നീചാംശം, ശത്രുക്ഷേത്രാംശം, മൂഢാംശം ഇവയെ കളയണം, ഉച്ചാംശത്തെ ഇരട്ടിക്കുകയും വേണം.

തുരീയസപ്തമർക്ഷേണ ഭ്രാതൃഭാര്യാഫലം വദേൽ
ലഗ്നേശകുജയോഃ ഖേടാഃ ഭ്രാതൃനിഷ്ടഫലപ്രദാഃ. ൨൮

മൂന്നാംഭാവത്തിന്റെ ൭-ാം രാശികൊണ്ടു സഹോദരഭാര്യാഫലത്തെ പറയണം. ലഗ്നാധിപന്റേയും കുജന്റേയും രണ്ടാമിടത്തിന്റെ അധിപന്മാർ സഹോദരന്മാർക്ക് അനിഷ്ടഫലത്തെ കൊടുക്കുന്നവരാകുന്നു. (അവരുടെ ദശകളിൽ സോദരനാശത്തെ ചെയ്യും എന്നു സാരം)

അന്യോന്യമിഷ്ടവിപുലം തു സഹോദരാണാം
ലഗ്നാധിപേന സഹിതേ യദി സോദരേശേ
അന്യോന്യമിഷ്ടഖചരൌ യദി തൌ ബലാഢ്യൌ
ലഗ്നേഽഥവാ സഹജഭേ ന വിഭാഗമാഹുഃ ൨൬

മൂന്നാംഭാവാധിപനും ലഗ്നാധിപനും ഒന്നിച്ചുനിന്നാൽ സോദരന്മാർ തമ്മിൽ പരസ്പരം സ്നേഹമായിരിക്കും. അവർ അന്യോന്യബന്ധുക്കളായി ബലവാന്മാരായി ലഗ്നത്തിലോ മൂന്നിലോ നിന്നാൽ സോദരന്മാർ തമ്മിൽ ഭാഗിക്കാതെ ഒരുമിച്ച് സ്നേഹമായി വസിക്കും.

ലഗ്നേശാനുജനായകൌ വിബലിനാവന്യോന്യശത്രുഗ്രഹൌ
ദുശ്ചിക്യസ്ഥിതകാരകൌ ച യദി വാ ദുഃസ്ഥാനഗൌ ദുർബലൌ
തൽപാകേ സഹജപ്രമാദകലഹം തന്നാശമർത്ഥക്ഷയം
തൽഖേടോപഗകോപഹേതുകലഹക്ഷോഭാദിസർവം വദേൽ. ൨൭

ലഗ്നാധിപനും മൂന്നാംഭാവാധിപനും ബലമില്ലാതെ പരസ്പരശത്രുക്കളായിരിക്കയോ, മൂന്നിൽ നില്ക്കുന്ന ഗ്രഹവും സഹോദരകാരകനും അനിഷ്ടസ്ഥാനത്തിൽ ദുർബലന്മാരായിരിക്കയോ ചെയ്താൽ അവരുടെ ദശാപഹാരങ്ങളിൽ സോദരപ്രമാദത്താൽ കലഹം, സോദരനാശം, ധനക്ഷയം, അതതു ഗ്രഹങ്ങൾക്കു പറഞ്ഞിരിക്കുന്ന ധാതുകോപത്താലുള്ള രോഗം, ക്ഷോഭം ഇവയൊക്കെ ഉണ്ടാകും.

ഗുരുദൃഷ്ടേഽനുജേ ശുക്രേ ഭ്രാതൃരക്ഷണതൽപരഃ
രവിദൃഷ്ടേ ബുധേ സോത്ഥേ സുഹൃന്നാശകരോ ഭവേൽ ൨൮

മൂന്നിൽ നില്ക്കുന്ന ശുക്രനു ഗുരുദൃഷ്ടിയുണ്ടായാൽ ജാതൻ സോദരരക്ഷണത്തിൽ തല്പരനായും, മൂന്നിൽ നില്ക്കുന്ന ബുധനു സൂര്യദൃഷ്ടിയുണ്ടായാൽ ബന്ധുക്കൾക്കു നാശത്തെ ചെയ്യുന്നവനായും തീരും. ബുധനു സൂര്യദൃഷ്ടി അസംഭാവ്യമാണ്.

ഭ്രാതൃസ്ഥതന്നായകകാരകാണാം
നീചാരിദുഃസ്ഥാനസമന്വിതാനാം
ഭുക്തൌ ദശായാം ധനസത്വനാശം
പരാജയം ഭ്രാതൃവിനാശമാഹുഃ ൨൯

മൂന്നിൽ നില്ക്കുന്ന ഗ്രഹം, മൂന്നാംഭാവാധിപൻ, സഹോദരകാരകൻ, ഇവർ നീചം, ശത്രുക്ഷേത്രം, അനിഷ്ടസ്ഥാനം ഇവയിൽ എവിടെയെങ്കിലും നിന്നാൽ അവരുടെ ദശാപഹാരങ്ങളിൽ ധനനാശം, മനോദുഃഖം, തോൽവി, സോദരനാശം ഇവ സംഭവിക്കും.

സ്ഫുടയോഗം —

ലഗ്നേശസ്ഫുടതോ വിശോധ്യ സഹജസ്ഥാനാധിപസ്യ സ്ഫുടം
തന്നക്ഷത്രഗതേ ശനൌ തു മരണം തത്സോദരാണാം വദേൽ
തസ്മാദ്ഭൂമിസ്ഫുടതസ്സമാനഗൃഹപം ഭൌമം ച സംശോധിതേ
രാശൌ ഭാനുസുതേ തഥൈവ ച ചതുർയോഗസ്ഫുടാംശേഽഥവാ

ലഗ്നാധിപസ്ഫുടത്തിൽനിന്നു മൂന്നാംഭാവാധിപന്റെ സ്ഫുടത്തെ ശോധിച്ചുവരുന്ന നക്ഷത്രത്തിൽ ശനി വരുന്ന കാലത്തോ, അവരുടെ രണ്ടുപേരുടെയും സ്ഫുടം ഒരുമിച്ചുകൂട്ടി അതിൽനിന്നു പത്താംഭാവാധിപന്റെയും ചൊവ്വായുടെയും സ്ഫുടത്തെ കുറച്ചുവരുന്ന രാശിയിൽ ശനി ചെല്ലുന്ന കാലത്തോ മുൻപറഞ്ഞ

നാലുപേരുടെയും സ്ഫുടം ഒരുമിച്ചുകൂട്ടി ആ അംശകത്തിൽ ശനി ചെല്ലുന്ന കാലത്തോ സോദരന്മാൎക്ക് നാശം സംഭവിക്കും.

ചതുഃസ്ഫുടാക്രാന്തദൃഗാണരാശിം
ഗതേ ഗുരൌ സോദരനാശമാഹുഃ
തത്താരകാനാഥദശാനുജാനാ-
മതീവസമ്പൽസുഖദായിനീ സ്യാൽ ൩൫

പൂൎവ്വോക്തങ്ങളായ നാലു സ്ഫുടങ്ങളുംകൂടി കൂട്ടിവരുന്ന ദ്രേക്കാണത്തിൽ വ്യാഴം ചെല്ലുമ്പോഴും സോദരനാശം സംഭവിക്കും. ആ ചതുഃസ്ഫുടസംയോഗത്തിൽ വരുന്ന നക്ഷത്രാധിപന്റെ ദശാകാലം സോദരന്മാൎക്ക് ഏററവും സമ്പൽസുഖങ്ങളെ പ്രദാനം ചെയ്യും.

ഭൂസൂനുസ്ഫുടതോ വിശോധ്യ ഫണിനം ശേഷത്രികോണേ ഗുരൌ
ജാതസ്യാനുജനാശനം ക്ഷിതിസുതം രാഹുസ്ഫുടാച്ഛോധയേൽ
തദ്രാശിസ്ഥനവാംശകേ/മരഗുരൌ തജ്ജ്യേഷ്ഠനാശം വദേൽ
ജന്മാധാനപകമ്പപസ്ഫുടഗൃഹേ ജീവേനുജോ ജായതേ ൩൬

കുജസ്ഫുടത്തിൽനിന്ന് രാഹുസ്ഫുടത്തെ കളച്ചു ശേഷിച്ച രാശിയുടെ ത്രികോണരാശിയിൽ വ്യാഴം സഞ്ചരിക്കുമ്പോൾ ജാതന് അനുജനാശവും, രാഹുസ്ഫുടത്തിൽനിന്നു കുജസ്ഫുടത്തെ കളച്ചു വരുന്ന രാശിയുടെ നവാംശകരാശിയിൽ വ്യാഴം ചെല്ലുമ്പോൾ ജ്യേഷ്ഠനാശവും സംഭവിക്കും. ജന്മരാശ്യധിപന്റെയും ആധാനരാശ്യധിപന്റെയും പത്താംഭാവാധിപന്റെയും സ്ഫുടംവരുന്ന രാശിയിൽ വ്യാഴം ചെല്ലുമ്പോൾ അനുജന്മാർ ഉണ്ടാകും.

വിക്രമാധിപതൌ സ്വോച്ചേ നാശസ്ഥേ പാപസംയുതേ
ചരരാശൌ ചരാംശസ്ഥേ യുദ്ധാൽ പൂൎവ്വം ദൃഢോ ഭവേൽ

വിക്രമാ(മൂന്നാംഭാവാ)ധിപൻ ഉച്ചത്തിൽ അഷ്ടമത്തിൽ പാപയുതനായി നില്ക്കുകയോ ചരരാശിയിൽ ചരാംശത്തിൽ നില്ക്കുകയോ ചെയ്താൽ യുദ്ധത്തിനു മുമ്പാണെങ്കിൽ ജാതൻ ബലവാനായിത്തീരും (കുജാദിപഞ്ചഗ്രഹങ്ങൾ ഒരു രാശിയിൽ കല ഒരുപോലെ വരുമ്പോൾ ഗ്രഹയുദ്ധമുണ്ടാകും.)

കാരകേ ബലഹീനേ വാ ക്രൂരഷഷ്ട്യംശസംയുതേ
ശുഭദൃഗ്യോഗസംബന്ധേ വിജയീവിക്രമേശ്വരേ ൩൭

സോദരകാരകനും മൂന്നാംഭാവാധിപനും ബലഹീനതയോ ക്രൂരഷഷ്ട്യംശയോഗമോ ഉണ്ടെങ്കിലും ശുഭദൃഷ്ടി ശുഭയോഗം ഇവയുണ്ടെങ്കിലും ബലവാന്മാരായിതീരും.

ശൌൎയ്യാധിപേ ഭാനുയുതേ ച വീര-
ശ്ചന്ദ്രാന്വിതേ മാനസധൈൎയ്യജാതഃ
ദൃപ്തോ ജഡോ ഭൌമയുതേ പ്രകോപീ
സൌമ്യാന്വിതേ സാത്വികബുദ്ധിയുക്തഃ ൩൮

മൂന്നാംഭാവാധിപൻ സൂൎയ്യനോടുകൂടി നിന്നാൽ ജാതൻ പരാക്രമിയായും, ചന്ദ്രനോടുകൂടി നിന്നാൽ മനോധൈൎയ്യമുള്ളവനായും, കുജനോടുകൂടി നിന്നാൽ ദൃപ്തനും ജഡനും കോപിയും ആയും, ബുധനോടുകൂടി നിന്നാൽ സത്വഗുണവിശിഷ്ടനായും തീരും.

ജീവാന്വിതേ ധീരഗുണാഭിരാമഃ
സമസ്തശാസ്ത്രാർത്ഥവിശാരദഃ സ്യാൽ
കാമാതുരഃ ശുക്രസമന്വിതശ്ചേൽ
തന്മൂലകോപാൽ കലഹപ്രവീണഃ ൩൬

മൂന്നാംഭാവാധിപൻ വ്യാഴത്തോടുകൂടി നിന്നാൽ ജാതൻ ധീരനും സൽഗുണാഭിരാമനും സകലശാസ്ത്രാർത്ഥജ്ഞനും ആയും ശുക്രനോടുകൂടി നിന്നാൽ കാമിയും സ്ത്രീനിമിത്തമുള്ള കോപത്താൽ കലഹിയും ആയും തീരും.

ജഡോ ഭവേദ്ഭ്രാതൃനാഥസൂനു-
യുക്തേƒതിഭീതഃ ഫണിസംയുതശ്ചേൽ
ബഹിർഗതോ ഹൃൽഗതജാഡ്യയുക്തഃ
കേത്വന്വിതേ മാന്ദിയുതേ തഥൈവ. ൩൭

മൂന്നാംഭാവാധിപൻ ശനിയോടുകൂടി നിന്നാൽ ജാതൻ ജഡനും, രാഹുവോടുകൂടി നിന്നാൽ അതിഭീതനും, കേതുവിനോടും ഗുളികനോടുംകൂടി നിന്നാൽ ശരീരത്തിലും നെഞ്ചിനകത്തും രോഗമുള്ളവനും ജഡനും ആയിത്തീരും.

ലഗ്നേ ഗുരൌ വിക്രമനാഥയുക്തേ
ചതുഷ്പദാനാം പ്രവദന്തി ഭീതിം
ഗവാം ഭയം വാ ജലരാശിലഗ്നേ
ജലപ്രമാദം സമുപൈതി ജാതഃ ൩൮

വ്യാഴം ൩-ാംഭാവാധിപനോടുകൂടി ലഗ്നത്തിൽനിന്നാൽ ജാതന് നാൽക്കാലികളിൽനിന്ന് ഭയവും, ലഗ്നം ജലരാശിയായിരിക്കയും അവിടെ വ്യാഴം ൩-ാംഭാവാധിപനോടുകൂടി നിൽക്കയും ചെയ്താൽ കാള മുതലായവയിൽനിന്നും ജലത്തിൽനിന്നും ഭയവും ഉണ്ടാകും.

കുജേന യുക്തേ ഖചരേ ബലിഷ്ഠേ
സത്വം ബലം ഗാനസുഖം സമേതി
കുജാനുജസ്ഥാനജരാശിനാഥാ-
സ്ത്രയോ ബലിഷ്ഠാ രണരംഗശൂരഃ ൩൯

ബലവാനായ ഏതെങ്കിലും ഒരു ഗ്രഹം കുജനോടുകൂടി നിന്നാൽ ധൈര്യം, ബലം, ഗാനസുഖം ഇവയുണ്ടാകും. കുജനും സഹോദരസ്ഥാനത്തിൽ നിൽക്കുന്ന ഗ്രഹവും മൂന്നാംഭാവാധിപനും ബലവാന്മാരായിരുന്നാൽ യുദ്ധക്കളത്തിൽ ശൂരനായിത്തീരും.

തേഷാം ത്രയാണാമപഹാരകാലേ
പാകേƒഥവാ മൂലഫലാദിസൌഖ്യം
ശ്രോത്രദ്വയേ ഭൂഷണസൽകഥാദി-
സംപൽകരം ഭ്രാതൃസുതാദിലാഭം ൪൦

മുൻപറഞ്ഞ മൂന്നു ഗ്രഹങ്ങളുടെയും ദശാപഹാരകാലങ്ങളിൽ കായ്കിഴങ്ങ് മുതലായവയാൽ സൌഖ്യവും കർണ്ണാഭരണങ്ങളും സൽക്കഥാദിശ്രവണം മുതലായവയും സിദ്ധിക്കും.

സാത്വികോ ഭവതി സോദരാധിപേ
സൌമ്യവർഗ്ഗസഹിതേ ബലാന്വിതേ

നീചമൂഢരിപുപാപരാശിഗേ
പാപഖേചരയുതേ തു സാഹസീ. ൪൫

മൂന്നാംഭാവാധിപന്ന് സൌമ്യവർഗ്ഗസ്ഥിതി, ബലം ഇവയുണ്ടെങ്കിൽ സത്വഗുണനായും, നീചം, മൌഢ്യം, ശത്രുക്ഷേത്രസ്ഥിതി, പാപരാശിസ്ഥിതി, പാപഗ്രഹയോഗം, ഇവയുണ്ടെങ്കിൽ സാഹസകർമ്മം ചെയ്യുന്നവനായും തീരും.

ശൌര്യാധിപേ രാഹുസമേതരാശി-
നാഥാന്വിതേ രാഹുയുതേ വിലഗ്നേ
സർപ്പാൽഭയം വിക്രമരാശിനാഥേ
ബുധേന യുക്തേ ഗളരോഗഭാക്സ്യാൽ ൪൬

മൂന്നാംഭാവാധിപൻ, രാഹു നിൽക്കുന്ന രാശിയുടെ അധിപനോടും രാഹുവിനോടും കൂടി ലഗ്നത്തിൽ നിന്നാൽ സർപ്പഭയവും, ബുധനോട്ടുകൂടി നിന്നാൽ കണ്ഠരോഗവും ഉണ്ടാകും.

പാപേ തൃതീയേ ഗളരോഗമത്ര
വദന്തി മാന്ദ്യാദിയുതേ വിശേഷാൽ
ഭൌമാന്വിതേ ഭാനുസുതേ ബലാഢ്യേ
തൃതീയരാശൌ യദി കർണ്ണരോഗഃ ൪൭

മൂന്നിൽ പാപൻ നിന്നാൽ കണ്ഠരോഗമുണ്ടാകും. അവിടെ ഗുളികൻ, രാഹു, കേതു ഇവരോട്ടുകൂടി നിൽക്കയാണെങ്കിൽ വിശേഷിച്ചും കണ്ഠരോഗം ഉണ്ടാകും. ശനി, കുജനോട്ടുകൂടി ബലവാനായി മൂന്നിൽ നിന്നാൽ ചെവിയിൽ രോഗമുണ്ടാകും.

വിക്രമേശഗുരു ലഗ്നം ഗതൌ ഗോഭീതിസൂചകൌ
രാഹുണാ വാ ഫണിക്രാന്തരാശിപേനയുതോ യദി. ൪൮

മൂന്നാംഭാവാധിപനും വ്യാഴവും, ലഗ്നത്തിൽ നിന്നാലും, രാഹുവിനോടും രാഹുസ്ഥിതരാശ്യധിപനോടുംകൂടി ലഗ്നത്തിൽ നിന്നാലും ഗോഭീതി ഉണ്ടാകും.

സ ബുധോ വിക്രമപതിർഗളരോഗകരോ ഭവേൽ
സോദരോ/രിനീചഗേ പാപേ സോദരാഭാവോ വിഷാശനാൽ

മൂന്നാംഭാവാധിപൻ ബുധനോട്ടുകൂടി നിന്നാൽ കണ്ഠരോഗവും, ശത്രുക്ഷേത്രത്തിലോ നീചത്തിലോ നിൽക്കുന്ന പാപൻ മൂന്നിൽനിന്നാൽ വിഷഭുക്തിനിമിത്തം സഹോദരന്ന മരണവും ഉണ്ടാകും.

ബുധേന ജീവേന യുതേക്ഷിതേ വാ
തൃതീയരാശൌ ബലസംയുതേ ച
തൽകേന്ദ്രഗേ മന്ത്രിണി ബോധനേ വാ
കണ്ഠസ്വരം ചാരുതരം സമേതി. ൫൦

വ്യാഴമോ ബുധനോ മൂന്നിൽ നില്ക്കുകയോ നോക്കുകയോ ചെയ്താലും, ആ ഭാവത്തിന്ന ബലമുണ്ടായിരുന്നാലും മൂന്നാംഭാവത്തിന്റെ കേന്ദ്രത്തിൽ ഗുരുവോ ബുധനോ നിന്നാലും സ്വരം നന്നായിരിക്കും.

തൃതീയേ സൌമ്യസംയുക്തേ സൌമ്യഖേചരവീക്ഷിതേ
തദീശേ ശുഭസംയുക്തേ കർണ്ണയോർഭൂഷണം വദേൽ. ൫൧

മൂന്നിൽ ശുഭയോഗദൃഷ്ടികളുണ്ടായിരുന്നാലും, മൂന്നാംഭാവാധിപന്ന് ശുഭയോഗമുണ്ടായിരുന്നാലും കർണ്ണാഭരണലാഭം സിദ്ധിക്കും.

ശുക്രേ തൃതീയേ യദി മൗക്തികം തു
ജീവേ തുളസ്യാഭരണം വദന്തി
സരക്തമാ നീലമയം ദിനേശേ
ചന്ദ്രേ ബഹൂത്ഥാഭരണം ബലാഢ്യേ. ൪൮

മൂന്നിൽ ശുക്രൻനിന്നാൽ മുത്തുമാലയും, വ്യാഴം നിന്നാൽ തുളസിമാലയും, സൂര്യൻനിന്നാൽ ചുവപ്പും നീലയും ആയ രത്നങ്ങൾകൊണ്ടുള്ള ആഭരണവും, ചന്ദ്രൻ പൂർണ്ണബലനായി നിന്നാൽ വളരെ ആഭരണവും ഉണ്ടാകും.

സൗമ്യേ ശ്യാമം കുജക്ഷേത്രേ വിചിത്രാഭരണം വദേൽ
തൽപതൗ സ്വോച്ചവർഗ്ഗസ്ഥേ ദിവ്യമാഭരണം ലഭേൽ. ൪൯

മൂന്നിൽ ബുധൻനിന്നാൽ കറുത്ത രത്നംകൊണ്ടുള്ള ആഭരണവും, മൂന്നാംഭാവം കുജക്ഷേത്രമായിരിക്കയും അവിടെ ബുധൻ നില്ക്കുകയും ചെയ്താൽ നാനാവർണ്ണമായ ആഭരണവും, മൂന്നാംഭാവാധിപൻ തന്റെ ഉച്ചാദിവർഗ്ഗത്തിൽ നിന്നാൽ ദിവ്യാഭരണവും സിദ്ധിക്കും.

മാനസ്ഥേ ശുഭഗേഹവാസജപതൗ സൗമ്യർക്ഷഗേ തദ്യുതേ
ദിവ്യം വസ്ത്രമപൂർവ്വമേതി സഹജേ സൗമ്യേ സുവസ്ത്രം ലഭേൽ
വീര്യാഢ്യൗ ബഹുവസ്ത്രഭൂഷണകരൗ ശുക്രാനുജസ്ഥാനപൗ
സ്യാതാം ധർമ്മകഥാരസശ്രവണദൗ ജീവജ്ഞയുക്തേക്ഷിതൗ

മൂന്നാംഭാവാധിപൻ പത്താംഭാവത്തിലോ ശുഭന്മാരോടുകൂടി നില്ക്കയും അവിടം ശുഭക്ഷേത്രമായിരിക്കയും ചെയ്താൽ അപൂർവ്വമായ ദിവ്യവസ്ത്രവും, മൂന്നിൽ ശുഭൻ നിന്നാൽ നല്ല വസ്ത്രവും, ശുക്രനും മൂന്നാംഭാവാധിപനും ബലവാന്മാരായിരുന്നാൽ വളരെ വസ്ത്രഭൂഷണങ്ങളും, അവർക്ക ഗുരുവിന്റെയും ബുധന്റെയും യോഗദൃഷ്ടികളുണ്ടായിരുന്നാൽ ധർമ്മകഥാശ്രവണത്തിൽ രസവും ഉണ്ടാകും.

ധൈര്യാന്വിതോ വിക്രമേശേ സൗമ്യഗ്രഹനവാംശകേ
ശുഭേക്ഷിതേ ശുഭയുതേ വൈശേഷികസമന്വിതേ ൫൧

മൂന്നാംഭാവാധിപന്നു സൗമ്യഗ്രഹനവാംശകസ്ഥിതിയും, ശുഭയോഗദൃഷ്ടികളും വൈശേഷികാംശവും ഉണ്ടെങ്കിൽ ജാതൻ ധൈര്യാന്വിതനായി തീരും.

ധൈര്യാധിപേ പാപയുതേക്ഷിതേ വാ
ദുഃസ്ഥാനഗേ ധൈര്യവിനാശമേതി
കേന്ദ്രത്രികോണേ ശുഭഖേടയുക്തേ
ശുഭേക്ഷിതേ വാ യദി ധൈര്യശാലീ ൫൨

മൂന്നാംഭാവാധിപന്ന്, പാപയോഗദൃഷ്ടികളും അനിഷ്ടസ്ഥാനസ്ഥിതിയും ഉണ്ടായിരുന്നാൽ ജാതന്നു ധൈര്യനാശം സംഭവിക്കും. കേന്ദ്രത്രികോണസ്ഥിതിയും ശുഭഗ്രഹയോഗദൃഷ്ടികളും ഉണ്ടായിരുന്നാൽ ധൈര്യശാലിയായിത്തീരും.

വീര്യാധിപേ ഭൂമിസുതേന യുക്തേ
പാപർക്ഷഗേ വീര്യവിനാശഹേതുഃ
കേന്ദ്രത്രികോണേ സസിതേ ബലാഢ്യേ
വീര്യാധികോ ഭോഗഗുണപ്രധാനഃ ൫൩

മൂന്നാം ഭാവാധിപൻ കുജനോടുകൂടി പാപക്ഷേത്രത്തിൽ നിന്നാൽ ജാതൻ വീര്യമില്ലാത്തവനായും, കേന്ദ്രത്രികോണത്തിൽ ശുക്രനോടുകൂടി ബലവാനായി നിന്നാൽ വീര്യാധികനായും സുഖം ഗുണം ഇവ ഉള്ളവനായും തീരും.

ശുക്രം നിശാകരം ത്യക്ത്വാ ലഗ്നാൽ സോദരഗേ ശുഭേ
ശുഭരാശ്യംശകേ ജാതഃ സമേതി സുഖഭോജനം. ൧൪

ലഗ്നാൽ മൂന്നിൽ ശുക്രനെയും ചന്ദ്രനെയും ഒഴിച്ചുള്ള ശുഭൻ ശുഭരാശ്യംശകത്തിൽ നിന്നാൽ ജാതൻ സുഖഭക്ഷണത്തെ പ്രാപിക്കും.

ജീവസ്യ രാശിനവഭാഗദൃഗാണസംസ്ഥേ
വീര്യാധിപേ യദി സുരാർച്ചിതവീക്ഷിതേ വാ
തൽകേന്ദ്രകോണഗൃഹഗേ ഽവനിജേ ബലാഢ്യേ
ജാതസ്തു കന്ദഫലമൂലരസപ്രിയഃ സ്യാൽ. ൧൫

മൂന്നാംഭാവാധിപൻ വ്യാഴത്തിന്റെ ക്ഷേത്രം, നവാംശകം, ദ്രേക്കാണം ഇവയിൽ നിൽക്കയോ ഗുരുദൃഷ്ടിയുള്ളവനായിരിക്കയോ ചെയ്താലും, മൂന്നാംഭാവാധിപന്റെ കേന്ദ്രം, ത്രികോണം ഇവിടെ കുജൻ ബലവാനായി നിൽക്കയും ചെയ്താലും ജാതൻ കിഴങ്ങ്, ഫലം മൂലം ഇവ ഭക്ഷിക്കുന്നതിൽ പ്രിയമുള്ളവനായിത്തീരും.

സോദരാരാതിഗഃ ശുക്രഃ ശോകരോഗഭയപ്രദഃ
തത്രൈവ ശുഭകാരീ സ്യാൽ പുരതോ യദി ഭാസ്കരാൽ. ൧൬

ശുക്രൻ മൂന്നിലോ ആറിലോ നിന്നാൽ ശോകം രോഗം ഭയം ഇവയെ കൊടുക്കും. അവിടെത്തന്നെ സൂര്യന്റെ മുൻപിൽ നിന്നാൽ ശുഭകാരിയായിത്തീരും.

ഗുരുശ്ശുക്രയുതേ ഭ്രാതൌ നാഥസൌമ്യയുതേക്ഷിതേ
ബലവച്ഛുഭദൃഷ്ടേ വാ ത്വന്നദാതാ ഭവേന്നരഃ ൧൭

മൂന്നാംഭാവത്തിൽ വ്യാഴം, ശുക്രൻ ഇവർ നിൽക്കയോ മൂന്നാംഭാവാധിപൻ ബുധൻ ഇവരുടെ യോഗദൃഷ്ടികളുണ്ടായിരിക്കയോ അല്ലെങ്കിൽ ബലവാനായ ശുഭന്റെ ദൃഷ്ടിയുണ്ടായിരിക്കയോ ചെയ്താൽ ജാതൻ അന്നദാതാവായി ഭവിക്കും.

സൌമ്യേ സ്വോച്ചംഗതേ ഭ്രാതൌ സൌമ്യഗ്രഹനിരീക്ഷിതേ
നാഥേ വൈശേഷികാംശേ വാ സുഖഭുക്തിപ്രദോ ഭവേൽ. ൧൮

മൂന്നിൽ ശുഭൻ ശുഭദൃഷ്ടിയോടുകൂടി ഉച്ചരാശിയിൽ നില്ക്കയോ മൂന്നാംഭാവാധിപൻ വൈശേഷികാംശത്തിൽ നിൽക്കയോ ചെയ്താൽ ജാതൻ സുഖമായ ഭക്ഷണത്തെ കൊടുക്കുന്നവനായിത്തീരും.

ചതുർത്ഥഭാവഫലം—

വദന്തി വിദ്യാജനനീസുഖാനി
സുഗന്ധഗോബന്ധുമനോജ്ഞാനി
മഹീപയാനക്ഷിതിമന്ദിരാണി
ചതുർത്ഥഭാവപ്രഭവാണി തജ്ഞാഃ. ൧൯

വിദ്യ, അമ്മ, സുഖം, സുഗന്ധവസ്തുക്കൾ, പശു, കാള മുതലായവ, ബന്ധുക്കൾ, മനോജ്ഞം, രാജാവ്, യാനം, ഭൂമി, ഭവനം ഇവയൊക്കെയും നാലാംഭാവം കൊണ്ടു് ചിന്തിക്കണം.

വിദ്യാരാശൌ നിജപതിയുതേ സൌമ്യയുക്തേക്ഷിതേ വാ
ജാതോ വിദ്യാവിനയചതുരശ്ചന്ദ്രസൂനൌ ബലിഷ്ഠേ
ദുഃസ്ഥേ പാപദ്യുചരസഹിതേ പാപദൃഷ്ടേ തദീശേ
വിദ്യാഹീനോ ഭവതി മനുജഃ പാപരാശിസ്ഥിതേ വാ. ൯൦

നാലാംഭാവാധിപൻ നാലിൽനിന്നാലും, അവിടെ ശുഭയോഗദൃഷ്ടികളുണ്ടായിരുന്നാലും, ബുധൻ ബലവാനായിരുന്നാലും, ജാതൻ വിദ്യ വിനയം ഇവയുള്ളവനായും. നാലാംഭാവാധിപന്ന് അനിഷ്ടസ്ഥാനസ്ഥിതി, പാപഗ്രഹയോഗദൃഷ്ടി, പാപരാശിസ്ഥിതി ഇവയുണ്ടായിരുന്നാൽ വിദ്യയില്ലാത്തവനായും തീരും.

വിദ്യാസ്ഥാനപജീവചന്ദ്രതനയാഃ ഷഷ്ഠത്രിവ്യയായുഃസ്ഥിതാ
വിദ്യാബുദ്ധിവിവേകഹീനഫലദാ നീചാരിഗാ വാ യദി
സ്വോച്ചസ്വർക്ഷഗതാസ്ത്രികോണഗൃഹഗാഃ കേന്ദ്രസ്ഥിതാ വാ യദി
ശ്രീവിദ്യാവിനയാദിയുക്തിനിപുണോ രാജാധിരാജപ്രിയഃ ൯൧

നാലാംഭാവാധിപൻ, വ്യാഴം, ബുധൻ. ഇവർ ൬, ൩, ൧൨, ൮ ഈ ഭാവങ്ങളിലോ, നീചം, ശത്രുക്ഷേത്രം ഇവയിലോ നിന്നാൽ വിദ്യ, ബുദ്ധി, വിവേകം ഇവയില്ലാത്തവനായും, മുൻപറഞ്ഞോർ തന്നെ ഉച്ചം, സ്വക്ഷേത്രം, ത്രികോണം, കേന്ദ്രം ഇവയിൽ നിന്നാൽ വിദ്യാദികളിൽ സമർത്ഥനായും, രാജപ്രിയനായും തീരും.

ശുക്രേ ബലിഷ്ഠേ യദി വാ ശശാങ്കേ
സൌമ്യേക്ഷിതേ ശോഭനഭാഗയുക്തേ
ചതുഷ്ടയേ മാതൃഗൃഹേ ബലാഢ്യേ
മാതുശ്ചിരായുഃ സമുദാഹരന്തി. ൯൨

ശുക്രനോ ചന്ദ്രനോ ബലവും ശുഭയോഗദൃഷ്ടികളും കേന്ദ്രാദിശുഭസ്ഥാനസ്ഥിതിയും നാലാംഭാവത്തിന്ന ബലവും ഉണ്ടായിരുന്നാൽ ജാതന്റെ മാതാവിന്ന് ദീർഘായുസ്സുണ്ടായിരിക്കും.

മാതൃസ്ഥാനാധിപേ ഷഷ്ഠേ വ്യയേ വാ ബലവർജ്ജിതേ
ലഗ്നേ പാപേ പാപദൃഷ്ടേ മാതൃനാശം വദേൽ ബുധഃ ൯൩

നാലാംഭാവാധിപൻ ൬-ലോ ൧൨-ലോ ബലഹീനനായി നില്ക്കയും ലഗ്നത്തിന് പാപയോഗദൃഷ്ട്യാദികൾ ഉണ്ടായിരിക്കയും ചെയ്താൽ മാതാവ് മരിക്കും.

ക്ഷീണചന്ദ്രേഷ്ടമേ ഷഷ്ഠേ വ്യയേ വാ പാപസംയുതേ
പാതാളേ പാപസംയുക്തേ മാതൃഹാനിർന്ന സംശയഃ ൯൪

ക്ഷീണചന്ദ്രൻ എട്ടിലോ ആറിലോ പന്ത്രണ്ടിലോ പാപന്മാരോടുകൂടി നില്ക്കയും നാലിൽ പാപന്മാർ ഉണ്ടായിരിക്കയും ചെയ്താൽ നിശ്ചയമായും മാതൃമരണം സംഭവിക്കും.

മാതൃസ്ഥാനഗതേ മന്ദേ പാപഗ്രഹനിരീക്ഷിതേ
രന്ധ്രനാഥേ/രിനീചസ്ഥേ മാതൃനാശം വിനിർദ്ദിശേൽ ൯൫

ശനി, പാപദൃഷ്ടിയോടുകൂടി നാലിൽ നില്ക്കയും; അഷ്ടമാധിപൻ ശത്രുക്ഷേത്രത്തിലോ നീചത്തിലോ നില്ക്കയും ചെയ്താൽ മാതൃമരണം നിർദ്ദേശിക്കണം.

ഭ്രാതൃപുത്രഗതേ പാപേ പാതാളേശേ/രിനീചഗേ
ചന്ദ്രേ പാപസമായുക്തേ മാതൃരോഗം വിനിർദ്ദിശേൽ ൯൬

മൂന്നിലും അഞ്ചിലും പാപന്മാർ നില്ക്കയും നാലാംഭാവാധിപൻ ശത്രുക്ഷേത്രത്തിലോ നീചത്തിലോ നില്ക്കയും ചന്ദ്രന് പാപയോഗമുണ്ടായിരിക്കയും ചെയ്താൽ മന്ത്രരോഗത്തെ പറയണം.

ഷഷ്ഠേശ്വരേണ സഹിതഃ സുഖരാശിനാഥോ
ധർമ്മസ്ഥിതോ ജനകമത്ര വിടം കരോതി.
ഭാഗ്യാധിപേന സഹിതോ യദി മാതൃനാഥഃ
സൌഖ്യസ്ഥിതോ ജനകമത്ര വിടം കരോതി. ൭

നാലാംഭാവാധിപൻ ആറാംഭാവാധിപനോടുകൂടി ആറിൽനിന്നാലും, നാലാംഭാവാധിപൻ ഒൻപതാംഭാവാധിപനോടുകൂടി നാലിൽ നിന്നാലും ജാതന്റെ ജനകൻ വിടനായിത്തീരും.

ഷഷ്ഠമാതൃപൌ പിതൃസ്ഥാനേ പിത്രോശ്ച വ്യഭിചാരദൌ
മാതൃതാതാരിദേഹേശൈരേകസ്ഥൈഃ പരജാതകഃ ൮

ആറാംഭാവാധിപനും നാലാംഭാവാധിപനും, പിതൃസ്ഥാനത്തിൽ ഒൻപതാമിടത്ത്) നിന്നാൽ മാതാപിതാക്കന്മാർക്ക് വ്യഭിചാരദോഷം പറയണം. ൪-൯-൬, ലഗ്നം, ഈ ഭാവങ്ങളുടെ അധിപന്മാർ ഒരു രാശിയിൽ നിന്നാൽ ജാതൻ ജാരപുത്രനായിത്തീരും.

പാപേക്ഷിതേ പാപയുതേ ശശാങ്കേ
ദിവാകരേ വാ യദി കേന്ദ്രരാശൌ
ക്രൂരേ സുഖേ വാ യദി പാപദൃഷ്ടേ
ജാതോ നരഃ സ്യാദ്യദി മാതൃഗാമീ ൯

ചന്ദ്രനോ സൂര്യനോ പാപയോഗദൃഷ്ടികളോടുകൂടി കേന്ദ്രരാശിയിൽ നില്ക്കയും, നാലിൽ ക്രൂരൻ (കുജനോ ശനിയോ) പാപദൃഷ്ടിയോടുകൂടി നില്ക്കയും ചെയ്താൽ ജാതൻ മാതാവോടുകൂടി സംഗമിക്കുന്നവനായിത്തീരും.

ചന്ദ്രേ ഭൃഗൌ വാ കേന്ദ്രസ്ഥേ പാപദൃഷ്ടേഽഥവാ ദ്വയേ
ക്രൂരേ സുഖേ മാതൃഗാമീ യദി വാ ഗുരുദാരഗഃ ൧൦

ചന്ദ്രനോ ശുക്രനോ കേന്ദ്രത്തിൽ പാപദൃഷ്ടിയോടുകൂടി നില്ക്കയും അല്ലെങ്കിൽ രണ്ടുപേരും (ചന്ദ്രശുക്രന്മാർ, കേന്ദ്രത്തിൽ പാപദൃഷ്ടിയോടുകൂടി നില്ക്കയും നാലിൽ പാപൻ ഉണ്ടായിരിക്കയും ചെയ്താൽ ജാതൻ മാതാവിനോടു സംഗമിക്കുന്നവനായോ ഗുരുഭാര്യയോടു സംഗമിക്കുന്നവനായോ തീരും.

സുഖസ്ഥേ സാരഷഷ്ഠേശേ ചന്ദ്രേ മാതാന്യമൈഥുനീ
വ്യഭിചാരപ്രദോ മാതുഃ സരാഹുർദിനനായകഃ ൧൧

ചന്ദ്രൻ ചൊവ്വായോടും ആറാംഭാവാധിപനോടുംകൂടി നാലിൽ നില്ക്കയും സൂര്യന് രാഹുയോഗം ഉണ്ടായിരിക്കയും ചെയ്താൽ ജാതന്റെ മാതാവ് വ്യഭിചാരം ഉള്ളവളായിത്തീരും.

ശീതാംശുരാഹുകേതുഭ്യാം യുക്തോ നീചേന സംഗമഃ
മന്ദയുക്തേ തു ശൂദ്രേണ വൈശ്യേന ബുധയോഗതഃ. ൧൨

ചന്ദ്രൻ, രാഹുകേതുക്കളോടുകൂടിനിന്നാൽ ജാതന്റെ മാതാവ് നീചനോടും, ശനിയോടുകൂടിനിന്നാൽ ശൂദ്രനോടും, ബുധനോടുകൂടിനിന്നാൽ വൈശ്യനോടും, കൂടി രമിക്കുന്നവളായിത്തീരും.

രവിയുക്തേ ക്ഷത്രിയേണ മന്ത്രിണാ ദ്വിജസംഗമഃ
ഏവം ചന്ദ്രഃ കുജാർക്കിശയുക്തസ്തൽഫലദോ ഭവേൽ ൧൭

ചന്ദ്രൻ സൂര്യനോടുകൂടിനിന്നാൽ മാതാവു ക്ഷത്രിയനോടും, വ്യാഴത്തോടുകൂടി നിന്നാൽബ്രാഹ്മണനോടുംകൂടി രമിക്കുന്നവളായിത്തീരും. ഇപ്രകാരം ചന്ദ്രൻ കുജനോടും, ആറാംഭാവാധീശനോടുംകൂടി നിന്നാലും ജാതന്റെ മാതാവു് വ്യഭിചാരിണിയായിത്തീരും.

ചന്ദ്രേഽനിഷ്ടസ്ഥാനഗേ സാനുജേശേ
ജാതസ്യാന്യാസ്തന്യപാനം കരോതി
ദുഃസ്ഥാനസ്ഥൌ മാതൃപിത്രർക്ഷനാഥൌ
പിത്രോർമൃത്യുർലഗ്നനാഥേ ബലാഢ്യേ. ൧൮

ചന്ദ്രൻ മൂന്നാംഭാവാധീശനോടുകൂടി അനിഷ്ടസ്ഥാനത്തു നിന്നാൽ ജാതൻ അന്യസ്ത്രീയുടെ മുലകുടിച്ചു വളരും. നാലാംഭാവാധിപനും ഒൻപതാംഭാവാധിപനും അനിഷ്ടസ്ഥാനത്തിൽ നില്ക്കുകയും ലഗ്നനാഥൻ ബലവാനായിരിക്കയും ചെയ്താൽ ജാതന്റെ മാതാപിതാക്കന്മാർക്ക് മരണം സംഭവിക്കും.

പിതൃകർമ്മാധിപേ ദുഃസ്ഥേ ലഗ്നേശേ ബലസംയുതേ
പിത്രോരനിഷ്ടകാരീ സ്യാൽ സീമന്തരഹിതോഽഥവാ ൧൯

ഒൻപതാംഭാവാധിപനും പത്താംഭാവാധിപനും അനിഷ്ടസ്ഥാനങ്ങളിൽ നില്ക്കുകയും ലഗ്നാധിപൻ ബലവാനായിരിക്കയും ചെയ്താൽ ജാതൻ മാതാപിതാക്കന്മാൎക്കു് അനിഷ്ടകാരിയായോ സീമന്തക്രിയ ചെയ്യാത്തവനായോ തീരും.

മാതൃസ്ഥാനേശലഗ്നേശൌ തത്ത്രികോണഗതൌ യദി
തദീശോ ലഗ്നഗോ മാതാ പിത്രാ സഹ മൃതാ ഭവേൽ. ൨൦

നാലാംഭാവാധിപതിയും ലഗ്നാധിപതിയും ആ ഭാവങ്ങളുടെ ത്രികോണരാശിയിലും, ത്രികോണരാശ്യാധിപൻ ലഗ്നത്തിലും നിന്നാൽ ജാതന്റെ മാതാപിതാക്കന്മാർ ഒരുമിച്ചുമരിക്കും.

മാതൃലഗ്നേശപിതൃപാഃ കേന്ദ്രകോണസ്ഥിതാ യദി
തദ്ദാശാന്തർദശാകാലേ ജനന്യാസ്സഹ മൃത്യുദാഃ ൨൧

നാലാംഭാവാധിപനും ലഗ്നാധിപനും ഒൻപതാംഭാവാധിപനും കേന്ദ്രത്രികോണങ്ങളിൽ നിന്നാൽ അവരുടെ ദശാപഹാരകാലത്തിൽ മാതാപിതാക്കന്മാർ ഒരുമിച്ചുമരിക്കും.

രവീന്ദു പിതൃമാതൃസ്ഥൌ യദി താവന്മൃത്യുദൌ
തദീശേക്ഷിതയുക്തൌ വാ രവിസംബന്ധിനസ്തഥാ. ൨൨

സൂര്യചന്ദ്രന്മാർ ൯, ൪, ഈ ഭാവങ്ങളിൽ നില്ക്കുകയോ ആ ഭാവാധിപന്മാരുടെ യോഗദൃഷ്ടികളും സൂര്യചന്ദ്രന്മാൎക്കുണ്ടായിരിക്കയോ സൂര്യബന്ധുഗ്രഹങ്ങൾക്കു ൯, ൪, ഈ ഭാവാധിപന്മാരുടെ ദൃഷ്ടിയുണ്ടായിരിക്കയോ ചെയ്താൽ അച്ഛനമ്മമാർ ഒരുമിച്ചു മരിക്കും.

യേ മാതൃഭാവപതികാരകതൽസമേതാ-
സ്തന്മാതൃരാശിഗതവീക്ഷിതഖേചരേന്ദ്രാഃ
തേഷാമനിഷ്ടകരഖേടദശാപഹാരേ
ജാതസ്യ മാതൃമരണം പ്രവദന്തി സന്തഃ ൨൩

നാലാംഭാവാധിപതി, മാതൃകാരകൻ, അവരോടു ചേൻനില്ക്കുന്ന ഗ്രഹം, നാലാംഭാവത്തിൽ നില്ക്കുന്ന ഗ്രഹം, അവിടെ നോക്കുന്നഗ്രഹം, ഇവരിൽവച്ചു ഏററവും അനിഷ്ടകാരനായ ഗ്രഹത്തിൻെറ ദശാപഹാരകാലത്തിൽ ജാതൻെറ മാതാവു മരിക്കും.

മാൎത്താണ്ഡസ്ഫുടതോ വിശോധ്യ ശശിനം തച്ഛേഷരാശ്യംശകേ
ജീവേ ഭാനുസുതേ ച മാതൃമരണം തൽകോണഗേ വാ സ്ഥിതാം
സംശോധ്യം യമകണ്ടകം ഹിമകരാദ്രന്ധ്രാധിപസ്യ സ്ഫുടേ
തദ്രാശൌ രവിനന്ദനേ മൃതിമുപൈത്യംബാ തദംശേ രവൌ വ്വം

സൂൎയ്യസ്ഫുടത്തിൽനിന്നു ചന്ദ്രസ്ഫുടത്തെ കുറച്ചു ശേഷിച്ച രാശ്യംശകങ്ങളിലോ അതിൻെറ ത്രികോണത്തിലോ വ്യാഴമോ ശനിയോ നില്ക്കുന്ന കാലത്തിൽ മാതാവു മരിക്കും. അപ്രകാരം ചന്ദ്രൻെറയും അഷ്ടമാധിപൻെറയും സ്ഫുടത്തെ കൂട്ടി അതിൽനിന്നു യമകണ്ടകസ്ഫുടത്തെ ശോധിച്ചു ശേഷിച്ച രാശിയിൽ ശനി വരുമ്പോഴോ ശേഷിച്ച രാശ്യംശത്തിൽ സൂൎയ്യൻ വരുമ്പോഴോ അമ്മ മരിക്കും.

ഗോപുരാദ്യംശകേ ജീവേ സുഖസ്ഥാനഗതേഽപി വാ
ധനായവൃദ്ധിഭാവേഷു ഖേടേഷു ച സുഖീ ഭവേൽ. വ്വഫ

വ്യാഴം ഗോപുരാദികളായ അംശത്തിലോ നാലിലോ നില്ക്കുകയും വ, ഫ, ർ ഈ ഭാവങ്ങളിൽ ഗ്രഹങ്ങൾ നില്ക്കുകയും ചെയ്താൽ സുഖിയായി ഭവിക്കും.

ബുധദൃഷ്ടിയുതേ സൌമ്യേ സൌമ്യമധ്യഗതേഽഥവാ
ജീവരാശ്യംശകേ വാപി പുണ്യകൎമ്മരതഃ സദാ. വ്വവ

ശുഭഗ്രഹത്തിനു ബുധദൃഷ്ടിയോ ശുഭമദ്ധ്യസ്ഥിതിയോ വ്യാഴത്തിൻെറ രാശിയിലോ അംശകത്തിലോ സ്ഥിതിയോ ഉണ്ടായാൽ ജാതൻ എല്ലായ്പോഴും പുണ്യകൎമ്മങ്ങളിൽ താല്പൎയ്യമുള്ളവനായിത്തീരും.

ശുഭസ്ഥിതഃ ശോഭനരാശിഗോ ബലീ
വിലഗ്നസംബന്ധഗുണാധികോ യദി
തജ്ജാതിവൎഗ്ഗേണ സുഖം നിരന്തരം
തദീയധാതുശ്രിയമേതി മാനവഃ വ്വന

പൂൎവ്വശ്ലോകത്തിൽനിന്നു വ്യാഴം എന്ന ശബ്ദം അനുവൎത്തിച്ചുചേൎക്കണം. വ്യാഴം ഒൻപതിൽ ബലവാനായിട്ടു നില്ക്കുകയും ലഗ്നത്തിനും ലഗ്നാധിപനും ലഗ്നസ്ഥിതഗ്രഹത്തിനും ശുഭാദിഗുണങ്ങൾ അധികമായിരിക്കുകയും ചെയ്താൽ ജാതൻ ആ ജാതിവൎഗ്ഗത്തിൽനിന്നും എല്ലായ്പോഴും സുഖവും, അതാതു ഗ്രഹങ്ങൾക്കു പറഞ്ഞിട്ടുള്ള ധാതുദ്രവ്യംമൂലം സമ്പത്തും ഉള്ളവനായി തീരും. (ശുഭസ്ഥിതഃ എന്നതിനു പകരം സുഖസ്ഥിതഃ എന്നും പാഠം കാണുന്നു. ആ പക്ഷത്തിൽ വ്യാഴം നാലിൽ ബലവാനായി നില്ക്കുമ്പോൾ എന്നു അൎത്ഥമാക്കിക്കൊള്ളണം.)

ചതുൎത്ഥഗോ നീചസപത്നയാത-
സ്ത്വനിഷ്ടഭാവാധിപതിർവിലഗ്നാൽ
ലഗ്നേശശത്രുൎയ്യദി തൽപ്രകോപാൽ
ശരീരസൌഖ്യാദിവിനാശമാഹുഃ വ്വർ

അനിഷ്ടസ്ഥാനാധിപൻ നാലിൽ നില്ക്കുകയും ആ നാലാംഭാവം നീചമോ ശത്രുക്ഷേത്രമോ ആയിരിക്കുകയും ആ സ്ഥാനാധിപൻ ലഗ്നാധിപശത്രുവായിരിക്കുകയും ചെയ്താൽ ആ അനിഷ്ടസ്ഥാനത്തു നില്ക്കുന്ന ഗ്രഹത്തിനു പറഞ്ഞിട്ടുള്ള ധാതുാദി കോപം നിമിത്തം ദേഹസൌഖ്യം മുതലായവ നശിക്കും.

രവിയുക്തേ ക്ഷത്രിയേണ മന്ത്രിണാ ദ്വിജസംഗമഃ
ഏവം ചന്ദ്രഃ കുജാരിശയുക്തസ്തൽഫലദോ ഭവേൽ ൩൭

ചന്ദ്രൻ സൂൎയ്യനോടുകൂടിനിന്നാൽ മാതാവു ക്ഷത്രിയനോടും, വ്യാഴത്തോടുകൂടി നിന്നാൽബ്രാഹ്മണനോടുംകൂടി രമിക്കുന്നവളായിത്തീരും. ഇപ്രകാരം ചന്ദ്രൻ കുജനോടും, ആറാംഭാവാധീശനോടുംകൂടി നിന്നാലും ജാതന്റെ മാതാവു് വ്യഭിചാരിണിയായിത്തീരും.

ചന്ദ്രേഽനിഷ്ടസ്ഥാനഗേ സാനുജേശേ
ജാതസ്യാന്യാസ്തന്യപാനം കരോതി
ദുഃസ്ഥാനസ്ഥൗ മാതൃപിത്രർക്ഷനാഥൗ
പിത്രോർമൃത്യുർലഗ്നനാഥേ ബലാഢ്യേ. ൩൮

ചന്ദ്രൻ മൂന്നാംഭാവാധീശനോടുകൂടി അനിഷ്ടസ്ഥാനത്തു നിന്നാൽ ജാതൻ അന്യസ്ത്രീയുടെ മുലകുടിച്ചു വളരും. നാലാംഭാവാധിപനും ഒൻപതാംഭാവാധിപനും അനിഷ്ടസ്ഥാനത്തിൽ നില്ക്കുകയും ലഗ്നനാഥൻ ബലവാനായിരിക്കയും ചെയ്താൽ ജാതന്റെ മാതാപിതാക്കന്മാർക്ക് മരണം സംഭവിക്കും.

പിതൃകർമ്മാധിപേ ദുഃസ്ഥേ ലഗ്നേശേ ബലസംയുതേ
പിത്രോരനിഷ്ടകാരീ സ്യാൽ സീമന്തരഹിതോഥവാ ൩൯

ഒൻപതാംഭാവാധിപനും പത്താംഭാവാധിപനും അനിഷ്ടസ്ഥാനങ്ങളിൽ നില്ക്കുകയും ലഗ്നാധിപൻ ബലവാനായിരിക്കയും ചെയ്താൽ ജാതൻ മാതാപിതാക്കന്മാൎക്ക് അനിഷ്ടകാരിയായോ സീമന്തക്രിയ ചെയ്യാത്തവനായോ തീരും.

മാതൃസ്ഥാനേശലഗ്നേശൗ തത് ത്രികോണഗതൗ യദി
തദീശോ ലഗ്നതോ മാതാ പിത്രാ സഹ മൃതാ ഭവേൽ. ൪൦

നാലാംഭാവാധിപതിയും ലഗ്നാധിപതിയും തൽഭാവങ്ങളുടെ ത്രികോണരാശിയിലും, ത്രികോണരാശ്യാധിപൻ ലഗ്നത്തിലും നിന്നാൽ ജാതന്റെ മാതാപിതാക്കന്മാർ ഒരുമിച്ചുമരിക്കും.

മാതൃലഗ്നേശപിതൃപാഃ കേന്ദ്രകോണസ്ഥിതാ യദി
തദ്ദാശാന്തർദശാകാലേ ജനന്യാസ്തൃപന്മൃത്യുദാഃ ൪൧

നാലാംഭാവാധിപനും ലഗ്നാധിപനും ഒൻപതാംഭാവാധിപനും കേന്ദ്രത്രികോണങ്ങളിൽ നിന്നാൽ അവരുടെ ദശാപഹാരകാലത്തിൽ മാതാപിതാക്കന്മാർ ഒരുമിച്ചുമരിക്കും.

രവീന്ദൂ പിതൃമാതൃസ്ഥൗ യദി താവന്മൃത്യുദൗ
തദീശേക്ഷിതയുക്തൗ വാ രവിസംബന്ധിനസ്തഥാ. ൪൨

സൂൎയ്യചന്ദ്രന്മാർ ൯, ൪, ഈ ഭാവങ്ങളിൽ നില്ക്കുകയോ ആ ഭാവാധിപന്മാരുടെ യോഗദൃഷ്ടികൾ സൂൎയ്യചന്ദ്രന്മാൎക്കുണ്ടായിരിക്കയോ സൂൎയ്യബന്ധുഗ്രഹങ്ങൾക്കു ൯, ൪, ഈ ഭാവാധിപന്മാരുടെ ദൃഷ്ടിയുണ്ടായിരിക്കയോ ചെയ്താൽ അച്ഛനമ്മമാർ ഒരുമിച്ചു മരിക്കും.

യേ മാതൃഭാവപതികാരകതൽസമേതാ-
സ്തന്മാതൃരാശിഗതവീക്ഷിതഖേചരേന്ദ്രാഃ
തേഷാമനിഷ്ടകരഖേടദശാപഹാരേ
ജാതസ്യ മാതൃമരണം പ്രവദന്തി സന്തഃ ൪൩

നാലാംഭാവാധിപതി, മാതൃകാരകൻ, അവരോട്ടു ചേൎന്നിരിക്കുന്ന ഗ്രഹം, നാലാംഭാവത്തിൽ നില്ക്കുന്ന ഗ്രഹം, അവിടെ നോക്കുന്നഗ്രഹം, ഇവരിൽവെച്ചു ഏററവും അനിഷ്ടകാരനായ ഗ്രഹത്തിന്റെ ദശാപഹാരകാലത്തിൽ ജാതന്റെ മാതാവു മരിക്കും.

മാൎത്താണ്ഡസ്ഫുടതോ വിശോധ്യ ശശിനം തച്ഛേഷരാശ്യംശകേ
ജീവേ ഭാനുസുതേ ച മാതൃമരണം തൽകോണഗേ വാ ഗ്ഗണാം
സംശോധ്യം യമകണ്ടകം ഹിമകരാദ്രന്ധ്രാധിപസ്യ സ്ഫുടേ
തദ്രാശൌ രവിനന്ദനേ മൃതിമുപൈത്യംബാ തദംശേ രവൗ ൱ം

സൂൎയ്യസ്ഫുടത്തിൽനിന്നു ചന്ദ്രസ്ഫുടത്തെ കറച്ചു ശേഷിച്ച രാശ്യംശകങ്ങളിലോ അതിന്റെ ത്രികോണത്തിലോ വ്യാഴമോ ശനിയോ നില്ക്കുന്ന കാലത്തിൽ മാതാവു മരിക്കും. അപ്രകാരം ചന്ദ്രന്റെയും അഷ്ടമാധിപന്റെയും സ്ഫുടത്തെ കൂട്ടി അതിൽനിന്നു യമകണ്ടകസ്ഫുടത്തെ ശോധിച്ചു ശേഷിച്ച രാശിയിൽ ശനി വരുമ്പോഴൊ ശേഷിച്ച രാശ്യംശത്തിൽ സൂൎയ്യൻ വരുമ്പോഴോ അമ്മ മരിക്കും.

ഗോപുരാദ്യംശകേ ജീവേ സുഖസ്ഥാനഗതേഽപി വാ
ധനായവൃദ്ധിഭാവേഷു ഖേടേഷു ച സുഖീ ഭവേൽ. ൱൧

വ്യാഴം ഗോപുരാദികളായ അംശത്തിലോ നാലിലോ നില്ക്കയും ൨, ൧൧, ൧൦ ഈ ഭാവങ്ങളിൽ ഗ്രഹങ്ങൾ നില്ക്കയും ചെയ്താൽ സുഖിയായി ഭവിക്കും.

ബുധദൃഷ്ടിയുതേ സൌമ്യേ സൌമ്യമധ്യഗതേഽഥവാ
ജീവരാശ്യംശകേ വാപി പുണ്യകൎമ്മരതഃ സദാ. ൱൨

ശുഭഗ്രഹത്തിനു ബുധദൃഷ്ടിയോ ശുഭമദ്ധ്യസ്ഥിതിയോ വ്യാഴത്തിന്റെ രാശിയിലോ അംശകത്തിലോ സ്ഥിതിയോ ഉണ്ടായാൽ ജാതൻ എല്ലായ്പ്പോഴും പുണ്യകൎമ്മങ്ങളിൽ തല്പരനായിത്തീരും.

ശുഭസ്ഥിതഃ ശോഭനരാശിഗോ ബലീ
വിലഗ്നസംബന്ധഗുണാധികോ യദി
തജ്ജാതിവൎഗ്ഗേണ സുഖം നിരന്തരം
തദീയധാതുശ്രിയമേതി മാനവഃ ൱൩

പൂൎവ്വശ്ലോകത്തിൽനിന്നും വ്യാഴം എന്ന ശബ്ദം അനുവൎത്തിച്ചുചേൎക്കണം. വ്യാഴം ഒമ്പതിൽ ബലവാനായിട്ടു നില്ക്കയും ലഗ്നത്തിനും ലഗ്നാധിപനും ലഗ്നസ്ഥിതഗ്രഹത്തിനും ശുഭാദിഗുണങ്ങൾ അധികമായിരിക്കയും ചെയ്താൽ ജാതൻ ആ ജാതിവൎഗ്ഗത്തിൽനിന്നും എല്ലായ്പ്പോഴും സുഖവും, അതാതു ഗ്രഹങ്ങൾക്കു പറഞ്ഞിട്ടുള്ള ധാതുദ്രവ്യംമൂലം സമ്പത്തും ഉള്ളവനായി തീരും. (ശുഭസ്ഥിതഃ എന്നതിനു പകരം സുഖസ്ഥിതഃ എന്നും പാഠം കാണുന്നു. ആ പക്ഷത്തിൽ വ്യാഴം നാലിൽ ബലവാനായി നില്ക്കുമ്പോൾ എന്നു അൎത്ഥമാക്കിക്കൊള്ളണം.)

ചതുൎത്ഥഗോ നീചസപത്നയാത-
സ്തദനിഷ്ടഭാവാധിപതിൎവിലഗ്നാൽ
ലഗ്നേശശത്രുൎയ്യദി തൽപ്രകോപാൽ
ശരീരസൌഖ്യാദിവിനാശമാഹുഃ ൱൪

അനിഷ്ടസ്ഥാനാധിപൻ നാലിൽ നില്ക്കയും ആ നാലാംഭാവം നീചമോ ശത്രുക്ഷേത്രമോ ആയിരിക്കയും ആ സ്ഥാനാധിപൻ ലഗ്നാധിപശത്രുവായിരിക്കയും ചെയ്താൽ ആ അനിഷ്ടസ്ഥാനത്തു നില്ക്കുന്ന ഗ്രഹത്തിനു പറഞ്ഞിട്ടുള്ള ധാതാദി കോപം നിമിത്തം ദേഹസൌഖ്യം മുതലായവ നശിക്കും.

ചന്ദ്രോ വിലഗ്നസംബന്ധീ വാഹനേശസമന്വിതേ
തുരംഗവാഹനം തസ്യ വദന്തി മുനിപുംഗവാഃ ൯൮

ചന്ദ്രൻ നാലാംഭാവാധിപനോടുകൂടി ലഗ്നത്തിൽ നില്ക്കയോ അംശകിക്കയോ ചെയ്താൽ ജാതൻ കുതിരയാകുന്ന വാഹനം ഉള്ളവനായിരിക്കും എന്ന മുനിശ്രേഷ്ഠന്മാർ പറയുന്നു.

ദ്വിതീയേ വാ ചതുർത്ഥേ വാ ചന്ദ്രേ ശോഭനരാശിഗേ
ശുഭഖേചരസംയുക്തേ സമുപൈത്യശ്വവാഹനം ൯൯

ചന്ദ്രൻ രണ്ടിലോ നാലിലോ ശുഭക്ഷേത്രത്തിൽ ശുഭഗ്രഹത്തോടുകൂടി നിന്നാലും ജാതൻ അശ്വവാഹനമുള്ളവനായിരിക്കും.

സേന്ദൗ ചതുർത്ഥാധിപതൗ വിലഗ്നേ
ലഗ്നേശ്വരേണാപി യുതേഽശ്വലാഭം
ശുക്രേണ യുക്തേ യദി വാഹനേശേ
ദേഹാന്വിതേ വാ നരവാഹനം സ്യാൽ ൧൦൦

ചന്ദ്രൻ, നാലാംഭാവാധിപൻ, ലഗ്നാധിപൻ ഇവർ ഒന്നിച്ചു ലഗ്നത്തിൽ നിന്നാൽ അശ്വവാഹനമുള്ളവനായും നാലാംഭാവാധിപൻ ശുക്രൻ ഇവർ ഒരുമിച്ചു ലഗ്നത്തിൽ നിന്നാൽ മനുഷ്യവാഹനമുള്ളവനായും തീരും.

ആന്ദോളികാഭരണദൗ സിതപൂർണ്ണചന്ദ്രൗ
കേന്ദ്രത്രികോണഗൃഹഗൗ ബലിനൗ ഭവേതാം
രക്താംബരാഭരണദഃ സുരപൂജിതർക്ഷേ
ചന്ദ്രേ സുരേശസചിവേക്ഷിതസംയുതേ ച. ൧൦൧

ശുക്രനും പൂർണ്ണചന്ദ്രനും ബലവാന്മാരായി കേന്ദ്രത്രികോണങ്ങളിൽ നിന്നാൽ ജാതൻ ആന്ദോളിക (പല്ലക്ക്) എന്ന വാഹനത്തോടുകൂടിയവനായും, ചന്ദ്രൻ വ്യാഴക്ഷേത്രത്തിൽ വ്യാഴയോഗദൃഷ്ടികളോടുകൂടി നിന്നാൽ പട്ടു മുതലായ ചുമന്ന വസ്ത്രങ്ങളും സ്വർണ്ണാഭരണങ്ങളും ഉള്ളവനായും തീരും.

ആന്ദോളികാതുരഗലാഭമുപൈതി ജാതഃ
ശുക്രേന്ദുയാനപതയസ്തനുനാഥയുക്താഃ
ഏകത്ര ദേവഗുരുയാനപചന്ദ്രയുക്താഃ
കേന്ദ്രത്രികോണഗൃഹഗാശ്ച തുരംഗയാനം. ൧൦൨

ശുക്രൻ, ചന്ദ്രൻ, നാലാംഭാവാധിപൻ, ലഗ്നാധിപൻ ഇവർ ഒന്നിച്ചുനിന്നാൽ ജാതൻ, പല്ലക്ക് കുതിര ഈ വാഹനങ്ങളുള്ളവനായും വ്യാഴം നാലാംഭാവാധിപൻ ചന്ദ്രൻ ഇവർ ഒരുമിച്ചു കേന്ദ്രത്തിലോ ത്രികോണത്തിലോ നിന്നാൽ അശ്വവാഹനമുള്ളവനായും തീരും.

വാഹനേശേ ഗുരുയുതേ ചതുരന്താഖ്യവാഹനം
യാനപേ സശുഭേ മാനേ ഛത്രചാമരസംയുതഃ ൧൦൩

നാലാംഭാവാധിപൻ വ്യാഴത്തോടുകൂടി നിന്നാൽ മേനാവ് എന്ന വാഹനമുള്ളവനായും, നാലാംഭാവാധിപൻ ശുഭനോടുകൂടി പത്തിൽനിന്നാൽ കുട, വെൺചാമരം മുതലായ രാജചിഹ്നങ്ങളും ഉള്ളവനായും തീരും.

സുഖേശ്വരേ കേന്ദ്രഗതേ തദീശേ
ലഗ്നസ്ഥിതേ വാഹനയോഗവന്തഃ

കർമ്മേശ്വരേ ലാഭഗതേ തദീശേ
കർമ്മസ്ഥിതേ ഭൂഷണയാനവന്തഃ ൧൦൪

നാലാംഭാവാധിപൻ കേന്ദ്രത്തിലും, കേന്ദ്രാധിപൻ ലഗ്നത്തിലും നിന്നാൽ ജാതൻ വളരെ വാഹനങ്ങളുള്ളവനായും പത്താംഭാവാധിപൻ പതിനൊന്നിലും, പതിനൊന്നാംഭാവാധിപൻ പത്തിലും നിന്നാൽ ആഭരണങ്ങളും വാഹനങ്ങളും ഉള്ളവനായും തീരും.

യാനേശേ ലാഭരാശിസ്ഥേ സുഖേ വാ ലാഭഗേ കുജേ
അഥവാ ഭൗമരാശിസ്ഥേ രാജ്യപ്രാപ്തിന്നസംശയഃ ൧൦൫

നാലാംഭാവാധിപൻ പതിനൊന്നിലോ ഭൗമക്ഷേത്രത്തിലോ നിൽക്കയും കുജൻ നാലിലോ പതിനൊന്നിലോ നിൽക്കയും ചെയ്താൽ നിശ്ചയമായും രാജ്യപ്രാപ്തിയുണ്ടാകും.

ലഗ്നാൽ പാതാളരാശിഗസ്തദധിപസ്തദ്വീക്ഷകശ്ച ത്രയഃ
സ്വോച്ചസ്വർക്ഷസുഹൃൽഗൃഹേഷു ബലിനഃ കേന്ദ്രത്രികോണായഗാഃ
ദീർഘായുശ്ശയനാസനാംബരബഹുക്ഷേത്രാണി സന്മന്ദിരം
ബന്ധുസ്നേഹമനോജ്ഞവാഹനയശഃസൗഖ്യാനി കുർവ്വന്തി തേ.

ലഗ്നാൽ നാലിൽ നിൽക്കുന്ന ഗ്രഹം, നാലാംഭാവാധിപൻ, നാലിനെ നോക്കുന്നവൻ ഈ മൂന്നുപേരും ബലവാന്മാരായി സ്വോച്ചം, സ്വക്ഷേത്രം, ബന്ധുക്ഷേത്രം ഈ സ്ഥാനങ്ങളിൽ നിൽക്കയും ഈ സ്ഥാനങ്ങൾ കേന്ദ്രം ത്രികോണം ൧൧-ാമിടം, ഇവയായിരിക്കുകയും ചെയ്താൽ ജാതന്നു ദീർഘായുസ്സ്, ശയനസുഖം, ആസനസുഖം, വസ്ത്രസുഖം, വളരെ ഭൂമി, ശുഭമന്ദിരം, ബന്ധുസ്നേഹം, മനോജ്ഞമായ വാഹനം, കീർത്തി ഇവ സിദ്ധിക്കും.

സ്വോച്ചരാശിഗതശ്ചാന്ദ്രിഃ കേന്ദ്രകോണസമന്വിതഃ
വിദ്യാവാഹനസമ്പത്തിം കരോതി വിപുലം ധനം ൧൦൭

ബുധൻ കേന്ദ്രത്രികോണങ്ങളിൽ തന്റെ ഉച്ചരാശിയിൽനിന്നാൽ വിദ്യാസമൃദ്ധിയും വാഹനസമ്പത്തും വളരെ ധനവും സിദ്ധിക്കും.

ലഗ്നേശാൽ സുഖനാഥതൽഭവനഗൗ ഭാഗ്യേശഭാഗ്യസ്ഥിതൗ
ചത്വാരശ്ശുഭവർഗ്ഗഗാഃ സുബലിനസ്തേ ലഗ്നസംബന്ധിനഃ
അന്യോന്യാശ്രിതവീക്ഷിതാ യദി മഹീപാലശ്ചിരായുഃ സുഖീ
തേജസ്വീ ചതുരന്തയാനവിപുലശ്രീരാജചിഹ്നാങ്കിതഃ ൧൦൮

ലഗ്നാധിപൻ നിൽക്കുന്ന ഭാവത്തിന്റെ നാലാംഭാവാധിപൻ, നാലാംഭാവസ്ഥിതൻ, ഒൻപതാംഭാവാധിപൻ, ഒൻപതിൽ നില്ക്കുന്ന ഗ്രഹം, ഇങ്ങനെ നാലുപേരും ബലവാന്മാരായി ശുഭവർഗ്ഗത്തിൽ അംഗീകരിച്ചു ലഗ്നത്തിന്നു ദൃഷ്ട്യാദിസംബന്ധത്തോടും അന്യോന്യാശ്രയദൃഷ്ടികളോടുംകൂടി നിന്നാൽ ജാതൻ രാജാവായും ദീർഘായുസ്സായും സുഖിയായും തേജസ്സുള്ളവനായും മേനാവു മുതലായ വാഹനവും സമ്പത്തും രാജചിഹ്നവും ഉള്ളവനായും ഭവിക്കും.

ഗ്രഹാസ്ത്രയഃ സ്ഥാനബലാധികാശ്ചേ
ദ്വിചിത്രരത്നാഭരണാദിയാനം
ഖേടദ്വയേ വീര്യയുതേ വിലഗ്നേ
തദീയപാകെ സമുപൈതി സൌഖ്യം

മുൻപറഞ്ഞ ഗ്രഹങ്ങളിൽ, മൂന്നു ഗ്രഹങ്ങൾ സ്ഥാനബലാധികന്മാരായി നിന്നാൽ വിചിത്രങ്ങളായ രത്നാഭരണാദികളും, രണ്ടു ഗ്രഹങ്ങൾ ബലവാന്മാരായി വിലഗ്നത്തിൽനിന്നാൽ അവരുടെ ദശയിൽ സൌഖ്യവും ഉണ്ടാകും.

ഉക്തസ്ഥാനത്രയേഷ്വേകോ ബലി വാഹനരാശിപഃ
ലഗ്നലഗ്നേശസംബന്ധീ തദ്ദശാ വാഹനപ്രദാ ൧൫൧

മുൻപറഞ്ഞ ലഗ്നം, നാലാമിടം, ഒൻപതാമിടം ഈ ഭാവങ്ങളിൽ എവിടെ എങ്കിലും ഒരു ഗ്രഹം ബലവാനായി നില്ക്കയും നാലാംഭാവാധിപനു ലഗ്നത്തിന്റെയോ ലഗ്നാധിപന്റെയോ സ്ഥിത്യാദിസംബന്ധമുണ്ടായിരിക്കയും ചെയ്താൽ അവന്റെ ദശയിൽ വാഹനം ലഭിക്കും.

ചതുർത്ഥധർമ്മായധനാധിനാഥാ
വിലഗ്നസംബന്ധബലാധികാശ്ചേൽ
തദീയപാകേ സമുപൈതി രാജ്യം
ക്രമേണ ലാഭം ധനലാഭമർത്ഥം ൧൫൨

൪-൯-൧൨-൨-ഈ ഭാവങ്ങളുടെ നാഥന്മാൎക്കു ലഗ്നസംബന്ധവും പൂർണ്ണബലവും ഉണ്ടെങ്കിൽ അവരുടെ ദശാകാലങ്ങളിൽ ക്രമേണ, രാജ്യം, ലാഭം, ധനലാഭം, ധനം, ഇവ സിദ്ധിക്കും.

തേ ചത്വാരോധികബലയുതാ ദേഹസംബന്ധിനശ്ചേ-
ദേതൽസർവ്വം ഭവതി വിപുലം ദുർബലാ ദുഃഖദാഃ സ്യുഃ
മിശ്രം മിശ്രൈസ്തനുപരിപവഃ കാരകാ ഭാവനാഥാ
ഭാവാക്രാന്താ വിഗതബലിനശ്ചേദതിക്ലേശമാഹുഃ

൪-൯-൧൧-൨- ഈ ഭാവങ്ങളുടെ നാഥന്മാൎക്കു പൂർണ്ണബലവും ലഗ്നത്തിൽ ദൃഷ്ട്യംശകാദിസംബന്ധവും ഉണ്ടെങ്കിൽ ആ ഭാവങ്ങൾക്കു പുഷ്ടിയും, ബലമില്ലെങ്കിൽ ദുഃഖവും, മിശ്രന്മാരായാൽ മിശ്രഫലവും, ഈ പറഞ്ഞനാലുപേരും ഈ ഭാവകാരകന്മാരും, ഭാവനാഥന്മാരും ലഗ്നാധിപശത്രുക്കളായി അതതുസ്ഥാനങ്ങളിൽ ബലഹീനന്മാരായിനിന്നാൽ അതിക്ലേശവും സംഭവിക്കും.

വാഹനേശേ നീചസ്ഥേ ദുഃസ്ഥേ, ധർമ്മാധിപേക്ഷിതേ
സ്യുദ്ദുർവാഹനസമ്പ്രാപ്തിശ്ചലവാഹനതാപി വാ. ൧൫൩.

നാലാംഭാവാധിപൻ ശത്രുക്ഷേത്രസ്ഥിതിയോടും നീചത്തോടും ഒൻപതാംഭാവാധിപദൃഷ്ടിയോടുംകൂടി അനിഷ്ടസ്ഥാനത്തു നിന്നാൽ നിന്ദ്യവാഹനമോ അസ്ഥിരമായ വാഹനമോ ഉണ്ടായിരിക്കും.

ധർമ്മകർമ്മവിലഗ്നസ്ഥാസ്തുംഗോപഗശുഭഗ്രഹാഃ
ലഗ്നാധിപേന സന്ദൃഷ്ടാ യാനാന്തേ ദുഃഖമാപ്നുയാൽ ൧൫൪

ഉച്ചരാശിയിൽ നില്ക്കുന്ന ശുഭഗ്രഹങ്ങൾ ലഗ്നാധിപദൃഷ്ടിയോടുകൂടി ൯-൧൦-ലഗ്നം, ഈ ഭാവങ്ങളിൽ നിന്നാൽ വാഹനലാഭാവസാനത്തിൽ ദുഃഖമുണ്ടാകും.

ജീവേ വാ സുഖപേ ശുഭഗ്രഹയുതേ ലഗ്നാത്തപഃസ്ഥാനഗേ
സൌമ്യർക്ഷേ നരവാഹനേ ചിരതരം രാജപ്രതാപാന്വിതാ
ദുഃസ്ഥേ പാപയുതേ/സ്തനീചരിപുഗേ യാനാദിഭാഗ്യം നഹി
സ്വക്ഷേ സർവ്വബലാധികേ ചിരസുഖാ ചാന്ദോളികാരോഹണം

വ്യാഴമോ നാലാംഭാവാധിപനോ ശുഭനോടുകൂടി ലഗ്നത്തിന്റെ ഒമ്പതാംഭാവത്തിൽ ശുഭക്ഷേത്രത്തിൽ നിന്നാൽ വളരെക്കാലം രാജതുല്യപ്രതാപിയായിട്ട് നരവാഹനത്തിൽ സഞ്ചരിക്കും. അവർതന്നെ അനിഷ്ടസ്ഥാനത്തിൽ പാപനോടുകൂടി മൌഢ്യം, നീചം, ശത്രുക്ഷേത്രം, ഇവയിൽനിന്നാൽ വാഹനസുഖം ഇല്ലാത്തവനായും സ്വക്ഷേത്രത്തിൽ എല്ലാംബലവും തികഞ്ഞുനിന്നാൽ പല്ലക്കു മുതലായ വാഹനങ്ങളിൽ കയറി വളരെക്കാലം സഞ്ചരിക്കുന്നവനായും തീരും.

ബന്ധുധർമ്മഗൃഹാധീശൌ ലാഭസ്ഥാനഗതേക്ഷകൌ
ബലവന്തൌ യദി സ്യാതാം സർവ്വഭാഗ്യഫലപ്രദൌ

നാലാംഭാവാധിപനോ ഒമ്പതാംഭാവാധിപനോ ബലവാനായി ലാഭസ്ഥാനത്തിൽ (൧൧-ൽ) നില്ക്കുകയോ നോക്കുകയോ ചെയ്താൽ സർവ്വഭാഗ്യവും സിദ്ധിക്കും.

ലാഭസ്ഥൌ സുഖഭാഗ്യേശൌ പശ്യന്തൌ വാ സുഖസ്ഥലം
വാഹിനീസർവ്വഭാഗ്യാഢ്യോ രാജപ്രീതികരോ ഭവേൽ ൫൫

നാലാംഭാവാധിപനും ഒൻപതാംഭാവാധിപനും ൧൧-ൽ നില്ക്കുകയോ നാലിൽ നോക്കുകയോ ചെയ്താൽ സേനാ സർവ്വഭാഗ്യം ഇവയോടുകൂടിയവനായും, രാജപ്രീതിയുള്ളവനായും ഭവിക്കും.

ധർമ്മവാഹനരാശീശൌ ലഗ്നസംബന്ധിനൌ യദി
ജീവദൃഷ്ടിയുതൌ തസ്യ രാജവശ്യാദിഭൂഷണം ൫൬

ഒൻപതാംഭാവാധിപനും നാലാംഭാവാധിപനും വ്യാഴദൃഷ്ടിയും ലഗ്നത്തിൽ ദൃഷ്ട്യംശകാദി സംബന്ധവും ഉണ്ടായിരുന്നാൽ രാജാവിന്ന് അധീനനായും ആഭരണങ്ങളുള്ളവനായും തീരും.

ശുഭവാഹനരാശീശൌ ശുഭഖേചരസംയുതൌ
ബഹുസേനാധിപഃ ശ്രീമാൻ ബലിനൌ യദി മാനവഃ ൫൭

൯-൪-ഈ രാശികളുടെ അധിപന്മാർ ബലവാന്മാരായി ശുഭഗ്രഹങ്ങളോടുകൂടി നിന്നാൽ സൈന്യാധിപനായും സമ്പത്തുള്ളവനായും, തീരും.

ഭാഗ്യസ്ഥിതേ വാഹനരാശിനാഥേ
സശുക്രജീവേ ശുഭഖേടരാശൌ
ഭാഗ്യാധിപേ കോണചതുഷ്ടയേ വാ-
ബഹുപ്രദേശാഭരണാർത്ഥയാനം. ൫൮

നാലാംഭാവാധിപൻ ശുക്രനോടും വ്യാഴത്തോടുംകൂടി ശുഭക്ഷേത്രത്തിൽ ഭാഗ്യസ്ഥാനത്ത് (൯-ൽ) നിൽക്കയും, ഒൻപതാംഭാവാധിപൻ ത്രികോണങ്ങളിലോ കേന്ദ്രത്തിലോ നിൽക്കയും ചെയ്താൽ ജാതന് ബഹുദേശാധിപത്യം, ആഭരണം, ധനം വാഹനം ഇവ ലഭിക്കും.

കാമാരിയാനസഹജ തപോലഗ്നവ്യയേശ്വരാഃ
സുഖാധിപേന സംയുക്താ-സ്ത്വസംഖ്യാകരദേശഭാക്. ൫൯

൭-൬-൪-൩-൯-ലഗ്നം, ൧൨-ഈ ഭാവങ്ങളുടെ അധിപന്മാർ ഒമ്പതാംഭാവാധിപനോടു ചേർന്നുനിന്നാൽ ജാതൻ വളരെ ദേശങ്ങൾക്കു അധിപനായിത്തീരും.

സുഖാധിപോ ദേവഗുരുസ്സിതോ വാ
ബലീ വിലഗ്നാന്നവമോപയാതഃ

ത്രികോണകേന്ദ്രോപഗതഃ സുഖേശഃ
സമേതി ജാതോ ബഹുവാഹനാനി. ൱൨൩

നാലാംഭാവാധിപനോ, വ്യാഴമോ, ശുക്രനോ, ബലവാനായിട്ട് ലഗ്നത്തിന്റെ ഒൻപതിൽ നില്ക്കയും ഒൻപതാം ഭാവാധിപൻ ത്രികോണത്തിലോ കേന്ദ്രത്തിലോ നില്ക്കയും ചെയ്താൽ ജാതൻ വളരെ വാഹനങ്ങളുള്ളവനായിത്തീരും.

സശുക്രജീവോ ഗേഹേശോ ഭാഗ്യസ്ഥേ ഭാഗ്യപേ സുഖേ
കേന്ദ്രത്രികോണയോർവാപി ബഹുവാഹനദേശഭാക്. ൱൨൪

നാലാംഭാവാധിപൻ ശുക്രനോടും വ്യാഴത്തിനോടുംകൂടി ഒൻപതിലും, ഒൻപതാംഭാവാധിപൻ നാലിലോ കേന്ദ്രത്രികോണങ്ങളിലോ നില്ക്കയും ചെയ്താൽ ജാതൻ വളരെ വാഹനങ്ങളുള്ളവനും ദേശാധിപത്യമുള്ളവനും ആയിത്തീരും.

ലഗ്നകേന്ദ്രസ്ഥിതേ സൌമ്യേ ധർമ്മേ തുംഗഗ്രഹാശ്രിതേ
ധനേശേ കേന്ദ്രഭാവസ്ഥേ യോഗഃ സിംഹാസനപ്രദഃ ൱൨൫

ബുധൻ ലഗ്നത്തിലോ കേന്ദ്രത്തിലോ നില്ക്കയും, ഒൻപതിൽ ഏതെങ്കിലും ഒരു ഗ്രഹം ഉച്ചത്തിൽ നില്ക്കയും രണ്ടാംഭാവാധിപൻ കേന്ദ്രത്തിൽ നില്ക്കയും ചെയ്താൽ സിംഹാസനയോഗമാകുന്നു.

ഭാഗ്യേ ശുഭേക്ഷിതേ കേന്ദ്രേ ശുഭൈസ്സഹ ധനാധിപേ
ഉച്ചഗ്രഹേ ദ്വിതീയസ്ഥേ ജന്മ സിംഹാസനപ്രദം. ൱൨൬

ഒൻപതിൽ ശുഭദൃഷ്ടിയും രണ്ടാംഭാവാധിപൻ ശുഭന്മാരോടുകൂടി കേന്ദ്രത്തിൽ നില്ക്കയും ഒരു ഗ്രഹം രണ്ടിൽ ഉച്ചസ്ഥനായി നില്ക്കയും ചെയ്താൽ സിംഹാസനം ലഭിക്കും.

ലഗ്നവാഹനഭാഗ്യേശാഃ കർമ്മസ്ഥാഃ കർമ്മപസ്തനൌ
ലഗ്നം പശ്യതി വാ ഖേടോ യോഗസ്സിംഹാസനപ്രദഃ

ലഗ്നാധിപനും നാലാംഭാവാധിപനും ഒൻപതാംഭാവാധിപനും പത്തിലും, പത്താംഭാവാധിപൻ ലഗ്നത്തിലും നില്ക്കയും ലഗ്നത്തിൽ ഏതെങ്കിലും ഒരു ഗ്രഹത്തിന്റെ ദൃഷ്ടിയുണ്ടായിരിക്കയും ചെയ്താൽ സിംഹാസനയോഗമാകുന്നു. (സിംഹാസനം ലഭിക്കും)

കർമ്മലഗ്നസുഖാധീശാഃ കർമ്മസ്ഥാനഗതാ യദി
കർമ്മപോ ലഗ്നസംബന്ധീ സിംഹാസനപതിർഭവേൽ.

൧൦, ലഗ്നം, ൪, ഈ ഭാവങ്ങളുടെ നാഥന്മാർ പത്തിൽ നില്ക്കയും പത്താംഭാവാധിപനു ലഗ്നസംബന്ധം ഉണ്ടായിരിക്കയുംചെയ്താൽ സിംഹാസനാധിപതിയായി തീരും.

ഗുരുശുക്രശുഭാധീശാഃ കേന്ദ്രകോണായഗാ യദി
അനേകയാനസമ്പന്നോ മണ്ഡലാധിപതിർഭവേൽ. ൱൩൦

വ്യാഴം, ശുക്രൻ, ഒൻപതാംഭാവാധിപൻ ഇവർ കേന്ദ്രം, ത്രികോണം ലാഭം (൧൧) ഈ സ്ഥാനങ്ങളിൽ നിന്നാൽ വളരെ വാഹനങ്ങളുള്ള സാർവ്വഭൌമനായിതീരും.

യാനേശകർമ്മോപഗതൌ ബലിഷ്ഠൌ
ധർമ്മേശദൃഷ്ടൌ യദി തദ്യുതൌ വാ

പരസ്പരക്ഷേത്രസമാഗതൌ വാ
സിംഹാസനപ്രാപ്തികരൌ ഭവേതാം ൮൩൦

നാലാംഭാവാധിപനും പത്തിൽ നില്ക്കുന്ന ഗ്രഹവും ബലവാന്മാരായി ഒൻപതാംഭാവാധിപന്റെ ദൃഷ്ടിയോടും യോഗത്തോടുംകൂടി നില്ക്കയും നാലാംഭാവാധിപൻ പത്തിലും പത്തിൽ നില്ക്കുന്ന ഗ്രഹം നാലിലും നില്ക്കയും ചെയ്താൽ സിംഹാസനപ്രാപ്തിയുണ്ടാകും.

തദ്ദശാന്തർദശാകാലേ തദ്രാശിപദശാഗമേ
തദ്ശക്തിസമ്പ്രാപ്തൗ സിംഹാസനപതിർഭവേൽ ൮൩൧

നാലിലും പത്തിലും നില്ക്കുന്ന ഗ്രഹങ്ങളുടെ ദശാപഹാരങ്ങളിലോ തൽഭാവാധിപന്മാരുടെ ദശാപഹാരങ്ങളിലോ സിംഹാസനപ്രാപ്തിയുണ്ടാകും.

ശുഭോദയേശൗ സുഖരാശിയാതൗ
സുഖാധിപോ ലഗ്നഗതശ്ശുഭർക്ഷേ
അതീവ സൌഖ്യം സമുപൈതി നിത്യം
സപത്നയാതേ യദി ശത്രുഭാഗ്യം ൮൩൨

ഒൻപതാംഭാവത്തിന്റെയും ലഗ്നത്തിന്റെയും അധിപന്മാർ നാലിലും നാലാംഭാവാധിപൻ ശുഭക്ഷേത്രമായ ലഗ്നത്തിലും നിന്നാൽ നിത്യം ഏറ്റവും സുഖം അനുഭവിക്കും. സുഖാധിപൻ ആറിൽനിന്നാൽ ശത്രുക്കളിൽനിന്നു ഭാഗ്യം സിദ്ധിക്കും.

സപത്നഭാവാധിപതൗ തപഃസ്ഥേ
ശുഭൈരദൃഷ്ടേ ബലസംയുതേ വാ
സ്വകീയഭാഗ്യാദികമല്പകാലം
ദദാതി ശത്രൌ സുഖനാഥദായേ ൮൩൩

ആറാംഭാവാധിപൻ ശുഭദൃഷ്ടികൂടാതെ ഒൻപതിൽ ബലവാനായി നിന്നാൽ നാലാംഭാവാധിപന്റെ ദശാകാലത്തിൽ ശത്രുവിന്ന് അല്പകാലം ഭാഗ്യം ഉണ്ടായിരിക്കും.

സുഖാധിപേ ശോഭനഖേടയുക്തേ
തുരീയപാകാന്തമരാതിഗം തൽ
പാപാന്വിതേ തസ്യ ദശാവസാനേ
പുനഃ സ്വഭാഗ്യം സമുപൈതി സർവ്വം ൮൩൪

മുൻപറഞ്ഞ യോഗത്തിൽ നാലാംഭാവാധിപന്ന് ശുഭഗ്രഹയോഗമുണ്ടെങ്കിൽ അവന്റെ ദശ മുഴുവനും സ്വഭാഗ്യം ശത്രുഗതമായിരിക്കും. പാപയോഗമുണ്ടെങ്കിൽ അവന്റെ ദശാവസാനത്തിൽ പിന്നെ സ്വഭാഗ്യം സർവ്വം തനിക്കുതന്നെ ലഭിക്കും.

ക്ഷേത്രസ്ഥാനേ ശുഭക്ഷേത്രേ
തദീശേ ശുഭസംയുതേ
തൽകാരകേ തഥാ പ്രാപ്തേ
ബഹുക്ഷേത്രധനാന്വിതഃ ൮൩൫

നാലാംഭാവം ശുഭക്ഷേത്രമാകയും നാലാംഭാവാധിപന്നും നാലാംഭാവകാരകന്നും ശുഭയോഗമുണ്ടായിരിക്കയും ചെയ്താൽ വളരെ നിലവും ധനവും ഉള്ളവനായിരിക്കും.

ക്ഷേത്രേശ്വരേ നീചസപത്നിയോഗേ
കാലാഗ്നിശൂലാന്തകഷഷ്ടിഭാഗേ
പാപാന്വിതേ പാപസമീക്ഷിതേ വാ
ക്ഷേത്രാദിനാശം കഥയന്തി തജ്ഞാഃ ൧൭൬

നാലാംഭാവാധിപന്ന് നീചവും ശത്രുക്ഷേത്രസംബന്ധവും കാലാംശകം അഗ്ന്യംശകം ശൂലാംശകം മുതലായ ക്രൂരഷഷ്ട്യംശവും, പാപയോഗമോ പാപദൃഷ്ടിയോ ഉണ്ടായിരിക്കുന്നും ചെയ്താൽ ഭൂമി, ധനം, വാഹനം മുതലായവ നശിക്കും.

ലഗ്നാധിപസ്യ ഗ്രഹഗോ യദി ശത്രുഖേട-
സ്തൽപാകഭുക്തിസമയേ ഗൃഹഭൂമിനാശം
യാനേശഭുക്തിസമയേ നിജബന്ധുഹാനിഃ
ശന്യാരമാന്ദിയുതഭുക്തിരനർത്ഥഹേതുഃ ൧൭൭

ലഗ്നത്തിൽ നില്ക്കുന്ന ഗ്രഹത്തിന്റെ ക്ഷേത്രത്തിൽ അവന്റെ ശത്രുഗ്രഹം നിന്നാൽ ലഗ്നസ്ഥിതഗ്രഹത്തിന്റെ ദശാപഹാരകാലങ്ങളിൽ ഗൃഹഭൂമിനാശവും, നാലാംഭാവാധിപന്റെ അപഹാരകാലത്തിൽ നിജബന്ധുനാശവും ശനി കുജൻ ഗുളികൻ ഇവരോടുകൂടി നില്ക്കുന്ന ഗ്രഹത്തിന്റെ അപഹാരകാലത്തിൽ അനർത്ഥവും സംഭവിക്കും.

വിത്തേശസ്സുഖാധിപോ നവമഗസ്സൌമ്യാന്വിതഃ സൌമ്യഭേ
നിക്ഷേപം സമുപൈതി ലാഭധനപൌ പാതാളരാശിസ്ഥിതൌ
തന്നാഥശ്ശുഭരാശിഗശ്ശുഭയുതോ നിക്ഷേപസിദ്ധിർഭവേൽ
ലാഭേശസ്സ്വരാശിഗഃ ശുഭയുതോ നിക്ഷേപവിത്തപ്രദഃ ൧൭൮

രണ്ടാം ഭാവാധിപൻ നാലാംഭാവാധിപനോടും ശുഭനോടുംകൂടി ഒൻപതിൽ ശുഭരാശിയിൽ നിന്നാലും, ൧൧-ാം ഭാവാധിപനും, ൨-ാം ഭാവാധിപനും നാലിൽ നിന്നാലും നാലാംഭാവാധിപൻ ശുഭനോടുകൂടി ശുഭക്ഷേത്രത്തിൽ നിന്നാലും ൧൧-ാം ഭാവാധിപൻ ശുഭനോടുകൂടി നാലിൽ നിന്നാലും ജാതന്ന് നിധിലാഭം സിദ്ധിക്കും.

അർത്ഥവ്യയഗൃഹാധീശാ നാശഗാഃ പാപസംയുതാഃ
യാവത്ഭിരശുഭൈര്യുക്താസ്താവൽഗേഹാലസംഭവാഃ. ൧൭൯

൨, ൧൨, ൮, ഈ ഭാവങ്ങളുടെ നാഥന്മാർ എത്ര പാപന്മാരോടുകൂടി അഷ്ടമത്തിൽ നില്ക്കുന്നോ അത്രയും ഭവനങ്ങൾക്കു നാശം സംഭവിക്കും.

പാപേ ഽഥൌ വാ പാപദൃഷ്ടേ സുഖേ ഗേഹസുഖാർത്തിഭാക്.
നീചേ രാശൌ കുജേർക്കേ വാ സുഖേ സ്യാദഗൃഹോ നരഃ. ൧൮൦

നാലിൽ പാപനോ രണ്ടുവോ പാപദൃഷ്ടിയോടുകൂടി നിന്നാൽ ഭവനത്തിനും സുഖത്തിനും പീഡയുണ്ടാകും. കുജനോ സൂര്യനോ നീചരാശിയായ നാലിൽ നിന്നാൽ ജാതൻ ഭവനമില്ലാത്തവനായിരിക്കും.

നീചേ ഽസ്തഗേ വാ ഗേഹസ്ഥേ കൂപാംബുപാതൌ പതിഷ്യതി
സുഖേ പാപേ പാപഭാക് സ്യാൽ സുഖേ മന്ദേ സുഖക്ഷയഃ

നാലിൽ നില്ക്കുന്ന ഗ്രഹം നീചത്തിലോ, മൌഢ്യത്തിലോ നിന്നാൽ കിണറ്, കുളം, മുതലായവയിൽ വീഴും. നാലിൽ പാപൻ നിന്നാൽ പാപിയാകും, ശനി നിന്നാൽ സുഖമില്ലാത്തവനായും തീരും.

സുഖേശേ വ്യയഗേ ലഗ്നാദന്യദേശേഽന്യഗേഹഗഃ
രന്ധ്രേ ഗൃഹാദ്യഭാവോ വാ ഷഷ്ഠേ ജ്ഞാത്യാദിസൽഗൃഹഃ

നാലാംഭാവാധിപൻ ലഗ്നാൽ പന്ത്രണ്ടിൽ നിന്നാൽ അന്യന്റെ ഗൃഹത്തിലോ അന്യദേശത്തോ താമസിക്കുന്നവനായും, അഷ്ടമത്തിൽ നിന്നാൽ ഗൃഹം മുതലായവ ഇല്ലാത്തവനായും, ആറിൽ നിന്നാൽ ബന്ധു തുടങ്ങിയവരുടെ ഗൃഹത്തിൽ താമസിക്കുന്നവനായും തീരും.

അയത്നതോ മന്ദിരലാഭദഃ സ്യാൽ
ചതുർത്ഥപസ്തത്രബലാധികോ വാ
ദുഃസ്ഥാനഗോ ദുഷ്ടബലാധികശ്ചേ-
ദാലസ്യഗേഹം ഗൃഹപീഡിതം വാ ൧൪൧

നാലാംഭാവാധിപൻ നാലിൽ പൂർണ്ണബലനായി നിന്നാൽ പ്രയാസം ഇല്ലാതെ ഗൃഹം ലഭിക്കുന്നവനായും, അനിഷ്ടസ്ഥാനത്തിൽ ബലഹീനനായി നിന്നാൽ ഗൃഹത്തിന് അശുഭമായോ പീഡയോ ഉള്ളവനായും തീരും.

ഷഡ്ത്രിവ്യയാഷ്ടമോപേതാ വ്യയവിത്തഗൃഹാധിപാഃ
യാവൽപാപസമോപേതാസ്താവൽഗൃഹവിനാശകാഃ ൧൪൨

൧൨, ൨, ൪-ഈ ഭാവങ്ങളുടെ അധിപന്മാർ ൬, ൩, ൧൨, ൮-ഈ സ്ഥാനങ്ങളിൽ എത്ര പാപന്മാരോടുകൂടി നില്ക്കുന്നോ അത്രയും ഗൃഹങ്ങൾക്കു നാശം സംഭവിക്കും.

ലഗ്നത്രികോണകേന്ദ്രസ്ഥാഃ യാവൽബലസമന്വിതാഃ
താവൽസംഖ്യാസ്തുഗേഹാനാം സമീചീനാം വദേൽ ബുധഃ ൧൪൩

ലഗ്നം, ത്രികോണം, കേന്ദ്രം ഈ ഭാവങ്ങളിൽ ബലവാന്മാരായി എത്ര ഗ്രഹങ്ങൾ നില്ക്കുന്നോ അത്രയും നല്ല ഗൃഹങ്ങൾ ഉണ്ട് എന്നു പറയണം.

ചതുർത്ഥഭാവാധിപതൗ വിലഗ്നാൽ
വ്യയസ്ഥിതേ ജീർണ്ണഗൃഹം സമേതി
ത്രികോണകേന്ദ്രോപഗതേ ബലാഢ്യേ
വിചിത്രഗേഹം രുചിരം തദാഹുഃ ൧൪൪

നാലാംഭാവാധിപൻ ലഗ്നാൽ പന്ത്രണ്ടിൽ നിന്നാൽ ജാതനു പഴയ ഭവനവും ത്രികോണകേന്ദ്രങ്ങളിൽ ബലവാനായി നിന്നാൽ വിചിത്രവും മനോഹരവും ആയ ഭവനവും ഉണ്ടായിരിക്കും.

തൃതീയേ സൗമ്യസംയുക്തേ ഗേഹേശേ ബലസംയുതേ
ഗോപുരാദ്യംശകേ വാപി സമേതി ദൃഢമന്ദിരം ൧൪൫

മൂന്നിൽ ശുഭനും നാലാംഭാവാധിപൻ ബലവാനായി ഗോപുരാദ്യംശകത്തിൽ നില്ക്കുകയും ചെയ്താൽ ജാതന് ഉറപ്പുള്ളമന്ദിരം ഉണ്ടായിരിക്കും.

ആജ്ഞാശ്രയക്ഷേത്രവിനാശമാഹു-
രാജ്ഞേശപാരേ ഗേഹഗതേ സപാപേ
ക്രൂരാംശകേ മൃത്യുകരാദിഭാഗേ
രന്ധ്രേശപാരേണാപിയുതേ തഥൈവ. ൧൪൬

ആജ്ഞേശൻ (പത്താംഭാവാധിപൻ) പാപന്മാരോടുകൂടി നാലിൽ നിന്നാൽ ആജ്ഞ, ആശ്രയം, ക്ഷേത്രം ഇവകൾക്കു നാശം സംഭവിക്കും. അഷ്ടമാധിപനോടുകൂടി മൃത്യുകരകാംശം മുതലായ ക്രൂരഷഷ്ട്യംശത്തിൽ നിന്നാലും ഫലം അപ്രകാരം തന്നെ.

തൃതീയേ സൗമ്യസംയുക്തേ ഗേഹേശേ സുബലാന്വിതേ
ലഗ്നേശേ ബലസംപൂൎണ്ണേ ഹൎമ്മ്യപ്രാകാരസംയുതം ൧൫൦

മൂന്നിൽ ശുഭയോഗവും നാലാംഭാവാധിപനും ലഗ്നാധിപനും പൂൎണ്ണബലവും ഉണ്ടെങ്കിൽ ജാതൻ മാളികയും മതിലും ഉള്ള ഭവനത്തോടുകൂടിയവനായിരിക്കും.

പാരാവതാംശകേ ഗേഹനാഥേ ഗുൎവ്വിന്ദുവീക്ഷിതേ
ഗോപുരാദ്യംശകേ വാപി ദൈവികം ഗൃഹമാദിശേൽ ൧൫൧
ഇതി ജാതകപാരിജാതേ ദ്വാദശോദ്ധ്യായഃ

നാലാംഭാവാധിപൻ വ്യാഴത്തിന്റെയും ചന്ദ്രന്റെയും ദൃഷ്ടിയോടുകൂടി പാരാവതാംശകത്തിലോ ഗോപുരാദ്യംശകത്തിലോ നിന്നാൽ ജാതന്നു ദിവ്യമായ ഭവനമുണ്ടായിരിക്കും.

ഇങ്ങനെ ജാതകപാരിജാതത്തിൽ ദ്വാദശോദ്ധ്യായ
വ്യാഖ്യാനം സമ്പൂൎണ്ണം.

അഥ ത്രയോദശോദ്ധ്യായഃ

പഞ്ചമഭാവഫലം.

പുത്രാദ്ദേവമഹീപപുത്രപിതൃധീപുണ്യാനി സഞ്ചിന്തയേ-
ദ്യാത്രാമസ്തതപഃസ്വകൎമ്മഭവനൈൎദ്ദൂരാടനം രിഃഫതഃ
ലഗ്നാൽ ബന്ധുദിനേശതഃ പിതൃസുഖം ജീവാത്മജസ്ഥാനതഃ
പുത്രപ്രാപ്തിരനംഗവിത്തപസിതൈൎസ്ത്രീസമ്പദശ്ചിന്തയേൽ ൧

൫-ാം ഭാവംകൊണ്ട് ദേവൻ, രാജാവ്, പുത്രൻ, പിതാവ്, ബുദ്ധി, പുണ്യം ഇവയേയും ൭-ൻ-൨-൧൦-ഈ ഭാവങ്ങളെക്കൊണ്ട് ലോകയാത്രയേയും, ൧൨-ാം ഭാവംകൊണ്ട ദൂരദേശസഞ്ചാരത്തെയും നാലാമിടംകൊണ്ടും ആദിത്യനെക്കൊണ്ടും പിതാവിന്റെ സുഖാസുഖങ്ങളേയും ൫-ൻ-ഈ ഭാവത്തെക്കൊണ്ടും വ്യാഴത്തെക്കൊണ്ടും പുത്രപ്രാപ്തിയും ൭-ാംഭാവം ൨-ാം ഭാവാധിപൻ ശുക്രൻ ഇവരെക്കൊണ്ട ഭാൎയ്യാസന്താനങ്ങളേയും വിചാരിക്കണം.

ലഗ്നാദാത്മനി പുംഗ്രഹേക്ഷിതയുതേ പുന്ദേവതാരാധനം
യുഗ്മേ ശുക്രനിശാകരേക്ഷിതയുതേ സ്ത്രീദേവതാമിച്ഛതി
ഭാനൗ ഭാസ്കരമുഖ്യമിന്ദുസിതയോൎഗൗരീം കുമാരം കുജേ
വിഷ്ണും ചന്ദ്രസുതേ ഗുരൗ ശശിധരം ശന്യാദിയോഗേ ƒ പരാൻ

ലഗ്നാൽ അഞ്ചിൽ പുരുഷഗ്രഹങ്ങളുടെ യോഗമോ ദൃഷ്ടിയോ ഉണ്ടായിരുന്നാൽ പുരുഷദേവതകളേയും; അഞ്ചാമിടമായ യുഗ്മരാശിയിൽ ശുക്രന്റെയും ചന്ദ്രന്റെയും യോഗദൃഷ്ടികളുണ്ടെങ്കിൽ സ്ത്രീദേവതയേയും, സൂൎയ്യയോഗദൃഷ്ട്യാദികളുണ്ടെങ്കിൽ

സൂര്യൻ തുടങ്ങിയ ദേവതായും ചന്ദ്രശുക്രന്മാരുടെ യോഗദൃഷ്ട്യാദികളുണ്ടായിരുന്നാൽ ദുർഗ്ഗാദേവിയേയും, കുജന്റെ യോഗദൃഷ്ടികളുണ്ടെങ്കിൽ സുബ്രഹ്മണ്യനെയും ബുധന്റെ യോഗദൃഷ്ടികളുണ്ടെങ്കിൽ വിഷ്ണുവിനെയും വ്യാഴത്തിന്റെ യോഗദൃഷ്ടികളുണ്ടെങ്കിൽ ശിവനെയും ശനിമുതലായവരുടെ യോഗമുണ്ടെങ്കിൽ അന്യദേവന്മാരേയും പൂജിക്കുന്നു എന്നു പറയണം.

ലഗ്നാധിപസ്യാത്മപതൌ സപത്നേ
തദ്ദേവഭക്തിഃ സുതനാശഹേതുഃ
സമാനതാ സാമ്യതരേ സുഹൃത്വേ
തദ്ദേവതാപാരകൃപാമുപൈതി. ൩

അഞ്ചാംഭാവാധിപൻ ലഗ്നാധിപന്റെ ശത്രുവായി നിന്നാൽ അവനു പറഞ്ഞിട്ടുള്ള ദേവന്റെ പൂജനം പുത്രനാശകാരണമായിത്തീരും. ലഗ്നാധിപനും അഞ്ചാംഭാവാധിപനും സമന്മാരാണെങ്കിൽ സമഫലവും, ബന്ധുക്കളാണെങ്കിൽ അവർക്കു പറഞ്ഞിട്ടുള്ള ദേവന്റെ അപാരകൃപയും ഉണ്ടാകും.

രാജസ്ഥാനേ ഗുരുബുധസിതൈരീക്ഷിതേ സംയുതേ വാ
തദ്രാശീശേ ബലവതി നൃപപ്രീതിസമ്പത്തിമേതി
പാപാക്രാന്തേ വിഗതബലിനി സ്വാമിനി ക്രൂരഭാഗേ
ജാതോ വിദ്യാവിനയഗുണധീരാജസമ്മാനഹീനഃ. ൪

അഞ്ചാംഭാവത്തിന്ന് വ്യാഴം, ബുധൻ, ശുക്രൻ ഇവരുടെ ദൃഷ്ടിയോഗങ്ങളും, അഞ്ചാംഭാവാധിപന്നു ബലവും ഉണ്ടായിരുന്നാൽ രാജപ്രീതിയും സമ്പത്തുള്ളവനായും, പഞ്ചമാധിപൻ ദുർബലനായും പാപയോഗദൃഷ്ടികളോടും ക്രൂരാംശകസ്ഥിതിയോടുംകൂടി നിന്നാൽ ജാതൻ വിദ്യ, വിനയം, ബുദ്ധി, രാജസമ്മാനം ഇവയോടു കൂടാത്തവനായും തീരും.

ലഗ്നേ യാനപതൌ സുഖേ തനുപതൌ ദൃഷ്ടേഽഥവാ ഖേചരൈ-
സ്സംയുക്തേ തു ചതുഷ്പദസ്യ ജനനം രാഹ്വധ്വജാദ്യാമജഃ
ഗോജന്മാഥ്യസിതേന്ദുഭിശ്ച മഹിഷീ മന്ദേന ദൃഷ്ടേ യുതേ
ജാതഃ പാപപുരസ്സരം തനുപതിർമാനേ ചിരം ഭോഗിരാട് ൫

നാലാംഭാവാധിപൻ ലഗ്നത്തിലും, ലഗ്നാധിപതി നാലിലും നില്ക്കയും അവിടെ മററുഗ്രഹങ്ങളുടെ യോഗമോ ദൃഷ്ടിയോ ഉണ്ടായിരിക്കയും ചെയ്താൽ ചതുഷ്പത്തുകളുടെയും, രാഹുകേതുക്കളുടെ യോഗദൃഷ്ടികളുണ്ടെങ്കിൽ ആടിന്റെയും, വ്യാഴം, ശുക്രൻ, ചന്ദ്രൻ ഇവരുടെ യോഗദൃഷ്ടികളുണ്ടെങ്കിൽ പശുവൃഷഭാദികളുടെയും, ശനിയുടെ യോഗദൃഷ്ടികളുണ്ടെങ്കിൽ എരുമയുടെയും, ലഗ്നാധിപതി, പാപനോടുകൂടി പത്തിൽ നിന്നാൽ സർപ്പത്തിന്റെയും ജന്മത്തെ പറയണം.

വിത്താസ്തഗൌ പഞ്ചമയാനനാഥൌ
പാപേക്ഷിതൌ പാപസമന്വിതൌ വാ
പുംസസ്ത്രീഭാഗേ പുരുഷഗ്രഹേന്ദ്രേ
ജാതാഃ കപിക്രോഷ്ടുവിലാളകാദ്യാഃ ൬

അഞ്ചാംഭാവാധിപൻ രണ്ടിലും നാലാംഭാവാധിപൻ ഏഴിലും പാപയോഗത്തോടോ പാപദൃഷ്ടിയോടോ കൂടി നില്ക്കയും പുരുഷദ്രേക്കാണത്തിൽ പുരുഷഗ്രഹം നില്ക്കയും ചെയ്താൽ കുരങ്ങ്, കുറുക്കൻ, പൂച്ച ഇതുകളുടെ ജന്മത്തെ പറയണം.

തസ്മിൻ മന്ദയുതേക്ഷിതേ തു ജനനം പിണ്ഡാകൃതേർവാക്പതിഃ
സാഹിർദുർബലവീക്ഷിതോ യദി മഹീദേവാന്വയേ നീചകൃൽ
ഏകസ്ഥാ ഗുരുരാഹുഭാനുതനയാഃ ശുക്രേന്ദുപുത്രേക്ഷിതാഃ
ശൂദ്രോപി ദ്വിജതാമുപൈതി നിഖിലാം വിദ്യാമുപൈതി ദ്വിജഃ

പുരുഷദ്രേക്കാണത്തിൽ നില്ക്കുന്ന പുരുഷഗ്രഹം ശനിയുടെ യോഗദൃഷ്ട്യാദികളോടുകൂടി നിന്നാൽ പിണ്ഡാകൃതിയാവും വ്യാഴം രാഹുവോടുകൂടി ബലഹീനനായി നിന്നാൽ ബ്രാഹ്മണകുലത്തിൽ നീചകൃത്യത്തെ ചെയ്യുന്നവനായും, വ്യാഴം, രാഹു, ശനി, ഇവർ ശുക്രന്റെയും ബുധന്റെയും ദൃഷ്ടിയോടുകൂടി ഒരു രാശിയിൽ നിന്നാൽ ശൂദ്രകുലജാതനാണെങ്കിലും ദ്വിജത്വമുള്ളവനായും, ദ്വിജനായാൽ സകലവിദ്യയിൽ സമർത്ഥനായും ജനിക്കും.

ഹോരായാം.---

ലഗ്നാൽ പുത്രകളത്രഭേ ശുഭപതിപ്രാപ്തേഥവാലോകിതേ
ചന്ദ്രാദ്വാ യദി സമ്പദസ്തി ഹി തയോർജ്ഞേയോന്യഥാസംഭവഃ
പാഥോനോദയഗേ രവൗ രവിസുതേ മീനസ്ഥിതേ ദാരഹാ
പുത്രസ്ഥാനഗതശ്ച പുത്രമരണം പുത്രോഽവനേർയ്യച്ഛതി ൬

ലഗ്നാലോ ചന്ദ്രാലോ അഞ്ചിലോ ഏഴിലോ ശുഭന്മാരുടേയോ അതാതു ഭാവാധിപന്മാരുടേയോ യോഗമോ ദൃഷ്ടിയോ ഉണ്ടായിരുന്നാൽ പുത്രസമ്പത്തും, ഭാര്യാസമ്പത്തും സിദ്ധിക്കും. അപ്രകാരമല്ലെങ്കിൽ (പാപന്മാരുടെ യോഗദൃഷ്ടികളാണെങ്കിൽ) അതു സിദ്ധിക്കയില്ല. ശുഭപതി എന്നതിന് ഒമ്പതാംഭാവാധിപൻ എന്നും അർത്ഥമുണ്ട്. കന്നിയിൽ സൂര്യനും മീനത്തിൽ ശനിയും നിന്നാൽ ഭാര്യാനാശവും, കുജൻ അഞ്ചിൽനിന്നാൽ പുത്രമരണവും സംഭവിക്കും. ഈ കുജന് ലഗ്നാധിപത്യവും ശുഭദൃഷ്ടിയും ഉണ്ടെങ്കിൽ പുത്രമരണം സംഭവിക്കയില്ല. ഈ ശ്ലോകത്തിന് പല അർത്ഥങ്ങളും ഉള്ളതിനെ വിസ്തരഭയാൽ ഇവിടെ കാണിക്കുന്നില്ല.

പുത്രസ്ഥാനപതൗ തു വാ നവമപേ ലഗ്നാൽ കളത്രേഥവാ
യുഗ്മർക്ഷേ ശശിശുക്രവീക്ഷിതയുതേ പുത്രീയുതോ ജായതേ
പുംവർഗേ പുരുഷഗ്രഹേക്ഷിതയുതേ ജാതസ്തു പുത്രാധികോ
ജീവാൽ പഞ്ചമരാശിതശ്ച തനയപ്രാപ്തിം വദേൽ ദേശികഃ. ൭

അഞ്ചിന്റെയോ ഒൻപതിന്റെയോ അധിപതികൾ ലഗ്നാലേഴിലോ അല്ലെങ്കിൽ യുഗ്മരാശിയിലോ ചന്ദ്രന്റെയും ശുക്രന്റെയും യോഗദൃഷ്ടികളോടുകൂടി നിന്നാൽ ജാതൻ സ്ത്രീസന്താനമുള്ളവനായും, അവിടെ പുരുഷഗ്രഹങ്ങളുടെ വർഗ്ഗവും പുരുഷഗ്രഹയോഗദൃഷ്ടികളും ഉണ്ടായിരുന്നാൽ പുരുഷസന്താനമുള്ളവനായും തീരും. വ്യാഴത്തിന്റെ അഞ്ചാംരാശികൊണ്ടും പുത്രഭാവത്തെ ചിന്തിക്കാം.

ശുക്രേന്ദുവർഗ്ഗേ സുതഭേ വിലഗ്നാ-
ച്ഛുക്രേ ച ചന്ദ്രേണ യുതേ ച ദൃഷ്ടേ
പാപൈരയുക്തേ ബഹുപുത്രശാലീ
ശന്യാരദൃഷ്ടേ സതി പുത്രഹീനഃ. ൮

ലഗ്നാൽ അഞ്ചാംഭാവത്തിൽ ശുക്രചന്ദ്രന്മാരുടെ വർഗ്ഗവും, ശുക്രചന്ദ്രയോഗദൃഷ്ടികളും ഉണ്ടായിരിക്കയും പാപയോഗം ഇല്ലാതിരിക്കയും ചെയ്താൽ വളരെ പുത്രന്മാരുള്ളവനായും; ശനികുജന്മാരുടെ ദൃഷ്ടിയുണ്ടായിരുന്നാൽ പുത്രന്മാർ കുറഞ്ഞവനായും തീരും.

പുത്രപ്രാപ്തിരനംഗഭേ സുതഗൃഹാൽ സൌമ്യസ്യ രാശ്യംശകേ
തന്നാഥേ ശുഭഖേടവീക്ഷിതയുതേ കേന്ദ്രത്രികോണേഥവാ
സ്വക്ഷേത്രോപഗതേ തു പുത്രഗൃഹപേ ജാതോല്പപുത്രോ ഭവേൽ
പുത്രേശാംശപതിഃ സ്വഭാംശകഗതോ യദ്യേകപുത്രം വദേൽ.

അഞ്ചാമിടത്തിന്റെ ൭-ാംരാശി (൧൧-ാംഭാവം എന്നു സാരം) ശുഭരാശിയാകയും ശുഭാംശകത്തോടുകൂടിയും ഇരിക്കയും ആ ഏഴാംരാശിയുടെ അധിപൻ ശുഭഗ്രഹയോഗദൃഷ്ടികളോടുകൂടി ലഗ്നത്തിന്റെ കേന്ദ്രത്രികോണങ്ങളിൽ നില്ക്കയും ചെയ്താൽ പുത്രപ്രാപ്തി ഉണ്ടാകും. അഞ്ചാംഭാവാധിപൻ സ്വക്ഷേത്രത്തിൽ നിന്നാൽ അല്പപുത്രനായും. അഞ്ചാംരാശ്യധിപന്റെ നവാംശകാധിപതി സ്വക്ഷേത്രാംശകത്തോടുകൂടി നിന്നാൽ ഒരു പുത്രൻമാത്രം ഉണ്ടാകയുംചെയ്യും.

പുത്രസ്ഥേ മദനാധിപേ വിതനയോ ജായാവിഹീനോഥവാ
പുത്രാദഷ്ടമശത്രുരിഃഫഗൃഹഗാഃ പാപാഃ കുലധ്വംസകാഃ
രാഹൌ നന്ദനരാശിഗേ തദധിപേ ദുഃസ്ഥാനഗേ പുത്രഹാ
പുത്രസ്ഥേ തനുപേ തനൌ സുതപതൌ ഗൃഹ്ണാതി ദത്താത്മജം.

൭-ാംഭാവാധിപൻ അഞ്ചിൽ നിന്നാൽ പുത്രനോ ഭാര്യയോ ഇല്ലാത്തവനായിത്തീരും. അഞ്ചാംഭാവത്തിന്റെ ൮-൬-൧൨-ഈ ഭാവങ്ങളിൽ പാപന്മാർ നിന്നാൽ കുലവിനാശവും അഞ്ചിൽ രാഹുവും അഞ്ചാംഭാവാധിപൻ അനിഷ്ടസ്ഥാനത്തും നിന്നാൽ പുത്രനാശവും സംഭവിക്കും. ലഗ്നാധിപൻ അഞ്ചിലും അഞ്ചാംഭാവാധിപൻ ലഗ്നത്തിലും നിന്നാൽ ദത്തുപുത്രനെ സ്വീകരിക്കുന്നവനായിത്തീരും.

ദുഃസ്ഥൌ വിലഗ്നസുതപൌ സമുപൈതി പുത്രം
ദത്താത്മജം ച ശുഭഖേചരവീക്ഷിതൌ ചേൽ
തത്ഭാവരാശിയുതകാരകവർഗമൂലാൽ
ഗൃഹ്ണാതി ദത്തതനയം പരതസ്തഖേടാൽ. ൧൩

ലഗ്നാധിപനും അഞ്ചാംഭാവാധിപനും, അനിഷ്ടസ്ഥാനത്തു നില്ക്കയും അവക്ക് ശുഭദൃഷ്ടിയുണ്ടായിരിക്കയും ചെയ്താൽ പുത്രനും ദത്തുപുത്രനും ഉണ്ടാകും. അഞ്ചിൽ നില്ക്കുന്നവന്റെയും അഞ്ചാംഭാവകാരകന്റെയും അംശകാദിവർഗമനുസരിച്ച് ദത്തുപുത്രനെ സ്വീകരിക്കും. അഞ്ചിൽ ഗ്രഹസ്ഥിത്യംശകാദികൾ ഒന്നും ഇല്ലെങ്കിൽ ദത്തുപുത്രസ്വീകരണം ഉണ്ടാകയില്ല.

കേന്ദ്രത്രികോണഗൃഹഗഃ സുതപഃ ശുഭർക്ഷേ
സൌമ്യാന്വിതേ യദി സുതം സമുപൈതി ബാല്യേ
ഭോഗീശയുക്തസുതരാശിപളക്തിജാത-
സ്ത്വല്പായുരേതി ഫണിഭുക്തവശാച്ചിരായുഃ. ൧൪

അഞ്ചാംഭാവാധിപൻ കേന്ദ്രത്രികോണങ്ങളിൽ ശുഭക്ഷേത്രത്തിൽ ശുഭന്മാരോടുകൂടി നിന്നാൽ ബാല്യത്തിൽത്തന്നെ പുത്രലാഭം സിദ്ധിക്കും. രാഹുവിനോടുകൂടി നില്ക്കുന്ന അഞ്ചാംഭാവാധിപന്റെ ദശാപഹാരത്തിൽ ജനിക്കുന്ന പുത്രൻ അല്പായുസ്സായും രാഹുവിന്റെ ദശാപഹാരത്തിൽ ഉണ്ടാകുന്നപുത്രൻ ദീർഘായുസ്സായും തീരും.

പുത്രസ്ഥാനപവിത്തപൌ ഗതബലൌ പാപേക്ഷിതേ പുത്രഭേ
ജാതോഽനേകകളത്രവാനപി സുതാഭാവം സമേതി ധ്രുവം

തജ്ജായാ യദി പുത്രയോഗജനിതാ സൌമ്യേന വാ പഞ്ചമേ
ഷഷ്ഠേശേന നിരീക്ഷിതേ യദി തദാ ജാരേണ സംജായതേ. ൧൫

അഞ്ചാംഭാവാധിപനും രണ്ടാംഭാവാധിപനും ബലഹീനന്മാരായിരിക്കയും, അഞ്ചാംഭാവത്തിന്ന് പാപദൃഷ്ടിയുണ്ടായിരിക്കയും ചെയ്താൽ എത്ര വളരെ ഭാര്യമാരോടുകൂടിയവനാണെങ്കിലും നിശ്ചയമായും പുത്രന്മാരോടുകൂടിയവനായിഭവിക്കയില്ല. മേൽപറഞ്ഞ യോഗത്തിൽ അവന്റെ ഭാര്യയ്ക്കു പുത്രയോഗമുണ്ടായിരിക്കയും അഞ്ചിൽ ബുധന്റെയോ ഷഷ്ഠാധിപന്റെയോ ദൃഷ്ടിയുണ്ടായിരിക്കയും ചെയ്താൽ ജാരങ്കൽ നിന്നും പുത്രന്മാർ ജനിക്കും.

പുത്രസ്ഥാനേ തദീശേ വാ ഗുരൌ വാ ശുഭവീക്ഷിതേ
ശുഭഗ്രഹേണ സംയുക്തേ പുത്രപ്രാപ്തിർന്ന സംശയഃ ൧൬

അഞ്ചാംഭാവത്തിന്നോ അഞ്ചാംഭാവാധിപന്നോ വ്യാഴത്തിന്നോ ശുഭയോഗദൃഷ്ടികളുണ്ടെങ്കിൽ നിശ്ചയമായും പുത്രലാഭം ഉണ്ടാകും.

ലഗ്നേശേ പുത്രഭാവസ്ഥേ പുത്രേശേ ബലസംയുതേ
പരിപൂർണ്ണബലേ ജീവേ പുത്രപ്രാപ്തിർന്ന സംശയഃ ൧൭

ലഗ്നാധിപൻ അഞ്ചിൽനില്ക്കയും അഞ്ചാംഭാവാധിപതിക്കും വ്യാഴത്തിന്നും പൂർണ്ണബലം ഉണ്ടായിരിക്കയും ചെയ്താൽ നിശ്ചയമായും പുത്രലാഭം ഉണ്ടാകും.

പുത്രസ്ഥാനഗതേ ജീവേ പരിപൂർണ്ണബലാന്വിതേ
ലഗ്നാധിപേന സന്ദൃഷ്ടേ പുത്രപ്രാപ്തിർന്ന സംശയഃ. ൧൮

വ്യാഴം പൂർണ്ണബലത്തോടുകൂടി അഞ്ചിൽ നില്ക്കയും ആ വ്യാഴത്തിന്ന ലഗ്നാധിപദൃഷ്ടിയുണ്ടായിരിക്കയും ചെയ്താലും പുത്രലാഭം ഉണ്ടാകും.

വൈശേഷികാംശകേ ജീവേ പുത്രസ്ഥേ ച തഥാസ്ഥതേ
ശുഭനാഥേന സന്ദൃഷ്ടേ പുത്രേ തൽപ്രാപ്തിമാദിശേൽ ൧൯

വ്യാഴത്തിന്നും അഞ്ചാംഭാവത്തിൽ നില്ക്കുന്ന ഗ്രഹത്തിനും വൈശേഷികാംശങ്ങളും അഞ്ചിൽ ഒൻപതാംഭാവാധിപദൃഷ്ടിയും ഉണ്ടായിരുന്നാൽ പുത്രപ്രാപ്തിയുണ്ടാകും.

ദശമേ ശീതഗുർദ്ദ്യൂനേ ഭൃഗുജഃ പാപിനഃ സുഖേ
തസ്യ സന്തതിവിച്ഛേദോ ഭവിഷ്യതി ന സംശയഃ ൨൦

പത്തിൽ ചന്ദ്രനും, ഏഴിൽ ശുക്രനും നാലിൽ പാപികളുംനിന്നാൽ നിശ്ചയമായും സന്തതിവിച്ഛേദം ഉണ്ടാകും.

ഷഷ്ഠാഷ്ടമസ്ഥോ ലഗ്നേശഃ പാപയുക്തസുതാധിപഃ
ദൃഷ്ടോ വാ ശത്രുനീചസ്ഥൈഃ പുത്രഹാനിം വദേൽ ബുധഃ

ലഗ്നാധിപൻ ആറിലോ എട്ടിലോ നില്ക്കയും അഞ്ചാംഭാവാധിപന്ന് പാപയോഗമോ ശത്രുവിന്റെയോ നീചഗ്രഹത്തിന്റെയോ ദൃഷ്ടിയോ ഉണ്ടായിരിക്കയും ചെയ്താൽ സന്താനമുണ്ടാകയില്ല എന്നു പറയണം.

ലഗ്നസപ്തമധർമ്മാന്ത്യരാശിഗാഃ പാപഖേചരാഃ
സ്വപരരാശിവർഗ്ഗസ്ഥാ വംശവിച്ഛേദകാരിണഃ ൨൨

പാപഗ്രഹങ്ങൾ, ലഗ്നം ൭ ൯ ൧൨ ഈ ഭാവങ്ങളിൽ ശത്രുരാശിവർഗ്ഗത്തിൽ നിന്നാൽ വംശവിച്ഛേദം സംഭവിക്കും.

വന്ധ്യാ വൃദ്ധാ കൃശാ ബാലാ രോഹിണീ പുഷ്പവർജ്ജിതാ
കർക്കശാ സ്ഥൂലദേഹാ ച നാര്യോഷ്ടൌ പരിവർജ്ജിതാഃ

പ്രസവിക്കാത്തവൾ, വൃദ്ധ, ചടച്ചവൾ, ബാല, രോഗമുള്ളവൾ, രജസ്സില്ലാത്തവൾ, കർക്കശമായ ശരീരമുള്ളവൾ, തടിച്ചിരിക്കുന്നവൾ, ഇങ്ങനെ എട്ടുവിധമുള്ള സ്ത്രീകളെ വർജ്ജിക്കണം.

അനപത്യതായോഗം—

ഗുരുലഗ്നേശദാരേശപുത്രസ്ഥാനാധിപേഷു ച
സർവ്വേഷു ബലഹീനേഷു വക്തവ്യാ ത്വനപത്യതാ ൨൪

വ്യാഴം ലഗ്നാധിപൻ, ൭-ാം ഭാവാധിപൻ, ൫-ാം ഭാവാധിപൻ, ഇവർക്കെല്ലാം ബലമില്ലെങ്കിൽ സന്താനമുണ്ടാകയില്ല എന്നുപറയണം.

പുത്രസ്ഥാനം ഗതേ പാപേ തദീശേ നീചരാശിഗേ
ശുഭദൃഷ്ടിവിഹീനേ തു വക്തവ്യാ ത്വനപത്യതാ ൨൫

അഞ്ചിൽ പാപനും, അഞ്ചാംഭാവാധിപൻ നീചരാശിയിൽ ശുഭദൃഷ്ടിയില്ലാതെയും നിന്നാലും സന്താനമുണ്ടാകയില്ല എന്നു പറയണം.

ഗുരുലഗ്നഹിമാംശൂനാം പഞ്ചമസ്ഥൈരശോഭനൈഃ
ശുഭദൃഗ്യോഗരഹിതൈർവക്തവ്യാ ത്വനപത്യതാ ൨൬

വ്യാഴം, ലഗ്നം, ചന്ദ്രൻ ഇവരുടെ അഞ്ചിൽ ശുഭദൃഷ്ടിയോഗങ്ങളോടുകൂടാതെ പാപന്മാർ നിന്നാൽ സന്തത്യഭാവം പറയണം.

പുത്രസ്ഥാനഗതേ പാപേ തദീശേ പാപമദ്ധ്യഗേ
സൌമ്യദൃഗ്യോഗരഹിതേ വക്തവ്യാ ത്വനപത്യതാ ൨൭

അഞ്ചിൽ പാപനും, അഞ്ചാംഭാവാധിപൻ സൌമ്യദൃഷ്ടിയോഗങ്ങളോടുകൂടാതെ പാപന്മാരുടെ മദ്ധ്യത്തിൽ നിന്നാലും സന്തത്യഭാവം ഭവിക്കും.

പാപമദ്ധ്യഗതേ ജീവേ പുത്രേശേ ബലവർജ്ജിതേ
ദൃഷ്ടോ വാ ശത്രുനീചസ്ഥൈഃ പുത്രഹാനിം വദേൽ ബുധഃ

വ്യാഴം പാപമദ്ധ്യത്തിൽ നിൽക്കയും അഞ്ചാംഭാവാധിപൻ ബലഹീനനായി ശത്രുനീചഗ്രഹങ്ങളുടെ ദൃഷ്ടിയോടുകൂടിയിരിക്കയും ചെയ്താൽ പുത്രാഭാവത്തെ പറയണം.

പുത്രസ്ഥാനേ ബുധക്ഷേത്രേ മന്ദക്ഷേത്രേഥവാ യദി
മാന്ദിമന്ദയുതേ ദൃഷ്ടേ തദാ ദത്താദയഃ സുതാഃ ൨൯

അഞ്ചാംഭാവം ബുധക്ഷേത്രമായോ ശനിക്ഷേത്രമായോ ഇരിക്കയും അവിടെ ഗുളികന്റെയോ ശനിയുടെയോ യോഗദൃഷ്ടികളുണ്ടായിരിക്കയും ചെയ്താൽ ദത്തുപുത്രസ്വീകരണം ഉണ്ടാകും. (സ്വന്തം പുത്രനുണ്ടാകയില്ല എന്നു സാരം)

മീനസ്ഥസ്ത്വല്പസന്താനശ്ചാപസ്ഥഃ കൃച്ഛ്രസന്തതിഃ
അസന്തതിഃ കളീരസ്ഥോ ജീവഃ കുംഭേ ന സന്തതിഃ ൩൦

വ്യാഴം, മീനത്തിൽ നിന്നാൽ സന്താനം കുറഞ്ഞവനും ധനുവിൽ നിന്നാൽ പണിപ്പെട്ടു (സൽകർമ്മംകൊണ്ടു) സന്താനസിദ്ധിയോടുകൂടിയവനും, കർക്കടകത്തിലും കുംഭത്തിലും നിന്നാൽ സന്താനം ഇല്ലാത്തവനും, ആയിത്തീരും. ഈ രാശികൾ അഞ്ചാംഭാവമായും അന്യഗ്രഹയോഗമില്ലാതെയും ഇരിക്കണം എന്ന് അടുത്തു പറയും.

പുത്രസ്ഥാനേ കുളീരേ വാ മീനേ കുംഭേ ശരാസനേ
സ്ഥിതോ യദി സുരാചാര്യ്യസ്തൽഫലം കുരുതേ നൃണാം ൩൧

കർക്കടകം, മീനം, കുംഭം, ധനു ഇവ പുത്രസ്ഥാനമായും അവിടെ വ്യാഴം നില്ക്കുകയും ചെയ്താൽ ഫലം മേൽപ്രകാരം തന്നെ.

പുത്രാഭാവകാരണം —

സുതാധിപേ സുതസ്ഥാനേ ശുഭദൃഷ്ടിവിവർജിതേ
പാപഗ്രഹേണ സന്ദൃഷ്ടേ ദേവശാപാൽ സുതക്ഷയഃ. ൩൨

അഞ്ചാംഭാവാധിപൻ അഞ്ചിൽ ശുഭദൃഷ്ടിയോടുകൂടാതെയും പാപദൃഷ്ടിയോടുകൂടിയും നിന്നാൽ പുത്രക്ഷയം ദേവശാപത്താൽ ഉണ്ടായിട്ടുള്ളതാകുന്നു.

ലഗ്നത്രികോണഗേ മന്ദേ മാന്ദൌ വാ ന ശുഭേക്ഷിതേ
ശുഭദൃഷ്ടിവിഹീനേ ച പിതൃശാപാൽ സുതക്ഷയഃ ൩൩

ലഗ്നത്രികോണങ്ങളിൽ ശനിയോ രാഹുവോ ശുഭയോഗദൃഷ്ടികളോടുകൂടാതെ നിന്നാൽ പുത്രക്ഷയം പിതൃശാപത്താൽ ഉണ്ടായിട്ടുള്ളതാകുന്നു.

സുതേശേ കുജസംയുക്തേ രിപുനാഥേന വീക്ഷിതേ
ശുഭദൃഷ്ടിവിഹീനേ ച രിപുദോഷാൽ സുതക്ഷയഃ ൩൪

അഞ്ചാംഭാവാധിപന്ന് കുജയോഗവും, ആറാംഭാവാധിപദൃഷ്ടിയും ഉണ്ടായിരിക്കയും ശുഭദൃഷ്ടിയില്ലാതിരിക്കയും ചെയ്താൽ പുത്രക്ഷയം ശത്രുദോഷത്താൽ ഉണ്ടായിട്ടുള്ളതാകുന്നു.

നവമേ പാപസംയുക്തേ മന്ദയുക്തേ സുതാധിപേ
ത്രികോണേ മാന്ദിസംയുക്തേ പിതൃദോഷാൽ സുതക്ഷയഃ

ഒൻപതിൽ പാപനും അഞ്ചാംഭാവാധിപന്നു ശനിയുടെ യോഗവും, ത്രികോണത്തിൽ ഗുളികനും ഉണ്ടായിരുന്നാൽ പുത്രക്ഷയം പിതാവിന്റെ ദോഷത്താൽ ഉണ്ടായതാകുന്നു.

മാതൃസ്ഥാനഗതേ പാപേ സുതേശേ മന്ദസംയുതേ
വ്യയനാശഗതേ പാപേ മാതൃദോഷാൽ സുതക്ഷയഃ ൩൬

നാലിലും പന്ത്രണ്ടിലും എട്ടിലും പാപികളും അഞ്ചാംഭാവാധിപന്ന് ശനിയുടെ യോഗവും ഉണ്ടായിരുന്നാൽ പുത്രക്ഷയം മാതൃദോഷത്താൽ ഉണ്ടായതാകുന്നു.

രാഹുകേതുയുതേ ദൃഷ്ടേ പഞ്ചമേ ബലവർജ്ജിതേ
തദീശേ വാ തഥാ പ്രാപ്തേ സർപ്പദോഷാൽ സുതക്ഷയഃ. ൩൭

അഞ്ചാംഭാവത്തിന്നും അഞ്ചാംഭാവാധിപതിക്കും രാഹുകേതുക്കളുടെ ദൃഷ്ടിയോഗങ്ങളും ബലഹീനതയും ഉണ്ടായിരുന്നാൽ പുത്രക്ഷയം സർപ്പദോഷത്താൽ ഉണ്ടായതാകുന്നു.

ഗുരുപുത്രേശദാരേശഭൂമിജാഃ സംയുതാ യദി
ദുർദേവപീഡയാ പുത്രീപുത്രനാശം വദേൽ ബുധഃ ൩൮

വ്യാഴം, അഞ്ചാംഭാവാധിപൻ, ഏഴാംഭാവാധിപൻ, കുജൻ ഇവർ ഒരു രാശിയിൽ നിന്നാൽ പുത്രികളുടേയും പുത്രന്മാരുടേയും നാശം ദുഷ്ടദേവതാപീഡകൊണ്ടുണ്ടായിട്ടുള്ളതാകുന്നു.

ദത്തുപുത്രയോഗം---

പുത്രസ്ഥാനഗതഃ കശ്ചിൽ പരിപൂൎണ്ണബലാന്വിതഃ
അദൃഷ്ടഃ പുത്രനാഥേന തദാ ദത്താദയഃ സുതാഃ ൩൯

ഏതെങ്കിലും ഒരു ഗ്രഹം പരിപൂൎണ്ണബലത്തോടുകൂടി അഞ്ചിൽ നില്ക്കുകയും ആ ഗ്രഹത്തിന്ന് അഞ്ചാംഭാവാധിപദൃഷ്ടിയില്ലാതിരിക്കയും ചെയ്താൽ ദത്തുവാംശജന്മാരായ പുത്രന്മാർ ഉണ്ടാകയുള്ളു.

പാപക്ഷേത്രഗതേ ചന്ദ്രേ പുത്രേശേ ധൎമ്മരാശിഗേ
ദത്തപുത്രസ്യ സംപ്രാപ്തിർലഗ്നേശസ്തു ത്രികോണഗഃ. ൪൦

ചന്ദ്രൻ പാപക്ഷേത്രത്തിലും, അഞ്ചാംഭാവാധിപൻ ഒൻപതിലും ലഗ്നാധിപൻ ത്രികോണത്തിലും നിന്നാൽ ദത്തുപുത്രസ്വീകരണം ഉണ്ടാകും.

യുഗ്മോദയേ പുത്രനാഥശ്ചതുൎത്ഥസ്ഥാനഗോപി വാ
മന്ദാംശകസമാക്രാന്തോ ദത്തപുത്രോ ഭവിഷ്യതി. ൪൧

അഞ്ചാംഭാവാധിപൻ മിഥുനലഗ്നത്തിലോ നാലിലോ ശനിയുടെ അംശകത്തോടുകൂടി നിന്നാൽ ദത്തുപുത്രന്മാർ ഉണ്ടാകും.

യുഗ്മാംശേ ഭാനുജാംശേ വാ പുത്രേശാൎക്കേന്ദുജാഃ സ്ഥിതാഃ
ദത്തപുത്രസ്യ സമ്പ്രാപ്തിസ്തസ്മിൻ യോഗേ ഭവിഷ്യതി. ൪൨

അഞ്ചാംഭാവാധിപനും സൂൎയ്യനും ബുധനും മിഥുനാംശകത്തിലോ മകരം കുംഭം ഈ അംശകങ്ങളിലോ നിന്നാൽ ദത്തുപുത്രസ്വീകരണം ഉണ്ടാകും.

മന്ദാംശേ പുത്രരാശീശഃ സ്വരാശൌ ഗുരുഭാൎഗ്ഗവൌ
പൂൎവ്വം ദത്തസുതപ്രാപ്തിഃ പുനസ്തദ്ഭാൎയ്യഃ പുനഃ സുതാഃ ൪൩

അഞ്ചാംഭാവാധിപൻ ശനിയുടെ അംശകത്തിലും വ്യാഴവും ശുക്രനും സ്വക്ഷേത്രത്തിലും നിന്നാൽ ആദ്യം ദത്തുപുത്രന്മാരും പിന്നെ രണ്ടാമത്തെ ഭാൎയ്യയിലും പുത്രന്മാരുണ്ടാകയും ചെയ്യും.

മന്ദാംശകസ്ഥിതാഃ ഖേടാഃ ശുക്ലപക്ഷബലാധികാഃ
ഗുരുൎയ്യദി സുഖസ്ഥാനേ ദത്തപുത്രേണ സന്തതിഃ ൪൪

ഗ്രഹങ്ങൾ ശുക്ലപക്ഷബലത്തോടുകൂടി ശനിയുടെ അംശകത്തിൽ നില്ക്കുകയും വ്യാഴം നാലിൽ നില്ക്കുകയും ചെയ്താൽ ദത്തുപുത്രസന്താനം ഉണ്ടാകും.

വിലഗ്നസ്ഥേ ധരാസൂനൌ നിധനസ്ഥേ ദിവാകരേ
ശുഭേ വാ ശുഭസന്ദൃഷ്ടേ പുത്രഃ കാലാന്തരേ ഭവേൽ ൪൫

കുജൻ ലഗ്നത്തിലും സൂൎയ്യൻ അഷ്ടമത്തിലും നില്ക്കുകയും ഒൻപതിൽ ശുഭദൃഷ്ടിയുണ്ടായിരിക്കയും ചെയ്താൽ കാലാന്തരത്തിൽ പുത്രപ്രാപ്തിയുണ്ടാകും. (വാൎദ്ധക്യത്തിൽ കൎമ്മസന്താനം ഉണ്ടാകും എന്നു സാരം.)

ലഗ്നേ ദിനേശതനയേ രന്ധ്രസ്ഥാനഗതേ രവൌ
പഞ്ചമേ ദുർബലേ രിഃഫേ ഭൌമേ കാലാന്തരേ സുതഃ ൪൬

ശനി ലഗ്നത്തിലും സൂൎയ്യൻ അഷ്ടമത്തിലും കുജൻ ൧൨-ലും നില്ക്കുകയും അഞ്ചാംഭാവത്തിന്ന് ബലമില്ലാതിരിക്കയും ചെയ്താൽ കാലാന്തരത്തിൽ പുത്രൻ ഉണ്ടാകും.

പുത്രസംഖ്യ—

പുത്രാൻ പഞ്ചമഭാത്തൃതീയഭവനാൽ ഭ്രാതൄൻ കളത്രാൽ സ്ത്രിയോ
ദാസീശ്ച ക്ഷിതിരാശിതഃ സ്വഭവനാദ്ദാസാംശ്ച മിത്രാണി ച
യാതാംശൈശ്ചവ നവാംശകാൻ ശുഭദൃശാ ഹത്വാ തഥാരോപയേ-
ദ്വ്യോമവ്യോമചരൈർവിഭജ്യ തു തഥാഭ്രതാംശ്ച പുത്രോദയഃ ൪൭

അഞ്ചാംഭാവംകൊണ്ട് പുത്രന്മാരെയും, മൂന്നാംഭാവംകൊണ്ട് സഹോദരന്മാരേയും, ഏഴാംഭാവംകൊണ്ട്, ഭാര്യയേയും നാലാംഭാവംകൊണ്ട് ദാസികളേയും സ്വക്ഷേത്രംകൊണ്ട് ദാസന്മാരേയും ബന്ധുക്കളേയും ചിന്തിക്കണം. എങ്ങനെ എന്നാൽ അതാതു ഭാവസ്ഫുടങ്ങളെവച്ച് രാശികളഞ്ഞു കലയാക്കി ശുഭദൃഷ്ടിഷഷ്ട്യംശങ്ങളെക്കൊണ്ട് ഗുണിച്ച് ൬൦-ൽ കരേയറ്റി ൨൦൦ കൊണ്ട് ഹരിച്ചു ലഭിക്കുന്ന സംഖ്യയോളം പുത്രാദികൾ ഉണ്ടെന്നു പറയണം. ഇപ്രകാരം ഭാവസ്ഫുടകലയെ അതതു ഭാവങ്ങളിലേക്കു വരുത്തിയിട്ടുള്ള പാപദൃഷ്ടിഷഷ്ട്യംശങ്ങൾകൊണ്ടു ഗുണിച്ചു അപ്രകാരം കരേയറ്റി ൨൦൦-കൊണ്ടു ഹരിച്ചുലഭിക്കുന്ന സംഖ്യയോളവും പുത്രാദികൾ നശിക്കുമെന്നും പറയണം.

പുത്രം സോദരം കളത്രമുദയം യാനം ച രാശിം വിനാ
തല്ലിപ്താശ്ശുഭഖേടദൃഗ്ബലഹതാഃ ഷഷ്ട്യാവിഭക്താഃ ക്രമാൽ
വ്യോമാകാശകരാപ്തപുത്രസഹജസ്ത്രീദാസദാസീബൃഹൽ-
സംഖ്യാഃ പാപനഭോഗദൃഗ്ബലഭവാഃ പുത്രാദിനാശപ്രദാഃ ൪൮

മുൻപറഞ്ഞ പുത്രസംഖ്യയെ വ്യക്തമായിപ്പറയുന്നു. ൫—൩—൭—൪—൪, ഈ ഭാവസ്ഫുടങ്ങളെ വച്ചു രാശികളഞ്ഞു ശേഷത്തെ (കല) ഇലിയാക്കി ശുഭദൃഷ്ടിഷഷ്ട്യംശങ്ങൾകൊണ്ടു ഗുണിച്ച് ൬൦-ൽ കരേയറ്റി (വ്യോമാകാശകര) ൨൦൦-കൊണ്ടു ഹരിച്ചുകിട്ടുന്ന സംഖ്യയോളവും പുത്രൻ, സഹോദരൻ, ഭാര്യ, ദാസന്മാർ, ദാസികൾ, ബന്ധുക്കൾ ഇവർ ഉണ്ടായിരിക്കും. ഇപ്രകാരം ഭാവസ്ഫുടങ്ങളെ മുൻപറഞ്ഞതുപോലെ പാപദൃഷ്ടിഷഷ്ട്യംശങ്ങളെക്കൊണ്ടു ഗുണിച്ചുക്രിയചെയ്തു വരുന്ന സംഖ്യയോളവും പുത്രാദികൾ നശിക്കും എന്നും അറിഞ്ഞുകൊള്ളണം.

പുത്രസ്ഥാനപലഗ്നപസ്ഫുടയുതേ രാശ്യംശകോണേ ഗുരൌ
പുത്രാപ്തിഃ സചിവേന്ദുഭാനുസ്ഫുടയുതേ രാശ്യംശസംഖ്യാഃ സുതാഃ
ധീധർമ്മാവനിനായകസ്ഫുടചയപ്രാപ്ത്യംശസംഖ്യാഥവാ
ധീധർമ്മേശകുജസ്ഫുടൈക്യഭവനേ യാതാംശതുല്യാ സുതാഃ.

അഞ്ചാംഭാവാധിപന്റെയും ലഗ്നാധിപന്റെയും സ്ഫുടങ്ങളെ ഒരുമിച്ചുകൂട്ടിവരുന്ന രാശ്യംശത്തിലോ ത്രികോണത്തിലോ വ്യാഴം വരുമ്പോൾ സന്താനം ലഭിക്കും. വ്യാഴം, സൂര്യൻ, ചന്ദ്രൻ ഇവരുടെ സ്ഫുടങ്ങളെ കൂട്ടിവരുന്ന രാശിയുടെ നവാംശസംഖ്യയോളമോ, ൫-൯-൪-ഈ ഭാവാധിപന്മാരുടെ സ്ഫുടങ്ങളെ ഒരുമിച്ചു കൂട്ടിവരുന്ന രാശിയുടെ നവാംശസംഖ്യയോളമോ, ൫-൯-ഈ ഭാവങ്ങളുടെയും കുജന്റെയും സ്ഫുടങ്ങളെ ഒന്നിച്ചുകൂട്ടിവരുന്ന നവാംശസംഖ്യയോളമോ പുത്രന്മാരുണ്ടാകും എന്നു പറയണം.

ജീവാച്ചന്ദ്രമസോ വിലഗ്നഭവനാൽ പുത്രപ്രദം പഞ്ചമം
തസ്മാദ്ധർമ്മഗൃഹം ച തൽപതിദശാഭുക്തൌ സുതാപ്തിം വദേൽ
പുത്രസ്ഥാനപകാരകസ്ഫുടയുതേ യത്താരകാ തദ്ദശാ
തൽഖേടാനുഗതവീക്ഷിതഗ്രഹദശാഭുക്തിശ്ച പുത്രപ്രദാഃ ൫൦

വ്യാഴം, ചന്ദ്രൻ, ലഗ്നം ഇവയുടെ ൫-ാം ഭാവംകൊണ്ടും അവയുടെ ൯-ാം ഭാവംകൊണ്ടും പുത്രപ്രാപ്തിയേ ചിന്തിക്കാം. ഈ ഭാവാധിപന്മാരുടെ ദശാപഹാരങ്ങളിൽ സന്താനലാഭം ഉണ്ടാകും. അഞ്ചാംഭാവാധിപന്റെയും അഞ്ചാംഭാവാധിപകാരകന്റെയും സ്ഫുടത്തെ ഒരുമിച്ചുകൂട്ടിയാൽ വരുന്ന നക്ഷത്രത്തിന്റെയും അതിന്റെ അധിപന്റെയും അവനോടു ചേർന്നും അവന്റെ ദൃഷ്ടിയോടുകൂടിയതുമായ ഗ്രഹങ്ങളുടെയും ദശാപഹാരങ്ങളിലും സന്താനലാഭം ഉണ്ടാകും.

പുത്രസ്ഥാനപകാരകേക്ഷകയുതാ ദുഃസ്ഥാനഗാ ദുർബലാ
ദുഃസ്ഥാസ്തൽപരിപാകഭുക്തിസമയേ പുത്രസ്യ നാശം വദേൽ
ചത്വാരോ ബലശാലിനോ യദി ശുഭാസ്തൽപാകഭുക്ത്യന്തരേ
പുത്രാപ്തിം സമുപൈതി ഭൂപതിധനിപ്രീതിം ച സമ്പൽസുഖം

അഞ്ചാംഭാവാധിപൻ, പുത്രകാരകൻ, അഞ്ചിൽ നോക്കുകയും നിൽക്കയുംചെയ്യുന്ന ഗ്രഹം ഇവർ ഒക്കെയും ദുർബലന്മാരായും അനിഷ്ടസ്ഥാനസ്ഥിതന്മാരായും നിന്നാൽ അവരുടെ ദശാപഹാരകാലങ്ങളിൽ പുത്രനാശവും, ഇവർ നാലുപേരും ബലവാന്മാരായും ശുഭന്മാരായും ഇരുന്നാൽ അവരുടെ ദശാപഹാരകാലങ്ങളിൽ പുത്രപ്രാപ്തിയും, രാജപ്രീതിയും, സമ്പത്സുഖവും ഉണ്ടാകും.

പുത്രേശകാരകയുതേക്ഷകഖേചരാണാം
തൽകാലജസ്ഫുടയുതാംശകരാശിയാതൗ
വാഗീശഭാനുതനയൗ യദി ഗോചരേണ
ജാതസ്യ പുത്രജനമൃത്യുകരൗ ഭവേതാം. ൪൨

മുൻപറഞ്ഞ നാലു ഗ്രഹങ്ങളുടെയും തൽകാലസ്ഫുടങ്ങളെ ഒരുമിച്ചു കൂട്ടിവരുന്ന രാശിയിൽ വ്യാഴവും സൂര്യനും ചാരവശാൽ വരുന്ന കാലം പുത്രമരണം ഭവിക്കും.

പിതൃസ്ഥാനേശപരേ സൗമ്യേ കാരകേ ശുഭസംയുതേ
ഭാവേ വാ ശുഭസംയുക്തേ പിതൃസൗഖ്യം വിനിർദ്ദിശേൽ

ഒൻപതാം ഭാവാധിപൻ ശുഭനായും ഒൻപതാംഭാവകാരകൻ ശുഭനോടുകൂടിയും, ഒൻപതിൽ ശുഭന്മാരും നിൽക്കയുംചെയ്താൽ ജാതന്റെ പിതൃസൗഖ്യത്തെ പറയണം.

പാരാവതാദൗ തന്നാഥേ കാരകേ ച തഥാസ്ഥിതേ
സ്വോച്ചമിത്രാംശകേ വാപി പിതാ ദീർഘായുരാപ്നുയാൽ.

ഒൻപതാംഭാവാധിപനും ഒൻപതാംഭാവകാരകനും പാരാവതാദ്യംശത്തിലോ സ്വക്ഷേത്രം, ഉച്ചം, ബന്ധുക്ഷേത്രം ഈ സ്ഥാനങ്ങളിലോ നിന്നാൽ അച്ഛൻ ദീർഘായുഷ്മാനായിത്തീരും.

ക്രൂരനീചാംശകസ്ഥേ വാ ഭാവനാഥേ ച കാരകേ
മന്ദമാന്ദ്യംശസംയുക്തേ പിതൃദുഃഖം വ നിർദ്ദിശേൽ. ൪൩

ഒൻപതാംഭാവാധിപനും ഒൻപതാംഭാവകാരകനും ക്രൂരനീചാംശകത്തിലോ ശനിഗുളികാംശകം ഗുളിക ഭാവനാധിപയോഗം ഇവയോടുകൂടിയോ നിന്നാൽ അച്ഛൻ ദുഃഖമുള്ളവനായിരിക്കും.

സൗമ്യേ തദീശപരേ വാപി നീചമൂഢാരിരാശിഗേ
ക്രൂരഷഷ്ട്യംശകേ വാപി പിതൃദുഃഖം വിനിർദ്ദിശേൽ ൪൪

പിതൃസ്ഥാനാധിപൻ ശുഭനാണെങ്കിലും നീചം മൌഢ്യം ശത്രുക്ഷേത്രസ്ഥിതി ക്രൂരഷഷ്ട്യംശം ഇവയോടുകൂടി നിന്നാൽ പിതാവിന്നു ദുഃഖമുണ്ടു് എന്നു പറയണം.

പിതൃകർമ്മഗൃഹേ ജാതഃ പിതൃതുല്യഗുണാന്വിതഃ
പിതൃജന്മതൃതീയർക്ഷേ ജാതഃ പിതൃവശാനുഗഃ ൪൭

അച്ഛൻ ജനിച്ച രാശിയുടെ പത്താംരാശിയിൽ ജനിച്ചവൻ അച്ഛന്നു തുല്യ ഗുണനായും, അച്ഛൻ ജനിച്ച രാശിയുടെ മൂന്നാംരാശിയിൽ ജനിച്ചവൻ അച്ഛന്റെ വശാനുവർത്തിയായും തീരും.

പിതൃഷഷ്ഠാഷ്ടമേ ജാതഃ പിതൃശത്രുർഭവിഷ്യതി
തൽഭാവപേ വിലഗ്നസ്ഥേ പിതൃശ്രേഷ്ഠോ ഭവേൽ സുതഃ

അച്ഛൻ ജനിച്ച രാശിയുടെ ആറാംരാശിയിലോ എട്ടാംരാശിയിലോ ജനിച്ച പുത്രൻ അച്ഛന്നു് ശത്രുവായും ഒൻപതാംഭാവാധിപൻ ലഗ്നത്തിൽ നിന്നാൽ പുത്രൻ അച്ഛനേക്കാൾ ശ്രേഷ്ഠനായും ഭവിക്കും

ലഗ്നാദായതപഃസ്ഥിതാശ്ശനിമഹീപുത്രാഗവോ മൃത്യുദാ-
സ്താതസ്യാക്ജഭ്രസുതൌ നിധനദൌ പാലസ്യ രന്ധ്രാസ്തഗൌ
മാനേ വാ യദി പഞ്ചമേ കുജരവിച്ഛായാകുമാരേന്ദുജാഃ
സദ്യോ മാതുലതാതബാലജനനീനാശം പ്രകുർവ്വന്തി തേ. ൪൯

ലഗ്നത്തിന്റെ ൧൧-ലും ൯-ലും ശനി, ചൊവ്വ, രാഹു ഇവർ നിന്നാൽ അച്ഛനും, എട്ടിലും, ഏഴിലും ശനിയും കുജനും നിന്നാൽ ബാലനും, പത്തിലോ അഞ്ചിലോ കുജൻ, സൂര്യൻ, ശനി, ബുധൻ ഇവർ നിന്നാൽ അമ്മാവൻ, അച്ഛൻ ബാലൻ, അമ്മ ഇവർക്കും മരണം സംഭവിക്കും.

സബലേ പിതൃഭാവേശേ ലഗ്നേശേന്ദുചതുർത്ഥപാഃ
ദുർബലാ യദി തന്മാതുർഗർഭതോ മരണം വിദുഃ. ൫൦

പിതൃഭാവേശൻ (ഒൻപതാംഭാവാധിപൻ) ബലവാനായും, ലഗ്നാധിപൻ, ചന്ദ്രൻ, നാലാംഭാവാധിപൻ ഇവർ ദുർബലന്മാരായും നിന്നാൽ ജാതന്റെ മാതാവു് ഗർഭത്തോടുകൂടി മരിക്കും.

നവമാദഷ്ടമാധീശോ നവമാൽ ഖരപോഥവാ
ശനിവേധേഷു യഃ ക്രൂരഃ സ ഭവേൽ പിതൃമൃത്യുദഃ ൫൧

ഒൻപതാംഭാവത്തിന്റെ അഷ്ടമാധിപനോ നവമഭാവസ്ഫുടത്തിന്റെ ഇരുപത്തിരണ്ടാംദ്രേക്കാണാധിപനോ ശനിവേധങ്ങളിൽ നില്ക്കുന്ന പാപഗ്രഹമോ പിതാവിന്നു് മരണത്തെ കൊടുക്കും (ആ ഗ്രഹത്തിന്റെ ദശാപഹാരങ്ങളിൽ പിതൃമരണമുണ്ടാകും.)

ദിനേശസ്ഥിതരാശ്യംശപ്രാണിനഃ കോണഗേ രവൌ
പിതൃമൃത്യുർമാതൃമൃത്യുരിന്ദുസ്ഥാംശകയോർബലാൽ ൫൨

സൂര്യൻ നില്ക്കയും അംശകിക്കയും ചെയ്ത രാശിയിൽവച്ചു ബലമുള്ള രാശിയുടെ ത്രികോണത്തിൽ സൂര്യൻ നില്ക്കുമ്പോൾ പിതൃമരണവും, ചന്ദ്രൻ നില്ക്കുന്ന രാശ്യംശകങ്ങളിൽ ബലമുള്ള രാശിയുടെ ത്രികോണത്തിൽ ചന്ദ്രൻ നില്ക്കുമ്പോൾ മാതൃമരണവും സംഭവിക്കും.

ഭാനുസ്ഥിതാംശഭാത്രുധനവാംശദ്വാദശാംശഭം
ഗതേ ചന്ദ്രേ ഭവേന്മൃത്യുർമാതാപിത്രോര്യഥാക്രമം ൫൩

സൂര്യൻ നില്ക്കുകയോ അംശകിക്കുകയോ ചെയ്ത രാശികളുടെ, നവാംശത്തിൽ ചന്ദ്രൻ ചെല്ലുമ്പോൾ മാതൃമരണവും ദ്വാദശാംശകരാശിയിൽ ചന്ദ്രൻ വരുമ്പോൾ പിതൃമരണവും സംഭവിക്കും.

ദുഷ്ടസ്ഥാനഗതേ ഭാനൌ സിംഹാന്ത്യദ്വാദശാംശകേ
ജാതശ്ചേൽ ജനനാൽ പൂർവ്വം പിതൃമൃത്യും പ്രയച്ഛതി ൩൪

സൂര്യൻ ചിങ്ങത്തിന്റെ ഒടുവിലത്തെ ദ്വാദശാംശത്തിൽ അനിഷ്ടസ്ഥാനത്തു നില്ക്കുമ്പോൾ ജനിച്ചവന്റെ അച്ഛൻ ആ ബാലന്റെ ജനനത്തിന്നു മുൻപുതന്നെ മരിക്കും.

മാർത്താണ്ഡേ ഗുളികസ്ഫുടാദപഹൃതേ രാശിത്രികോണേ ശനൌ
രോഗം തജ്ജനകസ്യ ദേവസചിവേ മൃത്യുസ്തദംശോപഗേ
ആദിത്യേ യമകണ്ടകസ്ഫുടയുതേ തദ്രാശികോണേ ഗുരൌ
രോഗം തൽഭവനാംശകേഽമരഗുരൌ താതസ്യ നാശം വദേൽ.

തല്കാലഗുളികസ്ഫുടത്തിൽനിന്നും ആദിത്യസ്ഫുടത്തെ കുറച്ചുവരുന്ന രാശിയുടെ ത്രികോണരാശിയിൽ ശനി ചെല്ലുമ്പോൾ താതന്നു രോഗവും, വ്യാഴം ആ രാശിയുടെ നവാംശരാശിയിൽ ചെല്ലുമ്പോൾ മരണവും സംഭവിക്കും. യമകണ്ടകസ്ഫുടവും ആദിത്യസ്ഫുടവും കൂടി കൂട്ടിവരുന്ന രാശിയുടെ ത്രികോണരാശിയിൽ വ്യാഴം ചെല്ലുമ്പോൾ അച്ഛന്നു രോഗവും, ആ രാശിയുടെ അംശകരാശിയിൽ വ്യാഴം വരുമ്പോൾ മരണവും ഉണ്ടാകും.

കേന്ദ്രേ ചരേർക്കേ ചന്ദ്രേ വാ പിത്രൌ ന ദഹേൽ സുതഃ
കേന്ദ്രാൽ ദ്വിദേഹഗൌ തൌ ചേൽ മൃത്യുദാഹൌ ദ്വികാലഗൌ.

ചരരാശി കേന്ദ്രമായിരിക്കയും അവിടെ സൂര്യചന്ദ്രന്മാർ നില്ക്കയും ചെയ്താൽ ജാതൻ അച്ഛനമ്മമാരുടെ മരണസമയത്തു അന്യദേശത്താകയാൽ അവരുടെ മൃതദാഹം ദഹിപ്പിക്കാൻ സംഗതിയാകയില്ല. അവർ (സൂര്യചന്ദ്രന്മാർ) കേന്ദ്രമായ ഉഭയരാശിയിൽ നിന്നാൽ അച്ഛനമ്മമാരുടെ മരണസമയത്തു പുത്രൻ അടുക്കലില്ലായ്കയാൽ പുനഃസംസ്കാരം ചെയ്യേണ്ടതായിവരും. (ഇവിടെ സൂര്യനെക്കൊണ്ടു അച്ഛനേയും ചന്ദ്രനെക്കൊണ്ടു മാതാവിനെയും വിചാരിച്ചുകൊള്ളണം.)

അദൃശ്യയാതൌ പിതൃമാതൃനാഥൌ
പിത്രോർമുഖാദർശനദൌ ഭവേതാം
പുത്രാധിപോഽദൃശ്യഗൃഹോപഗശ്ചേൽ
പുത്രാനനാദർശനദോഽന്ത്യകാലേ. ൩൫

പിതൃസ്ഥാനാധിപനും മാതൃസ്ഥാനാധിപനും അദൃശ്യാർദ്ധത്തിൽ നിന്നാൽ അച്ഛനമ്മമാർക്ക്, മരണസമയം പുത്രനെ കാണ്മാൻ സംഗതിയാകയില്ല. അഞ്ചാം ഭാവാധിപൻ അദൃശ്യാർദ്ധത്തിലായാലും അച്ഛനമ്മമാർക്ക് അന്ത്യകാലത്തു സുതമുഖദർശനം അസാദ്ധ്യമായിരിക്കും.

ദുഃസ്ഥേ ബുദ്ധിസ്ഥാനപേഽദൃശ്യഗേ വാ
ജാതോ മന്ദപ്രായബുദ്ധിം സമേതി.
കേന്ദ്രേ കോണേ സൌമ്യവാഗീശയുക്തേ
വീര്യോപേതേ ബുദ്ധിമാനിംഗിതജ്ഞഃ. ൩൬

അഞ്ചാംഭാവാധിപൻ അനിഷ്ടസ്ഥാനത്തിലോ അദൃശ്യാർദ്ധത്തിലോ നിന്നാൽ ജാതൻ മന്ദബുദ്ധിയായിത്തീരും. കേന്ദ്രത്തിലോ ത്രികോണത്തിലോ ബുധ നോ

ടേം വ്യാഴത്തോടേം കൂടി ബലവാനായി നിന്നാൽ ബുദ്ധിമാനായും പരഹൃദയജ്ഞനായും തീരും.

ത്രികാലജ്ഞോ ഭവേൽ ജീവേ സ്വാംശേ മൃദ്വംശസംയുതേ
ഗോപുരാദ്യംശകേ വാപി ശുഭാംശേ ശുഭവീക്ഷിതേ. ൯൯

വ്യാഴത്തിന്ന് സ്വാംശം, മൃദ്വംശം, ഗോപുരാദ്യംശകം, ശുഭാംശം, ശുഭദൃഷ്ടി, ഇവയോടുകൂടി നിന്നാൽ ജാതൻ ഭൂതഭവിഷ്യദ്വർത്തമാനകാലങ്ങളെ അറിയുന്നവനായി തീരും.

ഏഭ്രാഗീ പഞ്ചമേ പാപേ സപാപേ ച രസാതലേ
ക്രൂരഷഷ്ട്യംശസംയുക്തേ ശുഭദൃഗ്യോഗവർജ്ജിതേ. ൧൦൦

അഞ്ചും നാലും ഭാവങ്ങളിൽ ക്രൂരഷഷ്ട്യംശത്തോടുകൂടിയും ശുഭദൃഷ്ടിയോഗങ്ങളില്ലാതേയും, പാപന്മാർ നിന്നാൽ ജാതൻ ഏഭ്രാഗിയായിത്തീരും.

അന്നദാനപരോ നിത്യം പഞ്ചമേശേ ശുഭാംശകേ
ശുഭഖേചരസംയുക്തേ ഭൂമിജേ കേന്ദ്രമാശ്രിതേ. ൧൦൧

അഞ്ചാംഭാവാധിപൻ ശുഭാംശകത്തോടും ശുഭഗ്രഹയോഗത്തോടുംകൂടി നില്ക്കയും, കുജൻ ശുഭയോഗത്തോടുകൂടി കേന്ദ്രത്തിൽ നില്ക്കയും ചെയ്താൽ ജാതൻ നിത്യം അന്നദാനം ചെയ്യുന്നവനായിത്തീരും.

ഷഷ്ഠഭാവഫലം

രോഗാരിവ്യസനക്ഷതാനി വസുധാപുത്രാരിതഃ ചിന്തയേ-
ദുക്തം രോഗകരം തദേവ രിപുഗേ ജീവേ ജിതാരിർഭവേൽ
ഷണ്ഡോ/രിശബുധൗ വിധുംതുദയുതൌ ലഗ്നേശസംബന്ധിനൗ
ലിംഗസ്യാമയകൃദ്ദിനേശരുധിരൗ ഷഷ്ഠേ സലഗ്നാധിപൗ. ൧൦൨

രോഗം, ശത്രു, വ്യസനം, മുറിവു മുതലായവയെ കുജനെക്കൊണ്ടും ആറാംഭാവംകൊണ്ടും വിചാരിക്കണം. രോഗകരമായ സകലവും ആറാമിടംകൊണ്ടു ചിന്തിക്കണം. വ്യാഴം ആറിൽ നിന്നാൽ ശത്രുക്കളെ ജയിച്ചവനായി തീരും. ആറാംഭാവാധിപനും ബുധനും രാഹുവിനോടും ലഗ്നാധിപസംബന്ധത്തോടും കൂടി നിന്നാൽ നപുംസകനായും, സൂര്യനും ചൊവ്വയും ലഗ്നാധിപനോടു ചേൎന്നുനിന്നാൽ ലിംഗരോഗമുള്ളവനായും തീരും.

പത്നീ ഷണ്ഡസ്വരൂപമേരീ ക്ഷതഭവനഗതേ കാമപേ സാസുരേഢ്യേ
ഭൌമേ മന്ദേന ദൃഷ്ടേ രിപുഭവനഗതേ ശത്രുഭാൎയ്യാമുപൈതി
സൌമ്യൈർദൃഷ്ടേയുതേ വാ ന ഭയമരിജനാച്ഛത്രുഭേ ജന്മലഗ്നാൽ
പാപൈശ്ശത്രുക്ഷതാദിവ്രണഭവവിപുലം ജായതേ ലാഞ്ഛനം വാ

ഏഴാംഭാവാധിപൻ ശുക്രനോടുകൂടി ആറിൽ നിന്നാൽ ജാതന്റെ പത്നി, നപുംസകരൂപിണിയായിരിക്കും. കുജൻ ശനിദൃഷ്ടിയോടുകൂടി ആറിൽ നിന്നാൽ ജാതൻ ശത്രുഭാൎയ്യയെ പ്രാപിക്കും. ലഗ്നാൽ ആറിൽ ശുഭയോഗദൃഷ്ടികളുണ്ടെങ്കിൽ ശത്രുഭയം ഉണ്ടാകയില്ല. പാപദൃഷ്ടിയോ പാപയോഗമോ ഉണ്ടെങ്കിൽ ശത്രുക്കളിൽനിന്നു ഭയം, മുറിവ്, വ്രണം മുതലായവയോ മറുവോ ഉണ്ടാകും.

ഷഷ്ഠേ ഭാസ്വതി ലഗ്നനായകരിപൌ നീചാരിഗേ ദുർബലേ
ജാതസ്സൽപിതൃവർഗ്ഗശത്രുസഹിതോ ലഗ്നേശമിത്രഗ്രഹേ

ഇഷ്ടസ്ഥാനഗതേ നിജോച്ചസുഹൃദാം വർഗോപയാതേ സതി
ജ്ഞാതീനാം ബഹുലം വദന്തി മുനയശ്ശസ്ത്രവ്രണാഭാവദാക് ൻെ

സൂര്യൻ ആറിലും, ലഗ്നാധിപന്റെ ശത്രുവായ ഗ്രഹം നീചത്തിലോ ശത്രുക്ഷേത്രത്തിലോ നില്ക്കയും ചെയ്താൽ ജാതൻ അച്ഛന്റെ വർഗ്ഗത്തിലുള്ളവരുമായി വിരോധമായിരിക്കും. ലഗ്നാധിപന്റെ ബന്ധുഗ്രഹം ഇഷ്ടസ്ഥാനത്തിൽ തന്റെ ഉച്ചം ബന്ധുക്ഷേത്രം ഇവയിൽ നിന്നാൽ വളരെ ബന്ധുക്കളും സ്വജനങ്ങളും ഉള്ളവനായും; ആയുധത്താലുള്ള വ്രണം ക്ഷതം ഇവ ഇല്ലാത്തവനായും തീരും.

ശത്രുസ്ഥാനഗതോഽരിനീചഗ്രഹഗോ വക്രം ഗതോ വാസ്തഗോ
നൈകജ്ഞാതിജനോ ബഹുക്ഷതതനുഃ ഷഷ്ഠാധിപോ വാഥവാ
ശത്രുസ്ഥാനഗതേഷു ഭാസ്കരമുഖവ്യോമാടനേഷു ക്രമാ-
ത്തത്തൽകാരകഖേടവർഗ്ഗരിപുണാ തൽപീഡിതഃ സന്തതം.

ആറിൽ നില്ക്കുന്ന ഗ്രഹം ശത്രുക്ഷേത്രത്തിലോ നീചത്തിലോ നില്ക്കയും വക്രമോ മൌഢ്യമോ ഉണ്ടായിരിക്കയും ചെയ്താൽ ജാതൻ ഒരു ബന്ധുവും ഇല്ലാത്തവനായും വളരെ ചതവു മുറിവു് ഇവ ഉള്ളവനായും ഭവിക്കും. ഷഷ്ഠാധിപൻ മുൻപറഞ്ഞപ്രകാരം നിന്നാലും ഫലം ഇപ്രകാരമാകുന്നു. ആദിത്യൻ തുടങ്ങിയ ഗ്രഹം ആറിൽ നിന്നാൽ അതതു ഗ്രഹങ്ങളുടെ കാരകഗ്രഹത്തിന്റെ വർഗ്ഗത്തിലുള്ള ശത്രുക്കളാൽ എല്ലായ്പോഴും പീഡിതനായും തീരും.

പാപവ്യോമചരാസ്ത്രയോരിപതിതൽപ്രാപ്തേക്ഷകാ ദുർബലാ
ഗോവിത്തക്ഷയമാമയം രിപുഭയം കുർവന്തി ജന്മാദിതഃ
തേ സർവേ ബലശാലിനോ യദി ശുഭാ ഗോവിത്തമശ്വാദികം
രാജാന്നം സതഥോപദംശസഹിതം രോഗാദിനാശം വദേൽ. ന്റെ

ആറാംഭാവാധിപനും, ആറിൽ നില്ക്കയും നോക്കുകയും ചെയ്യുന്ന ഗ്രഹങ്ങളും ബലമില്ലാത്തവരും പാപന്മാരും ആയിരുന്നാൽ പശുക്കൾക്കും സമ്പത്തുകൾക്കും നാശവും രോഗവും ശത്രുഭയവും ജനനംമുതൽ ഉണ്ടായിരിക്കും. ഈ മൂന്നു ഗ്രഹങ്ങളും ബലവാന്മാരും ശുഭന്മാരും ആണെങ്കിൽ പശു, സമ്പത്തു് കുതിരയുടെ സമൃദ്ധിയും സകലോപദംശത്തോടും കൂടിയ രാജാന്നവും രോഗാദിനാശവും സംഭവിക്കും.

തേഷാമംബരചാരിണാമതിശുഭൌ കേന്ദ്രത്രികോണായഗൌ
ദ്വാവേതൌ ബലശാലിനൌ യദി ലഘുവ്യാധ്യാധിനാശം ഋണാം
ഏകോപി പ്രബലോ യദി വ്രണരിപുക്ലേശാദി കിഞ്ചിദ്വദേ-
ദ്യത്തൽകാരകവർഗ്ഗമുക്തമഖിലം മോദപ്രസാദം സദാ. ൈ

മുൻപറഞ്ഞ മൂന്നുഗ്രഹങ്ങളിൽ രണ്ടു ഗ്രഹങ്ങൾ അതിശുഭന്മാരായും ബലവാന്മാരായും കേന്ദ്രത്തിലോ ത്രികോണത്തിലോ പതിനൊന്നിലോ നിന്നാൽ അല്പമായ രോഗനാശം ശത്രുനാശം മുതലായവയും, ഒരു ഗ്രഹം അതിബലവാനാണെങ്കിൽ വ്രണം, ശത്രുപീഡമുതലായവ മുൻപറഞ്ഞതിൽ കുറച്ചുകൂടിയും ഉണ്ടായിരിക്കും. അതതു കാരകഗ്രഹങ്ങളുടെ അംശകാദിവർഗ്ഗമൊക്കെയും സന്തോഷത്തെയും പ്രസാദത്തെയും കൊടുക്കും.

പാപേ ലഗ്നഗതേ സപത്നപയുതേ ദേഹവ്രണം ദേഹിനാം
പുത്രസ്ഥേ പിതൃപുത്രയോഃ സുഖഗതേ മാതുഃ കളത്രേ സ്ത്രിയഃ

ധർമ്മസ്ഥേ സതി മാതുലസ്യ സഹജേ തസ്യാനുജസ്യ വ്രണം
ലാഭസ്ഥേ തു തദഗ്രജസ്യ നിധനേ ജാതോ ഗദാർത്തോ ഭവേൽ. ൬൮

പാപൻ ആറാംഭാവാധിപനോടുകൂടി ലഗ്നത്തിൽ നിന്നാൽ ദേഹത്തിലും ൨-ൽ (അല്ലെങ്കിൽ ഒമ്പതിൽ) നിന്നാൽ അച്ഛനും പുത്രനും, നാലിൽനിന്നാൽ മാതാവിനും, ഏഴിൽ നിന്നാൽ ഭാര്യയ്ക്കും ഒൻപതിൽനിന്നാൽ അമ്മാവനും, മൂന്നിൽ നിന്നാൽ അനുജസഹോദരനും, പതിനൊന്നിൽനിന്നാൽ ജ്യേഷ്ഠസഹോദരനും അഷ്ടമത്തിൽ നിന്നാൽ താനും വ്രണമുണ്ടായിരിക്കും.

ഭാനുർമൂർദ്ധ്നി, ശശീ മുഖേ, മഹിസുതഃ കണ്ഠേ തു നാഭേരധ-
ശ്ചാന്ദ്രിഃ, സൂരിരനാമയം പ്രകുരുതേ, നേത്രാമയം ഭാർഗവഃ
മന്ദോ വാതമഹിശ്ച കേതുരുദരവ്യാധിം ബുധക്ഷേത്രഗോ
ലഗ്നേശേ ശനിജേന വീക്ഷിതയുതേ ഗുഹ്യവ്രണം യച്ഛതി ൬൯

സൂര്യൻ ശിരോരോഗത്തെയും, ചന്ദ്രൻ മുഖരോഗത്തെയും, കുജൻ കണ്ഠരോഗത്തെയും, ബുധൻ അടിവയററിൽ രോഗത്തെയും, വ്യാഴം രോഗമില്ലായ്മയെയും, ശുക്രൻ നേത്രരോഗത്തെയും, ശനി വാതത്തെയും, ബുധക്ഷേത്രത്തിൽ നില്ക്കുന്ന രാഹുകേതുക്കൾ ഉദരരോഗത്തെയും, ലഗ്നാധിപൻ ഗുളികന്റെ യോഗദൃഷ്ടികളോടുകൂടി നിന്നാൽ ഗുഹ്യരോഗത്തെയും ചെയ്യും.

ലഗ്നാദിയദ്രാശിയുതേ ഫണീശേ
ശുക്രേക്ഷിതേ തത്തനുചിഹ്നമേതി
മന്ദാഹിയുക്തേ രിപുരാശിനാഥേ
തുരംഗപശ്വാദിഭയം വദന്തി. ൭൦

രാഹു, ശുക്രദൃഷ്ടിയോടുകൂടി ഏതു രാശിയിൽ നില്ക്കുന്നു, ആ രാശിക്ക പറഞ്ഞിട്ടുള്ള അംഗത്തിൽ ലാഞ്ഛനം മറുക് ഉണ്ടായിരിക്കും. ഷഷ്ഠാധിപൻ ശനിരാഹുക്കളോടുകൂടിനിന്നാൽ കുതിര പശു മുതലായവയിൽനിന്ന് ഭയം ഉണ്ടാകും.

പാപഗ്രഹേണ സന്ദൃഷ്ടേ വിബലേ ശത്രുനായകേ-
പാപാന്തരഗതേ വാപി ശത്രുപീഡാ ഭവിഷ്യതി. ൭൧

ആറാംഭാവാധിപൻബലമില്ലാതെ പാപഗ്രഹദൃഷ്ടിയോടോ ഉഭയപാപമദ്ധ്യസ്ഥിതിയോടോകൂടി നിന്നാൽ ശത്രുപീഡ ഉണ്ടാകും.

ശത്രുസ്ഥാനാധിപേ ദുഃസ്ഥേ നീചമൂഢാരിരാശികേ
ലഗ്നേശേ ബലസംയുക്തേ ശത്രുനാശം വദേൽ ബുധഃ ൭൨

ഇതി ജാതകപാരിജാതേ ത്രയോദശോഽദ്ധ്യായഃ

ഷഷ്ഠാധിപൻ നീചം മൌഢ്യം ശത്രുരാശിസ്ഥിതി, ഇവയോടുകൂടി അനിഷ്ടസ്ഥാനത്തും ലഗ്നാധിപൻ ബലവാനായും നിന്നാൽ ശത്രുനാശത്തെ പറയണം.

ഇങ്ങനെ ജാതകപാരിജാതത്തിൽ പതിമൂന്നാമദ്ധ്യായത്തിന്റെ വ്യാഖ്യാനം സമ്പൂർണ്ണം.

അഥ ചതുർദ്ദശോദ്ധ്യായഃ.

സപ്തമഭാവഫലം.

യാത്രാപുത്രകളത്രസൌഖ്യമഖിലം സഞ്ചിന്തയേൽ സപ്തമാ
ദുക്തം പുത്രസുഖം ഗമാഗമഫലം സൎവ്വം ച യത്തദ്ഭവേൽ
ജാരഃ കാമഗതേ സിതേ മദനപേ സാഹിദ്ധ്യജേ വാ തഥാ
കാമേ ജീവയുതേക്ഷിതേ ശുഭഗ്രഹേ ജാതോ ന ജാരോ ഭവേൽ ൧

യാത്ര, പുത്രൻ, ഭാൎയ്യാസൌഖ്യം ഇവയൊക്കെയും ഏഴാംഭാവംകൊണ്ടു് ചിന്തിക്കണം. അപ്രകാരം പുത്രസുഖം, പോക്കുവരവു് ഇവയും ചിന്തിക്കേണ്ടതു് ഏഴാമിടംകൊണ്ടാണു്. ശുക്രനോ [illegible] ഏഴാംഭാവാധിപനോ, ഏഴിൽനിന്നാൽ ജാതൻ ജാരപുരുഷനായിത്തീരും. ഏഴാംഭാവം ശുഭഗ്രഹമായിരിക്കയും [illegible] ഉണ്ടായിരിക്കയും ചെയ്താൽ ജാതൻ [illegible] ഭവിക്കയില്ല.

ദുഃസ്ഥേ കാമപതൌ തു പാപഗ്രഹഗേ പാപേക്ഷിതേ തദ്യുതേ
ത്വജ്ജായാഭവനസ്യ മദ്ധ്യമഫലം സൎവ്വം ശുഭം ചാന്യഥാ
കാമസ്ഥാനപതൌ സിതേന സഹിതേ പാപൎക്ഷഗേ കാമധീ-
സ്സൌമ്യൎക്ഷേ ശുഭഖേടവീക്ഷിതയുതേ ജാതഃ സിതച്ഛത്രവാൻ ൨

ഏഴാംഭാവാധിപൻ പാപയോഗദൃഷ്ടികളോടുകൂടി പാപക്ഷേത്രത്തിൽ അനിഷ്ടസ്ഥാനത്തു നിന്നാൽ ജാതന്റെ ഭാൎയ്യയുടെ ഭവനം മദ്ധ്യമഫലത്തോടുകൂടിയിരിക്കും. [illegible] ഇരിക്കും എന്നൎത്ഥം. ഏഴാംഭാവാധിപൻ ശുഭയോഗദൃഷ്ടികളോടുകൂടി ശുഭക്ഷേത്രത്തിൽ ഇഷ്ടസ്ഥാനത്തു നിന്നാൽ ഭാൎയ്യാ[illegible]മായിരിക്കും. ഏഴാംഭാവാധിപൻ ശുക്രനോടുകൂടി പാപക്ഷേത്രത്തിൽ നിന്നാൽ ജാതൻ കാമിയാകും, ശുഭയോഗദൃഷ്ടികളോടുകൂടി ശുഭക്ഷേത്രത്തിൽ നിന്നാൽ വെൺകുടയുള്ളവനായും തീരും.

വിത്താസ്താരിപഭാൎഗ്ഗവാസ്തനഗതാഃ പാപാന്വിതാഃ കാമുകഃ
പാപവ്യോമചരാന്വിതൌ തനരിപുസ്ഥാനാധിപൌ ചേത്തഥാ
കാമസ്ഥേരിപുവിത്തലഗ്നപയുതേ പാപേ പരസ്ത്രീരതഃ
പാപാരാതികളത്രപാ നവമഗാഃ കാമാതുരോ ജായതേ ൩

൨-൭-൬-ഇൗ ഭാവങ്ങളുടെ നാഥന്മാരും ശുക്രനും പാപന്മാരോടുകൂടിയും, ലഗ്നാധിപനും ആറാംഭാവാധിപനും, പാപന്മാരോടുകൂടിയും ലഗ്നത്തിൽ നിന്നാൽ ജാതൻ കാമശീലനായും, പാപൻ ൬-൨ ലഗ്നം ഇൗ ഭാവങ്ങളുടെ അധിപന്മാരോടുകൂടി ഏഴിൽ നിന്നാൽ പരസ്ത്രീയിൽ തല്പരനായും, പാപഗ്രഹവും ൬-ാംഭാവാധിപനും ഏഴാംഭാവാധിപനും ഒൻപതിൽ നിന്നാൽ കാമാതുരനായും ഭവിക്കും.

ജാതഃ കൎമ്മധനാസ്തപ ദശമഗാഃ പുത്രാദികാരഗ്രഹാ
ദുഃസ്ഥാ ധീഗുരുകാമപാഃ സുതഗൃഹേ പാപേക്ഷിതേ/നാത്മജഃ
ജീവജ്ഞൌ യദി വാ നിശാകരസിതൌ കാമേ ബഹുസ്ത്രീരതഃ
ശുക്രേ മന്മഥരാശിഗേ ബലവതി സ്ത്രീണാം ബഹൂനാം പതിഃ

൧൦- ൨- ൭- ഇൗ ഭാവങ്ങളുടെ അധിപന്മാരും ഭാൎയ്യാപുത്രകാരകഗ്രഹങ്ങളും പത്തിലും, ൫, ൯, ൭, ഇൗ ഭാവങ്ങളുടെ നാഥന്മാർ അനിഷ്ടസ്ഥാനങ്ങളിലും അഞ്ചി

ൽ പാപദൃഷ്ടിയും വന്നാൽ ജാതൻ, പുത്രരഹിതനായിരിക്കും. ഗുരുബുധന്മാരോ അ ല്ലെങ്കിൽ ചന്ദ്രശുക്രന്മാരോ ഏഴിൽനിന്നാൽ ബഹുസ്ത്രീകളിൽ തത്പരനും ശുക്രൻ ബലവാനായി ഏഴിൽ നിന്നാൽ വളരെ സ്ത്രീകളുടെ ഭർത്താവും ആയി ഭവിക്കും.

ശുക്രാർക്കൗ മദഗൗ കളത്രരഹിതൗ ധർമ്മാത്മജസ്ഥൗ തഥാ
ശത്രുസ്ഥാനഗതൗ നിശാകരസിതൗ യദ്യേകപുത്രോ ഭവേൽ
ലഗ്നാസ്തവ്യയഗേഷു പാപഖചരേഷ്വിന്ദൌ സുതേ ദുർബലേ
വന്ധ്യാസ്ത്രീ പതിരേവ ജാതമനുജോ ജായാവിഹീനോഽഥവാ ൬

ശുക്രനും ചൊവ്വയും ൭-ൽ നിന്നാലും ഒൻപതിലും അഞ്ചിലും നിന്നാലും ജാ തൻ ഭാര്യയില്ലാത്തവനായിത്തീരും. ചന്ദ്രനും ശുക്രനും ൬-ൽ നിന്നാൽ ഒരു പുത്ര നോടുകൂടിയവനായിരിക്കും. പാപഗ്രഹങ്ങൾ ലഗ്നം, ൭ ൧൨ ഈ ഭാവങ്ങളിലും ചന്ദ്രൻ അഞ്ചിൽ ദുർബലനായും നിന്നാൽ ജാതൻ പ്രസവിക്കാത്ത സ്ത്രീയുടെ ഭർത്താ വായിത്തീരും. ഒരുഗോള ഭാര്യയില്ലാത്തവനായി എന്നും വരുന്നതാണ്.

വന്ധ്യാപതിഃ സിതരവീ മദനോദയസ്ഥൗ
ചന്ദ്രോദയൗ സമഗൃഹേ ലലനാകൃതിഃ സ്യാൽ
പുംരാശിഗേ പുരുഷഭാവയുതം കളത്രം
സ്ത്രീപുംഗ്രഹേക്ഷിതയുതേ സതി മിശ്രരൂപം ൭

ശുക്രനും സൂര്യനും ഒന്നിച്ച് ഏഴിലോ ലഗ്നത്തിലോ നിന്നാൽ ജാതന്റെ ഭാ ര്യ പ്രസവിക്കാത്തവളായിരിക്കും. ചന്ദ്രലഗ്നം യുഗ്മരാശിയായിരുന്നാൽ ഭാര്യ സ്ത്രീയുടെ ആകൃതിമാത്രം ഉള്ളവളായിരിക്കും. പുരുഷരാശിയായിരുന്നാൽ പുരുഷാ കൃതിയായ ഭാര്യയും സ്ത്രീഗ്രഹങ്ങളും പുരുഷഗ്രഹങ്ങളും കൂടി ഏഴിൽ നില്ക്കയോ നോ ക്കുകയോ ചെയ്താൽ സ്ത്രീപുരുഷമിശ്രരൂപിണിയായ ഭാര്യയും ഉണ്ടാകും.

ഭൌമാംശേ വാ ഭൌമരാശൌ വിലഗ്നാൽ
കാമസ്ഥാനേ ജന്മഭേ വാ വധൂനാം
ജായാ ദാസീ നീചമൂഢഗ്രഹാംശേ
ദുഷ്ടാ വാ സ്യാദ്യൌവനേ ഭർതൃഹീനാ

ലഗ്നാൽ ഏഴാംഭാവമോ സ്ത്രീകളുടെ ജന്മരാശിയോ കുജാംശകമായോ കുജ ക്ഷേത്രമായോ വന്നാൽ ജാതന്റെ ഭാര്യ ദാസിയായി ഭവിക്കും. ആ സ്ഥാനം നീ ചഗ്രഹത്തിന്റെയോ മൌഢ്യമുള്ള ഗ്രഹത്തിന്റെയോ അംശകമായിരുന്നാൽ ഭാര്യ ദുഷ്ടയായോ യൌവനത്തിൽതന്നെ വിധവയായോ ഭവിക്കും.

ശുഭാംശരാശൌ യദി സൽഗുണാഢ്യാ
ശുഭർക്ഷഗേ ചാരുതരം കളത്രം
ചന്ദ്രാംശകേ ദുർബലചന്ദ്രരാശൌ
ജായാ പതിഘ്നീ സബലേ തു സാധ്വീ ൮

ഏഴാമിടം ശുഭാംശകരാശിയായാൽ ഭാര്യ സദ്ഗുണമുള്ളവളായും ശുഭരാ ശിയായാൽ മനോഹരിയായും ഇരിക്കും. അവിടം ക്ഷീണചന്ദ്രന്റെ അംശകമോ രാശിയോ ആയിവന്നാൽ ഭാര്യ, പതിയെ കൊല്ലുന്നവളായും, ചന്ദ്രൻ ബലവാനാ യിരുന്നാൽ പതിവ്രതയായും ഭവിക്കും.

അർക്കാംശേ കുലടാ നിജോച്ചഗൃഹഗേ സാധ്വീ ശുഭാലോകിതേ
ലഗ്നേ ശീതകരേഽഥവാ മദനഭേ നീചാരിമൂഢാന്വിതേ

പാപവ്യാളവിഹംഗപാശനിഗളദ്രേക്കാണഭാഗാന്വിതേ
സന്ധ്യംശേ വിഗതവ്രതാ ച വിധവാ ജാതസ്യ ജായാ ഭവേൽ.

ലഗ്നമോ ചന്ദ്രനോ ഏഴാമിടമോ സൂര്യാംശകമായാൽ വ്യഭിചാരിണിയായും സ്വക്ഷേത്രമായോ ഉച്ചമായോ വരികയും ശുഭദൃഷ്ടിയുണ്ടായിരിക്കയും ചെയ്താൽ പതിവ്രതയായും തീരും. ഏഴാമിടത്തു നീചം, ശത്രുസ്ഥിതി, മൌഢ്യം ഇവയുള്ള ഗ്രഹങ്ങളും, പാപാംശം നില്ക്കയും, വ്യാളം, വിഹംഗം, നിഗളം, ഈ ദ്രേക്കാണങ്ങളും ഋക്ഷസന്ധിയും വരികയും ചെയ്താൽ ഭാര്യ വ്യഭിചാരിണിയായോ വിധവയായോ ഭവിക്കയും ചെയ്യും.

കാമസ്ഥേ തനുപേ ശുഭഗ്രഹയുതേ സദ്വംശജാമുദ്വഹതി
ക്രൂരർക്ഷേ മദഗേ വിലഗ്നരമണേ ദുർവംശജാതാംഗനാം
വർണ്ണം രൂപഗുണാകൃതിം ച സകലം യത്തൽ ഗ്രഹോക്തം വദേൽ
ദുർവ്യാപാരകരഗ്രഹാകൃതിനരപ്രീതിം പ്രയാത്യംഗനാ. ൧൦

ലഗ്നാധിപൻ ഏഴിൽ ശുഭന്മാരോടുകൂടി നിന്നാൽ ജാതന്റെ ഭാര്യ, സൽകുലത്തിൽ ജനിച്ചവളും, ലഗ്നാധിപൻ ഏഴിൽ പാപരാശിയിൽ നിന്നാൽ ദുഷ്ടകുലത്തിൽ ജനിച്ചവളും ആയിരിക്കും. ഭാര്യയുടെ നിറം, സൌന്ദര്യഗുണം. ആകൃതി ഇവ ഏഴിൽനില്ക്കുന്ന ഗ്രഹത്തിന്റേയോ, ഏഴാംഭാവത്തിന്റേയോ അനുസരിച്ചിരിക്കും. അവിടെ പാപഗ്രഹംനിന്നാൽ ഭാര്യ ദുഷ്ടന്മാരോടും, ശുഭഗ്രഹം നിന്നാൽ സജ്ജനങ്ങളോടും അനുരാഗമുള്ളവളുമായിരിക്കും.

പാപപ്രകാശസംയുക്തേ കളത്രേ ദുഷ്ടചാരിണീ
രവൌ വന്ധ്യാ തു ശീതാംശൌ ക്ഷീണേന്ദൌ വ്യഭിചാരിണീ. ൧൧

സൂര്യൻ ഏഴിൽ പാപഗ്രഹത്തോടുകൂടിനിന്നാൽ ജാതന്റെ ഭാര്യ, ദുരാചാരയാനും, ചന്ദ്രൻ നിന്നാൽ പ്രസവിക്കാത്തവളായും, ക്ഷീണചന്ദ്രൻ നിന്നാൽ വ്യഭിചാരിണിയായും തീരും.

കുജേന മ്രിയതേ മന്ദേ ദുർഭഗാ രാഹുസംയുതേ
പരദാരരതിസ്സോയം നിഷേകാദ്ഭാവകോഽസുതഃ ൧൨

ജാതന്റെ ഏഴിൽ കുജൻനിന്നാൽ ഭാര്യ മരിക്കും. ശനി നിന്നാൽ ദുർഭഗയായിരിക്കും. രാഹുനിന്നാൽ അന്യന്റെ ഭാര്യയിൽ താല്പര്യമുള്ളവനായും പുത്രനില്ലാത്തവനായും തീരും.

ധൂമേ വിവാഹഹീനഃ സ്യാൽ മ്രിയതേ കാമുകേ സതി
പരിവേഷേ തു ദുശ്ശീലാ കേതൌ വന്ധ്യാഽസതീ ഭവേൽ. ൧൩

ഏഴിൽ ധൂമം എന്ന ഉപഗ്രഹം നിന്നാൽ ഭാര്യയില്ലാത്തവനായിരിക്കും. അല്ലെങ്കിൽ ഭർത്താവു ജീവിച്ചിരിക്കുമ്പോൾതന്നെ ഭാര്യമരിക്കും. ഏഴാംഭാവത്തിൽ പരിവേഷം ഉണ്ടായാൽ ദുഃശീലയായ ഭാര്യയും കേതു നിന്നാൽ പ്രസവിക്കാത്തവളായും കുലടയായും ഇരിക്കുന്ന ഭാര്യയും ഭവിക്കും.

കാലേ വിദാരഃ പാപേ തു ഗർഭസ്രാവേണ സംയുതാ
സുശീലാ സ്ത്രീപ്രസൂതാ ച പൂർണ്ണമാണേ സുധാകരേ. ൧൪

ഏഴിൽ, കാലൻ എന്ന ഉപഗ്രഹം നിന്നാൽ ഭാര്യയില്ലാത്തവനായും, പാപൻ നിന്നാൽ ഭാര്യ ഗർഭം അലസുന്നവളായും, പൂർണ്ണചന്ദ്രൻ നിന്നാൽ സുശീലയും പ്രസവിക്കുന്നവളും ആയും ഭവിക്കും.

ബുധേ സുപുത്രാ വാഗീശേ ഗുണയുക്താ സുപുത്രിണീ
ശുക്രേ സൌഭാഗ്യസംയുക്താ ശ്രീമതീ ച ബലാന്വിതേ.

ഏഴിൽ, ബുധൻ നിന്നാൽ ഭാര്യ നല്ല പുത്രന്മാരോടുകൂടിയവളും വ്യാഴം നിന്നാൽ ഗുണവും സുപുത്രന്മാരും ഉള്ളവളും, ശുക്രൻ നിന്നാൽ സൌഭാഗ്യമുള്ളവളും ശുക്രൻ ബലവാനായി നിന്നാൽ ഐശ്വര്യമുള്ളവളും ആയിത്തീരും.

സ്ത്രീപുത്രപേ ബലിനി ശോഭനഖേടയുക്തേ
ഷഷ്ഠാധിപേന സഹിതേ യദി വീക്ഷിതേ വാ
ജാരേണ പുത്രജനിലാഭമുപൈതി ജായാ
തസ്യാഥവാ ബഹുകളത്രയുതോഽപ്യപുത്രഃ. ൯൩

ഏഴാംഭാവാധിപനും അഞ്ചാംഭാവാധിപനും ബലത്തോടും ശുഭഗ്രഹത്തോടും കൂടി നിൽക്കയും, ഷഷ്ഠാധിപയോഗമോ ദൃഷ്ടിയോ ഉണ്ടായിരിക്കയും ചെയ്താൽ ജാതന്റെ ഭാര്യയ്ക്കു ജാരന്മാരിൽനിന്നും പുത്രന്മാരുണ്ടാകും. അവന്നു വളരെ ഭാര്യമാരുണ്ടെങ്കിലും സ്വന്തപുത്രന്മാർ ഉണ്ടാകയില്ല.

നീചേ ഗുരൌ മദനഗേ സതി നഷ്ടദാരോ
മീനേ കളത്രഭവനേ രവിജേ തഥൈവ
മന്ദാരരാശിനവഭാഗഗതേഽസുരേജ്യേ
ജാരോ ഭവേദിനസുതാരസമന്വിതോ വാ. ൯൪

വ്യാഴം ഏഴിൽ നീചത്തിൽ നിന്നാലും, ഏഴാമിടമായ മീനംരാശിയിൽ ശനി നിന്നാലും, ഭാര്യ മരിക്കും. ശുക്രൻ ശനിക്ഷേത്രത്തിലോ കുജക്ഷേത്രത്തിലോ അംശകിക്കയോ, ശനിയോടോ കുജനോടോ ചേർന്ന് ഏറിടെയെങ്കിലും നിൽക്കയോ ചെയ്താൽ പരന്റെ ഭാര്യയെ ഗമിക്കും.

സപ്തമേ വാഷ്ടമേ പാപേ വ്യയസ്ഥേ ധരണീസുതേ
അദൃശ്യേ യദി തന്നാഥേ കളത്രാന്തരഭാഗ്ഭവേൽ. ൯൫

ഏഴിലോ എട്ടിലോ പാപന്മാർ നിൽക്കണം, സപ്തമാധിപൻ അദൃശ്യാർദ്ധത്തിലും നിന്നാൽ രണ്ടാമത്തു് ഒരു ഭാര്യയുണ്ടാകും (പ്രഥമഭാര്യ മരിക്കും എന്നു സാരം)

സ്വപാകജാതം പ്രഥമം കളത്രം
ലഗ്നാധിപോ ദാരപസംയുതശ്ചേൽ
ദിനേശകാന്ത്യാഭിഹതസ്തദാനീം
സുത്രപഹീനാം സുതരാം വദന്തി. ൯൬

ലഗ്നാധിപൻ ഏഴാംഭാവാധിപനോടുകൂടി ഒരു രാശിയിൽ നിന്നാൽ ആദ്യഭാര്യ നല്ല കാന്തിയുള്ളവളായും അവനു് (ലഗ്നാധിപനു്) മൌഢ്യമുണ്ടായാൽ വിത്രപിണിയായും ഇരിക്കും.

വിത്തേ പാപബഹുത്വേ തു കളത്രേശേ തഥാസ്ഥിതേ
ശത്രുസ്ഥാനഗതേ കേതൌ കളത്രത്രയഭാഗ്ഭവേൽ. ൯൭

രണ്ടിലും ഏഴാംഭാവാധിപനോടുകൂടിയും വളരെ പാപന്മാർ ഉണ്ടായിരിക്കയും, കേതു ആറിൽ നിൽക്കയും ചെയ്താൽ ജാതനു് മൂന്നുഭാര്യയുണ്ടായിരിക്കും.

കേന്ദ്രത്രികോണേ ദാരേശേ സ്വോച്ചമിത്രസ്വവർഗ്ഗഗേ
കർമ്മാധിപേന സന്ദൃഷ്ടേ ബഹുസ്ത്രീരമണോ ഭവേൽ. ൯൮

ഏഴാംഭാവാധിപൻ ഉച്ചം ബന്ധുക്ഷേത്രം സ്വക്ഷേത്രം ഇവയിൽ അംശകത്തോടുകൂടി സ്ഥിതിയോടുകൂടി കേന്ദ്രത്രികോണങ്ങളിൽ നിൽക്കയും ഫ-ാംഭാവാധിപന്റെ ദൃഷ്ടിയുണ്ടായിരിക്കയും ചെയ്താൽ ജാതനു് വളരെ ഭാൎയ്യമാരുണ്ടായിരിക്കും.

കളത്രാധിപതൗ കേന്ദ്രേ ശുഭഗ്രഹനിരീക്ഷിതേ
ശുഭാംശേ ശുഭരാശൗ വാ പതിവ്രതപരായണാ. ൨൨

ഏഴാംഭാവാധിപതി കേന്ദ്രത്തിൽ ശുഭദൃഷ്ടിയോടുകൂടി ശുഭാംശകത്തിലോ ശുഭരാശിയിലോ നിന്നാൽ ഭാൎയ്യ പതിവ്രതയായിത്തീരും.

ദാരാധിപേ സോമസുതേ സപാപേ
നീചാരിവർഗ്ഗേ രിപുനാശഭാവേ
പാപാന്തരേ പാപദൃശാ സമേതേ
ജായാ പതിഘ്നീ കുലനാശിനീ സ്യാൽ. ൨൩

ബുധൻ ഏഴാംഭാവാധിപനായിരിക്കയും, പാപയോഗദൃഷ്ടികളോടുംകൂടി നീചം, ശത്രുവർഗം ഇവയിലും, ൬, ൮ ഈ ഭാവങ്ങളിലും, പാപമദ്ധ്യത്തിലും നിന്നാൽ ഭാൎയ്യ, ഭൎത്താവിനെ കൊല്ലുന്നവളായും വംശത്തെ നശിപ്പിക്കുന്നവളായും ഭവിക്കും.

ശുഭാംശേ ശുഭസന്ദൃഷ്ടേ നാഥേ ജായാ സുവംശജാ
പാപാത്രുഗേ പാപവർഗേ തസ്യ ജായാ കുവംശജാ ൨൪

ഏഴാംഭാവാധിപന്നു് ശുഭാംശകവും ശുഭദൃഷ്ടിയും ഉണ്ടായാൽ ഭാൎയ്യ, നല്ല വംശത്തിൽ ജനിച്ചവളും, പാപാംശകവും പാപയോഗവും ഉണ്ടായാൽ കുത്സിതവംശത്തിൽ ജനിച്ചവളും ആയിത്തീരും.

കാമസ്ഥാനേ സഖേടേ സിതയുതഖചരൈർദ്ദാരസംഖ്യാം വദന്തി
സോച്ചസ്ഥവ്യോമവാസോ ന ഭവതി ഗണനേ ശുക്രയുക്ത-
ഗ്രഹൈർവാ
ജായാധീശേ സിതർക്ഷേ സതി ധനഭവനേ കാമസംയുക്തസംഖ്യാ
ശുക്രാനംശയുക്തേ ദ്യുചരനവവധൂവല്ലഭോ ജായതേ വാ ൨൫

ഏഴാംഭാവത്തിൽ നില്ക്കുന്ന ഗ്രഹങ്ങളെക്കൊണ്ടും, ശുക്രനോടുകൂടി നിൽക്കുന്ന ഗ്രഹങ്ങളെക്കൊണ്ടും, കളത്രസംഖ്യയെ പറയണം. ഉച്ചത്തിൽ നില്ക്കുന്ന ഗ്രഹമില്ലെങ്കിൽ ശുക്രനോടുകൂടി നില്ക്കുന്ന ഗ്രഹങ്ങളെക്കൊണ്ടുമാത്രം വേണം എണ്ണുന്നതു്. ഏഴാംഭാവാധിപൻ ശുക്രക്ഷേത്രത്തിൽ നിന്നാൽ, രണ്ടിലും ഏഴിലും നില്ക്കുന്ന ഗ്രഹങ്ങളോളവും സംഖ്യയേയും ശുക്രനോടും ഏഴാംഭാവാധിപനോടുംകൂടി നില്ക്കുന്ന ഗ്രഹങ്ങളോളവും സംഖ്യയേയും പറയാം.

കാമേശേന കുടുംബപേന സഹിതാ യാവൽഗ്രഹാ ദുർബലാ-
സ്തൽസംഖ്യാകകളത്രനാശനകരാ ദുഃസ്ഥാനനാഥാ യദി
യാവന്തോ ബലശാലിനഃ ശുഭകരാസ്തത്തുല്യജായാസുഖം
കുൎവ്വന്ത്യേകവിയച്ചരോ ബലയുതോ യദ്യേകദാരോ ഭവേൽ ൨൬

ഏഴാംഭാവാധിപൻ, രണ്ടാംഭാവാധിപൻ ഇവരോടുകൂടി എത്ര ഗ്രഹങ്ങൾ അനിഷ്ടസ്ഥാനാധിപന്മാരായും ദുർബലന്മാരായും നില്ക്കുന്നോ അത്രയും ഭാൎയ്യകൾക്കു് നാശം ഉണ്ടാകും. എത്ര ഗ്രഹങ്ങൾ ഇവരോടുകൂടി ഇഷ്ടസ്ഥാനാധിപന്മാരായും ബലവാന്മാരായും നില്ക്കുന്നോ അത്രയും ഭാൎയ്യമാർ ഉണ്ടായിരിക്കയും ചെയ്യും. ഇവരിൽ ഒരു ഗ്രഹം പരിപൂൎണ്ണബലനായി നിന്നാൽ ഒരു ഭാൎയ്യ മാത്രമേ ഉണ്ടായിരിക്കയുള്ളൂ.

ലഗ്നാനംഗപതിസ്ഫുടൈക്യഭവനേ ജീവേ വിവാഹം വദേൽ
ചന്ദ്രാധിഷ്ഠിതതാരകാവധപയോരൈക്യാംശകേ വാ തഥാ
ജീവേ മിത്രനവാംശകേ ബലയുതേ യദ്യേകദാരാന്വിതഃ
ശ്വാംശേ ദ്വിത്രികളത്രവാൻ ബഹുവധൂനാഥേ തു തുംഗാംശകേ

ലഗ്നാധിപന്റേയും ഏഴാംഭാവാധിപന്റേയും സ്ഫുടങ്ങളെ ഒരുമിച്ചു കൂട്ടി വരുന്ന രാശിയിൽ വ്യാഴം വരുന്ന കാലമോ ചന്ദ്രൻ നില്ക്കുന്ന രാശ്യധിപന്റേയും അഷ്ടമാധിപന്റേയും സ്ഫുടങ്ങളെ ഒരുമിച്ചു കൂട്ടിവരുന്ന രാശിയുടെ നവാംശകത്തിൽ വ്യാഴം വരുന്ന കാലമോ ജാതന്നു വിവാഹം ഉണ്ടാകും. വ്യാഴം ബലവാനായി ബന്ധുക്ഷേത്രത്തിൽ അംശകിച്ചാൽ ഒരു ഭാര്യയേ ഉണ്ടായിരിക്കയുള്ളൂ. തന്റെ അംശകത്തിൽ ബലവാനായി നിന്നാൽ രണ്ടോ മൂന്നോ ഭാര്യയുള്ളവനായും ഉച്ചാംശകത്തിൽ നിന്നാൽ വളരെ സ്ത്രീകളുടെ ഭർത്താവായും ഭവിക്കും.

കളത്രനാഥസ്ഥിതഭാംശകേശയോഃ
സിതക്ഷപാനായകയോർബലീയസഃ
ദശാഗമേ ദ്യൂനപയുക്തഭാംശക-
ത്രികോണഗേ ദേവഗുരൌ കരഗ്രഹഃ ൨൭

ഏഴാംഭാവാധിപൻ നില്ക്കുന്ന രാശിയുടെ അധിപൻ, അംശകിച്ച രാശിയുടെ അധിപൻ ഇവരിൽ ബലാധിക്യമുള്ള ഗ്രഹത്തിന്റെ ദശയിലോ, ശുക്രചന്ദ്രന്മാരിൽ ബലവാന്റെ ദശയിലോ, ഏഴാംഭാവാധിപൻ അംശകിച്ച രാശിയുടെ ത്രികോണത്തിൽ വ്യാഴം സഞ്ചരിക്കുന്ന കാലത്തിലോ ജാതന്നു വിവാഹം ഉണ്ടാകാം.

ശുക്രോപേതകളത്രരാശിപദശാഭുക്തിർവിവാഹപ്രദാ
ലഗ്നാദ്വിത്തപതിസ്ഥരാശിപദശാഭുക്തൌ ച പാണിഗ്രഹഃ
കർമ്മായുർഭവനാധിനായകദശാഭുക്തൌ വിവാഹഃ ക്രമാൽ
കാമേശേന യുതോ കളത്രഗൃഹഗസ്തൽപാകഭുക്തൌ തു വാ ൨൮

ശുക്രനോടുകൂടിയ ഏഴാംഭാവാധിപന്റെ ദശാപഹാരത്തിലും, ലഗ്നാൽ രണ്ടാംഭാവാധിപൻ നില്ക്കുന്ന രാശിയുടെ അധിപന്റെ ദശാപഹാരത്തിലും, ൧൦, ൮ ഈ രാശികളുടെ അധിപന്മാരുടെ ദശാപഹാരത്തിലും, ഏഴാംഭാവാധിപനോടുകൂടി ഏഴിൽ നില്ക്കുന്ന ഗ്രഹത്തിന്റെ ദശാപഹാരങ്ങളിലും ജാതന്നു വിവാഹം ഉണ്ടാകും.

സൌമ്യവ്യോമചരാന്വിതശ്ശുഭഗ്രഹശ്ചാദൌ ദദാതി ശ്രിയം
പാപർക്ഷേശുഭഖേചരോ യദി ശുഭം മദ്ധ്യേ വിവാഹാദികം
ക്രൂരഃ പാപഗ്രഹോപഗോ യദി ഫലം പാകാവസാനേ തഥാ
സൌമ്യർക്ഷേ യദി സർവ്വകാലഫലദഃ സൌമ്യാന്വിതശ്ശോഭനഃ

ശുഭനോടുകൂടി നില്ക്കുന്ന ശുഭഗ്രഹം ദശയുടെ ആദിയിലും, പാപക്ഷേത്രത്തിൽ നില്ക്കുന്ന ശുഭഗ്രഹം ദശയുടെ മദ്ധ്യത്തിലും, വിവാഹാദിശുഭകർമ്മഫലത്തെ കൊടുക്കും. പാപക്ഷേത്രത്തിൽ നില്ക്കുന്ന പാപഗ്രഹം പാകാവസാനത്തിലും, ശുഭക്ഷേത്രത്തിൽ ശുഭനോടുകൂടി നില്ക്കുന്ന ഗ്രഹം സർവ്വകാലത്തിലും ശുഭഫലത്തെ പ്രദാനം ചെയ്യും.

ലഗ്നേശചരസ്ഥിതനവാംശപതിസ്ഥരാശൌ
ചന്ദ്രേ പുരന്ദരഗുരൌ ച കളത്രലാഭഃ

കാമേശശ്ശുക്രഗൃഹഗേ ഽമരമന്ത്രിണീന്ദൌ
കേന്ദ്രേഥ ഽവാ ഗുരുയുതേ സതി ഗോചരേണ. ൩൧

ലഗ്നാധിപൻ നില്ക്കുന്ന നവാംശരാശിയുടെ അധിപൻ നില്ക്കുന്ന രാശിയിൽ ചന്ദ്രനും വ്യാഴവും ചാരവശാൽ സഞ്ചരിക്കുന്ന കാലവും, ഏഴാംഭാവാധിപനോ ശുക്രനോ നില്ക്കുന്ന രാശിയിൽ വ്യാഴവും ചന്ദ്രനും സഞ്ചരിക്കുന്ന കാലവും, കേന്ദ്രത്തിൽ ചാരവശാൽ വ്യാഴം സഞ്ചരിക്കുന്ന കാലവും വിവാഹം സംഭവിക്കും. (ഇവിടെ "കേന്ദ്രേഥവാഗുരുയുതേ' എന്നുള്ളതിനു വ്യാഴവും ചന്ദ്രനും കേന്ദ്രത്തിലോ ഒൻപതിലോ നില്ക്കുമ്പോൾ എന്നും വ്യാഖ്യാനിക്കാം.)

തൽസംഖ്യാകമജാദികാമഭവനം തച്ഛത്സരേ വാ ന്നൃണാം
സാഷ്ടാബ്ദേ കൃതമൌഞ്ജികമ്മപരതഃ കല്യാണകാലോ ഭവേൽ
ലഗ്നാദസ്തവിലഗ്നനായകസിതക്ഷേത്രാംശകേ സംഭവാ
യാ സാ ഭർത്തൃമനഃപ്രസാദകരിണീ ഭർത്താ തഥൈവ സ്ത്രിയഃ ൩൨

മേടം തുടങ്ങി എണ്ണിയാൽ ജാതന്റെ ഏഴാംഭാവം എത്രാമത്തേതായി വരുമോ അത്രാമത്തെ വയസ്സിലൊ, അല്ലെങ്കിൽ എട്ടാംവയസ്സിൽ ഉപനയനം കഴിഞ്ഞതിനുശേഷമോ വിവാഹകാലം ഭവിക്കും. ലഗ്നാൽ ഏഴാംഭാവാധിപൻ. ലഗ്നാധിപൻ, ശുക്രൻ ഇവർ നില്ക്കുന്ന രാശിയിലോ അംശകരാശിയിലോ ജനിച്ച സ്ത്രീ ഭർത്താവിന്നു മനഃസന്തോഷത്തെ ചെയ്യും. അതുപോലെ ജനിച്ച ഭർത്താവു ഭാര്യയ്ക്കും മനഃസന്തോഷത്തെ ചെയ്യും. ഇവിടെ ലഗ്നാൽ ചിന്തിക്കുന്നപോലെ ചന്ദ്രനാലും ചിന്തിക്കണം എന്നുകൂടി ധരിച്ചുകൊള്ളണം.

കാമാനപ്രിതേക്ഷകവിയച്ചരരാശിജാതാ
ചന്ദ്രാദതീവ സുഭഗാ ച പതിപ്രിയാ സ്യാൽ
സ്ത്രീജാതകേ ച പതിരിഷ്ടകരോ വധൂനാം
ദിഗ്ദേശജാ ഭൃഗുസുതാദബലാധിപസ്യ. ൩൩

ജാതന്റെ ചന്ദ്രലഗ്നാൽ ഏഴിൽ നില്ക്കുകയോ നോക്കുകയോ ചെയ്യുന്ന ഗ്രഹത്തിന്റെ രാശി ലഗ്നമായിജനിച്ചസ്ത്രീ ഏററവും സുഭഗയും ഭർത്തൃപ്രിയയും ആയിരിക്കും. അതുപോലെ സ്ത്രീയുടെ ചന്ദ്രലഗ്നാൽ ഏഴിൽനില്ക്കുകയോ നോക്കുകയോചെയ്യുന്ന ഗ്രഹത്തിന്റെ രാശി ലഗ്നമായി ജനിച്ച പുരുഷൻ സ്ത്രീയ്ക്കു ഇഷ്ടനായും ഇരിക്കും. ശുക്രാൽ ഏഴാംഭാവാധിപന്റെ ദിക്കിലും ദേശത്തിലും ജനിച്ചവളും ഭർത്താവിന്നു ഇഷ്ടയായി ഭവിക്കും.

വരവധൂജാതകസംയോഗം—

ധനാവസാനസ്മരയാനരന്ധ്രഗോ
ധരാസുതോ ജന്മനി യസ്യ ദാരഹാ
തഥൈവ കന്യാജനജന്മലഗ്നതോ
യദി ക്ഷമാസൂനരനിഷ്ടദഃ പതേഃ. ൩൪

പുരുഷന്റെ ലഗ്നത്തിന്റേയോ ചന്ദ്രലഗ്നത്തിന്റേയോ ൨, ൧൨, ൭, ൪, ൮, ഈ ഭാവങ്ങളിൽ കുജൻ നിന്നാൽ ഭാര്യാമരണവും, സ്ത്രീകൾക്കു മേല്പറഞ്ഞ സ്ഥാനങ്ങളിൽ കുജൻ നിന്നാൽ ഭർത്തൃമരണവും സംഭവിക്കും.

ക്രൂരവ്യോമചരഃ സ്ത്രീണാം നിധനസ്ഥോ വിലഗ്നതഃ
നീചാരിപാപവർഗ്ഗേഷു ഭർത്തൃമൃത്യുകരോ യദി. ൩൫

സ്ത്രീകൾക്ക് ലഗ്നാൽ അഷ്ടമത്തിൽ പാപന്മാർ നീചം, ശത്രുക്ഷേത്രം, പാപക്ഷേത്രം ഇവയിൽ നില്ക്കയോ അംശകിക്കയോ ചെയ്താൽ ഭർത്തൃമരണം ഫലമാകുന്നു.

ദ്യൂനകുടുംബഗതൗ യദി പാപൌ
ദാരവിയോഗജദുഃഖകരൌ തൌ
താദൃശയോഗജദാരയുതശ്ചേൽ
ഭവതി പുത്രധനാദിയുതശ്ച ൩൬

ഏഴിലും രണ്ടിലും പാപന്മാർ നിന്നാൽ ഭാര്യാവിരഹദുഃഖവും അപ്രകാരം യോഗമുള്ള ഭാര്യയോടുകൂടി ജീവിച്ചിരിക്കയാണെങ്കിൽ പുത്രധനാദികളുള്ളവനായും തീരും.

കളത്രരാശിത്രിതയേഽഥവാ സ്യാൽ
തദീയസംയുക്തഭരാശികോണേ
കളത്രരാശിര്യദി പുത്രശാലീ
തദന്യരാശിര്യദി പുത്രഹീനഃ ൩൭

ലഗ്നാലും ചന്ദ്രാലും ശുക്രാലും ഉള്ള ഏഴാമിടങ്ങൾ കളത്രരാശികളാണ്. ഈ മൂന്നു രാശികളുടെ അധിപന്മാർ നില്ക്കുന്ന രാശിയോ അതിന്റെ ത്രികോണരാശിയോ ഭാര്യയുടെ ജന്മലഗ്നമായാൽ പുത്രലാഭവും അല്ലെങ്കിൽ പുത്രനാശവും ഫലം.

കാഠിന്യോരുകുചാ മദേ ദിനകരേ കാമാധിപേ കേന്ദ്രഗേ
ജീവേന്ദുജ്ഞസിതാന്വിതേ ഗുരുകുചാ ശുഷ്കസ്തനീ ഭൂമിജേ
ലംബാ പീനപയോധരാ സഗുളികച്ഛായാസുതാഹിധ്വജേ
ധൂമാദ്യൈ വിഷമാകൃതിസ്തനവതീ ദുഃസ്ഥേഽഥവാ കാമപേ.

ഏഴിൽ സൂര്യനും കേന്ദ്രത്തിൽ ഏഴാംഭാവാധിപനും നിന്നാൽ ഭാര്യ, കാഠിന്യവും വിസ്താരവും ഉള്ള സ്തനങ്ങളോടുകൂടിയവളും, വ്യാഴം, പൂർണ്ണചന്ദ്രൻ, ബുധൻ ശുക്രൻ ഇവരാരെങ്കിലും ഏഴിൽനിന്നാൽ മഹത്തായ സ്തനമുള്ളവളും, കുജൻ ഏഴിൽ നിന്നാൽ ഉണങ്ങിയ മുലയുള്ളവളും, ഏഴിൽ ഗുളികൻ, ശനി, രാഹു, കേതു ഇവർ നിന്നാൽ മുലവീണവളും, ധൂമം മുതലായ ഉപഗ്രഹങ്ങൾ ഏഴിൽ നിന്നാൽ വിഷമാകൃതിയായ സ്തനമുള്ളവളും (ഒരുമുല ചെറുതും ഒരുമുല വലുതും ആയും) ഏഴാംഭാവാധിപൻ അനിഷ്ടസ്ഥാനത്തുനിന്നാൽ വിഷമസ്തനിയും ആയിരിക്കും.

വന്ധ്യാസംഗമിനേഽസ്തഗേ സമവധൂകേളിം നിശാനായകേ
ഭൂപുത്രേ തു രജസ്വലാ ജനരതിം വന്ധ്യാവധൂമേരി വാ
വേശ്യാമിന്ദുസുതേ തു വിപ്രവനിതാം ജീവേ സിതേ ഗർഭിണീം
നീചസ്ത്രീരതിമർക്കജേഽഹിശിഖിനോസ്തത്രസ്ഥയോഃ പുഷ്പിണീം.

ഏഴിൽ സൂര്യൻ നിന്നാൽ വന്ധ്യാസ്ത്രീയേയും, ചന്ദ്രൻനിന്നാൽ അനുരൂപയായ സ്ത്രീയേയും, കുജൻനിന്നാൽ തീണ്ടായിരുന്നവളെയും, അല്ലെങ്കിൽ വന്ധ്യാസ്ത്രീയേയും, ബുധൻ നിന്നാൽ വേശ്യയേയും, വ്യാഴം നിന്നാൽ ബ്രാഹ്മണസ്ത്രീയേയും ശുക്രൻ നിന്നാൽ ഗർഭിണിയേയും, ശനി നിന്നാൽ നീചസ്ത്രീയേയും രാഹുകേതുക്കൾ നിന്നാൽ പുഷ്പിണിയേയും (തീണ്ടായിരുന്നവളേയും) സംഗമിക്കും.

ക്രീഡാഗാരമിതേ വനം സുഖഗതേ ചാരുസൽഗേഹം വിധൌ
ഭൂപുത്രേ സതി കുഡ്യമിച്ഛതി ബുധേ ജാതേ വിഹാരസ്ഥലം

ജീവേ ദേവഗൃഹം സിതേ തു സലിലം മന്ദേഽഥവാ പന്നഗേ
കേതൌ മാധവശങ്കരപ്രിയസുഖസ്ഥാനം വധൂസംഗമേ. ൪൦

നാലിൽ സൂൎയ്യൻനിന്നാൽ വനവും, ചന്ദ്രൻനിന്നാൽ മനോഹരമായ സ്വഭവനവും, കുജൻനിന്നാൽ ഭിത്തി, മതിൽ മുതലായ സ്ഥലങ്ങളും, ബുധൻ നിന്നാൽ വിഹാരസ്ഥലവും, വ്യാഴം നിന്നാൽ അമ്പലവും, ശുക്രൻ നിന്നാൽ ജലമുള്ളസ്ഥലവും, ശനിയോ രാഹുകേതുക്കളോ നിന്നാൽ വിഷ്ണുവിന്റെയും ശങ്കരന്റെയും ഇഷ്ടമായ സ്ഥലവും, സ്ത്രീസംയോഗസ്ഥാനമായിരിക്കും.

ശുക്രാംശേ മദനസ്ഥിതേഽവനിസുതേ കാമാധിപേ പഞ്ചമേ
ജായാരിഷ്ടമുപൈതി സപ്തമഗതേ ഭാനൌ കളത്രാൎത്ഥവാൻ
ദുഃസ്ഥൌ കാമകുടുംബപൌ സഭൃഗുജൌ ദുശ്ചിക്യയാതൌ തു വാ
തൽസംഖ്യാകകളത്രഹാ ബലയുതൌ വിത്താസ്തപൌ ദാരവാൻ

കുജൻ ശുക്രാംശത്തിൽ ഏഴിലും, ഏഴാംഭാവാധിപൻ അഞ്ചിലും നിന്നാൽ ഭാൎയ്യയ്ക്കു അരിഷ്ടം സംഭവിക്കും. സൂൎയ്യൻ ഏഴിൽനിന്നാൽ ഭാൎയ്യയും ധനവും ഉള്ളവനായിത്തീരും; ഏഴാംഭാവാധിപനും രണ്ടാംഭാവാധിപനും ശുക്രനോടുകൂടി അനിഷ്ടസ്ഥാനത്തിലോ മൂന്നിലോ നിന്നാൽ അത്രയും ഭാൎയ്യമാൎക്കു നാശമുണ്ടാകും. രണ്ടാംഭാവാധിപനും ഏഴാംഭാവാധിപനും ബലവാന്മാരായിരുന്നാൽ ധനവും ഭാൎയ്യയും ഉള്ളവനാകയും ചെയ്യും.

ജാതഃ സമേതി ഭഗചുംബനമസ്തനാഥേ
ശുക്രേണ വീക്ഷിതയുതേ ഭൃഗുമന്ദിരേ വാ
ഏവം കുടുംബഭവനാധിപതൌ തഥാ സ്യാൽ
ദാരൎക്ഷഗേ ദശമപേ സസിതേ തഥൈവ. ൪൨

ഏഴാംഭാവാധിപന്നു ശുക്രന്റെ ദൃഷ്ടിയോഗങ്ങളോ ശുക്രക്ഷേത്രത്തിൽ സ്ഥിതിയോ ഉണ്ടായിരുന്നാലും, രണ്ടാംഭാവാധിപതിക്കു ഈ യോഗമുണ്ടെങ്കിലും, പത്താംഭാവാധിപൻ ശുക്രനോടുകൂടി ഏഴിൽ നിന്നാലും ജാതൻ ഭഗ(യോനി) ചുംബിയായി ഭവിക്കും.

കാമേശ്വരോ ദേവഗുരുഃ സിതോ വാ
സമം ഭഗം ചാരുതരം തരുണ്യാഃ
ഹ്രസ്വം ഭഗം സപ്തമരാശിനാഥേ
ശനീന്ദുതാരാസുതമദ്ധ്യയാതേ. ൪൩

ഏഴാം ഭാവാധിപൻ വ്യാഴമോ ശുക്രനോ ആയിരുന്നാൽ ജാതന്റെ ഭാൎയ്യയുടെ യോനി സമവും മനോഹരവുമായിരിക്കും. ഏഴാം ഭാവാധിപൻ, ശനി ചന്ദ്രൻ ബുധൻ ഇവരുടെ മദ്ധ്യത്തിൽ നിന്നാൽ ഹ്രസ്വമായും ഇരിക്കും.

ദീൎഘംസമേതി ഭഗമസ്തപതൌ ജലൎക്ഷേ
തൽകാരകേ ജലഗ്രഹോപഗതേ തഥൈവ
സാൎദ്രം ഭഗം മദനഗേ ഭൃഗുവീക്ഷിതേഽബ്ജേ
ഗൃഹ്ണന്ത്യനാൎദ്രമുപയാതി വധൂസ്സപാപേ. ൪൪

ഏഴാംഭാവാധിപനും ഏഴാംഭാവകാരകനും ജലരാശിയിൽ നിന്നാൽ യോനി ദീൎഘമായിരിക്കും. ചന്ദ്രൻ ശുക്രദൃഷ്ടിയോടുകൂടി ഏഴിൽ നിന്നാൽ യോനി ആൎദ്രമായും, പാപനോടുകൂടിനിന്നാൽ അനാൎദ്രമായും ഇരിക്കയും ചെയ്യും.

ലഗ്നേശസ്ഥനവാംശനാഥഗൃഹഗേ ജീവേ സമേതി സ്ത്രീയം
നീചാരാതിനവാംശകേ സതി മൃതസ്ത്രീകോ വിദാരോഥവാ
ലഗ്നേ കാമപതിസ്ഫുടാദപഹൃതേ രാശിത്രികോണേ ഗുരൌ
ലഗ്നേ സപ്തമരാശിപസ്ഫുടഗൃഹേ ജീവേ മൃതിം യോഷിതഃ.

ലഗ്നാധിപൻ നില്ക്കുന്ന നവാംശകാധിപതിയുടെ രാശിയിൽ വ്യാഴം വരുമ്പോൾ ജാതന്നു വിവാഹം ഉണ്ടാകും. ആ വ്യാഴം നീചാംശകത്തിലോ ശത്രുഗ്രഹത്തിൻെറ അംശകത്തിലോ നിന്നാൽ ഭാൎയ്യ മരിക്കയോ ഭാൎയ്യ ഇല്ലാത്തവനാകയോ ചെയ്യും. ഏഴാംഭാവാധിപൻെറ സ്ഫുടത്തിൽനിന്നു ലഗ്നസ്ഫുടം കുറച്ചുകിട്ടുന്ന രാശിയുടെ ത്രികോണത്തിലോ, അവതമ്മിൽ കൂട്ടിയാൽ കിട്ടുന്ന രാശിയിലോ വ്യാഴം വരുമ്പോഴും ഭാൎയ്യ മരിക്കും.

ലഗ്നാൽ കാമപകാരകൌ ശുഭകരൌ വീൎയ്യാധികേ സപ്തമേ
പത്യാ സാകമുപൈതി മൃത്യുമബലാ പാപൈരയുക്തേക്ഷിതേ
കാമച്ഛിദ്രദശാപഹാരസമയേ ശുക്രാഷ്ടവൎഗ്ഗോദിതേ
രാശൌ ഭാനുസുതേ കളത്രമരണം ജീവേ തദംശാന്വിതേ.

ലഗ്നാൽ സപ്തമാധിപനും കളത്രകാരകനും ശുഭന്മാരായും പാപയോഗദൃഷ്ടികളോടുകൂടാതെയും ഇരിക്കയും, ഏഴാംഭാവത്തിന്നു ബലമുണ്ടായിരിക്കയും ചെയ്താൽ ഭാൎയ്യ ഭൎത്താവൊരുമിച്ചുതന്നെ മരിക്കും. ഏഴാംഭാവത്തിൻെറ ഛിദ്രദശാപഹാരങ്ങളിൽ ശുക്രാഷ്ടവൎഗ്ഗത്തിൽവന്ന രാശിയിൽ ശനിയും, ആ രാശ്യംശകത്തിൽ വ്യാഴവും വരുന്ന സമയം ഭാൎയ്യാമരണമുണ്ടാകും.

മദനഭവനനാഥേ പാരിജാതാദിവൎഗ്ഗേ
സുരഗുരുയുതദൃഷ്ടേ ശോഭനസ്ഥാനയാതേ
ദധിമധുഘൃതസൂപക്ഷീരപാകോപദംശൈഃ
സഹ ശുചിരുചിരാന്നം ചാരുകാന്താമുപൈതിഃ ൪൭

ഏഴാംഭാവാധിപൻ പാരിജാതാദിവൎഗ്ഗത്തിൽ ശുഭക്ഷേത്രത്തിൽ വ്യാഴദൃഷ്ടിയോടുകൂടിനിന്നാൽ തൈര്, തേൻ, നെയ്യ്, പരിപ്പ്, പാല് മുതലായവ കൂട്ടി പാകംചെയ്തു ഉപദംശത്തോടുകൂടിയതും ശുചിയുമായ ഭക്ഷണത്തെയും, മനോഹരയായ ഭാൎയ്യയെയും അനുഭവിക്കും.

അഷ്ടമഭാവഫലം—

ആയുൎദ്ദായമനിഷ്ടഹേതുമുദയവ്യോമായുരീശാൎക്കജൈ-
രുക്താം തൽ സകലം തഥാപി നിധനപ്രാപ്തിം പ്രവക്ഷ്യേ പുനഃ
അല്പായുൎവ്യയഗേഽഥവാ രിപുഗതേ പാപാന്വിതേ രന്ധ്രപേ
ലഗ്നേശേന യുതേ തു തത്ര വിബലേ ജാതോഽല്പജീവീ നരഃ

ആയുൎദ്ദായവും അനിഷ്ടകാരണവും മരണവും, ലഗ്നാധിപൻ, പത്താംഭാവാധിപൻ, അഷ്ടമാധിപൻ, ശനി ഇവരെക്കൊണ്ടും അഷ്ടമഭാവംകൊണ്ടും ചിന്തിക്കണം. അഷ്ടമാധിപൻ പാപനോടുകൂടി ൧൨-ലോ ആറിലോ നിന്നാലും ബലഹീനനായിട്ടു ലഗ്നാധിപനോടുകൂടി നിന്നാലും ജാതൻ അല്പായുസ്സായിത്തീരും.

സൌമ്യൎക്ഷേ രന്ധ്രപതൌ ചിരായുരുദയച്ഛിദ്രാധിപൌ ഷഷ്ഠഗൌ
രിഃഫസ്ഥൌ യദി വാ സമേതി മനുജോ ജാതശ്ചിരായുൎബലം

വ്യാപോരോദയരന്ധ്രരാശിപതയഃ കേന്ദ്രത്രികോണായഗാ
ദീർഘായുർവിബലാ സഭാനുതനയാ യദ്യല്പമായുർവ്വദേൽ ൪൯

അഷ്ടമാധിപൻ സ്വക്ഷേത്രത്തിലോ, ലഗ്നാധിപനോടുകൂടി ആറിലോ പന്ത്രണ്ടിലോ നിന്നാൽ ജാതൻ ദീർഘായുസ്സായിരിക്കും. ലഗ്നം, അഷ്ടമം, പത്ത് ഈ ഭാവങ്ങളുടെ അധിപന്മാർ കേന്ദ്രത്തിലോ ത്രികോണത്തിലോ പതിനൊന്നിലോ നിന്നാൽ ദീർഘായുസ്സായും, അവർ ബലഹീനന്മാരായി ശനിയോടുകൂടിനിന്നാൽ അല്പായുസ്സായും തീരും.

കർമ്മേശരന്ധ്രതനുപാ ബലശാലിനശ്ചേൽ
ജാതശ്ചിരായുരിനനന്ദനയോഗഹീനഃ
ഭാവപ്രതീവ ബലിനൌ യദി മദ്ധ്യമായു-
രേകോ ബലീ ലഘുതരായുരനായുരന്യഃ. ൫൦

പത്താംഭാവാധിപനും അഷ്ടമാധിപനും ലഗ്നാധിപനും ശനിയുടെ യോഗദൃഷ്ടികളോടുകൂടാതെ ബലവാന്മാരായിനിന്നാൽ ജാതൻ ദീർഘായുസ്സായും ഇവരിൽ ആരെങ്കിലും രണ്ടുപേർ ബലവാന്മാരായിനിന്നാൽ മദ്ധ്യമായുസ്സായും ഒരുവൻ ബലവാനായിനിന്നാൽ അല്പായുസ്സായും, മൂന്നുപേരും ബലമില്ലാതെനിന്നാൽ ആയുസ്സില്ലാത്തവനായും തീരും.

രന്ധ്രാധിപേ പാപഗൃഹോപയാതേ
ദുഃസ്ഥാനഗേ പാപയുതേഽല്പമായുഃ
ശുഭാന്വിതേ ശോഭനരാശിയുക്തേ
ശുഭേക്ഷിതേ രന്ധ്രഗതേ ചിരായുഃ. ൫൧

അഷ്ടമാധിപൻ പാപരാശിയിൽ പാപനോടുകൂടി അനിഷ്ടസ്ഥാനത്തുനിന്നാൽ അല്പായുസ്സും, ശുഭക്ഷേത്രത്തിൽ ശുഭയോഗദൃഷ്ടികളോടുകൂടി അഷ്ടമത്തിൽ നിന്നാൽ ദീർഘായുസ്സും ഉള്ളവനായിരിക്കും.

നാശസ്ഥേ തനുപേഽഥവാ നിധനപേ പാപേന യുക്തേക്ഷിതേ
മൂഢേഽദൃശ്യഗതേഽഥവാ രിപുഗതേ ജാതോ ഗതായുർഭവേൽ
ദീർഘായുർനിജതുംഗഗേ ശുഭയുതേ കേന്ദ്രത്രികോണേഽഥവാ
രന്ധ്രേ രന്ധ്രപതൌ ചിരായുരുദയം യാതേ വിലഗ്നാധിപേ.

ലഗ്നാധിപൻ അഷ്ടമത്തിലും, അഷ്ടമാധിപൻ പാപയോഗദൃഷ്ടികളോടും മൌഢ്യത്തോടുംകൂടി അദൃശ്യാർദ്ധത്തിലോ ആറാംഭാവത്തിലോ നില്ക്കുകയും ചെയ്താൽ ജാതൻ ആയുസ്സില്ലാത്തവനായും, അഷ്ടമാധിപൻ ശുഭനോടും ഉച്ചത്തോടുംകൂടി കേന്ദ്രത്രികോണത്തിലോ അല്ലെങ്കിൽ അഷ്ടമത്തിൽതന്നെയോ നില്ക്കയും, ലഗ്നാധിപൻ ലഗ്നത്തിൽ ഉണ്ടായിരിക്കയും ചെയ്താൽ ദീർഘായുസ്സായും തീരും.

ലഗ്നാദന്ത്യഗൃഹാധിപേ ബലവതി സ്വർക്ഷേ ചിരായുസ്സുധീ
ലഗ്നേശോ യദി രന്ധ്രപശ്ച ബലിനൌ കേന്ദ്രസ്ഥിതൌ ചേത്തഥാ
ആധാനോദയരാശിനോഽഷ്ടമഗൃഹാന്മേഷൂരണാം ജന്മഭം
ശുക്രജ്ഞാമരവന്ദിതേക്ഷിതയുതം യദ്യായുരാരോഗ്യവാൻ ൫൩

ലഗ്നാൽ ൧൨-ാംഭാവാധിപൻ ബലവാനായി സ്വക്ഷേത്രത്തിൽ നിന്നാലും, ലഗ്നാഷ്ടമാധിപന്മാർ ബലവാന്മാരായി കേന്ദ്രത്തിൽ നിന്നാലും ജാതൻ ദീർഘായുസ്സായി തീരും. ആധാനലഗ്നത്തിന്റെ അഷ്ടമരാശിയിൽനിന്നു പത്താംഭാവം

ജന്മലഗ്നമായും അവിടെ ശുക്രൻ ബുധൻ വ്യാഴം ഇവരുടെ യോഗദൃഷ്ടികളുണ്ടായിരിക്കയും ചെയ്താൽ ദീർഘായുസ്സും ആരോഗ്യവും ഉള്ളവനായിത്തീരും.

രന്ധ്രേശേ യദി രന്ധ്രരിഃഫഗൃഹഗേ തൽപാകഭുക്തൗ മൃതി-
ർമ്മന്ദാക്രാന്തഗൃഹേശപാകസമയേ രന്ധ്രേശഭുക്തൗ തഥാ
പാകേ രന്ധ്രഗൃഹാധിപസ്യ തദനക്രാന്തസ്യ ഭുക്തൌ തു വാ
ഖേടാനാം ബലദുർബ്ബലേന സകലം സഞ്ചിന്ത്യ യത്നാദ്വദേൽ ൭൪

അഷ്ടമാധിപൻ അഷ്ടമത്തിലോ പന്ത്രണ്ടിലോ നിന്നാൽ അവന്റെ ദശാപഹാരത്തിലോ ശനി നില്ക്കുന്ന രാശ്യധിപന്റെ ദശയിലോ അഷ്ടമാധിപന്റെ ദശാപഹാരത്തിലോ അഷ്ടമത്തിലോ അഷ്ടമത്തിൽ ചേർന്നോ നില്ക്കുന്ന ഗ്രഹത്തിന്റെ അപഹാരത്തിലോ ജാതന്നു മരണം സംഭവിക്കാം. ഇതൊക്കെയും ഗ്രഹങ്ങളുടെ ബലാബലത്തെ അനുസരിച്ചു വിചാരിച്ചുകൊള്ളണം.

ലഗ്നേശേ നിധനാരിരിഃഫഗൃഹഗേ രാഹൗ സകേതൗ തു വാ
ഹോരാരന്ധ്രപസംയുതഗ്രഹദശാ ജാതസ്യ മൃത്യുപ്രദാ
തൽകോണാനപിതരാശിനായകദശാ നാശപ്രദാ ദേഹിനാം
ഖേടാനാം പ്രഥമാഗതസ്യ ഫണിനഃ പാകാപഹാരേ ക്രമാൽ ൭൫

ലഗ്നാധിപൻ രാഹുവിനോടോ കേതുവിനോടോ കൂടി ൮-൬-൧൨ ഈ ഭാവങ്ങളിൽ നിന്നാൽ ലഗ്നാധിപനോടോ അഷ്ടമാധിപനോടോ ചേർന്നു നില്ക്കുന്ന ഗ്രഹത്തിന്റെ ദശയും ലഗ്നാധിപന്റെയും അഷ്ടമാധിപന്റെയും ത്രികോണരാശ്യധിപന്മാരുടെ ദശയും, രാഹുദശയിൽ ക്രമം അനുസരിച്ചു ആദ്യം വരുന്ന പാപഗ്രഹങ്ങളുടെ അപഹാരകാലവും ജാതന്നു മരണത്തെ കൊടുക്കുന്നതാകുന്നു.

വ്യാപാരരന്ധ്രതനുനാഥശനൈശ്ചരാണാം
മദ്ധ്യേ വിധുന്തുദയുതോ വിബലഗ്രഹോ യഃ
തൽപാകഭുക്തിസമയേ മരണം നരാണാം
തദ്ദൃക്തവീക്ഷകനഭോഗദശാന്തരേ വാ. ൭൬

പത്ത്, എട്ട്, ലഗ്നം ഈ ഭാവങ്ങളുടെ നാഥന്മാർ, ശനി, ഇവരിൽ വെച്ചു ബലമില്ലാതെ രാഹുവിനോടുകൂടി നില്ക്കുന്ന ഗ്രഹം ഏതാണോ ആ ഗ്രഹത്തിന്റെ ദശാപഹാരങ്ങളിലൊ അവനോടുചേർന്നും അവനെ നോക്കിയും നില്ക്കുന്ന ഗ്രഹത്തിന്റെ ദശയിലൊ മരണം സംഭവിക്കാം.

നാശേ നാശപതൗ തു തൽഗ്രഹദശാഭുക്തൗ സമേത്യാമയം
ലഗ്നേ ലഗ്നപതൗ തു ലഗ്നപദശാഭുക്തൗ ശരീരാർത്തിഭാക്
പശ്ചാദാമയനാശനം തനുസുഖം മോദശ്ച സംജായതേ
രന്ധ്രേശേ ബലസംയുതേ തനുപതേർദ്ദായേ മൃതിർദ്ദേഹിനാം

അഷ്ടമാധിപൻ അഷ്ടമത്തിൽ നിന്നാൽ അവന്റെ ദശാപഹാരങ്ങളിൽ രോഗവും, ലഗ്നാധിപൻ ലഗ്നത്തിൽനിന്നാൽ അവന്റെ ദശാപഹാരങ്ങളിൽ ദേഹപീഡയും അവരുടെ ദശാകാലം കഴിഞ്ഞാൽ പിന്നെ രോഗനാശവും ദേഹസുഖവും മോദവും ഉണ്ടാകും. അഷ്ടമാധിപന്നു ലഗ്നാധിപനെക്കാൾ ബലമുണ്ടെങ്കിൽ ലഗ്നാധിപദശയിൽ മരണം സംഭവിക്കുകയും ചെയ്യും.

ജാതസ്യ ജന്മസമയേ വിബലേ വിലഗ്നേ
ലഗ്നേശരന്ധ്രപതിപാകമതീവ കഷ്ടം

പശ്ചാദതീവ സുഖമേതി വിലഗ്നനാഥേ
വീര്യാധികേ നിധനപസ്യ മൃതിർദശായാം. ൭൯

ജന്മലഗ്നത്തിന്നു ബലമില്ലാതിരുന്നാൽ ലഗ്നാഷ്ടമാധിപന്മാരുടെ ദശാകാലം ഏററവും കഷ്ടമാകുന്നു. ലഗ്നാധിപൻ ബലവാനായിരുന്നാൽ ദശാകാലം കഴിഞ്ഞതിന്നു ശേഷം വളരെ സുഖവും, അഷ്ടമാധിപൻെറ ദശയിൽ മരണവും ഉണ്ടാകും.

ദേഹേശേ ച വിനാശപേ ബലയുതേ കേന്ദ്രത്രികോണസ്ഥിതേ
തദ്യുക്തഗ്രഹപാകഭുക്തിസമയേ രോഗാപവാദഃ ഫലം
രന്ധ്രേശസ്തനുപശ്ച ഖേചരയുതൗ കേന്ദ്രത്രികോണസ്ഥിതൗ
രന്ധ്രസ്ഥാനഗതസ്യ പാകസമയേ മൃത്യും സമേതി ധ്രുവം

ലഗ്നാധിപനും അഷ്ടമാധിപനും ബലവാന്മാരായി കേന്ദ്രത്രികോണത്തിൽ നിന്നാൽ അവരോട്ടു ചേർന്നുനില്ക്കുന്ന ഗ്രഹത്തിൻെറ ദശാപഹാരസമയത്തിൽ രോഗം അപവാദം മുതലായവ ഫലം. ലഗ്നാഷ്ടമാധിപന്മാർ ഗ്രഹങ്ങളോടുകൂടി കേന്ദ്രത്രികോണത്തിൽ നിന്നാൽ അഷ്ടമത്തിൽ നില്ക്കുന്ന ഗ്രഹത്തിൻെറ ദശയിൽ ജനൻ മരണത്തെ പ്രാപിക്കും.

നോ ചേദഷ്ടമഖേചരോ യദി തനുപ്രാപ്ത്യേന സഞ്ചിന്തയേ-
ന്മന്ദേ ലഗ്നഗതേഥവാഷ്ടമഗതേ തൽപാകഭുക്തൗ മൃതിഃ
രന്ധ്രേശോദയനായകൗ സഖചരൗ യുക്തഗ്രഹോ ദുർബലോ
യസ്തസ്യ ദ്യുചരസ്യ പാകസമയേ ഭുക്തൗ ച മൃത്യും വദേൽ ൮൦

അഷ്ടമത്തിൽ ഗ്രഹം ഇല്ലെങ്കിൽ ലഗ്നത്തിൽ ഉള്ള ഗ്രഹത്തെക്കൊണ്ടു ഫലത്തെ വിചാരിക്കണം. ശനി, ലഗ്നത്തിലോ അഷ്ടമത്തിലോ നിന്നാൽ അവൻെറ ദശാപഹാരങ്ങളിൽ മരണം സംഭവിക്കും. അഷ്ടമാധിപനും ലഗ്നാധിപനും ഏതു ഗ്രഹങ്ങളോടുകൂടി നില്ക്കുന്നുവോ അവരിൽ ബലമില്ലാത്ത ഗ്രഹത്തിൻെറ ദശയിലോ അപഹാരത്തിലോ മരണമുണ്ടാകും.

ലഗ്നാൽ പഞ്ചമരാശിപേന സഹിതവ്യോമാടനാനാം ദശാ-
സംഖ്യാ ഭാനുഹൃതാവശേഷഗൃഹഗേ മൃത്യും ദിനേശേ സതി
പുത്രേശേന വിയച്ചരേണ സഹിതസ്യാബ്ദേന സഞ്ചിന്തയേൽ
ലഗ്നേശേന യുതാബ്ദമംഗവിഹൃതം സംക്രാന്തി പൂർവ്വാ ദിനം

ലഗ്നാൽ പഞ്ചമരാശ്യധിപനോടു ചേർന്നിട്ടുള്ള ഗ്രഹങ്ങളുടെ ദശാസംവത്സരസംഖ്യയെ പന്ത്രണ്ടുകൊണ്ടു ഹരിച്ചു കിട്ടുന്ന രാശിയിൽ സൂര്യൻ വരുമ്പോൾ മരണകാലമാകുന്നു. അഞ്ചാംഭാവാധിപനോടു ചേർന്നുനില്ക്കുന്ന ഗ്രഹങ്ങളുടെ ദശാസംവത്സരവും ലഗ്നാധിപനോടു ചേർന്നുനില്ക്കുന്ന ഗ്രഹങ്ങളുടെ ദശാസംവത്സരവും കൂടി കൂട്ടി മുപ്പതുകൊണ്ടു ഹരിച്ചു കിട്ടുന്ന സംഖ്യയോളവും തീയതി ആ മാസത്തിൽ ചെല്ലുമ്പോഴും മരണം സംഭവിക്കാം.

ത്രികോണേ കേന്ദ്രേ വാ യദി പിതൃതനുക്ഷേത്രപതയോ
ദശാഭുക്തൗ തേഷാമനുമരണമാഹുർമുനിഗണാഃ
സഭൗമേ മന്ദാഢ്യേ ഫണിയുജി തു വേന്ദൗ നിധനഗേ
തദാപസ്മാരസ്തസ്മാന്മരണമഥവേന്ദൗ കൃശതനൗ.

പിതൃസ്ഥാനാധിപൻ ലഗ്നാധിപൻ നാലാംഭാവാധിപൻ ഇവർ ത്രികോണത്തിലോ കേന്ദ്രത്തിലോ നിന്നാൽ അവരുടെ ദശാപഹാരങ്ങളിൽ മരണമുണ്ടാകും.

എന്ന് മുനിമാർ പറയുന്നു. ചന്ദ്രൻ കുജനോടോ ശനിയോടോ രാഹുവിനോടുകൂടി എട്ടാമിടത്തിൽ നിന്നാലും അല്ലെങ്കിൽ ക്ഷീണചന്ദ്രൻ അഷ്ടമത്തിൽ നിന്നാലും അവരുടെ ദശാപഹാരങ്ങളിലും അപസ്മാരരോഗത്താൽ മരണം ഉണ്ടാകാം.

ചന്ദ്രേ വിത്തഗതേഥവാ നിധനഗേ ജാതോ ബഹുസ്വേദവാൻ
കർമ്മസ്ഥാനഗതേ കുജേ ബുധയുതേ ദുർഗന്ധദേഹോ ഭവേൽ
പാപേ രന്ധ്രഗതേ തു പാപസഹിതേ രോഗപ്രമാദാകരഃ
സൌമ്യവ്യോമചരേഽതിശോഭനയുതേ ജാതസ്സമോദഃ സുഖീ ൩൩

ചന്ദ്രൻ രണ്ടിലോ അഷ്ടമത്തിലോ നിന്നാൽ ജാതൻ എപ്പോഴും വിയർപ്പുള്ളവനാണും, കുജൻ ബുധനോടുകൂടി പത്തിൽനിന്നാൽ ദേഹത്തിൽ ദുർഗന്ധമുള്ളവനായും, പാപൻ പാപനോടുകൂടി അഷ്ടമത്തിൽ നിന്നാൽ രോഗവും പ്രമാദവും (സ്ഥിരതയില്ലായ്കയും) ഉള്ളവനായും, ശുഭൻ ശുഭനോടുകൂടി അഷ്ടമത്തിൽ നിന്നാൽ സന്തോഷമുള്ളവനും സുഖിയും ആയുംതീരും.

നവമഭാവഫലം—

ഭാഗ്യപ്രഭാവഗുരുധർമ്മതപശ്ശുഭാനി
സഞ്ചിന്തയേന്നവമഭേവപുരോഹിതാഭ്യാം
ഭാഗ്യേശദേവസചിവൌ ശുഭവർഗയാതൌ
ഭാഗ്യേ ശുഭഗ്രഹയുതേ സമുപൈതി ഭാഗ്യം ൩൪

ഭാഗ്യം പ്രഭാവം, ഗുരു (അച്ഛൻ ആചാര്യൻ മുതലായവർ) ധർമ്മം, തപസ്സ്, ശുഭം ഇവയെ ഒൻപതാംഭാവംകൊണ്ടും വ്യാഴംകൊണ്ടും ചിന്തിക്കണം. ഒൻപതാംഭാവാധിപനും വ്യാഴവും ശുഭാംശകത്തിൽ നിൽക്കയും ഒൻപതിൽ ശുഭന്മാർ ഉണ്ടായിരിക്കയും ചെയ്താൽ സൌഭാഗ്യവും ഭാഗ്യവും ഉണ്ടാകും.

പാപാരിനീചരവിലുപ്തകരാ നഭോഗാ
ഭാഗ്യസ്ഥിതാ യദി യശോധനധർമ്മഹീനഃ
പാപോപി തുംഗനിജമിത്രഗൃഹോപഗശ്ചേൽ
ഭാഗ്യേ തു ഭാഗ്യഫലദഃ സതതം നരാണാം ൩൫

പാപന്മാരും, ശത്രുക്ഷേത്രസ്ഥിതി, നീചം, മൌഢ്യം ഇവയോടുകൂടിയ ഗ്രഹങ്ങളും ഒൻപതിൽ നിന്നാൽ കീർത്തി, ധനം, ധർമ്മം, ഇവയില്ലാത്തവനാകും. പാപനാണെങ്കിലും ഉച്ചം സ്വക്ഷേത്രം ബന്ധുക്ഷേത്രം ഇവയോടുകൂടി ഒൻപതിൽ നിന്നാൽ എപ്പോഴും ഭാഗ്യഫലം സിദ്ധിക്കും.

സൌമ്യസ്വാമിയുതേക്ഷിതം നവമഭം ഭാഗ്യപ്രദം പ്രാണിനാം
തദ്രാശീശസമേതരാശിരമണോ ഭാഗ്യസ്യ കർത്താ ഭവേൽ
ഭാഗ്യേശഃ പരിപാചകോ ഭവതിചേൽ പുത്രേശ്വരോ ബോധന-
സ്തുംഗസ്വർക്ഷഗൃഹാശ്രിതോ യദി ചിരം ഭാഗ്യം പ്രകുർവ്വന്തിതേ

ഒൻപതിൽ ശുഭന്മാരുടേയോ ഒൻപതാംഭാവാധിപതിയുടേയോ യോഗദൃഷ്ടികളുണ്ടെങ്കിൽ ജാതൻ ഭാഗ്യമുള്ളവനായിരിക്കും. ഒൻപതാംഭാവാധിപൻനിന്ന രാശിയുടെ അധിപൻ ഭാഗ്യത്തെ കൊടുക്കുന്നവനാകുന്നു. ഭാഗ്യാധിപൻ ഭാഗ്യത്തിന്റെ പാകത്തെ ചെയ്യുന്നവനാണെങ്കിൽ അഞ്ചാംഭാവാധിപൻ ഭാഗ്യത്തിന്റെ ബോധകനാകുന്നു. ഇവക്ക് ഉച്ചം, സ്വക്ഷേത്രം ഇവയുണ്ടെങ്കിൽ വളരെക്കാലം ഭാഗ്യലബ്ധിയുണ്ടായിരിക്കും.

ഭാഗ്യസ്ഥേ ദശവർഗ്ഗജോച്ചഭവനസ്വാംശസ്ഥിതേ പഞ്ചകേ
ഭാഗ്യം ശ്രീവിപുലം സമേതി സതതം തൽസ്വാമിയുക്തേക്ഷിതഃ
ചത്വാരോ ബലശാലിനോ നവമഗാ ഭാഗ്യം പ്രയച്ഛന്തി തേ
തുംഗസ്വാംശഗതാഃ സ്വദേശവിഭവം ത്വന്യത്ര ചാന്യാംശഗാഃ

അഞ്ചുഗ്രഹങ്ങൾ ദശവർഗ്ഗബലം ഉച്ചം, സ്വക്ഷേത്രം സ്വാംശകം, ഇവയോടു കൂടി ഒൻപതിൽ നില്ക്കയും ഒൻപതാംഭാവത്തിന്ന തൽസ്വാമിദൃഷ്ടിയോഗങ്ങളുണ്ടായിരിക്കയും ചെയ്താൽ സമ്പത്സമൃദ്ധി, ഭാഗ്യം ഇവ എന്നും ഉണ്ടായിരിക്കും. നാലുഗ്രഹങ്ങൾ ബലവാന്മാരായി ഒൻപതിൽ നിന്നാൽ ഭാഗ്യം ഉണ്ടായിരിക്കും. അവർ ഉച്ചം വർഗ്ഗോത്തമാംശകം, ഇവയോടുകൂടി നിന്നാൽ ഭാഗ്യാനുഭവം സ്വദേശത്തും, അന്യാംശകത്തിൽ നിന്നാൽ ഭാഗ്യാനുഭവം അന്യദേശത്തും ആയിരിക്കും.

ഭാഗ്യേ തൽപതിശോഭനേക്ഷിതയുതേ ഭാഗ്യം സമേതി ധ്രുവം
ധർമ്മേ പാപയുതേ ഭൃഗൌ ശശിനി വാ ജാതോ ഗുരുസ്ത്രീരതഃ
ദൃഷ്ടേഽർക്കേണ ഗുരൌ നൃപഃ ക്ഷിതിജജേ മന്ത്രീ ബുധേനാർത്ഥവാൻ
ശുക്രേണാശ്വപതിഃ സുഖീ തു ശശിനാ മന്ദേന ചോഷ്ട്രാദിഭാക്

ഒൻപതിൽ തദധിപനെൻറയോ ശുഭന്മാരുടെയോ യോഗമോ ദൃഷ്ടിയോ ഉണ്ടായിരുന്നാൽ നിശ്ചയമായും ഭാഗ്യം ഉണ്ടാകും. അവിടെ പാപനോടുകൂടിയ ശുക്രനോ ചന്ദ്രനോ നിന്നാൽ ജാതൻ ഗുരുഭാര്യയിൽ രമിക്കുന്നവനായിത്തീരും. ഒൻപതിൽ നില്ക്കുന്ന വ്യാഴത്തിന്ന് സൂര്യദൃഷ്ടിയുണ്ടായിരുന്നാൽ രാജാവായും കുജദൃഷ്ടിയുണ്ടായിരുന്നാൽ മന്ത്രിയായും, ബുധദൃഷ്ടിയുണ്ടായിരുന്നാൽ ധനവാനായും, ശുക്രദൃഷ്ടിയുണ്ടായിരുന്നാൽ കുതിരകളുള്ളവനായും ചന്ദ്രദൃഷ്ടിയുണ്ടായിരുന്നാൽ സുഖിയായും ശനിദൃഷ്ടിയുണ്ടായിരുന്നാൽ ഒട്ടകം മുതലായവ ഉള്ളവനായും ഭവിക്കും.

വിദ്വാൻ വാരണഗോതുരംഗധനവാനിന്ദ്വർക്കദൃഷ്ടേ ഗുരൌ
സേനാവാഹനരത്നവാൻ നവമഗേ ജീവേ കുജാർക്കേക്ഷിതേ
വിദ്യാവാദവിനോദവിത്തവിപുലഃ സൂര്യേന്ദുജാലോകിതേ
ശുക്രാദിത്യനിരീക്ഷിതേ വിനയവാൻ ജീവേ തപഃസ്ഥാനഗേ.

ഒൻപതിൽ നില്ക്കുന്ന വ്യാഴത്തെ, സൂര്യചന്ദ്രന്മാർ നോക്കിയാൽ വിദ്വാനും ആന, കാള, പശു, കുതിര, ധനം ഇവയോടുകൂടിയവനും, സൂര്യകുജന്മാർ നോക്കിയാൽ സൈന്യം, വാഹനം, രത്നം ഇവയോടുകൂടിയവനും സൂര്യബുധന്മാർ നോക്കിയാൽ, വിദ്യാവാദത്തെ ചെയ്യുന്നവനും വളരെ ധനം ഉള്ളവനും, സൂര്യശുക്രന്മാർ നോക്കിയാൽ വിനയമുള്ളവനും ആയിത്തീരും.

മന്ദാദിത്യനിരീക്ഷിതേ ഗുണനിധിഃ പ്രാജ്ഞോ ബഹുഗ്രാമവാൻ
ജീവേ ചന്ദ്രകുജേക്ഷിതേ പൃഥുയശാസ്സേനാസുഖശ്രീയുതഃ
താരേശേന്ദുജവീക്ഷിതേ ഗൃഹസുഖശ്രേഷ്ഠാർത്ഥശയ്യാസനഃ
ശുക്രേന്ദുപ്രവിലോകിതേ വിതനയഃ ശൂരോ ധനീ കർമ്മകൃൽ

ഒൻപതിൽ നില്ക്കുന്ന വ്യാഴത്തെ സൂര്യശനികൾ നോക്കിയാൽ ഗുണനിധിയും വിദ്വാനും, വളരെ ഗ്രാമങ്ങളുള്ളവനും ചന്ദ്രകുജന്മാർ നോക്കിയാൽ വളരെ കീർത്തിയും സൈന്യവും സുഖവും സമ്പത്തും ഉള്ളവനും ചന്ദ്രബുധന്മാർനോക്കിയാൽ ഗൃഹസുഖം ശ്രേഷ്ഠധനം നല്ല കിടക്ക, നല്ലപീഠം, ഇവയുള്ളവനും, ചന്ദ്രശുക്രന്മാർ നോക്കിയാൽ പുത്രനില്ലാത്തവനും ശൂരനും ധനവാനും എല്ലാകർമ്മങ്ങളും ചെയ്യുന്നവനും ആയിത്തീരും.

ചന്ദ്രാദിത്യസുരേക്ഷിതേ തു ഗുണവാൻ വാദീ വിദേശം ഗതോ
ജീവേ ശുക്രബുധേക്ഷിതേ നവമഗേ വിദ്യാധികോ ജായതേ
സർവ്വവ്യോമചരേക്ഷിതേ നരവരോ രാജാ ബഹുദ്രവ്യവാൻ
സൌമ്യാഃ സ്ഥാവരവിത്തരാജ്യഫലദാഃ സർവ്വേ തപഃസ്ഥാനഗാഃ

ഒൻപതിൽ നിൽക്കുന്ന വ്യാഴത്തെ, ചന്ദ്രശനികൾ നോക്കിയാൽ ഗുണവാനും വാദിയും അന്യദേശത്തു സഞ്ചരിക്കുന്നവനും, ബുധശുക്രന്മാർ നോക്കിയാൽ വളരെ വിദ്യയുള്ളവനും, എല്ലാ ഗ്രഹങ്ങളും നോക്കിയാൽ രാജാവും ബഹുദ്രവ്യവാനും, എല്ലാ ശുഭന്മാരും ഒൻപതിൽ നിന്നാൽ സ്ഥാവരവാനും, രാജ്യം ഇവയുള്ളവനും ആയിത്തീരും.

ഭാഗ്യസ്ഥേ ശശിനി പ്രഭാകരസുതജ്ഞാരേക്ഷിതേ ഭൂപതി-
സ്തുംഗവ്യോമചരേ തപഃസ്ഥലഗതേ ഭൂപശ്ശുഭാലോകിതേ
സേന്ദൌ തിഗ്മകരേ കളത്രധനികോ നേത്രാമയാർത്തോ ഭവേൽ
ദുഃഖീ വാദരതഃ കുജേന സഹിതേ ഭാനൌ നൃപാലപ്രിയഃ ൭െ

ഒൻപതിൽ നിൽക്കുന്ന ചന്ദ്രന് ശനി, ബുധൻ, കുജൻ ഇവരുടെ ദൃഷ്ടിയുണ്ടായിരുന്നാലും, ഉച്ചമുള്ള ഗ്രഹം ഒൻപതിൽ ശുഭദൃഷ്ടിയോടുകൂടി നിന്നാലും, ജാതൻ രാജാവായിത്തീരും. സൂര്യചന്ദ്രന്മാർ ഒൻപതിൽ നിന്നാൽ ഭാര്യമൂലം ധനികനായും നേത്രരോഗിയായും, സൂര്യകുജന്മാർ ഒന്നിച്ചുനിന്നാൽ ദുഃഖിയും വാദത്തിൽ താല്പര്യമുള്ളവനും, രാജപ്രിയനുമായും തീരും.

ഭാനൌ സേന്ദുസുതേ സപത്നബഹുളോ ദുഃഖീ രുഗാർത്തസ്തദാ
വാഗീശേന യുതേ പിതൃപ്രിയകരോ ജാതഃ സ്വയം വിത്തവാൻ
രോഗീ ശുക്രയുതേ രവൌ ശനിയുതേ രുഗ്ണഃ പിതാകുക്ഷിരുക്
ചന്ദ്രേ സാവനിനന്ദനേ തു ജനനീഹന്താ ധനീ ത്യാഗവാൻ. ൭ർ

ഒൻപതിൽ സൂര്യബുധന്മാർ നിന്നാൽ വളരെ ശത്രുക്കളുള്ളവനും, ദുഃഖിയും, രോഗാർത്തനും, സൂര്യഗുരുക്കൾ നിന്നാൽ അച്ഛന് പ്രിയനും തനിയേ ധനവാനും, സൂര്യശുക്രന്മാർ നിന്നാൽ രോഗിയും, സൂര്യനും ശനിയും നിന്നാൽ രോഗിയും അച്ഛൻ ഉദരവ്യാധിയോടുകൂടിയവനും, ചന്ദ്രകുജന്മാർ നിന്നാൽ അമ്മയെ കൊല്ലുന്നവനും (അമ്മ മരിക്കുമെന്നു സാരം) ധനവാനും ദാനശീലനുമായും തീരും.

വാഗ്മീ ശാസ്ത്രകലാപവാൻ നവമഗേ ചന്ദ്രേ സതാരാസുതേ
സേന്ദൌ മന്ത്രിണി ധീരധീർനരവരഃ ശ്രീമാൻ ഗുരുസ്ഥാനഗേ
താരേശേ കലടാപതിസ്സഭൃഗുജേ സാപത്നമാതൃപ്രിയ-
ശ്ചന്ദ്രേ മന്ദയുതേ വിധർമ്മഗുണവാൻ മാതാ കുലപ്രച്യുതാ. ൭ൈ

ഒൻപതിൽ ചന്ദ്രൻ, ബുധനോടുകൂടി നിന്നാൽ വാഗ്മിയും ശാസ്ത്രജ്ഞനുമായും, വ്യാഴത്തോടുകൂടി നിന്നാൽ ധൈര്യവാനും രാജാവും ശ്രീമാനുമായും, ശുക്രനോടുകൂടി നിന്നാൽ വേശ്യാപതിയും ചെറിയമ്മ വലിയമ്മ മുതലായവരിൽ ഇഷ്ടമുള്ളവനായും, ശനിയോടുകൂടിനിന്നാൽ ധർമ്മവും ഗുണവും ഇല്ലാത്തവനും ആയും അമ്മ ഭ്രഷ്ടയായും ഭവിക്കും.

ശാസ്ത്രീ ഭോഗസുഖീ കുജേ ബുധയുതേ സേന്ദ്വേ ധനീ പൂജിതഃ
ശുക്രേണ ദിവധൂപതിഃ സഹകുജേ വാദീ വിദേശം ഗതഃ
ഭാനൌ ഭാനുസുതാന്വിതേ നവമഗേ പാപീ പരസ്ത്രീരതഃ
സൌമ്യേ സാമരവന്ദിതേ പടുമതിർവിഭവാൻ ധനീ പണ്ഡിതഃ

അക്കാദമി

ഒൻപതിൽ കുജൻ, ബുധനോടുകൂടി നിന്നാൽ ശംസ്രുജ്ഞനും സുഖിയുമായും, വ്യാഴത്തോടുകൂടി നിന്നാൽ ധനവാനും പൂജിതനുമായും, ശുക്രനോടുകൂടി നിന്നാൽ രണ്ടുഭാര്യയുള്ളവനും, വാദിയും അന്യദേശത്തു പോകുന്നവനുമായും, ഒൻപതിൽ സൂര്യൻ ശനിയോടുകൂടി നിന്നാൽ പാപിയും പരസ്ത്രീരതനുമായും ബുധൻ വ്യാഴത്തോടു ചേൻനിന്നാൽ ബുദ്ധിസാമർത്ഥ്യമുള്ളവനും വിദ്വാനും ധനവാനും പണ്ഡിതനുമായും ഭവിക്കും.

പ്രാജ്ഞോ ഗീതരതിപ്രിയഃ സഭൃഗുജേ ചന്ദ്രാത്മജേ പണ്ഡിതഃ
സൌമ്യേ മന്ദയുതേ തു രോഗതനുകോ വിത്താധികഃ സത്യവാക്
ജീവേ ശുക്രയുതേ ചിരായുരധികശ്രീമാൻ സമന്ദേ ഗുരൌ
രോഗീ രത്നധനഃ സിതേ ശനിയുതേ ഭൂപാലതുല്യോ ഭവേൽ ൬

ഒൻപതിൽ ബുധശുക്രന്മാർ നിന്നാൽ അറിവുള്ളവനും സംഗീതത്തിലും രതിയിലും പ്രിയനും പണ്ഡിതനും. ബുധനും ശനിയും നിന്നാൽ രോഗിയും വളരെ ധനമുള്ളവനും സത്യവാക്കും, ഗുരുശുക്രന്മാർ നിന്നാൽ ദീർഘായു ം വളരെ സമ്പത്തുള്ളവനും. വ്യാഴവും ശനിയും നിന്നാൽ രോഗിയും രത്നധനമുള്ളവനും, ശുക്രനും ശനിയും നിന്നാൽ രാജതുല്യനുമായി ഭവിക്കും.

രവീന്ദുഭൌമാ നവമോപയാതാ
യദി ക്ഷതാംഗഃ പിതൃമാതൃഹീനഃ
ഹിംസീ വികർമ്മാ രവിചന്ദ്രസൌമ്യാ
രവീന്ദുജീവാഃ സുഖവാഹനാഢ്യഃ ൭

ഒൻപതിൽ സൂര്യനും ചന്ദ്രനും കുജനും നിന്നാൽ ശരീരത്തിൽ മുറിവുള്ളവനും, അച്ഛനമ്മമാരില്ലാത്തവനും, സൂര്യചന്ദ്രബുധന്മാർ നിന്നാൽ കൊലചെയ്യുന്നവനും കർമ്മദോഷമുള്ളവനും, സൂര്യചന്ദ്രഗുരുക്കൾ നിന്നാൽ സുഖവും വാഹനങ്ങളുമുള്ളവനായിത്തീരും.

ചന്ദ്രാർക്കൌ സസിതൌ ബുധഃ കലഹകൃൽ രാജപ്രിയോ വിത്തഹാ
ഭാഗ്യസ്ഥൌ രവിശീതഗൂ ശനിയുതൌ ഭൃത്യോ വിരോധീ സതാം
രവ്യാരൌ സബുധൌ തു തത്ര സുഭഗഃ ക്രുദ്ധോ വിവാദപ്രിയഃ
സേജ്യൌ ദേവപിതൃപ്രിയഃ സുതവധൂവിത്താന്വിതോ ജായതേ.

ഒൻപതിൽ, സൂര്യചന്ദ്രശുക്രന്മാർ നിന്നാൽ വിദ്വാനും കലഹിയും രാജപ്രിയനും ധനത്തെ നശിപ്പിക്കുന്നവനും ആയും, സൂര്യചന്ദ്രശനികൾ നിന്നാൽ ഭൃത്യനും സജ്ജനവിരോധിയും ആയും സൂര്യകുജബുധന്മാർ നിന്നാൽ സുന്ദരനും കോപിയും വാദപ്രിയനും ആയും സൂര്യകുജഗുരുക്കൾ നിന്നാൽ ദേവന്മാരിലും പിതൃക്കളിലും ഭക്തിയുള്ളവനും, പുത്രന്മാരും ഭാര്യയും ധനവും ഉള്ളവനും ആയും ഭവിക്കും.

സൂര്യാരൌ സസിതൌ വിവാദനിരതഃ കോപീ വധൂഭൂഷകഃ
ഛായാസൂനുയുതൌ വിബന്ധുരധനോ ദുഷ്ടഃ പിതുർമ്മാരകഃ
ധർമ്മസ്ഥൌ രവിചന്ദ്രജൌ ഗുരുയുതൌ രാജപ്രിയോ വിത്തവാൻ
സാർക്കൌ രാജസമഃ സഭാനുതനയൌ പാപീ പരസ്ത്രീപതിഃ

ഒൻപതിൽ സൂര്യകുജശുക്രന്മാർ നിന്നാൽ വാദരതനും കോപിയും സ്ത്രീഭൂഷകനും, സൂര്യകുജശനികൾ നിന്നാൽ ബന്ധുക്കളില്ലാത്തവനും നിർധനനും ദുഷ്ടനും അച്ഛനെ മരിപ്പിക്കുന്നവനും, സൂര്യബുധഗുരുക്കൾ നിന്നാൽ രാജപ്രിയനും ധനവാനും, സൂര്യബുധശുക്രന്മാർ നിന്നാൽ രാജതുല്യനും, സൂര്യബുധശനികൾ നിന്നാൽ പാപിയും അന്യസ്ത്രീയിൽ ഗമിക്കുന്നവനും ആയിത്തീരും.

ജീവാക്കൌ സസിതൌ ശുഭേ പരവധൂസക്തോ ധനീ പണ്ഡിതഃ
സാക്കീജീവദിവാകരൌ യദി വിടസ്വാമീ തപഃസ്ഥാനഗൌ
ആദിത്യാസിരഭാഗ്ഗ്വാ നവമഗാ ഹീനോ ധ്രുപൈൎദണ്ഡിതോ
ബാല്യേ ദുഃഖയുതഃ സുഖീ ച പരതശ്ചന്ദ്രാരശീതാംശുജാഃ

ഒൻപതിൽ ഗുരുസൂൎയ്യന്മാർ ശുക്രനോടുകൂടി നിന്നാൽ പരസ്ത്രീസക്തനും ധനവാനും പണ്ഡിതനും ആയും. ശനിയോടുകൂടി നിന്നാൽ വിടാധിപനായും, സൂൎയ്യനും ശനിയും ശുക്രനും നിന്നാൽ നീചനും രാജശിക്ഷയേററവനും, ചന്ദ്രനും കുജനും ബുധനും നിന്നാൽ ബാല്യത്തിൽ ദുഃഖിയും പിന്നീടു സുഖിയും ആയും ഭവിക്കും.

ദേവാരാധനതൽപരോ നവമഗൈശ്ചന്ദ്രാരവാഗീശ്വരൈർ-
ജാതോ നഷ്ടകളത്രവാൻ ക്ഷതതനുഃ ശുക്രേന്ദുഭൂനന്ദനൈഃ
ക്ഷുദ്രോ മാതൃഹരോ മഹീപതിസമശ്ചന്ദ്രാരസൂൎയ്യാത്മജൈ-
രാചാൎയ്യോ ധനവാൻ വിഭുശ്ച രജനീനാഥജ്ഞദേവാച്ചിതൈഃ

ഒൻപതിൽ ചന്ദ്രകുജഗുരുക്കൾ നിന്നാൽ ദേവശുശ്രൂഷയിൽ തല്പരനായും, ചന്ദ്രകുജശുക്രന്മാർ നിന്നാൽ ഭാൎയ്യ നശിച്ചവനും ദേഹത്തിൽ മുറിവുള്ളവനും ആയും, ചന്ദ്രകുജശനികൾ നിന്നാൽ നീചനും അമ്മയെ മരിപ്പിക്കുന്നവനും രാജസദൃശനും, ആയും ചന്ദ്രകുജഗുരുക്കൾ നിന്നാൽ ആചാൎയ്യനും ധനവാനും പ്രഭുവും ആയും തീരും.

മാതുസ്സപത്നീജനകോ വിഭുഃ സ്യാൽ
ചന്ദ്രജ്ഞശുക്രാ നവമോപയാതാഃ
പാപീ വിവാദപ്രിയബുദ്ധിയുക്തോ
ജാതഃ സുധാരശ്മിബുധാൎക്കപുത്രാഃ വ്ന

ഒൻപതിൽ ചന്ദ്രബുധശുക്രന്മാർ നിന്നാൽ ജാതൻ അച്ഛന്റെ രണ്ടാംവിവാഹത്തിന്നു കാരണഭൂതനായും, വിഭുവായും, ചന്ദ്രബുധശനികൾ നിന്നാൽ പാപിയും, വ്യവഹാരപ്രിയനും ആയും ഭവിക്കും.

ചന്ദ്രാമരേഡ്യൌ സസിതൌ മഹീപഃ
സാക്കാത്മജൌ സൽഗുണകൎമ്മശീലഃ
മന്ദജ്ഞശുക്രാ നരപാലതുല്യഃ
കൃഷിക്രിയാവിത്തപരോ ഗുരുസ്ഥാഃ. വ്ര

ഒൻപതിൽ ചന്ദ്രഗുരുശുക്രന്മാർ നിന്നാൽ രാജാവായും, ചന്ദ്രഗുരുശനികൾ നിന്നാൽ സൽഗുണവും സൽകൎമ്മവും ഉള്ളവനായും ശനിബുധശുക്രന്മാർ നിന്നാൽ രാജതുല്യനും കൃഷിയിലും ധനാൎജ്ജനത്തിലും തൽപരനും ആയുംതീരും.

രാജപ്രിയോ മാണ്ഡലികസ്സജീവോ
ഭാഗ്യസ്ഥിതൌ ഭൂസുതചന്ദ്രപുത്രൌ
ശാസ്ത്രീ സശുക്രൌ ചപലശ്ച ഭീരുഃ
സഭാനുജൌ വാദപരഃ സമൎത്ഥഃ വ്ര

ഒൻപതിൽ കുജബുധന്മാർ, വ്യാഴത്തോടുകൂടി നിന്നാൽ രാജപ്രിയനും മണ്ഡലാധിപതിയും ആയും, ശുക്രനോടൊരുമിച്ചുനിന്നാൽ ചപലനും ഭയശീലനും ആയും, ശനിയോടുകൂടി നിന്നാൽ വാദതല്പരനും സമൎത്ഥനും ആയും തീരും.

ഖ്യാതോ വിദ്വാൻ ധമ്മവാൻ ജീവസൗമ്യൗ
ധമ്മസ്ഥാനേ ദാനവാചാൎയ്യയുക്തൗ
വിദ്വാൻ വാഗ്മീ സാസിതൗ ധമ്മയാതാ
രാജാ ശ്രീമാൻ ജീവശുക്രജ്ഞചന്ദ്രാഃ വൃന്ന

ഒൻപതിൽ ഗുരുബുധന്മാർ ശുക്രനോടൊരുമിച്ചു നിന്നാൽ പ്രസിദ്ധനും വിദ്വാനും ധാൎമ്മികനുമായും, ശനിയോടൊരുമിച്ചു നിന്നാൽ വിദ്വാനും വാഗ്മിയും ആയും, ഗുരുശുക്രബുധചന്ദ്രന്മാർ നിന്നാൽ രാജാവും ശ്രീമാനും ആയും ഭവിക്കും.

ജാതഃ സാഹസവിക്രമാൎജ്ജിതധനഃ സൂൎയ്യാരജീവാക്കിജൈഃ
ശൂരഃ സൎവ്വഗുണപ്രപഞ്ചരസികഃ ശുക്രാരജീവേന്ദുഭിഃ
ഷൾപഞ്ചത്രിചതുൎവ്വിയച്ചരയുതേ ഭാഗ്യേ സമേതി ശ്രിയം
രാജത്വം സബുധേ വിബോധനഗുരൗ ജാതഃ സമേത്യ ശ്രിയം

ഒൻപതിൽ സൂൎയ്യകുജഗുരുമന്ദന്മാർ നിന്നാൽ സാഹസത്താലും വിക്രമത്താലും ധനം സമ്പാദിക്കപ്പെട്ടവനായും, ശുക്രകുജഗുരുചന്ദ്രന്മാർ നിന്നാൽ ശൂരനും സകലഗുണങ്ങളെയും വൎദ്ധിപ്പിക്കുന്നതിൽ തല്പരനും ആയും ഭവിക്കും. ഒൻപതിൽ ആറോ അഞ്ചോ നാലോ മൂന്നോ (മൂന്നിൽ കുറയാതെ എന്നു സാരം) ഗ്രഹങ്ങൾ നിന്നാൽ സമ്പത്തുള്ളവനാകും. അവയിൽ ഒരു ഗ്രഹം ബുധനോ വ്യാഴമോ ആണെങ്കിൽ രാജാവാകും. ബുധനോടോ വ്യാഴത്തോടോ കൂടാതെ ഇരുന്നാൽ സമ്പത്തില്ലാത്തവനായും ഭവിക്കും.

ജനയന്തി ഭാഗ്യസംസ്ഥാ
ഗുരുസൗമ്യവിവൎജ്ജിതാഃ ഗ്രഹാഃ പുരുഷം
വ്യാധിപ്രായമകാന്തം
ജനഹീനം ബന്ധനാൎത്തമതിദീനം വൃവൃ

ഒൻപതിൽ നില്ക്കുന്ന ഗ്രഹങ്ങൾ ഗുരുബുധന്മാരോടുകൂടാതെയാണു നില്ക്കുന്നതെങ്കിൽ ജാതൻ മിക്കവാറും രോഗിയായും ഭാഗ്യഹീനനായും (വിരൂപനെന്നും അൎത്ഥമാകാം) ബന്ധുജനങ്ങളില്ലാത്തവനായും ബന്ധനത്താൽ പീഡിതനായും ഭവിക്കും.

ഭാഗ്യാധിപേ വിനാശസ്ഥേ നീചശത്രുഖഗേക്ഷിതേ
ക്രൂരാംശേ നീചരാശ്യാദൗ ഭാഗ്യഹീനോ ഭവേന്നരഃ വൃൻ

ഭാഗ്യാധിപൻ നീചഗ്രഹം ശത്രുഗ്രഹം ഇവരുടെ ദൃഷ്ടിയോടും ക്രൂരാംശത്തോടുംകൂടി അഷ്ടമത്തിൽ നീചരാശിയിൽ നിന്നാൽ ജാതൻ ഭാഗ്യഹീനനായിരിക്കും.

ഭാഗ്യാധിപേ ശുഭയുതേ ശുഭഗ്രഹനിരീക്ഷിതേ
തൽഭാവേ ശുഭസംബന്ധേ സൽകീൎത്തിധനഭാഗ്യവാൻ ൻ൦

ഭാഗ്യാധിപൻ ശുഭയോഗദൃഷ്ടികളോടുകൂടി ഒൻപതിൽ ശുഭരാശ്യംശകങ്ങളിൽ നിന്നാൽ ജാതൻ സല്ക്കീൎത്തിയും ധനവും ഭാഗ്യവും ഉള്ളവനായി ഭവിക്കും.

സിംഹാസനാംശേ തന്നാഥേ ലഗ്നേശേന നിരീക്ഷിതേ
കൎമ്മാധിപേന സംദൃഷ്ടേ മഹാദാനകരോ ഭവേൽ ൻ൧

ഒൻപതാംഭാവാധിപൻ ലഗ്നാധിപന്റെയും കൎമ്മാ (പത്താംഭാവം) ധിപന്റെയും ദൃഷ്ടിയോടുകൂടി സിംഹാസനാംശത്തിൽ നിന്നാൽ വലിയ ദാനശീലനായിത്തീരും.

ജാതഃ പുരോഹിതോ വാപി ബ്രഹ്മവംശസമുത്ഭവഃ
ദാനാദ്ധ്യക്ഷോപകാരീ സ്യാൽ വക്രഭേദേ വികല്പനാ ൯൨

ഒൻപതാംഭാവാധിപൻ വക്രഗതിക്കൂടി ഉണ്ടായിരുന്നാൽ ജാതൻ പുരോഹിതനായും ബ്രാഹ്മണവംശത്തിൽ ജനിച്ചവനായും ദാനശീലനായും ഉപകാരിയായും ഭവിക്കും.

ഗുരൗ തൽഭാവസംയുക്തേ നവാംശാധിപതൗ തഥാ
ശുഭഗ്രഹേക്ഷിതേ വാപി ഗുരുഭക്തിയുതോ ഭവേൽ ൯൩

വ്യാഴമോ വ്യാഴനവാംശാധിപതിയോ ശുഭദൃഷ്ടിയോടുകൂടി ഒൻപതിൽ നിന്നാൽ ഗുരുഭക്തിയുള്ളവനായി ഭവിക്കും.

ഗുരുസ്ഥാനേ സൗമ്യയുതേ ഗുരുവർഗ്ഗസമന്വിതേ
തദീശേ ഗുരുഭാഗസ്ഥേ ഗുരുഭക്തിരതഃ സുഖീ ൯൪

ഒൻപതിൽ ശുഭനും വ്യാഴത്തിന്റെ അംശകാദിവർഗ്ഗവും ഒൻപതാംഭാവാധിപനും ഉണ്ടായിരുന്നാൽ ഗുരുഭക്തിയും സുഖവും ഉള്ളവനായി ഭവിക്കും.

ഗുരുശുക്രബുധാംശസ്ഥേ ധർമ്മനാഥേന വീക്ഷിതേ
ശുഭഗ്രഹാണാം മദ്ധ്യസ്ഥേ ധർമ്മകൃൽ സ നരോ ഭവേൽ

ഒൻപതാംഭാവത്തിന്ന് ഗുരുശുക്രബുധന്മാരുടെ അംശകവും ഭാഗ്യാധിപദൃഷ്ടിയും ശുഭഗ്രഹമദ്ധ്യസ്ഥിതിയും ഉണ്ടായിരുന്നാൽ ജാതൻ ധാർമ്മികനായിത്തീരും.

ധർമ്മേ പാപേ പാപഭാക് സ്യാൽ തദീശേ പാപസംയുതേ
ക്രൂരഷഷ്ട്യംശകേ വാപി ധർമ്മഹീനോ ഭവേന്നരഃ ൯൬

ഒൻപതിൽ പാപനും ഒൻപതാംഭാവാധിപന് പാപയോഗവും ഉണ്ടായാൽ ജാതൻ പാപിയായും ക്രൂരഷഷ്ട്യംശകമുണ്ടായിരുന്നാൽ അധാർമ്മികനായും ഭവിക്കും.

ബലവതി ശുഭനാഥേ കേന്ദ്രകോണോപയാതേ
ശുഭശതമുപയാതി സ്വാമിദൃഷ്ടേ വിലഗ്നേ
സുരഗുരുനവഭാഗത്രിംശദംശത്രിഭാഗേ
ദശമഭവനപേ വാ വീതഭോഗസ്തപസ്വീ ൯൭

ഭാഗ്യാധിപൻ (ഒൻപതാംഭാവാധിപൻ) കേന്ദ്രത്തിലോ ത്രികോണത്തിലോ ബലവാനായി നിൽക്കുകയും ലഗ്നത്തിന്ന് ലഗ്നാധിപദൃഷ്ടി ഉണ്ടായിരിക്കയും ചെയ്താൽ ജാതൻ വളരെ ഭാഗ്യം അനുഭവിക്കും. കർമ്മാധിപൻ (പത്താംഭാവാധിപൻ) വ്യാഴത്തിന്റെ നവാംശത്രിംശാംശകദ്രേക്കാണത്തിൽ നിന്നാൽ സുഖത്തെ ത്യജിച്ച് തപസ്വിയായിത്തീരും.

സകലഗഗനവാസാഃ സ്വോച്ചഗാ ഭാഗ്യരാശൗ
ധനകനകസമൃദ്ധിശ്രൈഷ്ഠ്യമുല്പാദയന്തി
യദി ശുഭഖചരേന്ദ്രൈസ്തത്ര ദൃഷ്ടാ നഭോഗാ
വിനിഹതരിപുപക്ഷോ ദിവ്യദേഹഃ സുകീർത്തിഃ *൯൮

ഒൻപതിൽ എല്ലാ ഗ്രഹങ്ങളും ഉച്ചങ്ങളായി നിന്നാൽ ധനം, സ്വർണ്ണം ഇവയുടെ സമൃദ്ധി ഉണ്ടാകും. ആ ഗ്രഹങ്ങൾക്ക് ശുഭഗ്രഹദൃഷ്ടികൂടി ഉണ്ടായിരുന്നാൽ ശത്രുക്കളെ ഹനിച്ചവനും ദിവ്യദേഹനും കീർത്തിമാനും ആയും തീരും.

താതേശതൽകാരകഖേചരേന്ദ്രൗ
ദുഃസ്ഥൗ തയോഃ പുത്രസുഖം ന ദൃഷ്ടം

കേന്ദ്രത്രികോണേ യദി തൌ നഭോഗൌ
വദേത്തയോഃ പുത്രമുഖം ഹി ദൃശ്യം. ൯൯

ഭാഗ്യാധിപനും ഭാഗ്യകാരകനും അനിഷ്ടസ്ഥാനങ്ങളിൽ നിന്നാൽ ജാതനും ഭാഗ്യഷ്ടും പുത്രസുഖം ഒരിക്കലും ഉണ്ടാകയില്ല. അവർ കേന്ദ്രത്തിലോ ത്രികോണത്തിലോ നിന്നാൽ പുത്രമുഖദർശനം സുസാദ്ധ്യമാകുന്നു.

പിതുർന്നിശായാം മരണം സുഖേശ-
ശുക്രേന്ദവഃ ഷഷ്ഠഗതാ ബലാഢ്യാഃ
സാരീശചാരാസ്തന്മരണം തഥൈവ
ചന്ദ്രേണ ഹീനാസ്തു ദിവാ മൃതിഃ സ്യാൽ. ൧൦൦

നാലാംഭാവാധിപനും ശുക്രനും ചന്ദ്രനും ആറിൽ ബലവാന്മാരായി നിന്നാൽ പിതാവിന്റെ രാത്രിയിലും, നാലാംഭാവാധിപനും ആറാംഭാവാധിപനും ശുക്രനും ആറിൽ ബലവാനായി നിന്നാൽ പിതാവിന്റെ പകലും മരണം സംഭവിക്കും.

സൌമ്യേ ചരാദ്യഭാഗസ്ഥേ ഭാഗ്യേശേ ബലസംയുതേ
ഗുരുശുക്രയുതേ ദൃഷ്ടേ ജപധ്യാനസമാധിമാൻ. ൧൦൧

ബുധൻ ചരരാശിയുടെ ആദ്യാംശത്തിലും ഭാഗ്യാധിപൻ ബലവാനായി ഗുരുശുക്രയോഗദൃഷ്ടികളോടുകൂടിയും നിന്നാൽ ജാതൻ ജപം, ധ്യാനം, സമാധി ഇവയോടുകൂടിയവനായിത്തീരും.

ദേവലോകാദിഭാഗസ്ഥേ കർമ്മേശേ ഭാഗ്യപേപി വാ
പാരാവതാംശകേ സൌമ്യേ ബ്രഹ്മനിഷ്ഠാപരോ ഭവേൽ ൧൦൨

പത്താംഭാവാധിപനും ഒൻപതാംഭാവാധിപനും ദേവലോകാദ്യംശകത്തിലും, ബുധൻ പാരാവതാംശകത്തിലും നിന്നാൽ ജാതൻ ബ്രഹ്മജ്ഞാനിയായിത്തീരും.

പാരാവതാദിഭാഗസ്ഥേ ധർമ്മേശേ ഗുരുസംയുതേ
ലഗ്നേശേ ഗുരുസന്ദൃഷ്ടേ മഹാദാനകരോ ഭവേൽ ൧൦൩

ഇതി ജാതകപാരിജാതേ ചതുർദ്ദശോദ്ധ്യായഃ

ഒൻപതാംഭാവാധിപൻ വ്യാഴത്തോടുകൂടി പാരാവതാദിവൈശേഷികാംശത്തിൽനിൽക്കയും ലഗ്നാധിപന്ന വ്യാഴദൃഷ്ടിയുണ്ടായിരിക്കയും ചെയ്താൽ ജാതൻ വളരെ ദാനമുള്ളവനായി ഭവിക്കും.

ഇങ്ങനെ ജാതകപാരിജാതവ്യാഖ്യാനത്തിൽ പതിനാലാം
അദ്ധ്യായവ്യാഖ്യാനം സംപൂർണ്ണം.

അഥ പഞ്ചദശോദ്ധ്യായഃ

ദശമാദിഭാവഫലം—

ആജ്ഞാമാനവിഭൂഷണാനി വസനവ്യാപാരനിദ്രാകൃഷി-
പ്രവ്രജ്യാഗമകർമ്മജീവനയശോവിജ്ഞാനവിദ്യാഃ ക്രമാൽ
കർമ്മസ്വാമിദിനേശബോധനഗുരുച്ഛായാസുതൈശ്ചിന്തയേ-
ദുക്താനി പ്രവിഹായ പൂർവ്വമശുഭോ മാനേ വിമാനോ ഭവേൽ. ൧

ആജ്ഞ, മാനം, ഭൂഷണം, വസ്ത്രം, വ്യാപാരം (പ്രവൃത്തി) നിദ്ര, കൃഷി, സന്യാസം, കർമ്മം, ഉപജീവനം, കീർത്തി, വിജ്ഞാനം, വിദ്യ, ഇവയെ പത്താംഭാവം കൊണ്ടും, പത്താംഭാവാധിപൻ, സൂര്യൻ, ബുധൻ, വ്യാഴം, ശനി ഇവരെക്കൊണ്ടും വിചാരിക്കണം. മുൻപറഞ്ഞവരെ ഒഴിച്ച് പത്താമിടത്തു പാപൻനിന്നാൽ മാനം ഇല്ലാത്തവനായി ഭവിക്കും.

കർമ്മേശേ ബലവർജ്ജിതേ ചപലധീർജാതോ ദുരാചാരവാൻ
ജീവജ്ഞാസിതഭാനവോ വിബലിനോ ദുഃസ്ഥാനകർമ്മപ്രദാഃ
ഗംഗാസ്നാനഫലം സമേതി ദശമേ രാഹൗ ദിനേശേഥവാ
മീനേ കർമ്മണി ചന്ദ്രജാരസഹിതേ ജാതഃ സമുക്തോ ഭവേൽ. ൨

പത്താംഭാവാധിപൻ ബലഹീനനായാൽ ജാതൻ ചപലബുദ്ധിയും ദുരാചാരനും ആയും, വ്യാഴം, ബുധൻ, ശനി, സൂര്യൻ ഇവർ ബലഹീനന്മാരായി അനിഷ്ടസ്ഥാനത്തു നിന്നാൽ കർമ്മവൈകല്യമുള്ളവനായും, പത്തിൽ രാഹുവോ സൂര്യനോ നിന്നാൽ ഗംഗാസ്നാനഫലം ഉള്ളവനായും, മീനംരാശി പത്താംഭാവമായിരിക്കയും അവിടെ ചന്ദ്രനും കുജനും നിൽക്കയും ചെയ്താൽ മുക്തനായും ഭവിക്കും.

മാനേശപരേ ശുക്രയുതേ ച കേന്ദ്രേ
തുംഗസ്ഥിതേ താദൃശതോയപൂതഃ
വ്യയേ ബുധേ തൽഭവനാധിപേ വാ
സോച്ചാനപിതേ താദൃശപുണ്യഭാക് സ്യാൽ. ൩

പത്താംഭാവാധിപൻ ശുക്രനോടുകൂടി ഉച്ചസ്ഥനായി കേന്ദ്രത്തിൽ നിന്നാൽ ഗംഗാദിപുണ്യനദിയിൽ സ്നാനംചെയ്തു ശുദ്ധിയുണ്ടാകും. പന്ത്രണ്ടിൽ ബുധനോ പന്ത്രണ്ടാംഭാവാധിപനോ ഉച്ചത്തിൽ നിന്നാലും മുൻപറഞ്ഞ ഫലം അനുഭവിക്കും.

ചന്ദ്രേ കർമ്മണി ജാഹ്നവീസലിലതഃ പൂതോഽതിപൂർണ്ണേദ്യുതൗ
പാപോ യച്ഛതി കർമ്മഗോ വിബലവാൻ ദ്യൂതക്രിയാസാഹസം
സൗമ്യാം ദുർബലശാലിനോ ദശമഗാഃ സൽകർമ്മവിധ്വംസകാഃ
കർമ്മേശജ്ഞസുരാച്ചിതൈഃ കൃതഫലം സഞ്ചിന്ത്യ സമ്യഗ്വദേൽ

ചന്ദ്രൻ പൂർണ്ണനായി പത്തിൽനിന്നാൽ ഗംഗാസ്നാനശുദ്ധിയുള്ളവനായും, ദുർബലനും പാപനുമായി നിന്നാൽ ചൂതുകളിമുതലായ സാഹസപ്രവൃത്തി ചെയ്യുന്നവനായും, അവിടെ ശുഭന്മാർ ദുർബലന്മാരായി നിന്നാൽ സൽകർമ്മത്തെ നശിപ്പിക്കുന്നവനായും ഭവിക്കും. അവിടെ കർമ്മാധിപൻ ബുധൻ വ്യാഴം ഇവരുടെ സ്ഥിതികളെ നല്ലവണ്ണം വിചാരിച്ചു ഫലത്തെ പറയണം.

ഏകസ്ഥൗ തനുകർമ്മപൗ യദി തയോരേകാധിപത്യം തു വാ
ജാതഃ സ്വാർജ്ജിതസദ്ധനേന കുരുതേ യജ്ഞാദികർമ്മോത്സവം
സാക്ഷൗ ശൂദ്രധനേന സാഹിശിഖിനിക്ഷുദ്രൈഃ സജീവേന്നൃപൈ-
സ്തത്തൽകാരകവിത്തതോ യദി യുതേ രവ്യാദിഭിഃ കർമ്മപേ. ൫

ലഗ്നാധിപനും പത്താംഭാവാധിപനും ഒരുമിച്ചു നിൽക്കയോ അവർക്ക് ഏകാധിപത്യം ഉണ്ടായിരിക്കയോ ചെയ്താൽ ജാതൻ താൻ സമ്പാദിച്ച ധനംകൊണ്ട് യാഗാദികർമ്മത്തെ ചെയ്യുന്നവനായും പത്താംഭാവാധിപൻ സൂര്യനോടുകൂടി നിന്നാൽ ശൂദ്രധനംകൊണ്ടും, രാഹുകേതുക്കളോടുകൂടി നിന്നാൽ അൽപന്മാരായ രാജഭൃത്യന്മാരിൽനിന്നും ലഭിക്കുന്ന ധനംകൊണ്ടും കർമ്മങ്ങളെ ചെയ്യുന്നവനായും, കർമ്മാധിപൻ സൂര്യൻതുടങ്ങിയ ഏതു ഗ്രഹത്തോടു ചേർന്നിരിക്കുന്നു ആ ഗ്രഹത്തിന്നു പറ

ഞ്ഞിരിക്കുന്ന കാരകനിൽനിന്നു ലഭിക്കുന്ന ധനംകൊണ്ടു കർമ്മം ചെയ്യുന്നവനായും തീരും.

ബഹുശ്ശുഭയുജി മാനേ വാജപേയാദിസിദ്ധിഃ
സിതബുധയുതരാശിസ്വാമിനൌ ദുർബ്ബലാഢ്യൌ
യദി കൃതസവനോപി പ്രാപ്തകർമ്മപ്രണഷ്ടോ
ഭവതി പരമകർമ്മാ ദാനവാചാരശീലഃ ൬

പത്തിൽ വളരെ ശുഭന്മാർ ഉണ്ടായിരുന്നാൽ വാജപേയാദിയാഗം ചെയ്യുന്നവനായും, ശുക്രനും ബുധനും നില്ക്കുന്ന രാശികളുടെ അധിപന്മാർ ബലഹീനന്മാരായിരുന്നാൽ യാഗാദികർമ്മം ചെയ്യുവനാണെങ്കിലും പിന്നീടു ചെയ്യേണ്ടതായിവരുന്ന കർമ്മത്തെ നശിപ്പിക്കുന്നവനും കർമ്മരഹിതനും അസുരന്മാരുടെ ആചാരത്തോടും ശീലത്തോടും കൂടിയവനും ആയിത്തീരും.

ചന്ദ്രാൽ കർമ്മണി ശോഭജേ ബലയുതേ തുംഗാദിവർഗ്ഗസ്ഥിതേ
വാഗീശേന യുതേക്ഷിതേ നരവരോ യജ്വാ യശസ്വീ ഭവേൽ
ജീവജ്ഞാസുരപൂജിതസ്ഥിതഗൃഹാധീശാ വിനാശം ഗതാ
ജാതസ്സൽഫലകർമ്മവാനപി കൃതം കർമ്മശ്രിയം നാപ്നുയാൽ ൭

ചന്ദ്രാൽപത്തിൽ ശുക്രൻ വ്യാഴത്തിന്റെ യോഗത്തോടോ ദൃഷ്ടിയോടോ കൂടി ബലവാനായി ഉച്ചാദിവർഗ്ഗത്തിൽ നിന്നാൽ ജാതൻ രാജാവും യാഗം ചെയ്യുന്നവനും കീർത്തിമാനും ആയി ഭവിക്കും. വ്യാഴം, ബുധൻ, ശുക്രൻ ഇവർ നില്ക്കുന്ന രാശികളുടെ അധിപന്മാർ അഷ്ടമത്തിൽ നിന്നാൽ ജാതൻ സൽഫലകർമ്മങ്ങളെ ചെയ്താലും അതിന്റെ ഫലം അവനു കിട്ടുകയില്ല.

കർമ്മേശജ്ഞസുരാർച്ചിതാ ബലയുതാ യജ്ഞാദിസൽകർമ്മദാഃ
സൌമ്യവ്യോമചരേണ വീക്ഷിതയുതാസ്തേ വാജപേയാദിഭാക്
ജീർണ്ണോദ്ധാരണമുഖ്യഗോപുരതടാകാരാമപുണ്യപ്രദാ
യജ്വാ കർമ്മപതൌ ശുഭേ ശശിയുതേ മാനേ വിരാഹുധ്വജേ. ൮

പത്താംഭാവാധിപനും ബുധനും വ്യാഴവും ബലവാന്മാരായിരുന്നാൽ ജാതൻ യാഗാദിസൽകർമ്മങ്ങളെ ചെയ്യുന്നവനും അവൎക്കു ശുഭന്റെ ദൃഷ്ടിയോ യോഗമോ ഉണ്ടെങ്കിൽ വാജപേയാദിയാഗങ്ങളും, ജീർണ്ണോദ്ധാരണം, (ഇടിഞ്ഞുപൊളിഞ്ഞുകിടക്കുന്ന ദേവാലയാദികൾ നന്നാക്കുക) ഗോപുരം, വഴിക്കുളം, വഴിക്കിണറു് ആരാമം ഇവയുടെ നിർമ്മാണം മുതലായ പുണ്യകർമ്മങ്ങളെ ചെയ്യുന്നവനും, പത്താംഭാവാധിപൻ ഒൻപതിൽ ചന്ദ്രനോടുകൂടി നില്ക്കുകയും പത്തിൽ രാഹുകേതുക്കളില്ലാതിരിക്കയും ചെയ്താൽ യജ്വാവും ആയി ഭവിക്കും.

ഉച്ചസ്ഥേ ശശിജേഽഹികേതുവിയുതേ ഭാഗ്യോപയാതേഽഥവാ
കർമ്മസ്വാമിനി ഭാഗ്യഗേ ച മനുജോ യാഗാദിസൽകർമ്മവാൻ
കർമ്മേശേ നിജതുംഗഗേ ബലയുതേ താരാസുതേ ചാസ്തഗേ
തുംഗസ്ഥാനഗതേ സതി ക്രതുഫലം ജാതഃ സമേതി ധ്രുവം.

ബുധൻ രാഹുകേതുക്കളോടു കൂടാതെ ഉച്ചസ്ഥനായി ഒമ്പതിൽ നില്ക്കുകയോ അല്ലെങ്കിൽ പത്താംഭാവാധിപൻ ഒൻപതിൽ നില്ക്കുകയോ ചെയ്താൽ ജാതൻ യാഗാദിസൽകർമ്മങ്ങളെ ചെയ്യുന്നവനായും, കർമ്മാധിപൻ ബലവാനായി ഉച്ചത്തിൽ നില്ക്കുകയോ ബുധൻ ഏഴിൽ ഉച്ചസ്ഥനായി നില്ക്കുകയോ ചെയ്താൽ നിശ്ചയമായും യാഗഫലം അനുഭവിക്കുന്നവനായും ഭവിക്കും.

കർമ്മസ്ഥേ ശശിനന്ദനേ സവനകൃൽ സാഹിദ്ധ്വജേ കർമ്മഹാ
കർമ്മേശേ രിപുരന്ധ്രരിഃഫഗൃഹഗേ കർമ്മാവരോധീ ഭവേൽ
കർമ്മേശസ്യ ബുധസ്യ കർമ്മഭവനേ രാഹൌ മഖദ്ധ്വംസക-
സ്തുംഗസ്ഥാനഗതോപി കർമ്മഗ്രഹപോ ദുഃസ്ഥാനഗഃ കർമ്മഹാ.

ബുധൻ പത്തിൽനിന്നാൽ യാഗംചെയ്യുന്നവനായും, രാഹുകേതുക്കളോടുകൂടി നിന്നാൽ കർമ്മത്തെ നശിപ്പിക്കുന്നവനായും, കർമ്മാധിപൻ (പത്താംഭാവാധിപൻ) ൬, ൮, ൧൨ ഈ ഭാവങ്ങളിലെവിടെയെങ്കിലും നിന്നാൽ കർമ്മത്തെ തടയുന്നവനായും, കർമ്മാധിപന്റെയോ ബുധന്റെയോ പത്തിൽ രാഹു നിന്നാൽ യാഗത്തെ ധ്വംസിക്കുന്നവനായും കർമ്മാധിപൻ ഉച്ചസ്ഥനായാലെങ്കിലും അനിഷ്ടസ്ഥാനത്തു നിന്നാലും കർമ്മങ്ങളെ നശിപ്പിക്കുന്നവനായും ഭവിക്കും.

വ്യാപാരധർമ്മഭവനേ ശുഭഖേടയുക്തേ
തന്നാഥജീവതനുപാ ബലശാലിനശ്ചേൽ
ആചാരധർമ്മഗുണകർമ്മവിധിപ്രയുക്ത-
ശ്ശുദ്ധാന്വിതോ ഭവതി വിപ്രകുലാഗ്രഗണ്യഃ. ൧൧

പത്തും ഒൻപതും ഭാവങ്ങളിൽ ശുഭന്മാർ നില്ക്കയും പത്തും ഒൻപതും ഭാവങ്ങളുടെ അധിപന്മാരും വ്യാഴവും ലഗ്നാധിപനും ബലവാന്മാരായിരിക്കയും ചെയ്താൽ കുലാചാരം, ധർമ്മം, സൽഗുണം, സൽകർമ്മംമുതലായവ ചെയ്യുന്നതിൽ ശ്രദ്ധയുള്ള ബ്രാഹ്മണശ്രേഷ്ഠനായി ഭവിക്കും.

സൌമ്യാന്വിതാനി ഗുരുകർമ്മകളത്രപുത്ര-
ലഗ്നാനി പഞ്ചഭവനാനി ശുഭേക്ഷിതാനി
തന്നായകാശ്ച ബലിനോ യദി സർവ്വതത്ത്വ-
വിദ്യാധികഃ ക്രതുസമസ്തഗുണപ്രസിദ്ധഃ ൧൨

൯-൧൦-൭-൫-ലഗ്നം, ഈ അഞ്ചുഭാവങ്ങളിൽ ശുഭയോഗദൃഷ്ടികളുണ്ടായിരിക്കയും ഈ ഭാവങ്ങളുടെ അധിപന്മാർ ബലവാന്മാരായിരിക്കയും ചെയ്താൽ സർവ്വതത്ത്വങ്ങളും അറിയുന്നവനും വളരെ വിദ്യയുള്ളവനും യാഗം, സമസ്തഗുണം ഇവയാൽ പ്രസിദ്ധനും ആയിത്തീരും.

ജ്ഞാനവ്യോമാധിവാസാസ്തനുഗുരുദശമസ്ഥാനപാഃ ഷൾബലാഢ്യാ
ജാതഃ ഷൾശാസ്ത്രവേത്താ നിഖിലനിഗമവിജ്ഞാനദീക്ഷാമുപൈതി
ധർമ്മവ്യാപാരലഗ്നാധിപബുധവിബുധാചാര്യപാകാപഹാരേ
സൽക്കർമ്മാചാരസർവ്വക്രതുഫലനിഗമജ്ഞാനവിദ്യാകരഃ സ്യാൽ.

ജ്ഞാനകാരകന്മാരായ ബുധശുക്രഗുരുക്കളും ലഗ്നാധിപനും ഒൻപതാംഭാവാധിപനും ദശമസ്ഥാനാധിപനും ഇങ്ങനെ ആറു ഗ്രഹങ്ങൾ ബലവാന്മാരായിനിന്നാൽ ആറു ശാസ്ത്രങ്ങളും നാലു വേദങ്ങളും അറിയാവുന്നവനും ദീക്ഷിതനും ആയും, ഈ ആറു ഗ്രഹങ്ങളുടെ ദശാപഹാരത്തിൽ സൽകർമ്മാചാരം, സകല യാഗകർമ്മഫലം, വേദപാഠം, വിദ്യാഭ്യാസം ഇവയുടെ സമ്പൂർണ്ണതയോടുകൂടിയവനായും ഭവിക്കും.

ചന്ദ്രേ തൃതീയേ ജലരാശിയുക്തേ
കരോതി ജീർണ്ണോദ്ധരണാദിപുണ്യം
തടാകകൂപാദികമത്ര ലഗ്നാൽ
കർമ്മേശപാരേ ഗോപുരഭാഗയുക്തേ. ൧൪

ചന്ദ്രൻ മൂന്നിൽ ജലരാശിയിൽനിന്നാൽ ജീൎണ്ണോദ്ധാരണാദി പുണ്യകൎമ്മംചെയ്യുന്നവനും ഇവിടെ ലഗ്നാൽ പത്താംഭാവാധിപൻ ഗോപുരാംശത്തിൽനിന്നാൽ വഴിക്കുളം, വഴിക്കിണറു മുതലായ സൽകൎമ്മങ്ങളെചെയ്യുന്നവനും ആയിഭവിക്കും.

പ്രവ്രജ്യായോഗം—

ജാതഃ പഞ്ചചതുൎവ്വിയച്ചരവരൈഃ കേന്ദ്രത്രികോണസ്ഥിതൈ-
രേകസ്ഥൈൎബ്ബലിഭിഃ പ്രധാനബലവൽഖേടാശ്രമസ്ഥോ ഭവേൽ
ആദിത്യാസിതജീവശുക്രധരണീപുത്രേന്ദുതാരാസുതൈർ-
വാനപ്രസ്ഥവിവാസഭിക്ഷുചരകാഃ ശാക്യോ ഗുരുൎജ്ജീവകഃ ൧൫

നാലോ അഞ്ചോ ഗ്രഹങ്ങൾ ഒരുമിച്ചു ബലവാന്മാരായി കേന്ദ്രത്തിലോ ത്രികോണത്തിലോ നിന്നാൽ ജാതൻ അവരിൽ അധികം ബലമുള്ള ഗ്രഹത്തിന്നു പറഞ്ഞിരിക്കുന്ന ആശ്രമത്തിൽ വൎത്തിക്കുന്നവനായി ഭവിക്കും. ആദിത്യൻ, ശനി, വ്യാഴം, ശുക്രൻ, കുജൻ, ചന്ദ്രൻ, ബുധൻ ഇവർ ബലവാന്മാരായിനിന്നാൽ ക്രമേണ വാനപ്രസ്ഥനും, ബഹിഷ്കൃതനും, ഭിക്ഷുവും, ചരകനും, ശാക്യനും, ഗുരുവും, ജീവകനും ആയിട്ട സ്വീകരിക്കും. വാനപ്രസ്ഥാദികളുടെ ലക്ഷണം അടുത്തുതന്നെ പറയും.

വാനപ്രസ്ഥസ്തപസ്വീ വനഗിരിനിലയോ നഗ്നശീലോ വിവാസാ
ഭിക്ഷുഃസ്യാദേകദണ്ഡീസതതമുപനിഷൽതത്വപനിഷ്ഠോ മഹാത്മാ
നാനാദേശപ്രവാസീ ചരകപതിവരഃ ശാക്യയോഗീ കുശീലോ
രാജാ ശ്രീമാൻ യശസ്വീ ഗുരുരശനപരോ ജല്പകോ ജീവകഃ സ്യാൽ

വാനപ്രസ്ഥൻ താപസനും വനം പൎവ്വതം ഇവയിൽ പാൎക്കുന്നവനും, അവധൂതൻ നഗ്നനും സൎവ്വം ഏകമാണ് എന്നു വിചാരിക്കുന്നവനും, ഭിക്ഷു ഒരു മുളംകമ്പു ധരിച്ചവനും ഉപനിഷൽതത്വജ്ഞാനത്തോടുകൂടി ഇരിക്കുന്നവനും മഹാത്മാവും, ചരകൻ നാനാദേശത്തിലും സഞ്ചരിക്കുന്നവനും, ശാക്യൻ ദുശ്ശീലനും ഗുരു രാജാവും ശ്രീമാനും കീൎത്തിമാനും, ജീവകൻ ഭക്ഷണപ്രിയനും വളരെ വാദപ്രതിവാദംചെയ്യുന്നവനും ആയിരിക്കും.

കൎമ്മസ്ഥാ ബലിനസ്ത്രയോ ഗഗനഗാഃ സ്വോച്ചാദിവൎഗ്ഗസ്ഥിതാഃ
കൎമ്മേശശ്ച ബലാധികോ യദി യതിസ്തത്തുല്യശീലോഥവാ
കൎമ്മേശേ ബലവൎജ്ജിതഗ്രഹഗൃഹപ്രാപ്തേ ദുരാചാരവാൻ
തദ്യോഗപ്രദമദ്ധ്യഗൗ ധനമദസ്ഥാനാധിപൗ കാമധീഃ ൧൬

മൂന്നുഗ്രഹങ്ങൾ ബലവാന്മാരായി സ്വോച്ചാദിവൎഗ്ഗങ്ങളിൽ പത്താംഭാവത്തിൽ നില്ക്കയും കൎമ്മാധിപൻ ബലവാനായിരിക്കയും ചെയ്താൽ യോഗിയായോ യോഗിതുല്യനായോ ഭവിക്കും. കൎമ്മാധിപൻ ബലമില്ലാത്ത ഗ്രഹത്തിന്റെ രാശിയിൽനിന്നാൽ ദുരാചാരനായും, രണ്ടാംഭാവാധിപനും ഏഴാംഭാവാധിപനും, ബലവൎജ്ജിതഗ്രഹത്തിന്റെ രാശിയിൽ സ്ഥിതിചെയ്യുന്ന കൎമ്മാധിപന്റെ രണ്ടുപുറത്തും നിന്നാൽ കാമിയായുംഭവിക്കും.

തദ്യോഗപ്രദഖേചരൈരിനശനിക്ഷോണീകുമാരാന്വിതൈഃ
സന്യാസം സമുപൈതി വിത്തതനയസ്ത്രീവൎജ്ജിതോ മാനവഃ
സൗമ്യാംശോപഗതഃ സഹസ്രകിരണസ്സംഗാന്തഭാഗസ്ഥിതം
ഖേടം പശ്യതി യൗവനേ വയസി വാ ബാല്യേ യതീശോ ഭവേൽ

സന്ന്യാസയോഗപ്രദന്മാരായ ഗ്രഹങ്ങൾ സൂൎയ്യമന്ദകുജന്മാരോടുകൂടി നിന്നാൽ ധനം പുത്രൻ ഭാൎയ്യ ഇവരെ ഒക്കെയുംത്യജിച്ച് (സൎവ്വസംഗപരിത്യാഗിയായി) സന്ന്യാസിയായി ഭവിക്കും. സ്വന്ത്യാംശകത്തിൽ നില്ക്കുന്ന സൂൎയ്യൻ ഉച്ചരാശിയുടെ അന്ത്യനവാംശകത്തിൽ നില്ക്കുന്ന ഗ്രഹത്തെനോക്കിയാൽ യൌവനത്തിലോ ബാല്യത്തിൽതന്നെയോ യോഗീശ്വരനായിഭവിക്കും.

ശുക്രേന്ദുപ്രവിലോകിതേ ഗതബലേ ലഗ്നാധിപേ നിൎദ്ധനോ
ഭിക്ഷുഃ സ്യാദ്യദി തുംഗഭാംശകഗതസ്താരാപതിം പശ്യതി
ഏകസ്ഥൈരവലോകിതേ തു ബഹുഭിൎലഗ്നേശ്വരേ ദീക്ഷിത-
സ്തദ്യോഗപ്രദഭാവകാരകദശാഭുക്തൌ തദീയം ഫലം. ൧൯

ലഗ്നാധിപൻ, ബലഹീനനായും ശുക്രചന്ദ്രന്മാരുടെ ദൃഷ്ടിയോടുകൂടിയും നിന്നാൽ ജാതൻ ദരിദ്രനായും ഉച്ചരാശ്യംശകത്തിൽനിന്ന ചന്ദ്രനെ നോക്കിയാൽ ഭിക്ഷുവായും പല ഗ്രഹങ്ങൾ ഒരു രാശിയിൽനിന്ന ലഗ്നാധിപനെ നോക്കിയാൽ ദീക്ഷിതൻ (യാഗംചെയ്യുന്നവർ) ആയും ഭവിക്കും. എന്നാൽ ഈ ഫലം അനുഭവിക്കുനാളു് സന്ന്യാസയോഗപ്രദഭാവകാരകഗ്രഹങ്ങളുടെ ദശാപഹാരത്തിലാകുന്നു.

ശീതാംശുരാശീശമിനാത്മജോ വാ
ലഗ്നേശ്വരഃ പശ്യതി ദീക്ഷിതസ്സ്യാൽ
ഭൌമൎക്ഷഗേ മന്ദദൃഗാണഭാഗേ
മന്ദേക്ഷിതേ ശീതകരേ യതിഃ സ്യാൽ. ൨൦

ശനിയോ ലഗ്നാധിപനോ ചന്ദ്രൻ നില്ക്കുന്ന രാശിയുടെ അധിപനെ നോക്കിയാൽ ജാതൻ യാഗദീക്ഷിതനായും, ചന്ദ്രൻ കുജക്ഷേത്രത്തിൽ ശനിദ്രേക്കാണത്തിൽ ശനിദൃഷ്ടിയോടുകൂടി നിന്നാൽ സന്ന്യാസിയായുംഭവിക്കും

ജീവാരമന്ദലഗ്നേഷു മന്ദദൃഷ്ടിയുതേഷു ച
ലഗ്നാൽ ധൎമ്മഗതേ ജീവേ നൃപയോഗോപി തീൎത്ഥകൃത്.

വ്യാഴത്തിന്നും കുജന്നും, ലഗ്നമായിവരുന്ന മന്ദക്ഷേത്രരാശികൾക്കും ശനിദൃഷ്ടിയുണ്ടായിരിക്കയും, വ്യാഴം ലഗ്നാൽ ഒൻപതിൽനില്ക്കുകയും ചെയ്താൽ ജാതൻ രാജയോഗമുള്ളവനാണെങ്കിലും തീൎത്ഥാടനംചെയ്യുന്നവനായിഭവിക്കും.

നവമസ്ഥാനഗേ ചന്ദ്രേ നഭോഗൈരനവലോകിതേ
നൃപയോഗേപി സംജാതോ ദീക്ഷിതോ നൃപതിൎഭവേൽ. ൨൧

ഒൻപതിൽ നില്ക്കുന്ന ചന്ദ്രന് ഒരുഗ്രഹങ്ങളുടേയും ദൃഷ്ടിയില്ലാതിരുന്നാൽ രാജയോഗത്തിൽ ജനിച്ചവനാണെങ്കിലും രാജാവു് ദീക്ഷിതനായി ഭവിക്കും.

സുരഗുരുശശിഹോരാസ്വാൎക്കിദൃഷ്ടാസു ധൎമ്മേ
ഗുരുരഥ നൃപതീനാം യോഗജസ്തീൎത്ഥകൃൽ സ്യാൽ
നവമഭവനസംസ്ഥേ മന്ദഗേഽന്യൈരദൃഷ്ടേ
ഭവതി നരപയോഗേ ദീക്ഷിതഃ പാൎത്ഥിവേന്ദ്രഃ ൨൨

വ്യാഴത്തിനും ചന്ദ്രനും, ലഗ്നത്തിനും ശനിദൃഷ്ടിയുണ്ടായിരിക്കയും, വ്യാഴം ഒൻപതിൽനില്ക്കുകയുംചെയ്താൽ രാജയോഗത്തിൽ ജനിച്ചവനാണെങ്കിലും തീൎത്ഥസ്നാനം ചെയ്യുന്നവനായിത്തീരും. ശനിയോടുകൂടി ഒൻപതിൽനില്ക്കുന്ന ഗ്രഹത്തിന് മററു ഗ്രഹങ്ങളുടെ ദൃഷ്ടിയില്ലാതിരുന്നാൽ രാജയോഗത്തിൽ ജനിച്ചവനും ദീക്ഷിതനായി ഭവിക്കും.

സിതാൎക്കഭൗമാൎക്കസുതാ മഹാബലാഃ
സുരേജ്യഭൃഗ്വന്ദനഭാനുഭാനുജാഃ
കുജേന്ദുവാഗീശശനൈശ്ചരാ ഇമേ
സമാഗതാശ്ചേജ്ജനയന്തി താപസം. ൨൪

ശുക്രൻ, സൂൎയ്യൻ, കുജൻ, ശനി ഇവരോ; വ്യാഴം, കുജൻ, സൂൎയ്യൻ, ശനി ഇവരോ; കുജൻ, ചന്ദ്രൻ, വ്യാഴം, ശനി ഇവരോ പൂൎണ്ണബലവാന്മാരായി ഒരു രാശിയിൽ നിന്നാൽ താപസയോഗമാകുന്നു. (ഈ മൂന്നു യോഗത്തിൽ ജനിച്ചാൽ താപസനാകും.)

ഗ്രഹൈശ്ചതുൎഭിഃ സഹിതേ തദീശേ
ത്രികോണകേന്ദ്രോപഗതേ തു മുക്തഃ
ചതുൎഗ്രഹൈഃ കൎമ്മഗതൈഃ പ്രവ്രജ്യാം
പ്രാപ്നോതി ജാതഃ കഥിതോ മുനീന്ദ്രൈഃ ൨൫

ഏതെങ്കിലും ഒരു രാശിയിൽ നാലു ഗ്രഹങ്ങൾ നില്ക്കുകയും ആ രാശ്യധിപൻ ത്രികോണത്തിലോ കേന്ദ്രത്തിലോ നില്ക്കുകയും ചെയ്താൽ ജാതൻ മുക്തനാകും. നാലു ഗ്രഹങ്ങൾ പത്തിൽ നിന്നാൽ ജാതൻ സൎവവും ഉപേക്ഷിച്ചു സന്യാസിയായി സഞ്ചരിക്കും.

കുജാൎക്കസോമാൎക്കജദേവവന്ദിതൈഃ
കുജാൎക്കചന്ദ്രാത്മജമന്ദഭാൎഗ്ഗവൈഃ
രവീന്ദുഭൗമാസിതദാനവപ്രിയൈൎ-
ഭവന്തി ജാതാ വ്രതസംയുതാ നരാഃ ൨൬

കുജൻ, സൂൎയ്യൻ, ചന്ദ്രൻ, ശനി, വ്യാഴം ഇവരോ; കുജൻ, സൂൎയ്യൻ, ബുധൻ, ശനി, ശുക്രൻ ഇവരോ; സൂൎയ്യൻ, ചന്ദ്രൻ, കുജൻ, ശനി, ശുക്രൻ ഇവരോ ഒരുമിച്ചുനിന്നാൽ ജാതൻ എന്നും വ്രതമുള്ളവനായിരിക്കും.

സിതാരസൂൎയ്യാത്മജജീവഭാസ്കരൈഃ
കുജേന്ദുദേവേജ്യബുധാൎക്കനന്ദനൈഃ
സിതേന്ദുപുത്രാൎക്കശശാങ്കഭൂമിജൈൎ-
ഭവേൽ തപസ്വീ വനപൎവ്വതാശ്രയഃ ൨൭

ശുക്രൻ, കുജൻ, ശനി, വ്യാഴം, സൂൎയ്യൻ ഇവരോ; കുജൻ, ചന്ദ്രൻ, വ്യാഴം, ബുധൻ, ശനി ഇവരോ; ശുക്രൻ ബുധൻ, ശനി, ചന്ദ്രൻ, കുജൻ ഇവരോ ഒരുമിച്ചുനിന്നാൽ വനത്തിലും പൎവ്വതത്തിലും താമസിച്ചു താപസവൃത്തിയാചരിക്കുന്നവനായിത്തീരും.

ചന്ദ്രേന്ദുപുത്രാരസുരേഢ്യഭാസ്കരൈഃ
ശശാങ്കസൂൎയ്യേന്ദുജശുക്രഭൂമിജൈഃ
ഏകൎക്ഷഗൈരേഭിരിഹ പ്രജാതാ
ഭവന്തി വിദ്യാമുനയോത്ര ഭൂഷകാഃ ൨൮

ചന്ദ്രൻ, ബുധൻ, കുജൻ, വ്യാഴം സൂൎയ്യൻ ഇവരോ; ചന്ദ്രൻ, സൂൎയ്യൻ, ബുധൻ, ശുക്രൻ, കുജൻ ഇവരോ ഒരു രാശിയിൽ നിന്നാൽ ജാതന്മാർ ഭൂഷകന്മാരായ വിദ്യാമുനികളായി ഭവിക്കും.

രവീന്ദുഭൗമേന്ദുജജീവഭാൎഗ്ഗവൈഃ
സുധാകരാരാൎക്കിഗുരുജ്ഞഭാസ്കരൈഃ

കുജേന്ദുസൂര്യാർക്കിസിതേന്ദുസംഭവൈർ-
ഭവേദമീഭിസ്സഹിതൈർവ്രതീ നരഃ ൧൯

സൂര്യൻ, ചന്ദ്രൻ, കുജൻ, ബുധൻ, വ്യാഴം, ശുക്രൻ ഇവരോ; ചന്ദ്രൻ, ചൊവ്വ, ശനി, വ്യാഴം, ബുധൻ, സൂര്യൻ ഇവരോ; കുജൻ, ചന്ദ്രൻ, സൂര്യൻ, ശനി, ശുക്രൻ, ബുധൻ ഇവരോ ഒരുമിച്ചുനിന്നാൽ ജാതൻ വ്രതമുള്ള മുനിയായിത്തീരും.

സിതേന്ദുജീവാർക്കജഭാനുലോഹിതൈഃ
സിതാർക്കിഭൗമാർക്കമൃഗാങ്കസോമജൈഃ
ഏകത്ര യാതൈർഗഗനാടനൈഃ സദാ
ഭവന്തി ജാതാ മുനയസ്തപസ്വിനഃ ൨൦

ശുക്രൻ, ചന്ദ്രൻ, വ്യാഴം, ശനി, സൂര്യൻ, ചൊവ്വ ഇവരോ; ശുക്രൻ, ശനി, കുജൻ, സൂര്യൻ, ചന്ദ്രൻ, ബുധൻ ഇവരോ ഒരുമിച്ചുനിന്നാൽ ജാതൻ മൗനവ്രതമുള്ള തപസ്വിയായിത്തീരും.

കുജജ്ഞവാഗീശസിതാസിതാരുണൈഃ
സിതാർക്കിജീവേന്ദുജചന്ദ്രഭൂമിജൈഃ
ബലപ്രധാനൈർഗഗനാടനൈര്യദാ
യദി പ്രജാതാഃ പുരുഷാസ്തപസ്വിനഃ ൨൧

കുജൻ, ബുധൻ, വ്യാഴം, ശുക്രൻ, ശനി, സൂര്യൻ ഇവരോ; ശുക്രൻ, ശനി, വ്യാഴം, ബുധൻ, ചന്ദ്രൻ, ചൊവ്വ ഇവരോ ബലവാന്മാരായി ഒരു രാശിയിൽ നിന്നാൽ ജാതന്മാർ തപസ്വികളായിത്തീരും.

രവീന്ദുവാഗീശദിനേശപുത്രൈഃ
ശനൈശ്ചരാർക്കേന്ദുസിതൈരവശ്യം
രവീന്ദുപുത്രക്ഷിതിജാമരേഡ്യൈ-
സ്തപസ്വിനോ മൂലഫലാശിനഃ സ്യുഃ ൨൨

സൂര്യൻ, ചന്ദ്രൻ, വ്യാഴം, ശനി ഇവരോ; ശനി, സൂര്യൻ, ചന്ദ്രൻ, ശുക്രൻ ഇവരോ; സൂര്യൻ, ബുധൻ, കുജൻ, വ്യാഴം ഇവരോ ഒരുമിച്ചുനിന്നാൽ കായ്, കനി, കിഴങ്ങ് ഇവ ഭുജിക്കുന്ന തപസ്വികളായിത്തീരും.

വക്രാർക്കസോമാത്മജദാനവേജ്യാ
ഭൗമേന്ദുവാഗീശശശാങ്കപുത്രാഃ
ഏകർക്ഷഗാ ജന്മനി യസ്യ ജന്തോർ-
ഭവേദ്വ്രതീ വല്കലഭൃത്തിധാരീ. ൨൩

കുജൻ, സൂര്യൻ, ബുധൻ, ശുക്രൻ, ഇവരോ; കുജൻ, ചന്ദ്രൻ, വ്യാഴം, ബുധൻ ഇവരോ ഒരു രാശിയിൽനിന്നാൽ മരവുരി, ഭസ്മം ഇവ ധരിക്കുന്ന യോഗിയായി ഭവിക്കും.

ശശീന്ദുസൂനുക്ഷിതിജാർക്കപുത്രാ
ബുധക്ഷമാപുത്രസുരേജ്യസൗരാഃ
ഏകർക്ഷഗാ യസ്യ നരസ്യ ജാതം
കുർവ്വന്തി തം താപസമേവ ശാന്തം. ൨൪

ചന്ദ്രൻ, ബുധൻ, കുജൻ, ശനി ഇവരോ; ബുധൻ, കുജൻ, വ്യാഴം, ശനി ഇവരോ ജനനസമയത്തിൽ ഒരു രാശിയിൽ നിന്നാൽ ജാതൻ അടക്കമുള്ള താപസനായിത്തീരും.

ചന്ദ്രാൎക്കഭാൎഗ്ഗവശശാങ്കസുതാ ബലിഷ്ഠാ
ഭൗമേന്ദുപുത്രസിതഭാസ്കരനന്ദനാശ്ച
മന്ദേന്ദുവാക്പതിസിതാ നിയതം യതീനാം
കുൎവ്വന്തി ജന്മകൃതവല്കഫലാശനാനാം. ൩൫.

ചന്ദ്രൻ, സൂൎയ്യൻ, ശുക്രൻ, ബുധൻ, ഇവരോ; കുജൻ, ചന്ദ്രൻ, വ്യാഴം, ശുക്രൻ ശനി ഇവരോ, ശനി, ചന്ദ്രൻ, വ്യാഴം, ശുക്രൻ ഇവരോ ബലവാന്മാരായി ഒരുമിച്ചു നിന്നാൽ മരവിരി ധരിക്കുന്നവനും ഫലാശനനും ആയ യതിയായിത്തീരും.

രവിശശികുജശുക്രൈശ്ചന്ദ്രഭൗമജ്ഞസൂൎയ്യൈർ-
ഗ്ഗുരുസിതരവിമന്ദൈശ്ശുക്രമന്ദേന്ദുജീവൈഃ
കുജബുധസിതചന്ദ്രൈരേഭിരേകൎക്ഷയാതൈർ-
ഭവതി ഗിരി വനൗകസ്താപസഃ സൎവ്വവന്ദ്യഃ ൩൬.

സൂൎയ്യൻ, ചന്ദ്രൻ, കുജൻ, ശുക്രൻ, ഇവരോ; ചന്ദ്രൻ, കുജൻ, ബുധൻ, സൂൎയ്യൻ, ഇവരോ; വ്യാഴം, ശുക്രൻ, സൂൎയ്യൻ, ശനി ഇവരോ; ശുക്രൻ, മന്ദൻ, ചന്ദ്രൻ, വ്യാഴം, ഇവരോ; കുജൻ, ബുധൻ, ശുക്രൻ, ചന്ദ്രൻ ഇവരോ ഒരു രാശിയിൽനിന്നാൽ പൎവ്വതത്തിലും കാട്ടിലും സഞ്ചരിക്കുന്നവനും സൎവ്വവന്ദ്യനും ആയ താപസനായിത്തീരും.

സിതശശികുജഗുരുമന്ദൈശ്ചന്ദ്രേന്ദുജഭൗമഗുരുശുക്രൈഃ
രവികുജശശിബുധജീവൈർഭവതി യതീ ദുഃഖിതോ ദീനഃ ൩൭

ശുക്രൻ, ചന്ദ്രൻ, കുജൻ, വ്യാഴം, ശനി ഇവരോ; ചന്ദ്രൻ, ബുധൻ, കുജൻ, വ്യാഴം, ശുക്രൻ ഇവരോ; സൂൎയ്യൻ, കുജൻ, ചന്ദ്രൻ, ബുധൻ, വ്യാഴം ഇവരോ ഒരു രാശിയിൽ നിന്നാൽ ജാതൻ ദുഃഖിതനും ദീനനും ആയ യോഗിയായി ഭവിക്കും.

കുജാൎക്കിദേവേജ്യസിതേന്ദുപുത്രൈഃ
ശനീനസോമാത്മജചന്ദ്രഭൗമൈഃ
നഭശ്ചരൈരേകഗൃഹോപയാതൈർ-
ജടാധരാ വല്കലധാരിണഃ സ്യുഃ ൩൮.

കുജൻ, ശനി, വ്യാഴം, ശുക്രൻ, ബുധൻ, ഇവരോ; ശനി, സൂൎയ്യൻ, ബുധൻ, ചന്ദ്രൻ, കുജൻ ഇവരോ ഒരുരാശിയിൽനിന്നാൽ ജാതൻ ജടാവല്കലധാരിയായ യോഗിയായിത്തീരും.

ഭാനുചന്ദ്രജേന്ദുകുജജീവസുരാരിപൂജ്യൈഃ
സൂൎയ്യേന്ദുഭൗമഗുരുശുക്രദിനേശപുത്രൈഃ
പ്രാപ്നോത്യവശ്യമിഹ താപസരൂപമേഭി-
രേകൎക്ഷഗൈർഗ്ഗഗനചാരിഭിരാഹിതാഗ്നിഃ. ൩൯

സൂൎയ്യൻ, ബുധൻ, ചന്ദ്രൻ, കുജൻ, വ്യാഴം, ശുക്രൻ ഇവരോ; സൂൎയ്യൻ, ചന്ദ്രൻ കുജൻ, വ്യാഴം, ശുക്രൻ, ശനി ഇവരോ ഒരു രാശിയിൽനിന്നാൽ അഗ്ന്യാധാനം ചെയ്ത താപസനായിത്തീരും.

ന വീക്ഷിതം ചേദിതരഗ്രഹൈന്ദ്രൈർ-
ലഗ്നാധിപഃ പശ്യതി ഭാനുപുത്രം
ലഗ്നാധിപം വാ യദി ഭാനുപുത്രഃ
സന്യാസയോഗോ ഹി ബലേന ഹീനം ൪൦.

അന്യഗ്രഹദൃഷ്ടിയോടുകൂടാതെ നില്ക്കുന്ന ശനിയെ ലഗ്നാധിപൻ നോക്കുകയോ ബലഹീനനായി ലഗ്നാധിപനെ ശനി നോക്കുകയോ ചെയ്താൽ സന്യാസയോഗമാകുന്നു.

ചന്ദ്രേ ഭാനുസുതേക്ഷിതേ രവിസുതദ്രേക്കാണഗേ വാ തഥാ
ഭിക്ഷുർമന്ദനിരീക്ഷിതേ രവിസുതക്ഷോണീസുതാംശേ വിധൗ
സന്യാസപ്രദഖേചരഃ സഗുളികഃ സാഹിധ്വജോ വാ യദി
ക്രൂരാംശോപഗതഃ കരോതി വിഗതാചാരം യതിശം ധ്രുവം ൪൧

ചന്ദ്രൻ ശനിദൃഷ്ടിയോടുകൂടി, ശനിദ്രേക്കാണത്തിൽ നില്ക്കുകയോ, ശനിയുടെയോ കുജന്റെയോ ദ്രേക്കാണത്തിൽ നില്ക്കുകയോ ചെയ്താൽ ജാതൻ സന്യാസിയായി ഭവിക്കും. സന്യാസയോഗകർത്താവായ ഗ്രഹം ഗുളികനോടോ രാഹുകേതുക്കളോടോ കൂടി ക്രൂരാംശത്തിൽ നിന്നാൽ നിശ്ചയമായും ജാതൻ ആചാരഭ്രഷ്ടനായ സന്യാസിയായിത്തീരും

പ്രവ്രജ്യാപവാദം —

രവിലുപ്തകരൈരദീക്ഷിതാ
ബലിഭിസ്തൽഗതഭക്തയോ നരാഃ
അഭിയാചിതമാത്രദീക്ഷിതാ
നിഹതൈരന്യനിരീക്ഷിതൈരപി. ൪൨

സന്യാസയോഗകർത്താക്കന്മാരായ ഗ്രഹങ്ങൾക്ക് മൗഢ്യമുണ്ടെങ്കിൽ സന്യാസത്തെ സ്വീകരിക്കയില്ല. ആ ഗ്രഹങ്ങൾ ബലവാന്മാരാണെങ്കിൽ യോഗിമാരിൽ ഭക്തിയുള്ളവനായിത്തീരും. യുദ്ധത്തിൽ തോറ്റവരും അന്യഗ്രഹദൃഷ്ടിയുള്ളവരും ആയിരുന്നാലും സന്യാസവൃത്തി സ്വീകരിക്കയില്ല. എങ്കിലും അന്യന്റെ യാചനനിമിത്തം സന്യാസം സ്വീകരിച്ചാലും കാലക്രമത്തിൽ പരിത്യജിക്കും.

ജീവനം —

അർത്ഥാപ്തിഃ പിതൃജനനീസപത്നമിത്ര-
ഭ്രാതൃസ്ത്രീഭൃതകജനാൽ ദിവാകരാദ്യൈഃ
ഹോരേന്ദ്വോർദ്ദശമഗതൈർവികല്പനീയാ
ഭേന്ദ്വർക്കാസ്പദപതിഗാംശനാഥവൃത്ത്യാ ൪൩

ജനനകാലത്തിൽ ലഗ്നാലും ചന്ദ്രാലും പത്തിൽ നില്ക്കുന്ന ഗ്രഹങ്ങളെക്കൊണ്ടുവേണം ധനപ്രാപ്തി ചിന്തിക്കേണ്ടത്. പത്തിൽ, സൂര്യൻ നിന്നാൽ അച്ഛനിൽനിന്നും, ചന്ദ്രൻ നിന്നാൽ അമ്മയിൽനിന്നും, കുജൻ നിന്നാൽ ശത്രുവിൽനിന്നും, ബുധൻ നിന്നാൽ ബന്ധുവിൽനിന്നും, വ്യാഴം നിന്നാൽ ഭ്രാതാവിൽനിന്നും, ശുക്രൻ നിന്നാൽ ഭാര്യയിൽനിന്നും, ശനി നിന്നാൽ ഭൃത്യജനത്തിൽനിന്നും ധനം ലഭിക്കും. ലഗ്നാലും ചന്ദ്രാലും പത്തിൽ ഗ്രഹങ്ങളില്ലെങ്കിൽ ലഗ്നം ചന്ദ്രൻ, സൂര്യൻ ഇവരുടെ പ്രത്യേകം പ്രത്യേകമുള്ള പത്താംഭാവത്തിന്റെ നാഥനായ ഗ്രഹം ഏതു നവാംശത്തിൽ നില്ക്കുന്നുവോ ആ നവാംശത്തിന്റെ നാഥനായ ഗ്രഹത്തിന്റെ വൃത്തികൊണ്ട് ധനലാഭത്തെ ചിന്തിച്ചുകൊള്ളണം.

അർത്ഥാപ്തിം കഥയേദ്വിലഗ്നശശിനോർമദ്ധ്യേ ബലീയസ്തതഃ
കർമ്മേശസ്ഥനവാംശരാശിപവശാദ്വൃത്തിം ജഗുസ്തദ്വിദഃ
ഭൈഷജ്യോൺതൃണാംബുധാന്യകനകവ്യാപാരമുക്താദികൈ-
രന്യോന്യാഗമഭൂതവൃത്തിഭിരിനസ്യാംശേ തു ജീവത്യസൗ. ൪൪

ജന്മലഗ്നത്തിലോ ചന്ദ്രലഗ്നത്തിലോവെച്ച് ബലാധിക്യമുള്ളത് ഏതാണോ അതിന്റെ പത്തിൽ നില്ക്കുന്ന ഗ്രഹത്തെക്കൊണ്ടും, കർമ്മാധിപന്റെ നവാംശരാശ്യധിപനെക്കൊണ്ടും ധനപ്രാപ്തിയെ വിചാരിക്കണം. ഈ പറഞ്ഞ ഗ്രഹങ്ങൾ സൂര്യാംശത്തിൽ നിന്നാൽ ഔഷധം, പട്ട്, പുല്ല്, വെള്ളം, ധാന്യം, സ്വർണ്ണം, മുത്ത്, ദേശാന്തരഗമനം, ദൂതത്വം ഇവയാൽ ധനാഗമം ഉണ്ടാകും.

ജലോത്ഭവാനാം ക്രയവിക്രയേണ
കൃഷേശ്ച മുദ്വാദവിനോദമാർഗ്ഗാൽ
രാജാംഗനാസംശ്രയവിത്തരൂപാ-
ന്നിശാകരാംശേ വസനക്രയാദ്വാ ൪൫

മുൻപറഞ്ഞ ഗ്രഹങ്ങൾ ചന്ദ്രാംശത്തിൽ നിന്നാൽ വെള്ളത്തിൽ ഉണ്ടാകുന്ന സാധനങ്ങളുടെ കൊടുക്കൽ വാങ്ങൽ, കൃഷി, മണ്ണുകൊണ്ടുള്ള ചിത്രവേല, രാജസേവ, സ്ത്രീസേവ, വസ്ത്രമുണ്ടാക്കി വില്ക്കുക ഇവകൊണ്ടൊക്കെയും ധനപ്രാപ്തി ഉണ്ടാകും. (ഉപജീവനം കഴിക്കും)

ധാതോർവ്വിവാദേന രണപ്രകാരാൽ
സ്ത്രബ്ബാഗ്നിവാദാൽ കലഹപ്രവൃത്ത്യാ
ജീവത്യസൌ സാഹസമാർഗ്ഗരൂപാൽ
ധരാസുതാംശേ യദി ചോരവൃത്ത്യാ ൪൬

പൂർവ്വോക്തഗ്രഹങ്ങൾ കുജാംശത്തിൽ നിന്നാൽ ധാതുവാദം (നീറ്റമുറകൾ) മുഷ്ടിയുദ്ധാദി അഗ്നിസ്തംഭം മുതലായ ഇന്ദ്രജാലവിദ്യ, കലഹം, സാഹസപ്രവൃത്തി, മോഷണം ഇവകൊണ്ടൊക്കെയും ഉപജീവനം കഴിക്കും.

ശില്പാദികാവ്യാഗമശാസ്ത്രവാദാൽ
ജ്യോതിർഗ്ഗണജ്ഞാനവശാൽ ബുധാംശേ
പരാർത്ഥവേദാദ്ധ്യയനാൽ ജപാച്ച-
പുരോഹിതാദ്യാജ്യവശാൽ പ്രവൃത്ത്യാ ൪൭

പൂർവ്വോക്തഗ്രഹങ്ങൾ ബുധാംശത്തിൽ നിന്നാൽ ശില്പവിദ്യ, വേദവാദം, ശാസ്ത്രവാദം, ജ്യോതിഷം, അന്യന്നുവേണ്ടി വേദം പഠിക്കുക, ജപം, പൌരോഹിത്യം, ഹോമം ഇവയാലൊക്കെയും ഉപജീവിക്കും.

ജീവാംശകേ ഭൂസുരദേവതാനാ-
മുപാസനാദ്ധ്യാപനരൂപമാർഗ്ഗാൽ
പുരാണശാസ്ത്രാഗമനീതിമാർഗ്ഗാൽ
ധർമ്മോപദേശേന കുസീദമാഹുഃ ൪൮

പൂർവ്വോക്തഗ്രഹങ്ങൾ വ്യാഴത്തിന്റെ അംശകത്തിൽ നിന്നാൽ ബ്രാഹ്മണോപാസനം, ദേവതോപാസനം, അദ്ധ്യാപനം (പഠിപ്പിക്കൽ) പുരാണപഠനം, ശാസ്ത്രപഠനം, വേദപഠനം, ധർമ്മോപദേശം ഇവകൊണ്ടൊക്കെയും ഉപജീവിക്കും.

സുവർണ്ണമാണിക്യഗജാശ്വമൂലാൽ
ഗവാം ക്രയാജ്ജീവനമാഹുരാര്യാഃ
ഗുഡോദനക്ഷീരദധിക്രയേണ
സ്ത്രീയാം പ്രലോഭേന ഭൃഗോസ്സുതാംശേ ൪൯

പൂർവ്വോക്തഗ്രഹങ്ങൾ ശുക്രനവാംശകത്തിൽ നിന്നാൽ സ്വാദ്ധ്യം, മാണിക്യം, ആന, കുതിര, പശുക്കൾ ഇവയുടെ വില്പനകൊണ്ടും, ഗുഡം, അന്നം, ക്ഷാരദ്രവ്യങ്ങൾ, കുതിര ഇവയുടെ വില്പനകൊണ്ടും സ്ത്രീസേവകൊണ്ടും ഉപജീവനം കഴിക്കും.

ശന്യംശകേ കുത്സിതമാർഗ്ഗവൃത്ത്യാ
ശില്പാദിഭിർഭാരമയൈർവധാദ്യൈഃ
വിന്യസ്തഭാരാജ്ജനവിപ്രലംഭാ-
ദന്യോന്യവൈരാഗമമാർഗ്ഗമൂലാൽ ൭൦

ഈ ഗ്രഹങ്ങൾ ശന്യംശത്തിൽ നിന്നാൽ നീചപ്രവൃത്തി, ശില്പവിദ്യ, ഭാരം ചുമക്കൽ, ഹിംസാദിപ്രവൃത്തി, ചുമടെടുക്കൽ, ജനവഞ്ചനം, അന്യോന്യമത്സരം ഇവകൊണ്ടും ഉപജീവിക്കും.

പാപൈശ്ചതുർത്ഥേകേന്ദ്രഗ്രഹോപയാതൈർ-
നീചവ്രതാചാരരതാശ്ച നിഃസ്വാഃ
മൂർഖാഃ പരസ്ത്രീപരവിത്തശീലാഃ
ശൂരാഃ കദാചിന്നൃപതിപ്രിയാ സ്യുഃ ൭൧

ലഗ്നം, നാല്, ഏഴ്, പത്ത് ഈ നാലു കേന്ദ്രസ്ഥാനങ്ങളിലും പാപന്മാർ നിന്നാൽ നീചവ്രതന്മാരും ദരിദ്രന്മാരും മൂർഖന്മാരും പരസ്ത്രീപരദ്രവ്യങ്ങളിൽ ആഗ്രഹമുള്ളവരും ശൂരന്മാരും ചിലപ്പോൾ രാജപ്രിയന്മാരും ആയിരിക്കും.

സൌമ്യൈശ്ചതുർക്കേന്ദ്രഗൃഹോപയാതൈഃ
കുലോത്തമാ വംശകരാ നൃപാലാഃ
സർവ്വജ്ഞവിദ്യാവിത്തയശോഗുണാഢ്യാ
നൃപപ്രീതികരാ ഭവേയുഃ ൭൨

നാലു കേന്ദ്രസ്ഥാനങ്ങളിലും ശുഭന്മാർ നിന്നാൽ ജാതൻ കുലത്തിൽ ഉത്തമനും വംശത്തിനെ വർദ്ധിപ്പിക്കുന്നവനും ആയ രാജാവായും സർവ്വജ്ഞനായും ബുദ്ധി, ധനം, യശസ്സ്, സൽഗുണം ഇവയോടുകൂടിയവനായും രാജപ്രിയനായും ഭവിക്കും.

കർമ്മാംശകാധിപസ്സൌമ്യോ ജാതഃ പുണ്യരതഃ സദാ
പാപീ വാ പാപകർമ്മാ ച ചണ്ഡാലോ യദി ലഗ്നതഃ ൭൩

ലഗ്നാലോ ചന്ദ്രാലോ പത്താംഭാവത്തിന്റെ അംശകാധിപൻ ശുഭനായിരുന്നാൽ ജാതൻ പുണ്യവാനായും, പാപനായിരുന്നാൽ പാപിഷ്ഠനായും ഭവിക്കും.

കർമ്മരാശ്യംശപോ യത്ര തദീശഃ പാപഖേചരഃ
ധൂമാദിഗ്രഹസംബന്ധീ യദി പാപരതോ ഭവേൽ ൭൪

കർമ്മരാശ്യംശകാധിപനായ ഗ്രഹം നിൽക്കുന്ന രാശ്യധിപൻ പാപനായിരിക്കയും ധൂമം, വ്യതീപാതം മുതലായ ഉപഗ്രഹങ്ങളുടെ സംബന്ധമുണ്ടായിരിക്കയും ചെയ്താൽ ജാതൻ പാപകർമ്മരക്തനായി ഭവിക്കും.

സിദ്ധാരംഭഃ കർമ്മഗേ ചന്ദ്രലഗ്നാൽ
ഭാനൌ ഭൌമേ സാഹസീ പാപബുദ്ധിഃ
വിദ്വാൻ സൌമ്യേ വാക്പതൌ രാജതുല്യഃ
ശുക്രേ ഭോഗീ ഭാനുജേ ശോകതപ്തഃ ൭൫

ചന്ദ്രലഗ്നാൽ പത്തിൽ സൂൎയ്യൻനിന്നാൽ ആരംഭിച്ച കൎമ്മത്തിന്റെ ഫലം സിദ്ധിച്ചവനായും, കുജൻ നിന്നാൽ സാഹസിയും പാപബുദ്ധിയും ആയും ബുധൻ നിന്നാൽ വിദ്വാനായും, വ്യാഴംനിന്നാൽ രാജതുല്യനായും ശുക്രൻ നിന്നാൽ സുഖിയായും, ശനിനിന്നാൽ ദുഃഖതപ്തനായും ഭവിക്കും.

ചന്ദ്രാൽ കൎമ്മഗതേ രവൌ സരുധിരേ മത്തഃ പരസ്ത്രീരതിർ-
ജ്യോതിർവിച്ച സചന്ദ്രജേ ജലധനസ്ത്രീഭൂഷണാദിപ്രിയഃ
സിദ്ധാൎത്ഥോ നൃപസമ്മതശ്ച സഗുരൌ ശുക്രേണ യുക്തേ നൃപ-
പ്രീതിസ്ത്രീധനവൃദ്ധിഭാക് ശനിയുതേ ദീനോ ദരിദ്രോ ഭവേൽ.

ചന്ദ്രാൽ പത്തിൽ, സൂൎയ്യനും കുജനും നിന്നാൽ അഹങ്കാരിയായും, പരസ്ത്രീരതനായും സൂൎയ്യനും ബുധനും നിന്നാൽ ജ്യോതിശ്ശാസ്ത്രജ്ഞനും, വെള്ളം, ധനം സ്ത്രീ ആഭരണം മുതലായവയിൽ പ്രിയനുമായും, സൂൎയ്യനും വ്യാഴവും നിന്നാൽ പ്രാരബ്ധകൎമ്മം സിദ്ധിച്ചവനും രാജസമ്മതനുമായും, സൂൎയ്യനും ശുക്രനും നിന്നാൽ രാജപ്രീതി, സ്ത്രീ ധനം ഇവയുടെ അഭിവൃദ്ധിയുള്ളവനും ആയും, സൂൎയ്യനും ശനിയും നിന്നാൽ ദീനനും ദരിദ്രനായും ഭവിക്കും.

ചന്ദ്രാൽ കൎമ്മണി ഭൂസുതേ ബുധയുതേ ശാസ്ത്രോപജീവീ ഭവേൽ
സേവ്യോ [illegible]ച ജനാധിപഃ സഭൃഗുജേ വൈദേശികഃ സ്യാദ്വണിക്
സാക്ഷീ സാഹസികോഽസുതശ്ച ശശിനഃ കൎമ്മസ്ഥിതേ ബോധനേ
സേവ്യോ ഷണ്ഡ[illegible]ശ്ച ദീനവചനഃ ഖ്യാതോ നൃപാലപ്രിയഃ.

ചന്ദ്രാൽ പത്തിൽ കുജൻ ബുധനോടുകൂടി നിന്നാൽ ശാസ്ത്രംകൊണ്ട് ഉപജീവിക്കുന്നവ[illegible] [illegible]ടുകൂടി നിന്നാൽ [illegible], ശുക്രനോടുകൂടി നിന്നാൽ [illegible]മായും. ശനിയോടുകൂടി നിന്നാൽ സാഹസകൎമ്മ[illegible] ചന്ദ്രാൽ പത്തിൽ ബുധൻ [illegible]ടുകൂടി നിന്നാൽ [illegible]ും. ദീനവചനനും പ്രസിദ്ധനും [illegible] ഭവിക്കും.

മന്ദേ ചന്ദ്രമസോ ബുധേ സഭൃഗുജേ വിദ്യാവപുൎവിത്തവാൻ
സാക്ഷൌ പുസ്തകലേഖകശ്ച വിഷമാചാരപ്രവൃത്തോ ഭവേൽ
ജീവേ ശുക്രയുതേ തു വിപ്രജനപോ ഭൂപപ്രിയഃ പണ്ഡിത-
സ്സാക്ഷൌ സൎവ്വജനോപതാപചതുരോ ജാതഃ സ്ഥിരാരംഭധീഃ

ചന്ദ്രാൽ പത്തിൽ, ബുധൻ ശുക്രനോടുകൂടിനിന്നാൽ വിദ്യയോടും സ്ത്രീകളോടും ധനത്തോടും കൂടിയവനുമായും, ശനിയോടുകൂടി നിന്നാൽ ഗ്രന്ഥം എഴുതി സമ്പാദിക്കുന്നവനും വിഷമാചാരത്തോടും വിഷമപ്രവൃത്തിയോടും കൂടിയവനുമായും, വ്യാഴം ശുക്രനോടുകൂടിനിന്നാൽ ബ്രാഹ്മണജനങ്ങളെ രക്ഷിക്കുന്നവനും രാജപ്രിയനും പണ്ഡിതനുമായും, ശനിയോടുകൂടിനിന്നാൽ സകല ജനങ്ങളെയും പരിതപിപ്പിക്കുന്നവനും ആരംഭസ്ഥൈൎയ്യമുള്ളവനുമായും ഭവിക്കും.

സുഗന്ധനീലചൂൎണ്ണാദിചിത്രകാരോ ഭിഷഗ് വണിക്
കൎമ്മസ്ഥാനഗതേ മന്ദേ സാസുരേജ്യാ നിശാകരാൽ. ൫൯

ചന്ദ്രാൽ പത്തിൽ ശനിയും ശുക്രനുമൊന്നിച്ചുനിന്നാൽ സുഗന്ധദ്രവ്യങ്ങളെ ഉണ്ടാക്കുന്നവനും ചിത്രകാരനും വൈദ്യനും കച്ചവടക്കാരനുമായി ഭവിക്കും.

ആജ്ഞാസ്ഥാനാധിപേ സൌമ്യേ ശുഭയുക്തേക്ഷിതേപി വാ
ശോഭനാംശഗതേ വാപി ജാതസ്സ്യാദാജ്ഞാധരോ ഭവേൽ. ൬൦

പത്താംഭാവാധിപൻ ശുഭനായും ശുഭയോഗദൃഷ്ടികളോടും ശുഭാംശകത്തോടും കൂടിയുമിരുന്നാൽ ജാതൻ ആജ്ഞാശക്തിയുള്ളവനായി ഭവിക്കും.

ആജ്ഞാധിപേ മന്ദയുതേ രന്ധ്റനാഥേന വീക്ഷിതേ
ക്രൂരാംശേ കേന്ദ്രരാശൗ വാ ക്രൂരാജ്ഞാം പ്രകരോതി സഃ. ൩൧

പത്താംഭാവാധിപൻ ശനിയോടും അഷ്ടമാധിപദൃഷ്ടിയോടും ക്രൂരാംശകത്തോടുംകൂടി കേന്ദ്രരാശിയിൽ നിന്നാൽ ജാതൻ ക്രൂരമായ ആജ്ഞയുള്ളവനായിരിക്കും.

കർക്കടസ്ഥേ നിശാനാഥേ ഗുരുശുക്രനിരീക്ഷിതേ
പാരാവതാദി ഭാവസ്ഥേ സൽകീർത്തിധനവാൻ ഭവേൽ. ൩൨

ചന്ദ്രൻ ഗുരുശുക്രദൃഷ്ടിയോടുകൂടി കർക്കടകത്തിൽ പാരാവതാദ്യംശത്തിൽ നിന്നാൽ ജാതൻ കീർത്തിമാനും ധനവാനുമായിത്തീരും.

മാനേശേ ശുഭസംയുക്തേ ശുഭമദ്ധ്യഗതേപി വാ
ശുഭഗ്രഹാംശകേ വാപി കീർത്തിമാനഭിമാനവാൻ. ൩൩

പത്താംഭാവാധിപൻ ശുഭനോടും ശുഭമദ്ധ്യസ്ഥിതിയോടും ശുഭഗ്രഹാംശകത്തോടുംകൂടി നിന്നാൽ കീർത്തിയും അഭിമാനവും ഉള്ളവനായിത്തീരും.

പാപേക്ഷിതേ കർമ്മണി പാപയുക്തേ
മാനാധിപേ ഹീനബലോപയാതേ
ജാതോപവാദീ വിഗതാഭിമാനഃ
സ്വകർമ്മതേജോബലകീർത്തിഹീനഃ ൩൪

പത്താംഭാവത്തിന് പാപയോഗമോ പാപദൃഷ്ടിയോ ഉണ്ടായിരിക്കയും, പത്താംഭാവാധിപൻ ബലഹീനനായിരിക്കയും ചെയ്താൽ ജാതൻ അപവാദത്തോടുകൂടിയവനും അഭിമാനം ഇല്ലാത്തവനും സ്വകർമ്മം, തേജസ്സ്, ബലം, കീർത്തി ഇവയോടുകൂടാത്തവനുമായി ഭവിക്കും.

കർമ്മേശതന്നവാംശേശൗ ശനിസംബന്ധസംയുതൗ
ഷഷ്ഠാധിപയുതൗ ദൃഷ്ടൗ ബഹുദാസാന്വിതോ ഭവേൽ.

പത്താംഭാവാധിപനും പത്താംഭാവാധിപന്റെ നവാംശകാധിപതിയും ശനിയുടെ ബന്ധുക്കളോടോ ഷഷ്ഠാധിപന്റെ യോഗദൃഷ്ടികളോടോകൂടി നിന്നാൽ ജാതൻ വളരെ ദാസന്മാരുള്ളവനായിരിക്കും.

ഭൂസൂനക്ഷിതിരാശിപൗ ച ബലിനൗ കേന്ദ്രത്രികോണായഗൗ
കർമ്മേശേ ഭൃഗുചന്ദ്രവീക്ഷിതയുതേ കൃഷ്യാദിഗോവിത്തവാൻ
സംബന്ധീ യദി കർമ്മണഃ ശശിസുതോ വാണിജ്യശീലഃ സദാ
സൗമ്യാസൗമ്യയുതേ തു സാത്വികതമോനിദ്രീ വിമിശ്രേന്ദ്യഥാ.

കുജനും നാലാംഭാവാധിപനും ബലവാന്മാരായി കേന്ദ്രം, ത്രികോണം, പതിനൊന്നാംഭാവം ഇവിടെ എവിടെയെങ്കിലും നിൽക്കയും, പത്താംഭാവാധിപന് ശുക്രചന്ദ്രന്മാരുടെ യോഗദൃഷ്ടികളുണ്ടായിരിക്കയും ചെയ്താൽ കൃഷ്യാദിഗോധനങ്ങളുള്ളവനായിത്തീരും. ബുധൻ പത്തിൽ നിൽക്കയോ നോക്കുകയോ അംശകിക്കുകയോ ചെയ്താൽ നിത്യം കച്ചവടക്കാരനായും, പത്തിൽ ശുഭൻ നിന്നാൽ സത്വഗുണമുള്ളവനായും, അശുഭൻ നിന്നാൽ തമോഗുണമുള്ളവനായും, ശുഭപാപന്മാർ നിന്നാൽ മിശ്രഗുണമുള്ളവനായും തീരും.

ലാഭഭാവഫലം —

ലാഭസ്ഥാനേന ലഗ്നാദഖിലധനചയപ്രാപ്തിമിച്ഛന്തി സർവ്വേ
ലാഭസ്ഥാനോപയാതഃ സകലബലയുതഃ ഖേചരോ വിത്തദഃ സ്യാൽ
ഭാനുശ്ചേൽ ജ്ഞാതിവർഗ്ഗാദതിധനമുഡുപോ മാതൃവർഗ്ഗേണ ഭൗമഃ
സോദര്യാച്ചാന്ദ്രിര്യദീഷ്ടപ്രഭുവിബുധസുഹൃന്മാതുലൈർവ്വിത്തമേതി.

ലഗ്നാൽ പതിനൊന്നാംഭാവംകൊണ്ടു ധനാഗമത്തെ ചിന്തിക്കണം. ലാഭസ്ഥാനത്തിൽ (പതിനൊന്നിൽ) പൂർണ്ണബലവാനായ ഗ്രഹം നിന്നാൽ ധനവാനായി ഭവിക്കും. ലാഭത്തിൽ, സൂര്യൻനിന്നാൽ ബന്ധുവർഗ്ഗത്തിൽനിന്നും, ചന്ദ്രൻ നിന്നാൽ മാതൃവർഗ്ഗത്തിൽനിന്നും, കുജൻനിന്നാൽ സഹോദരന്മാരിൽനിന്നും, ബുധൻ നിന്നാൽ ഇഷ്ടന്മാരായ പ്രഭുക്കന്മാർ, വിദ്വാന്മാർ, ബന്ധുക്കൾ, അമ്മാവൻ ഇവരിൽനിന്നും ധനലാഭം സിദ്ധിക്കും.

ജീവോ യച്ഛതി വേദശാസ്ത്രയജനാചാരാദിപുത്രൈർദ്ധനം
ശുക്രഃ സ്ത്രീജനകാവ്യനാടകകലാസംഗീതവിദ്യാദിഭിഃ
ദാസീദാസകൃഷിക്രിയാർജ്ജിതധനം ധാന്യം സമൃദ്ധം ശനിർ-
വിപ്രാദിദ്യുചരേണ വീക്ഷിതയുതേ വിപ്രാദയോ വിത്തദാഃ ൮

പതിനൊന്നിൽ വ്യാഴംനിന്നാൽ വേദം, ശാസ്ത്രം, യാഗം മുതലായ വൃത്തികളിൽനിന്നും പുത്രന്മാരിൽനിന്നും, ശുക്രൻനിന്നാൽ സ്ത്രീജനം, കാവ്യം, നാടകം കലാവിദ്യ, സംഗീതവിദ്യ ഇവയിൽനിന്നും, ശനിനിന്നാൽ ദാസികൾ ദാസന്മാർ ഇവരിൽനിന്നും കൃഷി ധാന്യസമൃദ്ധി ഇവയിൽനിന്നും ധനലാഭമുണ്ടാകും. ബ്രാഹ്മണാദി ഗ്രഹങ്ങൾ ലാഭത്തിൽ നില്ക്കുകയോ നോക്കുകയോ ചെയ്താൽ ബ്രാഹ്മണാദി വർണ്ണത്തിൽനിന്നും ധനലാഭം സിദ്ധിക്കും. ഗ്രഹങ്ങളുടെ ബ്രാഹ്മണാദിവിഭാഗം "വിപ്രൗ ജീവസിതൗ" ഇത്യാദി ശ്ലോകംകൊണ്ടു ആദ്യം പറഞ്ഞിട്ടുണ്ട്.

ആയസ്ഥഃ ശുഭഖേചരഃ ശുഭധനം പാപസ്തു പാപാർജ്ജിതം
മിശ്രൈർമിശ്രധനം സമേതി മനുജസ്തജ്ജാതകോക്തം വദേൽ
ലാഭസ്ഥാനഗതഃ സമസ്തഗുണവാനിഷ്ടാധികശ്ചേൽ ബലീ
ജാതോ യാനവിഭൂഷണാംബരവധൂഭോഗാദി വിദ്യാധികഃ ൯

പതിനൊന്നിൽ ശുഭഗ്രഹം നിന്നാൽ ശുഭധനവും പാപൻനിന്നാൽ ദുർമ്മാർഗ്ഗമായി സമ്പാദിച്ച ധനവും, ശുഭപാപന്മാർനിന്നാൽ മിശ്രധനവും ഉള്ളവനായിരിക്കും. പതിനൊന്നിൽ നില്ക്കുന്ന ഗ്രഹത്തിന്നു പൂർണ്ണബലം ഉണ്ടായിരുന്നാൽ സമസ്തഗുണവാനും വാഹനം, ആഭരണം, വസ്ത്രം, സ്ത്രീസുഖം മുതലായവയും വിദ്യയും ഉള്ളവനും ആയും ഭവിക്കും.

വിത്തേശായഗൃഹാധിപൗ തനുപതേരിഷ്ടഗ്രഹശ്ചേദ്ധനം
സൽക്കർമ്മാമരവിപ്രപുണ്യവിഷയേ ദാനാദിയോഗ്യം വദേൽ
ആയസ്ഥോ വിബലഃ പരാജിതബലോ നീചാരിദുഃസ്ഥാനപോ-
രേകായോഗകരോ യദി പ്രതിദിനം കുർവ്വീത ഭിക്ഷാടനം. ൧൦

രണ്ടാംഭാവാധിപനും പതിനൊന്നാംഭാവാധിപനും ലഗ്നാധിപന്റെ ഇഷ്ടഗ്രഹങ്ങളാണെങ്കിൽ സൽകർമ്മം ഈശ്വരാച്ചനം, ബ്രാഹ്മണപ്രീതി മുതലായ പുണ്യകർമ്മങ്ങളിൽ ധനത്തെ വിനിയോഗിക്കുന്നവനായിരിക്കും. ൧൧-ൽ ദുർബലനായ ഗ്ര

ഹമോ മൌഢ്യമുള്ള ഗ്രഹമോ നീചഗ്രഹമോ ഷഷ്ഠാധിപൻ അനിഷ്ടസ്ഥാനാധിപൻ രേകായോഗകാരകനായ ഗ്രഹം ഇവരോ നിന്നാൽ ജാതൻ ഭിക്ഷയെടുത്തു സഞ്ചരിക്കുന്നവനായി ഭവിക്കും.

ലാഭേശേ ധനപേഥവാ ശശധരേ ഭൂപാലതുല്യാശ്രയാൽ
ഭൌമേ മന്ത്രിജനാഗ്രജാനുജകൃഷിദ്വാരാ ധനം ലഭ്യതേ
വിദ്യാബന്ധുജനൈഃ സുധാകരസുതേ ജീവേ നിജാചാരതഃ
ശുക്രേ രത്നവധൂഗജാദിർപശുഭിർമന്ദേ കുവൃത്ത്യാ ധനം. ൯

൧൧-ാം ഭാവാധിപനോ രണ്ടാംഭാവാധിപനോ ചന്ദ്രനായിരുന്നാൽ രാജതുല്യന്മാരായ ജനങ്ങളുടെ ആശ്രയംകൊണ്ടും, കുജൻ ആയിരുന്നാൽ മന്ത്രികൾ ജ്യേഷ്ഠാനുജന്മാർ ഇവരിൽനിന്നും കൃഷിമൂലവും, ബുധനായിരുന്നാൽ വിദ്യമൂലവും ബന്ധുജനത്തിൽനിന്നും വ്യാഴമായിരുന്നാൽ തന്റെ കുലാചാരംമൂലവും, ശുക്രനായിരുന്നാൽ രത്നം സ്ത്രീകൾ ആന കുതിര പശുക്കൾ മുതലായവയിൽനിന്നും, ശനിയായിരുന്നാൽ ദാസവൃത്തികൊണ്ടും ധനലാഭം ഉണ്ടാകും.

ലാഭസ്ഥാനപതൌ വിലഗ്നഭവനാൽ കേന്ദ്രത്രികോണസ്ഥിതേ
ലാഭേ പാപസമന്വിതേ തു ധനവാൻ തുംഗാദിരാശ്യംശകേ
തത്തൽകാരകവർഗതോ ബലവശാദ്യോഗാനുസാരാദ്വദേൽ
തത്തൽഖേടദശാപഹാരസമയേ വിത്തം വദേത്തദ്വിദി. ൧൦

ലഗ്നാൽ ൧൧-ാം ഭാവാധിപൻ കേന്ദ്രത്രികോണങ്ങളിലോ ഉച്ചാദിരാശ്യംശകത്തിലോ നിൽക്കയും ൧൧-ൽ പാപൻ ഉണ്ടായിരിക്കയും ചെയ്താൽ ധനവാനായിത്തീരും. അതതുഭാവകാരകന്മാരുടെ ബലത്തേയും യോഗബലങ്ങളേയും അനുസരിച്ച് അതതു ഗ്രഹങ്ങളുടെ ദശാപഹാരസമയത്തിൽ ആ ഗ്രഹങ്ങൾക്കു പറഞ്ഞിരിക്കുന്ന ദിക്കിൽനിന്നും ധനലാഭം ഉണ്ടാകും.

൧൨-ാം ഭാവഫലം—

ലഗ്നാദന്ത്യതദീശഭാനുതനയൈർദ്ദൂരാടനം ദുർഗതിം
ദാതൃത്വം ശയനാദിസൌഖ്യവിഭവം വിത്തക്ഷയം ചിന്തയേൽ
രിഃഫസ്ഥേ ഖരഖേചരേ ചരഗൃഹേ ദുഃസ്ഥാനനാഥേഥവാ
നാനാദേശവനാടനോ ഽഹിശനിനാ യുക്തേഥവാലോകിതേ. ൧൧

ലഗ്നാൽ ൧൨-ാം ഭാവംകൊണ്ടും, ൧൨-ാം ഭാവാധിപൻ, ശനി ഇവരെക്കൊണ്ടും ദൂരദേശസഞ്ചാരം. നരകാനുഭവം, വ്യയശീലത്വം, ശയനാദിസുഖം, ഉപകരണം, ധനക്ഷയം ഇവയെ ചിന്തിക്കണം. ൧൨-ാം ഭാവം ചരരാശിയായിരിക്കയും അവിടെ പാപനോ അനിഷ്ടസ്ഥാനാധിപനോ ശനിരാഹുക്കളുടെ യോഗത്തോടോ ദൃഷ്ടിയോടോകൂടി നിൽക്കയും ചെയ്താൽ ജാതൻ നാനാദേശങ്ങളിലും വനങ്ങളിലും സഞ്ചരിക്കുന്നവനായിരിക്കും.

രിഃഫസ്ഥാനഗതേ ശുഭേ ശുഭയുതേ സൌമ്യഗ്രഹാലോകിതേ
തന്നാഥേ വിബലേരിനീചഗൃഹഗേ വിത്തവ്യയാഭാവമാഹ
രിഃഫസ്ഥേ വിബലേ ബലേന സഹിതേ രിഃഫാധിപേ വിത്തഹാ
മിശ്രവ്യോമചരാന്വിതേ തു സകലം മിശ്രവ്യയം ദേഹിനാം. ൧൨

൧൨ ശുഭൻ ശുഭയോഗദൃഷ്ടികളോടുകൂടി പന്ത്രണ്ടിൽ നിൽക്കയും, ൧൨-ാം ഭാവാധിപൻ ബലമില്ലാതെ ശത്രുനീചഗ്രഹങ്ങളിൽ നിൽക്കയും, ചെയ്താൽ ജാതൻ ധന

നാശമില്ലാത്തവനായും, ൧൨-ൽ നില്ക്കുന്നഗ്രഹം ബലമില്ലാതെയും ൧൨-ാം ഭാവാധിപൻ ബലവാനായും നിന്നാൽ ധനനാശമുള്ളവനായും, പാപശുഭസമ്മിശ്രമായിരുന്നാൽ മിശ്രഫലത്തോടുകൂടിയവനായും ഭവിക്കും.

ഇഷ്ടവ്യയം ഭവതി ശോഭനവർഗ്ഗയാതേ
ദുഷ്ടവ്യയം വിബലഖേടയുതേക്ഷിതേ വാ
യൽകാരകദ്യുചരവർഗ്ഗജനാശനത്ഥം
ജാതസ്സമേതി ബലഹീനദശാപഹാരേ ൩൨

൧൨-ാം ഭാവാധിപൻ ശുഭവർഗ്ഗത്തിൽ നിന്നാൽ ജാതൻ വേണ്ടുന്നകാര്യങ്ങളിൽ വ്യയംചെയ്യുന്നവനായും, ബലമില്ലാത്ത ഗ്രഹങ്ങളുടെ യോഗത്തോടോ ദൃഷ്ടിയോടോകൂടി നിന്നാൽ ദുർവ്യയംചെയ്യുന്നവനായും വ്യയകാരകൻ ബലമില്ലാത്തവനായിരുന്നാൽ അവന്റെ ദശാപഹാരങ്ങളിൽ ആ ഗ്രഹജാതിജന്മാരായ ജനവർഗ്ഗത്തിൽനിന്ന് അനത്ഥമുള്ളവനായും ഭവിക്കും.

ക്രൂരഗ്രഹേ ബലവതി വ്യയഗേരിനാശ-
സ്ഥാനാധിപേ കൃഷിധനസ്ഥിതിനാശകഃ സ്യാൽ
രിഃഫേ ചതുർദ്വിപദഭേ സഹ തൽപദേന
ഖേടേന സപ്പശുഭൃത്യവിനാശമേതി ൩൩

ക്രൂരനായിരിക്കുന്ന ഷഷ്ഠാധിപനോ അഷ്ടമാധിപനോ ബലവാനായി ൧൨-ൽ നിന്നാൽ കൃഷി ധനസ്ഥിതി ഇവ നശിക്കും. ൧൨-ാം ഭാവം ചതുഷ്പാത്തുകളോ ദ്വിപാത്തുകളോ ആയ ജന്തുക്കളുടെ ഗ്രഹമായിരിക്കയും അവിടെ അപ്രകാരമുള്ള ഗ്രഹം നില്ക്കയുംചെയ്താൽ നാൽക്കാലികളായ പശുമഹിഷാദികൾക്കും ഭൃത്യന്മാൎക്കും വിനാശമുണ്ടാകും.

വിപ്രാദിഖേചരയുതേ സതി വിപ്രമുഖ്യൈഃ
സ്ത്രീവർഗ്ഗതസ്തു തരുണീഖചരേണ യുക്തേ
രിഃഫേ നരഗ്രഹയുതേ രിപുണാ സുഹൃൽഭേ
ജാതസ്സുഹൃജ്ജനവശാദ്ധനനാശമേതി ൩൪

൧൨-ൽ ബ്രാഹ്മണാദിഗ്രഹങ്ങൾ ഉണ്ടായിരുന്നാൽ വിപ്രാദികളിൽനിന്നും സ്ത്രീഗ്രഹം നിന്നാൽ സ്ത്രീവൎഗ്ഗത്തിൽനിന്നും, പുരുഷഗ്രഹംനിന്നാൽ ശത്രുക്കളിൽനിന്നും ധനാധിപന്റെ ബന്ധുഗ്രഹം ഉണ്ടായിരുന്നാൽ ബന്ധുക്കളിൽനിന്നും ധനനാശം സംഭവിക്കും.

ത്യാഗീ ശുഭഗ്രഹയുതേ കൃഷികൃച്ച ധമ്മീ
പാപേഽവസാനഗൃഹഗേ തു വിവാദശീലഃ
നേത്രാമയഃ പവനകൃച്ചപലോടനഃ സ്യാ-
ദുച്ചസ്വമിത്രഭവനേ തു പരോപകാരീ ൩൫

പന്ത്രണ്ടിൽ ശുഭൻനിന്നാൽ ദാനശീലനും കൃഷിക്കാരനും ധൎമ്മശീലനും ആയും പാപൻ നിന്നാൽ വാദശീലനും, നേത്രരോഗിയും വായുരോഗിയും ചപലനും ദേശസഞ്ചാരിയും ആയും ഭവിക്കും. ഉച്ചമോ സ്വക്ഷേത്രമോ ബന്ധുക്ഷേത്രമോ ആണ് പന്ത്രണ്ടാംഭാവം എങ്കിൽ പരോപകാരിയായി ഭവിക്കും.

ഭാനുവ്വാ കൃശശീതഗുവ്വ്യയഗതോ വിത്തസ്യ നാശം നൃപൈർ-
ഭൗമോ നാശയതീന്ദുജേക്ഷിതയുതോ നാനാപ്രകാരൈർധനം

വാഗീശേന്ദുസുതാ യദി വ്യയഗതാ വിത്തസ്യ സംരക്ഷകാഃ
സൌമ്യശ്ശുക്രയുതേക്ഷിതോ യദി നൃണാം ശയ്യാസുഖം ജായതേ.

൧൨-ൽ സൂര്യനും ക്ഷീണചന്ദ്രനും നിന്നാൽ രാജാക്കന്മാർനിമിത്തം ധനനാശവും, കുജൻ ബുധയോഗദൃഷ്ടികളോടുകൂടി നിന്നാൽ പലപ്രകാരേണ ധനനാശവും, വ്യാഴവും ചന്ദ്രനും ശുക്രനും നിന്നാൽ ധനവൃദ്ധിയും. ശുക്രയോഗദൃഷ്ടികളോടുകൂടി ശുഭൻ നിന്നാൽ ശയനസുഖവും ഭവിക്കും.

വ്യയേശേ സ്വോച്ചരാശിസ്ഥേ ശുഭവർഗ്ഗസമന്വിതേ
ശുഭഖേചരസന്ദൃഷ്ടേ പര്യങ്കശയനം വദേൽ. ൮൦

൧൨-ാം ഭാവാധിപൻ ഉച്ചരാശിയിൽ ശുഭവർഗ്ഗത്തോടും ശുഭദൃഷ്ടിയോടുംകൂടി നിന്നാൽ കട്ടിലിൽ ശയിക്കുന്നവനായിരിക്കും.

വിചിത്രമഞ്ചശയനം വ്യയേശേ പരമോച്ചഗേ
ഭാഗ്യനാഥേന വാ ദൃഷ്ടേ മണിരത്നവിഭൂഷിതം ൮൧

൧൨-ാം ഭാവാധിപൻ, അത്യുച്ചത്തിൽ നിന്നാൽ വിചിത്രമായ മഞ്ചത്തിൽ ശയിക്കുന്നവനും, ൯-ാം ഭാവാധിപദൃഷ്ടിയോടുകൂടിനിന്നാൽ രത്നാലംകൃതമായ ശയനത്തിൽ ശയിക്കുന്നവനും ആയി ഭവിക്കും.

ശുക്രേ വാ രവിനന്ദനേ ഹിമകരേ രന്ധ്രേ ത്രികോണേഥവാ
തൽഗേഹം ശിഥിലീഭവേന്നൃപതിനാ ജാതസ്യ കേത്വന്വിതേ
നിദ്രാസ്ത്രീകൃകലാസഗൌളിപതനം പാപാന്വിതേ ഭാർഗ്ഗവേ
ഭൌമേ കച്ഛപദർശനം ബുധയുതേ ജാതശ്ച ദുഷ്ടോ ഭവേൽ.

ശുക്രനോ ശനിയോ ചന്ദ്രനോ കേതുവിനോടുകൂടി അഷ്ടമത്തിലോ ത്രികോണത്തിലോ നിന്നാൽ രാജകോപംനിമിത്തം ജാതന്റെ ഭവനം നഷ്ടമാകും. ശുക്രൻ പാപനോടുകൂടി നിന്നാൽ ജാതന്റെ ഭവനത്തിൽ അധികം ഉറക്കമുള്ള സ്ത്രീകളും, ഓന്ത്, ഗൌളി ഇവയുടെ പതനവും, കുജൻ പാപനോടുകൂടിനിന്നാൽ ആമ മുതലായ ജന്തുക്കളുടെ ദർശനവും ഉണ്ടാകും. ബുധനോടുകൂടിനിന്നാൽ ജാതൻ ദുഷ്ടനായും തീരും.

മന്ദാഹിധ്വജസംയുതേ തു നിധനസ്ഥാനാധിപേനാന്വിതേ
രിഃഫേ ദുർഗതിമേതി ഷഷ്ഠപതിനാ ദൃഷ്ടേഥവാ മാനവഃ
ജാതോ യാതി പരം പദം സുരഗുരൌ ലഗ്നേ ഭൃഗൌ കാമഗേ
കന്യാസ്ഥേ രജനീകരേ യദി ധനുർലഗ്നേ ച മേഷാംശകേ.

൧൨-ൽ ശനിരാഹുകേതുക്കളും അഷ്ടമാധിപനും ആറാംഭാവാധിപദൃഷ്ടിയോടുകൂടി നിന്നാൽ ജാതൻ എന്നും നരകം അനുഭവിക്കും. ലഗ്നത്തിൽ വ്യാഴവും ഏഴിൽ ശുക്രനും കന്നിയിൽ ബുധനും നില്ക്കുകയും മേഷാംശകത്തോടുകൂടി ധനുരാശി ലഗ്നമായി വരികയുംചെയ്താൽ ജാതൻ പരമപദത്തെ പ്രാപിക്കും.

ദുഃസ്ഥേ ദുഷ്ടഗൃഹാധിപേ ബലയുതേ തൽഭാവപുഷ്ടിം വദേ-
ദായസ്ഥാനപതൌ തു യത്ര വിബലേ തൽഭാവനാശം തഥാ
ലഗ്നേശഃ ശുഭഖേടവീക്ഷിതയുതോ യൽഭാവയാതോ ബലീ
തൽഭാവസ്യ ശുഭം കരോതി വിപുലം നീചം ഗതശ്ചാന്യഥാ.

ഇതി ജാതകപാരിജാതേ പഞ്ചദശോദ്ധ്യായഃ

അനിഷ്ടസ്ഥാനാധിപൻ ബലവാനായി അനിഷ്ടസ്ഥാനത്തുതന്നെ നിന്നാൽ ആ ഭാവത്തിന്നു പുഷ്ടിയും, ൧൧-ാംഭാവാധിപതി ബലഹീനനായിട്ട് ഏതു ഭാവത്തിൽ നിൽക്കുന്നോ ആ ഭാവത്തിന്നു ഹാനിയും, ലഗ്നാധിപൻ ശുഭഗ്രഹയോഗദൃഷ്ടികളോടുകൂടി ഏതു ഭാവത്തിൽ നിൽക്കുന്നോ ആ ഭാവത്തിന്നു ശുഭവൃദ്ധിയും, അവൻ നീചനായി പാപന്മാരോടുകൂടി നിന്നാൽ നാശവും പറയണം.

ഇങ്ങനെ ജാതകപാരിജാതവ്യാഖ്യാനത്തിൽ

പതിനഞ്ചാംസർഗ്ഗവ്യാഖ്യാനം സമ്പൂർണ്ണം.

അഥ ഷോഡശോഽദ്ധ്യായഃ

സ്ത്രീജാതകഫലം.

ശ്രീബലാരോഗ്യസന്താനവിദ്യാകീർത്തിവിവർദ്ധനം
തിഥിഭഗ്രഹസംയുക്തം ജാതകം ബ്രൂമഹേ വയം. ൧

സമ്പത്തു ബലം ആരോഗ്യം സന്താനം വിദ്യ കീർത്തി ഇവയെ വർദ്ധിപ്പിക്കുന്നതും തിഥി നക്ഷത്രം ഗ്രഹസ്ഥിതി ഇവയോടുകൂടിയതും ആയ ജാതകത്തെ ഞാൻ പറയുന്നു.

അർത്ഥാർജ്ജനേ സഹായഃ പുരുഷാണാമാപദർണ്ണവേ പോതഃ
യാത്രാകാലേ മന്ത്രീ ജാതകമപഹായ നാസ്ത്യപരഃ ൨

ധനസമ്പാദനത്തിന്ന സഹായവും ആപത്സമുദ്രതരണത്തിൽ കപ്പലും യാത്രാകാലത്തിൽ മന്ത്രിയും ആയിട്ട് ജാതകമല്ലാതെ മറ്റൊന്നും ഇല്ല.

ശ്രീമജ്ജാതകപത്രികാ പരഹിതവ്യോമാധിവാസസ്ഥിതൈഃ
പഞ്ചാംഗദ്യുചരാഷ്ടവർഗ്ഗസഹിതസ്ഥാനാദി ഷഡ്വീര്യ്യജൈഃ
ആയുർഗ്ഗോചരയോഗഭാവജഫലൈഃ സാർദ്ധം ദശാചക്രജൈർ-
ദ്ദീർഘായുഃ സുതഭർത്തൃസൌഖ്യവിപുലശ്രീകീർത്തിദാ ലിഖ്യതേ. ൩

പരഹിതത്തിലെ ഗ്രഹസ്ഫുടങ്ങൾ, പഞ്ചാംഗം, ഗ്രഹാഷ്ടവർഗ്ഗം, സ്ഥാനാദിഷഡ്ബലം, ആയുർന്നിർണ്ണയം, ഗോചരഫലം, യോഗഫലം, ഭാവഫലം, കാലചക്രദശ, നക്ഷത്രദശ, ദീർഘായുർയ്യോഗം, പുത്രലാഭം, ഭർത്തൃസൌഖ്യം, ഭാഗ്യലാഭം; സൽകീർത്തി ഇവയെ സൂചിപ്പിക്കുന്നതായ സ്ത്രീജാതകത്തെ പറയാൻ ഭാവിക്കുന്നു.

സ്ത്രീണാം ജന്മഫലം നൃയോഗ്യമുദിതം യത്തൽ ധവേ യോജയേൽ
താസാം ദേഹശുഭാശുഭം ഹിമകരാൽ ലഗ്നാച്ച വീര്യ്യാധികാൽ
ഭർത്തൄണാമശുഭം ശുഭം മദഗൃഹാൽ ഷഷ്ഠാച്ച തേഷാം മൃതിഃ
സൌമ്യാസൌമ്യബലാബലേന സകലം സഞ്ചിന്ത്യ സമ്യക് വദേൽ. ൪

സ്ത്രീജാതകാംശത്തിൽ പുരുഷയോഗ്യങ്ങളായി കാണുന്ന ഫലങ്ങളെ അവരുടെ ഭർത്താവിൽ ചേർത്തു പറയണം. ബലവത്തായ ലഗ്നത്തെക്കൊണ്ടും ചന്ദ്രനെക്കൊണ്ടും സ്ത്രീകളുടെ ദേഹശുഭാശുഭത്തെയും ഏഴാംഭാവംകൊണ്ട് ഭർത്താവിന്റെ ശുഭ

ദോഷങ്ങളേയും എട്ടാംഭാവംകൊണ്ടു ഭർത്തൃമരണത്തെയും ചിന്തിക്കണം. ഇവയെയൊക്കെയും ശുഭാശുഭഗ്രഹങ്ങളുടെ ബലാബലങ്ങളെ അനുസരിച്ചുവേണം പറയേണ്ടതു്.

സ്ത്രീണാം ജന്മനി ലഗ്നശീതകരയോർമദ്ധ്യേ ബലീയസ്തതഃ
സമ്പദ്രൂപബലാനി തന്നവമതഃ പുത്രായ വൃദ്ധിം വദേൽ
സൌമംഗല്യമനിഷ്ടമഷ്ടമഗൃഹാൽ ഭർത്തൃശ്രിയം സപ്തമാൽ
കേചിൽ ഭർത്തൃശുഭാശുഭം ശുഭഗൃഹാദിച്ഛന്തി ഹോരാവിദഃ ൭

സ്ത്രീകളുടെ ജനനസമയത്തിൽ ലഗ്നത്തിനോ ചന്ദ്രനോ ഏതിനാണു് അധികബലം എന്നു പരിശോധിച്ചു് ആ ഭാവംകൊണ്ടു സമ്പത്തു് സൌന്ദര്യം ദേഹബലം ഇവയെയും ഒമ്പതാംഭാവംകൊണ്ടു പുത്രവൃദ്ധിയേയും അഷ്ടമംകൊണ്ടു മംഗല്യത്തെയും അനിഷ്ടത്തെയും ഏഴാമിടംകൊണ്ടു് ഭർത്തൃസമ്പത്തിനേയും വിചാരിക്കണം. ചിലർ ഭർത്തൃശുഭാശുഭത്തെ ഒൻപതാംഭാവംകൊണ്ടുവേണം ചിന്തിക്കേണ്ടതു് എന്നു പറയുന്നു. (ഇതു് സർവ്വസാധാരണമല്ല എന്നു ഭാവം.)

വൈധവ്യം നിധനേന ലഗ്നഭവനാൽ തേജോ യശഃസമ്പദഃ
പുത്രം പഞ്ചമഭാവതഃ പതിസുഖം കാമേന കേചിദ്വിദുഃ
പ്രവ്രജ്യാമപി യോഷിതാമതിസുഖം ധർമ്മോപയാതഗ്രഹൈഃ
ശേഷം ഭാവജയോഗജന്യമഖിലം നാരീനരാണാം ഫലം. ൮

അഷ്ടമംകൊണ്ടു വൈധവ്യത്തെയും ലഗ്നംകൊണ്ടു തേജസ്സ് കീർത്തി സമ്പത്തു് ഇവയേയും പഞ്ചമഭാവംകൊണ്ടു പുത്രനേയും ഏഴാംഭാവംകൊണ്ടു ഭർത്തൃസുഖത്തെയും ചിലർ വിചാരിക്കുന്നു. സ്ത്രീകളുടെ സന്യാസത്തേയും സുഖത്തേയും ഒൻപതിൽനിൽക്കുന്ന ഗ്രഹങ്ങളെക്കൊണ്ടു ചിന്തിക്കണം. ശേഷമുള്ള ഭാവഫലവും യോഗഫലവും സ്ത്രീകൾക്കും പുരുഷന്മാർക്കും ഒരുപോലെയാകുന്നു.

യുഗ്മേ ലഗ്നനിശാകരൌ യദി വരസ്ത്രീരൂപശാലാന്വിതാ
സൌമ്യാലോകിതസംയുതൌ ഗുണവതീ സാദ്ധ്വീ ച സമ്പദ്യുതാ
ഓജർക്ഷേ പുരുഷാകൃതിശ്ച ചപലാ പുംശ്ചേഷ്ടിതാ ഭാമിനീ
പാപവ്യോമചരേണ വീക്ഷിതയുതാ പാപാ ദുരാചാരിണീ ൯

ലഗ്നവും ചന്ദ്രനും യുഗ്മരാശിയിൽ ആയാൽ ആ സ്ത്രീ ശ്രേഷ്ഠയും സൌന്ദര്യവും സൌശീല്യവും ഉള്ളവളും ആകും. ലഗ്നചന്ദ്രന്മാർക്കു ശുഭയോഗദൃഷ്ടികളുണ്ടെങ്കിൽ ഗുണവതിയും പതിവ്രതയും സമ്പത്തുള്ളവളും ആയും ഭവിക്കും. ലഗ്നവും ചന്ദ്രനും ഓജരാശിയിൽ ആണെങ്കിൽ പുരുഷാകൃതിയും ചപലയും പുരുഷചേഷ്ടിതമുള്ളവളും ആയും, ലഗ്നവും ചന്ദ്രനും പാപയോഗദൃഷ്ടികളോടുകൂടിയിരുന്നാൽ പാപിഷ്ഠയും ദുഷ്പ്രവൃത്തിയുള്ളവളും ആയും ഭവിക്കും.

ലഗ്നേന്ദൂ വിഷമർക്ഷഗൌ ശുഭയുതൌ സൌമ്യഗ്രഹാലോകിതൌ
നാരീ മിശ്രഗുണാകൃതിസ്ഥിതിഗതിപ്രജ്ഞാവതീ ജായതേ
യുഗ്മാഗാരഗതൌ തു പാപസഹിതൌ പാപേക്ഷിതൌ വാ തഥാ
തദ്രാശീശയുതേക്ഷകഗ്രഹബലാദാഹുഃ സമസ്തം ബുധാഃ ൰

ലഗ്നവും ചന്ദ്രനും, വിഷമരാശിയിൽ ശുഭയോഗദൃഷ്ടികളോടുകൂടി നിന്നാൽ സ്ത്രീപുരുഷലക്ഷണങ്ങളുള്ള ആകൃതിയോടും സ്ഥിതിഗതികളോടും ബുദ്ധിയോടും കൂടിയവളായിരിക്കും. ഓജരാശിയിൽ പാപദൃഷ്ടികളോടുകൂടി നിന്നാലും ഫലം മേൽപ്രകാരംതന്നെ. ലഗ്നാധിപനോടും ചന്ദ്രലഗ്നാധിപനോടും ചേരുകയും അവരെ നോക്കുകയും ചെയ്യുന്ന ഗ്രഹങ്ങളുടെ ബലാബലങ്ങളെ അനുസരിച്ചു സകലത്തെയും പറഞ്ഞുകൊള്ളണം.

ഓജേ വിലഗ്നേ പുരുഷൈർബലിഷ്ഠൈർ-
ബലോജ്ഝിതൈശ്ചന്ദ്രബുധാസുരേഡ്യൈഃ
സാമാന്യശക്തൌ സതി സൂര്യപുത്രേ
ജാതാ ഹി തസ്യാ ബഹവോ ധവാഃ സ്യുഃ ൯

പുരുഷഗ്രഹങ്ങളൊക്കെയും ബലവാന്മാരായും, ചന്ദ്രൻ ബുധൻ വ്യാഴം ഇവർ ബലഹീനന്മാരായും, ശനി സാമാന്യബലവാനായും നിൽക്കുമ്പോൾ ഓജരാശി ലഗ്നമായി ജനിച്ചവൾക്ക് വളരെ ഭർത്താക്കന്മാരുണ്ടായിരിക്കും.

യുഗ്മേ വിലഗ്നേ കുജസൌമ്യജീവ-
ശുക്രൈർബലിഷ്ഠൈഃ ഖലു ജാതകന്യാ
വിഖ്യാതനാമ്നീ സകലാർത്ഥതത്ത്വ-
ബുദ്ധിപ്രസിദ്ധാ ഭവതീഹ സാധ്വീ. ൧൦

കുജൻ ബുധൻ വ്യാഴം ശുക്രൻ ഇവർ ബലവാന്മാരായിരിക്കുമ്പോൾ യുഗ്മലഗ്നത്തിൽ ജനിച്ച കന്യക പ്രസിദ്ധയും സകലാർത്ഥതത്ത്വത്തെയും അറിയുന്നവളും പാതിവ്രത്യയുമായി ഭവിക്കും.

സൌരേ മദ്ധ്യബലേ ബലേന രഹിതൈശ്ശീതാംശുശുക്രേന്ദുജൈഃ
ശേഷൈർവീര്യസമന്വിതൈഃ പുരുഷിണീ യദ്യുഗ്മരാശ്യുൽഗമേ
ജീവാരാസ്ഫുജിദൈന്ദവേഷു ബലിഷു പ്രാഗ്ലഗ്നരാശൌ സമേ
വിഖ്യാതാഖിലശാസ്ത്രയുക്തികുശലാ സ്ത്രീ ബ്രഹ്മവാദിന്യപി. ൧൧

ശനി മദ്ധ്യബലനായും, ചന്ദ്രശുക്രബുധന്മാർ ബലഹീനന്മാരായും, ശേഷമുള്ള ഗ്രഹങ്ങൾ (സൂര്യനും കുജനും വ്യാഴവും) ബലവാന്മാരായും നിൽക്കുമ്പോൾ യുഗ്മരാശിലഗ്നമായി ജനിക്കുന്ന സ്ത്രീ, പുരുഷപ്രകൃതിയായിരിക്കും. വ്യാഴം കുജൻ ശുക്രൻ ബുധൻ ഇവർ ബലവാന്മാരായി നിൽക്കുമ്പോൾ സമരാശി ലഗ്നമായി ജനിക്കുന്നവൾ പ്രസിദ്ധയും സകലശാസ്ത്രയുക്തികുശലയും വേദാന്തവാദിനിയും ആയി ഭവിക്കും.

ത്രിംശാംശകഫലം —

ലഗ്നേ ഭൌമഗൃഹം ഗതേ ശശിനി വാ വീര്യാധികേ ഭൂസുത-
ത്രിംശാംശപ്രഭവാഽബലാ യദി ദുരാചാരപ്രസക്താ ഭവേൽ
പ്രേഷ്യാ ഭാനുസുതാംശകേ ഗുണവതീ സാധ്വീ ച ജീവാംശകേ
സൌമ്യാംശേ മലിനാസിതാംശജവധൂർജാരവ്രതാചാരിണീ. ൧൨

ലഗ്നമോ ചന്ദ്രനോ ബലവാനായി കുജക്ഷേത്രത്തിൽ (മേടവൃശ്ചികരാശികളിൽ) നിൽക്കുമ്പോൾ കുജത്രിംശാംശകത്തിൽ ജനിച്ചവൾ ദുരാചാരതല്പരയായും, ശനിത്രിംശാംശകത്തിൽ ജനിച്ചവൾ ദാസിയായും, ഗുരുത്രിംശാംശകത്തിൽ ജനിച്ചവൾ ഗുണവതിയും സാധ്വിയും ആയും, ബുധത്രിംശാംശകത്തിൽ ജനിച്ചവൾ മലിനവേഷയായും, ശുക്രത്രിംശാംശകത്തിൽ ജനിച്ചവൾ ജാരസംഗമുള്ളവളായും ഭവിക്കും.

ലഗ്നേ ഭാർഗവരാശിഗേ കലഹകൃൽ ദുഷ്ടാ കുജസ്യാംശകേ
സാധ്വീ പുത്രവതീ പുരന്ദരഗുരോരംശേ പുനർഭൂശനേഃ
സൌമ്യസ്യാംശസമുൽഭവാഖിലകലാസംഗീതവാദ്യപ്രിയാ
ശുക്രാംശേ ബുധവല്ലഭാ ച സുഭഗാ ലോകപ്രിയാ ജായതേ.

ലഗ്നമോ ചന്ദ്രനോ ശുക്രക്ഷേത്രത്തിൽ വരുമ്പോൾ കുജത്രിംശാംശകത്തിൽ ജനിച്ചവൾ കലഹപ്രിയയും ദുഷ്ടയും ആയും, ഗുരുത്രിംശാംശകത്തിൽ ജനിച്ചവൾ പതിവ്രതയും പുത്രവതിയും ആയും, ശനിത്രിംശാംശകത്തിൽ ജനിച്ചവൾ പുനർവിവാഹം ചെയ്യപ്പെടുന്നവളായും, ബുധത്രിംശാംശകത്തിൽ ജനിച്ചവൾ സകലകലാവിദ്യയിലും സംഗീതവാദ്യങ്ങളിലും പ്രിയമുള്ളവളും, ശുക്രത്രിംശാംശകത്തിൽ ജനിച്ചവൾ വിടപ്രിയയും, സുഭഗയും, ലോകഹിതയും ആയും ഭവിക്കും

ത്രിംശാംശേ ഽവനിജസ്യ ബോധനഗൃഹേ ലഗ്നേ തു പുത്രാന്വിതാ
മന്ദാംശേ വിധവാഥവാ മൃതസുതാ ക്ലീബാകൃതിസ്ഥാ ഽസതി
ജൈവേ ഭർതൃപരാ ബുധസ്യ തരുണീ വിഖ്യാതതേജസ്വിനീ
ശൗക്രേ ചാരുതരാംബരാഭരണഗോവിത്തപ്രസിദ്ധാ ഭവേൽ. ൬

ലഗ്നമോ ചന്ദ്രനോ ബുധക്ഷേത്രത്തിൽ നില്ക്കുമ്പോൾ കുജത്രിംശാംശകത്തിൽ ജനിച്ചവൾ പുത്രവതിയായും, ശനിത്രിംശാംശകത്തിൽ ജനിച്ചവൾ വിധവയായും അല്ലെങ്കിൽ മൃതപുത്രയും നപുംസകപ്രകൃതിയും ദുഷ്ടയും ആയും, ഗുരുത്രിംശാംശകത്തിൽ ജനിച്ചവൾ ഭർത്തൃതല്പരയായും, ബുധത്രിംശാംശകത്തിൽ ജനിച്ചവൾ പ്രസിദ്ധയും [illegible] ഉള്ളവളും ആയും, ശുക്രത്രിംശാംശകത്തിൽ ജനിച്ചവൾ മനോഹരമായ വസ്ത്രം ആഭരണം പശുക്കൾ ധനം ഇവയോടുകൂടിയവളായും ഭവിക്കും. ("ലഗ്നേ ത്വപുത്രാന്വിതാ" എന്നും പാഠം കാണുന്നു. ആ പക്ഷത്തിൽ പുത്രനില്ലാത്തവൾ എന്നു് അർത്ഥമാകുന്നു.)

ലഗ്നേ ചന്ദ്രഗൃഹം ഗതേ ബലവതി ക്ഷോണീസുതസ്യാംശകേ
ജാതാ ജാരവിനോദശീലരസികാ പാപേക്ഷിതേ ശീതഗൗ
വിശ്വസ്താ രവിജസ്യ നിർജ്ജരഗുരോരല്പായുരല്പാത്മജാ
ബൗധേ ശില്പകലാവതീ ഭൃഗുസുതത്രിംശാംശകേ കാമുകീ.

ജന്മലഗ്നമോ ചന്ദ്രലഗ്നമോ കർക്കടകമായിരിക്കയും അവിടം ബലമുണ്ടായിരിക്കയും ചെയ്യുമ്പോൾ കുജത്രിംശാംശകത്തിൽ ജനിച്ചവൾ ജാരന്മാരോടുകൂടി വിനോദിക്കുന്നതിൽ രസമുള്ളവളായും, ചന്ദ്രനു പാപദൃഷ്ടിയുണ്ടായിരിക്കുമ്പോൾ ശനിയുടെ ത്രിംശാംശകത്തിൽ ജനിച്ചവൾ വിശ്വസ്ത(വിധവ)യായും, ഗുരുത്രിംശാംശകത്തിൽ ജനിച്ചവൾ അല്പായുസ്സും അല്പപുത്രന്മാരോടുംകൂടിയവളുമായും, ബുധത്രിംശാംശകത്തിൽ ജനിച്ചവൾ ശില്പവിദ്യയുള്ളവളായും ശുക്രത്രിംശാംശകത്തിൽ ജനിച്ചവൾ കാമുകിയായും ഭവിക്കും.

ഭാനുക്ഷേത്രഗതേ തനൗ ശശിനി വാ ഭൂനന്ദനസ്യാംശകേ
നാരീ പുംപ്രകൃതിസ്ഥിതാ ച കുലടാ മന്ദാംശകേ ദുഃഖിതാ
ജീവാംശേ നൃപവല്ലഭാ ഗുണവതീ സൗമ്യസ്യ പുംചേഷ്ടിതാ
ദുഷ്ടാ ചാസുരവന്ദിതസ്യ കുപതിസ്നേഹാന്വിതാ രോഗിണീ.

ലഗ്നമോ ചന്ദ്രലഗ്നമോ ചിങ്ങംരാശിയായിരിക്കുമ്പോൾ കുജാംശകത്തിൽ ജനിച്ചവൾ പുരുഷപ്രകൃതിയും വ്യഭിചാരിണിയുമായും ശനിത്രിംശാംശകത്തിൽ ജനിച്ചവൾ ദുഃഖിതയായും ഗുരുത്രിംശാംശകത്തിൽ ജനിച്ചവൾ രാജപ്രിയയും ഗുണവതിയുമായും ബുധത്രിംശാംശകത്തിൽ ജനിച്ചവൾ പുരുഷന്റെ ചേഷ്ടിതംപോലുള്ള ചേഷ്ടിതത്തോടുകൂടിയവളും ദുഷ്ടയുമായും, ശുക്രത്രിംശാംശകത്തിൽ ജനിച്ചവൾ നിന്ദ്യനായ ഭർത്താവിൽ സ്നേഹമുള്ളവളും രോഗമുള്ളവളുമായും ഭവിക്കും.

വാഗീശസ്യ ഗൃഹോദയേ വസുമതീപുത്രസ്യ ഭാഗോത്ഭവാ
വിഖ്യാതാ പരിചാരിണീ രവിസുതസ്യാംശേ ദരിദ്രാ ഭവേൽ

ജീവാംശേ ധനവസ്ത്രഭൂഷണവതീ സൗമ്യസ്യ സംപൂജിതാ
സാദ്ധ്വീ ദാനവമന്ത്രിണഃ സുതവതീ സദ്വസ്ത്രഭൂഷാന്വിതാ.

ലഗ്നമോ ചന്ദ്രലഗ്നമോ വ്യാഴത്തിന്റെ ഗൃഹ(ധനു മീനം)മായിരിക്കുമ്പോൾ കുജത്രിംശാംശകത്തിൽ ജനിച്ചവൾ പ്രസിദ്ധയും പരിചാരിണിയുമായും ശനിത്രിംശാംശകത്തിൽ ജനിച്ചവൾ ദരിദ്രയായും, ഗുരുത്രിംശാംശകത്തിൽ ജനിച്ചവൾ ധനം വസ്ത്രം ഭൂഷണം ഇവയോടുകൂടിയവളായും, ബുധത്രിംശാംശകത്തിൽ ജനിച്ചവൾ പൂജിതയും സാദ്ധ്വിയും ആയും ശുക്രത്രിംശാംശകത്തിൽ ജനിച്ചവൾ പുത്രന്മാരോടും സദ്വസ്ത്രം ഭൂഷണം ഇവയോടും കൂടിയവളും ആയും ഭവിക്കും.

ലഗ്നേ മന്ദഗൃഹേ ബലിന്യവനിജത്രിംശാംശകേ ശോകിനീ
മന്ദാംശേ സതി ദുർഭഗാ നിജകുലാചാരാന്തരക്താ ഗുരോഃ
സർവ്വജ്ഞാ കുലടാ ബുധാംശജനിതാ ശുക്രസ്യ വന്ധ്യാ സതീ
ലഗ്നേന്ദുസ്ഫുടയോഗരാശിസകലത്രിംശാംശകം വാ വദേൽ.

ലഗ്നമോ, ചന്ദ്രലഗ്നമോ ശനിക്ഷേത്ര (മകരം കുംഭം)മായും, ബലവത്തായും ഇരിക്കുമ്പോൾ കുജത്രിംശാംശകത്തിൽ ജനിച്ചവൾ ദുഃഖിതയും, ശനിത്രിംശാംശകത്തിൽ ജനിച്ചവൾ സൌന്ദര്യമില്ലാത്തവളും, ഗുരുത്രിംശാംശകത്തിൽ ജനിച്ചവൾ തന്റെ കുലാചാരങ്ങളിൽ അനുരക്തയും, ബുധത്രിംശാംശകത്തിൽ ജനിച്ചവൾ സർവ്വജ്ഞയും കുലടയും ശുക്രത്രിംശാംശകത്തിൽ ജനിച്ചവൾ പ്രസവിക്കാത്തവളും പതിവ്രതയും ആയി ഭവിക്കും. ലഗ്നത്തിനു ബലമുണ്ടെങ്കിൽ ലഗ്നത്തിന്റെയും, ചന്ദ്രനു ബലമുണ്ടെങ്കിൽ ചന്ദ്രന്റെയും ഫലത്തെ പറയണം. ലഗ്നസ്ഫുടത്തെയും ചന്ദ്രസ്ഫുടത്തെയും ഒരുമിച്ചു കൂട്ടിവരുന്ന രാശിയുടെ ത്രിംശാംശകത്തെ അനുസരിച്ചും ഫലം പറയാവുന്നതാണ്.

ആഗ്നേയൈർവിധവാസ്തരാശിസഹിതൈർമിശ്രൈഃ പുനർഭൂർഭവേൽ
ക്രൂരേ ഹീനബലേഽസ്തഗേ സ്വപതിനാ സൌമ്യേക്ഷിതേ പ്രോജ്ഝിതാ
അന്യോന്യാംശകയോഃ സിതാവനിജയോരന്യപ്രസക്താംഗനാ
ദ്യൂനേ വാ യദി ശീതരശ്മിസഹിതൗ ഭർത്തുസ്തദാനുജ്ഞയാ ൧൯

ലഗ്നാൽ ഏഴിൽ ആഗ്നേയ(പാപ)ഗ്രഹങ്ങൾ നിന്നാൽ വിധവയായും, ശുഭപാപന്മാർ നിന്നാൽ പുനർവിവാഹം ചെയ്യപ്പെട്ടവളായും, ദുർബലനായ പാപൻ ശുഭദൃഷ്ടിയോടുകൂടി നിന്നാൽ ഭർത്താവിനാൽ ത്യക്തയായും, കുജശുക്രന്മാർ അന്യോന്യനവാംശകങ്ങളിൽ നിന്നാൽ അന്യനെ പ്രാപിക്കുന്നവളായും, അവർ ചന്ദ്രനോടുകൂടി ഏഴിൽ നിന്നാൽ ഭർത്താവിന്റെ സമ്മതത്തോടുകൂടി അന്യനെ ഗമിക്കുന്നവളായും ഭവിക്കും.

സൌരാരർക്ഷേ ലഗ്നഗേ സേന്ദുശുക്രേ
മാത്രാ സാർദ്ധം വന്ധകീ പാപദൃഷ്ടേ
കൗജേഽസ്താംശേ സൗരിണാ വ്യാധിയോനി-
ശ്ചാരുശ്രോണീ വല്ലഭാ സൽഗ്രഹാംശേ. ൨൦

ശനിയുടേയും കുജന്റേയും ക്ഷേത്രങ്ങളിൽ ഏതെങ്കിലും ഒരു രാശി ലഗ്നമായി വരികയും അവിടെ പാപദൃഷ്ടിയോടുകൂടി ചന്ദ്രശുക്രന്മാർ നില്ക്കയും ചെയ്യുമ്പോൾ

ജനിക്കുന്നവളും അവളുടെ മാതാവും വ്യഭിചാരിണിയായിത്തീരും. ലഗ്നാൽ ഏഴിൽ കുജന്റെ നവാംശകവും ശനിദൃഷ്ടിയും ഉണ്ടായാൽ യോനിരോഗമുള്ളവളായും ഏഴിൽ ശുഭഗ്രഹാംശകം ഉണ്ടായിരുന്നാൽ സുന്ദരിയും ഭർത്താവിന്നു പ്രിയയും ആയും ഭവിക്കും.

ബലഹീനേഽസ്തഗേ പാപേ സൌമ്യഗ്രഹനിരീക്ഷിതേ
പത്യാ വിസൃജ്യതേ നാരീ നീചാരിസ്ഥേ ച വൈരിണീ. ൨൧

പാപൻ ദുർബലനായും ശുഭഗ്രഹദൃഷ്ടിയോടുംകൂടി ഏഴിൽ നിന്നാൽ ഭർത്താവിനാൽ ഉപേക്ഷിക്കപ്പെട്ടവളായും, ആ പാപൻ നീചത്തിലൊ ശത്രുക്ഷേത്രത്തിലൊ നില്ക്കുകയാണെങ്കിൽ ഭർത്താവിന്നു വിരോധമുള്ളവളായും തീരും.

ഉൽസൃഷ്ടാ മദനസ്ഥിതേ ദിനകരേ ശത്രുഗ്രഹാലോകിതേ
വിശ്വസ്താവനിജേ വധൂരമണയോരന്യോന്യവൈരം തു വാ
സൌമ്യാസൌമ്യയുതേ കളത്രഭവനേ ജാതാ പുനർഭ്രൂസ്തനൌ
കാമസ്ഥേ രിപുവീക്ഷിതേ ത്വവിധവാ ജാതാ ജരാം ഗച്ഛതി ൨൨

ഏഴിൽ സൂര്യൻ ശത്രുഗ്രഹദൃഷ്ടിയോടുകൂടി നിന്നാൽ പതിയാൽ ഉപേക്ഷിക്കപ്പെടും. കുജൻ നിന്നാൽ വിധവയാകയോ, ഭാര്യാഭർത്താക്കന്മാൎക്ക് അന്യോന്യവൈരമോ സംഭവിക്കും. ശുഭപാപന്മാർ നിന്നാൽ പുനർവിവാഹം ചെയ്യപ്പെടും. ശനി ശത്രുഗ്രഹദൃഷ്ടിയോടുകൂടി നിന്നാൽ വിവാഹം ചെയ്യാതെ നരയ്ക്കുന്നതുവരെ കന്യകയായിത്തന്നെ ഇരിക്കും.

പാപർക്ഷേ മദനേ കുജേ ശനിയുതേ വൈധവ്യമേത്യംഗനാ
ജാരാസക്തവിലാസിനീ സിതകുജാവന്യോന്യരാശ്യംശഗൌ
ചന്ദ്രേ കാമഗൃഹം ഗതേ തു പതിനാ സാർദ്ധം ദുരാചാരിണീ
മന്ദാരർക്ഷവിലഗ്നഗൌ ശശിസിതൌ വന്ധ്യാ സുതസ്ഥേ ഖലേ. ൨൩

ഏഴിൽ കുജമന്ദന്മാർ നില്ക്കയും അവിടം പാപക്ഷേത്രമായി വരികയും ചെയ്താൽ, അംഗന വൈധവ്യത്തെ പ്രാപിക്കും. ശുക്രൻ കുജനവാംശകത്തിലും കുജൻ ശുക്രനവാംശകത്തിലും നിന്നാൽ ജാരപുരുഷനിൽ ആസക്തിയുള്ളവളാകും. ചന്ദ്രൻ ഏഴിൽ നിന്നാൽ ഭർത്താവും താനും വ്യഭിചരിക്കുന്നവരായും ശനിയുടെയോ കുജന്റെയോ ക്ഷേത്രം ലഗ്നമായി വരികയും ആ ലഗ്നത്തിൽ ചന്ദ്രശുക്രന്മാരും, അഞ്ചിൽ പാപനും, നില്ക്കയും ചെയ്താൽ പ്രസവിക്കാത്തവളായും ഭവിക്കും.

കളത്രരാശ്യംശഗതേ മഹീജേ
മന്ദേക്ഷിതേ ദുർഭഗമേതി കന്യാ
ശുക്രാംശകേ സൌമ്യദൃശാ സമേതേ
കളത്രരാശൌ പതിവല്ലഭാ സ്യാൽ. ൨൪

കുജൻ ശനിദൃഷ്ടിയോടുകൂടി ഏഴിൽ സ്വനവാംശകത്തിൽ നിന്നാൽ കന്യക, യോനിരോഗമുള്ളവളായും ഏഴിൽ ശുക്രാംശകവും ശുഭദൃഷ്ടിയും ഉണ്ടായിരുന്നാൽ ഭർത്താവിന്നു പ്രിയയായും ഭവിക്കും.

ഭൌമാഗാരവിലഗ്നഗൌ ശശിസിതൌ നാരീ പതിദ്വേഷിണീ
ചന്ദ്രജ്ഞൌ പരതത്ത്വവാദചതുരാ ഭൌമേന്ദുജൌ ഭോഗിനീ
ചന്ദ്രജ്ഞാസുരവന്ദിതാ യദി സുഖദ്രവ്യാന്വിതാ ലഗ്നഗാ
വാഗീശോ യദി ലഗ്നഗഃ സുതനയാ പ്രജ്ഞാവിഭൂഷാന്വിതാ. ൨൫

കുജക്ഷേത്രം (മേടമോ വൃശ്ചികമോ) ലഗ്നമായിരിക്കയും അവിടെ ചന്ദ്രശുക്രന്മാർ നില്ക്കയും ചെയ്താൽ സ്ത്രീ ഭർത്താവിനോടു ദ്വേഷമുള്ളവളായും, ചന്ദ്രബുധന്മാർ നിന്നാൽ തത്വവാദത്തിൽ സമർത്ഥ്യമുള്ളവളായും, കുജബുധന്മാർ നിന്നാൽ സുഖത്തോടുകൂടിയവളായും, ചന്ദ്രൻ ബുധൻ ശുക്രൻ ഇവർ ലഗ്നത്തിൽ നിന്നാൽ സുഖത്തോടും ദ്രവ്യത്തോടും കൂടിയവളായും, വ്യാഴം ലഗ്നത്തിൽ നിന്നാൽ പുത്രന്മാരോടും ബുദ്ധിയോടും ആഭരണങ്ങളോടും കൂടിയവളായും ഭവിക്കും.

തുംഗസ്ഥാ ഗഗനാടനാഃ ശുഭകരാ രന്ധ്രേ സപാപേ വധൂർ-
വൈധവ്യം സമുപൈതി പാപഭവനേ പാപഗ്രഹാലോകിതേ
രന്ധ്രേശാംശപതൌ ഖലേ തു വിധവാ നിസ്സംശയോ ഭാമിനീ
സൌമ്യൈ രന്ധ്രഗതൈഃ സമേതി തരുണീ പ്രാഗേവ മൃത്യും പതേഃ

ഗ്രഹങ്ങൾ ഏതുഭാവത്തിലെങ്കിലും ഉച്ചത്തിൽ നിന്നാൽ വളരെ നല്ലതാകുന്നു. അഷ്ടമം പാപക്ഷേത്രമായിരിക്കയും അവിടെ പാപയോഗദൃഷ്ടികൾ ഉണ്ടായിരിക്കയും ചെയ്താൽ സ്ത്രീ വിധവയായി ഭവിക്കും. അഷ്ടമാധിപന്റെ നവാംശകാധിപതി പാപനായിരുന്നാലും നിശ്ചയമായും വൈധവ്യമുണ്ടാകും. അഷ്ടമത്തിൽ ശുഭഗ്രഹങ്ങളുണ്ടെങ്കിൽ സ്ത്രീ ഭർത്താവിനു മുൻപുതന്നെ മരിക്കും. (വൈധവ്യം പ്രാപിക്കയില്ല.)

ഭാഗ്യസ്ഥാഃ ശുഭഖേചരാഃ സ്മരഗതേ പാപേഷ്ടമസ്ഥേഥവാ
ഭർത്തൃശ്രീബഹുപുത്രസൌഖ്യവിഭവൈസ്സാർദ്ധം ചിരം ജീവതി
ക്രൂരൈർബന്ധുഗൃഹോപഗൈർബഹുസുതപ്രാപ്താ ഭവത്യംഗനാ
ചാപേ വാ കടകോദയേ പതിസുതപ്രാപ്താ ദരിദ്രാ ഭവേൽ. ൨൭

ഒൻപതിൽ ശുഭന്മാരുണ്ടെങ്കിൽ ഏഴിലോ അഷ്ടമത്തിലോ പാപൻ നിന്നാലും സ്ത്രീ മംഗല്യം, സമ്പത്തു്, പുത്രന്മാർ, സൌഖ്യം വിഭവങ്ങൾ ഇവയോടുകൂടി വളരെക്കാലം ജീവിച്ചിരിക്കും. പാപന്മാർ ബന്ധുക്ഷേത്രത്തിൽ (നാലിൽ) നിന്നാൽ പുത്രന്മാരോടും ഭർത്താവിനോടും കൂടിയിരിക്കും. ധനുവോ കർക്കടകമോ ലഗ്നമായി ജനിക്കുന്നവൾ ഭർത്തൃപുത്രസഹിതയായെങ്കിലും ദരിദ്രയായിത്തീരും.

ഗോസിംഹാളിവധൂദയേ സുതഗതേ ചന്ദ്രേല്പപുത്രാന്വിതാ
പാപൈരസ്തശുഭോദയാഷ്ടമഗതൈർദ്ദാരിദ്ര്യശോകാകുലാ
സൌമ്യാസൌമ്യയുതൈശ്ച മിശ്രഫലിനീ സൌമ്യൈഃ ശുഭശ്രീയുതാ
പുത്രേശേരിഗതേ തനൌ രിപുപതൌ ശസ്ത്രേണ മൃത്യും ഭവേൽ ൨൮

ഇടവം, ചിങ്ങം, വൃശ്ചികം, കന്നി ഈ രാശികളേതെങ്കിലും ലഗ്നമായിരിക്കയും ചന്ദ്രൻ അഞ്ചിൽ നില്ക്കയും ചെയ്താൽ അല്പപുത്രയായും, ൭-ൻ ലഗ്നം അഷ്ടമം ഈ ഭാവങ്ങളിൽ പാപന്മാർ നിന്നാൽ ദാരിദ്ര്യദുഃഖത്തോടുകൂടിയവളായും, ശുഭപാപന്മാർ നിന്നാൽ മിശ്രഫലത്തോടുകൂടിയവളായും, ശുഭന്മാർ നിന്നാൽ ശുഭസമ്പത്തുള്ളവളായും ഭവിക്കും. അഞ്ചാംഭാവാധിപൻ ആറിലും ആറാംഭാവാധിപൻ ലഗ്നത്തിലും നിന്നാൽ ശസ്ത്രംകൊണ്ടു് മരണം പ്രാപിക്കും. (പ്രസവമെടുക്കുക മുതലായ ക്രിയകളിൽ ശസ്ത്രപ്രയോഗം വേണ്ടിവരികയും അതുനിമിത്തം സ്ത്രീ മരിക്കയും ചെയ്യും എന്നും അർത്ഥം ഊഹ്യമാകുന്നു.)

ക്രൂരഗ്രഹൈരസ്തഗതൈസ്സമസ്തൈർ-
വിലഗ്നരാശേർവിധവാ ഭവേൽ സാ
മിശ്രൈഃ പുനർഭൂരിഹ ജാതകന്യാ
പത്യുജ്ഝിതാ ഹീനബലൈരസദ്ഭിഃ ൨൯

ലഗ്നാൽ ഏഴിൽ സർവ്വപാപന്മാരും ബലവാന്മാരായി നിന്നാൽ സ്ത്രീ വിധവയാകും. ശുഭന്മാരും പാപന്മാരും നിന്നാൽ പുനർവിവാഹം ചെയ്യപ്പെട്ടവളായും പാപന്മാർ ബലഹീനന്മാരാണെങ്കിൽ പതിയാൽ ഉപേക്ഷിക്കപ്പെട്ടവളായും ഭവിക്കും.

 സ്ത്രീജന്മലഗ്നാസ്തമഗേ ശശാങ്കേ
ശുക്രാരയുക്തേ യദി ജാതകന്യാ
സാ പത്യനുജ്ഞാപരഗാമിനീ സ്യാൽ
സൗരാരഭാംശോപഗതേ തഥൈവ. ൩൦

സ്ത്രീജന്മലഗ്നാൽ ഏഴിൽ ചന്ദ്രൻ, ശുക്രനോടും കുജനോടുംകൂടി നില്ക്കുമ്പോൾ ജനിച്ചവൾ പതിയുടെ അനുവാദപ്രകാരം അന്യഗാമിനിയാകും. ചന്ദ്രൻ ശനിയുടെയോ കുജന്റെയോ നവാംശകത്തിൽ നിന്നാലും ഫലം അപ്രകാരംതന്നെ.

സൗരാരഭാംശോപഗതഗ്രഹേഷു
ശുക്രേന്ദുയുക്തേഷു ശുഭഗ്രഹേഷു
ജാതാ ശുഭാചാരഗുണൈർവിഹീനാ
മാത്രാ ച സാകം വ്യഭിചാരിണീ സ്യാൽ. ൩൧

പാപഗ്രഹങ്ങൾ ശനികുജന്മാരുടെ രാശികളിലോ നവാംശകങ്ങളിലോ ശുക്രചന്ദ്രന്മാരോടുകൂടി നില്ക്കുമ്പോൾ ജനിച്ചവൾ ശുഭാചാരഗുണങ്ങളില്ലാത്തവളും മാതാവിനോടുകൂടി വ്യഭിചരിക്കുന്നവളും ആയി ഭവിക്കും. (മാതാവും താനും വ്യഭിചാരിണിയാകും എന്നോ മാതാവു് അറിഞ്ഞു വ്യഭിചരിക്കുമെന്നോ അർത്ഥം)

ക്ഷിതിതനയനവാംശേ ലഗ്നതഃ സപ്തമസ്ഥേ
ദിനകരബുധദൃഷ്ടേ വ്യാധിയോനിഃ പ്രജാതാ
ശുഭകരനവഭാഗേ സപ്തമസ്ഥാനസംസ്ഥേ
സുഭഗസുതവതീ സാ ചാന്യഥാ ദുർഭഗാ സ്യാൽ ൩൨

ലഗ്നാൽ ഏഴിൽ കുജനവാംശം വരികയും അവിടെ സൂര്യബുധദൃഷ്ടിയുണ്ടായിരിക്കയും ചെയ്താൽ യോനിരോഗമുള്ളവളായും, ഏഴിൽ ശുഭഗ്രഹനവാംശകമാണെങ്കിൽ സുഭഗയും പുത്രവതിയും ആയും പാപനവാംശകമാണെങ്കിൽ ദുർഭഗയായും ഭവിക്കും.

കാമാസക്തമനാഃ പതിനീ ച വിധവാ പാപദ്വയേ സപ്തമേ
പശ്ചാൽ സ്വാമിവധം കരോതി കുലടാ പാപത്രയേ ചാസ്തഗേ
രാജാമാത്യവരാംഗനാ യദി ശുഭേ കാമം ഗതേ കന്യകാ
മാരസ്ഥേ തു ശുഭത്രയേ ഗുണവതീ രാജ്ഞീ ഭവേൽ ഭൂപതേഃ

ഏഴിൽ രണ്ടു പാപന്മാർ നിന്നാൽ കാമാധിക്യമുള്ളവളും വിധവയും ആയും മൂന്നു പാപന്മാർ നിന്നാൽ ഭർത്തൃവധം ചെയ്യുന്നവളും കുലടയും ആയും ശുഭഗ്രഹം നിന്നാൽ രാജഭാര്യയോ മന്ത്രിഭാര്യയോ ആയും എട്ടിൽ ശുഭൻ നിന്നാൽ ഗുണവതിയും പട്ടമഹിഷിയും ആയും ഭവിക്കും.

അന്യോന്യാംശഗതൗ സിതാർക്കതനയാവന്യോന്യദൃഷ്ട്യാ തു വാ
കുംഭേ ചാസ്തമഭാഗജാതവനിതാ കാമാഗ്നിതപ്താ ഭവേൽ
വൈധവ്യം സമുപൈതി ചന്ദ്രഭവനാൽ ക്രൂരേ മദസ്ഥാനഗേ
ചന്ദ്രാദസ്തഗ്രഹോപഗശ്ശുഭകരോ രാജ്യാസ്പദം യച്ഛതി. ൩൩

ശുക്രൻ സൂൎയ്യനവാംശകത്തിലും സൂൎയ്യൻ ശുക്രനവാംശകത്തിലും നിൽക്കയോ അവർ പരസ്പരദൃഷ്ടിയോടുകൂടി നിൽക്കകയോ ചെയ്യുമ്പോൾ കുംഭലഗ്നത്തിൽ എട്ടാമത്തെ നവാംശകത്തിൽ ജനിച്ചവൾ വളരെ കാമമുള്ളവളായിത്തീരും. ചന്ദ്രലഗ്നാൽ ഏഴിൽ പാപൻനിന്നാൽ വൈധവ്യമുണ്ടാകും. ശുഭൻനിന്നാൽ രാജ്യപ്രാപ്തിയുണ്ടാകും.

സ്ത്രീജന്മലഗ്നേ ശശിശുക്രയുക്തേ
കോപാന്വിതാ സാ സുഖഭാഗിനീ സ്യാൽ
സവ്ത്ര ചന്ദ്രേ സതി തത്ര ജാതാ
സുഖാന്വിതാ വീതരതിപ്രിയാ സ്യാൽ.

ജന്മലഗ്നത്തിൽ ചന്ദ്രശുക്രന്മാർ നിന്നാൽ കോപമുള്ളവളും സുഖമുള്ളവളുമായും ചന്ദ്രൻ നിൽക്കുന്ന രാശി ലഗ്നമായി ജനിക്കുന്നവൾ സുഖമുള്ളവളും രതിപ്രീതി ഇല്ലാത്തവളുമായും ഇരിക്കും.

ശുക്രേന്ദുഭേ രൂപഗുണാഭിരാമാ
കലാവതീ ജീവബുധോദയേ തു
ലഗ്നസ്ഥിതാ ജീവബുധാസുരേഢ്യാ
ജാതാംഗനാ സൎവ്വഗുണപ്രസിദ്ധാ ൩൬

ശുക്രചന്ദ്രന്മാരുടെ രാശി ലഗ്നമായി ജനിച്ചവൾ സൌന്ദൎയ്യഗുണമുള്ളവളും ഗുരുബുധന്മാരുടെ രാശി ലഗ്നമായി ജനിച്ചവൾ കലാപൂൎണ്ണയും. വ്യാഴവും ബുധനും ശുക്രനും ഒരുമിച്ചു ലഗ്നത്തിൽ നിൽക്കുമ്പോൾ ജനിച്ചവൾ സൎവ്വഗുണങ്ങളും തികഞ്ഞവളും ആയി ഭവിക്കും.

വാചസ്പതൗ നവമപഞ്ചമകേന്ദ്രസംസ്ഥേ
തുംഗാദികേ ഭവതി ശീലസമന്വിതാ ച
സാദ്ധ്വീ സപുത്രജനനീ സുഖിനീ ഗുണാഢ്യാ
നൂനം കുലദ്വയയശസ്കരിണീ ഭവേൽ സാ. ൩൭

വ്യാഴം, ഒൻപതിലോ അഞ്ചിലോ കേന്ദ്രത്തിലോ ഉച്ചം സ്വക്ഷേത്രം മുതലായവയോടുകൂടി നിൽക്കുമ്പോൾ ജനിച്ചവൾ സുശീലയും, പതിവ്രതയും പുത്രന്മാരോടും മാതാവിനോടും കൂടിയവളും, സുഖമുള്ളവളും, ഗുണാഢ്യയും, സ്വവംശത്തിന്നും ഭൎത്തൃവംശത്തിന്നും യശസ്സിനെ ചെയ്യുന്നവളും ആയും ഭവിക്കും.

യദി ശുഭകരദൃഷ്ടാ ശില്പിനീ ശുദ്ധചിത്താ
സതതമിഹ സലജ്ജാ ചാരുമൂൎത്തിഃ സുപുത്രാ
ബഹുധനശുഭയുക്താ വല്ലഭേ വല്ലഭത്വം
വ്രജതി ശുഭശതാനാം ഭാജനത്വം ച ഹോരാ ൩൮

ലഗ്നത്തിൽ ശുഭയോഗദൃഷ്ടികളുണ്ടെങ്കിൽ സ്ത്രീ, ശില്പശാസ്ത്രജ്ഞയും ശുദ്ധചിത്തയും ലജ്ജയുള്ളവളും, സുന്ദരിയും നല്ല പുത്രന്മാരോടുകൂടിയവളും, വളരെ ധനത്തോടും ശുഭത്തോടും കൂടിയവളും. ഭൎത്താവിൽ പ്രിയമുള്ളവളും ആയി ഭവിക്കും.

ചന്ദ്രേ കൎക്കടകോദയേ ച ബലിഭിഃ ശുക്രജ്ഞജീവൈൎയ്യുതേ
നാനാശാസ്ത്രകലാരസജ്ഞചതുരാ വിഖ്യാതതേജസ്വിനീ
കാമൈൎദ്ധൈരഥവാ വിലഗ്നഭവനാദ്ധൎമ്മസ്ഥിതൈഃ ഖേചരൈഃ
പ്രവ്രജ്യാമുപയാതി ജന്മസമയേ പാണിഗ്രഹേ ചിന്തയേൽ. ൩൯

ചന്ദ്രൻ ബലവാന്മാരായ ശുക്രനോടും ബുധനോടും വ്യാഴത്തോടുംകൂടി കർക്കടകത്തിൽ നില്ക്കയും, കർക്കടകം ലഗ്നമായിരിക്കയും ചെയ്യുമ്പോൾ ജനിച്ചവൾ എല്ലാ ശാസ്ത്രങ്ങളിലും കലാവിദ്യകളിലും സാമർത്ഥ്യമുള്ളവളും പ്രസിദ്ധയും തേജസ്സുള്ളവളും ആയി ഭവിക്കും. ലഗ്നാൽ ഏഴാംഭാവത്തിലോ ഒൻപതാംഭാവത്തിലോ നില്ക്കുന്ന ഗ്രഹങ്ങളെക്കൊണ്ട് പ്രവ്രജ്യയെ (സന്യാസത്തെ) പ്രാപിക്കുന്നു. ആ യോഗത്തെ വിവാഹത്തിലും ചിന്തിക്കണം.

പാപേഽസ്തേ നവമഗതഗ്രഹസ്യ തുല്യാം
പ്രവ്രജ്യാം യുവതിരുപൈത്യസംശയേന
ഉദ്വാഹേ വരണവിധൗ പ്രദാനകാലേ
ചിന്തായാമപി സകലം വിധേയമേതൽ. ൪൦

സ്ത്രീജാതകത്തിൽ ഏഴിൽ പാപൻനിന്നാലും ഒൻപതിൽ ഗ്രഹം ഉണ്ടെങ്കിൽ ആ ഗ്രഹത്തിനു തുല്യമായ സന്യാസയോഗത്തെത്തന്നെ നിശ്ചയമായും പ്രാപിക്കും. (വൈധവ്യമുണ്ടാകയില്ല എന്നു ഭാവം) ഇതെല്ലാം വിവാഹത്തിലും, വരണവിധിയിലും, കന്യകാന്വേഷണത്തിലും) പ്രദാനകാലത്തും പ്രശ്നസമയത്തും നല്ലപോലെ വിചാരിക്കണം.

ജന്മന്യുദ്വാഹകാലേ ച ചിന്തായാം വരണേ തഥാ
സ്ത്രീണാം ചിന്ത്യം ബുധേനോക്തം ഘടതേ തൽപതിഷ്വപി.

സ്ത്രീജാതകവശാൽ വിവാഹകാലത്തിലും, ജാതകചിന്തയിലും, കന്യകാന്വേഷണത്തിലും വിദ്വാനായ ഗണിതജ്ഞനാൽ പറയപ്പെട്ടിട്ടുള്ള ഫലം വഴിപോലെ വിചാരിക്കണം. അതൊക്കെയും ഭർത്താവിലും സംബന്ധിക്കുന്നതാകുന്നു.

ക്രൂരേഽഷ്ടമേ വിധവതാ നിധനേശപാരാംശേ
യസ്യ സ്ഥിതേ വയസി തസ്യ സമേ പ്രദിഷ്ടാ
സൽസ്വപത്ഥഗേഷു മരണം സ്വയമേവ തസ്യാഃ
കന്യാളിഗോഹരിഷു ചാല്പസുതത്വമിന്ദോഃ ൪൨

അഷ്ടമത്തിൽ പാപൻനിന്നാൽ വൈധവ്യം ഉണ്ടാകും. എന്നാൽ ആ അഷ്ടമാധിപൻ ഏതു ഗ്രഹത്തിന്റെ നവാംശത്തിലാണോ നില്ക്കുന്നതു്, വിവാഹാനന്തരം ആ അംശകാധിപന്റെ നിസർഗ്ഗദശാസംവത്സരകാലത്തിൽ ആണ് ആ വൈധവ്യം സംഭവിക്കുന്നതു്. ഈ യോഗത്തിൽ രണ്ടിൽ ശുഭന്മാരുണ്ടെങ്കിൽ സ്ത്രീ തന്നെ മുമ്പേ മരിക്കും. കന്നി, വൃശ്ചികം, ഇടവം, ചിങ്ങം ഈ രാശികളിൽ ചന്ദ്രൻ നിന്നാൽ അല്പപുത്രന്മാരോടുകൂടിയവളായി ഭവിക്കും.

രന്ധ്രേ മിശ്രബലേ ശുഭാശുഭഖഗൈരാലോകിതേ വാ യുതേ
ദമ്പത്യോസ്സമകാലമൃത്യുമഖിലജ്യോതിർവിദസ്സംവിദുഃ
ഏകസ്ഥൗ മദലഗ്നപൗ ച യദി വാ ലഗ്നസ്ഥിതേ കാമപേ
കാമസ്ഥേ തനുപേ ശുഭഗ്രഹയുതേ മൃത്യുസ്തയോസ്തുല്യതഃ. ൪൩

അഷ്ടമം മദ്ധ്യബലമായും, ശുഭാശുഭന്മാരുടെ ദൃഷ്ടിയോടോ യോഗത്തോടോകൂടിയും ഇരുന്നാൽ ഭാര്യാഭർത്താക്കന്മാർക്ക് ഒരുമിച്ചുതന്നെ മരണമുണ്ടാകും. ഏഴാംഭാവാധിപനും ലഗ്നാധിപനും ഒന്നിച്ചോ, അല്ലെങ്കിൽ ഏഴാംഭാവാധിപൻ ലഗ്നത്തിലും ലഗ്നാധിപൻ ഏഴിലും ശുഭയോഗത്തോടുകൂടി നിന്നാലും ദമ്പതികൾക്കു ഒന്നിച്ചു മരണം ഉണ്ടാകും.

സൽസ്വപത്ഥഗേഷു സ്വയമേവ സാ സ്ത്രീ
വിപദ്യതേ തൽപരിപാകകാലേ

രന്ധ്രസ്ഥതന്നാഥതദംശപാനാം
ദശാപഹാരേ മൃതിമാഹുരാര്യാഃ ൪൪

സ്ത്രീജാതകത്തിൽ രണ്ടിൽ വളരെ ശുഭന്മാരുണ്ടായിരുന്നാൽ മുൻപറഞ്ഞ വൈധവ്യയോഗമുണ്ടെങ്കിലും അവൾ ഭർത്താവിനു മുൻപു തന്നെ മരിക്കും. (അതിനാൽ രണ്ടിൽ ശുഭന്മാരുണ്ടെങ്കിൽ വൈധവ്യയോഗം അത്ര വിചാരിക്കാനില്ല എന്നു ഭാവം) ആ മരണകാലം, അഷ്ടമത്തിൽ നില്ക്കുന്ന ഗ്രഹങ്ങൾ, അഷ്ടമാധിപൻ, അവരുടെ അംശകാധിപന്മാർ, ഇവരുടെ ദശാപഹാരകാലത്തിൽ ആയിരിക്കുകയും ചെയ്യും.

സഹജഭവനനാഥേ പുംഗ്രഹേ പുംഗ്രഹർക്ഷേ
പുരുഷഖചരയുക്തേ പുംഗ്രഹാലോകിതേ വാ
നവമഭവനകോണേ കേന്ദ്രഗേ വാ ബലിഷ്ഠേ
ബഹുധനസുഖവന്തം സോദരം യാതി നാരീ. ൪൫

സ്ത്രീജാതകത്തിൽ സഹോദരസ്ഥാനാധിപനായ മൂന്നാം ഭാവാധിപനായ ഗ്രഹം പുരുഷഗ്രഹമായിരിക്കുകയും പുരുഷഗ്രഹങ്ങളുടെ യോഗത്തോടോ ദൃഷ്ടിയോടോ കൂടി പുരുഷഗ്രഹരാശിയിലോ ബലവാനായി ഒൻപതിലോ അഞ്ചിലോ കേന്ദ്രത്തിലോ നില്ക്കുകയും ചെയ്താൽ ആയവൾക്ക് ധനം സുഖം ഇവയോടുകൂടിയ സോദരൻ ഉണ്ടായിരിക്കും.

സഹോദരസ്ഥാനപലാഭനാഥൗ
വിലഗ്നതഃ പഞ്ചമരാശിയാതൗ
നൃപാലതേജോഗുണരൂപവന്തം
സഹോദരം ജാതവധൂഃ സമേതി. ൪൬

൩-ാം ഭാവാധിപനും ൧൧-ാം ഭാവാധിപനും ഒരുമിച്ചു സ്ത്രീലഗ്നാൽ അഞ്ചിൽ നിന്നാൽ രാജതുല്യമായ തേജസ്സും ഗുണവും സൗന്ദര്യവും ഉള്ള സോദരൻ ഉണ്ടാകും.

പതിലക്ഷണം—

യസ്യാ മന്മഥമന്ദിരേ ഗതബലേ ശൂന്യേ ഖലാലോകിതേ
സൌമ്യവ്യോമനിവാസദൃഷ്ടിരഹിതേ ഭർത്താ നരഃ കോ ഭവേൽ
ക്ലീബഃ സ്യാൽ പതിരസ്തഗേ ശശിസുതേ സാക്ഷാത്തമജേ ദുർഭഗാ
വന്ധ്യാ വാ തരുണീ മദേ ചരഗൃഹേ നിത്യം പ്രവാസാന്വിതഃ ൪൭

ഏഴാംഭാവം ദുർബലമായും ഗ്രഹശൂന്യമായും പാപദൃഷ്ടിയോടുകൂടിയും ശുഭദൃഷ്ടിയില്ലാതെയും ഇരിക്കുന്ന സ്ത്രീക്ക് ഒരുത്തനും ഭർത്താവായി വരികയില്ല. ഏഴിൽ ബുധൻ നിന്നാൽ ഭർത്താവ് നപുംസകരൂപനായും, ശനിനിന്നാൽ സ്ത്രീ ദുഷ്ടയോനിയായും പ്രസവിക്കാത്തവളായും, ഏഴാംഭാവം ചരരാശിയായിരുന്നാൽ ഭർത്താവ് എന്നും അന്യദേശസഞ്ചാരിയായും ഭവിക്കും.

സപാംശേ ഭാസപതി കാമഗേ മൃദുരതിക്രീഡാവിനോദീ പതി-
ശ്ചന്ദ്രേ സൌഖ്യമുപൈതി ഭൂമിതനയേ ജാരോ വധൂതൽപരഃ
വിദ്വാംശ്ചന്ദ്രസുതേ ജിതേന്ദ്രിയവരോ ജീവേ മദസ്ഥാനഗേ
ശുക്രേ കാന്തവപുഃ സുഖീ ച രവിജേ വൃദ്ധോതിമൂർഖോ ഭവേൽ.

ഏഴിൽ തന്റെ അംശകത്തിലോ രാശിയിലോ സൂര്യൻ നിന്നാൽ ഭർത്താവു് മൃദുവായ നിക്രീഡയാൽ വിടുന്നാടിപ്പിക്കുന്നവനും, അപ്രകാരം ചന്ദ്രൻ നിന്നാൽ സൗമ്യമായി രമിക്കുന്നവനും, കുജൻ നിന്നാൽ ദാസനും സ്ത്രീസക്തനും, ബുധൻനിന്നാൽ വിദ്വാനും, വ്യാഴംനിന്നാൽ ജിതേന്ദ്രിയനും, ശുക്രൻനിന്നാൽ സുന്ദരനും സുഖിയും ശനിനിന്നാൽ വൃദ്ധനും മൂർഖനും ആയിരിക്കും. (ഇവിടെ സൂര്യാദികൾ എല്ലാവരും സ്വാംശത്തിലോ സ്വക്ഷേത്രത്തിലോ സ്വോച്ചത്തിലോ നില്ക്കണം എന്നുകൂടി ധരിച്ചുകൊള്ളണം.)

സ്യാന്മാർദ്ദവാംശോ ഗുണവാൻ പ്രഗത്ഭോ
ജാമിത്രരാശ്യംശകജാതമർത്ത്യഃ
സൗരേഽസ്തഗേ സ്വാംശഗൃഹോപയാതേ
വൃദ്ധോഽതിമൂർഖഃ പതിരേവ തസ്യാഃ ൪൯

സ്ത്രീലഗ്നത്തിന്റെ ഏഴാംരാശിയോ ഏഴാംനവാംശകമോ ലഗ്നമായി ജനിച്ച മർത്ത്യൻ മാർദ്ദവശരീരനും ഗുണവാനും പ്രാഗത്ഭ്യമുള്ളവനും ആയിരിക്കും. ശനി ഏഴിൽ സ്വനവാംശകാദിവർഗ്ഗത്തിൽ നില്ക്കുമ്പോൾ ജനിച്ചവളുടെ ഭർത്താവു് വൃദ്ധനും അതിമൂർഖനും ആയി ഭവിക്കും.

ദുഃസ്ഥൌ ധർമ്മഗൃഹേശദേവസചിവൌ ഭർത്താ ഗതായുർഭവേൽ
ദീർഘായുർധനവാൻ ത്രികോണഗൃഹഗൌ കേന്ദ്രസ്ഥിതൌ വാ യദി
വിദ്വാൻ ബോധനവാഹനേശസഹിതൌ സാരാക്കിജൌ കർഷക-
സ്സ്വർഭാനുധ്വജസംയുതൌ യദി ഖലസ്സാരീശപരൌ ചോരരാട് ൫൦

ഒൻപതാംഭാവാധിപനും വ്യാഴവും ദുഃസ്ഥാനത്തുനിന്നാൽ ജാതയുടെ ഭർത്താവു് അല്പായുസ്സായും അവർ ത്രികോണത്തിലോ കേന്ദ്രത്തിലോ നിന്നാൽ ദീർഘായുസ്സായും, ബുധനോടും നാലാംഭാവാധിപനോടുംകൂടി നിന്നാൽ വിദ്വാനായും, കുജനോടും ശനിയോടുംകൂടി നിന്നാൽ കൃഷിക്കാരനായും, രാഹുകേതുക്കളോടുകൂടി നിന്നാൽ ദുഷ്ടനായും, ആറാംഭാവാധിപനോടു ചേർന്നുനിന്നാൽ കള്ളന്മാരിൽ പ്രധാനിയായും തീരും.

ഗൌരാംഗഃ പതിരസ്തഗേ ദിനകരേ കാമീ സരോഷേക്ഷണ-
ശ്ചന്ദ്രേ രൂപഗുണാന്വിതഃ കൃശതനുർഭോഗീ രുഗാർത്തോ ഭവേൽ
നമ്രഃ ക്രൂരരസോഽലസഃ പടുവചഃ സംരക്തകാന്തിഃ കുജേ
വിദ്യാവിത്തഗുണപ്രപഞ്ചരസികസ്സൌമ്യേ മദസ്ഥാനഗേ. ൫൧

സ്ത്രീജാതകത്തിൽ ഏഴിൽ 'സൂര്യൻനിന്നാൽ ഭർത്താവു് വെളുത്തശരീരമുള്ളവനും കാമിയും രോഷരൂക്ഷമായ കണ്ണുള്ളവനും ആയും, ചന്ദ്രൻ നിന്നാൽ രൂപഗുണമുള്ളവനും കൃശശരീരനും സുഖിയും രോഗാർത്തനും ആയും, കുജൻനിന്നാൽ ക്രനള്ളവനും ക്രൂരനും മടിയനും വാക്സാമർത്ഥ്യമുള്ളവനും ചുവന്ന ദേഹത്തോടുകൂടിയവനും ആയും, ബുധൻനിന്നാൽ വിദ്യ ധനം ഗുണം ഇവയുടെ വിസ്താരത്തിൽ രസികനും ആയും ഭവിക്കും.

ദീർഘായുർന്നൃപതുല്യവിത്തവിഭവഃ കാമീ ച ബാല്യേ ഗുരൌ
കാന്തോ നിത്യവിനോദകേളിചതുരഃ കാവ്യേ കവിഃ ക്ഷ്മാപതിഃ
മന്ദേ വൃദ്ധകളേബരഃ സ്ഥിരതനുഃ പാപീ പതിഃ കാമഗേ
രാഹൌ വാ ശിഖിനി സ്ഥിതേ മലിനധീർന്നീചോദ്ഭവാ തത്സമഃ ൫൨

ഏഴിൽ വ്യാഴംനിന്നാൽ ദീർഘായുസ്സും രാജതുല്യമായ ധനത്തോടും വൈഭവത്തോടും കൂടിയവനും ബാല്യത്തിലെ കാമിയും ആയും, ശുക്രൻനിന്നാൽ സുന്ദരനും

നിത്യം വിനോദകേളികളിൽ സമത്ഥനം കവിയും രാജാവും ആയും, ശനിനിന്നാൽ വൃദ്ധനം സ്ഥിരശരീരനം പാപിയും ആയും, രാഹുകേതുക്കൾ നിന്നാൽ മലിനബുദ്ധിയും നീചനം അല്ലെങ്കിൽ നീചതുല്യനം ആയും ഭവിക്കം.

ദിഗ്ദേശസ്ഥിതികമ്മകമ്മജഗുണാഃ പുംജാതകേ യോഷിതാം
യേ നാരീജനജാതകേ നിജപതൌ സംയോജിതാസ്തത്ഥാ തഃ
ദ്യൂനാംശോപഗതഗ്രഹേഷു ബലവൽഖേടാംശതുല്യാഃ സുതാഃ
കേന്ദ്രേ കാമപതിഃ കരോതി വിപുലം കല്യാണകാലോത്സവം ൫൩

ഇതി ശ്രീനവഗ്രഹകൃപയാ വിരചിതേ ജാതകപാരിജാതേ ഷോഡശോദ്ധ്യായഃ

ദിക്ക് ദേശം സ്ഥിതി കമ്മം കമ്മജഗുണങ്ങൾ ഇവയാൽ പുരുഷജാതകത്തിൽ പുരുഷനു് പറയപ്പെട്ട ഫലങ്ങളിൽ പുരുഷനു അയോഗ്യമായവയെ ഭാര്യയിലും, സ്ത്രീജാതകത്തിൽ സ്ത്രീക്കു പറയപ്പെട്ട ഫലങ്ങളിൽ സ്ത്രീയ്ക്കു് അയോഗ്യമായവയെ ഭത്താവിലും ചേത്തുകൊള്ളണം. ഏഴാംരാശിയുടെ അംശകരാശിയിൽ നില്ക്കുന്ന ഗ്രഹങ്ങളിൽവച്ചു് ബലവാനായ ഗ്രഹത്തിന്റെ അംശകത്തിനു് അനുരൂപന്മാരായ പുത്രന്മാർ ഉണ്ടാകും. ഏഴാംഭാവാധിപൻ കേന്ദ്രത്തിൽ നിന്നാൽ കല്യാണകാലം ഏററവും ശുഭമായിരിക്കും.

ഇങ്ങനെ ജാതകപാരിജാതവ്യാഖ്യാനത്തിൽ പതിനാറാംസഗ്ഗത്തിന്റെ വ്യാഖ്യാനം സമ്പൂണ്ണം.

അഥ സപ്തദശോദ്ധ്യായഃ

കാലചക്രദശാ.

പ്രണമ്യ പരമാത്മാനം ശിവം പരമകാരണം
ഖേചരേ ചക്രമദ്ധ്യസ്ഥം ചതുഃഷഷ്ടികലാത്മകം. ൧
തം ദൃഷ്ട്വാ ദേവദേവേശമീശ്വരം സവ്വമംഗലം
കാലചക്രഗതിം സവ്വാം വിസ്തരാദ്വദ മേ പ്രഭോ! ൨

പാവ്വതി, സകലലോകങ്ങളുടെയും കാരണഭൂതനം ജ്യോതിശ്ചക്രമദ്ധ്യസ്ഥനം അറുപത്തിനാലു കലകളുള്ളവനം പരമാത്മാവും ആയ ശിവനെ നമസ്കരിച്ചു് ദേവദേവേശനായ ഈശ്വരനെ നോക്കി, അല്ലയോ പ്രഭോ! കാലചക്രഗതിയെ എല്ലാം വിസ്തരിച്ചു് എനിക്കു് അരുളിച്ചെയ്യണം എന്നു് പറഞ്ഞു.

ഈശ്വര ഉവാച (ഈശ്വരൻ പറഞ്ഞു)

അഹമാദിത്യരൂപോസ്മി ചന്ദ്രമാസ്ത്വം പ്രചക്ഷതേ
സംയോഗേന വിയോഗേന ജഗൽ സ്ഥാവരജംഗമം. ൩

അല്ലയോ പാവ്വതി, ഞാൻ ആദിത്യരൂപനം നീ, ചന്ദ്രരൂപിണിയും ആകുന്നു. സ്ഥാവരജംഗമമായ ഈ ജഗത്തു് നമ്മളുടെ സംയോഗത്താൽ ഉൽഭവിക്കയും, വിയോഗത്താൽ നശിക്കയും ചെയ്യുന്നു.

പഞ്ച പ്രാചീരാലിഖേൽ ബാണസംഖ്യാ-
സ്തിര്യഗ്രേഖാ വർജ്ജിതാന്തശ്ചതുഷ്കാഃ
പ്രാഗാ ദിശാ ദ്വാദശ വ്യോമവാസാ
ജ്യോതിശ്ചക്രസ്വാമിനസ്തുമ്പരാദ്യാഃ ൪

ഈ ശ്ലോകം പത്താംഅദ്ധ്യായത്തിൽ ത്രികോണശോധനയിൽ വ്യാഖ്യാനിച്ചിട്ടുള്ളതാകുന്നു.

ധരാജശുക്രജ്ഞശശീനസൌമ്യസിതാരജീവാക്ജമന്ദജീവാഃ
ക്രമേണ മേഷാദിഷുരാശിനാഥാസ്തദംശപാശ്ചേതി വദന്തി സന്തഃ

ഈ ശ്ലോകം ഒന്നാം അദ്ധ്യായത്തിൽ ൨൫-ാം ശ്ലോകമായി വ്യാഖ്യാനിച്ചതാകുന്നു.

രവ്യാദിഗ്രഹാണാം ദശാബ്ദാഃ—

ഭൂതൈകവിംശൽഗിരയോ നവദിക്ഷോഡശാബ്ധയഃ
സൂര്യ്യാദീനാം ക്രമാദബ്ദാ രാശീനാം സ്വാമിനോ വശാൽ. ൫

കാലചക്രദശയിൽ സൂര്യ്യന് ൫-ം ചന്ദ്രന് ൨൧-ം കുജന് ൭-ം ബുധന് ൯-ം വ്യാഴത്തിന് ൧൦-ം ശുക്രന് ൧൬-ം ശനിക്ക് ൪-ം ഇങ്ങനെ എല്ലാംകൂടി ൭൨ സംവത്സരങ്ങളാകുന്നു.

സവ്യനക്ഷത്രങ്ങൾ—

അശ്വീപുനർവ്വസുഹസ്തമൂലപ്രോഷ്ഠപദാദിഷു
അംശകാൻ ഗണയേന്മേഷാൽ പ്രാദക്ഷിണ്യക്രമം വദേൽ. ൬

അശ്വതിമുതൽ മൂന്നും, പുണർതംമുതൽ മൂന്നും, അത്തംമുതൽ മൂന്നും, മൂലംമുതൽ മൂന്നും പൂരുരുട്ടാതിമുതൽ മൂന്നും. ഇങ്ങനെ ൧൫ നക്ഷത്രങ്ങളെ വലത്തുകയ്യിന്റെ ചെറുവിരൽമുതൽ മുമ്മൂന്നായി എണ്ണണം. ഇവ കാലചക്രദശയിലെ സവ്യനക്ഷത്രങ്ങൾ ആകുന്നു. ഇവയുടെ ഓരോ അംശകങ്ങളേയും പ്രദക്ഷിണമായി മേടംമുതൽ കണക്കാക്കണം.

അപസവ്യനക്ഷത്രങ്ങൾ—

രോഹിണീമഘവൈശാഖവൈഷ്ണവാദിഷു ഭേഷു ച
അംശകാൻ വൃശ്ചികാദീനാം ഗണയേദപസവ്യതഃ ൭

രോഹിണിമുതലും മകംമുതലും വിശാഖംമുതലും തിരുവോണംമുതലും മുമ്മൂന്നു നക്ഷത്രങ്ങളെ ഇടത്തുകയ്യിന്റെ ചെറുവിരൽമുതൽ എണ്ണണം. ഈ ൧൨ നക്ഷത്രങ്ങൾ കാലചക്രദശയിലെ അപസവ്യനക്ഷത്രങ്ങളാകുന്നു. ഇവയുടെ അംശകങ്ങളെ വൃശ്ചികംമുതൽ അപസവ്യമായി എണ്ണണം. (അശ്വിന്യാദീൻ ദക്ഷിണതോ രോഹിണ്യാദീംസ്തു വാമതഃ ദക്ഷിണം വാമമേവം സ്യാൽ നക്ഷത്രാണാം ത്രികം ത്രികം—എന്നു് വേറെ പ്രമാണം ഉണ്ടു്.)

ദക്ഷിണാത്ത്രികനക്ഷത്രം ദ്വാദശാംശകരാശിഷു
ചക്രം പ്രദക്ഷിണീകൃത്യ മീനാന്തം വിന്യസേൽ പുനഃ ൮

വലത്തേകയ്യിൽവരുന്ന മുമ്മൂന്നു നക്ഷത്രങ്ങളുടെ ദ്വാദശാംശകങ്ങളെ മേടം മുതൽ പ്രദക്ഷിണമായി എണ്ണി മീനത്തിൽ അവസാനിപ്പിക്കണം (മേടം ഇടവം ഈ ക്രമത്തിൽ എണ്ണണം.)

ഉത്തരത്രയനക്ഷത്രം വൃശ്ചികാദ്യപ്രദക്ഷിണം
കൃത്വാ ചാപാന്തകേന്യസ്മിൻ ജ്ഞാതവ്യേ ദക്ഷിണോത്തരേ. ൧൦

ഇടത്തേക്കയ്യിൽ വരുന്ന മുമ്മൂന്നു നക്ഷത്രങ്ങളുടെ പാദാംശകങ്ങളെ വൃശ്ചികംമുതൽ അപ്രദക്ഷിണമായി എണ്ണി ധനുവിൽ അവസാനിപ്പിക്കണം. വൃശ്ചികം തുലാം കന്നി ഈ ക്രമത്തിൽ എണ്ണണം. ഇങ്ങനെ ദക്ഷിണോത്തരനക്ഷത്രങ്ങളെ ഗ്രഹിച്ചുകൊള്ളണം.

കാലചക്രദശ—

സവ്യാപസവ്യമാർഗ്ഗേണ ചാശ്വിന്യാദി ത്രികം ത്രികം
ദേഹാദി ഗണയേൽ സവ്യേ വാമേ ജീവാദി ഗണ്യതേ. ൧൧

അശ്വതിമുതൽ മുമ്മൂന്നായി മുൻപറഞ്ഞ സവ്യാപസവ്യനക്ഷത്രങ്ങളിൽ സവ്യനക്ഷത്രങ്ങളെ ദേഹാദിയായും അപസവ്യനക്ഷത്രങ്ങളെ ജീവാദിയായും ഗണിക്കണം.

മേഷഗോയമകുളീരമന്ദിരേ-
ഷ്വംശകേഷു പരമായുരുച്യതേ
ജ്ഞാനകം,മദഗജ,സ്തദാ ക്രമാൽ
തത്ത്രികോണഭവനേ ച തദ്വദേൽ. ൧൨

മേടം, ചിങ്ങം, ധനു ഈ രാശികളുടെ അംശകങ്ങൾക്ക് ൧൦൦-ം (ജ്ഞാനക) ഇടവം, കന്നി, മകരം ഈ രാശ്യംശകങ്ങൾക്ക് വൃ൫-ം (മദ) മിഥുനം, തുലാം, കുംഭം ഈ രാശ്യംശകങ്ങൾക്ക് വൃ൩-ം (ഗജ) കർക്കടകം, വൃശ്ചികം, മീനം ഈ രാശ്യംശകങ്ങൾക്ക് വൃ൬-ം (സ്തദാ) ആണ് ദശാസംവത്സരം. ഈ ദശാസംവത്സരങ്ങൾ അതതു രാശിത്രികോണങ്ങൾക്ക് ചതുരശീതിരാതുത്തുവായുള്ള ഹാരകങ്ങളും കൂടിയാകുന്നു.

ഏവമായുഃ പരിജ്ഞാത്വാ ഹ്യംശഭുക്തിം സമാദികം
ത്രൈരാശികേന യല്ലബ്ധം തത്തദ്രാശിവശാൽ സ്ഫുടം ൧൩

ഇങ്ങനെ ആയുസ്സിനെ അറിഞ്ഞിട്ട് അംശകഭുക്തി സംവത്സരം മുതലായവയെ അതതു രാശിയുടെ സ്ഫുടമനുസരിച്ച് ത്രൈരാശികംകൊണ്ട് അറിഞ്ഞുകൊള്ളണം.

ഏവമായുഃപരിജ്ഞാനം ദേഹജീവൌ പ്രകല്പ്യ ച
സവ്യേ തു പ്രഥമാംശസ്തു ദേഹ ഇത്യഭിധീയതേ. ൧൪

ജീവഃ സവേഷ്വന്ത്യപാദോ വിലോമമപസവ്യകേ
ദേഹജീവേ യദാ രാഹുഃ കേതുർഭൌമോ രവിഃ സ്ഥിതഃ ൧൫

തദേതസ്മിൻ ഭവേന്മൃത്യുർദ്ദേഹേ രോഗഃ പ്രവർത്തതേ
ദേഹജീവഗ്രഹം യാതഃ സൌമ്യോ ജീവശ്ച ഭാർഗ്ഗവഃ ൧൬

സുഖസമ്പൽകരം സർവ്വം ശോകരോഗവിനാശനം
മിശ്രഖേചരസംയുക്തേ മിശ്രം ഫലമവാപ്നുയാൽ. ൧൭

കാലചക്രദശയിൽ ദേഹത്തെയും ജീവനെയും കല്പിച്ചിട്ടുവേണം ആയുസ്സിനെ അറിയേണ്ടത്. ദക്ഷിണനക്ഷത്രത്തിൽ ആദ്യാംശം ദേഹവും അന്ത്യാംശം ജീവനും, വാമനക്ഷത്രങ്ങളിൽ ആദ്യാംശം ജീവനും അന്ത്യാംശം ദേഹവും ആകുന്നു.

ദേഹജീവാംശകങ്ങളിൽ രാഹു, കേതു, കുജൻ, സൂര്യൻ ഇവരിൽ ആരെങ്കിലും നിന്നാൽ മരണം ഭവിക്കും. ദേഹാംശകത്തിൽ മാത്രമേ നില്ക്കുന്നുള്ളു എങ്കിൽ രോഗപീഡയുണ്ടാകും. ബുധൻ, വ്യാഴം, ശുക്രൻ, ഇവർ ദേഹജീവാംശകങ്ങളിൽ നിന്നാൽ സർവ്വസമ്പത്തും, ശോകരോഗവിനാശവും ഉണ്ടാകും. ശുഭാശുഭന്മാർ നിന്നാൽ ഫലം ഗുണദോഷസമ്മിശ്രമായിരിക്കും.

സിംഹാവലോകസമയേ മണ്ഡൂകഗതിസംഭവേ
അപമൃത്യുഭയം തസ്യ തൽ പ്രായശ്ചിത്താദ്വിമുച്യതേ. ൧൮

കാലചക്രദശയിൽ സിംഹാവലോകം, മണ്ഡൂകഗതി ഈ സന്ധികളിൽ അപമൃത്യുഭയം ഉണ്ടാകും. അതു പ്രായശ്ചിത്തംകൊണ്ടു് നീങ്ങിപ്പോകയും ചെയ്യും.

മീനാത്തു വൃശ്ചികേ യാതേ ജ്വരം ഭവതി ദേഹിനാം
പാഥോനാൽ കർക്കടേ യാതേ മാതൃബന്ധുവധൂമൃതിഃ ൧൯

കാലചക്രദശ മീനത്തിൽനിന്നു് വൃശ്ചികത്തിലേക്കു് മാറുമ്പോൾ ആ സന്ധിജാതന്നു് ജ്വരമുണ്ടാകും. കന്നിയിൽനിന്നു് കർക്കടകത്തിൽ മാറുമ്പോൾ മാതാവു്, ബന്ധു, ഭാര്യ ഇവർക്കു് മരണം സംഭവിക്കും.

കടകാത്തു ഹരൌ യാതേ വ്രണരോഗം വദേൽ ബുധഃ
സിംഹാത്തു മിഥുനം യാതേ സ്വസ്ത്രീവ്യാധിർമൃതിർഭവേൽ

കർക്കടകത്തിൽനിന്നു ചിങ്ങത്തിലേക്കു് ദശമാറുമ്പോൾ വ്രണരോഗമുണ്ടാകും. ചിങ്ങത്തിൽനിന്നു മിഥുനത്തിലേക്കു് മാറുമ്പോൾ സ്വഭാര്യയ്ക്കു രോഗമോ മരണം തന്നെയോ സംഭവിച്ചു എന്നു വന്നേക്കാം.

പുത്രബന്ധുമൃതിം വിദ്യാച്ചാപാന്മേഷം ഗതേ പുനഃ
ശുഭഗ്രഹേസ്തിന്നഭയം പാപഗ്രഹയുതേ ഭയം. ൨൧

ധനുവിൽനിന്നു മേടത്തിലേക്കു് ദശമാറുമ്പോൾ പുത്രന്മാർക്കും ബന്ധുക്കൾക്കും മരണം സംഭവിക്കും. ഈ കാലങ്ങളിൽ ദശാരാശികളിൽ ശുഭന്മാർകൂടിയുണ്ടെങ്കിൽ അഭയവും പാപന്മാർ മാത്രമേ ഉള്ളെങ്കിൽ ഭയവും ഉണ്ടാകും.

കന്യായാഃ കർക്കടേ യാതേ പൂർവ്വഭാഗേ മഹൽഫലം
ഉത്തരാം ദിശമാശ്രിത്യ ശുഭയാത്രാം ഗമിഷ്യതി. ൨൨

കന്നിയിൽനിന്നു കർക്കടകത്തിലേക്കു ദശ മാറുമ്പോൾ ആദ്യഭാഗം ശുഭഫലമായിരിക്കും. അക്കാലം വടക്കേദിക്കിനെ ആശ്രയിച്ചുചെയ്യുന്ന യാത്ര ശുഭമായിരിക്കയുംചെയ്യും.

കർക്കടാൽ ദക്ഷിണേ സിംഹേ കാര്യഹാനിശ്ച രോഗകൃൽ
ദക്ഷിണാം ദിശമാശ്രിത്യ പശ്ചാദാഗമനം ഭവേൽ ൨൩

കർക്കടകത്തിൽനിന്നു ദക്ഷിണമായ ചിങ്ങംരാശിയിലേക്കു ദശ മാറുമ്പോൾ കാര്യഹാനിയും രോഗവും ഉണ്ടാകും. അക്കാലം തെക്കേദിക്കിലേക്കു ചെയ്യുന്നയാത്ര ശുഭമായിരിക്കയും തിരിച്ചുവരുന്നതിന്നു സംഗതിയാകയും ചെയ്യും.

മീനാത്തു വൃശ്ചികാക്രാന്തേ ഉദക് ഗച്ഛതി സങ്കടം
ചാപാന്മേഷേ ഭയം യാത്രാ വ്യാധിർബന്ധുമൃതിർഭവേൽ ൨൪
തത്ര സമ്പദ്വിവാഹാദി ശുഭം ഭവതി പശ്ചിമേ
ശുഭാത്രദേ നൃപപ്രീതിഃ സർവ്വസമ്പൽക്കരം നൃണാം ൨൫

മീനത്തിൽനിന്ന് വൃശ്ചികത്തിലേക്ക് ദശ മാറുമ്പോൾ ദുഃഖവും വടക്കേദിക്കിലേക്ക യാത്രപോകുകയും ഉണ്ടാകും. ധനുവിൽനിന്ന് മേടത്തിലേക്കുള്ള ദശാസന്ധിയിൽ ഭയവും അന്യദേശഗമനവും വ്യാധിയും ബന്ധുമരണവും സംഭവിക്കും. അക്കാലത്തിൽ പശ്ചിമദിക്കിലാണ് സമ്പത്തും വിവാഹാദിശുഭകർമ്മവും സംഭവിക്കുന്നതു്. ആ രാശിയിൽ ശുഭൻ ഉണ്ടെങ്കിൽ രാജപ്രീതിയും സകലൈശ്വര്യവുംകൂടി സംഭവിക്കും. ജീവദേഹവിഭാഗങ്ങളെ സ്പഷ്ടമായി കാണിക്കുന്നു.

ദേഹോ മേഷശ്ചാപസിംഹാജഭാനാം
ജീവശ്ചാപോ ഗോവധൂനക്രഭാനാം
ആകോകേരോ ദേഹസംജ്ഞം ന്യയുഗ്മം
ജീവഃ സവ്യേ ചാപസവ്യം വിലോമാൽ. ൨൬

സവ്യനക്ഷത്രങ്ങളിൽ മേഷസിംഹധനുക്കൾക്ക മേടം ദേഹവും, ധനു ജീവനും വൃഷഭകന്നിമകരങ്ങൾക്ക മകരം ദേഹവും മിഥുനം ജീവനും ആകുണം. വാമനക്ഷത്രങ്ങളിൽ ഇതിനു വിപരീതമാകുന്നു. എങ്ങനെ എന്നുവച്ചാൽ—മേഷസിംഹധനുക്കൾക്ക മേടം ജീവനും ധനു ദേഹവും ആകുന്നു. ഇതുപോലെ ശേഷവും കല്പിച്ചുകൊള്ളണം.

മീനോ ദേഹോ യുഗ്മകാണം ഗതാനാം
ജീവം യുഗ്മാകാരമാഹുർമുനീന്ദ്രാഃ
മീനോ ജീവഃ കർക്കടോ ദേഹരാശിഃ
സവ്യേ ചക്രേ കർക്കികീടാന്ത്യഭാനാം. ൨൭

ദക്ഷിണനക്ഷത്രങ്ങളിൽ മിഥുനതുലാകുംഭങ്ങൾക്ക മീനം ദേഹവും മിഥുനം ജീവനും, കർക്കടകവൃശ്ചികമീനങ്ങൾക്ക് മീനം ജീവരാശിയും കർക്കടകം ദേഹവുമാകുന്നു. ഇവിടെയും വാമനക്ഷത്രങ്ങൾക്ക് ഇതിനു വിപരീതമാക്കിക്കൊള്ളണം.

ദേഹജീവസമായുക്തൈർ ഭൌമാർക്കിരവിഭോഗിഭിഃ
ഏകൈകയോഗേ മരണം ബഹുയോഗേ ന സംശയഃ ൨൮

മുൻപറഞ്ഞ ദേഹജീവരാശികളിൽ കുജൻ ശനി സൂര്യൻ രാഹുകേതുക്കൾ ഇവരിൽ ആരെങ്കിലും ഒരാൾ നിന്നാൽ ഒരുപക്ഷേ മരണം ഉണ്ടായേക്കാം. വളരെ (ഒന്നിലധികം) പാപന്മാർനിന്നാൽ നിശ്ചയമായും മരണം സംഭവിക്കും.

ദേഹയുക്തേ മഹാരോഗോ ജീവയുക്തേ മഹാഭയം
ദ്വാഭ്യാം സംയോഗമാത്രേണ ഹന്യതേ നാത്ര സംശയഃ. ൨൯

ദേഹരാശിയിൽ പാപൻനിന്നാൽ മഹാരോഗവും ജീവരാശിയിൽ നിന്നാൽ മഹാഭയവും ഉണ്ടാകും. ദേഹജീവരാശികളിൽ രണ്ടിലും പാപൻനിന്നാൽ നിശ്ചയമായും മരണംതന്നെ സംഭവിക്കും.

അതിരോഗോ ഭവേൽ ദ്വാഭ്യാമപമൃത്യുസ്ത്രിഭിർഭവേൽ
ചതുർഭിർമൃതിരാപന്നാ ദേഹജീവേ ഭവേദ്യദി. ൩൦

ദേഹജീവരാശികളിൽ രണ്ടു പാപന്മാർനിന്നാൽ കഠിനരോഗവും, മൂന്നു പാപന്മാർനിന്നാൽ അപമൃത്യുവും നാലു പാപന്മാർനിന്നാൽ ഉടൻ മരണവും സംഭവിക്കും. (രവികുജമന്ദന്മാരെയും രാഹുകേതുക്കളിൽ ഒന്നിനേയും കൂടിയാണ് ഇവിടെ നാലു് പാപന്മാരെന്നു പറഞ്ഞിരിക്കുന്നതു്.)

യുഗപദ്ദേഹജീവൌ തു പാപഗ്രഹയുതൌ യദി
രാജചോരാതിഭീതിശ്ച ദ്വാഭ്യാം മൃത്യുന്നസംശയഃ ൩൧

ദേഹജീവരാശികളിൽ രണ്ടിലും ഒരുമിച്ച് ഓരോ പാപന്മാർനിന്നാൽ രാജാവിൽനിന്നും ചോരന്മാരിൽനിന്നും ഭയവും ഈരണ്ടുപാപന്മാർ നിന്നാൽ നിശ്ചയമായും മരണവും സംഭവിക്കും.

അഗ്നിബാധാ രവൌ വിദ്യാൽ ചന്ദ്രേ ജലനബാധകം
ഭൗമേ ശസ്ത്രകൃതാ പീഡാ വായുബാധാകരം ബുധേ. ൩൨

സൂര്യനും ചന്ദ്രനും അഗ്നിബാധയേയും കുജൻ ആയുധപീഡയേയും ബുധൻ വായുപീഡയേയും ചെയ്യും.

ഗുരൌ ചോദരബാധാ സ്യാൽ ശുക്രേഗ്നിഭയമാപ്നയാൽ
ശനൌ തു ഗുന്മബാധാ സ്യാൽ രാഹൗ വിഷകൃതാമയഃ ൩൩

വ്യാഴം ഉദരരോഗത്തേയും ശുക്രൻ അഗ്നിഭയത്തേയും ശനി ഗുന്മബാധയേയും രാഹു വിഷരോഗത്തെയും ചെയ്യും.

മാതൃസ്ഥാനഗതോ ജീവോ ദാരസ്ഥാനഗതഃ കുജഃ
അഥ ജന്മഗതോ മന്ദോ രാഹുർന്നവമരാശിഗഃ ൩൪

ചന്ദ്രോഷ്ടമഗൃഹം യാതഃ സൂര്യോ രിഃഫഗൃഹം ഗതഃ
ബുധഃ സപ്തമരാശിസ്ഥോ ഭാർഗ്ഗവശ്ശത്രുരാശിഗഃ. ൩൫

ഇത്യേവം മരണസ്ഥാനം തസ്മിൻ പാപയുതേഥവാ
പാപദൃഷ്ടേരിനീചസ്ഥേ ദുർബലേ ദുഃഖമാപ്നയാൽ. ൩൬

മൂന്നിൽ വ്യാഴവും ഏഴിൽ കുജനും ജന്മത്തിൽ ശനിയും ഒൻപതിൽ രാഹുവും അഷ്ടമത്തിൽ ചന്ദ്രനും പന്ത്രണ്ടിൽ സൂര്യനും ഏഴിൽ ബുധനും ആറിൽ ശുക്രനും നിൽക്കുന്ന കാലവും മരണകാലമാകുന്നു. ഈ സ്ഥാനത്തിൽ പാപന്മാരുടെ യോഗദൃഷ്ടികളുണ്ടായിരുന്നാലും അവിടെ നിൽക്കുന്ന ഗ്രഹങ്ങൾക്കു ശത്രുക്ഷേത്രസ്ഥിതിയോ നീചമോ ഉണ്ടായിരുന്നാലും നിശ്ചയമായി ദുഃഖത്തെ പ്രാപിക്കും.

ദേഹജീവഫലം: —

ഭാനുഃ കരോതി വിവിധാപദമർത്ഥനാശ-
മാർത്തിജ്വരാരിജനഭീതിപദച്യുതിം ച
പിത്താർത്തിഗുന്മഗ്രഹണിക്ഷയകണ്ഠരോഗം
പശ്വാദിബന്ധുമരണം സഹജാദിനാശം. ൩൭

സൂര്യൻ ദേഹജീവരാശികളിൽനിന്നാൽ പലവിധമായ ആപത്ത്, അർത്ഥനാശം പീഡ ജ്വരം ശത്രുഭയം പദച്യുതി പിത്തം ഗുന്മം ഗ്രഹണി ക്ഷയം കണ്ഠരോഗം പശ്വാദികൾക്കും ബന്ധുക്കൾക്കും മരണം, സോദരനാശം ഇവയെ ചെയ്യും.

ചന്ദ്രഃ സ്വബന്ധുജനസംഗമകന്യകാപ്തി-
മാരോഗ്യഭൂഷണസുഖാംബരരാജപൂജാം
ദാനക്രിയാദിസുരഭൂസുരപുണ്യതീർത്ഥ
സ്നാനാദ്യനം മൃദുസുഖാന്നസുഖം കരോതി ൩൮

ചന്ദ്രൻ ബന്ധുസംഗമം കന്യകാപ്രാപ്തി ആരോഗ്യം ഭൂഷണസുഖം വസ്ത്രലാഭം രാജസമ്മാനം ദാനധർമ്മാദികൾ ദേവപൂജ ബ്രാഹ്മണപൂജ പുണ്യതീർത്ഥസ്നാനം അല്പസുഖം അന്നസുഖം ഇവയെ ചെയ്യും.

ഭൗമഃ കരോതി തനുതാപരുഗഗ്നിചോര-
ഭീതിം, സ്വബന്ധുകലഹം സഹജാദിനാശം
ക്ഷേത്രാത്ഥനാശപദവിച്യുതിയുദ്ധഭീതി-
ഗുന്മാശ്മകുഷ്ഠവിഷശത്രുഭയം കുവൃത്തിം. ൩൯

കുജൻ ദേഹതാപം, രോഗം, അഗ്നിഭയം, ചോരഭയം, ബന്ധുകലഹം സോദരാദിനാശം, കൃഷിഭൂമിനാശം, ധനനാശം, സ്ഥാനഭ്രംശം, യുദ്ധഭയം, ഗുന്മം, അശ്മരി, കുഷ്ഠം, വിഷം, ശത്രുഭയം, നീചവൃത്തി ഇവയെ ചെയ്യും.

ജ്വരം മസൂരികാപൈത്യഗ്രന്ഥിസ്ഫോടം കുജസ്യ ച
വിഷാഗ്നിശസ്ത്രചോരാരിനൃപഭീതിം വദേൽ ബുധഃ ൪൦

ജ്വരം, മസൂരി, പിത്തം, മുഴ, സ്ഫോടം, വിഷം, അഗ്നി, ആയുധം, ചോരൻ ശത്രു. രാജാവ് ഇവരിൽനിന്നുള്ള ഭയം ഇവയേയും കുജൻ ചെയ്യും.

സൗമ്യഃ കരോതി സുഹൃദാപ്തമഹാപ്രസാദ-
വിജ്ഞാനശീലനിഗമാഗമശാസ്ത്രബോധം
സ്ത്രീപുത്രദാരഗൃഹഭൂഷണഭോജനാശ്വ-
ലാഭം വിവേകധനബുദ്ധിയശോഭിവൃദ്ധിം ൪൧

ബുധൻ—ബന്ധുക്കൾ, ആപ്തന്മാർ, മഹത്തുകൾ, ഇവരിൽനിന്നുമുള്ള സന്തോഷം, വിജ്ഞാനം, വേദം ശാസ്ത്രം ഇവയിൽ അറിവ്; സ്ത്രീ, പുത്രന്മാർ, ഭാര്യ, രാജപ്രീതി, ഭൂഷണം, ഭോജനം, അശ്വം ഇവയുടെ ലാഭം; വിവേകം, ധനം, ബുദ്ധി, കീർത്തി ഇവയുടെ അഭിവൃദ്ധി ഇവയെല്ലാം ചെയ്യും.

ജീവഃ കരോതി വിവിധാത്ഥസുഖം മഹത്വം
രാജ്യാഭിഷേകമവനിപ്രഭുപൂജനാദ്യം
സ്ത്രീപുത്രലാഭസുഖഭൂഷണഭോജനാത്ഥ-
മാരോഗ്യകീർത്തിവിജയം ച പരോപകാരം. ൪൨

വ്യാഴം—പലവിധത്തിലുള്ള ധനം സുഖം മഹത്വം രാജ്യാഭിഷേകം രാജസമ്മാനം സ്ത്രീലാഭം പുത്രലാഭം ആഭരണം ഭോജനം ഇവയുടെ ലാഭം; ആരോഗ്യം കീർത്തി വിജയം പരോപകാരം ഇവയൊക്കെ ചെയ്യും.

ശുക്രഃ കരോതി രതിലാഭസുഖാശനാദി-
ചിത്രാംബരാത്ഥപശുവാഹനരത്നജാലം
ഗാനക്രിയാനടനഗോഷ്ഠിമഹാപ്രതാപം
സൽകീർത്തിദാനവിഭവം സുജനൈഃ സമാജം. ൪൩

ശുക്രൻ—രതിലാഭം, സുഖഭോജനം, വിചിത്രവസ്ത്രം, ധനം, പശ്വശ്വാദിവാഹനങ്ങൾ, രത്നസമൂഹം, ഗാനം, നടനസഭ, മഹാപ്രതാപം, സൽകീർത്തി, ദാനവൈഭവം, സജ്ജനസംഗം ഇവയെ ചെയ്യും.

മന്ദഃ കരോതി കലഹം തനുകൃച്ഛ്രഭൃത്യ-
ബന്ധ്വാത്തിമഗ്നിരിപുഭൂതഭയം വിഷാർത്തിം
മാനാത്ഥഹാനിമഭിമാനകളത്രപുത്ര-
നാശം ഗൃഹാത്ഥകൃഷിവാണിജഗോവിനാശം. ൪൪

ശനി—കലഹം, ദേഹപീഡ, ഭൃത്യന്മാർക്കും ബന്ധുക്കൾക്കും പീഡ, അഗ്നി ശത്രു

ഭൂതം ഇവയിൽനിന്നുള്ള ഭയം, വിഷപീഡ, മാനനാശം, ധനനാശം, അഭിമാനനാശം, ഭാര്യാപുത്രനാശം, ഗൃഹം കൃഷി, കച്ചവടം, പശുക്കൾ ഇവയ്ക്കും നാശം, മുതലായവയെ ചെയ്യും.

രാഹൗ ദേഹേരിപീഡാത്മബന്ധുകഷ്ടപരിഭ്രമം
പക്ഷാഘാതാദിപീഡാം ച രാജഭീതിം വദേന്നൃണാം. ൪൫

രാഹു-ദേഹരാശിയിൽ നിന്നാൽ ശത്രുപീഡ, തനിക്കും ബന്ധുക്കൾക്കും കഷ്ടത ചുററിസ്സഞ്ചരിക്ക, പക്ഷാഘാതാദിവാതരോഗോപദ്രവം, രാജഭയം ഇവയെ ചെയ്യും.

കേതൗ ചോരാഗ്നിപീഡാദിരക്തസ്രാവാദിപീഡനം
ദാരിദ്ര്യം ബന്ധുനാശം ച സ്ഥാനനാശം ധനക്ഷയം ൪൬

കേതു—ദേഹസ്ഥാനത്തുനിന്നാൽ ചോരപീഡ, അഗ്നിപീഡ, രക്തസ്രാവാദിപീഡ, ദാരിദ്ര്യം, ബന്ധുനാശം, സ്ഥാനനാശം, ധനക്ഷയം ഇവയെ ചെയ്യും. (രാഹൗഗരാഗ്നി എന്നും പാഠം കാണുന്നു. ആ പക്ഷത്തിൽ ചോരപീഡയ്ക്കു പകരം വിഷപീഡ എന്നു് അർത്ഥമാക്കിക്കൊള്ളണം.)

അഥ ചക്രദശായാം ലഗ്നഫലം:—

ലഗ്നചക്രദശാകാലേ ദേഹാരോഗ്യം മഹാസുഖം
കീർത്തിഭൂഷണരാജ്യാർത്ഥസുതദാരാംബരായതിം ൪൭

ലഗ്നചക്രദശാകാലത്തിൽ ദേഹാരോഗ്യവും വളരെ സുഖവും കീർത്തിയും ആഭരണവും രാജ്യവും ധനവും പുത്രന്മാരും ഭാര്യയും വസ്ത്രങ്ങളും ലഭിക്കും.

ശുഭക്ഷേത്രേ ശുഭം സർവം പാപർക്ഷേ ഫലമന്യഥാ
തദ്വൽ പാപസമായുക്തേ ശുഭയുക്തേ ശുഭാദികം ൪൮

ലഗ്നം ശുഭരാശിയാണെങ്കിൽ ദശാഫലം സർവ്വം ശുഭവും, അശുഭരാശിയാണെങ്കിൽ ഫലം അശുഭവും ആയിരിക്കും. അതുപോലെ ലഗ്നത്തിൽ പാപന്മാരുണ്ടെങ്കിൽ പാപഫലവും ശുഭന്മാരുണ്ടെങ്കിൽ ശുഭഫലവും സംഭവിക്കും.

സ്വക്ഷേത്രതുംഗമിത്രസ്ഥഖേചരേണ സമന്വിതേ
വിലഗ്നചക്രപാകേ തു രാജ്യാപ്തിർനൃപപൂജനം ൪൯

ലഗ്നത്തിന്നു് സ്വക്ഷേത്രം ഉച്ചം ബന്ധുക്ഷേത്രം ഇവയിൽ നിൽക്കുന്ന ഗ്രഹത്തോടു സംബന്ധമുണ്ടെങ്കിൽ സ്വദശയിൽ രാജ്യപ്രാപ്തി, രാജപൂജ ഇവ ലഭിക്കും.

നീചമൂഢാരിരാശിസ്ഥഖേചരേണ സമന്വിതേ
പുത്രദാരാദിനാശം ച മിശ്രേ മിശ്രഫലം വദേൽ ൫൦

ലഗ്നത്തിനു് നീചം മൌഢ്യം ശത്രുക്ഷേത്രസ്ഥിതി, ഇവയുള്ള ഗ്രഹത്തോടു സംബന്ധമുണ്ടെങ്കിൽ പുത്രഭാര്യാദിനാശവും ശുഭപാപന്മാർ ഉണ്ടെങ്കിൽ മിശ്രഫലവും പറയണം.

ദ്വിതീയരാശിചക്രേ തു ധനധാന്യവിവർദ്ധനം
ഭോജനം സുതദാരാപ്തിം ക്ഷേത്രഗോനൃപപൂജനം. ൫൧
വിദ്യാപ്തിം വാക്പടുത്വം ച സൽഗോഷ്ഠ്യാ കാലയാപനം
ശുഭർക്ഷഫലമേവം സ്യാൽ പാപർക്ഷഫലമന്യഥാ. ൫൨

രണ്ടാംഭാവത്തിൽവരുന്ന ചക്രദശാകാലത്തിൽ ധനധാന്യവർദ്ധനയും ഭക്ഷണസുഖവും പുത്രലാഭവും കളത്രപ്രാപ്തിയും കൃഷിഭൂമിയും പശുവൃഷഭാദികളും രാജബഹു

മാനവും പരീക്ഷാവിജയവും വാക്സാമത്ഥ്യവും സജ്ജനസഹവാസംകൊണ്ടു കാലയാപനവും ഉണ്ടായിരിക്കും. രണ്ടാംഭാവം ശുഭരാശിയാണെങ്കിൽ ഫലം ഇപ്രകാരമാണ്. പാപരാശിയാണെങ്കിൽ വിപരീതഫലവും ആയിരിക്കും.

തൃതീയരാശിചക്രസ്യ പരിപാകേ മഹാസുഖം
ഭക്ഷ്യഭോജ്യഫലാപ്തിഞ്ച ശൌര്യ്യം ധൈര്യ്യം മനോജയം ൭൪

കണ്ഠാഭരണവസ്ത്രാപ്തികണ്ഠഭൂഷണസമ്പദഃ
അന്നദാനാദിസമ്പത്തിം ശുഭരാശൌ ശുഭം വദേൽ. ൭൫

മൂന്നാംരാശിയിൽ വരുന്ന ചക്രദശയിൽ മഹാസുഖവും ഭക്ഷ്യഭോജ്യഫലപ്രാപ്തിയും ശൌര്യ്യവും ധൈര്യ്യവും മനോജയവും കണ്ഠാഭരണലാഭവും വസ്ത്രലാഭവും കണ്ഠാലങ്കാരവും അന്നദാനാദിസമൃദ്ധിയും ഉണ്ടാകും. മൂന്നാംഭാവം ശുഭരാശിയാണെങ്കിൽ ഫലം ശുഭവും പാപരാശിയാണെങ്കിൽ ഫലം അശുഭവും ആകുന്നു.

ചതുൎത്ഥരാശിചക്രസ്യ പാകേ വാഹനഭൂഷണം
സീമാപ്തിം തീൎത്ഥയാത്രാദിമഹാജനനിഷേവണം. ൭൬

ചിത്തശുദ്ധിം മഹോത്സാഹം സ്ത്രീസുതാപ്തിം കൃഷിക്രിയാം
ബന്ധുക്ഷേത്രാദിവൃദ്ധിം ച ഗൃഹലാഭം മഹാസുഖം ൭൭

ആരോഗ്യമൎത്ഥലാഭം ച സുഗന്ധാംബരഭൂഷണം
ശുഭൎക്ഷേ ശോഭനം വിദ്യാൽ പാപൎക്ഷേ സൎവനാശനം ൭൮

നാലാംഭാവത്തിൽ വരുന്ന ചക്രദശയിൽ വാഹനഭൂഷണങ്ങളും, ഇഷ്ടകാൎയ്യപ്രാപ്തി, തീൎത്ഥയാത്രാദിസിദ്ധി; മഹാജനസേവ, മനഃശുദ്ധി, മഹോത്സാഹം, കളത്രപുത്രലാഭം, ബന്ധുക്കൾക്കും കൃഷിഭൂമികൾക്കും അഭിവൃദ്ധി, ഗൃഹലാഭം, മഹാസുഖം, ആരോഗ്യം, ധനലാഭം, സുഗന്ധദ്രവ്യങ്ങളുടെയും വസ്ത്രങ്ങളുടെയും ഭൂഷണങ്ങളുടെയും ലാഭം ഇവയും സിദ്ധിക്കും. നാലാംഭാവം ശുഭരാശിയായാൽ ശുഭഫലവും പാപരാശിയായിരുന്നാൽ നാശഫലവും ആകുന്നു.

സുതരാശ്യാത്മകേ ചക്രേ രാജ്യാപ്തിം രാജപൂജനം
സ്ത്രീസുതാപ്തിം മഹാധൈൎയ്യമാരോഗ്യം ബന്ധുപോഷണം

അന്നദാനം യശോലാഭമാനന്ദാബ്ധിമഹോദയം
ഉപകൎത്തൃത്വമൎത്ഥാപ്തിം വാഹനാംബരഭൂഷണം. ൭൯

ശുഭപാപൎക്ഷജം സൎവം ഗ്രഹയോഗാദിസംഭവം
പൂൎവ്വവൽ യോജയേത്തത്ര ചരരാശൌ പദച്യുതിം. ൮൦

പഞ്ചമഭാവത്തിന്റെ ചക്രദശാകാലത്തിൽ രാജ്യലാഭം, രാജസമ്മാനം, ഭാൎയ്യാപുത്രസിദ്ധി, മഹാധൈൎയ്യം, ആരോഗ്യം, ബന്ധുപോഷണം, ഇവയും; അന്നദാനം, കീൎത്തിലാഭം, ആനന്ദം, മഹാഭ്യുദയം ഉപകാരം, ധനലാഭം, വാഹനം, വസ്ത്രം, ആഭരണം ഇവയുടെ ലാഭവും സിദ്ധിക്കും. അഞ്ചാംഭാവം ശുഭരാശിയാണെങ്കിൽ ശുഭഫലവും പാപരാശിയാണെങ്കിൽ പാപഫലവും ആയിരിക്കും. അഞ്ചാംഭാവം ചരരാശിയായിരുന്നാൽ സ്ഥാനഭ്രംശവുംകൂടി സംഭവിക്കും.

ചക്രസ്യ ഷഷ്ഠരാശേസ്തു പരിപാകേഗ്നിജം ഭയം
ചോരാരിവിഷഭൂപാൎത്തിം സ്ഥാനനാശം മഹാഭയം ൮൧

പ്രമേഹഗുന്മപാണ്ഡ്വാദിഗ്രഹണീക്ഷയസംഭവഃ
അപകീർത്തിം കളത്രാർത്ഥസുതബന്ധുവിനാശനം. ൩൨
ബന്ധനം നിഗളപ്രാപ്തിമൃണദാരിദ്ര്യപീഡനം
പാപർക്ഷഫലമേവം സ്യാൽ മിശ്രേ മിശ്രഫലം വദേൽ.

ആറാംഭാവത്തിൻെറ ദശാകാലത്തിൽ അഗ്നിഭയം, കള്ളന്മാർ ശത്രുക്കൾ ഇവരിൽനിന്നുള്ള ഭയം, വിഷഭയം, രാജഭയം, സ്ഥാനനാശം, മഹാഭയം, ഇവയും; പ്രമേഹം, ഗുന്മം, പാണ്ഡു, ഗ്രഹണി, ക്ഷയം, അപകീർത്തി, ഭാര്യ, ധനം, പുത്രൻ, ബന്ധു ഇവരുടെ വിനാശം ഇവയും; ബന്ധനം, ജയിൽവാസം, കടം, ദാരിദ്ര്യം ഇവയും സംഭവിക്കും. ആറാംഭാവം പാപരാശിയായാൽ ഫലം ഇപ്രകാരംതന്നെ. ശുഭസമ്മിശ്രമായാൽ ഫലവും സമ്മിശ്രമായിരിക്കും.

കളത്രരാശിചക്രസ്യ പരിപാകേ കരഗ്രഹഃ
സ്ത്രീസുഖം പുത്രലാഭം ച ഘൃതസൂപഗുളാദികം. ൩൪
കൃഷിഗോഗജഭൂഷാപ്തിം രാജപൂജാ മഹദ്യശഃ
ശുഭരാശൗ ഫലം സത്യം ശുഭഖേചരസംയുതേ. ൩൫

ഏഴാംഭാവത്തിൻെറ ദശാകാലത്തിൽ വിവാഹം, ഭാര്യാസുഖം, പുത്രലാഭം, നെയ്യ്, പരിപ്പ് മുതലായ ഉപഭോഗങ്ങൾ, ഗുളം മുതലായവയും; കൃഷി, പശു, ആന ആഭരണങ്ങൾ ഇവയുടെ ലാഭം, രാജസമ്മാനം, കീർത്തി ഇവയും സംഭവിക്കും. ഏഴാംഭാവം ശുഭരാശിയായോ ശുഭനോട്ടക്കൂടിയോ ഇരുന്നാൽ ശുഭഫലവും അശുഭരാശിയായോ അശുഭനോട്ടക്കൂടിയോ ഇരുന്നാൽ അശുഭഫലവും സിദ്ധിക്കും.

മൃത്യുചക്രദശാകാലേ മഹാദുഃഖം ധനക്ഷയം
സ്ഥാനനാശം ബന്ധുനാശം ഗുഹ്യോദരനിപീഡനം. ൩൬
ദാരിദ്ര്യമന്നവിദ്വേഷമനാദരമരേർഭയം
പാപർക്ഷേ പാപസംയോഗേ ഫലമേവം വിനിർദ്ദിശേൽ.

എട്ടാംഭാവത്തിൻെറ ചക്രദശയിൽ വലിയ ദുഃഖവും ധനനാശവും സ്ഥാനനാശവും ബന്ധുനാശവും ഗുഹ്യരോഗം ഉദരരോഗം ഇവയും; ദാരിദ്ര്യം, അന്നവിദ്വേഷം, അനാദരവും, ശത്രുഭയം ഇവയും സംഭവിക്കും. അഷ്ടമരാശി പാപരാശിയായോ പാപനോട്ടക്കൂടിയോ ഇരുന്നാൽ ഇപ്രകാരം ഫലത്തെ നിർദ്ദേശിക്കണം.

ശുഭചക്രദശാകാലേ ശോഭനം ഭവതി ധ്രുവം
പുത്രമിത്രകളത്രാർത്ഥകൃഷിഗോഗൃഹഭൂഷണം ൩൭
സൽകർമ്മധർമ്മസംസിദ്ധിം മഹാജനപരിഗ്രഹം
ശുഭരാശൗ ശുഭം സർവം പാപരാശൗ വിപര്യയഃ ൩൮

ഒൻപതാംഭാവത്തിൻെറ ചക്രദശയിൽ പുത്രൻ ബന്ധു ഭാര്യ ധനം കൃഷി പശു ഗൃഹം ഭൂഷണം ഇവയ്ക്ക് അഭിവൃദ്ധിയും സൽകർമ്മസിദ്ധി ധർമ്മസിദ്ധി മഹാജനസംഗമം ഇവയും സംഭവിക്കും. ഒൻപതാംഭാവം ശുഭരാശിയായിരുന്നാൽ സർവ്വവും ശുഭവും പാപരാശിയായിരുന്നാൽ അശുഭവും ഫലമാകുന്നു.

കർമ്മചക്രദശാകാലേ രാജ്യാപ്തിം നൃപപൂജനം
സൽകീർത്തിദാരപുത്രാത്മബന്ധുസംഗം മഹോത്സവം. ൬൦

ആജ്ഞാധാരതപമാരോഗ്യം സൽഗോഷ്ഠ്യാ കാലയാപനം
സൽകർമ്മഫലമൈശ്വര്യം ശുഭരാശൗ വദേൽ ബുധഃ ൫

പത്താംഭാവത്തിന്റെ കാലചക്രദശയിൽ രാജ്യലാഭം, രാജസമ്മാനം, സൽകീർത്തി, ഭാര്യ, ബന്ധു, പുത്രൻ; ഇവരുടെ സംഗമം, മഹോത്സവം, ഇവയും; കല്പനാശക്തി ആരോഗ്യം സജ്ജനസഭകൊണ്ടുള്ള കാലയാപനം, സൽകർമ്മഫലം ഐശ്വര്യം ഇവയും സംഭവിക്കും.

ലാഭചക്രദശാകാലേ ധനാപ്ത്യാരോഗ്യഭൂഷണം
വിചിത്രവസ്ത്വാഗമനം ഗൃഹോപകരണം ലഭേത. ൬

സ്ത്രീപുത്രബന്ധുസൗഖ്യാപ്തിം ഋണദ്രവ്യായതിം ശുഭം
രാജപ്രീതിം മഹൽസംഗം പ്രവദന്തി ശുഭോദയേ. ൭

പതിനൊന്നാംഭാവത്തിന്റെ ദശാകാലത്തിൽ ധനലാഭം, ആരോഗ്യം, ഭൂഷണം, വിശേഷവസ്തുക്കളുടെ ആഗമനം, ഗൃഹോപകരണം ഇവയും; ഭാര്യാപുത്രസുഖം, ഋണമോചനം, നഷ്ടദ്രവ്യലാഭം, രാജപ്രീതി, മഹാജനസംഗം ഇവയും സംഭവിക്കും.

വ്യയചക്രദശാകാലേ ദേഹാർത്തിം സ്വപദച്യുതിം
ചോരാഗ്നിനൃപകോപാദിബന്ധുസ്ത്രീകൃതപീഡനം ൮

ഉദ്യോഗസംഗമാലസ്യം കൃഷിഗോഭൂമിനാശനം
ദാരിദ്ര്യം കർമ്മവൈകല്യം പാപർക്ഷേ തു ന സംശയഃ ൯

പന്ത്രണ്ടാംഭാവത്തിന്റെ ദശാകാലത്തിൽ ദേഹപീഡ, സ്ഥാനഭ്രംശം, ചോരഭയം, അഗ്നിഭയം, രാജകോപം, ബന്ധുക്കൾ ഭാര്യ ഇവരുടെ ഉപദ്രവം ഇവയും; ഉദ്യോഗലാഭം, മടി, കൃഷി, പശു, ഭൂമി ഇവയുടെ നാശം, ദാരിദ്ര്യം, കർമ്മലോപം ഇവയും സംഭവിക്കും. പന്ത്രണ്ടാംഭാവം പാപരാശിയായിരുന്നാൽ ഈ ഫലം നിശ്ചയംതന്നെ. (ശുഭരാശിയായിരുന്നാൽ ഈ ഫലങ്ങൾക്കു കുറവുണ്ടായിരിക്കും എന്നു സാരം.)

ലഗ്നാദിദ്വാദശാന്താനാം ഭാവാനാം ഫലമീദൃശം
പ്രോക്തമത്ര വിശേഷോസ്തി വിശേഷാൽ കഥ്യതേധുനാ. ൰

ലഗ്നംതുടങ്ങി പന്ത്രണ്ടാമിടംവരെയുള്ള ഭാവങ്ങളുടെ ഫലം ഇപ്രകാരം പറയപ്പെട്ടു. ഇനിയും ഇവയിൽ ചില വിശേഷങ്ങളുള്ളതിനെ പറയാൻപോകുന്നു.

തത്രരാശീശവീര്യേണ യഥായോഗ്യം പ്രയോജയേൽ
രാശീശ്വരേ ബലയുതേ സ്വോച്ചമിത്രസ്വവർഗ്ഗഗേ ൧൧

മിത്രാന്വിതേ ശുഭൈർദൃഷ്ടേ യൽപ്രോക്തം തച്ഛുഭം വദേൽ
ബലഹീനേതിനീചസ്ഥേ ദിനേശകരപീഡിതേ. ൧൨

ഷഷ്ഠാഷ്ടമവ്യയസ്ഥാനേ പാപശത്രുനിരീക്ഷിതേ
തദ്രാശിപേ തു ജനനേ കഷ്ടം രാശ്യുൽഭവം ഫലം ൧൩

അതതു രാശ്യധിപന്മാരുടെ ബലമനുസരിച്ച് യോഗ്യതയ്ക്കു തക്കവണ്ണം ഫലം പറയണം. രാശ്യധിപന്നു ബലവും, ഉച്ചം സ്വക്ഷേത്രം ബന്ധുക്ഷേത്രം ഇവയിൽ സ്ഥിതി, മിത്രയോഗം, ശുഭദൃഷ്ടി ഇവയും ഉണ്ടെങ്കിൽ ശുഭഫലത്തെയും, ബലഹാനി,

ശത്രുനീചസ്ഥിതി, മൌഢ്യം, ൬ ൮ ൧൨ ഈ ഭാവങ്ങളിൽ സ്ഥിതി, പാപന്മാരുടേയും ശത്രുഗ്രഹങ്ങളുടേയും യോഗദൃഷ്ടികൾ ഇവയുണ്ടെങ്കിൽ കഷ്ടഫലത്തെയും അനുഭവിക്കും.

ഫലം തൽ ദ്വിഗുണം കഷ്ടം ശുഭരാശ്യുൽഭവം ഫലം
അധിപസ്യ ബലം ഹീനം യദി ചാനത്ഥമാപ്നുയാൽ വ്യ൦

രാശിക്കും രാശ്യധിപനും ബലം കുറഞ്ഞും, അനിഷ്ടഫലങ്ങൾ കൂടിയും ഇരുന്നാൽ കഷ്ടഫലം ദ്വിഗുണമായിരിക്കും.

അധിപസ്യ ബലാധിക്യം രാശ്യുൽഭവഫലം യദി
യദി ചേൽ ദ്വിഗുണം സൌമ്യം ഫലത്യേവ ന സംശയഃ വ്യ൧

രാശിക്കും രാശ്യധിപനും ബലവും ശുഭലക്ഷണങ്ങൾ കൂടിയും ഇരുന്നാൽ ശുഭഫലം ദ്വിഗുണമായിരിക്കും എന്നുള്ളതിനു സംശയമില്ല.

അധിപേ ചരരാശിസ്ഥേ ചരരാശ്യംശഗേപി വാ
ചരരാശ്യുൽഭവം ചക്രം വിദേശഗമനപ്രദം. വ്യ൨

രാശ്യധിപൻ ചരരാശിയിലോ ചരരാശ്യംശകത്തിലോ നിൽക്കയും ദശാരാശി ചരരാശിയായിരിക്കയും ചെയ്താൽ ജാതനു് ആ ദശാകാലത്തിൽ വിദേശഗമനം ഉണ്ടാകും.

യാവച്ചക്രം തദാ ജ്ഞേയം യദ്യേകസ്മിൻ ചരേ സതി
വിദേശഗമനം വാപി സ്വസ്ഥാനാപ്തിം വിനിർദ്ദിശേൽ വ്യ൩

ചക്രദശാരാശിയോ രാശ്യധിപനോ ഒന്നു ചരരാശിയാവുകയും മറ്റതു് ചരരാശിയല്ലാതെയും ഇരുന്നാൽ വിദേശഗമനമോ സ്വദേശനിവാസമോ ഉണ്ടാകും എന്നു പറയണം.

സംജ്ഞാദ്ധ്യായേ ച യൽ പ്രോക്തം കർമ്മജീവേ ച യൽ ഫലം
ഫലമാശ്രയജം യദ്യൽ സ്ഥാനജന്യം ച യൽ ഫലം വ്യ൪

യൽ പ്രോക്തം രാജയോഗാദൌ ചന്ദ്രയോഗേ ച യൽ ഫലം
നാഭസാദിഷു യൽ പ്രോക്തം ശുഭപാപേക്ഷണാദപി. വ്യ൫

ദ്വിഗ്രഹാദിഷു യൽ പ്രോക്തം ഗ്രഹാണാം പൂർവ്വസൂരിഭിഃ
തദ്രാശിചക്രകാലേ തു സുധിയാ യോജയേൽ ബുധഃ. വ്യ൬

ഈ പറഞ്ഞ ഫലങ്ങൾ കൂടാതെ സംജ്ഞാദ്ധ്യായത്തിൽ സൂര്യാദിഗ്രഹങ്ങൾക്കു പറഞ്ഞിട്ടുള്ള ദ്രവ്യങ്ങളും കർമ്മജീവാദ്ധ്യായത്തിൽ പറഞ്ഞിട്ടുള്ള ഫലങ്ങളും മേഷാദിരാശികളിലും ലഗ്നാദിഭാവങ്ങളിലും ഗ്രഹങ്ങൾ നിന്നാലുള്ള ഫലങ്ങളും, രാജയോഗാദിഫലം, ചന്ദ്രയോഗഫലം, നാഭസാദിയോഗഫലം, ശുഭപാപദൃഷ്ടിഫലം, ദ്വിഗ്രഹയോഗഫലം ഇവയും ചക്രദശാഫലത്തിൽ വഴിപോലെ യോജിപ്പിച്ചു കൊള്ളണം.

മേഷാദിരാശിഷൾക്കം തു ഭൂമിഭാഗം തു ദക്ഷിണം
ഔത്തരം തൌലിചക്രം തു തച്ചക്രം തത്ര നിർദ്ദിശേൽ. വ്യ൭

മേടം തുടങ്ങി ൬ രാശി തെക്കേദിക്കിലും, തുലാം തുടങ്ങി ൬ രാശി വടക്കേദിക്കിലും ആകുന്നു. ആ രാശിചക്രത്തെയും അവിടെ എഴുതണം.

ഫലം വാ വിഫലം വാപി പ്രാഗാദിദ്യുചരാമപി
രാശിഷൾഭാഗതോവാപി തദ്ദിഗ്ഭാഗേ വിനിർദ്ദിശേൽ ൮൮

സൂൎയ്യന്നു് കിഴക്കേദിക്കു്, ശുക്രന്നു് അഗ്നികോണു്, ഈ ക്രമത്തിൽ സംജ്ഞാദ്ധ്യായത്തിൽ വിവരിച്ചപ്രകാരമുള്ള ഗ്രഹദിക്കുകൊണ്ടോ, മേഷാദി ൬ രാശികൾക്കും, തുലാദി ൬ രാശികൾക്കും ദക്ഷിണോത്തരദിഗ്വിഭാഗംകൊണ്ടോ അതാതു ദിക്കിലെ ഫലത്തേയും വിഫലതയേയും നിർദ്ദേശിച്ചുകൊള്ളണം.

യഥോപദേശമാർഗ്ഗേണ സൎവ്വേഷാം ഫലമീദൃശം
കാലചക്രഗതിസ്ത്രേധാ നിശ്ചിതാ പൂൎവ്വസൂരിഭിഃ ൮൯

ഉപദേശമനുസരിച്ചു സകല ഫലവും ഇപ്രകാരമാണു പറയേണ്ടതു്. കാലചക്രദശാഗതി, പൂൎവ്വസൂരികൾ നിശ്ചയിച്ചിരിക്കുന്നതു് മൂന്നുവിധത്തിലാകുന്നു. അതിനെ അടുത്തുതന്നെ പറയും.

മണ്ഡൂകഗമനം ചൈവ പൃഷ്ഠതോഗമനം തഥാ
സിംഹാവലോകനം നാമ പുനരാഗമനം ഭവേൽ ൯൦

മണ്ഡൂകഗമനം, പൃഷ്ഠതോഗമനം, സിംഹാവലോകനം ഇങ്ങനെയാണു് മൂന്നുവിധം. ഇതുകൂടാതെ പുനരാഗമനം, എന്നു് ഒരു വിശേഷംകൂടി ഉണ്ടു്.

പൃഷ്ഠതോഗമനം ചൈവ കൎക്കികേസരിണോരപി
മീനവൃശ്ചികയോശ്ചാപമേഷയോഃ കേസരീഗതിഃ ൯൧

ചിങ്ങത്തിൽനിന്നു് കൎക്കടകത്തിലേക്കുള്ള ദശാപ്രവേശം പൃഷ്ഠതോഗമനവും, മീനവൃശ്ചികങ്ങൾ തമ്മിലും ധനുവും മേടവും തമ്മിലും ഉള്ള ദശാപ്രവേശം സിംഹാവലോകനവും ആകുന്നു.

കന്യാകൎക്കടയോസ്സിംഹയുഗ്മയോൎമ്മണ്ഡൂകാ ഗതിഃ
സിംഹാവലോകസമയേ ജ്വരാൎത്തിസ്ഥാനനാശനം. ൯൨

കന്നിയും കൎക്കടകവും തമ്മിലും ചിങ്ങവും മിഥുനവും തമ്മിലും ഉള്ള കാലചക്രദശാപ്രവേശം മണ്ഡൂകഗമനമാകുന്നു. സിംഹാവലോകനസമയത്തിൽ ജ്വരം സ്ഥാനനാശം ഇവ സംഭവിക്കും.

ബന്ധുസ്ഥാനാദിനാശം ച സമാനജനപീഡനം
ജലേ വാ പതനം കൂപേ വിഷശസ്ത്രാഗ്നിജം ഭയം. ൯൩

ബന്ധുസ്ഥാനം മുതലായവയുടെ നാശം, തനിക്കു തുല്യമായ ജനത്തിന്റെ പീഡ, വെള്ളത്തിലോ കിണററിലോ വീഴുക, വിഷഭയം, ശസ്ത്രഭയം, അഗ്നിഭയം ഇവയും സിംഹാവലോകനസന്ധിയുടെ ഫലമാകുന്നു.

വാഹനാൽ പതനം വാപി ദശാച്ഛിദ്രാന്വിതേ സതി
ക്രൂരാസ്തനീചാപചയഖേചരസ്യ ദശാ യദി ൯൪

ദശാച്ഛിദ്രമിതി ജ്ഞേയം പ്രവദന്തി വിപശ്ചിതഃ
മണ്ഡൂകഗതിസംഭൂതസമയേ മരണം ഗുരോഃ. ൯൫

പിത്രോൎവ്വാ വിഷശസ്ത്രാഗ്നിജ്വരചോരാരിഭിൎഭയം
മണ്ഡൂകസമയേ സൎവ്വേ സമാനജനപീഡനം. ൯൬

സിംഹാവലോകനസന്ധിക്കു ദശാച്ഛിദ്രമുണ്ടെങ്കിൽ വാഹനത്തിൽനിന്നു വീഴുകയും പറഞ്ഞ ഫലങ്ങൾ പൂൎണ്ണമായിരിക്കയും ചെയ്യും. പാപഗ്രഹങ്ങൾ മൗഢ്യം

നീചം ഇവയുള്ള ഗ്രഹങ്ങൾ, അപചയസ്ഥാനത്തു നില്ക്കുന്ന ഗ്രഹങ്ങൾ, ഇവരുടെ ദശയ്ക്കാണ് ദോഷമുള്ളത് എന്നു വിദ്വാന്മാർ പറയുന്നു. മണ്ഡൂകഗമനദശാസമയത്തിൽ ഗുരുവിനോ മാതാപിതാക്കന്മാർക്കോ മരണവും, വിഷം ശസ്ത്രം അഗ്നി ജ്വരം ഇവയിൽനിന്നും ചോരന്മാർ ശത്രുക്കൾ ഇവരിൽനിന്നും ഭയവും; വലത്തെനാളിൽ ഉള്ള കാലചക്രദശയാണെങ്കിൽ തനിക്കു തുല്യന്മാരായ ജനങ്ങൾക്കു പീഡയും ഭവിക്കും.

കേസരിയുഗമണ്ഡൂകേ മാതുർമരണമാദിശേൽ
മരണം രാജഭീതിം ച സന്നിപാതമഥേരയേം ൯൭

ചിങ്ങവും മിഥുനവും തമ്മിലുള്ള മണ്ഡൂകഗമനസന്ധിയിൽ മാതാവിനോ ജനകനോ തന്നെയോ മരണവും രാജഭയവും സന്നിപാതരോഗവും ഉണ്ടാകും.

സവ്യേ സിംഹാവലോകേ തു ചതുഷ്പാൽഭയമഗ്നിജം
പൃഷ്ഠതോഗമനം സവ്യേ ധനധാന്യപശുക്ഷയഃ ൯൮

വലത്തെനാളിൽ വരുന്ന സിംഹാവലോകസന്ധിയിൽ നാല്ക്കാലികളിൽനിന്നും അഗ്നിയിൽനിന്നും ഭയമുണ്ടാകും. വലത്തെനാളിൽ വരുന്ന പൃഷ്ഠതോഗമനസന്ധിയിൽ ധനധാന്യപശുക്ഷയം ഉണ്ടാകും.

പിതുർമരണമാലസ്യം തൽസമാനേഷു വാ മൃതിഃ
പൃഷ്ഠതോഗമനേ ന്യസ്മിൻ ജലഭീതിം പദച്യുതിം. ൯൯
പിതുർനാശം നൃപക്രോധം ദുർഗാരണ്യാടനം വദേൽ
മണ്ഡൂകഗമനേ വാമേ സ്ത്രീസുതാർത്തിപരിശ്രമം. ൧൦൦
ഭാപജ്വരം മൃഗാൽ ഭീതിം പദച്യുതിമഥേരയം
സിംഹാവലോകനേ വാമേ സ്ഥാനഭ്രംശം പിതുർമൃതിഃ ൧൦൧

പിതൃമരണം, മടി, അല്ലെങ്കിൽ പിതൃതുല്യന്മാർക്കു മരണം ഇവയും; വലത്തെനാളിൽ വരുന്ന പൃഷ്ഠതോഗമനസന്ധിയുടെ ഫലമാകുന്നു. ഇടത്തെനാളിൽ വരുന്ന പൃഷ്ഠതോഗമനസന്ധിയിൽ ജലഭയം, സ്ഥാനഭ്രംശം, പിതൃനാശം രാജകോപം, ദുർഗ്ഗവനസഞ്ചാരം ഇവയും ഇടത്തെനാളിൽ വരുന്ന മണ്ഡൂകഗമനസന്ധിയിൽ ഭാര്യാപുത്രപീഡ, പരിശ്രമം, താപജ്വരം, മൃഗഭയം, സ്ഥാനഭ്രംശം ഇവയും; ഇടത്തെനാളിൽ വരുന്ന സിംഹാവലോകനസന്ധിയിൽ സ്ഥാനഭ്രംശം പിതൃമരണം ഇവയും ഉണ്ടാകും.

ചക്രദശാവാക്യങ്ങൾ—

ദസ്രാനലാദിതിഭുജംഗദിനേശഭാനാം
പൂഷാസുരാജപദവിശ്വസമീരണാനാം
വാക്യാനി സവ്യഗതചക്രഭവാദികാനി
ചത്വാരി സന്മുനയഃ പ്രവദന്തി തജ്ജ്ഞാഃ ൧൦൨

അശ്വതി കാർത്തിക പുണർതം ആയില്യം അത്തം ചോതി മൂലം ഉത്രാടം പൂരുരുട്ടാതി രേവതി ഈ പത്തുനാളുകളും വലത്തെകയ്യിന്റെ ഒന്നും മൂന്നും വിരലുകളിൽ വരുന്നവയാണ്. ആദ്യത്തെ നാലുവാക്യങ്ങളും ഈ പത്തു നക്ഷത്രങ്ങളുടെ ദശവരുത്തുന്നതിനുള്ളതാകുന്നു. അശ്വതി ഭരണി കാർത്തിക ഈ മൂന്നു നക്ഷത്രങ്ങളെ വലത്തെകയ്യിന്റെ ഒന്നാമത്തേതും രണ്ടാമത്തേതും മൂന്നാമത്തേതും വിരലുകളിലായും രോഹിണി മകയിരം തിരുവാതിര ഈ മൂന്നു നക്ഷത്രങ്ങളെ ഇടത്തെ കയ്യിന്റെ ഒന്നാമത്തേതും രണ്ടാമത്തേതും മൂന്നാമത്തേതും വിരലുകളിലായും

എണ്ണണം. ശേഷം ഉള്ളവയേയും വലത്തും ഇടത്തും കൈകളിലായി ഈ ക്രമത്തിൽ അറിഞ്ഞുകൊള്ളണം.

ചിത്രാഹിർബുദ്ധ്നിഭരണിപൂർവ്വാഷാഢേന്ദ്രമന്ത്രിണാം
സവ്യചക്രാന്ത്യവാക്യാനി ചത്വാരി ക്രമശോ വിദുഃ ൧൩൭

ഭരണി പൂയം ചിത്തിര പൂരാടം ഉത്തൃട്ടാതി ഈ അഞ്ചു നാളുകൾ വലത്തെ കയ്യിന്റെ നടുവിൽ വരുന്ന നക്ഷത്രങ്ങളാകുന്നു.

ആർദ്രാപിതൃഭഗബ്രഹ്മദ്വിദൈവഹരിവജ്റിണാം
പാശിനഃ സവ്യചക്രസ്യ വാക്യം ചാദ്യ ചതുഷ്ടയം. ൧൩൮

തിരുവാതിര മകം ഉത്രം രോഹിണി വിശാഖം തിരുവോണം തൃക്കേട്ട ചതയം ഈ എട്ടുനാളുകൾ ഇടത്തേക്കയ്യിന്റെ ഒന്നാമത്തേതും മൂന്നാമത്തേതും ആയ വിരല്കളിൽ വരുന്ന നക്ഷത്രങ്ങളാകുന്നു.

ഭാനാം ചതുർണ്ണാം പുനരശ്വമാഖ്യ-
ചിത്രാശ്രവിഷ്ഠാമൃഗമസ്തകാനാം
അന്ത്യാനി വാക്യാന്യപസവ്യജാനി
ചത്വാരി ചക്രോപഗതാനി ചാഹുഃ. ൧൩൯

മകയിരം പൂരം അത്തം അവിട്ടം ഈ നാലുനാളുകൾ ഇടത്തേക്കയ്യിന്റെ നടുവിരലിൽ (രണ്ടാമത്തെ) വരുന്ന നക്ഷത്രങ്ങളാകുന്നു. ഈ ഓരോ നക്ഷത്രങ്ങളെയും നാലായി ഭാഗിക്കണം. അവയിൽ ഓരോ സ്ഥാനത്തേക്കും ഉള്ള വാക്യങ്ങളെ താഴെ കാണിക്കുന്നു.

സവ്യനക്ഷത്രവാക്യങ്ങൾ:—

പാ രം ഗാ വോ മാ താ സ ഹോ ധി
ന ക്ഷ ത്ര ദാ സീ ച ർ‍വ്വ ണ ഗഃ
ത്രു പോ ത്ര ക്ഷു ന്നി ധാ യ രം ഗം
വാ ണീ ച സ്ഥം ദ ധി ന ക്ഷ ത്രം ൧

ഇവ അശ്വതി കാർത്തിക മുതലായി വലത്തേക്കയ്യിന്റെ ഒന്നും മൂന്നും വിരല്കളിൽവരുന്ന പത്തു നക്ഷത്രങ്ങളുടെ ഓരോ പാദങ്ങളുടെ വാക്യങ്ങളാണ്. ഈ നാളുകളുടെ ഒന്നാംപാദത്തിൽ ജനിച്ചാൽ പാരംഗാവോ മാതാ സഹോധി എന്നും, രണ്ടാംപാദത്തിൽ ജനിച്ചാൽ, നക്ഷത്രദാസീചർവ്വണഗഃ എന്നും, മൂന്നാംപാദത്തിൽ ജനിച്ചാൽ ത്രുപോത്രക്ഷുന്നിധായരംഗം എന്നും, നാലാംപാദമായാൽ വാണീചസ്ഥം ദധിനക്ഷത്രം എന്നും ഉള്ള വാക്യങ്ങളുടെ അക്ഷരസംഖ്യാപ്രകാരം ദശാനാഥന്മാരെ കണക്കാക്കിക്കൊള്ളണം. ഇങ്ങനെ ഓരോ കാലുകൾക്കും ഒൻപതുവീതം അക്ഷരങ്ങളെ എടുക്കണം. അശ്വതിയുടെ ആദ്യപാദത്തിലാണ് ജനനം എങ്കിൽ ഗർഭശിഷ്ടദശാധിപൻ (പാ) എന്ന അക്ഷരസംഖ്യപ്രകാരം ഒന്നാംരാശിയായ മേടത്തിന്റെ നാഥനായ കുജനും, രണ്ടാംരാശ്യധിപൻ (രം, ൨-ാംരാശിയായ ഇടവത്തിന്റെ നാഥനായ ശുക്രനും, ൩-ാംരാശ്യധിപൻ (ഗാ, ൩-ാംരാശിയായ മിഥുനത്തിന്റെ അധിപനായ ബുധനും, ൪-ാംരാശ്യധിപൻ (വോ) നാലാംരാശിയായ കർക്കടകത്തിന്റെ നാഥനായ ചന്ദ്രനും, ൫-ാംരാശ്യധിപൻ (മാ) ൫-ാംരാശിയായ ചിങ്ങത്തിന്റെ നാഥനായ സൂര്യനും, ൬-ാം രാശ്യധിപൻ (താ, ൬-ാംരാശിയായ കന്നിയുടെ അധിപനായ ബുധനും, ൭-ാം രാശ്യധിപൻ (സ) ൭-ാംരാശിയായ തുലാത്തിന്റെ അധിപനായ ശുക്രനും, ൮-ാം രാശ്യധിപൻ (ഹോ) ൮-ാംരാശിയായ വൃശ്ചികത്തിന്റെ അധിപതിയായ കുജനും, ഒൻപതാം രാശ്യധിപൻ (ധി) ഒൻപതാം

രാശിയായ ധനുവിന്റെ അധിപനായ വ്യാഴവും ആകുന്നു. ഇങ്ങനെ ശേഷമുള്ളവയും ധരിച്ചുകൊള്ളണം.

൨-ാം പാദനാഥന്മാർ—

മുൻപറഞ്ഞ പത്തു നാളുകളുടെ രണ്ടാം കാലിലാണ് ജനനം എങ്കിൽ (ന) ൧൦-ാം രാശിയായ മകരം, (ക്ഷ ൧൧ ാംരാശിയായ കുംഭം, ത്രു) ൧൨-ാംരാശിയായ മീനം വൃശ്ചികം തുലാം കന്നി കർക്കടകം ചിങ്ങം മിഥുനം ഈ ഒൻപതു രാശികളുടെ അധിപന്മാർ ഗർഭശിഷ്ടദശാക്രമേണ നാഥന്മാരാണ്. ഇവിടെ മീനം വൃശ്ചികം കന്നി കർക്കടകം മുതലായ ദശാസന്ധിയിൽ സിംഹാവലോകം മണ്ഡൂകഗമനം മുതലായ ദോഷങ്ങളും ഉണ്ട്.

൩-ാം പാദനാഥന്മാർ—

ഇടവം മേടം (ത്രു) ൧൨-ാംരാശിയായ മീനം, (ക്ഷ) ൧൧-ാംരാശിയായ കുംഭം (ന) ൧൦-ാംരാശിയായ മകരം ധനു മേടം ഇടവം മിഥുനം ഈ രാശികളുടെ അധിപന്മാർ ഗർഭശിഷ്ടദശാക്രമേണ ൩-ാംപാദത്തിന്റെ നാഥന്മാരാകുന്നു. ഇവിടെ സിംഹാവലോകനവും പുനരാഗമനവും എന്ന ദോഷം ഉണ്ട്.

൪-ാം പാദനാഥന്മാർ—

കർക്കടകം ചിങ്ങം കന്നി തുലാം വൃശ്ചികം ധനു (ന) ൧൦-ാംരാശിയായ മകരം (ക്ഷ) ൧൧-ാംരാശിയായ കുംഭം, (ത്രു) ൧൨-ാംരാശിയായ മീനം ഈ രാശികളുടെ നാഥന്മാർ ഗർഭശിഷ്ടദശാക്രമേണ നാലാംപാദത്തിന്റെ നാഥന്മാരാകുന്നു. ഈ നക്ഷത്രവാക്യങ്ങളിൽ—ന—എന്ന അക്ഷരത്തിനു ൧൦-ാംരാശിയെന്നും ക്ഷ എന്ന അക്ഷരത്തിനു ൧൧-ാംരാശിയെന്നും, ത്രു എന്ന അക്ഷരത്തിന് ൧൨-ാം രാശി എന്നും അർത്ഥമാണ്.

ദക്ഷിണതാരവാക്യങ്ങൾ (മദ്ധ്യമനക്ഷത്രങ്ങൾ) ആകെ ൯

ഹം സ ശ്ച വ ശാം ബ ര പ ത്രും
ക്ഷു ന്നാ ളീ ക ര ഗോ ഭീ മാ ച
സൃ ദ ധി ന ക്ഷ ത്ര ജ സി താ
വാ മാം ഗാ ര കോ ത്ര ക്ഷു ന്നി ധിഃ. ൨

നാലുതേക്കുള്ളിൽ നടുവിൽവരുന്ന ഭരണി മുതലായ ൯ നക്ഷത്രങ്ങളുടെ ആദ്യപാദത്തിൽ ജനിച്ചാൽ വൃശ്ചികം തുലാം കന്നി കർക്കടകം ചിങ്ങം മിഥുനം ഇടവം മേടം (ത്രു) ൧൨-ാംരാശിയായ മീനം, ഈ ഒൻപതുരാശികളുടെ നാഥന്മാർ ഗർഭശിഷ്ടദശാക്രമേണ ദക്ഷിണമദ്ധ്യനക്ഷത്രങ്ങളുടെ ഒന്നാംപാദത്തിന്റെ നാഥന്മാരാകുന്നു.

൨-ാം പാദനാഥന്മാർ—

കുംഭം മകരം ധനു മേടം ഇടവം മിഥുനം കർക്കടകം ചിങ്ങം കന്നി ഈ ഒൻപതുരാശികളുടെ നാഥന്മാർ ഗർഭശിഷ്ടദശാക്രമേണ ദക്ഷിണമദ്ധ്യനക്ഷത്രങ്ങളുടെ ൨-ാം പാദത്തിന്റെ നാഥന്മാരാകുന്നു.

൩-ാം പാദനാഥന്മാർ—

തുലാം വൃശ്ചികം ധനു മകരം കുംഭം മീനം വൃശ്ചികം തുലാം കന്നി ഈ രാശികളുടെ നാഥന്മാർ ക്രമേണ മൂന്നാംപാദത്തിന്റെ ദശാനാഥന്മാരാകുന്നു. ഇതിനും സിംഹാവലോകനദോഷം ഉണ്ട്.

൪-ാം പാദനാഥന്മാർ—

കർക്കടകം ചിങ്ങം മിഥുനം ഇടവം മേടം മീനം കുംഭം മകരം ധനു ഈ ഒൻപതു രാശികളുടെ നാഥന്മാർ നാലാംപാദത്തിന്റെ ഗർഭശിഷ്ടദശാക്രമേണ നാഥന്മാരാകുന്നു. ഇതിൽ മണ്ഡൂകഗമനം എന്ന ദോഷം ഉണ്ട്.

വാമനക്ഷത്രപൂർവ്വാപരതാരവാക്യങ്ങൾ—

ധ ന ക്ഷേ ത്ര പ രാം ഗ മി വ
താ സാ ദ ത്ര ക്ഷു ന്നി ധി ദാ സി
ച മൂ ഭോ ഗീ രാ യു ധ ന ർക്ഷം
ത്ര പൃ ര ഗു ണ വി ത്ത സ ഹി ൩

ഇടത്തെക്കയ്യിന്റെ ഒന്നാമത്തേതും മൂന്നാമത്തേതും വിരലിന്മേൽ വരുന്ന രോഹിണി മുതലായ എട്ടു നക്ഷത്രങ്ങളുടെ ഒന്നാംപാദത്തിൽ ജനിച്ചാൽ ധനു മകരം കുംഭം മീനം മേടം ഇടവം മിഥുനം ചിങ്ങം കർക്കടകം ഈ രാശികളുടെ നാഥന്മാർ ഗർഭശിഷ്ടദശാക്രമേണ വാമപൂർവ്വാപരനക്ഷത്രങ്ങളുടെ ഒന്നാം പാദത്തിന്റെ നാഥന്മാരാകുന്നു.

കേരളസാഹിത്യ അക്കാദമി

൨-ാം പാദനാഥന്മാർ

കന്നി തുലാം വൃശ്ചികം മീനം കുംഭം മകരം ധനു വൃശ്ചികം തുലാം ഈ രാശികളുടെ നാഥന്മാർ ഗർഭശിഷ്ടദശാക്രമേണ വാമപൂർവ്വാപരനക്ഷത്രങ്ങളുടെ ൨-ാംപാദത്തിന്റെ നാഥന്മാരാണ്. ഇവിടെയും പുനരാഗമനവും സിംഹാവലോകനവും എന്ന ദോഷം ഉണ്ട്.

൩-ാം പാദനാഥന്മാർ—

കന്നി ചിങ്ങം കർക്കടകം മിഥുനം ഇടവം മേടം ധനു മകരം കുംഭം ഈ ഒൻപതു രാശികളുടെ അധിപന്മാർ ഗർഭശിഷ്ടദശാക്രമേണ വാമപൂർവ്വാപരനക്ഷത്രങ്ങളുടെ ൩-ാം പാദത്തിന്റെ നാഥന്മാരാണ്. ഇവിടെയും സിംഹാവലോകന ദോഷമുണ്ട്.

൪-ാം പാദനാഥന്മാർ—

മീനം മേടം ഇടവം മിഥുനം ചിങ്ങം കർക്കടകം കന്നി തുലാം വൃശ്ചികം ഈ രാശികളുടെ നാഥന്മാർ ഗർഭശിഷ്ടദശാക്രമേണ വാമപൂർവ്വാപരനക്ഷത്രങ്ങളുടെ ൪-ാം പാദത്തിന്റെ നാഥന്മാരാണ്.

വാമതാരമദ്ധ്യനക്ഷത്രങ്ങളുടെ വാക്യങ്ങൾ—

ത്ര ക്ഷു ന്നി ധി ദ്ദ്രാ സ സ്ഥ മേ വ
ഗി രാ യു ധ ന ക്ഷ ത്ര പ രഃ
ഗോ മാം വാ ചീ സ ദാ ത്ര ക്ഷു ന്നോ
ധീ ജ സ തോ മി വാം ഗാ രി കാ ൪

മീനം കുംഭം മകരം ധനു വൃശ്ചികം തുലാം കന്നി ചിങ്ങം കർക്കടകം ഈ ഒൻപതുരാശികളുടെ അധിപന്മാർ ഗർഭശിഷ്ടദശാക്രമേണ വാമതാരമദ്ധ്യനക്ഷത്രങ്ങൾ നാലിന്റെയും ഒന്നാംപാദത്തിന്റെ നാഥന്മാരാകുന്നു.

൨-ാം പാദത്തിന്റെ നാഥന്മാർ—

മിഥുനം ഇടവം മേടം ധനു മകരം കുംഭം മീനം മേടം ഇടവം ഈ ഒൻപതുരാശികളുടെ നാഥന്മാർ ഗർഭശിഷ്ടദശാക്രമേണ വാമമദ്ധ്യനക്ഷത്രങ്ങളുടെ ൨-ാം പാദത്തിന്റെ നാഥന്മാരാകുന്നു. ഇവിടെ പുനരാഗമനവും സിംഹാവലോകനവും ഉണ്ടു്.

൩-ാം പാദത്തിന്റെ നാഥന്മാർ—

മിഥുനം ചിങ്ങം കർക്കടകം കന്നി, തുലാം വൃശ്ചികം മീനം കുംഭം മകരം ഈ രാശികളുടെ നാഥന്മാർ ഗർഭശിഷ്ടദശാക്രമേണ വാമമദ്ധ്യനക്ഷത്രങ്ങളുടെ മൂന്നാംപാദത്തിന്റെ നാഥന്മാരാകുന്നു. ഇവിടെ മണ്ഡൂകഗമനം, പൃഷ്ഠതോഗമനം, സിംഹാവലോകനം ഈ സന്ധിദോഷങ്ങൾ ഉണ്ടു്.

൪-ാം പാദനാഥന്മാർ—

ധനു വൃശ്ചികം തുലാം കന്നി ചിങ്ങം കർക്കടകം മിഥുനം ഇടവം മേടം ഈ രാശികളുടെ അധിപന്മാർ ഗർഭശിഷ്ടദശാക്രമേണ വാമമദ്ധ്യനക്ഷത്രങ്ങളുടെ നാലാം പാദത്തിന്റെ നാഥന്മാരാകുന്നു.

കാലചക്രസംവത്സരങ്ങൾ—

> ഭൂതൈകവിംശൽഗിരയോ നവഭിക്ഷോഡശാബ്ധയഃ
> സൂര്യാദീനാം ക്രമാദബ്ദാ രാശീനാം സ്വാമിനോവശാൽ. ൧൩

ഈ ശ്ലോകം ഈ അദ്ധ്യായത്തിൽ ആദ്യം വ്യാഖ്യാനിച്ചിട്ടുണ്ടു്.

അന്തശ്ചക്രം—

> ദശാം ദശാബ്ദസംഗുണ്യാം വർഷായുസ്സംഖ്യയാ ഹരേൽ
> ലബ്ധമന്തർദശാ ജ്ഞേയാ വഷമാസദിനാദികാഃ ൧൪

ഈ ശ്ലോകത്താൽ അന്തർദശയേ (അപഹാരത്തെ) വരുത്താനാണ് പറയുന്നതു്. എങ്കിലും ഇവിടെ ഗർഭശിഷ്ടദശവരുത്തുവാൻ പറഞ്ഞിട്ടില്ലാത്തതുകൊണ്ടു് ആദ്യം ആ പ്രമാണത്തെ കാണിക്കുന്നു. "നവാംശകസ്യൈഷകലാസ്തദംശനാഥാബ്ദന ഘ്നാസ്തനഖൈർവ്വിഭക്താഃ സമാ ഭവന്തി പ്രിയനാശനീതൈർഹത്വാക്രമാന്മാസദിനാദിനാഡ്യഃ" (അർത്ഥം: ജനനകാലചക്രസ്ഫുടത്തിന്റെ നവാംശകങ്ങളിൽ ചെല്ലാനുള്ള കലകളെവച്ചു് ഇലിയാക്കി ആദ്യദശാനാഥനായ ഗ്രഹത്തിന്റെ ദശാസംവത്സരംകൊണ്ടു ഗുണിച്ചു് (൩൩൯) ൨൦൦ കൊണ്ടു ഹരിച്ചുകിട്ടുന്ന ഫലം ഗർഭശിഷ്ടദശാസംവത്സരമാണ്. ശിഷ്ടത്തെ ക്രമേണ ൧൨-ലും ൩൦-ം ൬൦-ം പെരുക്കി ൨൦൦ കൊണ്ടു ഹരിച്ചാൽ മാസം, ദിവസം, നാഴിക ഇവ സിദ്ധിക്കും. ഇനിയും അപഹാരം വരുത്തുവാൻ പറയുന്നു—ദശാസംവത്സരത്തെ അപഹാരനാഥന്റെ ദശാസംവത്സരംകൊണ്ടു് ഗുണിച്ചു പരമായുസ്സംഖ്യകൊണ്ടു ഹരിച്ചുകിട്ടുന്ന ഫലം സംവത്സരമാകുന്നു. ശിഷ്ടത്തെ ൧൨-൩൦-൬൦-ം ഈ ക്രമത്തിൽ ക്രിയചെയ്തു് മാസം, ദിവസം, നാഴിക ഇവയേയും വരുത്തിക്കൊള്ളണം. ഈ അദ്ധ്യായത്തിൽ ൧൨ ാംശ്ലോകംകൊണ്ടു പറഞ്ഞിട്ടുള്ള മേഷാദിത്രികോണരാശികളുടെ ൧൦൦ ൮൫ ൮൩ ഈ പരമായുസ്സംഖ്യകളെയാണ് ഇവിടെയും പറഞ്ഞതു് എന്നു ധരിച്ചുകൊള്ളണം.

അപഹാരഛിദ്രം—

> ചക്രശാബ്ദാ ഭുക്തിരാശീശ്വരാബ്ദൈർ-
> ഹത്വാ തത്തദ്രാശിമാനായുരാപ്താഃ

അബ്ദാ മാസാ വാസരാ നാഡികാഖ്യാ
ദുഃസ്ഥാനേശാ ദുഃഖരോഗാവഹാഃ സ്യുഃ. ൧൦൮

ഭുക്തിരാശ്യധിപന്റെ സംവത്സരംകൊണ്ടു ചക്രാധിപന്റെ സംവത്സരത്തെ ഗുണിച്ച് അതതു രാശിമാനാഹാരകംകൊണ്ട് ഹരിച്ചുകിട്ടുന്ന ഫലം ഛിദ്രകാലസംവത്സരമാകുന്നു. ശിഷ്ടത്തെ പ്രിയാ (൧൨) ദിഗ്ഗുണനംചെയ്ത് മാസാദി വരുത്തണം. അനിഷ്ടസ്ഥാനാധിപന്മാരായ ഗ്രഹങ്ങളുടെ അപഹാരച്ഛിദ്രങ്ങൾ ദുഃഖരോഗങ്ങളെ ഉണ്ടാക്കും.

ഇത്ഥ്യാം മഹാദായദിനം മഹാബ്ദൈഃ
സംഗുണ്യ തത്രാന്തരദാതൃ ദായൈഃ
പുനസ്തദാ തേ പരമായുരബ്ദ-
ഹൃതാ ദശാന്തർദശതാ ദശാഖ്യാഃ ൧൦൯

അന്തർദശ വരുത്തിയപോലെ പരമായുസ്സുകൊണ്ടു ഹരിച്ച് അന്തരാന്തര ഭുക്തികളായ ഛിദ്രം, അന്തശ്ഛിദ്രം മുതലായവയേയും ത്രൈരാശികഗണിതപ്രകാരം ക്രമേണ വരുത്തിക്കൊള്ളണം.

വിനാഡീകൃത്യ നക്ഷത്രം സ്വസ്ഥസംവത്സരൈഃ പൃഥക്
ദായൈഃ സംഗുണ്യ സർവ്വായുരാപ്തം സൂക്ഷ്മദശാഫലം ൧൧൦

നക്ഷത്രത്തെ വിനാഴികയാക്കി ദശാനാഥസംവത്സരങ്ങളെക്കൊണ്ടു ഗുണിച്ച് പരമായുസ്സംവത്സരംകൊണ്ടു ഹരിച്ച് സൂക്ഷ്മദശാഫലം അറിഞ്ഞുകൊള്ളണം. പരമായുസ്സംവത്സരം മേഷാദിത്രികോണരാശികൾക്ക് മുൻപറഞ്ഞതു തന്നെയാണ്.

ഗ്രഹവത്സരവാസരാഹൃതം
പരമായുഷ്യമതോമിതം ധ്രുവം
നിജവർഷഗുണാഃ സ്വപാകദാ
ഇതി പാകേഷ്വഖിലേഷു ചിന്തയേൽ. ൧൧൧

ഇതി ജാതകപാരിജാതേ സപ്തദശോഽധ്യായഃ.

ഗ്രഹങ്ങളുടെ വത്സരാദികളെക്കൊണ്ടു ഹരിച്ചുകിട്ടുന്ന കാലചക്രദശകളെ ഒക്കെക്കൂടി കൂട്ടിക്കിട്ടുന്നതു പരമായുസ്സാകുന്നു. തങ്ങളുടെ ദശാപഹാരച്ഛിദ്രസംവത്സരങ്ങളുടെ ശുഭാശുഭഫലങ്ങളെ ഗ്രഹങ്ങളുടെ ഇഷ്ടാനിഷ്ടസ്ഥിതിയനുസരിച്ചു സകലദശാപഹാരാദികളിൽ പറഞ്ഞുകൊള്ളണം.

ഇങ്ങനെ ജാതകപാരിജാതവ്യാഖ്യാനത്തിൽ പതിനേഴാം
അദ്ധ്യായത്തിന്റെ വ്യാഖ്യാനം സമ്പൂർണ്ണം.

അഥ അഷ്ടാദശോദ്ധ്യായഃ

ദശാഫലം.

ദശാനുസാരേണ ഫലം വദന്തി
മുനീശ്വരാ ജാതശ്ശുഭാശ്ശുഭം യൽ
സാരം സമുദ്ധൃത്യ തദൈവ വക്ഷ്യേ
ഭേദം യഥാ വിസ്തരതോ ദശാനാം. ൧

മുനീശ്വരന്മാർ മനുഷ്യർക്കുണ്ടാകുന്ന ശുഭാശുഭഫലങ്ങൾ ഓരോ ദശയെ അനുസരിച്ചിരിക്കും എന്നു പറയുന്നു. അതിനാൽ ആ ദശാഫലങ്ങളുടെ സാരത്തെ എടുത്തു ഇവിടെ ഞാൻ വിസ്തരിച്ചു പറയാൻപോകുന്നു.

ബലാനുസാരേണ യഥാ ഹി യോഗോ
യോഗാനുസാരേണ ദശാമുപൈതി
ദശാഫലൈഃ സർവ്വഫലം നരാണാം
വർണ്ണാനുസാരേണ യഥാ വിഭാഗഃ ൨

ഗ്രഹങ്ങളുടെ ബലം അനുസരിച്ചു യോഗവും യോഗം അനുസരിച്ചു ദശയും ദശാഫലത്തെ അനുസരിച്ചു സർവ്വഫലവും സംഭവിക്കും. അതിനെ ഇവിടെ വർണ്ണാനുസാരേണ വിഭജിച്ചിരിക്കുന്നു.

ആദിത്യചന്ദ്രകുജരാഹുസുരേശമന്ത്രി-
മന്ദജ്ഞകേതുഭൃഗുജാനവ കൃത്തികാദ്യാഃ
'സ്തേനോ''നയ''സ്സനി''ഭയാ''തട''ധന്യ' 'സേവ്യ'
'സേനാ''നരാ'ദിനകരാദിദശാബ്ദസംഖ്യാഃ. ൩

കാർത്തിക ഉത്രം ഉത്രാടം ഈ മൂന്നു നാളുകൾക്കു ആദിത്യനും; രോഹിണ്യത്തം തിരുവോണം ഇവയ്ക്കു ചന്ദ്രനും; മകയിരം ചിത്തിര അവിട്ടം ഇവയ്ക്കു കുജനും; ആതിര ചോതി ചതയം ഇവയ്ക്കു രാഹുവും; പുണർതം വിശാഖം പൂരുരുട്ടാതി ഇവയ്ക്കു വ്യാഴവും; പൂയം അനിഴം ഉത്തൃട്ടാതി ഇവയ്ക്കു ശനിയും; ആയില്യം കേട്ട രേവതി ഇവയ്ക്കു ബുധനും; അശ്വതി മകം മൂലം ഇവയ്ക്കു കേതുവും; ഭരണി പൂരം പൂരാടം ഇവയ്ക്കു ശുക്രനും ദശാനാഥന്മാരാണു്. സൂര്യന്നു (സ്തേന) ൬-ം ചന്ദ്രന്നു (നയ) ൧൰-ം കുജന്നു (സനി) ൭-ം രാഹുവിന്നു (ഭയാ) ൧൮-ം വ്യാഴത്തിന്നു (തട) ൧൬-ം ശനിക്കു (ധന്യ) ൧൯-ം ബുധന്നു (സേവ്യ) ൧൭-ം കേതുവിന്നു (സേന) ൭-ം ശുക്രന്നു (നരാ) ൨൰-ം ആണു് ദശാസംവത്സരങ്ങൾ. ഇവയ്ക്കു എളുപ്പത്തിൽ മനസ്സിലാകുന്നതിന്നു താഴെ കാണിക്കുന്നു:—

നക്ഷത്രങ്ങൾ	ദശാനാഥന്മാർ	ദശാസംവത്സരങ്ങൾ
അശ്വതി, മകം മൂലം	കേതുവിന്നു്	൭
ഭരണി, പൂരം പൂരാടം	ശുക്രന്നു്	൨൰
കാർത്തികഉത്രമുത്രാടം,	ആദിത്യന്നു്	൬
രോഹിണ്യത്തം തിരുവോണം	ചന്ദ്രന്നു്	൧൰

മകയിരം ചിത്തിര അവിട്ടം	കുജന്നു്	൭
ആതിരചോതിചതയം	രാഹുവിന്നു്	൰൮
പുണർതവിശാഖ പൂരുരുട്ടാതി	വ്യാഴത്തിന്നു്	൰൬
പൂയമനിഴംഉത്തൃട്ടാതി	ശനിക്കു്	൰൯
ആയില്യംകേട്ടരേവതി	ബുധന്നു്	൰൭

ആരോഹവീര്യാധികഭാവതുല്യ-
ബിന്ദ്വാദികാഃ കർമ്മഭവോദയസ്ഥാഃ
തുംഗാദിവർഗോപഗതാ ന ഭോഗാ
ഷഡ്വീര്യവന്തശ്ച ശുഭപ്രദാഃ സ്യുഃ ൪

ആരോഹവീര്യം (നീചം കഴിഞ്ഞു പരമോച്ചത്തിലെത്തുന്നവരെയുള്ളകാലം) ഭാവമദ്ധ്യസ്ഥിതി ബിന്ദ്വാദികളും (അഷ്ടവർഗ്ഗത്തിൽ അക്ഷങ്ങൾ അധികം ഉണ്ടായിരിക്കുക) ൰൦-൰൧ ലഗ്നം ഈ ഭാവങ്ങളിൽ സ്ഥിതി ഉച്ചസ്വക്ഷേത്രാദിവർഗ്ഗം സ്ഥാനാദിഷഡ്ബലം ഇവയോടുകൂടിയുള്ള ഗ്രഹങ്ങൾ ശുഭത്തെ തരുന്നവയാണു്.

മാന്ദിരാശിപതിമാന്ദിരാശിഗാഃ
സ്വല്പബിന്ദുരിപുനീചമൂഢഗാഃ
പാപഖേടയുതഭാവസന്ധിഗാഃ
രാശിസന്ധിലവഗാസ്ത്വനിഷ്ടദാഃ. ൫

ഗുളികരാശ്യാധിപത്യം ഗുളികയോഗം അക്ഷങ്ങളുടെ കുറവു് ശത്രുക്ഷേത്രസ്ഥിതി നീചം മൌഢ്യം പാപഗ്രഹയോഗം ഭാവസന്ധിസ്ഥിതി രാശിസന്ധിസ്ഥിതി ഇവയോടുകൂടിയ ഗ്രഹങ്ങൾ അനിഷ്ടത്തെ തരുന്നവരാകുന്നു.

ദശാപതിർലഗ്നഗതോ യദി സ്യാൽ
ത്രിഷൾദശൈകാദശഗശ്ച ലഗ്നാൽ
തൽസപ്തവർഗ്ഗേഷ്വഥ തൽസുഹൃൽഭേ
ലഗ്നേ ശുഭാ വാ ശുഭദാ ദശാ സ്യാൽ. ൬

ദശാനാഥൻ ലഗ്നത്തിലോ ലഗ്നാൽ ൩-൬ ൰൦-൰൧ ഈ ഭാവങ്ങളിലോ തന്റെ സപ്തവർഗ്ഗത്തിലോ ബന്ധുക്ഷേത്രത്തിലോ നിൽക്കയും ലഗ്നത്തിൽ ശുഭന്മാർ ഉണ്ടായിരിക്കയും ചെയ്താൽ ആ ദശ ശുഭഫലത്തെ കൊടുക്കും.

ദശാധിനാഥസ്യ സുഹൃൽഗൃഹസ്ഥ-
സ്തദുച്ചഗോ വാഥ ദശാധിനാഥാൽ
സ്മരത്രികോണോപചയോപഗശ്ചേൽ
ദദാതി ചന്ദ്രഃ ഖലു സൽഫലാനി ൭

ദശാനാഥന്റെ ബന്ധുക്ഷേത്രം അവന്റെ ഉച്ചരാശി ദശാധിപന്റെ ൭ ൫ ൯ ൩ ൬ ൰൧ ൰൦ ഈ സ്ഥാനങ്ങൾ ഇവിടെ എവിടെയെങ്കിലും ചാരവശാൽ സഞ്ചരിക്കുന്ന ചന്ദ്രൻ സൽഫലങ്ങളെ കൊടുക്കും. (ഈ ഭാവങ്ങളിൽ ചന്ദ്രൻ ചാരവശാൽ വരുന്നകാലം ശുഭമാണു് എന്നു ഭാവം)

ഉക്തേഷു രാശിഷു ഗതസ്യ വിധോസ്സഭാവഃ
സ്യാജ്ജന്മകാലഭവമൂർത്തിധനാദിഭാവഃ
തത്തൽപ്രവൃദ്ധികൃദസൌ കഥിതോ നരാണാം
തൽഭാവനാശകൃദഥേതരരാശിസംസ്ഥഃ. ൮

ഈ പറഞ്ഞ രാശികളിൽ ചാരവശാൽ ചന്ദ്രൻ വരുന്നകാലം ആ ചന്ദ്രരാശി ജന്മലഗ്നത്തിന്റെ ഏതു ഭാവമായി വരുമോ ആ ഭാവത്തിന്ന് പുഷ്ടിയും പറയാത്ത രാശികളിൽ ചന്ദ്രൻ വരുമ്പോൾ ആ ഭാവത്തിന്ന് വിനാശവും സംഭവിക്കും.

ദശാപ്രവേശേ സ്വഗൃഹാദിസംസ്ഥേ
ഹിമദ്യുതൌ യൽഫലമുക്തമാദ്യൈഃ
തദശ്യമിന്ദുർഹി ശുഭാശുഭാഖ്യം
ഫലം മനോരൂപതയാ ദദാതി. ൯

ദശാരംഭകാലത്തിൽ സ്വക്ഷേത്രം ഉച്ചം മുതലായ സ്ഥാനങ്ങളിൽ നില്ക്കുന്ന ചന്ദ്രന്ന് ആചാര്യന്മാർ ഏതു ഫലമാണ് പറഞ്ഞിരിക്കുന്നതു് ആ ശുഭാശുഭഫലത്തെ ആ ചന്ദ്രൻ പ്രത്യക്ഷമാക്കും ചെയ്യും. (ശുഭസ്ഥാനത്തു നിന്നാൽ ശുഭഫലവും അശുഭസ്ഥാനത്തു നിന്നാൽ അശുഭഫലവും ചെയ്യും എന്നു സാരം.)

ഉൽപാദിതം ഹി ദ്യുചരസ്യ പൂർവം
ശുഭാദികം കഷ്ടഫലം ഹി യൽ തൽ
തേനാനുസാരേണ ദശാസു കൽപ്യം
ശരീരഭാജാമശുഭം ശുഭം വാ. ൧൦

ഗ്രഹങ്ങൾക്കു മുമ്പ ശുഭമായോ അശുഭമായോ ഏതെല്ലാം ഫലം പറഞ്ഞിട്ടുണ്ടോ അതനുസരിച്ചു ദശകളിലും ദേഹികൾക്കു ശുഭമായോ അശുഭമായോ ഉള്ള ഫലത്തെ കല്പിച്ചുകൊള്ളണം.

ഇഷ്ടോൽകടതേ ഹി ശുഭാനി പുംസാം
ഫലാന്യനിഷ്ടാന്യശുഭോൽകടതേ
സാമ്യേ തു മിശ്രാണി ഫലാനി നൂനം
സർവത്ര ചൈവം പരികല്പനീയം. ൧൧

ഗ്രഹങ്ങൾക്കു ഇഷ്ടസ്ഥിതിയുടെ ആധിക്യമുണ്ടെങ്കിൽ ഇഷ്ടഫലങ്ങളെയും അനിഷ്ടാധിക്യമുണ്ടെങ്കിൽ അനിഷ്ടഫലങ്ങളെയും ഇഷ്ടാനിഷ്ടങ്ങൾ സമങ്ങളാണെങ്കിൽ മിശ്രഫലത്തെയും (ശുഭാശുഭഫലത്തെയും) അവരവരുടെ ദശയിൽ എല്ലായിടത്തും വിചാരിച്ചുകൊള്ളണം.

സംജ്ഞാധ്യായേ യസ്യ യൽ ദ്രവ്യമുക്തം
കർമ്മാജീവേ യസ്യ യച്ചോപദിഷ്ടാ
ഭാവസ്ഥാനാലോകയോഗോത്ഭവം ച
തൽ തൽ സർവം തസ്യ യോജ്യം ദശായാം. ൧൨

സംജ്ഞാധ്യായത്തിൽ ഏതു ഗ്രഹത്തിന്നു ഏതു ദ്രവ്യമാണ് പറഞ്ഞിരിക്കുന്നതു് അതും കർമ്മജീവാധ്യായത്തിൽ ഏതു ഗ്രഹത്തിന്നു ഏതു ജീവനമാണ് പറഞ്ഞിരിക്കുന്നതു് അതും ഭാവഫലം സ്ഥാനഫലം ദൃഷ്ടിഫലം രാജയോഗാദിഫ

ലം ഇവരും യോഗകർത്താക്കളായ അതതുഗ്രഹങ്ങളുടെ ദശാപഹാരച്ഛിദ്രങ്ങളിലും ചേർത്തുകൊള്ളണം.

ശുഭഫലദദശായാം താദൃശേവാന്തരാത്മാ
ബഹുജനയതി പുംസാം സൗഖ്യമർത്ഥാഗമം വാ
കഥിതഫലവിപാകൈസ്തർക്കയേദാത്മമാനം
പരിണമതി ഫലാപ്തിഃ സ്വപ്നചിന്താസ്വവീര്യൈഃ.

ശുഭഫലദനായ ഗ്രഹത്തിന്റെ ദശയിൽ ശുഭസ്വരൂപനായ അന്തരാത്മാവ് (പരമാത്മാവ്, ശരീരികൾക്കു സൗഖ്യം ധനാഗമം മുതലായ ഇഷ്ടാനുഭവങ്ങളെ കൊടുക്കും. എല്ലാം ദശകളിലും ഫലങ്ങളെ ഇപ്രകാരം ധരിച്ചുകൊള്ളണം. എന്നാൽ ചില ദശകളിൽ നിധിലാഭം ഭൂലാഭം മുതലായ മഹാഫലങ്ങൾ പറയപ്പെട്ടാലും ഫലദാതാക്കളായ ഗ്രഹങ്ങൾക്കു ബലം ഇല്ലെങ്കിൽ ആ ഫലങ്ങൾ സ്വപ്നത്തിലോ മറേറാ ലഭിച്ചതായി മനസ്സിൽ വിചാരിക്കാനേ സംഗതിയാകയുള്ളു.

പാകസ്വാമിനി ലഗ്നഗേ സുഹൃദി വാ വർഗ്ഗസ്യ സൗമ്യേപി വാ
പ്രാരബ്ധാ ശുഭദാ ദശാ ത്രിദശഷൾഭാഗേഷു വാ പാകപേ
മിത്രോച്ചോപചയത്രികോണമദഗേ പാകേശരാസ്യ സ്ഥിത-
ശ്ചന്ദ്രഃ സൽഫലബോധനാനി കുരുതേ പാപാനി ചാതോന്യഥാ.

ദശാധിപൻ ലഗ്നത്തിലോ ബന്ധുക്ഷേത്രത്തിലോ സ്വവർഗ്ഗത്തിലോ ൩-൬-൧൧ ഈ സ്ഥാനങ്ങളിലോ നിൽക്കയും ശുഭനായിരിക്കയും ചെയ്യുമ്പോൾ ആരംഭിക്കുന്ന ദശ ശുഭഫലത്തെ പ്രദാനംചെയ്യും. അതുപോലെ ദശാനാഥന്റെ ബന്ധുക്ഷേത്രം, ഉച്ചം, ഉപചയം, ത്രികോണം, ഏഴാംഭാവം ഈ സ്ഥാനങ്ങളിൽ ചന്ദ്രൻ നിൽക്കുമ്പോൾ ആരംഭിക്കുന്ന ദശയും ശുഭഫലപ്രദയാണ്. ഇതിനു വിപരീതമാണെങ്കിൽ അശുഭഫലത്തെയാണ പ്രദാനംചെയ്യുന്നത്.

ലഗ്നാദിഷ്ടഗ്രഹോപഗസ്സ്വഭവനേ തുംഗേ സുഹൃൽഭേഽഥവാ
പാകേശശ്ശുഭമിത്രവീക്ഷണയുതസ്സൽപാകദഃ സ്യാത് ശുഭം
കേന്ദ്രേ വാ യദി കോണഗേഽതിശുഭദഃ പാപാസ്ത്രിഷഡായഗാ-
സ്തുംഗാദ്യോപചയേഷു യേ ബലയുതാസ്തേഷാം ദശായാം ശുഭം.

ദശാനാഥനായ ഗ്രഹം ലഗ്നാൽ ഇഷ്ടസ്ഥാനങ്ങളിൽ സ്വക്ഷേത്രത്തിലോ ഉച്ചത്തിലോ മിത്രക്ഷേത്രത്തിലോ ശുഭന്മാരുടെയോ ബന്ധുഗ്രഹങ്ങളുടെയോ യോഗദൃഷ്ടികളോടുകൂടി നിന്നാലും ശുഭഫലം സിദ്ധിക്കും. ദശാനാഥൻ കേന്ദ്രത്തിലോ ത്രികോണത്തിലോ ആണു നില്ക്കുന്നതെങ്കിൽ അതിശുഭത്തെ തരും. പാപന്മാർ ൩-൧൧-൬ ഈ ഭാവങ്ങളിൽ ഉച്ചസ്ഥന്മാരായും ബലവാന്മാരായും നിന്നാൽ അവരുടെ ദശയും ശുഭമാണ്.

അന്യോന്യമിഷ്ടഗ്രഹയോർദശായാം
ഭുക്തൗ ശുഭം ഷൾബലശാലിനോസ്തു
ശത്രുഗ്രഹൗ ദുർബലശാലിനൗ ചേൽ
പാകാപഹാരേ തു തയോരനർത്ഥഃ ൧൩

അന്യോന്യബന്ധുക്കളായും സ്ഥാനാദിഷൾബലങ്ങളോടുകൂടിയും നില്ക്കുന്ന ഗ്രഹങ്ങളുടെ ദശാപഹാരങ്ങളും ശുഭഫലപ്രദങ്ങളാണ്. ഗ്രഹങ്ങൾ അന്യോന്യശത്രുക്കളും ബലമില്ലാത്തവരും ആണെങ്കിൽ അവരുടെ ദശാപഹാരങ്ങളിൽ അനർത്ഥം ഉണ്ടാകും.

കരോതി യൽ ഭാവഗതസ്യ പാകേ
തൽഭാവജന്യം തച്ശുഭം ശുഭം വാ
ശുഭം ശുഭവ്യോമചരസ്യ പാകേ
പാപസ്യ ദായേൽപ്യശുഭം വദന്തി. ൧൭

ഗ്രഹങ്ങൾ ഏതു ഭാവങ്ങളിലാണോ നില്ക്കുന്നതു അതിന്ന അനുരൂപമായ ശുഭമോ അശുഭമോ ചെയ്യും. ശുഭന്റെ ദശാപഹാരങ്ങളിൽ ശുഭവും അശുഭന്റെ ദശാപഹാരങ്ങളിൽ അശുഭവും സംഭവിക്കും.

സൗമ്യാന്വിതഗ്രഹദശാതിശുഭപ്രദാ സ്യാൽ
പാപാന്വിതസ്യ വിഫലം പരിപാകകാലേ
മിശ്രഗ്രഹേണ സഹിതസ്യ ദശാപഹാരേ
മിശ്രം ഫലം ഭവതി മിശ്രബലാന്വിതസ്യ. ൧൮

ശുഭനോടുകൂടി നില്ക്കുന്ന ഗ്രഹത്തിന്റെ ദശ അതിശുഭയും, പാപനോടുകൂടി നില്ക്കുന്ന ഗ്രഹത്തിന്റെ ദശ അശുഭത്തെ തരുന്നതും, ശുഭപാപന്മാരോടുകൂടി നില്ക്കുന്ന ഗ്രഹത്തിന്റെ ദശ ഗുണദോഷസമ്മിശ്രഫലവും ആയി ഭവിക്കും.

യദ്ധാതുഖേടസ്യ ദശാപഹാരേ
തദ്ധാതു വിത്തായതിമാഹുരാര്യാഃ
ധാതുക്ഷയം പാപവിയച്ചരസ്യ
പാകേഽഭിവൃദ്ധിം ശുഭദസ്യ ധാതോഃ. ൧൯

അതതു ധാതുകാരകന്മാരായ ഗ്രഹങ്ങളുടെ ദശാപഹാരങ്ങളിൽ അതതു ധാതുക്കളുടെയും ദ്രവ്യങ്ങളുടെയും പ്രാപ്തിയും, പാപഗ്രഹമാണെങ്കിൽ ധാതുവിത്തക്ഷയവും ശുഭഗ്രഹമാണെങ്കിൽ ധാതുവിത്തസമൃദ്ധിയും ഉണ്ടാകും.

സപത്നഖേടോപഗതസ്യ പാകേ
സപത്നവൃദ്ധിം സകലാർത്ഥനാശം
യൽ കർമ്മ കർത്തൃഗ്രഹപാകകാലേ
തൽകർമ്മസിദ്ധിം പ്രവദന്തി സന്തഃ ൨൦

ശത്രുഗ്രഹത്തോടുകൂടി നില്ക്കുന്ന ഗ്രഹത്തിന്റെ ദശാപഹാരത്തിൽ ശത്രുവൃദ്ധിയും സകലാർത്ഥനാശവും, ഏതേതു കർമ്മത്തിന്റെ കർത്താവാണോ ഏതേതു ഗ്രഹം ആ ഗ്രഹത്തിന്റെ ദശാകാലത്തിൽ ആ കർമ്മത്തിന്ന അഭിവൃദ്ധിയും ഉണ്ടാകും.

യൽകാര്യകാരിദ്യുചരസ്യ ദായേ
തൽകാര്യസിദ്ധിം പ്രവദേന്നരാണാം
ശുഭഗ്രഹേഽസൗ യദി കാര്യസിദ്ധിം
പാപസ്തു തൽകാര്യവിനാശമേവ. ൨൧

ഏതൊരു കാര്യത്തിന്റെ കർത്താവാണോ ഏതൊരുഗ്രഹം, ആ ഗ്രഹത്തിന്റെ ദശാകാലത്തിൽ ആ കാര്യത്തിന്റെ സിദ്ധി ഉണ്ടാകും, എന്നാൽ ആ ഗ്രഹം, ശുഭനാണെങ്കിൽ കാര്യലാഭവും, പാപനാണെങ്കിൽ കാര്യവിനാശവും സംഭവിക്കും.

രജസ്ഥാനപരാജകാരകദശാ രാജപ്രസാദപ്രദാ
ദേവവ്യോമചരസ്യ പാകസമയേ തദ്ദേവതാരാധനം

ധർമ്മാധീശദശാഗമേ സതി തപോധർമ്മാദിസിദ്ധിം വദേൽ
കർമ്മേശസ്യ ദശാപഹാരസമയേ യജ്ഞാദികർമ്മോത്സവം.

രാജസ്ഥാനാധിപനും രാജകാരകനും ആയ ഗ്രഹങ്ങളുടെ ദശയിൽ രാജപ്രസാദവും, ദേവഗ്രഹങ്ങളുടെ ദശയിൽ അതതു ദേവന്മാരുടെ ആരാധനവും, ഒമ്പതാം ഭാവാധിപന്റെ ദശയിൽ തപസ്സ് ധർമ്മം മുതലായവയും, പത്താംഭാവാധിപന്റെ ദശാപഹാരങ്ങളിൽ യാഗാദികർമ്മാനുഷ്ഠാനവും സിദ്ധിക്കും.

സത്വാദിഗ്രഹപാകഭുക്തിസമയേ തത്തൽഗുണോ ജായതേ
ജന്മർക്ഷാദിനവർക്ഷഗഗ്രഹദശാ കുർവ്വീത ഭൂതം ഫലം
കർമ്മർക്ഷാദിനവർക്ഷഗസ്യ ബലിനഃ പാകേ ഭവിഷ്യൽ ഫലം
ചാധാനാദിഗതസ്യ സർവ്വമഫലം പാകേ ഫലം വാ വദേൽ. ൨൩

സത്വരജസ്തമഃപ്രധാനന്മാരായ ഗ്രഹങ്ങളുടെ ദശാപഹാരങ്ങളിൽ അതതു ഗുണം സിദ്ധിക്കും. ജന്മനക്ഷത്രം മുതൽ ഒമ്പതു നക്ഷത്രങ്ങളുടെ അധിപന്മാരായ ഗ്രഹങ്ങളുടെ ദശകൊണ്ട് കഴിഞ്ഞ ഫലത്തെയും പത്താംനക്ഷത്രം മുതൽ ഒമ്പതു നക്ഷത്രങ്ങളുടെ അധിപന്മാരായ ഗ്രഹങ്ങളുടെ ദശകൊണ്ട് വരാനിരിക്കുന്ന ഫലത്തെയും പറയണം. ഈ ഗ്രഹങ്ങൾക്കു ബലമുണ്ടായിരിക്കയും വേണം. ആധാന നക്ഷത്രം മുതൽ ഒമ്പതു നക്ഷത്രങ്ങളുടെ അധിപന്മാരുടെ ദശയിൽ സർവ്വവും അഫലമായോ സ്വല്പഫലത്തോടുകൂടിയോ ഇരിക്കും.

ശീർഷോദയഗതഃ ഖേടഃ പാകാദൌ ഫലദോ ഭവേൽ
പൃഷ്ഠോദയസ്ഥഃ പാകാന്തേ ചോഭയോദയഗസ്സദാ. ൨൪

ശീർഷോദയത്തിൽ നില്ക്കുന്ന ഗ്രഹം ദശയുടെ ആദിയിലും പൃഷ്ഠോദയത്തിൽ നില്ക്കുന്ന ഗ്രഹം ദശയുടെ അവസാനത്തിലും, ഉഭയോദയത്തിൽ നില്ക്കുന്ന ഗ്രഹം സദാകാലവും ശുഭാശുഭഫലങ്ങളെ ചെയ്യും.

ഷഷ്ഠേശസ്യ ദശാ വിലാപകരിണീ മൃത്യുർവിനാശം പ്രഭോ-
രസ്തവ്യോമചരസ്യ ബന്ധുമരണം പാകേപഹാരേഥവാ
സമ്പൽസാധകമൈത്രപാഃ പരമമൈത്രക്ഷേമതാരാധിപാ-
വേതേഷാമപഹാരഭുക്തിസമയേ സമ്പൽസമൃദ്ധിം വദേൽ. ൨൫

ആറാംഭാവാധിപന്റെ ദശയിൽ ദുഃഖവും, മരണവും, സ്വാമിവിനാശവും മരണമുള്ള ഗ്രഹത്തിന്റെ ദശാപഹാരങ്ങളിൽ ബന്ധുമരണവും ജന്മനക്ഷത്രത്തിന്റെ ൨-൩-൪-൫-൮-൯ ഈ നക്ഷത്രങ്ങളുടെ അധിപന്മാരുടെ ദശാപഹാരങ്ങളിൽ സമ്പൽസമൃദ്ധിയും ഉണ്ടാകും.

ത്രിമണ്ഡലേഷ്വപ്യേകസ്മിൻ പാപസ്തിഷ്ഠതി ദുർബലഃ
തദ്ദശായാം ഭവേന്മൃത്യുഃ സസൌമ്യോ യദി ശോഭനം. ൨൬

മൂന്നിലോ പന്ത്രണ്ടിലോ ഒന്നിൽ പാപൻ ദുർബലനായി നിന്നാൽ അവന്റെ ദശയിൽ മരണം ഉണ്ടാകും. പാപനു ശുഭയോഗമുണ്ടെങ്കിൽ ഫലം ശുഭമായിരിക്കും.

രാശിസന്ധിഗതാ യേ തു ശോകരോഗാദിപീഡനം
ത്രിംശൽഭാഗമനുക്രാന്തദശാ മൃത്യുഫലപ്രദാ. ൨൭

രാശിസന്ധിയിൽ നില്ക്കുന്ന ഗ്രഹത്തിന്റെ ദശയിൽ ശോകം രോഗം മുതലായ പീഡയുണ്ടാകും. ൩൦-ാമത്തെ തീയതിയിൽ നില്ക്കുന്ന ഗ്രഹത്തി

ൻെറ ദശയിൽ മാരണംതന്നെ സംഭവിക്കും. (ഇവിടെ രാശിസന്ധി എന്നുള്ളതിന് ഏതെങ്കിലും രാശികളുടെ സന്ധി എന്ന അർത്ഥമാണ്.)

നീചസ്ഥിതോ ജന്മനിയോ ഗ്രഹഃ സ്യാൽ
സ ചാപി തദ്യുക്തഖഗോ ന ശക്തഃ
ദാതും ശുഭം രാഹുയുതസ്തഥാനിഷ്ടം
തൽക്ഷേത്രഗസ്തദ്യുതരാശിപശ്ച. ൮൮

ജനനത്തിൽ നീചത്തിൽ നിൽക്കുന്ന ഗ്രഹവും ആ നീചഗ്രഹത്തോടു ചേർന്നിരിക്കുന്ന ഗ്രഹവും, ദശാകാലങ്ങളിൽ ശുഭഫലത്തെ കൊടുക്കാൻ ശക്തനല്ല. അതുപോലെ രാഹുവിനോടുകൂടിയവനും രാഹുക്ഷേത്രത്തിൽ നില്ക്കുന്നവനും, രാഹു നില്ക്കുന്ന രാശിയുടെ അധിപനും, അനിഷ്ടഫലത്തെത്തന്നെ ചെയ്യും.

തത്തൽ ഭാവാധിപാനാമതിശത്രുർ-
യോ വാ ഖേടോ ബിന്ദുശൂന്യർക്ഷയുക്തഃ
തത്തൽഭാവേ മൂർത്തിഭാവാദികാനാം
നാശം ബ്രൂയാദേവമാഹുർമുനീന്ദ്രാഃ ൮൯

അതതു ഭാവാധിപന്മാരായ ഗ്രഹങ്ങളുടെ അതിശത്രുഗ്രഹം, അഷ്ടവർഗ്ഗത്തിൽ ബിന്ദുക്കളില്ലാത്ത രാശിയിൽ നിന്നാൽ ആ ഗ്രഹത്തിൻെറ ദശാകാലത്തിൽ ലഗ്നാദിഭാവങ്ങൾകൊണ്ടു സിദ്ധിക്കേണ്ട ഫലങ്ങൾക്കു നാശം സംഭവിക്കും.

ബാധാസ്ഥാനപതിദ്യുതഗ്രഹദശാ ശോകാദിരോഗപ്രദാ
തൽകേന്ദ്രസ്ഥദശാപഹാരസമയേ ദുഃഖം വിദേശാടനം
അന്യോന്യാഷ്ടമഷഷ്ഠഗദ്യുചരയോഃ പാകാപഹാരേ ഭയം
ദേഹത്യാഗമനർത്ഥമിഷ്ടശുഭയോഃ സർവ്വം വിമിശ്രം ഫലം. ൯൦

ബാധാസ്ഥാനാധിപനോടു ചേർന്നു നില്ക്കുന്ന ഗ്രഹത്തിൻെറ ദശയിൽ ശോകം രോഗം മുതലായവയും, ബാധാസ്ഥാനാധിപൻെറ കേന്ദ്രത്തിൽ നില്ക്കുന്ന ഗ്രഹത്തിൻെറ ദശയിൽ ദുഃഖവും വിദേശസഞ്ചാരവും, അന്യോന്യം ഷഷ്ഠാഷ്ടമങ്ങളിൽ നില്ക്കുന്ന ഗ്രഹങ്ങളുടെ ദശാപഹാരത്തിൽ ഭയവും ദേഹത്യാഗവും അനർത്ഥവും, ആ ഗ്രഹങ്ങൾ ഇഷ്ടസ്ഥാനാധിപന്മാരും ശുഭന്മാരും ആണെങ്കിൽ ഗുണദോഷസമ്മിശ്രഫലവും സിദ്ധിക്കും.

പാകേ ദീപ്തസ്യ രാജാ ഭവതി ധനയശോ-
ദാനവിദ്യാവിനോദീ
സ്വസ്ഥസ്യാചാരധർമ്മശ്രവണബഹുസുഖാ-
രോഗ്യവിത്താഗമഃ സ്യാൽ
രാജപ്രീതിർവിഭൂതിസ്സുഖമിഹ മുദിത-
വ്യോമവാസസ്യ ദായേ
ശാന്തസ്യാരോഗ്യസൌഖ്യശ്രിയമവനിപതി-
പ്രീതിമുത്സാഹമേതി.

ദീപ്താവസ്ഥയിൽ നില്ക്കുന്ന ഗ്രഹത്തിൻെറ ദശയിൽ ജാതൻ രാജാവായും, ധനം കീർത്തി ദാനം വിദ്യാവിനോദം ഇവയോടുകൂടിയവനായും, സ്വസ്ഥാവസ്ഥയിൽ നില്ക്കുന്ന ഗ്രഹത്തിൻെറ ദശയിൽ ശുഭാചാരം ധർമ്മകഥാശ്രവണം ബഹുസുഖം ആരോഗ്യം ധനാഗമം ഇവയുള്ളവനായും, മുദിതാവസ്ഥയിൽ നിൽക്കുന്ന

ഗ്രഹത്തിന്റെ ദശയിൽ രാജപ്രീതി ഐശ്വര്യം സുഖം ഇവയോടു കൂടിയവനായും, ശാന്താവസ്ഥയിൽ നില്ക്കുന്ന ഗ്രഹത്തിന്റെ ദശയിൽ ആരോഗ്യം സൌഖ്യം സമ്പത്തു് രാജപ്രീതി ഉത്സാഹം ഇവയുള്ളവനായും ഭവിക്കും.

പാകേ ശക്തസ്യ വിദ്യാവിനയധനതപസ്സിദ്ധിധൎമ്മപ്രവൃത്തി-
ശ്ചോരാരാതിക്ഷിതീശൈൎഭയമനുജമൃതിഃ പീഡിതസ്യ ഗ്രഹസ്യ
ദായേ ദീനസ്യ ദൈന്യം വികലഖഗദശാശോകരോഗപ്രദാ സ്യാൽ
ചിത്തക്ലേശഃ ഖലസ്യ പ്രതിദിനമരിഭിൎഭീതഖേടസ്യ ഭീതിഃ ൩൨

ശക്താവസ്ഥയുള്ള ഗ്രഹത്തിന്റെ ദശയിൽ വിദ്യ ധനം തപസ്സിദ്ധി ധൎമ്മം ഇതാം ഇവയും, പീഡിതാവസ്ഥയുള്ള ഗ്രഹത്തിന്റെ ദശയിൽ കള്ളന്മാർ ശത്രുക്കൾ രാജാക്കന്മാർ ഇവരിൽനിന്നു ഭയം ബന്ധുമരണം ഇവയും, ദീനാവസ്ഥയുള്ള ഗ്രഹത്തിന്റെ ദശയിൽ ദീനത്വവും, വികലാവസ്ഥയുള്ള ഗ്രഹത്തിന്റെ ദശയിൽ ശോകം രോഗം ഇവയും, ഖലാവസ്ഥയുള്ള ഗ്രഹത്തിന്റെ ദശയിൽ എന്നും മനഃക്ലേശവും, ഭീതാവസ്ഥയുള്ള ഗ്രഹത്തിന്റെ ദശയിൽ ശത്രുഭയവും ഉണ്ടാകും.

വിലഗ്നതാരേന്ദുഭനാമതാരാ-
പ്രശ്നേന്ദുനക്ഷത്രഗണേഷു മദ്ധ്യേ
ബലാധികൎക്ഷേശദശാക്രമേണ
ഫലം ശുഭം വാശുഭമാഹുരാൎയ്യാഃ ൩൩

ലഗ്നസ്ഫുടത്തിലെ നക്ഷത്രം, ജന്മനക്ഷത്രം, നാമനക്ഷത്രം, പ്രശ്നനക്ഷത്രം ഇങ്ങനെയുള്ള നക്ഷത്രങ്ങളിൽവെച്ചു് ബലാധിക്യമുള്ള നക്ഷത്രാധിപന്റെ ദശാക്രമമനുസരിച്ചുവേണം ശുഭാശുഭഫലങ്ങളെ പറയേണ്ടതു് എന്നു് ആൎയ്യന്മാർ പറയുന്നു. ജന്മനക്ഷത്രം നിശ്ചയമില്ലാതെ വരുമ്പോൾ മററു നക്ഷത്രങ്ങളെ അടിസ്ഥാനമാക്കി ഫലം പറയണമെന്നു സാരം.

ഉൽപന്നനക്ഷത്രവിലഗ്നതോ വാ
ബ്രൂയാൽ ക്രമേണൈവ ദശാഫലാനി
ദശാവസാനേഷ്വശുഭം ച സൎവ്വേ
കുൎവ്വന്തി സാമാന്യഫലം നരാണാം ൩൪

ഉല്പന്നനക്ഷത്രലഗ്നംകൊണ്ടും ക്രമേണ ദശകളെ വരുത്തി ഫലങ്ങൾ പറയണം. എല്ലാ ദശാധിപന്മാരും ദശാവസാനങ്ങളിൽ മിക്കവാറും അശുഭഫലത്തെയാണു് ചെയ്യുന്നതു്.

ജന്മൎക്ഷാൽ പരതസ്തു പഞ്ചമഭവാദുൽപന്നസംജ്ഞാദശാ
സ്യാദാധാനദശാപ്യഥോഷ്ടമഭവാൽ ക്ഷേമാന്മഹാഖ്യാ ദശാ
ആസാം ചൈവ ദശാവസാനസമയേ മൃത്യും വദേൽ പ്രാണിനാം
ദീൎഘസ്വല്പസമായുഷാം വധവിപൽപ്രത്യഗ്ദശാസു ക്രമാൽ

ജന്മാനുജന്മനക്ഷത്രങ്ങൾകൊണ്ടു് മഹാദശയേയും. സാധാരണ നക്ഷത്രദശയേയും) ജന്മനക്ഷത്രത്തിന്റെ അഞ്ചാംനാളിന്റെ അധിപനെക്കൊണ്ടു് ഉൽപന്നദശയേയും, ജന്മനക്ഷത്രത്തിൽ നിന്നു പുറകോട്ടു് എണ്ണിയാൽ വരുന്ന എട്ടാംനാളിന്റെ അധിപനെക്കൊണ്ടു് ആധാനദശയേയും, ജന്മനക്ഷത്രത്തിന്റെ നാലാംനക്ഷത്രാധിപനെക്കൊണ്ടു് മഹാദശയേയും പറയണം. ഈ ദശാവസാനസമയം മരണം ഉണ്ടാകും. ദീൎഘായുയ്യോഗമുള്ളവൎക്കു് ഏഴാംനക്ഷത്രാധിപന്റെയും, സ്വല്പായുർയോഗമുള്ളവൎക്കു് മൂന്നാംനക്ഷത്രാധിപന്റെയും, മദ്ധ്യായുർയോഗമുള്ളവൎക്കു് അഞ്ചാംനക്ഷത്രാധിപന്റെയും ദശയിൽ മരണമുണ്ടാകും.

ജാതോഹ്നി ചേദക്കശനിസ്ഫുടൈക്യ-
താരാദിനിര്യ്യാണദശാ പ്രകല്പ്യാ
താരേശരാഹുസ്ഫുടയോഗതാര-
പൂൎവ്വാ ദശാനിഷ്ടകരാ രജന്യാം. ൩൫

പകൽ ജനിച്ചവൎക്ക് സൂൎയ്യന്റെയും ശനിയുടേയും തൽകാലസ്ഫുടങ്ങളെ ഒന്നിച്ചുകൂട്ടി നാളുകണ്ട് ആ നാളുമുതല്ക്കും, രാത്രിയിൽ ജനിച്ചവൎക്ക് ചന്ദ്രന്റെയും രാഹുവിന്റെയും തൽകാലസ്ഫുടങ്ങളെ ഒന്നിച്ചുകൂട്ടി നാളുകണ്ട് ആ നാളുമുതല്ക്കും, മരണദശ വിചാരിക്കണം.

ഗുളികദശാ—

ഗുളികസ്ഥിതനക്ഷത്രാൽ ദശാ തസ്യ പ്രകല്പിതാ
തദ്യുക്തഭവനാംശേശൌ സഹകാരീ ച മൃത്യുദാഃ. ൩൬

ഗുളികസ്ഫുടംവെച്ചു നാളുകണ്ട് ഗുളികൻ നില്ക്കുന്ന നാളുമുതൽവേണം ഗുളികദശ വിചാരിക്കേണ്ടതു്. ഗുളികഭവനാധിപനും, ഗുളികാംശകാധിപനും ഗുളികനോടു ചേൎന്നവനും മരണപ്രദന്മാരാണ്.

ശൂലദശാ—

ദിനേശാവിനശുക്രൌ ച രാജാനൌ കാരകാഃ സ്മൃതാഃ
കാരകസ്യ ത്രിശൂലൎക്ഷേ യദാ ചരതി യാ ദശാ. ൩൭

സൂൎയ്യനും ശുക്രനും പകലിന്റെ അധിപന്മാരും രാജാക്കന്മാരും കാരകന്മാരും ആകുന്നു. കാരകന്റെ ത്രിശൂലനക്ഷത്രത്തിൽ സഞ്ചരിക്കുന്ന ദശ, ശൂലദശയാകുന്നു.

വിക്രമാഷ്ടമാധിപവശാൽ ജാതസ്യായുഃ—പിതൃകാരകൌ രവിശുക്രൌ—മാതൃകാരകൌ ചന്ദ്രകുജൌ.

തൽകാരകസ്ഥിതഗ്രഹാദിഷു സൎവ്വഭേഷു
ചക്രപ്രമാണദളവത്സരസംയുതേഷു
വീൎയ്യാന്വിതേഷു ശുഭദൃഷ്ടിയുതേഷു സൌഖ്യം
നീചാരിപാപഭയുതേഷു വദന്ത്യനിഷ്ടം. ൩൮

അഷ്ടമാദഷ്ടമാധിപനെ മൂന്നാംഭാവാധിപനെക്കൊണ്ടും, അഷ്ടമാധിപനെക്കൊണ്ടും ആണ് ജാതന്റെ ആയുസ്സ് ചിന്തിക്കേണ്ടതു്. സൂൎയ്യശുക്രന്മാർ പിതൃകാരകന്മാരും, ചന്ദ്രകുജന്മാർ മാതൃകാരകന്മാരും ആകുന്നു. അതതു കാരകഗ്രഹങ്ങൾ നില്ക്കുന്ന രാശിമുതൽ എല്ലാ രാശികളിലും കാലചക്രപ്രമാണത്തിന്റെ അൎദ്ധസംവത്സരം കൂട്ടുകയും, അവിടെ ശുഭയോഗദൃഷ്ടികളും ബലവും ഉണ്ടായിരിക്കയും ചെയ്താൽ സൌഖ്യവും, നീചമോ ശത്രുക്ഷേത്രമോ പാപയോഗദൃഷ്ടികളോ ഉണ്ടായിരുന്നാൽ അനിഷ്ടവും ഫലമാകുന്നു.

മഹാദശാവിശേഷം—

യത്താരാംശഗതഃ ശശീ തദധിപേനാലോകിതോ വാ യുത-
സ്തേഷാം ചക്രദശാ വിശേഷഫലദാ വക്ഷ്യാമി തച്ചക്രജം
ദേഹേ പാപയുതേ തു രോഗമധികം ജീവേ തു ജീവഭ്രമം
ദ്വ്യാദ്യൈൎന്നയോൎമ്മഹാബലയുതാ മൃത്യും ദശായാം നൃണാം. ൪൦

ചന്ദ്രൻ ഏതുനക്ഷത്രത്തിൻെറ നവാംശത്തിൽ നിൽക്കുന്നോ, ആ നവാംശാധിപനായ ഗ്രഹത്തിൻെറ യോഗമോ ദൃഷ്ടിയോ ചന്ദ്രനുണ്ടായിരുന്നാൽ അവരുടെ ചന്ദ്രദശ, വിശേഷഫലത്തെ തരും. ദേഹരാശിയിൽ പാപയോഗമുണ്ടായിരുന്നാൽ രോഗാധിക്യവും ജീവരാശിയിൽ പാപയോഗമുണ്ടായിരുന്നാൽ മരണഭയവും സംഭവിക്കും. രണ്ടിടത്തും പാപസ്ഥിതിയുണ്ടായാൽ മരണംതന്നെ ഫലമാകുന്നു. (ചന്ദ്രൻ ബലവാനായിരിക്കയും രാത്രിയിൽ ജനിക്കയും ചെയ്യുന്നവൎക്ക നക്ഷത്രദശയാണ് അധികം ഫലത്തെ ചെയ്യുന്നതു് എന്നു് പ്രമാണാന്തരവുമുണ്ടു്.)

അന്തർദ്ദശാവിശേഷഫലം—

പാപോ വിലഗ്നഗ്രഹഗോ യദി തദ്ദശായാം
പാപാപഹാരസമയേ ബഹുശോകരോഗം
വിത്തക്ഷയം നൃപസപത്നഭയം നരാണാം
സൌമ്യസ്യ മിശ്രമഖിലം പ്രവദന്തി സന്തഃ. ൪൫

പാപൻ ലഗ്നത്തിൽ നില്ക്കുകയാണെങ്കിൽ ആ പാപദശയിൽ പാപാപഹാരത്തിൽ ബഹുദുഃഖവും രോഗവും ധനക്ഷയവും രാജഭയവും ശത്രുഭയവും ശുഭാപഹാരത്തിൽ ശുഭമിശ്രഫലവും ആയിരിക്കും.

ലഗ്നാധിപദശാകാലേ പാപഭുക്തൌ മഹാഭയം
രോഗം മൃത്യും ഭയം സർവ്വേ വദന്തി സ്ഥാനനാശനം. ൪൬

ലഗ്നാധിപദശയിൽ പാപാപഹാരത്തിൽ വലുതായ ഭയവും, രോഗവും, മരണവും, സ്ഥാനനാശവും ഫലമാകുന്നു.

ധനാധിപദശാകാലേ മന്ദഭുക്തൌ ധനക്ഷയം
ഇഷ്ടബന്ധുവിരോധം ച ഭവിഷ്യതി ന സംശയഃ. ൪൭

രണ്ടാംഭാവാധിപൻെറ ദശയിൽ ശനിയുടെ അപഹാരത്തിൽ ധനനാശവും ഇഷ്ടബന്ധുവിരോധവും നിശ്ചയമായും ഉണ്ടാകും.

ധനാധിപഃ പാപഖഗോ യദി സ്യാൽ
ശന്യാരഭോഗീശദിനേശപരാണാം
അന്തർദ്ദശായാം ധനനാശമാഹുഃ
പാപാന്വിതേ തൽഭവനേ തഥൈവ. ൪൮

രണ്ടാംഭാവാധിപൻ പാപഗ്രഹമാണെങ്കിൽ ശനി, കുജൻ, രാഹു, സൂൎയ്യൻ ഇവരുടെ അപഹാരത്തിൽ ധനനാശം ഉണ്ടാകും. രണ്ടാംഭാവത്തിൽ പാപനുണ്ടെങ്കിലും ഫലം അപ്രകാരംതന്നെ.

ധനാന്വിതഃ പാപഖഗസ്തദീശ-
സ്സ്യാത്തദ്ദശായാം ക്ഷിതിപാലകോപാൽ
മാനാർത്ഥനാശം നിഗളം നരാണാം
സ്ഥാനച്യുതിം മിത്രവിരോധമേതി. ൪൯

രണ്ടിൽ നിൽക്കുന്ന ഗ്രഹവും രണ്ടാംഭാവാധിപനും പാപനാണെങ്കിൽ അവരുടെ ദശയിൽ രാജകോപം നിമിത്തം മാനനാശവും ധനനാശവും, തടവിലിരിക്കയും സ്ഥാനഭ്രംശവും മിത്രവിരോധവും ഫലമാകുന്നു.

പാപഗ്രഹേ വിക്രമഭാവനാഥേ
പാപാന്വിതേ പാപവിയച്ചരാണാം

അന്തർദ്ദശായാമരിശസ്ത്രചോര-
ദുഃഖം സമായാതി ശുഭാന്വിതേ വാ. ൫൭

മൂന്നാംഭാവാധിപൻ പാപഗ്രഹമായും, പാപനോട്ടുകൂടിയും നിന്നാൽ പാപഗ്രഹങ്ങളുടെ അന്തർദ്ദശയിൽ (അപഹാരത്തിൽ) ശത്രുക്കളിൽനിന്നും ആയുധങ്ങളിൽനിന്നും കള്ളന്മാരിൽനിന്നും ഉപദ്രവം ഫലമാകുന്നു. മൂന്നാംഭാവാധിപൻ ശുഭനോട്ടുകൂടി നിന്നാലും ഫലം ഇപ്രകാരംതന്നെ.

വൃശ്ചികഭാവാധിപദായകാലേ മന്ദാരഭോഗിദ്ധ്വജഭാനുഭുക്തൌ
നാശം വദേത്തത്ര സഹോദരാണാം ഭവേദ്വിശേഷാൽ സഹജൈർ
[വിരോധഃ.

മൂന്നാംഭാവാധിപന്റെ ദശാകാലത്തിൽ ശനി, കുജൻ. രാഹുകേതുക്കൾ, സൂര്യൻ ഇവരുടെ അപഹാരങ്ങളിൽ സഹോദരനാശം സംഭവിക്കും. അപ്രകാരം മരണം ഭവിച്ചില്ലെങ്കിൽ നിശ്ചയമായും വിരോധം ഉണ്ടാകും.

ക്ഷേത്രാധിനാഥസ്യ ശുഭേതരസ്യ
പാകേ തു പാപഗ്രഹഭുക്തികാലേ
സ്ഥാനച്യുതിം ബന്ധുജനൈർവിരോധം
കൃഷ്യാദിഗോവിത്തവിനാശമാഹുഃ ൫൮

നാലാംഭാവാധിപൻ പാപഗ്രഹമായിരുന്നാൽ അവന്റെ ദശയിൽ പാപാപഹാരകാലത്തിൽ സ്ഥാനഭ്രംശവും ബന്ധുജനവിരോധവും കൃഷിമുതലായവയ്ക്കും പശ്വാദികൾക്കും ധനത്തിനും നാശവും, സംഭവിക്കും.

പാപാപഹാരസമയേ സുതരാശിപസ്യ
പാകേ നൃപാലഭയമിഷ്ടജനാർത്തിമാഹുഃ.
സൌമ്യാപഹാരസമയേ സുതവിത്തലാഭ-
മുർവ്വീശബന്ധുജനലാളനമിഷ്ടസിദ്ധിം. ൫൯

അഞ്ചാംരാശ്യാധിപന്റെ ദശയിൽ പാപാപഹാരത്തിൽ രാജഭയവും, ഇഷ്ടജനദുഃഖവും, ശുഭാപഹാരത്തിൽ സുതലാഭം, ധനലാഭം, രാജലാളനം, ബന്ധുജനലാളനം, ഇഷ്ടസിദ്ധി ഇവയും സംഭവിക്കും.

ഷഷ്ഠേശപാകസമയേ തു ശുഭേതരസ്യ
ഭുക്തൌ നൃപാനലഭയം വ്യസനം ച രോഗഃ
പാകേ കളത്രഗൃഹപസ്യ ഖലാപഹാരേ
പത്നീവിനാശമടനം ച വിദോ വദന്തി ൬൦

ആറാംഭാവാധിപന്റെ ദശയിൽ പാപാപഹാരത്തിൽ രാജഭയം, അഗ്നിഭയം, വ്യസനം, രോഗം ഇവയും, ഏഴാംഭാവാധിപന്റെ ദശയിൽ പാപാപഹാരത്തിൽ ഭാര്യാനാശം ദേശാടനം ഇവയും ഫലമാകുന്നു.

രന്ധ്രസ്വാമിദശാഗമേ രിപുഭയം പാപാപഹാരേ നൃണാ-
മായുർവിത്തയശോ വിനാശമടനം സ്ഥാനച്യുതിം വാ വദേൽ
പാകേ ധർമ്മഗൃഹാധിപസ്യ മരണം പിത്രോരധർമ്മായതിം
ഭുക്തൌ പാപവിയച്ചരസ്യ നിഗളപ്രാപ്തിം ച വിത്തക്ഷയം.

അഷ്ടമാധിപന്റെ ദശയിൽ പാപാപഹാരത്തിൽ ശത്രുഭയം, ആയുഃക്ഷയം, ധനനാശം കീൎത്തിവിനാശം ദേശാടനം സ്ഥാനഭ്രംശം ഇവയും, ഒൻപതാംഭാവാധിപന്റെ ദശയിൽ പാപാപഹാരത്തിൽ മാതാപിതാക്കന്മാൎക്കു മരണവും അധൎമ്മപ്രവൃത്തിയും വിലക്കുവയ്ക്കും ധനക്ഷയവും സംഭവിക്കും.

കൎമ്മേശസ്യ ഖലസ്യ പാകസമയേ ഭുക്തൌ യദാ പാപിനാ-
മിഷ്ടാൎത്തിം പദവിച്യുതിം സുഖയശോഹാനിം ച വിത്തക്ഷയം
മന്ദാരാൎക്കഫണിശഭുക്തിസമയേ ലാഭേശദായേ സുഖം
കൃഷ്യാദിപ്രവിനാശനം നൃപഭയം വിത്തസ്യ നാശം വദേൽ ൪൨

പത്താംഭാവാധിപൻ പാപനായിരുന്നാൽ അവന്റെ ദശയിൽ പാപാപഹാരത്തിൽ ഇഷ്ടവിയോഗവും സ്ഥാനഭ്രംശവും സുഖയശോനാശവും ധനക്ഷയവും പതിനൊന്നാംഭാവാധിപന്റെ ദശയിൽ ശനി കുജൻ സൂൎയ്യൻ രാഹു ഇവരുടെ അപഹാരത്തിൽ സുഖം കൃഷ്യാദിനാശം രാജഭയം ധനനാശം ഇവയും ഫലമാകുന്നു.

വ്യയേശദായേ രവിമന്ദഭൌമഭുക്തൌ കളത്രാത്മജബന്ധുവൈരം
ബലക്ഷയം മാനധനക്ഷയം ച ഫണീശഭുക്തൌ വിഷഭീതിമാഹുഃ ൪൩

൧൨-ാംഭാവാധിപന്റെ ദശയിൽ സൂൎയ്യൻ ശനി കുജൻ ഇവരുടെ അപഹാരത്തിൽ ഭാൎയ്യ പുത്രൻ ബന്ധു ഇവരോടു വിരോധവും ബലക്ഷയം മാനക്ഷയം ഇവയും രാഹുവിന്റെ അപഹാരത്തിൽ വിഷഭയവും ഉണ്ടാകും.

അന്യോന്യഷഷ്ഠാഷ്ടമപാകഭുക്തൌ
പദച്യുതിം വാ മരണം നരാണാം
ഏകസ്ഥയോരന്തരദായകാലേ
മൃത്യും വദേദ്ദുൎബലശാലിനോസ്തു ൪൪

അന്യോന്യം ഷഷ്ഠാഷ്ടമങ്ങളിൽ നില്ക്കുന്ന ഗ്രഹങ്ങളുടെ ദശയിലും അപഹാരത്തിലും, സ്ഥാനഭ്രംശം മരണം ഇവ സംഭവിക്കും. ബലഹീനന്മാരായി എവിടെ എങ്കിലും ഒരുമിച്ചു നില്ക്കുന്ന ഗ്രഹങ്ങളുടെ ദശാപഹാരങ്ങളിൽ മരണം ഉണ്ടാകും.

ക്രൂരഗ്രഹദശാകാലേ ക്രൂരസ്യാന്തൎദശാഗമേ
മരണം തസ്യ ജാതസ്യ ഭവിഷ്യതി ന സംശയഃ ൪൫

പാപഗ്രഹത്തിന്റെ ദശയിൽ പാപാപഹാരത്തിൽ മരണം നിശ്ചയമായും ഭവിക്കും.

ക്രൂരരാശിഗതാഃ പാപാഃ ശത്രുഖേടനിരീക്ഷിതാഃ
ശത്രുഖേചരസംയുക്താസ്തദ്ദശായാം മൃതിൎഭവേൽ. ൪൬

പാപന്മാർ പാപഗ്രഹങ്ങളുടെ ക്ഷേത്രത്തിൽ നിൽക്കയും ശത്രുഗ്രഹങ്ങളുടെ യോഗമോ ദൃഷ്ടിയോ ഉണ്ടായിരിക്കയും ചെയ്താൽ ആ ദശയിൽ മരണം ഉണ്ടാകും.

ദശാധിപസ്യ യച്ഛത്രുസ്തസ്യ ഭുക്ത്യന്തരാന്തരേ
മൃത്യുകാലോ ഭവേന്നൂനം പാപഖേടസ്യ നിശ്ചയഃ ൪൭

ദശാധിപനായ ഗ്രഹത്തിന്റെ ശത്രുവിന്റെ അപഹാരകാലവും മരണകാലമാകുന്നു. എന്നാൽ ആ ശത്രുഗ്രഹം പാപനാണെങ്കിൽ മരണം നിശ്ചയംതന്നെ.

സ്വോച്ചാദിജന്യമഖിലസ്യ ദശാപ്രവേശേ
ഭാവാദിജം ഫലമശോഭനപാകമദ്ധ്യേ

ദൃഷ്ട്യുൽഭവം സകലപാപവിയച്ചരാണാം
പാകാവസാനസമയേ ഫലമാഹുരാര്യാഃ ൫൭

പാപന്മാർ ദശാരംഭത്തിന് ഉച്ചാദിജാതങ്ങളായ ഫലങ്ങളും, ദശാമദ്ധ്യത്തിൽ ഭാവസ്ഥിതിഫലവും, ദശാവസാനത്തിൽ ദൃഷ്ടിഫലവും കൊടുക്കും, എന്നു ആചാര്യന്മാർ പറയുന്നു.

പാകസ്യാദൗ ഭാവജന്യം ശുഭാനാം
തത്തദ്രാശിസ്ഥാനജം പാകമദ്ധ്യേ
ദായസ്യാന്തേ ദൃഷ്ടിസംജാതമേവം
സർവ്വേ താരാപാകഭേദം വദന്തി ൫൮

ശുഭന്മാർ ദശാദിയിൽ ഭാവജന്യമായ ഫലവും, ദശാമദ്ധ്യത്തിൽ രാശിസ്ഥിതിഫലവും, ദശാവസാനത്തിൽ ദൃഷ്ടിഫലവും പ്രദാനംചെയ്യും.

അഥാന്തർദശാഫലാനി:—

അഥ തരണിദശായാം ക്രൗര്യഭൂപാടനാദ്യൈർ-
ധനമനലചതുഷ്പാൽപീഡനം നേത്രതാപം
ഉദരഭരണശോകം പുത്രദാരാദിഭിഃ സ്യാൽ
ഗുരുജനപിതൃനാശോ ഭൃത്യഗോവിത്തഹാനിഃ. ൫൯

സൂര്യദശയിൽ ക്രൂരപ്രവൃത്തിനിമിത്തവും രാജാവുനിമിത്തവും ദേശസഞ്ചാരം നിമിത്തവും ധനലാഭവും; അഗ്നി. പശുവൃഷഭാദിനാൽക്കാലികൾ ഇവയിൽനിന്നു പീഡ, നേത്രരോഗം, പുത്രൻ ഭാര്യ ഇവരുടെ ഉദരപൂരണത്തിനുവേണ്ടിയുള്ള ദുഃഖാനുഭവം, ഗുരുജനം അച്ഛൻ ഭൃത്യന്മാർ ഇവരും പശുക്കൾ ധനം ഇവയും നാശം ഇവയും സംഭവിക്കും.

അപഹാരം വരുത്തുവാൻ—

ദശാ ദശാഹതാ മാസാദ്യൈകസ്ഥാനം വിനാപരേ
ഏകസ്ഥാനം ത്രിഗുണിതം ദിനാന്യന്തർദശാക്രമഃ. ൬൦

അപഹാരം വരുത്തുന്നതിന് ഇഷ്ടമായ ഗ്രഹത്തിന്റെ ദശാസംവത്സരംവച്ച് അപഹാരകർത്താവായ ഗ്രഹത്തിന്റെ ദശാസംവത്സരംകൊണ്ടു ഗുണിച്ച് അതിൽ ഏകസ്ഥാനത്തെമാററിവച്ച് മൂന്നിൽ ഗുണിച്ചാൽ അതു ദിവസവും, ശേഷം മാസവുമായിരിക്കും. മാസം ൧൨-ൽ അധികമുണ്ടെങ്കിൽ ൧൨-ൽ ഹരിച്ചുകിട്ടുന്ന ഫലം സംവത്സരമാണ്. എല്ലാദശയിലും ആദ്യം സ്വാപഹാരവും പിന്നീടുള്ള അപഹാരം ദശാക്രമം അനുസരിച്ചും ആകുന്നു.

സൂര്യദശാവർഷം ൬- സൂര്യദശയിലെ അന്തർദശാഫലങ്ങൾ—

ദ്വിജഭൂപതിശസ്ത്രാദ്യൈർധനപ്രാപ്തിർമ്മനോരുജം
വിദേശവനസഞ്ചാരം ഭാനോരന്തർഗതേ രവൌ. ൬൧

സൂര്യദശയിൽ സൂര്യാപഹാരം ൩ മാസവും ൧൮ ദിവസവും. എങ്ങനെ എന്നാൽ സൂര്യദശാസംവത്സരം ൬. ഇതിനെ സൂര്യാപഹാരം വരുത്തുന്നതിന് അപഹാരകർത്താവായ ഗ്രഹം സൂര്യനാകയാൽ സൂര്യന്റെ ദശാസംവത്സരമായ ൬ കൊണ്ട് ഗുണിക്കുമ്പോൾ ൩൬ എന്നു കിട്ടും. അതിൽ ഏകസ്ഥാനമായ ൬-നെ ൩-ൽ ഗുണിച്ചാൽ ൧൮ എന്ന് ദിവസം ലഭിക്കും. ഇങ്ങനെയാണ് സൂര്യാപഹാരം ൩ മാ

സവും ൧൮ ദിവസവും എന്നു സിദ്ധിച്ചതു്. ഇതുപോലെ ശേഷം ഉള്ളവരുടെ അപഹാരത്തെയും അറിഞ്ഞുകൊള്ളണം.

സൂൎയ്യദശയിൽ സൂൎയ്യാപഹാരത്തിൽ ബ്രാഹ്മണൻ, രാജാവു്, ആയുധം മുതലായവയിൽനിന്നു് ധനലാഭവും മനോവേദന, വിദേശസഞ്ചാരം, വനസഞ്ചാരം ഇവയും ഫലം.

ബന്ധുമിത്രജനൈരർത്ഥം പ്രയാണം മിത്രസജ്ജനൈഃ
പാണ്ഡുരോഗം ച സന്താപം ഭാനൌ ചന്ദ്രദശാന്തരേ ൬൨

സൂൎയ്യദശയിൽ ചന്ദ്രാപഹാരം ൬ മാസം —

സൂൎയ്യദശയിൽ ചന്ദ്രാപഹാരത്തിൽ ബന്ധുക്കൾ സ്നേഹിതന്മാർ ഇവരിൽനിന്നു് ധനലാഭവും ബന്ധുക്കളും, സജ്ജനങ്ങളുമായി സഹവാസവും പാണ്ഡുരോഗം, സന്താപം ഇവയും ഫലം.

രത്നകാഞ്ചനവിത്താപ്തിം രാജസ്നേഹം ശുഭാവഹം
പൈത്യരോഗാദിസഞ്ചാരം ഭാനൌ കുജദശാന്തരേ ൬൩

സൂൎയ്യദശയിൽ കുജാപഹാരം ൪ മാസവും ൬ ദിവസവും —

സൂൎയ്യദശയിൽ കുജാപഹാരത്തിൽ രത്നം, സ്വൎണ്ണം, ധനം ഇവയുടെ ലാഭവും രാജസ്നേഹവും ശുഭകൎമ്മങ്ങളും, പിത്തസംബന്ധമായ രോഗം സഞ്ചാരം ഇവയും ഫലം.

അകാലേ മൃത്യുസന്താപം ബന്ധുവർഗാരിപീഡനം
പദച്യുതിം മനോദുഃഖം, രവേരന്തർഗതേ ഽപ്യഹൌ ൬൪

സൂൎയ്യദശയിൽ രാഹുവിൻെറ അപഹാരം ൰-മാസവും ൨൪ ദിവസവും

സൂൎയ്യദശയിൽ രാഹ്വപഹാരത്തിൽ അകാലത്തിൽ മരണഭയവും, ബന്ധുക്കൾ ശത്രുക്കൾ ഇവരിൽനിന്നു പീഡ, സ്ഥാനഭ്രംശം മനോദുഃഖം ഇവയും ഫലം.

സൎവ്വപൂജ്യം സുതാദ്വിത്തം ദേവബ്രാഹ്മണപൂജനം,
സൽകൎമ്മാചാരസൽഗോഷ്ഠിം രവേരന്തർഗതേ ഗുരൌ ൬൫

സൂൎയ്യദശയിൽ വ്യാഴത്തിൻെറ അപഹാരം ൯ മാസവും ൧൮ ദിവസവും

സൂൎയ്യദശയിൽ വ്യാഴാപഹാരത്തിൽ സൎവ്വപൂജ്യതയും പുത്രനിൽനിന്നു ധനലാഭവും; ദേവന്മാർ, ബ്രാഹ്മണർ ഇവരുടെ പൂജയും; സൽകൎമ്മാചാരം, സജ്ജനസഭാസമ്മേളനം ഇവയും ഫലം.

സൎവ്വശത്രുതമാലസ്യം ഹീനവൃത്തിം മനോരുജം
രാജചോരഭയപ്രാപ്തിം രവേരന്തർഗതേ ശനൌ ൬൬

സൂൎയ്യദശയിൽ ശനിയുടെ അപഹാരം ൧൧ മാസവും ൧൨ ദിവസവും.

സൂൎയ്യദശയിൽ ശന്യപഹാരത്തിൽ സകലരുടേയും ശത്രുതയും, മടിയും, ഹീനപ്രവൃത്തിയും, മനോവേദനയും; രാജാക്കന്മാർ, കള്ളന്മാർ ഇവരിൽനിന്നു ഭയവും ഫലം.

ബന്ധുപീഡാ മനോദുഃഖം സനോത്സാഹം ധനക്ഷയം
കിഞ്ചിൽ സുഖമവാപ്നോതി രവേരന്തർഗതേ ബുധേ ൬൭

സൂർയ്യദശയിൽ ബുധാപഹാരം ൧൦ മാസവും ൬ ദിവസവും—

അക്കാലം ബന്ധുക്കളിൽനിന്നു പീഡ മനോദുഃഖം ഉത്സാഹം ഇല്ലായ്ക ധനനാശം കുറഞ്ഞൊന്നു സുഖം ഇവ ഫലം.

കണ്ഠരോഗം മനസ്താപം നേത്രരോഗമഥാപി വാ
അകാലമൃത്യുമാപ്നോതി രവേരന്തർഗതേ ധ്വജേ. ൬൮

സൂർയ്യദശയിൽ കേതുവിന്റെ അപഹാരം ൪-മാസവും ൬-ദിവസവും

അക്കാലം കണ്ഠരോഗം മനസ്താപം അല്ലെങ്കിൽ നേത്രരോഗം അകാലമരണം ഇവ ഫലം.

ജലേദ്രവ്യാപ്തിമായാസം കുസ്ത്രീജനനിഷേവണം
ശുഷ്കസംവാദമാപ്നോതി രവേരന്തർഗതേ ഭൃഗൗ ൬൯

സൂർയ്യദശയിൽ ശുക്രാപഹാരം ൧൨-മാസം—

അക്കാലം ജലത്തിൽ ഉണ്ടാകുന്ന ദ്രവ്യങ്ങളിൽനിന്നു ധനലാഭം, ദേഹായാസം, ചീത്തകളായ സ്ത്രീകളുടെസേവ, വൃഥാവ്യവഹാരം ഇവ ഫലം—

ദശാദൗ ദിനനാഥസ്യ പിത്തരോഗം ധനക്ഷയം
സർവ്വബാധാകരം മദ്ധ്യേ ദശാന്തേ സുഖമാപ്നുയാൽ. ൭൦

സൂർയ്യദശയിൽ ആദ്യം പിത്തരോഗവും ധനക്ഷയവും, ദശാമദ്ധ്യകാലം സർവപീഡയും, ദശാന്ത്യകാലവും സുഖവും ഫലം.

സ്വോച്ചേ നീചനവാംശകസ്യ തരണേർദ്ദായേ ऽപവാദം ഭയം
പുത്രസ്ത്രീപിതൃവർഗ്ഗബന്ധുമരണം കൃഷ്യാദിവിത്തക്ഷയം
നീചേ തുംഗനവാംശകസ്യ ച രവേഃ പാകേ നൃപാലപ്രിയം
സൗഖ്യം യാതി ദശാവസാനസമയേ വിത്തക്ഷയം വാ മൃതിഃ ൭൧

ഉച്ചത്തിൽ നില്ക്കുകയാണെങ്കിലും നീചത്തിൽ അംശിച്ചിരിക്കുന്ന സൂർയ്യന്റെ ദശയിൽ ജനാപവാദം, ഭയം, പുത്രൻ, ഭാർയ്യ, അച്ഛൻ, ബന്ധുക്കൾ ഇവരുടെ മരണം; കൃഷി മുതലായവയുടേയും ധനത്തിന്റേയും ക്ഷയം ഇവയും; നീചത്തിൽ നില്ക്കുകയാണെങ്കിലും ഉച്ചത്തിൽ അംശകിച്ചിരിക്കുന്ന സൂർയ്യന്റെ ദശയിൽ രാജപ്രീതി, സുഖം ഇവയും; അപ്രകാരം ഉള്ള ദശയുടെ അവസാനത്തിൽ ധനക്ഷയമോ മരണമോ ഇവയും ഫലം.

ചന്ദ്രദശാ ൧൦-വർഷം. ചന്ദ്രദശാഫലം—

ഹിമകിരണദശായാം മന്ത്രദേവദ്വിജാപ്തിർ
യുവതിജനവിഭൂതിസ്ത്രീധനക്ഷേത്രസിദ്ധിഃ
കുസുമവസനഭൂഷാഗന്ധനാനാധനാഢ്യോ
ഭവതി ബലവിരോധേ ചാൎത്ഥഹാ വാതരോഗീ ൭൨

ചന്ദ്രദശയിൽ മന്ത്രോപാസനം, ദേവസേവ, ബ്രാഹ്മണസേവ, സ്ത്രീജനങ്ങളിൽനിന്നു ധനലാഭം, ഐശ്വർയ്യലാഭം, കൃഷി, ഭൂമിലാഭം, പുഷ്പങ്ങൾ, വസ്ത്രങ്ങൾ, ആഭ

രണങ്ങൾ, ഗന്ധദ്രവ്യങ്ങൾ ഇവയുടെ സിദ്ധി, നാനാധനലാഭം ഇവയും; ചന്ദ്രൻ ബലഹീനനാണെങ്കിൽ ധനനാശം, വാതരോഗം ഇവയും ഫലം.

ചന്ദ്രദശാപഹാരം—

വിദ്യാസ്ത്രീഗീതവാദ്യേഷ്വഭിരതി ഗമനം പട്ടവസ്ത്രാദിസിദ്ധിം
സത്സംഗം ദേഹസൗഖ്യം നൃപസചിവചമൂനായകൈഃ പൂജ്യതാം ച
സൽകീർത്തിം സൗഖ്യയാത്രാം കലയതി ഹിമഗുഃ പുത്രമിത്രൈഃ പ്രിയത്വം
ക്ഷോണീ ഗോ വാജിലാഭം ബഹുധനവിഭവം സ്വേ ദശാന്തർവിപാകേ

ചന്ദ്രദശാപഹാരത്തിൽ ചന്ദ്രാപഹാരം ൧൦ മാസം.

അക്കാലം വിദ്യാ സ്ത്രീ ഗാനം വാദ്യം ഇവയിൽ അഭിരതിയും, പട്ടവസ്ത്രാദിലാഭം സജ്ജനസംഗം ദേഹസൌഖ്യം ഇവയും, രാജാക്കന്മാർ മന്ത്രികൾ സേനാപതികൾ ഇവരിൽനിന്ന് ബഹുമാനം സൽകീർത്തി യാത്രാസുഖം പുത്രന്മാർ ബന്ധുക്കൾ ഇവരോടു സ്നേഹം, ഭൂമി പശുവൃഷഭാദികൾ കുതിര ഇവയുടെ ലാഭം ധനസമൃദ്ധി ഇവയും ഫലം.

രോഗം വിരോധബുദ്ധിം ച സ്ഥാനനാശം ധനക്ഷയം
മിത്രഭ്രാതൃവധാൽ ക്ലേശം ചന്ദ്രസ്യാന്തർഗതേ കുജേ ൨൪

ചന്ദ്രദശയിൽ കുജാപഹാരം ൭ മാസം—

അക്കാലത്തിൽ രോഗം വിരോധം സ്ഥാനനാശം ധനക്ഷയം മിത്രങ്ങളുടെയും ഭ്രാതാക്കന്മാരുടെയും വധംകൊണ്ടുള്ള ക്ലേശം ഇവ ഫലം.

രിപുരോഗഭയാൽ ക്ലേശം ബന്ധുനാശം ധനക്ഷയം
കിഞ്ചിൽ സുഖമവാപ്നോതി ചന്ദ്രേ രാഹുദശാന്തരേ. ൨൫

ചന്ദ്രദശയിൽ രാഹ്വപഹാരം ൧ വർഷവും ൬ മാസവും,

അക്കാലം ശത്രുഭയം രോഗഭയം ഇവകൊണ്ടുള്ള ക്ലേശം, ബന്ധുനാശം, ധനനാശം, അല്പസുഖം ഇവ ഫലം.

യാനാദിവിവിധാത്ഥാപ്തിം വസ്ത്രാഭരണസമ്പദഃ
യത്നാൽ കാര്യമവാപ്നോതി ചന്ദ്രേ ജീവദശാന്തരേ ൨൬

ചന്ദ്രദശയിൽ വ്യാഴത്തിന്റെ അപഹാരം ൧ വർഷവും ൪ മാസവും

അക്കാലം വാഹനം മുതലായവയുടെയും, വിവിധധനത്തിന്റെയും ലാഭം, വസ്ത്രാഭരണസമൃദ്ധി, യത്നാൽകാര്യലാഭം ഇവ ഫലം.

മാതൃപീഡാ മനോദുഃഖം വാതപൈത്ര്യാദിപീഡനം
സ്തബ്ധവാഗരിസംവാദം ചന്ദ്രേ ശനിദശാന്തരേ ൨൭

ചന്ദ്രദശയിൽ ശന്യപഹാരം ൧ വർഷവും ൭ മാസവും—

അക്കാലം മാതാവിന്നു പീഡ മനോദുഃഖം വാതം പിത്തം മുതലായവകൊണ്ടുള്ള ഉപദ്രവം, വാക്സ്തംഭം (നാക്കുകുഴയുക) ശത്രുക്കളുമായി വ്യവഹാരം ഇവ ഫലം.

മാതൃവർഗാദ്ധനപ്രാപ്തിം വിദ്വജ്ജനസമാഗമം
വസ്ത്രഭൂഷാദിസമ്പ്രാപ്തിം ചന്ദ്രേ ബുധദശാന്തരേ വ്വെ

ചന്ദ്രദശയിൽ ബുധാപഹാരം ൧ വർഷവും ൫ മാസവും.—

അക്കാലം അമ്മയുടെ ബന്ധുക്കളിൽനിന്ന് ധനപ്രാപ്തി വിദ്വൽസംഗമം വസ്ത്രഭൂഷണാദിപ്രാപ്തി ഇവ ഫലം.

സ്ത്രീരോഗം ബന്ധുനാശം ച കുക്ഷിരോഗാദിപീഡനാ
ദ്രവ്യനാശമവാപ്നോതി ചന്ദ്രേ കേതുദശാന്തരേ ൬ൻ

ചന്ദ്രദശയിൽ കേത്വപഹാരം ൭ മാസം.

അക്കാലം ഭാര്യാദികൾക്കു രോഗം ബന്ധുനാശം കുക്ഷിരോഗാദിപീഡ ദ്രവ്യനാശം ഇവ ഫലം.

സ്ത്രീധനം കൃഷിപശ്വാദിജലവസ്ത്രാഗമം സുഖം
മാതൃരോഗമവാപ്നോതി ചന്ദ്രേ ഭൃഗുദശാന്തരേ വ്വം

ചന്ദ്രദശയിൽ ശുക്രാപഹാരം ൧ വർഷവും ൮ മാസവും—

അക്കാലം സ്ത്രീധനലാഭം കൃഷിപശ്വാദിലാഭം ജലാഗമം വസ്ത്രാഗമം സുഖം മാതൃരോഗം ഇവ ഫലം.

നൃപപ്രാപകമൈശ്വര്യം വ്യാധിനാശം രിപുക്ഷയം
സൗഖ്യം ശുഭമവാപ്നോതി ചന്ദ്രേ രവിദശാന്തരേ വ്വഫ

ചന്ദ്രദശയിൽ സൂര്യാപഹാരം ൬ മാസം—

അക്കാലം രാജധനലാഭം വ്യാധിനാശം ശത്രുക്ഷയം സൌഖ്യം ശുഭം ഇവ ഫലം.

ആദൗ ഭാവഫലം മദ്ധ്യേ രാശിസ്ഥാനഫലം വിദുഃ
പാകാവസാനസമയേ ചാംശജം ദൃഷ്ടിജം ഫലം. വ്വവ

ചന്ദ്രൻ സ്വദശയിൽ ആദ്യം ഭാവഫലവും, മദ്ധ്യത്തിൽ സ്ഥാനഫലവും, ദശാവസാനത്തിൽ അംശകഫലവും ദൃഷ്ടിഫലവും പ്രദാനംചെയ്യും.

കുജദശാവർഷം-൭—തൽഫലം—

പാകേ ഭൂമിസുതസ്യ ഭൂപഹുതഭുക് ശസ്ത്രാഹവാദ്യൈർധനം
ഭൈഷജ്യാനൃതവഞ്ചനൈശ്ച വിവിധൈഃ ക്രൗര്യൈർധനസ്യാഗമം
പിത്താസൃഗ്ജ്വരപീഡനം ച സതതം നീചാങ്ഗനാസേവനം
വിദ്വേഷം സുതദാരബന്ധുഗുരുഭിർദുഷ്ടാന്നഭുക്തിം വിദുഃ വ്വന.

കുജദശയിൽ രാജാവിൽനിന്നും, അഗ്നിപ്രയോഗം ആയുധം യുദ്ധം വൈദ്യം അസത്യം വഞ്ചനം ഇവകളിൽനിന്നും, പലവിധങ്ങളായ ക്രൂരകൃത്യങ്ങളിൽ നിന്നും ധനാഗമവും, രക്തപിത്തം ജ്വരം ഇവകൊണ്ടുള്ള പീഡയും, നീചസ്ത്രീസേവനവും, പുത്രന്മാർ ഭാര്യ ബന്ധുക്കൾ ഇവരോട് വിരോധവും ദുഷ്ടാന്നഭോജനവും ഫലം.

കുജദശാപഹാരഫലം—

ഉഷ്ണാധിക്യം സുഹൃദ്ദ്വേഷം ഭ്രാതൃപീഡാ നൃപാൽ ഭയം
സർവകാര്യാർത്ഥനാശം ച കുജേ കുജദശാന്തരേ. വ്വർ

കുജദശയിൽ കുജാപഹാരം ര് മാസവും വ൧ ദിവസവും—

അക്കാലം ഉഷ്ണാധിക്യംകൊണ്ടുള്ള രോഗങ്ങൾ, ബന്ധുജനവിരോധം, ഭ്രാതാക്കന്മാൎക്കു പീഡ, രാജഭയം, സൎവ്വകാൎയ്യനാശം, ധനനാശം ഇവ ഫലം.

ന്റപചോരാരിഭീതിം ച ധനധാന്യവിനാശനം
ദുഷ്ടകൎമ്മാദിസംസിദ്ധിം കുജേ രാഹുദശാന്തരേ- വൃ൫

കുജദശയിൽ രാഹ്വപഹാരം ൧ വൎഷവും ൧വൃ ദിവസവും—

അക്കാലം രാജാക്കന്മാർ കള്ളന്മാർ ശത്രുക്കൾ ഇവരിൽ നിന്നു ഭയം ധനനാശം ധാന്യനാശം ദുഷ്ടകൎമ്മാദിസിദ്ധി ഇവാഫലം.

ദ്വിജമൂലാദ്ധനപ്രാപ്തിം ഭൂലാഭം ച നിരാമയം
സംപൂജനം ജയം സൗഖ്യം കുജേ ഗുരുദശാന്തരേ. വൃന

കുജദശയിൽ വ്യാഴത്തിന്റെ അപഹാരം ൧൧ മാസവും ൩ ദിവസവും.

അക്കാലം ബ്രാഹ്മണന്മാരിൽനിന്നു് ധനപ്രാപ്തി ഭൂമിലാഭം ആരോഗ്യം ബഹുമാനം ജയം സൗഖ്യം ഇവ ഫലം.

ബഹുദുഃഖോദരവ്യാധിമരിചോരന്റപൈർഭയം
ധനക്ഷയമവാപ്നോതി ഭൗമേ ശനിദശാന്തരേ.

കുജദശയിൽ ശനിയുടെ അപഹാരം ൧ വൎഷവും ൧ മാസവും ൯ ദിവസവും—

അക്കാലം വളരെ ദുഃഖം; ഉദരരോഗം ശത്രുക്കൾ കള്ളന്മാർ രാജാക്കന്മാർ ഇവരിൽനിന്നു ഭയം ധനനാശം ഇവ ഫലം.

വൈശ്യവൎഗാദ്ധനപ്രാപ്തിർഗൃഹഗോധാന്യസംഭവഃ
ശത്രുബാധാ മനഃക്ലേശം കുജേ ബുധദശാന്തരേ. വൃവൃ

കുജദശയിൽ ബുധാപഹാരം ൧൧ മാസവും വ൧ ദിവസവും—

അക്കാലം വൈശ്യന്മാരിൽനിന്നു് ധനപ്രാപ്തി ഗൃഹനിൎമ്മാണം പശുവൃഷഭാദിലാഭം ധാന്യസംഭവം ശത്രുപീഡ മനഃക്ലേശം ഇവ ഫലം.

കുക്ഷിരോഗേണ സന്താപം ബന്ധുസോദരപീഡനം
ദുഷ്ടമാനവശത്രുത്വം കുജേ കേതുദശാന്തരേ.

കുജദശയിൽ കേതുവിന്റെ അപഹാരം ര്-മാസവും വ൧ ദിവസവും—

അക്കാലം കുക്ഷിരോഗം സന്താപം ബന്ധുക്കളിൽനിന്നും സോദരന്മാരിൽനിന്നും ഉപദ്രവം ദുഷ്ടശത്രുത്വം ഇവ ഫലം.

കളത്രഭൂഷണം വസ്ത്രം ബന്ധുവൎഗാദ്ധനാഗമം
സ്ത്രീജനദ്വേഷ്യതൽഗോഷ്ഠിം ഭൗമേ ശുക്രദശാന്തരേ ൯൦

കുജദശയിൽ ശുക്രാപഹാരം ൧ വൎഷവും വ മാസവും—

അക്കാലം ഭാൎയ്യാലാഭം വസ്ത്രഭൂഷണലാഭം, ബന്ധുക്കളിൽനിന്നു് ധനാഗമം, സ്ത്രീജനദ്വേഷം, സ്ത്രീകളുമായുള്ള സഹവാസം ഇവ ഫലം.

അപവാദം ഗുരുദ്വേഷം കലഹം വ്യാധിപീഡനം
ആത്മവൎഗ്ഗാന്മനോദുഃഖം ഭൗമേ രവിദശാന്തരേ. ൯൫

കുജദശയിൽ സൂൎയ്യാപഹാരം, ൪ മാസവും ൬ ദിവസവും—

അക്കാലം ജനാപവാദം ഗുരുദ്വേഷം കലഹം രോഗപീഡ സ്വജനങ്ങളിൽ നിന്നു മനോദുഃഖം ഇവ ഫലം.

നാനാവിത്തം സുഖം വസ്ത്രമുക്താമണിവിഭൂഷണം
നിദ്രാലസ്യം മനോദ്വേഗം കുജേ ചന്ദ്രദശാന്തരേ ൯൬

കുജദശയിൽ ചന്ദ്രാപഹാരം ൭ മാസം—

അക്കാലം നാനാവിധത്തിലുള്ള ധനാഗമം സുഖം വസ്ത്രലാഭം രത്നാലങ്കാരം നിദ്ര ആലസ്യം മനസ്സിന് ഇളക്കം ഇവ ഫലം.

ഭൂനന്ദനസ്യ പാകാദൌ മാനഹാനിൎധനക്ഷയഃ
മദ്ധ്യേ നൃപാലചോരാദ്യൈൎഭീതിശ്ചാന്തേ തഥാ ഭവേൽ. ൯൭

കുജൻ ദശാദിയിൽ മാനഹാനിയേയും ധനനാശത്തേയും മദ്ധ്യത്തിലും അവസാനത്തിലും രാജചോരാദികളിൽനിന്ന് ഭയത്തേയും ചെയ്യും.

ഉച്ചസ്ഥിതസ്യ ധരണീതനയസ്യ പാകേ
നീചാംശകസ്യ മരണം സുതസോദരാണാം
നീചേ തു തുംഗഭവനാംശഗതസ്യ ദായേ
കൃഷ്യാദിഭൂമിധനധാന്യസമൃദ്ധിമാഹുഃ ൯൮

ഉച്ചസ്ഥിതിയുണ്ടെങ്കിലും നീചാംശകമുള്ള കുജന്റെ ദശയിൽ പുത്രന്മാൎക്കും സോദരന്മാൎക്കും മരണവും നീചസ്ഥിതനാണെങ്കിലും ഉച്ചാംശകമുള്ള കുജന്റെ ദശയിൽ കൃഷി മുതലായവയുടേയും ഭൂമി ധനം ധാന്യം ഇവയുടേയും സമൃദ്ധിയും ഫലം.

രാഹുദശ ൧൮ വൎഷം—രാഹുദശാഫലം—

സൌഖ്യാദിവിത്തസ്ഥിതിനാശനം ച
കളത്രപുത്രാദിവിയോഗദുഃഖം
അതീവരോഗം പരദേശവാസം
വിവാദബുദ്ധിം കുരുതേ ഫണീശഃ ൯൯

രാഹുദശയിൽ സൌഖ്യാദിനാശം ധനനാശം സ്ഥാനനാശം ഭാൎയ്യാപുത്രാദിവിയോഗംകൊണ്ടുള്ള ദുഃഖം വലിയ രോഗം അന്യദേശവാസം വിവാദം ഇവ ഫലം.

ജായാരോഗം വിവാദം ച ബുദ്ധിനാശം ധനക്ഷയം
ദൂരദേശാടനം ദുഃഖം രാഹൌ രാഹുദശാന്തരേ ൯൰

രാഹുദശയിൽ രാഹുവിന്റെ അപഹാരം ൨ വൎഷവും ൮ മാസവും ൧൨ ദിവസവും,

അക്കാലം ഭാൎയ്യാരോഗം വിവാദം ബുദ്ധിമാന്ദ്യം ധനക്ഷയം അന്യദേശസഞ്ചാരം ഇവ ഫലം.

വ്യാധിശത്രുവിനാശം ച രാജപ്രീതിം ധനാഗമം
പുത്രലാഭം മഹോത്സാഹം രാഹൌ ഗുരുദശാന്തരേ. ൯൱

രാഹുദശയിൽ വ്യാഴത്തിന്റെ അപഹാരം ൨ വർഷവും ൪ മാസവും ൨൪ ദിവസവും—

അക്കാലം വ്യാധിനാശം, ശത്രുനാശം, രാജപ്രീതി, ധനാഗമം, പുത്രലാഭം, മഹോത്സാഹം ഇവ ഫലം.

വാതപിത്തകൃതം രോഗം ബന്ധുമിത്രാദിപീഡനം
ദൂരദേശനിവാസം ച രാഹൌ ശനിദശാന്തരേ ൯൮

രാഹുദശയിൽ ശനിയുടെ അപഹാരം ൨ വർഷവും ൧൦ മാസവും ൬ ദിവസവും—

അക്കാലം, വാതം പിത്തം ഇവകൊണ്ടുള്ള രോഗം, ബന്ധുക്കൾക്കും സ്നേഹിതന്മാർക്കും പീഡ, ദൂരദേശനിവാസം ഇവ ഫലം.

മിത്രബന്ധുകളത്രാദിസംയോഗം ച ധനാഗമം
രാജപ്രീതിമവാപ്നോതി രാഹൌ ബുധദശാന്തരേ ൯൯

രാഹുദശയിൽ ബുധാപഹാരം ൨ വർഷവും ൬ മാസവും ൧൮ ദിവസവും—

അക്കാലം സ്നേഹിതന്മാർ ബന്ധുക്കൾ ഭാര്യ ഇവരോടുള്ള ചേർച്ച, ധനാഗമം, രാജപ്രീതി ഇവ ഫലം.

ചൌര്യ്യഭയം മാനഹാനിം ച പുത്രനാശം ധനക്ഷയം
സർവ്വോപദ്രവമാപ്നോതി രാഹൌ കേതുദശാന്തരേ ൧൦൦

രാഹുദശയിൽ കേതുവിന്റെ അപഹാരം ൧ വർഷവും ൧൮ ദിവസവും—

അക്കാലം മോഷണം, മാനഹാനി, പുത്രനാശം, ധനനാശം, സർവ്വോപദ്രവം ഇവ ഫലം.

വിദേശാദ്വാഹനപ്രാപ്തിം ഛത്രചാമരസമ്പദം
രോഗാരിബന്ധുഭീതിഃ സ്യാദ്രാഹൌ ഭൃഗുദശാന്തരേ ൧൦൧

രാഹുദശയിൽ ശുക്രാപഹാരം ൩ വർഷം—

അക്കാലം അന്യദേശത്തിൽനിന്ന് വാഹനപ്രാപ്തി, ഛത്രചാമരാദിസമ്പത്ത്, രോഗഭയം, ശത്രുഭയം, ബന്ധുഭയം ഇവ ഫലം.

ദാനധർമ്മരതിപ്രീതിസ്സർവ്വോപദ്രവനാശനം
സംസാരരോഗസഞ്ചാരം രാഹൌ രവിദശാന്തരേ ൧൦൨

രാഹുദശയിൽ സൂര്യ്യാപഹാരം ൧൦ മാസവും ൨൪ ദിവസവും—

അക്കാലം ദാനധർമ്മങ്ങളിൽ താല്പര്യം, സന്തോഷം, സർവ്വോപദ്രവനാശം, ദാമ്പത്യസുഖം, രോഗം, സഞ്ചാരം ഇവ ഫലം.

സർവ്വോപദ്രവസംയോഗസ്സർവ്വകാര്യ്യേഷു മൂഢതാ
ചിത്തവിസ്മൃതി ദോഷഃ സ്യാൽ രാഹൌ ചന്ദ്രദശാന്തരേ

രാഹുദശയിൽ ചന്ദ്രാപഹാരം ൧ വർഷവും ൬ മാസവും—

അക്കാലം സകലോപദ്രവം, സകല കാര്യ്യങ്ങളിലും മൂഢത, ഓർമ്മക്കുറവ് ഇവ ഫലം.

കുളീരഗോമേഷയുതസ്യ രാഹോർ-
ദശാവിപാകേ ധനധാന്യലാഭം
വിദ്യാവിനോദം നൃപമാനനം ച
കളത്രഭൃത്യാദിസുഖം വദന്തി. ൧൦൩

കർക്കടകം, ഇടവം, മേടം ഈ രാശികളിൽ നില്ക്കുന്ന രാഹുവിന്റെ ദശയിൽ ധനധാന്യലാഭം, വിദ്യാവിനോദം, രാജബഹുമാനം, ഭാര്യാപുത്രാദിസുഖം ഇവ ഫലം.

പാർത്ഥോനമീനാശ്വിയുതസ്യ രാഹോർ-
ദശാവിപാകേ സുതദാരലാഭം
ദേശാധിപത്യം നരവാഹനം ച
ദശാവസാനേ സകലം വിനാശം. ൧൦൫

കന്നി, മീനം, ധനു ഈ രാശികളിൽ നില്ക്കുന്ന രാഹുവിന്റെ ദശയിൽ പുത്രലാഭം, ഭാര്യാലാഭം, ദേശാധിപത്യം നരവാഹനലാഭം ഇവ ഫലം. ഈ ദശയുടെ അവസാനം സകലവിനാശം ഫലം.

മൃഗപതിവൃഷകന്യാ കർക്കടസ്ഥസ്യരാഹോർ
ഭവതി ച പരിപാകേ രാജതുല്യോ നൃപോ വാ
ഗജതുരഗചമൂപസ്സർവ്വജീവോപകാരീ
ബഹുധനസുഖശീലഃ പുത്രദാരാനുരക്തഃ ൧൦൬

ചിങ്ങം, ഇടവം, കന്നി, കർക്കടകം ഈ രാശികളിൽ നില്ക്കുന്ന രാഹുവിന്റെ ദശയിൽ രാജതുല്യനോ രാജാവോ ആയും; ആന, കുതിര, സേനകൾ ഇവറ്റുടെ അധിപനും സകല ജീവികൾക്കും ഉപകാരിയും, വളരെ ധനത്തോടും സുഖത്തോടും കൂടിയവനും, പുത്രന്മാരിലും ഭാര്യയിലും അനുരാഗമുള്ളവനും ആയും ഭവിക്കും.

ദശാദൌ ദുഃഖമാപ്നോതി ദശാമധ്യേ മഹാസുഖം
ദശാന്തേ ഫണിനാഥസ്യ പിതുർനാശം പദച്യുതിം. ൧൦൭

രാഹുവിന്റെ ദശയിൽ ആദ്യകാലം ദുഃഖവും, മദ്ധ്യകാലം മഹാസുഖവും, അന്ത്യകാലം അച്ഛന്റെ നാശവും സ്ഥാനഭ്രംശവും ഫലം.

വ്യാഴദശ ൧൬ വർഷം—ഗുരുദശാഫലം—

സ്ഥാനപ്രാപ്തിം വിത്തമാനാംബരാപ്തിം
രാജസ്നേഹം ചിത്തശുദ്ധിം വിഭൂതിം
ജ്ഞാനാചാരം പുത്രദാരാദിലാഭം
ദേവാചാര്യഃ സ്വേ വിപാകേ കരോതി. ൧൦൮

വ്യാഴദശയിൽ വിശേഷസ്ഥാനപ്രാപ്തി, ധനം, ബഹുമാനം, വസ്ത്രം ഇവയുടെ ലാഭം. രാജസ്നേഹം മനഃശുദ്ധി ഐശ്വര്യം, കുലാചാരം, പുത്രഭാര്യാദിലാഭം ഇവ ഫലം.

ഗുരുദശാപഹാരഫലം—

നൃപപ്രീതിം മഹോത്സാഹം സർവ്വകാര്യാർത്ഥസാധനം
വിദ്യാവിജ്ഞാനമാപ്നോതി ഗുരൌ ഗുരുദശാന്തരേ. ൧൦൯

ഗുരുദശയിൽ ഗുരുദശാപഹാരം—൨ വർഷവും ൧ മാസവും ൧൮ ദിവസവും,

ഇക്കാലം രാജപ്രീതി, മഹോത്സാഹം, സർവ്വകാര്യാർത്ഥസാധനം; വിദ്യാലാഭം ഇവ ഫലം.

ദ്വേഷബുദ്ധിം മനസ്താപം പുത്രമൂലാദ്ധനക്ഷയം
കർമ്മനാശമവാപ്നോതി ജീവേ ശനിദശാന്തരേ. ൫൦

ഗുരുദശയിൽ ശനിയുടെ അപഹാരം-൨ വർഷവും ൬ മാസവും ൧൨ ദിവസവും.

ഇക്കാലത്തിൽ ദ്വേഷബുദ്ധി മനസ്താപം പുത്രൻമൂലം ധനനാശം കർമ്മനാശം ഇവ ഫലം.

വൈശ്യവർഗേണ വിത്താപ്തിം രാജസ്നേഹം മഹാസുഖം
സൽകർമ്മാചാരസിദ്ധിം ച ജീവേ ബുധദശാന്തരേ. ൫൧

വ്യാഴദശയിൽ ബുധാപഹാരം-൨ വർഷവും ൩ മാസവും ൬ ദിവസവും.

ഇക്കാലം വൈശ്യന്മാരിൽ (കച്ചവടക്കാരിൽ) നിന്നും ധനലാഭം രാജസ്നേഹം മഹാസുഖം സൽപ്രവൃത്തി ഇവ ഫലം.

മുക്താപ്രവാളഭൂഷാപ്തിസ്തീർത്ഥയാത്രാധനായതിം
ഗുരുഭൂപവശാദാർത്തിം ജീവേ കേതുദശാന്തരേ. ൫൨

വ്യാഴദശയിൽ കേതുവിന്റെ അപഹാരം-൧൧ മാസവും ൬ ദിവസവും.

അക്കാലം മുത്ത്, പവിഴം, ആഭരണം ഇവയുടെ ലാഭം തീർത്ഥയാത്ര ധനാഗമം, ഗുരുക്കന്മാർ രാജാക്കന്മാർ ഇവരിൽനിന്ന് പീഡ ഇവ ഫലം.

വാഹനാദിധനപ്രാപ്തിം ഛത്രചാമരവൈഭവം
സ്ത്രീപീഡാ ജനവിദ്വേഷം ജീവേ ഭൃഗുദശാന്തരേ. ൫൩

വ്യാഴദശയിൽ ശുക്രാപഹാരം-൨ വർഷവും-൮ മാസവും.

അക്കാലം വാഹനാദിപ്രാപ്തി, ധനലാഭം, കുട, ചാമരം ഇവകൊണ്ടുള്ള വൈഭവം ഭാര്യാപീഡ ജനവിരോധം ഇവ ഫലം.

ശത്രുനാശം ജയം സൗഖ്യം മഹോത്സാഹം ധനാഗമം
രാജപ്രസാദമാരോഗ്യം ജീവേ രവിദശാന്തരേ. ൫൪

വ്യാഴദശയിൽ സൂര്യാപഹാരം-൯ മാസവും ൧൮ ദിവസവും.

അക്കാലം ശത്രുനാശം, സർവകാര്യവിജയം, സൌഖ്യം, മഹോത്സാഹം ധനാഗമം രാജപ്രീതി ആരോഗ്യം ഇവ ഫലം.

സ്ത്രീകൃതോത്സാഹമൈശ്വര്യം രാജപ്രീതിം സുഖാവഹം
ദ്രവ്യവസ്ത്രവിഭൂഷാപ്തിം ജീവേ ചന്ദ്രദശാന്തരേ. ൫൫

വ്യാഴദശയിൽ ചന്ദ്രാപഹാരം-൧ വർഷവും ൪ മാസവും.

അക്കാലം സ്ത്രീകൾനിമിത്തം എല്ലാത്തിലും ഉത്സാഹം ഐശ്വര്യം രാജപ്രീതി സുഖം ധനം വസ്ത്രം ആഭരണം ഇവയുടെ ലാഭം ഇവ ഫലം.

കർമ്മനാശം ച സഞ്ചാരം ജ്വരതാപം മഹാഭയം
ധനനാശം നിരുത്സാഹം ജീവേ കുജദശാന്തരേ. ൫൬

വ്യാഴദശയിൽ കുജാപഹാരം-൧൧ മാസവും ൬ ദിവസവും.

അക്കാലം കർമ്മനാശം, സഞ്ചാരം, ജ്വരം, മരണഭയം, ധനനാശം നിരുത്സാഹം ഇവ ഫലം.

സർവ്വക്ലേശം ഭയം രോഗം സർവോപദ്രവകാരണം
ധനച്ഛേദമവാപ്നോതി ജീവേ രാഹുദശാന്തരേ. ൧൧൭

വ്യാഴദശയിൽ രാഹുവിന്റെ അപഹാരം-൨ വർഷവും ൪ മാസവും ൨൪ ദിവസവും.

അക്കാലം എല്ലാദിക്കിലും ദുഃഖം, ഭയം, രോഗം, സർവോപദ്രവം, ധനനാശം ഇവ ഫലം.

നീചാംശോപഗതഃ സ്വതുംഗഭവനേ ജീവേ സ്വപാകേ ഭയം
ചോരാരാതിനൃപൈഃ കളത്രതനയദ്വേഷം കരോത്യശ്രിയം
നീചേ തുംഗനവാംശകോ യദി മഹാരാജപ്രസാദം സുഖം
വിദ്യാബുദ്ധിയശോധനാദിവിഭവം ദേശാധിപത്യം തു വാ. ൧൧൮

വ്യാഴം തന്റെ ഉച്ചരാശിയിൽ നിൽക്കയാണെങ്കിലും നീചരാശിയിൽ അംശകമാണെങ്കിൽ സ്വദശയിൽ കള്ളന്മാർ, ശത്രുക്കൾ, രാജാക്കന്മാർ ഇവരിൽനിന്ന് ഭയം ഭാര്യാദ്വേഷം പുത്രവിരോധം ദാരിദ്ര്യം ഇവ ഫലം. നീചത്തിൽ നില്ക്കുകയാണെങ്കിലും അംശകം ഉച്ചരാശിയിലാണെങ്കിൽ രാജപ്രസാദം, സുഖം, വിദ്യ, ബുദ്ധി, കീർത്തി, ധനം മുതലായ വിഭവം ദേശാധിപത്യം ഇവ ഫലം.

ശനിദശാ ൧൯ വർഷം; ശനിദശാഫലം —

ശനേർദ്ദശായാമജഗർദ്ദഭോഷ്ട്ര-
വൃദ്ധാംഗനാപക്ഷികധാന്യലാഭം
ശ്രേണീപുരഗ്രാമജനാധികാരാ-
ദ്ധനം വദേന്നീചകുലാധിപത്യം. ൧൧൯

ശനിദശയിൽ ആട്, കഴുത, ഒട്ടകം, മുതലായവയുടെയും, വൃദ്ധസ്ത്രീ പക്ഷി ചീർത്തധാന്യം ഇവയുടെയും ലാഭവും, സംഘാധിപത്യം പുരം ഗ്രാമം ജനം ഇവരുടെ ആധിപത്യനിമിത്തം ധനലാഭം നീചകുലാധിപത്യം ഇവയും ഫലം.

ശനിദശാപഹാരഫലം —

ക്ലേശാദിഭിർവ്യാധിനിപീഡനം ച
മാത്സര്യമാനൈർബഹുശോകതാപം
ഭൂപാലചോരൈർധനധാന്യനാശം
കരോതി മന്ദഃ സ്വദശാപഹാരേ. ൧൨൦

ശനിദശയിൽ ശനിയുടെ അപഹാരം-൩ വർഷവും ൩ ദിവസവും.

അക്കാലം ക്ലേശം, രോഗപീഡ, മത്സരം മാനം ഇവയാൽ ഉള്ള ദുഃഖസന്താപം രാജാക്കന്മാർ കള്ളന്മാർ ഇവർ നിമിത്തം ധനധാന്യനാശം ഇവ ഫലം.

രവിതനയദശായാം സ്വാപഹാരേ വിരോധം
നരപതിജനകോപം പ്രേഷ്യവൃദ്ധാംഗനാപ്തിം

പശ്വഗണവിഷഭീതിം പുത്രദാരാദിപീഡാം
ജ്വരപവനകഫാർത്തിം ശൂലരോഗം വദന്തി. ൧൨൧

ശനിദശയിൽ ശനിയുടെ അപഹാരത്തിൽ പലജനങ്ങളുടെ വിരോധം രാജകോപം ഭൃത്യലാഭം വൃദ്ധസ്ത്രീലാഭം പശുക്കൾ മുതലായവയിൽനിന്ന് ഭയം വിഷഭയം പുത്രഭാര്യാദിപീഡ ജ്വരം വാതരോഗം കഫരോഗം ശൂലരോഗം ഇവയും ഫലം.

സുഖവിത്തയശോവൃദ്ധിം സൽകർമ്മാചാരസമ്പദഃ
കൃഷിവാണിജ്യമാപ്നോതി മന്ദേ ബുധദശാന്തരേ. ൧൨൨

ശനിദശയിൽ ബുധാപഹാരം ൨ വർഷവും ൮ മാസവും ൯ ദിവസവും.

അക്കാലം സുഖം ധനം കീർത്തി ഇവയുടെ വൃദ്ധി സൽകർമ്മം സദാചാരം കൃഷി കച്ചവടം ഇവ ഫലം.

വാതപിത്തകൃതം രോഗം കലഹം നീചദുർജ്ജനൈഃ
ദുഃസ്വപ്നഭയമാപ്നോതി മന്ദേ കേതുദശാന്തരേ ൧൨൩

ശനിദശയിൽ കേതുവിന്റെ അപഹാരം ൧ വർഷവും ൧ മാസവും ൯ ദിവസവും; അക്കാലം വാതരോഗം പിത്തരോഗം നീചന്മാരോടും ദുർജ്ജനങ്ങളോടും കലഹം ദുഃസ്വപ്നഭയം ഇവ ഫലം.

ബന്ധുസ്നിഗ്ദ്ധജനപ്രീതിം ജായാവിത്തസുഖായതിം
കൃഷ്യാദിസുഖമാപ്നോതി മന്ദേ ശുക്രദശാന്തരേ. ൧൨൪

ശനിദശയിൽ ശുക്രാപഹാരം ൩ വർഷവും ൨ മാസവും; അക്കാലം ബന്ധുക്കളുടേയും സ്നേഹിതന്മാരുടേയും പ്രീതി ഭാര്യാലാഭം ധനലാഭം സുഖം ഇവ ഫലം.

പുത്രദാരവിനാശം ച നൃപചോരാദിപീഡനം
മനോഭയമവാപ്നോതി മന്ദേ ഭാനുദശാന്തരേ ൧൨൫

ശനിദശയിൽ സൂര്യാപഹാരം ൧൧ മാസവും ൧൨ ദിവസവും.

അക്കാലം പുത്രഭാര്യനാശം രാജചോരാദിപീഡ മനോദുഃഖം ഇവ ഫലം.

ഗുരുസ്ത്രീമരണം ദുഃഖം ബന്ധുദ്വേഷധനാഗമം
വാതരോഗമവാപ്നോതി മന്ദേ ചന്ദ്രദശാന്തരേ ൧൨൬

ശനിദശയിൽ ചന്ദ്രാപഹാരം ൧ വർഷവും ൭ മാസവും. അക്കാലം ഗുരുമരണം ഭാര്യാമരണം ദുഃഖം ബന്ധുവിരോധം ധനാഗമം വാതരോഗം ഇവ ഫലം.

സ്ഥാനച്യുതിം മഹാരോഗം നാനാവിധമനോരുജം
സഹോദര സുഹൃൽപീഡാം മന്ദേ കുജദശാന്തരേ. ൧൨൭

ശനിദശയിൽ കുജാപഹാരം ൧ വർഷവും ൧ മാസവും ൯ ദിവസവും. അക്കാലം സ്ഥാനഭ്രംശം മഹാരോഗം നാനാപ്രകാരത്തിലുള്ള മനോവേദന സഹോദരപീഡ, ബന്ധുപീഡ ഇവഫലം.

സർവ്വാംഗരോഗസന്താപം ചോരാരിനൃപപീഡനം
ധനച്ഛേദമവാപ്നോതി മന്ദേ രാഹുദശാന്തരേ. ൧൨൮

ശനിദശയിൽ രാഹുവിൻെറ അപഹാരം ൨ വർഷവും ൧൦ മാസവും ൬ ദിവസവും.

അക്കാലം സർവാംഗരോഗം, ചുട്ട്, കള്ളന്മാർ, ശത്രുക്കൾ, രാജാക്കന്മാർ ഇവരിൽനിന്ന ഭയം ധനനാശം ഇവ ഫലം.

ദേവഭൂദേവഭക്തിം ച രാജപ്രീതിർ മനഃസുഖം
സ്ഥാനലാഭമവാപ്നോതി മന്ദേ ഗുരുദശാന്തരേ. ൧൨൯

ശനിദശയിൽ വ്യാഴത്തിൻെറ അപഹാരം ൨ വർഷവും ൬ മാസവും ൧൨. ദിവസവും.

അക്കാലം ദേവഭക്തി ബ്രാഹ്മണഭക്തി രാജപ്രീതി മനഃസുഖം സ്ഥാനലാഭം ഇവ ഫലം.

സ്വോച്ചേ നീചനവാംശകേ രവിസുതഃ കുർവീത സൗഖ്യം ഫലം
പാകാദൌ തു ദശാവസാനസമയേ കഷ്ടം ഫലം പ്രാണിനാം
തുംഗാംശോപഗതഃ സ്വകീയഭവനേ പാകാവസാനേ ശുഭം
മായാദൌ രിപുചോരഭീതിമധികം ദുഃഖം വിദേശാടനം. ൧൩൦

ഉച്ചത്തിൽ സ്ഥിതിയും നീചത്തിൽ അംശകവും ഉള്ള ശനി, സ്വദശയിൽ ആദ്യം സൌഖ്യഫലത്തേയും അവസാനം കഷ്ടഫലത്തേയും ചെയ്യും. സ്വക്ഷേത്രത്തിൽ ഉച്ചത്തിൽ ആണ് നില്ക്കുന്നതു് എങ്കിൽ അവസാനത്തിൽ ശുഭഫലത്തെയും ആദ്യം ശത്രുഭയം ചോരഭയം ദുഃഖം വിദേശസഞ്ചാരം ഇവയേയും ചെയ്യും.

ബുധദശ, ൧൭ വർഷം; ബുധദശാഫലം—

സ്വകീയദായേ ഗുരുബന്ധുമിത്രൈ-
രർത്ഥാർജ്ജനം കീർത്തി സുഖം കരോതി
ദൌത്യം ച സൽകർമ്മഹിരണ്യപുണ്യൈർ-
ധനായതിം വാതരുജം കുമാരഃ. ൧൩൧

ബുധൻ സ്വദശയിൽ ഗുരുക്കൾ ബന്ധുക്കൾ സ്നേഹിതന്മാർ ഇവരിൽനിന്ന ധനലാഭം കീർത്തിസുഖം ദൂതകർമ്മം സൽകർമ്മം സ്വർണ്ണവിക്രയം പുണ്യം ഇവയാൽ ധനാഗമം വാതരോഗം ഇവയേയും ചെയ്യും.

ബുധദശാപഹാരഫലം—

വിചിത്രഗൃഹവിത്താപ്തിം രാജപ്രീതിം മഹാസുഖം
സർവകാര്യാർത്ഥസംസിദ്ധിർബുധേ സൌമ്യദശാന്തരേ ൧൩൨

ബുധദശയിൽ ബുധാപഹാരം ൨ വർഷവും ൪ മാസവും ൨൭ ദിവസവും. അക്കാലം നാനാവിധത്തിലുള്ള ഭവനലാഭം ധനലാഭം രാജപ്രീതി മഹാസുഖം സർവ്വകാര്യസിദ്ധി ധനസിദ്ധി ഇവ ഫലം.

ബന്ധുപീഡാ മനസ്താപം സൗഖ്യഹാനിമരേർഭയം
കാര്യനാശമവാപ്നോതി സൗമ്യേ കേതുദശാന്തരേ. ൧൩൩

ബുധദശയിൽ കേതുവിൻെറ അപഹാരം ൧൧ മാസവും ൨൭ ദിവസവും. അക്കാലത്തിൽ ബന്ധുപീഡ മനസ്താപം സൌഖ്യനാശം ശത്രുഭയം കാര്യനാശം ഇവ ഫലം.

ഗുരുദേവാഗ്നിവിപ്രേഷു ദാനം ധർമ്മപ്രിയം തപഃ
ധനവസ്ത്രവിഭൂഷാപ്തിം സൗമ്യേ ശുക്രദശാന്തരേ. ൧൱൪

ബുധദശയിൽ ശുക്രാപഹാരം ൨ വർഷവും ൧൦ മാസവും.

അക്കാലം ഗുരുക്കന്മാർ ദേവന്മാർ അഗ്നി ബ്രാഹ്മണർ ഇവരിൽ ദാനം ധർമ്മതല്പരത്വം തപസ്സ് ധനം വസ്ത്രം ആഭരണം ഇവയുടെ ലാഭം ഇവ ഫലം.

വസ്ത്രഭൂഷണവിത്താപ്തിം രാജപ്രീതിം മഹാസുഖം
ധർമ്മശ്രവണമാപ്നോതി സൌമ്യേ രവിദശാന്തരേ ൧൱൫

ബുധദശയിൽ സൂര്യാപഹാരം ൧൦ മാസവും ൬ ദിവസവും.

അക്കാലം വസ്ത്രം ആഭരണം ധനം ഇവയുടെ പ്രാപ്തി രാജപ്രീതി മഹാസുഖം ധർമ്മകഥാശ്രവണം ഇവ ഫലം.

രോഗാരാതിജനദ്വേഷം സർവകാര്യാർത്ഥനാശനം
ചതുഷ്പാൽ ഭയമാപ്നോതി സൌമ്യേ ചന്ദ്രദശാന്തരേ ൧൱൬

ബുധദശയിൽ ചന്ദ്രാപഹാരം ൧ വർഷവും ൫ മാസവും.

അക്കാലം രോഗം ശത്രുജനദ്വേഷം സർവകാര്യനാശം ധനനാശം നാല്ക്കാലികളിൽനിന്ന് ഭയം ഇവ ഫലം.

രോഗാദിഭയനാശം ച പുണ്യകർമ്മഫലം യശഃ
രാജപ്രീതിമവാപ്നോതി സൌമ്യേ കുജദശാന്തരേ ൧൱൭

ബുധദശയിൽ കുജാപഹാരം ൧൧ മാസവും ൨൭ ദിവസവും

അക്കാലം രോഗനാശം ശത്രുനാശം ഭയനാശം പുണ്യകർമ്മഫലം കീർത്തി രാജപ്രീതി ഇവ ഫലം.

മിത്രബന്ധുധനപ്രാപ്തിം സുഖവിദ്യാവിഭൂഷണം
രാജപ്രീതിമവാപ്നോതി സൌമ്യേ രാഹുദശാന്തരേ ൧൱൮

ബുധദശയിൽ രാഹുവിന്റെ അപഹാരം ൨ വർഷവും ൬ മാസവും ൧൮ ദിവസവും.

അക്കാലം സ്നേഹിതന്മാരിൽനിന്നും ബന്ധുക്കളിൽനിന്നും ധനപ്രാപ്തി സുഖം വിദ്യ ആഭരണലാഭം രാജപ്രീതി ഇവ ഫലം.

ഇഷ്ടബന്ധുഗുരുദ്വേഷം ധനലാഭം സുതായതിം
രോഗാദിഭയമാപ്നോതി സൌമ്യേ ഗുരുദശാന്തരേ ൧൱൯

ബുധദശയിൽ വ്യാഴത്തിന്റെ അപഹാരം ൨ വർഷവും ൩ മാസവും ൬ ദിവസവും.

അക്കാലം ഇഷ്ടന്മാർ ബന്ധുക്കൾ ഗുരുക്കൾ ഇവരുടെ വിരോധം ധനലാഭം പുത്രാഗമനം രോഗാദിഭയം ഇവ ഫലം.

ധർമ്മസൽകർമ്മവിത്താപ്തിം സുഖമല്പജനാധിപൈഃ
കൃഷ്യാദിധനമാപ്നോതി സൌമ്യേ ശനിദശാന്തരേ. ൧൱൰

ബുധദശയിൽ ശനിയുടെ അപഹാരം ൨ വർഷവും ൮ മാസവും ൯ ദിവസവും,

അക്കാലം ധർമ്മം സൽകർമ്മം ധനം ഇവയുടെ പ്രാപ്തി അല്പരാജാക്കന്മാരെക്കൊണ്ട് സുഖം കൃഷ്യാദിധനം ഇവ ഫലം.

ഉച്ചരാശിഗതസ്സൌമ്യോ നീചാംശകസമന്വിതഃ
കരോതി ധർമ്മവൈകല്യം നിജദായേ ച നിർദ്ധനം ൧൪൧

ഉച്ചരാശിയിൽ നില്ക്കുന്ന ബുധന് നീചരാശിയിൽ അംശകം ഉണ്ടെങ്കിൽ ധർമ്മവൈകല്യവും നിർദ്ധനത്വവും ഫലം.

നീചസ്ഥാനഗതശ്ചാന്ദ്രിസ്തുംഗാംശകസമന്വിതഃ
പാകാദൌ വിഫലം സർവ്വം ശുഭമന്തേ പ്രയച്ഛതി ൧൪൨

നീചരാശിയിൽ നില്ക്കുന്ന ബുധന് ഉച്ചരാശിയിൽ അംശകമുണ്ടെങ്കിൽ ദശയുടെ ആദ്യം സർവ്വം വിഫലവും അവസാനം ശുഭവും ഫലം.

കേതുദശ, ൭ വർഷം. കേതുദശാഫലം

ദീനോ നരോ ഭവതി ബുദ്ധിവിവേകനഷ്ടോ
നാനാമയാകുലവിവർദ്ധിതദേഹതാപഃ
പാപാദിവൃദ്ധിരതികഷ്ടചരിത്രയുക്തഃ
കിംചിൽ സുഖീ ച ശിഖിനഃ പരിപാകകാലേ ൧൪൩

കേതുദശയിൽ ദീനത ബുദ്ധിമാന്ദ്യം വിവേകനാശം നാനാരോഗാകുലത ദേഹസന്താപം പാപവർദ്ധന അതികഷ്ടത അല്പസുഖം ഇവ ഫലം.

കളത്രപുത്രമരണം സുഖവിത്തവിനാശനം
രിപുഭീതിമവാപ്നോതി കേതൌ കേതുദശാന്തരേ ൧൪൪

കേതുദശയിൽ കേതുവിൻെറ അപഹാരം ൪ മാസവും ൨൭ ദിവസവും.

അക്കാലം ഭാര്യാപുത്രമരണം സുഖനാശം ധനനാശം ശത്രുഭയം ഇവ ഫലം.

സ്ത്രീപുത്രരോഗം കലഹം ബന്ധുമിത്രാദിനാശനം
ജ്വരാതിസാരമാപ്നോതി കേതൌ ശുക്രദശാന്തരേ ൧൪൫

കേതുദശയിൽ ശുക്രാപഹാരം ൧ വർഷവും ൨ മാസവും,

അക്കാലം ഭാര്യാപുത്രാദികൾക്ക രോഗം കലഹം ബന്ധുക്കളുടേയും സ്നേഹിതന്മാരുടേയും നാശം. ജ്വരാതിസാരം ഇവ ഫലം.

മനോഭംഗം ശരീരാർത്തിം വിദേശഗമനം ഭയം
സർവകാര്യവിരോധം ച കേതൌ രവിദശാന്തരേ ൧൪൬

കേതുദശയിൽ സൂര്യാപഹാരം ൪ മാസവും ൬ ദിവസവും,

അക്കാലം മനഃപീഡ ദേഹാർത്തി അന്യദേശഗമനം ഭയം സകലകാര്യങ്ങൾക്കും തടവ് ഇവ ഫലം.

ദാരപുത്രജനാലസ്യം ധനധാന്യവിനാശനം
മനസ്താപമവാപ്നോതി കേതൌ ചന്ദ്രദശാന്തരേ. ൯൪൧

കേതുദശയിൽ ചന്ദ്രാപഹാരം ൭ മാസം,

അക്കാലം ഭാര്യയ്ക്കും പുത്രന്മാക്കും രോഗം, ധനധാന്യനാശം, മനസ്താപം ഇവ ഫലം.

പുത്രദാരാനുജദ്വേഷം രോഗാരിനൃപപീഡനം
ബന്ധുനാശമവാപ്നോതി കേതൌ കുജദശാന്തരേ. ൯൪൨

കേതുദശയിൽ കുജാപഹാരം ൪ മാസവും ൨൭ ദിവസവും. അക്കാലം പുത്രന്മാർ, ഭാര്യ, അനുജൻ ഇവരുടെ വിരോധം, രോഗപീഡ, ശത്രുപീഡ, രാജപീഡ ബന്ധുനാശം ഇവ ഫലം.

രാജചോരഭയം ദുഃഖം സർവകാര്യവിനാശനം
ദുഷ്ടമാനവസംവാദം കേതൌ രാഹുദശാന്തരേ. ൯൪൩

കേതുദശയിൽ രാഹുവിന്റെ അപഹാരം ൧ വർഷവും ൧൮ ദിവസവും. അക്കാലം രാജാക്കന്മാരിൽനിന്നും കള്ളന്മാരിൽനിന്നും ഭയം, ദുഃഖം, സർവകാര്യനാശം, ദുഷ്ടജനസംവാദം ഇവ ഫലം.

ദേവദ്വിജഗുരുപ്രീതിം രാജസ്നേഹം നിരാമയം
ഭൂപുത്രലാഭമാപ്നോതി കേതൌ ഗുരുദശാന്തരേ. ൯൪൪

കേതുദശയിൽ വ്യാഴത്തിന്റെ അപഹാരം ൧൧ മാസവും ൬ ദിവസവും. അക്കാലം ദേവപ്രീതി, ബ്രാഹ്മണപ്രീതി, ഗുരുപ്രീതി, രാജസ്നേഹം, ആരോഗ്യം, ഭൂലാഭം, പുത്രലാഭം ഇവ ഫലം.

മനോഭയം മനസ്താപം സ്വബന്ധുജനവിഗ്രഹം
ദേശത്യാഗമവാപ്നോതി കേതൌ ശനിദശാന്തരേ. ൯൪൫

കേതുദശയിൽ ശനിയുടെ അപഹാരം ൧ വർഷവും ൧ മാസവും ൯ ദിവസവും. അക്കാലം മനോഭയം, മനസ്താപം, സ്വജനവിഗ്രഹം, ബന്ധുജനവിഗ്രഹം, ദേശപരിത്യാഗം ഇവ ഫലം.

ബന്ധുമിത്രാദിസംയോഗം പുത്രദാരധനാഗമം
വിദ്യാസുഖമവാപ്നോതി കേതൌ ബുധദശാന്തരേ. ൯൪൬

കേതുദശയിൽ ബുധാപഹാരം ൧൧ മാസവും ൨൭ ദിവസവും. അക്കാലം ബന്ധുക്കളുടെയും സ്നേഹിതന്മാരുടെയും ചേർച്ച, പുത്രലാഭം, ഭാര്യാലാഭം, ധനാഗമം, വിദ്യാ, സുഖം ഇവ ഫലം.

ശുഭഗ്രഹയുതഃ കേതുഃ സ്വദശായാം ശുഭപ്രദഃ
യദി ശോഭനസംദൃഷ്ടഃ കരോതി വിപുലം ധനം. ൯൪൭

ശുഭയോഗമുള്ള കേതു സ്വദശയിൽ ശുഭത്തെയും ശുഭദൃഷ്ടനാണെങ്കിൽ വളരെ ധനത്തെയും പ്രദാനംചെയ്യും.

സപാപഃ കുരുതേ കേതുഃ സ്വപാകേ ദുഷ്ടമാനവൈഃ
ഭീതിം കൃത്രിമരോഗാദ്യൈർവ്യസനം ധനനാശനം. ൯൪൮

പാപനോടുകൂടി നിൽക്കുന്ന കേതു, സ്വദശയിൽ ദുഷ്ടന്മാരിൽനിന്നു ഭയത്തെയും കൃത്രിമരോഗാദികളാൽ വ്യസനം ധനനാശം ഇവയെയും ചെയ്യും.

ദശാദൌ ഗുരുബന്ധുഭ്യാം പീഡാം മദ്ധ്യേ ധനാഗമം
ദശാന്തേ സുഖമാപ്നോതി കേതോസ്ത്രിവിധം ഫലം ൧൫൫

കേതുദശയിൽ ആദ്യം ഗുരുക്കന്മാരിൽനിന്നും ബന്ധുക്കളിൽനിന്നും പീഡയും മദ്ധ്യകാലത്തിൽ ധനാഗമവും, ദശാവസാനത്തിൽ സുഖവും ഇങ്ങനെ ഫലം മൂന്നു വിധമാകുന്നു.

ശുക്രദശാ—൨൦ വർഷം—ശുക്രദശാഫലം

സ്ത്രീപുത്രവിത്താപ്തിമതീവ സൌഖ്യം
സുഗന്ധമാല്യാംബരഭൂഷണാപ്തിം
യാനാദിഭാഗ്യം നരപാലതുല്യം
യശഃ സ്വപാകേ ഭൃഗുജഃ കരോതി ൧൫൬

ശുക്രദശയിൽ ഭാര്യാപുത്രലാഭം, ധനലാഭം, വളരെ സൌഖ്യം, സുഗന്ധദ്രവ്യങ്ങളുടേയും മാല്യങ്ങളുടേയും ദിവ്യവസ്ത്രങ്ങളുടേയും ലാഭം, വാഹനാദിലാഭം, രാജതുല്യകീർത്തി ഇവ ഫലം.

ശയ്യാസ്ത്രീധനവസ്ത്രാപ്തിം ധർമ്മാദിസുഖസമ്പദം
രിപുനാശം യശോലാഭം ശുക്രേ ശുക്രദശാന്തരേ ൧൫൭

ശുക്രദശയിൽ ശുക്രാപഹാരം ൩ വർഷവും ൪ മാസവും

അക്കാലം ശയനം, ഭാര്യ, ധനം, വസ്ത്രം ഇവയുടെ ലാഭം ധർമ്മം മുതലായവ ചെയ്യുക, സുഖസമൃദ്ധി, ശത്രുനാശം, കീർത്തിലാഭം ഇവ ഫലം.

ശിരോദരാക്ഷിരോഗം ച കൃഷിഗോവിത്തനാശനം
നൃപക്രോധമവാപ്നോതി ശുക്രേ രവിദശാന്തരേ. ൧൫൮

ശുക്രദശയിൽ സൂര്യാപഹാരം ൧൨ മാസം

അക്കാലം തലവേദന, ഉദരരോഗം, നേത്രരോഗം, കൃഷിനാശം, പശുവൃഷഭാദിനാശം, ധനനാശം, രാജകോപം ഇവ ഫലം.

പിത്താസൃഗക്ഷിരോഗം ച മഹോത്സാഹം ധനാഗമം
ദാരഭൂലാഭമാപ്നോതി ശുക്രേ ചന്ദ്രദശാന്തരേ ൧൫൯

ശുക്രദശയിൽ ചന്ദ്രാപഹാരം ൧ വർഷവും ൮ മാസവും. അക്കാലം രക്തപിത്തം, നേത്രരോഗം, മഹോത്സാഹം, ധനാഗമം, ഭാര്യാലാഭം, ഭൂമിലാഭം, ഇവ ഫലം.

ബന്ധുസ്ത്രീഭ്രാതൃകലഹം വിഷാദം കൃഷിനാശനം
മനോദുഃഖമവാപ്നോതി ശുക്രേ കുജദശാന്തരേ ൧൬൦

ശുക്രദശയിൽ കുജാപഹാരം ൧ വർഷവും ൨ മാസവും. അക്കാലം ബന്ധുക്കളും സ്ത്രീകളും ഭ്രാതാക്കന്മാരും ആയി കലഹം, വിഷാദം, കൃഷിനാശം, മനോദുഃഖം, ഇവ ഫലം.

നീലവസ്ത്രധനപ്രാപ്തിം ബന്ധുദ്വേഷം സുഹൃൽഭയം
അഗ്നിബാധാമവാപ്നോതി ശുക്രേ രാഹുദശാന്തരേ. ൧൬൧

ശുക്രദശയിൽ രാഹുവിന്റെ അപഹാരം ൩ വർഷം

അക്കാലം നീലവസ്ത്രലാഭം, ധനലാഭം, ബന്ധുദ്വേഷം, ബന്ധുക്കളിൽനിന്നു ഭയം, അഗ്നിബാധ ഇവ ഫലം.

ധനവസ്ത്രവിഭൂഷാപ്തിം ധമ്മാചാരം സുഖാവഹം
സ്ത്രീസുതാപ്തിം ച വൈഷമ്യം ശുക്രേ ഗുരുദശാന്തരേ ഫന്വ

ശുക്രദശയിൽ വ്യാഴത്തിന്റെ അപഹാരം ൨-വർഷവും ൮ മാസവും.

അക്കാലം ധനം ദിവ്യവസ്ത്രം ആഭരണം ഇവയുടെ ലാഭം ധമ്മാചാരം സുഖം ഭാര്യാപുത്രലാഭം കാര്യവൈഷമ്യം ഇവ ഫലം.

വൃദ്ധസ്ത്രീജനസംഭോഗം ഗൃഹക്ഷേത്രധനാഗമം
ശത്രുനാശമവാപ്നോതി ശുക്രേ മന്ദദശാന്തരേ ഫന്ന

ശുക്രദശയിൽ ശനിയുടെ അപഹാരം ൩ വർഷവും ൨ മാസവും.

അക്കാലം വൃദ്ധസ്ത്രീസംഗമം ഗൃഹലാഭം കൃഷിഭൂമിലാഭം ധനാഗമം ശത്രുനാശം ഇവഫലം.

സുതമിത്രസുഖാത്ഥാപ്തിം നൃപപ്രീതിം മഹാസുഖം
ശുഭമാരോഗ്യമാപ്നോതി ശുക്രേ ബുധദശാന്തരേ. ഫന്ര്

ശുക്രദശയിൽ ബുധാപഹാരം ൨ വർഷവും ൧൦ മാസവും.

അക്കാലം പുത്രസുഖം സ്നേഹിതന്മാരുടെ സുഖം ധനലാഭം രാജപ്രീതി മഹാസുഖം ശുഭാരോഗ്യം ഇവഫലം.

കലഹം ബന്ധുനാശം ച ശത്രുപീഡാ മഹാഭയം
ധനച്ഛേദമവാപ്നോതി ശുക്രേ കേതുദശാന്തരേ. ഫന്ദ

ശുക്രദശയിൽ കേതുവിന്റെ അപഹാരം ൧൦ വർഷവും ൨ മാസവും.

അക്കാലം എന്നും കലഹം ബന്ധുനാശം ശത്രുപീഡ മഹാഭയം ധനനാശം ഇവ ഫലം.

ഉച്ചരാശിം ഗതഃ ശുക്രോ നീചാംശകസമന്വിതഃ
സ്വപാകേ ധനനാശം ച കുർവ്വീത പദവിച്യുതിം. ഫന്ത

ശുക്രൻ ഉച്ചരാശിയിൽനിന്നാലും നീചരാശിയിൽ നവാംശകംവന്നാൽ ധനനാശം സ്ഥാനഭ്രംശം ഇവ ഫലം.

ഭാർഗ്ഗവോ നീചരാശിസ്ഥഃ സ്വോച്ചാംശകസമന്വിതഃ
സ്വദായേ കൃഷിവാണിജ്യം ധനലാഭം പ്രയച്ഛതി. ഫന്ര

ശുക്രൻ നീചരാശിയിൽനിന്നാലും ഉച്ചരാശിയിൽ അംശകിച്ചാൽ സ്വദശയിൽ കൃഷി കച്ചവടം ധന ലാഭം ഇവ ഫലം.

സമ്യഗ്ബലിനഃ സ്വതുംഗഭാഗേ
സമ്പൂർണ്ണാ ബലവർജ്ജിതസ്യ രിക്താ
നീചാംശഗതസ്യ ശത്രുഭാഗേ
ജ്ഞേയാനിഷ്ടഫലാ ദശാ പ്രസൂതൌ. ഫന്വ്യ

തന്റെ ഉച്ചരാശിയിൽ പൂർണ്ണബലനായി നിൽക്കുന്ന ഗ്രഹത്തിന്റെ ദശ പൂർണ്ണഫലത്തേയും ബലഹീനനായി നിൽക്കുന്ന ഗ്രഹത്തിന്റെ ദശ, ശൂന്യഫലത്തേയും ശത്രുക്ഷേത്രത്തിൽ നീചാംശകത്തിൽ നില്ക്കുന്ന ഗ്രഹത്തിന്റെ ദശ, അനിഷ്ടഫലത്തേയും പ്രദാനംചെയ്യും.

തത്തദ്ഭാവസ്ഥകാമേശദശാസ്വന്തർദശാസു ച
തത്തദ്ഭാവവിനാശഃ സ്യാൽ തദ്വീക്ഷകകാരകൈഃ ഫന്ൻ

അതാതു ഭാവങ്ങളുടെയോ അതാതു കാരകഗ്രഹങ്ങളുടെയോ ഏഴാംഭാവാധിപന്റെയോ ദശയിലോ അപഹാരത്തിലോ അതാതു ഭാവങ്ങൾക്കും പിത്രാദികാരകങ്ങൾക്കും നാശം ഭവിക്കാം. മാരകനായ ഏഴാംഭാവാധിപനോടുകൂടി നില്ക്കുന്നവരുടെയും അറിടെ നോക്കുന്നവരുടെയും ദശാപഹാരങ്ങളിലും മരണം ചിന്തിക്കാം.

ത്രികോണധനലാഭസ്ഥാ ബലിനോ യദി ശോഭനാഃ
സ്വദശാന്തർദശാകാലേ കുർവ്വന്തി വിപുലം സുഖം ൧൦

ശുഭന്മാർ ബലവാന്മാരായി ത്രികോണത്തിലും രണ്ടിലും പതിനൊന്നിലും നിന്നാൽ അവരുടെ ദശാപഹാരങ്ങളിൽ വളരെ സുഖമുണ്ടാകും.

അഷ്ടാദശാദ്ധ്യായിനി സർവ്വഹോരാ-
സമുദ്ധൃതേ ജാതകപാരിജാതേ
രാശിസ്വരൂപാദിദശാഫലാന്തം
പ്രോക്തം മയാ ഭാനുമുഖപ്രസാദാൽ. ൧൧

സകല ജ്യോതിശ്ശാസ്ത്രങ്ങളുടെയും സാരഭൂതവും പതിനെട്ടദ്ധ്യായത്തോടുകൂടിയതുമായ ഈ ജാതകപാരിജാതത്തിൽ രാശിസ്വരൂപം മുതൽ ദശാഫലം വരെയുള്ള സർവവും സൂര്യൻ തുടങ്ങിയ ഗ്രഹങ്ങളുടെ പ്രസാദത്താൽ എന്നാൽ പറയപ്പെട്ടിരിക്കുന്നു.

ശാഖാഭിരഷ്ടാദശസംഖ്യകാഭി-
രദ്ധ്യായരൂപാഭിരതിപ്രകാശഃ
ജ്യോതിർമ്മയഃ സർവ്വഫലപ്രധാനഃ
സങ്കീർത്തിതോ ജാതകപാരിജാതഃ. ൧൨

പതിനെട്ടദ്ധ്യായങ്ങളാകുന്ന ശാഖകളോടു (കൊമ്പുകളോടു) കൂടിയതും വളരെ പ്രകാശമുള്ളതും ജ്യോതിസ്സ്വരൂപവും (സൂര്യാദിഗ്രഹങ്ങളെക്കുറിച്ച് വർണ്ണിക്കുന്നതും തേജസ്സുള്ളതു് എന്നും) സർവഫലപ്രധാനവും (സകലഫലങ്ങളെയും വിശദമായി പറയുന്നതും കായുള്ളതു് എന്നും) ആയ ജാതകപാരിജാതഗ്രന്ഥം (കല്പകവൃക്ഷമെന്നും) കീർത്തിതമായി.

ഉക്തം രാശിഗുണാലയം ഗ്രഹഗതിസ്ഥാനസ്വഭാവാകൃതി-
ശ്ചാധാനാദിസമസ്തജീവജനനം ബാലാദ്യരിഷ്ടാകരഃ
ആയുർജ്ജാതകഭംഗയോഗജവിധിശ്ശ്രീരാജയോഗാദികം
ദ്വിത്ര്യാദിഗ്രഹയോഗജാശ്ശുഭശ്ശുഭം മാന്ദ്യബ്ദജം ച ക്രമാൽ. ൧൩

പശ്ചാദഷ്ടകവർഗബിന്ദുഗണിതം ഹോരാധനസ്ഥാനജം
ദൃശ്ചിക്യാവനിഭാവജം സുതരിപുസ്ഥാനപ്രയുക്തം ഫലം
കന്ദർപ്പാഷ്ടമധർമ്മരാശിജനിതം വ്യാപാരലാഭാന്ത്യജം
നാരീജാതകലക്ഷണം നിഗദിതം ചക്രം ദശാന്തർദശാ. ൧൪

രാശിനാമം രാശിഗുണം ഗ്രഹക്ഷേത്രം ഗ്രഹങ്ങളുടെ ഗതി സ്ഥാനം സ്വഭാവം ആകൃതി നിഷേകം സകലജീവജനനം ബാലാരിഷ്ട അരിഷ്ടഭംഗം ആയുർദായം ജാതകഭംഗം ഏകാദിയോഗങ്ങൾ രാജയോഗാദി ദ്വിഗ്രഹഫലം ത്രിഗ്രഹഫലം മുതലായവ ഗുളികസ്ഥിതിഫലം, അഷ്ടവർഗം ലഗ്നാദിദ്വാദശഭാവഫലം സ്ത്രീജാതകം കാലചക്രദശ നക്ഷത്രദശാപഹാരങ്ങൾ തൽഫലം ഇവയൊക്കെയും ക്രമേണ ഈ ഗ്രന്ഥത്തിൽ പറയപ്പെട്ടു.

ശ്രീവിദ്യാധികവേങ്കടാദ്രിതനയഃ ശ്രീവൈദ്യനാഥസ്സുധീ-
രാദിത്യാദിസമസ്തഖേടകൃപയാ വിദ്വജ്ജനപ്രീതയേ
ഹോരാസിന്ധുസമുദ്ധൃതാമൃതമയീമഷ്ടാദശാദ്ധ്യായിനീം
ചക്രേ ജാതകപാരിജാതസരണിം ഗീതോൽസുകശ്ലോകിനീം.

ഇതി ശ്രീനവഗ്രഹകൃപയാ വൈദ്യനാഥവിരചിതേ ജാതക പാരിജാതേ അഷ്ടാദശോദ്ധ്യായഃ

സമ്പത്തുകൊണ്ടും വിദ്യകൊണ്ടും പ്രസിദ്ധിനേടിയ വേങ്കടാദ്രിയുടെ പുത്രനായ വൈദ്യനാഥപണ്ഡിതൻ സൂര്യാദിനവഗ്രഹങ്ങളുടെ കൃപയാൽ വിദ്വജ്ജനപ്രീതിക്കായിട്ട് ജ്യോതിശ്ശാസ്ത്രമാകുന്ന സമുദ്രത്തിൽനിന്നെടുത്തതും അമൃതുപോലെ മധുരവും (ഗീതാത്സുക) എന്നുള്ള ശ്ലോകങ്ങളും അടങ്ങിയതുമായ ഈ ജാതകപാരിജാതം നിർമ്മിച്ചു.

ഇങ്ങനെ ജാതകപാരിജാതവ്യാഖ്യാനത്തിൽ ൧൮-ാംസർഗ്ഗത്തിന്റെ വ്യാഖ്യാനം സമ്പൂർണ്ണം.

ജാതകപാരിജാതം സമാപ്തം.

ശുഭം ഭൂയാൽ

അക്കാദമി

ശ്രീവിദ്യാധികവേങ്കടാദ്രിതനയഃ ശ്രീവൈദ്യനാഥസ്സുധീ-
രാദിത്യാദിസമസ്തഖേടകൃപയാ വിദ്വജ്ജനപ്രീതയേ
ഹോരാസിന്ധുസമുദ്ധൃതാമൃതമയീമഷ്ടാദശാദ്ധ്യായിനീം
ചക്രേ ജാതകപാരിജാതസരണിം ഗീതോൽസുകശ്ലോകിനീം.

ഇതി ശ്രീനവഗ്രഹകൃപയാ വൈദ്യനാഥവിരചിതേ ജാതകപാരിജാതേ അഷ്ടാദശോദ്ധ്യായഃ

സമ്പത്തുകൊണ്ടും വിദ്യകൊണ്ടും പ്രസിദ്ധിനേടിയ വേങ്കടാദ്രിയുടെ പുത്രനായ വൈദ്യനാഥപണ്ഡിതൻ സൂര്യാദിനവഗ്രഹങ്ങളുടെ കൃപയാൽ വിദ്വജ്ജനപ്രീതിക്കായിട്ട് ജ്യോതിശ്ശാസ്ത്രമാകുന്ന സമുദ്രത്തിൽനിന്നെടുത്തതും അമൃതുപോലെ മധുരവും (ഗീതാൽസുക) എന്നുള്ള ശ്ലോകങ്ങളും അടങ്ങിയതുമായ ഈ ജാതകപാരിജാതം നിർമ്മിച്ചു.

ഇങ്ങനെ ജാതകപാരിജാതവ്യാഖ്യാനത്തിൽ ൧൮-ാംസർഗ്ഗത്തിന്റെ വ്യാഖ്യാനം സമ്പൂർണ്ണം.

ജാതകപാരിജാതം സമാപ്തം.

ശുഭം ഭൂയാൽ

കേരള സാഹിത്യ അക്കാദമി

കേരള സാഹിത്യ
അക്കാദമി